നീർത്തുള്ളിയും സമുദ്രവും

ആദാൻ പ്രദാൻ

നീർത്തുള്ളിയും സമുദ്രവും

അമൃതലാൽ നാഗർ

വിവർത്തനം
ജി.സത്യൻ

നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ

ISBN 81-237-1997-3

1997 (*ശക 1918*)

© അമൃതലാൽ നാഗർ

മലയാള തർജമ © നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ, 1997

രൂ. 71.00

Boond aur Samudra (*Malayalam*)

പ്രസാധനം: ഡയറക്ടർ, നാഷണൽ ബുക്ക് ട്രസ്റ്റ്, ഇന്ത്യ,
എ–5 ഗ്രീൻ പാർക്ക്, ന്യൂഡൽഹി 110 016

അവതാരിക

കഴിഞ്ഞ ഒന്നൊന്നേകാൽ നൂറ്റാണ്ടിനിടയ്ക്ക് ഹിന്ദി നോവൽ സാഹിത്യം അതിദീർഘമായ ഒരു പാതയാണ് പിന്നിട്ടത്. ഏതൊരു വീക്ഷണകോണിൽ നിന്നു നോക്കിയാലും അത്യന്തം ആകർഷകവും സംഘർഷപൂരിതവുമായിരുന്നു ആ പ്രയാണമെന്നുകാണാം. സാമൂഹ്യമായ അനാചാരങ്ങൾ നിവാരണം ചെയ്യാനുള്ള യത്നങ്ങളും വീരതയും വർഗാഭിമാനവും സംരക്ഷിക്കാനുള്ള ഭാവനയും, അന്ന് പ്രതിഫലിപ്പിക്കപ്പെട്ടിരുന്നു. ശ്രീനിവാസദാസിന്റെ "പരീക്ഷാഗുരു", കിശോരി ലാൽ ഗോസ്വാമിയുടെ "ത്രിവേണി", "സ്വർഗീയകുസുമം", രാധാകൃഷ്ണദാസിന്റെ "നിസ്സഹായ ഹിന്ദു" തുടങ്ങിയ നോവലുകളിൽ ഈ ഭാവങ്ങൾ പ്രകടമാണ്. ഈ മനോഭാവത്തോട് സദൃശമായ ചില നോവലുകൾ ദേവകീനന്ദൻ ഖത്രിയും രചിച്ചിട്ടുണ്ട്. ഇതിനോടൊപ്പം മറാത്തിയിലും ബംഗാളിയിലും നിന്ന് വീരതയെയും പ്രേമത്തെയും പ്രകീർത്തിക്കുന്ന മധ്യകാല പ്രതിനിധികളായ വിവർത്തനങ്ങളെയും ഉൾപ്പെടുത്താവുന്നതാണ്. "രാജസിംഹ", "സ്വർണലത", "സ്വർണഭായി", "യുഗലാംഗുരിയ", "കപാലകുണ്ഡല" തുടങ്ങിയ പരിഭാഷകൾ ഇതിനുദാഹരണമാണ്.

ഹിന്ദി നോവൽ സാഹിത്യത്തെ പ്രേമത്തിന്റെയും വീരതയുടെയും രാജകീയാന്തരീക്ഷത്തിൽ നിന്നും ഐന്ദ്രജാലിക ചമത്കാരങ്ങളിൽനിന്നും വലിച്ചിറക്കി ഭാരതീയ കർഷകനിലേക്കും വയലേലകളിലേക്കും ആനയിച്ചതും അവരുടെ മധ്യത്തിൽ പ്രതിഷ്ഠിച്ചതും പ്രേംചന്ദാണ്. സാമൂഹ്യമായൊരു പശ്ചാത്തലം ഹിന്ദി നോവലുകൾക്കു നല്കിയതും സംഘർഷാത്മകമായ സമകാലീന ഭാരതീയ ജീവിതത്തിന്റെ നിദർശനം അവയിലൂടെ പ്രദാനം ചെയ്തതും പ്രേംചന്ദാണെന്നതിന് രണ്ടുപക്ഷമില്ല. ഹിന്ദി നോവലുകൾക്ക് സാഹിത്യത്തിൽ സമാകർഷകമായ ഒരു സ്ഥാനം നേടിക്കൊടുത്തതും അദ്ദേഹമാണ്.

പാശ്ചാത്യസംസ്കാരവും പരിഷ്കാരവുമായുള്ള സമ്പർക്കം നമ്മുടെ ജീവിതത്തിൽ ഗണ്യമായ പ്രഭാവം ചെലുത്തിത്തുടങ്ങിയിരുന്നു. പടിഞ്ഞാറൻനാടുകളിൽ മനഃശാസ്ത്രപരമായ നോവലുകൾ ഒച്ചപ്പാടുണ്ടാക്കി. ഹിന്ദിയിൽ ജൈനേന്ദ്രനും അജ്ഞേയും വ്യക്തിഹൃദയങ്ങളിലെ നിഗൂഢതകളെയും സംഘർഷങ്ങളെയും അഭിവ്യഞ്ജിപ്പിക്കാൻ ശ്രമിച്ചു. ഗാന്ധിയൻ തത്വസംഹിതയിലുള്ള ആത്മപീഡനത്തിന്റെ സിദ്ധാന്തം സ്വീകരിച്ചുകൊണ്ടു പാശ്ചാത്യസാഹിത്യത്തിൽ നിന്ന് മാനസിക വിശ്ലേഷണ പ്രക്രിയ സ്വകീയമാക്കിയാണ് "പരഖ്," "ത്യാഗപത്രം" തുടങ്ങിയ മൗലിക നോവലുകൾ ജൈനേന്ദ്രൻ രചിച്ചത്. അജ്ഞേയന്റെ "ശേഖർ-ഏക് ജീവനി" (ശേഖർ-ഒരു ജീവിതം) ഫ്ളാഷ്ബാക്ക് രീതിയിൽ രചിക്കപ്പെട്ട ഭാവതീവ്രമായ പ്രതിപാദനശൈലിക്ക് ഉത്തമോദാഹരണമാണ്. ഇലാചന്ദ്രജോഷിയുടെ നോവലുകൾ മനോവിജ്ഞാനപരങ്ങളാണ്. മാനസികാവസ്ഥകളുടെ അഗാധതകളിലേക്കു ചുഴിഞ്ഞിറങ്ങുന്ന പ്രവണത അവയിൽ തെളിഞ്ഞു കാണാം.

1936 ൽ പുരോഗമന സാഹിത്യകാരന്മാരുടെ ലഖ്നൗ സമ്മേളനത്തിനു ശേഷമാണ് ഹിന്ദിസാഹിത്യത്തിൽ പുരോഗമനവാദത്തിന്റെ ആവിർഭാവം. ഈ ചിന്താധാരയിലെ സർവശ്രേഷ്ഠ നോവലിസ്റ്റായി യശ്പാലിനെ കണക്കാക്കാം. മാർക്സിസ്റ്റ് തത്വസംഹിതയിൽ നിന്ന് പ്രേരണ ഉൾക്കൊണ്ട് സമൂഹത്തിലെ വൈഷമ്യങ്ങളെയും പീഡനങ്ങളെയും ചിത്രീകരിക്കുന്നവയും രൂഢവിശ്വാസങ്ങളെ എതിർക്കുന്നവയുമായ അനേകം നോവലുകൾ അദ്ദേഹം രചിച്ചിട്ടുണ്ട്. രാംഗേയ് രാഘവ്, അമൃത് റായ് എന്നിവരുടെ സംഭാവനകളും മഹത്വപൂർണമായിരുന്നു.

ഈ പ്രമുഖധാരകൾക്കു പുറമേ ഉത്തമമായ ഐതിഹാസിക നോവലുകളും ഹിന്ദിയിൽ രചിക്കപ്പെട്ടിട്ടുണ്ട്. വൃന്ദാവൻലാലിന്റെ നോവലുകൾ മധ്യഭാരതത്തിന്റെ പശ്ചാത്തലവും ചരിത്രവും സമ്മിശ്രമായി സമ്മേളിപ്പിച്ച ഐതിഹാസിക റൊമാന്റിസിസത്തിന് മികച്ച ഉദാഹരണങ്ങളാണ്. "വിരാട് കീ പത്മിനി", "ഗഢകുണ്ഡാർ", "മൃഗനയനി", "റാണിലക്ഷ്മിഭായി" തുടങ്ങിയ നോവലുകൾ ഹിന്ദി സാഹിത്യത്തിൽ വർമ്മയ്ക്ക്, ഗുജറാത്തിയിൽ മുൻഷിക്കും ധൂമകേതുവിനുമുള്ള സ്ഥാനമാണ് ലഭ്യമാക്കിയിരിക്കുന്നത്. രാഹുൽ സാംകൃത്യായൻ മാർക്സിസ്റ്റു വീക്ഷണത്തിലൂടെ "ജയയൗദ്ധേയ", "സിംഹസേനാപതി" എന്നീ നോവലുകൾ വഴി അതീതകാലജീവിതത്തെ ചരിത്രപരമായ വികാസവാദത്തിലൂടെ അപഗ്രഥിക്കാൻ ശ്രമിച്ചു. ഭഗവതീചരൺ വർമ്മയുടെ "ചിത്രലേഖ" ശുദ്ധമായ റൊമാന്റിസിസത്തിന് ഉദാഹരണമാണെങ്കിൽ യശ്പാലിന്റെ "ദിവ്യ" ഐതിഹാസികാഖ്യായികയ്ക്ക് നിദർശനമാണ്.

1950–നു ശേഷം ഹിന്ദി സാഹിത്യത്തിൽ നവ ലേഖകരുടെ പ്രവാഹം തന്നെ ഉണ്ടായി. അക്കാലത്ത് നാഗാർജുനനും ഫണീശ്വർനാഥും രചിച്ച നാചറലിസ്റ്റിക് നോവലുകൾ പരക്കെ ചർച്ചാവിഷയമായി. യഥാർഥത്തിൽ 1950–നും 55–നും ഇടയ്ക്കുള്ള ഹിന്ദികഥാസാഹിത്യത്തിന്റെ മൂലധാര നാചറലിസ്റ്റിക് പ്രതിപാദനമായിരുന്നു. നാഗാർജുനന്റെ ''ബൽചൻമാ''യും രേണുവിന്റെ ''മൈലാ ആഞ്ചലും" മിഥിലാജനതയുടെ ജീവിതത്തെ തീവ്രാഭിനിവേശത്വരയോടെ പ്രദർശിപ്പിക്കുന്നു. ഈ നോവലുകളുടെ ധാര പെട്ടെന്നു നിലച്ചു. കാരണം, നാചറലിസത്തിന്റെ പേരിൽ ജീവിതത്തിലെ വേണ്ടതും വേണ്ടാത്തതുമായ ഭാവങ്ങളെയും ചെറുതും വലുതുമായ പ്രക്രിയകളെയും പ്രകടിപ്പിക്കുന്നവയായിരുന്നു അവ. ഈ അന്തരാളഘട്ടത്തിൽ മൂന്നു മഹത്തായ നോവലുകൾ സിദ്ധമായി. യശ്പാലിന്റെ "ഝൂട്ടാസച്" നരേശ്മേഹ്തയുടെ "വഹ് പഥ്ബന്ധുഥാ", അജ്ഞേയന്റെ "അപ്നേ അപ്നേ അജനബി" എന്നിവ. ധർമവീർഭാരതിയുടെ "സൂരജ് കാ സാത്വാം ഘോഡാ" ശില്പചാതുര്യം കൊണ്ട് സ്മരണീയമാണ്. കഴിഞ്ഞ ആറേഴുവർഷംകൊണ്ട് ഹിന്ദി നോവൽ സാഹിത്യം പുതിയൊരു സരണി ഉൾക്കൊണ്ടിട്ടുണ്ട്.

അമൃത്ലാൽ നാഗർ ഹിന്ദിസാഹിത്യത്തിലെ പ്രസിദ്ധനായ ഒരു നോവലിസ്റ്റാണ്. സമുന്നതനായ ഒരു ആഖ്യായികാകാരനെന്നതിനൊപ്പം ജനസാധാരണത്തിനു പ്രിയങ്കരനാണെന്നതും അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം സവിശേഷമായ ഒരു കാര്യമാണ്. 'മാസ്മീഡിയ'യുടെ ഇന്നത്തെക്കാലത്ത് പ്രചാരണത്തിന്റെ മോഹാകർഷണത്തിനുള്ളിൽ യഥാർഥ കല ലുപ്തമായിപ്പോകാറുണ്ട്. എന്നാൽ നാഗർ സ്വന്തം നോവലുകളിൽ കലയുടെ മാഹാത്മ്യത്തിന് ഒട്ടും കോട്ടം

തട്ടാതിരിക്കാൻ തുടക്കം മുതലേ ശ്രമിച്ചു പോന്നിരുന്നു. കൂടുതൽ കൂടുതൽ ആളുകളെ തന്നിലേക്കാകർഷിക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. ഇതു രണ്ടും ഒന്നിച്ചു കൊണ്ടുപോകുക ദുഷ്കരമായ കാര്യമാണ്. എങ്കിലും നാഗറിന് ഇത് പലപ്പോഴും കഴിഞ്ഞിരുന്നുവെന്നതും അതിലദ്ദേഹം വിജയിച്ചുവെന്നതും സത്യ മാണ്. ജീവിതയാഥാർഥ്യങ്ങൾക്കു മഹത്വം നല്കാനും ജീവിതത്തിലെ നാനാ പ്രകാരേണയുള്ള ചെറുതും വലുതുമായ അനുഭൂതികളെ സമാകർഷകമായി ചിത്രീകരിച്ചു നോവലിന്റെ രൂപം നല്കാനും അദ്ദേഹത്തിനു കഴിഞ്ഞതായിരി ക്കണം ഈ വിജയത്തിന്റെ രഹസ്യം. ഇതിനർഥം അദ്ദേഹം യഥാതഥവാദിയായ ഒരു നോവലിസ്റ്റാണെന്നല്ല. അദ്ദേഹത്തിന്റെ നോവലുകൾ ഫോട്ടോഗ്രാഫിക് ആൽബങ്ങളുമല്ല. പാത്രങ്ങളെ സൃഷ്ടിച്ച് അവയുടെ വ്യക്തിത്വത്തെ അഭിവ്യ ഞ്ജിപ്പിക്കുന്നതിൽ അദ്ദേഹത്തിനു സമാനനായി ആരുമില്ല തന്നെ. ജീവിച്ചിരി ക്കുന്നവരെ കഥാപാത്രങ്ങളായി ആവിഷ്കരിച്ചിട്ടുള്ള നോവലുകൾ നാഗർ രചി ച്ചിട്ടുണ്ടോ എന്നു സംശയമാണ്. എന്നാൽ അദ്ദേഹത്തിന്റെ ചില കഥാപാത്ര ങ്ങൾ അനുവാചകരുടെ ഹൃദയത്തിൽ മായാത്ത മുദ്ര പതിപ്പിക്കത്തക്കവിധം ജീവിക്കുന്ന പ്രതീകങ്ങളാണ്. ആധുനികകാലഘട്ടത്തിൽ നിന്നോ സമകാലീന ജീവിതത്തിൽ നിന്നോ അല്ല അദ്ദേഹം ഈ കഥാപാത്രങ്ങളെ തെരഞ്ഞെടുത്തി ട്ടുള്ളത്. മറിച്ച്, ദേശീയചരിത്രത്തിന്റെ വിശാല വിഹായസ്സാണ് അദ്ദേഹത്തിന്റെ മുന്നിലുള്ളത്. അതിൽനിന്നാണ് "സേഠ് ബാംകേമൽ" ആവിർഭവിച്ചത്. തമിഴ് മഹാകാവ്യമായ ചിലപ്പതികാരത്തെ ആധാരമാക്കി രചിച്ച "സുഹാഗ് കേ നൂപുര"ത്തിലെ കഥാപാത്രങ്ങളായ കോവലനും കണ്ണകിയും മാധവിയും അത്ഭു തകരമായ പ്രേമജീവിതത്തിന്റെ അതിമഹനീയ ഉദാഹരണങ്ങൾ പ്രദാനം ചെയ്യുന്നു. ചരിത്രത്തിൽ അല്പം പിന്നോട്ടു പോയാൽ "ഏകതാനൈമിഷാ രണ്യേ"യിൽ നാം യൂണിവേഴ്സിറ്റി ഓഫ് ഫിക്ഷനാണ് കാണുക. സോമാഹുതി ഭാർഗവൻ ഇജ്ജ്യാ, സരയൂ, വസിഷ്ഠൻ എന്നിവരെയെല്ലാം അവിടെ നാം ദർശി ക്കുന്നു. വൈദികസംസ്കാരത്തിലധിഷ്ഠിതമായ വ്യക്തിത്വം ഉൾക്കൊള്ളുന്നവ രായിട്ടുകൂടി നാനാ മതഭേദങ്ങളും സമ്പ്രദായങ്ങളും കൊണ്ട് വിഭജിതമായ ഭാര തീയ സംസ്കാരത്തിന് പുതിയൊരു സമന്വയം നൽകാൻ യത്നിക്കുന്നവരായി ട്ടാണ് ഇവർ പ്രതിനിധീകരിക്കപ്പെട്ടിരിക്കുന്നത്. "മാനസ് കാ ഹംസി"ൽ തുള സീദാസിന്റെ ജീവിതം പുതിയൊരു വീക്ഷണത്തിലൂടെ കാണാൻ ശ്രമിച്ചിരിക്കു കയാണ്.

"അമൃത് ഔർ വിഷ്" ഡബിൾ പ്ളോട്ട് ശൈലിയിൽ അദ്ദേഹം രചിച്ച ഒരു നോവലാണ്. ലഖ്നൗ നഗരത്തിന്റെ ക്രോസ്സെക്ഷൻ അതിസൂക്ഷ്മമായി ഇതി ലാവിഷ്കരിച്ചിട്ടുണ്ട്. 'ആത്മാരാം, രഘുസിംഗ്, പുത്തിഗുരു' എന്നീ കഥാപാത്രങ്ങൾക്കൊപ്പം ഹിന്ദുസ്ഥാനി യുവാക്കളുടെ ലക്ഷ്യബോധമില്ലായ്മ യുടെ പ്രതീകമായ ലച്ചുവിനെയും ഇതിൽ കാണാം. ഒരു വശത്ത് തികവും പൂർ ണതയുമുള്ള കഥാപാത്രങ്ങൾ നമ്മുടെ ഹൃദയത്തിൽ പതിഞ്ഞു നിൽക്കുമ്പോൾ മറുവശത്ത് വർഗപ്രതീകങ്ങളായ പാത്രങ്ങളും നിരന്നു നിൽക്കുന്നു. നമ്മുടെ ചുറ്റും കാണുന്ന അസ്വസ്ഥതകളുടെയും വൈഷമ്യങ്ങളുടെയും അസാഫല്യ ങ്ങളുടെയും പ്രതീകങ്ങളും നാം അവിടെ ദർശിക്കുന്നു.

നാഗറിന്റെ സർവശ്രേഷ്ഠനോവലാണ് "ബൂന്ദ് ഔർ സമുദ്ര" (നീർത്തുള്ളിയും

സമുദ്രവും). സമ്മാന ബഹുമതികൾ കാരണം അമൃതവും വിഷവും കൂടുതൽ ചർച്ചാവിഷയമായ നോവലാണെങ്കിലും ജീവിതത്തിന്റെ പരസ്പരവിരുദ്ധമായ തുടിപ്പുകൾ കാണാനും ഉൾക്കൊള്ളാനും ബന്ധിച്ചുനിർത്താനും "ബൂന്ദ് ഔർ സമുദ്ര"ത്തിൽ നടത്തിയതുപോലുള്ള ശ്രമം "അമൃത് ഔർ വിഷ്" എന്ന കൃതിയിൽ കാണുന്നില്ല.

ഒരു ക്ലാസിക് നോവലായിട്ടാണ് നിരൂപകർ "ബൂന്ദ് ഔർ സമുദ്ര"ത്തിനെ വിശേഷിപ്പിക്കുന്നത്. ഞാനതിനോട് വളരെയേറെ യോജിക്കുന്നുണ്ട്. അത്യന്തം മഹത്തായ ഒരു കൃതിയാണിത്. ശ്രീ നാഗർ ഏതെങ്കിലും ഒരു ശൈലിയിൽ തളയ്ക്കപ്പെട്ട ആളല്ല. ബൂന്ദ് ഔർ സമുദ്രത്തിൽ ലഖ്നൗവിലെ കവലയ്ക്കു പുറത്തുള്ള ജീവിതവും പ്രതിഫലിച്ചിട്ടുണ്ട്. ഗോമതീതീരത്തുള്ള ഭ്രാന്താലയം അതിൽ പെടുന്നു. സജ്ജനും വനകന്യയും മധുരയിലേക്കും വൃന്ദാവനത്തിലേക്കും പോകുന്നുണ്ട്. ഗോവർധന പർവതത്തെക്കുറിച്ചും പരാമർശമുണ്ട്. ഇതൊക്കെയാണെങ്കിലും നോവലിനെ 'കവല'യിൽ കേന്ദ്രീകരിച്ചു നിറുത്താനാണ് നാഗർ ശ്രമിക്കുന്നത്. കാരണം അവിടത്തെ ജീവിതം അദ്ദേഹം കണ്ടിട്ടുള്ളതാണ്. നോവലിനെ സുബദ്ധിതമാക്കാൻ പ്രവർത്തനവേദി ഒട്ടൊന്നു വ്യാപരിക്കേണ്ടത് ആവശ്യമാണ്. നഗരജീവിതം ചിത്രീകരിക്കാൻ വേണ്ടി സജ്ജനെ, തായിയുടെ മാളികയിൽ വാടകക്കാരനായി കൊണ്ടുവന്നതിന്റെ പിന്നിലുള്ള ഉദ്ദേശ്യം ഇതാണ്. നോവലിന്റെ പശ്ചാത്തലമായി ലഖ്നൗവും പ്രത്യേകിച്ചും അവിടത്തെ കവലയുമാണ് സ്വീകരിച്ചിട്ടുള്ളതെന്ന് നാഗർ തന്നെ സമ്മതിക്കുന്നുണ്ട്. നാഗരിക സംസ്കാരത്തിന്റെ പാരമ്പര്യം കാണാനും അവിടുത്തെ സംസാരശൈലി ഉൾക്കൊള്ളാനും സൗകര്യം ലഭിച്ചതുകൊണ്ടാണ് താനതു ചെയ്യുന്നതെന്നും അദ്ദേഹം അംഗീകരിക്കുന്നു. ഈ നോവലിലെ കേന്ദ്രബിന്ദു ആ കവലയാണ്. കവലയിലെ ദൃശ്യങ്ങളും രൂപഭാവങ്ങളും ചെറിയ ചെറിയ സംഭാഷണരീതിയും ആവിഷ്കരിച്ചതു വഴി, തികച്ചും ലോക്കൽ കളർ നല്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്.

വ്യക്തിയും സമൂഹവും തമ്മിലുള്ള ബന്ധമെന്തെന്നും അതെങ്ങനെയായിരിക്കണമെന്നുമുള്ളതാണ് ഈ നോവലിലെ കഥാബീജം. തുള്ളി വ്യക്തിയുടെ പ്രതീകമാണ്; സമുദ്രം സമൂഹത്തിന്റെയും. വ്യക്തിയും സമൂഹവുമായുള്ള ബന്ധം അറ്റുപോകുന്നു. വ്യക്തിക്ക് സമൂഹം വെറുമൊരാൾക്കൂട്ടമായി മാറുന്നു. വ്യക്തിയാകട്ടെ സമൂഹത്തിലെങ്ങും സ്വീകാര്യമല്ലാത്ത ഒരു തത്വമായി മാറുകയും ചെയ്യുന്നു. വ്യക്തിയും സമൂഹവും തമ്മിൽ അകൽച്ചയുണ്ടായതാണ് ഈ കുഴപ്പങ്ങൾക്കു കാരണം. ഇതിനുള്ള മൂലകാരണമാകട്ടെ രണ്ടുപേരുടെയുമുള്ളിൽ വളർന്നു പൊങ്ങിയ അന്യോന്യമുള്ള അവിശ്വാസഭാവനയും. ചെറുതും വലുതുമായ എല്ലാ തുള്ളികളിലും സത്യനിഷ്ഠയുണ്ടെങ്കിൽ സമരസമായ സമന്വയം ഉൽഭൂതമാകുമെന്നാണ് ശ്രീ നാഗർ കരുതുന്നത്.

ജനജീവിതം മഹാസാഗരത്തോട് ഉപമിക്കപ്പെടുകയും മാനവീയത് അഭേദ്യമായി കരുതപ്പെടുകയും ചെയ്യുന്ന ഒരു സമൂഹത്തിൽ ഈ സ്ഥിതിവിശേഷം എങ്ങനെ ഉണ്ടാകുന്നു? ആദർശങ്ങൾ മഹനീയങ്ങളായിരിക്കുകയും ഏവർക്കും അവയുടെ മൂല്യം സമാനമായിരിക്കുകയും ചെയ്താൽ ഇതെങ്ങനെ സംഭവിക്കും? തുള്ളികൾ എത്രതന്നെ ചെറുതോ വലുതോ ആകട്ടെ ഈ വലിപ്പച്ചെറുപ്പം മൂല്യ

ത്തെസംബന്ധിച്ചിടത്തോളം ഒരു മാനദണ്ഡമാകുന്നില്ല. തുള്ളിയിൽ–അതിന്റെ ഓരോ അണുവിലും–സത്യനിഷ്ഠ എത്രത്തോളമുണ്ടെന്നാണ് പരിശോധിക്കപ്പെടുന്നത്. ഓരോ അണുവും സ്വന്തം ക്രിയാശക്തികൊണ്ട് ഈ നിഷ്ഠ വികസിപ്പിച്ച് പുതിയൊരാദർശം–സംഹിത–മുന്നോട്ടുവയ്ക്കാൻ പ്രാപ്തമാണോ എന്നതാണ് പ്രധാനം.

സത്യനിഷ്ഠയോടുള്ള കൂറുകാരണമാണ് ഈ നോവലിലെ മൂന്നു പ്രമുഖ പാത്രങ്ങളായ സജ്ജനും മഹിപാലും കർണലും വനകന്യയുടെ ചേട്ടത്തിയുടെ നേരെ അവളുടെ പിതാവു ചെയ്യുന്ന അത്യാചാരങ്ങൾ ചെറുക്കാൻ വനകന്യയോടു യോജിച്ചു നിൽക്കുന്നത്. അസാധാരണമായൊരു കഥാപാത്രമാണ് വനകന്യ. നവയുഗത്തിലെ നാരീവംശത്തിന്റെ അനന്യസാധാരണമായ പ്രതീകമാണ് അവൾ. സത്യത്തിന്റെ പേരിൽ, നാരീവംശത്തോടു ചെയ്യുന്ന അത്യാചാരങ്ങൾ ചെറുക്കാൻ സ്വന്തം പിതാവിനെതിരേ എന്തു നടപടികൾ സ്വീകരിക്കാനും അവൾ മടിക്കുന്നില്ല. വനകന്യ എന്ന പേരുകൊണ്ടുതന്നെ നഗരവുമായി ബന്ധപ്പെട്ട ഒരാളല്ല അവളെന്ന് വ്യഞ്ജിപ്പിക്കുകയാണ്. ശരിയാണ്, നഗരത്തിൽ പരക്കെ കാണപ്പെടുന്ന കള്ളവും ചതിയും ആഡംബരഭ്രമവും പാർട്ടിബന്ധങ്ങളും മറ്റും അറുത്തുമുറിച്ചുകൊണ്ട് മൂന്നു പ്രമുഖ കഥാപാത്രങ്ങളെയും ഏതെങ്കിലും തരത്തിൽ തനിക്കനുകൂലമായി മാറ്റുന്നതിൽ അവൾ വിജയിക്കുന്നു. മറിച്ചുപറഞ്ഞാൽ അവൾക്ക് ആരോടെല്ലാം സമ്പർക്കമുണ്ടാകുന്നോ അവരെല്ലാം തന്നെ, അജ്ഞതകൊണ്ട് ലോകർ വെറുക്കുകയും വർജിക്കുകയും ദൂഷണം ചെയ്യുകയും ചെയ്താൽ പോലും അന്തിമശ്വാസംവരെ അവളെ ആദരിക്കുകയും സ്നേഹിക്കുകയും ആത്മീയമായി സ്വീകരിക്കുകയും ചെയ്യുന്നു. ഇത്രയേറെ ആകർഷണഗുണമിയന്ന ഒരു സ്വഭാവ ചിത്രീകരണം സഹജമായി ഒരു ചോദ്യമുന്നയിച്ചേക്കാം. ഇത്തരം കഥാപാത്രങ്ങൾ സ്വാഭാവികമാണോ എന്ന്. യാഥാർഥ്യത്തിന്റെ ഭൂമിയിൽ കാലൂന്നി നിൽക്കാൻ വേണ്ടത്ര സ്വാഭാവികതയേ നാഗർ കൂട്ടാക്കുന്നുള്ളൂ; അതായത് സംഭാവ്യതയെ സാധാരണമാക്കാനോ അംഗീകരിക്കാനോ അദ്ദേഹം മടിക്കുന്നില്ലെന്നർഥം.

വനകന്യയുടെ സ്വഭാവത്തിന് നേരെ വിപരീതമായ സ്വഭാവക്കാരിയായിട്ടാണ് തായിയെ ചിത്രീകരിച്ചിരിക്കുന്നത്. വനകന്യ ആധുനികയാണ്. സത്യാസത്യങ്ങൾ നിർണയിക്കാൻ അവൾക്കു കഴിയും. സ്വയം തീരുമാനിച്ചുറച്ച ശരിയായ പാതയിൽനിന്ന് അവൾ വ്യതിചലിക്കില്ല. സമൂഹത്തിന്റെ എതിർപ്പുകളെല്ലാം സഹിച്ചുകൊണ്ടുതന്നെ അതിനെ സ്നേഹിക്കാനും നന്നാക്കാനും സുസംഘടിതമാക്കാനും അവൾ മുതിരുന്നു. അത്യാചാരങ്ങളെ എതിർക്കുമ്പോൾ അവൾ അണുവിടപോലും അലിവുകാട്ടുന്നില്ല. നേരെമറിച്ച് തായിയാകട്ടെ തന്നെ ഉപേക്ഷിച്ച ഭർത്താവിനോടു പ്രതികാരം ചെയ്യാനായി അദ്ദേഹത്തിന്റെ വംശത്തെ ഉന്മൂലനാശം ചെയ്യാനാണ് മുതിരുന്നത്. വിശ്വാസങ്ങളെയും ആചാരങ്ങളെയും പരിഷ്കാരങ്ങളെയും ശപിക്കുകയും ശകാരിക്കുകയും ചെയ്യുന്നത് വലിയൊരു കാര്യമായിട്ടാണ് അവൾ കരുതുന്നത്. മാരകമായ മന്ത്രവിദ്യയുടെ ബലംകൊണ്ട് സർവശത്രുക്കളെയും ഭസ്മമാക്കാനാണാഗ്രഹം. പുതിയകാലം അവളെ വിഹ്വലയാക്കുന്നു. കാലാനുസരണമായ ആധുനികതയോടും അവൾക്ക് വെറുപ്പാണ്. പൂച്ചക്കുട്ടികളോട് അനുകമ്പകാട്ടാൻ അവൾക്കു കഴിയും. പക്ഷേ മനുഷ്യരോട്

ക്ഷമിക്കാൻ അവൾ പഠിച്ചില്ല. കുറവുകളും നിറവുകളും പരസ്പര വിരുദ്ധങ്ങളായ ധാരണകളും വിശ്വാസങ്ങളും നിറഞ്ഞ ഒരു കഥാപാത്രത്തിലുപരി ഒരു പ്രതീകമായിട്ടാണ് തായിയുടെ ചിത്രീകരണം. വനകന്യ ചോദിക്കുമ്പോൾ "ഇതാണ് ഭാരതമാതാ"വെന്ന് സജ്ജൻ തായിയെ കുറിച്ച് പറയുന്നുണ്ട്. ലഖ്നൗവിലെ ആ കവല ഭാരതത്തിന്റെ ഇനിയൊരു മാതൃകയാകാമെങ്കിൽ തായി അതിലെ ഭാരതമാതാവുതന്നെ. ഈ നോവലിലെ കേന്ദ്രകഥാപാത്രമാണ് തായി. ഒരു വശത്ത് ഉന്നതവർഗത്തിന്റെ എല്ലാ ദൂഷ്യങ്ങളും മോടിയും ആഡംബരവും അഹങ്കാരവും നിറഞ്ഞ രാജാസാഹബ് ദ്വാരകാദാസുമായി അവൾ ബന്ധപ്പെട്ടിരിക്കുന്നു. മറുവശത്ത് വാടകക്കാരനായ സജ്ജനും അയാളുടെ സുഹൃത്തുക്കളും മിശ്രവിവാഹം കഴിച്ച വർമാ ദമ്പതികളും എല്ലാമായും അവൾക്കു ബന്ധമുണ്ട്. മാരകമെന്നു പറയപ്പെടുന്ന മന്ത്രവിദ്യ പഠിക്കാനായി തായിയോട് അടുത്തുകൂടുന്ന നന്ദോ അയൽക്കാരനായ ഭഭൂതിയുടെ വീട്ടിലെ സിനിമാക്കമ്പക്കാരായ പുത്രവധുക്കളുമായി ബന്ധപ്പെടുകയും അതിൽ മൂത്തവളെ കുടുംബത്തിന്റെ മാനം കെടുത്താൻ പ്രേരിപ്പിക്കുകയും ഒടുവിൽ സമൂഹത്തിൽ നിന്ന് നിഷ്കാസിതയാകാൻ ഇടയാക്കുകയും ചെയ്യുന്നു. ചുറ്റുമുള്ള കുട്ടികളുടെയും യുവ ജനങ്ങളുടെയും പരിഹാസപാത്രമായും തായി മാറുന്നുണ്ട്. "ഗോകുലദ്വാര" ക്ഷേത്രവുമായും അവിടുത്തെ പൂജാരി മുതൽ അടിച്ചുതളിക്കാരി വരെയുള്ളവരുമായും ക്ഷേത്രത്തെ ചുറ്റിപ്പറ്റിയുള്ള അതി നിഗൂഢ വൃത്താന്തങ്ങളുമായും തായി ബന്ധപ്പെട്ടിരിക്കുന്നു. രാഷ്ട്രീയത്തിന്റെ പേരിൽ നടത്തപ്പെടുന്ന പ്രദർശനത്തിലും പ്രചരണങ്ങളിലും കക്ഷിവഴക്കിലും തായിയും ഉൾപ്പെട്ടുപോകുന്നു. ഒടുവിൽ സ്വന്തം മാനസിക തൃപ്തിക്കായി 'രാധാകൃഷ്ണവിവാഹം' ആഘോഷിക്കാനെന്ന ഭാവത്തിൽ ഭ്രാന്താശുപത്രിയിലെ ബാബാരാമുവുമായും സഹകരിക്കുന്നു. തായിക്കു രൂപം നല്കാൻ നാഗർ വിനിയോഗിച്ച വരകളും വർണങ്ങളും വൈവിധ്യപൂർണവും ഹൃദയഹാരിയുമാണ്. ഇത്രയും മിഴിവുറ്റ ഒരു കഥാപാത്രത്തെ വിരളമായേ കാണാൻ കഴിയൂ.

സജ്ജനും കർണലും മഹിപാലും വിദ്യാസമ്പന്നരുടെ പ്രതിനിധികളാണ്. എന്നാൽ നാഗർ അവരെ ടൈപ്പുകളാക്കിയിട്ടില്ല. നഗരത്തിനാകെ സജ്ജൻ കലാകാരനാണ്. ചിത്രയുടെ മുമ്പിൽ വിലാസലോലനായ ഒരു പുരുഷൻ. ഷീലാസിംഗിനാകട്ടെ മധുരഹാസ്യപാത്രമായ ദുർജൻ. വനകന്യയെ സംബന്ധിച്ചിടത്തോളം ശാഠ്യക്കാരനായ കമിതാവ്. സ്വന്തം പ്രേമപാശത്താൽ അവളയാളെ ബന്ധിക്കുകയും അയാളുടെ സർവസ്വത്തുക്കളും സഹകരണബാങ്കിനും ബാബാരാം ഉപദേശിച്ച ജനക്ഷേമത്തിനായുള്ള മറ്റുകാര്യങ്ങൾക്കും വേണ്ടി ദാനം ചെയ്യാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. സത്യം പറയുന്ന കളങ്കരഹിതമായ ഹൃദയമുള്ള സ്നേഹിതനാണ് കർണൽ. മിത്രതയ്ക്ക് ഉടവുവരാതെ കൊണ്ടുപോകാൻ പരമാവധി പണിപ്പെടുന്ന വ്യക്തിയാണദ്ദേഹം. സജ്ജന്റെയും മഹിപാലിന്റെയും ഇടയ്ക്കുള്ള പാലമാണ് കർണൽ. രണ്ടുപേരുടെയും കുറവുകളറിഞ്ഞിട്ടും അവയെ ക്ഷമിച്ചും മറന്നും അവരുടെ എല്ലാകാര്യങ്ങളിലും സഹകരിക്കാൻ കർണൽ തല്പരനാണ്. സജ്ജനെയും മഹിപാലിനെയും ഇന്റെലക്ച്വലെന്ന് പറയാമെങ്കിലും ജീവിതാനുഭവത്തിലും വ്യവഹാരത്തിലും കർണൽ അവരുടെ സുഹൃത്തു മാത്രമല്ല, ഗുരുവും കൂടിയാണ്. സജ്ജന്റെയും യുവ കന്യയുടെയും പ്രേമബന്ധത്തിലുണ്ടാകുന്ന അപസ്വരം അകറ്റാനും മഹിപാലും ഷീലയും കല്യാ

ണിയും തമ്മിലുള്ള കുഴഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും കർണ ലിനു കഴിയുന്നു. മഹിപാലിന്റെ അഭിമാനഹൃദയം വ്രണിതമാകുകയും അയാൾ സാമൂഹ്യ വൈഷമ്യങ്ങളുടെ ബലിയാടായി സ്വന്തം വ്യക്തിത്വം കളഞ്ഞു കുളി ക്കുകയും ഒടുവിൽ വിവശനായി ആത്മഹത്യചെയ്യുകയും ചെയ്യുമ്പോൾ കർണൽ തന്റെ അന്തരിച്ച സുഹൃത്തിനുവേണ്ടി എല്ലാ ഉത്തരവാദിത്വവും കടമകളും ഏറ്റെ ടുക്കുന്നു, നിറവേറ്റുന്നു. സജ്ജനും വനകന്യയും ഇതിൽ കർണലിനെ സഹാ യിക്കുന്നുവെന്നതു ശരിയാണ്. "ബൂന്ദ് ഔർ സമുദ്ര"ത്തിലെ വിശാലമായ കഥാ വസ്തുവിനൊപ്പം അനേകം ചെറിയ ചെറിയ സംഭവങ്ങളും ദൃശ്യങ്ങളും നോവ ലിലുണ്ട്. മൂലകഥയുടെ പ്രവാഹം പിന്തുടരാനാഗ്രഹിക്കുന്ന അനുവാചകന് ഇവ ഒരു പക്ഷേ അനാവശ്യമാണെന്നു തോന്നിയേക്കാം. എന്നാൽ അത് നാഗ റിന്റെ ശൈലിയുടെ വിശേഷതയാണ്. നെയ്തെടുക്കുന്ന പട്ടിൽ ചില നൂലിഴ കൾ തൊങ്ങലായി വിടുക!

"ബൂന്ദ് ഔർ സമുദ്ര"ത്തിന്റെ രചയിതാവും എത്ര വിശാലമായ ക്യാൻവാ സാണ് വിനിയോഗിക്കുന്നതെന്ന് ഈ സംക്ഷിപ്ത വിവരണത്തിൽ നിന്ന് ഗ്രഹി ക്കാമല്ലോ. നിരൂപകർ പറഞ്ഞതു ശരിയാണ്. പ്രേംചന്ദിനു ശേഷം ഇത്രയും വിശാലമായ ക്യാൻവാസ് മറ്റൊരു സാഹിത്യകാരനും സ്വകീയമാക്കിയിട്ടില്ല. ക്യാൻവാസ് വിശാലമായതുകൊണ്ട് നോവൽ മഹത്താകണമെന്നുണ്ടോ? ജീവി തത്തിന്റെ വൈവിധ്യം നമ്മുടെ മുമ്പിൽ പ്രദർശിപ്പിക്കാനേ ക്യാൻവാസിനു കഴിയൂ. അർഥവും ആഴവും മഹനീയതയും ഉണ്ടാകണമെങ്കിൽ ക്യാൻവാസല്ല പ്രധാനം. ചെറുതും വലുതുമായ ജീവസ്സുറ്റ കഥാപാത്രങ്ങളും അവയുടെ ചൈതന്യവ ത്തായ നിദർശനവുമാണാവശ്യം. "ബൂന്ദ് ഔർ സമുദ്ര"ത്തിലെ മിക്കവാറുമെല്ലാ കഥാപാത്രങ്ങളും മിഴിവുറ്റവയാണ്; ജീവനുള്ളവയാണ്. സജ്ജന്റെ കാര്യത്തിൽ ഒരാരോപണമുണ്ടായേക്കാം. തുടക്കത്തിൽ അയാളെത്ര ഡയറിംഗ് ആയിരുന്നുവോ അത്ര അന്ത്യം വരെ നിലനിന്നില്ലെന്ന്. ബാബാരാമിന്റെ പരസേവാനിരതവും ആദർശപൂർണവുമായ വ്യക്തിത്വത്തിന്റെ മുമ്പിൽ സജ്ജൻ നിരുപായനും ഹത വീര്യനും ആയിപ്പോയെന്നതാണ് സത്യം. നാഗർജി അറിഞ്ഞോ അറിയാതെയോ വനകന്യയുടെയും ബാബാരാമിന്റെയും മധ്യത്തിലായി സജ്ജന്റെ മാനസികാ വസ്ഥ കൊണ്ടു സ്ഥാപിക്കുകയും അയാളിൽ സ്വഭാവ പരിവർത്തനം വരുത്തു കയും ചെയ്തിരിക്കുകയാണ്. മറ്റൊരു ചോദ്യമുണ്ടാകാം. ബാബാരാമിന്റെ ആദർശ ങ്ങളും ജീവിതവും ആഖ്യായികയ്ക്കു ചേർന്ന വീക്ഷണത്തിലൂടെ അവതരിപ്പി ക്കാനാണോ നാഗർ ശ്രമിക്കുന്നതെന്ന്. യാഥാർഥ്യ വാദികളായ നോവലിസ്റ്റുക ളുടെ കൂട്ടത്തിലാണ് നാഗറെയും കണക്കാക്കുന്നത്. എന്നാൽ ഏതെങ്കിലും രാഷ്ട്രീയ വിശ്വാസം പ്രകടിപ്പിക്കാൻ അദ്ദേഹം ആഗ്രഹിക്കുന്നില്ലെന്ന് അദ്ദേഹ ത്തിന്റെ സർവനോവലുകളും വ്യക്തമാക്കുന്നുണ്ട്. സമൂഹത്തിൽ പരിവർത്തനം വരണമെന്ന് അദ്ദേഹം ആഗ്രഹിക്കുന്നു. അതിലെ അഴുക്കുകളും അനാചാര ങ്ങളും നിഷ്ക്രിയതയിൽനിന്നും അതിനെ കരകയറ്റി ആരോഗ്യപൂർണമായി വളർന്നു വികസിക്കാൻ ഇടയാക്കാനാണ് അദ്ദേഹം ഇച്ഛിക്കുന്നത്. പക്ഷേ ഇതി നായി എന്തെങ്കിലും ഫോർമുലയോ കുറുക്കുവഴികളോ അദ്ദേഹത്തിന്റെ പക്ക ലില്ല. സമൂഹത്തിലെ യഥാർഥ ജീവിതത്തെ യഥാതഥമായും ഉദാഹരണസഹി തവും വിവരിക്കുന്നതുകൊണ്ട് ഒരു സാഹിത്യകാരന്റെ കടമ അവസാനിച്ചുവെന്നു

കരുതുന്ന ആളുമല്ല അദ്ദേഹം. എന്തെങ്കിലും ഒരു പോംവഴി നിർദേശിക്കാൻ ആഗ്രഹിക്കുന്നു. ഈ നോവലിൽ ബാബാരാമിനാൽ പ്രേരിതമായ ജനസേവാ വിപ്ലവത്തെ ഇതിനൊരു സമാധാനമായി അദ്ദേഹം നല്കിയിട്ടുണ്ട്.

"കുടിൽ വ്യവസായങ്ങൾ വികസിപ്പിച്ചും അങ്ങ് ഈ നഗരത്തിലെ പരുഷന്മാരെ പലിശക്കാരുടെ പിടിയിൽ നിന്നും അപമാനത്തിൽ നിന്നും രക്ഷിക്കണം. സ്ത്രീകളെ സ്വന്തം കാലിൽ തലയുയർത്തിപ്പിടിച്ചു നില്ക്കാനും സ്വന്തം സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താനും പഠിപ്പിക്കണം. അവർക്ക് മാന്യമായ തൊഴിൽ നല്കണം. അതോടൊപ്പം ജനങ്ങളുടെ നീതിബോധവും വളർത്തണം. നിങ്ങൾ ഒരിക്കൽ സംഘടിച്ച് ഏതു തരത്തിലുള്ള കാറ്റാണോ സമൂഹത്തിൽ പരത്തുന്നത് അതായിരിക്കും സമൂഹത്തെ സ്വാധീനിക്കുന്നത്."

വ്യക്തിക്കും സമൂഹത്തിനുമിടയിലുള്ള ദൈനംദിന സംഘർഷങ്ങളുടെ ജീവസ്സുറ്റ വർണനയും യാഥാർഥ്യ ബോധത്തോടെയുള്ള സമീപനവും ചമത്കാരപൂർണമായ ദൃശ്യങ്ങളും പ്രാമാണികമായ പാത്ര ചിത്രീകരണവും വഴി "ബൂന്ദ് ഔർ സമുദ്ര" ഹിന്ദി നോവൽ സാഹിത്യത്തിലെ ഒരതുല്യ കൃതിയായി കണക്കാക്കപ്പെടുന്നു.

ഡോ. ശിവപ്രസാദ് സിംഗ്

1

ശീതകാലത്തിലെ ഉച്ചവെയിൽ മേൽക്കൂരകളിലെല്ലാം ചൂടു വിതറി വിരാജിക്കുകയാണ്. മേടകളിലും മുറ്റത്തും തളങ്ങളിലും സ്ത്രീകളുടെ തുന്നലും തയ്യലും തകൃതിയായി നടക്കുന്നു- ഗോതമ്പിൽനിന്ന് കല്ലും കട്ടയും നുള്ളിപ്പെറുക്കി മാറ്റലും ധാന്യം തിരയലും കറിക്കുള്ള ഇല അരിയലും. ഓരോ ജോലികൾ മുറയ്ക്ക് നടക്കുകയാണ്. അങ്ങിങ്ങ് വിശ്രമിക്കുന്നവരും. സ്ക്കൂളിൽ പോവാത്ത കുട്ടികളുടെ കോലാഹലം. ചിലർ പട്ടം പറത്തുന്നു. പെൻഷൻ പറ്റിയ ചിലർ ജോലിക്കാരും അനുസരണശീലരുമായ മക്കളെപ്പോലെ സമാധാനത്തോടെ ജീവിക്കുവാൻ സൗകര്യമുണ്ടാക്കുന്ന വെയിലിനെപ്പുകഴ്ത്തിക്കൊണ്ട് വൃദ്ധശരീരത്തിൽ പറ്റിയ പഞ്ഞിയും നൂലും തൂത്ത് മാറ്റിയിട്ട് കുനിഞ്ഞ് കാൽമുട്ടുകളിൽ കയ്യൂന്നി നിന്ന് തലയണ ഉറകൾ അഴിച്ചെടുക്കുന്നു. എന്നിട്ട് മെല്ലെ താഴെയിരുന്ന് മുറുക്കാൻ പൊതി അഴിക്കുന്നു. വൈകിമാത്രം ഉച്ചഭക്ഷണം കഴിക്കുന്ന ചില വീടുകളുടെ മേടകളിൽ ചിലർ ഗ്ലാസ്സിൽ വെള്ളം തലയ്ക്കുമുകളിൽ ഉയർത്തി ചുറ്റും തളിച്ച് "ഹരഹരഗംഗ" മന്ത്രിക്കുന്നു. ഉണർന്ന് സജീവമായ ലോകത്തിലെ ബഹളങ്ങളും, പടികൾ കയറുകയും ഇറങ്ങുകയും ചെയ്യുന്ന ശബ്ദവും കോപം, മമത, ഈർഷ്യ, ഗൗരവം എന്നീ ഭാവങ്ങൾ ദ്യോതിപ്പിക്കുന്ന ശബ്ദവും ഒന്നിനോടൊന്ന് ലയിച്ചും ഇടപിണഞ്ഞും എങ്ങും മുഴങ്ങുന്നുണ്ട്. ശബ്ദങ്ങളുടെ തരംഗങ്ങൾ ഉയർന്നും താഴ്ന്നും ചുറ്റും പടരുകയാണ്. ഓരോ അണുവും ശബ്ദമുഖരിതമാണ്. എവിടെയെങ്കിലും ആരാനും ശബ്ദത്തിന്റെ നേരിയ ഒരു തന്ത്രി മീട്ടിയാൽ മതി അത് എമ്പാടും പ്രതിധ്വനിക്കുകയായി.

ലഖ്നൗവിലെ ഒരു തെരുവിൽ സ്വർണപ്പണിക്കാരനായ ഭഭൂതിയുടെ യുവതികളായ രണ്ടു പുത്രവധുക്കൾ മട്ടുപ്പാവിലെ അരമതിലിൽ കൈമുട്ടുകൾ ഊന്നി കുനിഞ്ഞുനിന്ന് അയൽക്കാരിയായ താരയോട് സംസാരിക്കുകയാണ്. മേടയിൽ ഭഭൂതിയുടെ ചുവരിനോട് ചേർത്തിട്ടിരുന്ന ഒഴിഞ്ഞ വീഞ്ഞപ്പെട്ടിയുടെ മേൽ ഇരുന്ന താര അയൽക്കാരികളായ സഖികൾ നിന്നിരുന്ന അരമതിലിന്റെ അടുത്തേക്ക് എണീറ്റുവന്നു. തുന്നിക്കൊണ്ടിരുന്ന കമ്പിളി സ്വെറ്ററിന്റെ നൂലിഴകളിൽ കണ്ണൂനട്ട് പുരികം ഉയർത്തിക്കൊണ്ട് താര പറഞ്ഞു "ഇതാ നോക്കൂ, എന്നെ താര താര എന്നു വിളിക്കുന്നത് എനിക്കിഷ്ടമല്ല. മറ്റൊന്നും വിചാരിക്കരുത്. അദ്ദേഹത്തിന്റെ വായിൽനിന്നേ 'താര' എന്ന വിളി ഇമ്പമായി തോന്നാറുള്ളു."

മൂത്തമകളുടെ വലത്തേകാതിൽ കിടന്നിരുന്ന കല്ലുപതിച്ച കമ്മൽ വെയിലേറ്റ് തിളങ്ങി. അവൾ തല ചെറുതായൊന്നനക്കിയപ്പോൾ സൂര്യരശ്മിയേറ്റ് വൈരക്കല്ലുകൾ നീലാഭകലർന്ന പ്രഭവിതറി. ഉരുണ്ടു തുടുത്ത കപോലങ്ങളിൽ കൈവിരലുകൾ ചേർത്തിട്ടവൾ ചോദിച്ചു "അപ്പോൾ ഞങ്ങൾ നിങ്ങളെ എന്തുവിളിക്കണം?" "മിസ്സിസ്സ് വർമ്മ എന്നു വിളിച്ചോളൂ. ഞാനും നിങ്ങളെ അങ്ങനെ വിളിക്കാം."

ഇളയവളുടെ തടിച്ച കീഴ്ചുണ്ടിന്റെ അഗ്രം ഒന്നു വലിഞ്ഞു. നാസികാഗ്രം മേലോട്ടുയർന്നു. മൂക്കുത്തിയുടെ വൈരക്കല്ല് തിളങ്ങി. പുരികക്കൊടികൾ വളഞ്ഞു. നെറ്റിചുളിഞ്ഞു. തൊണ്ടയിൽ എന്തോ തടഞ്ഞതുപോലെ. അവൾ ചോദിച്ചു "അപ്പോൾ നിങ്ങൾ ഞങ്ങളെ 'മിസ്സിസ്സ് തട്ടാൻ' എന്നാണോ വിളിക്കുക, ഇല്ലപ്പാ, ഞങ്ങൾ ആ പേരുപറയില്ല. അതുകൊള്ളില്ല." മൂത്തവൾ ചോദിച്ചു "അതിൽ തെറ്റെന്ത്? ഓരോരുത്തരെയും അവരവരുടെ ജാതിപ്പേരിലല്ലേ അറിയുന്നത്? അതുമല്ല നമ്മൾ നീചജാതിക്കാരൊന്നുമല്ലല്ലോ - വൈശ്യരല്ലേ?"

താര ഇന്റർമീഡിയറ്റ് വരെ പഠിച്ചിട്ടുണ്ട്. ജാതി മാറി പ്രേമവിവാഹം കഴിച്ചവളാണ്. പലപ്പോഴും ഭർത്താവിനോടൊപ്പം ഹസറത്ത് ഗംജിലും ക്വാളിറ്റിയിലും സിൽവർസ്റ്റോ റസ്റ്റോറന്റിലും കോഫിഹൗസിലും എല്ലാം പോയി പുതിയ ലോകം കാണാൻ അവസരം ലഭിച്ചിട്ടുണ്ട്. തന്നെക്കാൾ പഠിപ്പും സ്വാതന്ത്ര്യവും കുറഞ്ഞ ഭഭൂതിയുടെ പുത്രവധുക്കളെ നോക്കിയിട്ട് ആത്മാഭിമാനവും പുതുയുഗത്തിന്റെ ഗർവും നിറഞ്ഞ സ്വരത്തിൽ അവൾ പറഞ്ഞു "സോദരീ, ഇപ്പഴീ മേൽജാതിയും കീഴ്ജാതിയും ആരുനോക്കുന്നു. ഞങ്ങളാകട്ടെ ജാതിയും സമുദായവും ഒന്നും അംഗീകരിക്കാറില്ല."

മൂത്തവൾക്ക് താര ഹീറോയിനാണ്. ആദരവും ബഹുമാനവും കലർന്ന സ്വരത്തിൽ അവൾ പറഞ്ഞു "നിങ്ങളിനി അംഗീകരിക്കുന്നതെന്തിന്, പ്രവർത്തിച്ചു കാണിച്ചവളല്ലേ? പ്രിയനുമൊത്ത് സ്വതന്ത്രയായി നടക്കുകയല്ലേ....."

അവൾ ചിരിച്ചു. അവർ രണ്ടുപേരും ചിരിച്ചു. ഇളയവൾക്കും താര ഹീറോയിനാണ്. താരയ്ക്കും സ്വന്തം കണ്ണിൽ താൻ ഹീറോയിൻ തന്നെ.

താരയുടെ അഴകുറ്റ സ്വർണവർണമുള്ള ശരീരത്തിൽ മാദകനേത്രങ്ങൾ പായിച്ചുകൊണ്ട് ശൃംഗാരഭാവത്തോടെ ചഞ്ചലസ്വരത്തിൽ മൂത്തവൾ പറഞ്ഞു "എന്തു പറഞ്ഞാലും ശരി ഈ ലൗ മേരേജ് ഒരു പ്രത്യേക സുഖം തന്നെയാണ്. പണ്ടു ഞാൻ എട്ടിൽ പഠിക്കുമ്പോൾ എനിക്കും ഒരു ചെറുക്കനോട് 'ലൗ' ഉണ്ടായിരുന്നു."

നിമിഷനേരത്തേക്ക് മൂത്തവളുടെ തിളങ്ങുന്ന കണ്ണുകൾ പഴയ സ്മരണയിൽ വിലീനമായി. ചെറിയവളുടെ മുഖത്ത് "അയ്യോ പാവം" എന്ന ഭാവമുദിച്ചു. ചായം തേച്ച നഖങ്ങളുള്ള നടുക്കത്തെ രണ്ടു വിരലുകൾ മന്ദഹാസം പൊഴിക്കുന്ന അധരങ്ങളിൽ ചേർത്തുപിടിച്ച്, ഒന്നാം ക്ലാസ് വാങ്ങി ജയിച്ചുവരുന്ന കുട്ടിയെ അനുമോദിച്ച് അധ്യാപിക ചിരിക്കും മട്ടിൽ താര ചിരിച്ചു.

താഴത്തെ നിലയിൽ തൊട്ടിലിൽ കിടന്നിരുന്ന മോഹിനിയുടെ (മൂത്തവൾ) മൂന്നുമാസം പ്രായമുള്ള മോൾ കരഞ്ഞു. നാലുവയസ്സുള്ള മകൻ താഴത്തെ വരാന്തയിൽ പനിയായിട്ട് മയങ്ങി കിടക്കുകയാണ്. അവന്റെ അടുത്തിരുന്ന് ചാണയിൽ അഷ്ടാംഗചൂർണം പൊടിച്ചുകൊണ്ടിരുന്ന അമ്മായിയമ്മ ഉറക്കെ വിളിച്ചു പറഞ്ഞു, "മോളേ ഇതാ കുഞ്ഞുകരയുന്നു..."

അവിടെ താര മൂത്തവളോട് ചോദിക്കുകയാണ് "എങ്ങനെയുള്ളയാളായിരുന്നു നിങ്ങളുടെ ലവർ?"

കുഞ്ഞ് കൈകാൽ കുടഞ്ഞ് കരയാൻ തുടങ്ങി. അമ്മൂമ്മ വളരെ ശ്രദ്ധയോടെ ചൂർണം പൊടിക്കുകയാണ്. കുഞ്ഞിന്റെ അപ്പച്ചി താഴെനിന്ന് കയ്യിലും വായിലും മുറുക്കാനുമായി തണുപ്പത്ത് വിറച്ച് വിറച്ച് മുകളിലേക്ക് വന്നു. നന്ദോ ഒരുമിനിട്ട് അമ്മയുടെ അടുത്ത് വെയിലും കൊണ്ട് മൂകയായി നിന്നു. എന്നിട്ട് നടന്നു

കൊണ്ട് പറഞ്ഞു, "തായീടെ വീടുവരെ ഒന്നു പോണു."

അമ്മ പറഞ്ഞു "അവിടെ നിന്ന് മൂത്തവളെ ഇങ്ങോട്ടയയ്ക്കൂ. സംസാരത്തിൽ മുഴുകി ഇരിക്കുകയാവും. കൊച്ചുങ്ങളുടെ കാര്യം പോലും അപ്പോൾ മറന്നു പോവും."

ഇരുപത്തേഴു വയസ്സുകാരിയായ നന്ദോ മായാമോഹങ്ങളിൽ നിന്ന് മുക്തയാണ്. ഇന്നത്തെക്കാലത്തെ കുട്ടികളെയും സ്വന്തം പ്രായക്കാരെയും കുടുംബമായിക്കഴിയുന്നവരെയും നവവിവാഹിതരെയും കൈക്കുഞ്ഞുങ്ങളുള്ളവരെയും എല്ലാം അവൾക്ക് വെറുപ്പാണ്. കോപിഷ്ഠയും വ്രതാനുഷ്ഠാനങ്ങളും ഉപവാസങ്ങളും കൊണ്ട് കഠോരയായിത്തീർന്നവളുമാണ്. ഇരുനിറത്തിലുള്ള അവൾ പരനിന്ദയിൽ തല്പരയും വയോവൃദ്ധരുടെ കൂട്ടുകെട്ടിൽ സുഖം കണ്ടെത്തുന്നവളുമാണ്.

തായിയുടെ വീട്ടിൽ പോകാനായി നന്ദോ മേടയിലെത്തി. അവളുടെ സഹോദരപത്നിമാർ താരയുമായി സംസാരിക്കുകയാണ്. ശബ്ദമുണ്ടാക്കാതെ മുകളിലെത്തിയ നന്ദോ ചെവി കൂർപ്പിച്ച് ശ്രദ്ധിച്ചു. പൂച്ച തന്റെ ഇരയെ തറച്ചു നോക്കുന്ന ഭാവമായിരുന്നു അവളുടേത്.

നന്ദോയ്ക്ക് പരനിന്ദയ്ക്ക് പറ്റിയ സാമഗ്രികൾ കിട്ടുകയാണ്. പക്ഷേ പെട്ടെന്ന് അമ്മ ശബ്ദമുയർത്തി വിളിച്ചു "എടീ മോഹിനീ...."

പുത്രവധുക്കൾ രണ്ടും തിരിഞ്ഞു നോക്കി. കള്ളനെപ്പോലെ പതുങ്ങി നിൽക്കുന്ന നാത്തൂനെക്കണ്ട് അവർ നടുങ്ങി. നന്ദോവും നടുങ്ങി. നന്ദോ പെട്ടെന്ന് സ്വയം നിയന്ത്രിച്ച് തായിയുടെ വീട്ടിലേക്ക് പോവാനായി അരമതിലിനടുത്തേക്ക് നീങ്ങി.

2

രാജാബഹദൂർ സർദ്വാരകാദാസ് അഗർവാളിന്റെ ആദ്യത്തെ പത്നിയാണ് തായി. ലഖ്നൗവിലെ പ്രഭുക്കന്മാരുടെ നടുനായകനാണ് രാജാബഹദൂർ. ബ്രിട്ടീഷ് ഭരണകാലത്ത് ഡെപ്യൂട്ടി കമ്മീഷണർ മുതൽ ചീഫ് സെക്രട്ടറി, ഹോം മെമ്പർ എന്നിവർ വരെയും സംയുക്ത പ്രവിശ്യയിലെ ഗവർണർ തൊട്ട് വൈസ്രോയി വരെയും എങ്ങും അദ്ദേഹത്തിന്റെ സ്വാധീനശക്തിയെത്തിയിരുന്നു. സ്വരാജ്യം വന്ന ശേഷം രാഷ്ട്രപതിയോളവും പ്രധാനമന്ത്രിയോളവും പിടിപാട് എത്തിയില്ലെങ്കിലും അദ്ദേഹത്തിന്റെ സ്വാധീനത്തിന് വലിയ കുറവൊന്നുമുണ്ടായില്ല. ന്യൂഡൽഹിയിലെ വളരെയധികം സമുന്നതോദ്യോഗസ്ഥന്മാരും ഉത്തർപ്രദേശിലെ വൻവൻ മന്ത്രിമാരും സാധാരണയായി അദ്ദേഹത്തെ രാജാസാഹിബ് എന്നാണ് അഭിസംബോധന ചെയ്യാറ്. അദ്ദേഹത്തിന് നേടേണ്ട സർക്കാർ കാര്യങ്ങൾ ഫലസിദ്ധിയുടെ മണിമാളികയിൽ എത്തിച്ചേരുന്നത് നിയമത്തിന്റെ കോവണിപ്പടികൾ വഴിയല്ല മറിച്ച് പക്ഷപാതത്തിന്റെ ലിഫ്റ്റ് വഴിയാണ്. രാജാബഹദൂറിന്റെ ദാനശീലത്തെയും ധർമനിഷ്ഠയെയും കുറിച്ച് ശങ്കരാചാര്യന്മാർ വരെയുള്ള പ്രമുഖ മതനേതാക്കന്മാർ പ്രകീർത്തിച്ചിട്ടുണ്ട്. എല്ലാവർഷവും അദ്ദേഹം

ഋഷിസമ്മേളനം നടത്താറുണ്ട്. അനേകലക്ഷം രൂപ ചെലവഴിച്ച് അദ്ദേഹം ലക്ഷ്മീനാരായണക്ഷേത്രം പണിയിച്ചു. ക്ഷേത്രം അവിടത്തെ പ്രതിഷ്ഠയുടെ പേരിലല്ല മറിച്ച് അഗർവാൾ ക്ഷേത്രമെന്നപേരിലാണറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ പുതിയ മാളികയിൽ പണിതിട്ടുള്ള ലക്ഷ്മീമണ്ഡപത്തിലെരിയുന്ന അമ്പരദീപശിഖയിലെ പുകയ്ക്കു കറുപ്പു നിറമല്ല, മറിച്ച് മഞ്ഞനിറമാണെന്നാണ് പറയാറ്. അങ്ങനെയുള്ള ഭർത്താവിന്റെ സുമംഗലിയായ തായി തെരുവുതെരുവുതോറും താഴ്ന്നജാതിക്കാരുടെ ആട്ടും പരിഹാസവും കേട്ട് ലോകത്തിന്റെ മുഴുവൻ വെറുപ്പും അപഹാസവും സഹിച്ച് ജീവിതം നയിക്കുകയാണ്. ഇതു കണ്ടിട്ടാവണം ഭാവനാസമ്പന്നരായ വയോവൃദ്ധന്മാർ ഭാഗ്യം അസ്ഥിരമെന്ന വാദം പ്രചരിപ്പിക്കുന്നത്.

തായിയെ വിവാഹം കഴിച്ചുകൊണ്ടുവന്നപ്പോൾ ദ്വാരകാദാസിന്റെ വീട്ടിൽ ആഹാരത്തിനുപോലും ബുദ്ധിമുട്ടായിരുന്നു. പൈതൃകസ്വത്ത് മുത്തച്ഛന്റെ കാലത്തു തന്നെ ദേവദാസികളുടെയും നർത്തകികളുടെയും പാദസരങ്ങളിൽ ചെന്ന് ചേർന്നിരുന്നു. പിന്നെ ശേഷിച്ചതായി വല്ലതുമുണ്ടായിരുന്നെങ്കിൽ പിതാവിന്റെ കാലത്ത് അതും നാമാവശേഷമായി. കടം വർധിച്ചപ്പോൾ അദ്ദേഹം ഗോമതിനദിയിൽ ചാടി അഭിമാനം രക്ഷിച്ചു. പൂർവികരുടെ മാളിക (ഇപ്പോഴത് ദ്വാരകാദാസിന്റെ സ്വത്തിൽ ഉൾപ്പെട്ട് തായിയുടെ അധീനതയിലാണ്) പിതാമഹന്മാരുടെ കടത്തിന് ലേലത്തിൽ വിറ്റു. ദ്വാരകാദാസിന്റെ അമ്മ മകനെയും യൗവനയുക്തകളായ രണ്ടു പെൺമക്കളെയും കൂട്ടി മാളികയോട് ചേർന്നുള്ള ഒരു ചെറിയ വീട്ടിൽ ജീവിതം കഴിച്ചു വന്നു. ദ്വാരകാദാസിന്ന് അന്നു പതിനാലു വയസ് വരും. അദ്ദേഹം ഒരു ബന്ധുവിനോടൊപ്പം ഹുണ്ടികക്കടയുടെ ദല്ലാൾപണി പഠിച്ചു തുടങ്ങി. എങ്ങനെയോ ഒരു വിധം മൂത്ത സഹോദരിയെ വിവാഹം ചെയ്യിച്ചയച്ചു. അദ്ദേഹത്തിന്റെ വിവാഹവും നടന്നു. നഷ്ടപ്പെട്ട വൈഭവങ്ങളുടെ കുടുംബലക്ഷ്മിയായി തായി വന്നു.

തായിയുടെ പിതൃകുടുംബം ഹാത്രസ്സിലായിരുന്നു പ്രതാപമൊക്കെ നശിച്ചുവെങ്കിലും അന്നും അവർ വലിയ ആളുകൾ തന്നെയായിരുന്നു.

ബാല്യത്തിൽ തന്നെ തായിക്ക് അച്ഛനമ്മമാർ നഷ്ടപ്പെട്ടു. അന്നുവരെ ആ വലിയ വീട്ടിൽ അവൾ മാത്രമേ ഒരു കുഞ്ഞായിട്ടുണ്ടായിരുന്നുള്ളു. അതിനാൽ എല്ലാവരുടെയും കണ്ണിലുണ്ണിയും ഓമനയുമായിരുന്നു അവൾ. അപ്പൂപ്പന്റെയും അമ്മൂമ്മയുടെയും ലാളന അവളെ നിർബന്ധബുദ്ധിക്കാരിയും വായാടിയുമാക്കി. ചിറ്റപ്പന്മാർക്കും അമ്മാവന്മാർക്കും സ്വന്തം കുട്ടികൾ ഉണ്ടായതോടെ അവരുടെ സ്നേഹം പങ്കുവയ്ക്കപ്പെട്ടു. അതോടെ തായിക്കു ശുണ്ഠിയും തുടങ്ങി. ലാളിച്ചു വഷളാക്കിയ നാക്ക് ഉള്ളിലെ പ്രതികാരചിന്തയാൽ മൂർച്ചയുള്ളതായി മാറി. അപ്പൂപ്പനും അമ്മൂമ്മയും ജീവിച്ചിരുന്നിടത്തോളം അവളെ ആർക്കും ഒന്നും പറയാനായില്ല. അവർ മരിച്ചതോടെ എല്ലാം മാറിമറിഞ്ഞു. നാക്കിന്റെ മൂർച്ചകാരണം വീട്ടിലുള്ളവർക്കെല്ലാം അവൾ ഒരു ശല്യമായിമാറി. അവളോടുള്ള അനാദരവും അവഗണനയും വർധിക്കുന്തോറും അവളുടെ ഉള്ളിൽ ഈർഷ്യയും വെറുപ്പും നിറഞ്ഞു വന്നു. മനുഷ്യ സഹവാസത്തിൽ നിന്നകന്ന് അവൾ ഏകയായി കഴിഞ്ഞു. ചിറ്റപ്പന്മാർ സ്ത്രീധനവും പണവും കൊടുക്കാതെ അവളെ ദരിദ്രനായ ദ്വാരകാദാസിനെ കെട്ടിയേല്പിച്ച് കൈയൊഴിഞ്ഞു. അവർ പിന്നൊ

രിക്കലും അങ്ങോട്ട് തിരിഞ്ഞു നോക്കിയതേയില്ല.

വിവാഹം കഴിഞ്ഞതോടെ ദ്വാരകാദാസിന്റെ ഭാഗ്യത്തിന് പകിടപന്ത്രണ്ടായി. ഹുണ്ടികപ്പണിയിൽ തകർന്ന പ്രഭുക്കന്മാരുടെയും രാജാനവാബുമാരുടെയും വില യേറിയ സാമഗ്രികൾ തുച്ഛമായ വിലയ്ക്ക് കൈയിൽ വന്നു. അതോടെ ഉയർച്ചയും തുടങ്ങി. ചെറിയതോതിൽ സ്വന്തമായൊരു ഹുണ്ടികക്കട അയാൾ തുടങ്ങി. തന്റെ നല്ല കാലത്തിനുത്തരവാദി സ്വപത്നിയാണെന്ന് അദ്ദേഹം വിശ്വസിച്ചു. അതു കൊണ്ട് അവളുടെ വിഷമയമായ വാക്കുകൾ ശിവൻ കാളകൂടമെന്ന പോലെ ഇറക്കിപ്പോന്നു.

ഒന്നാം ലോകമഹായുദ്ധകാലത്ത് ഭാഗ്യലക്ഷ്മി ദ്വാരകാദാസിന് ആയിരമാ യിരം വരങ്ങൾ നല്കി. അക്കാലത്ത് വാങ്ങിയ ഒരു പഴയ തറവാടുകെട്ടിടത്തിൽ നിന്ന് ഒരു നിധിയും കിട്ടി, അതോടെ ദ്വാരകാദാസിന്റെ കീർത്തി ദിക്കെങ്ങും വ്യാപിച്ചു. ഐശ്വര്യവും പ്രതാപവും കൈവന്നപ്പോൾ, തന്നെ മാനിക്കുകയും സ്നേഹിക്കുകയും ഒരു അനന്തരാവകാശിയെ തന്റെ മടിയിലിരുത്തി ആനന്ദി പ്പിക്കുകയും ചെയ്യുന്ന ഒരു ഭാര്യയുണ്ടായാൽ കൊള്ളാമെന്ന് ദ്വാരകാദാസിന് സ്വാഭാവികമായും ആഗ്രഹമുണ്ടായി.

വിവാഹത്തിനു കുറെ വർഷങ്ങൾക്കുശേഷം ഒരിക്കൽ തായിയുടെ കാലം തെളിഞ്ഞതാണ്. അവളെ വെറുത്തിരുന്ന അമ്മായിയമ്മപോലും അന്നവളെ ലാളിച്ചു. പക്ഷേ അവൾ ഒരു പെൺകുഞ്ഞിന് ജന്മം നല്കിയതോടെ വീടാകെ മൂകമായി. ഈറ്റില്ലത്തിൽ വച്ച് അമ്മായിയുടെ ചില വാക്കുകൾ അവളുടെ കാതിൽപ്പെട്ടു. അതിനുശേഷം മനസ്സിലെ ഏതോ ഹീനഭാവനയാൽ ആ വീട്ടിലെ സകലരും തന്റെ മകളെ കൊല്ലാൻ കാത്തിരിക്കുയാണെന്ന് ഒരു തോന്നൽ അവൾക്കുണ്ടായി. ഇക്കാരണത്താൽ സ്വന്താം ഭർത്താവിനോടും, അമ്മായിയമ്മ, ഭർത്തൃസഹോദരി, വേലക്കാർ എന്തിന് സർവലോകത്തോടു തന്നെയും അവൾക്ക് കടുത്ത വെറുപ്പു തോന്നി. ക്രമേണ അവൾ ഇരുപത്തിനാലുമണിക്കൂറും സ്വന്താം മുറിയിൽ കതകും പൂട്ടിയിരുന്ന് മകളെ ലാളിക്കാൻ തുടങ്ങി. ഭർത്താവ് എത്ര യൊക്കെപ്പറഞ്ഞിട്ടും അവൾ കൂട്ടാക്കിയില്ല. കുട്ടിക്ക് എട്ടുമാസമായപ്പോൾ അത് എല്ലാവരെയും വിട്ടുപോയി. തായിയുടെ ദുഃഖം വീട്ടിന്റെ ശാന്തിയാകെ തകർത്തു. എല്ലാവിധ ബാഹ്യൈശ്വര്യങ്ങളും ശോഭിച്ചിരുന്നെങ്കിലും കുലത്തിനൊരു ദീപ മില്ലെന്ന ചിന്ത ദ്വാരകാദാസിന്റെ ഹൃദയത്തിൽ ഇരുട്ടുകയറ്റി. ദിനംപ്രതി ആ അന്ധകാരം വർധിച്ചു വന്നു. ദ്വാരകാദാസ് വീണ്ടും വിവാഹം കഴിക്കാൻ തീരു മാനിച്ചു. അദ്ദേഹത്തിന്റെ രണ്ടാം വിവാഹസംഘം പുറപ്പെട്ട അന്നുരാത്രി തായി ആ വീടു വിട്ടിറങ്ങി.

അവൾ പുരോഹിതന്റെ അതിഥിയായി ചെന്നുകൂടി. അദ്ദേഹത്തിനു ഭാര മായി കഴിഞ്ഞിരുന്ന തായിയെ എട്ടു ദിവസങ്ങൾക്കു ശേഷമാണ് താൻ കുറച്ചു ദിവസം മുമ്പ് വാങ്ങിയ പഴയ തറവാടുമാളികയിൽ താമസിപ്പിച്ചുകൊള്ളാമെന്ന് സമ്മതിപ്പിക്കാൻ ദ്വാരകാദാസിനു കഴിഞ്ഞത്. തായിയുടെ ജീവിതകാലമത്രയും ആ മാളിക അവളുടെ അധീനതയിലായിരിക്കും; വീട്ടുചെലവിനും വ്രത-പൂജാ ദികൾക്കും മറ്റുമായി പ്രതിമാസം ഇരുന്നൂറുരൂപാ തായിക്കു നല്കുമെന്നും തീരു മാനമായി.

മുപ്പത്തിമൂന്നു വർഷമായി ഈ ചിട്ട മുറതെറ്റാതെ നടന്നുവരികയാണ്. ഈ

കാലത്തിനിടയിൽ മതധർമ്മ പരായണനും ഗോ-ബ്രാഹ്മണ സംരക്ഷകനും ദാന വീരനുമായ രാജാബഹദൂർ സർ ദ്വാരകാദാസ് അഗർവാൾ കെ.സി.ഐ. ഈ ആയിത്തീർന്നു. അതേസമയം അദ്ദേഹത്തിന്റെ ആദ്യകുടുംബിനി ജഗ്-തായി ആയിമാറി. വഴക്കാളി, മന്ത്രവാദിനി, ദുഷ്ട തുടങ്ങിയ അപരനാമധേയങ്ങളാൽ സമ്മാനിതയായി ലോകത്തിനു മുഴുവൻ അസ്പൃശ്യയായിത്തീർന്നു. അവളുടെ മന്ത്രവാദത്തെ സംബന്ധിച്ച പലേ കഥകളും പ്രസിദ്ധമായി. തായി കുറെ ദിവസം രാത്രി പന്ത്രണ്ട് മണിക്ക് ഏതോ മഹാന്റെ അടുക്കൽ മന്ത്രവാദം പഠിക്കാൻ പോയിരുന്നതായും പറയപ്പെടുന്നു. കറുത്ത അരഞ്ഞാണച്ചരടിൽ ചെറിയ പിച്ചാത്തിയും കത്രികയും കെട്ടിയിട്ട് സ്വന്തം സമൂഹത്തിലും തെരുവിലും അവൾ കാണിച്ച അത്ഭുതങ്ങൾക്ക് അളവില്ല. ചിലരുടെ കട്ടിൽപടിയിൽ സിന്ദൂരം തേച്ചിരുന്നു. ചിലരുടെ തലയിണയിൽ ഒരു മുഴം നീളം വരുന്ന കറുത്ത നൂലിൽ കോർത്ത സൂചി തറച്ചിരുന്നു. ചിലേടത്ത് കള്ളിമുള്ള്. ചിലരുടെ വിവാഹ വസ്ത്രം കവലയിൽ ചിതറിക്കിടന്നു. ചില പിഞ്ചു കുഞ്ഞുങ്ങളുടെ നെറുകയിൽ എണ്ണ തൊട്ട് മാരണമന്ത്രം ജപിക്കപ്പെട്ടു. ചില പെൺകുട്ടികളുടെ നെറുകയിലെ മുടി കത്രിച്ചു കളഞ്ഞ് അനപത്യത വിധിച്ചു. ചിലരുടെ വീട്ടുപടിക്കൽ നാല്പതു ദിവസത്തോളം സന്ധ്യാദീപം കത്തിച്ചു വച്ചു. ചിലർക്കുവേണ്ടി ഓതി ഉഴിഞ്ഞവ നാൽക്കവലയിൽ വിതറപ്പെട്ടു. തായി നടത്തിയ മന്ത്രവാദ കർമ്മങ്ങൾ അനേകം തവണ കണ്ടുപിടിക്കപ്പെട്ടു. ആയിരം തവണ വഴക്കുണ്ടായി, അടിപിടിയും നടന്നു. തെരുവിലെ ഓരോ പടിവാതിലും അവളുടെ മുമ്പിൽ കൊട്ടിയടയ്ക്കപ്പെട്ടു. ഓരോ വീട്ടിലെയും അപശകുനത്തിനും ആപത്തിനും കാരണക്കാരിയെന്നപഴി തായിയുടെ മേലായി.

വെയിലത്തിരുന്നു മുടി ഉണക്കിക്കൊണ്ടിരുന്ന തായിക്ക് അയൽപക്കത്തെ മേടകളിൽ നിന്നുയർന്നിരുന്ന ശബ്ദവും ബഹളവും അസഹ്യമായിത്തീർന്നു. വിരൽതുമ്പു കൊണ്ട് ഈറൻ മുടിയിലെ ഉടക്കെടുത്തുകൊണ്ടവൾ പിറുപിറുത്തു.

“നാശങ്ങൾ! ഇതിനൊന്നും മരണവുമില്ലേ? ഏഴു ജന്മം തുലച്ച ഈ തെണ്ടികൾ എവിടെയിരുന്നാലും ശരി അവിടെ ബഹളം തന്നെ.”

തായി ജീവിതത്തിൽ ഇതേവരെ നടത്തിയ ശാപവും പഴിപറച്ചിലും ഒരു കയറായി ഏച്ചു കെട്ടിയാൽ ഹനുമാൻ സ്വന്തം വാലുവലിച്ചു എത്രതന്നെ നീട്ടിയാലും അതിനൊപ്പം എത്തില്ല. കയറിനു തന്നെയായിരിക്കും നീളം കൂടുതൽ. ലോകത്തോടു മുഴുവൻ തായിക്ക് വിരോധമാണ്. കടുത്ത എതിർപ്പാണ്. പരാതിയാണ്. പിന്നെ ഈ പിറുപിറുക്കലിനും ശാപം ചൊരിയലിനും എങ്ങനെ അറുതിവരാൻ? “ഈ നാശങ്ങളുടെ തൊണ്ട ദൈവം കീറിവിട്ടത് മുള കൊണ്ടായിരിക്കണം എപ്പോൾ നോക്കിയാലും ഹാ ഹാ ഹാ” അപ്പോഴേക്കും അരമതിലിൽ തായിയുടെ ‘നാശം പിടിച്ച’ കാക്കവന്ന് കാഷ്ഠിച്ചിട്ട് പോയി. പിന്നെ അടുത്തെവിടെയോ റേഡിയോ ശബ്ദിച്ചു. “ഹം തും സേ മുഹബ്ബത്ത് കർക്കേ സനം” “നശിച്ചസനം. കാലനുമില്ലേ ഇതിനൊക്കെ?” അപ്പോഴതാ ഗുണോയുടെ മേടയിൽ അമ്മാവിയും മരുമകളും തമ്മിലുള്ള സംസാരം. “ആ തേവിടിശ്ശിയുടെ നാക്കു വയസ്സായിട്ടും അടങ്ങിക്കിടക്കില്ല. എപ്പനോക്കിയാലും കശ പിശ കശ പിശ....നാശം!” ലാലാ ഭലാലിന്റെ മകൻ മട്ടുപ്പാവിൽ നിന്നു വിളിക്കുന്നു. “എടീ പിശാചേ സോപ്പു കൊണ്ടുതാ, വെള്ളം ആറിത്തണുത്തു.” തായിയുടെ ചെവി

യിൽ തിളയ്ക്കുന്ന എണ്ണ വീണപോലായി "ഹൊ നാശം കാലൻ കിടന്നു തൊള്ള തുറക്കുന്നതു കേട്ടില്ലേ? പന്ത്രണ്ടു മണിക്കാണ് ഒരു കുളി. നരകം പിടിച്ചവർ അവിടെയതാ നാശം പിടിച്ച ഭഭൂതിയുടെ മരുമക്കൾ രണ്ടും കണ്ണിന്റെ മുമ്പെ ത്തന്നെ കിന്നാരവും പറഞ്ഞു നില്ക്കുന്നു. ഈ നാശങ്ങൾക്ക് രണ്ടു മിനിട്ട് വെറുതെയിരിക്കാനാവില്ലേ? ഹൊ ഇതിനെല്ലാം കൂടി എന്റെ തലയിൽ വന്നു വീഴാതിരുന്നൂടേ. ഏഴു ജന്മത്തേക്ക് ഗുണം പിടിക്കാത്ത വഹ. ഇതിന്റെയൊക്കെ ശരീരം പുഴുക്കും. ചത്താൽ പിണ്ഡംപോലും വയ്ക്കില്ല. ഇതാ വരുന്നു പിന്നേം...ങ്ങാ നിന്റെ ശരീരം പുഴുത്തു..."

ഒരു ചത്ത എലിയെയും കടിച്ചു കൊണ്ട് പൂച്ച താഴെ നിന്നു വരുന്നത് കണ്ണിൽപെട്ടു. പിറുപിറുപ്പ് നിർത്തിയിട്ട് തായി അലറി. തട്ടിമ്പുറത്തു കിടന്ന ഒരു മുളവടിയുമെടുത്ത് ചാടി. പൂച്ച കോണിപ്പടിയിരുന്ന വരാന്തയിലേക്ക് ചാടി തായിയുടെ മേട താണ്ടിയിട്ട് ഭഭൂതിയുടെ മേടയിലേക്ക് പാഞ്ഞു. അപ്പോഴാണ് നന്ദോ അവിടെ നിന്നിങ്ങോട്ട് ചാടിയത്. തൊട്ടുമുമ്പിൽ പൂച്ച ചാടി വീണതു കണ്ട് അവൾ ഞെട്ടിപ്പോയി. അവളെക്കണ്ടിട്ട് തായി ചോദിച്ചു "നന്ദോ നീ അതിനെ തൊട്ടോടീ തേവിടിശ്ശീ. പോ പോയികുളിക്ക്."

"ഇല്ല തായീ ദൈവത്തിനാണെ അത് ഇതാ ഇത്ര അകലത്താണ് ചാടി വീണത്. നിങ്ങൾ നോക്കി നില്ക്കയല്ലായിരുന്നോ? ഞാൻ ഭയന്നുപോയി. അതിന്റെ വായിൽ എലിയും ഉണ്ടായിരുന്നു. നിങ്ങളുടെ വീട്ടിൽ നിന്നും പിടിച്ചതാവും. അല്ലേ തായീ?" മുകളിലത്തെ മേടയിൽ നിന്നു മൂന്നു പടികൾ ഇറങ്ങി തായിയുടെ അടുത്തെത്തും മുമ്പു തന്നെ മുറുക്കാനിരുന്ന കൈ അവൾ മുന്നോട്ടു നീട്ടി.

"ഇതാ മുറുക്കാൻ."

മുറുക്കാൻ കണ്ടപ്പോൾ കൊടുങ്കാറ്റു വീശിയിരുന്ന തായിയുടെ മുഖം അല്പം ശാന്തമായി. മുള ചുവരിൽ ചാരിയിട്ട് തിണ്ണയിലിരുന്ന കുടത്തിൽ നിന്ന് വെള്ളമെടുത്ത് കൈകഴുകി. കൈകഴുകുന്നതിനിടയിൽ ചോദിച്ചു "പൂച്ച നിന്നെ തൊട്ടില്ലല്ലോ...സത്യം പറ."

"ഇല്ല തായീ ഞാൻ ആണയിട്ടില്ലേ? കൊള്ളാം ഞാനും നിങ്ങളെപ്പോലെ തന്നെ എല്ലാ ആചാരങ്ങളും നോക്കുന്നവളല്ലേ? അതുമല്ല എന്റെ വീട്ടിൽ മുറു ക്കാൻ ചെല്ലംപോലും പൂജാമുറിയിലാണ് വച്ചിരിക്കുന്നത്."

തായി കൈ തുടച്ചിട്ട് മുറുക്കാൻ മടിത്തുമ്പിൽ ഏറ്റു വാങ്ങിയിട്ട് മെല്ലെ പറഞ്ഞു "ജയ് ശ്രീകൃഷ്ണാ." "ജയ് ശ്രീകൃഷ്ണ" എന്നു പറഞ്ഞിട്ടു നന്ദോ അരക്കെട്ടിൽ നിന്ന് പുകയിലസഞ്ചിയെടുത്തു.

സൂര്യനെതിരെ പുറം തിരിഞ്ഞു രണ്ടുപേരും ഒട്ടകന്നകന്ന് ഇരുന്നു. നന്ദോ സഞ്ചിയിൽ നിന്നു രണ്ടു കഷ്ണം പാക്കും ഒരു നുള്ളു പുകയിലയും എടുത്ത് വായിലിട്ട് മുറുക്കാൻ പുതുക്കി. എന്നിട്ട് സഞ്ചി തിരിച്ച് അരയിൽ തൂക്കിയിട്ട് പറഞ്ഞു.

"ഞാനാണെങ്കിൽ തായീ, നിങ്ങളുടെയൊക്കെ കൃപ കൊണ്ട് ഇന്നും പഴയ നടപ്പൊന്നും കളഞ്ഞിട്ടില്ല-സനാതനധർമ്മം തന്നെ പുലർത്തിവരികയാണ്. രാവിലെ ഗോമതിയിൽ പോയി കുളിച്ചുവരും. പിന്നെ നേരെ പൂജാമുറിയിൽ. എനിക്കാരുടെയും വീട്ടുകാര്യങ്ങൾ അറിയണ്ട. മൂന്നു മൂന്നര മണിക്കൂർ പൂജ യിലും ജപത്തിലും കഴിയും."

"എത്രവിഗ്രഹങ്ങളുണ്ട് നിന്റെയവിടെ?" മുടിയിൽ വിരലോടിച്ചു കൊണ്ട് തായി ചോദിച്ചു.

"എന്റവിടെയോ, ഒരു രാധാകൃഷ്ണ ജോടി, ലക്ഷ്മി, ബാലമുരളി, ഗണേഷ്, ബാലഗോപാൽ, വിഷ്ണുപതി, ജഗന്നാഥിലെയും ബദരീനാഥിലെയും കല്ലുകൾ, മഹാദേവി, സായീഗ്രാമം പിന്നെ.. അല്ല ഇത്രയേയുള്ളു. പിന്നെല്ലാം പടങ്ങളാണ്."

"എന്റെ വീട്ടിൽ ഗണേഷ് മാത്രമില്ല, ആദ്യമൊന്നുണ്ടായിരുന്നു. എലി എടുത്തോണ്ടു പോയി നാശം." തലയിൽ വസ്ത്രത്തലപ്പ് വലിച്ചിട്ടു കൊണ്ട് തായി പറഞ്ഞു.

"എങ്കിൽ വേറൊന്നു വാങ്ങണം. പീഠത്തിൽ എല്ലാത്തിനും മുമ്പിൽ ഗണപതിയെയാണിരുത്തേണ്ടത്. അഭീഷ്ട ദാതാവാണ് അദ്ദേഹം."

"എനിക്കിനി എന്തഭീഷ്ടം? ഭാഗവതത്തിൽ എഴുതിയിട്ടുണ്ട് ഭഗവാന്റെ ചരണങ്ങളിൽ തികഞ്ഞ ഭക്തിയർപ്പിക്കാൻ. മുക്തിപോലും അതിനു താഴെയാണത്രേ."

"അതേ തായീ, അങ്ങനെയുള്ള ഭക്തി കിട്ടിയാൽ ജന്മ ജന്മാന്തരങ്ങളിലേക്ക് സുകൃതമാണെന്ന് അന്നു ഹരികഥയിൽ പറഞ്ഞു..."

"ഹരികഥ എവിടാരുന്നു?" തായി ഇടയ്ക്കു കയറി ചോദിച്ചു. തായി ഹരികഥയും പാരായണവും കേൾക്കാനോ ഗോമതിയിൽ കുളിക്കാനോ പോകാറില്ല. അവർ ഒരിടത്തും പോകില്ല, അഥവാ ചൊവ്വാഴ്ച രാവിലേയോ വൈകുന്നേരമോ ഗോകുല പാല ദർശനത്തിനായി ഇറങ്ങിത്തിരിച്ചാലോ, വഴിയിൽ "ഏഴുജന്മത്തെയും ശത്രുക്കളായ" തെരുവിലെ പിള്ളരും, ചെറുപ്പക്കാരും, ചീത്ത കേൾക്കാൻ കൗതുകമുള്ള മധ്യവയസ്ക്കരും വയസ്സന്മാരുമൊക്കെ "തായിയെ ത്തീണ്ടിയേ; തായി അശുദ്ധമായല്ലോ; ഈ തായിക്ക് ചത്തൂടേ" എന്നൊക്കെ വിളിച്ചുപറഞ്ഞുകൊണ്ട് കൂടെ നടക്കും. വഴിയിലുടനീളം തെറിപറഞ്ഞും പിരാകിയും ശാസിച്ചും തായിക്ക് ശ്വാസം മുട്ടും. ലോകത്തിനവളെ കണ്ണെടുത്താൽ കണ്ടുകൂടാ. ഈ ബ്രഹ്മാണ്ഡത്തിൽ അവൾക്കൊരാട്ടെങ്കിലും പ്രതിപത്തിയുള്ളത് നന്ദോയോടാണ്. തായിക്ക് നാട്ടുവാർത്തകൾ വിളമ്പുന്നതവളാണ്.

നന്ദോ പറഞ്ഞുതുടങ്ങി "ബാൻവാലിത്തെരുവിൽ കാശിയിൽനിന്ന് ഒരു യോഗി വന്നിട്ടുണ്ട്. അദ്ദേഹം കഥ പറയുന്നത് ഒന്നുകേൾക്കുകതന്നെ വേണം. ഹാ എങ്ങനെ വിവരിക്കാൻ! അദ്ദേഹമാണ് പറഞ്ഞത് സദാചാരമാണ് മനുഷ്യജന്മത്തെ സാർഥകമാക്കുന്നതെന്ന്."

"സദാചാരമായാലും ശരി, എന്തായാലും ശരി, ഇന്നത്തെ നശിച്ച പരിഷ്കാരമാണ് ലോകത്തെ നശിപ്പിക്കുന്നത്. കണ്ടില്ലേ പന്നോയുടെ പെൺമക്കൾ ബിഎയും എംഎയും പാസ്സായി ജോലിക്ക് പോവുന്നു! സൈക്കിളും വാങ്ങി പോലും!"

"എന്തിനതൊക്കെപ്പറയുന്നു തായീ കലിയുഗമല്ലേ? ആർക്കും ആരെയും ഉപദേശിക്കാനാവില്ല. എന്റെ വീട്ടിലും ഇതൊന്നും ഒട്ടും കുറവല്ല. ശങ്കരനും അവന്റെ പെണ്ണും കട്ടിലീന്ന് എണീക്കുന്നത് എട്ടുമണിക്കാണ്. സ്റ്റൗവ് കൊണ്ടു വച്ചിട്ടുണ്ട്. അതു കത്തിച്ച് ചായയും മുട്ടയും മീനും എന്നു വേണ്ട തോന്നുന്നതൊക്കെ അതിലുണ്ടാക്കും. പിന്നെ ഭർത്താവുമൊത്തിരുന്ന് എല്ലാം തിന്നുവേം കുടിക്കുവേം ചെയ്യും. ഇങ്ങനെയല്ലേ നമ്മുടെ സദാചാരം തകർന്നത്? മണിയന്റെ പെണ്ണുണ്ട്. അവളും പാത്തും പതുങ്ങിയും ഇളയവളോടു ചേർന്ന് അതൊക്കെ തിന്നുവേം കുടിക്കുവേം ചെയ്യും. ഇവരുടെയൊക്കെ ഗുരു അവളാണ്... നിങ്ങളുടെ പുതിയ

വാടകക്കാരി. എന്തു പറയാൻ-മതിയേ മതി!"

"പാപി, മഹാപാപി എല്ലാം നശിപ്പിക്കും. കുഷ്ഠം പിടിക്കും നശിച്ചവൾക്ക്, രണ്ടും തുലഞ്ഞു പോവട്ടെ. എന്റെ ആത്മാവ് രണ്ടിനെയും ശപിച്ചിട്ടുണ്ട്."

തായിക്ക് വാടകക്കാരായ മിസ്റ്റർ വർമ്മയോടും മിസ്സിസ്സിനോടും കടുത്ത വെറുപ്പാണ്. മിസ്റ്റർ വർമ്മ വിജാതീയയായ കാമുകിയെ ആര്യസമാജിൽ വച്ച് വിവാഹം കഴിച്ചതോടെ രണ്ടുപേർക്കും അവരവരുടെ വീട്ടിൽ പ്രവേശനമില്ലാതായി. മിസ്റ്റർ വർമ്മ മിടുക്കനായ ഒരു റേഡിയോ മെക്കാനിക്കാണ്. ചെറിയൊരു കടയിട്ടിട്ടുണ്ട്. അദ്ദേഹം അച്ഛന്റെ അടുക്കൽ നിന്ന് ഭാഗം പിരിഞ്ഞ് ഹോട്ടലിൽ താമസമാക്കി. എന്നിട്ട് ഒരു വീട് അനുവദിച്ച് കിട്ടാനായി അലോട്ടുമെന്റ് കമ്മിറ്റിയിലെ അംഗങ്ങളുടെ പിന്നാലെ കൂടി. പരിചയമുള്ള ഒരാൾ പറഞ്ഞു വീടു കണ്ടുപിടിച്ചാൽ അത് അലോട്ട് ചെയ്യിക്കാമെന്ന്. തെരഞ്ഞു നടന്ന് ഒടുവിൽ രാജാബഹദൂർ സർ ദ്വാരകാദാസ് അഗർവാളിന്റെ പഴയ മാളിക കണ്ടെത്തി. നാൽക്കവലയിലെ മാളിക വർഷങ്ങളായി പൂട്ടിയിട്ടിരിക്കുകയാണ്. അതിന്റെ ഒരു വശത്ത് രാജാബഹദൂറിന്റെ ആദ്യഭാര്യ തായി താമസിക്കുന്നു.

മാളികയിൽ ഭൂതപ്രേതങ്ങൾ വസിക്കുന്നുണ്ടെന്നാണ് കേൾവി. ആ മാളികയുമായി രാജാബഹദൂറിന് യാതൊരു ബന്ധവുമില്ല. അതെല്ലാം തായിയുടെ അധീനതയിലാണ്. മാളികയുടെ പുറത്തുള്ള വീടുകളും കടയും, പണ്ടത്തെ വരാന്തയിലെ മുറികളും മറ്റും വാടകയ്ക്ക് കൊടുത്തെങ്കിലും, മാളികയ്ക്കുള്ളിൽ വാടകക്കാരെ വയ്ക്കാൻ തായി സമ്മതിച്ചിരുന്നില്ല. മിസ്റ്റർ വർമ്മ അലോട്ട്മെന്റ് കമ്മിറ്റിയുടെ സ്വാധീനം കൊണ്ട് മാളികയുടെ ഒരു വശത്ത് സ്വന്തം ആധിപത്യം ഉറപ്പിച്ചു.

തായി ഉണ്ണുമ്പോഴും ഉറങ്ങുമ്പോഴും വർമ്മ ദമ്പതികളെ ശപിച്ചുകൊണ്ടിരുന്നു.

നന്ദോ പറഞ്ഞു തുടങ്ങി "ഇപ്പോഴിതാ ഗുരുവും ഗുരുപത്നിയും ഈ തെരുവിൽ താമസമായില്ലേ? ഇവിടെയും ഇനി നടക്കാത്തതൊക്കെ നടക്കും. ക്ഷത്രിയനെയും ബ്രാഹ്മണനെയും വൈശ്യനെയുമൊക്കെ ഇവർ ഒന്നാക്കി മാറ്റും. നോക്കിക്കോളൂ. അതുപോട്ടെ, ഇത്തരത്തിൽ ധർമ്മഭ്രഷ്ടരായ ഇവരുടെ കൂടെയല്ലേ ശങ്കരന്റെയും മണിയന്റെയും ഭാര്യമാർക്ക് കൂട്ടും തീറ്റിയും കുടിയുമൊക്കെ. അതല്ലേ ധർമ്മവും മതവും തകർന്നുവരുന്നത്!"

തായിയുടെ വാതിലിൽ ആരോ മുട്ടി. തായി നന്ദോയോട് പറഞ്ഞു

"ചെന്നുനോക്ക്, ഏതുനാശം പിടിച്ചവനാണെന്ന്."

നന്ദോ മടങ്ങി എത്തിയിട്ടറിയിച്ചു.

"അഭയാർഥി വാടകക്കാരൻ പൂമുഖത്തിനു മുകളിലുള്ള മുറിയിലേക്ക് പുതിയ ഒരു വാടകക്കാരനെയും കൊണ്ടുവന്നിരിക്കയാണ്."

3

രാജാബഹാദൂർ സർ ദ്വാരകാദാസ് അഗർവാളിന്റെ തറവാട്ടുകെട്ടിടത്തിന്റെ പൂമുഖ വരാന്തയ്ക്കു മുകളിൽ ചെറിയൊരു മുറിയുടെയും മട്ടുപ്പാവിന്റേയും വാടകക്കാ

രനായി വന്ന ചിത്രകാരനായ സജ്ജന് തന്റെ അതിഭാവുകത ഇപ്പോൾ ഒരപകട മായോ എന്നാണ് സംശയം. തെരുവുജീവിതങ്ങൾ മനസ്സിലാക്കി, അവയെ അധി കരിച്ചു ചിത്രങ്ങൾ രചിക്കാനുള്ള ആഗ്രഹത്തോടെയാണ് അയാൾ അവിടെ വന്നത്. ഷാഹൻഷാ റോഡിൽ അയാൾക്ക് സ്വന്തം വീടുണ്ട്. അമീനാബാദിലും കേസർബാഗിലും കെട്ടിടങ്ങൾ ഉണ്ട്. അവയിൽ നിന്നുള്ള വാടകയായി പ്രതി മാസം 800 മുതൽ 1000 വരെ രൂപ വരവുണ്ട്. പൈതൃകസമ്പത്ത് ചൈനയിലെ ചരിത്രപ്രസിദ്ധമായ കോട്ട പോലെ അയാളുടെ കലാസാധനയ്ക്ക് എതിരായി വരാവുന്ന, ഇല്ലായ്മയും വല്ലായ്മയുമായ ശത്രുക്കളെയെല്ലാം തടഞ്ഞുനിർത്തി. ലാൻഡ്സ്കേപ്പ് ചിത്രങ്ങൾക്കും പൊർട്രെയിറ്റിനും സജ്ജൻ പ്രസിദ്ധനാണ്. അമർനാഥ് മുതൽ കന്യാകുമാരി വരെയും ദ്വാരക മുതൽ മണിപ്പൂർ-അസം വരെയും രാജ്യത്തിന്റെ നാലു കോണിലും അവൻ ചുറ്റിസഞ്ചരിച്ചിട്ടുണ്ട്. സാഹിത്യം, ചിത്രകല, ശില്പം, നൃത്തം, സംഗീതം തുടങ്ങിയ പുരാതന കലാ സമ്പത്തുക്കൾ സജ്ജനെ വല്ലാതെ ആകർഷിച്ചിട്ടുണ്ട്. അവ അവനിൽ ഗണ്യ മായ സ്വാധീനം ചെലുത്തി. അതോടൊപ്പം ഇന്നത്തെ സാമൂഹ്യ ജീവിതത്തിലെ സാംസ്കാരികപാപ്പരത്തത്തിനുള്ള കാരണം അറിയാനുള്ള ആഗ്രഹവും അവ നിൽ വളർന്നു വന്നു. പുതുമയുള്ള നിർമ്മാണപ്രവർത്തനങ്ങൾ ഇന്ന് ഒരിടത്തും കാണാനില്ല. ജീവിതം നാലു വശത്തുനിന്നും സ്തംഭിച്ചു നിൽക്കുകയാണ്. പുതിയ ചിത്രങ്ങൾ വരയ്ക്കാൻ മനസ്സിനിണങ്ങിയ വിഷയങ്ങൾ കിട്ടുന്നില്ലെ ന്നത് ആശ്ചര്യകരം തന്നെ. ഈ ആശയക്കുഴപ്പത്തിൽപ്പെട്ട് ഉഴലുമ്പോഴാണ് തന്റെയും സമൂഹത്തിന്റെയും സ്തംഭനാവസ്ഥക്കുള്ള കാരണം സമൂഹ മധ്യ ത്തിൽ കടന്ന് അന്വേഷിക്കണമെന്ന ചിന്ത അവനുണ്ടായത്. ഒരിക്കൽ സംഭാഷ ണത്തിനിടയിൽ സജ്ജന്റെ ചിത്രങ്ങൾക്ക് ഫ്രെയിം പണിതുകൊടുക്കുന്ന സർദാർജി അയാളുടെ വീടിന് അടുത്ത് ഒരു മുറി എടുത്തുകൊടുക്കാമെന്ന് വാഗ്ദാനം ചെയ്തു. സജ്ജൻ സന്തുഷ്ടനായി. തന്റെ അയൽക്കാരനെ തോൽപ്പി ക്കാൻ വേണ്ടി സർദാർജി തന്ത്രപരമായി തന്നെ ഉപയോഗപ്പെടുത്തുകയാണുണ്ടാ യതെന്ന് സജ്ജൻ സ്വപ്നത്തിൽപ്പോലും കരുതിയിരുന്നില്ല

പൂമുഖക്കെട്ടിടത്തിന്റെ താഴത്തെ നിലയിൽ രണ്ടു നീണ്ട വരാന്തയും രണ്ട് മുറിയും ഉണ്ട്. ഒരു വരാന്തയുടെ മുകൾതട്ടിൽ മറ്റൊരു ചെറിയ മുറിയും മേടയും. താഴത്തെ വരാന്തയിലെ മുറികളിൽ രണ്ടു അഭയാർഥി കുടുംബങ്ങൾ താമസി യ്ക്കുകയാണ്. അതിൽ ഒരു സർദാർജി ആശാരിപ്പണി ചെയ്യുന്നു. രണ്ടാമൻ ഉന്തുവണ്ടിയിൽ പലവ്യഞ്ജനങ്ങൾ കൊണ്ടുനടന്ന് വ്യാപാരം നടത്തുന്നു. വ്യാപാ രിയായ സർദാറിന്റെ യുവാവായ അളിയൻ മട്ടുപ്പാവിലെ മുറിയിലാണ് താമസം. അതിനാൽ കച്ചവടക്കാരൻ സർദാറിന്റെ വലിയ കുടുംബം ആശാരിപ്പണിക്കാര നായ സർദാറിന്റെ വലിയ കുടുംബത്തേക്കാൾ കൂടുതൽ സ്ഥലത്ത് സുഖസൗ കര്യങ്ങളോടെ കഴിഞ്ഞുവരികയാണ്. അളിയൻ സർദാർ ഏതോ റൊമാന്റിക് കാരണത്താൽ അടുത്ത കാലത്ത് കേശവും മീശയും താടിയുമെല്ലാം വെട്ടിക്ക ളഞ്ഞു. വരവിന്റെ വലിയ ഒരു ഭാഗം അനന്തിരവർക്കായി ചെലവാക്കിയിരുന്ന ആ യുവാവും ഈയിടെയായി അത് മറ്റെവിടെയോ ചെലവഴിക്കുകയാണ്. ഒടു വിൽ ഒരു ദിവസം ആ മുറിയും ഉപേക്ഷിച്ച് അയാൾ എങ്ങോ പോയി മറഞ്ഞു. വ്യഞ്ജനക്കാരൻ സർദാർ അതിനുശേഷവും മട്ടുപ്പാവിലെ മുറിയും തളവും

സ്വന്തം അധീനതയിൽ തന്നെ വച്ചു പോന്നു. ആശാരി സർദാറിന് അതിൽ സ്വാഭാവികമായി അസൂയ ഉണ്ട്. ഒന്നുരണ്ടു തവണ രണ്ടു കുടുംബനാഥന്മാരും തമ്മിൽ വാക്കേറ്റവും നടന്നു. വാടകക്കാരാരെങ്കിലും വരുമ്പോൾ താൻ അത് ഒഴിഞ്ഞു കൊടുക്കുമെന്നാണ് വ്യഞ്ജനക്കാരൻ സർദാർ പറയുന്നത്. എങ്ങനെ യെന്നറിഞ്ഞില്ല, അയാൾ തായിയെ പറഞ്ഞ് സമാധാനിപ്പിക്കുകയും സമ്മതി പ്പിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ആശാരി സർദാറിന് എതിരെ ചില നുണ കളും അവരോടു പറഞ്ഞുപിടിപ്പിച്ചു. പുതിയ വാടകക്കാരാരെങ്കിലും വന്നാൽ ഒന്നിന് പത്തു പറഞ്ഞ് അവരെ വിരട്ടിവിടാനും അയാൾ മടിച്ചില്ല.

അയൽക്കാരന്റെ ഈ കുടില വിജയത്തിൽ ഹൃദയമെരിഞ്ഞു കഴിയുകയാ യിരുന്നു ആശാരി സർദാർ. ആയിടയ്ക്കാണ് തനിക്ക് ഒരു സ്ഥലം വേണമെന്ന് സജ്ജൻ സൂചിപ്പിച്ചത്. സജ്ജന്റെയും തായിയുടെയും മുമ്പിൽ നല്ലപിള്ള ചമഞ്ഞ് എതിരാളിയെ തോല്പിക്കാനുള്ള സുവർണാവസരം ആശാരി സർദാറിനു കൈവന്നു. ഏഴു രൂപാ വാടകയുള്ള മുറിക്ക് അയാൾ 25 രൂപാ പറഞ്ഞു. സജ്ജൻ അതു സമ്മതിക്കുകയും ചെയ്തു. തായി ക്ഷേത്രത്തിൽ പോകുന്ന വഴിക്ക് ആശാരി സർദാർ ഇക്കാര്യം അവരെ അറിയിച്ചു. തായിക്കും സന്തോഷമായി. അടുത്ത ദിവസം ഉച്ചയ്ക്ക് അയാൾ സജ്ജനെ മുറി കാണിക്കാൻ കൊണ്ടുവന്നു. വ്യഞ്ജനക്കാരൻ സർദാർ ആ സമയത്ത് വണ്ടിയും ഉന്തി പുറത്തുപോയിരിക്കു കയായിരുന്നു. അയാളുടെ സർദാർണി എതിർത്തിട്ടും വകവയ്ക്കാതെ ആശാരി സർദാർ സജ്ജനെ മുറി കാണിക്കുകയും അപ്പോൾ തന്നെ തായിയുമായി കൂട്ടി ഏല്പിച്ച് ഒരു മാസത്തെ വാടക മുൻകൂറായി കൊടുക്കുകയും ചെയ്തു.

അതിനടുത്ത ദിവസം രാവിലെ സജ്ജൻ രണ്ടു ഉറ്റ സുഹൃത്തുക്കളുമായി അവിടെ എത്തി. വ്യഞ്ജനക്കാരൻ സർദാർ മുറി തുറക്കാൻ വിസമ്മതിച്ചു. കുടും ബമായി കഴിയുന്നവർക്കേ ആ മുറി കൊടുക്കാൻ സമ്മതിക്കൂ എന്നായി സർദാർ. സജ്ജന് കോപം വന്നു. അയാളുടെ സുഹൃത്തുക്കളായ കർണലും മഹിപാലും ചൂടായി. ആശാരി സർദാർ തായിയുടെ അടുത്ത് എത്തി. സഹസ്രനാമ പാരാ യണം ഉപേക്ഷിച്ചു. വ്യഞ്ജനക്കാരൻ സർദാറിനെ ആയിരം തെറിയും വിളിച്ചു കൊണ്ട് തായി പുറത്തേക്കു ചാടി. വ്യഞ്ജനക്കാരൻ ഗത്യന്തരമില്ലാതെ മട്ടുപ്പാ വിലെ മുറി ഒഴിഞ്ഞുകൊടുത്തു.

മാന്യനായ ഒരു വാടകക്കാരൻ അത്തരം ഒരു മുറിയിൽ താമസമാക്കിയതി നെച്ചൊല്ലി തെരുവുവാസികൾക്ക് ഇടയിൽ പല ചർച്ചകളും നടന്നു. സജ്ജന്റെ പ്രസിദ്ധികാരണം അയാളെ അറിയാവുന്ന ചിലരും ആ തെരുവിൽ ഉണ്ടായി രുന്നു. ഭഭൂതിയുടെ ഇളയ മകൻ ശങ്കർലാലും അവന്റെ നേതൃത്വത്തിൽ രണ്ടു മൂന്നു യുവാക്കളും സജ്ജനെ കാണാൻ വന്നു. തെരുവുജീവിതം ചിത്രീകരിക്കാ നുള്ള കലാകാരന്റെ മഹനീയോദ്ദേശത്തെ അവർ ഊതിപ്പെരുപ്പിച്ചു പ്രചരിപ്പിച്ചു. ഒടുവിൽ ജനശ്രുതി ആ ഉദ്ദേശത്തിന് പല അർഥങ്ങളും പകർന്നുകൊടുത്തു. തെരുവിലെ സ്ത്രീകളുടെയും പെൺകുട്ടികളുടെയും പടം വരയ്ക്കുകയാണ് ചിത്രകാരന്റെയും സുഹൃത്തുക്കളുടെയും ഉദ്ദേശമെന്ന് വ്യഞ്ജനക്കാരനും മറ്റു ചിലരും പറഞ്ഞു പരത്തി. വ്യഞ്ജനക്കാരനും ഏതാനും പേരും ചേർന്ന് നഗര ത്തിലെ ഒന്നുരണ്ടു പത്രങ്ങളിലേക്ക് ആവലാതികളും അയച്ചു. മാന്യരായ കുടും ബക്കാർ താമസിയ്ക്കുന്നിടത്തുള്ള, ധനികയുവാക്കളുടെ ഈ താവളം ഉടനടി

മാറ്റിയില്ലെങ്കിൽ തങ്ങൾ നിരാഹാര സത്യഗ്രഹം നടത്തുമെന്ന ഭീഷണിയും അവർ പുറപ്പെടുവിച്ചു.

ഇതെല്ലാം കണ്ടു സജ്ജൻ അത്ഭുതസ്തബ്ധനായി. സ്വന്തം നില വ്യക്തമാക്കിക്കൊണ്ട് അയാൾ പത്രങ്ങളിൽ പ്രസ്താവനയിറക്കി. തെരുവു നിവാസികളുടെ വിശ്വാസവും സ്നേഹവും ആർജിക്കാനുള്ള മാർഗങ്ങളും അയാൾ ആരാഞ്ഞു. അർഥശൂന്യമായ എതിർപ്പുകൾക്കു മുന്നിൽ തോറ്റു പിൻവാങ്ങുന്ന സ്വഭാവക്കാരൻ അല്ല സജ്ജൻ. അവിടെ ഉറച്ചുനിന്ന്, തെരുവു വാസികളുടെ സ്നേഹം താൻ നേടുകതന്നെ ചെയ്യുമെന്ന് അയാൾ തീരുമാനിച്ചു.

സന്ധ്യ ആയി. സജ്ജന്റെ പക്കലുണ്ടായിരുന്ന സിഗററ്റു തീർന്നു. ബസാറിൽ നിന്ന് സിഗററ്റു വാങ്ങാനായി അയാൾ താഴെയിറങ്ങി. രാജാ ബഹാദൂർ അവിടെ നിൽക്കുന്നു. ഭിന്നമായ രണ്ടു വസ്തുക്കൾ ഒരിടത്തു മേളിച്ചുനില്ക്കുന്നതുകണ്ട് സജ്ജന്റെ കലാഹൃദയം അതിന്റെ വൈരുധ്യത്തിൽ ആകൃഷ്ടമായി. ദാരിദ്ര്യത്തിൽ മുങ്ങിമുഴുകിക്കഴിയുന്ന തെരുവും കുബേരതുല്യനായ രാജാ ബഹാദൂറും! തായിയും രാജാബഹാദൂറും ആ തെരുവും തമ്മിലുള്ള ബന്ധം സജ്ജന് അറിവുള്ളതാണ്.

"അങ്ങ്..?" അദ്ദേഹത്തെ കണ്ടയുടൻ സജ്ജൻ ചോദിച്ചു. ഷാഹൻഷാ റോഡിൽ സജ്ജന്റെ അയൽവാസിയാണ് രാജാ ബഹാദൂർ. രണ്ടു കുടുംബങ്ങളും പണ്ടുമുതല്ക്കേ സ്നേഹത്തിലാണ്. രാജാബഹാദൂറിനെ കൊച്ചച്ചൻ എന്നാണ് സജ്ജൻ വിളിക്കാറ്. കാരണം സ്വർഗസ്ഥനായ സജ്ജന്റെ പിതാവും അദ്ദേഹത്തെ ജ്യേഷ്ഠൻ എന്നു വിളിച്ചുവന്നിരുന്നു.

സജ്ജനെ കണ്ടപ്പോൾ ദ്വാരകാദാസന് ചെറിയ ഒരു സങ്കോചം. ഉപേക്ഷിച്ച തന്റെ ഭാര്യയിൽനിന്ന് പൗത്രന്റെ ജീവനുവേണ്ടി ആശീർവാദം വാങ്ങാൻ വന്നതാണ് അദ്ദേഹം. പൗത്രന്റെ തിലകനിശ്ചയത്തിനുള്ള മധുരപലഹാരങ്ങൾ തായിക്കു നൽകാനായി വേലക്കാരൻവശം കൊടുത്തയച്ചിരുന്നു. തായി അവ തിരിച്ചയച്ചെന്നു മാത്രമല്ല സപത്നിയുടെ പൗത്രനെ ഒട്ടുവളരെ ശപിക്കുകയും ചെയ്തു. നേരം പുലർന്നപ്പോഴേക്കും പൗത്രന് നല്ല പനി. തായി വല്ല മന്ത്രവാദവും ചെയ്തിരിക്കുമെന്നാണ് എല്ലാവരുടെയും സംശയം. സജ്ജന്റെ നേരെ ഒന്നു രണ്ടടി വച്ച് മുന്നോട്ടുവന്നിട്ട് അദ്ദേഹം അയാളുടെ ചുമലിൽ കരങ്ങൾ അർപ്പിച്ച് ഒന്നമർത്തി. അഭിമാനഭീതി അദ്ദേഹത്തെ വലയ്ക്കുന്നതുപോലെ തോന്നി. പിന്നെ സ്വയം നിയന്ത്രിച്ചിട്ടു ചോദിച്ചു–"നീ ഇവിടെ എങ്ങനെ വന്നു?"

"ഞാൻ ഈയിടെയായി ഇവിടെയാണ്–ആ മുകളിലത്തെ മുറിയിൽ ഇവിടെ ഇരുന്നു വേല ചെയ്യുകയാണ്. തെരുവിലെ ജീവിതം സ്റ്റഡി ചെയ്യുന്നു."

"ഈ മാളിക എന്റെ കുടുംബവക ആണെന്നറിയാമോ?"

"അറിയാം, ഇവിടെ വന്ന ശേഷമാണ് അറിഞ്ഞത്. ഒരു സഹായം അപേക്ഷിക്കാനായി ഞാൻ അങ്ങോട്ടു വരാനിരുന്നതാണ്. ഈ തെരുവുനിവാസികൾ തെറ്റിദ്ധാരണമൂലം എനിക്കു ബുദ്ധിമുട്ടുകളുണ്ടാക്കുകയാണ്."

സഹായാഭ്യർഥനയുടെ തുണയോടെ തളർന്ന സ്വന്തം അഹന്ത താങ്ങി ഉയർത്തിക്കൊണ്ട് രാജാബഹാദൂർ പൂർവപത്നിയുടെ വാതിലിൽ തട്ടി ശബ്ദമുണ്ടാക്കി.

"നാശം, ഏതു തെണ്ടിയെടാ, കതകിൽ തട്ടുന്നത്?" ഉള്ളിൽ നിന്ന് ഉച്ചത്തി

ലുള്ള ശബ്ദം.

"കതകു തുറക്കൂ"–സ്വതസ്സിദ്ധമായ ഘനഗംഭീരശബ്ദം പുറത്തുകൊണ്ടുവരാൻ ദ്വാരകാദാസനു നന്നേ പണിപ്പെടേണ്ടിവന്നു.

തായി മുറുമുറുത്തുകൊണ്ടു വന്നു കതകുതുറന്നു. ഭർത്താവിനെ കണ്ടതും മൂകയായി. പത്തുപതിനാലു വർഷങ്ങൾക്കു ശേഷം ഭാര്യയും ഭർത്താവും തമ്മിൽ കണ്ടുമുട്ടുകയാണ്. ഭാര്യയെ കണ്ടപ്പോൾ കൗതുകവും ആഗ്രഹവുമല്ല, ഭയമാണ് ദ്വാരകാദാസന് ഉണ്ടായത്. വന്നകാര്യം പറയാൻ ഒരു പഴുതു തിരഞ്ഞുകൊണ്ട് അദ്ദേഹം ചോദിച്ചു.–"ഈ പയ്യനെ അറിയാമോ? കന്നോമലദ്ദേഹത്തിന്റെ പൗത്രനാണ്."

"ആയിരിക്കാം, അതിനു ഞാനെന്തുവേണം?" തായി അകത്തേക്കു നടന്നു. ദ്വാരകാദാസ് പിന്നാലെ ചെന്നു. മറ്റൊന്നും ചിന്തിക്കാതെ സജ്ജന്റെ കാലുകളും അവരെ പിൻതുടർന്നു. കഴുകിത്തുടച്ച ഉമ്മറപ്പടി. ചെറിയ പൂമുഖം. മുന്നിലെ തളത്തിൽ ഒരറ്റത്ത് എരിയുന്ന ഒരു റാന്തലും അതിനടുത്തായി എന്തോ സാധനങ്ങളും. വലതുവശത്ത് കത്തുന്ന അടുപ്പിലെ സ്വർണത്തീനാളവും കണ്ണുകളെ അങ്ങോട്ട് ആകർഷിക്കുന്നു.

റാന്തലിന് അടുത്തുകൂടി മുമ്പോട്ടുനീങ്ങിയ ദ്വാരകാദാസ് അവിടെ ഒരു താലത്തിൽ ഗോതമ്പു മാവുകൊണ്ട് ഉണ്ടാക്കിവച്ചിരുന്ന പാവകൾ കണ്ട് പാമ്പിനെകണ്ടെന്നോണം ഞെട്ടി. തായി താലമെടുത്ത് തളത്തിലെ തൂണിന്റെ പിന്നിൽ വച്ചു. എന്നിട്ട് റാന്തലെടുത്ത് വരാന്തയിൽ എത്തി. സുമംഗലിയായ പത്നിയുടെ തൊട്ടിൽപോലെ അയഞ്ഞ കട്ടിലിൽ അഴുക്കും മെഴുക്കും പുരണ്ട മെത്തവിരിക്കുമീതെ രാജാബഹാദൂർ ഒതുങ്ങിക്കൂടിയിരുന്നു. അല്പം അകന്നുമാറി തൂണിനോടുചേർന്നുള്ള അരമതിലിൽ സജ്ജനും സ്ഥാനം പിടിച്ചു. കട്ടിലിൽ നിന്ന് അകന്ന് തറയിൽ ഒരിടത്തിരുന്നുകൊണ്ട് തായി ഭർത്താവിനോടു ചോദിച്ചു– "ഉം. എന്തിനാണ് വന്നത്?"

ഒന്നു പുഞ്ചിരിക്കാൻ ശ്രമിച്ചുകൊണ്ട് ദ്വാരകാദാസ് മറുപടി നൽകി – "നിന്നെ കാണാൻ തന്നെ. ഇവിടെ ജാനകിസരണന്റെ അവിടംവരെ........"

താലത്തിലിരുന്ന ഗോതമ്പു രൂപങ്ങൾ സജ്ജനെ ആകർഷിച്ചു. 'തായിയും ഒരു കലാകാരിയാണ്' അയാൾ കരുതി. അത്ഭുതവും പ്രശംസാഭാവവും നിറഞ്ഞ ഈ ചിന്തയോടെ അതിലൊരു രൂപമെടുത്ത് അയാൾ അതിന്റെ ഭംഗി ആസ്വദിക്കാൻ തുനിഞ്ഞു.

തായി കോപംകൊണ്ടു ചുവന്നു. ദ്വാരകാദാസ് പറഞ്ഞുവന്ന വാചകം മുറിഞ്ഞുപോയി. അത്തരത്തിലുള്ള തെറിവിളികളും ശകാരവും സജ്ജൻ കേട്ടിട്ടില്ല. ഇടയ്ക്കിടെ എന്തോ പറഞ്ഞ് സമാധാനിപ്പിക്കാൻ ദ്വാരകാദാസ് ശ്രമിക്കുന്നുണ്ട്. അതെങ്ങും ഏശുന്നില്ല. ഒടുവിൽ മൗനം പാലിക്കാൻ അദ്ദേഹവും നിർബന്ധിതനായി. ജ്വലിച്ചുതുള്ളുന്ന ഭാര്യയുടെയും സമാധാനാഭ്യർഥന നടത്തുന്ന ഭർത്താവിന്റെയും ശബ്ദകോലാഹലത്തിൽ നിന്ന് രക്ഷപ്പെട്ട് സജ്ജൻ പുറത്തേക്കു പോന്നു.

ദ്വാരകാദാസ് അവിടെത്തന്നെയിരുന്നു. പൗത്രന്റെയും കുടുംബത്തിന്റെയും പ്രാണഭിക്ഷയ്ക്കാണ് അദ്ദേഹം വന്നത്. തായിയുടെ അമാനുഷികമായ പ്രാണാപഹരണശക്തിയുടെ പ്രതീകമെന്നോണം പരിലസിച്ചിരുന്ന ഗോതമ്പുരൂപങ്ങളുടെ

മുന്നിൽ, ഗവർണർമാരും മന്ത്രിമാരും പ്രഭുക്കന്മാരും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന, അനേകം പേരുടെ മേൽ അധീശാധികാരം നടത്തി വിരാജിച്ചിരുന്ന രാജാബഹാദൂർ ദ്വാരകാദാസ് ഭയന്നു വിറച്ച് യാചനനടത്താൻ നിർബന്ധിതനായിരിക്കുകയാണ്.

ചന്തയിൽ നിന്ന് സിഗററ്റും വാങ്ങി സജ്ജൻ മുറിയിൽ എത്തുമ്പോൾ കർണലും മഹിപാലും അവിടെയിരിപ്പുണ്ട്.

കർണൽസാഹിബ് എന്നത് ശ്രീ നഗീൻ ചന്ദിന്റെ ലോകപ്രസിദ്ധമായ ഓമനപ്പേരാണ്. ലഖ്നോവിലെ പുരാതനവും പ്രസിദ്ധവുമായ ഇംഗ്ലീഷ് ഔഷധശാലയുടെ ഉടമസ്ഥനാണദ്ദേഹം. സാമൂഹ്യകാര്യങ്ങൾക്ക് ഹൃദയംതുറന്ന് സംഭാവന നൽകുന്ന നഗരത്തിലെ എണ്ണപ്പെട്ട വ്യക്തികളിൽ പ്രമുഖസ്ഥാനത്താണ് അദ്ദേഹത്തിന്റെ പേര്. ആറേഴു വർഷംമുമ്പ് മഹിപാൽ ശുക്ലയാണ് സജ്ജനെ അദ്ദേഹത്തിനു പരിചയപ്പെടുത്തിക്കൊടുത്തത്. ആ പരിചയം ഉറ്റ സൗഹൃദമായി മാറി. വിട്ടുപിരിയാത്ത ചങ്ങാതിമാരായി സജ്ജനും മഹിപാലും കർണലും കണക്കാക്കപ്പെട്ടു. സാഹിത്യകാരനായ മഹിപാൽ മറ്റു രണ്ടുപേരെയും അപേക്ഷിച്ച് ദരിദ്രനാണ്. അധ്വാനശീലനും സ്നേഹിക്കാൻ കൊള്ളാവുന്നവനും, സ്നേഹത്തിനുവേണ്ടി എന്തും ചെയ്യാൻ തയ്യാറുള്ളവനുമാണ് മഹിപാൽ.

സജ്ജൻ മുറിയിലേക്കു കടന്ന ഉടൻ കർണൽ ചോദിച്ചു. "മഹാകവി ബോറൻ നിങ്ങളെക്കണ്ടോ?"

"ഇല്ല. എന്താ അയാൾ ഇവിടെ വന്നോ?"

"ങ്ഹാ, ഞാൻ ചില ഉപദേശങ്ങളും കൊടുത്താണ് അയച്ചത്".

"ബോറു പരത്താൻ ദുഷ്ടൻ ഇവിടെയും എത്തിയോ?" പിന്നെ മഹിപാലാണ് പറഞ്ഞത്– "നിനക്കെതിരെ പത്രങ്ങളിൽ ആവലാതികൾ എഴുതി ഈ തെരുവുകാർ വേണ്ടാത്ത വിനയൊക്കെ വരുത്തിയതു പോട്ടെ; ഈ രഹസ്യ സങ്കേതത്തിന്റെ വിലാസം പ്രസിദ്ധമാക്കിയതാണ് കഷ്ടം. കവിവര്യൻ വളരെ വിഷമിച്ചാണ് ഇവിടെ നിന്നു പോയത്."

സിഗററ്റു കൊളുത്തിയിട്ട്, ഷാൾ എടുത്ത് പുതച്ചുകൊണ്ട് സജ്ജൻ മൂകനായി ഇരുന്നു. അയാളെ സൂക്ഷിച്ചുനോക്കിയിട്ട് കർണൽ ചോദിച്ചു– "എന്താ ഇന്നു പുതിയ കുഴപ്പം വല്ലതും ഉണ്ടായോ?"

"ങ്ഏ. ഇല്ല. പ്രത്യേകിച്ചൊന്നുമില്ല. ദ്വാരകാദാസ്ജി ഇവിടെ വന്നിട്ടുണ്ട്."

"ആര്? രാജാ ബഹാദൂറോ?"

"അതേ. ഇപ്പോൾ പട്ടമഹിഷിയുടെ മാളികയിലാണ്. എന്റെ സ്നേഹിതാ. ഈ സ്ത്രീ ഒരു വിശേഷപ്പെട്ട കാരക്ടർ തന്നെ. മാന്ത്രികപ്പാവകൾ ഉണ്ടാക്കുന്നു." അല്പം മുമ്പു നടന്ന കാര്യങ്ങൾ സജ്ജൻ വിവരിച്ചു, കർണൽ അസ്വസ്ഥനായി.

"നീ ആ പാവ തൊടരുതായിരുന്നു."

"എനിക്ക് എന്തറിയാം? തായി സമയം കളയാൻ ഉണ്ടാക്കുന്ന കലാരൂപങ്ങളാണ് അവയെന്ന് ഞാൻ കരുതി. അതുകൊണ്ട് എനിക്ക് സന്തോഷം തോന്നി. പക്ഷേ..........." സജ്ജൻ ചിരിച്ചു. കൈനീട്ടി ആഷ്ട്രേയിൽ സിഗററ്റിന്റെ ചാരം തട്ടിയിട്ട് തുടർന്നു "ട്രെഡീഷണൽ ഇന്ത്യൻ സ്റ്റൈലിലുള്ള ഒന്നാംതരം തെറി ഇന്നാദ്യമാണ് ശരിക്കും കേട്ടത്...... എന്തു പറയാൻ!"

മുറിക്കു പുറത്ത് വരാന്തയിൽ ആരുടെയോ രൂപം പ്രത്യക്ഷപ്പെട്ടു. സജ്ജൻ അങ്ങോട്ടു നോക്കി. രാജാ ബഹാദൂർ സർ ദ്വാരകാദാസ് വാതിൽക്കൽ നിൽക്കുന്നു.

സജ്ജൻ വിനയത്തോടെ പെട്ടെന്ന് എഴുന്നേറ്റു. കർണൽ സാഹിബിന്റെ മുഖത്ത് വിനയത്തിന്റെ രശ്മികൾ തെളിഞ്ഞു. അയാളും എഴുന്നേറ്റു. മഹിപാൽ മാത്രം അനങ്ങാതെ അവിടെത്തന്നെയിരുന്നു.

രാജാബഹാദൂർ മറ്റാരെയും ശ്രദ്ധിച്ചില്ല. കൈകാട്ടി സജ്ജനെ വിളിച്ചു– "ഇങ്ങു വരൂ മോനേ."

സജ്ജൻ ധൃതിയിൽ പുറത്തുവന്നു. അയാളുടെ ചുമലിൽ കൈകൾ അർപ്പിച്ച് കോവണിപ്പടിയിലേക്ക് നടന്നുകൊണ്ട് ദ്വാരകാദാസ് പറഞ്ഞു "ഇന്നത്തെ സംഭവം ആരോടും പറയരുത്."

"ഇല്ല. തീർച്ചയായും പറയുകയില്ല. അങ്ങേക്ക് എന്നെ വിശ്വസിക്കാം."

"അവളുടെ തല അല്പം തിരിഞ്ഞതാണ്!"

"എനിക്കത് അറിയാം."

"എന്തു പറയാൻ. എല്ലാം ഭാഗ്യദോഷം. ങ്ഹാ, അതുപോട്ടെ. നിന്റെ ആത്മാർഥ സ്നേഹിതരോടു പോലും ഇത് പറയരുത്........... പിന്നെ ഞാൻ ലാലാ ജാനകിസരണിനോടു പറഞ്ഞിട്ടുപോകാം. നിനക്ക് ഇവിടെ യാതൊരു ബുദ്ധിമുട്ടും വരാതെ നോക്കാനുള്ള ഏർപ്പാടുകൾ ചെയ്യാം."

കവലയിൽ എത്തുന്നതുവരെ സജ്ജൻ അദ്ദേഹത്തെ അനുഗമിച്ചു. അഹന്തയും ഗാംഭീര്യവും നിറഞ്ഞ ദ്വാരകാദാസിന്റെ മുഖത്ത് ഇപ്പോൾ ക്ഷീണവും ഗ്ലാനിയും തെളിഞ്ഞുനിന്നു. തിരിച്ചുനടക്കുമ്പോൾ സജ്ജൻ ആലോചിച്ചു പോയി. 'ഇദ്ദേഹത്തിനു യഥാർഥത്തിൽ സുഖമാണോ?'

4

ലാലാഭലാലിനെയും വീട്ടുകാരിയെയും കൊല്ലാനായി നന്ദോ തായിയെകൊണ്ട് മന്ത്രവാദം ചെയ്യിച്ചിരുന്നു.

ആറുവർഷം മുമ്പ് മണിയന്റെ വിവാഹത്തിനുള്ള ഒരുക്കങ്ങൾ നടക്കുന്ന കാലത്ത് ഭഭൂതി സുനാറിന്റെ വീട്ടിൽനിന്ന് ആഭരണങ്ങൾ മോഷണംപോയി. സ്വർണഅരഞ്ഞാണം, അഡ്യൽ, വള, ചന്ദനമാല തുടങ്ങിയവ മിനുക്കാനും തുടയ്ക്കാനും മറ്റുമായി അമ്മ ഒരു പ്രത്യേക ഡപ്പിയിൽ എടുത്തുവച്ചതാണ്. രാത്രി ഡപ്പിതന്നെ പറന്നുപോയി. അടുത്ത ദിവസം രാവിലെ മുതൽ വീട്ടിലെ വേലക്കാരനെ കാണാനില്ല. കതകു തുറന്നുകിടന്നു. അപ്പോൾ കുറ്റമെല്ലാം അവന്റെ തലയിലായി. വ്യാപാരപരമായ കാരണങ്ങളാൽ ഭഭൂതി പോലീസിൽ പരാതിപ്പെട്ടില്ല. അമ്മ അയ്യോ പൊന്നേ എന്നു കരഞ്ഞും പിഴിഞ്ഞും കഴിഞ്ഞു. മോഷ്ടിക്കപ്പെട്ട അരഞ്ഞാണം വേലക്കാരനു കൂട്ടുനിന്നതിനുപകരമായി നന്ദോയ്ക്കു കിട്ടി. അക്കാലത്ത് ലാലാഭലാലിന്റെ വീട്ടുകാരിയുമായി നന്ദോ ഉറ്റചങ്ങാത്തത്തിലായിരുന്നു. അരഞ്ഞാണം വില്ക്കാൻ നന്ദോ അവളെ ഏല്പിച്ചു. ഇന്ന് നാളെയെന്നു പറഞ്ഞുപറഞ്ഞ് കാലം ഇത്രയും കഴിഞ്ഞു. നന്ദോയ്ക്ക് ഒരു പൈസപോലും കിട്ടിയില്ല. നന്ദോയ്ക്ക് തുറന്നു ചോദിക്കാനും വഴക്കടിക്കാനും

വയ്യ. നാലഞ്ചു ദിവസംമുമ്പ് രാവിലെ ഗോമതീ നദിയുടെ കടവിൽവച്ച് നന്ദോയും ഭലാലിന്റെ ഭാര്യയും തമ്മിൽ വഴക്കായി. ഭലാലിന്റെ ഭാര്യ അവിടെയുണ്ടായിരുന്ന ആണുങ്ങളും പെണ്ണുങ്ങളും കേൾക്കത്തക്കവിധത്തിൽ നന്ദോയെ കള്ളിയെന്നു വിളിക്കുകയും പണ്ടു വീട്ടിൽ നടന്ന മോഷണത്തിന്റെ രഹസ്യം പുറത്താക്കുകയും ചെയ്തു. നന്ദോയ്ക്ക് ഭലാലിന്റെ ഭാര്യയുടെ കള്ളത്തരം തുറന്നു വെളിപ്പെടുത്താനും കഴിഞ്ഞില്ല. അതുകൊണ്ടാണ് അവരെകൊല്ലിക്കാൻ നന്ദോതായിയെക്കൊണ്ട് മന്ത്രവാദം നടത്തിച്ചത്. അതിനുള്ള പാവകളാണ് ദ്വാരകാദാസും സജ്ജനും ചെന്നപ്പോൾ തയ്യാറാക്കിവച്ചിരുന്നത്.

ദ്വാരകാദാസ് പോയശേഷം, തായി വീണ്ടും പാവകൾ ഉണ്ടാക്കാനിരുന്നു. തായിയുടെ വീട്ടിന്റെ മുകളിലുള്ള കോവണിയിൽ പതുങ്ങിനിന്ന് ഭാര്യയും ഭർത്താവും തമ്മിലുള്ള സംസാരം മുഴുവൻ കേട്ടശേഷം താനിപ്പോഴിതാ വീട്ടിൽനിന്ന് വരികയാണെന്ന ഭാവത്തിൽ നന്ദോ ഇറങ്ങിവന്നു. ദ്വാരകാദാസ് തന്റെ മുന്നിൽ മുട്ടുകുത്തിയല്ലോ എന്ന ചിന്തയിൽ, സ്വന്തം വിജയത്തിൽ ആഹ്ളാദംകൊണ്ട് പ്രസന്നയായിരിക്കുകയായിരുന്നു തായി. സന്തോഷത്തിന്റെ ആവേശം ധമനികളിൽ പകർന്നതോടെ ഹിംസവാഞ്ഛ ആളിക്കത്തി. തായി ഉഷാറോടെ നന്ദോയുടെ കാര്യസാധ്യത്തിനായി പ്രവർത്തിക്കാൻ തുടങ്ങി. ലാലയെയും അയാളുടെ ഭാര്യയെയും കൊല്ലാനുള്ള കൂടോത്രം ചെയ്തു. വർമ്മദമ്പതീകൾ തമ്മിൽ വഴക്കുണ്ടാക്കാനായി മഷിപുരട്ടിയ ആണിതറച്ചു. ലാലാ ജാനകീസരണന്റെ വീട്ടിൽ (അന്ന് വൈകുന്നേരം ദ്വാരകാദാസ് അയാളുടെ വീട്ടിൽ ചെന്നിരുന്നുവെന്നതു മാത്രമാണ് അയാൾ ചെയ്ത കുറ്റം) മഹാമാരി പടർന്നു പിടിക്കാൻ വേണ്ടി അയാളുടെ കട്ടിളപ്പടിയിൽ വയ്ക്കാൻ എള്ളുവിതറിയ പാവയുണ്ടാക്കി. എന്നിട്ട് അന്നു വൈകുന്നേരത്തെ സംഭവത്തിനു സജ്ജനെ ശിക്ഷിക്കാൻ വേണ്ടി അയാളെ ലക്ഷ്യമാക്കിയും ഒരു പാവ തയ്യാറാക്കി. കഴുത്തരിയുന്ന കശാപ്പുകാരനെപ്പോലെ ഒരോ പാപകർമ്മം ചെയ്യുമ്പോഴും അവൾക്ക് പ്രത്യേകമായ ഒരു സന്തോഷം തോന്നിയിരുന്നു. നന്ദോയുടെ കൈയിൽ എല്ലാക്കാര്യങ്ങളും പൂർത്തിയാക്കാൻ ഏൽപ്പിച്ചയച്ചിട്ട് തായി കുളിച്ചു. വസ്ത്രങ്ങൾ കഴുകി. ഉണങ്ങിയവ ധരിച്ച് അവർ ഉറങ്ങാൻ കിടന്നപ്പോൾ പോലീസ് സ്റ്റേഷനിലെ ചേങ്ങല മണി പന്ത്രണ്ടു പ്രാവശ്യം മുഴങ്ങി.

കഷ്ടിച്ച് ഒന്നര മണിക്കൂർ ഉറങ്ങിയിരിക്കണം. അപ്പോഴേക്കും രണ്ടു പൂച്ചകൾ ശണ്ഠകൂടുന്ന ബഹളവും കോലാഹലവും ആ നിദ്രയ്ക്ക് ഭംഗം വരുത്തി. അന്ധകാരത്തിൽ ജ്വലിക്കുന്ന രണ്ടു ജോടി കണ്ണുകൾ! തായി ഭയന്നുപോയി. പൂച്ചകൾ അന്യോന്യം നോക്കി അമറുകയാണ്. പ്രതികാരം ചെയ്യാൻ തയ്യാറെടുത്ത രണ്ടുവൈരികളെപ്പോലെ അവ അന്യോന്യാക്രമണത്തിന് തയ്യാറെടുത്ത് ചാടി വീഴുകയും ഒഴിഞ്ഞകലുകയുമാണ്. മന്ത്രവാദ ഭീകരമായ തായിയുടെ കണ്ണുകളിൽ ഭയത്തിന്റെ മാസ്മര ശക്തി നിഴൽവീശി. ഭയത്തിന്റെ ഏറ്റക്കുറച്ചിലിനിടയിൽ ആ പൂച്ചകളുടെ ആകാരം വളർന്ന് വലുതാകുന്നതായും ചുരുങ്ങി ചെറുതാകുന്നതായും അവൾക്കുതോന്നി.

ഏറ്റുമുട്ടുന്ന പൂച്ചകളുടെ മുഖം ഇടയ്ക്കിടയ്ക്ക് തായിയുടെ നേർക്കു തിരിഞ്ഞപ്പോൾ, ജ്വലിക്കുന്ന ആ കണ്ണുകളിലെ തുളയുന്ന നോട്ടം സ്വന്തം ഹൃദയഭിത്തികൾ ഭേദിച്ചകത്തു ചെന്ന് തറയ്ക്കുന്നായി തായിക്ക് തോന്നി. കോപക്കലി

പൂണ്ട ആ പൂച്ചകൾ രണ്ടും ചീറിക്കൊണ്ട് വീണ്ടും അന്യോന്യാക്രമണത്തിനായി എടുത്തുചാടി. അവ ഏതോ ഭീകരമായ ഹിംസ്രജന്തുക്കളായി വളർന്ന് മുറി നിറഞ്ഞു നില്ക്കുന്നതായി തായിക്കു തോന്നി. അതിഭയങ്കരവും രൂക്ഷവുമായ ആ യുദ്ധത്തിനിടയിൽ പൂച്ചകൾ രണ്ടും തായിയുടെ കട്ടിലിനരികിലെത്തി. ഭീതിജനകമായ "ഘുർ-ഘുർ ങ്യാവു ങ്യാവു" ശബ്ദത്തിനിടയിൽ തായിയുടെ കണ്ഠനാളത്തിൽനിന്ന് പുറപ്പെട്ട 'ഹി ഹി ഹി ഹി' ശബ്ദം വിലയിച്ചുപോയി. ആത്മരക്ഷാവാഞ്ഛയിൽനിന്ന് ഹിംസാവാസനയുണർന്നു. അവളുടെ കൈ നീണ്ടു. ഏതോ അദൃശ്യശക്തിയിൽ ഒരു ശിലാവിഗ്രഹത്തന്റെ കരങ്ങൾ ചലിക്കുന്നതു പോലെയായിരുന്നു ആ പ്രവർത്തനം. അവൾ തലയിണപൊക്കി ആഞ്ഞടിച്ചു. പൂച്ചയെകൊന്നാൽ പൂച്ചയുടെ രൂപം സ്വർണത്തിൽ ഉണ്ടാക്കി സ്വർഗദ്വാരത്തിൽ നല്കേണ്ടി വരുമെന്ന മതനിയമം പോലും അവൾ മറന്നുപോയി.

പൂച്ചകളുടെ ഘോരയുദ്ധം, തായി ഊക്കോടെ വലിച്ചെറിഞ്ഞ തലയിണയുടെ ആഘാതത്താൽ ഭഞ്ജിക്കപ്പെട്ടു. അവ രണ്ടും മുറ്റത്തേക്ക് ഓടി. തായിക്ക് ഇപ്പോഴാണ് തന്റേടം വന്നത്. കട്ടിലിന്റെ മറുവശത്ത് വച്ചിരുന്ന വടി ഓടിച്ചെന്നെടുത്തു. തെറിയുടെ സഞ്ചി അഴിഞ്ഞു. മൂന്നാമതൊരു പൂച്ചയായി അവളും മുറ്റത്തേക്ക് ചാടി. ഒരെണ്ണം നേരെ തളത്തിലൂടെയും രണ്ടാമത്തേതു ഭയന്നുവിറച്ച് അടുക്കളയുടെ വരാന്തയിലൂടെയും പിടഞ്ഞോടി മുകളിലുള്ള കോവണി ചാടിക്കയറി മറഞ്ഞു. തായിയും കോവണിയിലേക്കോടി, ആ ആവേശത്തോടെ മുകളിലേക്ക് ഓടിക്കയറുകയും ചെയ്തു. കൂരിരുട്ടത്ത് മേടയിലെ അരമതിലിനു മുകളിലൂടെ നിഴലെന്നോണം ഓടിക്കൊണ്ടിരുന്ന ആ പൂച്ചകളും, അവയുടെ പിന്നാലെ വടിയും പൊക്കിപ്പിടിച്ച് ശപിച്ചും പഴിച്ചും നീങ്ങിയിരുന്ന തായിയും മേടയിൽ ഉറങ്ങിക്കിടന്നവരെ ഒരു ദു:സ്വപ്നമെന്നോണം ഞെട്ടിച്ചു. കടുത്ത ശീതകാലത്ത് ചൂട് നല്കിക്കൊണ്ടിരുന്ന നെരിപ്പോട് പെട്ടെന്ന് എടുത്തുമാറ്റിയാലെന്നപോലെ ശാന്തമായ ആ രാത്രിയുടെ നിശ്ശബ്ദത തായിയുടെ ശാപവചനങ്ങളും തെറിയും കൊണ്ട് കിടുങ്ങി വിറച്ചു. പിറുപിറുത്തുകൊണ്ട് തായി താഴെയിറങ്ങി. കോണിപ്പടിയിലേക്കുള്ള വാതിൽ കുറ്റിയിട്ടു. ശപിച്ചും കിതച്ചും താഴെ എത്തി ഉറക്കറയിലേക്കു കടന്ന തായിയുടെ പാദങ്ങൾ ഏതോ കൊഴുകൊഴുത്ത ദ്രാവകത്തിൽപ്പതിഞ്ഞു. കാൽവിരലിലണിഞ്ഞിരുന്ന മോതിരവും വിരലുകളും നനഞ്ഞു. ഒരു അയിത്തഭീതി സ്വയമേവ തായിയുടെ മനസ്സിലുയർന്നു. അവൾ ചീറാൻ തുനിഞ്ഞു. നാവിൽ ഊറിവന്ന വാക്കുകൾ ഒരു 'അയ്യോ' ശബ്ദത്തിലൊതുക്കി സ്തബ്ധമായി. തന്റെ പേരിലും അല്പമൊക്കെ തെറ്റുണ്ട്. 'ഈ ഇരയ്ക്ക് വേണ്ടിയായിരിക്കണം നാശങ്ങൾ വഴക്കടിച്ചത്' എന്ന ചിന്തയോടെ ഈർപ്പം തട്ടിയ പാദമുയർത്തി ഉപ്പൂറ്റി ഉപയോഗിച്ച് തൊങ്കി നടന്ന് കട്ടിലിന്റെ കാല്ക്കൽ വെച്ചിരുന്ന റാന്തലിനടുത്തെത്തി. റാന്തൽ കത്തിച്ചു. വീണ്ടും അതുപോലെ തൊങ്കിത്തൊങ്കി സംഭവസ്ഥലത്തെത്തി. അപ്പോൾ പ്രസവിച്ചിട്ട ഒരു പൂച്ചക്കുഞ്ഞിന്റെ ശവം കിടക്കുന്നതു കണ്ടു. അതിന്റെ തല കാണാനില്ല. വീട്ടിൽ ഇടയ്ക്കിടെ കടന്നു വന്നു വല്ലതുമൊക്കെ കട്ടുകൊണ്ടു പോവാറുള്ള പൂച്ച ഗർഭിണിയായി അങ്ങുമിങ്ങും നടക്കുന്നുതുകണ്ട ഓർമ്മയുണ്ട്. 'നാശം പോയിത്തുലയട്ടെ' വാതുറന്നതും ഒരു ശാപവചനമാണ് ഉതിർന്നത്. അവളുടെ കുഞ്ഞിനെ കണ്ടൻ തിന്നിരിക്കണം; അതായിരിക്കണം യുദ്ധത്തിനു കാരണമെന്ന് തായി അനുമാനിച്ചു.

ഞൊണ്ടിഞൊണ്ടി ഓടയുടെ അടുത്തുവരെ ചെന്ന് കാൽ കഴുകി. റാന്തലു മെടുത്ത് പൂജാമുറിയിൽ ചെന്നു. അവിടെ പലകത്തട്ടിൽ നിന്ന് ഒരു പഴയ വീശു പാളയെടുത്ത് പൂച്ചക്കുട്ടിയുടെ ശവം ആ പാളയിലെടുത്തുവെച്ച് അതിനെ പുറത്തെറിയാനായി നടക്കുന്നതിന്നിടയിൽ, തായിയുടെ സ്വത:സിദ്ധമായ ഹിംസാത്മക ബുദ്ധി സചേതനമായി. പെട്ടെന്ന് കോവണിയുടെ കീഴിൽ വെച്ചിരുന്ന മന്ത്രവാദപ്പെട്ടി വലിച്ചു നീക്കിവെച്ച് അതിൽനിന്ന് കുറച്ചു സിന്ദൂരവും കുറെ എള്ളും പുറത്തെടുത്തു. മന്ത്രവാദങ്ങൾക്കായി പ്രത്യേകം സൂക്ഷിച്ചിരുന്ന ഗോതമ്പു മാവിൽ നിന്നു കുറച്ചെടുത്ത് ഒരു ഇടിഞ്ഞിൽ വിളക്കുണ്ടാക്കി. പാളയിൽ പൂച്ചയുടെ തലമുറിഞ്ഞ ശരീരം കിടത്തി, അതിൽ എള്ളും സിന്ദൂരവും വിതറിയ ശേഷം എരിയുന്ന തിരിയിട്ട വിളക്ക് ഒപ്പം വെച്ച് അതെല്ലാംകൂടി താരയുടെ പടിയ്ക്കൽ കൊണ്ടുവെച്ചു "തേവിടിശ്ശി വലിയ വയറും തൂക്കി നടക്കുന്നു. ഇതുപോലെ മുറിഞ്ഞു വീഴും".

പ്രേതം വീട്ടിനു പുറത്തായി. തായിയുടെ നോട്ടത്തിൽ അതിനു സദുപയോഗമാണുണ്ടായത്. കിടപ്പറ തേച്ചു കഴുകുമ്പോഴാണ് കട്ടിലിനടിയിൽ മൂന്നു പൂച്ചക്കുഞ്ഞുങ്ങൾ ഒന്നിനോടൊന്നു ചേർന്ന് ഒരു തുണിക്കെട്ടുപോലെ ചടഞ്ഞു കൂടിക്കിടക്കുന്നതു കണ്ടത്. തായിയുടെ കോപാഗ്നി ആളിക്കത്തി.

"നാശങ്ങൾ എല്ലാംകൂടി എന്റെ നെഞ്ചിൽ കയറിയിരിക്കാൻ വന്നിരിക്കുന്നു. ജന്മാന്തരങ്ങൾ തെരുവാകെ തെണ്ടിനടന്നിട്ട് പെറ്റിടാൻ കണ്ടത് എന്റെ മുറിയിലാണ്. തെണ്ടിപ്പരിഷ. ഇതിനൊക്കെ പുഴുത്തു ചത്തൂടേ തണുപ്പത്തു മരവിച്ചു പോട്ടെ നാശം". കട്ടിലിന്റെ അരികിൽ കയ്യിൽ തുറപ്പയുമായി തായി ഇരുന്നു. ശപിക്കുകയും പിറുപിറുക്കയും ചെയ്യുന്നതിനിടയിലും തായിയുടെ ചിന്ത ഈ കുഞ്ഞുങ്ങളെ എന്തോന്നിൽ എടുത്തു പുറത്തു കളയുമെന്നായിരുന്നു. പഴയ തൊട്ടിയുടെ കാര്യം ഓർമ്മ വന്നു. ഇപ്പോഴൊരു വീശറി നഷ്ടപ്പെട്ടതേയുള്ളൂ. ഇനി ഒരു തൊട്ടികൂടി കളയണോ? മുണ്ടാണെങ്കിൽ കഴുകാനുള്ളത്. അതായാലോ. ആ ചിന്ത വന്നതോടെ തുറപ്പ താഴെയിട്ടിട്ട് അവൾ തുണിത്തുമ്പിൽ മൂന്നു കുഞ്ഞുങ്ങളെയും എടുത്തിട്ടു. നനഞ്ഞ കൈകൊണ്ടു തൊട്ടപ്പോൾ പൂച്ചക്കുഞ്ഞുങ്ങളുടെ ശരീരം കുളിരുകൊണ്ടു. രോമങ്ങൾ എഴുന്നു നിന്നു. തായിയുടെ കൈ മൂന്നു പ്രാവശ്യം അവയെ തൊട്ടു. കുളിരുകൊണ്ട് കൂനിക്കൂടി കണ്ണുകൾ ഇറുക്കി അടച്ച് തുണിത്തുമ്പിൽ ഒരു കെട്ടുപോലെ കിടന്ന ആ കുഞ്ഞുങ്ങൾ തായിയുടെ വയറ്റിൽ ചെന്നു തട്ടി. മൂന്നു ജീവപ്രാണികൾ ആ വയറ്റിൽ തട്ടിയപ്പോൾ നേരിയ ഒരു കിരുകിരുപ്പ്. ഉമ്മറപ്പടിവരെ ചെന്നപ്പോഴേക്കും ഒരിക്കൽ തന്റെ മടിയിൽകിടന്നു കളിച്ച മകളെക്കുറിച്ച് തായിയ്ക്ക് ഓർമ്മ വന്നു. അവൾ ഒന്നു വിറച്ചു. കാല് മുന്നോട്ടു നീങ്ങുന്നില്ല. ആകെ ഒരസ്വസ്ഥത. തീരുമാനമുറപ്പിച്ചിട്ട് വീണ്ടും മുന്നോട്ടു നീങ്ങി. പക്ഷേ അടച്ചിരുന്ന വാതിലിനടുത്തെത്തിയപ്പോഴേക്കും വീണ്ടും അറച്ചു നിന്നു. മകളെക്കുറിച്ചുള്ള ഓർമ്മ തീവ്രമായി.

പൂച്ചക്കുഞ്ഞുങ്ങളെ പിന്നെ പുറത്തെറിഞ്ഞില്ല.

ഇരുട്ട് തളം കെട്ടി നില്ക്കുന്നതേയുള്ളു. പുലർച്ചയ്ക്ക് അഞ്ചര മണിക്ക് പൂജാ താലവുമൊരുക്കി ഗോമതിനദിയിലേക്ക് പോകാനായി ലാലാഭലാലിന്റെ ഭാര്യ വാതിൽ തുറന്നു. പുറത്ത് വാതിലിന്റെ ഇരുവശവും വച്ചിരുന്ന പാവകളിൽ നോട്ടം പതിഞ്ഞു. അവൾ ഞെട്ടി കാൽ പിൻവലിച്ചു. പരിഭ്രമത്തോടെ

പുറത്തെ ലൈറ്റിന്റെ സ്വിച്ചിട്ടു. വീടിനു മുമ്പിൽ ചെയ്ത്‌വച്ചിരുന്ന മാരകകർമ്മം ആ വെളിച്ചത്തിൽ തെളിഞ്ഞു കണ്ടതോടെ ഭയന്നു വിറച്ചിരുന്ന അവളുടെ ഹൃദയം പടപടാ അടിക്കാൻ തുടങ്ങി. സ്വയം അറിയാതെ അവൾ പറഞ്ഞു പോയി "അയ്യയ്യോ ഇതാരു ചെയ്ത ചതി. പകരംവീട്ടിയിരിക്കയാണ് തേവിടിശ്ശി. തള്ളേ. ദേ ഇതുകണ്ടോ?"

അകത്തുനിന്ന് ചുമയോടൊപ്പം വിറയാർന്ന ഒരു വൃദ്ധസ്വരം കേട്ടു "എന്തു വേണം മോളേ...എന്താ കാര്യം?"

"ഇങ്ങുവന്നേ വേഗം. എല്ലാം തുലഞ്ഞു" എന്നു പറഞ്ഞിട്ട് ശ്രീമതി ലാലാ, നാലു മന്ന് തൂക്കം വരുന്ന ശരീരത്തിലേക്ക് ശ്വാസം വലിച്ചെടുക്കാൻ ആയാസ പ്പെട്ടുകൊണ്ടു ഇടയ്ക്കിടെ വാക്കുകൾ വിക്കിയും വിഴുങ്ങിയും പ്രാർഥിക്കാൻ തുടങ്ങി. "സത്യനാരായണസ്വാമീ, ഈശ്വരാ, നീ തന്നെ തുണ! ഹേ ബജരംഗ ബലി, അഞ്ചേകാൽ രൂപയ്ക്ക് വെണ്ണ നടയ്ക്കു വച്ചേക്കാമേ.. അമ്മേ മാതേ ശ്വരീ, ഞങ്ങളെ രക്ഷിക്കണേ......ഹുംഹുംഹും."

"എന്തു പറ്റി മോളേ..." തണുപ്പുകൊണ്ട് വിറച്ചു വിറച്ചുവന്ന തള്ള ചോദിച്ചു.

"ഇതാ ഇതുകണ്ടോ? ഏതോ നാശം പിടിച്ച തേവിടിശ്ശി നമ്മുടെ പടിക്കൽ ഈ പാവകൾ വച്ചിട്ടു പോയിരിക്കുന്നു. ഞങ്ങളെ ദ്രോഹിക്കാൻ ആരാണോ ഇതു ചെയ്തത്? ഈശ്വരനവർക്ക് അതിന്റെ ഫലം കൊടുക്കും. നീച, കുലട, ആ നന്ദോയുടെ വേലയായിരിക്കണം. അവളായിരിക്കും, തായിയെക്കൊണ്ട് ചെയ്യി ച്ചുവച്ചത്."

"ആ കൊലപാതകിയുടെ തലയിൽ ഇടിത്തീ വീഴട്ടെ. ആ നാശം പിടിച്ച തായി നശിച്ചുപോവട്ടെ. അവലക്ഷണം പിടിച്ചവൾ" വാതിലിന്റെ ഒരു വശത്തായി മാറിനിന്ന് തോർത്ത്കൊണ്ട് മൂക്കും മുഖവും മൂടിക്കൊണ്ട് പുറത്തേക്ക് നോക്കി യശേഷം തള്ള പറഞ്ഞു.

"അതെടുത്ത് ആ കവലയിൽ കൊണ്ടുകളഞ്ഞിട്ടുവാ, എനിക്ക് കടവിൽ പോകാൻ നേരമായി."

തണുപ്പും വാർധക്യവുംകൊണ്ട് വിറച്ചിരുന്ന തള്ളയെ ഭയം പിടികൂടി. അവർ പറഞ്ഞു "മോളേ തോട്ടി വരുമ്പോൾ എടുത്തു കൊണ്ടുപോവും. അതിനിടയിൽ വല്ല പശുവോ കാളയോ വന്നു തിന്നോണ്ടു പോയാൽ അത്രയും നന്നായി".

ലാലയുടെ ഭാര്യ കോപത്താൽ ജ്വലിച്ചു. "കുഴിയിലേക്ക് കാലും നീട്ടി ഇരി ക്കുവാണ്! നാളത്തെ നേരം വെളുത്താലായി......."

തള്ള വീണ്ടും കട്ടിളപ്പടിയിൽ അറച്ചുനിന്നു.. ലാലയുടെ ഭാര്യ അവരെ നോക്കി വീണ്ടും പറഞ്ഞു "ഈ വയസ്സായവർക്ക് മന്ത്രവാദമൊന്നും ഫലിക്കില്ല. നിങ്ങളിതെടുത്തു കൊണ്ടുകളയണം. എനിക്ക് കടവിൽ പോവാൻ നേരമായി."

ബാൽക്കണിയിൽ വന്നു നിന്നിട്ട് സന്തോ വിളിച്ചുചോദിച്ചു "അമ്മേ ഞാൻ വരട്ടോ?"

"എന്തിന്? ആ നാശം പിടിച്ച നന്ദോ നമ്മോടിതു ചെയ്തു. രായ്ക്കു രാമാനം നാശം ചത്തുവീഴും. അവളുടെ കുടുംബം തുലഞ്ഞുപോകും. ഹും ഇതൊന്നും കൊണ്ട് നമുക്കൊന്നും വരില്ല. വീട്ടിൽ വല്ലവനെയും വേലയ്ക്കു നിർത്തുന്ന തെന്തിന്? ആവശ്യം വരുമ്പോൾ സഹായിക്കാനല്ലേ? സമയത്തിനുപകരിക്കാ ത്തവരെ എന്തിനു വേലയ്ക്കു നിർത്തുന്നു? ഏ തള്ളേ, ഞങ്ങളുടെ വീട്ടിൽ

നിന്ന് പൊയ്ക്കൊള്ളണം ഇങ്ങനെയുള്ള ജോലിക്കാരെ ഞങ്ങൾക്കു വേണ്ട."

ഉച്ചത്തിലുള്ള ആ സംസാരം അയലത്തുള്ളവരെ ഞെട്ടിച്ചു. രണ്ടാം നിലയിൽ നിന്നു ഭർത്താവും മകളും മൂന്നാം നിലയിൽനിന്ന് മകനും എല്ലാം "എന്തു പറ്റി ഞങ്ങൾ വരണോ?" എന്നു ചോദിച്ചുകൊണ്ട് അവിടെത്തന്നെ നിന്നു. ആരും താഴേക്കു വന്നില്ല. ലാലയുടെ ഭാര്യ ചടപടാ ശബ്ദത്തോടെ നടന്നു വീട്ടുവാതിൽക്കലെത്തി.

ചെങ്കതിരുകൾ വിരിഞ്ഞുതുടങ്ങി. തെരുവിൽ കുങ്കുമനിറം പരന്നു. വീടുകളുടെ വാതിലുകൾ തുറന്നു. അയലത്തെ സ്ത്രീകൾ ലാലായുടെ ഭാര്യയുമായി ചർച്ചതുടങ്ങി. പരദൂഷണം പാരായണം ചെയ്തു തുടങ്ങി. മുകളിൽ നിന്ന് ലാലായും സന്തോയും സിംഭുവും ഇറങ്ങിവന്നു. വാതിൽക്കൽ കൂടിനിന്ന് ആണുങ്ങളും സംസാരിക്കാൻ തുടങ്ങി. കാലം ദുഷിച്ചതിനെക്കുറിച്ചും നീചതയെക്കുറിച്ചും ചർച്ചകൾ നടന്നു. തെരുവിലകലെയായി രാമലോട്ടൻ മഹാരാജന്റെ സ്വരം കേൾക്കായി, "ചൂടു ചായ – ചായ ബിസ്ക്കറ്റ് – ചായാ – ചൂടുചായാ" ചായക്കാരൻ രാജായുടെ തുളഞ്ഞുകയറുന്ന ശബ്ദം പ്രഭാതവായുവിൽ അലമാലകളുയർത്തി. "ഗുരു നേ കഹാ ഥാ മേരീഝോലീ ഭർകർയാനാരേ"– രാജായുടെ ഗാനമുയർന്നു. തൊട്ടടുത്ത തെരുവിൽ നിന്ന് പതിവുസമയത്തുള്ള "തായിയെ തൊട്ടേ...തായിയെ തൊട്ടേ. ഛീ ഛീ" തുടങ്ങിയ മുഴക്കങ്ങളും കേട്ടുതുടങ്ങി. പക്ഷേ തോട്ടിയെ മാത്രം കാണാനില്ല. സിംഭു അടുത്ത വീട്ടിലെ ഭോലയോടും ഭോല തെരുവിൽ എതിർവശത്തെ വീട്ടിലെ കൃഷ്ണനോടും വിളിച്ചു പറഞ്ഞു, തോട്ടി തെരുവിൽ എത്തിയാൽ ഉടനെ ഇങ്ങോട്ടയയ്ക്കാൻ. ലാലാഭലാലിന്റെ വീട്ടിൽ ക്ഷുദ്രം ചെയ്തു പാവകൾ വച്ചിരിക്കുന്ന വിവരം വഴിയേ പോയവരുടെ ചെവിയിലും പെട്ടു. കൊച്ചുകൊച്ചുസംഘങ്ങളായി ചെറിയൊരു ജനക്കൂട്ടം ആ വാതിലിനു മുന്നിൽ പ്രത്യക്ഷമായി. അവരെല്ലാം വളരെ ഗൗരവത്തോടെ ആ പാവകളെ നോക്കിനിന്നു. കണ്ടാൽ തോന്നും ആരോ കൊന്നിട്ട പ്രേതങ്ങളെ നോക്കി നില്ക്കുകയാണെന്ന്. വീണ്ടും ചർച്ചകളായി. അപ്പോഴാണ് തോട്ടിയെത്തിയത്.

പാവകൾ മാറ്റിയ ഉടനെ, ലാലായുടെ ഭാര്യ വീട്ടിനുള്ളിൽ നിന്ന് തൊട്ടിയിൽ വെള്ളം കൊണ്ടുവന്നു വാതിൽ പടിയിലൊഴിച്ചു. എന്നിട്ടു അമ്പു വിട്ടതുപോലെ ഇറങ്ങി നടന്നു.

നന്ദോയുടെ വീട്ടിൽ അവളുടെ അച്ഛൻ ഭഭൂതി പൈപ്പിനടുത്തിരുന്ന് മണ്ണു തിരുമ്മി കൈ തേച്ചു കഴുകുകയാണ്. മണിയന്റെ മൂത്തമകൻ അഴിക്കരികിൽ നിന്ന് അമ്മുമ്മയുടെ മുണ്ടിന്റെ തുമ്പിൽ പിടിച്ചു വലിച്ചുകൊണ്ട് ജിലേബിക്ക് വേണ്ടി ശാഠ്യം പിടിക്കുന്നു. പനികുറഞ്ഞാലേ ജിലേബി തിന്നാവൂ എന്നും മിണ്ടാതെ കട്ടിലിൽപോയി കിടന്നാലേ പനികുറയൂ എന്നും അമ്മുമ്മ അവനെ പറഞ്ഞു മനസ്സിലാക്കാൻ ശ്രമിക്കുകയാണ്. മൂത്ത മരുമകൾ അവളുടെ മുറിയിൽ ഇളയ കുഞ്ഞിനെ കാലിലിരുത്തി താഴെ ഇരിക്കുന്നു. മണിയൻ·സാൽവയും പുതച്ച് ഇടത്തെ കയ്യ് താങ്ങി തലയുയർത്തി സിഗററ്റ് വലിച്ച് പുകവിട്ട് കുഞ്ഞിനെ കളിപ്പിക്കുന്നു. കുഞ്ഞും തലയാട്ടി ചിരിക്കുന്നുണ്ട്. കുഞ്ഞിന്റെ കാലിലെ പാദസരവും കയ്യിലെ സ്വർണ വളകളും ചാഞ്ചാട്ടത്തിന്റെ ഇളക്കത്തിൽ നേർത്ത കിലുകിലാരവം ഉയർത്തുന്നുണ്ട്. കുഞ്ഞിനെയും നോക്കി അഭിമാനത്തോടെയിരിക്കുകയാണ് മൂത്തവൾ.... ശങ്കരന്റ മുറിയിലാവട്ടെ ഇപ്പോഴും രാത്രി

അവസാനിച്ചിട്ടില്ല. നന്ദോ ഗോമതിയിൽ കുളികഴിഞ്ഞ് വരാറായി. വേലക്കാരൻ വീട്ടുമുറ്റവും അടിച്ചു തീരാറായി.

പെട്ടെന്ന് ലാലയുടെ ഭാര്യ പ്രത്യക്ഷപ്പെട്ട് നടു റോഡിൽ ആറ്റം ബോംബ് പൊട്ടിച്ച് ഭഭൂതിയുടെ വീടിനെ ഹിരോഷിമയാക്കിമാറ്റി. പൈപ്പിനടുത്തിരുന്ന കുടുംബനാഥനെ നോക്കി, ലാലാ ഭലാലിന്റെ കുടുംബിനി ഗർജിച്ചു.

"എവിടെ ആ തേവിടിശ്ശി, നിങ്ങളുടെ പുന്നാരമോള്. ഞങ്ങളുടെ വീട്ടിൽ ഇന്നവൾ അവളുടെ തനിനിറം കാണിച്ചിട്ടു പോയി. ഞങ്ങളുടെ വീട്ടിൽ മന്ത്രവാദവും ക്ഷുദ്രവും നടത്താൻ വരുന്നവർക്കു തന്നെ അതിന്റെ ഫലം കിട്ടും. അവരുടെ കുടുംബം കുളം കോരിപ്പോവും. പറഞ്ഞേക്കാം. അല്ല ഞങ്ങൾ എന്തു ദോഷം ചെയ്തിട്ടാണ്..? ഞങ്ങളാർക്കെങ്കിലും വല്ല ദ്രോഹവും ചെയ്തിട്ടാണോ, ഇന്ന് ഞങ്ങളുടെ വീട്ടിൽ തായിയെ കൊണ്ട് കൂടോത്രം ചെയ്യിച്ചു വച്ചത് ആ മൂധേവി, വേലക്കാരനെ കൂട്ടു പിടിച്ച് സ്വന്തം വീട്ടിൽ മോഷണം നടത്തി. എന്നിട്ടിപ്പോൾ ഞങ്ങളെ ക്ഷുദ്രം ചെയ്യാൻ വന്നിരിക്കുന്നു! അവൾ മോഷ്ടിച്ച അരഞ്ഞാണം വിറ്റു കൊടുക്കാത്തതിന്!– ആരുടെയും കട്ട മുതൽ ഞങ്ങൾക്കു വേണ്ട. ഞങ്ങൾക്കാരുടെയും വകയും വേണ്ട. മോഷണം തൊഴിലായുള്ളവരുടെ വീട്ടിൽ സ്വന്തം മകൾ തന്നെ മോട്ടിച്ചും തെണ്ടിയും നടക്കും. വലിയ ഭക്തയാണെന്നാണ് ഭാവം."

ആറ്റംബോംബ് പൊട്ടിച്ചതു പോരാഞ്ഞ് ലാലായുടെ ഭാര്യ മെഷീൻഗൺ വച്ചും പടാപടാ എന്ന് ആയിരമാരോപണങ്ങൾ വർഷിച്ചു. ഭഭൂതി പൊട്ടച്ചെവിയോടെ മൂകനായി പല്ലു തേയ്ക്കാൻ തുടങ്ങി. മണിയനും ഭാര്യയും മൂന്നാം നിലയിലെ കൈവരിയഴിയിൽ കൂടി കുനിഞ്ഞു നോക്കി. അപ്പോഴേക്കും നന്ദോ സ്ഥലത്തെത്തി ഗാണ്ഡീവമെടുത്തു. ശങ്കരനും പത്നിയും മുറിക്കു പുറത്തുവന്നു. നന്ദോ ഇടയ്ക്കിടെ ബ്രഹ്മാസ്ത്രങ്ങൾ തൊടുത്തുവിട്ട് ലാലാപത്നിയുടെ മെഷീൻഗൺ വർഷത്തിനിടയ്ക്കു ഒന്നോ രണ്ടോ അവരുടെ മേൽ തറപ്പിച്ചു. പക്ഷേ ലാലാപത്നി ശാസ്ത്രീയ യുഗത്തിൽ പെട്ടവളാണ്. ഗാണ്ഡീവവും ബ്രഹ്മാസ്ത്രവുമെല്ലാം വെറും കളിപ്പാട്ടങ്ങളാണെന്ന് അവൾ സ്ഥാപിച്ചു. കുറ്റബോധം കൊണ്ട് ചൂളിയ നന്ദോയ്ക്ക് ആ ഉഗ്ര നാടകത്തിൽ സത്യത്തിന്റെ തീക്ഷ്ണത കൊണ്ടുവരാൻ കഴിഞ്ഞില്ല. ഉള്ളിലെ പരാധീനതയും വെറുപ്പും ചേർന്ന് വീർപ്പു മുട്ടിച്ചപ്പോൾ തന്റെ വശത്തു ന്യായം വരുത്തിത്തീർക്കാനായി അവൾ അർഥ ശൂന്യമായ പുലമ്പൽ മാത്രം ഉച്ചൈസ്തരം നടത്തി. മൂന്നാംനിലയിൽ നിന്നിരുന്ന മണിയനും ക്രോധാവിഷ്ടനായി ഇറങ്ങിവന്ന് ലാലാഭലാലും വിശ്വാസഘാതകനാണെന്ന് തെളിയിക്കാൻ ശ്രമിച്ചു. കീശയിൽ കൈകൾ തിരുകി ശങ്കറും തമാശ കാണാനെത്തി. വധുക്കൾ മാളിക മുകളിൽ തന്നെ നിന്നു. അവർ അടുത്തടുത്തെത്തി. താഴത്തെ സംഭവത്തെ കുറിച്ച് വിമർശനം തുടങ്ങി.

ചെറിയവൾ പറഞ്ഞു "ഈ സന്തോയുടെ അമ്മ വലിയ വഴക്കാളി തന്നെ. കണ്ടില്ലേ ഇറങ്ങി പുറപ്പെട്ടിരിക്കുന്നത്."

"കാര്യം സത്യമല്ലേ? നമ്മെയാരെങ്കിലും ക്ഷുദ്രം ചെയ്യാനൊരുങ്ങിയാൽ നമുക്കു ദേഷ്യം വരില്ലേ? ഈ നന്ദോ മഹാ ദുഷ്ടയാണ്. എല്ലാവരോടും അസൂയ; സകലരോടും വെറുപ്പ്. എല്ലാവരും നശിക്കണമെന്നാണാഗ്രഹം. നാശം പിടിച്ചവൾ."

തന്റെ മട്ടുപ്പാവിന്റെ അരമതിൽ താങ്ങി താര ഒരു കള്ളനെപ്പോലെ ഭഭൂതിയുടെ വീട്ടിന്റെ മുകൾത്തട്ടിലെത്തി. വധുക്കൾ രണ്ടുപേരെയും കൈകാട്ടി മുകളിലേക്ക് വിളിച്ചു. യുദ്ധത്തിന്റെ കാരണമറിഞ്ഞ ശേഷം താര പറഞ്ഞു "ഞങ്ങളുടെ വീട്ടിന്റെ പടിക്കലും വച്ചിരുന്നു. പാലുകാരനു കതകുതുറന്നു കൊടുക്കാൻ ചെന്നപ്പോൾ അതു കണ്ട് ഞാൻ സ്തംഭിച്ചുപോയി. ആ പാലുകാരനും ഓരോന്നു പറഞ്ഞ് ഭയപ്പെടുത്തി."

"പേടിക്കേണ്ട കാര്യം തന്നെയാണ് സഹോദരീ. നിങ്ങൾക്കിപ്പോൾ എട്ടാംമാസമല്ലേ അപ്പോൾ". അവൾ പറഞ്ഞുതീരുംമുമ്പേ താര ഇടയ്ക്കുകയറിപ്പറഞ്ഞു "അവിടെ അദ്ദേഹം പറയുന്നു ഇതെല്ലാം വെറും അന്ധവിശ്വാസമാണെന്ന്. ഒന്നും കാര്യമാക്കേണ്ടതില്ലെന്ന്. എനിക്കും അതു തന്നെ തോന്നി ഇന്നത്തെ കാലത്ത്..."

താഴത്തെ ശബ്ദ കോലാഹലം സകല പൂർവകാല റെക്കാർഡുകളും ഭേദിച്ച് അത്യുച്ചത്തിലായി. ഇളയ മരുമകളും മൂത്ത മരുമകളും ഓടി കൈയഴിയുടെ അടുത്തെത്തി താഴോട്ടു നോക്കി. താര മേടയിൽ തന്നെ ഇരുന്ന് അവരെ രണ്ടുപേരെയും കൗതുകത്തോടെ ശ്രദ്ധിച്ചു.

താഴെ ലാലായുടെ ഭാര്യ എത്തിച്ചാടി നന്ദോയുടെ കഴുത്തിനു പിടിച്ചു. ശ്വാസം മുട്ടിയെങ്കിലും സർവശക്തിയും സംഭരിച്ച് ശ്രീമതി ലാലായുടെ താടിയിൽ രണ്ടു കൈകളും കൊടുത്ത് അവരെ പിന്നോട്ടു തള്ളാൻ ശ്രമിക്കുകയാണ് നന്ദോ. ഭഭൂതിയുടെ തള്ളയും മണിയനും ശങ്കരനും ചേർന്ന് ഒരേ സമയത്ത് പുറപ്പെടുവിച്ച പല ശബ്ദങ്ങളും ചേർന്ന് അതൊരു കോലാഹലമായിമാറി. മണിയൻ മുന്നോട്ടു ചെന്ന് സഹോദരിയെ എങ്ങനെയോ വിടുവിച്ചു. ശ്രീമതി ലാലാ ആവേശത്തിൽ മണിയനോടു ഏറ്റുമുട്ടാൻ തുടങ്ങിയപ്പോൾ അവൻ അവരെ തല്ലാനായി കൈ ഉയർത്തി. ഭഭൂതി പെട്ടെന്ന് ഇടയിൽ ചാടി വീണ് മകന്റെ കൈയിൽ പിടിച്ച് അവനെ പിന്നോട്ടു വലിച്ചിട്ട് ശ്രീമതി ലാലയോടു പറഞ്ഞു. "ഞാൻ നിങ്ങളെ തൊഴാം; തെറ്റുപറ്റിയതിനു ക്ഷമിക്കണം. നന്ദോ, നീ ഇവിടെ നിന്ന് പോ. മണിയാ, ഇവളെ വിളിച്ച് മോളിൽ കൊണ്ടുപോ. മിണ്ടാതിരുന്നൂടേ നാശത്തിന്. എപ്പോഴും ചിലച്ചോണ്ടിരിക്കും."

ലാലായുടെ ഭാര്യ ഒരു വിധം തന്റെ വീട്ടിലേക്കു നടന്നു. വധുക്കൾ രണ്ടും റിപ്പോർട്ടു കൊടുക്കാനായി മേടയിലേക്കു പോയി.

കാര്യം വിവരിക്കുന്നതിനിടയിൽ ഇളയവൾ പറഞ്ഞു "അവർ കഴുത്തിനു പിടിച്ചപ്പോൾ നന്ദോ ചത്തിരുന്നെങ്കിൽ നന്നായിരുന്നു. സഹോദരിയെന്നതു സത്യം തന്നെ ; പക്ഷേ എന്റെ ആളിന് ഇവളെ കണ്ണെടുത്താൽ കണ്ടൂടാ. ചേട്ടനും ഇപ്പോൾ ഇവരോട് വെറുപ്പായിട്ടുണ്ട്."

"അതിരിക്കട്ടെ, ഈ അരഞ്ഞാണം മോഷ്ടിച്ചെന്നും മറ്റും കേട്ടതെന്താണ്?" താര ചോദിച്ചു. മൂത്തവൾ പറഞ്ഞു "ഞങ്ങളുടെ കല്യാണത്തിന് തൊട്ടുമുമ്പ് ഇവിടെ വലിയ ഒരു മോഷണം നടന്നു. അമ്മ പറഞ്ഞു വേലക്കാരൻ എല്ലാം എടുത്തു കൊണ്ട് കടന്നതാണെന്ന്. ഇത്രയും കാലം കഴിഞ്ഞ് ഇന്നാണറിയുന്നത് അതും നന്ദോ നാത്തൂന്റെ പണിയായിരുന്നെന്ന്."

"അപ്പോൾ വേലക്കാരനുമായി ഇവൾക്ക്...."

താരയുടെ വ്യംഗ്യ സൂചനയുടെ നൂലിഴയിൽ പിടിച്ചുകൊണ്ട് ഇളയവൾ പറഞ്ഞു:

"ആയിരിക്കാം. സ്വന്തം ഭർത്താവിനെ ഉപേക്ഷിക്കുകയും, സ്വന്തം വീട്ടിൽ മോഷണം നടത്തുകയും ചെയ്തവൾ എന്തുതന്നെ ചെയ്യില്ല."

തലകുലുക്കിക്കൊണ്ട് മൂത്തവൾ പറഞ്ഞു "എനിക്കിതാണ് മനസ്സിലാകാത്തത്. ആണുങ്ങളെ വെറുക്കുന്ന കൂട്ടത്തിൽ പെട്ടതാവണം ഈ സ്ത്രീ. അതിശയം തന്നെ. എന്റെ സ്കൂളിൽ ഒരു അധ്യാപികയുണ്ടായിരുന്നു. അവരും ഇതുപോലെയായിരുന്നു."

താഴെ രണ്ടാം നിലയിൽ മറ്റൊരു യുദ്ധം ആരംഭിച്ചു. ആറു വർഷം മുമ്പു നടന്ന മോഷണം അമ്മയുടെ ഹൃദയത്തിൽ സ്നേഹത്തിലേറെ വിദ്വേഷവും ഈർഷ്യയും ഉയർത്തി. ധനഹാനിയും മാനഹാനിയും കൊണ്ടുണ്ടായ കോപവും താപവും മണിയനെയും ക്ഷുഭിതനാക്കി. ശങ്കരനും നന്ദോയുടെ ഭാഗത്തായിരുന്നില്ല. കുടുംബത്തിലെ എല്ലാവർക്കും എതിരായി നന്ദോ തനിയെ സമരം ചെയ്യുകയാണ്.

മിസ്റ്റർ വർമ്മ അദ്ദേഹത്തിന്റെ മേടയിൽ പ്രത്യക്ഷപ്പെട്ടു. മൂത്തവൾ സാരിത്തലപ്പ് മുഖത്തേക്ക് അല്പം വലിച്ചിട്ട് പിന്നോട്ടു മാറി. ഇളയവൾ മേടയിൽ നിന്നു കാണാവുന്ന സജ്ജന്റെ മുറിയിലേക്ക് വിരൽചൂണ്ടിയിട്ടു പറഞ്ഞു:

"ചേട്ടത്തീ ചേട്ടത്തീ, അതാ നോക്കൂ അദ്ദേഹത്തിന്റെ വീട്ടിലും ക്ഷുദ്രം ചെയ്ത പാവ വച്ചിരിക്കുന്നു." മൂത്തവൾ താടിക്കു കൈ ചേർത്തിട്ടു പറഞ്ഞു "ഈ നശിച്ച തായി എല്ലാവരെയും കൊന്നു തിന്നും."

5

പൊട്ടിയ പട്ടങ്ങളും ചിലന്തിവലകളും കിളിക്കൂടുകളും പലതരം പറവകളും അണ്ണാർക്കണ്ണനും മറ്റും നിറഞ്ഞ, മനുഷ്യരുടെ ചഞ്ചലഹൃദയം പോലെ ത്രസിക്കുന്ന പരസഹസ്രം ഇലകൾ തിങ്ങിനിറഞ്ഞ ആ അരയാൽ നൂറ്റാണ്ടുകളായി ആ തെരുവിന്റെ ഉറ്റ സുഹൃത്താണ്. ഇന്നത്തെ വയോവൃദ്ധൻമാരുടെ ബാല്യകാലത്ത്, ഗംഗയിലെ വലിയ വെള്ളപ്പൊക്കകാലത്തെ ആലെന്നാണതിനെ വിളിച്ചുവന്നിരുന്നത്. എന്നോ ഒരിക്കൽ ഗംഗയിലെ പ്രളയത്തിന്റെ വരദാനമായി വന്ന ആ അരയാൽ ഇന്ന് ഇൻഷുറൻസ് ഏജന്റായ ബാബു ഛേദാലാലിന്റെ ഭൂസ്വത്തിലായി. മുനിസിപ്പൽ രജിസ്റ്ററിൽ ആ വീടിന്റെ നമ്പർ 420 ആണ്. യഥാർഥത്തിൽ ബാബു ഛേദാലാലിന്റെ പ്രശസ്തി പതിൻമടങ്ങ് വർധിപ്പിക്കാൻ അതു സഹായകമായി. ആലിന്റെ മൂന്നുവശത്തും രാജാസാഹബിന്റെ ഏതോ പൂർവികർ കല്ലുകെട്ടി തറയുണ്ടാക്കി അതിൽ ഒരു കൽമണ്ഡപം പണിത് ഹനുമാന്റെ വിഗ്രഹം സ്ഥാപിച്ചു. ഭക്തജനങ്ങൾ പട്ടും ആടയാഭരണങ്ങളും കൊണ്ട് ഇന്നും ആ വിഗ്രഹത്തെ അണിയിച്ചൊരുക്കാറുണ്ട്. തെരുവിലേക്ക് കടക്കുന്നവരുടെയെല്ലാം ശ്രദ്ധ ഹഠാദാകർഷിക്കുന്ന ഒന്നായിരുന്നു ആ ചെറുക്ഷേത്രം. കണ്ണിനു കാഴ്ചയില്ലാത്തവർക്കാകട്ടെ ഊന്നുവടി തട്ടുമ്പോൾ ദിക്കും ദിശയും കാണിച്ചുകൊടുക്കുന്നതിന്റെ ചുമതലയും രാമസേവകന്റെ ആ ആൽത്തറ ഏറ്റെടുത്തിരിക്കുന്നു.

മണ്ഡപത്തിന്റെ വലതുവശത്തു നിന്ന് അകത്തേക്കു നീണ്ടു കിടക്കുന്ന വലിയ തെരുവു തുടങ്ങുന്നിടത്ത് ഒരു പന്തലിന്റെ രൂപത്തിലായിരുന്നു ആ

ആൽത്തറ. അതിനെതിർവശത്ത് ചെറിയൊരു കുന്നുണ്ടായിരുന്നതിനാൽ അവിടെ വെയിലും തടസ്സമില്ലാതെ തട്ടുമായിരുന്നു. തെരുവിലെ ഒന്നുരണ്ടു ഹുക്കാവലിക്കാർ, വേപ്പിൻ കമ്പു കൊണ്ട് പല്ലുതേയ്ക്കുന്നവർ, ഒന്നുരണ്ടു പത്രവായനക്കാർ, പച്ചക്കറി വിൽക്കുന്നവരുടെ സംഘം, കുൽഫി ജിലേബി തുടങ്ങിയ മധുര പലഹാരങ്ങൾ വിൽക്കുന്നവർ, മുറുക്ക് വറ്റൽ എള്ളുണ്ട എന്നിവ വിൽക്കുന്നവർ, കപ്പലണ്ടിക്കച്ചവടക്കാർ മുതലായവർ ആ പന്തലിൽ ഓരോ സമയത്ത് കൂടാറുണ്ട്.

മണ്ഡപത്തിന്റെ ഇടത്തുവശത്ത് എതിരെയുള്ള തെരുവിൽ നിന്ന് കടന്നുവന്നാലാദ്യം കാണുന്നത് ഒരു മട്ടുപ്പാവാണ്. അതിനടുത്ത് ഒരു തൊഴുത്ത്. ആൽത്തറയുടെ ആ വശത്തെ വഴി ഒരു പ്രധാന പാതയല്ലാത്തിനാൽ ചൊവ്വാഴ്ചയൊഴികെയുള്ള ദിവസങ്ങളിൽ അതു മിക്കവാറും ശൂന്യമാണ്. ചൊവ്വാഴ്ച തോട്ടക്കാരനായ ബസന്തു, പുഷ്പഹാരങ്ങളും ചില മധുര പലഹാരങ്ങളും നിരത്തി വച്ചുകൊണ്ടിരിക്കും. കുറെ കൊല്ലമായി വൃദ്ധനായ സിന്ധി കുറെ സാധനങ്ങൾ നിരത്തി വച്ച് ഒരു കട തുറന്നു വച്ചിട്ടുണ്ട്. അരയാലിന്റെ താഴത്തെ മണ്ഡപത്തിൽ ശോഭിച്ചിരുന്ന ഗദാധാരിയായ ഹനുമാന്റെ ഒന്നരയടി പൊക്കമുള്ള പ്രതിഷ്ഠ പെട്ടെന്നാണ് ഒരു 'ബോക്സാഫീ'സായി മാറിയത്. അതൊരു 'ഹിറ്റാ'യി തന്നെ തുടരുകയും ചെയ്യുന്നു.

രാവിലെ മണി ഒൻപതരയായിക്കാണും. ആൽത്തറയിൽ നിന്നും ഊർന്നിറങ്ങിയ വെയിൽ നീണ്ട ഒരു പാളി പോലെ പടർന്നു. ഹനുമാന്റെ തേജോമയമായ മണ്ഡപത്തിൽ നിന്ന് അല്പം അകന്നു മാറി സൂര്യനാരായണന്റെ ശോഭപ്രഭാപൂരം വിതറുകയാണ്. ആൽത്തറയിൽ ഒരു ചാക്കു വിരിച്ച് പൈജാമയും കോട്ടും തൊപ്പിയും ധരിച്ച് സ്വർണ ഫ്രെയിമുള്ള കനത്ത കണ്ണടയുമണിഞ്ഞ് നീലരത്നം പതിച്ച വെള്ളിമോതിരം വിരലിൽ പ്രദർശിപ്പിച്ചുകൊണ്ട് കഴുത്തിൽ മഫ്ളറും കാലിൽ സോക്സും ചാർത്തി തണുപ്പിനെ ചെറുത്തുതോല്പിച്ചുകൊണ്ടും ലാല മുകുന്ദീമൽ ഹുക്കവലിച്ചും ഇടയ്ക്കിടെ ചുമച്ചും വിരാജിക്കുന്നു. ആൽത്തറയോട് ചേർന്ന് വഴിയിൽ ഒരു കസേരയിട്ട് സെക്രട്ടറിയേറ്റിലെ ഒരു സൂപ്രണ്ടായ ബാബുഗുലാബ്ചന്ദ് ഇരിപ്പുണ്ട്. അദ്ദേഹത്തിന്റെയടുത്തായി ആൽത്തറയിൽതന്നെ ബാബു രാമസ്വരൂപ് പത്രം വായിച്ചുകൊണ്ടിരിക്കുന്നു. ഹനുമാൻ ക്ഷേത്രത്തിനോട് ചേർന്നുള്ള ഭഗവാൻ ദിൻ വെണ്ണക്കടക്കാരൻ ലാലാ മുകുന്ദീമലിന്റെ വീട്ടിൽ നിന്നു കൊണ്ടുവന്ന വലിയതാലത്തിൽ കാൽകിലോ വീതം ഏഴുതവണ തൂക്കിവച്ചു. എട്ടാമത്തെ തവണ തൂക്കാനുള്ള വെണ്ണ ത്രാസിലിരിക്കുന്നു.

ലാലാമുകുന്ദീമലിന്റെ നോട്ടം ഭഗവാൻ ദീന്റെ ത്രാസിലാണ്. ഭഗവാൻ ദീൻ തൂക്കുന്ന കിണ്ണത്തിൽ നിന്ന് ഒരു സ്പൂൺ വെണ്ണ കോരി തിരിച്ചിടാൻ തുടങ്ങി. അപ്പോഴേക്കും ലാല പറഞ്ഞു "ഛെ, ഓരോ സ്പൂൺ വെണ്ണവീതം കോരി ലാഭം കൂടുതലാക്കാൻ നോക്കുകയാണോ? അതു കിണ്ണത്തിലോട്ടിട്......"

ഭഗവാൻ ദീൻ ചിരിച്ചുകൊണ്ട് വെണ്ണ കിണ്ണത്തിലേക്കു തിരിച്ചിട്ടുകൊണ്ട് പറഞ്ഞു "ലാലാ, എനിക്കു ലാഭമായി ഈ ഒരു സ്പൂൺ വെണ്ണയാണ് കിട്ടുന്നത്. വലിയ ലാഭമൊക്കെ നിങ്ങൾ വലിയ ആളുകളല്ലേ എടുക്കുന്നത്."

"കണ്ടില്ലേ തർക്കിക്കുന്നത്. ഗാന്ധിജി സ്വാതന്ത്ര്യം നേടിത്തന്നത് ഇതിനാണ്.

വലിയവനും ചെറിയവനും എല്ലാം വാചകമടിക്കാൻ. എടോ, ലാഭം ഇതിലല്ല, വാങ്ങാൻ വരുന്നവരെ സന്തുഷ്ടരാക്കി വിടുന്നതിലാണ്."

ലാലാഭലാൽ ഷാളും പുതച്ചു അകത്തെ തെരുവിൽ നിന്ന് വന്നു. ആൽത്തറയിലിരുന്ന മൂന്നു മൂർത്തികളോടും 'ജയറാം' പറഞ്ഞു. ബാബു ഗുലാബ്ചന്ദ് ചോദിച്ചു "എടോ ഇന്നു നിങ്ങളുടെ വീട്ടിൽ രാവിലെ എന്തുണ്ടായി?"

"തായി ക്ഷുദ്രമോ മന്ത്രവാദമോ ഒക്കെ നടത്തിയതായി കേട്ടല്ലോ" ഗുലാബ്ചന്ദിന്റെ ചോദ്യത്തോടൊപ്പം തന്റെ ചോദ്യവും ചേർത്തു ബാബുറാം സ്വരൂപ് പറഞ്ഞു.

"എന്തുപറയാനിഷ്ടാ.... തെരുവു നശിപ്പിച്ചേ അടങ്ങൂ ആ നാശം പിടിച്ചവൾ. ആയിരം തവണ വിലക്കിയതാണ് താഴ്ന്നവരുമായി ഇടപഴകരുതെന്ന്. നാലു കാശു സമ്പാദിച്ചെന്നു വച്ച് ആരും മാന്യനൊന്നുമാകില്ല..... എന്താ ലാലാമുകന്ദീമൽ.....ഞാൻ ശരിയല്ലേ പറഞ്ഞത്—?"

"ബാബു ഗുലാബ്ചന്ദ്—അങ്ങറിഞ്ഞോ?" എന്നുചോദിച്ചുകൊണ്ട് ബാബു ഛേദലാൽ പുറത്തെവിടെയോ നിന്ന് അപ്പോൾ അവിടെയെത്തി.

അവിടെയിരുന്നവരുടെ ശ്രദ്ധ ഛേദലാലിന്റെ നേർക്കായി. ബാബുഗുലാബ്ചന്ദിന്റെ കസേരയിൽ പിടിച്ചുകൊണ്ട് ഛേദലാൽ പറഞ്ഞുതുടങ്ങി. "ഇന്നു രാവിലെ കമ്പനിത്തോട്ടത്തിൽ നിന്ന് ഒരാൺകുഞ്ഞിന്റെ പ്രേതം കിട്ടിയല്ലൊ?"

"പ്രേതമോ.......?" ലാലാമുകുന്ദീമലാണ് ചോദിച്ചതെങ്കിലും അവിടെയുണ്ടായിരുന്ന എല്ലാവരുടെയും ജിജ്ഞാസ അതിലടങ്ങിയിരുന്നു. ഛേദലാൽ എല്ലാവരുടെ മുഖത്തേക്കും ഒരു പ്രാവശ്യം കണ്ണുപായിച്ചിട്ട് ചോദ്യഭാവത്തിൽ ചോദിച്ചു "അപ്പോൾ നിങ്ങളാരുമറിഞ്ഞില്ലേ? അതിരാവിലെ എന്തൊരു ബഹളമായിരുന്നു. പെറ്റിട്ട ഒരു കുഞ്ഞിന്റെ പ്രേതമായിരുന്നു. മാസ്റ്റർ ജഗദംബ സഹായിനെയും അയാളുടെ അനന്തരവന്റെ വിധവയെയും പിടികൂടി....."

"നമ്മുടെ ജഗദംബസഹായിനെയോ?"

"അതേ, അയാൾ തന്നെ. ഭൗരോംജി തെരുവിലെയാൾ. അയാൾക്കൊരു ഒറ്റയാനായ മോനും കമ്മ്യൂണിസ്റ്റായ മകളുമില്ലേ? ആ ദുഷ്ടച്ചെറുക്കനാണ് സഹോദരപുത്രന്റെ ഭാര്യയുമായി....... എന്തിനതൊക്കെപ്പറയുന്നു?" ഗുലാബ്ചന്ദിന്റെ ചോദ്യത്തിനുത്തരമായി ഇത്രയും പറഞ്ഞിട്ട് ഛേദാലാൽ ആൽത്തറയിലിരുന്നു. ഗുലാബ്ചന്ദ് കസേര തിരിച്ചിട്ട് അയാളുടെ നേർക്കു നോക്കിയിരുന്നു.

കോട്ടുവായിട്ടുകൊണ്ട് മുകുന്ദീമൽ ചോദിച്ചു "സംഭവിക്കാനിനിയെന്തിരിക്കുന്നു. ധർമ്മവും നിഷ്ഠയുമൊക്കെ ഇപ്പോഴീ ലോകത്തിലുണ്ടോ?"

"അതല്ല, പൊലീസു പെട്ടെന്നുതന്നെ പിടികൂടിയതാണതിശയം. പുലരും മുൻപേ അവർ........."

"അങ്ങനെയല്ല, സാലിഗ്രാം ബാബു പിടിപ്പിച്ചതാണ്." ഛേദാലാൽ അറിയിച്ചു.

"അതു ശരി" മുഖം കൂർപ്പിച്ചുതലയാട്ടിക്കൊണ്ട് രാംസ്വരൂപ് പറഞ്ഞു. "ഇതു ആ നേതാവിന്റെ വേലയാണല്ലേ? അയാളത്ര ശുദ്ധനാണോ? തെമ്മാടി. രണ്ടു പ്രാവശ്യം അഭയാർഥികൾ ചെരിപ്പുകൊണ്ട് തലങ്ങും വിലങ്ങും കൊടുത്തതാണ്–എന്തോ തെമ്മാടിത്തരം കാണിച്ചതിന്."

"അതിരിക്കട്ടെ പിന്നെന്തുണ്ടായി ഛേദാലാൽ? ആ ജഗദംബസഹായുടെ പുത്രവധുവിന്?" ഗുലാബ്ചന്ദ് ചോദിച്ചു.

"പോലീസ് ഡോക്ടരെയും കൊണ്ടുവന്നു. ഭൗരോംജിത്തെരുവിൽ ഇപ്പോൾ ആളുകൾ തിങ്ങിക്കൂടിനില്ക്കുകയാണ്." ഛേദാലാൽ അറിയിച്ചു.

തലയിൽ നാലുകോണുള്ള തൊപ്പിയും, വീതികൂടിയ നെറ്റിത്തടത്തിൽ വലിയ ചന്ദനപ്പൊട്ടും വെള്ളികൊണ്ടുള്ള ഫ്രെയിമിൽ നീലഗ്ലാസ്സുഘടിപ്പിച്ച കണ്ണടയും, മസൂരിക്കല അങ്ങിങ്ങുതെളിഞ്ഞുനില്ക്കുന്ന മുഖത്തിനലങ്കാരമായ നരച്ച കൊമ്പൻമീശയും നീണ്ടുതടിച്ച ശരീരമാവരണം ചെയ്യുന്ന നീളൻ കോട്ടും, കസവുപിടിപ്പിച്ച സാൽവയും പുടവയും അപ്പോഴെങ്ങാണ്ടോ പോളിഷിട്ടുമിനുക്കിയ ഷൂസും മുത്തും പവിഴവും പിടിപ്പിച്ച മോതിരമണിഞ്ഞ കയ്യിൽ വെള്ളിപ്പിടിയുള്ള വടിയുമായി ഗുരുപണ്ഡിത് ശിവനാഥശാസ്ത്രിയുടെ ഗംഭീരരൂപം തെരുവിലേക്കു കടക്കുന്നത് കാണപ്പെട്ടു.

"വരണം. മഹാത്മൻ നമസ്ക്കാരം" അകലെവച്ചുതന്നെ അദ്ദേഹത്തെക്കണ്ട, ലാലാമുകുന്ദീമൽ വിളിച്ചുപറഞ്ഞു. ആൽത്തറയിലിരുന്ന സകലരും കരങ്ങൾ കൂപ്പി.

"സന്തോഷമായിരിപ്പിൻ" എല്ലാവരുടെയും അഭിവാദനത്തിന് പ്രത്യുത്തരമായി പറഞ്ഞുകൊണ്ട് ശാസ്ത്രിജി മുന്നോട്ടുനടന്നു.

"പണ്ഡിത്ജി രാജാബഹാദൂറിന്റെ അവിടെ നിന്ന് പാരായണം കഴിഞ്ഞുവരികയാവും."

"അതേ."

"ഇപ്പോഴദ്ദേഹത്തിന്റെ പൗത്രനെങ്ങനെയിരിക്കുന്നു? ഇന്നലെ നില വളരെ മോശമായിരുന്നല്ലോ....."

"ഹേയ്! പ്രത്യേകിച്ചൊന്നുമില്ല. സ്വല്പം പനിയുണ്ട് അത്രതന്നെ" എന്നു പറഞ്ഞിട്ടു ശാസ്ത്രിജി വീട്ടിലേക്കു പോകാനായി ഒരു ചുവടുവച്ചു.

ലാലാ മുകന്ദീമൽ വീണ്ടും ചോദിച്ചു "നമ്മുടെ രാജാസാഹിബ് ആരുടെ ഭാഗത്താണ്? കോൺഗ്രസിന്റെയോ ജനസംഘിന്റെയോ?"

ശാസ്ത്രി തിരിഞ്ഞു നിന്നു "മുകുന്ദീമൽ. ഈ ധനവാന്മാരും വേശ്യകളും ഒരുപോലെയാണ്. അവരുടെ കാര്യങ്ങൾ ആരു സാധിച്ചു കൊടുക്കുന്നോ അവരുടെ കൂടെയായിരിക്കും ഇവർ."

എല്ലാവരും ചിരിച്ചു. കസേരയിൽ നിന്നെണീറ്റിട്ടു ഗുലാബ് ചന്ദ് പറഞ്ഞു "ഇങ്ങോട്ടിരിക്കണം, പണ്ഡിറ്റ്ജീ."

"ഇരിക്കണം." മുകുന്ദീമൽ നിർബന്ധിച്ചു. എന്നിട്ടു മുഖം തിരിച്ചു സ്വന്തം വീട്ടിലേക്കു നോക്കിയിട്ട് വിളിച്ചു പറഞ്ഞു "ഭഗവതീ, എയ് ഭഗവതീ ഇത്തിരി മുറുക്കാനെടുത്തു കൊണ്ടുവാ. പിന്നെ ആരുടെയെങ്കിലും കയ്യിൽ ഒരു ഹുക്കാ പുകയിലയും കൊടുത്തയയ്ക്കൂ" എന്നിട്ടു കസേരയിലിരുന്ന ശാസ്ത്രിജിയോടായി പറഞ്ഞു. "അങ്ങു പറഞ്ഞതു ലക്ഷം പണത്തിന്റെ സത്യമാണ്. ഒന്നുണ്ട്. ഈ പണക്കാർ മാത്രമാണോ. എല്ലാവരും അവരുടെ സ്വാർഥമല്ലേ നോക്കുന്നത്?"

"യോഗികൾക്കും ജ്ഞാനികൾക്കും മാത്രമേ സ്വാർഥം കൈവെടിയാനാകൂ. മറ്റുള്ളവരൊക്കെ സ്വാർഥത്തെ അന്വർഥമാക്കുകയാണ്... പിന്നെ..."

"നമസ്തേ ബാബു സാഹബ്.. വരണം, വരണം.." സ്വവസതിയിലേക്ക് പൊയ്ക്കൊണ്ടിരുന്ന സജ്ജനെ ബാബുരാം സ്വരൂപ് വളരെ ഉത്സാഹത്തോടെ വിളിച്ചു.

ആൽത്തറയിലിരുന്ന എല്ലാവരെയും സജ്ജൻ കണ്ടിട്ടുണ്ട്. പക്ഷേ വ്യക്തിപരമായ പരിചയം ആരുമായുമില്ല. രാം സ്വരൂപ് വിളിച്ചപ്പോൾ ചെറിയൊരു സങ്കോചമാണ് തോന്നിയത്. ഒപ്പം സന്തോഷവും ഉണ്ടായി. വിനയപൂർവം കരങ്ങൾ കൂപ്പിയിട്ടു മുന്നോട്ടുവന്നു. എല്ലാവരും അങ്ങോട്ടുനോക്കി. രാം സ്വരൂപ് ചിരിച്ചിട്ടു പറഞ്ഞു "ഇന്നു പേപ്പറിൽ താങ്കളെക്കുറിച്ച് ഒരു ആർട്ടിക്കിൾ ഉണ്ടല്ലൊ."

രാം സ്വരൂപ് ആദ്യം വിളിച്ചപ്പോൾ ഇന്നലെ രാജാസാഹിബ് ഇവരോടു തന്റെ കാര്യം വല്ലതും പറഞ്ഞിട്ടുണ്ടാവുമെന്നാണ് സജ്ജൻ വിചാരിച്ചത്. അതല്ല, തന്റെ കീർത്തിയാണ് തനിക്കീ സ്വാഗതത്തിനിടയാക്കിയതെന്നറിഞ്ഞപ്പോൾ അയാൾക്കു സ്വയം ഒരഭിമാനം തോന്നി. ആദരവും വിനയവും കലർന്ന സ്വരത്തിൽ മറുപടി പറഞ്ഞു "അത്....പിന്നെ..."

ലാലാ കൗതുകത്തോടും ഗുലാബ് ചന്ദ് ആദരഭാവത്തോടും ബാബു ഛേദാലാൽ ഏറുകണ്ണിട്ടും അയാളുടെ നേരേ നോക്കി. ശാസ്ത്രിജിയുടെ നീലക്കണ്ണട ഒരു നിമിഷത്തേക്ക് സജ്ജന്റെ മുഖത്തേക്കൊന്നു തിരിഞ്ഞു. വീണ്ടും ആ മുഖം ഗൗരവഭാവമുൾക്കൊണ്ട് ആത്മലീനമായി. ലാലാ മുകുന്ദീമലിന്റെ തടിച്ച കണ്ണടയാകട്ടെ സജ്ജന്റെ മുഖത്തുതന്നെ തറച്ചു നിന്നു.

അപ്പോഴേക്കും വെള്ളിത്തട്ടത്തിൽ മുറുക്കാനെത്തി. തട്ടത്തിൽ ഒന്നു കണ്ണോടിച്ചിട്ട് ബാബു രാം സ്വരൂപ് പറഞ്ഞു "ശാസ്ത്രിജീ, ഇദ്ദേഹം നമ്മുടെ ഭാരതഭൂമിയിലെ വലിയൊരു ചിത്രകാരനാണ്. ശ്രീമാൻ സജ്ജൻ വർമ. ഈയിടെയായി നമ്മുടെ തെരുവിൽത്തന്നെ..."

കുറെനേരമായി കൗതുകഗ്രസ്തനായിരുന്ന ലാലാ മുകുന്ദീമലിന്റെ ഓർമയുടെ സ്പ്രിംഗ് പെട്ടെന്നു കുതിച്ചു. "അതു ശരി. അപ്പോൾ നിങ്ങളാണ് കന്നോമലിന്റെ പൗത്രൻ? ഇന്നലെ വൈകുന്നേരം രാജാസാഹബ് ജാനകീസരനോട് നിങ്ങളുടെ കാര്യം പറയുന്നതുകേട്ടു."

കന്നോമൽ എന്ന പേര് ശാസ്ത്രിജിയുടെ ഏകാഗ്രതയ്ക്ക് ഭംഗം വരുത്തി, നീലക്കണ്ണട വീണ്ടും സജ്ജന്റെ നേർക്ക് തിരിഞ്ഞു. "കന്നോമൽ എന്റെ സുഹൃത്തായിരുന്നു."

മുകുന്ദീമൽ ഉത്സാഹത്തോടെ പറഞ്ഞു "അദ്ദേഹവും ഞാനും തമ്മിൽ വലിയ കൂട്ടല്ലായിരുന്നോ? പാവം ചെറുപ്പത്തിൽതന്നെ മരിച്ചുപോയി. അദ്ദേഹം മരിച്ചിട്ടിപ്പോൾ ഒരമ്പതു കൊല്ലമെങ്കിലും ആവണം. അല്ലേ ശാസ്ത്രിജീ?"

"അതെ. 902 ലാണ് അദ്ദേഹം മരിച്ചത്" സജ്ജൻ അറിയിച്ചു.

മുകുന്ദീമൽ പറഞ്ഞു "നല്ല ചെറുപ്പത്തിൽതന്നെ പാവം പോയി. അദ്ദേഹത്തിന്റെ മകനും അധികമിരുന്നില്ല. കുടിയാണ് ആ പാവത്തിനെ കൊന്നത്."

സ്വർഗസ്ഥനായ സ്വപിതാവിനെക്കുറിച്ചുള്ള ആ ദോഷാരോപം സജ്ജന്റെ ഹൃദയത്തിൽ സങ്കോചം നിറച്ചു.

ശാസ്ത്രിജി പറഞ്ഞു "കന്നോമൽ സ്കൂളിൽ എന്റെ സഹപാഠിയായിരുന്നു. എന്നെക്കാൾ ഒന്നോ രണ്ടോ വയസുകൂടും. അദ്ദേഹത്തിന്റെ അച്ഛൻ അക്കാലത്തു ഇവിടെ കവലയിലായിരുന്നു താമസം. അന്നത്തെ ചക്രവർത്തിയായിരുന്നു."

"അതെ, അതെ. വലിയസ്വാധീനമുള്ള ആളായിരുന്നു. നമ്മുടെ ഈ ഭാഗത്ത് ആദ്യമായി ഇംഗ്ലണ്ടിൽ പോയത് അദ്ദേഹമാണ്. എന്നിട്ട് പ്രായശ്ചിത്തം പോലും

ചെയ്തില്ല. ശാഹൻജഹഫിനടുത്ത് ഒരു മാളിക പണിയിച്ചു. വലിയ വലിയ സായിപ്പന്മാരും ആഫീസറന്മാരും അദ്ദേഹത്തിന്റെ വീട്ടിൽ വരുമായിരുന്നു. ഗവർണറുടെ അടുത്ത് ചെന്നാൽപോലും കസേരയിട്ടു കൊടുക്കും. വലിയ പേരെടുത്തയാളായിരുന്നു."

താൻ വിളിച്ചു വരുത്തിയിട്ട് തനിക്കൊന്നും പറയാനിടകിട്ടാതെ എല്ലാ പ്രതാപവും രണ്ടു വൃദ്ധന്മാരും കൂടി കൈയടക്കുന്നതു കണ്ടു രാംസ്വരൂപ് ഇടയ്ക്കു ചാടി. "പൂർവികന്മാരെക്കാളും പേരെടുത്തയാളാണിദ്ദേഹം. ഇദ്ദേഹത്തെക്കുറിച്ചു പത്രങ്ങളിൽ ലേഖനങ്ങൾ വരാറുണ്ട്. ഞാൻ ഇല്ലസ്ട്രേറ്റഡ് വീക്കിലിയിൽ ഇദ്ദേഹത്തിന്റെ ചിത്രം കണ്ടു."

ലാലാ ചോദിച്ചു "എന്താ ബാബൂ. അങ്ങ് ഫോട്ടോഗ്രാഫറാണോ? അതോ പടം വരയ്ക്കുന്നയാളോ?"

കലാകാരനായ തന്നെക്കുറിച്ച് ഇങ്ങനെ ഒരു ചോദ്യം കേട്ട് സജ്ജന് നീരസം തോന്നി.

ലാലാ മുകുന്ദീമലിന്റെ ഹുക്കയിലേക്ക് പുതിയ പുകയില വന്നു. ഹുക്ക നിറയ്ക്കാനും കുഴൽ വൃത്തിയാക്കാനും വേലക്കാരനു നിർദേശം നൽകി. ആ ശബ്ദങ്ങൾക്കിടയിൽ സജ്ജൻ വിനയവും സങ്കോചവും കലർന്ന സ്വരത്തിൽ പറഞ്ഞു. "ഞാൻ ചിത്രം വരയ്ക്കുന്നയാളാണ്."

ലാലാമുകുന്ദീമൽ പുതുതായ് നിറച്ച ഹുക്കയുടെ ആദ്യത്തെ പുകയാസ്വദിക്കാൻ തുനിഞ്ഞതാണ്. ആ മോഹം ഉപേക്ഷിച്ചു പറഞ്ഞു. "വരയ്ക്കുന്ന ചിത്രത്തിന്റെ കാര്യമാണെങ്കിൽ പണ്ഡിത് രാം നാഥ് ഗോസായി വരയ്ക്കുന്നതു കാണണം. ഹായ്...ഹായ് ആനപ്പല്ലിൽ അദ്ദേഹം വരച്ചുണ്ടാക്കിയ ചിത്രങ്ങൾ എന്തൊരു ഭംഗിയായിരുന്നെന്നോ? ആരെക്കൊണ്ട് ഒക്കും അതുപോലെ..."

ലാലാ നിശ്ശബ്ദനായി. അദ്ദേഹത്തിന്റെ ഹുക്ക ശബ്ദിച്ചു തുടങ്ങി. അപരിചിതമായ ആ സമൂഹവുമായുള്ള പരിചയം ഇന്നത്തേക്ക് മതിയെന്ന വിചാരത്തോടെ സജ്ജൻ അവിടെ നിന്നുപോകാനാഗ്രഹിച്ചു. അവരുടെ സഹവാസത്തിൽ ഒരു അന്യഥാത്വം മനസ്സിനെ മഥിക്കാൻ തുടങ്ങി. ശാസ്ത്രിജിയുടെ നേർക്കു കൈ കൂപ്പിയിട്ടു പറഞ്ഞു "ഇനി ഞാനിറങ്ങട്ടെ. പിന്നെ കാണാം....."

പറഞ്ഞു തീർന്നതോടെ എല്ലാവരെയും വന്ദിച്ചിട്ട് സജ്ജൻ പോകാനൊരുമ്പെട്ടു. അപ്പോഴേക്കും ശാസ്ത്രിജി പറഞ്ഞു "ങാ..തീർച്ചയായും കാണണം. എനിക്ക് വളരെ സന്തോഷമായി. ആയുഷ്മാനായിരിക്കട്ടെ. യശസ്വിയാകട്ടെ.....!"

ശാസ്ത്രിജിയുടെ ഗംഭീരസ്വരത്തിൽ ഗഹനമായ ആത്മീയതയുടെ ധ്വനി സജ്ജൻ കേട്ടു. നടക്കാൻ തുടങ്ങിയ അയാൾ തിരിഞ്ഞ് ശാസ്ത്രിജിയുടെ പാദങ്ങൾ സ്പർശിച്ചു. അമ്മയൊഴികെ മറ്റാരുടെയും പാദങ്ങൾ സജ്ജൻ അന്നുവരെ തൊട്ടിരുന്നില്ല.

നടന്നകലുന്ന സജ്ജനെ നീലക്കണ്ണടയിലൂടെ നോക്കിക്കൊണ്ട് ആൽത്തറയിലിരുന്നവരോടായി ശാസ്ത്രിജി ചോദിച്ചു "ഈ പയ്യൻ ഇവിടെ എന്തിനു വരുന്നു?"

ബാബു ഗുലാബ് ചന്ദ് മറുപടി നൽകി. "അറിയില്ല. അഭയാർഥികളും മറ്റും ഇദ്ദേഹത്തിനെതിരേ ഒരു പരാതി പത്രത്തിൽ കൊടുത്തപ്പോൾ, ഇദ്ദേഹത്തിന്റെ ഒരു സ്റ്റേറ്റുമെന്റ് പത്രത്തിൽ വന്നു. തെരുവു ജീവിതത്തെക്കുറിച്ച് ചിത്രം വര

യ്ക്കാനാണ് വന്നതെന്ന് അതിൽ കണ്ടു. ഭാരതീയ പാരമ്പര്യം മനസ്സിലാക്കാനോ മറ്റോ..തായിയുടെ വാടകക്കാരനാണ്....."

ലാല എഴുന്നേറ്റു. ചിരിച്ചുകൊണ്ടു പറഞ്ഞു "അപ്പോൾ തായിയുടെ പടം ഇതുവരെ വരച്ചില്ലേ?"

ഛേദാലാലും എണീറ്റു. പുഞ്ചിരിയോടെ പറഞ്ഞു "തായിയുടെ പടം വരയ്ക്കുന്നന്ന് ഞാൻ ഈ തെരുവുവാസികളുടെ പേരിൽ ഇദ്ദേഹത്തിന് ഒരു മെഡൽ സമ്മാനിക്കും."

"അല്ല, നിങ്ങൾ എവിടെപ്പോകുന്നു? നിങ്ങൾക്കുവേണ്ടിയല്ലേ ഞാൻ ശാസ്ത്രിജിയെ വിളിച്ചിരുത്തിയത്. അപ്പോഴേക്കും നിങ്ങൾ പോകുന്നോ? ഇരിക്കൂ...ഇരിക്കൂ...ശരി പറയിൻ. ആർക്ക് വോട്ടു കൊടുക്കണം?..."

ചൂടുപിടിച്ച തെരഞ്ഞെടുപ്പു ചർച്ച തുടങ്ങി. കുറച്ചു സമയം കഴിഞ്ഞിരിക്കണം. കയ്യിൽ താലത്തിൽ ഒരു പാവയുമായി സജ്ജൻ ആൽത്തറയ്ക്കരികിലൂടെ നടന്നു പോകുന്നതു കണ്ടു. ലാലാ ഭലാൽ അതു കണ്ടയുടനെ ചിരിച്ചിട്ടു ചോദിച്ചു. "കൊള്ളാം. നിങ്ങളുടെ അവിടെയും ഈ സൗഭാഗ്യം കിട്ടിയോ? ഞങ്ങളുടെ വീട്ടിലും...."

എല്ലാവരുടെയും നോട്ടം സജ്ജന്റെ നേർക്കായി. മുകുന്ദീമൽ ചിരിയോടെ ചോദിച്ചു "എന്തനിയാ, വീട്ടുടമസ്ഥയുടെ പ്രഭാവം നിങ്ങളിലും പതിഞ്ഞോ? ഇതാരുടെ വീട്ടിലേക്കു കൊണ്ടുപോകുന്നു?"

സജ്ജൻ ചിരിച്ചിട്ടു പറഞ്ഞു "ഒന്നും പറയണ്ട. ഞാൻ ചെന്നു കയറിയപ്പോൾ കാക്കകളുടെ ബഹളം. ആ അഭയാർഥിപ്പെണ്ണുങ്ങൾ പറഞ്ഞു ഇതെടുത്തു മാറ്റാൻ. അവരുടെ വീട്ടിൽ കാക്ക ഇതെല്ലാം കൊത്തിയിടുന്നത്രെ! അവർക്കെല്ലാം പേടി. ഞാൻതന്നെ കൊണ്ടുകളഞ്ഞേക്കാമെന്നു പറഞ്ഞു."

"നിങ്ങൾ നാസ്തികനാണെന്നു തോന്നുന്നല്ലോ. അതാണു പേടിയില്ലാത്തത്. ഞങ്ങളുടെയവിടെ രാവിലെ......."

"എന്താ ഛേദാലാൽജീ ഇതല്ലേ നിങ്ങളുടെ ഇന്ത്യൻ കൾചർ? ഇതിനെ രക്ഷിക്കാനല്ലേ നിങ്ങളാഗ്രഹിക്കുന്നത്?"

ഗുലാബ് ചന്ദിന്റെ ആ ചോദ്യം കേട്ട് ബാബു രാം സ്വരൂപ് ഹി..ഹി..ഹി.. എന്നു ചിരിച്ചു ഛേദാലാലിന്റെ നേർക്കു നോക്കി. കാക്കപ്പാതിയായ ആ പാവയിൽ കണ്ണുംനട്ട് സജ്ജനും പുഞ്ചിരിച്ചു. ബാബു ഛേദാലാൽ ആവേശത്തോടെ പറഞ്ഞു "നമ്മുടെ മതത്തിൽ വന്നിട്ടുള്ള തിന്മകൾ നീക്കം ചെയ്യില്ലെന്ന് ഞങ്ങൾ ഒരിക്കലും പറഞ്ഞിട്ടില്ല. എന്നാൽ നമ്മുടെ യഥാർഥ മതവും ധർമ്മവും പരിപൂർണമായി സംരക്ഷിക്കപ്പെടണം."

"അപ്പറഞ്ഞതു ശരിയാണ്" ലാലാ ഭലാലിന്റെ മുഖത്തും മതാവേശം പരന്നു. "മത ശാസനങ്ങൾ എന്തായാലും അനുസരിച്ചേ പറ്റൂ. ശാസ്ത്രം തന്നെ അതാണ് പറയുന്നത്. എങ്കിലും ഈ ബാബു സാഹബിന്റെ പ്രവൃത്തിയിൽ നിന്ന് നമുക്കു പുതിയൊരു ധൈര്യം നേടാം. ക്ഷുദ്രം ചെയ്ത താലം കയ്യിലെടുക്കാനുള്ള ധൈര്യം..."

"ഇതു കേട്ടോ ഛേദാലാൽ" ബാബു ഗുലാബ് ചന്ദ് തിരിഞ്ഞു "ഇപ്പോൾ ശാസ്ത്രിജിയും ഭാഗ്യംകൊണ്ട് ഇവിടെയുണ്ടല്ലോ. അങ്ങു പറയണം, ഏതു ശാസ്ത്രത്തിലെഴുതിയിട്ടുണ്ട് ഇത്തരം കർമ്മങ്ങൾ...?"

ശാസ്ത്രിയുടെ നീലക്കണ്ണട മുകളിലേക്കുയർന്നു. നരച്ചു നീണ്ട കൊമ്പൻ മീശയിൽ നേരിയ മന്ദഹാസം വിരിഞ്ഞു. "ലാല പറഞ്ഞത് ശാസ്ത്രത്തിന്റെ കാര്യമല്ലല്ലോ. കയ്യിലെടുക്കുന്ന കാര്യമല്ലേ?"

എല്ലാവരും ചിരിച്ചു. ലാല മുകുന്ദലാലിന്റെ കാവിനിറം പിടിച്ച കൃത്രിമപ്പല്ലിനിടയിൽകൂടി 'ഹ...ഹ...ഹ്' എന്ന ശബ്ദം ഊർന്നു വന്നു.

"സബാഷ് പണ്ഡിറ്റ്ജീ... അങ്ങ് നല്ല തമാശയാണല്ലോ പറഞ്ഞത്..."

ലാലാ ഭലാലിന്റെ പുരികം ചുളിഞ്ഞു. അമർഷം ഉള്ളിൽ പതഞ്ഞു പൊങ്ങി. ബാബു ഷേദാലാൽ കാൽമുട്ടുകളിൽ കൈകൾ കെട്ടി ആൽത്തറയിൽ കുനിക്കുത്തിയിരിക്കുകയായിരുന്നു. അയാളുടെ കൃഷ്ണമണികൾ വെട്ടിമിനുക്കിയ വൈരക്കല്ലുകൾ പോലെ തിളങ്ങി. മുഖത്തെങ്ങും യാതൊരു ഭാവഭേദവുമില്ല. ശാസ്ത്രിജി ലാലയെ നോക്കിയിട്ടു പറഞ്ഞു "ഞാൻ നിങ്ങളെ കളിയാക്കിയതല്ല സോദരാ. മറ്റൊന്നും വിചാരിക്കരുത്. നിങ്ങളുടെ വാക്കുകളിൽ നിന്ന് ഒരു കാര്യം ഓർമ്മ വന്നതാണ്. ഈ നാട്ടിൽ ഒറ്റ മതമല്ല. അനേകം മതങ്ങളുണ്ട്. എത്ര മാത്രം വീടുകളും അമ്മായിയമ്മമാരുമുണ്ടോ അത്ര തന്നെ മതങ്ങളും ഉണ്ട്. അമ്മായിയമ്മമാർ ഗുരുക്കളും പുത്രവധുക്കൾ ശിഷ്യകളുമായതോടെ അവരുടെ എണ്ണവും പെരുകി. തലമുറകളായി അമ്മായിയമ്മമാരും വധുക്കളും വർധിച്ചതുപോലെ തന്നെ മതങ്ങളും വർധിച്ചു പെരുകി." ഉപമകൾ കേട്ട് എല്ലാവരും ചിരിച്ചു. പക്ഷ ശാസ്ത്രിജിയുടെ വാക് പ്രവാഹം തുടർന്നു "പിന്നെ ഈ ജാതിഭേദങ്ങളുടെ കാര്യം. ഹിന്ദുക്കളുടെയിടയിൽതന്നെ ക്രൈസ്തവ ദേവിദേവൻമാരുടെ പിരിവുകളുമുണ്ട്. പീറും, ഇലാഹി ഓഝാമുല്ലയും എല്ലാം അവരവരുടെ ജാതിപ്പിരിവുകളുണ്ടാക്കിയിട്ടുണ്ട്. ഈയിടെ ഞാൻ ഒരു പുസ്തകത്തിൽ വായിച്ചു. ബോംബെയിൽ ഒരു ക്രൈസ്തവദേവി-മൗണ്ട് മേരി-യുണ്ടു പോലും. അതിനെ അവിടത്തെ ഹിന്ദുക്കൾ മരണദേവതയെന്നു പറഞ്ഞ് പൂജിച്ചത്രേ! മുസ്ലീം ഭരണകാലത്ത് ഇവിടെ അള്ളോപനിഷത്ത് എന്ന പേരിൽ പുതിയൊരുപനിഷത്തെഴുതാനുള്ള ശ്രമങ്ങൾ നടന്നത്രേ. നമ്മുടെ എത്രയെത്ര മന്ത്രങ്ങളാണ് മുസ്ലീങ്ങളെ ആകർഷിച്ചത്. ഏതോ ഒരു ചേത്രാമിയും ഒരു പ്രസ്ഥാനമാരംഭിച്ചു. പുതിയ ഒരു സിദ്ധാന്തമാണദ്ദേഹം പ്രചരിപ്പിച്ചത്. ചതുർമുഖനായ ബ്രഹ്മാവിനെ പിരിച്ചുവിട്ട് പകരം ഏകമുഖനായ അള്ളാവിനെയും ത്രിമുഖനായ ദത്താത്രേയനെയും നിയമിക്കണം. അങ്ങിനെ പുതിയൊരു ചതുർമുഖ സൃഷ്ടികർത്താവിനെ സൃഷ്ടിക്കണം. പരമേശ്വർ എന്ന പദം വിഷ്ണുവിന്റെ പര്യായമാണെന്ന് അദ്ദേഹം പറഞ്ഞു. ശിവനാകട്ടെ സംഹാരകർമം അള്ളാഹുവിനെയേൽപ്പിച്ചിട്ട് ഭാംഗ് അരയ്ക്കാൻ പോയത്രേ.."

നാലുപാടും ചിരി മുഴങ്ങി. ആ ചിരിക്കും ബഹളത്തിനുമിടയ്ക്ക് സജ്ജൻ കയ്യിലിരുന്ന താലം അറിയാതെ ആൽത്തറയിൽ വച്ചു. അയാൾക്കും രസം തോന്നി.

ലാലാഭലാലിന്റെ നോട്ടം ആ താലത്തിൽ പതിഞ്ഞു. "ബാബു, ക്ഷമിക്കണം. ഇതു ഹനുമാൻജിയുടെ സ്ഥാനമാണ്..."

"ക്ഷമിക്കണം, തെറ്റുപറ്റി" അതെടുത്തുകൊണ്ട് സജ്ജൻ ധൃതിയിൽ നടന്നു. നടക്കുന്നതിനിടയിൽ ഇങ്ങനെ പറഞ്ഞു "ഞാനിത് ഏതെങ്കിലും നാൽക്കവലയിൽ കൊണ്ടുകളയാം. അതിലാർക്കും പരാതിയില്ലല്ലൊ."

"അതു ശരിയാണ് അവിടെ ആ പൈപ്പിനടുത്തുള്ള കവലയില്ലേ അവിടെ എറിഞ്ഞേക്കണം. എന്നിട്ട് കയ്യും കഴുകണം."

കാക്ക കൊത്തിത്തിന്നതിന്റെ ബാക്കി പാവയും കൈയിലേന്തി നടന്ന സജ്ജന് എല്ലാം വിചിത്രമായിത്തോന്നി. എല്ലാം തമാശ തന്നെ. തെരുവിലൂടെ കടന്നു പോകുന്നവരുടെയും വാതില്ക്കലും ജനാലയ്ക്കരികിലും നില്ക്കുന്നവരുടെയും നോട്ടം തന്റെ നേരെ പതിഞ്ഞപ്പോൾ സജ്ജനു വല്ലായ്മ തോന്നി. 'ഒരു വേല ക്കാരനെ ഇവിടെയും വയ്ക്കണം' അയാൾ ചിന്തിച്ചു. തെരുവിലുള്ളവരുടെ പെരു മാറ്റം അടുപ്പവും അകൽച്ചയും അയാളിലുണ്ടാക്കി. മഹീപാൽ പറഞ്ഞതു ശരി യാണ്–തെരുവിലെ–തന്റെ നാട്ടിലെ–സമൂഹത്തെ ഒരു കാഴ്ചബംഗ്ലാവിന്റെ രീതി യിലാണ് താൻ കാണുന്നത്. അതിലിഴുകിച്ചേരാൻ കഴിയുന്നില്ല. അത് ഒറ്റ ദിവ സംകൊണ്ടു നടക്കുന്നതുമല്ലല്ലൊ. അതുമല്ല, അത്ര പൂർണമായി ഈ സമൂഹ ത്തിൽ ഇഴുകിച്ചേരാനും അയാൾക്കാഗ്രഹമില്ല. സംസ്ക്കാരരാഹിത്യത്തെയും സംസ്ക്കാരച്യുതിയെയുമാണ് എതിരിടേണ്ടത്. അവയെ മനസ്സിലാക്കി ശുദ്ധീക രിക്കണം. സമൂഹത്തിന്റെ രൂപവും ഭാവവും മാറ്റി അതിനെ പുതിയൊരു വഴിക്കാ ക്കണം.

അയാൾ വീണ്ടും ചിന്തിച്ചു.

ശാസ്ത്രിജി എത്ര ഉന്നതമായി ചിന്തിക്കുന്നു! ഞാനദ്ദേഹത്തിന്റെ പാദത്തിൽ തൊട്ടു. പെട്ടെന്നതിനു തോന്നിയതെങ്ങനെ? പോട്ടെ. അദ്ദേഹം അതർഹിക്കു ന്നുണ്ട്. ഇനിയും കാണണം. മഹിപാലിന്റെ ധാരണ തെറ്റാണ്. ക്രമേണ എല്ലാ വരും ആയി താനിടപഴകും.

ചുറ്റും നോക്കിയും ചിന്തിച്ചും സജ്ജൻ കവലയിലേക്കു നടന്നു.

6

തെരഞ്ഞെടുപ്പിനു നിൽക്കുന്ന സ്ഥാനാർഥിയുടെ പേര്, ചിഹ്നം, മുദ്രാവാക്യ ങ്ങൾ, അമ്മപെങ്ങന്മാരെക്കുറിച്ചുള്ള തെറികൾ, ഇന്നാരിന്നാരുമായി പ്രകൃതിവി രുദ്ധം നടത്തിയെന്ന സൂചന, ആജിമുഗ്ഗാന്റെ ഗുസ്തി, കീർത്തനം, സിനിമ, ബീഡി, ലോഷൻ, ഉഷ്ണരോഗ സംഹാരിയെയും പുരുഷത്വം വീണ്ടെടുക്കാനുള്ള ഔഷധങ്ങളെയും സംബന്ധിച്ച പോസ്റ്ററുകൾ തുടങ്ങിയവ വിളംബരം ചെയ്തു നിൽക്കുന്ന ചുവരുകളുടെ നിരകൾ അവസാനിച്ചു. കൈയിൽ താലവുമായി സജ്ജൻ കവലയിലെ പൈപ്പിനടുത്തെത്തി.

എതിർവശത്ത് ബസാറിൽനിന്ന് നാല് കോൺസ്റ്റബിൾമാർ ഉഷാറായി നടന്നു വരുന്നതു കണ്ടു. ചെറിയൊരു ജനക്കൂട്ടവും അവരെ പിൻതുടർന്നിരുന്നു. കവ ലയിൽ ഡ്യൂട്ടിയിൽ നിൽക്കുന്ന അവസരത്തിലും, പോലീസ് സ്റ്റേഷനിൽവച്ചും മൈതാനത്ത് പരേഡു നടത്തുമ്പോഴും, വലിയ വിവാഹങ്ങൾക്ക് ബാൻഡ് വായി ക്കുമ്പോഴും, റിക്ഷാക്കാരുടെയും കുതിരവണ്ടിക്കാരുടെയും മുമ്പിൽ മൂകനായി കൈനീട്ടുമ്പോഴും പോലീസുകാരെ കാണുകയാണെങ്കിൽ നമുക്ക് പ്രത്യേകിച്ച് ഒന്നും തോന്നാറില്ല. പക്ഷേ റോഡിലൂടെ നിരയായി ഉഷാറോടെ നടന്നുവരുന്ന നാല് പോലീസുകാരുടെ മഹത്വമൊന്നു വേറെ. അവർ ഭരണത്തിന്റെ പ്രതീക

മാണ്. മനുഷ്യന്റെ ന്യായാവബോധമാണ് ഈ പ്രതീകത്തിന് രൂപം നൽകിയത്. സജ്ജന് അപ്പോൾ അക്കാര്യം ഓർമ വന്നു. പോലീസുകാർ വലതുവശത്തെ തെരുവിലേക്കു നടന്നു. അവിടെയാണ് ലാലേദയാലും ലാലാജാനകീസരണും, വർമ, ഭഭൂതി എന്നിവരും താമസിക്കുന്നത്.

കയ്യിലിരുന്ന താലത്തിന്റെ കാര്യം മറന്ന് സജ്ജൻ പോലീസുകാരെയും ജനക്കൂട്ടത്തെയും നോക്കി രസിച്ചു നിന്നു. അപ്പോഴാണ് ആ തെരുവിൽനിന്ന് മിസ്റ്റർ വർമയും, രാധേശ്യാമും അങ്ങോട്ടുവന്നത്. മിസ്റ്റർ രാധേശ്യം ഇക്കൊല്ലമാണ് ബി.എ. ജയിച്ചത്. സർക്കാർ ക്ലാർക്കിന്റെ ഉദ്യോഗത്തിന് പബ്ളിക് കമ്മീഷൻ പരീക്ഷയ്ക്ക് ഈയിടെയാണിരുന്നത്. സോഷ്യലിസ്റ്റു ചിന്താഗതിക്കാരനാണ് താനെന്നും, ഉന്നത വിചാരങ്ങളുള്ളവനാണെന്നും അയാൾ സ്വയം കരുതിപ്പോന്നു. ശങ്കരലാലിനോടൊപ്പം മുമ്പൊരിക്കൽ രാധേശ്യാം സജ്ജനെ കാണാൻ വന്നിട്ടുണ്ട്. അയാൾ പെട്ടെന്ന് മുമ്പോട്ടു നീങ്ങി സജ്ജനെ വന്ദിച്ചു. മിസ്റ്റർ വർമയും നമ്രതയോടെ സജ്ജനെ തൊഴുതു.

കയ്യിലിരുന്ന താലത്തെക്കുറിച്ചുള്ള ഓർമ സജ്ജനുണ്ടായി. ചുമൽ ഉയർന്നു. ഹൃദയത്തിൽ സങ്കോചം. മന്ദഹാസം അഭിനയിച്ചു. "തെരുവിൽ ഇതാണ് എനിക്കുകിട്ടിയ ആദ്യത്തെ സബ്ജക്ട്. എന്താണു വിശേഷം? ഈ തെരുവിൽ ഇത്രയും ജനക്കൂട്ടവും പോലീസുമെല്ലാം വന്നതെന്ത്?"

രാധേശ്യാം കൈകളുയർത്തി ഉടനെ വിവരിക്കാൻ തുടങ്ങി. "സാർ, ഇവിടെ ഒരു മാസ്റ്റർ ജഗദംബസഹായില്ലേ. മഹാ പെർവർട്ടാണ് ആ ദുഷ്ടൻ."

കയ്യിലിരുന്ന താലത്തിന്റെ കാര്യം സജ്ജൻ വീണ്ടും ഓർത്തു. പെട്ടെന്നു പറഞ്ഞു, "ക്ഷമിക്കണം ഇതു ഞാനൊന്നു കവലയിൽ വച്ചിട്ടു വരട്ടെ."

മിസ്റ്റർ വർമ പറഞ്ഞു "അതൊന്നും വേണ്ട. ഇതാ ഈ ഓടയിലെറിഞ്ഞാൽ മതി. ആ മാൻഹോളിൽ..."

പൈപ്പിനടുത്ത് തുണി അലക്കിക്കൊണ്ടിരുന്ന ഒരാളിന്റെ നേർക്കുനോക്കിയിട്ട് സജ്ജൻ ചോദിച്ചു, "ആരും പരാതിപ്പെടില്ലല്ലോ."

"ഹേയ്! ഒന്നുമില്ല. അങ്ങു മടിക്കാതെ അങ്ങോട്ടുകളയണം."

പൊട്ടിയ മാൻഹോളിലേക്കു താലമെറിഞ്ഞ് പൈപ്പിൽചെന്ന് കയ്യും കഴുകിയിട്ട് സജ്ജൻ അവരുടെ അടുത്തെത്തി.

"ങാ, ശരി. എന്താണു കുഴപ്പം?"

"അതോ, അയാളുടെ അനന്തരവന്റെ വിധവ യുവതിയാണ്. പാവം, മൂന്നാലുകൊല്ലം മുമ്പാണ് വിവാഹം നടന്നത്. അഞ്ചാറുമാസം കഴിഞ്ഞപ്പോൾ ഭർത്താവു മരിച്ചു. മാസ്റ്റർ ജഗദംബ സഹായിന്റെ വീട്ടിലാണു കഴിഞ്ഞുവരുന്നത്. അയാൾ അവരുടെ മേൽ സർവാധികാരങ്ങളും ചെലുത്തിപ്പോന്നു. നമ്മുടെ സമൂഹത്തിലെ ട്രാജഡിയും ഇതാണല്ലോ." പറഞ്ഞുപറഞ്ഞു മി. രാധേശ്യാം കോപവും സങ്കടവും കൊണ്ടു ആവേശഭരിതനായി.

"പിന്നെന്തുണ്ടായി!" സജ്ജൻ ചോദിച്ചു.

മിസ്റ്റർ വർമ കാര്യം ഏറ്റെടുത്തു. "ഇന്നലെ രാത്രി എപ്പോഴോ അവൾ പ്രസവിച്ചു. ഇയാൾ കുഞ്ഞിനെ ഞെക്കിക്കൊന്ന് കമ്പനിത്തോട്ടത്തിലെറിഞ്ഞു. ഇന്നു രാവിലെ പൊലീസിനു വിവരം കിട്ടി. അവർ ഇവിടെ മിന്നൽപരിശോധന നടത്തി."

"പക്ഷേ പൊലീസിന് എങ്ങനെ വിവരം കിട്ടി?" സജ്ജൻ ചോദിച്ചു.

ബാബു രാധേശ്യാമിൽ രാഷ്ട്രീയാവേശം പടർന്നു കയറി. "നമ്മുടെ നാട്ടിലെ ആഭ്യന്തരമായ ഭിന്നിപ്പാണല്ലോ ലങ്കാകാണ്ഡം രചിച്ചിട്ടുള്ളത്. സാർ, ഇതു ആ നശിച്ച സാലിഗ്രാമിന്റെ വേലയാണ്. ജഗദാംബസഹായുടെ മകൾ കമ്മ്യൂണിസ്റ്റാണ്. അവരുടെ വീട്ടിലാണിപ്പോൾ പാർട്ടിയുടെ നാടകത്തിന്റെയൊക്കെ റിഹേഴ്സൽ നടക്കുന്നത്. സാലിഗ്രാം തന്റെ കൺമുമ്പിൽ പാമ്പിനെ വളരാൻ അനുവദിക്കുമോ? ഈ വാർഡിലെ ഓരോരുത്തരുടെയും വിവരങ്ങൾ അയാൾക്കുകിട്ടും. അപ്പോൾ പിന്നെ ശത്രുവിന്റെ വീട്ടിലെ വിവരം അറിയാതെ പോകുമോ? ഇയാൾ കോൺഗ്രസ്സിന്റെ ഗസ്റ്റപ്പോയാണ് സാർ. ഈ തെരഞ്ഞെടുപ്പിനു ജനങ്ങൾ ഈ വല പൊട്ടിച്ചില്ലെങ്കിൽ ഞാൻ പറയും........"

തെരുവിൽ ആളുകൾ അങ്ങോട്ടും ഇങ്ങോട്ടും പൊയ്ക്കൊണ്ടിരുന്നു. പൈപ്പിന്റെ മുന്നിൽ നിമിഷനേരത്തേക്ക് ആളൊഴിഞ്ഞു. തെരുവിൽ നിന്നു കടന്നുവന്ന മിസ്റ്റർ വർമയുടെ ഏതോ പരിചിതൻ വിളിച്ചു പറഞ്ഞു. "വർമാ, അവൾ സ്വയം തീവച്ചു കളഞ്ഞു."

"ങേ! ആര്?" സജ്ജനും രാധേശ്യാമും വർമയും ഒപ്പം ചോദിച്ചു.

"ആ സ്ത്രീ തന്നെ. പരിശോധനയ്ക്കായി ഡോക്ടറെ കൊണ്ടുവന്നു. അപ്പോൾ അവൾ എന്തോ ഒഴിവുകഴിവു പറഞ്ഞു അടുക്കളയിലേക്കു പോയി. അവിടെ സ്പിരിട്ടും മണ്ണെണ്ണയും കയ്യിൽ കിട്ടിയതെല്ലാം ഒഴിച്ചു. ഇനി പറഞ്ഞിട്ടെന്തുകാര്യം. ഈ ദുഷ്ടൻ ജഗദാംബസഹായിനെ തൂക്കിലേറ്റേണ്ടതാണ്. അയാളുടെ ഭാര്യയും, ചേട്ടന്റെ വിധവ, അതായത് ഈ വിധവപ്പെണ്ണിന്റെ അമ്മായിയും......."

"അതിരിക്കട്ടെ ആ സ്ത്രീക്കെന്തുപറ്റി?" സജ്ജൻ തിടുക്കത്തിൽ ചോദിച്ചു.

"മിനിട്ടിനുള്ളിൽ തീ ആളിക്കത്തി. ചുററുപാടും തീ പടർന്നു. അപ്പോഴേക്കും പൊലീസ് കതകു തല്ലിപ്പൊളിച്ചു അകത്തുകടന്നു. അവൾ ബോധം കെട്ടുകഴിഞ്ഞിരുന്നു. ആകെ പൊള്ളിപ്പോയി. വസ്ത്രമെല്ലാം കരിഞ്ഞുചാമ്പലായി ജനിച്ചപാടെ........"

"നിങ്ങൾ കണ്ടോ?" സജ്ജൻ ചോദിച്ചു.

"ഞാൻ നേരിട്ട്........" കുറുകിയ കണ്ണുള്ള ആ തടിയൻ വിവരിക്കാൻ തുടങ്ങി. ആ സ്ത്രീയെക്കുറിച്ചു പറയുമ്പോൾ അയാൾക്ക് എന്തോ ഒരു നിഗൂഢ സുഖം കിട്ടുന്നുണ്ടെന്നു തോന്നി. അതയാൾക്കു രസിച്ചില്ല. അയാൾ രാധേശ്യാമിനോടു ചോദിച്ചു.

"എന്നെ അവിടം ഒന്നു കാണിച്ചു തരാമോ?"

"അതിനെന്ത്?" രാധേശ്യാം പറയുംമുൻപ് വർമ പറഞ്ഞു. രാധേശ്യാമും അതിനോടു യോജിച്ചു. നടക്കുന്നതിനിടയിൽ രാധേശ്യാം പറഞ്ഞു.

"വലിയ ജനക്കൂട്ടമായിരിക്കും. അങ്ങ് അവിടെ എന്തു കാണാനാണ്?"

"ഒന്നുമില്ല. കൂട്ടത്തിൽ നിന്ന് മാറി നിന്നു നോക്കാം. അവരുടെ സംസാരം കേൾക്കാമല്ലോ" സജ്ജൻ അറിയിച്ചു.

സൂര്യപ്രകാശം ഒരിക്കലും ഏറ്റിട്ടില്ലാത്ത ഇരുളടഞ്ഞ ഇടുങ്ങിയ ആ ഇടവഴികളിലൂടെ അവിടെ ശ്വാസംമുട്ടി കഴിയുന്ന ജനങ്ങളെക്കുറിച്ച് രാധേശ്യാം നൽകിയ വിവരണങ്ങളും പരാമർശങ്ങളും ശ്രദ്ധിച്ചും, ചെറുക്ഷേത്രങ്ങളും ഹനുമാൻ കോവി

ലുകളും പൂവും കുങ്കുമവും കൊണ്ടലങ്കരിച്ച മുർത്തികൾ സ്ഥാപിച്ച മണ്ഡപങ്ങളും തറകളും കണ്ടും, ഗോലികളിയിലും കുട്ടിയുംകോലും കളിയിലും ഏർപ്പെട്ടിരുന്നു ബഹളമുണ്ടാക്കുന്ന കൊച്ചുകുട്ടികളുടെ ഇടയിലൂടെ അവരെ നോക്കിയും ശ്രദ്ധിച്ചും, പശുക്കളെയും വഴിപോക്കരെയും മുട്ടിയും മുട്ടാതെയും ഒഴിഞ്ഞും തിരിഞ്ഞും മൂന്നുനാല് ഇടവഴികൾ പിന്നിട്ട് സജ്ജനും സംഘവും തുറസ്സായ ഒരിടത്ത് എത്തി. അവിടെ ആളുകൾ കൂടി നിന്നിരുന്നു.

നേരെ മുന്നിലായി ഒരു പഴയ വലിയ വീട്. അതിന്റെ വാതിൽ ക്കൽ രണ്ടു പോലീസുകാർ നിന്ന് ജനങ്ങൾ അകത്തേക്കു കടക്കുന്നത് തടയുകയാണ്. ഇടതുവശത്ത് ഒരു മൈതാനം. അത് റോഡിൽ ചെന്നവസാനിക്കുന്നു. റോഡിൽ പോലീസിന്റെ പിക്അപ് വാൻ നിൽക്കുന്നു. മൈതാനത്തും ആളുകൾ കൂടിനില്പുണ്ട്.

അതിനിടെ ഉള്ളിൽ നിന്ന് ഇൻസ്പെക്ടർ ഇറങ്ങിവന്നു. അദ്ദേഹം ഒരു ശിപായിയോട് എന്തോ പറഞ്ഞു. അയാൾ ഓടി പിക് അപ് വാനിനടുത്തേക്ക് പോയി. ഇൻസ്പെക്ടർ ജനക്കൂട്ടത്തെ ഒന്നു നോക്കിയിട്ട് ദേഷ്യത്തിൽ പറഞ്ഞു. "എന്താ ഇവിടെ മിഠായിവിതരണം ചെയ്യുന്നോ? പോകിൻ! അല്ല അങ്ങും വന്നിട്ടുണ്ടോ?" സജ്ജനെ കണ്ടിട്ട് അദ്ദേഹം ചോദിച്ചു.

"അവർക്ക് എങ്ങനെയുണ്ട്?" സജ്ജൻ ചോദിച്ചു.

"ആശുപത്രിയിൽ കൊണ്ടിടണം. പക്ഷേ രക്ഷപ്പെടുന്നകാര്യം സംശയമാണ്."

"പൊള്ളൽ ഗുരുതരമാണോ?"

"അതെ. ശരിക്കു വെന്തു. പക്ഷേ അതിലും കൂടുതൽ അപകടം ഷോക്ക് ഏറ്റതാണ്. ഇപ്പോൾ ഇൻജക്ഷൻ കൊടുത്തു. എനിക്കുതോന്നുന്നത് രക്ഷപ്പെടില്ലെന്നാണ്" എന്നു പറഞ്ഞുകൊണ്ട് ഇൻസ്പെക്ടർ അകത്തേക്കു നടന്നു.

സജ്ജൻ മടിച്ചു നിന്നിട്ട് ചോദിച്ചു: "ഞാനും...."

"വരണം. വരണം." ഇൻസ്പെക്ടർ അയാളുടെ കയ്യിൽപിടിച്ച് വലിച്ചുകൊണ്ട് അകത്തേക്കു പോയി. വാതിലിനുള്ളിൽ ചെറിയൊരുമുറ്റം. അതിന്റെ മൂന്നു വശത്തായി മൂന്നു വീടുകൾ. മാസ്റ്റർ ജഗദംബസഹായുടെ പൂർവികരുടെ പ്രഭാവമെല്ലാം ഇപ്പോൾ അസ്തമിച്ചു കഴിഞ്ഞിരിക്കുകയാണ്. പൂശിയ വെള്ള അടർന്നു വീണ ചുമരുകളിൽ ഇഷ്ടികകൾ അങ്ങിങ്ങു തെളിഞ്ഞുകാണാം. നേരെ മുമ്പിലുള്ള വീട്ടിലാണ് ഉടമസ്ഥൻ താമസിക്കുന്നത്. കമാനം വച്ച വലിയ വരാന്ത. അതിന്റെ ഇടതുവശത്തായി ഇരട്ടപ്പാളികളുള്ള വലിയ വാതിൽ. വലതുവശത്ത് വലിയൊരു ഹാളാണ്.

വരാന്തയിലും ഹാളിലും മുറ്റത്തും പോലീസ് നിൽപ്പുണ്ട്. പെണ്ണ് കമ്മ്യൂണിസ്റ്റാണെന്നു സംശയം തോന്നിയ സന്ദർഭത്തിൽതന്നെ പോലീസ് വീടു പരിശോധനയും നടത്തി. പക്ഷേ ഒന്നും കിട്ടിയില്ല.

ഇവർ വാതിലിനകത്തേക്കു കടന്നപ്പോൾ ഒരു പോലീസുകാരൻ അങ്ങോട്ടു വന്നു. അയാളെ കണ്ട് ഇൻസ്പെക്ടർ അവിടെതന്നെ നിന്നു.

കോൺസ്റ്റബിൾ അടുത്തെത്തി സല്യൂട്ട് ചെയ്തിട്ട് പറഞ്ഞു. പോലീസ് സ്റ്റേഷനിലേക്ക് വയർലെസ്സ് ചെയ്തു അങ്ങുന്നേ. മിർസാജിയാണ് അറൻഡു ചെയ്തത്. ആശുപത്രിയിൽനിന്നും വണ്ടി അയച്ചിട്ടുണ്ടെന്ന് അദ്ദേഹം മെസേജ് തന്നു."

"ശരി" ഇൻസ്പെക്ടർ മൂളി "ങാ, പിന്നെ എവിടെ നിന്നെങ്കിലും രണ്ടു കസേര എടുപ്പിച്ച് വെയിലുള്ളിടത്തിടീക്ക്."

ശിപായി ഹാളിലേക്കുപോയി. ഇൻസ്പെക്ടർ സജ്ജനോടായി പറഞ്ഞു "ഇന്നു രാവിലെ മുതൽ ചായ പോലും കഴിച്ചിട്ടില്ലെന്നു പറഞ്ഞാൽ താങ്കൾ വിശ്വസിക്കുമോ? ഇതാണ് നശിച്ച പോലീസ് ഉദ്യോഗം. രാവിലെ എഴുന്നേറ്റ് പേപ്പർ നോക്കുകയായിരുന്നു-ങാ! താങ്കളെക്കുറിച്ചുള്ള ആർട്ടിക്കിളും ഒന്നു കണ്ണോടിച്ചു. അപ്പോഴേക്കും ബാബു സാലിഗ്രാം എത്തി. തെരഞ്ഞെടുപ്പിനെ സംബന്ധിച്ച ചില അത്യാവശ്യകാര്യങ്ങൾ അദ്ദേഹത്തിനു പറയാനുണ്ടായിരുന്നു. അപ്പോഴാണ് പ്രേതം കണ്ടെടുത്ത റിപ്പോർട്ടു കിട്ടിയത്. സംശയം വച്ചുകൊണ്ട് ജഗദംബ സഹായുടെ വീടു വളയാൻ·സാലിഗ്രാം നിർദേശിച്ചു. ഈ വീട്ടിൽ കമ്മ്യൂണിസ്റ്റുകാരുടെ പ്രൊപഗാണ്ടാ മെറ്റീരിയൽ കാണുമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. പിന്നെ അങ്ങയ്ക്കു തന്നെ ഊഹിക്കാമല്ലൊ. ചായയും പ്രാതലും എങ്ങനെ നടക്കുമെന്ന്."

കസേരകൾ വന്നു. അതിലൊന്നിൽ ഇരുന്നിട്ട് സജ്ജൻ കീശയിൽ നിന്ന് സിഗററ്റ് കേസ് എടുത്തു. ആനക്കൊമ്പു കൊണ്ട് ഒരു ഗോപുരത്തിന്റെ മാതൃകയിൽ കൊത്തിയുണ്ടാക്കിയ ആ സിഗററ്റുകേസ് മൈസൂറിൽ നിന്നും പ്രത്യേകം ഓർഡർ കൊടുത്ത് ചെയ്യിച്ചു വരുത്തിയതാണ്. മധ്യത്തായി നടരാജന്റെ സുന്ദരരൂപം കൊത്തിയിട്ടുണ്ട്. സജ്ജൻ സിഗററ്റു കേയ്സു പുറത്തെടുത്ത ഉടനെ തന്നെ ഇൻസ്പെക്ടർ ശുക്ല അതു കയ്യിൽ വാങ്ങി. കുറച്ചു നേരം അതിൽത്തന്നെ നോക്കിയിരുന്നശേഷം തുറന്ന് സജ്ജന്റെ നേർക്കു നീട്ടിയിട്ടു പറഞ്ഞു "മൈഥിലീശരൺഗുപ്തയുടെ ആ വരികൾ - ഏതാ അത്. പണ്ട് സ്കൂളിൽ പഠിച്ചതാണ് നിന്നിൽ നിന്നു ലഭിച്ചതാം വസ്തു നിനക്കുതന്നെ എങ്ങനെ നൽകും എന്നോ മറ്റോ..."

സജ്ജൻ ഒരു സിഗററ്റ് അതിൽ നിന്നെടുത്തു; കീശയിൽ നിന്ന് സിഗററ്റ് ലൈറ്ററും. ഇൻസ്പെക്ടറും ഒരു സിഗററ്റെടുത്തിട്ട് കേസ് അടച്ചു. എന്നിട്ട് അതിന്റെ പുറത്തെ കൊത്തുപണികൾ സൂക്ഷിച്ചു നോക്കിയിട്ട് പറഞ്ഞു. "നിങ്ങൾ കലാകാരന്മാർ ഈ സുന്ദരവസ്തുക്കൾ തട്ടി എടുക്കുന്നത് എവിടെ നിന്നാണാവോ?"

"താല്പര്യമുള്ളവർക്ക് അതനുസരിച്ച് എല്ലാം കിട്ടും" സിഗററ്റിനു തീ പിടിപ്പിച്ചുകൊണ്ട് സജ്ജൻ പറഞ്ഞു.

ഇൻസ്പെക്ടർ വാതിൽക്കൽ നിന്നിരുന്ന കോൺസ്റ്റബിളിനെ വിളിച്ചു

"ഷേർ ആലി."

"ഉത്തരവ് അങ്ങുന്നേ...."

"എടോ, അകത്തൊന്നു പോയി നോക്ക്, നാശം പിടിച്ചവൾ ചത്തോ ഇല്ലയോ എന്ന്."

ഷേർ ആലി അകത്തേക്കു പോയി. സജ്ജൻ ചോദിച്ചു "പോലീസ് വേഷമിട്ടാൽ മനുഷ്യന്റെ ദയയും കരുണയുമെല്ലാം നശിക്കും അല്ലേ?"

"എന്തു ചെയ്യാം മിസ്റ്റർ. എന്നും ഇത്തരത്തിലുള്ള സംഭവങ്ങൾ കാണുകയല്ലേ? ഈ പോലീസുദ്യോഗത്തിലിരിക്കുമ്പോൾ പലപ്പോഴും തോന്നാറുണ്ട്, മനുഷ്യത്വമെന്നൊക്കെപ്പറയുന്നത് വെറും മിഥ്യയാണെന്ന്. പോലീസിന്റെ ഡയറി

എടുത്തു നോക്കൂ. അപ്പോഴറിയാം. ഈ അമ്പലവും പള്ളിയും മതവും ധർമവും അതുപോലെ നിങ്ങളുടെ ഈ ആർട്ടും കൾച്ചറും എല്ലാം വെറും പൊള്ളയാണെന്ന്. സത്യം ആ ഡയറി മാത്രമാണ്. ആയിരമായിരം വർഷങ്ങൾ കഴിഞ്ഞിട്ടും ഈ സൽകൃത്യങ്ങൾ മനുഷ്യന്റെ മേൽ യാതൊരു പ്രഭാവവും ചെലുത്തിയിട്ടില്ല. ങാ, എന്തായി?"

ഇൻസ്പെക്ടർ സംസാരിച്ചുകൊണ്ടിരുന്നതിനിടയിൽ ഷേർ ആലി മടങ്ങി വന്ന് അടുത്ത് മിണ്ടാതെ നിൽക്കുകയായിരുന്നു. അദ്ദേഹം ചോദിച്ചതിന് അയാൾ ഇങ്ങനെ ഉത്തരം നൽകി. "ഇപ്പോഴൊന്നും പറയാനൊക്കില്ലെന്നാണ് ഡോക്ടറദ്ദേഹം പറയുന്നതങ്ങുന്നേ...."

"കൊന്നു... നാശം പിടിച്ചവൾ. ഇന്നു പട്ടിണി തന്നെ."

"ഈ ചീത്ത പറയാനുള്ള അധികാരം അങ്ങേക്ക് ആരു തന്നു?" പിന്നിൽ, ഹാളിന്റെ വാതിൽക്കൽ നിന്നിരുന്ന വെളുത്ത സുന്ദരിയായ ഒരു യുവതി ചോദിച്ചു.

ശുക്ലാജിയുടെ ചുമൽ ഉയർന്നു. തന്റെ അധികാരത്തെ ചോദ്യം ചെയ്യുന്നതാരാണെന്ന ഭാവത്തിൽ അദ്ദേഹം തിരിഞ്ഞുനോക്കി. സജ്ജൻ ഇരിക്കുന്നിടത്തു നിന്നു നോക്കിയാൽ ആ വെളുത്ത മുഖം കാണാം. ഈ മുഖം പലപ്പോഴും കണ്ടിട്ടുണ്ട്. ഒരിക്കലോ മറ്റോ ഏതോ സംഘത്തിൽ വച്ച് സംസാരിച്ചതായും ഓർമയുണ്ട്. പക്ഷേ ആരാണെന്നറിയില്ല. ആ യുവതിയുടെ വട്ടമുഖത്തും വലിയ കണ്ണുകളിലും ആവേശം നിഴലിച്ചിരുന്നു.

ഇൻസ്പെക്ടർ പുഞ്ചിരിച്ചിട്ടു പറഞ്ഞു "എന്തു ചെയ്യാം. നമ്മുടെ പഴയ യജമാനന്മാർ ഇംഗ്ലീഷുകാരായിരുന്നു. അവരും ചീത്ത പറയുമായിരുന്നു. പുതിയ കോൺഗ്രസ്സു വന്നപ്പോൾ അവരും വിളിച്ചു. ഇനി നിങ്ങളുടെ കമ്യൂണിസ്റ്റു ഭരണം വരുമ്പോൾ ഒരു പക്ഷേ ചീത്തവിളി നിലച്ചേക്കാം."

സജ്ജനെ പരിചയ ഭാവത്തിൽ ഒന്നു നോക്കിയിട്ട് തിരിഞ്ഞ് ഇൻസ്പെക്ടറോട് ഇങ്ങനെ പറഞ്ഞിട്ട് അവൾ അകത്തേക്കു പോയി.

"അന്നു നിങ്ങളെപ്പോലുള്ളവരെ തല്ലിത്തല്ലി ഈ സ്വഭാവം മാറ്റും."

ജ്വലിച്ചുവന്ന കോപം ഉള്ളിലൊതുക്കിയിട്ട് സജ്ജന്റെ നേരെ ഒരു പുഞ്ചിരിയോടെ പറഞ്ഞു "അതല്ലേ കമ്യൂണിസ്റ്റുകാരുടെ രാജ്യം വരാതെ ഞങ്ങൾ നോക്കുന്നത്; അല്ലേ, സാഹബ്?"

"ക്ഷമിക്കണം. ഈ തെറി പറയണ സ്വഭാവം എനിക്കും ഇഷ്ടമല്ല."

"ശരിയാണ്. അതു ചീത്ത സ്വഭാവമാണ്. എന്തു ചെയ്യാം. ഈ പോലീസുദ്യോഗത്തിൽ തെറി പറയാതെ ഭരണം നടക്കില്ല."

പുറത്തുനിന്ന കോൺസ്റ്റബിൾ ഉള്ളിൽ വന്നിട്ട് പറഞ്ഞു "അങ്ങുന്നേ, ആശുപത്രിയിൽ നിന്നു വണ്ടി വന്നിട്ടുണ്ട്."

"വന്നോ? ശരി. ഡോക്ടറദ്ദേഹത്തോടു പോയി ചോദിക്ക്, രോഗിയെ കൊണ്ടുപോകാവുന്ന സ്ഥിതിയിലാണോ എന്ന്. ഞാൻ അദ്ദേഹത്തെ കണ്ടിട്ട് വരാം. സജ്ജൻ, താങ്കൾ ഇവിടെത്തന്നെ ഇരുന്നോളൂ."

"ശരി. പക്ഷേ എനിക്ക് പോകാൻ നേരമായി."

"കുറച്ചിരിക്കൂന്ന്! ഞാനിതാ വരുന്നു." ഇൻസ്പെക്ടർ അകത്തേക്കു പോയി. കോൺസ്റ്റബിൾ പുറകെയും.

സജ്ജൻ കീശയിൽ നിന്ന് സിഗററ്റു കേസെടുത്തു. അയാൾ ആലോചിച്ചു.

വെറുതെ വേണ്ടാത്ത കുരുക്കിൽ ചെന്നു വീണു. രോഗിക്ക് എങ്ങനെയുണ്ടോ എന്തോ? പൊള്ളലേറ്റപ്പോൾ അവൾക്കു വിഷമം തോന്നിയിരിക്കില്ലേ? ഹൊ! എന്തൊരു ദുരിതപൂർണമായ മരണമായിരിക്കും, സങ്കല്പിച്ചപ്പോൾ തന്നെ സജ്ജന്റെ രോമങ്ങൾ എഴുന്നേറ്റുനിന്നു.

ആ യുവതി വീണ്ടും വന്നു. അടുത്തെത്തി ഒഴിഞ്ഞ കസേരയിൽ പിടിച്ചു കൊണ്ടു നിന്നു. സജ്ജൻ മാന്യതയോടെ എഴുന്നേറ്റ് 'ഇരിക്കണം' എന്നു പറഞ്ഞു.

"താങ്കൾ ഇവിടെ എന്തിനു വന്നു?"

ഇംഗ്ലീഷിലായിരുന്നു ചോദ്യം. തികച്ചും ഗൗരവമായ സ്വരത്തിൽ ചോദിച്ച ആ ചോദ്യം സജ്ജനെ ഞെട്ടിച്ചു. "ഈ പോലീസുകാരുമായുള്ള ചങ്ങാത്തം അങ്ങ് എപ്പോൾ തുടങ്ങി? ഇങ്ങനെ തുറന്നു ചോദിച്ചതിൽ ക്ഷമിക്കണം."

സജ്ജൻ ഗംഭീരസ്വരത്തിൽ മറുപടി നൽകി.

"മറ്റുള്ളവരെല്ലാം വന്നപോലെ വിവരം കേട്ടു വന്നതാണ്. മി. ശുക്ലയാണ് അകത്തു കൂട്ടിക്കൊണ്ടു വന്നത്. ഞങ്ങൾ പരിചിതരാണ്."

"പോലീസുകാരുടെ പരിചയം വച്ചു കൊണ്ടു താങ്കളും ആരുടെയെങ്കിലും ദൗർബല്യത്തിൽനിന്ന് മുതലെടുക്കുകയാണോ?" തീക്ഷ്ണമായിരുന്നു ആ സ്വരം.

സജ്ജന്റെ ശിരസ്സു താണു. "ക്ഷമിക്കണം. തെറ്റുപറ്റി. ഞാനിറങ്ങുന്നു."

"ഞാനങ്ങയോടു പോകാൻ പറഞ്ഞില്ലല്ലോ" പഴയതിലും നമ്രമായി യുവതിയുടെ സ്വരം. "മറ്റെപ്പോഴെങ്കിലുമാണ് വന്നിരുന്നതെങ്കിൽ അതൊരു ഭാഗ്യമായി കരുതിയേനെ. എന്റെ അച്ഛനുംസഹോദരപത്നിയുമാണ് കുറ്റവാളികളെന്ന് അങ്ങേക്കും അറിയാമല്ലൊ."

"അതെനിക്കറിയില്ലായിരുന്നു. മറ്റൊന്നും വിചാരിക്കരുത്. നിങ്ങളെയും ഞാനറിയില്ല. പലപ്പോഴും കണ്ടിട്ടുണ്ട്. നിങ്ങൾ ഒരു പക്ഷേ കമ്യൂണിസ്റ്റു പാർട്ടിയിൽ പ്രവർത്തിക്കുന്നുണ്ടാവാം."

"ഇല്ല. ഞാൻ കമ്യൂണിസ്റ്റല്ല. പക്ഷേ പാർട്ടിയിൽ പെട്ടവരുമായി എനിക്കു ബന്ധമുണ്ട്." യുവതി മറുപടി പറഞ്ഞു.

"നിങ്ങളുടെ ഈ വീട്ടിനാപത്തു വന്നത് നിങ്ങൾ കാരണമാണെന്നറിയാമോ?" സജ്ജൻ ചോദിച്ചു.

യുവതി അയാളുടെ മുഖത്തേക്കു നോക്കി. സജ്ജൻ തുടർന്നു "ഇവിടെ കമ്യൂണിസ്റ്റുപാർട്ടിയിൽ പെട്ടവർ ഒന്നിച്ചുകൂടാറുണ്ടായിരുന്നു. അക്കാരണത്താൽ ഈ വീട് ശ്രദ്ധിക്കപ്പെട്ടിരുന്നു. അതുകൊണ്ടാണ് നിങ്ങളുടെ വീട്ടിലുണ്ടായ ഈ കുറ്റം...."

"ആരുടെ കുറ്റം?... എന്റെ അച്ഛന്റെയോ ചേട്ടത്തിയുടെയോ?" ചോദ്യം കേട്ട് സജ്ജൻ നിമിഷനേരം അറച്ചുനിന്നു. ആലോചിച്ചു; എന്നിട്ട് പറഞ്ഞു "രണ്ടുപേരുടെയും. പക്ഷേ നിങ്ങളുടെ ചേട്ടത്തി ഈ കാരണംകൊണ്ട് ഇപ്പോൾ..."

"എന്റെ അച്ഛന്റെ തെറ്റിന് അവൾ ശിക്ഷ അനുഭവിക്കുകയാണ്" എന്നു പറഞ്ഞിട്ട് അവൾ പോകാൻ തുടങ്ങി. എന്തോ ചിന്തിച്ചിട്ട് വീണ്ടും ചോദിച്ചു.

"ചേട്ടത്തിയുടെ തെറ്റ് എന്താണ്? നിറഞ്ഞ യൗവനത്തിൽ വിധവയായതോ അതോ അമ്മയായതോ?"

യുവതി ആവേശഗ്രസ്തയാണെന്ന് സജ്ജനു മനസ്സിലായി. പൊട്ടിത്തെറിക്കാൻ ഒരുമ്പെട്ടു നില്ക്കുകയാണവൾ. അവളെ സാന്ത്വനിപ്പിക്കാനായി മധുര

സ്വരത്തിൽ സജ്ജൻ പറഞ്ഞു.

"ഇതിൽ ഞാനവരെ കുറ്റക്കാരിയായി കാണില്ല. പക്ഷേ കുഞ്ഞിനെ കൊന്ന തിനു തീർച്ചയായും....."

"അതെന്റെ അച്ഛനാണ് ചെയ്തത്. എല്ലാവിധത്തിലും അദ്ദേഹം ചേട്ടത്തി യോട് അന്യായമാണു ചെയ്തത്. എനിക്കതറിയാം ഞാനാണു പറയുന്നത്."

യുവതിയുടെ വെളുത്ത് വടിവൊത്ത മുഖം വീണ്ടും ആവേശം കൊണ്ടു ചുവന്നു. പോകാനായി അവൾ ഒരു ചുവടുവെച്ചു. പിന്നെ ഒന്നറച്ചു നിന്നിട്ട് സ്വയമെന്നോണം പറഞ്ഞു "ചേട്ടത്തിയുടെ തെറ്റ് ഒന്നു മാത്രം. അവർ സ്ത്രീയാ യിപ്പോയത്. സാമ്പത്തികമായി സ്വതന്ത്രയല്ലാതായത്...."

കണ്ണുകൾ താഴോട്ടു പായിച്ച് തലയും കുനിച്ചവൾ നിന്നു. നിശ്ശബ്ദനായി സജ്ജൻ അവളെത്തന്നെ നോക്കി നിന്നു. താൻ കാണാത്ത ആ ശിക്ഷിക്കപ്പെട്ട വളെക്കുറിച്ച് അയാളുടെ മനസ്സിൽ സഹാനുഭൂതി വളർന്നു. അതേ സഹാനു ഭാവം ഇതെല്ലാം അറിയിച്ചവളോടും തോന്നി. അഴിഞ്ഞുലഞ്ഞ ചുരുളൻമുടി. വേദന സ്ഫുരിക്കുന്ന വലിയ കണ്ണുകൾ. കോപവും ആവേശവും കൊണ്ട് തുടു ത്തുചുവന്ന മുഖം. ആ മുഖത്തേക്കു നോക്കിനിൽക്കെ സജ്ജനുതോന്നി ഇവളെ പ്രേമിച്ചാലോ........ അടുത്ത നിമിഷത്തിൽ സ്വയം നാണം തോന്നി. സ്വയം ദേഷ്യ പ്പെട്ടു. അയാൾ നോട്ടം താഴത്തേക്കാക്കി.

"അങ്ങ് ഒരുപകാരം ചെയ്യുമോ? ഈ പോലീസുകാരോട് ഇവിടെ നിന്ന് വേഗം മാറിത്തരാൻ പറയുമോ. ഞങ്ങൾക്ക് ഉറക്കെ ഒന്നു കരയാൻ പോലും സൗകര്യം തരുന്നില്ല."

വലിയ ആ കണ്ണുകളിൽ ജലം വാർന്നു കൂടി. ചുണ്ടിന്റെ അഗ്രം വിറച്ചു. സജ്ജൻ ആ മുഖത്തേക്കു നോക്കി. വീണ്ടും നോട്ടം താഴോട്ടാക്കി. "ഛേ....! സ്ത്രീയെന്നാൽ ഭോഗവസ്തു മാത്രമാണോ" അയാൾ സ്വയം ചോദിച്ചു. യുവതി തിടുക്കത്തിൽ ഹാളിലേക്കു നടന്നു പോയി.

7

"ആകാശവാണി ലഖ്നൗ, ഇലാഹാബാദ്, പാറ്റ്ന നിലയം. ഇതു വരെക്കേട്ടത് നിങ്ങളാവശ്യപ്പെട്ട ചലച്ചിത്രഗാനങ്ങൾ. ഇതോടെ...."

താര എഴുന്നേറ്റു ചെന്ന് റേഡിയോയുടെ സൂചി ലാഹോറിലേക്കു തിരിച്ചു വച്ചു.

"ഛാ ഛാ ഛാ ബാജേപായൽ മോരി-
ആജാ ചോരി, ചോരി ആജാ ചോരി ചോരി."

ഹിന്ദുസ്ഥാനിൽ തകർന്ന സംഗീതത്തിന്റെ തന്ത്രികളെ പാകിസ്ഥാന്റെ ചല ച്ചിത്രഗാന പരിപാടി കൂട്ടിച്ചേർത്തു. ശ്രോതാക്കൾക്ക് പുതിയൊരുണർവുണ്ടായി.

താര മടങ്ങി വന്ന് കട്ടിലിൽ ചാരി ഇരുന്നു. കട്ടിലിന്റെ കാൽക്കൽ കൈ തല യിണയാക്കി കിടക്കുകയാണ് ചെറിയവൾ. കമ്പളം വിരിച്ച ചാരുകസേര കട്ടിലി നോടു ചേർത്തുവച്ച് അതിൽ മൂത്തവൾ സ്ഥാനം പിടിച്ചിരിക്കുന്നു. താര വന്നി

രുന്ന ഉടനെ പറഞ്ഞുകൊണ്ടിരുന്ന വർത്തമാനത്തിന്റെ ചരട് ചെറിയവൾ വീണ്ടും കയ്യിലെടുത്തു. "നന്ദോനാത്തൂന്റെ ഭർത്താവിനെ ഞാൻ കണ്ടിട്ടുണ്ട്. എന്റെ കുഞ്ഞമ്മയുടെ ജ്യേഷ്ഠന്റെ ഭാര്യയുടെ അനന്തിരവളെയാണ് അയാൾ രണ്ടാം വിവാഹം ചെയ്തത്. ഒരു പഴഞ്ചൻ മട്ടുകാരനാണ് എങ്കിലും മര്യാദക്കാരൻ. കാണാനും തരക്കേടൊന്നുമില്ല."

"സാക്ഷാൽ കാമദേവൻ വന്നാൽത്തന്നെ ഇവൾക്കുപോരാ. പിശാചല്ലേ പിശാച്.! ങാ, നിനക്ക് ഒരു കാര്യം കേൾക്കണോ" മിന്നൽ വേഗത്തിൽ മൂത്ത വൾ കസേരവിട്ട് കട്ടിലിലേക്കു വന്നു. മൂത്തവളുടെ ആവേശവും തിടുക്കവും കണ്ട് ഇളയവൾ പെട്ടെന്ന് കിടപ്പുവിട്ടെണീറ്റിരുന്നു.

സ്ത്രീയുടെ ശരീരസൗന്ദര്യത്തിന് മാറ്റുകുറയ്ക്കുമെങ്കിലും അവളുടെ മന സ്സിനെ വിളക്കുന്ന സൃഷ്ടികർമ്മത്തിന്റെ പ്രത്യേകതകൊണ്ടാകർഷണീയത വന്ന സുമംഗലിയായ താര ഏഴെട്ടുമാസത്തെ ഗർഭാവസ്ഥ അനുവദിക്കുന്നത്ര സ്വാതന്ത്ര്യം പരമാവധി വിനിയോഗിച്ച് ഉത്സുകതയോടെ നിവർന്നിരുന്നു.

മൂത്തവൾ ഇടത്തേക്കാൽ വളച്ച് ചമ്രം പടിഞ്ഞിരുന്നിട്ട് വലത്തെ മുട്ട് അതിൻമേൽ കയറ്റിവച്ച് കൈവിരൽകൊണ്ട് മുദ്രകളും ആംഗ്യങ്ങളും കാണിച്ചു കൊണ്ട് കുശുകുശുക്കുംമട്ടിൽ പറഞ്ഞുതുടങ്ങി "നന്ദോനാത്തൂന്റെ പെട്ടി യിൽനിന്ന് കുറെ ഫോട്ടോകൾ കിട്ടി. ഒരു ഡസൻ ഫോട്ടോ. ഒന്നാം ക്ലാസ്സ് സാധനം......"

"എന്തു ഫോട്ടോ?" ഇളയവൾ ഔത്സുക്യത്തോടെ ചോദിച്ചു. താരയുടെ കണ്ണു കളിലും പ്രശ്നഭാവം നിഴലിച്ചു.

മൂത്തവൾ അതേ സ്വരത്തിൽ തുടർന്നു. "ബസ്സാറിൽ ചിലപ്പോൾ വരാറില്ലേ? അതുമാതിരിയുള്ള ചീത്ത ഫോട്ടോകൾ. അതുകണ്ടെന്റെ തൊലി പൊളിഞ്ഞു പോയി. ഹൊ....." അവളുടെ ശബ്ദത്തിനിടർച്ച വന്നു. ശരീരത്തിൽ വികാര ത്തിന്റെ തിരമാലകളുയർന്നു. കണ്ണുകൾ ഉന്മത്തമായി.

താര ചോദിച്ചു "നിങ്ങൾ ആ ഫോട്ടോകൾ കണ്ടോ?"

"അതേ, കണ്ടു. രാവിലെ നമ്മുടെ ആൾ നന്ദോനാത്തൂന്റെ ഓരോ സാധന ങ്ങളും എടുത്തു പരിശോധിച്ചു. വേറെ വല്ലതും മോഷ്ടിച്ചു വച്ചിട്ടുണ്ടോ എന്ന റിയാൻ. ഇതുകണ്ട് ആകെ ചൂടായി. ഇളയവളോടു ചോദിച്ചുനോക്കു. നമ്മുടെ യാളിന്റെ സ്വഭാവം നിങ്ങൾക്കും അറിയാമല്ലോ. ചൂടായാൽപ്പിന്നെ ഗവർണർ സായിപ്പ് വന്നു മുൻപിൽ നിന്നാലും അറിയില്ല."

മൂത്തവളുടെ ഭർത്താവായ മണിയൻ സ്വല്പം രസികനും തന്നിഷ്ടക്കാരനു മാണ്. ആദ്യമൊക്കെ അയാൾ ഭാര്യയെ ലാളിക്കുമായിരുന്നു. കുറച്ചുകാലം അതൊക്കെ നടന്നു. പിന്നെ മണിയന്റെ ഇഷ്ടത്തിനനുസരിച്ചേ കാര്യങ്ങൾ നടന്നിരുന്നുള്ളൂ. മണിയനെക്കാണുമ്പോൾത്തന്നെ അവൾ ഭയന്നു വിറയ്ക്കും. അവിവാഹിതനായ ഭർത്തൃസഹോദരനോട് അവൾക്കു സ്നേഹമായിരുന്നു. നന്ദോയെ കണ്ണെടുത്താൽ കണ്ടുകൂട. സഹോദരനോട് നുണയും കൊതിയും പറഞ്ഞ് അവളെ അടിപ്പിക്കും. സ്വന്തം വരുതിയിൽ നിറുത്താൻ വേണ്ടി നന്ദോ മണിയന് സന്തോയുടെ പുത്രവധുവുമായി അടുപ്പമുണ്ടാക്കിക്കൊടുത്തു. ഇക്കാ രണത്താലെല്ലാം നന്ദോയ്ക്കു തല്ലു കിട്ടിയപ്പോൾ മൂത്തവൾക്ക് സന്തോഷമായി.

സംസാരം തുടരുന്നതിനിടയിൽ ഇളയവൾ പുറത്ത് മിസ്റ്റർ വർമയുടെയും,

അതോടൊപ്പം തന്റെ ഭർത്താവിന്റെയും സ്വരം കേട്ടു. അവൾ അമ്പരന്നു. ഒപ്പം സന്തോഷവും തോന്നി. ചാരുകസേരയിലിരുന്ന അവൾ എണീറ്റ് വാതിലിനരികിലെത്തി. മി. വർമയെ കൈകൂപ്പി തൊഴുതു. ഭർത്താവിന്റെ നേരെ നോക്കി എന്തോ ചോദിക്കാനൊരുമ്പെട്ടപ്പോഴേക്കും മിസ്റ്റർ വർമ പറഞ്ഞു "ഇതാ നിങ്ങളുടെ ഓടിപ്പോയ തടവുപുള്ളിയെ അറസ്റ്റു ചെയ്തു കൊണ്ടുവന്നിരിക്കുന്നു."

ഇളയവളുടെ മുഖത്ത് നാണം കലർന്ന പുഞ്ചിരി വിടർന്നു. താര കുസൃതി നിറഞ്ഞ ഒരു നോട്ടം അവളുടെ നേർക്കയച്ചിട്ട് പൊട്ടിച്ചിരിച്ചു.

ശങ്കർലാൽ വർമയോടായി പറഞ്ഞു "എങ്കിൽപ്പിന്നെ ഇങ്ങനെ പറയാം. ഓടിപ്പോയ രണ്ടു തടവുപുള്ളികൾ അന്യോന്യം പിടികൂടി യജമാനന്മാരുടെ അടുക്കൽ ഹാജരാക്കിയിരിക്കുകയാണെന്ന്."

നാലുപേരുടെയും പൊട്ടിച്ചിരി ഒറ്റ ശബ്ദമായി മുഴങ്ങി.

കട്ടിൽക്കാൽക്കൽ ചെവി പുറത്തേക്കു കൂർപ്പിച്ച് ഇരുന്നിരുന്ന മൂത്തവളുടെ ഹൃദയത്തിൽ കൗതുകം വർധിച്ചു. ഇവരെന്തൊക്കെയോ പറയുന്നു. താരയോടും ഇളയവളോടും, പ്രത്യേകിച്ചും തന്റെ ഭർത്താവിന്റെ അനുജന്റെ ഭാര്യയായ ഇളയവളോട്, ഒട്ടൊക്കെ അസൂയയാണവൾക്ക്. എങ്കിലും പിണക്കമൊന്നുമില്ല. താരയ്ക്കും ഇളയവൾക്കും സ്വന്തം അസ്തിത്വം ഇല്ലെന്നും അവരിപ്പോൾ തന്റെ രസത്തിനുള്ള മാധ്യമങ്ങൾ മാത്രമാണെന്നും അവൾക്കു തോന്നി. അനിയന്റെ ശബ്ദം കാതിൽപ്പെട്ടു. "സ്വരൂപ് ചെല്ല്. വീട്ടിൽ ചെന്ന് പെട്ടെന്നു തയ്യാറാക്. പിന്നെ..."

"നിൽക്കൂ, ചായ കുടിച്ചിട്ടു പോകാം" താരയുടെ ശബ്ദം. "വേണ്ട. എന്തിനു വെറുതെ ബുദ്ധിമുട്ടുന്നു" ശങ്കർ ലാലിന്റെ വാക്കുകൾ മുറിച്ചിട്ട് വർമ പറയുകയാണ്. "ഇരിക്കൂന്ന്. നിങ്ങളുടെ പേരിൽ എനിക്ക് ഒരു കപ്പു ചായ കിട്ടുമല്ലോ. ഇല്ലെങ്കിൽ ഇവൾ തരില്ല."

"മിസ്സിസ്സ് വർമ ഇതു കേട്ടോ. പരാതി പറയുന്നത്."

"അങ്ങു കേട്ടാൽ മതി. എപ്പോഴും പരാതി പറയുന്നവരുടെ വാക്കുകൾ എത്ര കേൾക്കണം." താരയുടെ ശബ്ദം അകന്നകന്നുപോയി. നേരിയ ചിരിയെത്തുടർന്ന് മിസ്റ്റർ വർമയുടെ ശബ്ദം കേട്ടു. അദ്ദേഹം അനിയനോടു ചോദിക്കുകയാണ് "എന്താ, പിക്ചർ കാണാനുള്ള പ്രോഗ്രാം വല്ലതുമാണോ?"

"അതേ. ഒരു സ്നേഹിതനുണ്ട്. ഒരു പക്ഷേ താങ്കൾ കേട്ടിരിക്കും. വിരഹേശ്. 'ബഹാർ ആയീ രോ' എന്ന ചിത്രത്തിന്റെ ഗാനരചയിതാവ് അദ്ദേഹമാണ്."

"കേട്ടിട്ടുണ്ട്. ഇപ്പോൾ ആ സിനിമയിവിടെ നടക്കുകയാണല്ലോ. എങ്ങനെയുണ്ട്?" വർമ ചോദിച്ചു.

"പിന്നെയേ.." അകലെനിന്ന് താരയുടെ ശബ്ദം കേട്ടു. താര അടുക്കളയിലായിരിക്കുമെന്ന് മൂത്തവൾ ഊഹിച്ചു.

അകലെനിന്ന് മി. വർമയുടെ ശബ്ദം കേട്ടു. "ശങ്കർ ബാബു. ഞാനിതാ വരുന്നു."

"കേട്ടോ മി. വർമ ഒന്നും വേണ്ട. വന്നിരിക്കണം. വെറുതേ ബുദ്ധിമുട്ടേണ്ട കാര്യമില്ല."

"ഹേയ് ഒന്നുമില്ല. ഇതാ വരുന്നു." വർമയുടെ ശബ്ദം അകന്നകന്ന് ഇല്ലാതായി.

"വല്ല മധുരപലഹാരങ്ങളും വാങ്ങാൻ പോയതാവും" മൂത്തവൾ വിചാരിച്ചു. ശങ്കർലാൽ താരയോടു പറയുകയാണ് "മിസ്സിസ്സ് വർമ, നിങ്ങൾ അദ്ദേഹത്തെ വെറുതെ ബുദ്ധിമുട്ടിപ്പിച്ചു."

"കൊള്ളാം. വല്ലപ്പോഴുമല്ലേ നിങ്ങൾ ഇവിടെ വരാറുള്ളു? ഹേ സ്വരൂപ്, മോഹിനിയെ ഇങ്ങു വിളിക്ക്. അകത്തു പർദയുമിട്ടിരിക്കുകയാവും."

"എന്ത് ഏട്ടത്തിയും വന്നിട്ടുണ്ടോ?.. ഏട്ടത്തീ...." ശങ്കർലാൽ ശബ്ദമുയർത്തി വിളിച്ചു. പത്രം മറിക്കുന്ന ശബ്ദവും അതോടൊപ്പം കേട്ടു.

മോഹിനി സങ്കോചത്തോടെ എണീറ്റു. മുറിയുടെ വാതിലിനരികിൽ വന്നു നില്പായി. തളത്തിൽ സോഫയിലിരിക്കുകയാണ് ശങ്കർലാൽ. അവളുടെ നേരെ നോക്കിയിട്ടുപറഞ്ഞു "നിങ്ങൾ കൊള്ളാം. ആരുടെയോ ഹൃദയത്തിൽ കയറി ഒളിക്കുമ്പോലെ ഒളിച്ചിരിക്കുകയായിരുന്നോ? ഞാൻ വീട്ടിലെല്ലായിടത്തും അന്വേഷിച്ചു തളർന്നു."

"ഇതു റേഡിയോ പാകിസ്ഥാനാണ്. ചലച്ചിത്രഗാനങ്ങൾ...."

"മോഹിനീ, ആ റേഡിയോ ഒന്നു നിറുത്തിയേക്കൂ" താര അടുക്കളവരാന്തയിലെ തൂണിൽ ചാരിനിന്നുകൊണ്ട് വിളിച്ചു പറഞ്ഞു. സ്വരൂപ് സ്റ്റൗവിൽനിന്ന് ചായക്കെറ്റിൽ ഇറക്കിവച്ചിട്ട് പാൽചരുവം അടുപ്പിൽ വച്ചു. അനിയന്റെ വാക്കുകൾക്ക് മറുപടി നൽകിക്കൊണ്ടകത്തേക്കുപോയ മോഹിനി റേഡിയോ ഓഫ് ചെയ്തു. "ഹൃദയത്തിൽ ഒളിച്ചിട്ടുള്ളവരെത്തേടിയല്ലേ ഇങ്ങോട്ടുവന്നത്. എന്റെ പേരിൽ പഴി ചാരുന്നതെന്തിന്?"

റേഡിയോ മൂകമായി. വരാന്തയിൽനിന്ന് ശങ്കർലാലിന്റെ ശബ്ദം കേട്ടു. "കൊള്ളാം. എന്റെ ഹൃദയത്തിൽ ഇവൾ എവിടുന്ന്? ഇവളെന്താ പ്രകാശമാണോ? എന്റെ ഹൃദയത്തിൽ നിങ്ങളാണ്."

മോഹിനി പുഞ്ചിരിച്ചു കൊണ്ട് പുറത്തുവന്നു. അവളെ കണ്ടശേഷം ശങ്കർലാൽ വാചകം പൂർത്തിയാക്കി. "എന്റെ അല്ലെങ്കിലും ചേട്ടന്റെ ഹൃദയത്തിലല്ലേ? കാര്യം ഒന്നുതന്നെ."

താരയും സ്വരൂപും പുഞ്ചിരിക്കുന്നത് മോഹിനി കണ്ടു. അവരെ നോക്കിയിട്ട് മോഹിനി പറഞ്ഞു "ഇതാ പറയുന്നത് കേട്ടോ, കള്ളം പറയുന്നതിലാണ് നമ്മുടെ അനിയൻ എം.എ. പാസ്സായത്. ഏട്ടത്തി പിക്ചർ കാണാൻവരുന്നോ എന്നു വിളിച്ചില്ല. പുറംപൂച്ചിന് ഹൃദയത്തിന്റെ കാര്യം പറയുന്നു" എന്നു പറഞ്ഞു കൊണ്ട് അവൾ അടുക്കളവരാന്തയിലേക്കു നടന്നു.

ശങ്കർ മറുപടിയായി "ചേട്ടത്തിമാരെ വിളിക്കേണ്ടതില്ല. അവർ അവകാശങ്ങൾ പിടിച്ചുപറ്റുകയാണു ചെയ്യാറ്. ഞാൻ പറയുന്നത് ശരിയാണോ എന്ന് മിസ്സിസ്സ് വർമ പറയും."

കയ്യിൽ രണ്ടു പൊതികളുമായി മി. വർമ അപ്പോഴാണ് കടന്നുവന്നത്. പൊതി വാങ്ങാനായി താര തളത്തിലേക്കു വന്നു. സ്വരൂപ് ട്രേയിൽ ചായക്കപ്പുകൾ ഒരുക്കി വയ്ക്കുകയാണ്. മോഹിനി അടുത്തു ചെന്നിരുന്നു. അവൾ മൂടുപടം അല്പം ഒന്നു താഴ്ത്തി മുഖത്തേക്കിട്ടു. പലഹാരപ്പൊതികൾ കൊടുത്തിട്ട് മി.വർമ ശങ്കർലാലിനോടു ചോദിച്ചു "എന്തു കാര്യമാണ് ശരിവയ്ക്കേണ്ടത്?"

"ഒന്നുമില്ല. ഒരു ചേട്ടത്തി പരിഭവത്തിന്റെ കാര്യം മറ്റൊരു ചേട്ടത്തിയോടു ചോദിക്കുകയാണ്."

വർമ സോഫയിൽ ഇരുന്നിട്ട് തിരിഞ്ഞ് അടുക്കള ഭാഗത്തേക്കു നോക്കി "ഓഹോ! താങ്കളുടെ ഏട്ടത്തിയമ്മയും വന്നിട്ടുണ്ടോ? അതിരിക്കട്ടെ. തീരുമാനി ക്കേണ്ടയാളിന് അതിനുള്ള യോഗ്യതയുണ്ടാകണ്ടേ?"

"മി.വർമ അങ്ങ് സ്ത്രീകളെ യോഗ്യതയില്ലാത്തവരെന്നു പറയരുത്. ഭരണഘട നയിൽ അവർക്കു തുല്യനിലയാണു നൽകിയിട്ടുള്ളത്."

താര, ചായട്രേയുമായി വന്നു. വട്ടമേശയിൽ വച്ചിട്ടു പറഞ്ഞു "ഇക്കാര്യമെല്ലാം കൾച്ചേഡായിട്ടുള്ളവരോട് പറഞ്ഞാലല്ലേ മനസ്സിലാകൂ മിസ്റ്റർ ലാൽ? വെറും ഗ്രാമീണനോട് പറഞ്ഞിട്ട് എന്തു ഫലം?" എന്നിട്ടവൾ ഭർത്താവിന്റെ നേരെ കുസൃതി നിറഞ്ഞ ഒരു കടാക്ഷം തൊടുത്തുവിട്ടു. വർമയുടെയും ശങ്കറിന്റെയും ചുണ്ടുകളിൽ മന്ദഹാസം വിടർന്നു. "മതി എന്നെ തോല്പിച്ചുകളഞ്ഞു മിസ്സിസ്സ് വർമ....." ശങ്കർലാൽ പറഞ്ഞു.

പലഹാരം നിരത്തിയ പ്ലേറ്റുമായി സ്വരൂപ് എത്തി. അവളെ കണ്ടതോടെ ശങ്കറിന്റെ വാക്കുകൾക്ക് പുതിയൊരാവേശം വന്നു. "ഇനി സ്വരൂപയും എന്നെ വെറും അപരിഷ്കൃതനാക്കുമോ, എന്തോ?"

"ഓരോരുത്തരും എങ്ങിനെയുള്ളവരാണോ, അവരെക്കുറിച്ച് അങ്ങിനെയല്ലേ പറയാനൊക്കൂ?" സ്വരൂപിന്റെ വാക്കുകൾ കേട്ട് താരയും വർമയും പൊട്ടിച്ചി രിച്ചു. ശങ്കർലാലിന്റെ ചിരിയും അതിൽ ചേർന്നു.

അടുക്കളയിൽ നിന്നിരുന്ന മോഹിനി അതിൽ രസിച്ചെങ്കിലും സ്വയം വേദ നിച്ചു. കളിയായിപ്പോലും സ്വഭർത്താവിനെ അപരിഷ്കൃതനെന്നോ ഗ്രാമീണ നെന്നോ പറയാൻ അവൾക്ക് സാധ്യമല്ല. അപ്പോൾ മുന്നിലെത്തിയ താര അവളെ വിളിച്ചു. കണ്ണു കൊണ്ട് ആംഗ്യം കാട്ടി അവൾ പറഞ്ഞു "ഇല്ല, എനിക്ക് നാണ മാകും."

ശങ്കർലാൽ എണീറ്റിട്ടു പറഞ്ഞു "വരണം ഇരിക്കണം..."

"ആദ്യം ചേട്ടത്തിയെ വിളിച്ചിരുത്തണം. അവൾക്ക് നാണം തോന്നുന്നു പോലും..." താര ചിരിച്ചിട്ട് മോഹിനിയുടെ നേരെ നോക്കി.

മോഹിനി ദേഷ്യത്തിൽ താരയെനോക്കി. ശങ്കറും ശബ്ദമുയർത്തി വിളിച്ചു. "ചേട്ടത്തീ.." താര ശങ്കറിന്റെയടുത്ത് സോഫയിൽ വന്നിരുന്നു. സ്വരൂപ് കോപ്പക ളിൽ ചായ പകരുകയാണ്.

ശങ്കർലാൽ എഴുന്നേറ്റ് മുന്നോട്ടുവന്നു. മോഹിനി നാണത്തോടെ അയാളുടെ നേർക്കു നോക്കിയിട്ട് തലയിലിട്ടിരുന്ന മൂടുപടം ഒതുക്കിപ്പിടിച്ചു കൊണ്ട് മന്ദം മന്ദം അടിവച്ച് തളത്തിലേക്ക് ഇറങ്ങി. അവളുടെ നേരെ നോക്കിക്കൊണ്ട് ശങ്കർലാൽ പറഞ്ഞു "നമ്മുടെ ചേട്ടത്തിയുടെ സ്വഭാവം നിങ്ങൾക്കറിയില്ല. ചേട്ടൻ അവരെ മുഖസ്തുതിക്കമ്പക്കാരിയാക്കിക്കളഞ്ഞു."

മോഹിനി വരാന്തയിലെത്തി. മി.വർമ എഴുന്നേറ്റ് കൈകൾ കൂപ്പി. മോഹിനി നാണത്തോടെ കൈകൂപ്പി തൊഴുതിട്ട് താരയുടെ അടുക്കൽ ചെന്നിരുന്നു. താര പലഹാരപ്ലേറ്റ് എടുത്ത് ശങ്കർ ലാലിന്റെ നേരെ നീട്ടി. സ്വരൂപ് ആദ്യത്തെ ചായ ക്കോപ്പ മി.വർമയ്ക്കും കൊടുത്തു.

സ്ത്രീപുരുഷന്മാരിടകലർന്ന ഒരു സദസ്സിലിരുന്ന് ചായ കുടിക്കാനുള്ള അവ സരം വർഷങ്ങൾക്കുശേഷം ഇതു രണ്ടാമത്തെ തവണയാണ് മോഹിനിക്കു കിട്ടു ന്നത്. സ്കൂളിൽ പഠിക്കുന്ന കാലത്ത് ക്രിസ്ത്യാനിയായ ഒരു ചേച്ചിയോടൊപ്പം

അവരുടെ ബന്ധുവായ ദമ്പതികളുടെ കൂടെയിരുന്നാണ് ആദ്യമായി ഇങ്ങനെ ചായ കുടിച്ചത്. അന്നത്തെ കാര്യം പ്രത്യേകമായിരുന്നു. അവൾ അന്ന് ബാലിക യായിരുന്നു. ഇത്രയും ബന്ധനങ്ങളിൽ കുടുങ്ങിയിരുന്നുമില്ല. അന്ന് നല്ല രസം തോന്നി. ഇന്നും രസം തോന്നുന്നുണ്ട്. പക്ഷേ ചില ബന്ധനങ്ങളോടൊപ്പമാണ്. താരയും സ്വരൂപും തുറന്നു പെരുമാറുന്നത് കണ്ട് അവൾക്ക് സ്വയം എളിമ തോന്നി. എല്ലാവർക്കും ചായ കൊടുത്തിട്ട് സ്വന്തം കോപ്പയും കയ്യിലേന്തി സ്വരൂപ് അവളുടെയടുക്കൽ വന്നിരുന്നു.

വർമാദമ്പതികൾ ചായ സല്ക്കരിച്ചതിനു പകരം ലാൽ ദമ്പതികൾ അവരെ സിനിമ കാണാൻ ക്ഷണിച്ചു. "നിങ്ങൾക്കെല്ലാം ഗാനരചയിതാവിന്റെ പാസ്..." വർമ പറഞ്ഞതിനെ തടുത്തുകൊണ്ട് ശങ്കർലാൽ പറഞ്ഞു "ഇല്ല. പാസും കീസു മൊന്നുമല്ല. അയാൾ വളരെ താല്പര്യത്തോടെ പറഞ്ഞു. ഞാൻ വിചാരിച്ചു. ഞായറാഴ്ചയല്ലേ. ഏതെങ്കിലും പടത്തിനു പൊയ്ക്കളയാമെന്ന്. വരണം, മിസ്സിസ്സ് വർമ. ഞങ്ങളുടെ അതിഥികളായി വരണം."

മിസ്റ്റർ വർമയും മിസ്സിസ്സും അന്യോന്യം നോട്ടങ്ങളയച്ച് അംഗീകാരം നേടി യിട്ട് സമ്മതിച്ചു.

ശങ്കർലാൽ ചേട്ടത്തിയോടായി പറഞ്ഞു. "ശരി ഏട്ടത്തീ. ഇന്നു നിങ്ങളെയും കറങ്ങാൻ കൊണ്ടുപോകാം. പേടിക്കേണ്ട. ചേട്ടന് എഴുതി അനുമതി വാങ്ങി ക്കോളാം..."

അനുമതിവാങ്ങുന്ന കാര്യം പറഞ്ഞപ്പോൾ മോഹിനിക്ക് സ്വയമറിയാതെ നാണം തോന്നി. രണ്ടുജോഡികളും തന്നെ സഹതാപത്തോടെയാണ് നോക്കുന്ന തെന്നവൾക്കു തോന്നി. "ഞാനെത്ര അസ്വതന്ത്രയാണ്. ഉയർന്ന സൊസൈറ്റിയി ലുള്ളവർ എന്നെ താണവളായി കാണുന്നു. എല്ലാം എന്റെ ഭർത്താവുകാരണം..."

മോഹിനിയുടെ നേത്രങ്ങൾ താഴോട്ടു തന്നെയായിരുന്നു. എല്ലാവരും പുറ പ്പെട്ടു. എല്ലാവരുടെയും പിന്നിലായി അവളും നടന്നു.

8

മാറ്റിനി ഷോ കഴിഞ്ഞു. വലിയൊരു കുഴലിൽനിന്ന് വെള്ളം പുറത്തേക്കു വരു ന്നതുപോലെ ഹാളിൽനിന്ന് ജനപ്രവാഹം വെളിയിലേക്ക് ഒഴുകി. ശങ്കർ-വർമ കുടുംബങ്ങളെക്കയറ്റിയ കുതിരവണ്ടികൾ അപ്പോഴാണവിടെ എത്തിയത്. വണ്ടി യിൽ നിന്നിറങ്ങിയ ശങ്കർ കൂലികൊടുക്കാനായി പഴ്സു തുറന്നു. രണ്ടാമത്തെ കുതിരവണ്ടിയിൽ പത്നിയോടും മോഹിനിയോടും ഒപ്പം വന്നിറങ്ങിയ വർമ അതു കണ്ടിട്ടു വിളിച്ചു പറഞ്ഞു "രണ്ടു വണ്ടികൾക്കും കൂലി ഞാൻ കൊടുത്തു മി-ലാൽ." എന്നിട്ട് ശങ്കറിന്റെ വണ്ടിക്കാരനോടു പറഞ്ഞു "ഇയാളുടെ കയ്യിൽനിന്ന് നിന്റെ പൈസ വാങ്ങിക്കോളൂ."

പഴ്സ് അടച്ചിട്ട് ശങ്കർ പറഞ്ഞു "അങ്ങ് വളരെപ്പെട്ടെന്നാണല്ലോ കാര്യങ്ങൾ നടത്തുന്നത്. ശരി. ഞാൻ ടിക്കറ്റെടുത്തു വരാം."

"ഞാനെടുക്കാം" എന്നു പറഞ്ഞുകൊണ്ട് വർമ മുന്നോട്ടു നീങ്ങി. തടഞ്ഞിട്ട് ശങ്കർ പറഞ്ഞു "മി-വർമ്മ, പ്ലീസ്...."എന്നിട്ട് ശങ്കർ മുന്നോട്ടു നടന്നു.

മൂന്നു സ്ത്രീകളോടുമൊപ്പം വർമ മെല്ലെ മുന്നോട്ടു നീങ്ങി. താരയും സ്വരൂപും മോഹിനിയും തങ്ങളുടെ നേർക്കു പാഞ്ഞുവരുന്ന പുരുഷനേത്രങ്ങളെ സമ്മാനിച്ചുകൊണ്ട് സ്ത്രീകൾക്കു ചേർന്ന ഫാഷനനുസരിച്ച് കൺകോണുകൾ ഇരുവശത്തേക്കുമയച്ച് മന്ദം മന്ദം നടന്നു.

നീണ്ടു ചുരുണ്ട മുടി, കണ്ണടവച്ച ചെറിയ കണ്ണുകൾ, കമ്പിളി ഷർട്ടും കാൽവണ്ണയിൽ പറ്റിപ്പിടിക്കുന്ന പൈജാമയും അതിനു മുകളിൽ നീണ്ട കുപ്പായവും ധരിച്ച് ഇടത്തേക്കയ്യിൽ ചെസ്റ്ററും വലത്തേക്കയ്യിൽ 555 ടിന്നും പിടിച്ച ഒരു മാന്യനോടൊപ്പം ശങ്കർലാൽ അവിടെ എത്തി ഉത്സാഹത്തോടെ അയാൾ പരിചയപ്പെടുത്തി. "മി. വർമ, ഇദ്ദേഹമാണ് പ്രസിദ്ധ കവിയായ ശ്രീമാൻ വിരഹേശ്. ഈ ചിത്രത്തിനു ഗാനമെഴുതിയതിദ്ദേഹമാണ്. ഇദ്ദേഹം മി. ത്രിഭുവൻ വർമ. കേസർബാഗിലുള്ള അജന്താ റേഡിയോ എൻജിനിയറിംഗ് വർക്സിന്റെ ഉടമസ്ഥനാണ്. ഇത് മിസ്സിസ്സ് താരാവർമ. ഇതെന്റെ ചേട്ടത്തിയാണ്. മിസ്സിസ്സ് മോഹിനീലാൽ. പിന്നെ ഇത്... നിങ്ങൾ കവികൾ കൗതുകത്തോടെ പലതും വിവരിക്കുന്ന... എന്റെ വാമഭാഗം. മിസ്സിസ്സ് സ്വരൂപ്കുമാരി ലാൽ."

താര വിസ്മയത്തോടും സ്വരൂപ് തുറന്ന ചിരിയോടും മോഹിനി ലജ്ജയിൽ പൊതിഞ്ഞ മന്ദസ്മേരത്തോടെ സ്വന്തം ഹൃദയത്തിന്റെ പടപടപ്പ് മറച്ചുവച്ചുകൊണ്ടും വിരഹേശ്ജിയെ തൊഴുതു. സാഹിത്യകാരന്മാരും കലാകാരന്മാരും നേതാക്കളും ഉപനേതാക്കളും മറ്റും മറ്റും പേറ്റന്റാക്കിയിട്ടുള്ള ഫോർമുലയനുസരിച്ച് മുപ്പത്തിരണ്ടു പല്ലു പുറത്തു കാട്ടുന്ന മന്ദഹാസവും അഴകും ഭംഗിയും വഴിയുന്ന കൈകൂപ്പലും വിരഹേശനും സമ്മാനിച്ചു.

വിരഹേശിനെ കണ്ടതിൽ മി.വർമയ്ക്കും അത്യന്തം സന്തോഷവും കൃതാർഥതയുമുണ്ട്. ഇടത്തരക്കാരിൽ എൺപതു ശതമാനവും കാണാനും കേൾക്കാനും പരിചയിക്കാനും ആഗ്രഹിക്കുന്ന ആ പ്രത്യേക വർഗത്തിൽപ്പെട്ട ദേവനായിരുന്നു വിരഹേശ്. സ്ത്രീകളാകട്ടെ ഈ സമൂഹത്തിൽപെട്ട പുരുഷൻമാരുടെ മക്കളും ഭാര്യമാരും സഹോദരിമാരുമല്ലേ? പുലർച്ചയ്ക്കു പ്രഭാത ഗാനത്തിനു പകരം 'പാവാട പ്രായത്തിൽ നിന്നെ ഞാൻ കണ്ടപ്പോൾ' എന്ന റെക്കാർഡുകൾ കേൾക്കാനും മൂളാനും താല്പര്യപ്പെടുന്നവരാണവർ. സിനിമാതാരങ്ങളുടെ അച്ഛനപ്പൂപ്പൻമാരുടെ ജാതകംവരെ അവർക്കറിയാം.

ഇന്ന താരം എത്രയാണ് കരാറെഴുതുന്നതെന്നും എവിടെയെല്ലാമാണ് ജോലി ചെയ്യുന്നതെന്നും മനഃപാഠമാണ്. ഏതു താരത്തിന് ആരോടാണു പ്രേമം ആരുടെ പ്രേമം മൂലമാണ് ഇന്ന താരത്തിന്റെ പേരു പൊങ്ങിയത് ഇതിനെക്കുറിച്ചുള്ള കണക്കും വഴക്കുമെല്ലാം അവർക്കു ഹൃദിസ്ഥമാണ്. പ്രൊഡ്യൂസർ, ഡയറക്ടർ, പ്ലേബാക്സിംഗർ, മ്യൂസിക് ഡയറക്ടർ, ക്യാമറാമാൻ, കഥാകൃത്ത്, ഗാനരചയിതാവ് എന്നിവർക്കും അവരുടെ പേരുകളും ഈ സമൂഹത്തിന്റെ നാവിൽ ഇടയ്ക്കിടെ വരാനുണ്ടെന്നതിനാൽ അഭിമാനിക്കാം. നഗരത്തിലെ എൺപതു ശതമാനത്തോളം ജനതതിയുടെ ആകർഷണകേന്ദ്രവും ആരാധനാസ്ഥാനവുമാണ് സിനിമയും സിനിമാലോകവും. താരാ, സ്വരൂപ്, മോഹിനി എന്നിവർക്കും വിരഹേശിനെ കാണാനും പരിചയപ്പടാനും കഴിഞ്ഞതിൽ അഭിമാനവും സന്തോഷവും തോന്നി.

ശങ്കർലാൽ അറിയിച്ചു "എന്നെക്കരുതിയാണിദ്ദേഹം ഇപ്പോഴിവിടെ വന്നതുതന്നെ."

"അതേ, അതേ. ഇന്ന് മൂന്നാല് ഓഫീസർ സുഹൃത്തുക്കൾ എന്നെ ബലാൽക്കാരമായി കാറിൽക്കയറ്റി ഇവിടെ മാറ്റിനിക്കു കൊണ്ടുവന്നതാണ്. എന്നോടൊപ്പമിരുന്നു തിരശ്ശീലയിൽ എന്റെ പേരു വരുന്നത് അവർക്കു കാണ ണമത്രേ. നിവൃത്തിയില്ലാത്തതു കൊണ്ട് വരേണ്ടിവന്നു. പിന്നെ ഞാനവരോടു പറഞ്ഞു ഇനി ഇവിടെത്തന്നെ നിൽക്കാം. എന്റെ സ്നേഹിതൻ ശങ്കർലാൽ ഇപ്പോൾ വന്നേക്കുമെന്ന്. സ്നേഹിതനോടൊപ്പം സിനിമ കാണാമെന്ന് ഞാൻവാ ക്കുകൊടുത്തിട്ടുണ്ടെന്ന്. ഇല്ലെങ്കിൽ അവരുടെ കാറിൽ എന്നെക്കൂടി മടക്കി ക്കൊണ്ടു പോയേനെ."

ഇത്രയും പ്രസ്താവിച്ച ശേഷം വിരഹേശ് മഹാരാജ് സ്വഭക്തന്മാർക്കു ദർശ നാമൃതം പകർന്നുകൊണ്ട് കൃതാർഥനായി നിന്നു. ശങ്കർലാൽ കൈ നീട്ടിയിട്ടു പറഞ്ഞു "വരണം അകത്തേക്കു പോകാം."

ഗോപ-ഗോപികമാരാൽ പരിസേവിതനായി വീരഹേശ് മുന്നോട്ടു നീങ്ങി.

കർണൽ കാർ ലൈനിൽ ഒതുക്കിയിട്ടു. കർണലും സജ്ജനും തങ്ങളുടെ ഭാഗത്തെ വിൻഡോ ഗ്ലാസ്സ് ഉയർത്തിയിട്ട് വാതിൽ തുറന്നു പുറത്തിറങ്ങി. കാറിന്റെ ഡോർ പൂട്ടാനായി കർണൽ താക്കോൽക്കൂട്ടത്തിൽ താക്കോൽ തിരയുകയാണ്. കാറിന്റെ മുകളിലൂടെ മറുവശത്തേക്കു നോക്കിയ സജ്ജൻ ഷോ കഴിഞ്ഞിറങ്ങു ന്നവരും അകത്തേക്കു കടക്കുന്നവരുമായ ജനക്കൂട്ടത്തെക്കണ്ടു. കൂട്ടത്തിനിട യിൽ നില്ക്കുന്നു മഹാകവി ബോർ! അയാൾ പറഞ്ഞു "കർണൽ, വരൂ മടങ്ങി പ്പോകാം. ഇന്നിതു കാണേണ്ട". മുഖത്തു ക്ഷീണവും സ്വരത്തിൽ മടുപ്പും പ്രതി ഫലിച്ചു.

"എന്താ കാര്യം?" കർണൽ ചുമലുയർത്തിയിട്ടു ചോദിച്ചു.

"ഹൊ. ഇതു കാണണ്ടിഷ്ടാ ഇരട്ടബോറടിയാകും." കുട്ടികളെപ്പോലെ സജ്ജൻ ശഠിച്ചു. ഡോർ പൂട്ടി താക്കോൽകൂട്ടം കീശയിൽ നിക്ഷേപിച്ചിട്ട് കർണൽ മുന്നോട്ട് നടന്നു.

ഉത്സാഹമറ്റ നിലയിൽ സജ്ജൻ പറഞ്ഞു "ഒന്നാമത് ബോംബെ ഫിലിം. ഈസ്തറ്റിക് ടേസ്റ്റിന്റെ പൊടിപോലും കാണില്ല. പിന്നെ നിങ്ങൾ നിർബന്ധി ച്ചാണ് കൊണ്ടു വന്നത്. അതൊന്നും പോരാഞ്ഞിട്ട് ഇതാ മഹാകവി ബോറും വന്നിട്ടുണ്ട്."

ബോർ എന്ന പേരു കേട്ടപ്പോൾ കർണലിനു ചിരി വന്നു. മുന്നോട്ട് നോക്കി. കണ്ണിൽ പെട്ടില്ല.

"എവിടെ?"

"അതാ കോവണി കയറുന്ന കണ്ടില്ലേ? ശല്യമാകും. വരൂ, നമ്മുക്ക് ഗോമതി യിലെ ചിറയുടെ അടുത്തു പോയിരുന്ന് സംസാരിക്കാം" സജ്ജന്റെ ശബ്ദത്തിൽ തളർച്ചയുണ്ടായിരുന്നു.

"നിങ്ങൾ ഇന്നൊരു രസംകൊല്ലിയാവുകയാണല്ലോ. എനിക്കിന്നു പടം കാണാ നാഗ്രഹമുണ്ട്. അതിനാണിവിടെ വന്നത്. അപ്പോൾ അതുകാണുകതന്നെ വേണം. ബോർ നാശത്തിനെ അടുത്തു വരാനനുവദിക്കില്ല, വരൂ.."

സജ്ജനും കർണലും ഹാളിന്റെ വാതിലിനരികിലെത്തി. ടിക്കറ്റു ചെക്കർ ടിക്കറ്റുകൾ പരിശോധിച്ചുകൊണ്ട് നില്ക്കുകയാണ്. അപ്പോഴാണ് ബോറിന്റെ നോട്ടം സജ്ജനിൽ പതിഞ്ഞത്.

വിരഹേശ് സംഘത്തിന്റെ നോട്ടം സജ്ജന്റെ നേർക്കായി. നീണ്ടുരുണ്ട് ഉറച്ച ശരീരം. രക്തത്തുടിപ്പുള്ള വെളുത്തു ചുവന്ന മുഖം. വിലകൂടിയ വസ്ത്രങ്ങൾ. ഷെർബാനിയും പൈജാമയും ധരിച്ചു കയ്യിൽ ഓവർക്കോട്ടും തൂക്കി വാതിലിനു മുന്നിൽ നില്ക്കുകയാണ് സജ്ജൻ. എല്ലാവരും കൈകൂപ്പി. മുഖത്ത് ഉദാസീന ഭാവം നിഴലിപ്പിച്ചുകൊണ്ട് സജ്ജൻ കൈയൊന്നുയർത്തിയിട്ട് ഹാളിലേക്കു കടന്നു. ബോർ തിടുക്കത്തിലെഴുന്നേറ്റു മുന്നോട്ടു വന്നു. ശങ്കർലാലും വർമ്മയും മുന്നോട്ട് നീങ്ങി. താര എഴുന്നേറ്റ് തന്റെ കോട്ടിൽ പറ്റിയിരുന്ന കേക്കിന്റെ കഷണങ്ങൾ തൂത്തുകളഞ്ഞിട്ട് കുനിഞ്ഞ് ബഞ്ചിലിരുന്ന കാപ്പിയെടുത്ത് ധൃതിയിൽ കുടിക്കാൻ തുടങ്ങി. സ്വരൂപ് എഴുന്നേറ്റ് തലയിൽക്കിടന്ന ദുപ്പട്ട ഒന്നൊതുക്കിപ്പിടിച്ചു. എന്നിട്ടു വെറുതേ ഒന്നു ചുമച്ച ശേഷം പച്ചയും വെള്ളയും കല്ലുകൾ പതിച്ച മോതിരങ്ങളണിഞ്ഞ വിരലുകളാൽ ഉറുമാൽ ചുണ്ടോടടുപ്പിച്ചു. ലിപ്സ്റ്റിക്കിട്ട ചുണ്ടിന്റെ കോണിൽ ഒന്ന് ഒപ്പിയശേഷം ഗൗരവഭാവം പൂണ്ടു. മോഹിനി കൈകൂപ്പി വണങ്ങിയശേഷം സ്വരൂപിന്റെ വശത്തേക്കു തിരിഞ്ഞ് കയ്യിലിരുന്ന കേക്ക് വേഗം തിന്നുതീർക്കാൻ ശ്രമിച്ചു. മോഹിനിയെ സംബന്ധിച്ചിടത്തോളം ഇന്നത്തെ സായാഹ്നം സ്വർഗലോകത്തിലാണ് കഴിച്ചുകൂട്ടുന്നത്. നർഗീസ്-സുരയ്യ, രാജ്കപൂർ, ദിലീപ്കുമാർ, ദേവാനന്ദ്, നിമ്മി, പ്രേംനാഥ് തുടങ്ങിയ പ്രശസ്തരായ സിനിമാതാരങ്ങളുടെ ഉറ്റ സുഹൃത്തായ കവിവരൻ വിരഹേശ്ജിയോടൊപ്പമിരുന്ന് ചലച്ചിത്രലോകത്തെ കാര്യങ്ങൾ അറിയാനും അദ്ദേഹമെഴുതിയ ഗാനങ്ങൾ കേൾക്കാനും കഴിഞ്ഞത് അത്യന്തം സൗഭാഗ്യമാണെന്ന ഭാവന അവളെ ആകെ കോരിത്തരിപ്പിച്ചിരിക്കുകയാണ്. അവളുടെ മുഖം സന്തോഷം കൊണ്ട് വിടർന്നിരിക്കുന്നു.

ബോർ പറഞ്ഞു "അല്ല നിങ്ങൾ-അങ്ങും വന്നോ..? നന്നായി മി.സജ്ജൻ. കർണൽ സാഹബ്, അങ്ങയെ കാണാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്."

ശങ്കർ മുന്നോട്ടു നീങ്ങി സജ്ജനോടായി പറഞ്ഞു "മി.സജ്ജൻ, എന്റെ കുടുംബാംഗങ്ങൾക്ക് അങ്ങയെ പരിചയപ്പെടാനതിയായ ആഗ്രഹമുണ്ട്." അയാൾ പത്നിയെയും മറ്റുള്ളവരെയും ആംഗ്യം കൊണ്ട് അടുത്തേക്കു വിളിച്ചു. സജ്ജൻ മുഖത്ത് അതേ ഉദാസീനഭാവത്തോടെ അങ്ങോട്ട് ചെന്നു എല്ലാവരെയും പരിചയപ്പെട്ടു. "വളരെ സന്തോഷം" എന്നു പറഞ്ഞിട്ട് സജ്ജൻ തിരിഞ്ഞു.

മിസ്റ്റർ വർമ്മ അറിയിച്ചു "എനിക്കും എന്റെ വൈഫിനും മിസ്സിസ്സ് ലാലിനുമെല്ലാം അങ്ങയുടെ പെയിന്റിംഗ് കാണാനാഗ്രഹമുണ്ട്. ഇന്നു രാവിലെ ഞങ്ങൾ ആർട്ടിക്കിൾ...."

"അതിനെന്ത്? എപ്പോൾ വേണമെങ്കിലും ഇദ്ദേഹത്തിന്റെ പെയിന്റിംഗ് കാണിച്ചു തരാം." ചുരുണ്ട മുടിയിൽ വിരലോടിച്ചു കൊണ്ട് വിരഹേശ് ഇടയ്ക്കു കയറി പറഞ്ഞു. പിന്നെയും എന്തോ പറയാൻ തുടങ്ങുകയായിരുന്നു. അപ്പോഴേക്കും സജ്ജന്റെ മുഖഭാവം മനസ്സിലാക്കിയ കർണൽ വിളിച്ചു "ബോറേശ്!"

ആ പേരു കേട്ട് വിരഹേശ് ഒന്നു ചൂളി. സജ്ജൻ ശാന്തസ്വരത്തിൽ മി.വർമ്മയോടു പറഞ്ഞു "അങ്ങ് എല്ലാവരെയും കൂട്ടി ഒരു ദിവസം എന്റെ വീട്ടിൽ വരണം. പക്ഷേ ദയവായി നേരത്തേ അറിയിക്കണേ. ങാ.. വരൂ കർണൽ."

അവർ രണ്ടും അകത്തേക്കു പോയി.

ടിക്കറ്റുകൊടുത്തിട്ട് അകത്തു കടന്ന ശങ്കർലാലും വിരഹേശാദികളും കർ

ണലും സജ്ജനും ഒരു ബോക്സിൽ വന്നിരിക്കുന്നതു കണ്ടു.

ബാൽക്കണിയിൽ ഇരിക്കുന്നതിന് വിരഹേശിന് ചെറിയ ഒരു ജാള്യത തോന്നി. പക്ഷേ ആരാധകരുടെ നിർബന്ധത്തിനു മുന്നിൽ എന്തു ചെയ്യാൻ? മോഹിനി, താര, സ്വരൂപ് എന്നിവർ ഇരുന്നതിന് ഒരു കസേര വിട്ട് ശങ്കറും വർമ്മയും ഇരുന്നു. സ്വരൂപ് എഴുന്നേറ്റ് ഭർത്താവിന്റെ അടുത്തു കിടന്ന ഒഴിഞ്ഞ കസേര യിലിരുന്നു. താരയുടെ അടുത്ത കസേര കവി വരാനായി ഒഴിഞ്ഞു കിടന്നു. പക്ഷേ അങ്ങോട്ടു നടന്നുചെന്ന കവി ഒന്നു നിന്നു.

"ഞാനിതാ വരുന്നു" എന്നു പറഞ്ഞിട്ട് വിരഹേശൻ സജ്ജനിരുന്ന ബോക്സി നടുത്തേക്കു നടന്നു.

ബോർ ബോക്സിൽ കടന്നു വരുന്നതുകണ്ട് സജ്ജനും കർണലും അസ്വ സ്ഥരായി.

വിരഹേശൻ തുടങ്ങി "ഹ...ഹ... നിങ്ങൾ രണ്ടും വന്നത് എനിക്ക് ...." സജ്ജൻ കർണലിന്റെ തോളിലൊന്നു കുത്തി. കർണൽ ചുമലുയർത്തി പുരികം വളച്ചിട്ട് പറഞ്ഞു "ബോറേശ്, ഇവിടെ നിന്ന് പോകൂ. ഞങ്ങളെ ശല്യം ചെയ്യാതെ പോകൂ."

"ഇതാ പോണു. പോയേക്കാം" എന്നു പറഞ്ഞിട്ട് വിരഹേശ് പിന്നിലെ സീറ്റിൽ ഇരുന്നു. ദയനീയമായി ഒന്നു ചിരിച്ചിട്ട് തുടർന്നു "സജ്ജൻ, ഈ ചിത്രത്തിൽ അതായത് ഈ ചിത്രത്തിനു തന്നെ എന്റെ സോംഗ്സ്..."

"ഹൊ. ഈ പിക്ചറിലോ...." അങ്ങോട്ടുനോക്കാതെ തന്നെ സജ്ജൻ ചോദിച്ചു. "ഇതറിഞ്ഞിരുന്നുവെങ്കിൽ ഞങ്ങൾ തീർച്ചയായും ഇവിടെ വരില്ലായി രുന്നു. ശരി, ഇവിടെ കണ്ടു പോകരുത്. ങാ, പോയ്ക്കോളു."

"ഇതാ പോണു. ഇതിലെ മ്യൂസിക് ഡയറക്ടർ എന്റെ ട്യൂൺ...."

"ബോറേശാ..." കർണൽ വീണ്ടും ദൃഷ്ടികളുയർത്തി.

ബോറേശൻ കൈകൂപ്പിയിട്ടു പറഞ്ഞു "എല്ലാവരുടെയും മുമ്പിൽ വച്ച് താങ്കൾ എന്നെ അങ്ങിനെ വിളിക്കരുത്. തനിച്ചുള്ളപ്പോൾ വേണമെങ്കിൽ ചെരുപ്പെടുത്ത് അടിച്ചോളൂ...."

"ശരി, എങ്കിൽ പെട്ടെന്ന് സ്ഥലം വിട്."

"ശരി. ശരി. പോകാം."

"ബോ...."

ബോറേശൻ എഴുന്നേറ്റു നടന്നു. മൂന്നാമത്തെ മണി മുഴങ്ങി. റിക്കാർഡ് ഗാനം നിലച്ചു. വിരഹേശ് സ്വന്തം വരിയിലെത്തി. മൂന്നാലു ജോഡി പാദങ്ങ ളോട് 'ക്ഷമിക്കണം.. താങ്ക്യൂ' പറഞ്ഞുകൊണ്ട് മുന്നോട്ടു നീങ്ങിയ വിരഹേശ് മോഹിനിയുടെ അടുക്കലെത്തി നിന്നു. തനിക്കു വേണ്ടി ഒഴിച്ചിട്ടിരുന്ന കസേര യിലേക്കു കൈ ചൂണ്ടിയിട്ട് താരയോടായി പറഞ്ഞു "പ്ലീസ് മിസ്സിസ്...താങ്ക്സ്.... ങാ, ഞാൻ ഇവിടെയിരിക്കാം. സ്ക്രീനിന്റെ ആംഗിൾ ഇവിടെയാണു ശരിക്കു ള്ളത്. നിങ്ങൾക്കു ബുദ്ധിമുട്ടൊന്നുമില്ലല്ലൊ. നിങ്ങൾക്കോ?" ഇരിക്കുന്നതിനിട യിൽ താരയോടും മോഹിനിയോടും വിനീതനായി ചോദിച്ചു. എന്നിട്ട് ഓവർക്കോട്ട് മടക്കി മടിയിൽ വച്ചു. അതിന്റെ പുറത്ത് സിഗററ്റു ടിൻ വച്ചിട്ട് ശങ്കർ ലാലിനോ ടായി ചോദിച്ചു.

"നിങ്ങൾ അങ്ങു ദൂരെയായിപ്പോയോ... സാരമില്ല."

ദൂരം ഏറ്റവും കൂടുതൽ തോന്നിയത് സ്വരൂപിനാണ്. വിരഹേശ് തന്റെ ഭർത്താ

വിന്റെ സുഹൃത്താണ്. എന്നിട്ടദ്ദേഹത്തിന്റെ സംസാരം അവൾക്കു കേൾക്കാൻ വയ്യാത്തത്ര അകലെയായിപ്പോയി.

ന്യൂസ് റീൽ തുടങ്ങി. വിരഹേശ് മെല്ലെ താരയോട് പറഞ്ഞു "പിക്ചറിൽ ഒരിടത്ത് ഞാനും അഭിനയിച്ചിട്ടുണ്ട്. തിരിച്ചറിയാമോ എന്നു നോക്കണം."

"വാസ്തവമാണോ?" താര സന്തോഷം കൊണ്ട് വിടർന്നു.

"എന്ത്... എന്താണ്...." സ്വരൂപ് താരയെ തോണ്ടിയിട്ട് ചോദിച്ചു. താര പറഞ്ഞുകൊടുത്തു "മി. വിരഹേശ് ഈ പടത്തിൽ ആക്ട് ചെയ്തിട്ടുണ്ടത്രെ..."

"അതേയോ...." സ്വരൂപ് ആ സദ്വാർത്ത ഭർത്താവിനെയറിയിച്ചു. അയാൾ വർമയെയും. എല്ലാവർക്കും അവരുടെ ഭാഗ്യത്തിൽ അഭിമാനം തോന്നി. കാതു കൂർപ്പിച്ചിരുന്നിട്ടു പോലും മോഹിനിക്ക് ഒന്നും കേൾക്കാൻ വയ്യ. വിരഹേശ് നിവർന്നിരുന്നയുടനെ അവൾ ചോദിച്ചു "അങ്ങ് അവരോടെന്താണ് പറഞ്ഞത്?"

വിരഹേശ് തല അങ്ങോട്ടു കുനിച്ച് പുഞ്ചിരിയോടെ പറഞ്ഞു "ഞാനീ പടത്തിൽ അല്പം ആക്ടിംഗും നടത്തിയിട്ടുണ്ട്. ഡയറക്ടരും മറ്റെല്ലാവരും പറഞ്ഞു. അപ്പോൾ ചെറിയ ഒരു റോൾ എടുത്തു."

മോഹിനി കൗതുകത്തോടെ ചോദിച്ചു "പിന്നെ, അങ്ങ് അഭിനയിക്കുന്ന സന്ദർഭം വരുമ്പോൾ പറയണം കേട്ടോ."

"എന്താ നിങ്ങൾക്കുതന്നെ തിരിച്ചറിഞ്ഞുകൂടേ?" എന്നു ചോദിച്ചുകൊണ്ട് വിരഹേശ് അവളുടെ മുഖത്തേക്കു നോക്കി.

ഇരുട്ടിൽ തൊട്ടടുത്തിരുന്ന ആ വലിയ മനുഷ്യനെ ലജ്ജനിറഞ്ഞ നേത്രങ്ങളാൽ മോഹിനി സൂക്ഷിച്ചു നോക്കി. എന്നിട്ട് ചോദിച്ചു "അപ്പോൾ ഇതുപോലെ തന്നെയായിരിക്കുമോ അതിലും ആളിനെ കാണുക?"

"ഹ...ഹ..ഹ... അതേ, ഇതേപോലെ തന്നെ" മോഹിനിയുടെ വെളുത്ത സുന്ദരരൂപവും നിഷ്ക്കളങ്കമായ ആ ചോദ്യവും – വിരഹേശന് സ്നേഹം തുളുമ്പുന്ന ഒരു ചിരിയാണു വന്നത്..... ഒരു പ്രത്യേക സുഖം തോന്നി.

ന്യൂസ് റീലിൽ പണ്ഡിറ്റ് ജവാഹർലാൽ ഒരു സ്പോർട്സ് മീറ്റ് ഉദ്ഘാടനം ചെയ്യുകയാണ്.

'ബഹാർ ആയിരേ' യുടെ സെൻസർ സർട്ടിഫിക്കറ്റ് തിരശ്ശീലയിൽ പ്രത്യക്ഷപ്പെട്ടതു മുതൽ അവരുടെയെല്ലാം ശ്രദ്ധ സ്ക്രീനിലേക്കു തിരിഞ്ഞു. വിരഹേശന്റെ പേരതിൽ വരുന്നതു കണ്ടുപിടിക്കാനായി കണ്ണു നട്ടിരിക്കുകയാണവർ. അർജുനൻ അമ്പു കുലച്ച് പക്ഷിയുടെ തലയ്ക്കുനോക്കി നിന്നപോലെ.

സ്ക്രീനിൽ വിരഹേശന്റെ പേരുവന്നു. അദ്ദേഹത്തിന്റെ ആരാധകർ ധന്യരായി. തന്റെ പേരിന് അടിവരയിടും വണ്ണം വിരഹേശ് കൈ താഴേക്കിട്ടപ്പോൾ കൈയിലിരുന്ന സിഗററ്റ് മോഹിനിയുടെ കൈത്തണ്ടിൽ തട്ടി. രണ്ടുപേരും കൈ പിൻവലിച്ചു. വിരഹേശ് കുനിഞ്ഞു ചോദിച്ചു "കൈ പൊള്ളിയില്ലല്ലോ.."

"ഇല്ല" ആനന്ദാതിരേകത്തിൽ മതിമറന്നിരുന്ന മോഹിനി പറഞ്ഞു. അപ്പോൾ വിരഹേശ് അവളെ തീ വച്ചിരുന്നെങ്കിലും അവൾ ഇല്ലെന്നേ പറയൂ.

തന്റെ സീൻ വരുന്നതിനു മുൻപ് വിരഹേശ് കുനിഞ്ഞ് താരയോടും പിന്നെ മോഹിനിയോടും വിവരം അറിയിച്ചു. താര വിവരം മറ്റുള്ളവർക്കു കൈമാറി. *എല്ലാവരും ശ്വാസം പിടിച്ചിരുന്നു.* ലോകത്തിലെ എട്ടാമത്തെ അത്ഭുതം തങ്ങ*ളുടെ മുന്നിൽ നടക്കാൻ* പോകുന്നു *എന്ന* മട്ടിൽ.

നായികയുടെ വിവാഹ പാർട്ടിയിൽ മറ്റു പലർക്കുമൊപ്പം വിരഹേശനും വരുന്നുണ്ട്. നായികയെ അനുമോദിച്ചിട്ട് ഒരു കസേരയിലിരിക്കുന്നു. അതിനുശേഷം ഒന്നോ രണ്ടോ തവണ ആ മുഖം കാണിച്ചു.

തന്റെ സീൻ എത്തിയയുടൻ വിരഹേശ് പതുക്കെ മോഹിനിയോടു ചോദിച്ചു "തിരിച്ചറിഞ്ഞോ?"

ഇന്റർവെൽ സമയത്ത് തന്റെ കണ്ണുകൾ മോഹിനിയുടെ കണ്ണുകളുമായിടഞ്ഞപ്പോൾ വിരഹേശന് സ്വജീവിതം സഫലമായി.

9

സിനിമാഹാളിൽ നിന്നിറങ്ങിയ സജ്ജനും കർണലും ഹസറത്ത് ഗഞ്ചിലെത്തി. അത്യാധുനിക മണിമേടകളുടെ നിരകൾ കടന്ന് നിരത്തിന്റെ ഒരറ്റത്തുകൂടി കർണൽ കാർ ഓടിച്ചു. നാൽക്കവലയിൽ വിശ്രമിക്കുന്ന കാറുകളുടെ രണ്ടു വരികൾ. എങ്ങും വെട്ടവും വെളിച്ചവും തിക്കും തിരക്കും. ഫാഷൻ പ്രദർശനവും യുവതീയുവാക്കൻമാരുടെ തിക്കും തിരക്കും സൗന്ദര്യത്തിന്റെയും സൗരഭ്യത്തിന്റെയും പൊലിമയാർന്ന ഹസറത്ത് ഗഞ്ചിന്റെ വർണ ശബളിമയ്ക്കു ആ ശീതകാലരാത്രി മങ്ങൽ ഏല്പിച്ചു തുടങ്ങി. പെട്ടെന്നുതന്നെ മേഫയർ സിനിമാശാലയിലെ നിയോൺ ദീപമൊഴികെ മറ്റൊന്നും ശ്രദ്ധയിൽ പെടാതായി. അവിചാരിതമായി വിധവയാക്കപ്പെട്ട ഒരു നവോഢയുടെ ആഭരണങ്ങൾ അഴിച്ചുമാറ്റിക്കൊണ്ടിരിക്കെ അവസാനമായി ശേഷിച്ച സൗഭാഗ്യചിഹ്നം കണക്കെയിരുന്നു ആ ദീപം.

ലാൽബാഗിലേക്കു കാർ തിരിച്ചുകൊണ്ട് കർണൽ പറഞ്ഞു "എന്റെ കോട്ടു വാങ്ങിക്കണം. ഡ്രൈക്ലീനിംഗിനു കൊടുത്തിരിക്കുകയാണ്. നിങ്ങളുടെ അവിടെ നിന്നും മടങ്ങിവരുമ്പോഴേക്കും കട......."

"എന്നെ ഇവിടെത്തന്നെ വിട്ടേക്കൂ, നിങ്ങൾക്ക് അതുവഴി അങ്ങു പോകാം." പെട്ടെന്നു സജ്ജൻ പറഞ്ഞു.

"അതെന്തിന്?"

"ഞാൻ നടന്നു പോകാം. നിറുത്തു. കാർ നിറുത്തു" വണ്ടി നിന്നു. കർണൽ പറഞ്ഞു "എടോ തന്നെ വിട്ടിട്ടുവരാം. കോട്ട് നാളെ എടുത്തോളാം."

"വേണ്ട ഞാൻ നടന്നു പൊയ്ക്കൊള്ളാം". കാറിൽ നിന്നിറങ്ങിയ സജ്ജന്റെ നോട്ടം ഫുട്പാത്തിൽപതിഞ്ഞു.

വാടിയ ആ മുഖത്തേക്കു നോക്കിയിട്ട് കർണൽ ചോദിച്ചു "ഇന്നു പകൽ മുഴുവൻ നിന്റെ മുഖം വാടിയിരുന്നു. എന്താ വിശേഷിച്ചു കാര്യം വല്ലതുമുണ്ടോ?"

"ഒന്നുമില്ല. പ്രത്യേകിച്ചൊന്നുമില്ല. പിന്നെപ്പറയാം" സജ്ജൻ തിടുക്കത്തിൽ ഫുട്പാത്തിലേക്കു നടന്നു.

ഇന്നു രാവിലെ മുതൽതന്നെ സജ്ജന്റെ ഹൃദയത്തിൽ യാതൊരു സുഖവും തോന്നിയിരുന്നില്ല. പകൽ മുഴുവൻ ഭാവനാശീലനായ അയാളുടെ ഹൃദയത്തിൽ പല ആഘാതങ്ങളും ഒന്നിനുപിറകിലൊന്നായി ഏറ്റു. സജ്ജനെ പ്രശംസിച്ചെഴുതിയ ലേഖനം കണ്ട്, രാവിലെ മഹേശ്, അസൂയകൊണ്ടാവണം വേണ്ടതും

വേണ്ടാത്തതും ഒക്കെയായി ഒരുപാടു പറഞ്ഞു. അപ്പോൾതന്നെ മനസ്സിടിഞ്ഞു പോയി. പിന്നെ വീട്ടിൽ നിന്നുകിട്ടിയ പാവയുമായി തെരുവിലൂടെ പരിഹാസ പാത്രമായി നടന്നപ്പോൾ മനസ്സിൽ വല്ലാത്ത ഉലച്ചിലനുഭവപ്പെട്ടു. പിന്നീടു ജഗ ദംബസഹായുടെ പുരോഗമന വാദിയായ മകൾ ഒന്നുരണ്ട് തുളഞ്ഞുകയറുന്ന വാചകം കേൾപ്പിച്ചു. ആ യുവതിയുടെ പേരിൽ തനിക്കഭിനിവേശം തോന്നി യതും, ആത്മാവ് അതിനെ ഭർത്സിച്ചതും അയാളോർത്തു. ഇപ്പോഴിതാ, ചിത്ര, തന്റെ സ്വഭാവത്തിന്റെ രണ്ടു വശങ്ങളും കാട്ടിയിരിക്കുന്നു. തന്റെ രൂപം അവത രിപ്പിച്ചു.

മുപ്പത്തിരണ്ടു വയസ്സുവരെ അവിവാഹിതനായിക്കഴിഞ്ഞ സജ്ജന്റെ ലൈംഗി കജീവിതം ഒട്ടൊന്ന് താളം തെറ്റിയതായിരുന്നു. നാരീസമ്പർക്കം ചിലപ്പോൾ രണ്ടും മൂന്നും മാസം വരെ ഉണ്ടായില്ലെന്നുവരും. പിന്നെ ഒരവസരം വരുമ്പോ ഴാകട്ടെ അത് കണക്കിൽക്കവിയുകയും ചെയ്യും. സജ്ജന്റെ ജീവിതത്തിൽ മൂന്നു തരത്തിൽപെട്ട സ്ത്രീകളാണ് കടന്നു വരാറ്. പൈസ വാങ്ങി ആനന്ദം വിലയ്ക്കു നല്കുന്നവരാണതിലൊരിനം. രണ്ടാമത്തേത് പ്രേമോപഹാരമായി രസം നല്കു ന്നവർ. മാന്യതയോടെ പെരുമാറുന്ന വനിതകളടങ്ങുന്നതാണ് മൂന്നാമത്തെ വിഭാഗം. സജ്ജൻ അമ്മയെ മാത്രമേ അളവറ്റാദരിച്ചിരുന്നുള്ളൂ. സ്ത്രീകളെ സംബ ന്ധിച്ച് തന്റെ മനസ്സിലുള്ള ദൗർബല്യം അയാളുടെ ഹൃദയത്തെ ചാട്ടവാറടിയേൽപ്പി ക്കുകയാണ്. അയാൾ അസ്വസ്ഥനാണ്. അമ്മയെക്കുറിച്ച് അയാൾക്കോർമ്മ വന്നു.

സജ്ജന്റെ അമ്മ അന്തരിച്ചിട്ട് പതിനൊന്നുവർഷം കഴിഞ്ഞു. അച്ഛൻ ശ്യാംമ നോഹർവർമ വിലാസലോലനായിരുന്നു. ഇംഗ്ലണ്ടിൽ പോയി ബാരിസ്റ്റർ ഡിഗ്രി യെടുത്തു. പക്ഷേ ഒറ്റ ദിവസം പോലും കോടതിയിൽ പോയില്ല, നൃത്തം, സംഗീതസദസ്സുകൾ, മദ്യം, ലാസ്യവിലാസങ്ങൾ തുടങ്ങിയവയിൽ എട്ടു പത്തു ലക്ഷം രൂപ ദീവാളികുളിച്ചു. വീട്ടിലെ അന്തഃപുരത്തിൽ വല്ലപ്പോഴുമേ വരൂ. വരുമ്പോഴോ, വേലക്കാരും ശിപായികളും അമ്മ പോലും പാമ്പുകടിയേറ്റപോ ലാണ്. സജ്ജൻ അച്ഛനെ വെറുത്തിരുന്നു. നിസ്സാരകാര്യങ്ങൾക്കുപോലും അമ്മയെ ശകാരിക്കും. പുഴുത്ത തെറിവിളിക്കും. പലപ്പോഴും കൈ ഓങ്ങുകയും ചെയ്യും. സജ്ജന്റെ അമ്മ ഗംഭീരയും ശാന്തയുമായിരുന്നു. വ്രതങ്ങളിലും ഉപ വാസങ്ങളിലും മുഴുകി വായും മൂടി ജീവിതം കഴിച്ചു വന്നു. അമ്മ വീട്ടിനു പുറ ത്തുപോകുന്നതുകണ്ട ഓർമ്മയേ സജ്ജനില്ല. ഒരിക്കൽ അമ്മ പറഞ്ഞിരുന്നു "അമ്മായി മരിക്കുമ്പോൾ പറഞ്ഞിരുന്നു എന്റെ വീട് നോക്കിക്കൊള്ളണേ എന്ന്. പെട്ടിയുടെ താക്കോൽ നെഞ്ചിനടുത്തുനിന്ന് മാറ്റരുതെന്ന്. വീടിന്റെ ചുറ്റുമതിൽ കടന്ന് മറ്റെങ്ങും പോകരുതെന്ന്...." മരിക്കും വരെ അമ്മ ഈ മൂന്നുകാര്യങ്ങളും പാലിച്ചു.

സജ്ജന്റെ പിതാമഹൻ റായ് ബഹാദൂർ കന്നോമൽ 1902-ൽ മുപ്പത്തിരണ്ടാ മത്തെ വയസ്സിലാണ് നിര്യാതനായത്. ശ്യാം മനോഹറിന് അന്നു കഷ്ടിച്ചു ഒരു വയസ്സു വരും. കാര്യങ്ങൾ നോക്കാൻ ആരുമില്ലാതായി. ശ്യാം മനോഹർ ബാല്യ പ്രായത്തിലെത്തുന്നതിനുമുമ്പു കൈയിൽകിട്ടിയവരും കണ്ടവരുമായി ലക്ഷക്ക ണക്കിനുരൂപ തിന്നു മുടിച്ചു. സജ്ജന്റെ അമ്മൂമ്മ, പാവം സ്ത്രീ, സ്വന്തം വീട് കൊള്ളയടിക്കപ്പെടുന്നതു കണ്ട് രാവും പകലും നെഞ്ചുരുകി കരഞ്ഞു. മകൻ അച്ഛനെപ്പോലെ വലിയവനായിവരുന്നുണ്ടെന്നൊരു വിശ്വാസത്തിൽ മാത്രമായി

രുന്നു അവരുടെ സന്തോഷവും പ്രത്യാശയും. ശ്യാം മനോഹർ നിർബന്ധം പിടിച്ച് ബാരിസ്റ്ററാകാനായി ബിലാത്തിയിലേക്കു പോയി. അതിനുശേഷമാണ് അമ്മുമ്മയുടെ മരണം. സജ്ജന് ഇന്നും അവരെക്കുറിച്ച് നല്ല ഓർമ്മയുണ്ട്.

ബിലാത്തിയിൽ നിന്നു മടങ്ങിയെത്തിയ ശ്യാംമനോഹറിന്റെ മട്ടും മാതിരിയും ആകെ മാറിപ്പോയിരുന്നു. മനസ്സിൽ പാരീസിലെ നൈറ്റ് ക്ലബ്ബുകളുടെ മായാത്ത ചിത്രം മുദ്രണം ചെയ്യപ്പെട്ടിരുന്നു. തടയാനാരുമില്ല. യുവത്വത്തിന്റെ കുതിരയെ യഥേഷ്ടം അഴിച്ചുവിട്ടു.

യോഗം കൊണ്ടോ വിധികൊണ്ടോ എന്തോ ലാലാകന്നോമലിനെപ്പോലെ മുപ്പത്തിരണ്ടാമത്തെ വയസ്സിൽ തന്നെ ശ്യാം മനോഹറും അന്തരിച്ചു. സജ്ജൻ അന്ന് ജൂനിയർ കേംബ്രിജ്ജിന് പഠിക്കുകയായിരുന്നു. പുതുയുഗത്തിലേക്കു കടന്ന ആ പതിമൂന്നുകാരന്റെ ഹൃദയം പ്രശ്നങ്ങൾ കൊണ്ട് നിറഞ്ഞതായിരുന്നു. ജീവിതവും മരണവും, ഈശ്വരനും മതവും, സ്വാതന്ത്ര്യവും അടിമത്തവും ഉൾക്കൊണ്ട രാഷ്ട്രീയം-ഭാരതദേശം, ഇങ്ങനെ എത്രയോ കാര്യങ്ങൾ ആ കുമാര ഹൃദയത്തെ ഉലച്ചു. അതോടൊപ്പം യുവത്വത്തിന്റെ രഹസ്യാർഥങ്ങൾ പ്രകാശിതമായിക്കാണാനുള്ള ആകാംക്ഷയും മനസ്സിനെ മഥിച്ചുകൊണ്ടിരുന്നു.

അച്ഛന്റെ മരണശേഷം, സജ്ജനെക്കൊണ്ട് വിവാഹം ചെയ്യിക്കാൻ അമ്മ ആഗ്രഹിച്ചു. 'വേണ്ട' എന്ന പല്ലവിയിൽ സജ്ജൻ ഉറച്ചുനിന്നു. ഇത്ര ചെറുപ്പത്തിലേ വിവാഹം ചെയ്യാൻ സജ്ജനാഗ്രഹമില്ല. വളർന്നു വലുതായി സ്വന്തം ഇഷ്ടത്തിന് ഒരു വിവാഹം ചെയ്യണമെന്നാണാഗ്രഹം. അമ്മ ആലോചിച്ചു തീരുമാനിക്കുന്ന ഒരു ബന്ധത്തിലേർപ്പെടാൻ തനിക്കുകഴിയില്ലെന്നു തുറന്നു പറയാനും വയ്യ. മൂന്നുവർഷം കഴിഞ്ഞ് മുഖത്ത് രോമം കിളിച്ചുതുടങ്ങിയപ്പോഴേക്കും അവന് ഒരു കാര്യം ബോധ്യമായി. അമ്മ നിശ്ചയിക്കുന്ന അത്യന്തം സുന്ദരിയായ ഒരു പെൺകുട്ടിക്കുപോലും അവന്റെ ജീവിതസഖിയാകാൻ പറ്റില്ലെന്ന്. സൗന്ദര്യത്തിനൊപ്പം സുഗന്ധവും വേണം. പക്ഷേ സുഗന്ധത്തിന്റെ കാര്യത്തിൽ അവന് അവന്റേതായ നിർവചനമാണുള്ളത്. വ്രതാനുഷ്ഠാനങ്ങളിലും ആചാരങ്ങളിലും കർശനമായി മുഴുകിക്കഴിയുന്ന ഒരു പെണ്ണിനെ അവനു വേണ്ടേ വേണ്ട. വിദ്യാഭ്യാസമുള്ള, നവീന ചിന്താഗതിയുള്ള, സുന്ദരിയും ചതുരയും പിന്നെത്രയോ ഗുണഗണങ്ങളുള്ളവളുമായ ഒരു പത്നിയെയാണാവശ്യം. അതുമല്ല, വിവാഹത്തിനു മുമ്പ് അല്പം റൊമാൻസിനും സൗകര്യം വേണം.

ഒരു ദിവസം അമ്മ പെട്ടെന്ന് അവന്റെ കാലു പിടിച്ചിട്ട് കണ്ണുനീർ തൂകിക്കൊണ്ട് പറഞ്ഞു "മോനെ, എനിക്ക് ഒരപേക്ഷയുണ്ട്. നിന്റെ അച്ഛന്റെ കാലടി നീ പിൻതുടരരുത്. ഇത്രയും കാലം എന്റെ ആത്മാവ് നീറിപ്പിടഞ്ഞാണു കഴിഞ്ഞത്. ഇനിയും എന്നെ വേദനിപ്പിക്കരുത്."

സജ്ജൻ അമ്മയെ അത്യധികം സ്നേഹിച്ചിരുന്നു. തന്റെ പത്നി അനുഷ്ഠിക്കരുതെന്ന് അവനാശിക്കുന്ന മതധർമ്മാനുഷ്ഠാനങ്ങൾ അമ്മ പരിപാലിക്കുന്നത് അവരോടുള്ള അവന്റെ ബഹുമാനം വർധിപ്പിക്കുകയാണു ചെയ്തത്. ഇത് വിചിത്രമായ ഒരു മാനസികാവസ്ഥയായി അവനു തന്നെ തോന്നാതിരുന്നില്ല. സ്വഭാവഗുണമില്ലാത്ത സ്വപിതാവിനെക്കുറിച്ച് അവന് എന്നും വെറുപ്പായിരുന്നു. അമ്മയുടെ സത്ഗുണങ്ങൾ ശക്തിയുടെ പ്രതീകമായി അവനു തോന്നിയിട്ടുണ്ട്. തെമ്മാടിയും വഴക്കാളിയുമായ പിതാവുപോലും സഹനശീലയും സ്നേഹമയി

യുമായ അമ്മയുടെ മുൻപിൽ നിഷ്പ്രഭനായിപ്പോകാറുണ്ടായിരുന്നു. എല്ലാവരുടെയും ദു:ഖങ്ങളിലും വേദനകളിലും അമ്മ പങ്കുചേരും. ശുദ്ധിയും വൃത്തിയും കർശനമായിപാലിച്ചിരുന്നു അമ്മ. ഒരിക്കൽ അവർ ഒരു വേലക്കാരിയുടെ ഛർദിലും മൂത്രവും കോരിവെടിപ്പാക്കുന്നത് അവൻ കണ്ടിട്ടുണ്ട്. അമ്മയെക്കുറിച്ചുള്ള മായാത്ത ഒരു ചിത്രം സജ്ജന്റെ ഹൃദയത്തിൽ പതിഞ്ഞിട്ടുണ്ട്. അച്ഛന്റെ പാതയിൽ സഞ്ചരിക്കില്ലെന്ന് അമ്മയ്ക്ക് വാക്കുകൊടുത്ത സജ്ജൻ സ്വയം ഒരു മാനസികസംഘർഷം വിലയ്ക്കെടുക്കുകയാണു ചെയ്തത്.

ഇതിനിടയ്ക്കാണ് ബാല്യത്തിൽത്തന്നെയുണ്ടായിരുന്ന ചിത്രരചനാവാസന വളർന്നു പുഷ്ടിപ്പെട്ടത്. സീനിയർ കേംബ്രിജ് പാസ്സായശേഷം അവൻ ആർട്സ് സ്ക്കൂളിൽ ചേർന്നു. അച്ഛൻ മരിച്ച് ആറുവർഷം കഴിഞ്ഞപ്പോൾ അമ്മയും ഇഹലോകവാസം വെടിഞ്ഞു.

സജ്ജന്റെ ഹൃദയത്തിൽ ഒരു ശൂന്യത. ആ ശ്വാസംമുട്ടലിൽ നിന്നും മുക്തനാകാൻ വേണ്ടിയാണ് ചിത്രം വരയ്ക്കാനെന്ന പേരും പറഞ്ഞ് അയാൾ ദേശസഞ്ചാരത്തിനിറങ്ങിയത്.

അമ്മയ്ക്കു കൊടുത്തിരുന്ന പ്രതിജ്ഞയുമായി അവർ ജീവിച്ചിരുന്ന കാലത്തുതന്നെ സ്വയം ഒരു സന്ധിയിലെത്തിച്ചേർന്നിരുന്നു. അച്ഛനെപ്പോലെ പണം ധൂർത്തടിക്കുകയില്ലെന്ന് അയാൾ തീരുമാനിച്ചു. വരവുചെലവുകളെക്കുറിച്ചും ജമീന്ദാരിയുടെ നടത്തിപ്പിനെക്കുറിച്ചും അയാൾ ശ്രദ്ധാലുവായിരുന്നു. വേലക്കാരെയും മറ്റും അടക്കി നിറുത്തുന്നതിലും വീട്ടുകാര്യങ്ങൾ മുറയായും ചിട്ടയായും നടത്തുന്നതിലും നിഷ്കർഷിച്ചിരുന്നു. സ്വത്തു വർധിപ്പിക്കാനുള്ള ശേഷിയും കഴിവും ഇല്ലെങ്കിലും ഉള്ളതുകോട്ടംവരാതെ കാത്തുസൂക്ഷിക്കാനും പരിപാലിക്കാനുമുള്ള തന്റേടം സജ്ജനുണ്ട്. ഇത്രയും സംയമനശീലം ഉണ്ടെങ്കിലും സ്ത്രീവിഷയത്തിൽ അയാൾ അത്രയ്ക്കാത്മനിയന്ത്രണം പാലിച്ചിരുന്നില്ല.

ആർട്സ് സ്ക്കൂളിൽ അഞ്ചു വർഷം പഠിച്ച് ഡിപ്ലോമനേടി. ദേശസഞ്ചാരം നടത്തി ആനന്ദാനുഭൂതികൾ നുകർന്ന് കഴിയവേ അയാളുടെ മനസ്സിൽ ഒരു സിദ്ധാന്തം രൂപം കൊണ്ടു. വിവാഹം ചെയ്തേ തീരൂ എന്നില്ല (കുറഞ്ഞ പക്ഷം തനിക്കെങ്കിലും) അഥവാ ആവശ്യമാണെങ്കിൽ തന്നെയും മനുഷ്യൻ (താൻ) മുപ്പതുവയസ്സായ ശേഷമേ അതിനുമുതിരാവൂ. അർഹയായ ജീവിതസഖിയെ നേടിയെടുക്കാനുള്ള ശേഷി അന്നു കൈവന്നിരിക്കും. ചിത്രരചനയിൽ വിജയവും കീർത്തിയും കൈവന്നതോടെ അയാളുടെ ആസക്തിയും വർധിച്ചുവന്നു. സ്വസംതൃപ്തിയായി അയാളുടെ ഉന്നം. ഈ സ്വാർഥചിന്തകാരണം സ്ത്രീകളെ പുരുഷന്റെ ശാരീരികാവശ്യങ്ങൾക്കും മാനസികോല്ലാസത്തിനും വിലാസലീലകൾക്കുമുള്ള ഒരുപകരണമായി അയാൾ കരുതിപ്പോന്നു. ഭാരതീയവും പാശ്ചാത്യവുമായ ആദർശങ്ങളുടെ സമ്മിശ്രണത്താൽ സ്ത്രീകളെ അതിമനോഹരമായ ഉപമാനോപമേയങ്ങൾ കൊണ്ടലങ്കരിക്കുന്ന സമ്പ്രദായം അയാളും ബാഹ്യമായി സ്വീകരിച്ചിരുന്നു. അയാളുടെ ഈ ബാഹ്യസംസ്ക്കാരത്തിനു അതിഗഹനമായ ഒരാഘാതമാണിന്നേറ്റേത്. ഒരു സ്ത്രീയോടുകാണിച്ച അക്രമവും തൽഫലമായുണ്ടായ അതിദാരുണമായ രീതിയിലുള്ള അവളുടെ മരണവും സജ്ജന്റെ ഹൃദയത്തിനടിത്തട്ടിലുണ്ടായിരുന്ന വിശ്വാസങ്ങൾ തിളച്ചുപൊങ്ങി പുറത്തുചാടാനിടയാക്കി. പവിത്രമായ ആ വിശ്വാസങ്ങളുടെ പ്രകാശത്തിൽ അന്നു ജഗദംബസ

ഹായുടെ സുന്ദരിയായ മകളുടെ നേരെ തനിക്ക് തോന്നിയ കാമവികാരത്തിൽ അയാൾ സ്വയം ലജ്ജിച്ചു. താനറിയാതെ അയാളുടെ തല താണുപോയി.

ഓടുന്ന മനുഷ്യന്റെ ഹൃദയം പ്രവർത്തിക്കുന്നത് ഒരു പ്രത്യേക രീതിയിലാണ്. ആദ്യം സ്വയം വിമർശനത്തിന് അവനൊരുങ്ങുമ്പോൾ തന്റെ മിടുക്കിൽ അവനഭിമാനിക്കും. ആ മിടുക്ക് ഭയത്തിനു കാരണമായിത്തീരുമ്പോൾ അതിൽ നിന്ന് ഓടി അകലാൻ തുടങ്ങും. ഭയം വെറിയെടുത്ത മൂരിക്കുട്ടനെപ്പോലെ പിൻതുടർന്ന് അമറാൻ തുടങ്ങുമ്പോൾ ആത്മരക്ഷയെക്കരുതി പായാൻ തുടങ്ങുന്ന അവന്റെ ശരീരത്തിലെ അണുക്കൾ പോലും ചിതറിത്തുടങ്ങും. ഭയഗ്രസ്തനായ അവൻ ആശയറ്റവനായി ഓടിത്തുടങ്ങുമ്പോൾ എല്ലാം വിസ്മരിച്ച് ഒരു ഭ്രാന്തന്റെ നിലയാകും. അങ്ങനെ ഭ്രാന്താവസ്ഥയിലെത്തിയ ഹൃദയത്തെ അരക്കിട്ടുറപ്പിക്കാനാണ് സജ്ജന്റെ ശ്രമം. ശരീരം കൊണ്ട് നടക്കുകയായിരുന്നെങ്കിലും അയാളുടെ ഹൃദയം ഒരിടത്ത് കെട്ടിയിടപ്പെട്ടിരിക്കുകയാണ്. കാട്ടിൽനിന്ന് അപ്പോൾ പിടിച്ചുകൊണ്ടു വന്ന ഒരു വെട്ടുപോത്തിനെ കെട്ടിയിട്ട മാതിരിയായിരുന്നു ആ ഹൃദയം. കെട്ടുപൊട്ടിച്ചു പായാനായി അതു കുതറുകയും തുമ്മുകയും ചീറുകയും ചെയ്യുകയാണ്.

ഒന്നും രണ്ടും പേർ ഇടയ്ക്കും മുറയ്ക്കും നടന്നുപൊയ്ക്കൊണ്ടിരുന്ന ആ ചെറിയ നിരത്തിലൂടെ സ്വയം മറന്നു നടന്നിരുന്നെങ്കിലും സജ്ജൻ ശരിയായ വഴിക്കാണു പൊയ്ക്കൊണ്ടിരുന്നത്. തണുപ്പു കൂടിയതായി മനസ്സിൽ തോന്നി. ഓവർക്കോട്ട് എടുത്തണിഞ്ഞു. അയാൾ ഷഹൽജാം റോഡിലെത്തി. ഇരുവശത്തും അണിയിട്ടുനിന്നിരുന്ന മാളികകൾ സജ്ജനെന്നുപേരുള്ള ഒരു വ്യക്തിയെക്കുറിച്ച് എത്രമാത്രം വിരക്തമായിരുന്നോ, അത്രയും വിരക്തി ആ അന്തരീക്ഷത്തോടു തന്നെ സജ്ജനും ഉണ്ടായിരുന്നു. ഒന്നും തന്നെ ശ്രദ്ധിക്കാതെ അയാൾ മുന്നോട്ടു നടക്കുകയാണ്.

എതിരെ വന്നിരുന്ന കാറിന്റെ ലൈറ്റ് അയാളുടെ മേൽ പതിഞ്ഞു. അയാളൊന്നു ഞെട്ടി. വിസ്മൃതിയിൽ ലയിച്ചിരുന്ന കണ്ണുകൾ ഉയർത്തി അയാളൊന്നു നോക്കി. എന്നിട്ട് റോഡിന്റെ ഇടതുവശം ചേർന്ന് വീണ്ടും തല കുമ്പിട്ട് നടന്നു തുടങ്ങി.

പാഞ്ഞുവന്നിരുന്ന കാർ അയാളുടെ അരികിലെത്തി പെട്ടെന്നു നിന്നു. അബോധാവസ്ഥയിലായിരുന്ന സജ്ജന്റെ ഹൃദയത്തിന് പരിസരബോധത്തിന്റെ പ്രഹരമേറ്റു. സ്വയം നിയന്ത്രിക്കാൻ കഴിയുന്നതിനു മുമ്പ് കാറിനുള്ളിൽ നിന്നുയർന്ന ഒരു സ്ത്രീസ്വരം അയാളുടെ ചേതനയെ ഉണർത്തി.

"ഓ..... ഷീലയാണോ....?" ജീവൻ തിരിച്ചുവീണു. കണ്ണുകൾക്ക് സ്വശക്തി വീണ്ടുകിട്ടി. വണ്ടിയിൽ മഹിപാലും ഡോക്ടർ ഷീലാ സിംഗും ഇരിക്കുന്നു. മാനസിക സംഘർഷത്താൽ സ്വയം വിസ്മൃതനായി ശ്വാസം മുട്ടലനുഭവിച്ചിരുന്ന സജ്ജന് ഈ രണ്ടു സുഹൃത്തുക്കളുടെയും സാന്നിധ്യം ഒട്ടൊരു സുഖം നൽകി. അയാളുടെ മാനസിക നില സന്തുലിതമായി.

"എവിടെനിന്നു വരുന്നു മഹാൻ?" കൈ പുറത്തേക്കിട്ട് അയാളുടെ ഓവർക്കോട്ടിന്റെ കോളറിനു പിടിച്ചു വലിച്ചിട്ട് ഷീല ഉത്സാഹത്തോടെ ചോദിച്ചു.

വിസ്മൃതാവസ്ഥ നിയന്ത്രിച്ചു കഴിഞ്ഞിരുന്ന സജ്ജൻ ഉത്സാഹത്തോടെ അതേ ചോദ്യം തിരിച്ചുചോദിച്ചു: "നിങ്ങൾ രണ്ടു മഹാത്മാക്കളും എവിടെനിന്നു

വരുന്നു?"

"സാത്താന്റെ സ്വർഗത്തിൽ നിന്ന്" മഹിപാൽ പുഞ്ചിരിയോടെ പറഞ്ഞു.

മഹിപാലിന്റെ കയ്യിൽ കൈമുട്ടുകൊണ്ട് ഒന്നിടിച്ചിട്ട് ഷീല പുഞ്ചിരിയോടെ പറഞ്ഞു "യൂ ഫൂൾ. നമ്മുടെ രഹസ്യ സ്വർഗത്തിന്റെ വിലാസം ഈ ലോകത്തുള്ളവരോട് പറഞ്ഞു കൊടുക്കരുത്. ഇനി അവരവിടെയും ഈശ്വരന്റെ തോട്ടത്തിലെ കനി നട്ടുകളയും."

ഈശ്വരന്റെ തോട്ടത്തിലെ കനി ഇപ്പോൾ സജ്ജന്റെ തൊണ്ടയിൽ കുടുങ്ങിയിരിക്കുകയാണ്. ആ പരിഹാസവചനം അയാളുടെ ഹൃദയത്തിൽ കുത്തിത്തുളഞ്ഞു. പുറമേ ഒരു പൊള്ളച്ചിരി പാസാക്കിയശേഷം അയാൾ അവർ രണ്ടു പേരോടുമായി പറഞ്ഞു "വരിൻ കുറച്ചുനേരം എന്റെ വീട്ടിൽ കഴിഞ്ഞിട്ട് പോകാം. കാപ്പി കുടിക്കാം. അതല്ല വേണമെന്നുണ്ടെങ്കിൽ ഇപ്പോൾ നിങ്ങളുടെ വായിൽ നിന്നടിക്കുന്ന സുഗന്ധം ഇരട്ടിപ്പിക്കുകയും ചെയ്യാം."

"നേരം വളരെ വൈകുമെടോ. ഡോക്ടർ ടൈമെത്രയായി?"

"ടൈം ടു ബി എക്സാക്റ്റ് – പതിനൊന്ന് ഇരുപത്. അധികം സമയമൊന്നുമായില്ല. വരൂ ദുർജൻ, ഞങ്ങൾ നിങ്ങളെ അനുസരിച്ചോളാം."

"വേണ്ടെടോ—ഇനിയൊരിക്കലാകട്ടെ. ഷീലയ്ക്കാണെങ്കിൽ സായിപ്പൊന്നുമില്ല, എക്സ്പ്ലനേഷൻ ചോദിക്കാൻ. എന്റെ ഭാര്യയാണെങ്കിൽ യക്ഷി ചമഞ്ഞ് എന്റെ മടക്കവും കാത്തിരിക്കുകയാവും".

സജ്ജൻ വണ്ടിയിൽ കടന്നിരുന്നു കഴിഞ്ഞിരുന്നു. മഹിപാൽ പറഞ്ഞതു കേൾക്കാത്ത ഭാവത്തിൽ ഷീല തിളങ്ങുന്ന തന്റെ സ്റ്റുഡിബേക്കർ വന്ന വഴിയിലേക്കു തിരിക്കാൻ തുടങ്ങി.

സജ്ജൻ മഹിപാലിനോടു പറഞ്ഞു "നിങ്ങളെ ഒരു ദിവസം പെയിന്റു ചെയ്യും മഹിപാൽ. വെള്ളവും തീയും നിറഞ്ഞ രണ്ടു കടലുകളുടെ നടുവിൽപ്പെട്ട മനുഷ്യനെപ്പോലെയാണ് നിങ്ങൾ."

"നോ...നോ... ഷീലയെ കാലുവാരാതെ സജ്ജൻ. ഇവൾ ആയിരം സെന്റിഗ്രേഡുവരെ ചൂടുള്ളവളോ ഫ്രീസിംഗ് പോയിന്റുവരെ തണുപ്പുള്ളവളോ അല്ല."

"വേണ്ട. വേണ്ട. എനിക്കുവേണ്ടി വക്കാലത്തൊന്നുമെടുക്കേണ്ട. ഇദ്ദേഹം എന്നെക്കുറിച്ചല്ല പറഞ്ഞത്. അല്ലേ ദുർജൻ?"

"ശരിയാണ്. ഫെയർ സെക്സിനോടു എനിക്കെത്ര ബഹുമാനമാണെന്ന് നിങ്ങൾക്കുതന്നെ അറിയാമല്ലോ." അതു പറഞ്ഞുകഴിഞ്ഞപ്പോൾ സജ്ജന്റെ ഹൃദയം ഒന്നു പിടഞ്ഞു. ജഗദംബസഹായിന്റെ മകളെയും ചിത്രയെയും അവനോർമ്മ വന്നു.

കാർ സജ്ജന്റെ ബംഗ്ലാവിന്റെ ഗേറ്റിലെത്തി. ഹോൺ മുഴക്കി.

"ഇൻ ആൾ ഫെയർനസ്, ഷീലയെക്കുറിച്ച് ഞാനിത്രയും പറയാം. ഇവളുടെ ഹൃദയം, കലാകാരന്മാരുടേതുപോലെ ചൂടുള്ളതും, ബുദ്ധി ശാസ്ത്രകാരന്മാരുടേതുപോലെ തണുപ്പുള്ളതുമാണ്" മഹിപാൽ പറഞ്ഞു.

മഹിപാലിന്റെ വാക്കുകൾ ഷീലക്കു രസിച്ചു.

"എന്റെ തൊഴിലിനതാവശ്യമാണ്. ആർട്ട്സ് പ്ലസ് സയൻസ്!"

"നീ എന്നെ ദേഷ്യം പിടിപ്പിക്കുകയാണ് ഷീലേ. ഇന്നത്തെ ഡോക്ടർമാരിൽ തൊണ്ണൂറ് ശതമാനവും കശാപ്പുകാരും നിർദയരുമാണ്. സത്യം പറ

ഞാൽ–ആൾദോ അൺകാൺഷ്യസ്‌ലി ഐ നോ– നീയും അങ്ങനെ തന്നെ.”

പാറാവുകാരൻ ഓടിവന്നു ഗേററു തുറന്നു.

അർധരാത്രിയായി. സജ്ജൻ മാസ്ററർ ജഗദംബസഹായുടെ കളങ്ക കഥ കേൾപ്പിക്കുകയാണ്. സ്കോച് വിസ്ക്കി അയാളുടെ വാക്കുകളിലും ഷീലാ മഹിപാൽമാരുടെ ഹൃദയത്തിലും കരുണ രസം പകർന്നിരുന്നു. മഹിപാലിന്റെ നേത്രങ്ങളിൽ നിന്ന് നീർമുത്തുകൾ ഉതിർന്നു.

സജ്ജൻ പറഞ്ഞു “മഹിപാൽ അവൾക്കു വേണ്ടി കരയുകയാണ്. വെന്തു മരിക്കുമ്പോൾ അവൾക്കു യാതൊരു കഷ്ടപ്പാടുമുണ്ടായിരിക്കില്ലെന്നാണ് എനിക്കു തോന്നുന്നത്. അവൾ ഒരു തരം ആവേശത്തിലാണത് ചെയ്തത്...”

“ആത്മാഹുതിക്കുള്ള ആവേശമുണ്ടാകുന്നത് കണ്ണീരിന്റെ ശക്തിയോടെയാണു സജ്ജൻ. ഇങ്ങനെ മരിക്കാനുള്ള ദൗർഭാഗ്യം ആർക്കെങ്കിലും വരുന്നതെന്തു കൊണ്ടാണ്? മനുഷ്യസന്തതികൾ ഭൂമിയിൽ ജനിച്ചു വീണ ഉടനെ തന്നെ ഈ രാക്ഷസീയ ലോകം അതിനെ ഞെക്കിക്കൊന്നിരുന്നെങ്കിൽ... എങ്കിലീ വാർത്തകൾ നാം കാണുകയോ കേൾക്കുകയോ സഹിക്കുകയോ വേണമായിരുന്നോ...?” മാർബിൾ നിർമ്മിതമായ മേശമേൽ ആഞ്ഞൊന്നടിച്ചിട്ട് മഹിപാൽ എഴുന്നേററു നിന്നു. അലങ്കാരവസ്തുക്കൾ നിറഞ്ഞ നീണ്ട ആ ഹാളിൽ അയാൾ അങ്ങോട്ടും ഇങ്ങോട്ടും ഉലാത്തി. അയാളുടെ കോപം ജൻമസിദ്ധമാണ്. മദ്യലഹരി അതിൽ മിന്നൽ നിറച്ചു. ഇടക്കിടെ അയാൾ വിറച്ചു. ചെറിയൊരു മുള്ളുകൊണ്ടാൽ വേദന കൊണ്ട് ഞെളിപിരികൊള്ളുന്ന മനുഷ്യശരീരത്തിൽ സ്വന്തം കൈ കൊണ്ട് തീ വെക്കുക....വെന്തു വെന്തു മരിക്കുക ....ഹൊ...(മഹിപാൽ പൊട്ടിക്കരഞ്ഞു) “പാവം... ഇത്തരത്തിലുള്ള മരണം ആർക്കും... ഒരുത്തർക്കുമുണ്ടാകരുത്....”

വെന്തുമരിച്ചവളുടെ പ്രാണവേദന ഇപ്പോൾ മഹിപാലിന്റെ ഹൃദയത്തിലാവേശിച്ചു. കണ്ണുനീരുനിറഞ്ഞ കണ്ണുകളിൽ പിഞ്ചുകുഞ്ഞിന്റെ കോമളമായ കഴുത്തിൽ ഒരു ക്രൂരഹസ്തം മുറുകുന്ന ചിത്രം നിഴലിച്ചു. മഹിപാലിന്റെ ദുഃഖം നീതിയുടെയും ക്രോധത്തിന്റെയും ആവേശമായി മാറി.

മഹിപാലിന്റെ വാക്കുകൾ സജ്ജന്റെ ഹൃദയത്തിലും പ്രഭാവം ചെലുത്തി. രാവിലെ ആ വാർത്ത കേട്ടപ്പോൾ കുറച്ചു നേരത്തേക്കു തോന്നിയിരുന്ന ക്രോധവും ദുഃഖവും സഹാനുഭൂതിയും ഇപ്പോഴിതാ വീണ്ടും ഹൃദയത്തിൽ നിറഞ്ഞു. അന്നു മുഴുവൻ സ്വന്തം പ്രശ്നങ്ങളിൽ മുഴുകിക്കഴിഞ്ഞിരുന്ന അയാളുടെ സംസ്കാര പൂർണമായ ഹൃദയത്തിനൊരു ലാഘവം വന്നു. അന്യരോടുള്ള ഈ മമതാബന്ധം ഉണർന്നതോടെ അയാൾക്ക് തന്റെ അപരാധ ബോധത്തിൽ അല്പം ഒരയവുവന്നു. ആ നിർമല മുഹൂർത്തത്തിൽ അയാൾ സ്വയം ഒന്നു വിലയിരുത്തി. ‘ഇല്ല, ഞാനത്രത്തോളം നീചനല്ല. അത്ര നീചനല്ല.’

മഹിപാൽ മേശവിട്ടെഴുന്നേറ്റതു മുതൽ ഷീലയുടെ ഒരു കണ്ണ് അയാളുടെ മേലായിരുന്നു. അവൾ ഒന്നും കേൾക്കുന്നില്ല. ചില പ്രശ്നങ്ങൾക്ക് ഉത്തരം തിരയുകയാണ് അവളുടെ ഹൃദയം. ഇത്തരത്തിലുള്ള അനേകം കേസുകൾ അവളുടെ മുന്നിൽ നിരന്നു. മനുഷ്യൻ ജീവിതവും മരണവുമായി മല്ലിടുന്ന അനേകം നിമിഷങ്ങൾ അവൾ നേരിൽകണ്ടതാണ്; അറിഞ്ഞതാണ്. ‘ജീവൻ രക്ഷപ്പെടണം’ അതാണവളുടെ ബുദ്ധി ഉപദേശിക്കുന്നത്. അപ്പോ ഴേക്കും അവളുടെ ഹൃദയത്തിലും കരുണാപ്രവാഹമുണ്ടായി.

മഹിപാൽ സ്വയം ആവേശബാധിതനായി ജനാലക്കരികിലേക്കു നീങ്ങി. ഒരു കാൽ ജനാലപ്പടിയിൽ കയറ്റി വച്ചു ചുരുട്ടിയ മുഷ്ടിയിൽ താടിയും കൊടുത്ത് നിർജീവ ദൃഷ്ടികൾ അന്ധകാരത്തിലുറങ്ങുന്ന തോട്ടത്തിലേക്കു പായിച്ചു നിന്നു. അങ്ങു ദൂരെയെവിടെയോ എന്തോ തിരയുന്നതു പോലെ. അയാളുടെ സർവഭാവനകളും അപ്പോൾ ഒന്നുചേർന്ന് ഏതോ വിചാരഗതിയുടെ ആഗമനവും പ്രതീക്ഷിച്ചിരിക്കുകയാണ്.

പിന്നിൽ സ്വസ്ഥാനത്തിരുന്നിരുന്ന ഷീല പറഞ്ഞു "ശരിയാണ്. ഇത്തരത്തിലുള്ള ട്രാജഡികൾ ആയിരക്കണക്കിന് ഇവിടെ നടക്കുന്നുണ്ട്. പക്ഷേ എന്തു ചെയ്യാനൊക്കും? ഇതിനൊരു പരിഹാരമാർഗം എന്താണ്?"

ഒന്നും ചിന്തിക്കാതെ തന്നെ, ചിന്തിക്കുകയാണെന്ന ഭാവം മുഖത്ത് പ്രകടിപ്പിച്ചു കൊണ്ട് സജ്ജൻ പറഞ്ഞു "വിദ്യാഭ്യാസമില്ലാത്തതു കൊണ്ടാണിതൊക്കെ നടക്കുന്നത്. നമ്മളുടെ ജനങ്ങൾ വളരെ ബാക്ക്‌വേഡാണ്..."

"വിദ്യാഭ്യാസമോ...എങ്ങനെയുള്ള വിദ്യാഭ്യാസം?"

"ഇത്തരത്തിലുള്ള ക്രൈംസ് ഒറ്റയടിക്കവസാനിപ്പിക്കൻ തക്ക എന്തു വിദ്യാഭ്യാസമാണ് സമൂഹത്തിനു നൽകാൻ കഴിയുക...?" എന്നു ചോദിച്ചിട്ട് ഷീല ചിന്താഗ്രസ്തയായി.

"ഗവൺമെന്റ് അവർക്ക് എഡ്യൂക്കേഷൻ നൽകണം. മനുഷ്യത്വമെന്നാലെന്താണെന്നവരെ പഠിപ്പിക്കണം. ഹ്യൂമൻ വാല്യൂസ് എന്താണെന്ന് ധരിപ്പിക്കണം."

"എങ്ങനെ നിങ്ങളവരെ മനസ്സിലാക്കും? അതിനു നിങ്ങളുടെ പക്കൽ എന്തുണ്ട്?" ജനലിനടുത്തു തിരിച്ചു നടന്ന മഹിപാൽ സജ്ജനോട് ചോദിച്ചു.

"അതെന്ത്? ഗവൺമന്റ് ടീച്ചേഴ്സിനെ നിയമിക്കണം. ആർട്ട്-കൾചറൽ സ്ഥാപനങ്ങൾ നടത്തണം. വീടാംതോറും ചെന്ന് ആളുകളെ ശുചിത്വത്തിന്റെയും ജീവിതരീതികളുടെയും കാര്യം പഠിപ്പിക്കാൻ കുറെ സ്ത്രീപുരുഷൻമാരെ നിയമിക്കണം. സ്വന്തം മാനസികനില വളർത്താൻ അവരെ സഹായിക്കണം."

"വെറും ഉപദേശങ്ങളിൽ എനിക്കു വിശ്വാസമില്ല, സജ്ജൻ." സജ്ജന്റെ വാക്കുകൾ 'ഹോപ്‌ലെസ്സ്' കേസാണെന്ന മുഖഭാവത്തോടെ ഷീല പറഞ്ഞു. "ശരി നൗ കമോൺ. ഒന്നാലോചിക്കൂ. നിങ്ങൾ എന്റെയടുക്കൽ വരികയാണ്. ഞാനാണെങ്കിൽ നിങ്ങളുടെ സുഹൃത്തു പറഞ്ഞതുപോലെ നിർദയയും, നിഷ്ഠുരയുമാണ്. ജനങ്ങളുടെ ജീവൻ രക്ഷിക്കുന്നതിലുപരി ലോകത്തു മറ്റൊന്നുമില്ലെന്ന് തീർച്ചയായും ഞാൻ കരുതുന്നു. പക്ഷേ ആ ജോലിയാണ് എന്റെ വരുമാനമാർഗം. ഞാൻ വിചാരിക്കും ഞാനിത്രയും കഷ്ടപ്പെട്ടും പണം ചെലവാക്കിയും പഠിച്ച ഈ തൊഴിലിൽ നിന്ന് എന്തുകൊണ്ടെനിക്കു പ്രയോജനം നേടിക്കൂടാ എന്ന്. ഒരാൾക്ക് ജീവൻ വളരെ ഇഷ്ടപ്പെട്ടതാണെങ്കിൽ അതു നിലനിറുത്താനായി പണം ചെലവാക്കിയാലെന്ത്? അപ്പോൾ ഞാൻ എന്തുകൊണ്ട് പണം വാങ്ങിക്കൂടാ. നിങ്ങളുടെ ആ.... എന്താണാ പേര്.ക്രിസ്ത്യനോ ഗാന്ധിയനോ, രാമകൃഷ്ണമിഷനിലെയോ ആദർശങ്ങളനുസരിച്ച് സന്യാസജീവിതം നയിക്കാനാഗ്രഹിക്കുന്നില്ല. എനിക്കതല്ലേ വേണ്ടത്." ഇത്രയും പറഞ്ഞിട്ട് ഷീല മൂകയായി. മഹിപാലിന്റെ മുഖത്തേക്ക് ചോദ്യരൂപത്തിൽ ഒന്നു നോക്കി, എന്താണു മുഖഭാവം എന്നറിയാൻ വേണ്ടി. പക്ഷേ മുഖം കുനിച്ച് ചിന്താമഗ്നനായി ഇരിക്കുകയാണ് മഹിപാൽ.

വിചാരമഗ്നനായി സജ്ജൻ പറഞ്ഞു "ഇതൊരു കുഴഞ്ഞ പ്രശ്നമാണ്. സ്വാർഥ താല്പര്യം സ്വാഭാവികമാണ്. ഹ്യൂമൻനേച്ചറാണ്. ഒന്നോ രണ്ടോ അബ്നോർമൽ, വലിയ മഹാത്മാക്കൾ അതിൽ നിന്നൊഴിഞ്ഞു നിന്നേക്കാം. അവരുടെ കാര്യം വിട്ടേക്കൂ. പക്ഷേ സാധാരണക്കാരുടെ കാര്യം നോക്കിയാൽ ഇക്കാര്യം ശരിയാണ്. നാമാദ്യം നമ്മുടെ സ്വാർഥം നോക്കും. പിന്നെ മാത്രമേ മറ്റുള്ളവരുടെ കാര്യം ചിന്തിക്കൂ. മറ്റൊരു വിധത്തിൽ ചിന്തിച്ചാൽ..... മനുഷ്യൻ ഈ സ്വഭാവഗതിമാറ്റി യില്ലെങ്കിൽ മനുഷ്യത്വമെന്ന പദവും അതിന്മേൽ പടുത്തുയർത്തിയ മൂല്യങ്ങളും തെറ്റാണെന്നു വരും. മനുഷ്യന്റെ മനസ്സിനെ എങ്ങനെ മാറ്റാനാകുമെന്ന് ഒരുപി ടിയും കിട്ടുന്നില്ല." ഇത്രയും പറഞ്ഞപ്പോഴേക്കും സജ്ജന്റെ സ്വരത്തിന് വിറയ ലനുഭവപ്പെട്ടു. മനസ്സിൽ ചിത്രയുടെയും ജഗദംബസഹായുടെ മകളോടു ചെയ്ത അപരാധത്തിന്റെയും ചിത്രങ്ങൾ ഉയർന്നു. അയാൾ വിവശനായി.

"മാറ്റാൻ കഴിയും" മഹിപാൽ തിരിഞ്ഞു സജ്ജനെ നോക്കിയിട്ടു പറഞ്ഞു. "അക്രമങ്ങൾ–മറ്റുള്ളവരെ ചൂഷണം ചെയ്യുന്നത്–അവസാനിക്കുമെങ്കിൽ. നിങ്ങൾ സ്വയമേവ അതു നിറുത്തിയില്ലെങ്കിൽ നിങ്ങളെ തല്ലിച്ചതച്ച് ബുദ്ധി നേർവഴിക്ക് കൊണ്ടുവരും."

"നിങ്ങൾ പറഞ്ഞതു കേട്ടാൽ ഞാൻ അക്രമിയാണെന്നു തോന്നുമല്ലോ" മഹി പാലിന്റെ വാക്കുകൾ സജ്ജന്റെ മുറിവിൽ എരിവു തേക്കുകയാണുണ്ടായത്. മനസ്സിനേറ്റ ആഘാതം ഒരു പൊള്ളച്ചിരികൊണ്ടയാൾ മറച്ചു. ഷീലയും ചിരിച്ചു. ആ ചിരി മഹിപാലിന്റെ മേൽ യാതൊരു പ്രഭാവവും ഏല്പിച്ചില്ല. അയാൾ പറഞ്ഞു "ഞാനും നീയും എല്ലാവരും അക്രമകാരികളാണു സുഹൃത്തേ. ഞാൻ പ്രത്യേകിച്ചാരെയും ഉദ്ദേശിച്ചില്ല, സമൂഹത്തെ ഒട്ടാകെ ചേർത്താണു പറഞ്ഞത്. അടക്കിയും അമർച്ചചെയ്തും വാഴുക നമ്മുടെ സ്വഭാവമായിത്തീർന്നിട്ടുണ്ട്. പക്ഷേ എന്നെന്നും അമർന്നു കഴിഞ്ഞു വരുന്നവരുണ്ടല്ലോ, അവർ ഒരിക്കൽ തക്കം നോക്കി ഉയർത്തെഴുന്നേല്ക്കും. അടക്കിവാഴാൻ ശ്രമിച്ചവരെയൊക്കെ തർകത്തു തരിപ്പണമാക്കുകയും ചെയ്യും. നോക്കിക്കൊള്ളൂ. ആ ദിവസം അത്ര ദൂരെയൊന്നുമല്ല സജ്ജൻ...."

"അപ്പോൾ ഭാരതത്തിൽ കമ്യൂണിസ്റ്റുകളുടെ ശക്തി വർധിക്കുമെന്നാണോ നിങ്ങളുടെ അഭിപ്രായം? അവരിവിടെ രക്തച്ചൊരിച്ചിലുണ്ടാക്കുമോ?" കൈവിര ലുകൾ കോർത്തു പിണച്ച് കാലാട്ടിക്കൊണ്ട് ഷീല ചോദിച്ചു.

"ഏതു പാർട്ടിയുടെ ശക്തിവർധിക്കുമെന്നെനിക്കറിയില്ല. ഞാൻ രാഷ്ട്രീയ വിദ്യാർഥിയല്ല. പക്ഷേ ഒന്നു ഞാനംഗീകരിക്കുന്നുണ്ട്. മാർക്സിന്റെ സിദ്ധാന്ത ങ്ങളും റഷ്യയിലും അടുത്തകാലത്തായി ചൈനയിലും ഉയർന്നുവന്ന പുതിയ ലോകങ്ങളും, ചിന്താശീലരായ എല്ലാവരുടെയും വിചാരങ്ങളിൽ വിപ്ലവപരമായ പരിവർത്തനം വരുത്തിയിട്ടുണ്ട്. അവശരും ആലംബഹീനരുമായവർ അടിയേറ്റ പാമ്പിനെപ്പോലെ തലയെടുക്കുന്നുണ്ട്. നമ്മുടെ സമൂഹത്തിലെ സ്ത്രീകളും അസംതൃപ്തരാണ്. വേണ്ടതിലധികം പീഡ അവർ അനുഭവിച്ചു കഴിഞ്ഞു...."

സജ്ജന് അമ്മയെക്കുറിച്ചോർമ്മ വന്നു. അവർ എന്തുമാത്രം സഹിച്ചിരി ക്കുന്നു!

ഷീല പറഞ്ഞു "സ്ത്രീകളെ സംബന്ധിച്ച് നിങ്ങൾ റൊമാന്റിക്കായിട്ടാണല്ലോ ചിന്തിക്കുന്നത് മഹിപാൽ. ഇന്നു സ്ത്രീകൾ വിദ്യാഭ്യാസമുള്ളവരും, കൾച്ചേഡും

മുമ്പത്തേതിലും വളരെയേറെ സ്വതന്ത്രരുമാണ്. പെൺകുട്ടികളുടെ വിദ്യാഭ്യാസം....."

തിളച്ചുപൊന്തിയ ക്രോധം അടക്കിനിറുത്തിയെങ്കിലും സ്വരത്തിലെ കാഠിന്യം ലഘൂകരിക്കാൻ മഹിപാലിനു കഴിഞ്ഞില്ല.

"വിരലിലെണ്ണാവുന്ന സ്ത്രീകൾ സ്വതന്ത്രരാണ്. അതിൽ 32 രൂപാ ഫീസ് ചുമത്തുന്ന നീയും ഉൾപ്പെടുന്നു. എന്നാൽ ഭൂരിപക്ഷവും വെന്തും നീറിയും മരിക്കാൻ നിർബന്ധിതരാകുന്ന സ്ത്രീകളാണ്."

"നിങ്ങൾ ഒരുതരം പിടിവാശി കാണിക്കുകയാണ് മഹിപാൽ" സ്വരത്തിൽ മാധുര്യം കലർത്തി ഷീല പറഞ്ഞു "അങ്ങനെയുള്ള അഞ്ചോപത്തോ സംഭവം ഉണ്ടായേക്കാം. അതുകാര്യം വേറെയാണ്."

"വേറെ കാര്യമല്ല. അതാണു പ്രധാനം. വാസ്തവവും. നൂറിൽ അഞ്ചോ പത്തോ വീടുകൾ ഒഴിച്ചുവിട്ടേക്കൂ. ബാക്കി ഹിന്ദുസ്ഥാനിലെ സകല വീടുകളും സ്ത്രീകളെ സംബന്ധിച്ചിടത്തോളം കശാപ്പുശാലയാണ്."

"നിങ്ങളുടെ വീടുൾപ്പെടെ?" സജ്ജൻ വ്യംഗ്യം വച്ച് ചോദിച്ചു. അതുകേട്ട് മഹിപാൽ ചൊടിച്ചു. മുഖം വിളറി. പിന്നീട് സ്വയം നിയന്ത്രിച്ചിട്ട് പറഞ്ഞു "അതേ, ഞാനും ഒരു കശാപ്പുകാരനാണ്."

"അതെങ്ങനെ?" ന്യായാധിപൻ കുറ്റവാളിയോടു ചോദിക്കുന്ന രൂപത്തിലായിരുന്നു ആ ചോദ്യം. മറ്റുള്ളവരുടെ അപരാധങ്ങളുടെ മറവിൽ തന്റെ അപരാധത്തെ ഒതുക്കാൻ ശ്രമിക്കുന്നത് കണ്ടെത്തുകയായിരുന്നു അയാൾ.

മഹിപാൽ പറഞ്ഞു, "എന്റെ വിവാഹം വിജയിച്ചില്ല. അച്ഛനമ്മമാർ ഒരുക്കി കൊണ്ടുവന്ന സാധാരണ വിവാഹങ്ങളെപ്പോലെ അതും പരാജയമായിരുന്നു. നമ്മുടെ വീടുകളിൽ എൺപതു ശതമാനത്തിലും അത്തരം വിവാഹങ്ങൾ പൂർവികരുടെ കടം പോലെ നിലനിന്നു പോരുന്നു. ഫലമോ, ചിലേടത്തു ഭാര്യയും മറ്റു ചിലയിടങ്ങളിൽ ഭർത്താവും അതല്ലെങ്കിൽ രണ്ടു പേരും രഹസ്യമായി വ്യഭിചാരത്തിലേർപ്പെടുന്നു."

"അത് ഇത്തരം വിവാഹങ്ങളിൽ മാത്രമൊന്നുമല്ല. ലവ് മാര്യേജുകളിലും ഉണ്ടാകാറുണ്ട്. പുതിയ റോമിയോയും ജൂലിയറ്റുമായിരിക്കുന്നിടത്തോളം രണ്ടു പേരിലും പ്രേമം കാണും. അതുകഴിയുമ്പോൾ ഒന്നുകിൽ വിവാഹമോചനം നടത്തും. അതല്ലെങ്കിൽ അന്യോന്യം വഞ്ചിക്കും. ഇതാണു സാധാരണ നടക്കാറ്. വിവാഹ സമ്പ്രദായം മനുഷ്യനെ വഞ്ചനകൾക്കും അസത്യങ്ങൾക്കും അനാചാരങ്ങൾക്കും പ്രേരിപ്പിക്കുന്ന ഒന്നായിട്ടുണ്ടെന്നാണ് എന്റെ നിഗമനം. ഇതു മാറണം. സ്ത്രീകളെ സാമ്പത്തികമായി സ്വതന്ത്രരാക്കണം. പിന്നെ നോക്കിക്കോളൂ സ്ത്രീപുരുഷബന്ധം എത്ര വേഗം നോർമൽ ആയിത്തീരുമെന്ന്" ഷീല പറഞ്ഞു.

"പിന്നെ സ്ത്രീയും പുരുഷനും തമ്മിലെന്തു ബന്ധം കാണും? ശാരീരിക ഭോഗത്തിന്റേതുമാത്രം." മഹിപാൽ തീക്ഷ്ണ സ്വരത്തിൽ പറഞ്ഞു.

"ഇന്നു പിന്നെന്താ നടക്കുന്നത്? നയന്റിനയൻ പോയിന്റ് നയൻ നയൻ റെക്കറിങ്ങ് കേസിലും സ്ത്രീയും പുരുഷനും അന്യോന്യം ഭോഗവസ്തുക്കളായല്ലേ നോക്കുന്നത്?" മേശയിൽ നിന്നു സിഗററ്റ് കേസ് എടുത്തു കൊണ്ട് സജ്ജൻ ചോദിച്ചു.

"എത്ര കുടുംബങ്ങൾ തകരുന്നത് ഞാൻ കണ്ടതാണ്. ആദ്യമൊക്കെ അബോർഷൻ കേസുകൾ ഞാൻ സ്വീകരിച്ചിരുന്നില്ല. പിന്നെ ആലോചിച്ചു,

അതിൽ തെറ്റെന്തെന്ന്. മനുഷ്യൻ മാത്രമല്ല, മൃഗങ്ങളും പറവകളും പ്രകൃതിദത്തമായി അനുഷ്ഠിച്ചു പോരുന്ന ഈ കർമം, ആദാമിന്റെയും ഹവ്വയുടെയും സന്തതികൾ കല്യാണത്തിന്റെയും അതിന്റെ മോറൽ കോഡിന്റെയും പേരിൽ പാപമെന്നു കണക്കാക്കി വരികയാണെങ്കിൽ അവരുടെ മൂഢത്തരത്തിൽ നിന്ന് എനിക്കെന്തുകൊണ്ടു മുതലെടുത്തുകൂടാ?" എന്നു പറഞ്ഞിട്ട് ഷീല ഏതോ ആത്മീയ പ്രേരണയാലെന്നോണം ഗ്ലാസ്സ് ചുണ്ടിൽ ചേർത്തു.

സജ്ജനും അതൊരുത്തേജനമായി. സ്വന്തം ഗ്ലാസ്സിന്റെ നേർക്കു കൈ നീട്ടിയിട്ടയാൾ പറഞ്ഞു "നിങ്ങൾ പറഞ്ഞതു തികച്ചും ശരിയാണ്. വിവാഹവും അതിന്റെ മോറൽ കോഡും സമൂഹത്തെ ഉദ്ധരിക്കുന്നതിനുപകരം താഴെ തള്ളിയിടുകയാണു ചെയ്യുന്നത്. ഇതവസാനിപ്പിച്ചേ കഴിയൂ...."

"അതു സ്വയം നശിക്കും. സ്ത്രീയും പുരുഷനും നല്ല വിദ്യാഭ്യാസം നേടുകയും രണ്ടുകൂട്ടരും സമ്പാദിക്കാൻ തുടങ്ങുകയും ചെയ്യുമ്പോൾ ഈ അഴുകിനാറിയ മോറൽ കോഡ് നശിക്കുകതന്നെ ചെയ്യും."

"ശരി. ഇനി എണീക്കൂ യക്ഷാ...." ഷീല പുഞ്ചിരിയോടെ മഹിപാലിനോടു പറഞ്ഞു. "മണി നോക്കൂ.... നിങ്ങളുടെ വിരഹിണി കാത്തിരിക്കുകയാവും.."

രണ്ടു ജോഡിക്കണ്ണുകൾ മൂകമായി മന്ദസ്മിതം തൂകി. മഹിപാൽ പെട്ടെന്ന് നോട്ടം മാറ്റി വാച്ചിലേക്കു നോക്കി. മണി ഒന്നടിച്ച് നാല്പതു മിനിട്ടായി...

10

ഷീലയുടെ കാർ റോഡിൽ ഫുട്പാത്തിനോടുരുമ്മി നിന്നു. വാതിൽ തുറന്നു പുറത്തേക്കിറങ്ങിയ മഹിപാലിനോട് ഷീല പറഞ്ഞു "ആൻഡ് ബീ നൈസ് ടു യുവർ മിസ്സിസ് ഡാർലിങ്. സത്യത്തിൽ ഇന്നു വളരെ വൈകിപ്പോയി."

"ശരിയാണ്. എങ്കിലും വൺസ് ഇൻ എ ബ്ലൂ മൂൺ ഇതൊക്കെ സഹിക്കാവുന്നതേയുള്ളു." കൃത്രിമമായ നിസ്സാരഭാവത്തിൽ പറഞ്ഞിട്ട് മഹിപാൽ ചിരിച്ചു. "ഞാനൊരു ചിത്രകാരനായിരുന്നെങ്കിൽ എന്റെ ചിത്രം ഇരുണ്ട ചായത്തിൽ വരച്ചേനെ. ഹൃദയത്തുടിപ്പുകൾക്കു മാത്രമേ പ്രകാശമുള്ളൂ... ബുദ്ധി. ങാ, അതിനും പ്രകാശമുണ്ട്. പക്ഷേ പ്രശ്നങ്ങളുടെ നൂലാമാലകളിൽ കുരുങ്ങിക്കിടക്കുകയാണ്. എന്റെ തളർച്ചയുടെ സഖി നീയാണ്. കല്യാണി എന്റെ ജീവിതത്തിലെ കടമയാണ്. നിങ്ങൾ രണ്ടു പേരിൽനിന്നും മുക്തനാവാൻ എനിക്കാവില്ല. സത്യം..."

മഹിപാൽ തളർന്നവശനായ രോഗിയെപ്പോലെ കരുണദൃഷ്ടിയാൽ ഷീലയുടെ നേർക്കു നോക്കി. ഷീല സ്നേഹത്തോടെ അയാളുടെ കവിൾത്തടങ്ങൾ തഴുകിയിട്ടു പറഞ്ഞു "യൂ ആർ വെരി ചാമിംഗ്... നൗ ടേക് കെയർ ഒഫ് യുവർ ഹെൽത്ത്, ഡിയർ.. ആത്മാവിലെ ഈ ദുഃഖം നിങ്ങളുടെ സാഹിത്യത്തിൽ പകരൂ. എന്നിട്ട് എല്ലാം മറക്കൂ...."

ഷീലയുടെ കരങ്ങളാലാവൃതമായി രണ്ടു കഴുത്തുകൾ കുനിഞ്ഞു. ഇരുട്ടിൽ നാലു കണ്ണുകൾ തിളങ്ങി. വൈരക്കല്ലുകൾ പോലെയാണ് ഷീലയുടെ നേത്രങ്ങൾ തിളങ്ങിയതെങ്കിൽ വാടിവീഴാൻ പോകുന്ന റോസാപുഷ്പം പോലെയായിരുന്നു മഹിപാലിന്റെ കണ്ണുകൾ. വികാരാവേശം കൊണ്ട് ചൂടേറിയതായിരുന്നു

ഷീലയുടെ അധരങ്ങൾ. വികാരാവേശമുണ്ടെങ്കിലും ഉത്സാഹമില്ലായ്മ കൊണ്ട് തണുത്തുറഞ്ഞതായിരുന്നു മഹിപാലിന്റെ ചുണ്ടുകൾ.

"നാളെ കാണുമോ?" തല ഉയർത്തിയിട്ട് ഷീല ചോദിച്ചു. "കുറച്ചെഴുതണമെന്നുണ്ട്" അകന്നു മാറിയിട്ട് മഹിപാൽ പറഞ്ഞു.

"എന്റെ വീട്ടിലിരുന്നെഴുതിക്കോളൂ. ഒരു കാര്യം ചെയ്യൂ. ഉച്ചയ്ക്ക് ഊണും കഴിഞ്ഞ് എന്റെ വീട്ടിൽ...."

"സമാധിയിൽ ലയിച്ചാൽ യോഗിക്ക് അവിടം വിട്ടെഴുന്നേല്ക്കാൻ കഴിയില്ല... ഒരു പക്ഷേ വൈകുന്നേരമാകുമ്പോഴേക്കും വരണമെന്നു തോന്നിയാൽ ഫോൺ ചെയ്തിട്ടു വരാം..." മഹിപാൽ അറിയിച്ചു.

"അല്ല. നാളെ തീർച്ചയായും വരണം. ക്രിസ്തുമസ് ഈവാണ്."

"ഓഹോ... ഞാനതു മറന്നു പോയി. വരാം. നാളെ ഞാൻ ഏഴുമണിയോടെ അവിടെയെത്താം. ബൈ.."

"ബൈ... ബൈ..." കാർ നേരിയ ഇരമ്പലോടെ മുന്നോട്ടു നീങ്ങി. കാറിന്റെ പിന്നിലെ ചുവന്ന വെളിച്ചവും കണ്ണിൽ നിന്നു മറഞ്ഞു. മറ്റു പോംവഴിയൊന്നുമില്ലാത്തവനെപ്പോലെ മഹിപാൽ വീടിരിക്കുന്ന ഇടവഴിയിലേക്കു തിരിഞ്ഞു.

ഫുട്പാത്തിൽ നിന്ന് താഴോട്ടിറക്കിക്കെട്ടിയ നാലു പടവുകളിറങ്ങി ഇടുങ്ങിയ ആ ഇടവഴിയിലേക്കു കടന്നപ്പോൾ തെരുവിലെ മൂകതയും ശൂന്യതയും മഹിപാലിന്റെ ഹൃദയത്തിലെ ശൂന്യതയോടിഴുകിച്ചേർന്നു.

അടച്ചിരുന്ന വാതിലുകളുടെ മൂകതയ്ക്കു ഭംഗമായി കടന്നു നീങ്ങിയ മഹിപാൽ സ്വയമറിയാതെ ചിന്തയിലാണ്ടു. ഉള്ളിലെ സമ്മർദം ദീർഘശ്വാസമായി പുറത്തു ചാടി. കണ്ണുകൾ താനറിയാതെ ആകാശത്തേക്കുയർന്നു. ഉയർന്ന മതിൽഭിത്തികൾക്കു മുകളിൽ പൗഷമാസത്തിലെ നക്ഷത്രങ്ങൾ തെളിഞ്ഞു മിന്നുകയാണ്.

"ലോകം എത്ര വിശാലമാണ് " മഹിപാൽ ചിന്തിച്ചു. "ഈ നക്ഷത്രങ്ങൾ ഒന്നുചേർന്ന് എത്ര വ്യാപിച്ചു കിടക്കുന്നു. എത്ര വ്യക്തികൾക്ക്, ജനങ്ങൾക്ക്, ദേശദേശങ്ങൾക്കാണ് അവ സ്വന്തം പ്രകാശധോരണി പ്രദാനം ചെയ്യുന്നത്."

നടുവഴിയിൽ കിടന്നിരുന്ന ഒരു പശു ചാടി എഴുന്നേറ്റു. അടുത്തേതോ ഇടവഴിയിൽ നിന്ന് പട്ടികളുടെ ബഹളം കേൾക്കാം. രാത്രിയുടെ നിശബ്ദതയുടെ അഭേദ്യഭാഗങ്ങളാണീ ശബ്ദങ്ങളെന്ന് മഹിപാലിനു തോന്നി. ഏതാണ്ടാസമയത്ത് പത്തുപതിനഞ്ചു ചുവടുമുന്നിൽ ഏതോ വീടിന്റെ മുകളിലത്തെ നിലയിൽ നിന്ന് എന്തോ സാധനം ഇടവഴിയിൽ പൊത്തോ എന്നു വീണു. മഹിപാൽ ഞെട്ടിപ്പോയി. രാത്രിയുടെ നിശബ്ദത ഭഞ്ജിക്കപ്പെട്ടു. എന്താണീവീണത്? ഈ സമയത്ത് ആരായിരിക്കാം ഉണർന്നിരിക്കുന്നത്? തെരുവിലെ അരണ്ട വെളിച്ചത്തിൽ ഒരു വെള്ളപ്പൊതിപോലെ എന്തോ കിടക്കുന്നത് കണ്ടു. മനസ്സിൽ നേരിയൊരു അപരാധബോധം–ഏതോ നവജാതശിശുവിന്റെ പ്രേതമായിരിക്കുമോ? ഹൃദയത്തുടിപ്പ് വർധിച്ചതിനോടൊപ്പം പാദങ്ങൾ തിടുക്കത്തിൽ മുന്നോട്ടു നീങ്ങി. അടുത്തെത്തി കീറിപ്പറിഞ്ഞ ഒരു തലയണ. അതിലെ പഞ്ഞി ഇടവഴിയിൽ ചിതറിയിട്ടുണ്ട്. അതുകണ്ട് അത്ഭുതം തോന്നി. ചിരിയും വന്നു. ഈ സമയത്ത് ഇതിങ്ങനെ എറിയാൻ തോന്നിയതാർക്കാവും? പിന്നെ തോന്നി തെരുവല്ലേ എത്രയോ മനസ്സുകൾ ഇവിടുണ്ട്. രാത്രിയെന്നുവച്ച് ജീവിതത്തിന്റെ ഗതിയിൽ മാറ്റമുണ്ടാ

കുമോ? താനും തന്റെ പ്രശ്നങ്ങളുടെ കഥയും പേറിനടക്കുകയല്ലേ? വീണ്ടും ആലോചിച്ചു. ഈ നാലു ചുവരുകൾക്കുള്ളിൽ ഹൃദയ കഥകൾ ഉറങ്ങുകയോ ഉണർന്നിരിക്കുകയോ ആവും...

മഹിപാലിന്റെ ഭാവന അടഞ്ഞുകിടന്നിരിന്ന എല്ലാ വാതിലുകളും തുറന്നു. വരാന്തയിൽ വിരിച്ച ചാക്കുതുണ്ടിൽ കീറിപ്പറിഞ്ഞ പുതപ്പും മൂടി കിടക്കുന്നവർ മുതൽ പൂമെത്തയിൽ കമ്പളങ്ങൾ വിരിച്ചതിന്മേൽ നനുത്ത കമ്പളങ്ങൾ പുതച്ചു കിടക്കുന്നവർ വരെയുള്ള സകലരെയും അയാളുടെ നേത്രങ്ങൾ കണ്ടു. എത്രയോ പേർ ഉണർന്നിരിപ്പുണ്ട്! വിരഹതാപത്താൽ തനിച്ചിരിക്കുന്നവരും ആനന്ദസാഗരത്തിൽ ലീനരായവരും....ഈ സംസാരമോഹവും ഒരു മൃഗതൃഷ്ണയാണ്...ഈ വീടുകളിൽ എത്രയോ ജഗദംബസഹായ്മാർ കാണും. ഇന്നത്തെ ദേഹസുഖത്തിന്റെ പ്രതിഫലമായി നാളെ വെന്തുമരിക്കേണ്ടവരായ തരുണികളും എത്രയോ കാണും.

മഹിപാലിന്റെ ശരീരമൊന്നു വിറച്ചു. അയാൾക്കു കുളിരനുഭവപ്പെടാൻ തുടങ്ങി. ജീവിതം വിചിത്രമായ ഒരു സമസ്യതന്നെ. കഴിഞ്ഞുപോയ നൂറ്റാണ്ടുകളുടെയും മരിച്ചു മൺമറഞ്ഞ തലമുറയുടെയും പ്രശ്നങ്ങളുടെ നൂലാമാലകളും മാറാലകളും കെട്ടിപ്പിണഞ്ഞ് ഈ തെരുവിലും നിരത്തിലും ബസ്സാറിലും അടിഞ്ഞുകൂടിക്കിടക്കുകയാണ്. നല്ലവനും, ചൊല്ലാത്തവനും ഒരേ രൂപത്തിൽ ഇവിടെ എന്നെന്നും കഴിഞ്ഞു പോന്നിട്ടുണ്ട്. മണിമേടകളിലെ പ്രഭുക്കന്മാരും കുബേരന്മാരും നഗരപ്രമാണികളും മുതൽ എലിമാളങ്ങളെന്നു വിശേഷിപ്പിക്കാവുന്ന ചെറുകുടിലുകളിൽ നിത്യവൃത്തിക്കു വഴിയില്ലാതെ വിഷമിക്കുന്നവർ വരെയുള്ളവർ ഈ തെരുവിന്റെ പേര് തങ്ങളുടെ വിലാസത്തിന്റെ ഭാഗമാക്കുകയും അതിൽ അവകാശം സ്ഥാപിച്ചു പോരുകയും ചെയ്യുന്നു. സത്യസന്ധരായവരുടെ സത്യദീക്ഷ ഇവിടെ നാലുപേരുടെ മുമ്പിൽ അപഗ്രഥനം ചെയ്യപ്പെടുന്നു. കള്ളന്മാരും തെമ്മാടികളും ഈ തെരുവിൽതന്നെ വസിക്കുന്നു.

നൂറ്റാണ്ടുകൾ കഴിയുന്നതോടെ പ്രശ്നങ്ങളും മാറുന്നു. വീടുകൾ ഇടിഞ്ഞു വീഴും. പുതിയവ കെട്ടിയുയർത്തും. തെരുവ്, എന്തൊക്കെ മാറ്റിമറിച്ചിലുകളുണ്ടായാലും പുതിയൊരു ജീവൻ കൈക്കൊണ്ട് എന്നെന്നും നിലനിന്നു പോരും. മനുഷ്യന്റെ ഒരിക്കലും നശിക്കാത്ത വാസനാവൈഭവമാണത്. ഇതിന്റെ അഗാധതയിലാണവന്റെ വീട്...

വീട്ടുപടിക്കലെത്തിയ മഹിപാലിന് കതകിൽ തട്ടാൻ ചെറിയൊരു മടി. വായിൽനിന്ന് മദ്യത്തിന്റെ നാറ്റം വരുന്നുണ്ടാവും. ഒരുപക്ഷേ നാറ്റം ഉണ്ടാവില്ലെങ്കിലോ? കുടിച്ചിട്ട് ഒരുപാടു സമയമായില്ലേ?

മടിച്ചു നിന്നു. ഒരു മിനിട്ടു കഴിഞ്ഞു. പിന്നെ കതകിൽ മുട്ടി. നിമിഷങ്ങൾക്കകം കതകിനു പിന്നിൽ നിന്ന് കല്യാണിയുടെ ശബ്ദം "ആര്?"

"ഞാൻ തന്നെ" മഹിപാൽ പറഞ്ഞയുടനെ അകത്ത് സാക്ഷ നീങ്ങി. കതകു തുറന്നു. വരാന്തയിലെ വെളിച്ചം മഹിപാലിന്റെ ശരീരത്തിൽ വീണു. ഭാര്യയും ഭർത്താവും അന്യോന്യം ഒന്നു നോക്കി. ഭർത്താവിന്റെ നോട്ടം പതറി. അകത്തു കടന്ന അയാൾ വായ അടച്ചുപിടിച്ചു കൊണ്ടുതന്നെ ഇരിപ്പുമുറിയുടെ വാതിൽ തുറന്നു. സ്വിച്ചിന്റെ അടുത്തേക്കു നടന്നു.

പുറത്തെ വാതിലടച്ചിട്ട് കല്യാണി നേർത്ത ശബ്ദത്തിൽ ചോദിച്ചു "എവിടെ പോയിക്കിടന്നിത്ര നേരം? ഇവിടെയിരിക്കാൻ പോവാണോ?"

“എഴുതാനുണ്ടായിരുന്നു” കനത്ത സ്വരത്തിൽ മഹിപാൽ പറഞ്ഞു “ച്ചിരി എഴുതണം.”

ടേബിൾ ലാംപ് തെളിച്ചു. മേശപ്പുറത്തു കിടന്ന കടലാസുകൾ അങ്ങോട്ടുമിങ്ങോട്ടും തിരിച്ചും മറിച്ചും നോക്കാൻ തുടങ്ങി, അത്യാവശ്യമായ എന്തോ തിരയും മട്ടിൽ. വലിയ തിരക്കിലാണെന്ന ഭാവത്തിൽ ഭാര്യയുടെ വശത്തേക്കു പുറം തിരിഞ്ഞു നിന്നുകൊണ്ട് അയാൾ പറഞ്ഞു “ഒരിത്തിരി മുറുക്കാനിങ്ങെടുത്തോ.”

“അതാ ചെല്ലത്തിലുണ്ട്” ഭാര്യ അതു പറഞ്ഞ ഉടനെ തന്നെ കടലാസുകൾ പരതുന്നതു നിറുത്തിയിട്ട് അയാൾ മുറുക്കാൻ ചെല്ലമെടുത്ത് മൂന്നു നാലു വെറ്റില ധൃതിയിൽ വായിലിട്ടു. തൊണ്ടി സാധനവുമായി ഓടുന്ന കള്ളൻ ഭയപ്പെടേണ്ട അതിർത്തി കടന്ന് സ്വന്തം താവളത്തിലെത്തിയ പ്രതീതിയായിരുന്നു അയാൾക്ക്.

പത്നി വാതിൽക്കൽ നിന്നു പോയിക്കഴിഞ്ഞിരുന്നു. നിശ്വാസത്തോടെ അയാൾ ഒരു നുള്ളു പുകയില വായിലിട്ടു.

ഭാര്യയും ഭർത്താവും തമ്മിൽ രണ്ടു ദിവസമായി രസമില്ലാതായിട്ട്. ഇന്നലെ ഉച്ചയ്ക്ക് ഉച്ചത്തിലായിരുന്നു സംസാരം. ഇന്നു നേരം പുലർന്നതുതന്നെ വഴക്കോടെയാണ്. ആഹാരം കഴിച്ചുകൊണ്ടിരുന്നപ്പോഴും, പാത്രം നീക്കിവച്ചിട്ട് എഴുന്നേറ്റുപോയി. ചെലവിന്റെ കാര്യത്തിൽ തുടങ്ങിയതാണ്. ഒന്നരമാസമായിട്ട് അയാളുടെ വരുമാനം ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. സെപ്റ്റംബറിൽ മഹിപാലിന്റെ മൂത്തമകൾക്ക് ഡബിൾ ന്യുമോണിയ പിടിപെട്ടു. മരിക്കാതെ രക്ഷപ്പെട്ടു. ഷീലയും കർണലും കാരണം ചികിൽ സയ്ക്ക് വലുതായൊന്നും ചെലവാക്കേണ്ടി വന്നില്ല. പക്ഷേ മാനസികാസ്വസ്ഥത കാരണം അന്ന് എഴുത്ത് ഒന്നും നടന്നില്ല. എന്നും കിണറുകുത്തി വെള്ളം കുടിക്കുന്നവനെ സംബന്ധിച്ചിടത്തോളം ഒരു ദിവസം വെറുതെയിരുന്നാൽ വിഷമമായിത്തീരും. നവംബറിൽതന്നെ ബുദ്ധിമുട്ടാരംഭിച്ചു. പുസ്തകങ്ങളുടെ റോയൽറ്റിയിനത്തിൽ ഡിസംബറിൽ രണ്ടായിരത്തോളം രൂപ വന്നുചേരുമെന്നായിരുന്നു ആശ. അപ്പോഴാണ് കുറച്ചുദിവസം മുമ്പ് പ്രസാധകന്റെ കത്തു വന്നത്. ബസാറിലെ മാന്ദ്യം കാരണം ബുദ്ധിമുട്ടാണ്, ഫെബ്രുവരിയിലോ മാർച്ചിലോ രൂപ അയയ്ക്കാമെന്ന്. റൊട്ടിയും വെള്ളവും മാത്രമാണെങ്കിലും ഒൻപത് ജീവികളുള്ള ഒരു വീട് കഴിയണമെങ്കിൽ മാസം 400 രൂപയെങ്കിലും കുറഞ്ഞത് ഉണ്ടായേ പറ്റൂ. മഹിപാലിന്റെ രണ്ടു പുത്രൻമാർ, ഹർഷവർധനനും ശ്രീവർധനനും, പിന്നെ അനന്തിരവൾ ശകുന്തളയും ഇന്റർമീഡിയറ്റിൽ രണ്ടാം കൊല്ലം പഠിക്കുകയാണ്. പതിനഞ്ചു വയസ്സുള്ള പുത്രി രാജ്യശ്രീ ഒൻപതാംക്ലാസിലാണ്. സിദ്ധാർഥൻ ഏഴിലും. തപോധനന് ഏഴു വയസ്സായി. അവൻ രണ്ടിലാണ്. ഏറ്റവും ഇളയ അനാമികക്ക് ഒരുവയസ്സായതേയുള്ളു.

റേഡിയോയ്ക്കുവേണ്ടി നാടകങ്ങളും പ്രഭാഷണങ്ങളും, മാസികകളിലും വാരികകളിലും കഥകളും ലേഖനങ്ങളും എഴുതുന്നതിനുപുറമേ കഴിഞ്ഞ അഞ്ചാറു മാസമായി ഒരു ദിനപ്പത്രത്തിനു വേണ്ടി ഒരു ഹാസ്യപംക്തിയും എഴുതിവരികയാണ്. ദിനപ്പത്രത്തിനെഴുതുന്നതിൽനിന്നു കിട്ടുന്ന 150 രൂപയാണ് ഈയിടെയായി കൃത്യമായ വരുമാനം. ബാക്കിയെല്ലാം കിട്ടിയാൽ കിട്ടി, പോയാൽ പോയി എന്ന മട്ടിലുള്ളതാണ്. ബസാറിൽ എല്ലാം ചേർന്ന് അയാളുടെ പതിനൊന്നു പുസ്തകങ്ങൾ ഇറങ്ങിയിട്ടുണ്ട്. പക്ഷേ വരവ് അധികമില്ല. മഹിപാലിന്റെ നോവലുകളിൽ റൊമാൻസ് കുറവാണ്. ഇക്കാലത്താണെങ്കിൽ (പ്രസാധകരുടെ അഭി

പ്രായത്തിൽ) ഒറ്റയടിക്കു വായിച്ചുതീർക്കാവുന്ന പുസ്തകങ്ങൾക്കാണു പ്രിയം കൂടുതൽ. പുരോഗമനപരവും സാമൂഹികവും ചിന്തോദ്യോതകവുമായ നോവലുകൾ വിൽക്കപ്പെടുന്നില്ലെന്നല്ല. പക്ഷേ... ഈ പക്ഷേയിൽ മറ്റൊരു പക്ഷേ കൂടി ചേർക്കാം. ഒച്ചപ്പാടും കോലാഹലവും ഉണ്ടാക്കുന്ന പുസ്തകമായിരിക്കുകയും അതിനെപ്പുകഴ്ത്തിയുള്ള നിരൂപണങ്ങൾ, ഒരുപഠനവും, 'രണ്ടു വിമർശനവും' 'പത്തു വീക്ഷണങ്ങളും' പ്രസിദ്ധീകരിക്കപ്പെടുകയും അതുവഴി മാസികാ-വാരികാവായനക്കാരെ വളഞ്ഞു പിടിക്കുകയും ചെയ്യുന്ന എഴുത്തുകാരനല്ലെങ്കിൽ അയാളുടെ വരുമാനം ഇതിലും കുറവായിരിക്കും. മഹിപാലിന് ഈ സൗഭാഗ്യം വിരളമായേ ലഭിച്ചിട്ടുള്ളൂ. ഏതെങ്കിലും രാഷ്ട്രീയകക്ഷിയോടോ സാഹിത്യച്ചേരിയോടോ ഒത്തുനിൽക്കുന്ന എഴുത്തുകാരന്റെ കൃതികളുടെ പേരിലാണ് ഏറ്റവും കൂടുതൽ ഒച്ചപ്പാടുണ്ടാകുന്നതെന്നാണ് മഹിപാലിന്റെ അഭിപ്രായം. പലപ്പോഴും അയാൾ ഈ പരാതി ഉന്നയിച്ചിട്ടുമുണ്ട്. ഏതൊരു സംഘത്തിനാണോ ഏറ്റവും വലിയ സംഘടനയുള്ളത് അതിലെ ലേഖകന് അത്രയേറെ പബ്ളിസിറ്റി കിട്ടും. അയാൾ അത്രത്തോളം സമ്പാദിക്കുകയും ചെയ്യും. മഹിപാൽ ഒരു സംഘത്തിലും ചേർന്നിരുന്നില്ല.

തന്റെ വർഗക്കാരിൽ നിന്ന് അകന്ന് ഏകനായിട്ടായിരുന്നു അയാളുടെ നിൽപ്പ്. ഒറ്റപ്പെട്ട ഈ നിൽപ്പാകട്ടെ അയാളുടെ ഹൃദയത്തെ മഥിച്ചുകൊണ്ടിരുന്നു. ഇല്ലായ്മയുടെ തേൾക്കുത്തേൽക്കുമ്പോൾ ചിലപ്പോഴയാൾ ലക്ഷാധിപതിയുടെ സപ്തസുഖങ്ങളും മനസാ സങ്കൽപ്പിച്ച് സ്വയം സമാധാനിക്കും. മറ്റുചിലപ്പോൾ മിഥ്യയായ ഈ ഭാവന നടത്തിയതിന് സ്വയം പഴിച്ചിട്ട് ശ്രീരാമൻ, ശ്രീ ബുദ്ധൻ, യേശു, ഗാന്ധി, പ്രാചീന ഭാരതത്തിലെ ഋഷിവര്യന്മാർ തുടങ്ങിയവരുടെ ത്യാഗശീലത്തിലും തപോനിഷ്ഠയിലും നിന്ന് പ്രേരണയുൾക്കൊണ്ട് എഴുതാനും വായിക്കാനും തുനിയും. പകലും രാത്രിയും ക്രമം തെറ്റാതെ അവർ നയിക്കുന്ന തരത്തിൽ നിശ്ചിതമായ മുറയ്ക്കായിരുന്നു അയാളുടെ ജോലി ചെയ്യലും, വേലയെടുക്കാതെ മടിച്ചിരിക്കലും, അതിനെച്ചൊല്ലി പശ്ചാത്തപിക്കലും. അവസാനമില്ലാതെ ഈ താളക്രമം തുടർന്നു. ഈശ്വരനും ചെകുത്താനുമിടയിൽ ഇരുകരങ്ങളും ആശയോടെ ഇരുവശത്തേക്കു നീട്ടി നിൽക്കുന്നവനെപ്പോലെ നിത്യദാഹവും പേറി അയാൾ നിന്നു.

ഇരിപ്പുമുറിയിൽ നിന്ന് പത്നി പൊയ്ക്കഴിഞ്ഞപ്പോൾ മഹിപാലിന്റെ പശ്ചാത്താപഭാവന വീണ്ടും ഉയർന്നു. പെട്ടെന്നയാൾ ഓർത്തു. കല്യാണിക്ക് മുപ്പത്തിയെട്ടു വയസ്സായില്ല. അതിനിടയിൽ അവളുടെ തലയിൽ നര പ്രത്യക്ഷപ്പെട്ടിരിക്കുന്നു. മുഖത്തെ വരകൾ തെളിഞ്ഞിട്ടുണ്ട്. ഉള്ള വയസ്സിലും അഞ്ചാറെങ്കിലും കൂടുതൽ തോന്നിക്കും. അവൾക്കീ ദുർഭാഗ്യം വരാൻ കാരണം താനാണ്. കലയും സാഹിത്യവും അവൾക്കു മനസ്സിലാവില്ലായിരിക്കാം. സംസാരവും എടുത്തടിച്ച പോലെയാണ്. എപ്പോഴും രൂപയുടെയും പൈസയുടെയും ബന്ധുക്കളുടെയും കൊടുക്കൽ വാങ്ങലിന്റെയും കാര്യമേ വിചാരമുള്ളൂ. എങ്കിലും ഇത്രയും ഏകാഗ്രത മറ്റാരിലും അയാൾക്കു കാണാൻ കഴിഞ്ഞിട്ടില്ല. മറ്റുള്ളവരുടെ സുഖത്തിനു വേണ്ടി എല്ലുമുറിയെ പണിയെടുക്കും. സ്വന്തം ജീവൻ വേണമെങ്കിലും നൽകും. ഈ സവിശേഷത മറ്റു സ്ത്രീകളിൽ വിരളമായേ അയാൾ കണ്ടിട്ടുള്ളൂ. പലർക്കും അങ്ങനെ ഒരു സ്വഭാവം തന്നെയില്ല. മഹിപാൽ ആത്മാർഥമായി അവളെ ബഹുമാനിച്ചു.

ഒരു കൈയിൽ വെള്ളവും മറ്റേ കൈയിൽ തിന്നാനെന്തോ ഒരുക്കിയ താലവുമായി കല്യാണി കടന്നു വന്നു. മഹിപാൽ ഞെട്ടിപ്പോയി. ചെറിയ വല്ല ശബ്ദവും നേരത്തേ കേട്ടിരുന്നുവെങ്കിൽ എഴുതുകയോ വായിക്കുകയോ ആണെന്നു നടിക്കാമായിരുന്നു. പക്ഷേ അയാളിപ്പോൾ കടലാസും പേനയും പുസ്തകവുമൊന്നുമെടുത്തില്ലാതെ തലയിണയിൽ ചാരി പ്രായശ്ചിത്തം ചെയ്യുകയായിരുന്നല്ലോ. പത്നിയെക്കുറിച്ചുള്ള സഹതാപവും സൽഭാവനയുമടങ്ങിയതായിരുന്നു ഈ പ്രായശ്ചിത്തമെങ്കിലും അവളുടെ മുഖത്തു നോക്കി എങ്ങനെ പറയും, നീ മുമ്പിലില്ലാത്തപ്പോൾ നിന്നെക്കുറിച്ചു ചിന്തിച്ച് ഞാനഭിമാനം കൊള്ളുകയും നിന്നെ ബഹുമാനിക്കുകയും ആയിരുന്നെന്ന്. അതുകൊണ്ട് പെട്ടെന്ന് കല്യാണി മുമ്പിലെത്തിയപ്പോൾ അയാൾക്ക് അമ്പരപ്പാണുണ്ടായത്.

മേശപ്പുറത്തു ഗ്ളാസും വച്ചിട്ട് ഒരു മൂലയിലിരുന്ന സ്റ്റൂളിന്റെ പുറത്ത് നിന്ന് ഒരു പഴയ പത്രം എടുത്തുകൊണ്ട് കല്യാണി ചോദിച്ചു, "ഇവിടെ വിളമ്പട്ടോ. ജോലിയുണ്ടെന്നു പറഞ്ഞല്ലോ."

"വിളമ്പ്.. അല്ലാ ഇതെന്താ ഹലുവയോ......." അതു കണ്ടയുടനെ മഹിപാലിനു വിശപ്പു തോന്നി. കോളാമ്പിയെടുത്തു മുറുക്കാൻ തുപ്പി. ഗ്ളാസിലെ വെള്ളം വായിൽക്കൊണ്ട് ഒന്നു കുലുക്കുഴിഞ്ഞു."

ഹലുവ നിറച്ച സോസറും, തൈരുവട വിളമ്പിയ പിഞ്ഞാണവും മുമ്പിൽ വച്ചിട്ട് കല്യാണി പറഞ്ഞു "ചെറുക്കൻ കൊറേ ദെവസോണ്ടു പറയണു, അമ്മ ഹലുവ ഉണ്ടാക്കണം, ഹലുവ ഉണ്ടാക്കണം എന്ന്. അപ്പോൾ ഞാൻ വിചാരിച്ചു ഇച്ചിരി തൈരുവട കൂടി ഉണ്ടാക്കാമെന്ന്.........."

"അല്ല, ഇതിനു നല്ല ചൂടുണ്ടല്ലോ.. കൊള്ളാം.... നന്നായിരിക്കുന്നു...." ഏലക്കായും അണ്ടിപ്പരിപ്പും മുന്തിരിക്കൊണ്ടാട്ടവും ഇട്ട ഹലുവ കുറച്ചെടുത്തു വായിലിട്ടു കൊണ്ട് മഹിപാൽ പറഞ്ഞു. അയാൾക്കിഷ്ടപ്പെട്ട പലഹാരമാണത്.

"കറണ്ടടുപ്പിൽ വച്ച് ഇപ്പം ചൂടാക്കിയതേയുള്ളു. നിങ്ങൾ രാവിലെ ഒന്നും കഴിക്കാതെ ഇറങ്ങിപ്പോയതല്ലേ... പിന്നെ ഞാനിന്നു മുഴുവൻ........ വാക്കുകൾ മുഴുമിക്കാനവൾക്കു കഴിഞ്ഞില്ല. കണ്ണുകൾ കവിഞ്ഞൊഴുകി ചുണ്ടുകൾ വിറച്ചു.

മഹിപാലിന്റെ കരുണഹൃദയം ഉണർന്നു. അതു പുറത്തു കാണിക്കാതെ പുഞ്ചിരിച്ചിട്ടു പറഞ്ഞു "അപ്പോൾ പിണങ്ങിയ കണവനെ ഇണക്കാൻ വേണ്ടി ഉണ്ടാക്കിയതാണ്...... പാവം. ചെറുക്കന്റെ കാര്യം പറഞ്ഞതെല്ലാം നുണ. അല്ലേ.....?"

കല്യാണിയുടെ വരണ്ട മുഖത്തും നേരിയ ഒരു ചിരിയുടെ ഹരിതാഭ പകർന്നു. മഹിപാൽ പറഞ്ഞു "ശരി ഏവമസ്തു: നാം സന്തുഷ്ടനായി, ഇന്നാ വാങ്ങിക്കോ.........."

സ്പൂണിൽ ഹലുവ കോരി അവളുടെ നേരെ നീട്ടി.

"വേണ്ട ഞാൻ തിന്നില്ല."

"അതെന്താ വല്ല തീണ്ടലും ഉണ്ടോ ? അതു കൊള്ളാം. ശുദ്ധമായ അടുക്കളയിലിരുന്നേ കഴിക്കുകയുള്ളോ? ഇരിപ്പുമുറിയിലിരുന്നാലെന്ത്?"

"ഇതാണ് ഞാൻ നിങ്ങളെ ഈശ്വരനിന്ദ ചെയ്യുന്നവനെന്ന് പറയുന്നത്. ഞങ്ങൾ കുടുംബക്കാർ വിവേകവിചാരമുള്ളവരാണ്."

"നിന്റെ ആചാരവും വിചാരവുമൊക്കെയിരിക്കട്ടെ. ഇതു തിന്നോ." സ്നേഹ

ത്തോടെ ദേഷ്യപ്പെട്ടിട്ട് അയാൾ സ്പൂൺ അവളുടെ ചുണ്ടോടടുപ്പിച്ചു. കല്യാണി ചുണ്ട് മുറുക്കിക്കൂട്ടിയിട്ട് പിൻവാങ്ങി. ദൃഢസ്വരത്തിലാണെങ്കിലും ക്ഷമാപണ ഭാവത്തിൽ പറഞ്ഞു "വേണ്ട..വേണ്ട..."

ജ്വലിച്ചുവന്ന കോപം അടക്കിയിട്ട് ഗംഭീരസ്വരത്തിൽ അയാൾ പറഞ്ഞു. "സ്വാമി വിവേകാനന്ദൻ പറഞ്ഞത്.... അറിയാമോ വിവേകാനന്ദൻ ആരാണെന്ന്..."

"ഓഹോ— ഞാൻ പടം കണ്ടിട്ടുണ്ട്."

"അതേ, അദ്ദേഹം പറഞ്ഞിട്ടുണ്ട് നമ്മുടെ ഹിന്ദുമതം എന്താണെന്ന്. നമ്മുടെ മതവും ധർമ്മവും എവിടെയാണിരിക്കുന്നതെന്നറിയാമോ? അടുക്കളയിൽ. ഭഗവാൻ എങ്ങനെയാണു വരുന്നതെന്നറിയാമോ? അരിയും പരിപ്പും നിറച്ച ചാക്കായിട്ട്. അപ്പോൾ നമ്മുടെ മതമെന്താണ്... പറ..."

കല്യാണി മറുപടിയൊന്നും പറഞ്ഞില്ല. ചോദ്യഭാവത്തിൽ അയാളുടെ നേർക്കു നോക്കിനിന്നു.

"നമ്മുടെ സനാതനധർമ്മമാണല്ലോ. അതീ നപുംസകങ്ങളെപ്പോലെയാണ് കഷ്ടംവച്ചുകൊണ്ട് ദയവോടെ വല്ലതും കൊടുക്കുന്നവരോടു പറയും. നീചന്മാരേ എന്നെ തൊടരുത്. ഞാൻ ശുദ്ധയാണെന്നൊക്കെ...."

മതത്തെ ഇങ്ങനെ ആക്ഷേപിക്കുന്നതു കല്യാണിക്കു സഹിച്ചില്ല. അവൾക്കു ഭയം തോന്നി. മഹിപാൽ ഇത്രയും പറഞ്ഞിട്ട് മൂകനായി. പകുതി തീർന്ന ഹലുവാപാത്രം താഴെവച്ചിട്ട് അയാൾ വടയിരുന്ന കിണ്ണമെടുത്തു. അവൾ താൻ പറഞ്ഞതിന് എതിരുപറയുന്നതും കാത്തിരിക്കുകയാണയാൾ. വിറയാർന്ന സ്വരത്തിൽ കല്യാണി പറഞ്ഞു "നോക്കൂ, നമ്മൾ പഞ്ചുക്കൾ കുടുംബമായി കുഞ്ഞുകുട്ടികളോടെ കഴിയുന്നവരാണ്. നിങ്ങൾ ദൈവദോഷം പറയരുത്. വലിയ പാപമാണ്......"

"പാപം നിന്റെയും നിന്റെ കുടുംബക്കാരുടെയും തീണ്ടൽ തൊടീലിലാണ്. ഇതു തൊടരുത്, അതു തൊടരുത്..... എന്റെ ഈശ്വരാ........ അതിരിക്കട്ടെ. ഒന്നു പറ. നീ ഈ ഹലുവ നിന്റെ അടുക്കളയിൽ എന്തിനുണ്ടാക്കി? അവിടെയിരുന്ന് തിന്നുകയും വിളമ്പുകയും ചെയ്യുന്നതെന്തിന്? നിന്റെ വിചാരരീതി അനുസരിച്ച് ഇതും തൊട്ടുകൂടാത്ത സാധനമാണല്ലോ."

"അതെങ്ങനെ?" ഞെട്ടിയിട്ടവൾ ചോദിച്ചു.

"എങ്ങനെയെന്നോ? ഇത് അറബികളുടെ നാട്ടിലെ സാധനമല്ലേ? മുസൽമാൻമാരുടെ ആഹാരമല്ലേ?"

"ആയിക്കോട്ടെ. അതിനു നമുക്കെന്ത്? മുസൽമാൻ അവരുടെ വീട്ടിലുണ്ടാക്കുന്നു. നാം നമ്മുടെ വീട്ടിലുണ്ടാക്കുന്നു."

"അതാണു ഞാൻ ചോദിച്ചത്. എന്തിനുണ്ടാക്കുന്നുവെന്ന്? നിങ്ങൾ പഞ്ചുക്കൾ ചില ശബ്ദത്തിലും അക്ഷരത്തിലും പാപവും പവിത്രതയും കല്പിക്കുന്നവരല്ലേ?"

"അങ്ങനെയല്ല ഞങ്ങൾ." കല്യാണിക്കു ഒന്നും പറയാനുംവയ്യ മിണ്ടാതിരിക്കാനും വയ്യ. മഹിപാൽ അവളെ തടഞ്ഞിട്ടു പറഞ്ഞു "എന്തോന്നങ്ങനെയല്ല. ശബ്ദം അപവിത്രമല്ലെങ്കിൽ നീ ഗാജറും (ക്യാരറ്റ്) ഗോബിയും (മുട്ടക്കോസ്) എന്തുകൊണ്ട് തിന്നുന്നില്ല. അതിൽ പശുവിന്റെ അർത്ഥം വരുന്ന 'ഗാ'യും 'ഗോ'യും ഉള്ളതുകൊണ്ടല്ലേ?" എങ്കിൽ നീ ഈ വടയും തിന്നരുത്. ഇതിലും 'ഗാ'യും 'ഗോ'യും വരുന്നുണ്ട്. (ഉത്സാഹത്തോടെ പകുതി വട തിന്നിട്ട്) "സബാഷ്.. വളരെ നന്നായിരിക്കുന്നു."

"വടയിൽ ഗാ യും ഗോയും എവിടെ വരുന്നു?" വട നന്നായിട്ടുണ്ടെന്ന അഭിപ്രായം കേട്ട് സന്തോഷത്തോടെ വിനോദസ്വരത്തിൽ അവൾ ചോദിച്ചു. തെലുങ്കു ഭാഷയിൽ വട (ബഡാ) എന്ന വാക്കിനു 'ഗാരു' എന്നാണു പറയുന്നത്. ഇനിമേൽ ഇതുണ്ടാക്കുകയോ തിന്നുകയോ ചെയ്യരുത്. വല്ല താളും തകരയും ചീരയുമൊക്കെ ഉപ്പിട്ടു വേവിച്ചു തിന്നാൽ മതി. മറ്റൊന്നും തിന്നരുത്."

കല്യാണി ചിരിച്ചുപോയി. "മതി ഇനി അധികം വട തിന്നണ്ട. മനസ്സുകേൾക്കാത്തതുകൊണ്ട് ഇപ്പോൾ കൊണ്ടുത്തന്നതാണ്. വേണമെങ്കിൽ രാവിലെ തിന്നാം..."

"ഓകെ ചീഫ്" എന്നു പറഞ്ഞ് കിണ്ണത്തിലിരുന്ന തൈര് കരണ്ടിയിലേക്ക് ഊറ്റി. ഭാര്യയെ ചൊടിപ്പിക്കാൻ പറഞ്ഞ കാര്യങ്ങൾ അയാളുടെ മനസ്സിൽ ഒരു ചോദ്യചിഹ്നമായി ഉയർന്നു. ഹൽവ, പരദേശത്തെയാണ്. എങ്കിലും ഇന്നത് നമ്മുടെ നാട്ടിലെ വിശിഷ്ടാഹാരമായി മാറിയിട്ടുണ്ട്. ഇതുപോലെ തിന്നാനും കുടിക്കാനുമുള്ളവയും, അണിയാനും ധരിക്കാനും ഉള്ളവയുമായ പല സാധനങ്ങളും, വാക്കുകളും ആചാരമുറകളും പല സവിശേഷതകളും ഒരാൾ മറ്റൊരാളിൽനിന്ന് സ്വായത്തമാക്കുകയും അത് സാധാരണ ജനജീവിതത്തിന്റെ ഭാഗമായിത്തീരുകയും ചെയ്തിട്ടുണ്ട്. ഈ വട തന്നെ ഭാരതത്തിന്റെ ഏതോ മൂലയിൽ ഏതോ സ്ത്രീയോ പുരുഷനോ ഒരു പരീക്ഷണമെന്ന മട്ടിൽ ആദ്യം ഉണ്ടാക്കിയതാവണം. അല്ലെങ്കിൽ പല സ്ഥലത്തും പാചക പരീക്ഷണങ്ങൾ വേറെ വേറെ നടത്തുന്നതു വഴി ആളുകൾ ഇതിനു രൂപം നൽകിയതാവാം. ഒരാൾ മറ്റൊരാളിൽ നിന്ന് കണ്ടും പഠിച്ചും പകർന്നുമാണ് ഇന്ന് ഈ നാടൊട്ടാകെ ഇതൊരു സർവസാധാരണമായ ആഹാരമായത്. സാധനങ്ങൾ ഒരിടത്തുനിന്നു മറ്റൊരിടത്ത് എങ്ങനെ എത്തിച്ചേരുന്നു. സംസ്കാരത്തിന്റെ വ്യാപനം ഉണ്ടാവുന്നതെങ്ങനെ?.... ദേശകാലവ്യാപ്തിയിൽ വസ്തുക്കളും വിചാരങ്ങളും സംസ്കാരത്തിന്റെ രൂപംകൊണ്ട് ഇഴുകിച്ചേരുന്നതെങ്ങനെ? മാനവജീവിതം ആശ്ചര്യകരം തന്നെ...! എത്രമാത്രം സങ്കീർണവും അതേസമയം എന്തു സരളവും... ഒന്നിച്ച്..."

അതിനിടെ കല്യാണി എന്തോ പറഞ്ഞുതുടങ്ങി. മഹിപാലിന്റെ ആന്തരിക ചിന്ത നിലച്ചു. ശ്രദ്ധ ബഹിർമുഖമായി.

"ഇന്നു സന്ധ്യയ്ക്ക് പാർവതിയുടെ അമ്മ വന്നിരുന്നു. വലിയ കഷ്ടം തന്നെ അവരുടെ വീട്ടിലെ കാര്യങ്ങൾ. കേട്ടപ്പോൾ എന്റെ ശരീരവും ചങ്കും തളർന്നു പോയി."

"എന്തുണ്ടായി?" എന്നു ചോദിച്ചിട്ട് മഹിപാൽ ഹലുവയിരുന്ന പ്ലേറ്റെടുത്തു.

"എന്തു പറയാൻ? ഈ പാർവതിയുടെ അച്ഛൻ ഒരു ദുഷ്ടൻ തന്നെ. സ്വന്തം ഭാര്യയെയും മക്കളെയും പട്ടിണിക്കിട്ടിട്ട് അയാൾ സുഖിച്ചു കഴിയുന്നു. ഈശ്വരൻ ഏഴു ജന്മം അയാൾക്ക് നരകം കൊടുക്കും."

അയലത്തു താമസിക്കുന്ന ഒരു ക്ലാർക്കിന്റെ മകളാണ് പാർവതി. പതിനെട്ടു വയസ്സായി. കല്യാണം കഴിച്ചയച്ചുമില്ല; പഠിപ്പിക്കാനും കഴിഞ്ഞില്ല. അവൾക്കു സഹോദരങ്ങളായി അഞ്ചെണ്ണം വേറെയുണ്ട്. അവരുടെ ചുമരിനോടു ചേർന്ന വീട്ടിലാണ് പാർവതിയുടെ കുഞ്ഞമ്മയും മക്കളും താമസം. ചിറ്റപ്പൻ സ്ഥലം മാറി ജലന്ധറിലേക്കു പോയി. അവിടെനിന്നു ചെലവിനയച്ചുകൊടുക്കും. പാർവതിയുടെ അച്ഛന്റെ തുച്ഛമായ ശമ്പളത്തിന്റെ മുക്കാലും കുഞ്ഞമ്മയുടെ പെട്ടിയിലേക്കാണു പോകുന്നത്. പാർവതിയുടെ അമ്മയാകട്ടെ അനിയത്തി എന്നു കരുതി

അനാഥവിധവയെപ്പോലെ അർധസങ്കടത്തിലും സുമംഗലിയെപ്പോലെ അടിയും ചവിട്ടും തെറിയും സഹിച്ചും ജീവിതം കഴിച്ചു കൂട്ടാൻ നിർബന്ധിതയായി. ചേട്ടനും അനിയത്തിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് തെരുവിലൊക്കെ പാട്ടാണ്.

ഒഴിഞ്ഞ പ്ലേറ്റ് പേപ്പറിന്റെ പുറത്തു വച്ചിട്ട് ഗ്ലാസിനുനേരെ കൈ നീട്ടിയിട്ട് മഹിപാൽ പറഞ്ഞു "ഇതൊരു പുതിയ കഥയൊന്നുമല്ലല്ലോ."

"അതല്ല ഇത്തവണത്തെ ശമ്പളത്തിൽ നിന്ന് വീട്ടിലൊന്നും തന്നെ കൊടുത്തില്ലെന്ന്. പാർവതിയുടെ അമ്മ എന്റെ മുമ്പിൽ വന്നു കരഞ്ഞുപിഴിഞ്ഞു പറയുകയാണ് – എല്ലാം സഹിക്കാം ചേച്ചീ, കൊച്ചുങ്ങൾ രണ്ടുമൂന്ന് ദിവസം പട്ടിണികിടന്ന് കരയുന്നതു കണ്ടിട്ട് എങ്ങനെ സഹിച്ചിരിക്കുമെന്ന്."

മഹിപാലിന്റെ ഹൃദയം ശരീരത്തെ മരവിപ്പിച്ചു. അയാൾ സ്വയം ചിന്തയിൽ മുഴുകി.

കല്യാണി വേദന പുരണ്ടു വിറയാർന്ന സ്വരത്തിൽ തുടർന്നു. "എന്നോട് പറയുകയാണ് പണ്ഡിത്ജിക്ക് വലിയ ആളുകളെ പരിചയമുണ്ടല്ലോ. എന്റെ മകനെ എവിടെയെങ്കിലും ഒന്നാക്കിക്കൊടുക്ക്; ഞങ്ങൾക്കൊന്നും വേണ്ട. അവനെങ്കിലും ഒരുനേരത്തെ ആഹാരം കിട്ടിയാൽ മതിയെന്ന്."

കണ്ണുകളിൽ നിന്ന് ഗംഗയും യമുനയും ഒഴുകി. നിമിഷനേരത്തേക്ക് കല്യാണിയുടെ ശബ്ദം കണ്ണീരിൽ ഒഴുകി പാതാളത്തിലേക്ക് പോയി. മഹിപാൽ നിശ്ശബ്ദനായി കേട്ടുകൊണ്ടിരുന്നു.

സങ്കടം ഒട്ടൊന്നു നിയന്ത്രിച്ച് മുണ്ടിന്റെ അറ്റംകൊണ്ട് കണ്ണീർ തുടച്ചിട്ട് അവൾ തുടർന്നു. "അതു കേട്ടപ്പോൾ എന്റെ ചങ്ക് തകർന്നുപോയി. ആകെക്കൂടിയുള്ള ഒരു മകനെ വീട്ടിൽ നിന്നു പുറത്തയയ്ക്കാൻ ഏതു തള്ളയ്ക്കാണു തോന്നുക?"

അവൾ വീണ്ടും കരയാൻ തുടങ്ങി. ഒന്നു നിശ്വസിച്ചിട്ട് മഹിപാൽ പറഞ്ഞു "വയറ്, നശിച്ച വയറാണ്. അതിനോട് തോല്ക്കുമ്പോൾ പെറ്റ തള്ളയുടെ മനസ്സ് കല്ലിച്ചുപോകും. ആ ദുഷ്ടൻ ദീപനാരായണനെ ചെന്നു രണ്ടു കൊടുത്താലോ എന്നാലോചിക്കുകയാണ്. അടിച്ചടിച്ച് അവന്റെ മണ്ട വെള്ളമാക്കണം...."

അന്യദു:ഖത്തിലുള്ള സഹാനുഭൂതിയെ ഭേദിച്ചുകൊണ്ട് ഗൃഹസ്ഥയുടെ ഉപദേശരൂപത്തിലുള്ള സ്വരം അസ്ത്രം കണക്കെ മുന്നോട്ടു വന്നു.

"അതൊന്നും വേണ്ടാ പറഞ്ഞേക്കാം. ലോകത്തിലുള്ള കുഴപ്പങ്ങളിലൊന്നും ചെന്നു ചാടണ്ട. നമുക്കെന്ത് കാര്യം....? നമുക്ക് നമ്മുടെ ധർമം നോക്കി കഴിഞ്ഞാൽ മതി. നിങ്ങളെന്തിനു വെറുതേ വിരോധം സമ്പാദിക്കുന്നു" എന്നു പറഞ്ഞിട്ട് കല്യാണി എഴുന്നേറ്റ് അകത്തേക്കു പോയി.

മഹിപാൽ ചിന്തിക്കാൻ തുടങ്ങി. ഞാനും ദീപനാരായണനെപ്പോലെ തന്നെ ഒരു നീചനല്ലേ? സ്വന്തം ഭാര്യയെ കഷ്ടപ്പെടുത്തുന്നു; വഞ്ചിക്കുന്നു. ഞാൻ ധാരാളിയല്ലായിരിക്കാം. എങ്കിലും സ്വന്തം കുഞ്ഞുങ്ങൾക്ക് വേണ്ടത്ര എല്ലാം നൽകുന്നുണ്ടോ?..... നാളെ ക്രിസ്തുമസ് ഈവാണ്...ഷീലയുടെ വീട്ടിൽ പോകണം. അവൾക്കെന്തെങ്കിലും സമ്മാനം കൊടുക്കണം. വീട്ടിൽ അഞ്ചുരൂപയേ ഇരിപ്പുള്ളൂ. ഒന്നാം തീയതിയാകട്ടെ എന്നു പ്രതീക്ഷിക്കാനില്ല. ലോക്സത്തക്കാരുടെ കാശ് ജനുവരി എഴോ, എട്ടോ ആയേ കിട്ടൂ. ഇത്രയും ദിവസം എങ്ങനെ കഴിച്ചുകൂട്ടും...എങ്ങനെ കഴിയും?

കല്യാണി ലോട്ടയിൽ വെള്ളവുമായി വന്നു. കോളാമ്പിയെടുത്തിട്ട് ഭർത്താവിനെക്കൊണ്ട് കയ്യും വായും കഴുകിച്ചു. അടുത്തു വന്നു നിന്നപ്പോൾ ഭർത്താവിന്റെ വായിൽ നിന്ന് നേരിയ ഗന്ധം അവൾക്കനുഭവപ്പെട്ടു. അവൾ മൂക്കൊന്നു കോട്ടി. ഭാര്യയുടെ വസ്ത്രത്തലപ്പിൽ കൈ തുടയ്ക്കുമ്പോൾ അവളുടെ മുഖഭാവം അയാൾ കണ്ടു. കാര്യം മനസ്സിലായി. കള്ളത്തരം കണ്ടുപിടിക്കപ്പെട്ടതിലുള്ള അസ്വസ്ഥതയും ലജ്ജയും കലർന്ന സ്വരത്തിൽ പറഞ്ഞു "ഇന്നല്പം കുടിച്ചു മാഡം.... സജ്ജന്റെ വീട്ടിൽ നിന്ന്..... അയാൾ നിർബന്ധിച്ചു."

കോളാമ്പി ഒരു മൂലയിൽ കൊണ്ട് വച്ച് ഇടത്തേകയ്യിൽ വെള്ളമൊഴിച്ചു കഴുകിക്കൊണ്ടവൾ പറഞ്ഞു "അവരൊക്കെ വലിയ ആളുകൾ. കുടിക്കുന്നെങ്കിൽ അതും പവിത്രമാണ്. പക്ഷേ നിങ്ങൾ അതിനൊക്കെ തുനിഞ്ഞാൽ......"

"അതിന് എന്നും ആരു കുടിക്കുന്നു.? നാളെയും മറ്റെന്നാളും കൂടി ഇത്തിരി കുടിക്കേണ്ടിവരും. ക്രിസ്തുമസ്സിന്റെ മുമ്പുള്ള ഏർപ്പാടാണ്....നേരത്തേ പറഞ്ഞേക്കാം...."

മേശപ്പുറത്തുനിന്ന് വെറ്റിലച്ചെല്ലവും ഡപ്പിയുമെടുത്ത് കൊടുത്തിട്ട് കല്യാണി പറഞ്ഞു "ദേഷ്യപ്പെടില്ലെങ്കിൽ ഒരു കാര്യം പറയാം...."

"പറ......."

"വേണ്ട പോട്ടെ..... പറയുന്നില്ല. രണ്ടുദിവസത്തിനുശേഷം ഇന്നാണ് ഗ്രഹനക്ഷത്രം ഒന്നു നേരെ തെളിഞ്ഞത്." പുഞ്ചിരിച്ചിട്ട് അവൾ ഒന്നുരണ്ടു വെറ്റിലയെടുത്ത് വായിലിട്ടു. എന്നിട്ട് ചെല്ലം അടച്ചു. "മടിക്കണ്ടാ മഹാറാണീ, നാം അഭയം തന്നിരിക്കുന്നു. പറഞ്ഞോളൂ."

"ശകുന്തളയെ കെട്ടിച്ചയയ്ക്കണമെന്ന ചിന്തയാണ്. നാം ചെയ്യുന്ന നല്ല കാര്യങ്ങൾ ആരും കാണില്ല. കുറ്റങ്ങളേ ലോകർ കാണൂ." മുമ്പിൽ കിടന്ന കസേരയിൽ ഒരു കാൽ കയറ്റി വച്ചിട്ട് കല്യാണി പറഞ്ഞു.

തലയിണയിൽ പുറം ചാരിയിരുന്നിട്ട് മഹിപാൽ ചൊടിച്ചിട്ടു പറഞ്ഞു "അതുകൊള്ളാം. ആഹിൻവാലയിലേ ശുക്ലയാണു ഞാൻ. എന്റെ കയ്യിൽ നിന്ന് ഭിക്ഷ വാങ്ങിയിട്ട് പിന്നെയും എന്നെത്തന്നെ കുറ്റം പറയുകയോ. ആരാണാ ദ്രോഹി? എന്റെ നേരെ വിരലുയർത്തിയവൻ......"

കല്യാണിക്കു ചിരിവന്നു. "പറയുന്നതുകേട്ടാൽ തോന്നുമല്ലോ താലൂക്കു മുഴുവൻ പിതൃസ്വത്തായി കിട്ടിയതാണെന്ന്.... (ക്രമേണ അവളുടെ സ്വരം ഗംഭീരമായി) നമ്മുടെ കയ്യിൽ ഒന്നുരണ്ടു ലക്ഷത്തിന്റെ സ്വത്തുണ്ടായിരുന്നുവെങ്കിൽ ആരെങ്കിലും നമ്മുടെ നേരെ പുരികമുയർത്തുമോ? ഗട്ടു വലിയവനായി. അവനെന്തു ചെയ്താലും ആരും ഒന്നും പറയില്ല. ഒരു കാര്യം കേൾക്കണോ? മുല്ലറിന്റെ അമ്മ എല്ലാവരുടെയും മുമ്പിൽ വച്ച്..... പിന്നെ നിങ്ങളുടെ പേരെടുത്തു പറഞ്ഞിട്ടു പറയുകയാണ് വലിയ പേരും പെരുമയുമുള്ള ആളാണ്. വലിയ ആളുമാണ്. പക്ഷേ അനന്തിരവൾക്കു സ്ത്രീധനം കൊടുക്കാൻ നിങ്ങളുടെ കയ്യിൽ എന്തുണ്ടെന്ന്...."

മുല്ലറിന്റെ അമ്മയോടും സമൂഹത്തോടും മഹിപാലിനു വെറുപ്പുതോന്നി. ഗട്ടു (അയാളുടെ അനുജൻ ലഖ്നൗവിലെ കുബേരനായ ഡോ. ജയപാൽ ശുക്ല) വിന്റെ സംസാരജീവിത വിജയത്തിന്റെയും തന്റെ ജീവിത പരാജയത്തിന്റെയും ചിത്രങ്ങൾ അയാളുടെ ഹൃദയത്തിൽ നാഗഫണമായി ഉയർന്നു ചീറ്റാൻ തുടങ്ങി.

സാമ്പത്തിക പരാധീനതയുടെ സിംഹം കൈവീശിയടിച്ചപ്പോൾ അയാളുടെ സാഹിത്യവൈഭവത്തിന്റെ ചർമ്മം പൊളിഞ്ഞുപോയി. പ്രാണൻ പിടഞ്ഞു. ആവേശ ബാധിതനെപ്പോലെ അയാൾ നിവർന്നിരുന്നു. മുറുമുറുക്കുന്ന സ്വരത്തിൽ അയാൾ പറഞ്ഞു. "ഞാനും നോക്കട്ടെ... പത്തുകൊല്ലം കഴിയുമ്പോൾ ആരാണ് വലിയവനെന്ന്. ഗട്ടുവോ ഞാനോ–എന്ന്. കാശ് എന്നൊന്നും കൂടെ കാണില്ല. ഇന്നും സമൂഹം അടക്കി വാഴുന്നത് കൊള്ളക്കാരും അസന്മാർഗികളുമാണ്. അവർ നടപ്പിലാക്കുന്നതാണ് ഇന്നത്തെ മാന്യതകൾ–ചതിയുടെയും വഞ്ചനയുടെയും കള്ള നാണയമാണവർ ഇന്നു സമൂഹത്തിൽ പ്രചരിപ്പിക്കുന്നത്. അവർ കാര്യം ഓർക്കുന്നില്ല. കോടിക്കണക്കിന് പീഡിതരും വിശക്കുന്നവരും നഗ്നരും അവരുടെ പിന്നിൽ മരണത്തിനെതിരെ പൊരുതാനുള്ള പുതിയൊരാവേശത്തോടെ അണിനിരക്കുകയാണെന്ന്. അവർ വിരലിലെണ്ണാവുന്ന സമൂഹദ്രോഹികളെ ചുട്ടു ചാമ്പലാക്കും. അന്ന് എന്റെ പെൺകുട്ടികൾക്ക് ജ്ഞാനത്തിന്റെ സ്ത്രീധനം മതിയാകും. അന്നതിനായിരിക്കും വില... കള്ളന്മാർ, കൊള്ളക്കാർ... നീചർ... എന്റെ ദാരിദ്ര്യത്തെ അവഹേളിക്കുന്നോ?"

അവേശം കൊണ്ടയാൾ കട്ടിലിൽ നിന്നെണീറ്റുപോയി, മുറിയിൽ അങ്ങോട്ടു മിങ്ങോട്ടും നടന്നു.

അയാൾ പറഞ്ഞതെല്ലാം മനസ്സിലായില്ലെങ്കിലും അവളും ആ ആവേശത്തിൽ പങ്കു ചേർന്നു. ദാരിദ്ര്യവും പണത്തിന്റെ അഭാവവും കാരണം കഷ്ടപ്പെടുന്ന അവൾക്കും കുബേരന്മാരോടു വിരോധമാണ്. നേരും നെറിയുമുള്ളവർക്ക് ഇന്നത്തെ ലോകത്തു സ്ഥാനമില്ലെന്നും അവർക്കൊക്കെ നാശവും കഷ്ടപ്പാടു മാണുള്ളതെന്നും അതേസമയം വഞ്ചകരും കൊള്ളയടിക്കുന്നവരും ഒന്നിനൊന്നു പുഷ്ടിപ്പെട്ടുവരികയാണെന്നും അവൾ അനുഭവത്തിൽ നിന്ന് മനസ്സിലാക്കിയിട്ടുണ്ട്. പക്ഷേ ഇതെല്ലാം എങ്ങനെ മാറ്റാൻ കഴിയും...? ലോകത്ത് എന്നും ഇങ്ങനെയൊക്കെത്തന്നെയായിരുന്നില്ലേ? ഈശ്വരനിശ്ചയം അങ്ങനെയായിരിക്കാം.... ഭർത്താവിനോടവൾക്ക് അനുകമ്പ തോന്നി. പാവം ദുഃഖിക്കുകയാണ്. ഇത്രയൊക്കെ കഷ്ടപ്പെട്ടിട്ടും പാവത്തിന് ഒരു സുഖവും കിട്ടുന്നില്ല. ബുദ്ധികൊണ്ടു വേലയെടുത്തിട്ടും പാവപ്പെട്ടവനു കിട്ടുന്നത്ര നെയ്യു പോലും കഴിക്കാൻ ലഭിക്കുന്നില്ല. പാവം നന്നേ ശോഷിച്ചുപോയി... മനസ്സു വിഷമിച്ചിരിക്കുന്ന വേളയിൽ ഒരു മിനിട്ടു നേരം പോലും യുഗമായിതോന്നും... അതിലിരട്ടി സമയത്തോളം മുറിയിൽ നിശ്ശബ്ദത നിറഞ്ഞുനിന്നു. മഹിപാൽ ഉലാത്തുന്ന ചുവടടി ശബ്ദം പോലും ആ നിശ്ശബ്ദതയുടെ ഭാഗമായിത്തീർന്നു.

പെട്ടെന്ന് കല്യാണിയുടെ മുമ്പിൽ വന്നു നിന്നിട്ടു മഹിപാൽ ചോദിച്ചു "ശരി. ഞാൻ തീരുമാനിച്ചു കഴിഞ്ഞു. ശിവചരൺ ദുബെയുടെ മകനുമായി വിവാഹം ഉറപ്പിക്കാം. അയാൾ നല്ല ചിന്താഗതിക്കാരനും നല്ലവനുമാണ്. പയ്യനും നല്ല സ്വഭാവം. ഈ വർഷം എൻജിനിയറിംഗ് ജയിക്കും. നീ എന്തു പറയുന്നു?"

മഹിപാലിന്റെ ആവേശത്തിൽ പങ്കു ചേർന്നെങ്കിലും അവൾ മെല്ലെ പറഞ്ഞു "ശിവചരണനോ? അയാൾ ദുബെയല്ലേ. ധാക്കർ സമുദായത്തിൽപെട്ട അവരുമായി നമ്മൾ ബന്ധപ്പെടാനോ?" (കന്യാകുബ്ജ ബ്രാഹ്മണ സമുദായത്തിലും അന്യസമുദായങ്ങളെപ്പോലെ അനേകം ഉപജാതികളുണ്ട്. വിവിധ ഗോത്രങ്ങളായി ഈ ഉപജാതികൾ വിഭജിക്കപ്പെട്ടിരിക്കുന്നു. മൂന്നു പ്രധാന വിഭാഗങ്ങ

ളാണ് ഷട്കുലം, മാധ്യമം, ധാക്കർ... ഷട്കുലത്തിലുള്ളവർ ധാക്കർ വിഭാഗക്കാരെ തങ്ങളുടെ സമുദായത്തിലെ നീചരായിട്ടാണ് കണക്കാക്കുന്നത്. ബാലാ എന്ന പേരുള്ള പൂർവികന്റെ പിൻഗാമിയായ മഹിപാൽ ഷട്കുലജാതനാണ്. അയാളുടെ അനന്തരവളുടെ അച്ഛനും ഉന്നത സമുദായക്കാരനാണ്. 'മിശ്ര' സമുദായത്തിൽ പെട്ടവർ.)

മഹിപാലിനു ദേഷ്യം വന്നു. "എങ്കിൽ ലഖ്നൗവിലെ വാജ്പേയിയുടെ മകനെപ്പോയിത്തേടിക്കൊണ്ടു വാ. നീതിനിഷ്ഠനും സ്ത്രീധനം വാങ്ങാത്തവനുമുണ്ടോ എന്ന് നോക്ക്."

"അപ്പോൾ ശിവചരൺ സ്ത്രീധനം വാങ്ങില്ലേ?"

"ഇല്ല. ശിവചരൺ നല്ലവനാണ്. അദ്ദേഹത്തിന്റെ ചിന്താഗതിയും വിചാരരീതിയുമൊക്കെ ഞാൻ മനസ്സിലാക്കിയിട്ടുണ്ട്."

ദീർഘശ്വാസം വിട്ടിട്ട് കല്യാണി പറഞ്ഞു "ലോകരെന്തു പറയും? ശകുന്തളയുടെ അച്ഛനമ്മമാർ ജീവിച്ചിരുന്നെങ്കിൽ മിശ്രയുടെ മകളെ ധാക്കറിനു കൊടുക്കുമോ എന്നു ചോദിക്കില്ലേ?"

"എങ്കിൽ പതിനയ്യായിരം രൂപയെട്. ഇവന്മാർ പെണ്ണിന്റെയും ചെറുക്കന്റെയും വിവാഹമല്ല നടത്തുന്നത്. ലക്ഷ്മിയും അഹന്തയും തമ്മിലുള്ള കെട്ടാണ് കെട്ടുന്നത്. ഇൻഹ്യൂമൻ... ആ തിവാരിയുണ്ടല്ലോ. വലിയ എഴുത്തുകാരനും ചിന്തകനും കോളെജിലെ പ്രിൻസിപ്പാലുമാണ്. പക്ഷേ ജാതകം ചോദിക്കാൻ ചെന്നപ്പോൾ പറയുകയാണ് 'രൊക്കം ഇരുപത്തയ്യായിരം തരണം. ബാക്കിയെല്ലാം നിങ്ങളുടെ ഇഷ്ടം പോലെയെന്ന്...' ഇവന്മാരാണ് പഠിപ്പുള്ളവർ.... പരിഷ്കൃതർ....ഛെ!"

മഹിപാലിന്റെ കാലുകൾ വീണ്ടും ആവേശം ഉൾക്കൊണ്ടു. ആ ചെറിയ മുറിയിൽ അയാൾ ധൃതിയിൽ വട്ടമിട്ട് നടക്കാൻ തുടങ്ങി. പെട്ടെന്ന് കല്യാണിയിരുന്ന കസേരയുടെ അടുത്തു ചെന്നു നിന്നിട്ട് അവളുടെ ചുമലിൽ പിടിച്ചുയർത്തിയിട്ട് പറഞ്ഞു "ചെവി തുറന്നു കേട്ടോ, ശകുന്തളയുടെ വിവാഹം ശിവചരൺ ദുബെയുടെ മകനുമായിട്ട് തീർച്ചപ്പെടുത്തും. ജാതകവും ലഗ്നവും ഒന്നും നോക്കുല്ല- അതല്ല കൂടുതൽ വല്ലതും പറഞ്ഞാൽ ജാതിമാറി അവളെ കല്യാണം കഴിപ്പിക്കും. എനിക്ക് ജാതിയും മതവുമൊന്നുമില്ല. ഞാനതല്ലാം വെറുക്കുന്നു. കേട്ടോ പറഞ്ഞത്? ഞാനതെല്ലാം ശക്തിയായി വെറുക്കുകയാണെന്ന്. പറഞ്ഞതു കേട്ടോ...?"

അതിനു മറുപടി പറയാൻ കല്യാണിക്കു ഭയമായി. അവളുടെ മുഖത്ത് പല ഭാവങ്ങളും നിഴലിച്ചു മറഞ്ഞു. ഭർത്താവിങ്ങനെ കടുപ്പിച്ചു പറഞ്ഞപ്പോൾ ഒരു തീരുമാനം എടുത്തവണ്ണം അവളും പറഞ്ഞു "നമ്മുടെ കുട്ടികളുടെ വിവാഹം നിങ്ങൾ ഇഷ്ടം പോലെ ആരെക്കൊണ്ടു വേണേ ചെയ്യിച്ചോളണം...പക്ഷേ ശകുന്തള അന്യയാണ്. അവളുടെ അച്ഛൻ ജീവിച്ചിരുന്നെങ്കിൽ അദ്ദേഹത്തിന്റെ അഭിപ്രായം കൂടി അറിഞ്ഞിട്ട് നിങ്ങൾക്കു വേണമെങ്കിൽ ധാക്കറുമായി ..."

"പിന്നെയും ധാക്കർ മോശമാണെന്നാണോ പറയുന്നത്. ഞാൻ പറഞ്ഞില്ലേ വലിപ്പച്ചെറുപ്പമൊന്നുമില്ലെന്ന്...."

"ഉണ്ടോ ഇല്ലയോ....അതൊന്നുമെനിക്കറിയില്ല. ശകുന്തളയെ അങ്ങനെയും ഇങ്ങനെയുമുള്ള കുടുംബത്തിലാണയച്ചതെന്നു പറയുന്നത് കേൾക്കേണ്ടി വന്നാൽ ഞാൻ വിഷം കഴിച്ചു മരിക്കും."

"പിന്നെ പണം എവിടെ?"

"ഷട്കുലത്തിൽ നിങ്ങളൊരുത്തനേ ദരിദ്രനായുള്ളോ? പലരുമില്ലേ ദുഖിക്കുന്നവർ? എന്നു വച്ച് ലോകനടപ്പ് ലംഘിക്കാനാവുമോ പാവമായാലും ശരി, അല്ലെങ്കിലും ശരി..."

"ഈ ദുഃഖിക്കുന്നവരുടെ ലോകമാണ് യഥാർത്ഥ ലോകം. അവരാണ് ഇന്നു തിണ്ടാടുന്നത്. ആളുകൾ വിവാഹം നടത്തുന്നതും ഉത്സവങ്ങൾ കൊണ്ടാടുന്നതും എങ്ങനെയാണെന്നറിയാമോ? കടം വാങ്ങിയിട്ട് അപമാനത്തിലും കണ്ണീരിലും ചിന്തയിലും സ്വയം അമർന്നിട്ട് – എനിക്കതിനു കഴിയില്ല. ഇപ്പോൾതന്നെ ആയിരം കൂട്ടങ്ങൾ ചിന്തിക്കുന്നുണ്ട്. അതിനു പുറമേ ഇനി ഏതെങ്കിലും പലിശക്കാരന്റെ അതിക്രമം കൂടി തലയിലേറ്റാൻ എനിക്കു വയ്യ. എന്നെക്കൊണ്ട് അതു സാധ്യമല്ല."

ഭർത്താവിന്റെ മനോവ്യഥയിൽ അവൾക്കും സഹാനുഭൂതി തോന്നി. പക്ഷേ അയാളുടെ നാസ്തിക മനോഭാവത്തിൽ അവൾ ചൊടിച്ചു. സകലവിധത്തിലും ഉന്നതനായിട്ടാണ് അവൾ അയാളെ കാണുന്നത്. അവളോടു ദേഷ്യപ്പെടുമ്പോഴും അവളെ അപമാനിക്കുമ്പോഴും അവൾക്കതിൽ പ്രത്യേകമായി ഒന്നും തോന്നാറില്ല. ലോകത്ത് എല്ലായിടത്തും എല്ലാ വീടുകളിലും ഇതാണവൾ കണ്ടിട്ടുള്ളത്. പുരുഷൻ സ്ത്രീയെ അടക്കി വാഴുന്നത്. ഈ വിശേഷത സർവ സമൂഹത്തിലും കുബേരന്റെയും കുചേലന്റെയും വീടുകളിലും സാധാരണമാണ്. സ്വഭാവ ശുദ്ധിയില്ലാത്തവനാണ് മഹിപാലെന്ന കാര്യവും അവൾക്കറിയാം. ഏറ്റവും സനാതന ധർമികളുടെ വീടുകളിൽ പോലും പുരുഷന്മാർ മദ്യപാനികളും വ്യഭിചാരികളും സർവവിധത്തിലും സ്വഭാവദൂഷ്യമുള്ളവരും ആയി വർത്തിക്കുന്നതവൾ കണ്ടിട്ടുണ്ട്. കേട്ടിട്ടുണ്ട്. എന്നാൽ അവൾക്ക് ഒട്ടും സഹിക്കാനാവാത്തത് മഹിപാലിന്റെ വാക്കുകളാണ്. ഇരുപത്തിനാലു വർഷത്തെ ഈ വൈവാഹിക ജീവിതത്തിൽ ഇന്നു വരെ ഭർത്താവിന്റെ ജീവിതദർശനമോ വിചാരരീതിയോ മനസ്സിലാക്കാൻ അവൾക്കു കഴിഞ്ഞിട്ടില്ല. വർഷങ്ങളായി അവളുടെ മനസ്സിൽ ഒരു സംശയം കുടി വച്ചിട്ടുണ്ട് – അധർമത്തിന്റെയും നാസ്തികത്വത്തിന്റെയും ഈ വാക്കുകൾ കാരണമാണോ ലോകർ അദ്ദേഹത്തെ മാനിക്കുന്നത്. ഇതൊക്കെ എഴുതിയാണോ അദ്ദേഹം വലിയ സാഹിത്യകാരനായത്? ഇത്രയും വർഷമായി ഈ കാര്യങ്ങൾ എഴുതുന്നു..പറയുന്നു. പ്രസംഗിക്കുന്നു. ലോകം അദ്ദേഹത്തെ ആദരിക്കുകയും ചെയ്യുന്നുണ്ട്. എങ്കിലും സനാതന ധർമം അതിന്റേതായ മുറയ്ക്ക് മുന്നോട്ടു നീങ്ങുകയാണ്. കലിയുഗത്തിലെ ആളുകൾ ഇദ്ദേഹത്തിന്റെ വാക്കുകൾ ഒരു പക്ഷേ കേട്ടേക്കും. പക്ഷേ അതിലൊരർഥവുമില്ല. ലോകത്ത് ധർമം, മര്യാദ, കുലം, ധർമ കർമങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ തുടങ്ങി ഭഗവൽസൃഷ്ടമായ ഈ സംവിധാനം നശിക്കാനോ? ഇന്നു വരെ നടന്നു പോന്ന രീതിയിൽതന്നെ ലോകം നാളെയും മുന്നോട്ടു നീങ്ങും. എല്ലാവരും പലിശ കൊടുത്തും കടം വാങ്ങിയും തന്നെ മകന്റെയും മകളുടെയും വിവാഹങ്ങൾ നടത്തുന്നത്. അതൊരു പുതിയ കാര്യമൊന്നുമല്ലല്ലോ.

കല്യാണി മറ്റേക്കാലും കസേരയിൽ കയറ്റിവച്ചു. മുട്ടിന്മേൽ കൈകെട്ടി വിരലുകൾ കൊണ്ടു താളം പിടിച്ചിട്ടു പറഞ്ഞു "കടം വാങ്ങിയാലും കൊള്ളാം, എന്തു ചെയ്താലും കൊള്ളാം ശകുന്തളയെ നമ്മുടെ ഷട്കുലത്തിലേ അയ

യ്ക്കാനൊക്കൂ...നമ്മുടെ കുട്ടികളുടെ വിവാഹം വേണമെങ്കൽ തോട്ടിയെക്കൊണ്ട് നടത്തിക്കൂ. ഞാനൊന്നും മിണ്ടില്ല- ഞാൻ എവിടെ വേണമെങ്കിൽ പോയിക്കിട ന്നോളാം. ഒന്നേയുള്ളു. അവളെ സനാതന മുറയ്ക്കു തന്നെ കെട്ടിച്ചയയ്ക്കണം. എനിക്കത്രയേ പറയാനുള്ളു...." എന്നു പറഞ്ഞിട്ടു അവൾ പോകാനായി എഴു ന്നേറ്റു.

ശകുന്തളയുടെ വിവാഹം, സ്ത്രീധനം, ഭാര്യയുടെ ദേഷ്യം തുടങ്ങിയ കാര്യ ങ്ങളെക്കുറിച്ചുള്ള ചിന്തയോടൊപ്പം മനസ്സിനകത്ത് പല ചിന്തകളും ചേർന്ന് മഹിപാൽ വിചാരമഗ്നനായി. ഭാര്യയിരുന്ന കസേരയ്ക്കടുത്ത് മേശമേൽ ചാരി നിന്നയാൾ ആലോചിച്ചു. സ്ത്രീ ഒരു വിചിത്ര വസ്തു തന്നെ...ചരിത്രത്തിന്റെ പ്രാരംഭകാലം മുതൽ മനുഷ്യന് ഏറ്റവും വലിയ സമസ്യയായിരുന്നതും സ്ത്രീ തന്നെ. ഇന്നത്തെ സമൂഹത്തിൽ സ്ത്രീക്കും പ്രത്യേക ഒരു സ്ഥാനമാണ്. നമ്മുടെ നാട്ടിലാണെങ്കിൽ ഈ സവിശേഷത പ്രകടമാണുതാനും. മിക്ക വീടുകളിലും സ്ത്രീകൾ ഏതെങ്കിലും തരത്തിൽ അപമാനിതരായിക്കഴിയുന്നതാണു നാം കാണു ന്നത്. ചെറിയവരുടെ കഥ പോകട്ടെ, വലിയ പരിഷ്കൃതരും പ്രഭുക്കന്മാരും താമസിക്കുന്ന വീടുകളിൽ പോലും സ്ത്രീസമൂഹത്തെ അടക്കിവച്ചിരിക്കുകയാണ്. പല വിധത്തിലും അവർ അപമാനിതരാണ്. വീട്ടുജോലി ചെയ്യുന്നതിലും എല്ലാ വരെയും ശുശ്രൂഷിക്കുന്നതിലും പുരുഷന്റെ ഭോഗവസ്തുവായി കഴിയുന്നതിലും ഉപരി ഒരിടത്തും അവർക്കൊരു സ്ഥാനവുമില്ല. കുട്ടികൾക്കു ജന്മം നൽകുന്ന യന്ത്രം അവളാണെന്ന ഒരു മാഹാത്മ്യം അവൾക്കുണ്ട്. മാനവജീവിതം മുന്നോട്ടു നയിക്കാൻ കുട്ടികളാവശ്യമാണ്. അതുകൊണ്ട് അതുല്പാദിപ്പിക്കുന്ന ഫാക്ടറി കൾക്കും മാഹാത്മ്യമുണ്ട്..എങ്കിലും ഇത്രയും അപമാനിതയും അമാനുഷിക വ്യവഹാരങ്ങൾക്കധീനയാക്കപ്പെടുന്നവളുമായ സ്ത്രീയെക്കാൾ ആദരണീയമായ മറ്റൊരുവസ്തുവും പുരുഷനില്ല. സമൂഹത്തിന്റെ അഭിമാനമാണ് .സ്ത്രീയെന്ന് ലോകം ഇന്നും കരുതുന്നു. സ്ത്രീയില്ലെങ്കിൽ താൻ അപൂർണനെന്ന് പുരുഷ ലോകത്തിനറിയാം.

ഈ വിരോധാഭാസം നമ്മുടെ സമുദായത്തിൽ അടിസ്ഥാന ശിലപോലെ ഇന്നും വളഞ്ഞും തിരിഞ്ഞും കിടക്കുകയാണ്. അങ്ങനെ തെറ്റിയിട്ട ആ അടിക്ക ല്ലിന്റെ പുറത്താണ് മനുഷ്യൻ വീടു പണിതത്. ആചാരാനുഷ്ഠാനങ്ങൾ ഉയർത്തി യത് – പിന്നെ എല്ലാം തലതിരിഞ്ഞാകാതിരിക്കുന്നതെങ്ങനെ?

കല്യാണി എഴുന്നേറ്റപ്പോൾ മഹിപാലിന്റെ ചിന്താഗതിക്ക് ഉലച്ചിൽ തട്ടി "എന്താ പോണോ?"

ആ ചോദ്യം തികച്ചും സരളമായ രീതിയിലാണു ചോദിച്ചത്. ഉള്ളിൽ വിദ്വേ ഷമായിരുന്നെങ്കിലും അതുകേട്ട അവൾക്ക് ആ കണ്ണുകളിലേക്ക് നോക്കി ചിരി ക്കാതിരിക്കാൻ കഴിഞ്ഞില്ല. "അതേ അപ്പാ, ഞാനിനിപ്പോകട്ടെ. ഈ നട്ടപ്പാതിര യ്ക്കും നിങ്ങൾക്കിനി ദേഷ്യം വന്നാൽ ഇവിടെക്കിടന്ന് തൊള്ള തുറക്കും. ഉറ ങ്ങുന്ന തെരുവാകെ ഉണരും.."

മഹിപാൽ ചിരിച്ചു പോയി. കല്യാണി മന്ദം തുടർന്നു. "നിങ്ങൾക്കെന്ത്? നിങ്ങൾ വിളിയും ബഹളവും നടത്തിയിട്ടു പോകും. അയലത്തുകാർ എന്നെ യല്ലേ പരിഹസിക്കുക–പണ്ഡിത്ജിക്ക് മാസത്തിൽ പതിനഞ്ചു ദിവസവും ഈ ഭൂതാവേശമെന്തെന്ന്?..."

മഹിപാലിന് ദേഷ്യവും ചിരിയും വന്നു. "നിന്റെ അയൽക്കാർ നമ്മെ പരിഹസിക്കാറുണ്ടോ?"

കല്യാണി പൊട്ടിച്ചിരിച്ചു. വസ്ത്രത്തലപ്പുകൊണ്ട് വായ് പൊത്തിയിട്ടു പറഞ്ഞു "അയൽക്കാർ, എന്തിന് നമ്മുടെ പിള്ളേർ പോലും കളിയാക്കുകയാണ്. എന്നോടു പറയും അമ്മ മിണ്ടാതിരിക്കാൻ. അല്ലെങ്കിൽ അച്ഛൻ ആറ്റം ബോംബു പൊട്ടിക്കുമെന്ന്." മഹിപാൽ പൊട്ടിച്ചിരിച്ചു "ശരിയാണ്. ഞാൻ നിന്നെ ഒരുപാട് കഷ്ടപ്പെടുത്തുന്നു. പക്ഷേ കല്യാണീ.. ദൈവത്തിനറിയാം, നിന്നെ കഷ്ടപ്പെടുത്തുമ്പോൾ ഞാൻ സ്വയമാണ് വേദനിക്കുന്നത്. നീയല്ലാതെ എനിക്ക് ഗതിയില്ല. കല്യാണിയില്ലാതെ മഹിപാൽ മഹിപാലാവില്ല..."

കല്യാണി ചിന്തയിൽ ലീനയായി ശാന്ത മുഖഭാവത്തോടെ മൂകയായിനിന്നു.

അപ്പോഴാണ് മുകളിൽ ഇളയകുട്ടി കരയുന്ന ശബ്ദം കേട്ടത്. പെട്ടെന്ന് എച്ചിൽ പാത്രങ്ങളെടുത്തുകൊണ്ടവൾ പറഞ്ഞു "വേറെ ജോലിയൊന്നുമില്ലെങ്കിൽ നിങ്ങളും മുകളിലേക്കു വരിൻ. മണി മൂന്നായി. ഞാൻ പോണു."

മഹിപാൽ പറഞ്ഞു "ഉറക്കം വരുന്നില്ല. നീ പോ..."

11

ക്രിസ്തുമസ്സ് ദിവസം രാവിലെ കർണലിനോടൊപ്പം സജ്ജനും ശിവനാഥശാസ്ത്രിയുടെ വീട്ടിൽ പോയിരുന്നു. അവിടെനിന്നു മടങ്ങുകയാണവർ. രാവിലെ മണി ഒൻപതായിരിക്കണം. സുവർണ്ണ കിരണങ്ങളേറ്റ് തിളങ്ങിനിൽക്കുന്ന ആകാശം. താഴെ തെരുവിലും ഇടവഴികളിലും കുളിര് ഇനിയും വിട്ടുമാറിയിട്ടില്ല.

"ഇന്ന് നല്ല തണുപ്പുണ്ട്. അടുത്തെവിടെയോ നല്ലവണ്ണം മഞ്ഞു പെയ്തെന്നു തോന്നുന്നു." കർണൽ പറഞ്ഞു.

കാലാവസ്ഥയെക്കുറിച്ചുള്ള സംസാരം സജ്ജന്റെ ചിന്തയ്ക്കു ഭംഗം വരുത്തിയില്ലെന്നു കണ്ടപ്പോൾ കർണൽ ഇന്റലക്ച്വൽ കാര്യമെടുത്തിട്ടു. "കേട്ടോ, ഇഷ്ടാ, എന്തു പറഞ്ഞാലും ശരി, ജ്യോതിഷം സത്യമാണ്. പക്ഷേ ശരിക്കു പറയാനാളുവേണമെന്നു മാത്രം. ഞാൻ ഇന്ന് ശാസ്ത്രിയുടെ ഭക്തനായി മാറിയിരിക്കുകയാണ്."

"അതിൽ സംശയമില്ല. അദ്ദേഹം അതിമഹാനും പണ്ഡിതനുമാണ്..." സജ്ജൻ പറഞ്ഞു "ഇന്ന് പാപത്തെയും പുണ്യത്തെയും സംബന്ധിച്ച് മഹർഷി വ്യാസന്റെ വ്യാഖ്യാനം പറഞ്ഞുകേട്ടപ്പോൾ എന്റെ ആശയക്കുഴപ്പമൊക്ക മാറി. എത്ര ലളിതമായിട്ടാണ് കാര്യം പറഞ്ഞത്. പരോപകാരമാണ് പുണ്യമെന്നും അന്യരെ ദുഃഖിപ്പിക്കുന്നത് പാപമെന്നും.. എത്ര ലളിതമായ വീക്ഷണം..എത്ര സത്യസന്ധം..."

"അതല്ല, കടയിലെ മോഷണത്തിന്റെ കാര്യം. ലബ്ബുവുമായി ഞാൻ ഭാഗം വച്ചു പിരിഞ്ഞ കഥ, എന്റെ ഭാര്യയുടെ ആകൃതി – പ്രകൃതികൾ എല്ലാം അദ്ദേഹം വിവരിച്ചില്ലേ. പറയൂ. ഇതൊക്കെപ്പറയുമ്പോൾ ജ്യോതിഷത്തെ വിശ്വസിക്കാതിരിക്കുന്നതെങ്ങനെ?" കർണൽ സ്വന്തം വീക്ഷണത്തിലൂടെ ശാസ്ത്രിജിയുടെ മാഹാത്മ്യം പ്രകീർത്തിക്കുകയാണ്.

സജ്ജൻ ചിരിച്ചിട്ട് അടക്കിയ സ്വരത്തിൽ പറഞ്ഞു "എന്റെ ഭാവിയെക്കുറിച്ച്

അദ്ദേഹം പറഞ്ഞത് വിചിത്രമായിരിക്കുന്നു."

സജ്ജന്റെ ചുമലിൽ സ്വന്തം തോൾ കൊണ്ട് ചെറുതായി ഒന്നു ഉന്തിയിട്ട് ചിരിയോടെ കർണൽ പറഞ്ഞു "അതേടാ... നിനക്ക് പേരുദോഷം മാത്രമല്ല, നാശവും വരണം. നിനക്കും ആ മഹിപാലിനും...."

"അതുശരി. എനിക്ക് പേരുദോഷം വന്നാൽ നിങ്ങൾക്ക് സന്തോഷമാവും, അല്ലേ? നിങ്ങളാണ് ഞങ്ങളുടെ ആത്മാർഥ സുഹൃത്ത്...."

"സ്നേഹിതനാണെന്ന് വച്ച് ചീത്ത പ്രവൃത്തികൾക്ക് കൂട്ടുനില്ക്കണോ?" കർണൽ ചോദിച്ചു.

"എന്തെങ്കിലും ദുഷ്പ്രവൃത്തി കൊണ്ടായിരിക്കും എനിക്ക് ദുഷ്പേരു വരുന്നതെന്ന് അദ്ദേഹം തറപ്പിച്ചു പറഞ്ഞില്ലല്ലോ."

"ശരിയാണ്. ചീത്തപ്പേരുകേട്ടശേഷം നിനക്ക് ഏറ്റവും വലിയ പ്രശസ്തിയുണ്ടാകുമെന്നും പറഞ്ഞു..."

നേരിയ ഒരു ദീർഘശ്വാസം വിട്ടിട്ട് കീശയിൽ നിന്ന് സിഗററ്റ്കേസ് എടുത്തുകൊണ്ട് സജ്ജൻ ചോദിച്ചു "കവി നരേന്ദ്രന്റെ ഒരു വരിയുണ്ടല്ലോ. എന്താ അത്..?"

"മുകുള സമാനമാം നിൻ രാജപദം

നിന്നാലാവില്ല സ്വയം വിരിയിക്കാൻ...."

കർണലിന്റെ നേരെ സിഗററ്റുകേസു നീട്ടി, ഒരെണ്ണമെടുത്തു ചുണ്ടിൽ ചേർത്തിട്ട് സജ്ജൻ പറഞ്ഞു "ഇതാണു ഞാൻ നാളും ജാതകവുമൊന്നും പറയാത്തതും കാണിക്കാത്തതും. ഭാവിയെക്കുറിച്ചറിയുന്നത് നന്നല്ല. നാളത്തെക്കുറിച്ചുള്ള ചിന്തയിൽ ഇന്നത്തെ സന്തോഷത്തിന് എന്തിനു ഹാനി വരുത്തണം?"

സിഗററ്റ് പിടിപ്പിക്കാനായി അവർ ഒരിടത്തുനിന്നു. സിഗററ്റ് ലൈറ്റർ തിരിച്ച് കീശയിലിട്ടിട്ട് അവർ മുന്നോട്ട് നടക്കാൻ തുടങ്ങി. അപ്പോഴേക്കും ഒരു പോലീസുകാരന്റെ മട്ടും പ്രകൃതിയുമുള്ള ഒരാൾ മുന്നിൽ വന്നു നിന്നിട്ട് ചോദിച്ചു "സാർ, ഈ തെരുവിൽ ഡാക്കിട്ടർ സായിപ്പിന്റെ കട ഏതാണ്?"

കർണൽ ചോദിച്ചു, "ഏതു ഡോക്ടർ?"

"സർ...ആ തൈരും മറ്റും വില്ക്കുന്ന...."

അതുകേട്ട് കർണലും സജ്ജനും ഒപ്പം ഞെട്ടി. ഒരു നിസ്സാര മനുഷ്യൻ വന്ന് തങ്ങളെ കളിയാക്കുകയാണെന്ന് കണ്ട് കർണലിന് ദേഷ്യം വന്നു. "തെമ്മാടി കളിയാക്കുകയാണോടാ....?"

"അല്ലങ്ങുന്നേ..." ചോദിച്ചവൻ രണ്ട് കൈകൊണ്ടും കാതിൽ പിടിച്ച് മാപ്പിരന്നു. "ഞാൻ പഠിപ്പില്ലാത്തവനാണ്. കൊച്ചമ്മയാണ് പറഞ്ഞത് ഡാക്കിട്ടരുടെ കടയിൽ പോയി തൈരു വാങ്ങിവരാൻ....എനിക്കെന്തറിയാം...."

"നിന്റെ കൊച്ചമ്മയും മടയിതന്നെ. ഡോക്ടറുടെ കടയിൽ പാലും തൈരും വില്ക്കാറുണ്ടോ?" എന്ന് പറഞ്ഞ് കർണൽ മുന്നോട്ട് നടന്നു.

അതിലേ കടന്നുപോയിരുന്ന ഒരു ലാലാജി അതുകേട്ടിട്ട് വേലക്കാരനോടായി ചോദിച്ചു "പലഹാരക്കടക്കാരൻ ഡോക്ടറെക്കുറിച്ചാണോടാ ചോദിക്കുന്നത്? അതാ ഇടത്തുവശത്ത് അവിടെയാണ് കട..."

കാഴ്ചകുറഞ്ഞ കണ്ണുകളോടെ അവൻ കടകണ്ടുപിടിക്കാനായി ആ വശത്തേക്ക് നോക്കി. ലാലാജി വീണ്ടും പറഞ്ഞു "എടാ അവിടെ ആ റേഷൻ കട

യുടെ അപ്പുറത്ത് കുറെ കട കാണുന്നില്ലേ, അതിനോട് ചേർന്നു തന്നെ.."

കർണലും സജ്ജനും മുന്നോട്ടു നടന്നു. കർണൽ പറഞ്ഞു "നല്ല തമാശ തന്നെ. പലഹാരക്കടക്കാരന്റെ പേരും ഡോക്ടർ..."

"ഒരു മരുന്നുവില്പനക്കാരന് കർണലാകാമെങ്കിൽ പിന്നെ..." സജ്ജൻ പറഞ്ഞവസാനിപ്പിക്കുംമുമ്പ് കർണൽ പറഞ്ഞു "നീ ഇതുതന്നെ പറയുമെന്നു ഞാൻ വിചാരിച്ചതാണ്." അയാൾ ചെറുതായൊന്നു ചിരിച്ചു.

ഡോക്ടറുടെ കട ഒന്നു കണ്ടാൽ കൊള്ളാമെന്ന നേരിയ ആഗ്രഹത്തോടെ നിരത്തിന്റെ ഇരുവശവും കണ്ണോടിച്ചു കൊണ്ട് സജ്ജൻ നടന്നു. പട്ടിയും പശുക്കളും ചെറിയ ചെറിയ ജനക്കൂട്ടങ്ങളും തിങ്ങി നിറഞ്ഞ നിരത്തിലൂടെ അഭ്യാസങ്ങൾ കാണിച്ചു കൊണ്ട് പാഞ്ഞുപോകുന്ന സൈക്കിൾ സവാരിക്കാരും, പലവിധ സംഭാഷണങ്ങളും, സ്ത്രീപുരുഷന്മാരുടെ വരവും പോക്കും കാരണം നിരത്തിൽ ചെറിയ തോതിലുള്ള കോലാഹലവും ഒച്ചപ്പാടും ഇല്ലാതില്ല.

ശാസ്ത്രിജിയുടെ വീടിരിക്കുന്ന വഴിയിലുള്ളതിനെക്കാൾ വെയിലും ഇവിടെ തട്ടുന്നുണ്ട്. ധാന്യംപൊടിക്കുന്ന മില്ലിലെ തൊഴിലാളി മാവു പറന്നു പറ്റിയ വേഷവുമണിഞ്ഞുനില്ക്കുന്നതു കണ്ടപ്പോൾ സജ്ജന് അതൊരു തമാശയായി ത്തോന്നി. വലത്തു വശത്ത് ഇടുങ്ങിയ ഒരിടവഴി. അതു കഴിഞ്ഞ് ഒരു തയ്യൽക്കട. മെഷീന്റെ കടകടശബ്ദം ഉയരുന്നുണ്ട്. ചുവപ്പിച്ച താടി വളർത്തിയ തയ്യൽക്കാരൻ സേട്ട് വാതിലിനരികിലിരുന്ന് എന്തോ തുന്നുകയാണ്. അയാളുടെ മുന്നിൽ മണ്ണു കൊണ്ടുണ്ടാക്കിയ ഹുക്കാപ്പാത്രം. ജോലിക്കാരായ തയ്യൽക്കാർ തുണി വെട്ടുകയും അളവെടുക്കുകയും മറ്റും ചെയ്യുന്നു. തയ്യൽക്കട കഴിഞ്ഞാൽ ഒരു വീട്. ഇടത്തു വശത്തു ധാന്യം പൊടിക്കുന്ന മില്ലു കഴിഞ്ഞാൽ വലിയൊരു പലചരക്കുകട "ദാമോദരാ കാൽ കിലോ കടലമാവ് താ", "രണ്ടണയ്ക്ക് കിസ്മിസ്," "എടോ ഞാൻ തന്ന ലിസ്റ്റിനു സാധനമെടുത്തോ?", "എടുത്തു ഇതാ", "എടാ അകത്തു നിന്ന് പടിക്കാരം ഇങ്ങെടുക്ക്" തുടങ്ങിയ ശബ്ദങ്ങൾ കഴിഞ്ഞ് കൊട്ടാരം വൈദ്യന്റെ പ്രൗഢിയിൽ വലിയ സൈൻ ബോർഡും വച്ച് രോഗികളാരുമില്ലാതെ നോക്കിയിരിക്കുന്ന വൈദ്യരാജൻ. പിന്നെ പഴക്കടകൾ. അതു കഴിഞ്ഞ് താടിയും മീശയും വടിച്ചു കളഞ്ഞ് സ്ത്രീകളുടെ പുടവയും ധരിച്ച ഒരു നപുംസകം ഇരുന്ന് വെറ്റില നൂറുതേയ്ക്കുന്നു. അതു കഴിഞ്ഞാണ് ഹൽവാ ശിരോമണി ഡോക്ടറുടെ പലഹാരക്കട. വലിയ കടയാണ്. ചാവട്ടയും മെത്തയുമിട്ട് ഗണപതിയെക്കാൾ ഒന്നേകാലിരട്ടി തൂക്കം വരുന്ന, നിറത്തിൽ നീഗ്രോയെ ജയിക്കുന്ന വർണത്തോട് കമ്പിളിത്തൊപ്പിയും ധരിച്ച് ഡോക്ടർ സാഹബ് ജിലേബി തൂക്കുകയാണ്. അയാളെ കണ്ടപ്പോൾ സജ്ജന് സന്തോഷം തോന്നി. കർണലിനോട് പറഞ്ഞു "നമുക്ക് ഇയാളുടെ കടയിൽ നിന്ന് വല്ലതുംവാങ്ങണം. ആളു കൊള്ളാം. നല്ല ജപ്പാൻ ഗുണ്ടു പോലുണ്ട്."

തട്ടിൽ പിത്തളത്താലങ്ങൾ ഒരുക്കി അതിൽ മധുര പലഹാരങ്ങൾ നിരത്തി വച്ചിരിക്കുന്നു. ശിവൻ, ഹനുമാൻ, ഗാന്ധി, നെഹ്റു, നേതാജി, ശിവാജി, റാണാ പ്രതാപ് മുതലായവരുടെ ചിത്രങ്ങൾ തൂക്കിയിട്ടുണ്ട്. പുറത്ത് പിത്തള മണികൾ തൂക്കിയിട്ടിരിക്കുന്നു. കടയിൽ അപ്പോൾ വലിയ തിരക്കില്ല. "നമുക്ക് ജിലേബി വാങ്ങിക്കൊണ്ടു പോകാം" കർണൽ പറഞ്ഞു.

കാതും കഴുത്തും തലയും മൂടിക്കെട്ടിയ ആ തൊപ്പിയുടെ മുൻ ഭാഗത്തുള്ള

വിടവിൽകൂടി ഡോക്ടറുടെ വിടർന്ന നാസികയും പുളിങ്കുരു പോലുള്ള കണ്ണുകളും അതിനുമേൽ സ്ഥാപിച്ച വെള്ളി ഫ്രെയിമിട്ട കണ്ണടയും നരയും കറുപ്പും ഇട കലർന്ന മീശയും വെറ്റിലക്കറപിടിച്ച തടിച്ച ചുണ്ടുകളും കാണാം. അഞ്ചാറാളുകളേ സാധനങ്ങൾ വാങ്ങാൻ നില്പുള്ളു. എങ്കിലും വലിയ ബഹളം. ഡോക്ടറുടെ കൈയാകട്ടെ നാലു ദിവസത്തിനൊരു നാഴിക എന്ന വേഗത്തിലാണു പ്രവർത്തിക്കുന്നത്. പക്ഷേ നാവ് മെയിൽ വണ്ടിയുടെ വേഗത്തിലും. സജ്ജൻ ജിലേബി, ഉരുളക്കിഴങ്ങ് വറ്റൽ എന്നിവക്ക് ഓർഡർ കൊടുത്തു.

പുറകിൽ നിരത്തിന്റെ മറുവശത്തുള്ള വീടിന്റെ നിരത്തിലിരുന്നു വെയിൽ കാഞ്ഞു കൊണ്ടിരുന്ന ഒരു പടുവൃദ്ധൻ ആരോടോ പറയുകയാണ്, "എടോ, ചെറുപ്പം വളരെ സന്തോഷത്തോടെ കഴിഞ്ഞുപോകും. പക്ഷേ വാർധക്യം കഴിച്ചുകൂട്ടുക അത്ര എളുപ്പമല്ല. അതാണുങ്ങൾക്കേ പറ്റൂ. പല്ലുണ്ടാവില്ല, കാതു കേൾക്കില്ല, കാഴ്ചയും കുറവ്. കാലിലും കയ്യിലും എല്ലാം വേദനയും കഴപ്പും വരുമ്പോൾ അമ്മിഞ്ഞപ്പാലു കുടിച്ചതുപോലും ഓർമ്മിച്ചു പോകും. പിന്നെ വെള്ളം വേണമോയെന്നു ചോദിക്കാൻ പോലും ആരുമില്ല. ഈ വയസ്സുകാലം കഴിച്ചു കൂട്ടുകയെന്നത് വലിയ പാടുതന്നെ. എല്ലാരെയും കൊണ്ടതു പററില്ല. എനിക്ക് തൊണ്ണൂററിമൂന്ന് വയസ്സായി. ഭഗവാന്റെ കയ്യിലുള്ള എന്റെ ഏടു കളഞ്ഞു പോയെന്നു തോന്നുന്നു. നാശം ഖൊ..ഖൊ...ഖൊ.."

സജ്ജൻ അതു കേട്ടു നിന്നു. അവന്റെ മനസ്സിൽ ആ വാക്കുകൾ ചെന്നു തറച്ചു. ഒരിക്കൽ താനും വയസ്സാകും. ഒരു പക്ഷേ ഇത്രത്തോളം വയസ്സായേക്കാം. ആ മനുഷ്യൻ സത്യമാണു പറയുന്നത്. വാർധക്യം കഴിച്ചുകൂട്ടുക ശ്രമകരമാണ്. "ഏയ്, ബാബു, അന്നത്തെ ആറണ തരാത്തതെന്ത്? എള്ളു വാങ്ങിയതിന്റെ..."

"ഇദ്ദേഹത്തോടാണോ ചോദിക്കുന്നത്" സജ്ജനെ ചൂണ്ടിക്കൊണ്ട് കർണൽ ഡോക്ടറോടു ചോദിച്ചു."ഞാനോ... ഞാനീക്കടയിൽ ഇന്നാദ്യമായി വരികയാണ്..."

"നന്നായി, നിങ്ങളല്ലേ എള്ളുണ്ട വാങ്ങിക്കൊണ്ടുപോയത്? മിനിയാന്നിനു മുമ്പത്തെ ദിവസം. ഡോക്ടർക്ക് ഓർമ്മയില്ലെന്നൊന്നും വിചാരിക്കരുത്."

അവിചാരിതമായ ഈ ആരോപണം കേട്ട് സജ്ജന്റെ മുഖം ചുവന്നു. തൊട്ടടുത്ത് കണ്ണിൽ സുറുമയെഴുതി വായിൽ മുറുക്കാനുമിട്ട് പഞ്ഞിത്തൊപ്പിധരിച്ച് ഒരു വെളുത്ത ലാല നിന്നിരുന്നു. കണ്ടാൽ മാന്യനാണെന്നു തോന്നിക്കുന്ന സജ്ജന്റെ പരവശത കണ്ടിട്ട് അയാൾ ഡോക്ടറെ ശകാരിച്ചു "ഡോക്ടർ, എന്താ കണ്ണു കണ്ടുകൂടേ... ആളിനെ തിരിച്ചറിയാൻ വയ്യാതായോ.... അവിയൻ തിന്നു തിന്നു കണ്ണു മഞ്ഞളിച്ചു പോയോ?"

അയാളുടെ നേരെ നോക്കി സജ്ജൻ തന്റെ നിർദോഷിത്വം വിവരിച്ചു "ഇന്നാദ്യമാണ് വല്ലതും വാങ്ങാനായി ഞാൻ ഇവിടെ വരുന്നത്".

"ഇന്നാദ്യമോ? കൊള്ളാം. എന്നും എന്റെ കയ്യിൽ നിന്നും കടം വാങ്ങിക്കൊണ്ടു പോണതോ."

കർണൽ ചിരിച്ചിട്ടു പറഞ്ഞു "നിങ്ങൾ മറ്റാരെന്നോ തെറ്റിദ്ധരിച്ചു പറയുന്നതാണ്. ഇദ്ദേഹത്തിന്റെ രക്തത്തിന് എള്ളുണ്ടയല്ല, പുഡ്ഡിംഗാണ് പറഞ്ഞിട്ടുള്ളത്. മനസ്സിലായോ..."

വേലക്കാരൻ ചൂടുള്ള ജിലേബി നിരത്തിയ താലം ഡോക്ടറുടെയടുക്കൽ കൊണ്ടു വച്ചിട്ടു പറഞ്ഞു "ലാലാ വേണ്ടാത്ത വയ്യാവേലിയുണ്ടാക്കുകയാണോ?

ആള് ഇതല്ല........"

ഡോക്ടർ കൈയൊന്നു കുടഞ്ഞിട്ട് വേലക്കാരനോടു തട്ടിക്കയറി. "ഫാ.......നീയാണോടാ എന്നെ പഠിപ്പിക്കുന്നത്? ഇതു ബീമാം വാരന്റെ മക നല്ലേന്നോ....."

ലാലാജി ചിരിച്ചിട്ടു പറഞ്ഞു "എടോ ഡോക്ടർ ഈ മരക്കണ്ണു മാറ്റിയിട്ട് വല്ല ഇഷ്ടികയും കൊണ്ട് കണ്ണട തീർത്തു വയ്ക്ക്. ഇത്തരം കണ്ണട നിന്നെ പ്പോലെ കറുപ്പുതീറ്റിക്കാർക്കു പറ്റിയതല്ല." എന്നിട്ടയാൾ കർണലിനോടും സജ്ജ നോടുമായിപ്പറഞ്ഞു "സർ, രാത്രി മരുന്നിന്റെ മയക്കത്തിൽ ചിലർക്ക് സാധന ങ്ങൾ തൂക്കം കുറച്ചു കൊടുക്കും. ചിലർക്ക് കൂടുതലും. രാത്രി വല്ലവർക്കും ഇയാൾ കടം കൊടുക്കും. രാവിലെ മറ്റുവല്ലവരെയും കയറിപ്പിടിക്കും. പകൽമു ഴുവനും ഇവിടെ ഈ ബഹളം തന്നെ. നന്നായെടോ ഡോക്ടർ, തന്നെപ്പോലൊ രുത്തൻ ഈ പട്ടണത്തിലില്ല......."

ഇറങ്ങി നടക്കുന്നതിനിടയിൽ സജ്ജൻ കർണലിനോടു പറഞ്ഞു "ജീവിത ത്തിൽ ഇത്രയും കാലം ഒരു പ്രത്യേക ലോകത്തു കഴിഞ്ഞുകൂടിയതിൽ ഞാൻ ദുഖിക്കുന്നു. യഥാർഥത്തിൽ ഈ തെരുവിലും നിരത്തിലുമാണ് കാരക്ടേഴ്സ്. ജീവിതത്തിന്റെ വൈവിധ്യം ഇവിടെയേ കാണാനൊക്കൂ."

കർണൽ ചിരിച്ചിട്ടു പറഞ്ഞു "വേണ്ട, അധികം കലാകാരത്വമൊന്നും കാണി ക്കണ്ട. നൂറ്റാണ്ടുകളുടെ അഴുക്കും, അന്ധകാരവും, അജ്ഞതയും അടിഞ്ഞു കിടക്കുന്നതിവിടെയാണ്. നിങ്ങൾ കാരക്ടർ തിരക്കിയിറങ്ങിയിരിക്കുന്നു................"

കർണലിന്റെ വാക്കുകൾ സജ്ജനെ ചൊടിപ്പിച്ചു. പക്ഷേ അതിൽ യാഥാർഥ്യ മില്ലേ? അതിനെതിരായി എന്തെങ്കിലും പറയാൻ തോന്നിയില്ല.

രണ്ടു പേരും മുന്നോട്ടു നടന്നു. "ആ മഹിപാലിനെക്കുറിച്ച് ഇന്നലെമുഴു വൻ യാതൊരു വിവരവുമില്ല. മിനിയാന്ന് ഉച്ചയ്ക്കു ശേഷം അയാളെ ഞാൻ കണ്ടിട്ടില്ല."

കർണൽ പറഞ്ഞു "മിനിയാന്നു രാത്രി എന്റെ വീട്ടിൽ വന്നിരുന്നു. മറ്റേ പകുതിയും ഒപ്പമുണ്ടായിരുന്നു. ഭാഗ്യവാൻ............"

"ഓ, അതെനിക്കറിയാം. ക്രിസ്തുമസും ആഘോഷിച്ചിരിക്കും, മഹാൻ. നേരം പുലർന്നിട്ടും കിടന്നുറങ്ങുകയാവണം."

"കിടന്നുറങ്ങട്ടെ" സജ്ജൻ പറഞ്ഞു, "മനുഷ്യന്റെ തുടിക്കുന്ന ഹൃദയത്തിന് ഉറക്കം കൊണ്ട് ഒട്ടൊരാശ്വാസം വരുമെങ്കിൽ ലോകത്തിനതിലെന്തു നഷ്ടം? പാവം വളരെ ദുഃഖിതനാണ്."

സ്വന്തം തെരുവിലെത്തിയപ്പോൾ ആൽത്തറയിൽ സഭ സമ്മേളിച്ചിരിക്കുക യാണ്. ചൊവ്വാഴ്ചയായതിനാൽ പൂക്കാരൻ മാലകളും ഹാരങ്ങളുമായി ഇരിപ്പുണ്ട്. പണ്ഡിത് മഹിപാൽ ശുക്ലയും അവിടെയിരുന്നു വെടിപറയുകയാണ്. ബാബു ഛേദാലാൽ അവർ രണ്ടുപേരെയും അകലെ വച്ചേ കണ്ടു. അയാൾ ശബ്ദമു യർത്തി വിളിച്ചു. "വരണം, വരണം. നിങ്ങളുടെ കുറവേ ഉണ്ടായിരുന്നുള്ളൂ."

സജ്ജൻ എല്ലാവരെയും തൊഴുതു. കർണൽ ചിരിച്ചുകൊണ്ട് ബാബുഗു ലാബ് ചന്ദിന്റെ കസേരയുടെ പിറകിൽ ചെന്നു നിന്നുകൊണ്ട് അദ്ദേഹത്തിന്റെ തലയിൽ ചെറുതായൊന്നു ചുണ്ടിയിട്ട് ചോദിച്ചു. "എന്താ സൂപ്രണ്ട് സാർ, എന്തൊ ക്കെയുണ്ട്........ ഓ, സജ്ജൻ നിനക്കറിയാമോ, ഈ ഗുലാബ്ചന്ദ് എന്റെ മുറ

യ്ക്കൊരു ബന്ധുവാണ്........."

ഗുലാബ് ചന്ദ് എന്തെങ്കിലും പറയുന്നതിന് മുമ്പ് മുകുന്ദീമൽ വലിച്ചിരുന്ന ഹുക്ക മാറ്റിയിട്ട് ചോദിച്ചു. "അപ്പോഴേ നഗീൻ ചന്ദ്..........."

"എന്താ ലാലാജി" കർണൽ മറുപടി മൂളി. ലാലാ പറഞ്ഞുതുടങ്ങിയതിനിടയിൽ രാധേ ശ്യാം രണ്ടു കസേര വരുത്താൻ ഛേദാലാലിനോട് പറഞ്ഞു. അയാൾ വീട്ടിലേക്കു വിളിച്ചു പറയുകയും ചെയ്തു.

ലാലാ കർണലിനോടു ചോദിച്ചു. "വിജയലക്ഷ്മി പണ്ഡിറ്റിനെ സ്വീകരിക്കാൻ സ്റ്റേഷനിലേക്കു പോയില്ലേ? നിങ്ങൾ, എന്താ അതിന്റെ പേര്, ങാ കോൺഗ്രസിന്റെ വലിയ അനുയായിയല്ലേ?"

"അതെ ലാല, പോണമെന്നാണാദ്യം കരുതിയത്. പിന്നെ വിചാരിച്ചു. ജനസംഘിന്റെ ഭാഗത്തുനിന്ന് ഇത്രയും പേരുള്ള സ്ത്രീകൾ ആരും വരാനില്ല. അപ്പോൾ പിന്നെ ഞാൻ പോയാൽ നിങ്ങൾ ക്കെല്ലാം അതു പിടിക്കാതെ വന്നാലോ?"

സജ്ജൻ ഹനുമാൻ ക്ഷേത്രത്തിനു ചേർന്ന് മഹിപാലിന്റെയടുത്തായി ഇരുന്നു. മഹിപാൽ കുനിഞ്ഞ് അയാളുടെ ചെവിയിൽ ചോദിച്ചു "കയ്യിലെന്താ?"

"ജിലേബി. ഇന്നലെ വൈകുന്നേരം ഷീലയുടെയവിടെയായിരുന്നോ?" സജ്ജനും അതേ സ്വരത്തിൽ മെല്ലെ ചോദിച്ചു.

മഹിപാൽ പുഞ്ചിരിയോടെ തലയാട്ടി. സജ്ജനും പുഞ്ചിരിച്ചു. അപ്പോഴാണ് കർണലിന്റെ കളിയാക്കലിന് ലാല മറുപടി നൽകിയത്. "എനിക്കു പിടിക്കാതെ വരുന്നതെന്തിനെന്നറിയാ. ഞങ്ങളുടെ ജനസംഘിലില്ലായിരിക്കാം. പക്ഷേ നമ്മുടെ വാർഡിൽ അത്രയും തന്നെ പ്രസിദ്ധയായ ഒരുത്തി കമ്യൂണിസ്റ്റുകാർക്ക് ഉണ്ടാകാൻ പോവുകയാണ്. വീട്ടിൽത്തന്നെ അന്ധകാരം പരത്തിയില്ലേ, നശിച്ചവൾ........"

സജ്ജന്റെ ചെവിയിലെന്തോ തറച്ചു. ലാല മുകുന്ദീമൽ ബാബു ഛേദാലാലിനോടായി പറഞ്ഞു. "എടോ, ആ നോട്ടീസെവിടെ– കള്ളി വെളിച്ചത്താകുന്നുവെന്ന പേരിലെ.........."

"എന്താ കമ്യൂണിസ്റ്റുകാർ വല്ല നോട്ടീസുമിറക്കിയോ?" കർണൽ താൽപര്യത്തോടെ ഛേദാലാലിനോട് ചോദിച്ചു.

ഛേദാലാൽ കീശയിൽ നിന്ന് നോട്ടീസ് പുറത്തെടുത്തു. ബാബു രാധേ ശ്യാം പറഞ്ഞു. "ആ സാലിഗ്രാം തെമ്മാടിത്തമാണ് കാണിക്കുന്നത്. തെരഞ്ഞെടുപ്പിന്റെ ബഹളത്തിൽ കുറ്റവാളിയെ വിട്ടിട്ട് നിർദോഷിയെ...."

"എന്നു നിങ്ങൾക്കെങ്ങനെ പറയാം? ഇതാ മരിച്ചവൾ തന്നെ മരണമൊഴി നൽകിയിട്ടുണ്ട്." നോട്ടീസ് നിവർത്തിക്കൊണ്ട് ഛേദാലാൽ പറഞ്ഞു.

"മരണമൊഴിയല്ല തേങ്ങാക്കൊലയാണ്."

ഛേദാലാലിന്റെ വേലക്കാരൻ രണ്ട് മടക്കു കസേരകൾ കൊണ്ടുവന്നു. ലാലാ മുകുന്ദീമൽ ഇടയ്ക്കു കയറി പറഞ്ഞു "ആദ്യം ഇതൊന്നു കേൾക്കട്ടെ ..... ഗുലാബ് ചന്ദ് നിങ്ങൾ ഇതൊന്നു വാങ്ങി നല്ല വണ്ണം വായിച്ചു കേൾപ്പിക്കൂ......"

"പണ്ഡിറ്റ്ജിയുടെ കയ്യിൽ കൊടുക്കണം. വലിയ ലേഖകനല്ലേ! ഞാനെന്തു വായിക്കാൻ......."

"അതെ മഹിപാൽ നിങ്ങൾ തന്നെ വായിക്കൂ" കസേരയിലിരുന്നുകൊണ്ട് കർണൽ ഉത്സാഹത്തോടെ പറഞ്ഞു.

ലാലാ മുകുന്ദീമൽ തന്റെ വീടിനെ ലക്ഷ്യമാക്കി മുഖമുയർത്തിയിട്ട് വിളിച്ചു പറഞ്ഞു. "എടോ, ഭഗോതിയാ, മുറുക്കാൻ കൊണ്ടുവാ..... ശരി, പണ്ഡിറ്റ്ജി വായിക്കണം........."

മഹിപാൽ വായന തുടങ്ങി. "കള്ളി വെളിച്ചത്തായി. റഷ്യയുടെ ഏജന്റന്മാരുടെ നിഷ്ഠുരകർമം. ജനങ്ങൾ കമ്മ്യൂണിസ്റ്റുകാരെക്കുറിച്ച് ജാഗരൂകരാവുക. കഴിഞ്ഞ ഞായറാഴ്ച ഡിസംബർ 23-ന് കമ്പനിത്തോട്ടത്തിനടുത്തുള്ള ഓടയിൽ നിന്ന് ഒരു നവജാതശിശുവിന്റെ പ്രേതം ഊളനും പട്ടിയും കടിച്ചിട്ട നിലയിൽ കണ്ടുകിട്ടി. ഇക്കാര്യം വാർഡിലെ ജനങ്ങൾ ഇതിനകം അറിഞ്ഞിരിക്കണം. നമ്മുടെ ദേശീയസർക്കാരിന്റെ കർത്തവ്യനിഷ്ഠരായ പോലീസുകാർ ഈ അമാനുഷികമായ ക്രൂരഹത്യയുടെ ഉത്തരവാദികളെ പിടികൂടിയ കാര്യവും ജനങ്ങൾക്കറിവുള്ളതാണ്. നമ്മുടെവാർഡിലെ സുപരിചിതനും സുയോഗ്യനുമായ അധ്യാപകൻ ശ്രീയുത്ജഗദംബസഹായുടെ യുവതിയായ അനന്തിരവവധു യശോദാബീബി (സ്വന്തം കളങ്കം മറയ്ക്കാനായി അവൾ ആത്മഹത്യ ചെയ്യുകയുണ്ടായി) ഈ പാപത്തിന്റെ പങ്കാളിയാണ്. ഇക്കാര്യവും ജനങ്ങൾക്കറിയാവുന്നതാണ്. ഈ കളങ്കക്കഥയിൽ, തെറ്റിദ്ധാരണമൂലം ജനങ്ങൾ സമാദരണീയനായ മാസ്റ്റർ ജഗദംബസഹായുടെ പേരുകൂടി കൂട്ടിച്ചേർക്കുകയുണ്ടായി. വന്ദ്യനായ മാസ്റ്റർ സാഹിബിന്റ പേരിലുള്ള ഈ പഴി അടിസ്ഥാനരഹിതമാണെന്ന് ജനങ്ങളെ അറിയിക്കേണ്ട കടമ നമുക്കുണ്ട്. അതല്ലെങ്കിൽ ദേവതുല്യനായ അധ്യാപകൻ ജഗദംബസഹായുടെ പേരിനൊപ്പം ഈ കളങ്കം എന്നെന്നും നിലനിൽക്കും. എന്നാൽ നല്ലവർക്ക് ഈശ്വരൻ എന്നെന്നും നല്ലതേ വരുത്തൂ. നമ്മുടെ നഗരത്തിലെ മഹാനായ നേതാവും, നമ്മുടെ വാർഡിലെ രത്നവും ലോകസേവ വ്രതമായി സ്വീകരിച്ചവനുമായ ബാബു സാലിഗ്രാംജി ജയ്സ് വാലിന്റ വിലയേറിയ നിർദേശവും നമ്മുടെ പോലീസിന്റെ കർമകുശലതയും കാരണം നിർദോഷിയായ ഒരാളിനെ നിഷ്കളങ്കരായ നമ്മുടെ ജനത കളങ്കം ചാർത്തുന്നതിൽ നിന്ന് രക്ഷിക്കാൻ കഴിഞ്ഞു. ആ മഹാദുഷ്ടനായ പാതകി ആരാണെന്നു ജനങ്ങൾക്കറിയാമോ? ആരാണീ നീചൻ? ധർമ്മനിഷ്ഠരായ ജനങ്ങൾക്കിടയിൽ ഇരട്ട അപരാധം വഴി പാപകർമം പ്രചരിപ്പിച്ച ആ ഖലനാരാണോ? ഇക്കാര്യത്തിൽ ഞങ്ങൾ സ്വന്തമായി ഒന്നും പറയാനാഗ്രഹിക്കുന്നില്ല. സ്വർഗീയ യശോദാബീബി മരണമൊഴിയായി പോലീസിനു നല്കിയ പ്രസ്താവനതന്നെ ഞങ്ങളിതാ ഇവിടെ ഉദ്ധരിക്കുന്നു. പാപജ്വാലയിലെരിഞ്ഞ ആ ഭാരതീയ മഹിള അന്ത്യനിമിഷത്തിൽ പോലീസിനെ അറിയിച്ച വാക്കുകളാണിവ.

'ഭല്ലേ ബാബു എന്റ നാത്തൂന്റെ സുഹൃത്താണ്. രണ്ടുപേരും ഒരു പാർട്ടിയിൽ (അതായത് നാട്ടിലെ ചതിയന്മാരുടെ സംഘമായ കമ്മ്യൂണിസ്റ്റു പാർട്ടി) പ്രവർത്തിക്കുന്നവരാണ്. ഭല്ലേ ബാബു അവിടെ ഇടയ്ക്കിടെ വരുമായിരുന്നു. ഒരു ദിവസം അദ്ദേഹവും എന്റെ നാത്തൂൻ വനകന്യയും എന്നെ അകപ്പെടുത്തി. അന്നുമുതൽ ഭല്ലേബാബു എന്നെ ഭീഷണിപ്പെടുത്തി സ്വന്തം അധീനതയിലാക്കി. ഞാൻ ഗർഭിണിയായപ്പോൾ വീട്ടുകാരെല്ലാം അറിഞ്ഞു. പക്ഷേ എല്ലാവരും അഭിമാനത്തെ ഭയന്നു. ഇന്നലെ എന്റെ പാപഫലം ജന്മം കൊണ്ടപ്പോൾ ദേവതുല്യനും, പൂജ്യനുമായ എന്റെ അമ്മാവൻ ഭല്ലേബാബുവിനെ വിളിച്ച് കുഞ്ഞിനെ കയ്യിൽ കൊടുത്തിട്ട് സ്വന്തം മകനെ കൂടെ കൊണ്ടു പോകാൻ പറഞ്ഞു. എന്റെ

കുഞ്ഞിനെ ഭല്ലേ ബാബുവാണ് കൊന്നത്. പാപഭയവും നാണവും കാരണം ഞാൻ തീവച്ചു നശിക്കുകയാണ്.'

വിദേശീയ പരിഷ്കാരത്തിന്റെ കാറ്റേറ്റുവളർന്ന, ഈശ്വരനെയും, ധർമകർമങ്ങളെയും പാപ-പുണ്യങ്ങളെയും മാനിക്കാത്ത മുഷ്ക്കരരായ കമ്യൂണിസ്റ്റുകാർ സ്വാർഥതാത്പര്യത്തിനായി ഏതൊരു നീചകർമവും ചെയ്യാൻ മടിക്കില്ലെന്നാണ് ദീനയും അബലയുമായ ഒരുവളുടെ ഈ വാക്കുകൾ- ഈ കരുണകഥ - നമ്മെ പഠിപ്പിക്കുന്നത്. ഒരു തെരഞ്ഞെടുപ്പ് പ്രചാരണം എന്ന രീതിയിലല്ല ഈ നോട്ടീസച്ചടിച്ചിരിക്കുന്നത്? മറിച്ച് നമ്മുടെ വാർഡിലെ ഒരേ ഒരു ലോകപ്രിയ രാഷ്ട്രീയ നേതാവായ ബാബുസാലിഗ്രാംജി ജയ്സ്വാലിന്റെ ആർദ്രഹൃദയത്തിന്റെ ദീനാനുകമ്പയുടെ ആഹ്വാനമറിയിക്കാനാണീ നോട്ടീസ് പ്രചരിപ്പിക്കുന്നത്. വാർഡിൽ ഈ ദുഃഖസംഭവം നടന്ന അന്നുമുതൽ പൂജ്യനായ സാലിഗ്രാംജി അഹോരാത്രം ദുഃഖിതനായിക്കഴിയുകയാണ്. ഇനി ഈ വാർഡിൽ 42-ലെ വനകന്യമാരുടെ നിഴൽപോലും വീഴാനനുവദിക്കുകയില്ലെന്ന് അദ്ദേഹം പ്രതിജ്ഞയെടുത്തിരിക്കുകയാണ്. നമ്മുടെ പ്രിയങ്കരനായ ഈ നേതാവിന്റെ പ്രതിജ്ഞ നിറവേറ്റാനുള്ള സർവസഹായങ്ങളും നൽകണമെന്ന് ഞങ്ങൾ ജനങ്ങളോടഭ്യർഥിക്കുന്നു."

വായിച്ചുകഴിഞ്ഞ് മഹിപാൽ നോട്ടീസു മടക്കി. ആ നോട്ടീസിൽ ആകെയൊരു കാര്യം മാത്രമാണ് സജ്ജനെ ആകർഷിച്ചത്. ജഗദംബസഹായുടെ മകളുടെ പേർ വനകന്യയെന്നാണെന്ന കാര്യം. മിസ് വനകന്യ അന്നു പറഞ്ഞു. 'എന്റെ അച്ഛനാണു കൊല ചെയ്തത്. എനിക്കറിയാം. എന്റെ ചേട്ടത്തിയുടെ അപരാധം അവൾ ഒരു സ്ത്രീയായിപ്പോയതു മാത്രമാണ്-സാമ്പത്തികമായി സ്വതന്ത്രയല്ലാത്ത ഒരു സ്ത്രീ.' സജ്ജന്റെ മനസ്സിൽ ആവേശം കൊണ്ട് തുടുത്തുചുവന്ന മുഖവുമായി നിൽക്കുന്ന വനകന്യയുടെ രൂപം തെളിഞ്ഞു വന്നു. ഈ നോട്ടീസിൽ അവളെക്കുറിച്ച് അന്യായമായ ഒരാരോപണമാണ് ഉന്നയിച്ചിരിക്കുന്നത്. ഈ ലഘുലേഖ പച്ചക്കള്ളമാണ്.

"ഇതു പച്ചക്കള്ളമാണ്" ആരും എന്തെങ്കിലും പറയുന്നതിനുമുമ്പ് സജ്ജൻ പറഞ്ഞു. മഹിപാലിന്റെ കയ്യിൽ നിന്ന് നോട്ടീസ് മടക്കിവാങ്ങി കീശയിലിടുന്നതിനിടയിൽ ഛേദാലാൽ സജ്ജനെ അടിമുടി ഒന്നു നോക്കി. മുകുന്ദീമൽ വലിച്ചിരുന്ന ഹുക്ക നിശ്ശബ്ദമായി. ബാബു ഗുലാബ് ചന്ദ് ശരിവച്ചു. "അതിൽ സംശയമില്ല." "അന്നു ഞാൻ ജഗദംബസഹായുടെ വീട്ടിൽ പോയിരുന്നു. ഇൻസ്പെക്ടർ ശുക്ല അന്ന് എല്ലാക്കാര്യവും എന്നോടു പറഞ്ഞു. മറ്റൊരു കാര്യം-അന്നു പതിനൊന്നരപന്ത്രണ്ടു മണിവരെ ആ സ്ത്രീക്ക്-എന്താണവരുടെ പേര്, ങാ, യശോദാബായി-ബോധം തെളിഞ്ഞിരുന്നില്ല. ബോധം തെളിയുമെന്ന് ഡോക്ടർക്ക് ഒരാശയുമില്ലായിരുന്നു. ഡൈയിംഗ് ഡിക്ലറേഷൻ കിട്ടാൻ വഴിയില്ലല്ലൊ എന്ന് ശുക്ല വിഷമിച്ചിരുന്ന കാര്യവും എനിക്കറിയാം..."

"ഇതിലല്പം കള്ളം കണ്ടേക്കാം..." ലാലാമുകുന്ദീമൽ മുരണ്ടു. "ഇലക്ഷൻ കാലമല്ലേ? പ്രൊപ്പഗണ്ടയ്ക്ക് കള്ളവും ഉപയോഗിക്കാറുണ്ട്. പക്ഷേ ഇത് കമ്യൂണിസ്റ്റുകാരുടെ ചെയ്തി അല്ലെന്നുള്ളതിന് എന്താണൊരു തെളിവ്?"

ബാബു രാധേശ്യാമിനു വാശിയായി "സാറെ, നിങ്ങൾ ഈ കമ്യൂണിസ്റ്റുകളെ ചീത്തയാക്കുന്നതെന്തിന്? ആ നീചൻ ജഗദംബസഹായെ ആർക്കാണറിയാത്തത്? മഹാദുഷ്ടനല്ലേ. അയാളെ ദേവതുല്യനാക്കിയല്ലേ ഇതിലെഴുതിയിരി

ക്കുന്നത്? സാലിഗ്രാമിനെ പുകഴ്ത്തിപ്പാടിയിരിക്കുന്നു. എന്നിട്ട് നിങ്ങൾ പറയുകയാണ്."

"ഇതിന്റെ പോളിസി എന്താണെന്നു നിങ്ങൾ മനസ്സിലാക്കുന്നില്ല." കർണൽ ശാന്ത സ്വരത്തിൽ പറഞ്ഞു. "ഭല്ലേ ബാബുവിന്റെ പക്കൽ തോട്ടികളും, ചെരുപ്പുകുത്തികളുമായും, റിക്ഷാക്കാരുടെ യൂണിയനായും രണ്ടായിരം വോട്ടുകളുണ്ട്. സാലിഗ്രാമിനെപ്പോലുള്ള കഴുകൻ ഇങ്ങനൊരവസരം നഷ്ടപ്പെടുത്തുമോ? കമ്യൂണിസ്റ്റുകളോടുള്ള അനുഭാവം നശിപ്പിച്ച് ഈ വോട്ടുകൾ ഭിന്നിപ്പിക്കാനാണയാളുടെ ശ്രമം."

"നിങ്ങൾ പറഞ്ഞതു തികച്ചും ശരിയാണ്. പക്ഷേ ഈ വോട്ടുകൾ ഇപ്പോൾ കമ്യൂണിസ്റ്റിനുമില്ല, കോൺഗ്രസ്സിനുമില്ല-അങ്ങു നോക്കിക്കൊള്ളണം" എന്നു പറഞ്ഞിട്ടു ഛേദാലാൽ ഞൊടിച്ചു സിഗററ്റിന്റെ ചാരം തട്ടിക്കളഞ്ഞു.

സൂചന മനസ്സിലായെന്ന മട്ടിൽ തലയാട്ടിക്കൊണ്ട് മുകുന്ദീമൽ പറഞ്ഞു. "ശരിയാണ് ഛേദാലാൽ, ആ വോട്ടു മുഴുവൻ ജനസംഘിനു കിട്ടും."

"നിങ്ങളെന്തു മനസ്സിലാക്കി ലാലാജി... ചെരുപ്പുകുത്തികൾക്കിടയിലും റിക്ഷാക്കാർക്കിടയിലും മുസൽമാൻമാരുണ്ട്. അവർ സംഘിന് വോട്ടു ചെയ്യുമോ? ഈ വോട്ടുകൾ ഒന്നുകിൽ കോൺഗ്രസ്സിന് അല്ലെങ്കിൽ കമ്യൂണിസ്റ്റിനായിരിക്കും കിട്ടുക. അതാണു സത്യം. സാലിഗ്രാം തക്കസമയത്ത് നോട്ടീസിറക്കി സ്വന്തം കാര്യം നേടുകയാണ്. നിങ്ങൾ അയാളെ എന്തുപറഞ്ഞാലും ശരി" കർണൽ സ്വന്താഭിപ്രായം പറഞ്ഞു.

"ഞാൻ പറയാം...." ഗുലാബ്ചന്ദ് തുടങ്ങിയതാണ്. അതു തടഞ്ഞിട്ട് മഹിപാൽ പറഞ്ഞു. "ഞാനും ഒന്നു പറയട്ടെ ഗുലാബ്ചന്ദ്. ഈ തെരഞ്ഞെടുപ്പിന്റെ ബഹളം നാലു ദിവസത്തേക്കേ കാണൂ. പക്ഷേ ഈ കോലാഹലത്തിനിടയിൽ സമൂഹത്തിൽ നടന്ന ഇത്ര ഘോരമായ പാപകർമ്മം തേച്ചുമാച്ചുകളയുന്നത് നിങ്ങൾ എങ്ങനെ സഹിക്കും?"

"പൊന്നു സോദരാ, എന്താണീ പറയുന്നത്" ലാലാമുകുന്ദീമൽ കാര്യം പറയാൻ തുടങ്ങിയപ്പോഴേക്കും അയാളുടെ വീട്ടിൽ നിന്ന് മുറുക്കാൻചെല്ലമെത്തി. മുൻപിൽ കസേരയിലിരുന്ന കർണലിന്റെ നേർക്ക് വേലക്കാരൻ ചെല്ലം നീട്ടി. മുകുന്ദീമൽ തുടർന്നു, "ഇതു സംസാരസാഗരമാണ്. അതു മുന്നോട്ടുതന്നെ പോകും. ഇതൊരു പുതിയകാര്യം വല്ലതുമാണോ? ഇങ്ങനെയുള്ള കാര്യങ്ങൾ കണ്ടും കേട്ടും ഞങ്ങൾ വയസരായി."

"എങ്കിലും എത്ര നാളിനിയും കേൾക്കും? സമൂഹത്തിൽ ഇത്തരം പാപകർമങ്ങൾ നിലനില്ക്കുന്നിടത്തോളം ഈ തെരഞ്ഞെടുപ്പും പാർട്ടികളും കൊണ്ട് ഒരു പ്രയോജനവുമില്ല."

"പ്രയോജനമില്ല. അത് ഞങ്ങളും സമ്മതിച്ചു. വാളെടുത്തവനൊക്കെ വെളിച്ചപ്പാട് എന്ന കാലമല്ലേ? നാട് എന്നും ഇങ്ങനെ തന്നെയായിരിക്കും. ഏതു പാർട്ടി വന്നാലെന്ത്? പ്രജകളും ഇതുതന്നെയായിരിക്കും. പാപവും പുണ്യവും എല്ലാം കാണും. ഇതെല്ലാം ഈശ്വരന്റെ കളിയാണ്. അതു മാറ്റാനാർക്കു കഴിയും. എത്രയെത്ര വലിയ മുനിമാരും ഋഷിമാരും വന്നുപോയി. ശ്രീരാമനും ശ്രീകൃഷ്ണനും അവതരിച്ചു. എന്നിട്ടും ലോകത്തിന് മാറ്റമൊന്നും വന്നില്ല. ഇനിയെന്തു മാറ്റം വരാൻ...."

ഇതിനിടെ എവിടെ നിന്നോ കടന്നുവന്ന ഒരു സന്യാസി ആൽത്തറയ്ക്കരികിലെത്തി. ഭക്തിനിർഭരമായ സ്വരത്തിൽ ഉച്ചത്തിൽ വിളിച്ചു പറഞ്ഞു "ജയ ബല രംഗബാലീ കീ, ഹനുമാൻജീ കീ ജയഹോ, ജയ ഹോ, ദേവാ നീയേ സഹായം". കടുത്ത തണുപ്പിൽ വിറയ്ക്കുന്ന നഗ്നമെന്നു പറയാവുന്ന ശരീരം. പൂണൂലിനോട് ചേർത്തുകെട്ടിയ ഒരു ഭാണ്ഡക്കെട്ട് ചുമലിൽ കിടപ്പുണ്ട്. താടിയും മീശയും കഴുത്തുമാകെ ഭസ്മം കൊണ്ട് മൂടിയിരിക്കുന്നു.

ഭക്തന്റെ ഭക്തിയിൽ നിന്നാവേശം കൊണ്ട രാധേശ്യാം ഒരു മുറുക്കാനെടുത്തുകൊണ്ടു പറഞ്ഞു "എല്ലാം മാറും ലാലാ, കമ്യൂണിസ്റ്റുകാർ വന്നു മാറ്റും. പണക്കാരുടെ ഈ കളി ഇനി അധികനാളത്തേക്കില്ല."

ഗുലാബ് ചന്ദ് ചിരിച്ചു. "എടോ താൻ നാൾ ചെല്ലുംതോറും കോമ്രേഡ്സ്റ്റാലിനായി വരികയാണല്ലോ."

"പിള്ളകുട്ടികളുടെയും ജോലിയുടെയും കാര്യം ഒന്നോർമ്മിച്ചോ. ഇപ്പോൾ കോൺഗ്രസ് ഗവൺമെന്റാണ്—"

"ഏതു ഗവൺമെന്റും ആയിക്കൊള്ളട്ടെ. നെഞ്ചുരുകുന്നവന്റെ നിശ്വാസം തടഞ്ഞു നിർത്താൻ ആർക്കും കഴിയില്ല" മഹിപാൽ പറഞ്ഞു. "ഞാനൊരു കമ്യൂണിസ്റ്റല്ല. എങ്കിലും റഷ്യയിൽ തൊഴിലില്ലായ്മയില്ലെന്നും, ഓരോ മനുഷ്യനും തൊഴിലും ആഹാരവും ലഭിക്കുന്നുണ്ടെന്നും കേൾക്കുമ്പോൾ ഞാനും ആഗ്രഹിച്ചു പോകാറുണ്ട്, ഹിന്ദുസ്ഥാനിലും കമ്യൂണിസം വന്നെങ്കിലെന്ന്". ആ സമയത്താണ് പിന്നിലെ ഇടവഴിയിൽ നിന്നും ഒരു സ്ത്രീ ഓടി വന്നത്. പതിനെട്ടു പത്തൊൻപതു വയസ്സുവരും. മുഖത്തും കണ്ണിലും കറുത്ത വരകളും പാടുകളും. അവൾ കിതയ്ക്കുകയാണ്. സകലരുടെയും ശ്രദ്ധ അവളിലേക്കു തിരിഞ്ഞു. കൂട്ടം കണ്ട് അവൾ പെട്ടെന്ന് നിന്നു. അതിനിടെ ഇടവഴിയിൽ നിന്ന് പിന്നാലെ ഓടി വന്നിരുന്ന ആരോ വിളിച്ചു പറഞ്ഞു "പിടിച്ചോണേ, പിടിച്ചോണേ". യുവതി ലാല മുകുന്ദീമലിന്റെ അടുത്തു വന്നു നിന്നു. കമ്പിളിത്തൊപ്പിയിട്ട, കണ്ണടവച്ച നരച്ച മീശയുള്ള ലാലയുടെ ഐശ്വര്യദ്യോതകമായ മുഖം ഒന്നു വിടർന്നു. യുവതി പെട്ടെന്ന് അദ്ദേഹത്തിന്റെ മുഖത്തേക്ക് കാർക്കിച്ച് ഒന്നു തുപ്പിയിട്ട് മറ്റുള്ളവരുടെ നേർക്കുതിരിഞ്ഞു. അവിടെയാകെ ബഹളമായി. ആൽത്തറയിലിരുന്ന സജ്ജനെണീറ്റ് അവളുടെ നേർക്കു വന്നു. എഴുപത്തൊൻപതു വയസ്സുള്ള, കുടുംബക്കാരനും മാന്യനുമായ ലാലാ മുകുന്ദീമൽ കോപം കൊണ്ടു തുടുത്തമുഖം കഴുത്തിൽ ചുറ്റിയിരുന്ന രണ്ടാം മുണ്ട് കൊണ്ട് തുടച്ചിട്ട് ക്രോധത്തോടെ ചാടി എണീറ്റു. അടുത്തിരുന്ന ഹുക്ക മറിഞ്ഞു താഴെ വീണു, യുദ്ധത്തിൽ വെടിയേറ്റ രക്തസാക്ഷി നിപതിക്കും പോലെ. സജ്ജൻ അടുത്തെത്തിയപ്പോൾ യുവതിയുടെ കണ്ണുകൾ അയാളുടെ മുഖത്തേക്കായി. ഇടവഴിയിൽ നിന്നും കിതയ്ക്കുന്ന ശബ്ദവും കാലൊച്ചയും അടുത്തെത്തി. യുവതി പിന്തിരിഞ്ഞു നോക്കി. സജ്ജനും അങ്ങോട്ട് കണ്ണയച്ചു. അറുപത്തഞ്ചോ എഴുപതോ വയസ്സു വരുന്ന ഒരാൾ ഓടി വരികയാണ്. "പിടിച്ചോളണേ, സോദരാ പിടിച്ചോളണേ മൈഡീയർ , താം ക് യൂ— താം ക് യൂ—"

മൈഡിയർ എന്നുചോദിച്ചുകൊണ്ട് യുവതി സജ്ജനെ തുറിച്ചു നോക്കാൻ തുടങ്ങി. സജ്ജൻ കരുതലോടെ നിൽക്കുകയായിരുന്നു. അവളുടെ രണ്ടു കരങ്ങളും പിടിച്ചിട്ട് 'അനങ്ങരുത്' എന്ന് ഗൗരവത്തിൽ പറഞ്ഞു.

"ഇനിചെയ്യില്ല— ഇനിചെയ്യില്ല—പ്ലീസ് എസ്ക്യൂസ് മീ എന്നെ വിടൂ. എന്നെ അടിക്കരുത്."

വൃദ്ധൻ അടുത്തെത്തി. നല്ലവണ്ണം കിതയ്ക്കുന്നുണ്ടായിരുന്നു. കർണലും ഗുലാബ് ചന്ദും മണ്ഡപത്തിനോട് ചേർന്ന് നില്ക്കുകയാണ്. ഛേദാലാൽ ആൽത്തറയിൽ തന്റെ വീടിനോട് ചേർന്നുള്ള ചുവരും ചാരിനിൽക്കുന്നു. രാധേ ശ്യാമും അയാളുടെ അടുത്തുണ്ട്. മഹിപാൽ സ്വസ്ഥാനത്തു തന്നെയിരിക്കുന്നു. പൂക്കൾനിറച്ച കൂടയിലും പ്രസാദത്തിനുള്ള സാമഗ്രികൾ നിറച്ച താലത്തിലും രണ്ടുകൈകളുമമർത്തികൊണ്ട് വസന്ത് ഭയന്നു വിറച്ച് ഒരു തവളയെപ്പോലെയിരുന്നു.

വൃദ്ധന്റെ നേരെ നോക്കിയിട്ട് മുകുന്ദീമൽ ചോദിച്ചു "വക്കീലദ്ദേഹമോ, ഇതങ്ങയുടെ പുത്ര വധുവാണോ? ആ ഭ്രാന്തി?"

"ജന്റിൽമാൻ, യുവാർ മൈ ഫാദർ, മൈ ബ്രദർ, മൈ എവരിതിംഗ്" സജ്ജന്റെ പിടിയിൽ കരങ്ങൾ ബന്ധിതമായിരുന്ന ആ യുവതി ദയനീയസ്വരത്തിൽ പതറുന്ന കണ്ണുകളൊടെ അയാളുടെ മുഖത്ത് നോക്കിക്കൊണ്ട് ഉഴറാൻ തുടങ്ങി. "എന്നെ എന്റെ രാജേശിന്റെ അടുത്തേക്ക് കൊണ്ടു പോകൂ. രമേഷ് മൈ ഡാർലിംഗ്, ഫ്ളവർ ഓഫ് മൈ ഹാർട്ട്, എന്റെ ഹൃദയം എരിയുകയാണ്. ഇവിടെ ഇതാ ഇവിടെ എന്റെ കൈവിടൂ ഞാൻ കാണിച്ചു തരാം. എവിടെയാണ് എരിയുന്നതെന്ന്. ആളിക്കത്തുകയാണ് ശ്മശാനം."

"ശരി ശരി വീട്ടിലേക്കു പോകാം മോളെ". അവളുടെ ശ്വശുരനായ വക്കീൽ പറഞ്ഞു. "വീട്ടിൽ പോകാം. നിന്റെ വേഷങ്ങളും മറ്റും എടുത്തിട്ട് നമുക്ക് രാജേശിന്റെയടുത്തേക്കു പോകാം."

"ഇല്ല ഞാൻ വരുന്നില്ല. മൈഡിയർ ഹസ്ബൻഡ് ഈസ് ക്യാപ്റ്റൻ. അദ്ദേഹമെനിക്ക് സാരി വാങ്ങിത്തരും. കാറിൽ കൊണ്ടുനടക്കും. ഞാൻ ചെന്നു രാജേശിനോടൊത്തു കഴിയും". യുവതി സജ്ജന്റെ പിടിയിൽ നിന്നും കുതറാൻ ശ്രമിച്ചു. സജ്ജൻ അവളുടെ കൈയിൽ ബലമായി പിടിച്ചിട്ടു പറഞ്ഞു "വരൂ വീട്ടിൽ പോകാം."

"വേണ്ട എന്നെ അങ്ങോട്ടു കൊണ്ടുപോകണ്ട. യൂ ആർ ജന്റിൽമാൻ. ഹെൽപ് മീ അവിടെ ഗോപു ഉണ്ട്. അവൻ അവന്റെ വൈഫിനെ കെട്ടിപ്പിടിക്കും കിസ്സ് ചെയ്യും. എന്നെ ഭ്രാന്താശുപത്രിയിലയക്കും. വയസ്സൻ എന്റെ ശ്വശുരൻ എന്നെ മോളെ, മോളെ എന്ന് വിളിക്കുന്നു. അമ്മാവിയും സ്നേഹത്തോടെ എന്റെ മോൾ എന്റെ റാണി എന്നു പറയും. അവർക്കും ഭയമില്ല. രാത്രിയിൽ രണ്ടുപേരും, കിളവനും കിളവിയും രഹസ്യമായി——"

സജ്ജൻ പിടിവിട്ടിട്ട് അവളുടെ ചെകിട്ടത്ത് ആഞ്ഞൊന്നടിച്ചു. യുവതി ഭയന്നു വിറച്ച് ഒരാട്ടിൻകുട്ടിയെപ്പോലെയായി.

സജ്ജൻ നിയന്ത്രണം വീണ്ടെടുത്ത് തിരിഞ്ഞ് അറച്ചറച്ച് വക്കീലിനോട് പറഞ്ഞു "എന്നോടു ക്ഷമിക്കണം..."

"സാരമില്ല, മോനേ. അതിനൊന്നുമുണ്ടായില്ല." വക്കീൽ ഉപകാരമാണു ചെയ്തതെന്ന ഭാവത്തിൽ പറഞ്ഞു.

"വീട്ടിലേക്കു പോകാം" സജ്ജൻ അതു പറഞ്ഞയുടനേ അവൾ ഒന്നും മിണ്ടാതെ വിമ്മിവിമ്മിക്കരഞ്ഞുകൊണ്ട് വീടിനുനേരെ നടന്നു. ആരോടും വിട

പറയാതെ ആരെയും സലാം വയ്ക്കാതെ തളർന്നവശനായമട്ടിൽ വക്കീലും നടന്നു.

കർണൽ ചോദിച്ചു "സജ്ജൻ, ഞാനും വരണോ കൂടെ?"

"വേണ്ട ഞാനിതാ വരുന്നു." മുഖം തിരിക്കാതെ തന്നെ മറുപടി പറഞ്ഞിട്ട് സജ്ജൻ അവരോടോപ്പം നടന്നു.

12

മടങ്ങി എത്തിയപ്പോൾ ആൽത്തറയ്ക്കരികിൽ ആരുമില്ലെന്നു കണ്ട് സജ്ജൻ സ്വന്തം മുറിയിലേക്ക് കടന്നു. വാതിൽ തുറന്നു കിടക്കുന്നു.

അകത്തുകടന്നു. വനകന്യ അവിടെ ഇരുന്ന് "ദി സ്റ്റോറി ഓഫ് പെയിന്റിങ്" വായിക്കുകയാണ്. അവളെ കണ്ടപ്പോൾ സജ്ജന്റെ ഹൃദയം ഒന്ന് പിടഞ്ഞു. മഹിപാലും കർണലും അവിടെയില്ലെന്ന കാര്യം അപ്പോഴാണ് മനസ്സിലായത്. ജിലേബിയും വറ്റലും പൊതിഞ്ഞ പൊതി കെട്ടഴിക്കാതെ മുന്നിലിരിപ്പുണ്ട്. സന്തോഷം കൊണ്ട് സ്വയം മറന്ന സജ്ജൻ കൈകൾ കൂപ്പി. വനകന്യ പുഞ്ചിരിച്ചു. കരങ്ങൾ കൂപ്പിക്കൊണ്ട് പറഞ്ഞു "അന്ന് ആകസ്മികമായി എന്റെ വീട്ടിൽ വന്നു. അതിനുപകരം എന്നെ അത്ഭുതപ്പെടുത്താനാണിന്ന് വന്നത്, അല്ലേ?" അയാൾ മുറിയുടെ നടുക്കായി നിന്നു. "പിന്നെ എന്റെ വകയ്ക്കുകൊള്ളാത്ത രണ്ടു സ്നേഹിതന്മാരെവിടെപ്പോയി? അവരെ കണ്ടിരിക്കുമല്ലോ." ആരെയെങ്കിലും കാണുമ്പോഴേക്കും സ്വയം മറന്നു പോകുന്നു. അർത്ഥമില്ലാത്ത പുലമ്പലിനിടയിൽ സുഹൃത്തുക്കളെ വകയ്ക്കുകൊള്ളാത്തവരെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. അതൊരു മോശപ്പെട്ട സ്വഭാവമല്ലേ? അയാൾ ചിന്തിച്ചു പോയി. "കണ്ടു. അതിൽ മഹിപാലിനെ എനിക്ക് പരിചയമുണ്ട്. വേറൊരു മഹാശയനും ഉണ്ടായിരുന്നു. ഞാൻ വരുമ്പോൾ രണ്ടു പേരും ഇവിടെ ഇരിക്കുകയായിരുന്നു."

"എവിടെപ്പോയി. വല്ലതും പറഞ്ഞോ?" വിരൽകൊണ്ട് ചെറിയമേശയിലേക്ക് ചൂണ്ടിയിട്ട് "എന്തോ അവിടെ എഴുതിവച്ചിട്ടുണ്ട്" എന്നവൾ പറഞ്ഞു.

സജ്ജൻ അങ്ങോട്ടുചെന്ന് അതെടുത്തു. ബോംബെ ആർട്ട് സൊസൈറ്റിയുടെ പഴയ ഒരു ക്ഷണക്കത്തു വന്ന കവർ. അതിൽ വിലാസം എഴുതിയിരുന്നതിന്റെ മുകളിലായി മഹിപാലിന്റെ കൈയക്ഷരത്തിൽ എഴുതിയിരിക്കുകയാണ്. "മെനി ഹാപ്പി റിട്ടേൺസ് ഓഫ് ദി ഡേ."

സജ്ജൻ പുഞ്ചിരിച്ചു. ഓരോ ഞരമ്പിലും നുരച്ചുകയറിയ സന്തോഷം. ഒരു പുഞ്ചിരിയുടെ രൂപത്തിൽ പുറത്തു വന്നു.

"തെമ്മാടി..........."

കവർ തുറന്നു. പഴയ ക്ഷണക്കത്തിന്റെ മറുപുറത്ത് മഹിപാൽ എഴുതിയിരിക്കുകയാണ്. "ജിലേബിയാണേ സത്യം. ഈ ബ്രാഹ്മണൻ ഇപ്പോൾ വിരക്തനായി മാറുകയാണ്. എന്റെ ഇന്നത്തെ ജിലേബി ത്യാഗം സ്വന്തം ഡയറിയിൽ സ്വർണാക്ഷരത്തിൽ എഴുതിക്കോളൂ, കർണലും രസനേന്ദ്രിയത്തെ കീഴടക്കി, തന്റെ ജൈനമത സിദ്ധാന്തം തെളിയിച്ചിരിക്കുകയാണ്. ഈ വിജന ഏകാന്തത ക്രിസ്തുമസ് പാരിതോഷികമായി സമ്മാനിച്ചിട്ടു പോകുന്നു. അമ്മാവൻമാരോട് നന്ദിപറ.

സൽസ്വഭാവിയായി വർത്തിക്ക്. നിന്റെ ഇപ്പോഴത്തെ അവസ്ഥയിൽ ഞങ്ങൾക്കീ ആശംസയേ തരാനുള്ളൂ..."

താഴെ കർണലിന്റെ പരുക്കൻ കയ്യക്ഷരം.

"കമ്യൂണിസ്റ്റായിക്കളയരുതേ....."

തിളച്ചു പൊങ്ങിയ ആഹ്ളാദം അടക്കിനിറുത്തി ചെറിയൊരു പതർച്ചയോടെ എഴുത്ത് കീശയിൽ തിരുകിയിട്ട് സജ്ജൻ വനകന്യയുടെ നേർക്കുതിരിഞ്ഞു. അല്പം കൂടിപ്പോയില്ലേ എന്ന് തോന്നിപ്പോകുന്നു. വെളുപ്പും തലയെടുപ്പുള്ള വ്യക്തിത്വവും വനകന്യയുടെ സവിശേഷതകളായിരുന്നു. ആ സവിശേഷതകൾ സജ്ജൻ കണ്ടു. സന്തോഷവും അതേസമയം അല്പം പതർച്ചയും കലർന്ന സ്വരത്തിൽ അയാൾ പറഞ്ഞു. "എന്റെ ഈ രണ്ടു സുഹൃത്തുക്കളും ശുദ്ധ മണ്ടൻമാരാണ്. എന്തു പറയട്ടെ, അത്യാവശ്യകാര്യമായി പോവുകയാണെന്ന് എഴുതിയിട്ടുണ്ട്. പക്ഷേ ഈ രണ്ടെണ്ണത്തിനെയും ഇനി എപ്പോൾ കാണാമെന്നും എവിടെ കാണാമെന്നും എഴുതിയിട്ടില്ല. എന്റെ ക്രിസ്തുമസ്സ് ഡേ പരിപാടിയാകെ തകർന്നു" എന്നു പറഞ്ഞുകൊണ്ട് വനകന്യയുടെ സമീപത്തുതന്നെ ഒരു ചാവട്ട വലിച്ചിട്ട് അതിന്മേൽ ചാരിയിരുന്നു.

"മറ്റേ അദ്ദേഹമാണ് മഹിപാലിനെയും കൂട്ടിക്കൊണ്ടുപോയത്. മഹിപാൽ ഇവിടെ ഇരുന്നാൽ കൊള്ളാമായിരുന്നു എന്നാണ് എന്റെ ആഗ്രഹം......." അവൾ പറഞ്ഞു.

സജ്ജന്റെ ഹൃദയത്തിൽ ഒരു മണിമുഴങ്ങി. അയാൾ ചോദിച്ചു "എന്താ മഹിപാലിനെക്കൊണ്ട് വല്ല പ്രത്യേക കാര്യവും ഉണ്ടോ?"

"ഇല്ല. ഞാനദ്ദേഹത്തിന്റെ വളരെയധികം പുസ്തകങ്ങൾ വായിച്ചിട്ടുണ്ട്. എനിക്ക് ഇഷ്ടപ്പെട്ട ലേഖകനാണദ്ദേഹം."

സജ്ജനതു കേട്ടപ്പോൾ സന്തോഷം തോന്നിയില്ല. എങ്കിലും മുഖത്ത് സന്തുഷ്ടഭാവം വരുത്തി കേട്ടുകൊണ്ടിരുന്നു.

പുഞ്ചിരിച്ചിട്ട് കന്യ തുടർന്നു. "പലപ്പോഴും വിചാരിച്ചതാണ് അദ്ദേഹത്തെ ഒന്നു കാണണമെന്ന്. പിന്നെ ആലോചിച്ചു നിങ്ങൾ ലേഖകൻമാരുടെയും കലാകാരൻമാരുടെയും അടുക്കൽ എന്നും അപരിചിതരും പരിചയക്കാരും വന്നുകൊണ്ടിരിക്കും. നിങ്ങളെയൊക്കെ എന്തിന് ബുദ്ധിമുട്ടിക്കുന്നു എന്നുകരുതി വേണ്ടെന്ന് വച്ചു. ഇന്ന് സന്ദർഭവശാൽ ഇവിടെ വന്നു. അപ്പോൾ........"

"അതുകൊണ്ടെന്ത്? ഇഷ്ടമുള്ളപ്പോൾ പറയൂ നിങ്ങളുടെ പ്രിയ ലേഖകനെ ചെവിക്കുതൂക്കി ഹാജരാക്കാം. അല്ലെങ്കിൽവേണ്ട ഇപ്പോൾതന്നെ പോകാം വരൂ. അവർ രണ്ടും വീട്ടിലേക്കായിരിക്കും പോയത്."

വനകന്യ വിനീതസ്വരത്തിൽ പറഞ്ഞു. "ഇപ്പോൾ ഞാനൊരു കാര്യവുമായിട്ടാണ് വന്നത് താങ്കളുടെ അടുക്കൽ."

അതുകേട്ട് സജ്ജന്റെ ഭാവം ഒന്ന് തകിടം മറിഞ്ഞു. കാര്യം മനസ്സിലാക്കി ഗംഭീരഭാവം ഉൾക്കൊണ്ടു.

"ആ നോട്ടീസിനെക്കുറിച്ചാണോ?"

"അതേ...."

"ഞാനിപ്പോൾ കവലയിൽവച്ച് വായിച്ചുകേട്ടു. ഫ്രെയിമിട്ടുവയ്ക്കാനുള്ള രേഖയാണ്. അതു വായിച്ചിട്ട് വരുംതലമുറകൾ നമ്മുടെ ജനറേഷന്റെ മുഖത്ത്

കാർക്കിച്ച് തുപ്പും...."

"വരുംതലമുറകളുടെ കാര്യം പോട്ടെ. എന്റെ പ്രശ്നം ഇപ്പോഴത്തെയാണ്" എന്നുപറഞ്ഞിട്ട് കന്യ ചിന്താമഗ്നയായി തലകുമ്പിട്ടു. രണ്ടുകാലിലെയും തള്ള വിരലുകളും മറ്റു വിരലുകളും തമ്മിൽ പിണച്ചുകൊണ്ടിരുന്നു. ആ മുഖത്ത് മനം നിറയുംവരെ നോക്കിയിരിക്കാൻ സജ്ജനവസരം കിട്ടി. നടുക്കു വകുപ്പെടുത്ത് വകഞ്ഞ ചുരുണ്ടമുടി ഇരുചെവികളിലും മൂടിക്കിടക്കുന്നു. അവൾ വളരെ സുന്ദരിയായി തോന്നി. അത്യന്തം സുന്ദരി. പാവം എത്ര വിഷമിക്കുന്നുണ്ടാവും? അവൾ അവളുടെ വിഷമത പങ്കിടാനാണ് എന്റെ അടുക്കൽ വന്നത്. വലിയ ആശ്രയം തേടി വന്നതാവും. സജ്ജൻ ആവേശത്തോടെ പറഞ്ഞു. "ഇതിനെന്തു ചെയ്യാനാണ് താങ്കൾ ഉദ്ദേശിക്കുന്നത്. ഞാൻ പൂർണമനസ്സോടെ സഹായിക്കാം..." ചെവിയിലെവിടെയോ ശാസ്ത്രിജിയുടെ വാക്കുകൾ മുഴങ്ങി. പരോപകാരം പുണ്യായ, പാപായ പരപീഡനം. വനകന്യ മുഖമുയർത്തി. അയാളുടെ കണ്ണുകളിൽ നോക്കി. അവിടെ എന്തോ തിരയും മട്ടിൽ. എന്നിട്ട് പറഞ്ഞു. "എന്റെ ദുഷ്പേരിനെക്കുറിച്ചെനിക്ക് വിഷമമില്ല. പക്ഷേ മരിച്ചുപോയ ചേട്ടത്തിക്ക് നീതി ലഭിക്കണം."

"നോട്ടീസിൽ കൊടുത്തിട്ടുള്ള മരണമൊഴി....." കന്യ ഒരു പൊള്ളച്ചിരിചിരിച്ചു. "ബാബു സാലിഗ്രാം പിരിഞ്ഞ പാലിൽ നിന്ന് മുതലെടുക്കുകയാണ്. എന്റെ അച്ഛന് ഇഷ്ടപ്പെടാതിരിക്കുമോ? കൊല ചെയ്തിട്ടും കൊലയാളി തൂക്കുകയറിൽ നിന്ന് രക്ഷപ്പെട്ടുവരിക. ഇതാണ് സ്വരാജ്യത്തിലെ നീതി...."

സജ്ജൻ ചിന്താമഗ്നനായി.

കന്യ തുടർന്നു. "മരിക്കുന്ന സമയത്തുപോലും ചേട്ടത്തിയുടെ ശരീരം കൊണ്ടവർ ഒരു സേവനംകൂടി ചെയ്യിച്ചു. സ്റ്റേറ്റ്മെന്റിൽ അവരുടെ കൈപിടിച്ച് ഒപ്പിടീച്ചു. അന്ന് ഞാനനുഭവിക്കേണ്ടിവന്ന വൈഷമ്യങ്ങൾ ജീവിതത്തിൽ ഒരിക്കലും മറക്കില്ല. ഒരു മജിസ്ട്രേട്ട്, പോലീസ്, ഒരു സബ്ഇൻസ്പെക്ടർ, ഒരു ഡോക്ടർ, പിന്നെ ഒരു രാഷ്ട്രീയ നേതാവും. ഇവരായിരുന്നു നീതിയുടെയും ന്യായത്തിന്റെയും പ്രതീകങ്ങൾ. അവർ നീതിയുടെ കഴുത്തു ഞെരിച്ചു. മരിച്ച ആത്മാവ് ഈ ഭൂമിയിൽ നിന്ന് എന്തൊരനുഭവവും കൊണ്ടാണ് പോയത്. അന്ത്യശ്വാസം വലിക്കുമ്പോഴും, അന്യായമായി മുതലെടുക്കുകയാണുണ്ടായത്..."

"തെമ്മാടികൾ........"

"തെരഞ്ഞെടുപ്പ് മുന്നിൽ വച്ചുകൊണ്ട് മനുഷ്യത്വത്തിനെതിരെ ഒരു കൊടിയവഞ്ചന കാണിച്ചിരിക്കുകയാണ്. ഇതാണ് നമ്മുടെ സഭ്യതയുടെ മാതൃക."

നിമിഷനേരത്തേക്ക് മുറിയിൽ നിശ്ശബ്ദത നിറഞ്ഞ് നിന്നു. കന്യ തുടർന്നു. ഈ ആളുകൾ നീചരാണ്. അതു സമ്മതിച്ചു. പക്ഷേ ഇന്ന് പാർട്ടിക്കാരുടെ പെരുമാറ്റം കാണുമ്പോൾ ഉണ്ടായ ദുഖം-അതെങ്ങനെ പറയാൻ......"

സജ്ജൻ ചോദ്യഭാവത്തിൽ നോക്കി. കന്യ തുടർന്നു. ഈ നോട്ടീസുകൊണ്ട് ഭല്ലേ ബാബുവും മറ്റു മൂന്നുപേരും രാവിലെ എന്റെ അടുക്കൽ വന്നു. ഒരു മറുപടി നോട്ടീസിന്റെ മാറ്ററും കൊണ്ടാണവർ വന്നത്. അതിലും അനീതിക്കെതിരായി എന്തെങ്കിലും പറയുന്നതിനുപകരം പാർട്ടിയുടെയും ഭല്ലേ ബാബുവിന്റെയും അഭിമാനം രക്ഷിക്കാനുള്ള വ്യഗ്രതയാണ് കണ്ടത്. ഞാനത് ഒപ്പിട്ടില്ല. ഞാനൊന്നു ചോദിക്കട്ടെ. ഈ സ്ത്രീയുടെ അഭിമാനം ഏതെങ്കിലും പാർട്ടിയുടെയോ രാഷ്ട്ര

ത്തിന്റെയോ അഭിമാനത്തിലും കുറഞ്ഞതാണോ. ഈ അനീതി, സമൂഹത്തോട പ്പാടെയുള്ള അന്യായമല്ലേ?" സജ്ജൻ സ്വന്തം ഹൃദയത്തിൽ പരതി നോക്കി.

"എല്ലാവരും സ്വന്തം കാര്യമാണ് നോക്കുന്നത് മി. സജ്ജൻ, എനിക്ക് മാനവ സമുദായത്തെപ്പോലും വിശ്വാസമില്ലാതായി."

സജ്ജൻ ഒന്നും മിണ്ടിയില്ല. മൗനം അയാളുടെ സമ്മതത്തിന്റെ ലക്ഷണ മായി. കന്യ പഴ്സ് തുറന്ന് ഒരു കടലാസെടുത്തുകൊണ്ട് പറഞ്ഞു. "ഞാൻ ചെറിയ ഒരു ലേഖനം എഴുതിയിട്ടുണ്ട്. ഇത് ഏതെങ്കിലും പത്രത്തിൽ അച്ചടി പ്പിക്കാൻ അങ്ങ് സഹായിക്കണം.."

ഫുൾസ്കേപ്പ് വലിപ്പത്തിലുള്ള നാലു പുറങ്ങൾ വായിക്കുന്നതിൽ സജ്ജൻ മുഴുകി. വനകന്യയുടെ കണ്ണുകൾ മുറിയിലെ വിവിധ സാധനങ്ങളിൽ പരതി നടന്നു. ഇടയ്ക്കിടെ നോട്ടം സജ്ജന്റെ മുഖത്തേക്കുമയച്ചു.; ആ മുഖത്തെ പ്രതി കരണം എന്തെന്നറിയാൻ വേണ്ടി.

വായിച്ചു കഴിഞ്ഞ് സജ്ജൻ ഒരു ദീർഘശ്വാസം വിട്ടു. "നന്നായി എഴുതിയി ട്ടുണ്ട്. എങ്കിലും എന്റെ അഭിപ്രായം ഇത് പത്രത്തിൽ കൊടുക്കണ്ട എന്നാണ്. തെരഞ്ഞെടുപ്പിന്റെ ഒച്ചപ്പാടിൽ ഈ ലേഖനം ശ്രദ്ധിക്കപ്പെടാതെപോയേക്കും. ഇന്നിപ്പോൾ ലഘുലേഖയുടെയും പ്രചാരണത്തിന്റെയും കാലമാണ്."

"എന്റെ പക്കൽ മറ്റൊന്നുമില്ല......"

"ഞാൻ കർണലിനോട് പറയട്ടെ. അയാളാണ് മഹിപാലിനോടൊപ്പം ഇവിടെ യുണ്ടായിരുന്നത്. അബീനാബാദിൽ വിക്ടോറിയാ മെഡിക്കൽ സ്റ്റോറില്ലേ? അതിന്റെ ഉടമസ്ഥനാണ്. തെരഞ്ഞെടുപ്പിന്റെ എല്ലാ വേലത്തരങ്ങളും അയാൾക്ക റിയാം. നമുക്ക് അങ്ങോട്ടു പോകാം. ഞാനും നിങ്ങളും മഹിപാലും കർണലും ഒന്നിച്ചിരുന്ന് ചർച്ചചെയ്ത് ഒരു വഴി കണ്ടെത്താം. അതായത് എന്റെ അഭിപ്രായം, ഈ ലേഖനം തെരഞ്ഞെടുപ്പ് ബഹളത്തിൽ നിന്ന് ഉയർന്നു നിന്നില്ലെങ്കിൽ പൊതു ജനങ്ങളിൽ അതൊരു പ്രതികരണവും ഉണ്ടാക്കില്ല. എന്നാണ്."

"ഈ ഉപകാരം ഞാൻ ജീവിതകാലമത്രയും ഓർമ്മിക്കും..." സജ്ജന് ആ വാക്കുകൾ ഇഷ്ടപ്പെട്ടു. പക്ഷേ ആ ഇഷ്ടപ്പെടലിൽ തന്റെ നിഗൂഢമായ ആഗ്ര ഹത്തിന്റെ ഒളിമിന്നൽകണ്ട് അയാൾക്കു സ്വയം ലജ്ജ തോന്നി. അയാൾ പറഞ്ഞു. "എന്നെ തരം താഴ്ത്തിക്കാണരുത്. ഈ കാര്യം നിങ്ങൾക്ക് എത്രത്തോളം പ്രധാ നപ്പെട്ടതാണോ അത്രയും എനിക്കും പ്രധാനപ്പെട്ടതാണ്. ന്യായമാഗ്രഹിക്കുന്ന ഓരോ മനുഷ്യന്റെയും കടമയാണത്. പിന്നെ ആര് ആർക്ക് ഉപകാരം ചെയ്യാൻ? ആരോടു നന്ദിപറയാൻ?"

നാണവും ആദരവും കലർന്ന ഭാവം കന്യയുടെ കണ്ണുകളിൽ നിഴലിച്ചു. അവൾ മൂകയായി താഴെ നോക്കിയിരുന്നു.

അവിടെയിരുന്ന പലഹാരപ്പൊതിയിൽ സജ്ജന്റെ നോട്ടം പതിഞ്ഞു. പൊതി യഴിച്ചുകൊണ്ടയാൾ പറഞ്ഞു "ഇതാ, ഇതു തിന്നാം, ജിലേബി തണുത്തുപോ യിരിക്കും. എന്നാലും."

വറ്റൽ പൊതിഞ്ഞിരിക്കുന്ന പൊതിയഴിക്കുമ്പോൾ കടലാസിന്റെ മർമരശബ്ദം അവിടെ മുഴങ്ങി. സജ്ജൻ വീണ്ടും ചോദിച്ചു. "എനിക്കു തോന്നുന്നു, ഇതിന്റെ കൂടെ ഒരു ചായ കൂടി ആകാമെന്ന്.... എന്താ?"

"ഞാനുണ്ടാക്കാം" എന്നു പറഞ്ഞുകൊണ്ട് കന്യ എഴുന്നേറ്റു. മൂലയിലിരുന്ന

ചെറിയ മേശപ്പുറത്ത് ചായയ്ക്കുള്ള സാമഗ്രികൾ വച്ചിരുന്നു.

ബസാറിൽ നിന്ന് പാലു വാങ്ങിക്കൊണ്ടു വരാനായി സജ്ജൻ എണീറ്റു. കർണലിന്റെ വീട്ടിൽ നിന്ന് നേരെ ശാസ്ത്രിയുടെ വീട്ടിലേക്കു പോയതുകാരണം പാൽപ്പാത്രം കൂടെ കൊണ്ടുപോരാൻ കഴിഞ്ഞിരുന്നില്ല.

ചായ കുടിച്ചുകൊണ്ടിരുന്നപ്പോൾ സജ്ജൻ സംസാരം തുടങ്ങി. "നിങ്ങൾ ഇവിടെ വന്നിരുന്നതിന് തൊട്ടുമുമ്പ് എനിക്ക് ഒരു സോഷ്യൽ സർവീസ് ചെയ്യേണ്ടി വന്നു. ഈ തെരുവിൽ കുറച്ചപ്പുറത്ത് ഒരു വക്കീൽ താമസമുണ്ട്. നല്ല വിവരമുള്ളയാൾ. രസകരമായ സംസാരം. ങാ, അദ്ദേഹത്തിന്റെ ഇളയ മകന്റെ ഭാര്യയ്ക്കു ഭ്രാന്താണ്. ഇന്നു പെട്ടെന്ന് തെരുവിലിറങ്ങി ഓടി. വലിയ ബഹളമായി. നിയന്ത്രണത്തിൽ കൊണ്ടുവരാനായി ഞാനവളെ ഒന്നടിച്ചു. അറിവായപ്പോൾ ഇതാദ്യമാണ് ഏതെങ്കിലും സ്ത്രീയെ അടിക്കുന്നത്. വളരെനേരം എന്റെ കൈവെള്ളയിൽ അടിച്ച സ്ഥാനത്ത് ചുളുചുളാ എന്നു കുത്തുന്നതായിതോന്നി."

"അവൾക്കെങ്ങനെയാണ് ഭ്രാന്ത് പിടിച്ചത്?"

"നിങ്ങളുടെ ചേട്ടത്തി ഒരുതരത്തിലുള്ള അന്യായത്തിനിരയായി. ഈ സ്ത്രീ മറ്റൊരുതരത്തിലും. അവസാനവും ഒരുപോലെ തന്നെയെങ്കിലും രണ്ടുരൂപത്തിലായെന്നു മാത്രം. അത്രയേ വ്യത്യാസമുള്ളു". വേദനയും ചിന്തയും നിഴലിക്കുന്നതായിരുന്നു ആ സ്വരം. കന്യ അയാളെ മനസ്സു തുറന്നു നോക്കുകയും കേൾക്കുകയും ചെയ്യുകയാണ്.

ഒന്നു നിറുത്തി ഒരു നിശ്വാസമുതിർത്തിട്ട് സജ്ജൻ തുടർന്നു. "വക്കീൽ സാഹിബിന്റെ മൂന്നു പുത്രന്മാരും ഇപ്പോൾ വലിയ ആളുകളായിപ്പോയി. അച്ഛനമ്മമാരോട് ബന്ധപ്പെടുവാൻപോലും അവരിപ്പോൾ ഒരുങ്ങാറില്ല. മൂത്തവൻ ഡോക്ടർ പരീക്ഷയ്ക്കു പഠിക്കുവാൻ ഇംഗ്ലണ്ടിൽ പോയതാണ്. അവിടെ ഏതോ കൗണ്ടിയിൽ പ്രാക്ടീസുമായിക്കഴിയുന്നു. ഭാര്യയെയും കുട്ടികളെയും കൂടി അങ്ങു കൊണ്ടു പോയി. അയാളെക്കൊണ്ടിപ്പോൾ ഒരുപകാരവുമില്ല. ആണ്ടിലൊരിക്കൽ ഒരു എഴുത്തോ മറ്റോ അയയ്ക്കും. രണ്ടാമത്തെ സാഹിബ് ഐ.സി.എസ്.ആണ്. ഈ ഇടുങ്ങിയ തെരുവിലും അഴുക്ക് നിറഞ്ഞ ഇടവഴിയിലും കഴിയുന്ന അച്ഛനമ്മമാരെക്കാണാൻ അയാളെങ്ങനെ വരും? ങാ, ഒന്നുണ്ട് വല്ലപ്പോഴും പണമയച്ചുകൊടുക്കും. മൂന്നാമത്തെ സായിപ്പ് പട്ടാളത്തിലാണ്. അതായത് തോക്കിന്റെയും തോട്ടയുടെയും ഉടമസ്ഥൻ. ക്യാപ്റ്റൻ സോ ആൻഡ് സോ. അയാൾക്ക് ചാർച്ചയിൽപ്പെട്ട ഒരുവളോട് റോമിയോ-ജൂലിയറ്റ് ചാർച്ചയായി, അത് വളർന്ന് പുഷ്ടിപ്പെട്ട് വിവാഹത്തിലവസാനിച്ചു. ഈ പാവപ്പെട്ട സ്ത്രീ കഴിഞ്ഞ ഏഴെട്ടു വർഷമായി പുറന്തള്ളപ്പെട്ട വസ്തുവായി ഇവിടെ കഴിയുന്നു. മകന്റെ ഈ കർമം വക്കീലിനെ ആകെ ഭയപ്പെടുത്തി. അദ്ദേഹവും ഭാര്യയും മാനസികസംഘർഷത്തിൽ മരുമകളുടെ മേൽ കർശനമായി ശ്രദ്ധവയ്ക്കുവാൻ തുടങ്ങി. ഫലമെന്തായെന്നോ? മനസ്സിലെ ആഗ്രഹങ്ങൾക്ക് ഫ്രസ്ട്രേഷനായതുകാരണം ആ സ്ത്രീ ഇന്നീ നിലയിലെത്തി". പറഞ്ഞു നിറുത്തിയിട്ട് ചിന്താലീനമായ നേത്രങ്ങളോടെ സജ്ജൻ രണ്ടു നിമിഷത്തേക്കു വനകന്യയുടെ മുഖത്തേക്കു നോക്കിയിരുന്നു. പിന്നെ തണുത്ത ചായ ഒരിറക്കു കുടിച്ചിട്ട് കപ്പു താഴെ വച്ചു.

നിഷ്കളങ്കതയും വിവശതയും കലർന്ന സ്വരത്തിൽ അവൾ ചോദിച്ചു "ഇനി എന്തുണ്ടാകും? ഇതെല്ലാം എത്രകാലം നടക്കും? ഇതിനൊരവസാനമില്ലേ?"

“ഉണ്ട്, തീർച്ചയായും ഉണ്ടാകും.”

“എങ്ങനെയുണ്ടാകും? അതാണെനിക്കു മനസ്സിലാകാത്തത്. ഇന്നു രാവിലെ മുതൽ പുതിയൊരു ചിന്ത എന്നെ വിഷമിപ്പിക്കുകയാണ്. അങ്ങയുടെ രാഷ്ട്രീയവീക്ഷണം എന്താണെന്നെനിക്കറിയില്ല. പക്ഷേ എനിക്ക് കമ്യൂണിസത്തോട് ബുദ്ധിപരമായ അടുപ്പമുണ്ട്. അത് അങ്ങേക്കും അറിയാമല്ലോ.”

“ഉണ്ടാകാം.. ഞാൻ ‘ഇസ’ത്തിന്റെ പേരിലല്ല ഏതെങ്കിലും സ്ത്രീയെയും പുരുഷനെയും അളക്കുന്നതും നോക്കുന്നതും.”

“ഞാൻ പറഞ്ഞതെന്താണെന്നു വച്ചാൽ ഇന്നു കമ്യൂണിസ്റ്റെന്നു പറഞ്ഞാൽ ഭീകരനാണെന്നാണു കരുതിപ്പോരുന്നത്. വാസ്തവത്തിൽ അതിലും എന്നെയും അങ്ങയെയും പോലുള്ള ആയിരക്കണക്കിനാളുകളുണ്ട്. അത് പോകട്ടെ. ഭല്ലേ ബാബുവിനെ കഴിഞ്ഞ മൂന്നുനാലു വർഷമായി എനിക്കറിയാം. വളരെയധികം വായിക്കുകയോ ചിന്തിക്കുകയോ ചെയ്യുന്ന ആളല്ല. എങ്കിലും വായിക്കുകയും ചിന്തിക്കുകയും ചെയ്യും. ഒരു വിധത്തിൽ പറഞ്ഞാൽ അദ്ദേഹം ഒരു പ്രാക്ടിക്കൽ വർക്കറാണ്. ഒരു കാര്യം പറയാം. ആളുകൾ എന്തു പറഞ്ഞാലും ശരി, അദ്ദേഹം നല്ല ഒരു മനുഷ്യനാണ്. ഞാൻ അദ്ദേഹത്തെ ബഹുമാനിക്കുന്നു. പക്ഷേ ഇന്നു രാവിലെ അദ്ദേഹത്തിന്റെ വാക്കുകൾ കേട്ടപ്പോൾ എനിക്കു തോന്നി, ഞാൻ പുതിയൊരു മനുഷ്യനെയാണ് കാണുന്നതെന്ന്.”

ഒരു ബുദ്ധിമാനെന്ന മട്ടിൽ സജ്ജൻ ചിരിച്ചു. “നിങ്ങളുടെ രാഷ്ട്രീയ വീക്ഷണത്തിൽ പോറലേല്പിക്കാൻ എനിക്കാഗ്രഹമില്ല. എന്നാൽ കമ്യൂണിസ്റ്റുകാർ ഒരിക്കലും ഉത്തരവാദിത്വബോധമുള്ളവരാകുമെന്ന് എനിക്ക് തോന്നുന്നില്ല.”

“താങ്കളുടെ ലോജിക്ക് ശരിയല്ല.” വനകന്യ ഉന്നയിച്ച ആ ആരോപണം സജ്ജന്റെ ഹൃദയത്തിന് ഒരു അടിയായിത്തോന്നി. അയാൾ സ്വയം നിയന്ത്രിച്ചു. കന്യ തുടർന്നു. “വളരെ നാളായി എന്റെ ഹൃദയത്തിലുണ്ടായിരുന്ന ഒരു സംശയം ഇന്നു രാവിലത്തെ സംഭവത്തോടെ പരിഹരിക്കപ്പെട്ടു. ഇന്നെനിക്കു പെട്ടെന്നു തോന്നി. ഈ ഫുട്ബാൾ മത്സരമില്ലേ, അതുപോലെയാണ് രാഷ്ട്രീയ കക്ഷികളുടെ സംഘർഷവുമെന്ന്. ജനങ്ങളാണ് ഫുട്ബാൾ. അവരുടെ പേരിലാണ് മത്സരം നടത്തുന്നതും. രാഷ്ട്രീയകക്ഷികളിലെ കളിക്കാർ അവരെയാണ് വീശി അടിക്കുന്നത്. ഈ തെരഞ്ഞെടുപ്പും നമ്മുടെ ജനായത്ത സാമൂഹ്യവ്യവസ്ഥയും ഈ രൂപത്തിലാണ് ഞാൻ കാണുന്നത്.”

സജ്ജൻ ശ്രദ്ധയോടെ മൂകനായിരുന്നു.

കന്യ തുടർന്നു “ഭല്ലേ ബാബു എഴുതിക്കൊണ്ടുവന്ന സ്റ്റേറ്റ് മെന്റിൽ എന്റെ ചേട്ടത്തിയുടെ മരണവും അച്ഛന്റെ പാതകവും പ്രചാരണത്തിന്റെ വസ്തുക്കളായിതോന്നി. അതിൽ കമ്യൂണിസ്റ്റ് പാർട്ടിക്കും തെരഞ്ഞെടുപ്പിനും മാത്രമേ മഹത്വമുണ്ടായിരുന്നുള്ളൂ. അയാൾക്കെതിരെ വ്യാജാരോപണം പ്രചരിപ്പിക്കുന്നതിനെക്കുറിച്ച് ആവേശത്തോടെ പരാമർശിച്ചിരുന്നു. ഞാൻ ചോദിച്ചു - ഇതേ ആവേശം ഒരു സ്ത്രീയോടുകാട്ടിയ അനീതിക്കെതിരെ കാണിക്കാത്തതെന്തെന്ന്? പറയുകയാണ് - പാർട്ടി ഈ ആദർശങ്ങൾക്കു വേണ്ടിയാണ് നിലകൊള്ളുന്നതെന്ന്. അങ്ങയോട് സത്യം പറയട്ടെ. എനിക്ക് സമാധാനം കിട്ടിയില്ല.”

സമൂഹത്തെ വ്യാപകമായ അർഥത്തിലാണവൾ നോക്കുന്നതെന്ന് എനിക്ക് തോന്നി.

"ഏതൊരു വ്യക്തിയുടെ പീഡകൾക്ക് സാമൂഹികരൂപം നൽകി അതൊരു രാഷ്ട്രീയ സിദ്ധാന്തമാക്കി മാറ്റിയിരുന്നോ, ആ വ്യക്തിയുടെ അനുഭൂതിയും വേദനയും ഇന്നു നമ്മുടെ മനസ്സിലില്ല. ഇന്നു നമ്മുടെ ശ്രദ്ധ വെറും പൊളിറ്റിക്സിൽ മാത്രമാണ്– രാഷ്ട്രീയത്തിൽ മാത്രം. ചക്കിൽകെട്ടിയ കാള കണക്കെ ശീലം കൊണ്ട് വട്ടം കറങ്ങുന്നുണ്ട്; കാര്യങ്ങളൊന്നും നടക്കുന്നില്ലെന്നു മാത്രം."

"സത്യമാണ് നിങ്ങൾ പറഞ്ഞത്. എന്റെ മനസ്സിലുള്ള കാര്യങ്ങളാണിവ. എനിക്ക് രാഷ്ട്രീയത്തോടു വെറുപ്പാണ്" എന്നു പറഞ്ഞുകൊണ്ട് സജ്ജൻ ചായക്കെറ്റിൽ എടുത്തു. അതിൽ നോക്കിയിട്ടു പറഞ്ഞു "സംസാരിച്ചിരുന്ന് ചായ ആറിത്തണുത്തു. വേറെ തിളപ്പിക്കാം,..."

"അങ്ങയ്ക്കു വേണ്ടി ഉണ്ടാക്കാം ഞാനിനി....."

"എന്റെ മനസ്സും മറ്റൊന്നിലായിപ്പോയി, നോക്കൂ. ഈ ചായയും കാപ്പിയും, സിഗററ്റുമെല്ലാം വിശ്രമസമയത്തെ കൗതുകങ്ങളാണ്. മനസ്സ് പൂർണമായി എന്തിലെങ്കിലും ലയിച്ചിരിക്കുകയാണെങ്കിൽ ഇവയെല്ലാം വ്യർഥം" സിഗററ്റ് കേസ് എടുക്കാനായി കീശയിൽ കൈയിടാൻ മുതിർന്നു.

കന്യ പെട്ടെന്നു പറഞ്ഞു "കൈകഴുകണം. ജിലേബിയുടെ നെയ്യ് ഒട്ടുന്നില്ലേ....."

സജ്ജൻ ക്ഷമാപണം ദ്യോതിപ്പിക്കുന്ന ഒരു പുഞ്ചിരിയുതിർത്തിട്ട് ഇടത്തേക്കയ്യുകൊണ്ട് സിഗററ്റ്കേസ് പുറത്തെടുത്തു കൊണ്ട് പറഞ്ഞു "ഇതെല്ലാം തീർക്കൂ എന്നിട്ട്, ഇഫ് യൂ ഡോൺട് മൈൻഡ്.... ഒരിക്കൽകൂടി ചായ തിളപ്പിക്കൂ അല്ല... കഴിക്കൂ. കഴിക്കൂന്ന്... എന്നിട്ട് സമാധാനമായി ചായയിടാം...."

"മതി, ഞാൻ തിന്നുതീർന്നു."

"അതു നടപ്പില്ല. അന്യായം അവസാനിപ്പിക്കാനാഗ്രഹിക്കുന്നവർ സ്വയം അന്യായം കാട്ടരുത്. പുരുഷൻമാരോടൊപ്പം നില്ക്കാനാഗ്രഹിക്കുന്നവർ അവർ തിന്നുന്നതിൽ പകുതിയെങ്കിലും തീർക്കണം."

സജ്ജൻ വെറുതേ കണ്ണുരുട്ടിയിട്ട് അഭിനയത്തോടെ പറഞ്ഞു.

കന്യ ചിരിച്ചുപോയി. "അവനവനുപറ്റിയ സന്ദർഭത്തിനനുസരിച്ചാണോ ന്യായം ആവശ്യപ്പെടുന്നത്? ഞാനെപ്പോഴെങ്കിലും ന്യായം ആവശ്യപ്പെട്ടാൽ അന്നത് നിഷേധിച്ചേക്കും...." അതു പറയുമ്പോൾ അവളുടെ ശബ്ദത്തിൽ സ്ത്രീയുടെ അഭിമാനത്തിന്റെ ധ്വനി മുഴങ്ങിയിരുന്നു. ലജ്ജയുടെ ശോണിമ പരന്ന കവിൾതടങ്ങൾ ചുവന്നുതുടുത്തു.

സജ്ജൻ ഒരിക്കൽകൂടി സ്വയം കുറ്റപ്പെടുത്തി. വനകന്യയുടെ മനോഭാവം നേർവരകളായും ബിന്ദുക്കളായും അവരുടെ മുഖത്തും കണ്ണുകളിലും തെളിയുന്നു. മാത്രമല്ല ആ ശരീരത്തിലാകെ അതു നിഴലിച്ചു. പുഞ്ചിരിയോടെ സജ്ജൻ പറഞ്ഞു "യാതൊരു വിചാരണയും കൂടാതെയാണല്ലോ എന്റെ പേരിൽ ഏകപക്ഷീയമായി വിധിയെഴുതുന്നത്."

അറിയാതെ ഒഴുകിപ്പോയിരുന്നിടത്തുനിന്ന് സ്വയം ചെറുത്തു കൊണ്ടവൾ പറഞ്ഞു "ഞാൻ വ്യക്തിഗതമായി അങ്ങയെക്കുറിച്ചല്ല പറഞ്ഞത്. പുരുഷസമൂഹത്തെപ്പറ്റിയാണ് ഞാൻ സൂചിപ്പിച്ചത്."

"ങാ, ഇതാ നോക്കൂ. ഈ വർഗവാദം എടുത്തിടരുത്. എങ്കിൽ നാം തമ്മിൽ വഴക്കിടേണ്ടിവരും. സ്ത്രീകളെന്താ, കുറഞ്ഞവരാണോ? അവർ ചട്ടിയും കല

വുമെടുത്ത് പുരുഷനെ പൂജിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്."

കന്യ ചിരിച്ചു.

"കുറച്ചു ദിവസം മുമ്പാണ് ഒരു ഉർദുനോവൽ വായിച്ചത്. 'ഉമരാവസാൻ അദാ.' അതിൽ വയസ്സനായ ഒരു മുസ്ലീമിനെപ്പറ്റി പറയുന്നുണ്ട്. അയാളുടെ പ്രിയതമ തന്റെ മറ്റു കാമുകൻമാരെ സന്തോഷിപ്പിക്കാനായി അയാളോട് ഒരു മരത്തിൽ പലതവണ കയറാനും ഇറങ്ങാനും പറയുന്നുണ്ട്."

കന്യ വീണ്ടും ചിരിച്ചു. ചിരിച്ചുകൊണ്ടവൾ പറഞ്ഞു "ആ മടയനെയതിനേ കൊള്ളൂ. പോട്ടെ. താങ്കൾ പറഞ്ഞതു സമ്മതിച്ചേക്കാം. സ്ത്രീകളും ചിലപ്പോഴൊക്കെ പൊല്ലാത്തവരാകാറുണ്ട്."

ലഘുഭക്ഷണം കഴിഞ്ഞു. ഇലയും കടലാസുമൊക്കെ ചുരുട്ടി പുറത്തിരുന്ന ചവറ്റുകൊട്ടയിലെറിഞ്ഞു. കെറ്റിൽ വൃത്തിയാക്കി ചായയ്ക്കു വെള്ളം വച്ചു.

സജ്ജൻ മെത്തയിൽ ചാരിയിരുന്ന് സിഗററ്റെടുത്തു തീ പിടിപ്പിച്ച് ഒരു പുക വലിച്ചു. ലോകത്തിലെ സകലചക്രവർത്തിപ്പട്ടവും സ്വന്തം ഉള്ളിൽ നിറച്ചു. മനസ്സിൽ ഒരു പ്രത്യേകമായ ഉത്സാഹം. ഒരു വനകന്യയുടെ സാന്നിധ്യം ചെറിയ ആ മുറിയെ നിറഞ്ഞ ഒരു ലോകമായി മാറ്റി. ഈസലിൽ വച്ചിരുന്ന അപൂർണചിത്രത്തിലേക്കയാൾ നോക്കി.

പെട്ടെന്നയാൾ ചോദിച്ചു "ഈ വനകന്യയെന്ന പേര് നിങ്ങൾ സ്വന്തമായിട്ടതാണോ, അതോ അച്ഛനമ്മമാർ ഇട്ടതോ?"

"അതെന്താ അങ്ങനെ ചോദിച്ചത്?"

ചുണ്ടിൽ സിഗററ്റ് പിടിപ്പിച്ചുകൊണ്ട് സാധാരണമട്ടിൽ മറുപടി നൽകി.

"ഇങ്ങനെയുള്ള പേരുകൾ നമ്മുടെയിവിടെ സാധാരണയല്ല. എപ്പോഴാണു മാറ്റിയത്? ഹൈസ്കൂളിൽ ചേരുമ്പോഴോ?"

"താങ്കൾ ജ്യോത്സ്യനായി മാറിയിരിക്കുകയാണല്ലോ."

"നിങ്ങൾക്ക് സ്വയം തോന്നി ചെയ്തതാണോ അതോ ആരെങ്കിലും....."

"ഞാൻ തന്നെ ചെയ്തതാണ്. എങ്ങനെയുണ്ട്?"

"ങാ, കൊള്ളാം. സംസാരഭാഷയിൽ ഇതിനെ "കാട്ടിലെ പെണ്ണ്" എന്നു പറയാം" രണ്ടുപേരും ചിരിച്ചു.

പടത്തിലേക്കു നോക്കിയിട്ട് കന്യ വീണ്ടും ചോദിച്ചു. "ഇതു സത്യനാരായണ കഥയല്ലേ? കൊള്ളാം. നന്നായിരിക്കുന്നു. മറാഠി അന്തരീക്ഷമാണല്ലോ. എവിടെ വച്ചാണിതു വരച്ചത്?"

"കോൽഹാപ്പൂരിൽ വച്ച്."

"താങ്കൾക്ക് ഈ സോകാൾഡ് ദരിദ്രരുടെയും അവശരുടെയും കൂടെയിരിക്കാൻ അറപ്പില്ലെന്നുകണ്ടതിൽ എനിക്ക് സന്തോഷമാണ്."

"ക്ഷമിക്കണം. നിങ്ങളുടെ സന്തോഷത്തിന് ഹാനിവരുത്തിയേക്കാം. എനിക്ക് അറപ്പുണ്ട്."

"അപ്പോൾ പിന്നെ....."

"പക്ഷേ തോന്നുമ്പോൾ ആ അറപ്പ് സ്വയം മാറുകയാണ്...."

"ആ അറപ്പും എന്നെന്നേക്കും ഉപേക്ഷിക്കാൻ കഴിയുമെങ്കിൽ എന്റെ കൂടെ വരൂ. അജന്തയും എല്ലോറയുമൊക്കെ ഒരുപാടുവരച്ചില്ലേ? ഇനി ഈ ജീവിച്ചിരിക്കുന്ന ഗുഹകളുടെ ചിത്രം വരയ്ക്കൂ. നമ്മുടെ മഹാന്മാരായ നേതാക്കളില്ലേ

ലോകത്തെ സ്വതന്ത്രമാക്കാൻ വേണ്ടി ശ്വാസംമുട്ടുന്നവർ – അവരൊന്നു മനസ്സിലാക്കട്ടെ, നമ്മുടെ ജനങ്ങളുടെ യഥാർത്ഥരൂപമെന്തെന്ന്." ആവേശം കൊണ്ട് അവളുടെ മുഖം തുടുത്തു.

അവളുടെ വാക്കുകൾ സജ്ജനെ പുളകമണിയിച്ചു. "നിങ്ങളെനിക്കുപ്രചോദനം നൽകുകയാണ് കന്യ. ആ ദൗത്യം നിർവഹിക്കാനുള്ള ഉദ്ദേശത്തോടെയാണ് ഞാനിവിടെ വന്നത്. എന്നാൽ അജന്തയുടെയും എല്ലോറയുടെയും ചിത്രം വരയ്ക്കുന്നതുകൊണ്ട് പ്രയോജനമില്ലെന്നു പറഞ്ഞതിനോട് ഞാൻ യോജിക്കുന്നില്ല."

"ഞാനങ്ങനെയല്ല പറഞ്ഞത്."

"അജന്തയും എല്ലോറയും കണ്ടിട്ട് യഥാർത്ഥമായി പ്രചോദനം കൊള്ളുകയാണെങ്കിൽ, ജീവിതം സുന്ദരവും പ്രയോജനകരവുമാക്കുന്നതിന് അതുമാത്രം മതിയാകും."

"ഞാൻ."

"ഞാൻ സത്യമാണു പറഞ്ഞത്. ഞാനീ ഗുഹാചിത്രങ്ങൾ നോക്കി നിന്നപ്പോൾ ഈജിപ്റ്റിലെ പിരമിഡിന്റെ ചിത്രങ്ങൾ ഓർത്തുപോയി. ഇവ രണ്ടിനെയും ഒന്നു താരതമ്യപ്പെടുത്തിനോക്കൂ–ഒരുവശത്ത് നമ്മുടെ ഈജിപ്ഷ്യൻ പൂർവികർ പർവതങ്ങൾ പണിതുണ്ടാക്കി. മനുഷ്യന്റെ ശക്തിയും പ്രതിഭയും വിളംബരം ചെയ്തുകൊണ്ട്. ഇന്നും നമ്മുടെ ബുദ്ധിയെയും കാഴ്ചയെയും അമ്പരപ്പിച്ചുകൊണ്ട് നിലകൊള്ളുകയാണവ. എന്നാൽ ഈ കൃത്രിമപർവതങ്ങൾ എന്തിനുവേണ്ടിയാണുപയോഗപ്പെടുത്തിയത്? മരിച്ചവർക്കുവേണ്ടി!.. ഇനിമറുവശത്തേക്കുനോക്കൂ. നമ്മുടെ ഹിന്ദുസ്ഥാനിലെ പൂർവികർ വലിയ വലിയ പർവതങ്ങളെ ഗുഹകളാക്കി, അതിനെ സൗന്ദര്യംകൊണ്ടുനിറച്ചു. അതിലേറ്റവും വിശിഷ്ടമായകാര്യം, അവ പഠിക്കാനും പഠിപ്പിക്കാനുമുള്ള ഇടങ്ങളായി ഉപയോഗപ്പെടുത്തിയതാണ്. ഏതെങ്കിലും രാജാഫറോവയുടെ പ്രതാപംകാട്ടാനോ, ഏതെങ്കിലും പ്രേതം അടക്കംചെയ്യാനോ അല്ല അവ വിനിയോഗിച്ചത്. ഈ രണ്ട് സാംസ്കാരിക വീക്ഷണവും തമ്മിൽ എന്തന്തരം! നാം ഇവിടെ കലയെ ജീവിതവുമായി കൂട്ടിയിണക്കിയിരിക്കുന്നു. നമ്മുടെ കലയിൽ അത്ഭുതങ്ങൾ പലതുണ്ട്. പക്ഷേ നമ്മെ അവ ഞെട്ടിപ്പിക്കുന്നില്ല. മരിച്ച മനസ്സിനുവെളിച്ചം നൽകുകയാണവ ചെയ്യുന്നത്. അവയുടെ സൗന്ദര്യം നമ്മുടെ മനസ്സിനെ അവയുടെ അടുത്തേക്കാകർഷിക്കുന്നു. എന്നിട്ടവയെയും സുന്ദരമാക്കിമാറ്റുന്നു."

സജ്ജന്റെ വാക്കുകളുടെ പ്രഭാവം കന്യയുടെ മുഖത്ത് ചിത്രംകണക്കെ മുദ്രിതമായിരുന്നു. സ്വന്തംവാക്കുകളാൽ സ്വയംപ്രഭാവിതനായി സജ്ജൻ മൂകനായി.

കുറച്ചുനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം കന്യ പറഞ്ഞു "അങ്ങു പറഞ്ഞതു ശരിയാണ്. സ്വന്തം അനുഭവത്തിൽ നിന്ന് ഇക്കാര്യങ്ങൾ പറഞ്ഞുകേൾപ്പിച്ചതുവഴി ഇന്ന് അങ്ങ് എനിക്കു ഉന്നതമായ ഒരു മാനദണ്ഡം നൽകിയിരിക്കുകയാണ്. ഐ ഷാൽ നെവർ ഫർഗറ്റിറ്റ്. എങ്കിലും ഒരു സംശയം. ഒരു വശത്ത് ഉന്നതമായ ഈ തത്വശാസ്ത്രവും സാഹിത്യവും ശില്പകലയും ചേർന്ന് അഭേദ്യമായ ഒരു ശൃംഖലയായി ശോഭിക്കുന്നു; മറുവശത്താകട്ടെ നമ്മുടെ വീടുകളിലെ സത്യനാരായണന്മാരും, പുറംമോടിയിലുള്ള രസവും, എന്റെ ചേട്ടത്തിയും അങ്ങയുടെ ആ ഭ്രാന്തിയും പോലുള്ള സ്ത്രീകളും, എന്റെ അച്ഛനും, എന്റെ

സഹോദരനും."

"നിങ്ങളുടെ സഹോദരനോ?... സഹോദരൻ എന്തു ചെയ്തു?"

സജ്ജന്റെ ചോദ്യം കന്യയുടെ സംസാരധാര പെട്ടെന്നു തടഞ്ഞുനിറുത്തി. പറയാനാഗ്രഹമില്ലാത്തതിൽ നേർത്ത ഒരു പുഞ്ചിരിയോടെ മൃദുല സ്വരത്തിൽ പറഞ്ഞു "എന്റെ വീട്, വാസ്തവത്തിൽ ഒരു സർവകലാശാലയാണ്. എന്ത് പറയാൻ. എന്റെ സഹോദരൻ ഒരു പ്രത്യേക വിവശതയിലാണ്. അങ്ങയോട് അതെങ്ങനെ പറയാൻ... (മുഖം നാണം കൊണ്ട് ചുവന്നു. നോട്ടം താഴോട്ടായി. പിന്നെ ധൈര്യം സംഭരിച്ച് കണ്ണുകളിൽ നോക്കിക്കൊണ്ട് തുടർന്നു).. അങ്ങ് സമൂഹത്തെ കണ്ടു പഠിക്കാനിറങ്ങിയതല്ലേ? അതുകൊണ്ട് ഒരു കേസെന്ന നിലയിൽ അറയ്ക്കാതെപറയാം.. എന്റെ ഈ ചേട്ടത്തി ഒരു പതിരാണ്."

കന്യയുടെ മുഖഭാവത്തിൽ നിന്ന് കൂടുതലെന്തോ കേൾക്കാമെന്ന് കരുതിയിരിക്കുകയായിരുന്നു സജ്ജൻ. അതിനു പകരം രണ്ടാമത്തെ ചേട്ടത്തിയെ സംബന്ധിച്ച ഈ പ്രസ്താവം, അതും പുതിയൊരു ശബ്ദം കേട്ട് അയാൾ പകച്ചു പോയി. "പതിരോ... അതെന്താണ്?"

കന്യ അത്യന്തം നിയന്ത്രണത്തോടെ പറഞ്ഞു തുടങ്ങി. "പ്രകൃതിയുടെ ഒരു വികൃതിയാണത്. ഇത്തരം സ്ത്രീകൾ കാഴ്ചയിൽ സ്ത്രീകളെന്നു തോന്നിച്ചാൽത്തന്നെയും യഥാർഥത്തിൽ അങ്ങനെയല്ല."

"ഓ..ഓ.. അതായത് നപും..."

"അതെ. വ്യത്യാസം ഇത്രേയുള്ളു. അവരുടെ മുകളിലുള്ള അർധ ശരീരം മറ്റുസാധാരണ സ്ത്രീകളെപ്പോലെ പൂർണ വളർച്ചയും വികാസവും നേടിയതാണ്."

"പിന്നെ അവർ വിവാഹം കഴിച്ചതെന്തിന്?"

"ഇത്തരത്തിലുള്ള ചതികൾ അനേകം പറ്റാറില്ലേ?" അമ്മയ്ക്കുമച്ഛനും പതിനായിരം സ്ത്രീധനം കിട്ടി. എന്റെ ജ്യേഷ്ഠൻ ഒന്നും നേടാനാകാത്തതിനാൽ ചേട്ടത്തിയുടെ എല്ലുകൾ കുടഞ്ഞെടുക്കാൻ തുടങ്ങി. എന്തു പറയാൻ? ചേട്ടത്തിയുടെ സങ്കടം കണ്ടിരിക്കാനാവില്ല. ചേട്ടന് യഥാർഥത്തിൽ ഒരു ഷോക്കേൽക്കുകയാണുണ്ടായത്. നിഷ്കളങ്ക ഹൃദയനും നല്ലവനുമാണ് ചേട്ടൻ. പക്ഷേ ഇടയ്ക്കിടെ അപസ്മാര ബാധയുണ്ടാകും. ആ സമയത്ത് രാക്ഷസനായി മാറും. ഒരു ദിവസം രാത്രി അവർ ഉറങ്ങിക്കിടന്നപ്പോൾ അവരുടെ തലയിൽ തീവച്ചു. ഒരു ദിവസം അതിരാവിലെ അവരെയും വിളിച്ചുണർത്തി ഗോമതീ തീരത്തിലേക്കു പോയി. അവിടെ ചെന്നിട്ടവരോടു പറഞ്ഞു. 'നമുക്കു രണ്ടുപേർക്കും തല മുണ്ഡനം ചെയ്യാം. എന്നിട്ട് ഒന്നിച്ച് ഗോമതിയിൽ മുങ്ങിമരിക്കാം എന്ന്."

"അങ്ങനെയോ?"

"അവിടെ ഒരു സീൻ ക്രിയേറ്റു ചെയ്യാൻ അദ്ദേഹം ശ്രമിച്ചു. എതിർത്തപ്പോൾ അദ്ദേഹം ക്രുദ്ധനായി. ചേട്ടത്തി ബുദ്ധിയോടെ പ്രവർത്തിച്ചു. പറഞ്ഞു, ആദ്യം നിങ്ങൾ മുണ്ഡനം ചെയ്യിക്കണം. പിന്നെ ഞാൻ ചെയ്യാമെന്ന്. ചേട്ടൻ മുടി വെട്ടിക്കാനായി ഇരുന്നു. അദ്ദേഹത്തിന്റെ തല കുനിഞ്ഞപ്പോൾ ചേട്ടത്തി മിണ്ടാതെ എണീറ്റു നടന്നു. വഴിയിൽ നിന്ന് ഒരു റിക്ഷാ പിടിച്ച് തളർന്ന് വീട്ടിലെത്തി."

"ഹൊ.."

"ഞാനങ്ങയോടെന്തുപറയാൻ. അവർ കാരണം വീട്ടിലെത്ര ലഹളകൾ ഉണ്ടാ

യിട്ടുണ്ടെന്നോ? പിന്നെ..പിന്നെ.. സത്യം പറയുകയാണ്. പറയാൻ നാണമുണ്ട്. എന്റെ വീട് ഒരു ദൂഷിതവലയമായിത്തീർന്നു. എന്റെ വലിയമ്മയും അമ്മയും തമ്മിൽ സഹപത്നിമാരെന്ന നിലയിലുള്ള ബന്ധമായിട്ടുണ്ട്. വലിയമ്മ അവരുടെ ഭാഗം ശക്തിപ്പെടുത്താനായി ചേട്ടന്റെ മുന്നിൽ നല്ലപിള്ള ചമഞ്ഞ് അവരുടെ വിധവയായ പുത്രവധുവുമായി ചേട്ടന് അനാശാസ്യ ബന്ധമുണ്ടാക്കാൻ തുനിഞ്ഞു. ഒരു വശത്ത് ധർമ-മതശാസനങ്ങളിൽ നിഷ്ഠയുള്ളവനായിരുന്നു ചേട്ടൻ. ഒരിക്കൽ ചതിപറ്റിയെങ്കിലും പിന്നെയും വിവാഹമെന്നു പറഞ്ഞു നടക്കുകയായിരുന്നു. എന്റെ ചേട്ടത്തിയുടെ കയ്യും അതിൽ കാണണം. ഇതിനിടെ അമ്മ വല്യമ്മയുടെ അടവു മനസ്സിലാക്കി. അവർ സ്വഭാവശുദ്ധിയുള്ളവരാണെങ്കിലും അധികാരം കൊതിച്ചിരുന്നു. അതുകൊണ്ട് അവരാണ് അച്ഛനെ പറഞ്ഞിളക്കി ബലാല്ക്കാരമായി ഇതു ചെയ്യിച്ചത്. വല്യമ്മയെ ഒരു പാഠം പഠിപ്പിക്കാൻ വേണ്ടി മാത്രം – പകരം വീട്ടാൻ വേണ്ടി.”

ദീർഘ നിശ്വാസമുതിർത്തിട്ട് സജ്ജൻ പറഞ്ഞു “മിസ്. കന്യാ, ഐ സിമ്പതൈസ് വിത് യൂ...”

“താങ്ക്സ്, പക്ഷേ എനിക്കു സഹതാപത്തിന്റെയാവശ്യമില്ല. എന്റെ സമരം ഞാൻ സ്വയം ചെയ്തു കൊള്ളാം. ഞാനീപറഞ്ഞതിന്റെയെല്ലാം അർഥം ഇത്രമാത്രമാണ് – അതായത് ഒരു വശത്ത് സംസ്ക്കാരം അജന്ത എല്ലോറ തുടങ്ങിയ അചേതനമായ പർവതങ്ങളിൽ ചൈതന്യം പകർന്നു. അതോടൊപ്പം മറ്റുചില സമ്പ്രദായദോഷങ്ങൾ ചൈതന്യവത്തായ മനുഷ്യനെ മരവിച്ച പാറകളാക്കിമാറ്റി. നമ്മുടെ മഹത്തായ ആദർശങ്ങൾ സമൂഹത്തിൽ ഒരു ഭാഗത്ത് അതിന്റെ സത്ഫലങ്ങൾ പ്രകടിപ്പിച്ചിരുന്നിട്ടും അതൊരു പുതിയ ശക്തിയായി മാറിയില്ല. എന്താണതിനു കാരണം? വ്യക്തികൾ ഇത്രമാത്രം ആദർശനിഷ്ഠയുള്ളവരായിരുന്നിട്ടു കൂടി നമുക്കൊരു നാഷണൽ കാരക്ടർ ഇല്ലാതെ പോയതെന്ത്?”

സജ്ജനതു രസിച്ചില്ല. “നമുക്കൊരു നാഷണൽ കാരക്ടരില്ലെന്ന് പറയുന്നത് ഞാനംഗീകരിക്കുന്നില്ല. സ്വഭാവശുദ്ധിയില്ലാത്ത ഒരു രാഷ്ട്രത്തിൽ വ്യാസനും വാല്മീകിയും കാളിദാസനും പോലുള്ള മഹാകവികൾ ഉണ്ടാകില്ല. ഇന്നുനമുക്കു കാണാൻ കഴിയുന്ന മഹാശില്പങ്ങൾ കാണുമായിരുന്നില്ല. നമ്മുടെ ചരിത്രത്തിൽ അശോകനെപ്പോലുള്ള രാജാക്കന്മാരുണ്ട്. ബുദ്ധൻ, മഹാവീരൻ, ഗാന്ധി തുടങ്ങിയ പേഴ്സനാലിറ്റികൾ വന്നു. ഒരു പക്ഷേ നിങ്ങൾ സ്വന്തം വീട്ടിലെ അന്തരീക്ഷം കാരണം ഹിന്ദുസ്ഥാനിലൊട്ടാകെ ദോഷങ്ങൾ കാണുകയാവും. ഞാൻ അങ്ങനെ കാണുന്നില്ല. എനിക്ക് എന്റെ അമ്മയുടെ മാതൃകയുണ്ട്–ലോകത്തിൽ വേറെ പലരുടെയും ഉദാഹരണമുണ്ട്. ഇന്നു രാവിലത്തെ കാര്യം തന്നെയെടുക്കാം. ഇവിടെ ഗുണോമലിന്റെ വീട്ടിൽ പണ്ഡിത് ശിവനാഥ് ശാസ്ത്രി വന്നിട്ടുണ്ട്. വലിയ പണ്ഡിതനാണ്. ഞാൻ കാണാൻ പോയിരുന്നു. നമ്മുടെ പാരമ്പര്യങ്ങളെക്കുറിച്ച് അദ്ദേഹം പറയുന്നത് കേട്ട് ഞാൻതന്നെ അതിശയിച്ചുപോയി. അപ്പോൾ നിങ്ങൾ പറഞ്ഞത് എങ്ങനെ സത്യമായി കണക്കാക്കും?”

ചായക്കപ്പ് നീട്ടിക്കൊണ്ട് കന്യ പറഞ്ഞു. “ഞാനതു നിരസിക്കുന്നില്ല. പക്ഷേ ഒന്നുണ്ട്. നമ്മുടെ സാമൂഹിക പ്രവാഹത്തിൽ ഏതോ ഒരു എതിർധാരകൂടി പ്രവഹിക്കുന്നുണ്ട്. അതാണ് നൈസർഗികമായ ഈ സൗന്ദര്യത്തിന്റെ കണ്ണു

കുത്തിപ്പൊട്ടിക്കുന്നത്. പഞ്ചസാര മതിയോ?....."

"മതി. ലേശം കൂടുതലാണ്. രണ്ടു കരണ്ടി ഇട്ടെന്നു തോന്നുന്നു. ഏതിനും മധുരം എനിക്ക് രസിക്കുന്നുണ്ട്."

തമാശമനസ്സിലാക്കിയെങ്കിലും കന്യ അത് അറിഞ്ഞില്ലെന്നു നടിച്ചിട്ട് പറഞ്ഞു "നോക്കൂ, ഈ സത്യനാരായണന്റെ കഥ തന്നെ എടുക്കാം. ഇതിലെന്താണുള ളത്? കോടിക്കണക്കിനു വീടുകളിൽ ഭക്തിയോടെ ഈ കഥ വായിക്കുന്നുണ്ട്. എന്താണ് ഈ കഥയുടെ മോറൽ? ഞാനും വായിച്ചിട്ടുണ്ട്. അതിൽ സത്യവു മില്ല, നാരായണനുമില്ല."

കൃത്രിമമായ അസ്വസ്ഥത പ്രകടിപ്പിച്ചുകൊണ്ട് സജ്ജൻ പറഞ്ഞു "പിന്നെ, എപ്പോഴും ഈ കമ്യൂണിസം എനിക്കു പിടിക്കില്ല." പെട്ടെന്ന് എന്തോ ഓർമ്മി ച്ചിട്ടെന്നോണം "അല്ല നിങ്ങൾ ഉണ്ടില്ലല്ലോ..."

"അതിനിപ്പോഴല്ലേ പ്രാതൽ കഴിച്ചത്."

"കൊള്ളാം. അതെന്താവാൻ? മണി രണ്ടാകാറായി. ഇത്രയുംനേരം ഒന്നും കഴിക്കാതിരുന്നാൽ വീട്ടിലുള്ളവർ ദേഷ്യപ്പെടില്ലേ?"

ചായ കുടിക്കുകയാണെന്ന ഭാവത്തിൽ കന്യ മൂകയായിരുന്നു. പിന്നെ ചിന്താ ഭാവത്തിൽ പറഞ്ഞു. "മുമ്പൊക്കെ ദേഷ്യപ്പെടാറുണ്ടായിരുന്നു. മിനിയാന്നു മുതൽ വീടുമായി ബന്ധംതന്നെയില്ലാതായില്ലേ?"

കണ്ണുകൾ ചോദ്യഭാവത്തിൽ അവളുടെ മുഖത്തു നട്ട് സജ്ജൻ നിമിഷനേര മിരുന്നു.

കന്യ തുടർന്നു "എന്നെ വീട്ടിൽ നിന്ന് പുറന്തള്ളി."

"ങേ, എപ്പോൾ?"

"മിനിയാന്നു തന്നെ."

"എന്താ, വിശേഷം വല്ലതുമുണ്ടായോ?"

"ങാ. വിശേഷിച്ചൊരു കാര്യമുണ്ടായി. ബാബു സാലിഗ്രാമിന്റെ നിർദേശപ്ര കാരം എന്റെ വീട്ടിലുള്ളവരെല്ലാം അവരുടെ സ്റ്റേറ്റുമെന്റിൽ എന്റെ അച്ഛന്റെ സ്വഭാവം ഈശ്വരതുല്യമാണെന്ന് വിവരിച്ചു. ഭല്ലേബാബുവിനെയും ചേട്ടത്തി യെയുമാണ് എല്ലാവരും പഴിച്ചത്. പക്ഷേ, പോലീസിന് അങ്ങിനെ മൊഴി കൊടു ക്കാൻ ഞാൻ വിസമ്മതിച്ചു."

"സ്കൗണ്ട്രൽസ്. പിന്നെ നിങ്ങൾ ഇപ്പോൾ എവിടെ താമസിക്കുന്നു? കമ്യൂ ണിസ്റ്റു പാർട്ടി...."

"അല്ല. മിനിയാന്ന് രാത്രി മുതൽ ഇന്നലെ ഉച്ചവരെ ഒരു കൂട്ടുകാരിയുടെ വീട്ടിലായിരുന്നു. പിന്നെ അവളുടെ വീട്ടുകാർക്ക് ഞാനവിടെ കഴിയുന്നത് ആപ ത്താണെന്നു തോന്നി. അപ്പോൾ ഇന്ത്യൻ പീപ്പിൾസ് തിയേറ്ററിലെ ഒരു കോമ്രേഡിന്റെ വീട്ടിലേക്കു പോയി. ഇനിയെങ്ങോട്ടു പോകുന്നുവെന്നും എന്താ കുമെന്നും കണ്ടുതന്നെ അറിയണം". എത്ര അടക്കാൻ ശ്രമിച്ചിട്ടും ഒതുങ്ങി നില്ക്കാത്ത ഒരു നിശ്വാസം അവളിൽ നിന്ന് പൊട്ടി ഉയർന്നു.

സജ്ജൻ ഉത്തേജിതനായി പറഞ്ഞു. "വേണ്ട. നിങ്ങളൊരുവിധത്തിലും ബുദ്ധി മുട്ടണ്ട. എനിക്കിത്രയും വീടുകൾ......"

"താങ്കളുടെ വീട്ടിൽ എനിക്കു കഴിയാനാവില്ല."

"അതെന്ത്?"

"അതെന്തെന്നു പോലും ചിന്തിക്കുന്ന പ്രശ്നമേയില്ല."

സജ്ജൻ ഗൗരവം പൂണ്ടു. "നിങ്ങളുടെ മാനസികാവസ്ഥ ഞാൻ മനസ്സിലാക്കുന്നു. ഇതുവരെ നിങ്ങൾക്കുചുറ്റും കണ്ടതു വച്ചു നോക്കുമ്പോൾ ബുദ്ധിയുള്ള ഏതൊരു സ്ത്രീയും നിങ്ങളെപ്പോലെ പുരുഷനെ സംശയത്തോടും വെറുപ്പോടുമേ നോക്കൂ. ഞാൻ പുരുഷനാണ്. ചീത്തയുമാണ്. വിത്ത് യുവർ പെർമിഷൻ, മിസ് കന്യാ, എന്നിൽ ചില നല്ല ഗുണങ്ങളുമുണ്ട്."

കുമ്പിട്ടിരുന്ന കൺപോളകൾ ഉയർത്തി അയാളുടെ മുഖത്തേക്കു ഒന്നു നോക്കിയിട്ടവൾ പുഞ്ചിരിച്ചു. എന്നിട്ട് പറഞ്ഞു "അതറിഞ്ഞിരുന്നില്ലെങ്കിൽ ഇന്നു ഞാൻ അങ്ങയുടെയടുത്ത് സഹായത്തിനു വരുമായിരുന്നോ?"

"എങ്കിൽ ശരി. എണീക്കൂ. പോകാം."

"എവിടെ?"

"എന്റെ വീട്ടിൽ. ഇന്ന് യേശുദേവന്റെ ജന്മദിനമാണ്. എന്റെ വീട്ടിൽ നിങ്ങളിന്ന് അതിഥിയാണ്."

"എനിക്ക് ആ പാവപ്രദർശനം കാണാൻ പോകണം."

സജ്ജൻ പറഞ്ഞു "അതിനെന്ത്? ഞാനും കൂടെ വരാം. എന്നാൽ അതിനു മുമ്പ് മഹിപാലിനെയും കർണലിനെയും കൂടി വിളിക്കാം."

"സജ്ജൻജി, ഞാൻ......"

"ഇതാ ഇക്കാര്യത്തിൽ ഇനി എനിക്കൊന്നും കേൾക്കേണ്ട. ഈ ക്ഷണം സ്വീകരിച്ചേ പറ്റൂ. എന്താ ഇതുവരെ പുരുഷന്മാരോടൊപ്പം ഇരിക്കുകയും നടക്കുകയും ചെയ്തിട്ടില്ലേ? പിന്നെ ഇപ്പോൾ...? അതുമല്ല, ഈ നോട്ടീസിന്റെ കാര്യത്തിന് കർണലിനെ കാണാനുമില്ലേ?"

അനേകം സ്ത്രീകളോട് അടുത്തു പെരുമാറിയിട്ടുണ്ടെങ്കിലും കന്യയുമൊത്ത് പുറത്തേക്കിറങ്ങിയ സജ്ജന് അന്നുണ്ടായ സന്തോഷം തികച്ചും പുതിയ ഒന്നായിരുന്നു. അയാൾ സ്ത്രീയെ ആദരിക്കാൻ പഠിക്കുകയാണ്......

13

നവവത്സരത്തിന്റെ നാൾവഴിയിൽ 51 ലെ ഒരു വാർത്ത 'നീക്കിയിരിപ്പു'തുകയെന്ന പോലെ കടന്നുവന്നു. തെരഞ്ഞെടുപ്പു കൃഷിയിറക്കിന്റെ ഒച്ചപ്പാടിനും ബഹളത്തിനുമിടയിലും ആധുനിക ജനാധിപത്യ സമൂഹത്തിന്റെ ഈ 'ശാശ്വത'വാർത്ത ഡിസംബർ 31 ലെ പത്രങ്ങളിൽ അച്ചടിച്ചത് ലഖ്നൗ നഗരത്തിലെ മാനവസമൂഹത്തെ ഞെട്ടിപ്പിച്ചു.

നഗരത്തിന്റെ ഒറ്റത്ത് റയിൽവേ ലൈനിന് സമീപം ഒരു ചീഞ്ഞഴുകിയ പ്രേതം കണ്ടുകിട്ടിയിരിക്കുന്നു. പട്ടികൾ വലിച്ചു വെളിയിലിട്ടതാണ്. ഹൃദയം മരവിപ്പിക്കുന്ന ആ ദൃശ്യം കുട്ടികളുടെ കണ്ണിൽ പെട്ടതോടെ നഗരത്തിൽ കോലാഹലമായി. ഏകദേശം ഇരുപത്തിയഞ്ചു വയസ്സു വരുന്ന ഒരു യുവതി; ആകാശനീലിമയുടെ നിറത്തിലുള്ള വോയിൽ സാരിയും പ്ലാസ്റ്റിക് വളകളും അണിഞ്ഞിട്ടുണ്ട്. ചീഞ്ഞളിഞ്ഞ ആ മൃതദേഹം രണ്ടുമൂന്നു ദിവസമായി ഓടയിൽ കിടന്നിരിക്കണം. യുവതിയുടെ കാലിൽ ധരിച്ചിരുന്ന ഒരു വെള്ളപ്ലാസ്റ്റിക് ചപ്പലും

അടുത്തു തന്നെ കിടപ്പുണ്ട്.

പുതുവത്സരാരംഭത്തിനു മുമ്പു തന്നെ ഹതഭാഗ്യയായ ഈ യുവതിയെക്കുറിച്ചുള്ള ചർച്ച തെരുവിലും കമ്പോളത്തിലും പരന്നു. അങ്ങിങ്ങ് കൊലയും കവർച്ചയും ബലാൽസംഗവും നടക്കുന്നതു ജനങ്ങൾ ഇടയ്ക്കിടെ അറിയാറുള്ളതാണ്; കേൾക്കാറുമുണ്ട്. അതിനാൽ തെരഞ്ഞെടുപ്പിന്റെ അന്തരീക്ഷത്തിൽ ഈ വാർത്തയും കോൺഗ്രസ് സർക്കാരിനെതിരെയുള്ള ഒരു ആരോപണമായി പരന്നു. യുവതി ആരാണെന്നു കണ്ടുപിടിക്കാൻ പോലീസിനിതുവരെ കഴിഞ്ഞിട്ടില്ല. ഹിന്ദുവാണെന്ന് ചിലർ. അല്ല മുസ്ലീമാണെന്ന് മറ്റു ചിലർ. ഈ നഗരത്തിൽ തന്നെയുള്ള സ്ത്രീയാണെന്നാണ് മറ്റു ചിലരുടെ അഭിപ്രായം. അതല്ല തീവണ്ടിയിൽ വച്ചു കഴുത്തുഞെരിച്ചോ വിഷം കൊടുത്തോ കൊന്നെറിഞ്ഞതാണെന്ന് തെളിയിക്കാൻ ശ്രമിക്കുകയാണ് മറ്റു ചിലർ. കൊലയ്ക്കുള്ള കാരണങ്ങളെക്കുറിച്ചും ഭിന്നാഭിപ്രായമാണ്. വായെത്രയോ അത്രയും അഭിപ്രായങ്ങളും ഉണ്ടായി. അഭിപ്രായം പറയുകയും അവരവരുടെ തൊഴിൽ നോക്കുകയുമാണവർ. നവവത്സരത്തിലെ പ്രഥമദിനം പോലും കഴിഞ്ഞ വർഷത്തിലെ സകല ദിവസങ്ങളെയും പോലെ തന്നെ ഓരോ വ്യക്തിയുടെയും ഹൃദയത്തിൽ സർപ്പമായി ചീറിയാടുകയാണ്. സാധാരണക്കാരന്റെ ജീവിതം സാമ്പത്തിക പരാധീനതയുടെ തല്ലേറ്റ് പൂഴിമണൽ പോലെ ചിതറി. ലാഭേച്ഛുക്കൾ 1952 ലെ നവവത്സര ദിവസമായ അന്നു മണ്ണു പിഴിഞ്ഞ് എണ്ണയെടുക്കുന്ന ശ്രമത്തിൽ പതിവു പോലെ മുഴുകിയിരിക്കുകയാണ്. ഉപ്പിനും എണ്ണയ്ക്കും വിറകിനും വേണ്ടിയുള്ള വിളിയാണ് ചുറ്റും. അതിനിടയിലാണ് തെരഞ്ഞെടുപ്പിന്റെ ചൂടുകാറ്റ് മുകളിൽ നിന്ന് വീശിയടിക്കാൻ തുടങ്ങിയിരിക്കുന്നത്. ഓരോ വാർഡിലും തെരുവിലും നിരത്തിലുമെല്ലാം രാഷ്ട്രീയപാർട്ടികളുടെ ഉച്ചഭാഷിണികൾ താന്താങ്ങളുടെ കക്ഷികളുടെ ഗുണഗണങ്ങൾ ഉച്ചൈസ്തരം വിളിച്ചറിയിച്ച് ചെവിപൊട്ടിക്കുന്നു. ഞാൻ, നീ, അവൻ തുടങ്ങി അന്യോന്യം ചെളിവാരി എറിയുന്ന പുണ്യകർമത്തിൽ എല്ലാവരും എല്ലാം മറന്ന് മുഴികിയിരിക്കുകയാണ്.

പീഡനവിധേയയായ ഒരു വേശ്യ മനസ്സിലെ ദുഃഖം മനസ്സിൽ തന്നെ മറച്ചുവച്ച് വയറിന്റെ വിളിയടക്കാനായി അണിഞ്ഞൊരുങ്ങി വരിക്കാരെയും കാത്ത് മേടയിൽ ഇരിക്കും പോലെ, നവവത്സരരാത്രി അണിഞ്ഞൊരുങ്ങി നിൽക്കുന്നു.

കടം വാങ്ങി വിവാഹവും പൂണൂൽ കല്യാണവും ജീവിതോത്സവവും കൊണ്ടാടുന്ന അഭിമാനികളായ ആളുകളുടെ വീടുകളിലെന്നപോലെ ഒച്ചയും ബഹളവും അലങ്കാരങ്ങളുംകൊണ്ട് വർണപ്പൊലിമയാർന്നു നില്ക്കുകയാണ് തെരുവും കമ്പോളങ്ങളും. പുറമേയുള്ള ഈ മോടിയുടെയും ആർഭാടത്തിന്റെയും ഉള്ളിൽ വേദനയുടെയും ചിന്തയുടെയും ചിത ആളിക്കത്തുകയും!

നാൽക്കവലയുടെ നാലുവശത്തും ബസുകളും മോട്ടോർ കാറുകളും കുതിരവണ്ടികളും റിക്ഷാകളും കാൽനടക്കാരും അടങ്ങുന്ന ജനപ്രവാഹം അവിരാമം നീങ്ങിക്കൊണ്ടിരിക്കുകയാണ്. പാപ്പരായ ഒരു സേട്ടുവിന്റെ ഫാക്ടറി പ്രവർത്തിക്കും പോലെ. ഫാക്ടറിയുടെ ശബ്ദം കേൾക്കുമ്പോൾ പുറത്തുള്ളവർ കരുതും, അകത്ത് പണിനടക്കുകയാണെന്ന്; പുതിയ ഉല്പാദനം നടക്കുന്നുവെന്ന്. പക്ഷേ അകത്തു കുറഞ്ഞ ഉല്പാദനത്തിനുവേണ്ടി കൂടിയ മാനവശേഷി പാഴാക്കിക്കളയുകയുമാണ്. സേറുവിന്റെ മാനം കാത്തുസൂക്ഷിക്കാൻ

വേണ്ടി മാത്രമാണീ പണി. പുറംപൂച്ചുമാത്രമുള്ള മുതലാളിത്ത വികാസത്തിന്റെ ലക്ഷ്യഹീനമായ ഈ യാത്ര എത്ര നാൾ കൂടി ഇങ്ങനെ തുടരും? അതിലിനി എത്ര പ്രാണൻ ശേഷിച്ചിട്ടുണ്ട്?

ചായക്കടകളിലും മുറുക്കാൻ കടകളിലും നിന്ന് റേഡിയോയിലെ വാർത്ത ഉച്ചത്തിൽ മുഴങ്ങുകയാണ്. ബസാർ വിട്ട് വീടുകൾ നിറഞ്ഞ വഴിയിലേക്കു കടന്നിട്ടും റേഡിയോയുടെ ശബ്ദം അവിരാമം കേൾവിക്കാരുടെ ചെവിയിലെത്തുന്നുണ്ട്. ചില നിരത്തിലാകട്ടെ ഒരറ്റം മുതൽ മറ്റേ അറ്റം വരെയുള്ള ഓരോ വീട്ടിലും നിന്നുയരുന്ന റേഡിയോ ശബ്ദം, സമൂഹത്തിന്റെ ശബ്ദം, ഏകസ്വരത്തിൽ പ്രതിധ്വനിപ്പിക്കുംവണ്ണം ഓരോ ചുവടുവയ്പിലും കേൾപ്പിക്കുകയാണ്. സ്പോർട്സ് വാർത്തയിലെത്തിയപ്പോൾ 'കൽക്കത്തയിൽ ഭാരതവും ഇംഗ്ലണ്ടും തമ്മിൽ നടക്കുന്ന മൂന്നാമത്തെ ടെസ്റ്റ് മാച്ചിന്റെ മൂന്നാം ദിവസമാണിന്ന്. റായ്, ഉമറീശൻ, ഹസ്സാരെ എന്നിവർ ഒരു മണിക്കൂറിനുള്ളിൽ 18 റൺസ് കൂട്ടിച്ചേർക്കുന്നതിനിടയിൽ പുറത്തായി. മഞ്ചേക്കർ എടുത്ത 48 റൺസാണ് ഇന്നത്തെ വിരസമായ കളിയിൽ ഒട്ടൊരാവേശം പകർന്നത്. കാലാവസ്ഥ, നാളെ വൈകുന്നേരം വരെയുള്ള സൂചന..."

റേഡിയോയിൽ സമയ സൂചന അറിയിക്കുന്ന 'പിപ്' മുഴങ്ങി. പുതിയ പരിപാടി തുടങ്ങുന്നതും പ്രതീക്ഷിച്ച് സജ്ജന്റെ ഡ്രായിംഗ് റൂമിൽ വനകന്യയും സജ്ജനും അടുത്തടുത്ത് അന്യോന്യം ഇമവെട്ടാതെ നോക്കിയിരിക്കുകയാണ്. നാലഞ്ചുദിവസം കൊണ്ട് തുറന്നു നോക്കുന്നതിലവർക്ക് മടിയില്ലാതായിട്ടുണ്ട്. റേഡിയോയിൽ നിന്ന് സൂചന ഉയർന്നു:

"ആകാശവാണി, ലഖ്നൗ, അലാഹാബാദ്, പാറ്റ്നാ നിലയം... അടുത്തതായി പരാഗ്... ഈ സാഹിത്യപരിപാടിയിൽ ഇന്ന് ശ്രീ മഹിപാൽ ശുക്ല അദ്ദേഹമെഴുതിയ കഥ വായിക്കുകയാണ്. കഥ 'പുതിയ യുഗം വരുമ്പോൾ...' ശ്രീ മഹിപാൽ ശുക്ല..."

സജ്ജൻ സോഫയിൽ ചാരിയിരുന്നു കണ്ണുകൾ അടച്ചു. കന്യ റേഡിയോയിലേക്കു തന്നെ നോക്കിയിരുന്നു; ശബ്ദത്തിലൂടെ മഹിപാലിന്റെ രൂപം ദൃശ്യമാകുന്നുണ്ടെന്ന മട്ടിൽ. ആഴത്തിൽ നിന്നുയരുന്ന ശബ്ദമാണ് മഹിപാലിന്റേത്. ഓജസ്സും മാധുര്യവുമുണ്ട്. മുഴക്കത്തോടെയാണാ ശബ്ദം പ്രവഹിക്കുന്നത്. എങ്കിലും സ്വരത്തിൽ ക്ഷീണം കലർന്നിട്ടുണ്ട്. ഇഴച്ചിഴച്ചു സംസാരിക്കുകയാണ്. തന്മൂലം റേഡിയോയിൽ ഒരിടർച്ചയായി അത് അനുഭവപ്പെടുന്നു.

കണ്ണുതുറന്നിട്ട് സജ്ജൻ കന്യയോടു പറഞ്ഞു "ആ ടോൺ ഒന്നു ശരിയാക്കൂ... താങ്ക് യൂ..."

മഹിപാൽ കഥ കേൾപ്പിക്കുകയാണ്. ആദിയുഗത്തിലെ ശക്തിയെയും മഹത്വത്തെയും ചൊല്ലിയുള്ള സ്ത്രീപുരുഷസംഘർഷമാണ് വിഷയം. കഥ തീർന്നു.

"ശ്രീ മഹിപാൽ ശുക്ല അദ്ദേഹത്തിന്റെ കഥ വായിച്ചതാണ് നിങ്ങളിതുവരെ കേട്ടത്...." ഉറക്കച്ചടവാർന്ന സ്വരത്തിൽ ഏതോ സ്ത്രീ ഉരുവിടുകയാണ്.

"കഥ എങ്ങനെയുണ്ടായിരുന്നു?" എഴുന്നേറ്റു ടെലിഫോണിനടുത്തേക്കു പോകുന്നതിനിടയിൽ സജ്ജൻ കന്യയോടു ചോദിച്ചു.

"രസമുണ്ട്...ഒരുവിധം തരക്കേടില്ല." കന്യ അപ്പോഴും കഥയെക്കുറിച്ചു ചിന്തിക്കുകയായിരുന്നു.

സജ്ജൻ റേഡിയോ സ്റ്റേഷനിലേക്കു വിളിച്ചിട്ട് ഡ്യൂട്ടി ആഫീസറോട് മഹിപാലിനെ ഫോണിൽകിട്ടിയാൽ കൊള്ളാമെന്നഭ്യർഥിച്ചു.

കന്യ സോഫയിൽനിന്നെഴുന്നേറ്റിട്ട് റേഡിയോഗ്രാമിനടുത്തെത്തി. എന്നിട്ട് സജ്ജനോട് ചോദിച്ചു. "അങ്ങയ്ക്ക് ഈ വിചാരരീതി ഇഷ്ടപ്പെട്ടോ?"

റിസീവർ ചെവിയിൽ ചേർത്തു പിടിച്ചുകൊണ്ട് നിഷേധാർഥത്തിൽ തലയാട്ടിയിട്ടയാൾ പറഞ്ഞു "എനിക്ക്, എന്റെയും എന്നെപ്പോലുള്ളവരുടെയും വിചാരരീതികളാണിഷ്ടം. ങാ, ഹലോ, എന്താ, മഹാനായ എഴുത്തുകാരാ, ഈയിടെ ദിവസം ചെല്ലുന്തോറും പ്രശസ്തി ഏറിവരികയാണല്ലോ...അതെന്തെന്നോ...അതിനുത്തരമായി പത്ത് നല്ല ചൂടുള്ളതു പറയാനാണുതോന്നുന്നത്...നാണമില്ലേ? ആറുദിവസമായി തന്നെ ഒന്നു കണ്ടിട്ട്. രാവിലെയോ വൈകിട്ടോ കാണാനില്ല. ങാ...ങാ...ഓഹോ, അപ്പോൾ ഒരുപാടു കഷ്ടപ്പെട്ടിരിക്കുമല്ലോ. ഭാഗ്യവാനേ, അതാണു പറഞ്ഞത് അധികം കുടിക്കരുതെന്ന്. ഹ.ഹ.ഹ. വെരിഗുഡ്..വരൂ.. എന്റെ അഭിപ്രായമോ? എന്റെ അഭിപ്രായത്തെക്കാൾ കൂടിയ അഭിപ്രായം കേട്ടോളൂ. അതോ, ഭാഗ്യവാനായ താങ്കളുടെ ഒരുഫാൻ.. വളച്ചുകെട്ടില്ലാതെ പറഞ്ഞാൽ ഒരു ആരാധിക-അവരുടെ അഭിപ്രായം കേൾപ്പിക്കും (റിസീവറിന്റെ മൗത്ത്പീസ് അല്പമൊന്നു താഴ്ത്തിയിട്ട്) കം ഹിയർ, കന്യ, ഐ വിൽ ഇൻട്രഡ്യൂസ് യൂ ടു യുവർ മോസ്റ്റ് ഫേവററ്റ് ആഥർ."

റേഡിയോയുടെ ശബ്ദം കുറച്ച്, ടെലിഫോൺസംസാരം ശ്രദ്ധിച്ചുകൊണ്ട് റേഡിയോയുടെ സൂചി ഹിന്ദുസ്ഥാനിലൊട്ടാകെ തിരിക്കുകയായിരുന്നു കന്യ. സജ്ജൻ അവളെ വിളിക്കുമ്പോൾ റേഡിയോയിൽ എതോ മധുരകണ്ഠത്തിൽ നിന്ന് കർണാടക സംഗീതത്തിന്റെ നാദധാര പ്രവഹിക്കുകയായിരുന്നു. കന്യ നേരിയനാണത്തോടെ ടെലിഫോണിനടുത്തേക്കുവന്നു.

സജ്ജൻ വീണ്ടും മഹിപാലിനോടു പറഞ്ഞു "ഇതാ, എത്തി. ഇത് മിസ് വനകന്യ. മറുവശത്ത് എന്റെ മരമണ്ടസുഹൃത്ത്" റിസീവർ അയാൾ വനകന്യയുടെ കയ്യിൽ കൊടുത്തു.

കന്യ പുഞ്ചിരിയോടെ അതു വാങ്ങിയിട്ട് മഹിപാലിനോട് സംസാരിക്കാൻ തുടങ്ങി. "നമസ്ക്കാരം, സാർ (ചിരി) ഇല്ല. ഞാനങ്ങനെ കരുതുന്നില്ല. നിങ്ങൾ രണ്ടും സുഹൃത്തുക്കൾ. അന്യോന്യം എന്തും വിളിക്കാം. ഞാനാണെങ്കിൽ, നിങ്ങൾ രണ്ടുപേരുടെയും കലയെ ആദരിക്കുന്നവൾ.. നന്നായിരുന്നു...സത്യം..വളരെ നന്നായെന്ന് പറയില്ല...അങ്ങ് എഴുതിയ 'ദേവത' എന്ന കഥ വളരെ നന്നായിരുന്നു."

പെട്ടെന്ന് മേൽക്കൂരയുടെ നേരെ മുകളിലൂടെ ഒരു വിമാനം വലിയ ശബ്ദമുണ്ടാക്കിക്കൊണ്ട് കടന്നുപോയി. ചെവി പൊട്ടിപ്പോകുന്ന ശബ്ദം. വനകന്യ വീണ്ടും സംഭാഷണം തുടങ്ങി. അതിനിടയ്ക്കു മറ്റൊരു വിമാനം വന്നുചാടി. അത്രയും താണ്, അതിലേറെ ശബ്ദത്തോടെ. വനകന്യക്കു സംസാരം കേൾക്കാൻപോലും വിഷമമായി. സജ്ജൻ കൗതുകത്തോടെ അതെന്തെന്നറിയാനായി ബാൽക്കണിയിലേക്കു പോയി.

"ഞാനിപ്പോൾ സജ്ജന്റെ വീട്ടിലെത്തിയേക്കാം" എന്നുപറഞ്ഞിട്ട് മഹിപാൽ റിസീവർ താഴെവച്ചു. രണ്ടു വിമാനങ്ങൾ അത്ര താണു പറന്നതു കാരണം മഹിപാലും റേഡിയോ സ്റ്റേഷനിലുള്ളവരും പരിഭ്രമിച്ചു. അതിനിടെ മഹിപാലി

നായി മറ്റൊരു ഫോൺ വന്നു. കർണലാണിത്തവണ സംസാരിച്ചത്.

മഹിപാൽ പറഞ്ഞു "ഞാനിവിടെത്തന്നെയായിരുന്നു. ഹും. എന്തിന്? ഞാൻ സജ്ജന്റെയടുത്തേക്കു പോകുന്നു.. എയറോഡ്രോമിൽനിന്നു സംസാരിക്കുന്നോ? അവിടേക്കു കെട്ടിയെടുത്തതെന്തിന്?" ആകാശത്ത് വീണ്ടും വിമാനത്തിന്റെ ശബ്ദം മുഴങ്ങി. ഒന്നിനുപിറകിൽ മറ്റൊന്നായി. അത്രയും ഒച്ചയിൽ. നാശം!

വിമാനം വട്ടമിട്ടുപറക്കുകയാണ്. നഗരമാകെ ചുറ്റി. തണുപ്പുകാലരാത്രി. അൻപത്തിരണ്ടിലെ ആദ്യദിവസം. രാത്രിയിലെ ആകാശകോലാഹലം ആളുകളെയാകെ അമ്പരപ്പിച്ചു. അഞ്ചുമിനിട്ടോളം വിമാനങ്ങൾ വട്ടമിട്ടുപറന്നു. അടയ്ക്കാൻ തുടങ്ങിയ കടകൾ അങ്ങനെ തന്നെ നിന്നുപോയി. ആയിരക്കണക്കിനു കമ്പിളികൾ കിടക്കയിൽ വൈധവ്യമാർന്നു. കടയിലും കമ്പോളത്തിലും കവലയിലും തെരുവിലും റോഡറ്റത്തും മധ്യത്തും മേടയിലും മട്ടുപ്പാവിലും എല്ലാം മനുവിന്റെ വംശപരമ്പരക്കാർ പരന്നു. ബഹളമായി.

പിന്നെ ഒച്ചപ്പാടായി "നോട്ടീസ് വിതറുകയാണെന്ന്". സുമംഗലിയുടെ മുഖശോഭ കണക്കെ തിളങ്ങിയിരുന്ന നിലാവെളിച്ചത്തിൽ വെളുത്ത പ്രാവുകളെപ്പോലെ എണ്ണമറ്റ കടലാസുകഷണങ്ങൾ പറന്നു നടന്നു.

പട്ടണത്തിലെ തെരുവിലും ഇടവഴിയിലും വീടുകളുടെ മട്ടുപ്പാവിലും മുറ്റത്തും ആകാശത്തു നിന്നുള്ള ഈ വരദാനമേറ്റുവാങ്ങാനായി ആയിരം കരങ്ങളുയർന്നു. തെരുവിൽ വൈദ്യുതവിളക്കുകാലിന്റെ മേൽവരെ അവയെത്തിയപ്പോഴാണ് അവയെല്ലാം ചെറിയ പുസ്തക രൂപത്തിലുള്ള ലഘുലേഖയാണെന്നാളുകൾ കണ്ടത്.

കയ്യിലതു കിട്ടിയവർ ഡർബി ഭാഗ്യക്കുറി അടിച്ചവരെപ്പോലെയായിരുന്നു. അങ്ങിങ്ങ് പിടിയും വലിയുമായി. ഉന്തും തള്ളും നടന്നു. ശകാരവും തെറിവിളിയും മുഴങ്ങി. പുസ്തകം കിട്ടിയവർ ഉത്സാഹം കൊണ്ട് തുള്ളിച്ചാടി. ഹിന്ദിമാത്രമറിയാവുന്ന ചിലർക്ക് ഉർദുവിലുള്ളതുകിട്ടി. അവർ ഉർദു വായിക്കാനറിയാവുന്നവരെ തേടിനടന്നു തുടങ്ങി. ഉർദു അറിയുന്നവർക്ക് ഹിന്ദി പുസ്തകമാണു കിട്ടിയത്. അവർ വീട്ടിലേക്കോടി. സ്ക്കൂളിൽ പഠിയ്ക്കുന്ന കുട്ടികളെ വിളിച്ചുണർത്താൻ തുടങ്ങി. പള്ളിക്കൂടത്തിൽ ഇപ്പോൾ സാധാരണയായി ഹിന്ദിയിലാണു പഠിപ്പിക്കുന്നത്. എത്രത്തോളം ആളുകളുണ്ടായിരുന്നോ അത്രത്തോളം പ്രവർത്തനങ്ങളും ഉണ്ടായി.

ഇത്തരം സന്ദർഭങ്ങളിൽ ആളുകളുടെ തിടുക്കവും ആവേശവും അത്ഭുതകരമാണ്. പെട്ടെന്നുതന്നെ ഒരു പ്രചരണരേഖ നേടിയെടുക്കാൻ വേണ്ടി അവർ പെട്ടപാട് ചില്ലറയൊന്നുമല്ല. കാര്യമെല്ലാം നടന്നു കഴിഞ്ഞു. ഇപ്പോഴവർ ചെറിയ ചെറിയ സംഘങ്ങളായി കൂടിയിരുന്നു ലഘുലേഖ വായിക്കുകയാണ്.

ചെറുഗ്രന്ഥത്തിന്റെ ആദ്യപുറത്ത് മൂടുപടമിട്ട മൂന്നു സ്ത്രീകളുടെ പെൻസിൽ സ്കെച്ചിന്റെ ബ്ലോക്കാണ്. അതിനുതാഴെ വലിയ അക്ഷരത്തിൽ അച്ചടിച്ചിരിക്കുന്നു.

"മൂടുപടം വലിച്ചുമാറ്റുവിൻ" ലേഖിക, കുമാരി വനകന്യ.

തന്റെ വീട്ടിലെ ദുരന്ത സംഭവം പച്ചയായി വിവരിച്ചുകൊണ്ട് ഒടുവിൽ ലേഖിക എഴുതിയിരിക്കുകയാണ്. "പുരുഷ സമൂഹത്തോട് എനിക്കൊന്നും പറയാനില്ല. പിടിച്ചുപറിക്കുവാൻ പഠിച്ചവർ സ്വന്തം സ്വഭാവം എളുപ്പം മാറ്റുകയില്ലല്ലോ. എനിക്ക് എന്റെ സഹോദരിമാരോടാണു പറയാനുള്ളത്. സ്ക്കൂളുകളിലും

കോളേജുകളിലും പഠിക്കുന്നവരും പഠിപ്പിക്കുന്നവരും ആയ സഹോദരിമാരോടും, വീടിന്റെ നാലുചുവരുകൾക്കുള്ളിൽ തടവിൽക്കഴിയുന്ന സഹോദരിമാരോടും ഉള്ള എന്റെ അഭ്യർഥന ഇതാണ്. 'പ്രേമം' എന്ന വാക്കിനോടൊപ്പം സ്ത്രീവിരോധത്തിന്റെ ഏതൊരു വൃത്തികെട്ട രൂപമാണോ ഇന്ന് ജനസമൂഹം സ്വീകരിച്ചിട്ടുള്ളത്, അതിൽ നിന്ന് സർപ്പത്തിന്റെ ഫണത്തിൽനിന്നെന്നോണം അകന്നു നില്ക്കുക. അടിമയാക്കിവച്ചു ഭരിക്കാനാഗ്രഹിക്കുന്ന അക്രമികൾ, ഭരിക്കപ്പെടേണ്ടവരുടെ നൈസർഗികമായ ബലം ആദ്യമേ തച്ചുടച്ചുകളയാറുണ്ട്. ആയിരമായിരം വർഷങ്ങളായി ചരിത്രത്തിൽ ഏറിയകൂറും സമൂഹം സ്ത്രീയെ പലവിധത്തിലും പന്താടിയിട്ടുണ്ട്. അവളിൽ നിന്ന് രസം ഊറ്റിയിട്ട് അവളെ ചവിട്ടിമെതിക്കുന്ന കാഴ്ചയേ കണ്ടിട്ടുള്ളൂ. അവളെ ജീവനോടെ എരിക്കുകയാണ്. വിവാഹ മന്ത്രങ്ങളിൽ നൽകിയിട്ടുള്ള സ്ത്രീയുടെ അധികാരങ്ങളും അവകാശങ്ങളും, അർധനാരീശ്വരന്റെ പ്രതീകത്തിൽ നല്കിയിട്ടുള്ള സമത്വ ഭാവനയും – മഹത്തായ ഈ ജനകീയാദർശങ്ങൾ മഹൽ ഗ്രന്ഥങ്ങളുടെ ഏടുകളിൽ മാത്രമായിട്ടുണ്ട്. ഇന്ന് ഈ ആദർശങ്ങൾ, ഭാരതത്തിനുള്ളിലുള്ളതിലേറെ മാന്യത ഭാരതത്തിനു വെളിയിൽ നേടി വരികയാണ്. 'നാരിയെ പൂജിക്കുന്നിടത്താണ് ദൈവമിരിക്കുന്നതെന്ന' മഹൽ സൂക്തത്തെ, ഭാരതീയ പുരുഷൻ ഒരു നുണയാക്കിമാറ്റി, സാമൂഹ്യജീവിതത്തിൽ സ്ത്രീയുടെ സ്ഥാനം നീചവും നിന്ദ്യവുമായ മൃഗത്തിനു തുല്യമാക്കി മാറ്റിയിരിക്കുകയാണ്. അതിനെയാണവർ മതവും ധർമവുമായി കണക്കാക്കുന്നത്. ന്യായവും ധർമവും ഭരണവുമെല്ലാം പുരുഷന്റേതാണ്. പുരുഷൻ തന്റെ ഇഷ്ടത്തിനൊത്ത് സ്ത്രീയെ കബളിപ്പിച്ചോ ബലാൽക്കാരേണയോ സ്വന്തം ദാസിയാക്കി മാറ്റിവച്ചാൽ ആ പാവത്തിനെന്തു ചെയ്യാനാകും? എന്തു പറയാൻ കഴിയും? ദേവത ചമഞ്ഞ് അവളുടെ സർവസ്വവും ഈ കപടലോകം അപഹരിച്ചാൽ അവൾക്കെന്തു ചെയ്യാനാകും? അതിനാൽ നമുക്കിന്ന് വ്യർഥമായ ഈ മത–ധർമ ഭയത്തിന്റെയും കപടമായ മര്യാദയുടെയും മായാജാലം തകർത്തിട്ട് മുന്നോട്ടു വന്നേ കഴിയൂ.. സമരം ചെയ്തേ കഴിയൂ.. ഞാൻ, എന്റെ വീട്ടിൽ അച്ഛൻ ചെയ്യുന്ന അന്യായങ്ങൾക്കെതിരെ എന്തെങ്കിലും പറയാൻ മുതിർന്നപ്പോഴൊക്കെ എന്റെ ചേട്ടത്തി കരഞ്ഞുകൊണ്ടതിനെ തടുത്തു. ഈ തെമ്മാടിത്തരത്തിനെതിരെ ജനാഭിപ്രായം സംഘടിപ്പിക്കുന്നതുകൊണ്ട് നമ്മുടെ മാനവും മര്യാദയും തകരുകയില്ലെന്ന് അവരെ മനസ്സിലാക്കാൻ ഞാനെത്രശ്രമിച്ചിട്ടും കഴിഞ്ഞില്ല. തന്റെ ഇഷ്ടത്തിനുവിരുദ്ധമായി മൃഗത്തെപ്പോലെ ഉപയോഗിക്കപ്പെടുമ്പോഴാണ് സ്ത്രീയുടെ മാനവും മര്യാദയും ഇല്ലാതാകുന്നത്. പ്രേമമെന്ന മോഹിപ്പിക്കുന്ന പദത്തിന്റെ മായാജാലം പരത്തി സ്ത്രീയുടെ ഇംഗിതത്തെ പുരുഷൻ മനോഹരമായി ചൂഷണം ചെയ്യുമ്പോഴാണ് സ്ത്രീയുടെ അഭിമാനം നഷ്ടപ്പെടുന്നത്. പാവം നിഷ്കളങ്കയായ സ്ത്രീ കരുതും പുരുഷൻ അവളെ പ്രേമിക്കുന്നുവെന്ന്– ജീവിതകാലമത്രയും അവരന്യോന്യം സുഖദു:ഖങ്ങളിൽ യഥാർഥ പങ്കാളികളാവുമെന്ന്... പക്ഷേ ഞാനെന്റെ സഹോദരിമാരോട് ചോദിക്കുകയാണ് – ഇന്ന് അമൃതമായി കാണുകയും നാളെ കാളകൂടമായി വലിച്ചെറിയുകയും ചെയ്യുന്ന ഇതാണോ പ്രേമം? നമ്മുടെ ഓരോ ശ്വാസത്തിലും തുളഞ്ഞുകയറി രക്തത്തെ കണ്ണീരാക്കി മാറ്റുന്ന ഇതാണോ പ്രേമം? ദിവസംമുഴുവനും ഒരു കപടകാമുകനായി കാത്തിരിക്കുക, വകയ്ക്കു കൊള്ളാതായിത്തീരുക, കരഞ്ഞു കരഞ്ഞു

കണ്ണുകൾ വരണ്ടു പോകാനും, കണ്ണീരിന്റെ ഭാരത്തിൽ സ്വയം തകർന്നു പോകാനുമിടയാകുക. നമുക്ക് പ്രതീക്ഷകൾ പാടില്ല. ഉത്സാഹവും ഉണർവും പാടില്ല. ഒപ്പമാണെന്ന തോന്നൽ പാടില്ല....... ഞാൻ ചോദിക്കട്ടെ? സ്വയം മതിമറന്ന് സ്ത്രീകൾ സ്വന്തം നാശത്തിന് പുരുഷന് തുണ നൽകുന്ന ഇതിനെയാണോ പ്രേമമെന്നു പറയുന്നത്? ഈ മോഹങ്ങൾ വലിച്ചെറിയൂ. മൂടുപടം വലിച്ചുമാറ്റൂ. പുരുഷന്റെ അന്യായങ്ങൾക്കെതിരെ സംഘടിതമായി ശബ്ദമുയർത്തൂ. തന്റെ നേരെ നടക്കുന്ന അക്രമങ്ങൾ അവസനാപ്പിക്കാൻ സ്ത്രീകൾ എന്നാണോ ദൃഢനിശ്ചയത്തോടെ ഉണർന്നെണീൽക്കുന്നത്, അന്ന് ലോകത്തിലെ സകല അന്യായങ്ങളും അവസാനിക്കും."

സജ്ജനും കന്യയും സോഫയിൽ അഭിമുഖമായി തിരിഞ്ഞിരുന്ന് നടുക്ക് വച്ചിരുന്ന ലഘുലേഖ വായിക്കുകയാണ്. അവസാനം ചെറിയൊരു കുറിപ്പ് ചേർത്തിട്ടുണ്ട്. "സഹോദരി വനകന്യയുടെ ഈ ലേഖനം കക്ഷിരാഷ്ട്രീയത്തിനും, ലോകത്തിലെ മറ്റ് നൂലാമാലകൾക്കും അതീതമായി ചിന്താർഹമാകണമെന്നാണാഗ്രഹം. ഇക്കാര്യം എല്ലാവരും സഗൗരവം പരിഗണിക്കണമെന്ന് ഞങ്ങൾ ജനങ്ങളോടഭ്യർഥിക്കുന്നു. ഇന്നു നടക്കുന്ന തെരഞ്ഞടുപ്പിന്റെ ഈ ബഹളത്തിലും കോലാഹലത്തിലും ജനങ്ങൾ ഏതൊരു നീതിക്കുവേണ്ടിയാണോ ദാഹിക്കുന്നത്, എന്റെ അഭിപ്രായത്തിൽ, സഹോദരി വനകന്യയുടെ ഈ ലേഖനവും അതേ നീതിക്കുവേണ്ടിയാണ് പ്രാർഥിക്കുന്നത്. ജനത ഇക്കാര്യം സഗൗരവം പരിഗണിക്കുമെന്ന് പ്രതീക്ഷിക്കുന്നു. (താഴെ ഒപ്പിട്ടവർ മഹിപാൽ ശുക്ല, സജ്ജൻവർമ, നഗീൻചന്ദ് ജൈൻ അഥവാ കർണൽ സാഹബ്).

വായിച്ചു കഴിഞ്ഞപ്പോൾ കന്യയുടെ കണ്ണുകളിൽ സന്തോഷത്തിന്റെ ഒളി. സജ്ജന് ചിരിയും കോപവും ഒപ്പം വന്നു. "ഈ കർണൽ ഒരു കഴുത തന്നെ. ഒരു സ്റ്റേറ്റ്മെന്റ് കൊടുത്തിരിക്കുന്നതു കണ്ടില്ലേ? അതിൽ എന്റെയും മഹിപാലിന്റെയും പേരും ചേർത്തിരിക്കുന്നു. മടയൻ."

ചിരിച്ചിട്ട് കന്യ ചോദിച്ചു "അതിൽ തെറ്റെന്ത്? എന്തു പറഞ്ഞാലും ശരി കർണൽ സാഹബ് ഒരത്ഭുത കൃത്യമാണ് നിർവഹിച്ചത്."

സിഗററ്റ് ചുണ്ടിൽ പിടിപ്പിച്ചിട്ട് ലൈറ്റർ എടുത്തുകൊണ്ട് സജ്ജൻ പറഞ്ഞു "അന്ന്, ക്രിസ്തുമസ്സിന്റെ അന്ന്, നിങ്ങളുടെ മുൻപിൽ വച്ച് ആ ആർട്ടിക്കിൾ കൊടുത്തതുതന്നെ. അതിനുശേഷം ഇന്നു വൈകുന്നേരം വരെ ഇതിനെക്കുറിച്ചൊരക്ഷരം അയാൾ അറിയിച്ചില്ല. ഒരു ചർച്ചയും ചെയ്തില്ല."

"ഹും അങ്ങയെ അറിയിക്കാതിരിക്കുമോ?" കൺമണികളിൽ അവിശ്വാസത്തിന്റെ ലാഞ്ഛന തിളങ്ങി. വിജയഗർവം കൊണ്ട് തുള്ളിച്ചാടുന്ന ഹൃദയം പെട്ടെന്ന് സ്വയം അറിയാതെ ഹൃദയത്തിലെ ഉത്സാഹം കണ്ണിലേക്കും പകർന്നു. സജ്ജൻ മതിമറന്നവളെ നോക്കിയിരുന്നു. ഹൃദയരഹസ്യങ്ങളുടെ പടുത രണ്ടു പേരെ സംബന്ധിച്ചും ഊർന്നുമാറി. പുതിയൊരനുഭവമെന്നോണം അതുൾക്കൊണ്ടിട്ട് സ്വന്തം വാക്കുകൾ സ്ഥാപിക്കാനെന്നോണം കന്യ ചോദിച്ചു "ഈ സ്കെച്ച്, അങ്ങ് വരച്ചതാണല്ലോ."

കാരണമില്ലാതെ ഉറക്കെച്ചിരിച്ചിട്ട് മറുപടി പറഞ്ഞു "ഇപ്പോഴത്തേക്ക് ഇതും കർണൽ വരച്ചെതെന്നു കരുതിയാൽ മതി. എന്റെ ഏതോ സ്കെച്ച് ബുക്കിൽനിന്ന് എടുത്തതാകണം. ദേവ, മിസാരിഖ്, ബടേശ്വർ തുടങ്ങിയ ഗ്രാമീണ ഉത്സവങ്ങ

ളുടെ സ്കെച്ചുകൾ ഞാൻ വരച്ചിരുന്നു. അല്ല, എന്നോട് പറഞ്ഞിരുന്നുവെങ്കിൽ ഇതിനായി പുതിയ ചിത്രം വരച്ചുകൊടുത്തേനെ...."

"ഇതും കൊള്ളാമല്ലോ. അദ്ദേഹം ഒരുപാടു രൂപ ചെലവാക്കിയിരിക്കണം."

"ഓഹോ.....പിന്നെ പൈസ എന്തിനാണ്?"

"സ്വന്തം ആവശ്യത്തിന് എല്ലാവരും ചെലവ് ചെയ്യും. മറ്റുള്ളവർക്കുവേണ്ടി ചെലവാക്കുക വളരെ വിഷമമാണ്. ഏതെങ്കിലും ലക്ഷ്യത്തിന്റെ പൂർത്തീകരണത്തിനുവേണ്ടി ചെലവഴിക്കുക അതിലും വിഷമമാണ്." കന്യ ഗൗരവ സ്വരത്തിൽ പറഞ്ഞു.

താനും തന്റെ സുഹൃത്തുക്കളും, പ്രത്യേകിച്ചും താൻ–ഏതെങ്കിലും ലക്ഷ്യസാധ്യത്തിനുവേണ്ടി മനസ്സും ശരീരവും സമ്പത്തും കൈയിലേന്തി നിൽക്കുന്നവരാണെന്ന് തെളിയിക്കാൻ സജ്ജനാഗ്രഹിച്ചു. സോഫയുടെ കയ്യിൽ രണ്ടുകൈകളുമർപ്പിച്ചിട്ടയാൾ പറഞ്ഞു "എന്റെ ജീവിതത്തിൽ ഈ സിദ്ധാന്തങ്ങൾക്കാണ് ഫസ്റ്റ് ഇംപോർട്ടൻസ്–മാത്രമല്ല ഇത്രയും ഹൃദയവിശാലതയുള്ളവരുമായേ ഞാൻ ബന്ധം വയ്ക്കാറുള്ളു. അതൊരു വലിയ കാര്യമായും ഞാൻ കണക്കാക്കുന്നില്ല. എല്ലാനല്ലമനുഷ്യരിലും ഈ ഗുണം ഉണ്ടാവണം."

കന്യ അയാളുടെ മുഖത്തേക്ക് പ്രസന്നത നിറഞ്ഞ കണ്ണുകളോടെ നോക്കി. ഇപ്പോഴാ മുഖത്തേക്കും കണ്ണുകളിലേക്കും നോക്കാനവൾക്ക് നാണമില്ല. പകരം അതിനുള്ള ആഗ്രഹം വർധിച്ചുവരികയാണ്. സജ്ജന്റെ വ്യക്തിത്വത്തിൽ ഓരോ സ്ത്രീയും പുരുഷനിൽനിന്നാഗ്രഹിക്കുന്ന ഏതോ ഒരാശ്രയം അവൾക്കു കിട്ടിയതുപോലെ തോന്നി. കന്യയുടെ നോട്ടം സജ്ജന്റെ ഉള്ളിൽ ഉറഞ്ഞുകൂടുന്ന സത്യത്തെ തട്ടിയുണർത്തുകയാണ്. അതിലവനു പ്രത്യേക സുഖവും തോന്നി. ഒപ്പം ഉയരാനുള്ള ഒരു വെല്ലുവിളി അതിലുണ്ടോ? കന്യ മുന്നിലുള്ളപ്പോൾ അയാൾക്ക് പലപ്പോഴും തന്റെ ഹൃദയത്തെ പിടിച്ചടക്കി നിറുത്തേണ്ടി വരുന്നു. കന്യ നിശ്ചലയായി സ്വകീയഭാവനയോടെ അയാളുടെ നേർക്ക് നോക്കിയിരിക്കുന്നതുകണ്ട് സജ്ജന് തന്റെ വാക്കുകളുടെ ഭാരം സ്വയം അനുഭവപ്പെട്ടുതുടങ്ങി. വിഷയംമാറ്റാനായി അയാൾ പറഞ്ഞു "ലേഖനം നന്നായിട്ടുണ്ട്. ജനങ്ങളിൽ ഇത് നല്ലപ്രതികരണം ഉണ്ടാക്കും."

കന്യ തലകുനിച്ചിട്ട് എന്തോ ആലോചിച്ചു. എന്നിട്ട് പറഞ്ഞു "എന്തു സംഭവിക്കുമെന്നറിയില്ല. ഞാൻ അങ്ങയോടു സത്യം പറയട്ടെ. ഈ അന്യായത്തിന്റെയും അസത്യത്തിന്റെയും മൂടുപടം മാറാതിരുന്നിടത്തോളം എന്റെ മനസ്സിൽ ക്ഷോഭവും വേദനയും തിളച്ചുപൊങ്ങിയിരുന്നു. അന്ന് എത്രമാത്രം വേദനയോടെയാണ് ഞാൻ ആ ലേഖനവുമായി അങ്ങയുടെ അടുത്തുവന്നതെന്ന് അങ്ങയ്ക്ക് സങ്കൽപിക്കാൻ പോലും കഴിയില്ല. അങ്ങും പിന്നീട് കർണൽ സാഹിബും ആശ്വസിപ്പിച്ചപ്പോൾ വലിയ സമാധാനം തോന്നി. ലോകത്തിൽ അന്യായം നടക്കുന്നുണ്ടെങ്കിൽ അതിനെ ചെറുക്കാനുള്ള സൗകര്യങ്ങളും ലഭ്യമാണെന്ന് അന്നുതോന്നി. പ്രതികാരം ചെയ്യാനെനിക്കു കഴിയുമെന്ന് അന്നുതോന്നി. പക്ഷേ ഇപ്പോൾ ആലോചിക്കുകയാണ് ഇത്രയും ഒച്ചപ്പാടോടെ എന്റെ ഹൃദയത്തിലെ സത്യം പ്രചരിപ്പിക്കാൻ അവസരം കിട്ടി. ഇനി എന്തുണ്ടാകും? നമ്മുടെ ലക്ഷക്കണക്കിനാളുകൾ ഈ ലഘുലേഖ വായിക്കും. രണ്ടുനാലു ദിവസം ചൂടുപിടിച്ച ചർച്ചകൾ നടത്തും. അതു കഴിഞ്ഞോ? വീണ്ടും ഇതേ പോലെ തന്നെ

എല്ലാം നടക്കും. കുഞ്ഞുങ്ങൾ കൊല്ലപ്പെടും, സ്ത്രീകൾ തീ കൊളുത്തി ആത്മഹത്യ ചെയ്യും."

തന്റെ പ്രിയ (അതെ. സജ്ജന്റെ മനസ്സിൽ ഇപ്പോൾ 'പ്രിയ' എന്ന പദം സ്പഷ്ടമായി ഉയർന്നുവരുന്നുണ്ട്. പക്ഷേ നാവുകൊണ്ട് അതു പ്രയോഗിച്ചു തുടങ്ങിയിട്ടില്ല) യെ സാന്ത്വനിപ്പിക്കാനായി സജ്ജൻ ആവേശത്തോടെ പറഞ്ഞു "ഇല്ല. ഈ അന്യായങ്ങളവസാനിപ്പിക്കാൻ ഞങ്ങൾ അന്ത്യംവരെ സമരം ചെയ്യും."

സജ്ജന്റെ കണ്ണുകളിൽ, അയാൾ പറഞ്ഞ കാര്യത്തിന്റെ ശക്തിയെത്രമാത്രമാണെന്ന് അളക്കുംവിധം നോക്കിയിട്ട്, കണ്ണ് അയാളുടെ മുഖത്ത്നിന്ന് മാറ്റി നേരിയ ഒരു നിശ്വാസത്തോടെ കാര്യം പറഞ്ഞു "നമ്മുടെ രാഷ്ട്രീയ കക്ഷികൾ സാധാരണ സമൂഹത്തെക്കാളേറെ സ്വന്തം താൽപ്പര്യങ്ങളുടെ പിന്നാലെയാണ് ഓടാറ്........"

"അവരോടട്ടെ. പൊതുജനം അവരെ പുറത്തെറിയും."

"അവരെ തൂത്തെറിഞ്ഞതുകൊണ്ട് സമൂഹത്തിൽ ചിട്ടയും വ്യവസ്ഥയും വരില്ല സജ്ജൻജീ. അരാജകത്വം മാനുഷിക പ്രശ്നങ്ങൾ പരിഹരിക്കുകയില്ല. സാമൂഹ്യബോധത്തിൽ മാറ്റം വരികയാണാവശ്യം. അതുണ്ടായാലല്ലാതെ ഈ അന്യായങ്ങൾക്കും അനാചാരങ്ങൾക്കും അറുതിയുണ്ടാവില്ല. രാഷ്ട്രീയത്തെ അതിന്റെ പ്രത്യേക പ്രവർത്തന രീതി പറഞ്ഞ് നാം പഴിച്ചേക്കാം. എങ്കിലും സമൂഹമാകുന്ന വണ്ടി മുന്നോട്ടു പോകാനുള്ള സ്റ്റീയറിംഗ് വീൽ പൊളിറ്റിക്സ് തന്നെയാണ്....."

"ഞാനതംഗീകരിക്കുന്നില്ല...കൾച്ചർ..."

"കൾച്ചർ പെട്രോളിനെപ്പോലെയാണ്. അതില്ലാതെ വണ്ടി ഓടില്ല. അതുകൊണ്ട് സ്റ്റീയറിങ് വീലിന്റെ പ്രാധാന്യം കുറയുന്നില്ല. സെക്രട്ടറിയേറ്റും പോലീസും മന്ത്രിമാരും ഒന്നും കൂടാതെ കാര്യങ്ങൾ നടക്കത്തക്കവണ്ണം സംസ്ക്കാരപൂർണവും അഭിജ്ഞവുമായ ഒരു നില സമൂഹത്തിനു കൈവരുന്നതുവരെ രാഷ്ട്രീയത്തിന്റെ മഹത്വത്തിന് ഒരു കുറവും വരില്ല. അങ്ങനെയൊരവസ്ഥ കുറഞ്ഞത് കുറെ ശതാബ്ദങ്ങൾക്കെങ്കിലും വരാൻ പോകുന്നില്ല."

കന്യ മൂകയായി. സജ്ജനും ചിന്താധീനനായി മൂകനായിരുന്നു. വിചാരമഗ്നയായി കന്യ വീണ്ടും തുടർന്നു. "നമ്മുടെ രാഷ്ട്രീയനേതാക്കൾ ഏതു പാർട്ടിയിൽപെട്ടവരോ ആകട്ടെ. തൊണ്ണൂറുശതമാനവും സാംസ്ക്കാരിക വീക്ഷണത്തോടെ കാര്യങ്ങൾ കാണുന്നവരല്ല. സാംസ്ക്കാരിക വീക്ഷണം വികസിച്ചാലല്ലാതെ രാഷ്ട്രീയത്തിൽ സ്പിരിചൽ ഫോഴ്സ് ഉണ്ടാവുകയില്ലെന്ന കാര്യം ഇവർ ഒരിക്കലുമോർക്കാറില്ല. അതില്ലാത്ത പൊളിറ്റിക്സാകട്ടെ എന്നെന്നും പവർ പൊളറ്റിക്സാവുകയും ചെയ്യും."

"നിങ്ങൾ സ്പിരിചൽ ഫോഴ്സ് അംഗീകരിക്കുന്നുണ്ടോ? കമ്യൂണിസ്റ്റുകാർ അതൊന്നും മാനിക്കുകയില്ലെന്നാണല്ലോ ഞാൻ ധരിച്ചിട്ടുള്ളത്."

"കമ്യൂണിസ്റ്റുകാർ അംഗീകരിക്കുന്നില്ലെങ്കിൽ പോകട്ടെ, മറ്റുള്ളവർ അതു പൂർണമായും അംഗീകരിക്കുന്നുണ്ടോ?" കന്യ ചിരിച്ചിട്ടു ചോദിച്ചു. "ഒരു വിധത്തിൽ പറഞ്ഞാൽ കമ്യൂണിസ്റ്റുകാരും അംഗീകരിക്കുന്നുണ്ട്. പക്ഷേ ഓരോരുത്തർ ഓരോ വിധത്തിൽ, അവരവർക്കു തോന്നിയ വിധത്തിൽ ആണെന്നു മാത്രം. വാസ്തവത്തിൽ ഈ ആത്മാവെന്നും പരമാത്മാവെന്നും മറ്റുമുള്ള പദം കൊണ്ട്

യഥാർഥത്തിൽ വിവക്ഷിക്കുന്ന ശക്തി എന്താണെന്നെനിക്കറിഞ്ഞുകൂടാ. മനസ്സിന്റെ ഏതോ ഒരു ഭാവത്തെ വ്യഞ്ജിപ്പിക്കാനാണ് ഈ പദങ്ങൾ സാധാരണ ഉപയോഗിക്കാറുള്ളതെന്ന് ഞാൻ തീർച്ചയായും കരുതുന്നുണ്ട്......"

"എനിക്കറിയാം. കുറഞ്ഞപക്ഷം എനിക്കുവേണ്ടിയെങ്കിലും...." കന്യ സജ്ജന്റെ നേരെ സൂക്ഷിച്ചുനോക്കി. ഒരു പുഞ്ചിരിയോടെ മൃദുസ്വരത്തിൽ ഉത്സാഹം നിറഞ്ഞസ്വരത്തിൽ സജ്ജൻ പറഞ്ഞു "എന്റെ സ്പിരിട്ടും ആത്മാവോ, അതല്ല പരമാത്മാവോ എന്തു മാകട്ടെ അതെല്ലാം ഒരു കാട്ടിലെപ്പെണ്ണാണ്."

ആ വാക്കുകൾ കന്യയുടെ ഹൃദയത്തിൽ വല്ലാത്തൊരിളക്കം സൃഷ്ടിച്ചു. കണ്ണുകളിൽ പെട്ടെന്ന് ഒരു നവരസം മിന്നി. പക്ഷേ പെട്ടെന്നവൾ സ്വയം നിയന്ത്രിച്ച് ഗംഭീരയായിട്ട് തല കുനിച്ചു. അവൾ മറുപടി ഒന്നും പറഞ്ഞില്ല.

പുറത്ത് കർണലിന്റെയും മഹിപാലിന്റെയും ശബ്ദം. രണ്ടുപേരും ഉറക്കെ സംസാരിച്ചുകൊണ്ട് കടന്നു വരികയാണ്. കർണൽ പറയുകയാണ് "എടോ നാളെ നോക്കിക്കോ, ഇതിന്റെ പ്രഭാവമറിയണമെങ്കിൽ. പട്ടണം മുഴുവൻ....."

രണ്ടുപേരും മുറിയിൽ കടന്നു. കന്യ എഴുന്നേറ്റു തൊഴുതു. മഹിപാൽ പരിഷ്കൃതമായ ഗാംഭീര്യത്തോടെ അവളെ നോക്കി. കർണൽ കൂടുതൽ അടുപ്പം ഭാവിച്ച് പുഞ്ചിരിച്ചു.

കർണൽ ചോദിച്ചു "ങാ, ഇന്നത്തെ തമാശ എങ്ങിനെയിരുന്നു?"

കന്യ എന്തെങ്കിലും പറയുന്നതിന് മുൻപ് സജ്ജൻ മഹിപാലിനോടായി പറഞ്ഞു "എടോ, ഏതെങ്കിലും ഒരു നല്ല വക്കീലിനെ ഒന്നേർപ്പാട് ചെയ്യണം."

മഹിപാൽ മറുപടി പറയുന്നതിന് മുമ്പ് കർണൽ ചോദിച്ചു "വക്കീലോ? ങാ...അതിനെന്ത്? ഇപ്പോൾ ഫോൺചെയ്യാം? എന്താ കാര്യം?"

"താങ്കളുടെ പേരിൽ വിശ്വാസവഞ്ചനയ്ക്ക് കേസുകൊടുക്കാൻ" സജ്ജൻ മുഖത്തു ഗൗരവം വരുത്തി പറഞ്ഞു.

"തീർച്ചയായും. ഈ തെമ്മാടിയുടെ......" വാചകം മുഴുമിപ്പിക്കാതെ കന്യ നിന്നിടത്തേക്ക് നോക്കിയിട്ടു "ക്ഷമിക്കണം വായിൽ നിന്ന് അറിയാതെ ചീത്ത വന്നു പോയതാണ്...."

കന്യ ചിരിച്ചു. സജ്ജൻ പറഞ്ഞു "ഇയാൾ അതു കേൾക്കാൻ യോഗ്യനാണ്. ഞങ്ങളുടെ പേരിൽ സ്റ്റേറ്റ്മെന്റ് അടിച്ചിരിക്കുന്നതു കണ്ടില്ലേ? ഇതിനെപ്പറ്റി എന്തു പറയുന്നു?" എന്നു ചോദിച്ചു കൊണ്ട് ലഘുലേഖ എടുക്കാനായി സജ്ജൻ കൈ നീട്ടി. കർണൽ പൊട്ടിച്ചിരിച്ചു.

"വഴിയിൽ വച്ചു ഞാനും ഇയാളെ ശകാരിച്ചുകൊണ്ടാണു വരുന്നത്. തെറ്റും കുറവുമുള്ള ആ ശൈലിയിലെഴുതിയ അടിക്കുറിപ്പിൽ എന്റെ പേരും കൂടി ചേർത്തിരിക്കുന്നു. അക്കാര്യംകൂടി ഓർമിക്കണം." മഹിപാൽ പറഞ്ഞു.

"ഭാഷയുടെ കാര്യം പോകട്ടെ. ആശയം നോക്കൂ. ഭാഷയുടെ കാര്യത്തിൽ വലിയ വലിയ സാഹിത്യകാരന്മാർ പോലും തെറ്റുവരുത്താറുണ്ട്. ബാലമുകുന്ദ ഗുപ്ത വലിയ സാഹിത്യകാരനായ മഹാവീർ പ്രസാദ് ദ്വിവേദിയുടെ ഭാഷയിൽ പോലും തെറ്റുകൾ കണ്ടുപിടിച്ചിട്ടുണ്ട്. അതുപോട്ടെ, ഇന്നിയാൾ ഈ പട്ടണത്തെ ഒട്ടാകെഞെട്ടിച്ചു. കൂടാതെ എന്നെയും നിങ്ങളെയും– ഇതു നിസ്സാരമായ ഒരു കാര്യമല്ല......."

കർണൽ അതീവ സന്തുഷ്ടനായി. ഉച്ചത്തിൽ വിളിച്ചു പറഞ്ഞു.

"മതി....മതി...ഇപ്പോൾ എന്റെ ഭാഗത്തും ബുദ്ധിപരമായി മറുപടി പറയാനുള്ള ആളുണ്ട്. നിങ്ങൾ മാമ്പഴമല്ല, അതിന്റെ ഇലയാണു നോക്കുന്നത്. എന്നിട്ട് സ്വയം വലിയ കലാകാരന്മാരെന്നു പറയുകയും ചെയ്യും...."

മഹിപാൽ പറഞ്ഞു "പോട്ടെ. താങ്കളെക്കരുതി ഇയാളെ വിടുന്നു, ലേഖനം വളരെ സുന്ദരമായിരുന്നു. താങ്കൾ നല്ലവണ്ണം എഴുതുന്നുണ്ട്". വിനയം കൊണ്ട് നോട്ടം താഴത്തേക്കാക്കിയിട്ട് "അച്ചടിക്കും മുമ്പ് അങ്ങയെ കാണിക്കണമെന്നുണ്ടായിരുന്നു. തെറ്റുകൾ ധാരാളം കാണും."

"ഇല്ല. സുന്ദരമായി എഴുതിയിട്ടുണ്ട്. ഒരു സങ്കടമേയുള്ളു. ഈ മൂഢൻ നേരത്തേ അറിയിച്ചിരുന്നെങ്കിൽ താങ്കളുടെ ലേഖനത്തെ സപ്പോർട്ടു ചെയ്തു കൊണ്ട് ഞാൻ ഒരു നല്ല പ്രസ്താവനകൂടെ ചേർത്തേനെ....." മഹിപാൽ പറഞ്ഞു.

സജ്ജനും പെട്ടെന്നു കയറിപ്പറഞ്ഞു "അതാണു ഞാനും പറഞ്ഞത്. ഇയാളുടെ തലയ്ക്കും എന്തു പറ്റിയോ എന്തോ? ആരോടും ചോദിച്ചുമില്ല, പറഞ്ഞുമില്ല."

"ഇതാണു പോളിസി, സാറേ. തെരഞ്ഞെടുപ്പിൽ ലഘുലേഖകൾക്കാണുവില. നമ്മുടെ ഏതു നോട്ടീസാണു പുറത്തുവരാൻ പോകുന്നതെന്ന് ചെവിക്കു ചെവി അറിയരുത്, അപ്പോഴേ പൊതു ജനങ്ങളിൽ അതു പ്രഭാവം ചെലുത്തൂ." കർണൽ പ്രസ്താവിച്ചു.

"പ്രഭാവം, മണ്ണാങ്കട്ടയാണ്."

"നാളെ നോക്കിക്കോളിൻ......"

"ഇല്ല. ഇതിന്റെ പ്രഭാവം തീർച്ചയായും ഉണ്ടാകും." കന്യ പറഞ്ഞുതുടങ്ങി. അവളുടെ വാക്കുകൾ മുറിച്ചുകൊണ്ട് സജ്ജൻ ചോദിച്ചു. "ഇപ്പോഴല്ലേ നിങ്ങൾ പറഞ്ഞത്, ഇതിന് യാതൊരു പ്രഭാവവും ചെലുത്താനാകില്ലെന്ന്?..."

കന്യ നാണിച്ചു പോയി. നാണംകലർന്ന് ഒരു ചിരിയോടെ അവൾ സജ്ജനോടു പറഞ്ഞു "ഒന്നു ചുമ്മാതിരിക്കണം. അങ്ങ് എന്റെ വാക്കുകൾക്കും മറ്റൊരർഥം കൊടുക്കുകയാണ്. (എന്നിട്ട് കർണലിനോടായി) ഞാൻ ഇദ്ദേഹത്തോടു പറഞ്ഞത്, അങ്ങ് ഒരു പാടു കാശുചെലവാക്കി, ജനങ്ങൾ നാലു ദിവസത്തേക്ക് ഇതിനെ കുറിച്ച് താല്പര്യത്തോടെ ചർച്ച ചെയ്തേക്കും. എങ്കിലും ഈ അന്യായങ്ങൾ തുടരുമെന്നാണ്."

മഹിപാൽ പറഞ്ഞു "വാസ്തവം. സമൂഹത്തെ മാറ്റണമെങ്കിൽ അതിൽ വേരൂന്നിയിട്ടുള്ള പല സമ്പ്രദായങ്ങളും മാറ്റണം. അതിന് വ്യാപകമായ സംഘടനയും വിപ്ളവവും ആവശ്യമാണ്."

ചർച്ച വളരെനേരം തുടർന്നു. മഹിപാലും കർണലും പോകാനിറങ്ങിയപ്പോൾ സജ്ജനും അവരോടൊപ്പം മുറിക്കു പുറത്തു വന്നു. കർണലിനോടു ചോദിച്ചു "എത്ര ചെലവായി?"

"എന്താ, നിങ്ങൾ തരുമോ?"

"അതെ."

കർണൽ മഹിപാലിനോടായി "കേട്ടോ, പ്രഭുവിന്റെ വാക്കുകൾ, (സജ്ജനോടുതിരിഞ്ഞ്) സാറേ, ഇപ്പോഴെന്തു ചെലവ് ? ഇനി താങ്കളുടെ മഴവില്ലിനായി ആയിരം രണ്ടായിരത്തിന്റെ സമ്മാനം കൊടുക്കേണ്ടിവരില്ലേ? അതെല്ലാം കൂടി ചേർത്ത് ബില്ലയച്ചേക്കാം."

“അതേടോ..... എനിക്കുമതു തോന്നി. നിങ്ങൾ വിവാഹം ചെയ്യുന്നതിവരെയാണോ? പെണ്ണുകൊള്ളാം. എനിക്കു പിടിച്ചു.”

സുഹൃത്തുക്കളുടെ ആ വാക്കുകൾ സജ്ജനിഷ്ടപ്പെട്ടു. ചിരിച്ചിട്ടു പറഞ്ഞു “നിങ്ങൾ എന്റെ മനസ്സിൽ ഓരോ നിർദേശം അടിച്ചു കയറ്റുകയാണ്. ഞാനാ പാവത്തിനെ നിസ്വാർഥതയോടെ സഹായി........”

“അതെ, അതേ വലിയ നിസ്വാർഥനല്ലോ, അളിയൻ........” കർണൽ ചിരിച്ചിട്ടു തുടർന്നു “അതല്ലെടോ കുട്ടിയെ എനിക്കും പിടിച്ചു. അല്പം കമ്യൂണിസ്റ്റാണെന്ന ഒരു കുഴപ്പമേയുള്ളു. ബാക്കി എങ്ങനെ നോക്കിയാലും നല്ല സ്വഭാവവും ഗുണവും ഉള്ളവളാണ്.”

അവർ രണ്ടുപേരും പോയ ശേഷം, സജ്ജൻ കന്യയെ അവരുടെ വീട്ടിൽ കൊണ്ടാക്കാൻ പോയി. കന്യ തന്റെ കൂട്ടുകാരിയുടെ ആശ്രയം ഉപേക്ഷിച്ചിട്ട് മാസം പത്തു രൂപയ്ക്ക് ചെറിയ ഒരു മുറി വാടകയ്ക്ക് എടുത്തു കഴിയുകയാണ്. വണ്ടിയിൽ നിന്നിറങ്ങാൻ തുടങ്ങിയപ്പോൾ സജ്ജൻ കീശയിൽ നിന്ന് തടിച്ച ഒരു കവറെടുത്തു കന്യയുടെ നേരെ നീട്ടിയിട്ടു പറഞ്ഞു “ഇതു വച്ചോളൂ.”

“എന്താണ്?”

“വച്ചോളണം.”

“രൂപയാണോ?”

“അതെ. ആവശ്യത്തിനുതകും.”

“വേണ്ട.”

“നോക്കൂ ഞാനുള്ളപ്പോൾ നിങ്ങൾ കഷ്ടപ്പെടാനിടയാകുന്നത്........”

“എനിക്ക് ഒരു വിഷമവും ഇല്ല.”

“ചെലവിനു പണമെവിടുന്ന്?”

കന്യ ഒന്നും മിണ്ടിയില്ല.

സജ്ജൻ വീണ്ടും പറഞ്ഞു.“എങ്കിൽ ഇതു വച്ചോളൂ. നോക്കൂ ഇതിൽ അഭിമാനത്തിന്റെ പ്രശ്നമൊന്നുമില്ല.”

“വേണ്ട. നമസ്തേ...” കന്യ തലയും കുമ്പിട്ട് തന്റെ മുറിയുടെ നേർക്കു നടന്നു,

ഒരു സ്ത്രീയുടെ മുമ്പിൽ സജ്ജന്റെ രൂപ തോൽക്കുന്നത് അന്നാദ്യമായിരുന്നു.

14

അടച്ചിരുന്ന വീട്ടിനുള്ളിൽ മൂന്നു പൂച്ചക്കുഞ്ഞുങ്ങൾ തായിയുടെ കട്ടിലിൽ ചാടിയും കുതിച്ചും കഴിയുകയാണ്. കണ്ണുതുറന്നതു മുതൽ ഒന്നും അടങ്ങിയിരിക്കുകയില്ല. അവയെക്കുറിച്ചാണ് തായിക്കെപ്പോഴും ചിന്ത. ഓവിന്റെ ദ്വാരം തായി ചുടുകല്ലുവച്ചടച്ചു. കോവണിപ്പടിയിലേക്കുള്ള വാതിൽ കുറ്റിയിട്ടു കിടപ്പാണ്. കുന്നൻപൂച്ച അതിലേ വന്നെങ്കിലോ എന്ന പേടിയാണ്. കുഞ്ഞുങ്ങളുടെ തള്ളപ്പൂച്ചയെയും തായിക്കു കണ്ടുകൂടാ. കുഞ്ഞുങ്ങളെ പാലൂട്ടാൻ ലക്ഷം സൂത്രങ്ങൾ പ്രയോഗിച്ചാണത് തായിയുടെ വീട്ടിൽ കടന്നു വരുന്നത്. അതിനെ കണ്ടാൽ

മതി തായി വടിയുമെടുത്ത് പാഞ്ഞെത്തും.

ഇരുളടഞ്ഞുകിടന്ന വീടിന്റെ മുകളിലത്തെ തട്ടിൽനിന്ന് ഓവിന്റെ പാത്തി വഴി പൂച്ച താഴെ അലമാരയുടെ മുകളിലേക്കു ചാടി. തള്ളയെ കണ്ട കുഞ്ഞുങ്ങൾ മൂന്നും കട്ടിലിൽ ഒന്നിച്ചൊരിടത്തു കൂടിയിരുന്നു. പൂച്ച തായിയുടെ കട്ടിലിൽ ചാടി അവിടെ കിടപ്പായി. കുഞ്ഞുങ്ങൾ മുട്ടിയുരുമ്മി പാൽ കുടിക്കാൻ തുടങ്ങി. ഒരു കുഞ്ഞ് തള്ളയുടെ ശരീരത്തിൽ കയറിക്കിടന്നുകൊണ്ട് പാൽ വലിച്ചു കുടിച്ചു. ധൃതി പിടിച്ച് വലിച്ചു കുടിക്കുന്ന തിരക്കിനിടയിൽ അതു വഴുതി താഴെ വീണു. മൂന്നു ചെറിയ വാലുകൾ സന്തോഷം കൊണ്ട് ഇളകിയാടുകയാണ്. സ്നേഹത്താൽ തള്ളയും ഇടയ്ക്കിടെ വാലാട്ടിക്കൊണ്ടിരുന്നു.

തായി ബസാറിൽ നിന്ന് പൂച്ചക്കുഞ്ഞുങ്ങൾക്ക് പാലും വാങ്ങി വരികയാണ്. കവിളിൽ മുറുക്കാനൊതുക്കി, കൈ മുറുക്കിപ്പിടിച്ചതിലൂടെ സിഗററ്റും പുകച്ചിരുന്ന പരഭൂ മുരഹു തായി വരുന്നതുകണ്ട് ഖലീഫാ തമോലിയുടെ കടയിൽ നിന്ന് തെരുവിലേക്ക് ചാടി ഓടിച്ചെന്ന് തായിയുടെ മുമ്പിൽ കുത്തിയിരുന്നിട്ട് അവരുടെ ഊന്നു വടിയിൽ കയറിപ്പിടിച്ചു.

മുരഹു പറഞ്ഞു "തായീ, മരിക്കാറായില്ലേ. പാലും വെണ്ണയുമൊക്കെ പിള്ളരാണ് കഴിക്കേണ്ടത്. പാൽപ്പാത്രം എനിക്കു തരൂ വടി വിടണമെങ്കിൽ...."

തായി ആകെ വിഷമത്തിലായി. ഇന്നു ചെന്നുപെട്ടതുപോലുള്ള ഒരു പരിതഃസ്ഥിതി ഇതിനു മുമ്പുണ്ടായിട്ടില്ല. ജീവിതത്തിലാദ്യമാണ് തായി യുദ്ധരംഗത്തു സന്ധിക്കു നിർബന്ധിതയാകുന്നത്. ദേഷ്യത്തിൽ പറഞ്ഞു.

"വിടെടാ, നാശമേ, കുഞ്ഞുങ്ങൾ വിശന്നു കിടക്കുകയാണ്."

"കൊള്ളാം. ഞാനല്ലാതെ നിങ്ങൾക്കേതു കുഞ്ഞ്. അല്ല മറ്റാരെങ്കിലുമുണ്ടെങ്കിൽ അവരെ ഞാൻ കാണിച്ചു കൊടുക്കാം. കേൾക്കിൻ, കടക്കാരേ. ബസ്സാറിലെല്ലാവരും കേൾക്കിൻ. തായി എന്നെ ദത്തെടുത്തിരിക്കുകയാണ്. ഇനി ഇവരുടെ സ്വത്തെല്ലാം എന്റെയാണ്. ഇവൻ മരിച്ചിട്ട് ആരുവേണോ കൊണ്ടു പോട്ടെ. ജീവിച്ചിരിക്കുമ്പോൾ എന്റെയാണ്."

തെരുവിന്റെ ഇരുവശത്തുമുള്ള കടക്കാർ ചിരിച്ചു. തായിയുടെ അടുത്തുകൂടെ ആളുകൾ ചിരിച്ചുകൊണ്ടു കടന്നു പോയി. നാലുവശവും പരിഹസിക്കുന്ന ചിരിയും അഭിപ്രായപ്രകടനങ്ങളും മുഴങ്ങിയെങ്കിലും പാത്രത്തിലിരുന്ന പാൽ കാരണം തായിക്ക് ഒന്നും ചെയ്യാൻ കഴിയുന്നില്ല. വഴക്കുപറയുന്നതുപോലുമവർ നിർത്തി. ചൂളയിൽക്കിടന്ന ഇരുമ്പുപോലെ അവർ വെന്തുരുകുകയാണ്.

പെട്ടെന്നു വടിവിട്ടിട്ട് തായി മുന്നോട്ടു നടന്നു. പരഭൂ ഇങ്ങനെ ഒരു സാധ്യത പ്രതീക്ഷിച്ചിരുന്നതല്ല. ആശ്രയമറ്റപ്പോൾ വടി തെരുവിൽ വീണു. പരഭൂവിന്റെ കയ്യിൽ ഷോക്കേറ്റപോലെ തോന്നി. വടി എടുത്തു നീട്ടിയിട്ടവൻ പറഞ്ഞു "ഇതാ, വടികൂടി കൊണ്ടുപോകണം. ഓ,തായീ– ഇതാ വടി."

ദൂരെച്ചെന്നിട്ട് തായി തിരിഞ്ഞു നിന്നു. തീപറക്കുന്ന ഒരു നോട്ടം അവന്റെ നേർക്കയച്ചിട്ടു പറഞ്ഞു. "വീട്ടിൽ കൊണ്ടു തന്നിട്ടു പോ... അല്ലെങ്കിൽ നാളെ നേരം വെളുക്കുമ്പോഴേക്കും നിന്റെ വംശം നശിപ്പിക്കും."

പരഭൂവിന് തായിയുടെ ശാപത്തെക്കുറിച്ചറിയാം. അവൻ ഭയന്നു. പലരുടെയും മുൻപിൽ താൻ അപമാനിതനാകാനോ? അവൻ ചിരിച്ചിട്ടു പറഞ്ഞു. "ഓ, നിങ്ങൾ നാളെ വംശം നശിപ്പിച്ചോളിൻ. ഇന്നു ഞാൻ ഒരു പാഠം പഠി

പ്പിക്കാം. ഇതാ കിടക്കുന്നു നിങ്ങളുടെ വടി. വേണമെങ്കിൽ എടുത്തോണ്ടു പോയിൻ. ഞാൻ കൊണ്ടു തരൂല്ല. കേട്ടോ പറഞ്ഞത്, ഏ തായീ..."

തായി, ഹനുമാൻമണ്ഡപത്തിനടുത്തുള്ള കവലയിലെത്തി. സ്വന്തം വാതിൽക്കലേക്കു തിരിയുകയായിരുന്നു.

ബസാറിലുള്ളവർ പരഭൂവിനെ കാര്യം പറഞ്ഞു മനസ്സിലാക്കി. പക്ഷേ അവൻ വഴങ്ങിയില്ല. ഒരു മതഭക്തനായ സ്വർണപ്പണിക്കാരൻ, സ്വന്തം മകനെ, വടി തായിക്കു കൊടുത്തിട്ടുവരാൻ തായിയുടെ വീട്ടിലേക്കയച്ചു.

തായി പിറുപിറുത്തുകൊണ്ട് അകത്തു കടന്നതും പൂച്ച കട്ടിലിൽനിന്ന് താഴെ കുതിച്ചു ചാടി ഓടി മറഞ്ഞു. പാലുകുടിക്കുന്നതിനിടയിൽ തുള്ളിച്ചാടിക്കളിച്ച വഴി എപ്പൊഴോ കട്ടിലിന്റെ താഴെ വീണു പോയിരുന്ന കുഞ്ഞ് തായി കടന്നു വരുന്നതുകണ്ട് മ്യാവു, മ്യാവു എന്ന് കരഞ്ഞു കൊണ്ട് അങ്ങോട്ടോടിച്ചെന്നു. താഴെ വീണുപോയ തങ്ങളുടെ സഹോദരന്റെ ആ മ്യാവു വിളിയുടെ അർഥം മനസ്സിലാക്കിയ മറ്റു രണ്ടു കുഞ്ഞുങ്ങളും കട്ടിലിൽ അങ്ങോട്ടുമിങ്ങോട്ടും മ്യാവു, മ്യാവു മുഴക്കിക്കൊണ്ട് ഓടി തലയണയ്ക്കടുത്തെത്തി. പാലുകിട്ടുന്ന സമയമാണതെന്ന് പത്തുപന്ത്രണ്ടു ദിവസം മാത്രം പഴക്കമുള്ള ആ കുഞ്ഞുങ്ങൾക്കറിയാം. തളത്തിലെത്തിയ പൂച്ചക്കുഞ്ഞ് കട്ടിളപ്പടിയിലൊന്നു വീണു. അവിടെനിന്നുരുണ്ടുപിരണ്ടെണീറ്റ് ഓടിയവഴി വീണ്ടും മുറ്റത്തുവീണു. കട്ടിലിൽ കാത്തുനിന്നിരുന്നവരിലൊരാൾ കരണം മറിഞ്ഞു താഴെ വീണു മുൻപേ പോയ സഹജാതനെ പിൻതുടർന്നു. കട്ടിലിലെ ശേഷിച്ച കുഞ്ഞ് അവിടെയിരുന്ന് മ്യാവു മ്യാവു വിളിക്കാൻ തുടങ്ങി.

രണ്ടുകുഞ്ഞുങ്ങളും മുറ്റത്തെത്തി തായിയുടെ പാദങ്ങളിൽ തലയിട്ടുരസി മ്യാവു മ്യാവു മുഴക്കാൻ തുടങ്ങി. തായിക്കു കാലെടുത്തു മുന്നോട്ടു വയ്ക്കാൻ വയ്യാത്ത നിലയിലായി. വീടിനു പുറത്തുവച്ചുണ്ടായ ദേഷ്യവും കോപവും കാരണം ജ്വലിച്ചു നിന്ന തായിയുടെ ഹൃദയം തണുത്ത് ശാന്തമായി. രണ്ടുകുഞ്ഞുങ്ങൾക്കും വേണ്ടി കുറച്ചുപാൽ തറയിലൊഴിച്ചുകൊടുത്തിട്ട് അവയുടെ പിടി വിടുവിച്ച് തളത്തിലേക്ക് കയറി. അലുമിനിയം പിഞ്ഞാണമെടുത്ത് പാൽ അതിലൊഴിച്ചു വച്ചിട്ട് മുറ്റത്തുനിന്നു രണ്ടു പൂച്ചക്കുഞ്ഞുങ്ങളെയും എടുത്തുകൊണ്ടു വന്ന് അതിനടുത്താക്കി. പിന്നെ പോയി കട്ടിലിൽ കരഞ്ഞുകൊണ്ടിരുന്ന കുഞ്ഞിനെയും എടുത്ത് അവിടെ കൊണ്ടാക്കി.

അതിനിടെ പുറത്തെ കതകിൽ ആരോ തട്ടി. മനുഷ്യഗന്ധം തട്ടിയതോടെ തായി വീണ്ടും മുറുമുറുക്കാൻ തുടങ്ങി. "തായീ, ഇതാ നിങ്ങളുടെ വടി എടുത്തോളിൻ" പുറത്തു നിന്നു ശബ്ദം കേട്ടയുടൻ, തായി മന്ത്രവാദത്തിനുള്ള പെട്ടിയിൽനിന്ന് കറുത്ത എള്ളും വാരിയെടുത്ത് തെറിയും വിളിച്ചു കൊണ്ട് വാതിലിനു നേരെ നടന്നു.

അന്നു രാത്രി ഒൻപതുമണിയായപ്പോഴേക്കും ബസാറിലും തെരുവിലും പരഭൂവെന്ന ധാരണയാൽ പുരുഷോത്തമനാചാരിയുടെ മകന്റെ മേൽ തായി എള്ളെറിഞ്ഞുവെന്നും അവന് അസുഖം കൂടുതലാണെന്നുമുള്ള വാർത്ത പരന്നു വൈദ്യവും ജ്യോത്സ്യവും കഴിഞ്ഞ് ഡോക്ടർ ചികിത്സയുമെല്ലാം നടത്തിനോക്കി. ഭഭൂതി കടപൂട്ടി വേലക്കാരന്റെ തലയിൽ പെട്ടിയുമെടുത്തു വയ്പിച്ചുകൊണ്ട് തെരുവിലെത്തിയപ്പോൾ വിവരമറിഞ്ഞു. പുരുഷോത്തമന്റെ കടയിൽ ചെന്ന്

അയാളുടെ അനുജനോട് വിവരം ആരാഞ്ഞു. പുരുഷോത്തമനോട് സഹതാപമുള്ളവരെല്ലാം തായിയെ ശകാരിക്കുകയും തെറി പറയുകയുമാണ്. ഭഭൂതി പറഞ്ഞു "ഞാനൊന്നു വീട്ടിൽ കയറിയിട്ടു വരാം."

ഭഭൂതിയുടെ വീട്ടിൽ ആ സമയത്ത് നന്ദോയും മൂത്തവളുമല്ലാതെ ആരുമുണ്ടായിരുന്നില്ല. ശങ്കറും ഇളയവളും സെക്കൻഡ് ഷോയ്ക്കു പോയിരിക്കുകയാണ്. അമ്മ കാസിഗഞ്ചിൽ മരണമന്വേഷിച്ചു പോയിട്ട് ഇന്ന് ആറുദിവസമായി. വഴക്കാളിയായ ചെറുമോനെക്കൂടി കൊണ്ടുപോയിരിക്കുകയാണ്. മണിയൻ ഇന്നലെ ചരക്കെടുക്കാനായി കൽക്കത്തയിലേക്കു പോയതേയുള്ളൂ.

മോഷണരഹസ്യം പുറത്താവുകയും മണിയന്റെ കയ്യിൽ നിന്ന് തല്ലുകിട്ടുകയും ചെയ്തശേഷം നന്ദോ വീട്ടിനു പുറത്ത് കാൽ വയ്ക്കാറേയില്ല. ഗോമതീ നദിക്കടവിലും ക്ഷേത്രത്തിലും പോകുന്നതും, എന്തിന്, തായിയുടെ വീട്ടിൽ പോകുന്നതുപോലും മണിയന്റെ ഉത്തരവനുസരിച്ച് നിറുത്തിയിരിക്കയാണ്. ആദ്യത്തെ രണ്ടുദിവസം മുറിവിട്ട് പുറത്തിറങ്ങിയതേയില്ല. പിന്നെ ചില്ലറവീട്ടുജോലികളിൽ സഹായിച്ചു തുടങ്ങി. അമ്മയുമായി കൂടുതൽ അടുക്കാൻ കഴിഞ്ഞില്ല. അമ്മ വാത്സല്യവും സ്നേഹവുമെല്ലാം മണിയന്റെ മക്കളുടെ മേൽ ചൊരിഞ്ഞു. മണിയൻ കുളിക്കുമ്പോഴും ഉണ്ണുമ്പോഴും തോർത്തും വെള്ളവും കൊണ്ടുകൊടുക്കുന്ന ചുമതല പോലും ഏറ്റെടുത്തു. അതിനിടെ അമ്മയുടെ ചിറ്റപ്പൻ മരിച്ചതായുള്ള കത്തുവന്നതിനെത്തുടർന്ന് അമ്മ കാസിഗഞ്ചിലേക്കു പോയി. അമ്മ പോയതോടെ നന്ദോയ്ക്ക് ചെറിയൊരാശ്വാസം തോന്നി. നാത്തൂൻമാരോടൊപ്പം വീട്ടുവേലകളിൽ പങ്കെടുക്കാൻ തുടങ്ങി. ഇളയവൾക്കാണെങ്കിൽ രാവിലെ ഭർത്താവിനു ചായയുണ്ടാക്കിക്കൊടുക്കലും, പിന്നെ ഹൈസ്ക്കൂൾ കോഴ്സിനുള്ള പഠിത്തവും, അതുകഴിഞ്ഞു ഭർത്താവു കൊടുത്തിട്ടു പോകുന്ന ഹോംവർക്ക് ചെയ്തുവയ്ക്കലും, പിന്നെ താരയുമായുള്ള കുശലം പറയലും മറ്റും കാരണം വീട്ടിലെ വേലകളിൽ പങ്കു കൊള്ളാൻ അധികം സമയം ലഭിക്കാറില്ല. തന്മൂലം മൂത്തവളിലാണ് വീട്ടിന്റെ മുഴുവൻ ചുമതലയും വന്നു വീണത്. ഇക്കാരണത്താൽ നന്ദോയ്ക്ക് അവളോടൊപ്പം കഴിയാൻ കൂടുതൽ സമയം കിട്ടി. അവൾ കുഞ്ഞുമോൾക്കു വേണ്ടി ഒരു സ്വറ്റർ തുന്നാൻ തുടങ്ങി. മൂത്തവൾ അവളെ തയ്യലും പഠിപ്പിക്കാൻ തുടങ്ങി.

ഭഭൂതി വന്ന് 'കതകുതുറക്ക്' എന്നു പറയുമ്പോൾ നന്ദോയും മൂത്തവളും കട്ടിലിൽ അടുത്തടുത്തുകിടന്ന് കാര്യം പറയുകയായിരുന്നു.

കുഞ്ഞ് തൊട്ടിലിൽ കിടന്നുറങ്ങുന്നു. റേഡിയോയിൽ ചലച്ചിത്രഗാനം മുഴങ്ങിക്കൊണ്ടിരിക്കുന്നു.

"വൈക്കത്തഷ്ടമിനാളിൽ ഞാനൊരു
വഞ്ചിക്കാരിയെ.............."

ഭഭൂതി വീട്ടിനുള്ളിൽ കടന്നു. പെട്ടി അറയിൽ വച്ചു പൂട്ടി. കയ്യും കാലുമൊന്നു കഴുകി. മകളെ വിളിച്ചു കതകുകുറ്റിയിട്ടേക്കാൻ പറഞ്ഞിട്ട് പുരുഷോത്തമന്റെ മകന്റെ വിവരമറിയാനായി പോയി.

നാത്തൂൻമാർ രണ്ടും വീണ്ടും മൂന്നാം നിലയിൽ മൂത്തവളുടെ മുറിയിലേക്കു പോയി. പെട്ടെന്നു മധുരപലഹാരം തിന്നാൻ നന്ദോയ്ക്ക് ഒരു കൊതി. മൂത്തവൾ പൈസ കൊടുക്കാൻ പോയതു വാങ്ങിയില്ല. മുറിയിൽ ചെന്ന് പെട്ടിയിൽ

നിന്ന് സ്വന്തം പൈസയുമെടുത്ത് തെരുവിലെത്തി. എതിർവശത്ത് വരാന്തയിൽ കാവൽക്കാരൻ കിടക്കയും വിരിച്ച് അതിന്മേലിരിക്കുകയാണ്. അവനെ വിളിച്ച് മധുരപലഹാരവും വല്ല വറുത്തതും അരസേർ പാലും വാങ്ങിവരാനയച്ചു. മുകളിൽ കുഞ്ഞു മാത്രമായതിനാൽ മൂത്തവൾ അങ്ങോട്ടു പോയി. തിന്നാനുള്ള വക കൊണ്ടുവരുന്നതും കാത്ത് നന്ദോ താഴെ തന്നെയിരുന്നു.

ഇന്നലെ രാത്രിമുഴുവൻ മൂത്തവൾ തനിച്ചായിരുന്നതിനാൽ നന്ദോകൂടി അവിടെയാണു കിടക്കുന്നത്. അമ്മ പോയതിനു ശേഷം തന്റെ മൂത്ത നാത്തൂനുമായി വലിയ ലോഹ്യത്തിലാണു നന്ദോ. കല്യാണം കഴിച്ചുകൊണ്ടുവന്ന കാലത്ത് കുറെ നാൾ ഉണ്ടായിരുന്നതുപോലെയുള്ള സ്നേഹം അവൾ വീണ്ടും പ്രകടിപ്പിച്ചു തുടങ്ങി. വാസ്തവം പറഞ്ഞാൽ ഇന്നുള്ളതുപോലെയുള്ള സ്നേഹം അവൾക്ക് മുമ്പ് ഒരിക്കലുമുണ്ടായിരുന്നില്ല.

തന്റെ മൂത്ത സഹോദരനോടു പിണങ്ങാൻ നന്ദോയ്ക്കാഗ്രഹമില്ല. അയാൾ പാവമാണ്. അല്പമൊന്നു പ്രീണിപ്പിച്ചാൽ സന്തുഷ്ടനാകുന്ന പ്രകൃതമാണ്. മൂത്തവളെ വിവാഹം ചെയ്തു കൊണ്ടുവന്നപ്പോൾ മണിയൻ മണവാട്ടിയെ എടുത്ത് തലയിൽ വച്ചിരുന്നു. എന്നിട്ടുപോലും തന്റെ കൂട്ടുകാരിയായ സന്തോയുടെ മരുമകളുമായി മണിയനെ കൂട്ടിമുട്ടിക്കാനും അവരെതമ്മിൽ അടുപ്പിക്കാനും നന്ദോയ്ക്കു കഴിഞ്ഞു. അന്നുമുതൽ മൂത്തവൾ ജന്മ ശത്രുവായി. കഴിയുന്നത്ര അവളെ ദ്രോഹിക്കാൻ നന്ദോയ്ക്കു കഴിഞ്ഞു. പിന്നെ പെട്ടെന്നാണ് മണിയൻ ആളുമാറിയത്. അന്നുമുതൽ സഹോദരനും സഹോദരിയും തമ്മിലുള്ള ബന്ധത്തിൽ ഇടർച്ച വന്നു. ഇപ്പോൾ കാര്യമറിഞ്ഞതോടെ നന്ദോയുടെ കുതന്ത്രങ്ങൾ മനസ്സിലാക്കിയ മണിയന് അവളോടുള്ള വെറുപ്പ് വർധിച്ചിട്ടുണ്ട്. സഹോദരിയുടെ കൂട്ടിയിണക്കൽപണിക്ക് ഒരറുതിവരുത്താൻ അവൻ തീരുമാനിച്ചു. നന്ദോയും അവനോടു പിണങ്ങി. അവൾക്കെല്ലാറ്റിനുമുപരി അച്ഛന്റെ സ്നേഹവും വാത്സല്യവുമായിരുന്നു ഒരാശ്രയം. സഹോദരനും സഹോദരിക്കും ഇരുവരുടെയും രഹസ്യങ്ങൾ അറിയാം. പക്ഷേ പുറത്തു പറയാനായില്ല. അതുകൊണ്ട് നന്ദോയിൽനിന്ന് അകന്നുകഴിയാനാണ് മണിയൻ തുനിഞ്ഞത്. ഇതുവരെ രണ്ടുപേരുടെയും കുറ്റങ്ങളും തെറ്റുകളും ത്രാസിൽ ഒരുപോലെയാണ് തൂങ്ങിയിരുന്നത്. പക്ഷേ പുതിയൊരു കുറ്റത്തിന്റ കാര്യം പുറത്തു വന്നതോടെ മണിയന്റെ ഭാഗത്തു ശക്തി വർധിച്ചു. അന്നു മുറി പരിശോധിക്കുന്നതിനിടയിൽ ആൽബം കിട്ടിയതോടെ മണിയൻ സിംഹമായി മാറി. നന്ദോയെ മുറിയിൽ വിളിച്ച് ശരിക്കും വഴക്കുപറഞ്ഞു. “ഞാനിപ്പോഴിതു വീട്ടിൽ എല്ലാവരെയും കാണിച്ചു നിന്റെ മുഖത്തു കരിതേയ്ക്കും. നീ എനിക്കെതിരേ പറഞ്ഞാൽ തന്നെ അതാരും വിശ്വസിക്കില്ല. സൂക്ഷിച്ചോ. ഇനി എനിക്കെതിരെ നടന്നാൽ മുടിക്കു കുത്തിപ്പിടിച്ചു ഞാൻ വീടിനു പുറത്തുകളയും. അപ്പോൾ അച്ഛനും ഒന്നും പറയാനാവില്ല.” തന്റെ കള്ളി പുറത്തായതിനാൽ നന്ദോയ്ക്കു മണിയനെതിരെ തിരിയാനാകാതെ ‘നല്ല പിള്ള’യായി കഴിയാൻ തുടങ്ങി. തന്റെ ഭാഗം ശക്തിപ്പെടുത്താനായി അവൾ മൂത്ത നാത്തൂനുമായി ചങ്ങാത്തം വർധിപ്പിച്ചു. നന്ദോയുടെ ഏതോ ഭാഗ്യനക്ഷത്രം കാരണമാണ് അമ്മയുടെ ചിറ്റപ്പൻ മരിച്ചതും മൂത്തവളുടെ കണ്ണിൽ നന്ദോ ഒറ്റയടിക്ക് സ്വന്തയാളായിത്തീർന്നതും. പകൽ അവൾ ഇളയവളോടു പറയുകയും ചെയ്തു“നന്ദോനാത്തൂൻ ഈ പുറത്തു കാണുന്നതുപോലല്ല. അത്ര

ചീത്തയൊന്നുമല്ല. നമ്മുടെ സൊസൈറ്റിയിൽ വന്നാൽ അവർ വളരെ വേഗം നന്നാകും."

മധുരപലഹാരവും വറുത്തതും പാലും എല്ലാമായി നന്ദോ മുകളിലെത്തി. ആ സമയത്ത് വലിയ ഈ വീട്ടിൽ തനിയെയായിരുന്ന മൂത്തവൾ സ്വതന്ത്രയായി ഒട്ടുറക്കെത്തന്നെ വിരഹേശിന്റെ ഒരുഗാനം പാടുകയായിരുന്നു.

"മുഖത്തു മൂടിയ ശവവസ്ത്രം മാറ്റിയിട്ടും ഞാനെത്തി-

അമലേ നിന്നെ പ്രേമിക്കാൻ

മാദകമാം നിൻ നയനങ്ങളിലെൻ നോട്ടം-

ചേർത്തു കണ്ണുകൾ നാലാക്കി മാറ്റാൻ....."

നാത്തൂനും നാത്തൂനും തമ്മിലുള്ള സംസാരം രസകരമായിത്തീർന്നു. മൂത്തവൾ പ്രത്യംഗം പുളകിതയായി. നന്ദോ ബാല്യം മുതൽ അന്നുവരെ അവളുടെ ജീവിതത്തിലുണ്ടായ പല രസകരമായ കാര്യങ്ങളും പറഞ്ഞുകേൾപ്പിച്ചു. ഒടുവിൽ മൂത്തവളും അവളുടെ ഹൃദയത്തിന്റെ അപ് ടു ഡേറ്റ് അക്കൗണ്ട് നന്ദോയ്ക്കു നൽകി.

നന്ദോയെക്കുറിച്ച് അവളുടെ അമ്മതന്നെ പലപ്പോഴും പറയാറുണ്ട് "കിണറ്റിന്റെയും സമുദ്രത്തിന്റെയും ആഴം അളക്കാൻ കഴിഞ്ഞേക്കും. പക്ഷേ നന്ദോയുടെ വയറ്റിന്റെ ആഴത്തിനന്തമില്ലെന്ന്." കാസിഗഞ്ചിലേക്കു പോകുമ്പോൾ രണ്ടു മരുമകൾമാരോടും നന്ദോയെ സൂക്ഷിക്കാൻ ഏർപ്പാടു ചെയ്തിട്ടാണവർ പോയത്. ഇളയവൾ നിശ്ചയദാർഢ്യവും സ്വഭാവശുദ്ധിയുമുള്ളവളാണ്. മൂത്തവൾ ഒഴുക്കിൽപ്പെട്ട വഞ്ചിപോലെയാണ്. വലിവ് എങ്ങോട്ടോ അങ്ങോട്ടൊഴുകിപ്പോകും. നന്ദോയുടെ ഭാഗ്യം കൊണ്ട് രണ്ടു പേരുടെയും സ്വഭാവത്തിലെ ഒരു പ്രത്യേകത സവിശേഷമായി സമാനമായിരുന്നു. ശ്വാസോച്ഛ്വാസം അന്യോന്യം തട്ടുംവിധം രണ്ടുപേരും മുഖത്തോടു മുഖം അടുപ്പിച്ച് രസകരമായ കാര്യങ്ങൾ പറയുകയായിരുന്നു. ലൈലാമജ്നുവിന്റെ കഥപോലെയുള്ള രസകരമായ പല കഥകളും പറഞ്ഞും തന്റെയും അന്യരുടെയും പല രഹസ്യകഥകളും വെളിപ്പെടുത്തിയും നന്ദോ മൂത്തവളെ തികച്ചും തന്റെ കൈക്കുള്ളിലാക്കി. തനിക്ക് ആളുകളെ കൂട്ടിക്കൊടുക്കുന്ന തൊഴിലുണ്ടെന്ന് നന്ദോ മൂത്തവളെ ഒരുവിധം തെളിച്ചുതന്നെ മനസ്സിലാക്കി. എന്നിട്ടു പറഞ്ഞു "അല്ല, ഈ ആണുങ്ങൾക്കതു ചെയ്യാമെങ്കിൽ പെണ്ണുങ്ങൾക്കെന്തുകൊണ്ടു പാടില്ല? ഭഗവാൻ സൗന്ദര്യം നൽകിയിട്ടുള്ളവൾ സ്വന്തമായി നാലഞ്ചാഭരണങ്ങൾ ഉണ്ടാക്കുന്നതിൽ തെറ്റെന്ത്? ആണിനെ ഒരു കാലത്തും വിശ്വസിക്കരുത്. നാം നമ്മുടെ നെഞ്ച് എപ്പോഴും സ്വർണം കൊണ്ട് മറയ്ക്കണം. പിന്നെ നമ്മുടെ സ്വത്ത് ഒളിച്ചു വയ്ക്കണം. ഈ കയ്യിലുള്ളത് ആ കൈ അറിയാത്ത വിധത്തിൽ..."

അപ്പോഴാണ് അച്ഛൻ വന്നത് "കതകു തുറക്ക്" എന്ന ശബ്ദം കേട്ടു. നന്ദോ ചെന്നു കതകു തുറന്നിട്ടു വന്നു. അച്ഛന്റെ തലയണയും ഹുക്കയും എടുത്തു കൊടുത്തു. പിന്നെ മൂത്തവളുടെ അടുത്തെത്തി.

സംസാരത്തിനിടയിൽ നന്ദോ ഒരു കാര്യം കൂടി വ്യക്തമാക്കി. നാത്തൂന് വേണമെങ്കിൽ ആരെങ്കിലുമായി ഒരേർപ്പാടുണ്ടാക്കി ക്കൊടുക്കാൻ നന്ദോ ഒരുക്കമാണ്. ഇരുചെവിയറിയാതെ കാര്യം ശരിയാക്കാം. കൂടിക്കാണാനുള്ള ഏർപ്പാടൊക്കെ നന്ദോ ചെയ്തുകൊള്ളും. തന്റെ കമിതാവുമായി സന്ധിച്ച ശേഷം

നാലണ നന്ദോയ്ക്കു കൊടുത്താൽ മതി.

മൂത്തവൾ നിഷ്ക്കളങ്കയായി വിരഹേശനോടു തനിക്കുള്ള പ്രേമത്തിന്റെ കാര്യം ഹൃദയവേദനയോടെ നന്ദോയെ അറിയിച്ചു. ആ സമയത്താണ് മുകളിൽ ആരോ നടക്കുന്നതുപോലുള്ള ശബ്ദം കേട്ടത്. അവർ ഭയന്ന് അന്യോന്യം കെട്ടിപ്പിടിച്ചു. നന്ദോ വിറയ്ക്കുന്ന ശബ്ദത്തിൽ ശങ്കരനെ ഉറക്കെ വിളിച്ചു. മുകളിൽ നടക്കുന്ന ശബ്ദം ഓട്ടത്തിന്റെ ശബ്ദമായി മാറുകയും അതു തായിയുടെ വീട്ടിന്റെ ഭാഗത്തേക്കു നീങ്ങുകയും ചെയ്തു.

കുഞ്ഞുങ്ങളെ സാൽവാപുതപ്പിച്ച് വായും തുറന്ന് കൂർക്കവും വലിച്ചുറങ്ങുകയാണ് തായി. ഈയിടെയായി തായി വളരെ താമസിച്ചാണുറങ്ങുന്നത്. കുഞ്ഞുങ്ങൾ കാരണം വീട്ടിൽ വൃത്തികേട് വർധിച്ചു. തായിക്കും ഇടയ്ക്കിടെ തളവും മുറിയുമെല്ലാം കഴുകേണ്ടി വന്നു. പൂച്ചക്കുഞ്ഞുങ്ങൾ വന്നതു മുതൽ തായിയുടെ ജോലിയും കൂടിയിട്ടുണ്ട്. കുഞ്ഞുങ്ങൾ തായിയെ വളരെയധികം ശല്യം ചെയ്യുന്നുണ്ട്. അവർ പൂജയ്ക്കോ നാമം ജപിക്കാനോ ഇരിക്കുമ്പോൾ ഈ കുഞ്ഞുങ്ങൾ അവരുടെ മടിയിൽ കടന്നിരുന്നിട്ട് അവിടെയിരുന്നുറങ്ങും. പാലുകുടിക്കാൻ നേരമാവുമ്പോൾ മ്യാവു, മ്യാവു എന്നു ബഹളമുണ്ടാക്കും. രാത്രി സാൽവയ്ക്കകത്തു ഗുസ്തിയും വഴക്കും നടത്തുന്നതിനിടയിൽ തായിയുടെ നെഞ്ചും വയറുമെല്ലാം കുരുക്ഷേത്രമാക്കി മാറ്റും. അന്ന് ആഹാരം കൊടുത്ത സമയത്ത് തായി ഒരു കുഞ്ഞിനെ പൊക്കിയെടുത്ത് അതിന്റെ കണ്ണിൽ കണ്ണും നട്ട് നോക്കിയിരുന്നു. ആ കണ്ണിനകത്തു നിന്ന് ഉണ്ണികൃഷ്ണൻ തന്നെ എത്തിനോക്കുന്നോ?

തായിയുടെ ഹൃദയം ഭക്തികൊണ്ടുനിറഞ്ഞു. അവർ സ്നേഹനിർഭരമായി അതിനെ മാറോട് അടക്കിപ്പിടിച്ചു. മൂന്നു കുഞ്ഞുങ്ങളെയും സാൽവയിൽ പൊതിഞ്ഞ് നെഞ്ചോടു ചേർത്തു പിടിച്ചുകൊണ്ട് ജപിച്ചും പ്രാർഥിച്ചും തായി കട്ടിലിൽ കയറിക്കിടന്ന് ഉറങ്ങിപ്പോയി. അന്നാദ്യമായിട്ടാണവർക്ക് അത്രയും സുഖമായ നിദ്ര കിട്ടിയത്.

പെട്ടെന്നു ഞെട്ടി കണ്ണുതുറന്നപ്പോൾ തന്റെ വായിൽ തുണി കുത്തിത്തിരുകി വച്ചിരിക്കുന്നു. മുഖം മൂടിക്കെട്ടിയ രണ്ടാളുകൾ തീ പറക്കുന്ന കണ്ണുകളോടെ തായിയെ അടക്കിപ്പിടിച്ചിരിക്കുകയാണ്. അവർ അവൾ മൂടിയിരുന്ന സാൽവായെടുത്ത് താഴെ എറിഞ്ഞു. കുഞ്ഞുങ്ങളെയും അതേ ക്രൂരതയോടെ എടുത്തെറിഞ്ഞു. എന്നിട്ട് കട്ടിളയിൽ തൂക്കിയിട്ടിരുന്ന ചുവന്ന തുണിയും പുത്തൻകയറുമെടുത്ത് അവളെ പ്രേതത്തെപ്പോലെ കെട്ടി. മുഖം മാത്രം മൂടിയിരുന്നില്ല. വായിൽ തുണി കീറി വരിഞ്ഞു കെട്ടി.

തായിയുടെ കണ്ണിന്റെ മുമ്പിൽ അവളുടെ വീട്ടിലെ ഓരോ സാധനവും ഒന്നൊന്നായി വാരി എറിയുകയും തല്ലി ഉടയ്ക്കുകയുമാണ്. ഒരുത്തൻ തെരയുന്നതിനിടയിൽ തായിയുടെ മന്ത്രവാദപ്പെട്ടി കണ്ടുകിട്ടി. വളരെ ആദരവോടെ അവൻ അതിൽ നിന്നും കുങ്കുമച്ചെപ്പെടുത്തു. അതിൽ അവിടെയിരുന്ന നെയ്യെടുത്തൊഴിച്ച് നല്ലവണ്ണം ചാലിച്ചു. എന്നിട്ട് ആ കുഴമ്പെടുത്ത് തായിയുടെ മുഖത്തും മുടിയിലും നല്ലവണ്ണം പുരട്ടി. അതിന്റെ പുറത്തായി കുറെ കരിയുമെടുത്തു വരച്ചു. എന്നിട്ട് പെട്ടിയിലിരുന്ന എള്ള് അവിടെത്തന്നെ കളഞ്ഞിട്ട് അതിലിരുന്ന പണസഞ്ചിയെടുത്ത് തായിയുടെ മുഖത്തിനെതിരെ കിലുക്കിക്കാണിച്ചിട്ട് അവർ പോയി.

പാവം പൂച്ചക്കുഞ്ഞുങ്ങൾ കട്ടിലിനരുകിൽ അന്യോന്യം ചേർന്നിരുന്നു. മുഖമുയർത്തി മ്യാവൂ, മ്യാവൂ എന്ന് ഉറക്കെ വിളിക്കാൻ തുടങ്ങി.

15

തന്റെ ജീവിതത്തിൽ വനകന്യ ഇത്രവേഗം കടന്നു കയറിയത് സജ്ജനെ ഒട്ടൊന്നു പരിഭ്രമിപ്പിച്ചു. ഇത്രയും കുറഞ്ഞസമയത്തിൽ ഇത്രയും വേഗത്തിൽ ബന്ധങ്ങൾ ഉണ്ടാകുന്നത് സജ്ജന്റെ ജീവിതത്തിൽ പുതിയ അനുഭവമൊന്നുമല്ല. പക്ഷേ ആ ബന്ധങ്ങളിൽ നിന്ന് ഇപ്പോഴത്തെ ഈ ബന്ധം തികച്ചും പുതുമയുള്ളതായിരുന്നു. സജ്ജനും അതറിയാം. പല യുവതികളുടെ ഓർമയും തലയണക്കടിയിൽവച്ച് സജ്ജന് ഉറങ്ങാൻ കഴിഞ്ഞിരുന്നു. പക്ഷേ വനകന്യയുമായുള്ള ഈ ബന്ധം അങ്ങനെയല്ല. കന്യയോടുള്ള ആകർഷണം ഉറക്കം തന്നെയില്ലാതാക്കിയിരിക്കുകയാണ്. ആദ്യം കണ്ടപ്പോൾതന്നെ കന്യ തനിക്ക് ഒരു ഉരകല്ലാണെന്ന് സജ്ജന് മനസ്സിലായി. സ്നേഹിതർ ഇടയ്ക്കിടെ കന്യയുമായി അയാളുടെ വിവാഹത്തെക്കുറിച്ച് പ്രവചിക്കാറുണ്ട്. സ്വയം അയാൾതന്നെ ആ വഴിക്കു ചിന്തിച്ചിരുന്നില്ലെന്നും പറയാനാവില്ല. അങ്ങനെ വിചാരിക്കാനല്ലാതെ മറ്റൊരു പോംവഴിയും അയാൾ കണ്ടില്ല. കന്യയോടുള്ള ഈ ആകർഷണത്തിന് മറ്റേതുവിധത്തിലാണ് ഒരു പരിണാമവും രൂപവും നൽകാൻ സാധിക്കുക. പക്ഷേ കന്യ ആ വിധത്തിൽ ചിന്തിക്കുന്നുണ്ടോ? ഒരു പക്ഷേ തന്നെക്കൊണ്ടു കാര്യം സാധിക്കാനും അതു കഴിഞ്ഞാൽ ഉപേക്ഷിച്ചു പോകാനുമായിരിക്കുമോ അവളുടെ ഉദ്ദേശം? ഈ സംശയം സജ്ജന്റെ ഹൃദയത്തെ കരളുകയാണ്.

മിനിയാന്നു രാത്രി കർണലിന്റെ സാമർഥ്യം വനകന്യയെയും അവളുടെ ലേഖനത്തെയും പ്രസിദ്ധിയുടെ ഉച്ചകോടിയിലെത്തിച്ചു. ഇന്നലെ പ്രഭാതമായപ്പോഴേക്കും ലോകമൊട്ടുമുള്ള പത്രങ്ങളിൽ വിമാനംവഴി ലഘുലേഖ വിതറിയതിനെയും വനകന്യയുടെ ലേഖനത്തെയും സംബന്ധിച്ച ചർച്ചകൾ വന്നു. പട്ടണത്തിലെ പത്രങ്ങളാകട്ടെ നവവത്സര ദിവസത്തിലെ ആ സംഭവത്തിനു പ്രത്യേക മഹത്വം നൽകി വിശദമായ പ്രസ്താവങ്ങളാണ് നടത്തിയത്. ഇന്നലെ കണ്ണു തുറന്നപ്പോൾത്തന്നെ വനകന്യ നഗരത്തിൽ തനിക്കു ലഭിച്ച പ്രശസ്തിയുടെ ചമത്ക്കാരം കണ്ടു. അറിയുന്നവരും പരിചയക്കാരുമെല്ലാം വളരെ ഉത്സാഹത്തോടെ അവളെ അഭിനന്ദിക്കാനും അനുമോദിക്കാനുമെത്തി. പത്രലേഖകർ അവളുടെ ഫോട്ടോകൾ എടുത്തു. പകലത്രയും നീണ്ടുനിന്ന തിരക്കിട്ട പ്രവർത്തനങ്ങൾക്കുശേഷം, സജ്ജന് ഏകാന്തമായി അവളോടല്പ സമയം കഴിക്കാനവസരം കിട്ടിയപ്പോഴാണ്, കന്യ ആകെ മാറിപ്പോയെന്ന് അയാൾക്ക് തോന്നാനിടയായത്. തന്റെ കണ്ണിൽ നോക്കാനും, തന്നോടു സംസാരിക്കാനും മടിക്കുകയും, സംസാരിച്ചാൽത്തന്നെ പെട്ടെന്നതിൽ നിന്ന് പിന്മാറാൻ ആഗ്രഹിക്കുകയും ചെയ്യുന്നതുപോലെ തോന്നി. കാറിൽ ഒപ്പം പോകാമെന്ന സജ്ജന്റെ നിർദേശം നിരസിച്ചിട്ട് അവൾ ഒറ്റയ്ക്കുപോയി. രണ്ടു പേർക്കും ഒരുമിച്ചു കറങ്ങാൻ പോകണമെന്നും,പട്ടണത്തിന്റെ 'സംസാരവിഷയത്തെ' കാറിലും റോഡിലും കോഫീഹൗസിലും തന്റെ പാർശ്വത്തായി കൊണ്ടു നടക്കണമെന്നും ആയിരുന്നു സജ്ജന്റെ

ആഗ്രഹം. അങ്ങനെ തന്നെയും തന്റെ ഹിറോയിനെയും പറ്റി ലോകർ സംസാരിക്കുകയും അസൂയപ്പെടുകയും ചെയ്യണം.

പക്ഷേ അയാളുടെ പ്രതീക്ഷയും ആശയുമെല്ലാം തകർത്തു കളഞ്ഞു. പോകാൻ നേരത്ത് ഒന്നുപറഞ്ഞു പോവുകയും ചെയ്തു. "മഹിപാലിന്റെ ദേവതയെന്ന കഥയിൽ ഒരു മഹത്തായ വാക്യമുണ്ട്. ഒരു പക്ഷേ അങ്ങ് വായിച്ചിരിക്കും – ഈശ്വരൻ ഏതെങ്കിലും നല്ല മനുഷ്യനെ ഏതെങ്കിലും കാരണത്താൽ ശിക്ഷിക്കാനാഗ്രഹിക്കുന്നെങ്കിൽ അദ്ദേഹം അയാളെ ദേവനാക്കി മാറ്റും" എന്ന് അവളത് പറഞ്ഞ രീതിയിൽ നിന്ന് സജ്ജന്റെ നേരെയാണാ പ്രയോഗമെന്ന് വ്യക്തം.

ഇന്നലെ പകലും രാത്രിയും ഇന്നു നേരം വെളുത്തിത്രനേരവും സജ്ജനെ സംബന്ധിച്ചിടത്തോളം മുള്ളിന്മേൽ കഴിഞ്ഞതു പോലെയായിരുന്നു. വനകന്യയും തന്റെ നീചത്വം മനസ്സിലാക്കിയെന്നാണയാൾക്കു തോന്നിയത്. അക്കാരണത്താൽതന്നെ അയാൾ വളരെ ദു:ഖിച്ചു ലജ്ജിച്ചു. കന്യ ഇനി വരില്ലായിരിക്കും – ഒരിക്കലും വരില്ലായിരിക്കാം. ഇന്നലെ വൈകുന്നേരം മുതൽ സജ്ജൻ ചിന്താഗ്രസ്തനായി ഏകാന്തതയിലമർന്നു. ടെലിഫോൺ അടുത്ത മുറിയിലേക്കുമാറ്റിച്ചു. കർണലോ മഹിപാലോ ഇപ്പോൾ ഇവിടെ നിന്നു പോയ സ്ത്രീയോ – ആരുമായും സംസാരിക്കാനോ ആരെയും കാണാനോ താൻ ആഗ്രഹിക്കുന്നില്ലെന്ന് വേലക്കാരനെ അറിയിച്ചു. കതകടച്ച് മുറിയിലിരിപ്പായി. ആ മുറിയിലിരുന്നു കൊണ്ട് വേണ്ടതിനും വേണ്ടാത്തതിനുമൊക്കെ വേലക്കാരനോടു തട്ടിക്കയറി. അടുക്കളയിലേക്ക് മിനിട്ടിനു മിനിട്ടിനു ഓരോ 'ഡിഷ്' മാറിമാറി ഉത്തരവയച്ചപ്പോൾ കുശിനിക്കാരാകെ ഭയന്നു വിറച്ചു. റേഡിയോയോടും സംഗീതത്തോടും വെറുപ്പുതോന്നി. ഗീതയോടും ബുദ്ധനോടും അമർഷം......

കാമത്തിൽ നിന്ന് ക്രോധം ഉൽഭവിക്കുമെന്നും, ക്രോധം ബുദ്ധി ഭ്രമം വരുത്തുമെന്നും ഗീതയിലെഴുതിയിട്ടുണ്ട്. ചിതറിയ ചിന്തകളിൽ ഉഴന്നു നടന്ന ഹൃദയം ഒടുവിൽ ഈ വാക്കുകളിൽ ചെന്നുറച്ചുനിന്നു. ഒരിക്കൽ വലിയ വീമ്പോടെ, താൻ കാമത്തെ കീഴടക്കുമെന്ന നിശ്ചയവും അയാളെടുത്തു. തന്റെ ജീവിതത്തിൽനിന്ന് സ്ത്രീയെന്ന ശബ്ദം തന്നെ എടുത്തുമാറ്റും.

ഒരിടത്ത് ശ്രീബുദ്ധനും അദ്ദേഹത്തിന്റെ ഉറ്റ ശിഷ്യനായ ആനന്ദനും തമ്മിൽ നടത്തുന്ന സംഭാഷണം വായിച്ചതോർമ്മയുണ്ട്.

ആനന്ദൻ: "പ്രഭോ, സ്ത്രീകളോടുള്ള നമ്മുടെ പെരുമാറ്റം ഏതുവിധത്തിലായിരിക്കണം?"

ബുദ്ധൻ: "അദർശനം; അതായത്, കാണരുത്."

ആനന്ദൻ: "ദർശനമുണ്ടായാൽ എന്തുചെയ്യണം?"

ബുദ്ധൻ: "സംസാരിക്കരുത്."

ആനന്ദൻ: "സംസാരിക്കേണ്ടിവന്നാലോ?"

ബുദ്ധൻ: "മനസ്സു നിയന്ത്രിച്ചു നിർത്തണം."

–സജ്ജനും ഇനി അങ്ങനെയേ ചെയ്യൂ.

സ്ത്രീകൾ അയാളെ വളരെ വിഷമിപ്പിച്ചു. ഇനിമേൽ മനോനിയന്ത്രണം കൈവെടിയുകയില്ല. അവൻ ബ്രഹ്മചര്യം പാലിക്കും – തീർച്ചയായും പാലിക്കും. ലോകത്ത് എത്രയോപേർ ബ്രഹ്മചര്യം പാലിച്ചിട്ടുണ്ട്. പിന്നെ തനിക്കെന്താ സാധി

ക്കാത്തത്? നമ്മുടെ ഭാരതീയ സംസ്കാരത്തിന്റെ മഹത്തായ ആദർശമാണ് ബ്രഹ്മ ചര്യം. നല്ല ആ ആദർശത്തിന്റെ പുരോഗതിക്കായിവർത്തിക്കണം. പുതിയ ഈ അനുഭവത്തിൽനിന്ന് അയാൾക്ക് ഒരുപക്ഷേ പുതിയ പ്രചോദനം ലഭിച്ചേക്കും. പുതിയൊരു കാഴ്ചപ്പാട് വന്നേക്കാം. നാം നമ്മുടെ യഥാർഥ ജീവിതത്തിന്റെ യഥാർഥ അർഥം ഗ്രഹിക്കണം. പുസ്തകം മറിച്ചുനോക്കുന്നതിനിടയിൽ കാണ പ്പെട്ട ഒരിടത്തു ബുദ്ധൻ പറയുകയാണ്. "നാം പോകുകയാണ്. പക്ഷേ എങ്ങോ ട്ടെന്നാർക്കുമറിയില്ല. എങ്കിലും ഗതിശീലമുണ്ടെങ്കിൽ സംയമത്തിലും സാധന യിലും പ്രമാദം വരില്ല. വിരക്തിയുണ്ടെങ്കിൽ സേവാ-ധർമത്തിൽ പോരായ്മവ രില്ല. ഉചിതമായ സ്വാഭിമാനമുണ്ട്. പക്ഷേ വിനയത്തിൽ കുറവില്ല. യഥാർഥ അർഥത്തിൽ ക്ഷാത്രധർമമറിയാം. പക്ഷേ ശസ്ത്രം തൊടില്ല....... അങ്ങനെയാ ണെങ്കിൽ സാക്ഷാത്കാരത്തിനെന്തുതാമസം?" സ്വജീവിതം ഒരു പുതിയ പാത യിലേക്ക് തിരിയുകയാണെന്ന് സജ്ജനുതോന്നി. അപ്പോൾ വനകന്യ-അവൾ, കഷ്ടതകൾക്കും വൈഷമ്യങ്ങൾക്കും ഇരയായ ഒരു സ്ത്രീ, സഹായത്തിനു വന്നു. സേവനം നൽകി. "പരോപകാരമേ പുണ്യം ....."

ആ ആധ്യാത്മികഭാവന ഉൾക്കൊണ്ടുകൊണ്ട് തന്റെ ഭാവിജീവിതം എങ്ങ നെയായിരിക്കണമെന്നുള്ളതിനെക്കുറിച്ച് ഭാവനയിൽ അയാൾ പല ചിത്രങ്ങളും രചിച്ചു. രാത്രി ഏറെയായപ്പോൾ അറിയാതെ ഉറങ്ങിപ്പോയി. ഇപ്പോൾ ഉണർന്നിട്ടും, ഉശിര് വിട്ടിട്ടുപോലും സജ്ജൻ ബ്രഹ്മചര്യവ്രതം പാലിച്ചു. കണ്ണുതുറന്നയു ടൻതന്നെ രാവിലെ ഈ ചിന്തയാണയാൾക്കുണ്ടായത്.

അവിടെനിന്നു പുറപ്പെടുന്ന ഒരു ഇംഗ്ലീഷ് ദിനപത്രത്തിന്റെ മുഖപ്രസംഗ ക്കുറിപ്പിൽ കന്യയുടെ ലേഖനത്തെ പ്രകീർത്തിച്ചെഴുതിയിരിക്കുന്നത് രാവി ലെതന്നെ സജ്ജൻ കണ്ടു. ലേഖനത്തിലെ കാര്യം അന്വേഷണവിധേയമാക്കണ മെന്നും പത്രം അഭ്യർഥിച്ചിരിക്കുന്നു. തെരഞ്ഞെടുപ്പിൽ മത്സരിക്കുന്ന കക്ഷിക ളോട്, തങ്ങളുടെ ജയ-.പരാജയങ്ങൾക്കായി മനുഷ്യത്വത്തിന്റെ കഴുത്ത് ഞെരി ക്കരുതെന്നും പത്രം അപേക്ഷിച്ചിട്ടുണ്ട്. ചില വിശ്വാസങ്ങളിലാണ് ലോകം നില നിൽക്കുന്നത് അവ നശിച്ചുപോയാൽ രാഷ്ട്രീയകക്ഷികളുടെ ഉന്നതമായ ആവ ശ്യങ്ങൾ ജീവനില്ലാത്തവയായിമാറും.

സജ്ജന് കന്യയോടസൂയ തോന്നി. പിന്നെയാണോർമ്മിച്ചത്, താൻ ബ്രഹ്മ ചര്യം പാലിക്കുകയല്ലേ? ഇനി കന്യയുമായി എന്തുകാര്യം?

മനസ്സിനെ നിർബന്ധിച്ചടക്കിനിർത്തിയിട്ട് അയാൾ ദിനകൃത്യത്തിൽ മുഴുകി. വർഷങ്ങൾക്കുശേഷം പെട്ടെന്ന് ഇന്ന് ക്ഷേത്രത്തിലേക്കൊന്ന് പോകാനാഗ്രഹം തോന്നി. വേലക്കാരും കുശിനിക്കാരുമെല്ലാം അത്ഭുതപ്പെട്ടുപോയി. മാളികയുടെ പിൻവശത്തായിട്ടാണ് മാർബിൾകൊണ്ട് പണിത പൂജാമുറിയും ക്ഷേത്രവും. സജ്ജന്റെ അമ്മൂമ്മ തന്റെ കുലദേവതകൾക്കായി പണിയിച്ചതാണ് മാർബിളി ലുള്ള ആ ക്ഷേത്രവും മുറിയുമെല്ലാം. ഇംഗ്ലണ്ടിൽ പോയിട്ടുവന്ന സ്വഭർത്താ വിനെ, കന്നോമലിന്റെ അമ്മ തന്റെ ദേഹത്ത് സ്പർശിക്കാനോ, പൂജാമുറിയിൽ കയറാനോ അനുവദിച്ചിട്ടില്ല. പാരമ്പര്യമുറയ്ക്ക് അമ്മാവിയിൽനിന്ന് മരുമകളി ലേക്ക് പൂജയുടെ ചുമതല പകർന്നു വന്നു. സജ്ജന്റെ അമ്മ ജീവിച്ചിരുന്നിട ത്തോളം കാലം പൂജാകാര്യങ്ങളിൽ ഒരു മുടക്കവും വന്നിട്ടില്ല. സജ്ജന്റെ അമ്മ യുടെ കാലത്ത് കുടുംബക്ഷേത്രത്തിന്റെ ചുമതല വഹിച്ചിരുന്ന പൂജാരിയുടെ

അനന്തിരവനാണ് ഇപ്പോഴത്തെ പൂജാരി. ദിവസവും പൂജയും ചണ്ഡീസ്തോത്രാലാപവും കഴിഞ്ഞ് അയാൾ നിവേദ്യവും ആശീർവാദവും നല്കാനായി സജ്ജന്റെ അടുത്തുചെല്ലും. മതപരമായ കാര്യങ്ങളിൽ സജ്ജന്റെ ബന്ധം അത്രയേ ഉണ്ടായിരുന്നുള്ളൂ. ഈശ്വരനുണ്ടോ ഇല്ലയോ എന്ന വിഷയത്തെക്കുറിച്ച് ഗൗരവപൂർവം ചിന്തിക്കാൻ സജ്ജൻ ഒരു മിനിട്ടുപോലും ചെലവാക്കിയിട്ടില്ല. സാധാരണ ഈശ്വരനെ കളിയാക്കുന്ന പ്രകൃതമാണയാളുടേത്. അന്ന് കുളിയും കഴിഞ്ഞ് നേരെ ക്ഷേത്രത്തിലെത്തിയപ്പോൾ, പൂജകഴിഞ്ഞ് ചണ്ഡീസ്തോത്രം ഉറക്കംതൂങ്ങിക്കൊണ്ട് ഉരുവിട്ടുകൊണ്ടിരുന്ന പൂജാരി മുന്നിൽ ഭൂതം വന്നു നിന്നാലെന്ന പോലെ ഭയന്നു വിറച്ചു.

വർഷങ്ങൾക്കുശേഷമാണ് താൻ താമസിക്കുന്ന ബംഗ്ലാവിന്റെ ആ ഭാഗത്തേക്കയാൾ കാൽവയ്ക്കുന്നത്. അമ്മയോടൊപ്പം പണ്ടിവിടെ മണിക്കൂറുകൾ കഴിച്ചുകൂട്ടിയിട്ടുണ്ട് – ചിലപ്പോൾ ദിവസങ്ങൾപോലും. അമ്മയുടെ മരണത്തിനുശേഷം അന്ന് ആദ്യമായി അതിനകത്തു കടന്നപ്പോൾ സജ്ജന്റെ ഹൃദയം നിറഞ്ഞുപോയി. മുറിയാകെ ഒരു മങ്ങൽ. മുറിയിൽ പാകിയിരുന്ന മാർബിൾ പാളികളും, മാർബിൾകൊണ്ടുള്ള മൂർത്തിയും അഴുക്ക് പിടിച്ച് ഇരുണ്ടിട്ടുണ്ട്. മൽമൽ വസ്ത്രവും അതിന്റെ മേലണിഞ്ഞ കസവുപട്ടുമെല്ലാം അഴുക്കടിഞ്ഞിരിക്കുന്നു. എല്ലാം പഴകിപ്പോയി. വെള്ളിപൂശിയ വടി മിനുക്കിവയ്ക്കാത്തതുകാരണം കറുത്തുപോയി. അഴുക്കും ഇരുളും പരന്ന ആ അന്തരീക്ഷത്തിൽ അനേകം വിഗ്രഹങ്ങളും മൂർത്തികളും ചന്ദനവും പൂമാലയുമണിഞ്ഞ് ശോഭയറ്റ നിലയിൽ നിർത്തിയിരിക്കുന്നു. സജ്ജനതുകണ്ടപ്പോൾ രസിച്ചില്ല. പൂജാരിയോട് ദേഷ്യം തോന്നി. കോപത്തോടെ പറഞ്ഞു "നിങ്ങൾ എന്തു പൂജാരിയാണ് ഹേ? ഏറ്റവും പവിത്രവും ശുദ്ധവുമായി കരുതപ്പെടുന്ന ഭഗവൽവിഗ്രഹങ്ങളെ ഇത്രയും വൃത്തികെട്ട രീതിയിലാണോ വയ്ക്കുന്നത്? നാണമില്ലേ തനിക്ക്?" പൂജാരി സർവാംഗം തളർന്ന് എന്തോ പറയാനായി പല തവണ ഒരുമ്പെട്ടു. പക്ഷേ ഒന്നും പറയാനാവുന്നില്ല. മാസം മുപ്പതുരൂപ ശമ്പളത്തിന് പൂജാ തൊഴിൽ ചെയ്യുന്ന ബ്രാഹ്മണൻ തന്റെ യജമാനന്റെ കോപത്തിന് മുമ്പിൽ എന്തെങ്കിലും പറയാൻ ധൈര്യപ്പെടുമോ?

വേലക്കാരെയും കാവൽക്കാരെയുമെല്ലാം വിളിച്ച് എല്ലായിടവും വെടിപ്പാക്കാൻ സജ്ജൻ ഉത്തരവിട്ടു. തോട്ടക്കാരനോട് പറയാനായി കല്പിച്ചു. "നാളെ മുതൽ ക്ഷേത്രത്തിലേക്ക് ഏറ്റവും പുതിയ പൂക്കൾ ശരിയായി കെട്ടിക്കൊടുത്തയക്കാൻ അവനോട് പറയണം – അമ്മയുടെ കാലത്ത് ചെയ്തിരുന്നതുപോലെ." നാളെ നേരം വെളുക്കുന്നതിന് മുമ്പ് ഇവിടത്തെ എല്ലാ കാര്യങ്ങളും നേരെ ചൊവ്വേ ആയില്ലെങ്കിൽ എല്ലാവർക്കും അയ്യഞ്ചുരൂപ പിഴ. പിന്നെ, പണ്ഡിറ്റ്ജീ നിങ്ങൾക്ക് മനസ്സിരുത്തി നേരെ പൂജയും മറ്റും ചെയ്യാനാവില്ലെങ്കിൽ വേറെ വല്ല പണിയും നോക്കിക്കൊള്ളണം..."

"അങ്ങനെ പറയരുതേ, പൊന്നെജമാനനേ... എല്ലാം ..."

"മിണ്ടരുത്, എന്റെ വീട്ടിൽ ശുദ്ധമായ രീതിയിൽ വേണം പൂജ നടക്കുവാൻ. അതിൽ വല്ല കുറവും വന്നാൽ......."

പൂജാരിയുടെയും വേലക്കാരുടെയും മേൽ ശാസനയും അധികാരവും നടപ്പിലാക്കി മനസ്സിന് ആയാസം കുറഞ്ഞപ്പോൾ സജ്ജന്റെ ശ്രദ്ധ ആ മൂർത്തിക

ളിൽ പതിഞ്ഞു. മനസ്സിൽ ഭക്തിഭാവമൊന്നും ഉയർന്നില്ല. അയാൾ ആലോചിച്ചു - മനുഷ്യൻ ഈ വിഗ്രഹങ്ങളിൽ എന്താണ് കാണുന്നത്? അമ്മൂമ്മയും അമ്മയുമെല്ലാം മണിക്കൂറുകളോളം അവിടെയിരുന്ന് പൂജാകർമ്മങ്ങൾ ചെയ്യുന്നതും, പുരാണകഥകൾ കേൾക്കുന്നതും അയാൾ കണ്ടിട്ടുണ്ട്. പങ്കയുണ്ടായിരുന്നിട്ടുകൂടി അമ്മ കൃഷ്ണവിഗ്രഹത്തിന് മയിൽപ്പീലിവിശറികൊണ്ട് വീശിക്കൊടുക്കുന്നതയാൾ കണ്ടിട്ടുണ്ട്. ഇന്ത്യയിലെ ഒട്ടേറെ ക്ഷേത്രങ്ങളിൽ പോയിട്ടുണ്ടെങ്കിലും അവിടത്തെ കല മാത്രമേ അയാൾ കണ്ടുള്ളൂ. ഈശ്വരനെ കണ്ടില്ല. പാണ്ഡകളും പൂജാരികളും നടത്തുന്ന തെമ്മാടിത്തരങ്ങളും അനാചാരങ്ങളും അയാൾ കണ്ടിട്ടുണ്ട്. പക്ഷേ ഒരിക്കലും ആലോചിച്ചിട്ടില്ല എന്തുകൊണ്ടാണ് ആളുകൾ നിത്യവും ക്ഷേത്രങ്ങളിൽ വരുന്നതെന്നും അവരെ അങ്ങോട്ടാകർഷിക്കുന്നതെന്താണെന്നും. അപ്പോഴാദ്യമായിട്ടാണയാൾക്ക് ഈ ചിന്തയുണ്ടായത്. അയാൾ ഗൗരവ പൂർവം ചിന്തിച്ചു. പക്ഷേ ഉത്തരം കിട്ടുന്നില്ല. വാർത്തുകടഞ്ഞെടുത്ത നിർജീവമായ പിച്ചളക്കണ്ണുകൾ മുഖത്ത് വച്ചു പിടിപ്പിച്ചുനിൽക്കുന്ന രാധയുടെയും കൃഷ്ണന്റെയും വലിയ വിഗ്രഹങ്ങൾ കൂടാതെ ചെറിയ ചെറിയ വിഗ്രഹങ്ങളും മൂർത്തികളും, കല്ലുകൾ, സാളഗ്രാമം, ശിവലിംഗങ്ങൾ, ബാലമുകുന്ദൻ, വെള്ളിയഴിയിട്ട അറയിൽ നാഗധാരിയായ ശിവൻ, ഗണപതി, ഹനുമാൻ മൂന്നു വലിയ ചെമ്പു മന്ത്രത്തകിടുകൾ-ഈ വസ്തുക്കളിലൊന്നും അയാൾ ഒരു സത്യവും കണ്ടില്ല. എന്നിട്ടും കോടിക്കണക്കിന് മനുഷ്യർ ഇതിൽ എന്താണ് കാണുന്നത്?

കുറെ നിമിഷങ്ങൾ ഏകാന്തതയിൽ അയാൾ സ്വയം ചിന്തയിലാണ്ടുനിന്നു. ധ്യാനനിരതനാണെന്നോണം ആ ഏകാന്തതയും അയാൾക്കിഷ്ടപ്പെട്ടു. പിന്നെ ആലോചിച്ചു. ഇനി എന്നും ഇവിടെ വരണം. മറ്റൊന്നും നടന്നില്ലെങ്കിലും തനിക്ക് ചിന്തിക്കാനും, ഏകാഗ്രത നേടാനുമുള്ള മുറിയായിട്ടെങ്കിലും ഇതിനെ കണക്കാക്കാം. മുടങ്ങാതെ എന്നും വരണം. സ്വയം അത്രയും അച്ചടക്കവും അനുസരണയും പാലിക്കാൻ കഴിയുമെന്നായിരുന്നു സജ്ജന്റെ വിശ്വാസം.

രാവിലെ ഒരു പ്രതിജ്ഞയുമായിട്ടാണുണർന്നത്. ആ ദൃഢനിശ്ചയത്തിനു മുറുക്കം കൂടിവന്നു. ഇനി സ്ത്രീകളെക്കുറിച്ചുള്ള ചിന്ത മനസ്സിലുയരാനനുവദിക്കില്ല. കന്യ, അഥവാ തന്റെ ജീവിതത്തിലേക്കു കടന്നു വന്നാൽതന്നെയും അവളെ ഒരു സാധാരണ മിത്രത്തിന്റെ രീതിയിലേ കണക്കാക്കൂ, നോക്കൂ. അവളുടെ നേർ ക്കുള്ള മനോഭാവത്തെ നിർബന്ധപൂർവം ചെറുത്തു നിറുത്തും.

അന്നു കവലയിലുള്ള തന്റെ സ്റ്റുഡിയോയിലേക്കു പോകുമ്പോൾ രണ്ടു വേലക്കാരെയും കൂട്ടിക്കൊണ്ടാണ് സജ്ജൻ തിരിച്ചത്. വളരെയധികം പൂവും അവർ കൊണ്ടുവന്നു. ഇന്ന് അകവും പുറവുമെല്ലാം ശുദ്ധീകരിക്കുന്നതിൽ മുഴുകിയിരിക്കുകയാണയാൾ. വാശിമാറിയെങ്കിലും തന്റെ നിശ്ചയം നിലനിറുത്താൻ സർവപ്രകാരേണയും ശ്രമിക്കുകയാണയാൾ.

വേലക്കാരെയും കൊണ്ടിതാദ്യമാണയാൾ മുറിയിലേക്കു വരുന്നത്. ഇതുവരെ ഡ്രൈവർക്കു മാത്രമേ ഈ സ്ഥലം അറിയാവൂ. ബംഗ്ലാവിലെ വേലക്കാർ യജമാനന്റെ പിന്നാലെ ആ മുറിയിരിക്കുന്ന മേടയിലേക്കു നടക്കുകയാണ്. പടി കയറുമ്പോൾ തായിയുടെ കതകു തുറന്നു കിടക്കുന്നത് സജ്ജന്റെ ശ്രദ്ധയിൽപ്പെട്ടു. വേലക്കാരൻ തലയിൽ പൂക്കൂടയും ചുമന്നു വരുന്നതു കണ്ടപ്പോൾ

കുറച്ച് പൂവ് തായിയുടെ പൂജാമുറിയിലേക്കായി കൊടുത്താലോ എന്നോർത്തു. ഒരുപക്ഷേ അവർക്കു സന്തോഷമാവും. വേലക്കാരുടെ കയ്യിൽ താക്കോൽ കൊടുത്തിട്ട് മുറിയെല്ലാം തേച്ചു കഴുകിയിടാൻ നിർദേശവും നൽകി മുകളിലേക്കയച്ചു. എന്നിട്ട് ഒരിലയിൽ കുറെ പൂക്കളുമായി സജ്ജൻ തായിയുടെ വീട്ടിലേക്കു നടന്നു. മുറ്റത്തു കടന്നപ്പോൾ ആലോചിച്ചു. ചീത്ത കേൾക്കേണ്ടി വരുമോ? പിന്നെ തീരുമാനിച്ചു. എങ്കിൽ കേട്ടുകളയാം.

തളത്തിൽ മൂന്നു പൂച്ചക്കുഞ്ഞുങ്ങൾ ഒരു വരിയായി ഇരിക്കുന്നു. അയാളെക്കണ്ടയുടനെ അവ ഒരേ സമയത്ത് മ്യാവു മാവ്യൂ എന്നുറക്കെ കരഞ്ഞു. മുന്നോട്ടു വച്ച കാൽ ഒന്നറച്ചു. അവ എടുത്തു ചാടിയാൽ കാലിനടിയിൽ പെട്ടുപോയെങ്കിലോ? കാലിനുചുറ്റും മ്യാവു മ്യാവു എന്നു ശബ്ദിച്ചുകൊണ്ട് വട്ടമിടുകയാണാ കുഞ്ഞുങ്ങൾ.

അകത്തേക്ക് ഒന്നെത്തിനോക്കി. കട്ടിലിൽ കെട്ടിവരിഞ്ഞിട്ടിരിക്കുന്ന തായിയുടെ രൂപം ശ്രദ്ധയിൽ പെട്ടു. സജ്ജൻ ഞെട്ടിപ്പോയി. തായിയുടെ മുഖമാകെ ഹനുമാൻ വിഗ്രഹത്തിന്റെ മുഖമെന്നപോലെ സിന്ദൂരം പൂശിയിരിക്കുന്നു. തുണി കീറി വായ് മൂടിക്കെട്ടിയിട്ടുണ്ട്. നെറ്റിയിലും കവിളിലും കരി കൊണ്ട് വരച്ചിരിക്കുന്നു. പ്രേതത്തെയെന്നപോലെ പൊതിഞ്ഞു കെട്ടിയ ശരീരം. ഭീതികരമായ മന്ത്രവാദിയുടേതുപോലെ വികൃതമാക്കിയ രൂപം കണ്ട് തായി മരിച്ചിരിക്കുമെന്നയാൾ സംശയിച്ചു. പ്രേതത്തിന്റെ അടുത്തേക്കു ചെല്ലാൻ ഒരറപ്പ്. അതിനിടെ തായിയുടെ ശിരസ്സ് ഒന്നു ചലിച്ചു. കനത്ത ചായം പൂശലിനിടയിൽ നിന്ന് വെളുത്ത ആ കണ്ണുകൾ ഒന്നു തിളങ്ങി. സജ്ജൻ പാഞ്ഞ് അടുത്തെത്തി വായിൽ കെട്ടിയിരുന്ന തുണിയഴിച്ചു. വായ്ക്കകത്ത് തിരുകിവെച്ചിരുന്ന തുണി എടുത്തു മാറ്റി. തായിയുടെ താടി ഉറച്ചുപോയിരുന്നു. വായ് കുറെനേരം അടയ്ക്കാൻ വയ്യാതെ തുറന്നുതന്നെയിരുന്നു. സജ്ജൻ കെട്ടെല്ലാം അഴിച്ചു. അവരുടെ തണുത്തു മരവിച്ച കാലും കയ്യും നല്ലവണ്ണം തിരുമ്മി.

കുറെനേരമായപ്പോഴേക്കും തായിക്കൊരോർമ വന്നു. താടിയിലെ മരവിപ്പു കാരണം തായി അപ്പോഴും വിഷമിക്കുകയാണ്. കഴുത്തിൽ നല്ലവണ്ണം തിരുമ്മി താടി കൂട്ടിച്ചേർക്കാൻ സജ്ജൻ ശ്രമിച്ചു. എന്തോ പറയാൻ തായിക്കാഗ്രഹമുണ്ട്. കട്ടിലിന്റെ രണ്ടു പടികളിലും ബലമായി പിടിച്ചിട്ട് അവർ എഴുന്നേറ്റിരുന്നു. സജ്ജനെ ക്ഷീണിച്ച കൈകൊണ്ട് ഒന്നു തട്ടി.

"ഞാൻ ഡോക്ടറെ വിളിച്ചോണ്ടുവരാം, തായീ" അയാൾ പറഞ്ഞു. വേണ്ടെന്ന് അവർ കയ്യെടുത്തു വിലക്കി. തളത്തിൽ മ്യാവു മ്യാവ്യൂ എന്നു വിളിക്കുന്ന പൂച്ചക്കുഞ്ഞുങ്ങളുടെ നേരെ കൈചൂണ്ടിയിട്ട് കോച്ചിപ്പിടിച്ചിരുന്ന കണ്ഠമുയർത്തി അവർ എന്തോ ശബ്ദം പുറപ്പെടുവിക്കാൻ ശ്രമിച്ചു.

സജ്ജന് ഒന്നും മനസ്സിലായില്ല. "ഞാൻ ആവി പിടിക്കാനുള്ള ഏർപ്പാട് ഇപ്പോൾ ചെയ്യാം. വേണമെങ്കിൽ ഡോക്ടറെയും വിളിക്കാം."

തായി തളത്തിലേക്കു കൈ ചൂണ്ടി ശബ്ദവിഹീനമായ സ്വരത്തിൽ എന്തോ പറയുകയാണ്. ഒന്നും മനസ്സിലാകാതെ സജ്ജൻ പറഞ്ഞു "ഞാൻ നിങ്ങളുടെ മകൻ തന്നെ. എന്നെക്കൊണ്ട് ശുശ്രൂഷ ചെയ്യിക്കുന്നതിൽ മടിക്കുന്നതെന്തിന്?"

തായി വീണ്ടും തളത്തിലേക്കു കൈചൂണ്ടി. സജ്ജൻ വേലക്കാരെ വിളിക്കാൻ പുറത്തു വന്നു. അവിടെ ആകെ ബഹളം, കുഞ്ഞുങ്ങൾ തളത്തിൽ വിളിച്ചുകൂ

വിക്കരയുകയാണ്.

സജ്ജൻ ഒരു വേലക്കാരനെക്കൊണ്ട് സ്റ്റൗവും എടുപ്പിച്ചു കൊണ്ടെത്തിയപ്പോൾ തായി കട്ടിലിലിരുന്ന് താടി കൂട്ടിയടയ്ക്കാനായി ഒരു കയ്യ് തലയിലും മറുകയ്യ് കീഴ്ത്താടിയിലും കൊടുത്ത് അമർത്തുകയും വിടുവിക്കുകയുമാണ്. സജ്ജൻ അവരുടെ കഴുത്തും താടിയും തിരുമ്മി. മഫ്ളർ സ്റ്റൗവിൽ കാണിച്ച് ചൂടാക്കി ആവികൊള്ളിച്ചു. മരവിച്ചിരുന്ന വായ്ക്കും നാക്കിനും ജീവൻ വന്നപ്പോൾ തായി ആദ്യമായി ഉച്ചരിച്ച വാക്ക് 'പാല്' എന്നാണ്. തായി പാലുകുടിക്കാനാഗ്രഹിക്കുകയാണെന്നു മനസ്സിലാക്കിയ സജ്ജൻ വേലക്കരനെ ഒരുസേർ പാലു വാങ്ങിക്കൊണ്ടു വരാൻ ബസാറിലേക്ക് ഓടിച്ചു. വസ്ത്രത്തിന്റെ മുന്തിയിൽ നിന്ന് കാശ് അഴിച്ചെടുക്കാൻ തുടങ്ങുകയായിരുന്നു തായി. കുറച്ചു നേരം അയാളെത്തന്നെ നോക്കിയിരുന്നു. എന്നിട്ട് ക്ഷീണിച്ചവശമായ സ്വരത്തിൽ മെല്ലെ പറഞ്ഞു. "കന്നോമലിന്റെ ചെറുമോനോ.......?" വീണ്ടും ശ്വാസം എടുത്തിട്ടു പറഞ്ഞു "നന്ദോയുടെ അച്ഛനായിരുന്നു........" പറഞ്ഞുതീർന്നതോടെ വീണ്ടും തളർന്നു പോയി.

സിന്ദൂരം പൂശി, കരിയും വരച്ച് കറുത്ത എള്ളു മണികൾ അങ്ങിങ്ങു പറ്റിയിരുന്ന ആ മുഖം സജ്ജന്റെ മനസ്സിൽ വിചിത്രമായ ഒരു ഭാവനയുടെ രൂപം നൽകി. ഏതോ ആദിമയുഗത്തിലെ പുരോഹിതസ്ത്രീയാണ് തന്റെ മുന്നിലിരിക്കുന്നതെന്ന് അയാൾക്കുതോന്നി.

തായി എഴുന്നേറ്റു. അവർ തളത്തിനുനേരെ നടന്നു. അവരെ താങ്ങിക്കൊണ്ട് സജ്ജനും അങ്ങോട്ടുനീങ്ങി. തായി ഒന്നുരണ്ടു തവണ തടുത്തു. വിലക്കി. പക്ഷേ സജ്ജൻ അവരെ താങ്ങിപ്പിടിച്ചുകൊണ്ടുതന്നെ നടന്നു. പടിയിൽ വന്നിരുന്നിട്ട് കുഞ്ഞുങ്ങളെ എടുത്തവർ മടിയിൽ വച്ചു. പിന്നെ സജ്ജന്റെ മുഖത്തേക്കു നോക്കിക്കൊണ്ട് മുണ്ടിന്റെ കോന്തലയഴിച്ച് പൈസ എടുത്തുകൊടുത്തുകൊണ്ട് പറഞ്ഞു "പാല് വാങ്ങിപ്പിക്കൂ."

"വാങ്ങാൻപോയി."

"ഇവർക്കായി വാങ്ങൂ."

വേലക്കാരൻ മടങ്ങിവരുന്നതുവരെ, സജ്ജൻ അവരുടെ മുഖത്തുതന്നെനോക്കിക്കൊണ്ടിരുന്നു. അയാൾ ആലോചിച്ചു, എല്ലാവരും ചീത്തയെന്നു പറയുന്ന, സദാ പിരാകിയും തെറിവിളിച്ചും ശകാരിച്ചും കഴിയുന്ന, ക്ഷുദ്രവും മന്ത്രവാദവും നടത്തുന്ന, എല്ലാവരെയും വെറുക്കുന്ന ഈ തായി ഈ പൂച്ചക്കുഞ്ഞുങ്ങൾക്കുവേണ്ടി ഇതാ പിടയുന്നു. ആ കുഞ്ഞുങ്ങളുടെ വിശപ്പിനെക്കുറിച്ചാണവർ ആദ്യം ചിന്തിച്ചത്. കല്ലിനും അലിയാനറിയാം....

മനുഷ്യന്റെ ജീവിതത്തിൽ ഇത്രയും സൗന്ദര്യം എവിടെ നിന്നു വരുന്നു? ഈ സൗന്ദര്യത്തിൽ സമ്പന്നനായിരുന്നിട്ടുപോലും മനുഷ്യൻ തനിക്കു ചുറ്റും വെറുപ്പും വിദ്വേഷവും ഹിംസയും കൊണ്ടുള്ള വലയല്ലേ വിരിക്കുന്നത്? അതാണു മനസ്സിലാകാത്തത്. തായി എത്രമാത്രം ഭയങ്കരിയായി തോന്നിച്ചിരുന്നോ, അത്രയുമോ അതിലേറെയോ കരുണാമയിയായും തോന്നിച്ചു, പൂച്ചക്കുഞ്ഞുങ്ങളെല്ലാം മടിയിലിരിക്കുന്ന അവരെ കണ്ടപ്പോൾ.

വേലക്കാരൻ പാൽ കൊണ്ടുവന്നു. കുഞ്ഞുങ്ങളെയും മടിയിൽ വച്ചുകൊണ്ട് തായി എണീറ്റു. അവരുടെ പാൽപാത്രത്തിന്റെ അടപ്പെടുത്ത് അതിലോട്ടു പാലൊ

ഴിച്ചിട്ട് തായി പറഞ്ഞു "ഇനി നിങ്ങൾ പോവിൻ."

"നിങ്ങളും കുറച്ചു പാലുകുടിച്ചോളൂ."

"എനിക്കൊന്നും വേണ്ട. വീടാകെ നാശമാക്കിയിട്ടിരിക്കുകയാണ്. ദ്രോഹികൾ. നീ നിന്റെ പാലും കൊണ്ടു പൊയ്ക്കൊ. പോ..."

വിശന്നുവലഞ്ഞ കുഞ്ഞുങ്ങൾ അടപ്പിൽനിന്ന് മുടുമുടാ പാൽ കുടിക്കുകയാണ്. സജ്ജനും വേലക്കാരനും പോയിക്കഴിഞ്ഞ് തായി വീടിന്റെ വാതിലടച്ചു. അവൾ തിടുക്കത്തിൽ മുറിക്കകത്തുകയറി, കള്ളന്മാർ വാരിവലിച്ചിട്ട സാധനങ്ങളും പെട്ടിയും എല്ലാം ഒന്നു നോക്കി. കൃഷ്ണവിഗ്രഹത്തിന്റെ പിന്നിൽ കുഴിച്ചുവച്ചിരുന്ന അവരുടെ നിധി ഭദ്രമാണ്. തായിക്കു പ്രാണൻ വീണു. റിസർവ് ബാങ്ക് ഭദ്രമാണെന്നു കണ്ടശേഷം മറ്റു ചെറിയബാങ്കുകൾ പരിശോധിക്കാൻ തുടങ്ങി. തിരുകല്ലിന്റെ അടിയിൽ വച്ചിരുന്ന കുടുക്ക കാലിയായിരിക്കുന്നു. ധാന്യം മോഹിച്ച എലി പതിരു തിന്നിട്ടുപോയി. കള്ളന്മാർ അകത്തെ മുറിയുടെ നാലു കോണും കുത്തിക്കുഴിച്ചു നോക്കിയിരിക്കുന്നു – കരുതിവച്ച നിധിയുണ്ടോ എന്ന്. റാന്തൽ കത്തിച്ച് തായി അവിടെ സൂക്ഷിച്ചിരുന്ന പണസ്സഞ്ചി ഉണ്ടോ എന്നു നോക്കി. ഇല്ല, അവിടെ കാണാനില്ല. വളരെ നേരം തലയിൽ കയ്യും കൊടുത്ത് അവർ ഇരുന്നാലോചിച്ചു. പൂച്ചക്കുഞ്ഞുങ്ങൾ വയർ നിറഞ്ഞതിനെത്തുടർന്ന് തുള്ളിച്ചാടി ഓടാൻ തുടങ്ങി.

കള്ളന്മാർ താറുമാറാക്കിയിട്ട വീട്ടു സാധനങ്ങൾ അടുക്കിയൊതുക്കിവച്ചു. അടുക്കളവരാന്തയിൽ വാരിവിതറിയിരുന്ന മുളകും മഞ്ഞളും മല്ലിയുമെല്ലാം നുള്ളിയും പെറുക്കിയും ശേഖരിച്ചുവച്ചു. ഉടച്ചെറിഞ്ഞ കലവും ചട്ടിയുമെല്ലാം വാരിക്കളഞ്ഞ് വീടു തേച്ചു കഴുകിക്കുളിച്ചു. കൃഷ്ണനെ പൂജിച്ചു. സജ്ജൻ കൊണ്ടുക്കൊടുത്ത പൂവ് വിഗ്രഹത്തിൽ ചാർത്തി. എന്നിട്ടു വാതിലും പൂട്ടിയിട്ട് സജ്ജന്റെ മുറിയിലേക്കു ചെന്നു. വേലക്കാർ മുറിയും തട്ടുമെല്ലാം കഴുകി വെടിപ്പാക്കിയിരുന്നു. എല്ലാ സാധനങ്ങളും തുടച്ചും വൃത്തിയാക്കിയുമിട്ടു. പൂക്കൾ അലങ്കരിച്ച പൂക്കൂട മുറിക്ക് ഒരു പ്രത്യേക സൗന്ദര്യം നൽകി. സജ്ജൻ അവിടെയിരുന്നു തായിയുടെതന്നെ രൂപം സ്കെച്ച് ചെയ്യുകയായിരുന്നു. വാതിൽക്കൽ തായി വന്നുനിൽക്കുന്നതു കണ്ട് അയാൾ അമ്പരന്ന് എണീറ്റു "വരണം തായീ, വരണം."

തായിയുടെ മുഖം ചിന്താഭാരം കാരണമാകാം കടുത്തിരുന്നു. "എന്റെ മൂവായിരത്തി അറുന്നൂറ്റിഇരുപതു രൂപ ദ്രോഹികൾ കട്ടുകൊണ്ടു പോയി. നോക്കിക്കോ, അവന്റെയൊക്കെ ഓരോ രോമത്തിൽനിന്നും വസൂരിയായി എന്റെ ഓരോ പൈസയും പുറത്തുവരും, നോക്കിക്കോ..."

കള്ളന്മാർ തായിയുടെ സകല സമ്പത്തും കട്ടുകൊണ്ടുപോയി എന്ന് സജ്ജൻ കരുതി. സജ്ജൻ അവരെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. പെട്ടെന്നവർ അയാളോടു ചോദിച്ചു "നിന്റെ കല്യാണം കഴിഞ്ഞോ, കന്നോമലിന്റെ ചെറുമോനേ?"

"ഇല്ല."

"നമ്മുടെ ഗോകുല ക്ഷേത്രത്തിൽ ഒരു സ്ത്രീ വരാറുണ്ട്. കുടുംബക്കാരിയാണ്. അവൾക്കൊരു മകളുണ്ട്. സുന്ദരി–മിടുക്കിയായ ഒരു പെൺകുട്ടി. എട്ടാം ക്ലാസ്സുവരെ ഇംഗ്ലീഷും പഠിച്ചിട്ടുണ്ട്. നീ പറഞ്ഞാൽ നമുക്കാലോചിക്കാം...."

"വേണ്ട തായീ, ഇപ്പോൾ കല്യാണമൊന്നും കഴിക്കുന്നില്ല."

"ഇപ്പോഴല്ലാതെ പിന്നെപ്പഴാ, കിഴവനായിട്ടോ? കന്നോമൽ ധർമഭ്രഷ്ടനായിരുന്നു. നീയും അങ്ങനെയാണോ?"

സജ്ജൻ ചിരിച്ചിട്ടു പറഞ്ഞു "അല്ല തായീ, ഞാൻ പവിത്രമായിട്ടാണു കഴിയുന്നത്."

"നിനക്കു ചോറുവച്ചു തരുന്നതാര്. പട്ടരുടെ ഹോട്ടലിലാണോ ഊണ്?"

"പട്ടരാണു വച്ചു തരുന്നത്. ചിലപ്പോൾ ഞാൻ തന്നെ ഉണ്ടാക്കും." തായിയുടെ മുമ്പിൽ തന്റെ പവിത്രതയെക്കുറിച്ചു വിവരിക്കുമ്പോൾ സജ്ജന്റെയുള്ളിൽ ചിരിപൊട്ടി.

തായി പറഞ്ഞു "നീ ആ രാമചന്ദ്രന്റെ മകളെ വിവാഹം കഴിച്ചാൽ ഞാൻ (പിന്നെ അറച്ചറച്ച് വളരെ പതിഞ്ഞ സ്വരത്തിലാണു പറഞ്ഞത്) നിന്റെ പെണ്ണിന് നൂറുതോല സ്വർണം കൊടുക്കാം. നോക്ക്, ആര് എന്നെ എത്ര കൊള്ളയടിക്കാൻ ശ്രമിച്ചാലും ശരി, ഗോകുലനാഥൻ എന്നെ രക്ഷിക്കും. ഞാൻ ഓരോരുത്തന്റെയും വംശം നശിപ്പിക്കും....ദ്രോഹികൾ....നീചർ.... നീ. നീ കല്യാണം കഴിക്ക് കന്നോമലിന്റെ ചെറുമോനേ, നൂറുതോല...."

സജ്ജനും തായിയും തലയുയർത്തി നോക്കി. വാതിൽക്കൽ വനകന്യ നിൽക്കുന്നു. സജ്ജനാകെ പരിഭ്രമമായി. തന്റെ തീരുമാനം ഓർത്തും തായിയുടെ സാന്നിധ്യം കാരണവും. തായി അവളെ പരിശോധിക്കും മട്ടിൽ സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്നു. കന്യ അകത്തുകടന്ന് മുമ്പിൽ സ്റ്റൂളിലിരുന്നു. തായി ചോദിച്ചു, "ഇതാര്?"

സജ്ജനാകെ വിഷമത്തിലായി. കന്യ വിജാതിയിൽപ്പെട്ടവളാണെന്നു പറഞ്ഞാൽ തായി കന്യയെയും തന്നെയും വെറുത്തേക്കും. കന്യ മുന്നിലെത്തിയപ്പോൾ സജ്ജന്റെ ഹൃദയം ആടിത്തുടങ്ങി. പെട്ടെന്ന് ഉത്തരം പറയാനുള്ള തിടുക്കത്തിൽ അയാൾ പറഞ്ഞു.

"ഇത് നമ്മുടെ കൂട്ടത്തിൽതന്നെയുള്ളതാണ്."

"ആരുടെ മോൾ?"

"അത്. ഇവരുടെ അമ്മയുടെ വീട്.... അങ്ങ്...ദൂരെയാണ്..."

"അപ്പോൾ ഇവിടെ ഇവളുടെ ഭർത്താവിന്റെ വീടാണോ? ആരാണ്?"

കന്യ ഒന്നും പറയരുതേയെന്നാണ് സജ്ജന്റെ പ്രാർഥന. അതുകൊണ്ടയാൾ ഒന്നിനുപിറകെ മറ്റൊന്നായി അനേകം കള്ളങ്ങൾ തട്ടിവിട്ടു. തായിയുടെ ചോദ്യവും കന്യയുടെ സാന്നിധ്യവും കാരണം ചിന്തിക്കാൻ പോലും അയാൾക്ക് സന്ദർഭം കിട്ടിയില്ല. പെട്ടെന്ന് കന്യയുടെ വളയിടാത്ത കൈയിലേക്ക് നോക്കിയിട്ടയാൾ തട്ടിവിട്ടു "ഇവർ ഇവിടെ സ്ക്കൂളിൽ പഠിപ്പിക്കുകയാണ്, തായീ. ഇവരുടെ ഭർതൃഗൃഹത്തിലെ എല്ലാവരും മരിച്ചുപോയി."

"നിന്റെ അടുത്തെന്തിനുവരുന്നു?"

"ചിത്രം വരയ്ക്കുന്നത് പഠിക്കാൻ വരികയാണ്."

തായി സജ്ജന്റെ അടുത്ത ബന്ധുവാണെന്ന് കന്യ മനസ്സിലാക്കി. സജ്ജന്റെ വെപ്രാളവും മറ്റും കണ്ട് അവൾക്ക് കൗതുകം തോന്നി.

തായി പെട്ടെന്ന് സജ്ജനോട് ചോദിച്ചു "അപ്പോൾ നീ ഇവളെ വിധവാവിവാഹം ചെയ്യാൻ പോവുകയാണോ?"

"അയ്യോ ഇല്ല തായീ. ഞാനിവരുടെ ഗുരുവാണ്. മാസം 10 രൂപ ശമ്പളത്തിന്

പഠിപ്പിക്കുന്നു."

തായി ഒന്നും പറഞ്ഞില്ല. കുറച്ചുനേരം ചിന്തിച്ചിരുന്നു. എന്നിട്ട് എഴുന്നേറ്റിട്ട് പറഞ്ഞു "ഞാൻ നിന്നോട് പറഞ്ഞ കാര്യം മറ്റാരോടും പറയരുത്."

"ഇല്ല. നിങ്ങൾ പറയുകയാണെങ്കിൽ ഞാൻ പോലീസിൽ റിപ്പോർട്ടു ചെയ്യാം."

"പോലീസും പട്ടാളവുമൊന്നും വേണ്ട. ആ നീചരെ ഞാൻ തന്നെ പഠിപ്പിച്ചോളാം" എന്നു പറഞ്ഞിട്ട് തായി മെല്ലെ നടന്നു പുറത്തിറങ്ങി. അവർ പോയ ശേഷം കന്യ ചോദിച്ചു. "ഇതാരാണ്?"

സജ്ജൻ ചിരിയോടെ പറഞ്ഞു "ഭാരതമാതാ."

ആ ഉത്തരത്തിൽ നിന്ന് അവൾക്കൊന്നും മനസ്സിലായില്ല. എങ്കിലും ആ വിചിത്രയായ വൃദ്ധയെ ഭാരതമാതാവായി വിഭാവന ചെയ്തപ്പോൾ അവൾക്കു ചിരിവന്നു. "അങ്ങ് അവരോട് എന്നെക്കുറിച്ചീ കള്ളമൊക്കെ പറഞ്ഞതെന്തിന്?" അവൾ ചോദിച്ചു.

ചോദ്യം കേട്ട് സജ്ജൻ അല്പമൊന്നു പരുങ്ങി. സ്വയം നിയന്ത്രിച്ചിട്ടു പറഞ്ഞു "എല്ലാം പറയുകയാണെങ്കിൽ നിന്നെ... അല്ല താങ്കളെക്കുറിച്ച് അവർ മറ്റു വല്ലതും ധരിക്കും...."

സജ്ജന്റെ താങ്കൾ എന്ന അഭിസംബോധന അവൾ ശ്രദ്ധിച്ചു. തന്റെ പുതിയ തീരുമാനവും കന്യയുടെ ആകർഷണവും സജ്ജനെയും വലയ്ക്കുന്നുണ്ടായിരുന്നു. അയാളുടെ നോട്ടം താഴോട്ടായിരുന്നു. മുഖത്ത് ഗൗരവവും ചിന്തയും നിഴലിച്ചിരുന്നു. ഇന്നലത്തെക്കാര്യത്തിൽ സജ്ജൻ കോപിച്ചിരിക്കുകയാവും എന്നവൾ കരുതി. അയാളുടെ ഗൗരവം ശ്രദ്ധിക്കാത്ത മട്ടിൽ അവൾ പറഞ്ഞു.

"ഞാൻ കർണൽ ചേട്ടന്റെ അടുത്തു നിന്നാണ് വരുന്നത്."

സജ്ജൻ മുഖമുയർത്തി അവളെയൊന്നു നോക്കി. അവൾ തുടർന്നു. "ഇന്നു രാവിലെ മഥുരയിൽ നിന്നൊരു മാന്യൻ കർണൽ ചേട്ടനോടൊപ്പം എന്റെ വീടു തിരക്കി വന്നിരുന്നു."

സജ്ജൻ ഒട്ടൊക്കെ നിയന്ത്രണം വീണ്ടെടുത്തു കഴിഞ്ഞിരുന്നു. "അവർക്കു നിന്റെ – താങ്കളുടെ വിലാസം എങ്ങിനെ കിട്ടി?"

"ഇന്നലെ പത്രത്തിൽ വിവരങ്ങൾ വായിച്ചിട്ടു വന്നതാണ്. ആദ്യം എന്റെ വീട്ടിൽ ചെന്നു. ആരോ അദ്ദേഹത്തിന് കർണൽ ചേട്ടന്റെ വിലാസം പറഞ്ഞു കൊടുത്തു. അദ്ദേഹമാണ് എന്റെ വീട്ടിലേക്കു കൂട്ടിക്കൊണ്ടു വന്നത്." പറഞ്ഞിട്ട് കന്യ ഹാൻഡ്ബാഗ് തുറന്ന് അതിൽ നിന്ന് നാലായി മടക്കിയ ഒരു കടലാസു പുറത്തെടുത്തു. അതു നീട്ടിയിട്ടു പറഞ്ഞു. "ഇത് ചേട്ടത്തിയുടെ കത്താണ്. അവർ ഒരു കൂട്ടുകാരിക്ക് എഴുതിയത്."

സജ്ജൻ കത്തു വായിച്ചു തുടങ്ങി. ഒട്ടൊരു വടിവൊത്ത കയ്യക്ഷരത്തിൽ ദുഃഖപൂർണമായെഴുതിയിരിക്കുകയാണ്.

"ഞാൻ രാക്ഷസന്മാരുടെ ഇടയിലാണ്. ത്രിഭുവൻലാലയുടെ പത്നിക്ക് എന്തോ ദൂഷ്യമുണ്ട്. അദ്ദേഹമെന്നെ വിധവാവിവാഹം ചെയ്യാൻ സമ്മതിച്ചിരിക്കുകയാണ്. അമ്മാവി അതിനോടു യോജിച്ചില്ലെങ്കിലും ത്രിഭുവൻ ലാലയെ എന്നോടു കൂട്ടിച്ചേർത്ത്, അവരുടെ വശത്താക്കാനാണാഗ്രഹിക്കുന്നത്. ഈ വീട്ടിലെ കാര്യങ്ങൾ പറയാതിരിക്കുകയാണ് ഭേദം, സഹോദരീ. ആരെയെക്കെ കുറ്റപ്പെടുത്തും. ത്രിഭുവൻ മനസ്സാ നല്ലവനാണ്. സ്വന്തം നിഷ്ക്കളങ്കത്വംകൊണ്ട്

'എന്നെ വിവാഹം ചെയ്യാൻ പോവുകയാണെന്ന്' അദ്ദേഹം വീട്ടിൽ എല്ലാവരുടെയും മുമ്പിൽ കൊട്ടിഘോഷിച്ചു. അപ്പോൾ കൊച്ചമ്മാവൻ – ആ ദുഷ്ടനെ അമ്മാവനെന്നു എങ്ങനെ വിളിക്കാൻ–അടിച്ചും ചതച്ചും ബലാത്ക്കാരമായി എന്റെ സർവസ്വവും അപഹരിച്ചു. കൊച്ചമ്മായിയും കൂടെച്ചേർന്ന് എന്നെ കൊല്ലാൻ വന്നു. എനിക്കു മരിക്കാനും ഒരിടമില്ല. വീട്ടിൽ എനിക്കൊരു സഹായമായി ആരുമില്ല. ദൈവത്തിനുപോലും കണ്ണില്ലാതായി. ത്രിഭുവന്റെ അച്ഛന്റെ മുന്നിൽ ഒന്നും നടപ്പില്ല. കന്യാ, നാത്തൂൻ എന്റെ വശത്താണ്. പക്ഷേ പാവത്തിന് എന്തു ചെയ്യാൻ കഴിയും? മനസ്സിലെ ദുഖം നിന്നെ എഴുതി അറിയിച്ച് അല്പം ആശ്വാസം തേടുകയാണ്, പക്ഷേ നീ മറുപടി എഴുതണ്ട. ഈ രാക്ഷസരുടെ കയ്യിൽ അതെങ്ങാനും കിട്ടിയാൽ ജീവിക്കാനൊക്കില്ല...."

• ° കത്ത് ഒരിക്കൽ വായിച്ചിട്ട് സജ്ജൻ ഒന്നു കൂടി അതു വായിച്ചു. അതിൽ തന്നെ കണ്ണുംനട്ടയാൾ ഇരിക്കുകയാണ്. കന്യ പറഞ്ഞു. "ഈ കത്തുവഴി അച്ഛനെ ഉടനെ അകത്താക്കാമെന്ന് കർണൽ ചേട്ടൻ പറയുന്നു. അദ്ദേഹം എന്നെ മജിസ്ട്രേട്ടിന്റെ അടുത്തേക്കു കൊണ്ടു പോകാൻ തുടങ്ങി. ഞാൻ പറഞ്ഞു ആദ്യം അങ്ങയോടൊന്നു ചോദിക്കട്ടെ എന്ന്."

സജ്ജന് വീണ്ടുമൊരു ഷോക്കേറ്റു. സ്വയം നിയന്ത്രിച്ചിട്ട് നോട്ടം താഴോട്ടാക്കിക്കൊണ്ട് പറഞ്ഞു "കർണൽ പറഞ്ഞതു ശരിയാണ്. തങ്കൾ മജിസ്ട്രേട്ടിന്റെ അടുക്കലേക്കു പോകേണ്ടതാണ്. പിന്നെ താങ്കളെ കാണാൻ വന്ന ആ മാന്യൻ ആരാണ്?"

സജ്ജന്റെ ഈ പുതിയ അകൽച്ച മനസ്സിലാക്കാനുള്ള ശ്രമത്തിൽ ഇടയ്ക്കിടെ അയാളുടെ നേരെ നോക്കി നഖം കടിച്ചു കൊണ്ടവൾ പറഞ്ഞു. "ചേട്ടത്തിയുടെ ആ കൂട്ടുകാരിയുടെ ഭർത്താവാണ്. ആ കൂട്ടുകാരി പാവം പക്ഷവാതം പിടിച്ചു കിടപ്പാണ്. ആറുമാസമായി എഴുന്നേറ്റിരിക്കാൻ പോലും വയ്യാതായിട്ട്. അവരെല്ലാം എനിക്കുവേണ്ടി എന്തു സഹായവും ചെയ്യാനൊരുക്കമാണ്. ഇവിടത്തെ കോർട്ടിൽ നിന്ന് ഓർഡർ വാങ്ങി മഥുരയിൽ അദ്ദേഹത്തിന്റെ ഭാര്യയിൽ നിന്ന് സ്റ്റേറ്റ്മെന്റ് നൽകിക്കാമെന്നും അദ്ദേഹം പറഞ്ഞു. ഞാൻ – നമ്മൾ പറയുകയാണെങ്കിൽ."

സജ്ജൻ ചോദിച്ചു "അപ്പോൾ എന്താണു താങ്കളുടെ ഉദ്ദേശം?"

"അങ്ങു പറയും പോലെ."

കീശയിൽ നിന്ന് സിഗററ്റ് എടുക്കവേ, മുഖത്ത് ഒരു തത്വചിന്തകന്റെ ഭാവം വരുത്തി ഒരു കണ്ണുകൊണ്ടവളെ നോക്കിയിട്ട് സജ്ജൻ പറഞ്ഞു "ഞാനെന്തു പറയാൻ? ഇത് നിങ്ങളുടെ കാര്യമല്ലേ?"

"എന്റെ മാത്രമോ? മനുഷ്യത്വത്തിന്റെയല്ലേ?"

"ഞാനതല്ല പറഞ്ഞത്. താങ്കളുടെ കുടുംബത്തിന്റെയും അച്ഛന്റെയും മറ്റും അഭിമാനത്തിന്റെ കാര്യമാണെന്ന്."

"അച്ഛന്റെ അഭിമാനം..." കന്യ ചൊടിച്ചിട്ടു പറഞ്ഞു "അവരുടെ അഭിമാനവുമായി എനിക്കൊരു ബന്ധവുമില്ല, അവരോടു ചേട്ടത്തിയുടെ പ്രതികാരം ചെയ്യാൻ തുനിഞ്ഞിറങ്ങിയിരിക്കുകയാണു ഞാൻ. അവർ ഇന്നലെ മുതൽ എന്റെ പിന്നാലെ കൂടിയിരിക്കുകയാണ്. എന്നെ മൂക്കു മുറിച്ചുവിടാനായി ഗുണ്ടകളെ ഏർപ്പെടുത്തിയിരിക്കുന്നു."

കന്യയോട് തോന്നിയിരുന്ന എല്ലാ വൈരാഗ്യവും നൊടിയിടയിൽ മറന്നു. പരിഭ്രമിച്ചിട്ടയാൾ ചോദിച്ചു "അവർ നിങ്ങളെ ഉപദ്രവിച്ചൊന്നുമില്ലല്ലൊ."

കന്യ പറഞ്ഞു "ഇന്നലെ രാത്രി എട്ടുമണിയോടെ അച്ഛൻ എന്റെ മുറിവാതിൽക്കൽ വന്ന് ശരിക്കു വഴക്കുപറഞ്ഞു. എല്ലാവരുടെയും മുന്നിൽ വച്ച് എന്നെ തെറിവിളിച്ചു. മൂക്കു മുറിച്ചുകളയുമെന്ന് ഭീഷണിപ്പെടുത്തി. ഞാൻ കതകുതുറന്നതേയില്ല."

"പിന്നെ?"

"പിന്നെ അദ്ദേഹം പോയി. അതിനുശേഷം അദ്ദേഹം ഏർപ്പെടുത്തിയ ഗുണ്ടകൾ എന്റെ കതകിൽതട്ടി ബഹളമുണ്ടാക്കുകയും വിളിച്ചും കൂവിയും ശബ്ദമുണ്ടാക്കുകയും ചെയ്തു. അവിടുത്തെ തെരുവിൽ കൂടുതലും തൊഴിലാളികളാണു താമസിക്കുന്നത്. അവരിൽ പലരും സാലിഗ്രാമിന്റെ സ്വാധീനം കൊണ്ട് എന്നോടു വിരോധത്തിലാണ്. ഇന്നു രാവിലെ ആ തെരുവിൽ താമസിക്കുന്ന ഒന്നു രണ്ട് തൂപ്പുകാരും, പിള്ളേരുപോലും എന്റെ വീട്ടിനുമുമ്പിൽ കൂടി കടന്നു പോകുമ്പോൾ എന്നെ ശല്യപ്പെടുത്താൻ ഒരുമ്പെട്ടു. കർണൽ ചേട്ടൻ ഇതൊക്കെ വന്നു കണ്ടതാണ്. പിന്നെ ഞാനങ്ങോട്ടു പോയിട്ടില്ല." കന്യയുടെ കണ്ണുകൾ വീണ്ടും നനഞ്ഞു. സജ്ജന്റെ ഹൃദയം അലിഞ്ഞു. "നിങ്ങൾ അവിടെ എന്തിനു താമസിക്കുന്നു. എത്ര തവണ പറഞ്ഞതാണ്? നിങ്ങൾ വിചാരിക്കുന്നുണ്ടാവാം ഞാനും മറ്റുള്ളവരെപ്പോലെ നീചനും തെമ്മാടിയുമാണെന്ന്......"

"ഞാനങ്ങനെ കരുതിയിട്ടില്ല."

"പിന്നെ മറ്റൊന്നും ചിന്തിക്കാനില്ല. എനിക്കറിയാം. വലിയ ഒരു വീടുണ്ട്. അതു മുഴുവൻ എനിക്കു താമസിക്കനാവശ്യമില്ലല്ലൊ. പറയുകയാണെങ്കിൽ ഇതിൽ ഒരുഭാഗം നിങ്ങൾക്കായി ഒഴിച്ചു തരാം. വേണമെങ്കിൽ ആ വശത്ത് ഒരു ചുവരുകൂടി കെട്ടിച്ചു തരാം. പിന്നെന്തു വേണം?"

കന്യ പെട്ടെന്നു പൊട്ടിച്ചിരിച്ചു. "അങ്ങയുടെ കോപത്തിനുമുണ്ടൊരു ഭംഗി. എങ്കിലും എനിക്കതിനു വിരോധമില്ല."

കന്യയുടെ ചിരിയും ആ മറുപടിയും സജ്ജന്റെ ആവേശത്തെ ആറ്റിത്തണുപ്പിച്ചു. ആ സമയത്ത് അയാളുടെ മാനസികനില വിചിത്രമായ ഒരു രീതിയിലായിരുന്നു. രാത്രി കൈക്കൊണ്ട തീരുമാനം പോലെ അവളിൽ നിന്ന് തികച്ചും അകലാനും കഴിയുന്നില്ല . പഴയപോലെ തുറന്ന് അവളോടു പെരുമാറാനും കഴിയുന്നില്ല. സങ്കോചത്തോടെ അയാൾ അവളുടെ കണ്ണുകളിലേക്കു നോക്കി. മുമ്പെപ്പോഴത്തെയും പോലെ തൊട്ടടുത്താണെങ്കിലും അകലം തോന്നിപ്പിക്കുന്ന ആ പ്രതിഭാസത്തെ അയാൾ ഉറ്റു നോക്കിയിരുന്നു.

കന്യ വീണ്ടും പറഞ്ഞു "ഈ വലിയ മാളികകളിൽ ഏതെങ്കിലുമൊന്നിന് വാടക കൊടുത്തു കഴിയാനുള്ള ശേഷി എനിക്കില്ല. പിന്നെ എന്നെ ആശ്വസിപ്പിക്കാനായി അതിന് അങ്ങ് പത്തു രൂപ വാടക ചോദിക്കുകയാണെങ്കിൽ അതൊട്ടു ന്യായവുമല്ല......."

"ഞാൻ എന്റെ വാടകവീടുകളിൽ ഒരെണ്ണം തരുന്ന കാര്യമല്ല പറഞ്ഞത്. ഇപ്പോഴൊന്നും ഒഴിഞ്ഞിട്ടുമില്ല. ഒരു സ്നേഹിതനെന്ന നിലയിൽ താങ്കളുടെ വിഷമസ്ഥിതിയിൽ സഹായിക്കാനാഗ്രഹിക്കുകയാണ്. എനിക്ക് പകരം ഒന്നും വേണ്ട. കുറഞ്ഞ പക്ഷം ഇപ്പോഴത്തെ ഈ വൈഷമ്യങ്ങളിൽ നിന്ന് തൽക്കാലം

ശാന്തി കിട്ടുമല്ലോ. ഇപ്പോഴൊന്നുമില്ലെങ്കിലും ഈ കത്തു വച്ചുകൊണ്ട് നടപടികൾ ആരംഭിക്കുമ്പോൾ താങ്കൾക്കവിടെ കഴിയാൻ വിഷമമായിത്തീരും."

"അങ്ങ് എന്നെ 'നീ' എന്നു വിളിക്കാൻ തുടങ്ങിയിട്ട് പിന്നെ ഈ താങ്കളാക്കിയതെന്ത്?"

"കാരണം ഞാൻ ദേവനായിപ്പോയത് കൊണ്ട്" സജ്ജൻ വ്യംഗ്യമായിപ്പറഞ്ഞു. കന്യ അതു കേട്ടു നിശ്ശബ്ദയായി. മൂകനിമിഷങ്ങൾ ഇഴഞ്ഞു നീങ്ങി. പെട്ടെന്ന് ഒന്നു ചിരിച്ചിട്ട് കന്യ ചോദിച്ചു "ഒരു കാര്യം പറയട്ടേ?" അവളുടെ കണ്ണുകൾ സജ്ജന്റെ കണ്ണുകളുമായി ഇടഞ്ഞു. ആ മുഖത്തേക്കു നോക്കിക്കൊണ്ടയാൾ ചോദിച്ചു "എന്താണ്?"

കന്യ ഇമകൾ താഴ്ത്തി. മുഖം ഗൗരവം പൂണ്ടു. കവിൾത്തടം ചെറുതായി ചുവന്നു. മുഖമുയർത്തിക്കൊണ്ട് പറഞ്ഞു "ഞാനങ്ങയെക്കാണാൻ വരുമ്പോൾ, ഒരു നല്ല കാര്യത്തിന് ഒരു നല്ല മനുഷ്യന്റെ സഹായം തേടാനുള്ള ആഗ്രഹത്തോടെ വന്നുവെന്നതിൽക്കവിഞ്ഞ് എനിക്കു അങ്ങയോട് പ്രത്യേകിച്ചൊരു സങ്കല്പവുമില്ലായിരുന്നു. എന്നാൽ നമ്മുടെ കൂടിക്കാഴ്ചകളുടെ രൂപത്തിന് അങ്ങ് പെട്ടെന്ന് വരുത്തിയ മാറ്റം – അത് നല്ലതല്ലെന്ന് എനിക്കഭിപ്രായമില്ലെങ്കിലും എന്നെ ഞെട്ടിച്ചു..... നിൽക്കണം, ഞാൻ പറയട്ടെ – ഞാനങ്ങയെ ചീത്തയായി കണക്കാക്കുന്നില്ല. പക്ഷേ ക്ഷമിക്കണം. അങ്ങ് ഒരു സുഹൃത്തിലും ഉപരിയായി എന്നെ കണക്കാക്കാൻ ശ്രമിക്കുന്നതായി എനിക്കു തോന്നുന്നു. ആ ഭാവം എനിക്കു മനസ്സിലാക്കാൻ കഴിയുന്നില്ല."

കന്യ തെളിച്ചങ്ങനെ പറഞ്ഞത് സജ്ജന്റെ ഹൃദയത്തിൽ പതിഞ്ഞു. അയാൾ പറഞ്ഞു. "നിങ്ങൾ സത്യത്തിന് പ്രാധാന്യം നൽകി പറഞ്ഞതുപോലെ, ഞാനും ഒന്നു ചോദിക്കട്ടെ? എന്താ, അങ്ങനെ ഞാൻ കണക്കാക്കാനിടയായതിൽ നിങ്ങൾക്കും പങ്കില്ലേ?"

കന്യയുടെ കണ്ണുകളിൽ നാണം നിഴൽ വീശി. സജ്ജൻ തുടർന്നു "എന്നെക്കുറിച്ചെനിക്കിത്രയും പറയാൻ കഴിയും. ഞാൻ തികച്ചും നല്ലവനല്ലായിരിക്കാം. പക്ഷേ അത്ര ചീത്തയുമല്ല. പിന്നെ നിങ്ങളെക്കുറിച്ചു ഞാൻ കരുതുന്നത്........ മറിച്ചു പറഞ്ഞാൽ ഇന്നലെവരെ കരുതിയിരുന്നതിനെക്കുറിച്ച് അത്ര പെട്ടെന്ന് എന്തെങ്കിലും പറയുന്നത് ശരിയായിരിക്കില്ല. അഥവാ എന്നിൽ നിന്നും വല്ല തെറ്റും വന്നിട്ടുണ്ടെങ്കിൽ ക്ഷമിക്കണം. ഞാൻ സ്ത്രീകളെ ബഹുമാനിക്കുന്നുവെന്ന് തെളിയിക്കാൻ എനിക്കൊരവസരം തരണം......."

"അങ്ങയെക്കുറിച്ച് എന്റെ ഹൃദയത്തിൽ ഒരവിശ്വാസവുമില്ല. ഇനി ഉണ്ടാവുകയുമില്ല. അങ്ങയുടെ ഈ സഹവാസത്തിൽനിന്ന് എനിക്ക് എന്റെ ജീവിതത്തിന് പുതിയൊരു വിശ്വാസം കൈവന്നിട്ടുണ്ട്."

സജ്ജന്റെ മാനസികാദർശാവസ്ഥയ്ക്ക് വീണ്ടും ഇളക്കം തട്ടി. അയാൾ അവളുടെ കണ്ണുകളിൽ വിവശനായി നോക്കിയിരുന്നു. അവൾക്കതു താങ്ങാനായില്ല. സ്വയം നിയന്ത്രിച്ചിട്ടവൾ ചോദിച്ചു. "ഈ കത്തിന്റെ കാര്യത്തിലെന്തു ചെയ്യണം.?"

സ്വയം നിയന്ത്രിച്ചിട്ട് സജ്ജൻ പറഞ്ഞു "വരൂ കർണലിന്റെയടുത്തേക്കു പോകാം. ഇതിന്മേൽ ഇന്നു തന്നെ നടപടികളെടുക്കണമെന്നാണെനിക്കു തോന്നുന്നത്."

അയാൾ എഴുന്നേറ്റു. എന്നിട്ടു പറഞ്ഞു "ഇനി നിങ്ങൾ എവിടെ താമസിക്കും?

ഇനി അവിടെ താമസിക്കാൻ ഞാൻ സമ്മതിക്കില്ല."

കന്യ മൂകയായിരിക്കുകയാണ്. കാൽനഖങ്ങൾ കൊണ്ടവൾ തറയിൽ വരച്ചു. എന്നിട്ടു പറഞ്ഞു "ഇന്ന് എവിടെ വേണമെങ്കിലും കഴിയാം – ഇവിടെയോ, കർണൽ ചേട്ടന്റെ അവിടെയോ. നാളത്തേക്ക് എന്തെങ്കിലും ഏർപ്പാടുണ്ടാക്കണം. അങ്ങു തന്നെ അതു ചെയ്യണം?"

അൽപമൊന്നാലോചിച്ചിട്ട് സജ്ജൻ പറഞ്ഞു. "കേസർ ബാഗിലെ എന്റെ കെട്ടിടത്തിൽ ഒരു നില കൂടി കെട്ടാനുള്ള അനുവാദം കിട്ടിയിട്ടുണ്ട്. പ്ലാനും മറ്റും അംഗീകരിച്ചുകഴിഞ്ഞു. അവിടെ ഞാൻ നിങ്ങൾക്കൊരു ഫ്ളാററു പെട്ടെന്ന് തന്നെ പണിഞ്ഞുതരാം. അതുവരെ........"

കന്യ അയാളെത്തന്നെ നോക്കിയിരിക്കുകയായിരുന്നു. അവളുടെ മുഖത്തേക്കു നോക്കിക്കൊണ്ടയാൾ പറഞ്ഞവസാനിപ്പിച്ചു. "അതുവരെ എന്റെ വീട്ടിൽ കഴിയാം. കർണലിന്റെയവിടെ കഴിയുന്നതിൽ എനിക്കു വിരോധമൊന്നുമില്ല. പക്ഷേ അയാളുടെ ഭാര്യ പഴയ ചിന്താഗതിക്കാരിയാണ്. നിങ്ങളെക്കുറിച്ചാരെങ്കിലും ചീത്തയായി എന്തെങ്കിലും കരുതാൻ ഞാനാഗ്രഹിക്കുന്നില്ല."

"അപ്പോൾ അങ്ങയുടെ വീട്ടിൽ കഴിഞ്ഞാൽ ലോകരെന്നെ വിട്ടേക്കുമോ? ഇന്നലെ അച്ഛൻ പോലും പഴിചാരിയതാണ്. അതെന്തോ ആകട്ടെ. അങ്ങു പറയും പോലെ ചെയ്യാം......."

സന്തോഷാതിരേകത്താൽ സജ്ജൻ സ്വയം മറന്നു. കന്യയെ വാരിയണയ്ക്കാൻ മനസ്സു വെമ്പി. പക്ഷേ സജ്ജൻ മാന്യനായിത്തന്നെ നിലകൊണ്ടു. ബുദ്ധന്റെ വാക്കുകൾ ചെവിയിൽ മുഴങ്ങി:

"മനോനിയന്ത്രണം വെടിയരുത്, ആനന്ദാ........"

16

സജ്ജന്റെ ദിനചര്യയാകെ അന്നുമുതൽ മാറിയിരിക്കയാണ്. കർണലിന്റെ വീട്ടിൽനിന്ന് പ്രാതലും കഴിഞ്ഞ് നേരെ നാൽക്കവലയിലെ മുറിയിലേക്ക് പോകുന്നതിനു പകരം ബംഗ്ലാവിലേക്കാണ് വന്നത്. ദൈവങ്ങളോടുള്ള യജമാനന്റെ ഭാവത്തിനു മാറ്റം വന്നതുകാരണം ഇന്നലെ ഉച്ചമുതൽ വേലക്കാരുടെ ബറ്റാലിയൻ പരമഭക്തന്മാരായി മാറിക്കഴിഞ്ഞിരുന്നു. പൂജാമുറിയും മണ്ഡപവും നവവധുവിന്റെ മുഖം പോലെ ശോഭിക്കുകയാണ്. മുക്കിലും മൂലയിലുമുണ്ടായിരുന്ന അഴുക്കും മെഴുക്കും തുടച്ച് വെടുപ്പാക്കിയിട്ടുണ്ട്. വിഗ്രഹത്തിന്റെ പീഠവും വെള്ളവടിയുമെല്ലാം തിളങ്ങുന്നു. ക്ഷേത്രത്തിന്റെ മാർബിൾ തൂണിൽ കൊത്തിവച്ചിരുന്ന മയൂരനൃത്ത വിഗ്രഹങ്ങൾക്ക് പുതിയൊരു ഭംഗി. തോട്ടക്കാരനും തന്റെ ചാതുരി നല്ലവണ്ണം പ്രകടിപ്പിച്ചിട്ടുണ്ട്. മാലയും തോരണങ്ങളും മുറിയാകെ വിതാനിച്ചിരിക്കുന്നു. വനമാലയും ഹാരങ്ങളും മണ്ഡപത്തിന് ഒരു പ്രത്യേക ഭംഗി നൽകിയിട്ടുണ്ട്. പൂജാരി ഇന്ന് പതിവിലും നേരത്തേയെത്തി. അഭിഷേകവും അലങ്കാരവും കഴിഞ്ഞ് ഭഗവൽസന്നിധിയിലിരുന്ന് "ഓം ജയ ജഗദീശ ഹരേ ഭക്ത ജനോം കീ സങ്കട്ഛനുവേ ദൂർ കരോ......" പാടുകയാണ്. അർച്ചനയും ആരതിയും നടത്തുകയാണ്. അപ്പോഴാണ് പൂജാരിയുടെ ദുഃഖമെന്നോണം

സജ്ജൻ അവിടെയെത്തിയത്. പൂജാരിയാകെ അസ്ഥാളിച്ചു. ഒരുവിധം അർച്ചന പൂർത്തിയാക്കി. സജ്ജൻ നിർന്നിമേഷനായി അവിടെ നോക്കി നിന്നു. അമ്മയുടെ ആത്മാവ് അന്നവിടെ സന്നിഹിതമായിട്ടുണ്ടെന്നു തോന്നി. താൻ അവിടെ ചെന്നതു കാരണം ആ ആത്മാവിനു ശാന്തി കിട്ടിയതായും അയാൾക്ക് തോന്നി. പുരോഹിതൻ ഓം ഹ്രീം ശബ്ദങ്ങൾ അമ്പരപ്പോടെ ഉരുവിടുകയാണ്. അതു കണ്ട സജ്ജന് ചിരിവന്നു. അയാൾ ചിന്തിച്ചു ഈ മതത്തിന്റെ ദല്ലാളന്മാരായ ബ്രാഹ്മണന് എങ്ങനെ സത്യനിഷ്ഠയോടെ പൂജിക്കാൻ കഴിയും ഏകാഗ്രത എവിടെ കിട്ടാനാണ്...

തന്റെ സത്യസന്ധതയിൽ വിശ്വാസം അർപ്പിച്ചുകൊണ്ട് ധ്യാനമന്ദിരത്തിൽ നിന്നു പുറത്തു വന്നപ്പോൾ ബാബുസാലിഗ്രാം ജയ്സ് വാളിന്റെയും ലാലാജാനകീസരണന്റെയും പേരുകൾകുറിച്ച ഒരു തുണ്ട് വേലക്കാരന്റെ കയ്യിൽ കൊടുത്തു. സജ്ജൻ അവനോടു ചോദിച്ചു.

"എത്ര നേരമായി വന്നിട്ട്?"

"പത്തിരുപത് മിനിട്ടായി അങ്ങുന്നേ."

"ചായ കൊടുത്തോ?"

"ഉത്തരവ്."

സജ്ജൻ പിന്നെ ചോദിച്ചു "അവരോടെന്തു പറഞ്ഞു?"

"പറഞ്ഞു, യജമാനൻ പൂജാമുറിയിലാണെന്ന്."

"നന്നായി." സന്തുഷ്ടനായി സജ്ജൻ വേഷം മാറാൻ പോയി. ഡ്രായിംഗ് റൂമിൽ എത്തിയപ്പോൾ രണ്ടു മാന്യന്മാരും സജ്ജനെ അയാളുടെ വീട്ടിൽ തന്നെ വളരെ ഭവ്യതയോടും സന്തോഷത്തോടും സ്വാഗതം ചെയ്തു. ബാബു സാലിഗ്രാമിനെ സജ്ജന് പരിചയമില്ല. ലാലാ ജാനകീസരണനെ കണ്ടിട്ടുണ്ട്. ചിലപ്പോഴൊക്കെ നമസ്ക്കാരം പറഞ്ഞിട്ടുമുണ്ട്. അത് രാജാസാഹിബിന്റെ അയൽക്കാരനെന്ന നിലയിലാണ്; കന്നോമലിന്റെ പൗത്രനെന്ന നിലയിൽ.

കൈകൂപ്പി ക്ഷമ ചോദിച്ചു കൊണ്ട് സജ്ജൻ പറഞ്ഞു.

"നിങ്ങൾക്ക് കാത്തിരിക്കേണ്ടിവന്നു."

ലാലാ ജാനകീസരൺ മധ്യവയസ്കനാണ്. മെലിഞ്ഞ ശരീരം നേർത്ത ചുണ്ടുകൾ, നേരിയ മീശ, കനം കുറഞ്ഞ നാസിക. അയാൾ പറഞ്ഞു:

"അതൊന്നുമില്ല. മറിച്ചു സത്യം പറഞ്ഞാൽ ഞങ്ങൾക്കു സന്തോഷമാണുണ്ടായത് സഹോദരാ, നിങ്ങൾ പൂജയെല്ലാം ചെയ്യുന്നുണ്ടെന്നറിഞ്ഞപ്പോൾ."

കട്ടിയുള്ള മീശയും വെള്ളത്തൊപ്പിയുമുള്ള ബാബുസാലിഗ്രാം കണ്ണടയിൽകൂടെ രണ്ടു കണ്ണുകളും പായിച്ചുകൊണ്ട് ചിരിച്ചിട്ടു പറഞ്ഞു.

"കൊള്ളാം. ഇദ്ദേഹം കുടുംബക്കാരനാണ്. പോരാത്തതിന് മഹാനായ കലാകാരൻ, നമ്മുടെ ഭാരതവർഷത്തിൽ പേരുകേട്ടയാൾ. കലയെന്നാൽ സരസ്വതിയുടെ വരദാനമല്ലേ?.... അപ്പോൾ പിന്നെ ഇദ്ദേഹം പൂജ ചെയ്യാതിരിക്കുമോ? ഹി ഹി ഹി.." വെള്ളികെട്ടിയ വടിയിൽ രണ്ടു കരങ്ങളും ചേർത്തുപിടിച്ച് നേരെയിരുന്നിട്ട് ലാലജാനകീസരൺ പറഞ്ഞു. "സഹോദരാ നമ്മുടെ കൂട്ടത്തിൽ ഒരാൾ ഇത്രയും പേരും പെരുമയും നേടിയതിൽ ഞങ്ങൾക്കു സന്തോഷമാണുള്ളത്. ഇപ്പോൾ ഞങ്ങളുടെ തെരുവിലിരുന്നാണ് പണിചെയ്യുന്നത്. ഒരുദിവസം രാജാസാഹിബ് എന്റെ വീട്ടിൽ വന്നപ്പോൾ നിങ്ങളെക്കുറിച്ചു പറയുകയും ചെയ്തു.

കൂടാതെ ഇടയ്ക്കൊക്കെ ചോദിക്കാറുമുണ്ട്."

"അദ്ദേഹം എന്റെ ബന്ധുവാണ്. എന്നോട് താൽപര്യവുമുണ്ട്." മുഖത്തും വാക്കുകളിലും നന്ദി സ്ഫുരിപ്പിച്ചുകൊണ്ട് സജ്ജൻ പറഞ്ഞു.

സാലിഗ്രാം പറഞ്ഞു "എനിക്കദ്ദേഹത്തിന്റെ രണ്ടു സ്നേഹിതരെയും അറിയാം. ഇദ്ദേഹത്തെക്കുറിച്ച് കേട്ടിട്ടുമുണ്ട്. സജ്ജൻ തികച്ചും ഒരു സജ്ജൻ തന്നെ ഹി–ഹി–ഹി."

"ഞങ്ങളിന്ന് ഒരു നിർദേശവുമായാണ് വന്നത്. ഞാൻ ഇദ്ദേഹത്തെയും സാലി ഗ്രാമിനെയും സമ്മതിപ്പിച്ചു. ഞാനിദ്ദേഹത്തോടു പറഞ്ഞു, ഈ രാഷ്ട്രീയമൊക്കെ എന്നും നടക്കും. ജനങ്ങൾക്കു വേണ്ടി വല്ലതും കൂടി ചെയ്യണമെന്ന്. അതിന ദ്ദേഹം സമ്മതിച്ചു. അപ്പോൾ നിങ്ങളെയും കണ്ടുകളയാമെന്ന് ഞങ്ങൾ ആലോ ചിച്ചു. മിസ്റ്റർ ശുക്ലയെയും കർണലിനെയും എനിക്കു പണ്ടേ പരിചയമാണ്. നിങ്ങളുടെ സമ്മതം കിട്ടിയാൽ ബാക്കികാര്യങ്ങൾ ഏർപ്പാടു ചെയ്യാം."

ലാലാ ജാനകീസരൺ തന്റെ പരിപാടികളുടെ കെട്ടഴിച്ചു. വിമാനത്തിൽ പറ പ്പിച്ച ലഘുലേഖയുടെ പ്രഭാവമാണിതെന്ന് സജ്ജനു മനസ്സിലായി. മനസ്സിൽ ജാഗ്രതയോടെ സരളഭാവത്തിൽ പറഞ്ഞു:

"ഏതു നല്ല കാര്യത്തിനും ഞാൻ നിങ്ങളുടെ കൂടെയുണ്ട്. പറയണം എന്താ വേണ്ടത്?"

ബാബു സാലിഗ്രാം പറഞ്ഞു "ഞങ്ങൾ രാഷ്ട്രീയക്കാരാണ്. ഞങ്ങൾക്ക് പ്രസം ഗിക്കാനും മീറ്റിംഗ് വിളിച്ചുകൂട്ടാനുമേ അറിയൂ. ഇനി നിങ്ങൾ പറയൂ ജനങ്ങളെ ബോധവാന്മാരാക്കാൻ എന്തുപായമാണ് ചെയ്യേണ്ടതെന്ന്."

"ശരിയാണ് അനിയാ. നിങ്ങളാണെങ്കിൽ ചുറ്റി സഞ്ചരിച്ച് എല്ലാം കണ്ടു പഠിച്ചവനാണ്. ജനങ്ങളിൽ പ്രഭാവം ചെലുത്താവുന്ന ഒരുപായം കണ്ടുപിടിക്കൂ. ഞാനിദ്ദേഹത്തോടു പറഞ്ഞു ആ 'നിസാത്ഗംജി'ൽ നടന്ന പാവപ്രദർശനം ഇവിടെ എല്ലാ തെരുവുകളിലും കൊണ്ടുനടന്നു കാണിക്കണമെന്ന്."

"അതുകൊണ്ട് പ്രത്യേക ഫലമൊന്നുമില്ല പലരും അതു കണ്ടുകഴിഞ്ഞ താണ്. പിന്നെ നിങ്ങളാരും ഇപ്പോൾ കളിപ്പാട്ടം കൊണ്ടുനടക്കുന്നവരുമല്ലല്ലോ. ഹി.ഹി.ഹി.." പിന്നെ ഞാനിദ്ദേഹത്തോടു പറഞ്ഞു നിങ്ങളുടെ ചിത്രങ്ങളുടെ ഒരു പ്രദർശനം നടത്താമെന്ന്. ആളുകൾക്ക് പുതിയകാലത്തെ ചിത്രങ്ങളെക്കു റിച്ച് അറിവും കിട്ടും.

ബാബു സാലിഗ്രാമിന്റെ അമ്പു തറയ്ക്കേണ്ടിടത്തു തറച്ചു. തന്റെ ചിത്രങ്ങ ളുടെ പ്രദർശനം നടത്താനുള്ള നിർദേശം സജ്ജനു പിടിച്ചു.

സാലിഗ്രാം തുടർന്നു "നമുക്ക് ഹെർ എക്സലൻസിയെക്കൊണ്ടത് ഉദ്ഘാ ടനം ചെയ്യിക്കാം. ഈ മാസം ഇരുപതാം തീയതിയോടെ പ്രദർശനം ഗംഭീരമായി തുടങ്ങണം. എല്ലാം മംഗളമാകും. അപ്പോൾ മിസ്റ്റർ സജ്ജൻ നിങ്ങൾ എല്ലാവരു ടെയും കയ്യിൽനിന്ന് ചിത്രങ്ങൾ ശേഖരിക്കണം. അതിൽ വല്ല വിഷമവുമുണ്ടെ ങ്കിൽ നിങ്ങളുടെ മാത്രം ചിത്രങ്ങൾ തന്നാലും മതി. പിന്നെ ഗാന്ധിജിയുടെ ഒന്നോ രണ്ടോ പടങ്ങൾ കൂടി വേണം."

സജ്ജൻ ചിരിച്ചിട്ടു ചോദിച്ചു "അപ്പോൾ ഈ പ്രദർശനവും നിങ്ങളുടെ തിര ഞ്ഞെടുപ്പു പ്രചാരണത്തിന്റെ ഒരു സ്റ്റണ്ടാണെന്നു തോന്നുന്നു."

ലാലാ ജാനകീസരൺ ചെറുതായൊന്നു പുഞ്ചിരിച്ചു. ബാബുസാലിഗ്രാം

ഗംഭീരവാനായി. ലാല പറഞ്ഞു "ഞാ തെരഞ്ഞെടുപ്പിനു ചെറിയൊരു സഹായം കിട്ടും. പക്ഷേ ഞങ്ങളുടെ യഥാർഥ ഉദ്ദേശം ജനങ്ങൾക്ക് പ്രയോജനം കിട്ടുകയെന്നുള്ളതാണ്."

തന്റെ മാത്രമല്ല നഗരത്തിലെ പ്രസിദ്ധ ചിത്രകാരന്മാരുടെയെല്ലാം ചിത്രങ്ങളുടെ ഒരു പ്രദർശനം സംഘടിപ്പിക്കുന്ന കാര്യത്തിൽ സജ്ജൻ സമ്മതിച്ചു. സംസാരത്തിനിടയിൽ പ്രദർശനത്തിന്റെ നോട്ടീസിൽ സജ്ജന്റെയും അയാളുടെ രണ്ടു സുഹൃത്തുക്കളുടെയും പേര് അച്ചടിക്കാനുള്ള അനുമതിയും സാലിഗ്രാം നേടി.

മഹിപാൽ തന്റെ പേര് അച്ചടിക്കുന്നതിനെ എതിർക്കുമെന്ന് സജ്ജനറിഞ്ഞിരുന്നില്ല. ആ സമയത്ത് കന്യയെ കാണാനായിരുന്നു അയാളുടെ തിടുക്കമത്രയും. ഈ പ്രദർശനത്തെക്കുറിച്ചവൾക്കു യാതൊരു തെറ്റിദ്ധാരണയും വരാൻ പാടില്ലെന്നവളെ മനസ്സിലാക്കണം. ബാബുസാലിഗ്രാം തന്നെക്കുടുക്കാൻ വന്നാൽ താൻ അയാളെത്തന്നെ സ്വന്തം കുടുക്കിൽപ്പെടുത്തും.

സജ്ജന്റെ കാറിൽത്തന്നെയാണ് ലാലാ ജാനകീസരൺ മടങ്ങിയത്.

സജ്ജൻ തന്റെ മുറിയിലേക്ക് വന്നു. ഇന്നലെ വച്ചിരുന്ന പൂക്കൾ വാടിയിരിക്കുന്നതു കണ്ടപ്പോൾ അയാൾക്ക് പെട്ടെന്നു തായിയെക്കുറിച്ചോർമ വന്നു. ഇന്നലെ പാവത്തിനെ കെട്ടിയിട്ടു ദുഃഖിപ്പിച്ചു. ഇതൊക്കെയായിട്ടും തന്റെ വൈഷമ്യങ്ങളോ മോഷണംപോയതോ അല്ല അവരുടെ ദു:ഖം. ആ പൂച്ചക്കുഞ്ഞുങ്ങൾ വിശന്നുകഴിഞ്ഞതിലാണ്. തായിയുടെ സ്വഭാവത്തിലെ ഈ വിരോധാഭാസം സജ്ജനെ അതിശയിപ്പിച്ചു. വിദ്വേഷക്കാരിയായ ആ സ്ത്രീക്ക് ഇത്രയും കരുണാമയി ആകാൻ കഴിയുമെങ്കിൽ, വിഷയാസക്തനായ തനിക്ക് ഒരു സദാചാരിയാകാൻ കഴിയാഞ്ഞതെന്ത്? പിന്നെയും കന്യയെക്കുറിച്ചുള്ള ഈ ചിന്ത വരുന്നതെന്ത്? കന്യ തന്നെ നല്ലയാളെന്നോ ചീത്തയാളെന്നോ കരുതുന്നതെന്ന ഈ വേവലാതി എന്തിന്? മനസ്സിനെ നിയന്ത്രിച്ച് അയാൾ തായിയുടെ ചിത്രം പൂർത്തിയാക്കാനിരുന്നു.

മഹാകവി ബോർ, പാദങ്ങൾ മന്ദം മന്ദം വച്ച് മുറിയിലെത്തി. ബോറിനെക്കണ്ടതും സജ്ജന് ദേഷ്യം വന്നു. പക്ഷേ ഒന്നും പറയാതെ ചിത്രരചന തുടർന്നു. ചിരിച്ചിട്ട് വിരഹേശ് പറഞ്ഞു "സജ്ജനിപ്പോൾ ഇവിടിരുന്നു കലാസാധന ചെയ്യുകയായിരിക്കുമെന്ന് എനിക്കറിയാമായിരുന്നു. ഹാ ഹാ. ഞാ എന്താ വരയ്ക്കുന്നത്?"

"തന്റെ തല" എന്നു പറയണമെന്നുണ്ട്. പക്ഷേ ഒന്നും മിണ്ടാതെ ബ്രഷ് ചലിപ്പിച്ചു കൊണ്ടിരുന്നു. വിരഹേശ് പുറത്തെ വാതിലിനോടു ചേർന്ന് ഇരിപ്പായി. മൂത്തവളുടെ-മോഹിനിയുടെ-ജനാലയിലേക്ക് ഇടയ്ക്കിടയ്ക്ക് കണ്ണയച്ചു. ഉറക്കെ ചിരിച്ചും സംസാരിച്ചും കാൽമണിക്കൂറോളം കഴിച്ചു. ഇടയ്ക്കിടെ തന്റെ പുതിയ രചനകൾ പാടിക്കേൾപ്പിക്കുകയും ചെയ്തു.

ആംഗ്യം കൊണ്ട് ആ സമയത്ത് അവിടെയിരുന്നു ശല്യം ചെയ്യാതെ പോകാൻ സജ്ജൻ പലതവണ സൂചിപ്പിച്ചശേഷം ഒരിക്കൽ തെളിച്ചു പറഞ്ഞു. "വിരഹേശ്, ഇപ്പോൾ എനിക്കിത്തിരി ഏകാന്തതയാണാവശ്യം...പിന്നൊരിക്കൽ വരൂ."

"പിന്നെ ഞാൻ വരാം. പക്ഷേ സജ്ജൻ കാര്യം ഇതാണ്. ഇവിടെ വരുമ്പോൾ എനിക്ക് പുതിയ പ്രചോദനം കിട്ടുന്നു. പുതിയൊരു ചേതന, പുതിയ പ്രാണൻ - അതിവിടെ വരുമ്പോഴുണ്ടാവുന്നു. ഞാൻ നിങ്ങളെ - താങ്കളെ - ഉപദ്രവി

ക്കില്ല. ഒരക്ഷരം മിണ്ടാതിരിക്കാം."

കുറച്ചു നേരം കവിവരൻ സത്യത്തിൽ മിണ്ടാതിരുന്നു. മോഹിനിയുടെ ജനാലയും നോക്കി. പിന്നെ മൂളിപ്പാട്ടു തുടങ്ങി. പെട്ടെന്നു ചോദിച്ചു "സജ്ജൻ...ചായ ഉണ്ടാക്കട്ടെ. എനിക്ക് കുടിച്ചാൽ കൊള്ളാമെന്നുണ്ട്." സജ്ജൻ വേണമെന്നോ വേണ്ടെന്നോ പറയുന്നത് കാത്തുനിൽക്കാതെ അയാൾ സ്റ്റൗവിന്റെ അടുത്തെത്തി. അതുകത്തിച്ചു ചായയുടെ വെള്ളവും വെച്ചു. എന്നിട്ട് ഒരു ദീർഘശ്വാസം വിട്ടിട്ട് പറഞ്ഞു "സജ്ജൻ ഈ ഗാലിബ് എഴുതിയത് സത്യമാണ്. പ്രേമം ഒരതിശയവസ്തുവാണ്. എരിച്ചാലെരിയുകയുമില്ല അണച്ചാലണയുകയുമില്ല. (ഹായ് - നിശ്വാസം). സജ്ജൻ ഞാൻ സത്യമാണ് പറയുന്നത്. ഹൃദയത്തിൽ അഗ്നി സ്ഫുലിപ്പിക്കാതെ ആർക്കും അനശ്വര കൃതികൾ രചിക്കാനാവില്ല. ഇനി നോക്കിക്കോളൂ. അടുത്തുതന്നെ എന്റെ അനശ്വരഗീതം ഞാനെഴുതും."

സജ്ജൻ ഒന്നും പറഞ്ഞില്ല. വിരഹേശ് വീണ്ടും വാതിലിനടുത്തെത്തി. കതകിനോട് ഒരു കവിൾചേർത്ത് വച്ചിട്ട് മൂളാൻ തുടങ്ങി.

"നീ വരും വഴി നോക്കിയിരുന്നെൻ
കണ്ണു തളർന്നു, കരളും വാടി.."

ചായ ശരിയായി, കുടിച്ചു. സജ്ജന്റെ സിഗററ്റു മുഴുവൻ വിരഹേശ് പുകച്ചു തീർത്തു. പലപ്പോഴും പിടഞ്ഞെണീറ്റു പാട്ടുകൾ പാടി. ഒരിക്കൽ മോഹിനിയുടെ ജനാലക്കരികിൽ ഒരു മുഖം കണ്ടു. മജ്നുവിനെപ്പോലെ വിരഹേശ് അങ്ങോട്ടു നോക്കിനിന്നു. പക്ഷേ അതു മറ്റാരോ ആയിരുന്നു (നന്ദോ ആയിരുന്നു). നിരാശനായി വിരഹേശ് വിരഹഗീതം പാടാൻ തുടങ്ങി.

കോവണികയറി വന്ന മഹിപാൽ, കണ്ണുമടച്ച് ഇടത്തെ ചെവി വലതു ഉള്ളം കൈകൊണ്ട് പൊത്തിപ്പിടിച്ചുനിന്ന് ഗാനാലാപം നടത്തുന്ന വിരഹേശനെ കണ്ടു. ക്ഷീണത്താലും മനോവിഷമത്താലും വിവശനായിരുന്നിട്ടുപോലും മഹിപാലിന്ന് ചിരി വന്നു. ആരോ വരുന്നതായി അകത്തിരുന്ന സജ്ജനു മനസ്സിലായി. കന്യയായിരിക്കണം. അയാൾ മനസാ സന്തോഷിച്ചു.

കതകിനടുത്തു നിന്നിരുന്ന വിരഹേശന്റെ തലയൊന്നു പിടിച്ചു കുലുക്കിയിട്ട് മഹിപാൽ ചോദിച്ചു.

"കാലെടെടോ അകത്തോട്ടുപോട്ടെ."

'ഗുരോ ഗുരോ' എന്നുവിളിച്ചുകൊണ്ട് അയാൾ മഹിപാലിന്റെ കാൽക്കൽ വീണു. നീണ്ട മുടി ഒതുക്കി തടിച്ച കണ്ണടയിലൂടെ തുറിച്ചുനോക്കിയിട്ടയാൾ പറഞ്ഞു "ഇതാ ഗുരുദർശനം ലഭിച്ചു. ഇനി എല്ലാ കാര്യങ്ങളും മംഗളമാകും."

കന്യയ്ക്കു പകരം മഹിപാലിനെ കണ്ടപ്പോൾ നിരാശയാണ് തോന്നിയതെങ്കിലും പൊതുവെ അയാൾ സന്തോഷിച്ചു. മഹിപാൽ തലയിണയിൽ ചാരിയിരുന്നു. തളർന്നവശനായപോലെ. അയാൾ ഏതോ വിഷമതയിലാണെന്നു സജ്ജനു മനസ്സിലായി. അയാൾ ബ്രഷും പ്ലേറ്റും താഴെ വെച്ചു.

വിരഹേശ്: "ഗുരോ ഒരു പുതിയ ഗാനം എഴുതി വരികയാണ്." സജ്ജൻ മാന്യതയോടെ പറഞ്ഞു. "വിരഹേശ് എനിക്ക് മഹിപാലിനോട് അത്യാവശ്യമായി ചിലതു സംസാരിക്കാനുണ്ട്."

"അതിനെന്ത്? നിങ്ങൾ സംസാരിക്കിൻ, ഞാൻ മേടയിൽ പോയിരുന്നോളാം. ഇന്നു ഗുരുവിനെ കണ്ടു. അദ്ദേഹത്തിന്റെ അനുഗ്രഹം കൊണ്ട് എന്റെ ഗീതം

പൂർത്തിയാകും. ഗുരോ അങ്ങയുടെ ആശീർവാദം കൊണ്ട് ഇത് എന്റെ മറ്റൊരു അനശ്വരഗീതമായി മാറും. അതു പൂർത്തിയായാലുടൻ ഞാൻ ബോംബെയ്ക്ക് പോവും."

മഹത്വാകാംക്ഷയുടെ തണുത്ത ഒരു നിശ്വാസത്തോടെ തലമുടി ഒതുക്കിക്കൊണ്ട് വിരഹേശ് എണീറ്റു. എന്നിട്ട് ഒന്നു മൂരിനിവർന്ന് മോഹിനിയുടെ ജനാലയുടെ നേർക്ക് നോട്ടം അയച്ചുകൊണ്ട് പുറത്തേക്ക് നടന്നു.

സജ്ജൻ പതുക്കെ പറഞ്ഞു "ഈ നാശം പിടിച്ചവൻ മൂട്ട പോലെയാണ്. ആരു പറഞ്ഞാലും കേൾക്കില്ല. ആ കർണലിനെ മാത്രമുണ്ട് പേടി... ഒും എന്താ വല്ലാതെയിരിക്കുന്നത്? ഏട്ടത്തിയുമായി മഹാഭാരതയുദ്ധം നടത്തിയോ?"

മഹിപാൽ നിഷേധാർഥത്തിൽ തലയാട്ടി.

സജ്ജൻ വീണ്ടും ചോദിച്ചു "എന്തോ വിഷമമുണ്ട്. കാലത്ത് കർണൽ പറയുന്നതു കേട്ടു. ഇന്നലെ നിങ്ങളുടെ ഭാര്യാസഹോദരന്റെ കല്യാണമായിരുന്നെന്ന്."

"കല്യാണം മിനിഞ്ഞാന്നായിരുന്നു. ഇന്നലെ വിരുന്നായിരുന്നു."

നിമിഷനേരം മൂകനായി നിന്നിട്ട് സജ്ജൻ ചോദിച്ചു

"കല്യാണത്തിനു വല്ല സമ്മാനവും കൊടുക്കേണ്ടിവരും."

"കൊടുത്തു."

സജ്ജൻ സിഗററ്റ് കേസെടുത്തു. അതു ഒഴിഞ്ഞിരിക്കുന്നു. അസ്വസ്ഥനായി പുറത്തേക്ക് നോക്കി വിളിച്ചു

"ഏ ബോർ."

"സിഗററ്റ് എന്റെ കൈയിലുണ്ട്, ഇതാ" കീശയിൽനിന്ന് സിഗററ്റ് കൂടെടുത്ത് മഹിപാൽ അങ്ങോട്ടെറിഞ്ഞു.

"ഗുരോ എനിക്കും ഒരു സിഗററ്റ്" എന്നു പറഞ്ഞിട്ട് വിരഹേശും അകത്തു വന്നു. മഹിപാൽ ചേദിച്ചു:

"വിരഹേശ് ഈയിടെ എന്താണ് ജോലി?"

സിഗററ്റ് എടുത്ത് സജ്ജന്റെയും മഹിപാലിന്റെയും നേർക്ക് നീട്ടിയിട്ട് ചിരിച്ചുകൊണ്ടു പറഞ്ഞു.

"ജോലി, ഗുരോ ഈ ഗീതം എഴുതുകയാണ്."

"നീ ആഹാരം കഴിക്കുന്നതെങ്ങനെ? കുടുംബത്തെപ്പുലർത്തുന്നതെങ്ങനെ? നീ കല്യാണം കഴിച്ചവനാണെന്നും കുട്ടികളുണ്ടെന്നും കേട്ടിട്ടുണ്ട്."

"കുട്ടികളും മറ്റും അവരുടെ അമ്മയുടെ വീട്ടിലാണ്. അങ്ങയോട് എന്തുപറയാൻ. എന്റെ ഭാര്യ ഒരു മൂഢയാണ്. അവളുടെകൂടെ കഴിഞ്ഞാൽ എന്റെ കവിത നശിച്ചുപോകും. തനി നാടൻ മട്ടുകാരിയാണ് അവൾ, നാടൻ..."

"കുട്ടികൾ എത്രയാണ്?"

"ഈശ്വരാനുഗ്രഹം കൊണ്ട് അഞ്ച്."

അതു കേട്ടപ്പോൾ മഹിപാലിന് ദേഷ്യം വന്നു.

"അഞ്ചു കുഞ്ഞുങ്ങളുണ്ടായിട്ടും നീ ഇങ്ങനെ നടക്കുന്നോ? തനിക്കു നാണമില്ലേ? അവരുടെ ചെലവ് എങ്ങനെ നടക്കും?"

വിരഹേശ് ഒന്നും പറയാതെ സിഗററ്റു വലിച്ചുകൊണ്ടിരുന്നു. മഹിപാൽ സജ്ജനോടായി പറഞ്ഞു:

"പ്രത്യേകിച്ച് ജോലിയൊന്നുമില്ലെങ്കിൽ വാ വീട്ടിലേക്ക് പോകാം. ഇവിടെ

എനിക്ക് ശ്വാസം മുട്ടുന്നു."

"പോകാം. ഞാൻ ഒരാളിനെ എക്സ്പെക്ട് ചെയ്യുകയാണ്."

മനസ്സിലാക്കിയിട്ടെന്നവണ്ണം മഹിപാൽ ചോദിച്ചു.

"വരുമെന്ന് പറഞ്ഞിട്ടുണ്ടോ?"

"ഇല്ല" – സജ്ജൻ.

വിരഹേശ് പറഞ്ഞു "സജ്ജൻ നിങ്ങൾ താക്കോൽ തന്നിട്ടു പോകൂ. ഞാനിവിടെ കുറച്ചു നേരമിരുന്ന് എഴുതാം. ഒരു മൂഡ് തോന്നുന്നു."

സജ്ജൻ സ്വന്തം സജ്ജനത മറന്ന് അല്പം കടുപ്പിച്ചു പറഞ്ഞു "ഞാനിവിടെ ധർമശാല തുറന്നിരിക്കുകയല്ല."

വിരഹേശ് എന്തോ പറയാനായി "അയ്യോ അങ്ങനെ" എന്നിങ്ങനെ തുടങ്ങുന്നതിനിടയിൽ മഹിപാൽ പറഞ്ഞു.

"സജ്ജൻ വരൂ ഇനി ഒരു നിമിഷം തങ്ങാൻ വയ്യ. ദേഷ്യം വന്നാൽ ഞാൻ ഒന്നു രണ്ടു കൊടുത്തെന്നും വരും."

വിരഹേശ് സിഗററ്റ് വലിച്ചുകൊണ്ട് മേടയിലേക്കു നടന്നു. അയാൾ പുറത്തിറങ്ങിയ ഉടനെ സജ്ജൻ പറഞ്ഞു:

"മടുത്തു. എപ്പോൾ വന്നാലും എന്റെ മൂഡ് നശിപ്പിക്കും."

"നീയല്ലേ അവനെ തലയിൽ കയറ്റി വച്ചിരിക്കുന്നത്?" മഹിപാൽ.

വിഷയം മാറ്റിയിട്ട് സജ്ജൻ പറഞ്ഞു.

"ഇന്നു രാവിലെ ബാബു സാലിഗ്രാമും ലാലാ ജാനകീസരണും എന്റെ വീട്ടിൽ വന്നിരുന്നു. ഇവിടെ ഒരു ആർട്ട് എക്സിബിഷൻ നടത്താൻ ആഗ്രഹിക്കുന്നു."

"നടത്തട്ടെ നാശങ്ങൾ."

"നമ്മളെ അതിന്റ കൺവീനറന്മാരാക്കാൻ ആഗ്രഹിക്കുന്നു."

"ആ നീചന്മാരുമായുള്ള ഒരേർപ്പാടിനും ഞാനില്ല. ഈ പണക്കാരെയും കോൺഗ്രസ്സുകാരെയും വിശ്വസിക്കാൻ പാടില്ല."

സജ്ജൻ ചിരിച്ചു "ഇത് ആ വിമാന ലഘുലേഖയുടെ മഹത്വം കൊണ്ടാണെന്ന് എനിക്കറിയാം. എങ്കിലും ഞാൻ സമ്മതിച്ചു. അവർ നമ്മെ മടയന്മാരാക്കാൻ വന്നാൽ നമുക്കവരെ ആക്കിക്കൂടേ."

മഹിപാൽ: "നീ അവരേക്കാളും ബുദ്ധിമാനാണെന്ന് കരുതുകയാണോ? ഒടുവിൽ ചതി പറ്റരുത്, സജ്ജൻ."

"എന്തു ചതി? നമ്മളും അവരും തമ്മിൽ രാഷ്ട്രീയക്കരാറൊന്നുമില്ലല്ലോ. ഈ പേരിൽ എനിക്കിവിടത്തെയാളുകളുമായി പരിചയപ്പെടാൻ ഒരവസരം കിട്ടും."

"അതിനു മറ്റു വല്ല വഴിയും നോക്ക്. ഇവന്മാരോടു ചേർന്ന് എന്തു ചെയ്യുന്നതും തെറ്റാണ്."

വിരഹേശ് അരമതിലിനോടു ചേർന്നുനിന്ന് എതിർവശത്തെ ചുവരിലുള്ള ജനാലയിലേക്ക് നോക്കി പാടുകയാണ്:

"വരുമെന്നാശിച്ചവളിനിയുമെത്തിയില്ല
എവിടെയാണ് നീ എവിടെ ഒളിച്ചു നീ
എന്നെ വിഷമിപ്പിക്കുന്നവളേ
നീ വിചിത്രമായ ഒരു മോഹവലയെറിഞ്ഞതു
കാരണം ഹൃദയം തന്നവൻ ഇതാ മരിച്ചു ജീവിക്കുന്നു."

മഹിപാലും സജ്ജനും മുറിയിൽനിന്നു പുറത്തുവന്നു. സജ്ജൻ മുറി പൂട്ടുമ്പോൾ, ജനാലയിൽ മഹാകവി ബോർ മോഹിനിയുടെ ചന്ദ്രവദനം കണ്ടു. ബോർ പുളകിതനായി സ്വന്തം വിചാരങ്ങളിൽ മുഴുകി നിൽക്കുകയായിരുന്നു മഹിപാൽ. കതകു പൂട്ടിയിട്ടു തിരിഞ്ഞ സജ്ജൻ നെഞ്ചിൽ കൈയും വച്ച് മദനഭാവം കണ്ണിൽ ചേർത്ത് മേലോട്ടു നോക്കിനിന്ന് മൂളുന്ന ബോറിനെ കണ്ടു.

"മോഹിനീ നീ വിചിത്രതന്നെ. നിന്നെയും" സജ്ജൻ മുകളിലേക്ക് നോക്കിയില്ല. വിരഹേശനോടു പറഞ്ഞു:

"ശരി പോവാം."

"വരുന്നു വരുന്നു സുഹൃത്തേ അല്പം നില്ക്കൂ." വീണ്ടും പാട്ടായിട്ട്

"പോകുന്നു ഞാൻ, പോകുന്നു ഞാൻ"

"സുഹൃത്തുക്കളേ നിൽക്കൂ. ഒരു കണ്ണു കണ്ടോട്ടെ...."

മഹിപാലിന് അരിശം വന്നു.

"നിന്റെ ഈ വിരട്ടൊന്നും കാണിക്കണ്ട

നടക്ക് ഞങ്ങൾക്ക് നേരമാകുന്നു."

മഹിപാൽ ആദ്യം കോവണിപ്പടിയിറങ്ങി. പിന്നെ സജ്ജൻ, പിന്നെ ബോർ. മുകളിലേക്ക് കണ്ണുംനട്ടാണ് ബോർ ഇറങ്ങിയത്. ചാടിയും വിടവാങ്ങിയും ഇറങ്ങിയ അയാൾ കാൽപ്പടി മാറിച്ചവിട്ടി. മറിഞ്ഞു സജ്ജന്റെ മേൽ വീണു. സജ്ജൻ പിരണ്ട് മഹിപാലിന്റെ പുറത്തേക്കു ചാഞ്ഞു. കോണിയുടെ രണ്ടു കൈവരിയിലും പിടിച്ച് മഹിപാൽ വീഴാതെ രക്ഷപ്പെട്ടു. എല്ലാവരും വീഴാതെ കഴിഞ്ഞു. സർദാറിന്റെ കുടുംബം "എന്തുപറ്റി എന്തുണ്ടായി?" എന്നു ചോദിച്ചുകൊണ്ടു പുറത്തേക്കുവന്നു. സജ്ജന്റെ തോളിൽ ചതവു പറ്റി. മഹിപാലിന്ന് ദേഷ്യം സഹിക്കാനായില്ല. ക്രോധാവേശത്തോടെ ബോറിന്റെ നീണ്ട തലമുടിയിൽ ചുറ്റിപ്പിടിച്ച് വലിച്ചിട്ടു രണ്ടു കരണത്തും നല്ല രണ്ടു കൊടുത്തിട്ടു പറഞ്ഞു:

"നോക്കി നടന്നൂടേ നാശം. അടിച്ചു നിന്റെ മിസ്റ്റിസിസമെല്ലാം ഞാനിന്നു വെള്ളമാക്കും നോക്കിക്കോ."

കണ്ണട വീഴാതെ പിടിച്ചുകൊണ്ട് ഗുരോ ഗുരോ എന്നു പുലമ്പുകയാണ്, ബോർ. സജ്ജൻ മഹിപാലിന്റെ കയ്യിൽനിന്നു ബോറിനെ വിടുവിച്ചു. സർദാരിണിമാരും പിള്ളേരും ബോറിനെ അടിക്കുന്നതു നോക്കിനിന്നു ചിരിച്ചു.

മഹിപാൽ വിരഹേശിനെ നോക്കാതെ സജ്ജന്റെ കൈപിടിച്ചു വലിച്ചുകൊണ്ടു താഴെ പുറത്തേക്കുള്ള വാതിൽക്കലേക്കു നടന്നു. വിരഹേശിനെ അടിച്ചതിൽ ഇപ്പോൾ പശ്ചാത്താപമുണ്ട്. പക്ഷേ അതു പുറത്തുകാണിക്കാനയാൾ ആഗ്രഹിച്ചില്ല. ഇന്നലെ രാത്രിമുതലേ അയാൾ ആകെ വിവശനാണ്.

അളിയന്റെ വിവാഹപ്പാർട്ടി ലഖ്നൗവിൽ എത്തിയിരുന്നു. സാധാരണരീതിയിൽ ബന്ധുമിത്രാദികളോടും പാരിവാരങ്ങളോടും ഒന്നും ചേരാതെ അകന്നു കഴിയുകയാണ് പതിവ്. പക്ഷേ ഇത്തവണ നിർബന്ധിതനായി. ഇന്നലെ പെൺവീട്ടിൽ നടന്ന വിരുന്നിൽവച്ച്, സംസാരത്തിന്നിടയിൽ ആവേശത്തോടെ അയാൾ സമൂഹത്തിലെ തിന്മകളും ദോഷങ്ങളുമെല്ലാം വിളിച്ചു പറഞ്ഞു. ഒരു മൊട്ട ബ്രാഹ്മണൻ ദേഷ്യപ്പെട്ട് മഹിപാലിന്റെ നേരെ ആരോപണങ്ങൾ അഴിച്ചുവിട്ടു. "നാസ്തികനാണ്. സനാതനധർമത്തെ ആക്ഷേപിക്കുന്നോ? ആദ്യം ഒരു സേട്ടുവിനെ കുടുക്കി വീടു നിറച്ചു. ഇപ്പോൾ ഇതാ പണക്കാരിയായ ഒരു ഡോക്ടറി

ണിയെ കുരുക്കിയിരിക്കുന്നു. ക്രിസ്ത്യാനികളോടുചേർന്ന് തിന്നുകയും കുടിക്കുകയും ചെയ്യുന്നു...” മഹിപാൽ ആകെ ചൂടായി. ശ്വശുരൻ തന്റെ മാന്യനായ ജാമാതാവിനെയും പൂജ്യനായ അതിഥിയെയും തൊഴുതും പ്രാർഥിച്ചും സംഭവം ശാന്തമാക്കി.

ഭാര്യ ഇന്നുരാവിലെ തന്നെ സപത്നീകാര്യം എടുത്തിട്ട് അഞ്ചാറു തവണ ചന്ദ്രഹാസമിളക്കി ചൊടിച്ചിട്ടാണ് ഇങ്ങോട്ടിറങ്ങി വന്നത്. ഇവിടെവന്നു കാര്യമില്ലാതെ ബോറുമായി വഴക്കിടേണ്ടിയും വന്നു. സജ്ജൻ പറയുകയായിരുന്നു:

“നിങ്ങളുടെ കോപം നിയന്ത്രിച്ചു നിറുത്തണം.”

“നിയന്ത്രിക്കുന്നു. മണ്ണാങ്കട്ട. ഇവിടെ ജീവിതം തന്നെ മടുത്തു....”

സജ്ജൻ പിന്നെ ഒന്നും പറഞ്ഞില്ല. രണ്ടുപേരും തെരുവിലൂടെ മുന്നോട്ടു നടന്നു.

17

മഹിപാലും മൂത്ത രണ്ടു സഹോദരിമാരും ഇളയ അനുജനും അമ്മയുടെ അച്ഛന്റെ വീട്ടിലാണ് വളർന്നത്. അംശം അധികാരികളുടെ കുടുംബമായിരുന്നു അത്. അനുജൻ ഒരു ജില്ലാ ഹൈസ്കൂളിന്റെ ഹെഡ്മാസ്റ്റർ ആയിരുന്നു. സ്വാഭിമാനിയും തുറന്നു സംസാരിക്കുന്നവനും സ്വഭാവശുദ്ധിയുള്ളവനുമായിരുന്നു മഹിപാലിന്റെ പിതാവ്. വലിയ വീടുകളിലെ സർവ സ്വഭാവദൂഷ്യങ്ങളുമുൾക്കൊണ്ടവളായിരുന്നു മഹിപാലിന്റെ അമ്മ. അവർ ഏറിയകൂറും സ്വന്തം കുടുംബത്തിലാണ് കഴിഞ്ഞിരുന്നത്. അവരുടെ അച്ഛനും മൂത്ത ജ്യേഷ്ഠനും അവരോട് വലിയ സ്നേഹമായിരുന്നു. ഇക്കാരണത്താൽ മഹിപാലിന്റെ അമ്മാവിമാരുടെയും മറ്റും മേൽ മഹിപാലിന്റെ അമ്മയുടെ അധികാരങ്ങൾ നടന്നു പോന്നു. കുബേരവീടുകളിലെ അന്തഃപുരങ്ങളിൽ സാധാരണ കാണാറുള്ള കുതന്ത്രങ്ങളും മറ്റും നടപ്പാക്കുന്നതിന് അവൾ ചതുരയായിരുന്നു. ഒരളവുവരെ സ്വഭാവഹീനയും ആയിരുന്നു. ഇക്കാരണത്താലെല്ലാം ആളുകൾ അവളെ വെറുത്തിരുന്നു.

മഹിപാലിന്റെ മൂത്ത രണ്ടുസഹോദരിമാരെയും സ്ത്രീധനവും മറ്റും കൊടുത്ത് വിവാഹം കഴിപ്പിച്ചയച്ചത് അവിടെവച്ചു തന്നെയാണ്. വലിയ വീടുകളിലേക്കാണവർ പോയത്. മഹിപാലിന്റെ വിവാഹവും ഒരു വലിയ വീട്ടിൽ നടത്തപ്പെട്ടു. വിവാഹം കഴിഞ്ഞ് കുറച്ചുദിവസമേ ആയുള്ളു അപ്പോഴേക്കും അയാളുടെ ഭാഗ്യചക്രം തകിടം മറിഞ്ഞു. അച്ഛന് അസുഖമായി ഇഹലോകവാസം വെടിഞ്ഞു. ഒരു കൊല്ലത്തിനകം വലിയ അമ്മാമനും മരിച്ചു. വലിയ അമ്മാമന്റെ മരണശേഷം മഹിപാലിന്റെ അമ്മയ്ക്ക് കുടുംബാന്തരീക്ഷം ശ്വാസംമുട്ടുന്നതായി. വീട്ടിൽ അവർക്ക് അനേകം വിരോധികളുണ്ടായിരുന്നു. തരം കിട്ടുമ്പോഴൊക്കെ അവരെ തരം താഴ്ത്തിക്കാണിക്കാനവർ ശ്രമിച്ചു. ഒരു ഹീനമായ പരിതഃസ്ഥിതിയിൽ പിടികൂടപ്പെട്ടതിനെത്തുടർന്ന് തല പുറത്തുകാണിക്കാനാവാതെ അവർ ആത്മഹത്യ ചെയ്തു.

അമ്മയുടെ മരണത്തിനു ശേഷം, മഹിപാലിനും ഭാര്യയ്ക്കും അനിയനും അവിടത്തെ പരിതഃസ്ഥിതികൾ വിഷമകരമായിത്തീർന്നു. അമ്മായിമാർ, മരിച്ച

നാത്തൂനോടുള്ള വിരോധം അവരുടെ കുട്ടികളോടു തീർക്കാൻ തുടങ്ങി. അന്നു മഹിപാൽ ഇന്റർമീഡിയറ്റ്ക്ലാസ്സിലും അനിയൻ ജയ്പാൽ ഒൻപതാം ക്ലാസ്സിലും പഠിക്കുകയായിരുന്നു.

കൗമാരപ്രായത്തിൽ തന്നെ മഹിപാലിന് സാഹിത്യത്തിൽ അഭിരുചിയും വാസനയുമുണ്ടായിരുന്നു. അമ്മയോടുള്ള ഭയവും ആദരവും, അച്ഛനോടുള്ള ഭക്തിനിർഭരമായ ആകർഷണവുമുൾ ക്കൊണ്ട സംവേദനക്ഷമമായ അവന്റെ ഹൃദയം അഭാവത്തിലും ഭാവമുൾക്കൊണ്ടു. അച്ഛനോടൊത്തു കഴിയാനാണ് കുഞ്ഞുന്നാളിൽ അവനാഗ്രഹിച്ചത്. പക്ഷേ അമ്മയുടെ നിർബന്ധബുദ്ധി കാരണം സ്ഥായിയായി അച്ഛനോടൊത്തു കഴിയാൻ അവനവസരം കിട്ടിയില്ല. ശാന്തനും ഗംഭീരനും ചിന്താശീലനുമായിരുന്നു അവന്റെ പിതാവ്. പലപ്പോഴും അല്പസ്വല്പമൊക്കെ എഴുതുകയും ചെയ്യും. അച്ഛൻ സംസാരഭാഷയിലെഴുതിയ ഗീതകങ്ങളും മുക്തകങ്ങളും ശ്ലോകങ്ങളും ഇന്നും മഹിപാലിന്റെ കൈയിൽ സുരക്ഷിതമായിരിപ്പുണ്ട്. അദ്ദേഹമെഴുതിയ ചരിത്ര സംബന്ധവും സാമൂഹ്യവുമായ ലേഖനങ്ങൾ ചിലപ്പോഴൊക്കെ 'സരസ്വതി' 'മാധുരി' 'ചാന്ദ്' 'സുധ' തുടങ്ങിയ മാസികകളിലും വാരികകളിലും പ്രസിദ്ധീകരിക്കാറുണ്ടായിരുന്നു. അച്ഛനെപ്പോലെ ആദർശവാദിയും വിദ്യാസമ്പന്നനും സാഹിത്യകാരനും ആകണമെന്നായിരുന്നു കുട്ടിക്കാലത്തുതന്നെയുള്ള മഹിപാലിന്റെ ആഗ്രഹം. പ്രേംചന്ദിന്റെയും 'ചാന്ദ്' 'ഭവിഷ്യ' 'പ്രതാപ്' 'അഭിദ്യുദയ' തുടങ്ങിയ പ്രസിദ്ധീകരണങ്ങളുടെയും സാമൂഹ്യവും രാഷ്ട്രീയവുമായ സാഹിത്യ സൃഷ്ടികൾ അവനിൽ അത്യന്തം പ്രഭാവം ചെലുത്തി. തന്റെ അമ്മാവന്മാരും അവരുടെ കാര്യസ്ഥന്മാരും കൃഷിക്കാരുടെമേൽ കാട്ടുന്ന അന്യായങ്ങൾ അവന് അശേഷം രസിച്ചിരുന്നില്ല. പലപ്പോഴും അവൻ ആലോചിച്ചിട്ടുണ്ട്, നിരാധാരരും പട്ടിണിപ്പാവങ്ങളുമായ ഈ അധ്വാനിക്കുന്ന വർഗക്കാരോട് തന്റെ അമ്മാവന്മാർ എന്തധികാരം വച്ചാണ് ഈ അന്യായങ്ങൾ കാട്ടുന്നതെന്ന്. കൃഷിക്കാരെ ചാട്ടവാർ കൊണ്ടടിക്കുന്നതും അവരെ തല കീഴായി കെട്ടിത്തൂക്കിയിട്ട് തവിട് തീറ്റിക്കുന്നതും അവരെ പട്ടിണിക്കിടുന്നതും അവരുടെ വീട് കൊള്ളയിട്ട് തകർക്കുന്നതും മറ്റും മറ്റും അവൻ അക്കാലത്ത് കണ്ടിട്ടുണ്ട്. അതെല്ലാം കാണുമ്പോൾ അവന്റെ രോമങ്ങൾ പിടഞ്ഞ് എണീറ്റ് നില്ക്കും. തന്റെ മൂന്ന് ചെറിയ അമ്മാമൻമാർ ഗ്രാമത്തിലെ വധുക്കളുടെയും പുത്രിമാരുടെയും അഭിമാനം അപഹരിക്കുന്നതും അവൻ പല തവണ കണ്ടിട്ടുണ്ട്. അവന്റെ മധ്യവയസ്കനായ ചെറിയ അമ്മാമൻ തികഞ്ഞ ഒരു വ്യഭിചാരിയാണ്. കുമാരികളായ കന്യകമാരെ നശിപ്പിക്കുന്നതിലാണ് അയാൾക്ക് ആനന്ദം. സ്വന്തം മകളുടെയും അനന്തരവളുടെയും പ്രായത്തിലുള്ള പാവപ്പെട്ട കർഷകപുത്രിമാരെ തന്റെ വിഷയലമ്പടത്വത്തിന്ന് ഉപകരണങ്ങളാക്കുന്നതിൽ അയാൾ തരിമ്പും സങ്കോചം കാട്ടിയിരുന്നില്ല.

അച്ഛന്റെ വീട്ടിൽ ദസറാ, ക്രിസ്മസ്, മധ്യവേനൽ ഒഴിവ് തുടങ്ങിയ അവസരങ്ങൾ കഴിച്ചുകൂട്ടിയിട്ട് മുത്തച്ഛന്റെ വീട്ടിലേക്ക് മടങ്ങുമ്പോഴൊക്കെ, പച്ചപിടിച്ച തുറസ്സായ ഒരു മൈതാനത്തു നിന്ന് തന്നെപ്പിടിച്ച് ഇരുളടഞ്ഞു ശ്വാസം മുട്ടുന്ന ഒരറയിലിടുന്ന പ്രതീതിയാണ് മഹിപാലിന് ഉണ്ടാകാറ്. അധികാരിവർഗത്തിന്റെ മദോന്മത്തതയുടെ ചരസും ഗഞ്ചാവും മദ്യവും തല്ലും തൊഴിയും അന്യായങ്ങളും വ്യഭിചാരവും വേശ്യാവൃത്തിയും പ്രകൃതിവിരുദ്ധവേഴ്ചകളും മറ്റു

മുൾക്കൊള്ളുന്ന മലീമസമായ ആ അന്തരീക്ഷത്തിൽ അവൻ ദിനരാത്രങ്ങൾ വെന്തുരുകി കഴിച്ചുകൂട്ടി. നാവു മുറിച്ചു മാറ്റപ്പെട്ട ഒരു മനുഷ്യന്റെ അവസ്ഥയിലായിരുന്നു അവൻ. മൂകന്റെ വാണിയെന്നനിലയിൽ സാഹിത്യം അവന്റെ ജീവിതത്തിലേക്ക് കടന്നുവന്നു. ആദ്യം ഒറ്റ ശ്ലോകങ്ങൾ തുടങ്ങി. പിന്നെ കഥകളെഴുതി. അച്ഛന്റെ മേൽനോട്ടത്തിൽ ഡയറി എഴുതാൻ ശീലിച്ചിരുന്നു. ഒരു കഥാകൃത്താകാൻ സഹായിച്ചത് ആ ശീലമാണ്. ഇന്റർപരീക്ഷ എഴുതുന്നതിനു മുമ്പു തന്നെ അവന്റെ അഞ്ചാറുകഥകൾ 'ചാന്ദ്' 'സുധ' തുടങ്ങിയവയിൽ പ്രസിദ്ധീകൃതങ്ങളായി.

അമ്മയുടെ മരണശേഷം, കുടുംബത്തിലെ താമസം അവനെ സംബന്ധിച്ചിടത്തോളം അപമാനജനകമായിത്തീർന്നു. ഒരു ദിവസം വലിയൊരു വഴക്കിനെത്തുടർന്ന് ഇന്റർപരീക്ഷാഫലം പുറത്തുവരുന്നതിനു മുമ്പു തന്നെ, മഹിപാൽ, ഭാര്യയുടെ പ്രേരണയ്ക്ക് വശംവദനായി മാറിത്താമസിക്കാമെന്ന തീരുമാനത്തോടെ ജോലി അന്വേഷിച്ചു ലഖ്നൗവിലേക്ക് പോന്നു.

30-ലെ വിപ്ലവത്തിന്റെ കാലമായിരുന്നു അത്. 'സുധ'യുടെ പത്രാധിപവിഭാഗത്തിൽ മാസം നാൽപതു രൂപയ്ക്ക് അയാൾക്ക് ഒരു സ്ഥാനം കിട്ടി. 'സുധ'യുടെ കാര്യാലയത്തിൽ വച്ച് അക്കാലത്ത് പ്രശസ്തരായ പല സാഹിത്യകാരന്മാരെയും പരിചയപ്പെടാൻ മഹിപാലിനവസരം കിട്ടി. പ്രേംചന്ദ്, നിരാല, മിശ്രബന്ധു, സുമിത്രാനന്ദൻപന്ത്, രൂപ് നാരായൺ പാണ്ഡേ, കൃഷ്ണാബിഹാരി തുടങ്ങിയ സാഹിത്യദേവന്മാരെ അവിടെ വച്ചാണയാൾ കണ്ടത്. അയാളിലെ സാഹിത്യവാസന പുഷ്ടിപ്പെടാൻ അതിടയാക്കി. പ്രത്യേകിച്ചു 'നിരാല'യുമായി അടുത്തു കഴിയാൻ അയാൾക്കവസരം ലഭിച്ചു. അതോടൊപ്പം തൊഴിലിന്റെ ശ്വാസംമുട്ടലിൽനിന്ന് ഒരാശ്വാസം നേടാനും കഴിഞ്ഞു. ജോലി പരിചയമില്ലാതിരുന്നതിനാൽ അതിൽ അസംതൃപ്തനായിരുന്നിട്ടും, മറ്റുപോംവഴിയൊന്നുമില്ലാഞ്ഞതിനാൽ മഹിപാൽ അതിൽ തന്നെ ഒട്ടിനിന്നു. മൂന്നുമാസത്തിനുള്ളിൽ അമീനാബാദിൽ ചെറിയ ഒരു വീട് വാടകയ്ക്ക് എടുത്ത് ഗർഭിണിയായ ഭാര്യയെയും അനിയനെയും കൂട്ടിക്കൊണ്ടു വന്ന് താമസമായി. ഭാര്യയുടെ ആഭരണങ്ങളായിരുന്നു അയാളുടെ ഏക സമ്പത്ത്.

മാതൃഗൃഹത്തിൽനിന്ന് എല്ലാം ഈശ്വരനിലർപ്പിച്ചാണയാൾ ഇറങ്ങിത്തിരിച്ചത്. അനിയനെ ഹൈസ്കൂളിൽ ചേർത്തു. എവിടെവരെ പഠിക്കാമോ അതുവരെ പഠിക്കാൻ അവനെ പ്രേരിപ്പിക്കുകയും ചെയ്തു. മഹിപാൽ ഊണും ഉറക്കവുമുപേക്ഷിച്ചധ്വാനിക്കാനും തുടങ്ങി. സുധയിൽ ജോലി ചെയ്യുന്നതിനിടയിൽ ഒഴിവുള്ളപ്പോഴൊക്കെ മറ്റൊരു പ്രസാധകനുവേണ്ടി 'ബുക്ക് ഓഫ് നോളജ്', ചരിത്രം, പാഠ്യപുസ്തകങ്ങൾ തുടങ്ങിയവ മറ്റുപേരുകളിലെഴുതിയും വിവർത്തനം ചെയ്തും നൽകിക്കൊണ്ടിരുന്നു. മാസം ഒന്നുരണ്ടു കഥയും എഴുതും. അങ്ങനെ മാസം നൂറുരൂപയോളം ഉണ്ടാക്കാനും വീടു നടത്തിക്കൊണ്ടുപോകാനും അയാൾക്കു കഴിഞ്ഞു.

സാമാന്യം നല്ല സമയമായിരുന്നു. പത്രങ്ങളും മാസികകളും കുറവാണെങ്കിലും പുതിയ എഴുത്തുകാർ കഴിവുള്ളവരാണെങ്കിൽ അവർക്ക് വളരെവേഗം പ്രസിദ്ധി കിട്ടുന്ന ഒരവസ്ഥയായിരുന്നു. വലിയ എഴുത്തുകാർ എല്ലായ്പോഴും ചെറുസാഹിത്യകാരന്മാർക്ക് പ്രചോദനം നൽകി. മഹിപാലിന്റെ തൂലിക തീക്ഷ്ണ

മായിരുന്നു. മനസ്സിൽ ആവേശവും അഭ്യുദയകാംക്ഷയും ഉള്ള അയാൾ മന്ദം മന്ദം മുന്നോട്ടു കടന്നുകയറി.

ഒരു കുബേരകുമാരനായ രൂപരത്തനുമായി അയാൾ പരിചയപ്പെട്ടു. മഹിപാലിന്റെ കഴിവുകളെ പ്രകീർത്തിക്കുന്ന ഒരാരാധകൻകൂടിയായിരുന്നു അയാൾ. രാഷ്ട്രീയ വീക്ഷണമുള്ളയാളാണ്. അച്ഛൻ സേഠ് ഭജഗോവിന്ദദാസ് വലിയ കുബേരനും പ്രതാപിയുമാണ്. രൂപരത്തന് സ്വന്തമായൊരു ഹാൻഡ്‌ലൂം ഫാക്ടറിയുണ്ട്. അതുകൂടാതെ വൈദ്യന്മാരെവച്ച് ഒരു ആയുർവേദവൈദ്യശാലയും മരുന്നുകടയും നടത്തിയിരുന്നു. ദ്രാക്ഷാസവം, ച്യവനപ്രാശം, ദശമൂലാരിഷ്ടം തുടങ്ങിയ മരുന്നുകൾ അവിടെ തയ്യാറാക്കിയിരുന്നു. വലിയ നേതാക്കന്മാരെ തന്റെ ഔഷധനിർമാണശാല കൊണ്ടുനടന്നു കാണിച്ച് അവരിൽനിന്ന് സർട്ടിഫിക്കറ്റുകൾ വാങ്ങിവയ്ക്കും. പരസ്യത്തിൽ വിശ്വാസമുള്ളവനാണ് രൂപരത്തൻ. നല്ല വരുമാനമുണ്ടയാൾക്ക്. കോൺഗ്രസിന്റെ ചെറിയനേതാവും ഖജാൻജിയുമായിരുന്നു അയാൾ. അടുത്ത കാലത്തായി ഒരു വിദേശീയമദ്യഷാപ്പും തുറന്നു. ബഹുമുഖപ്രവർത്തനങ്ങളിൽ വ്യാപൃതനും വിദ്യാസമ്പന്നനും സംസാരപടുവും സുമുഖനുമായ രൂപരത്തൻ 1931–32 കാലത്തു തന്നെ സോഷ്യലിസത്തെ അനുകൂലിച്ചിരുന്ന ചുരുക്കം ചില യുവാക്കളിൽ ഒരാളായി അംഗീകരിക്കപ്പെട്ടുകഴിഞ്ഞിരുന്നു.

ജിംഖാന ക്ലബ്ബിൽ വച്ചാണ് മഹിപാൽ രൂപരത്തനെ പരിചയപ്പെട്ടത്. മഹിപാലിന്റെ കുടുംബത്തിൽപെട്ട ഒരു സഹോദരൻ ലഖ്നൗ സർവകലാശാലയിൽ പഠിക്കുന്നുണ്ടായിരുന്നു. അവർ തമ്മിൽ നല്ല സുഹൃത്ബന്ധമാണ്. അയാളോടൊപ്പം മഹിപാൽ പലപ്പോഴും ക്ലബ്ബിൽ ചെന്നിരുന്നു. പ്രകൃതികൊണ്ടും പ്രവൃത്തികൊണ്ടും 'അരിസ്റ്റോക്രാറ്റ്' ആയിരുന്നതിനാൽ അയാൾക്ക് വലിയ ആളുകളുമായി പെട്ടെന്ന് ഇടപഴകാൻ കഴിഞ്ഞു. ലഖ്നൗവിൽ വന്ന അന്നുമുതൽ അയാൾ ഖാദി ധരിക്കാൻ തുടങ്ങിയിരുന്നു. അടിച്ചമർത്തപ്പെടുന്നതിനെതിരെ ഉയരാനുള്ള സ്വാതന്ത്ര്യചിന്തയും, വിലകൂടിയ വസ്ത്രങ്ങളുടെ അഭാവം ഖാദിയുടെ വൈരാഗ്യനിഷ്ഠമായ വേഷവിധാനത്താൽ മറയ്ക്കപ്പെടാൻ കഴിയുമെന്ന വിചാരവും ഇതിനു പിന്നിലുണ്ട്. ഗ്ലാസുകൾ നിറയുകയും ഒഴിയുകയും ചെയ്യുന്നതിനിടയിൽ, തങ്ങൾ വിചാരങ്ങളിൽ ഒരളവുവരെ സമാനഗതിക്കാരാണെന്ന് മഹിപാലിനും രൂപരത്തനും വിശ്വാസമായി. അവരുടെ സമ്പർക്കവും സമാഗമവും അനുദിനം വർധിച്ചുവന്നു. ഒരു ദിവസം ഒരു പത്രം തുടങ്ങുന്ന കാര്യം രൂപരത്തൻ പറഞ്ഞു. മഹിപാലിന് സന്തോഷമായി. രൂപരത്തന്റെ പിതാവിന്റെ പക്കൽ ആരോ പണയം വച്ച ഒരു പ്രസ്സ് ഉണ്ടായിരുന്നു. മകൻ അച്ഛന്റെ കൈയിൽനിന്ന് ആ കടം എറ്റുവാങ്ങി. പിന്നെ മകൻ കേസു നടത്തി പ്രസ്സ് സ്വന്തമാക്കുകയും ചെയ്തു.

'നവചേതന' വാരിക തീ പറപ്പിക്കാൻ തുടങ്ങി. മഹിപാലിന്റെ പത്രാധിപത്യകാലത്ത് മൂന്നു പ്രാവശ്യം അതിന്റെ ജാമ്യത്തുക കണ്ടുകെട്ടി. തുക കണ്ടുകെട്ടിയ അവസരങ്ങളിലൊക്കെ 'നവചേതന'യുടെ പ്രചാരം കൂടുകയാണുണ്ടായത്. ഒടുവിൽ പ്രസാധനത്തിന് കോട്ടം തട്ടാത്ത വിധത്തിൽ തീപ്പൊരിപാറിക്കണമെന്ന് രൂപരത്തൻ മഹിപാലിനെ പറഞ്ഞു സമ്മതിപ്പിച്ചു. ചുടുരക്തമൊഴുകുന്ന യുവസാഹിത്യകാരന്മാരുടെ താവളമായിമാറി, നവചേതനയുടെ കാര്യാലയം. ക്രമേണ നവചേതന പുസ്തകപ്രസാധനാലയവും ആരംഭിച്ചു.

ഈ സ്ഥാപനം സോഷ്യലിസ്റ്റ് പ്രസ്ഥാനമാണെന്ന് രൂപരത്തൻ പ്രഖ്യാപനം ചെയ്തിരുന്നു. തന്റെ സ്വന്തലാഭത്തിനല്ല, മറിച്ച് എഴുത്തുകാരുടെയും കവികളുടെയും, പ്രസ്സ് ജീവനക്കാരുടെയും സാമ്പത്തികസഹായത്തിനും സോഷ്യലിസ്റ്റ് ചിന്താഗതിയുടെ പ്രചാരണത്തിനും വേണ്ടിയാണ് താനിത് സ്ഥാപിച്ചതെന്ന് അയാൾ ഇടയ്ക്കിടെ പറയാറുണ്ട്. അങ്ങനെ സോഷ്യലിസത്തിന്റെ പേരിൽ സസന്തോഷം ത്യാഗം ചെയ്യാനും തപസ്സനുഷ്ഠിക്കാനും അയാൾ എല്ലാവരെയും പ്രേരിപ്പിച്ചു.

സുഖകരമായ ദിവസങ്ങളായിരുന്നു മഹിപാലിന്റേത്. മാസം അഞ്ഞൂറു രൂപ ശമ്പളം. അതിൽ ത്യാഗത്തിന്റെ പേരിൽ മുന്നൂറു രൂപ വെട്ടിക്കുറച്ചിരുന്നു. രൂപരത്തന്റെ പഞ്ചാരവാക്കിന്റെ പൊള്ളത്തരം പാവം മഹിപാൽ മനസ്സിലാക്കിയിരുന്നില്ല. മഹിപാൽ ത്യാഗം ചെയ്യുന്നതു കാരണം കമ്പോസിറ്റർമാർക്കും ഇതര ജോലിക്കാർക്കും 'സ്വന്തം സ്ഥാപന'ത്തിനായി ത്യാഗങ്ങൾ അനുഷ്ഠിക്കേണ്ടി വന്നു. ആയിടയും മഹിപാലിന്റെ പ്രശസ്തി വർധിച്ചു. വായിക്കാനും എഴുതാനും ഓരോ ഇടങ്ങൾ ചുറ്റിക്കറങ്ങി തൊഴിലാളി കോളണികളും മറ്റും സന്ദർശിച്ചു പാവപ്പെട്ടവരുടെ കഷ്ടതകളെക്കുറിച്ചു വിവരം ശേഖരിക്കാനും മറ്റും അയാൾക്ക് കഴിഞ്ഞു. സർക്കാരിന്റെ അന്യായങ്ങളും അതിനൊപ്പം പണക്കാരുടെ കള്ളത്തരങ്ങളും വെളിച്ചത്താക്കുന്നതിൽ അയാളുടെ തൂലിക തീക്ഷ്ണമായി ചലിച്ചു. രൂപരത്തൻ തന്നെ പല കുബേരന്മാരുടെയും കള്ളി വെളിച്ചത്താക്കാനുള്ള വിവരങ്ങൾ നൽകി. ഇത് അവരെ തന്റെ സ്വാധീനത്തിൽ കൊണ്ടുവരാൻ അയാൾ എഴുതിക്കുന്നതാണെന്ന സത്യം പാവം മഹിപാൽ അറിഞ്ഞില്ല.

ജയ്പാലിനെ ഇന്റർമീഡിയറ്റ് ജയിച്ചശേഷം ഡോക്ടർ പരീക്ഷയ്ക്ക് പഠിക്കാൻ ചേർത്തു. പത്നിയുമായി ബുദ്ധിപരമായ യോജിപ്പില്ലാത്തതിനാൽ അക്കാലത്തെല്ലാം മഹിപാലിന്റെ കുടുംബജീവിതം അസ്വസ്ഥമായ ഒന്നായിരുന്നു. എങ്കിലും അയാൾ ചാരിത്രഹീനനായില്ല. രൂപരത്തന്റെ മദിരാ-മദിരാക്ഷി സമ്മേളനങ്ങളിൽ മദിരയിൽ മാത്രം പങ്കുകൊണ്ട് അയാൾ കഴിഞ്ഞു.

36-ലെ തെരഞ്ഞെടുപ്പിൽ 'നവചേതന' വളരെ പ്രയോജനപ്പെട്ടു. രൂപരത്തൻ കോൺഗ്രസ് ടിക്കറ്റിൽ എം.എൽ.എ. ആയി. പാർലിമെന്ററി സെക്രട്ടറിയായും നിയമിതനായി. അപ്പോൾ പത്രത്തിന്റെ രീതിയും മട്ടും മാറ്റാനയാൾ ആഗ്രഹിച്ചു. ആഫീസിലെ ചെറിയചെറിയ കാര്യങ്ങളിൽ പോലും അയാൾ തന്റെ സ്വാധീനം ചെലുത്താനാരംഭിച്ചു. ത്യാഗത്തിന്റെ പേരിൽ കഴിഞ്ഞ രണ്ടു വർഷമായി പ്രസ്സിൽ ആർക്കും യാതൊരു ശമ്പളവർധനയും കയറ്റവും നൽകിയിരുന്നില്ല. കാലം മാറിയത് മനസ്സിലാക്കിയ ജീവനക്കാർ രൂപരത്തന്റെ സോഷ്യലിസ്റ്റ് വാദത്തിന്റെയും ത്യാഗത്തിന്റെയും കള്ളി മനസ്സിലാക്കിയിരുന്നു. എന്നാൽ മഹിപാലിന്റെ സദ്സ്വഭാവവും സത്യസന്ധതയും കാരണവും അദ്ദേഹം ആശ്വാസം നൽകിയിരുന്നതിനാലും അവർ ഇത്രയുംനാൾ എല്ലാം സഹിച്ചു പോന്നു. പക്ഷേ ഇനിയും അടങ്ങിയിരിക്കാനാവാതായി. അവർ ഉയർന്നെണീറ്റു. ഇപ്പോൾ എല്ലാവർക്കും ശമ്പളവർധന നല്കണമെന്ന് മഹിപാലും വാദിച്ചു. ഇത്തവണ തന്റെ മധുരവചനങ്ങൾ ഉപേക്ഷിച്ച് "സാധ്യമല്ല" എന്ന് വ്യക്തമായി തന്നെ രൂപരത്തൻ പറഞ്ഞു.

മഹിപാൽ ആകാശത്തുനിന്ന് ഭൂമിയിലേക്ക് വീണു. അയാൾ രാജിവച്ചു. വ്യക്തിപരമായി മഹിപാലുമായി ബന്ധം നിലനിർത്തിപ്പോകാൻ രൂപരത്തനാ

ഗ്രഹമുണ്ട്. അയാൾ അപേക്ഷിച്ചു, പ്രലോഭിപ്പിച്ചു. ജീവനക്കാരുടെ ന്യായമായ അവകാശവാദങ്ങൾ ഉപേക്ഷിച്ചിട്ടു സ്വാർഥതാൽപര്യങ്ങൾ നേടാൻ മഹിപാൽ വിസമ്മതിച്ചു. തൊഴിലാളികൾ പണിമുടക്കി. ബഹളമായി. പോലീസിന്റെ സഹായത്താൽ രൂപരത്തൻ അവരെ അടക്കി. പലരും തടവിലായി. മഹിപാലിനെ അറസ്റ്റ് ചെയ്തില്ല. കുഴപ്പങ്ങൾ അവസാനിച്ചതോടെ രൂപരത്തൻ മഹിപാലുമായുള്ള വ്യക്തിബന്ധവും അവസാനിപ്പിച്ചു.

ഇത്രയേറെയാളുകളുടെ മേലാവും, അനേകം എഴുത്തകാരുടെ ആശ്രയദാതാവും ഒക്കെയായിരുന്ന മഹിപാൽ ഇപ്പോൾ ആരുമാരുമല്ലാതായി. അതയാളെ വേദനിപ്പിച്ചു. 'നവചേതന' പബ്ലിക്കേഷൻസിൽ അച്ചടിച്ച അയാളുടെ പുസ്തകങ്ങളിൽനിന്ന് അയാളേക്കാളേറെ ലാഭം നേടിയിരുന്നത് രൂപരത്തനായിരുന്നു.

കടുത്ത ആദർശനിഷ്ഠയുള്ളവനായിരുന്നതിനാൽ ഒരു പണമിട സ്വർണം പോലും സ്ത്രീധനം വാങ്ങാതെ തന്റെ അനിയന്റെ വിവാഹം സുന്ദരിയും സുശീലയുമായ ഒരു കന്യകയുമായി നടത്തിച്ചു. എം.ബി.ബി.എസ് കഴിഞ്ഞു. ഇംഗ്ലണ്ടിൽ പോയി പഠിയ്ക്കാൻ അനുജനെ അയാൾ നിരന്തരം പ്രേരിപ്പിച്ചിരുന്നു. പക്ഷേ ജയ്പാലിനു പോകാനുള്ള സമയമായപ്പോഴേക്കും മഹിപാൽ നിരാശ്രയനായിക്കഴിഞ്ഞിരുന്നു. എന്നിട്ടും അയാൾ തോറ്റില്ല. ഭാര്യയുടെ എല്ലാ ആഭരണങ്ങളും വിറ്റ് അനിയനെ ഇംഗ്ലണ്ടിലയച്ചു. ആയിടയ്ക്ക് ദുർഭാഗ്യവശാൽ, അയാളുടെ മൂത്തസഹോദരിയും അവരുടെ ഭർത്താവും മരിച്ചു. നിരാധാരരായിത്തീർന്ന അനന്തരവൾ ശകുന്തള മഹിപാലിന്റെയടുക്കൽ താമസിക്കാനെത്തി.

ഭാര്യ, കുഞ്ഞുങ്ങൾ, അനന്തരവൾ, അനിയന്റെ ഭാര്യയും കൈക്കുഞ്ഞും എല്ലാം അടങ്ങുന്ന വലിയ ഒരു കുടുംബത്തിന്റെ സംരക്ഷണഭാരം മഹിപാലിന്റെ ചുമലിലായി. ശരീരംനോക്കാതെ പ്രാണൻ കളഞ്ഞ് അയാൾ പണിയെടുത്തു. എന്നിട്ടും നൂറ്റിയമ്പതു, നൂറ്റിഎഴുപത്തഞ്ചു രൂപയിൽ കൂടുതൽ മാസാമാസം ഉണ്ടാക്കാൻ അയാൾക്ക് കഴിഞ്ഞില്ല.

രണ്ടാംലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. തൊഴിലില്ലാത്ത പലർക്കും യുദ്ധം പണമുണ്ടാക്കാനുള്ള അവസരമായിമാറി. ക്ഷാമം കാരണം കടക്കാർ കരിഞ്ചന്ത വഴി സ്വന്തം സമ്പാദ്യം വർധിപ്പിക്കാൻ തുടങ്ങി. മഹിപാലിനെ സംബന്ധിച്ചിടത്തോളം പ്രാണനപഹരിക്കുന്ന ഒന്നായിമാറി ഈ യുദ്ധം – സാമ്പത്തികമായ കഷ്ടത ഒരുവശത്ത്. അനിയൻ ഇംഗ്ലണ്ടിലാണെന്ന ചിന്ത മറുവശത്ത്. അയാൾ സദാ പിടഞ്ഞുകഴിഞ്ഞു. 41–ൽ ജയ്പാൽ എങ്ങനെയോ മടങ്ങി എത്തി, ഡിഗ്രിയുമെടുത്തുകൊണ്ടുതന്നെ. അനിയൻ തിരിച്ചെത്തിയപ്പോൾ മഹിപാലിന്റെ ജീവൻ നേരെ വീണു. അനിയനെ ഒരിടത്തുറപ്പിക്കാനായി നാണം കെട്ട് അയാൾ രൂപരത്തനെ ചെന്നുകണ്ടു. അയാളുടെ സ്വാധീനംകൊണ്ട് മെഡിക്കൽകോളേജിൽ ജോലിയും കിട്ടി. ഇനി ഭാവി ശോഭനമാകുമെന്ന് മഹിപാൽ മോഹിച്ചു. പക്ഷേ ക്ഷണികമായിരുന്നു ആ മോഹവും സന്തോഷവും. അനുജഭാര്യയും ചേട്ടത്തിയും തമ്മിൽ നിരപ്പില്ലായിരുന്നു. ജയ്പാലും ആള് മാറിയ മട്ടിലാണ്.

42–ലെ വിപ്ലവത്തിൽ മഹിപാൽ ജയിലിലടയ്ക്കപ്പെട്ട സമയത്ത് ജയ്പാൽ തന്റെ ചേട്ടന്റെ കുടുംബത്തെ നിരാധാരമായി വിട്ടിട്ട് മാറിത്താമസിച്ചു. രണ്ടു വർഷം കഴിഞ്ഞു അത്യന്തം രോഗബാധിതനായി മഹിപാൽ ജയിൽമോചിതനായിവന്നപ്പോൾ തന്റെ സകലപ്രതീക്ഷകളും ആശ്രയവും കടലാസുകോട്ട കണക്കെ

തകർന്നു കിടക്കുന്നതാണ് കണ്ടത്. പണത്തിന്റെ പ്രഭാവത്തിൽ ലോകമാകെ തകിടം മറിഞ്ഞ് വളരെയെറെ മുന്നേറിയിരിക്കുന്നു. എല്ലും തോലുമായി അയ ലത്തു താമസിച്ചിരുന്ന ഒരു യുവാവ് റേഷനിംഗ് ആഫീസറായി തടിച്ചുകൊ ഴുത്ത് മോടിയിൽ കഴിയുന്നു. അയാളുടെ വീട്ടിൽ നാലുചുറ്റും പ്രതാപത്തിന്റെ പ്രഭാപ്രസരംതന്നെ. ഇവിടെ തന്റെ വീട് നാലുപാടും ചിതറിക്കിടക്കുന്നു. സ്വന്തം അനുജൻ കാറും ബംഗ്ലാവുമെല്ലാമായി പ്രതാപത്തിൽ കഴിയുകയായിരുന്നു. ജയിൽമോചിതനായി വന്നശേഷം ഒരിക്കൽ ജ്യേഷ്ഠനെ കാണാൻ ജയ്പാൽ വന്നു. പിന്നെ തിരിഞ്ഞുനോക്കിയില്ല. അന്യരാരെങ്കിലും ചോദിക്കുമ്പോൾ അയാൾ പറയും 'ചേട്ടൻ എനിക്കുവേണ്ടി എന്തുചെയ്തു? എന്റെ വിവാഹം സ്ത്രീധനം വാങ്ങിക്കൊണ്ട് നടത്തിയിരുന്നെങ്കിൽ ഇംഗ്ലണ്ടിൽ പോയി പഠിക്കാൻ ആ കാശു പോരായിരുന്നോ? ആദർശത്തിന്റെ പേരിൽ ഈ മടത്തരം കാണിക്കു ന്നതിന് ഞാനെന്തുവേണം...'

സ്നേഹിതനായ രൂപരത്തനും, പിന്നെ കൂടപ്പിറപ്പും നൽകിയ ഈ ആഘാ തങ്ങൾ മഹിപാലിനെ തളർത്തി. യുദ്ധകാലത്തും പിന്നെ ഇതുവരെയും കഷ്ട പ്പാടുകളിലൂടെയും ദുരിതങ്ങൾ അനുഭവിച്ചും കഴിഞ്ഞുപോന്ന മഹിപാലിന്റെ ഹൃദയം അസ്വസ്ഥമായിത്തീർന്നിരുന്നു. കർണൽ, സജ്ജൻ തുടങ്ങിയ ആത്മാർഥ സുഹൃത്തുക്കളിൽ നിന്നുപോലും യാതൊരു സഹായവും വാങ്ങാനാഗ്രഹിക്കാ ത്തത്ര സ്വാഭിമാനിയായിരുന്നു അയാൾ. ഡോക്ടർ ഷീലാസിംഗിനോടയാൾ ഒപ്പ മെന്നമട്ടിലാണ് സ്നേഹം പുലർത്തിയിരുന്നത്. കർണലും സജ്ജനും ഷീലയും അയാളുടെ ഹൃദയവികാരം മനസ്സിലാക്കി അയാളുടെ സ്വാഭിമാനത്തിനു കോട്ടം തട്ടാത്ത വിധത്തിലാണ് സദാ പ്രവർത്തിച്ചിരുന്നത്.

അങ്ങനെയുള്ള ഒരാളിനെ നിറഞ്ഞ ഒരു സദസ്സിൽ വച്ച് പണക്കാരൻ സേട്ടി നെയും പണക്കാരിയായ സ്ത്രീയെയും പറ്റിച്ച് ജീവിക്കുന്നവനെന്നാക്ഷേപിച്ചാൽ അയാളുടെ ഹൃദയത്തിൽ ഉണ്ടാവുന്ന വേദന പറഞ്ഞറിയിക്കണോ? ഈ നിന്ദയും ദൂഷണവും മഹിപാലിനെ ആകെ ഭ്രാന്തനാക്കി മാറ്റിയിരുന്നു.

തെരുവിലൂടെ നടന്നു പോകുമ്പോൾ സജ്ജനും മഹിപാലും കുറേ നേര ത്തേക്ക് ഒന്നും മിണ്ടിയില്ല. മഹിപാലിന്റെ ദുഃഖപൂർണമായ മുഖം കണ്ടിട്ട് സജ്ജൻ ചോദിച്ചു: "പറയൂ ഇഷ്ടാ എന്താകാര്യം? ഇന്ന് നിങ്ങൾ പതിവിലും ഏറെ അപ്സെറ്റാണല്ലോ. എന്റെ കൈയിൽനിന്ന് നിങ്ങൾ യാതൊരു സഹാ യവും സ്വീകരിക്കുകയില്ല എന്നെനിക്കറിയാം. എന്നാലും എന്താ വീട്ടിൽ പൈസ യുടെ വിഷമം വല്ലതുമാണോ കാര്യം?"

സജ്ജന്റെ ചുമലിൽ കൈവച്ചിട്ട് അങ്ങോട്ടുനോക്കാതെ തലകുനിച്ചു നട ന്നുകൊണ്ടയാൾ പറഞ്ഞു: "സമയം വരുമ്പോൾ നിങ്ങളിൽ നിന്നല്ലാതെ മറ്റാ രിൽനിന്ന് സഹായം തേടാൻ? എനിക്ക് വേറെ ആരാണുള്ളത്?" പറഞ്ഞു നിർത്തി അയാൾ മൂകനായി. സജ്ജന്റെ ചുമലിൽ വച്ച കൈ എടുത്തു മാറ്റാതെതന്നെ അവർ മുന്നോട്ടു നടന്നു. തെരുവിലെ കടകളിൽ ബഹളം തുടങ്ങിക്കഴിഞ്ഞി രുന്നു. പലവിധത്തിലുള്ള ചർച്ചകളും അങ്ങിങ്ങ് നടക്കുന്നുണ്ട്. ഒരിടത്തു തെര ഞ്ഞെടുപ്പിന്റെ പേരിൽ ജാതി-മത-ധർമങ്ങളെക്കുറിച്ചു ചൂടേറിയ വാഗ്വാദം. മഹി പാൽ പെട്ടെന്നു ചൊടിച്ചു സജ്ജനോടായി പറഞ്ഞു "ഒരു ദിവസത്തേക്ക് എന്റെ കൈയിൽ ഭരണം കിട്ടിയാൽ, ഈ മതത്തിന്റെ പേരിൽ വാദിക്കുന്നവനെയെല്ലാം

ഞാൻ നാൽക്കവലയിൽ കെട്ടിയിട്ട് ചെരുപ്പുകൊണ്ടടിപ്പിക്കും. വഞ്ചകർ, കപട വേഷധാരികൾ." സജ്ജൻ ചിരിച്ചിട്ടു ചോദിച്ചു "ആയിരിക്കാം, അവരോടു പോകാൻ പറ. പക്ഷേ, ഈ മതവാദികൾ നിങ്ങളെ എന്തു ദ്രോഹിച്ചു?"

"എന്നെ മാത്രമല്ല; മനുഷ്യത്വത്തെ ഒന്നാകെയാണവർ ആക്രമിക്കുന്നത്. അന്ധവിശ്വാസത്തിലധിഷ്ഠിതമായ ചില സിദ്ധാന്തങ്ങളുടെ പേരിൽ ഇവർ സംസ്കാരചിന്തയുടെ കഴുത്ത് ഞെരിക്കുകയാണ്. ഇവരുടെ ഈ മതാന്ധത ജീവിതത്തെയാകെ മനുഷ്യത്വഹീനമായാണ് കാണുന്നത്."

"കല്യാണത്തിന് ആരോ മനുഷ്യത്വഹീനമായി പെരുമാറിയതു നിങ്ങൾ കണ്ടിരിക്കണം. ചെറുക്കന്റെ വീട്ടുകാരുടെ - അതായത് നിങ്ങളുടെ ശ്വശുരന്റെ - ഭാഗത്തുനിന്നായിരിക്കണം അതുണ്ടായത് സജ്ജൻ പറഞ്ഞു.

സജ്ജന്റെ വാക്കുകൾ ശരിവച്ചെന്നോണം ഒന്നുരണ്ടടിമിണ്ടാതെ നടന്നശേഷം മഹിപാൽ പറഞ്ഞു "പറയുന്നത് ഈ ബ്രാഹ്മണർ നാടിന്റെ ബൗദ്ധികനേതാക്കളെന്നാണ്. പക്ഷേ ഇവരേക്കാളും ക്രൂരരും പാപികളും അഹംഭാവികളും മൂഢരുമായി കാട്ടുജാതിക്കാർ പോലും കാണില്ല. എന്നെ-അവന്റെ തന്തയെ-പഴി പറയുകയാണ്. ഞാൻ ഷീലയുടെ പണമാണുതിന്നുന്നതെന്ന്. രൂപരത്തനെ കബളിപ്പിച്ചുവെന്ന്, പോരെ........"

സജ്ജൻ ചിരിച്ചിട്ടു ചോദിച്ചു: "എന്താ തിന്നുന്നില്ലേ? അതിൽ കള്ളമൊന്നുമില്ലല്ലോ." തമാശ കേൾക്കാനുള്ള മനോനിലയിലായിരുന്നില്ല മഹിപാൽ. അയാൾ മൂകനായി നടന്നു. അപ്പോൾ റോഡിലല്ലായിരുന്നെങ്കിൽ അയാൾ ഗർജിച്ചേനേ. അസ്വസ്ഥനായി പറഞ്ഞു "സകല വൃത്തികേടുകളുടെയും കേദാരമായ ഈ നാശങ്ങൾ, നീചരിലും നീചരും നിന്ദ്യരുമായ ഇവനൊക്കെ സനാതന ധർമത്തിന്റെ മഹിമ വാഴ്ത്തുന്നു! വഞ്ചകർ.... എന്റെ മേൽ ദോഷാരോപണം നടത്തുന്നു.... പണത്തിൽ മോഹമുള്ളവനായിരുന്നെങ്കിൽ മഹിപാൽ ശുക്ല ഇന്നു ലക്ഷാധിപതിയാകുമായിരുന്നു. അല്ലാതെ എഴുത്തുകാരനല്ല...."

"നിങ്ങൾ വെറുതെ എന്തിനു ക്ഷോഭിക്കുന്നു? ലോകത്തിന്റെ സ്വഭാവം തന്നെ അതാണ്. മുകളിലോട്ടു കയറുന്നവനെ കാലിൽ പിടിച്ച് വലിച്ച് താഴത്തിടുക. ഈ മത്സരത്തിൽ ധൈര്യം വിടരുത്. അവരെ എതിരിട്ട് മുന്നേറാനുള്ള ദൃഢനിശ്ചയമാണ് വേണ്ടത്."

തിളച്ചുമറിഞ്ഞിരുന്ന മഹിപാലിന്റെ ഹൃദയത്തിൽ, സജ്ജന്റെ വാക്കുകൾ തണുത്തവെള്ളം തളിച്ചു. ഒന്നും മിണ്ടാതെ തലയും കുമ്പിട്ടയാൾ മുന്നോട്ടു നടന്നു. പിന്നെ ഒന്നു നിശ്വസിച്ചിട്ട് 'നിരാല'യുടെ വരികൾ ഗൗരവസ്വരത്തിൽ പറഞ്ഞു.

"അന്ധകാരമിതു മറികടക്കണം
സത്യത്തിൻ കവാടം കാണണം
ജീവിതപ്രവാഹത്തിൽ ഒഴുകിയൊഴുകി
എതിർ ധാരകൾ മുറിച്ചു കടക്കണം
സത്യമാർഗത്തിലടിയുറച്ചു നീ
ദേഹമറ്റുവീണാലും നിജലക്ഷ്യസ്ഥാന-
മെത്തണം നിൻഗേഹംപൂകണം."

ജീവിതത്തിൽ തോറ്റു തളർന്ന ഒരു വ്യക്തിക്ക്-മഹിപാലിന്- മഹാകവിയുടെ

ഈ വാക്കുകൾ ഒരു രോഗിക്ക് ഓക്സിജൻ പോലെ ശ്വാസോഛ്വാസത്തിന് സഹായകമായി.

തെരുവിന്റെ അങ്ങേഅറ്റത്ത് വലിയ കമ്പോളത്തിലേക്കുള്ള റോഡിൽ തെരഞ്ഞെടുപ്പ് പ്രചാരണത്തിന്റെ ബഹളം ഉച്ചത്തിൽ കേൾക്കാമായിരുന്നു.

18

കന്യ ഇന്നു വന്നില്ല. അവൾക്ക് താമസിക്കാൻ എവിടെയെങ്കിലും ഇടം കിട്ടിയോ എന്തോ? പോയിനോക്കിയാലോ. അവൾ വിഷമതയിലാണ്. സ്വാഭിമാനിയാണ്. അവളുടെ ആത്മാഭിമാനത്തിന് കോട്ടം വരാതെ അവളെ രക്ഷിക്കുകയാണ് മനുഷ്യത്വം.

കാറുമെടുത്തു കന്യ താമസിച്ചിരുന്ന തെരുവിലേക്ക് പോയി. ഇന്നലെ രാത്രി തന്നെ അവൾ സാമാനങ്ങളും പെറുക്കി ഒരു കാറിൽ കയറിപ്പോയതായി വിവരം കിട്ടി. അജ്ഞാതനായ ആ കാറുകാരനോട് സജ്ജന് അസൂയ തോന്നി. പതുക്കെ തന്റെ ബ്രഹ്മചര്യത്തെക്കുറിച്ചോർമ വന്നു. എനിക്കെന്ത്? പക്ഷേ ബ്രഹ്മചര്യം അനുഷ്ഠിക്കുന്ന സജ്ജന്റെ ഹൃദയം കന്യയുടെ അഭാവത്തിൽ അസ്വസ്ഥമായി.

മടങ്ങി കർണലിന്റെ കടയിലെത്തി. മഹിപാൽ അവിടെ ഇരിപ്പുണ്ട്. സജ്ജൻ-സാലിഗ്രാം ഉടമ്പടിയെക്കുറിച്ച് മഹിപാൽ കർണലിനോടു പറഞ്ഞു. കർണലും സജ്ജനോട് ദേഷ്യത്തിലാണ്. വന്നുകയറിയ ഉടനെ അയാൾ സജ്ജനോട് തട്ടിക്കയറി.

"നിങ്ങളിതാരോടു ചോദിച്ചിട്ട് സമ്മതിച്ചു. ഞാനിതുവരെ ചെയ്തതെല്ലാം നിങ്ങൾ തകർത്തില്ലേ?"

കർണലിന്റെ ചോദ്യം കേട്ടപ്പോൾ താൻ തെറ്റാണോ ചെയ്തതെന്ന് സജ്ജനും സംശയമായി. എങ്കിലും ചെയ്തു പോയില്ലേ? അപ്പോൾ അതിൽ ഉറച്ചുനിന്നേ പറ്റു. അതുമല്ല മഹിപാലിന്റെ മുമ്പിൽ വച്ച് സ്വന്തം തെറ്റു സമ്മതിക്കാൻ അയാൾ തയ്യാറല്ല. മുഖത്ത് ഗൗരവം വരുത്തി ശബ്ദം പരുക്കനാക്കി അയാൾ പറഞ്ഞു, "നിങ്ങളും അതിൽ ചേരുന്നില്ലെങ്കിൽ വേണ്ട. ഞാൻ നല്ലവണ്ണം ആലോചിച്ച് ശരിയെന്നു തോന്നിയിട്ടാണതു ചെയ്തത്."

"ശരി, മണ്ണാങ്കട്ടയാണ്" കർണൽ പറഞ്ഞു "ചോദിക്കട്ടെ നിങ്ങൾ എന്തു കറക്കത്തിലാണ് പെട്ടത്? രാവിലെ ജാനകീസരണും സാലിഗ്രാമും വീട്ടിൽ വന്നതുകൊണ്ട് വീണുപോയതാണോ? ബിന്നോയുടെ കേസ് നടക്കുകയാണെന്ന കാര്യം തലയിൽ കയറിയില്ലേ? നിങ്ങളുടെ ഈ പ്രവൃത്തി അതിനെ വിപരീതമായി ബാധിക്കുമെന്നറിയാമല്ലോ?"

"ബിന്നോ" എന്ന വാക്ക് കേട്ട് സജ്ജൻ ഒന്ന് ഞെട്ടി. പിന്നെ കേസിന്റെ കാര്യംകൂടി വന്നപ്പോൾ കർണൽ കന്യയ്ക്കു കൊടുത്ത പുതിയ പേരായിരിക്കുമെന്ന് മനസ്സിലായി. കന്യയോട് കർണൽ ഈ വാത്സല്യം കാട്ടുന്നതിൽ അല്പം ഈർഷ്യതോന്നി. 'കന്യ എവിടെ?' ആലോചന പുതുരൂപംകൊണ്ടു. സ്വയം കുറ്റപ്പെടുത്തി, സ്വയം ചെയ്ത തെറ്റിൽ പശ്ചാത്തപിച്ചു. കാലത്തേ അതു സമ്മതി

ക്കുമ്പോൾ കന്യയെക്കുറിച്ചോർത്തിരുന്നു. എന്നിട്ടും താൻ സമ്മതിച്ചു. കന്യയെക്കുറിച്ചുള്ള ചിന്ത മനസ്സിനെ ഭ്രാന്തമാക്കി—എന്തുകൊണ്ട്? ബ്രഹ്മചര്യം—ബ്രഹ്മചര്യം—മനസ്സിലീസംഭവിക്കുന്നത് ഭ്രാന്താണോ? പെട്ടെന്ന് മനസ്സിന്റെ സമനില തെറ്റിയതിനെന്തു കാരണം? കാരണം മനസ്സിലാകുന്നില്ല. പൊട്ടിയ പഞ്ഞിക്കായപോലെ ബുദ്ധി ചിതറുകയാണ്. ഏതിലെങ്കിലും ഏകാഗ്രമാക്കാൻ ശ്രമിക്കുംതോറും അത് ധൂമാവൃതമായി മാറുന്നു. ദേഷ്യം വന്നു. കർണലിന് മറുപടി നൽകി "ഞാൻ എല്ലാം നല്ലവണ്ണം ആലോചിച്ചു, ശത്രുവിനുപോലും കൈകൊടുക്കാൻ തുനിയുന്നവനാണ് മനുഷ്യധർമമുള്ളവൻ; ദാറ്റ്സ് അവർ ഇന്ത്യൻ കൾച്ചർ. നാം കേസുവാദിക്കുന്നതിനിടയിലും ഈ പ്രദർശനത്തിൽ പങ്കുകൊള്ളും. നിങ്ങളെല്ലാം ഇടുങ്ങിയ മനസ്സുവച്ചാണ് നോക്കുന്നത്. അങ്ങിനെചെയ്യാൻ ഒരു കലാകാരന് കഴിയില്ല" സ്വന്തം വാക്കുകളിൽ സജ്ജന് സംതൃപ്തി തോന്നി.

"ബ്രേവോ, എന്റെ സഹവാസം നിന്നെ ശരിക്കും സ്വാധീനിച്ചിട്ടുണ്ട്." മഹിപാൽ മുഖത്ത് ഗുരുത്വം വരുത്തിക്കൊണ്ട് പറഞ്ഞു "ഈ വാക്കുകളോടൊപ്പം സ്വരത്തിൽ നിന്റെ ഹൃദയം കൂടി ഉൾപ്പെടുത്തിയിരുന്നെങ്കിൽ, സജ്ജൻ, സത്യം പറയുകയാണ് നിന്റെ പാദങ്ങളിൽ ഞാൻ ശിരസ്സുനമിച്ചേനേ."

സജ്ജൻ ലജ്ജയും കോപവും കൊണ്ട് വിറച്ചു. മനസ്സിലെ ഈർഷ്യയും കോപവും നിരാശയും വിദ്വേഷവും എല്ലാം ഒന്നിച്ചു മുഖത്തു ഇരച്ചു കയറി.

അപ്പോഴാണ്, മുൻവശത്ത് കതകിനെ മറച്ചിരുന്ന തട്ടിയിലൂടെ മുകളിൽ നിന്ന് വനകന്യ ഇറങ്ങിവരുന്നത് കണ്ടത്.

കതകിനു പിന്നിലുള്ള കർണലിന്റെ പ്രൈവറ്റ് ഓഫീസിലാണ് അവൾ ഇരുന്നിരുന്നത്. സജ്ജൻ ചാരുകസേരയിൽ നിന്നെഴുന്നേറ്റു കതകിനടുത്തെത്തി. തട്ടി പൊക്കിയിട്ട് കന്യയോടു ചോദിച്ചു.

"നിങ്ങൾ ഇവിടെ? ഞാൻ അവിടെ പോയിനോക്കി...."

കന്യ പുഞ്ചിരിച്ചു. മറുപടി ഒന്നും പറഞ്ഞില്ല. തട്ടി പൊക്കിയിട്ട് അകത്തേക്ക് വന്നു. സജ്ജൻ വഴിമാറിനിന്നിട്ട് അകത്തേക്ക് പോന്നു. കന്യയെ കണ്ട മഹിപാൽ എഴുന്നേറ്റു നിന്ന് കൈകൂപ്പി. കർണൽ ഇരുന്നയിടത്തു തന്നെ ഇരുന്നു ചിരിച്ചിട്ടു പറഞ്ഞു

"നിന്നെ ഇവിടെക്കണ്ട ഈ ആർട്ടിസ്റ്റദ്ദേഹം അമ്പരന്നിരിക്കയാണ്. ഇന്ന് വലിയൊരു കാര്യം സാധിച്ചിട്ടു വരികയാണ് മഹാൻ. പോരാത്തതിന് ഞങ്ങളുടെ മുമ്പിൽ വന്നുനിന്നു പ്രസംഗിക്കുകയും."

സജ്ജന്റെ മുഖം വീണ്ടും പരവശമായി. പക്ഷേ ഇത്തവണ അൽപം നിയന്ത്രണത്തോടെയായിരുന്നു.

കോണിൽ നിന്നും കസേര വലിച്ചിട്ട് അതിലിരുന്നു കൊണ്ട് കന്യ സജ്ജനോടു പറഞ്ഞു

"കർണൽ ചേട്ടൻ എനിക്ക് താമസിക്കാൻ മുകളിൽ സ്ഥലം തന്നിരിക്കുകയാണ്. ഇന്നലെ എന്റെ കൂടെവന്നു. ഉടൻതന്നെ സാധനവും പെറുക്കി വരാൻ നിർബന്ധിച്ചു."

കർണൽ ചിരിച്ചിട്ട് മഹിപാലിനോട് പറഞ്ഞു

"ആദ്യം കുറെ കമ്യൂണിസം വിളമ്പി. അങ്ങനെയല്ല ഇങ്ങനെയല്ല എന്നൊക്കെ.

ഞാൻ പറഞ്ഞു തർക്കമൊക്കെ പിന്നെ. ആദ്യം സാധനങ്ങളുമെടുത്ത് വരൂ. ജ്യേഷ്ഠനായി അംഗീകരിച്ചപ്പോൾപിന്നെ ഞാൻ പറയുന്നത് അനുസരിക്കണം. ഒന്നു പറ. അങ്ങനെയുള്ള ഒരിടത്ത് പറയനും കുറവനും കഴിയുന്നതിനിടയിൽ എങ്ങനെ കഴിയാൻ? അച്ഛനും ആ നീചൻ സാലിഗ്രാമും തുനിഞ്ഞിറങ്ങിയിരിക്കുകയാണ്. ഒന്നും നടന്നില്ലെങ്കിലും പണം കൊടുത്ത് അൽപം ശല്യമുണ്ടാക്കാനെങ്കിലും കഴിയില്ലേ? പിന്നെ ജീവിച്ചിരിക്കാനൊക്കുമോ പെണ്ണിന്?"

"നിങ്ങൾ ചെയ്തത് ശരിയാണ്. പിന്നെ മുകളിലത്തെ മുറി ഒഴിഞ്ഞുകിടക്കുകയായിരുന്നില്ലേ?"

"കുറെ വീഞ്ഞപ്പെട്ടിയും മറ്റതും മറിച്ചതുമൊക്കെ കിടന്നിരുന്നു. അതെല്ലാം ഇന്നു രാവിലെ എടുത്തുമാറ്റി പുറകിലുള്ള ആശുപത്രിയിലാക്കി. ഇപ്പഴിവിടെ ഇവർക്കു വേണ്ടത്ര സ്ഥലം. മുകളിൽ ഒരുമുറി. ഒരടുക്കള. പൈപ്പ്. കുളിമുറി. എല്ലാമുണ്ട്."

കന്യ കർണലിന്റെ ആശ്രയത്തിൽ താമസിക്കുന്നതിനെ നിരാകരിക്കാത്തതിൽ സജ്ജന് അത്ഭുതം തോന്നി. അവൾ സജ്ജന്റെ നിർദേശം അനുസരിച്ചില്ല. എന്തുകൊണ്ട്? സജ്ജന്റെ ഏതെങ്കിലും വീട്ടിൽ താമസിക്കുന്നതിൽ ലോകം അവളെ ദുഷിക്കുമെങ്കിൽ കർണലിനോടൊത്തു താമസിച്ചാൽ വിട്ടുകളയുമോ? അപ്പോൾ കന്യയ്ക്കു തന്നെക്കുറിച്ച് ഈ അവിശ്വാസമെന്ത്? കൊടുങ്കാറ്റിൽപ്പെട്ട നേരിയ വസ്ത്രം കണക്കെ സജ്ജന്റെ ഹൃദയം പടപടാ അടിച്ചു. സാലിഗ്രാമിനോട് താൻ ചെയ്ത വാഗ്ദാനത്തിന്റെ കാര്യം ഇപ്പോഴവിടെ പറയുമെന്ന് സജ്ജൻ ഭയന്നു. ആ നിമിഷം നേരിടാൻ ഒരു വിഷമം. അയാൾക്കു തന്നോടും കർണൽ, മഹിപാൽ കന്യ, സാലിഗ്രാം, ജാനകീസരൺ എല്ലാവരോടും കോപം തോന്നി.

അവിടെനിന്നെണീറ്റു ഓടിയാലോ? പക്ഷേ കാലിനും ശരീരത്തിനൊട്ടാകെയും അതിനുള്ള ശക്തിയില്ലാത്തതുപോലെ. അയാൾ തളർന്ന് ചാരുകസേരയിൽ ചാരിയിരുന്നു.

കർണൽ കന്യയോടു ചോദിച്ചു:

"ബിന്നോ പുറത്തെവിടെയെങ്കിലും പോവുകയാണോ?"

"അതെ. ഉടനെ മടങ്ങി വരാം."

"എപ്പോൾ വേണമെങ്കിലും വന്നോളൂ. ഞാൻ കാവൽക്കാരനോടു പറഞ്ഞിട്ടുണ്ട്. ഇവിടെ കതകിൽ ഒരു പൂട്ടിടീക്കാം. വരുമ്പോൾ അവനെ വിളിച്ചുണർത്തിയാൽ മതി. കതക് തുറന്നു തരും."

കന്യ ചിരിച്ചു. "എനിക്ക് സെക്കൻഡ് ഷോ കാണുന്ന ശീലമൊന്നുമില്ല ചേട്ടാ."

മഹിപാൽ ആദ്യമായി 'നീ' എന്ന ശബ്ദം ചേർത്ത്, ചിരിച്ചുകൊണ്ട് അവളോടു പറഞ്ഞു.

"നീ കാര്യം മനസ്സിലാക്കിയില്ലേ കന്യേ? ഈ കർണൽ എല്ലാ കാര്യവും പോളിസി വച്ചാണ് സംസാരിക്കുന്നത്. കമ്യൂണിസ്റ്റ് പെണ്ണുങ്ങൾ രാത്രിയിൽ അരിവാളും ചുറ്റികയും ഏന്തി നടക്കുമെന്നാണ് ഇയാളുടെ വിചാരം."

കന്യ പൊട്ടിച്ചിരിച്ചു. കർണലും ഒപ്പം ചിരിച്ചിട്ടു പറഞ്ഞു "ഈ സാഹിത്യകാരന്മാരും കലാകാരന്മാരും പറയുന്നതൊന്നും വിശ്വസിക്കല്ലേ ബിന്നോ. ഇവരെപ്പോഴും മടത്തരം പറഞ്ഞാണ് പേരു സമ്പാദിക്കുന്നത്."

കന്യ ചിരിച്ചു. പക്ഷേ കൺകോണുകൾ കൊണ്ടവൾ സജ്ജന്റെ വ്യാകുല

മായ മുഖത്ത് സൂക്ഷിച്ചുനോക്കുകയായിരുന്നു. സജ്ജൻ തലകുനിച്ചിരിക്കുകയാണ്. കർണലും മഹിപാലും കന്യയെ ശ്രദ്ധിച്ചു. കന്യ അങ്ങനെ നിർനിമേഷയായി സജ്ജനെ നോക്കുന്നതും സജ്ജന്റെ മൂകമായ ദു:ഖഭാവവും മഹിപാലിന്റെ മനസ്സിൽ ഒരു ഗാനമുയർത്തി "പ്രേമത്തിന്റെ കണ്ണിൽ എന്തെല്ലാം വൈചിത്ര്യങ്ങൾ".. അതാലോചിച്ചപ്പോൾ സജ്ജന്റെ നേരെ മഹിപാലിന് അല്പം ഒരീർഷ്യ. കന്യയുടെ പേരിൽ മനസ്സിൽ യാതൊരു ദുർഭാവനയും ഇല്ലായിരുന്നു. സജ്ജൻ സാലിഗ്രാമുമായുണ്ടാക്കിയ സന്ധിയെക്കുറിച്ചു വിളിച്ചുപറഞ്ഞു. കന്യയുടെ മുൻപിൽ സജ്ജനെ ഒന്നു തരംതാഴ്ത്തിയാലോ എന്നൊരു നിമിഷം ചിന്തിച്ചു. പിന്നെ ആ ചിന്ത സ്വയം അടക്കിയിട്ട് ചോദിച്ചു "നിന്റെ കേസിന്റെ സ്ഥിതി എന്തായി കന്യേ?"

കന്യ ഞെട്ടി. സജ്ജന്റെ മുഖത്ത് തറച്ചിരുന്ന കണ്ണുകൾ പിൻവലിച്ച് മഹിപാലിന്റെ നേർക്കാക്കി, അവൾ മറുപടി പറയുംമുമ്പ് കർണൽ പറഞ്ഞു: "ഞാൻ വക്കീലന്മാരുമായി ആലോചിക്കുകയാണ്. ഇവളുടെ ചേട്ടത്തിയുടെ രണ്ടു ബന്ധുക്കൾ ഇന്നലെ വന്നിരുന്നു. അവരെ 'സൂര്യാഹിന്ദു' ഹോട്ടലിൽ താമസിപ്പിച്ചിരിക്കയാണ്. ഇന്നു രാവിലെ അവരെ ഇവളോടൊപ്പം ചെറിയ വണ്ടിയിൽ ഇമാംപാടിയും മറ്റും കാണാനയച്ചു. കേട്ടോ സജ്ജൻ, നിന്നെ ഒരു നല്ല വാർത്ത കേൾപ്പിക്കാം. ബിന്നോ ഡ്രൈവിങ് പഠിക്കുകയാണ്. ഇന്നു ശിവമംഗൽ എന്നോടു പറയുകയാണ് കൊച്ചമ്മ വളരെവേഗം പഠിക്കുമെന്ന്."

ശൂന്യമായ കണ്ണുകൾ സജ്ജൻ ഉയർത്തി. കന്യ ചിരിച്ചു. ലജ്ജയും അഭിനന്ദനം കേൾക്കാനുള്ള കൊതിയും ആ കണ്ണുകളിൽ നിഴലിച്ചിരുന്നു. അവൾ ആ നോട്ടം സജ്ജന്റെ കണ്ണുകളിലേക്കാക്കി. ചെറിയ ആ മുറിയിൽ നേരിയ പ്രകാശത്തിൽ നാലുകണ്ണുകൾ വെറും രണ്ടാളുകളെ മാത്രമേ കണ്ടുള്ളു. സജ്ജന്റെ ദു:ഖവും പരവശതയും മറഞ്ഞു. മുഖം പ്രസാദമുൾക്കൊണ്ടു. കർണലും മഹിപാലും ഇതുകണ്ടു. മഹിപാലിന്റെ ഹൃദയത്തിൽ ഒരു പ്രത്യേക ചിന്തയാണുണ്ടായത്. പെണ്ണു മിടുക്കിയാണ്. സജ്ജനെ വിവാഹം ചെയ്തശേഷം അവൾ കമ്യൂണിസത്തിൽനിന്ന് ക്യാപ്പിററലിസത്തിലേക്ക് വരും. അതാണ് മോട്ടോർ ഓടിക്കാൻ പഠിക്കുന്നത്.

എല്ലാവരുടെയും ശ്രദ്ധ തെറ്റിച്ചുകൊണ്ട് കർണൽ പറഞ്ഞു:

"ഞാൻ ബാരിസ്റ്റർ ധവനോടു ഒന്നുകൂടി ആലോചിക്കട്ടെ. അദ്ദേഹം എല്ലാവിധത്തിലും നല്ല ഉപദേശമായിരിക്കും തരുന്നത്. ഇതു വെറും സാലിഗ്രാമുമായുള്ള സമരമല്ല. ഇപ്പോൾ തെരഞ്ഞെടുപ്പിന്റെ എല്ലാ സജ്ജീകരണങ്ങളും നമുക്കെതിരെയുള്ള സമരത്തിനൊരുങ്ങും. ഈ വിമാനനോട്ടീസ് ഞാൻ കരുതിയതിലും ഏറെ പ്രഭാവം ചെലുത്തിയിരിക്കുകയാണ്. പട്ടണത്തിലാകെ അതിന്റെ ബഹളം തന്നെ. ഞാനിപ്പോൾ ശ്രീ ദാദാഗുരുവിന്റെ ഉപദേശം സ്വീകരിച്ചിരിക്കുകയാണ്. അദ്ദേഹത്തിന്റെ പ്രതാപം കൊണ്ട് വില പിടിച്ച ഒരു രേഖ കൈയിൽ കിട്ടി. ഇവന്റെയൊക്കെ ഓരോ ഞരമ്പും തകർക്കാൻ. (പെട്ടെന്ന് എന്തോ ഓർമിച്ചിട്ടെന്നോണം തിരിഞ്ഞ്) പിന്നെ സജ്ജൻ, നിങ്ങളുടെ സാലിഗ്രാം സന്ധി ഞാനംഗീകരിച്ചിരിക്കുന്നു. ഈ സമരത്തിൽ പൊതുജനങ്ങൾക്ക് മുമ്പാകെ നമ്മുടെ ശുദ്ധി തെളിയിക്കാൻ ഇതൊരവസരം നല്കും. ഇവർ നമ്മെ കഴുത്തോളം മുക്കാനുള്ള പദ്ധതിയുമായാണ് വന്നത്. നമുക്കവരെ ആനയെ അടിച്ചിരുത്തും പോലെ

ഇരുത്തിക്കളയാം. സാലിഗ്രാം ഇന്നോ നാളെയോ വന്നേക്കും. ആദ്യം ഒന്നു വിരട്ടും. നീചാ നീ ഒരു കലാകാരന്റെ നിഷ്കളങ്കത വച്ചു മുതലെടുക്കാൻ ശ്രമിക്കുന്നോ എന്നൊക്കെ. ശരി മോനെ നിന്നെക്കാണിച്ചു തരാം. സജ്ജന്റെ വാചകം തന്നെയാകട്ടെ- ശത്രുവിനോടുപോലും നല്ലതു ചെയ്യുന്നതിലാണ് മനുഷ്യത്വമിരിക്കുന്നതെന്ന്."

സജ്ജന്റെ മുഖം പ്രസന്നമായി. വനകന്യയുടെ മുഖത്ത് സംശയം. കർണൽ സജ്ജനെ സമർഥിച്ചത് മഹിപാലിന്ന് പിടിച്ചില്ല. കാര്യം മനസ്സിലാക്കാനായി അയാൾ കന്യയോടു പറഞ്ഞു "കാര്യം ഇവർക്ക് അറിഞ്ഞുകൂടല്ലോ കാര്യം ഇതാണു കന്യേ. ഇന്നു നിങ്ങളുടെ ബാബു സാലിഗ്രാമും നഗരത്തിലെ വലിയ ഒരു കൊള്ളപ്പലിശക്കാരൻ മഹാശയനും കൂടെ സജ്ജനെ പ്രീണിപ്പിക്കാനായി അയാളുടെ ചിത്രങ്ങളുടെ ഒരു പ്രദർശനം നടത്താനുള്ള നിർദേശവുമായി വന്നു. കലാകാരനെ പൂജിച്ച് സ്വന്തം പാട്ടിലാക്കാമെന്ന് അവർ കരുതി...അവരതിൽ നിഷ്പ്രയാസം വിജയിക്കുകയും ചെയ്തു."

വനകന്യയുടെ മുഖം ഇരുണ്ടു. സജ്ജന്റെ മുഖം ചുവന്നു. മഹിപാലിന്റെ വാക്കുകളിലെ തെറ്റായ അർഥം തിരുത്താനായി കർണൽ ഉടനെ പറഞ്ഞു: "നിങ്ങൾ കാര്യം വളച്ചൊടിക്കുകയാണ് മഹിപാൽ. സജ്ജൻ ശരിക്കും കാര്യം ചിന്തിച്ചാണ് തീരുമാനിച്ചത്. വാസ്തവത്തിൽ നാമാണ് സങ്കുചിതമായ മനസ്സു വച്ച് നോക്കിയത്."

വനകന്യയുടെ മുഖത്തുയർന്നുവന്ന ജിജ്ഞാസ ശമിപ്പിക്കാനായി കർണൽ തുടർന്നു "സജ്ജൻ പറഞ്ഞത് നൂറ്റുക്കുനൂറു ശതമാനവും ശരിയാണെന്നാണ് എനിക്ക് തോന്നുന്നത് ബിന്നോ. അവർ നമ്മുടെ അടുക്കൽ ഒരു പ്രപ്പോസലുമായി വന്നു. അപ്പോൾ മനുഷ്യത്വപരമായ ഒരു കാര്യത്തിന് നിന്നെ സഹായിച്ചതുപോലെ ഇക്കാര്യത്തിലും രാഷ്ട്രീയമെല്ലാം മറന്ന് ഒരു നല്ലകാര്യത്തിനായി അവരോടു ചേരുന്നതിൽ തെറ്റെന്താണെന്നാണ് സജ്ജൻ ചോദിക്കുന്നത്. കാര്യം ശരിയാണ്."

കന്യയുടെ മുഖത്ത് സംശയവും അംഗീകാരവും ഇടകലർന്ന് നിഴലിച്ചു. അവളുടെ കണ്ണുകളാകർഷിക്കാൻ സജ്ജന്റെ നേത്രങ്ങൾ വിഹ്വലമായി. സ്നേഹത്തിന്റെ രംഗത്ത് നാവ് ചിലപ്പോൾ കണ്ണിനോട് പരാജയപ്പെടാറുണ്ട്. നാലു കണ്ണുകൾ കൂടിച്ചേരുമ്പോൾ നടക്കുന്ന സംഭാഷണവും ആശയ വിനിമയവും ആയിരം നാവുകൾ കൂടിച്ചേർന്നാലും നടത്താനാവില്ല. തന്റെ കണ്ണുകൾ കൊണ്ട് ചഞ്ചലമായിരുന്ന കന്യയുടെ കണ്ണുകൾ പിടിച്ചുനിർത്തി ക്കൊണ്ട് സജ്ജൻ പറഞ്ഞു

"എന്റെ ചിത്രങ്ങളുടെ ഒരു പ്രദർശനം നടത്തണമെന്ന നിർദേശവുമായിട്ടാണ് അവർ വന്നത്. അവരുടെ സൂത്രം എനിക്ക് പിടികിട്ടി. ഞാനവരുടെ പ്രൊപ്പോസൽ മാറ്റിമറിച്ചിട്ട് പുതിയ ഒരു കാര്യം ഉന്നയിച്ചു. ഈ പ്രദേശത്ത് ഒരു പ്രദർശനം നടത്താനുള്ള ഏർപ്പാട് ഇതാദ്യമാണ്. അതുകൊണ്ട് ഈ ചേരിയിലെയും തെരുവിലെയും സ്ത്രീകളുടെ തുന്നൽവേലകളും മറ്റ് കരകൗശലചാതുരിയും വെളിവാക്കുന്ന സാധനങ്ങളുടെ ഒരു പ്രദർശനവും ഇതോടൊപ്പം നടത്തണമെന്നും അതിൽ നിന്ന് സമ്മാനാർഹമായവ തെരഞ്ഞെടുത്ത് പ്രൈസ് നൽകണമെന്നും ഞാൻ നിർദേശിച്ചു. അമ്മയുടെ പേരിൽ നൂറു രൂപയുടെ ഒരു സമ്മാനം ഞാനും

കൊടുക്കാമെന്നേറ്റു. അതോടൊപ്പം ഇന്നത്തെ കലയെക്കുറിച്ചും ആളുകൾക്ക് മനസ്സിലാക്കി കൊടുക്കാൻ കഴിയും. നഗരത്തിലെ എല്ലാ നല്ല കലാകാരന്മാരുടെയും കുറെ നല്ല ചിത്രങ്ങൾ ശേഖരിച്ച് പ്രദർശനത്തിൽ ചേർക്കാമെന്നു ഞാനുമേറ്റു. ഏറിയാൽ പത്തമ്പത് പടങ്ങൾ വേണ്ടിവരും. ജാനകീസരണന്റെ മുൻവശത്തെ ഹാളുകളിൽ ഈ പ്രദർശനങ്ങൾ നടത്താം. ഇതിൽ ഞാനെന്തു തെറ്റാണ് ചെയ്തത്? മഹിപാൽ പറയുന്നു ഞാൻ ചതിച്ചെന്ന്! എന്റെ സത്യസന്ധതയിൽ കളങ്കം ചേർക്കലാണത്. എന്റെ വാക്കിന്റെ സത്യസന്ധത ഞാൻ തെളിയിക്കാം."

പറഞ്ഞു നിറുത്തിയതും കന്യ സജ്ജനോടു പറഞ്ഞു.

"അങ്ങ് നൽകിയ ഉപദേശം അങ്ങയെപ്പോലുള്ള ഒരു കലാകാരന് യോജിച്ചതാണ്. എനിക്ക് ഇതിൽ വലിയ ജ്ഞാനമൊന്നുമില്ലെങ്കിലും എന്നെ ഏതെങ്കിലും ജോലി ഏൽപ്പിച്ചാൽ ഞാനത് പൂർണ ഉത്തരവാദിത്വത്തോടെ നിറവേറ്റാം."

സജ്ജനു സന്തോഷമായി.

മഹിപാൽ പറഞ്ഞു "നിങ്ങൾ കലയുടെ ഈ ആവേശത്തിൽ ലോകത്തിന്റെ അടവ് മറക്കരുത്. ഇതു തെരഞ്ഞെടുപ്പിന്റെ കാലമാണ്."

"തെരഞ്ഞെടുപ്പാണെങ്കിലെന്ത്? ഇവിടെയും അവന്റെയൊക്ക മുത്തച്ഛനാണിരിക്കുന്നത്. ബാബു നാഗീൻചന്ദ് ജൈനെന്ന കർണൽ സാഹിബ്" എന്നു പറഞ്ഞിട്ട് കർണൽ കത്രിച്ചു നിറുത്തിയിരുന്ന മീശയൊന്നു പിരിച്ചു. എന്നിട്ട് സജ്ജനോടു പറഞ്ഞു "നിങ്ങൾ ആർഭാടത്തോടെ പ്രദർശനം നടത്തിക്കോളൂ. ഇന്നത്തെ തീയതിയിൽ എന്റെ ഈ വാക്കുകൾകൂടി ഡയറിയിൽ എഴുതിക്കോ സജ്ജൻ. ഇവന്മാരുടെ സർവ തന്ത്രങ്ങളും തകിടം മറിച്ചിട്ട് ഇത്തവണ നമ്മുടെ ഒരു പ്രത്യേക പാർട്ടി–മനുഷ്യത്വത്തിന്റെ സഖ്യം, നിലവിൽ വരുത്തും നോക്കിക്കോ. ഇപ്പോൾ നാം സർവ പാർട്ടിയെയും വെല്ലുവിളിക്കും. നാം ജനങ്ങളുടെ ഭാഗത്തായിരിക്കും. അവരുടെ അവകാശങ്ങൾക്കുവേണ്ടി നിലകൊള്ളും. സർക്കാരോ വലിയ ക്യാപിറ്റലിസ്റ്റോ രാഷ്ട്രീയ പാർട്ടിയോ എന്തു വേണമെങ്കിലും ആയിക്കോട്ടെ, നാം നമ്മുടെ അവകാശങ്ങൾക്കായി എല്ലാവരെയും എതിർക്കും. എന്താ ബിന്നോ എന്തു പറയുന്നു?"

കസേരയിൽ നിന്നെഴുന്നേറ്റ് മഹിപാൽ പറഞ്ഞു

"പാവം ബിന്നോ എന്തുപറയാൻ? ഞാൻ പറയാം. നിങ്ങൾ രാവണനെപ്പോലെ പത്തു തലയുടെ ബുദ്ധിയുണ്ടെന്ന് ഈ വീമ്പടിക്കുന്നില്ലേ? അപ്പോൾ ഈ സാലിഗ്രാം കൂട്ടരുടെ പ്രദർശനത്തിലെ സമ്മാനത്തിന്റെകൂട്ടത്തിൽ ഓരോ കഴുതത്തല നിങ്ങൾക്കു സമ്മാനം തന്നേക്കാം. പക്ഷേ ഒന്നോർക്കണം. പാവപ്പെട്ട ഈ വനകന്യയുടെ കേസ് വെള്ളത്തിലെ വരപോലായിത്തീരും. മണ്ടന്മാരായ നിങ്ങളോട് ഈ ബ്രഹ്മവാക്യവും പറഞ്ഞിട്ടാണ് ഞാൻ പോകുന്നത്."

സജ്ജൻ ചാടി എണീറ്റിട്ട് പറഞ്ഞു "അപ്പോൾ എന്റെ ഭരതവാക്യം കൂടി കേട്ടിട്ട് പൊയ്ക്കോളൂ മഹിപാൽ, നിങ്ങളുടെ ബ്രഹ്മവാക്യം സർവവിധത്തിലും തെറ്റാണെന്ന് സജ്ജൻ തെളിയിക്കും. ഇത് ഞാൻ ഇവരുടെ മുമ്പിൽ വച്ചാണ് പറയുന്നത്. ഇവരുടെ മുമ്പിൽ സ്വയം തെറ്റുകാരനാകുന്നതിലും ഭേദം മരിക്കുന്നത് ആണെന്ന് കരുതുന്നവനാണ് ഞാൻ.."

മഹിപാൽ ഒന്നും പറയാതെ കോപത്തോടെ പുറത്തേക്ക് നടന്നു. സജ്ജന് അപ്പോൾ മഹിപാലിനോട് അടങ്ങാത്ത ദേഷ്യമാണുണ്ടായത്. അയാൾ കന്യ

യ്ക്ക് തന്നോട് അപ്രിയമുണ്ടാക്കാനാണ് ശ്രമിച്ചത്. അത് സജ്ജനെ ആകെ അസ്വ സ്ഥനാക്കി. സ്വയമെന്നോണം അയാൾ പിറുപിറുത്തു "സ്വയം തെറ്റിൽ ജീവി ക്കുന്നു. എല്ലാവരും അങ്ങനെയാണെന്നാണ് വിചാരം ഇഡിയറ്റ്..."

കർണൽ പറഞ്ഞു "ഇഷ്ടാ നിങ്ങളെന്തിനതൊക്കെ ശ്രദ്ധിക്കുന്നു? സാഹി ത്യകാരൻ ഇപ്പോൾ ഏതോകാര്യത്തിൽ ചൊടിച്ചിരിക്കുകയാണ്. അതാണിങ്ങനെ. മനസ്സ് മാറുമ്പോൾ നിങ്ങളുടെ മുമ്പിലെത്തി നിങ്ങൾ ഏർപ്പെട്ടകാര്യത്തിൽ പൂർ ണമനസ്സോടെ സഹകരിക്കും, ഞാൻ പറയുന്നത് സത്യമാണ്. മഹിപാലിനെ പ്പോലെ ഒരു ശുദ്ധനെ ഞാൻ കണ്ടിട്ടില്ല. അയാളുടെ നാക്ക് മോശമാണ്. ഹൃദയം അങ്ങനെയല്ല."

"ആരും പാലിൽ കഴുകി ശുദ്ധിയായവരല്ല ചേട്ടാ. പൊതുവെ മഹിപാലിനെ കുറിച്ചെന്റെ മനസ്സിൽ ആദരവാണുള്ളത്. ഹൃദയം ശുദ്ധമല്ലാത്ത ഒരാളിന് നല്ല സാഹിത്യകാരനാകാനും ഒക്കില്ല."

കന്യയുടെയും കർണലിന്റെയും വാക്കുകളും ഹൃദയത്തിനുള്ളിൽ സ്വയം നടത്തിയ വിമർശനവും വഴി സജ്ജന്റെ കോപം ആറിത്തണുക്കുകയായിരുന്നു. ഈ കോപം, ഈ ആവേശം കന്യയുടെ പ്രേമം നിറഞ്ഞനോട്ടത്തിൽ നിന്ന് ലഭി ച്ചതാണ്. അതിന്റെ മുമ്പിൽ അയാൾ സർവവും മറന്നിരുന്നു. കന്യയുടെസ്നേ ഹദാനം അയാളുടെ ദുർബലമനസ്സിന് ആ സമയത്ത് മിഥ്യയായ ഒരഹങ്കാരം നൽകി. കന്യയോടൊപ്പം ഏകാന്തമായി കുറച്ച് സമയം കഴിയാൻ സാധിച്ചെ ങ്കിൽ എന്നയാൾ ആഗ്രഹിച്ചു. തന്നോടൊപ്പം ചുറ്റിക്കറങ്ങാൻ താൻ ക്ഷണിച്ചത് ആദ്യ ദിവസം കന്യ നിരാകരിച്ചതാണ്. സജ്ജന്റെ കണ്ണുകളിൽ ആ സമയത്ത് നിഴലിച്ച പ്രകാശം, ധ്യാനമന്ദിരത്തിൽ ബ്രഹ്മചര്യം അനുഷ്ഠിക്കുന്നത് സംബ ന്ധിച്ചെടുത്ത തീരുമാനത്തിന്റെ വിപരീത ദിശയിലേക്ക് വെളിച്ചം വീശുന്നതായി രുന്നു. അയാളുടെ പ്രാണൻ കന്യയുടെ ആകർഷണശക്തിയാൽ ബന്ധിക്കപ്പെട്ട് മൂകമായ ആഗ്രഹങ്ങളുടെ ചിറകുകൾ വിടർത്തി പടപടാ അടിക്കുകയായിരുന്നു. സ്വന്തം അസ്തിത്വം ഒരു വിധത്തിലും പ്രതിഷ്ഠിക്കാനാവുന്നില്ല. ഒടുവിൽ കന്യ യോട് ചോദിച്ചു"സ്വന്തമായി വെയ്പ്പും കുടിയും ഒക്കെത്തുടങ്ങിയോ?"

"ചേട്ടൻ സമ്മതിക്കുന്നില്ല. എങ്കിലും ഇക്കാര്യത്തിൽ ഞാനദ്ദേഹത്തിന്റെ ഉപ ദേശം അനുസരിക്കില്ല. ഒന്നോ രണ്ടോ ദിവസത്തിനുള്ളിൽ..."

"അതുവരെ ആഹാരത്തിനുള്ള ഏർപ്പാട് എന്താണ്?"

"ഇന്നലെ രാത്രി ഞാൻ ഈ ചേട്ടന്റെ വീട്ടിൽ നിന്ന്.."

"തുലച്ചു" സജ്ജൻ പുഞ്ചിരിയോടെ പറഞ്ഞു "ഈ ജൈനന്മാരുടെ കൂട്ട് അധികമാകല്ലേ കന്യേ 'അഹിംസാ പരമോധർമ്മം' എന്നു പറഞ്ഞുപറഞ്ഞിവർ നിന്റെ മൽസ്യമാംസാഹാരം നിറുത്തിക്കും..."

മുറിയിൽ ചിരി മുഴങ്ങി. കർണൽ പറഞ്ഞു "ഈ മീനും ഇറച്ചിയും തിന്നുന്ന നിങ്ങൾ ഞങ്ങളുടെ ആഹാരത്തിന്റെ രുചി എങ്ങനെ അറിയാനാണ്?" കർണൽ എഴുന്നേറ്റു "ഞാൻ ധവൻ സാഹബിനെ ഒന്നു ഫോൺ ചെയ്തിട്ട് വരാം."

കർണൽ പോയി. സജ്ജനും കന്യയും അന്യോന്യം നോക്കി. സജ്ജൻ ചോദിച്ചു

"നീ ആത്മാർത്ഥമായിട്ടാണോ ഞാൻ പറഞ്ഞതിനോട് യോജിച്ചത്?"

"ഏതിനോട്?"

"ആ സാലിഗ്രാമിന്റെകൂടെ....."

"അതിലങ്ങയ്ക്ക് സംശയമെന്ത്?"

സജ്ജൻ എഴുന്നേറ്റ് കന്യയുടെ അടുക്കൽ കിടന്ന കസേരയിൽ വന്നിരുന്നു. "നീ ഇന്ന് എന്നെ എന്നെന്നേക്കും നിന്റെ അടിമയാക്കിയിരിക്കുകയാണ്."

"അടിമത്തം അവസാനിപ്പിക്കുന്നതിൽ വിശ്വസിക്കുന്നവളാണ് ഞാൻ മി. സജ്ജൻ..."

"എങ്കിലും ഒരടിമത്തമുണ്ട്. മാനവബുദ്ധിയിലെ യാതൊരു ഇസത്തിനും തകർക്കാനാവാത്തത്. ഹൃദയബന്ധം വലിയൊരുകാര്യമാണ്. അത് പ്രേമത്തിന്റെയും മനുഷ്യത്വത്തിന്റെയും ബന്ധനമാണ്. അതിൽ ബന്ധിതമായാൽ മനുഷ്യനൊരിക്കലും സ്വതന്ത്രനാവാൻ ആഗ്രഹിക്കില്ല. ആ ബന്ധനം സദാസമയവും തന്റെ ചുറ്റും മുറുകണമെന്നാണ് മനുഷ്യൻ ആഗ്രഹിക്കുന്നത്."

കന്യ മൂകയായിരുന്നു. തന്റെ വാക്കുകൾ അവളിൽ എന്തുപ്രഭാവമാണുണ്ടാക്കിയതെന്നറിയാൻ കഴിയുന്നില്ല. അര മിനിട്ടിലേറെ മുറിയിൽ നിശ്ശബ്ദത നിറഞ്ഞുനിന്നു. സജ്ജൻ വീണ്ടും തുടർന്നു.

"നീ ഇന്നലെ എനിക്ക് വാക്കുതന്നതല്ലേ എന്റെ അവിടെ തങ്ങാമെന്ന്?"

തലകുനിച്ച് ദൃഢസ്വരത്തിൽ കന്യ പറഞ്ഞു "ഇതും അങ്ങയുടെ വീടാണെന്ന് കരുതിയാണ് വന്നത്."

ഒരു തരത്തിൽ സജ്ജനു സന്തോഷമാണ് തോന്നിയത്. നിമിഷനേരം ചിന്തിച്ചിട്ടയാൾ പറഞ്ഞു. "മനസ്സിന്റെ പ്രവർത്തനം വിചിത്രം തന്നെ. ആരെക്കുറിച്ചുള്ള ചിന്തയിലാണോ അത് സദാമുഴുകിയിരിക്കുന്നത്, ആ ആൾ മുന്നിലെത്തുമ്പോൾ അതിന് ആകെ ഒരു പരിഭ്രമം."

കന്യ മൂകയാണ്. അവളുടെ നിശ്ശബ്ദതയിൽ നിന്ന് സജ്ജന് ധൈര്യം കിട്ടി. പെട്ടെന്നയാൾ ചോദിച്ചു

"എന്താ അങ്ങനെ തോന്നാറില്ലേ കന്യേ?"

കന്യ മെല്ലെ തല ഉയർത്തി കണ്ണിൽ ചോദ്യചിഹ്നവുമായി അയാളുടെ മുഖത്തേക്ക് നോക്കിക്കൊണ്ടിരുന്നു. എന്നിട്ട് മെല്ലെ പറഞ്ഞു

"ഞാനിപ്പോൾ സ്വന്തം വിചാരങ്ങളെപ്പോലും സ്വയം വിശ്വസിക്കാനാവാത്ത ഒരുനിലയിലാണ്." ഒരു നിമിഷത്തേക്കവൾ നിറുത്തി. എന്നിട്ട് തുടർന്നു. "എനിക്കാരെയും പ്രേമിക്കാനാവില്ലെന്ന് ഞാൻ കരുതുന്നില്ല. പക്ഷേ പൊതുവെ ആ വിചാരത്തിൽനിന്ന് ഇതുവരെ ഒഴിഞ്ഞുനിന്നു. മനസ്സിൽ ഒരു സ്വപ്നം വളർത്തിയിരുന്നു.... എന്റെ അപൂർണമായ ആ സ്വപ്നത്തെ നാടകീയപരിതസ്ഥിതിയിൽ പൂർത്തീകരിക്കാനുള്ള ഒരു ഉത്തേജനം അങ്ങു നൽകി. അക്കാരണത്താൽ എനിക്കങ്ങയെ പൂർണമായി മനസ്സിലാക്കാൻ കഴിയുന്നില്ല. എന്നെയും വിലയിരുത്താനാവുന്നില്ല. വിഷമസന്ധിയിൽ എന്റെ തുണയ്ക്ക് അങ്ങെത്തി. എന്റെ സ്വാർഥതകൊണ്ട് ഞാനാവശ്യത്തിലേറെ അങ്ങേയ്ക്ക് കടപ്പാടുണ്ടാക്കുകയാണോ എന്നാണ് ഭയം....."

"ഇതിൽ എന്തുകടപ്പാടുണ്ടാക്കാൻ?"

"അങ്ങയുടെ ഹൃദയത്തിൽ അങ്ങനെ വിചാരമില്ലായിരിക്കാം. അങ്ങുപറയുന്നത് സത്യമായിരിക്കാം. എങ്കിലും എന്റെ മനസ്സിലെ വിചാരം അതാണ്. അത് സ്വാഭാവികവുമാണ്."

"എന്തു സ്വാഭാവികം?"

"അങ്ങുമായി മുമ്പ് എനിക്ക് അടുപ്പമൊന്നും ഇല്ലായിരുന്നു. അങ്ങ് എന്റെ ഒരു റിലേറ്റീവ് അല്ല."

"നാം ഇപ്പോൾ ബന്ധിക്കപ്പെടുന്ന ബന്ധം ലോകത്തിലെ ഏറ്റവും വലിയ...."

"പൂജ്യമാണ്" ശാന്തഗംഭീരസ്വരത്തിൽ കന്യ വാചകം പൂർത്തിയാക്കി.

സജ്ജൻ ഞെട്ടി. "പൂജ്യമോ? എന്തു പൂജ്യം?" മുമ്പത്തേതിലും അല്പം ശബ്ദം ഉയർത്തിക്കൊണ്ടവൾ പറഞ്ഞു "സീറോ, സൈഫർ, ശൂന്യം. ഇതിലേറെ ഈ ബന്ധത്തെക്കുറിച്ചു പറയാൻ എനിക്ക് ഒന്നുംതോന്നുന്നില്ല."

സജ്ജൻ സ്തബ്ധനായി ഇരുന്നുപോയി. ഇങ്ങനെയൊരു മറുപടി അവളിൽ നിന്നു ലഭിക്കുമെന്നയാൾ പ്രതീക്ഷിച്ചതേയില്ല.

കന്യ വീണ്ടും പറഞ്ഞു "ഏതൊരു പ്രേമത്തിനു വേണ്ടിയാണോ ലോകം പ്രാണൻ കളയുന്നത്, ഞാനതിനെ മനസ്സിന്റെ ഒരു കുറവായിട്ടാണ് കാണുന്നത്."

സജ്ജന്റെ ശബ്ദത്തിന് ലേശം കടുപ്പം വന്നു. "അതെന്ത്?"

"കുറവല്ലാതെ മറ്റെന്താണിത്? ലൈലയ്ക്ക് മജ്നുവിനെ കിട്ടിയില്ല. മജ്നുവിന് ലൈലയില്ലാതായി– അതുകൊണ്ട് ലോകം അവരുടെ പ്രേമഗീതം പാടുന്നു. ഞാൻ ചോദിക്കട്ടെ ലൈലയും മജ്നുവും തമ്മിൽ വിവാഹം ചെയ്തിരുന്നെങ്കിൽ ഇവരെ അനശ്വരകാമുകരായി ലോകം കരുതുമായിരുന്നോ?"

സജ്ജൻ ഗൗരവത്തിലാണ്ടു. ചിന്തിച്ചിട്ടയാൾ പറഞ്ഞു:

"കുറവിനെക്കുറിച്ചുള്ള ബോധം, മനുഷ്യജീവിതത്തിൽ ചെറിയൊരുകാര്യമല്ല കന്യേ. തന്റെ കുറവിനെക്കുറിച്ചറിയുമ്പോഴാണ് അത് നികത്താൻ മനുഷ്യൻ ഉള്ളിലുള്ള ശക്തിയിൽ നിന്നു തന്റേടം കൈക്കൊള്ളുന്നത്–അവൻ വളരുന്നത്. പിന്നെ ലൈലയുടെയും മജ്നുവിന്റെയും കാര്യം–അവർ ഒരാൾ മറ്റൊരാൾക്കുവേണ്ടി. ഓരോ നിമിഷവും സർവപ്രകാരേണയും അന്യോന്യം ആത്മാർപ്പണം ചെയ്തിരുന്നു. അതാണ് ലോകം അവരെ അംഗീകരിക്കുന്നത്–ഈ അർപ്പണത്തിലാണ് മഹത്വം."

കന്യ ഇടയ്ക്കൊന്നു ചെറുതായി ചുമച്ചു. വീണ്ടും മൂകമായിരുന്നു. ഇക്കാര്യങ്ങളിൽ യാതൊരു താൽപര്യവുമില്ലെന്ന ഒരു ഭാവമായിരുന്നു അവളുടേത്. സജ്ജൻ നിശ്ശബ്ദം അവളെ നോക്കിയിരുന്നു. പെട്ടെന്ന് കന്യ എഴുന്നേറ്റ് നടന്നിട്ടു പറഞ്ഞു:

"കവികൾ പുകഴ്ത്തിപ്പാടുന്ന ആ വികാരത്തെയും അനുഭൂതിയെയും വെറും നുണയായിട്ടാണ് ഞാൻ കരുതുന്നത്. കാര്യങ്ങൾ നേരെ ചൊവ്വേ ഉള്ളതായിരിക്കണം. സ്ത്രീപുരുഷബന്ധത്തിന്റെ അവസാനരൂപമാണ് ഭാര്യാഭർത്തൃബന്ധം. ആ ബന്ധത്തിൽ അങ്ങയെ എന്നോടു ശരിയായി ഘടിപ്പിച്ചുകാണാൻ എനിക്ക് കഴിഞ്ഞിട്ടില്ല."

സജ്ജനു വീണ്ടും ഷോക്കേറ്റു.

വാതിലിനടുത്തെത്തി തിരിഞ്ഞുനോക്കാതെതന്നെ അവൾ പറഞ്ഞു:

"സ്ത്രീപുരുഷന്മാരിൽ ഒരാൾക്ക് ജീവിതത്തിൽ ഒരിക്കലേ മറ്റേയാളുടേതാകാനൊക്കു എന്നാണെന്റെ വിശ്വാസം. അങ്ങനെ അന്യോന്യമാകുന്നതിന് നിരവധി ഉരകല്ലുകളിൽ മാറ്റുരയ്ക്കപ്പെടേണ്ടതുണ്ട്. അത് ഉത്തരവാദിത്വത്തിന്റെയും ചുമതലയുടെയും ബന്ധമാണ്. പ്രഭുക്കൻമാരുടെയും കലാകാരൻമാരുടെയും

ഇഷ്ടത്തിനൊത്തുള്ള ഒരു വിനോദമല്ല......."

കന്യ നടന്നു മറഞ്ഞു. സജ്ജന്റെ സ്വപ്നസൗധം വീണ്ടും അടിസ്ഥാനമിളകി നിലംപതിച്ചു. തന്റെ ചാഞ്ചല്യത്തിൽ സജ്ജനു കോപം വന്നു. ഒരു യുവതി ദിവസവും വന്ന് ഒരു കളിപ്പാട്ടമെന്നോണം അവനെ എടുത്തു കളിക്കുന്നു; എന്നിട്ട് വലിച്ചെറിഞ്ഞിട്ട് പോകുന്നു. അവളിൽനിന്ന് അകന്നുകഴിയുമെന്ന് അവൻ എന്നും പ്രതിജ്ഞയെടുക്കാറുണ്ട്. അത് നൂലിഴ പോലെ കൂടെക്കൂടെ പൊട്ടുകയും ചെയ്യുന്നു.

സജ്ജൻ മൂകമായ വേദനയിൽ ഞെരിപിരികൊണ്ടു. തുറന്ന കമ്പോളത്തിൽ വച്ച് ആരോ തന്നെ ചാട്ടകൊണ്ട് അടിച്ച പ്രതീതി. അപ്പോഴാണ് ചിരിച്ചുകൊണ്ട് കടന്നുവന്ന കർണൽ മുറിയിലെ ലൈറ്റിട്ടത്.

"എന്താമോനേ, പ്രണയകേളി കഴിഞ്ഞോ? നിനക്കൊരവസരം തരാനല്ലേ, ഞാൻ മാറിത്തന്നത്."

കടുത്ത സ്വരത്തിൽ സജ്ജൻ പറഞ്ഞു. "നിങ്ങൾ വലിയ ഉപകാരമാണ് ചെയ്തത്,..മൂർഖൻ."

19

കർണലിന്റെ വീട്ടിൽ നിന്നിറങ്ങി അമീനാപാർക്കിലുള്ള തിരക്കുനിറഞ്ഞ റോഡിലൂടെ നടന്നു പോകുകയായിരുന്ന മഹിപാലിന്റെ മനസ്സിലെ ആവേശവും ഉദ്വേഗവും തണുത്ത വെള്ളം തളിക്കപ്പെട്ട ധൂളിയെന്നപോലെ അമർന്നടങ്ങി. പ്രതികാരചിന്തയിൽ പശ്ചാത്താപം തോന്നി. ഇനി എങ്ങോട്ടു പോകും? എങ്ങും ആശ്രയമില്ല. ആരുടെ ഹൃദയത്തിലും തനിക്കു സ്ഥാനമില്ല. എല്ലാർക്കുമൊരു ഭാരമാണ് ഞാൻ. തന്നെക്കൊണ്ട് ആർക്കും ഒരു പ്രയോജനവുമില്ല. തന്റെ നെറ്റിയിൽ പരാജയമാണ് എഴുതിയിരിക്കുന്നത്. ലോകം മുഴുവൻ പരാജയത്തിലേക്കു നോക്കി നിൽക്കുകയാണോ? ഉന്നത മാളികമുകളിൽ നിയോൺ ദീപത്തിലെഴുതിയ ടൂത്ത് പേസ്റ്റ് പരസ്യത്തെപ്പോലെ എല്ലാവർക്കും കാണാവുന്നതാണോ തന്റെ ഈ നില. എത്രമാത്രം വിവശനാണ് ഞാൻ.

അധികം നേരും നെറിയും നന്നല്ല. ഇന്നത്തെ കാലത്ത് നേരും നെറിയും ഉള്ളവർക്ക് കഷ്ടപ്പാടേ ലഭിക്കൂ. സേട്ട് രൂപരത്തനും അനിയൻ ഗട്ടുവും അയാളെ വഞ്ചിക്കുകയാണു ചെയ്തതെന്നു പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ? മറിച്ച് അവർ പറയും മഹിപാൽ, സേട്ട് രൂപരത്തനെ കുടുക്കി പണം വെട്ടിച്ചെന്ന്. അല്ലെങ്കിൽ ഡോ. ഷീലയിൽ നിന്ന് സാമ്പത്തികാനുകൂല്യം നേടുന്നുണ്ടെന്ന്. താൻ ഷീലയ്ക്ക് എന്തു കൊടുക്കുന്നുവെന്ന് ലോകമറിയില്ല. അറിഞ്ഞാൽ തന്നെ അവർ പറയുന്നതോ സാഹിത്യകാരനും ലേഖകനുമായ മഹിപാൽ ശുക്ല ഒരു രാക്ഷസനാണ്. അയാൾ ഭാര്യയ്ക്കും കുട്ടികൾക്കും വയറ്റിനു കൊടുക്കാതെ സ്വന്തം സുഖത്തിനുവേണ്ടി വല്ലവൾക്കും എല്ലാം കാഴ്ചവയ്ക്കുന്നുവെന്നായിരിക്കും. ഏതുവിധത്തിൽ നോക്കിയാലും ലോകം തന്നെ മാത്രമേ പഴിക്കൂ. കാരണം താൻ ശുദ്ധനായിപ്പോയി. പാവപ്പെട്ടവനായിപ്പോയി. തന്റെ കയ്യിൽ യാതൊരുവിധ സമ്പത്തുമില്ല, ആസ്തിയില്ല.

എതിരെ ഭഗത്ജിയുടെ മുറുക്കാൻകടയിൽ ഇന്നലത്തെ വിരുന്നിൽ പങ്കെടുത്ത രണ്ട് മാന്യൻമാർ നിൽക്കുന്നു. അവരെകണ്ടതും മഹിപാൽ പോലീസുകാരെ കണ്ട കള്ളനെപ്പോലെ അവിടെ നിന്നു വലിഞ്ഞു നടന്നു. അങ്ങ് കേസർബാഗ് കവലയിലെത്തുന്നതുവരെ, നസീർബാദ് റോഡ് മുഴുവൻ കഴിയുന്നതുവരെ താനെത്രമാത്രം വേഗത്തിലാണു നടക്കുന്നതെന്ന് മഹിപാൽ അറിഞ്ഞില്ല. കവല കടന്നുവന്ന ബസ്സ് മുമ്പിൽ സഡൻ ബ്രേക്കിട്ടു നിന്നപ്പോഴാണ്, താൻ കാര്യമില്ലാത്തത്ര ധൃതിയിലാണ് എന്ന കാര്യം അയാൾ ഓർത്തത്. അവരെ പേടിക്കേണ്ട കാര്യമെന്ത്? അവരെയാണോ തന്റെ ദുഷ്പേരിനെയല്ലേ ഭയന്നോടിയത്? അതിന്റെ ആവശ്യം ഉണ്ടായിരുന്നോ? ആളുകളിൽ നിന്ന് എത്രനാൾ ഭയന്ന് ഓടാൻ കഴിയും? അതിനു തക്കവണ്ണം ഞാനെന്തുചെയ്തു? ലോകത്ത് ഒന്നിലധികം സ്ത്രീകളുമായി ബന്ധം വയ്ക്കുന്ന എത്രയോപേരുണ്ട്. തങ്ങളുടെ വിലാസലീലകൾക്കായി സ്ത്രീകളെക്കൊണ്ട് ഉചിതമല്ലാത്ത പ്രവൃത്തികൾ ചെയ്യിക്കുന്നവരും എത്രയോ ഉണ്ട്. അവരിലും നീചനാണോ മഹിപാൽ ശുക്ല? അല്ല. താൻ പാപിയല്ല. താനും ഷീലയും തമ്മിലുള്ള ബന്ധം ലോകത്തിന്റെ ദൃഷ്ടിയിൽ നീതിരഹിതമായിരിക്കാം. എങ്കിലും താനൊരു പാപവും ചെയ്തിട്ടില്ല. താൻ ഏകപത്നീവ്രതം പാലിക്കുന്നില്ലെന്ന് പറഞ്ഞാൽതന്നെയും തങ്ങൾ പാപമല്ല ചെയ്യുന്നത്. മുപ്പതുനാല്പതു കൊല്ലം മുമ്പുവരെ എത്രയോ പേർക്ക് രണ്ടും മൂന്നും ഭാര്യമാർ വീതം ഉണ്ടായിരുന്നു. ശിവനും കൃഷ്ണനും ഭഗവാൻ ശ്രീരാമന്റെ പിതാവ് ദശരഥനുപോലും ഒന്നിലധികം പത്നിമാർ ഉണ്ടായിരുന്നില്ലേ? ബഹുപത്നീവാദം പല സ്ത്രീകളും സമ്മതിച്ചിട്ടുള്ളതല്ലേ? ഷീല ഒരു വിധത്തിൽ തന്റെ ഭാര്യയാണ്. താൻ അവളെ കൊട്ടും കുരവയുമായി താലി കെട്ടിയില്ലെങ്കിൽ തന്നെ.

മനസ്സിലുയർന്നു വന്ന ഭയാശങ്കകൾ നീക്കാനായി ബുദ്ധി ഉചിതവും അനുചിതവുമായ പല വാദമുഖങ്ങളും ഉന്നയിച്ചു. വിചാരധാര വളർന്ന് ഷീലയാണ് തന്റെ യഥാർഥ പത്നിയെന്നു വരെയുള്ള വാദത്തിലെത്തി. കല്യാണിയുമായുള്ള തന്റെ വിവാഹം പൂർവികർ നിശ്ചയിച്ചതല്ലേ? അപ്പോൾ കുഞ്ഞുങ്ങൾ....? ഈ കുട്ടികൾ സത്യത്തിൽ ഷീലയുടേത് ആകാമായിരുന്നു.

തന്റെ കുഞ്ഞുങ്ങളുടെ അമ്മയെന്ന നിലയിൽ ഷീലയെ സങ്കൽപിക്കാൻ തുടങ്ങിയപ്പോൾ മഹിപാലിന്റെ മനസ്സിൽ ഒരു സങ്കോചം. ഇല്ല ഷീലയ്ക്ക് തന്റെ കുട്ടികളുടെ അമ്മ ആകാൻ പറ്റില്ല. അമ്മയാവുക എന്ന സങ്കല്പത്തോടുതന്നെ ഷീലയ്ക്ക് വെറുപ്പാണ്. അയാൾ പിന്നെയും ആലോചിച്ചു. തനിക്ക് ഷീലയിൽ വല്ല സന്താനങ്ങളുമുണ്ടായാലോ? അയാൾക്കെന്തായിരിക്കും അതിനോടുതോന്നുക? കല്യാണിയുടെ കുട്ടികൾ ഷീലയുടെ സന്താനം; രണ്ടും തന്റെ മക്കൾ. കുട്ടികൾക്ക് സ്നേഹം പങ്കിട്ടുനൽകുന്നത് എങ്ങനെയായിരിക്കും? വ്യത്യസ്ത സ്ത്രീകളിൽ കുട്ടികളുണ്ടാവുന്നവരുടെ മനസ്സിൽ ഭേദഭാവമുണ്ടാവുകയില്ലേ? ഉണ്ടാകും; തീർച്ചയായും ഉണ്ടാകും. അത് സ്വാഭാവികമാണ്. ലോകത്തിലെത്രയോ ഉദാഹരണങ്ങളുണ്ട്. ദശരഥന്റെ കാര്യം തന്നെ നോക്കാം. ഭിന്നസ്ത്രീകളിൽ കുട്ടികൾ ഉണ്ടായിരുന്നില്ലെങ്കിൽ അദ്ദേഹത്തിന്റെ കുടുംബം ഇങ്ങനെ നശിക്കുമായിരുന്നോ? ബഹുപത്നീവാദത്തിന്റെ ദയനീയ പരാജയമെന്ന രീതിയിൽ ദശരഥകഥ അയാളുടെ മുമ്പിൽ തെളിഞ്ഞുനിന്നു. മൂന്നു സ്ത്രീകളിൽ നിന്നായി നാലു

കുട്ടികൾ ഉണ്ടായിരുന്നിട്ടും എന്തൊരു ദുർഭാഗ്യകരമായ മരണമാണ് അദ്ദേഹത്തിനുണ്ടായത്!

വിചാരങ്ങളിൽ മുഴുകി മഹിപാൽ വിക്ടോറിയാ പാർക്കിലെത്തി. സ്വയമറിയാതെ അവിടെ ഇരിക്കാനുള്ള ആഗ്രഹം മനസ്സിലുണ്ടായി. വിക്ടോറിയാ മണ്ഡപത്തിന്റെ തിണ്ണയിൽ പടിയും ചാരി അയാൾ ഇരുന്നു. തണുപ്പുകാല രാത്രിയുടെ അന്ധകാരവും പാർക്കിലെ നിശ്ശബ്ദതയും എന്തിനാണ് ഞാൻ ഇവിടെ ഇരിക്കുന്നതെന്ന ചിന്തയും ഒന്നും അയാളുടെ ഹൃദയത്തെ ബാധിച്ചില്ല. കീശയിൽ നിന്ന് ഒരു സിഗററ്റെടുത്ത് കത്തിച്ച്, അയാൾ ചിന്തകളിൽ മുഴുകി.

ഒരു മണിക്കൂറോളം പലേ വിചാരങ്ങളിലും മുഴുകി ആ ഇരുപ്പും തുടർന്നിരിക്കണം. തണുപ്പു വർധിക്കുകയാണ്. ചൂടുള്ള ചിന്തകൾക്ക് പോലും ശീതകാലത്തെ ശൈത്യം തടയാനാവുന്നില്ല. ശരീരം വിറയ്ക്കാൻ തുടങ്ങി. എങ്ങോട്ടു പോകാൻ? എവിടെ പോകാൻ?

വീട്ടിലേക്കു പോകാൻ മഹിപാലിന് ആഗ്രഹമില്ല. കല്യാണിയുടെ മുമ്പിൽ ചെല്ലാൻ മനസ്സിനൊരുമടി. രാവിലെ ഭാര്യയും ഭർത്താവും തമ്മിലുള്ള വഴക്ക് കുട്ടികൾ കേട്ടു. അവരുടെ അച്ഛൻ ദുർമാർഗിയാണ്. സ്വന്തം ഭാര്യ, സ്വന്തം കുട്ടികളുടെ മാതാവ്, ഉണ്ടായിരുന്നിട്ടുപോലും മറ്റൊരു സ്ത്രീയുമായി 'അവിഹിത വേഴ്ച' യ്ക്കു പോകുന്നയാൾ. കുട്ടികൾ എന്തു വിചാരിക്കും? പിതാവായ മഹിപാലിന് കുട്ടികളുടെ മുഖത്ത് എങ്ങനെ നോക്കാൻ കഴിയും? കല്യാണി പൂർണ മടയി ആണ്.

അവൾക്ക് ക്ഷോഭം വരാം. അത് സ്വാഭാവികമാണ്. എങ്കിലും അത് അവൾ പ്രകടിപ്പിച്ച രീതി. അത് അന്തസായ ഒന്നായിരുന്നില്ല. വിചിത്രമായ ചിന്തകളാണ് മനസ്സിൽ. മനോഭാവം പോലും വളരെ വിചിത്രം. നാലുവർഷം മുമ്പ് കുടലിൽ വ്രണം ഉണ്ടായതിനെത്തുടർന്ന് കല്യാണി രോഗശയ്യയിലായി. കർണലിനോടൊപ്പം ഡോ. ഷീലാ സിംഗ് ചികിത്സിക്കാനായി അയാളുടെ വീട്ടിൽ വന്നു. മഹിപാലിനോടു സംസാരിച്ചപ്പോൾ അവൾക്ക് അയാളോട് മാനസികമായ ഒരടുപ്പം ഉണ്ടായി. കർണലും തന്റെ സുഹൃത്തിന്റെ ഖ്യാതിയെയും വിശാലമനസ്കതയെയും മഹത്വത്തെയും കുറിച്ചെല്ലാം വർണിച്ചു. അതെല്ലാം ഷീലയുടെ മനസ്സിൽ പ്രഭാവം ചെലുത്തി, കലയുടെയും സാഹിത്യത്തിന്റെയും കാര്യത്തിൽ ഒട്ടൊക്കെ രുചിയുണ്ടവൾക്ക്. ഹിന്ദി സാഹിത്യത്തിൽ വലിയ പിടി ഒന്നുമില്ല. പ്രേംചന്ദിന്റെ ഒന്നും രണ്ടും കൃതികളും ശരത്ചന്ദ്രന്റെ ഒന്നുരണ്ടു നോവലുകളുടെ വിവർത്തനവും വായിച്ചിട്ടുണ്ട്. 'ഉഗ്ര'ന്റെ 'ചന്ദ് ഹസീനോം കേ ഖുതൂത്' അവൾക്കിന്നും ഓർമ്മയുണ്ട്. ഇത്രയും സാഹിത്യമൂലധനം വച്ചാണ് അവരുടെ സൗഹൃദത്തിനു തുടക്കം കുറിച്ചത്. അന്ന് മഹിപാലിന്റെ കയ്യിൽ കാശില്ലായിരുന്നതുകൊണ്ട്, കർണലിന്റെ കൈയിൽ നിന്നു കാശു കടം വാങ്ങിയാണ് തന്റെ പുസ്തകങ്ങളുടെ ഒരു സെറ്റുവാങ്ങി കർണൽ മുഖേന ഷീലയ്ക്കു സമ്മാനിച്ചത്. അതിനുശേഷം ഷീല ഫീസ് വാങ്ങിയില്ല. വിളിക്കാതെ തന്നെ വിസിറ്റിനെത്തും. കല്യാണിയെ രോഗമുക്തയാക്കുന്നതിൽ ഷീല അങ്ങേയറ്റം സഹായിച്ചു. കല്യാണിയോടും കുഞ്ഞുങ്ങളോടും ഷീല ഇണങ്ങിച്ചേർന്നു. ലേഖകനെന്ന നിലയിലും ഒരു വ്യക്തി എന്ന നിലയിലും ഷീലയ്ക്ക് മഹിപാലിനെ ഇഷ്ടമാണ്. കലയിലുള്ള താത്പര്യവും മഹാമനസ്കതയും സ്നേഹശീലവും

കാരണം മഹിപാലിന് ഷീലയോടും ആദരവുണ്ട്. അത്രയേ രണ്ടുപേരും തമ്മിൽ ബന്ധമുണ്ടായിരുന്നുള്ളു. ഒന്നിച്ചിരുന്നു കാപ്പികുടിക്കും. മഹിപാലിനോടൊപ്പം സജ്ജനോടും കർണലിനോടുമുള്ള അടുപ്പവും വർധിച്ചു. മാസങ്ങൾ ഇതേവിധത്തിൽ നീങ്ങി.

ഒരു ദിവസം മഹിപാൽ കോഫി ഹൗസിൽ തനിയെ ഇരിക്കുകയായിരുന്നു. ഷീല എത്തി. അന്ന് എന്തോ നല്ല മൂഡിലല്ലായിരുന്നു. അവിടെ ഇരിക്കാൻ തോന്നിയില്ല. മഹിപാലിനോട് ഒന്നു ചുറ്റിക്കറങ്ങിയാലെന്താ എന്നു ചോദിച്ചു. രണ്ടു പേരും കാറിലായിരുന്നു. സംസാരിച്ചുകൊണ്ട് കോളേജിന്റെ അവിടം വരെ എത്തി. കാറിൽ നിന്നിറങ്ങി ഏകാന്തമായ ഒരു സ്ഥലത്ത് രണ്ടുപേരുമിരുന്നു സംസാരിച്ചു. സംസാരത്തിൽ മുഴുകി ഒഴുകിയിരുന്ന ഷീലയുടെ കണ്ണുകൾ ഇടയ്ക്കിടെ മഹിപാലിന്റെ കണ്ണുകളുമായി കൂട്ടിമുട്ടി. ആ മിഴികളിൽ നിഴലിച്ച ഭാവം അയാളെ സംബന്ധിച്ചിടത്തോളം ഒരു പുത്തൻ അനുഭവമായിരുന്നു. നവമായ ഒന്ന്. അതിലയാളും ലീനനായി. അതിനേതാനും ദിവസം കഴിഞ്ഞതോടെ മഹിപാലിന്റെ ഏകപത്നീവ്രതത്തിന് ഭംഗംവന്നു. പാപമാണ് അനുഷ്ഠിക്കുന്നതെന്ന തോന്നലുണ്ടെങ്കിലും ഇന്നും ഷീലയെ കാണുമ്പോൾ നവമായ ഒരു അനുഭൂതിയാണ് അയാൾക്കുണ്ടാകുക. നാലുകൊല്ലം മുമ്പ് ഉണ്ടായ അതേ അനുഭൂതി. മഹിപാലിനെ ആശ്വസിപ്പിക്കാൻ അറിയാമെന്നതാണ് ഷീലയുടെ ഏറ്റവും വലിയ ഗുണം. ഇത്രയും കാലത്തിനിടയിൽ അവർ ഒരിക്കൽ പോലും വഴക്കടിച്ചിട്ടില്ല. അഭിപ്രായഭിന്നതകൾ ഉണ്ടെങ്കിൽ പോലും....... മഹിപാൽ മുൻകോപിയാണ്. ഉഗ്രസ്വഭാവിയാണ്. ഷീലയുടെ മുന്നിലും ഈ സ്വഭാവം പ്രകടിപ്പിക്കാറുണ്ട്. എങ്കിലും ഷീല അടുത്തുള്ളപ്പോൾ അയാളുടെ ഉഗ്രഭാവം പ്രകടിപ്പിക്കാനോ ജ്വലിക്കാനോ അവസരമുണ്ടാകാറില്ല. അയാളുടെ കോപം തുടങ്ങിയിടത്തുവച്ചുതന്നെ അവസാനിപ്പിക്കാനുള്ള കല ഷീലയ്ക്ക് വശമുണ്ട്. ഇത്രയൊക്കെ അടുത്ത് ഇടപഴകിയിട്ടും മഹിപാലിന്റെ സാമ്പത്തിക സ്ഥിതിയേക്കുറിച്ച് അയാളോട് ചോദിക്കുകയോ തന്റെ ഗാർഹിക കാര്യങ്ങൾ അയാളോട് പറയുകയോ ചെയ്തിട്ടില്ല. എന്നും അവർ കാണാറുമില്ല. രണ്ടുപേരും അവരവരുടെ ജോലിയിൽ, സ്വന്തം സമൂഹങ്ങളിൽ മുഴുകി കഴിയും. എങ്കിലും കൂടെക്കൂടെ കാണാതിരിക്കാൻ അവർക്കു കഴിഞ്ഞിരുന്നില്ല.

ഷീലയുടെ മധുരസ്മരണ മനസ്സിൽ ഇരമ്പിക്കയറി. അങ്ങോട്ടുപോയാലോ? അയാൾ ആലോചിച്ചു..... രാത്രി അവിടെത്തന്നെ കഴിച്ചുകൂട്ടാം.

അയാൾ എഴുന്നേറ്റു. ഒട്ടൊന്നറച്ചു. വീണ്ടും ആലോചിച്ചു. ഷീലയുടെ അടുത്തുപോകാതെ മറ്റു മാർഗമില്ല. സജ്ജന്റെ വീട്ടിലും പോകാം, പക്ഷേ ഈ സമയത്ത് ശരിയല്ല. സജ്ജൻ അയാളുടെ കണ്ണിൽ ഒരു 'ഹിപോക്രാറ്റാ'ണ്. കർണലിന്റെ വീടും സ്വന്തം വീടിനടുത്താണ്. അവിടെ ചെന്നാൽ അയാൾ ഉപദേശിച്ച് ശ്വാസം മുട്ടിക്കും. ഷീലയുടെ വീട്ടിലേക്കു തന്നെ പോകാം.

ആ വിചാരം ഉറപ്പിച്ചിട്ട് പത്തു ചുവടു നടന്നു. അതേ. ഇനിമേൽ ഷീലയുടെ അവിടെത്തന്നെ താമസിക്കാം. പക്ഷേ അങ്ങനെ കഴിയാനൊക്കുമോ? കാൽ വീണ്ടും വഴുതാൻ തുടങ്ങി. വീണ്ടും പരവശത... തന്റെ ജീവിതം അർഥശൂന്യമാണ്...... സന്യസിച്ചുകളയാം. എങ്ങോട്ടെങ്കിലും ഓടിപ്പോകാം.

പോകുന്നതിനുമുമ്പ് ഷീലയെ കണ്ട് വിടവാങ്ങാമെന്ന ചിന്തയോടെ അയാൾ

ഷീലയുടെ വീട്ടിലെത്തി.... വിടവാങ്ങാനാണ് ചെന്നത് എന്ന ഭാവത്തോടെ.

ബംഗ്ളാവിലെത്തി വേലക്കാരനോട് ചോദിച്ചതിൽ ഷീല വിസിറ്റ് കഴിഞ്ഞെത്തിയിട്ടില്ലെന്ന് മനസ്സിലായി. മണി ഒൻപതോടടുക്കാറായി. വേലക്കാരനോട് കാപ്പിയുണ്ടാക്കാൻ പറഞ്ഞിട്ട് ഷീലയുടെ ലിവിങ് റൂമിൽ പോയി സോഫയിൽ കിടന്നു. ഇരുപത് മിനിട്ട് കഴിഞ്ഞ് ഷീല വന്നു.

ഷീലയുടെ മുടിക്കെട്ടിൽ മൂന്നു മഞ്ഞ റോസാപ്പൂക്കളും കാതിൽ വൈരക്കല്ലും തിളങ്ങുന്നു. സന്തോഷത്തോടെയാണ് അവൾ കയറിവന്നത്. മഹിപാലിനെ കണ്ടതോടെ സന്തോഷം കരപൊട്ടി ഒഴുകി. “യൂ റാസ്കൽ, വാട്ട് ആർ യൂ ഡൂയിങ്ങ് അറ്റ് ദിസ് റ്റൈം ഒഫ് ദി നൈറ്റ് ? ഭാര്യ അടിച്ച് പുറത്തിറക്കിയോ?”

ഒരു പൊള്ളച്ചിരിയോടെ, അതെ എന്നയാൾ പറഞ്ഞു.

“സത്യം പറയൂ വഴക്കിട്ടു വന്നതാണോ?”

“ഹേയ് ഇല്ല.” തമാശ മട്ടിൽ ചിരിച്ചു തള്ളിയിട്ട് അയാൾ പറഞ്ഞു. “ഞാൻ വെറുതെ പറഞ്ഞതാണ്. ഇന്നു വൈകുന്നേരം ആ രണ്ടു മണ്ടൻമാരെയും കണ്ടില്ല. ഞാനാകെ ബോറടിച്ചു. കുറെ നേരം വിക്ടോറിയ പാർക്കിലിരുന്നു. അപ്പോൾ തോന്നി ഇങ്ങോട്ടു പോരാമെന്ന്, വന്നു. നീ ആഹാരമെല്ലാം കഴിച്ചോ?”

“അതെവിടുന്ന്, നിങ്ങളും ഒന്നും കഴിച്ചുകാണുകയില്ലല്ലോ?”

“അതല്ലേ ചോദിച്ചത്?”

“അബ്ദുൽ”

“വരുന്നു മിസ്” അകലെ നിന്ന് ശബ്ദം കേട്ടു.

മഹിപാലിന് ചിരിവന്നു. അതു കണ്ട് അവൾ ചോദിച്ചു. “എന്താ ചിരിക്കുന്നേ?”

“അബ്ദുൽ മിസ് എന്നു വിളിക്കുന്നത് കേട്ടു ചിരിച്ചുപോയതാണ്.”

ഷീല കാര്യം മനസ്സിലാക്കാൻ ഒരു മിനിട്ടെടുത്തു. പിന്നെ പൊട്ടിച്ചിരിച്ചു. അപ്പോഴേക്കും അബ്ദുൽ എത്തി. ഷീല ഗൗരവം പൂണ്ടിട്ട് “ങാ, സാറിന്നിവിടെയാണ് ഉണ്ണുന്നത്. എന്തുണ്ടാക്കിയിട്ടുണ്ട്?”

“കോഴി.”

“ശരി, ആഹാരം കൊണ്ടുവാ... ങാ നിൽക്ക്. മഹിപാൽ, ഡ്രിംഗ്സ് വല്ലതും വേണോ?”

“തീർച്ചയായും.”

അബ്ദുലിനോട് പിന്നൊന്നും പറയേണ്ട. ഷീലയുടെ കൈയിൽ നിന്ന് മേശയുടെ താക്കോൽ വാങ്ങി. മേശ തുറന്ന് അതിൽ നിന്ന് മറ്റൊരു താക്കോലെടുത്തു. അലമാര തുറന്നിട്ട് മേശപ്പുറത്ത് ഗ്ലാസുകളും വിസ്കിക്കുപ്പിയും എടുത്തുവച്ചു.

തീൻമേശയ്ക്കരുകിലിരുന്നിട്ട് ഷീല ചോദിച്ചു. “നിങ്ങളുടെ നോവൽ എന്തുവരെയായി?”

“മുന്നോട്ടു നീങ്ങുന്നില്ല.”

“ഉം?”

“പത്തു പതിനഞ്ചു ദിവസമായി എന്തെങ്കിലും എഴുതിയിട്ട്.”

“എത്രമാത്രം എഴുതി ഇതുവരെ?”

“അമ്പത്തിനാല് പേജ്.”

"പിന്നെ നിർത്തിയതെന്ത്?"

"പ്രത്യേകിച്ചൊന്നുമില്ല. ഇടയ്ക്ക് റേഡിയോയിലെ ചില ജോലികൾ വന്നു. പിന്നെ ദിവസവുമുള്ള ജോലിത്തിരക്കിനിടയിൽ സമയം കിട്ടിയില്ല."

"അത് മുഴുമിപ്പിക്കൂ. നല്ലൊരു ഇതിവൃത്തമാണ് എടുത്തിരിക്കുന്നത്." കോഴിയുടെ മേൽ കത്തി പ്രയോഗിച്ചു കൊണ്ട് മഹിപാൽ നിസ്സാരഭാവത്തിൽ പറഞ്ഞു – "ഓ പൂർത്തിയാക്കുന്നു ആർക്കുവേണം?"

"അതു കൊള്ളാം. എല്ലാ കലാകാരൻമാരും ഇങ്ങനെ കരുതിയാൽ നാളെ ആർട്ട് എന്നൊരു സാധനം ലോകത്തുണ്ടാവില്ല."

"എത്രയോ കേട്ടതാണിത്! പഴകി തുരുമ്പിച്ച പറച്ചിൽ. സിനിമാക്കാർ പോലും അവരുടെ ഡയലോഗിൽ ഇതു ചേർത്തു തുടങ്ങിയിട്ടുണ്ട്. നോക്കൂ ഷീല! ഒരെഴുത്തുകാരനെയും എഴുതാൻ പ്രേരിപ്പിക്കാൻ പറ്റില്ല. ലേഖകന് സ്വയം നിർബന്ധിക്കാനുമാവില്ല. കാരണം എഴുത്തുകാരനായാലും ആർട്ടിസ്റ്റായാലും അയാളുടെ കലയോട് സ്വയം സംബദ്ധനാണ്. ഒട്ടൊരു ശാന്തി കിട്ടുകയാണെങ്കിൽ അയാളുടെ ജോലി സ്വയം നടക്കും."

"എന്താ, ഇയ്യിടെയായി പ്രത്യേകിച്ച് വിഷമതകൾ വല്ലതുമുണ്ടോ?"

ചോദ്യം കേട്ട് അയാൾ സ്വയം ഒന്നു നിയന്ത്രിച്ചു. "പ്രത്യേകിച്ചെന്തു വിഷമം. ഞാ അനന്തരവളുടെ കല്യാണക്കാര്യത്തെക്കുറിച്ചുള്ള ചിന്തയാണ്. എന്നും വല്ലിടത്തും ജാതകം വാങ്ങാനും നാൾ നോക്കാനും ചെറുക്കന്റെ വീട്ടുകാരെ പ്രീതിപ്പെടുത്താനും ഒക്കെ നടക്കണം. ഈ കുഴപ്പങ്ങൾ കാരണം മനസ്സിന് വല്ലാത്ത ഭാരം."

"ശകുന്തളയുടെ കല്യാണം വല്ലടത്തും ഉറച്ചോ?"

"ആദ്യം ഒരു വരനെ കണ്ടുകിട്ടട്ടെ. നമ്മുടെ നാട്ടുനടപ്പും വിചിത്രം തന്നെ. വലിയ വില കൊടുത്തുവാങ്ങുന്ന സാധനത്തിൻ മേൽ പോലും നമുക്കധികാരമില്ല. പെണ്ണിനു വേണ്ടി ചെറുക്കനെ വിലകൊടുത്തു വാങ്ങിയാൽ പോലും സർവ വിധത്തിലും മടയരാകുന്നത് നമ്മളാണ്. അപമാനം സഹിക്കേണ്ടതും നാം തന്നെ."

"മഹിപാൽ ഈ ജാതിയും സമ്പ്രദായവുമൊക്കെ ഒന്നു തകർക്കാൻ നിങ്ങൾക്കാവില്ലേ? നിങ്ങളെപ്പോലുള്ള ആളുകൾ എങ്കിലും ഇക്കാര്യത്തിൽ നേതൃത്വം നൽകിയില്ലെങ്കിൽ നമ്മുടെ സമൂഹത്തിനൊരു മാറ്റം എങ്ങനെയാണുണ്ടാവുക?"

"ഞാൻ ആയിരം തവണ മാറ്റാനൊരുക്കമാണ്. പക്ഷേ നിങ്ങളുടെ വർഗത്തിൽപ്പെട്ട അവൾ പറയുകയാണ്, ശകുന്തളയെ നിങ്ങൾ കുറഞ്ഞ ജാതിക്കാരനു വല്ലവനും കെട്ടിക്കൊടുത്താൽ ഞാൻ വിഷം തിന്ന് ചത്തുകളയുമെന്ന്."

സാഹചര്യത്തിന്റെ ഗൗരവം അറിഞ്ഞിരുന്നിട്ടു കൂടി മഹിപാൽ അതു പറഞ്ഞ രീതി കേട്ട് ഷീലക്ക് ചിരി വന്നു. "നിങ്ങൾ കല്യാണിയെ ശരിക്കും അനുകരിക്കുന്നുണ്ടല്ലോ? ശരി, ഞാൻ കാണട്ടെ പറഞ്ഞു മനസ്സിലാക്കാം."

മഹിപാൽ അതിന് മറുപടി ഒന്നും പറഞ്ഞില്ല. ഭക്ഷണത്തിൽ മുഴുകിയിരുന്നു.

"അബ്ദുൽ..."

"എന്തോ..."

"ഈ ഗ്ളാസ് ഒന്ന് നിറയ്ക്കെടോ."

"ശരി സാർ."

ഷീല പറഞ്ഞു. "എനിക്ക് നിങ്ങളുടെ വിഷമതയറിയാം. ചെറുക്കന്റെ ആൾക്കാർ കുന്നിനൊപ്പം സ്ത്രീധനം ചോദിച്ചിരിക്കും."

"ചോദിക്കട്ടെ നശിച്ചവൻമാർ" ഗ്ലാസിൽ നിറം പകർന്നതോടെ, മനസ്സിൽ പുതിയ ഒരു മത്ത് പരന്നു. "ഞാൻ അതിനെക്കുറിച്ചൊന്നും ചിന്തിക്കാറില്ല. അവൾക്ക് അഭിമാനം വേണമെങ്കിൽ അവൾ തന്നത്താനെ നോക്കിക്കോട്ടെ."

"കുറച്ചു കൂടി ഒഴിക്കട്ടോ?" ഗ്ലാസിൽ രണ്ട് പെഗ്ഗോളം പകർന്നിട്ട്, അവൻ സോഡാക്കുപ്പി തുറക്കുകയായിരുന്നു. സോഡാ താഴെ വച്ചിട്ട് അവൻ വിസ്ക്കി ക്കുപ്പി എടുത്തു. രണ്ടു പെഗ്ഗു കൂടി ഒഴിച്ചു.

"ഓവറാണെന്നു തോന്നുന്നില്ലേ?" ഷീല ചോദിച്ചു.

"ഐ നീഡ് ഇറ്റ്."

അബ്ദുൽ കുപ്പി അടച്ചു വയ്ക്കുന്നത് കണ്ടിട്ട് ചോദിച്ചു.

"മിസിന് ഒഴിക്കുന്നില്ലേ?"

"എനിക്കിനി വേണ്ട."

"കമ്പനിക്കുവേണ്ടി."

"വേണ്ട, രാവിലെ പേഷ്യന്റ്സിനെ കാണാനുണ്ട്."

"ഒരു പെഗ്ഗ് – കൂട്ടിനിവേണ്ടി."

"അബ്ദുൽ നീ പൊയ്ക്കോ. ഞാനൊഴിച്ചോളാം."

അബ്ദുൽ പോയ ശേഷം ഷീല എഴുന്നേറ്റ് മഹിപാലിന്റെ ഗ്ലാസ്സിൽനിന്ന് ഒരു പെഗ്ഗോളം തന്റെ ഗ്ലാസ്സിലേക്കു പകർന്നു. പിന്നീട് സോഡാ ചേർത്തു. ഗ്ലാസ്സുകൾ കൂട്ടിമുട്ടി. രണ്ടുപേരും പ്രേമചഷകം നുകർന്നു. ഗ്ലാസ്സ് താഴെവച്ചിട്ട് ആഹാരം കഴിച്ചുകൊണ്ടിരിക്കേ ഷീല ചോദിച്ചു –

"മഹിപാൽ ഒരു കാര്യം പറയട്ടെ?"

"എന്താണ്."

"എന്റെ ഒരുപാടു രൂപാ ബ്ലായ്ക്കായി കിടക്കുകയാണ്. അതൊന്നു 'വൈറ്റാക്കി' മാറ്റാൻ സഹായിക്കുമോ?"

"ഇല്ല."

"ആദ്യം ഞാൻ പറയുന്നതൊന്നു കേൾക്കൂ. ഒരുപകാരം ചെയ്താൽ മതി. പറ്റിയ ഒരാളെ കണ്ടുപിടിച്ചുതരണം."

"എന്തോന്നിന്?"

"ഞാൻ പബ്ലിക്കേഷൻ തുടങ്ങാനാഗ്രഹിക്കുന്നു. പിന്നെ നിങ്ങളുടെ എല്ലാ പുസ്തകങ്ങളും പബ്ലിഷ് ചെയ്യാനുള്ള അവകാശം എനിക്കു തരണം. അവ അച്ചടിച്ചയിടങ്ങളിൽ നിന്നെല്ലാം 'സ്റ്റോക്ക്' ഞാൻ വാങ്ങിക്കൊള്ളാം. വിറ്റുതീർന്ന വയ്ക്കു പകരം പുതിയ പതിപ്പുകൾ ഇറക്കാം. പുസ്തകങ്ങളുടെ വ്യാപാര കാര്യ ങ്ങൾ അറിയാവുന്ന ഒരു നല്ല മാനേജരെ കണ്ടുപിടിച്ചു തന്നാൽ മതി. ഈ ഉപ കാരമേ വേണ്ടു."

മഹിപാൽ മൂകനായി കേട്ടുകൊണ്ടിരുന്നു. ഷീല എല്ലാം പറഞ്ഞവസാനിപ്പി ച്ചിട്ടും അയാൾ ഒന്നും മിണ്ടിയില്ല. ഷീല വീണ്ടും ചോദിച്ചു – "പറയൂ സമ്മത മാണോ? പിന്നെ ഒരു കാര്യം ആദ്യമേ പറഞ്ഞേക്കാം. ഇതു തികച്ചും ബിസി

നസ്സ് ഫോർമുലയാണ്. ഈ വിലക്കയറ്റക്കാലത്തും ആളുകൾ കുറച്ചു പുസ്ത കങ്ങളൊക്കെ വാങ്ങാറുണ്ട്. പുതിയ പബ്ലിസിറ്റി ടെക്നിക്കുകൾ വഴി ഞാൻ സെയിൽസ് വർധിപ്പിക്കും. കണ്ടോളൂ."

മഹിപാൽ ചിരിച്ചു. പൊള്ളയായ ചിരി. ഷീല അയാളെ നോക്കി. മഹിപാൽ പറഞ്ഞു "നിന്റെ കയ്യിൽ നിന്ന് ഒന്നും വാങ്ങാതിരുന്നിട്ടും ലോകർ എന്നെ പഴി ക്കുന്നു. പിന്നെ നിന്റെ പൈസ കൊണ്ട് എന്റെ പുസ്തകം അച്ചടിക്കാൻ തുട ങ്ങിയാൽ ആളുകളുടെ ഇന്നത്തെ അപവാദം പറച്ചിൽ മാത്രമല്ല ചരിത്ര ത്തിൽപോലും എന്റെ കളങ്കം രേഖപ്പെടുത്തപ്പെടും."

"ഇതാണ് നിങ്ങളുടെ കുഴപ്പം. സ്വന്തം കാര്യം വരുമ്പോൾ ഈ നിർബന്ധ ബുദ്ധി. ജീവിതത്തിന്റെ പകുതിയും ജിവിച്ചു കഴിഞ്ഞില്ലേ? ഇനിയും ഈ മൂഢ ത്തരത്തിൽ മുഴുകിക്കഴിയണോ? ഞാൻ സത്യമാണ് പറഞ്ഞത്. ഈ ആലോച നയുണ്ടായിട്ട് ഏറെനാളായി. വളരെയേറെ ചിന്തിച്ചശേഷമാണ് ഇന്ന് നിങ്ങളോ ടിതു പറഞ്ഞത്. ഇതിൽ നമുക്ക് രണ്ടാൾക്കും ഗുണമുണ്ട്. സെയിൽസ് വർധി പ്പിക്കാനും പബ്ലിസിറ്റിക്കും വേണ്ടി എന്തൊക്കെ പരിപാടി ഞാൻ ആലോചിച്ചു വച്ചിട്ടുണ്ടെന്നോ?"

"ഒക്കെയിരിക്കട്ടെ. എനിക്കൊന്നും കേൾക്കണ്ട."

"ഈ മുട്ടാപ്പിടി പിടിക്കരുത്...നിമിഷനേരത്തേക്കു നിങ്ങൾ എന്റെയാണെ ന്നത് മറക്കൂ. നാം രണ്ടു സാധാരണ സുഹൃത്തുക്കൾ. രണ്ടുപേരും ചേർന്ന് ബിസിനസ്സ് നടത്തുന്നു. അതിലെന്താണ് തെറ്റ്? ലോകരെന്തു പറയുമെന്നത് കളയൂ... ലോകം എന്തൊക്കെ ചെയ്യുന്നെന്ന് ആരു കണ്ടു?"

"എനിക്കു ലോകത്തെയല്ല, എന്റെ മനസ്സിലെ കള്ളനെയാണ് പേടി."

"നിങ്ങൾക്കു പേടിയുമില്ല മണ്ണാങ്കട്ടയുമില്ല. സത്യം പറഞ്ഞാൽ തെറ്റിദ്ധരി ക്കരുത്. നിങ്ങൾ ഒരു മടയനാണ്...തമാശയല്ല ഞാൻ പറയുന്നത്. നിങ്ങൾ ആവ ശ്യമില്ലാതെ സ്വയം അസ്വസ്ഥനാകുകയാണ്. മറ്റുള്ളവരെ പഴിക്കുന്നത് വെറുതെ."

മഹിപാൽ എന്തോ പറയാൻ തുടങ്ങുമ്പോഴേക്കും കാര്യം വിശദമാക്കാനായി ഷീല തുടർന്നു. "നോക്കൂ, ഞാനെന്തൊക്കെ സ്ക്കീമുകൾ ആലോചിച്ചിട്ടു ണ്ടെന്നോ, എല്ലാ സ്ക്കൂളുകളിലും കോളേജുകളിലും സർവകലാശാലകളിലും പബ്ലിസിറ്റി കൊടുക്കും. നിങ്ങളുടെ പുസ്തകം വായിച്ചിട്ട് അതിന്റെ ക്രിട്ടിസിസം തരാൻ. ആ മത്സരത്തിൽ ജയിക്കുന്നവർക്കു സമ്മാനം കൊടുക്കും... അങ്ങനെ നിങ്ങളുടെ പുസ്തകം വാങ്ങാനും വായിക്കാനും ആളുകൾ മുന്നോട്ടുവരും..."

അതുകേട്ടപ്പോൾ മഹിപാലിന്റെ മനസ്സിൽ സന്തോഷം തോന്നി. മരുഭൂമിയി ലൂടെ നടന്നു പോകുന്ന പഥികന് വെള്ളം കിട്ടിയ പ്രതീതി. ആളുകൾ തന്റെ പുസ്തകം വായിക്കണമെന്നും അതിനെ പ്രകീർത്തിക്കണമെന്നും മഹിപാലി നാഗ്രഹമുണ്ട്. എന്നാൽ ഈ സ്വാർഥസിദ്ധിക്കായി അഭിമാനം തകരാൻ അയാൾ അനുവദിക്കില്ല. ഷീലയെ നിരുത്സാഹപ്പെടുത്താനായി അയാൾ പറഞ്ഞു "ഈ പ്രസിദ്ധീകരണം ഒരു നിസ്സാരപണിയൊന്നുമല്ല. മുഴുവൻ സമയവും കഠിനാ ധ്വാനം വേണ്ടിവരുന്ന ഒന്നാണത്. നിനക്കതിന് സൗകര്യം എവിടെ?"

"എനിക്കു സമയവും സൗകര്യവും ഉണ്ടോ എന്ന് നിങ്ങൾക്കെങ്ങനെ അറിയാം? ഒരു ബിസിനസ്സ് മാനേജരെ ഏർപ്പാടുചെയ്തുതന്നാൽ മതി. മറ്റെല്ലാം ഞാൻ നോക്കിക്കൊള്ളാം...നോക്കൂ മഹിപാൽ വെറുതെ കെട്ടിക്കിടക്കുന്ന എന്റെ

പണത്തിനൊരു പ്രയോജനമുണ്ടാകും. നിങ്ങൾക്കു റോയൽറ്റി തുക കണിശ മായി കിട്ടിക്കൊണ്ടിരിക്കുകയും ചെയ്യും. വിലയിടിവിന്റെ ഇക്കാലത്തുപോലും, ഞാൻ നിങ്ങളുടെ പുസ്തകങ്ങളുടെ വിൽപ്പന വർധിപ്പിക്കും."

"മതി മതി. ഇനി വേറെ വല്ലതും പറയൂ."

"ഞാൻ പ്രധാനപ്പെട്ട ഒരു കാര്യമാണ് പറയുന്നത്."

"ഞാൻ ജീവിച്ചിരിക്കെ നിനക്കീബിസിനസ്സ് നടത്താൻ പറ്റില്ല. ഞാൻ മരി ച്ചിട്ട്...."

"മഹിപാൽ" ഷീല ഒട്ടൊന്നുറക്കെ വിളിച്ചുപോയി. "ഞാൻ പറയുന്നത് നിങ്ങൾ കേൾക്കില്ലേ..." അവൾ ചോദിച്ചു.

ഗ്ലാസ് കൈയിലെടുത്തിട്ട് നേരിയ ചിരിയോടെ മഹിപാൽ പറഞ്ഞു "ശരി. ഇന്നുതന്നെ പൂർത്തിയാക്കാവുന്ന ഏതു കാര്യം നീ പറഞ്ഞാലും ഞാൻ അനു സരിക്കാം...."

"എന്നുവച്ചാൽ...."

"ഞാനിന്ന് നിന്നോടവസാനമായി യാത്രചോദിക്കാൻ വന്നതാണ്."

ഷീല തളർന്നുപോയി. അവൾക്കൊന്നും മനസ്സിലായില്ല. ഒരുവിധം നിയ ന്ത്രിച്ചിട്ട് "നിങ്ങൾ എന്താണീപറയുന്നത്...?" അവൾ വിക്കിവിക്കി ചോദിച്ചു.

രണ്ടുപേരും കട്ടിലിൽ ഇരിക്കുകയാണ്. ഒറ്റ കമ്പിളി പുതച്ച്...ഷീല ദുഃഖിത യാണ്. അവളെ ചൊല്ലി മഹിപാൽ ഇത്രയും ദുഷ്പേര് കേൾക്കേണ്ടിവന്നില്ലേ? ആ വേദന അവളുടെ ഹൃദയം നുറുക്കുന്നു. ഒട്ടുനേരം മൂകയായിരുന്നിട്ട്, പെട്ടെന്ന് തിരിഞ്ഞ് മഹിപാലിന്റെ കഴുത്തിൽ കരങ്ങൾചുറ്റി അയാളെ മാറിലേക്കണച്ചിട്ട് അവൾ പറഞ്ഞു "ലോകർ പറഞ്ഞോട്ടെ...."

"ലോകരെ ഞാനും കാര്യമാക്കുന്നില്ല... പക്ഷേ കാര്യം കല്യാണിയും പിള്ളേ രുമറിഞ്ഞു. നിന്നെ ഇന്നലെവരെ കണ്ടിരുന്ന രീതിയിലായിരിക്കില്ലല്ലോ മേലിൽ അവർ കാണുന്നതെന്ന ചിന്തയാണ് എന്നെ വേദനിപ്പിക്കുന്നത്....ഒന്നുകിൽ അവരെ അല്ലെങ്കിൽ നിന്നെ, ഏതെങ്കിലും ഒന്ന് ഉപേക്ഷിക്കേണ്ട നിലയാണ് എനിക്കു വന്നിരിക്കുന്നത്."

ഷീല ഒന്നും പറഞ്ഞില്ല. അവൾ മരവിച്ചിരുന്നു. "വീട്ടിലും പുറമെയും കുറ ച്ചുനാൾ കഴിയുമ്പോൾ ഈ ഒച്ചപ്പാട് ഒതുങ്ങിത്തീരുമെന്നറിയാം. ഒച്ചപ്പാടോടെ തുടങ്ങുന്ന ഏതൊന്നും പിന്നീട് കെട്ടടങ്ങും...അതിനുശേഷം നമുക്കിതുപോലെ വീണ്ടും കാണാം. അന്ന് ലോകർ നാണം കെട്ടവരെന്ന് പുച്ഛിച്ച് നമുക്ക് നേരെ വിരൽ ചൂണ്ടാൻ നിൽക്കാതെ നമ്മെ നമ്മുടെ പാട്ടിന് വിട്ടേക്കും."

ഷീല നിവർന്നിരുന്നു. "നോക്കൂ മഹിപാൽ, നമ്മുടെ സത്യം നമുക്കറിയാം. നാം ലോകത്തിന്റെ കണ്ണിൽ നിന്ന് ഒളിക്കുന്നതെന്തിന്? നമ്മുടെ സത്യത്തെ ലോകം തെറ്റായി കാണുന്നെങ്കിൽ കണ്ടോട്ടെ. നാം എന്തിനതിനെ തെറ്റായി കാണുന്നു? പിന്നെ, ഞാനൊന്നു ചോദിക്കട്ടെ... ഇത്രയും നാളായില്ലേ? കല്യാ ണിയുടെ അവകാശത്തെയും അധികാരത്തെയും ഞാനിതുവരെ ചോദ്യം ചെയ്തി ട്ടുണ്ടോ? പിടിച്ചെടുക്കാൻ ശ്രമിച്ചിട്ടുണ്ടോ? പിന്നെ കല്യാണി എന്റെ അവകാശം തട്ടിക്കളയാൻ ശ്രമിക്കുന്നതെന്തിന്?"

"നീ കല്യാണിയുടെ കയ്യിൽ നിന്ന് എന്നെ തട്ടിയെടുത്തു. കഴിഞ്ഞ 20 വർഷ ങ്ങളായി അവളുടെ ഏകച്ഛത്രാധികാരത്തിലിരുന്ന ഒരു പുരുഷനെയാണ് നീ

ഇന്ന് പങ്കിട്ടെടുത്തിരിക്കുന്നത്."

"കല്യാണിക്ക് നിങ്ങളെ ജയിച്ചടക്കാൻ കഴിഞ്ഞിടത്തോളം നിങ്ങൾ ഇന്നും അവളുടെയാണ്. അതേസമയം ഞാൻ ജയിച്ചെടുത്ത ഭാഗം എന്നിൽ നിന്ന് പിടിച്ചെടുക്കാൻ അവൾക്കെന്തധികാരം? ഞാൻ ഒരിക്കലും നിങ്ങളെ പിരിയില്ല. സത്യം ചെയ്യൂ മേലിൽ ഇത്തരം കാര്യങ്ങൾ എന്റെ മുമ്പിൽ വച്ച് പറയില്ലെന്ന്. ത്രികോണ പ്രേമത്തിന്റെ നൂലാമാലകളിൽ നട്ടം തിരിയാനുള്ള പ്രായമല്ല നമ്മുടേത്...ഇന്നു വരെ നാം കഴിഞ്ഞതുപോലെ മേലിലും കഴിയാം. പറയൂ വാക്കുതരൂ, ഇതിൽനിന്ന് പിന്മാറില്ലെന്ന്..."

മഹിപാലിന്റെ പുരുഷത്വം പിൻവാങ്ങാൻ സന്നദ്ധമല്ലായിരുന്നു. "ഞാനിതാ വാക്കുതരുന്നു. നമ്മുടെ ഈ ബന്ധം എന്നെന്നും നിലനിൽക്കും." മദ്യത്തിന്റെ ലഹരിയിൽ ആ പ്രതിജ്ഞയെടുക്കൽ ഒട്ടൊരാവേശം നൽകി. എന്നാൽ അയാൾ സ്വബോധം വിട്ടിരുന്നില്ല. അർധ ബോധാവസ്ഥയിലും സ്വന്തം അഭിമാനത്തെ കുറിച്ചയാൾക്ക് ഓർമയുണ്ട്. "ഠാ.. നീ മറ്റൊരു സത്യം കൂടി ചെയ്യണം. മേലിൽ എന്റെ മുമ്പിൽവച്ച് ഈ ബിസിനസ്സ് കാര്യങ്ങൾ ഒന്നും പറയില്ലെന്ന്.. നീ ലക്ഷാധിപയായിരിക്കാം.. നിന്റെ ലക്ഷത്തെ ഞാനിന്നുവരെ സാരമാക്കിയിട്ടില്ല."

"ഇല്ല, ഇനി അതൊന്നും പറയില്ല" തന്റെ തെറ്റിന് മാപ്പു ചോദിക്കുംമട്ടിൽ തല അയാളുടെ മാറിൽചേർത്തിട്ട്, അയാളുടെ ഹൃദയത്തോടെന്നവണ്ണം പറഞ്ഞു.......ചതുരയായ സ്ത്രീക്ക് പുരുഷനെ സാന്ത്വനപ്പെടുത്താനുള്ള കഴിവ്!

ഷീലയുടെ വീട്ടിൽ നിന്നിറങ്ങുമ്പോൾ രാത്രി ഒന്നരമണി കഴിഞ്ഞിരുന്നു. കാർ അയാൾ എടുത്തില്ല. "നഗരത്തിൽ ഒന്നിനും ഒരു വിഷമവും കാണില്ല. ആ കവലയിൽനിന്ന് റിക്ഷയോ കുതിരവണ്ടിയോ പിടിച്ചോളാം."

നിർബന്ധിച്ചാണ് അവൾ ഷാൾകൂടി കൊടുത്തയച്ചത്. തണുപ്പ് നല്ലവണ്ണമുണ്ടായിരുന്നതിനാൽ മഹിപാൽ നിഷേധിച്ചുമില്ല. റോഡിലെത്തി... ഇനി എങ്ങോട്ട് പോകും...? അയാൾ സ്വയം ചോദിച്ചു.

സംസ്കാരത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് ചിന്തിച്ചും വിശകലനം ചെയ്തും അയാൾ നടന്നു. ഗോമതീതീരത്തുള്ള ഒരമ്പലത്തിന്റെ മണ്ഡപത്തിനടുത്തയാളെത്തി. ജ്ഞാനകാര്യങ്ങളെക്കുറിച്ചായി പിന്നെ ചിന്ത. അതിനിടയിലും കുറവുകളുടെയും അഭാവങ്ങളുടെയും അടിമയാണ് താനെന്ന വിചാരം അയാളുടെ ഹൃദയത്തിൽനിന്ന് ഒഴിഞ്ഞു മാറിയിരുന്നില്ല. ആ ചിന്ത കാരണം വിവേചനബുദ്ധിക്ക് വികസിക്കാനാവുന്നില്ല. അയാളുടെ തീരുമാനങ്ങൾക്കും നിഗമനങ്ങൾക്കും ന്യായത്തിന്റെയും ഔചിത്യത്തിന്റെയും ആശ്രയം കിട്ടുന്നില്ല. താൻ ദുർബലനാണ്. അന്യായിയാണ്.. വീട് വിടാനുള്ള നിശ്ചയം അനുചിതമാണ്.. പാപമാണ്. ഹൃദയദൗർബല്യം അയാളെ ശ്വാസം മുട്ടിച്ചു. ആകാശത്ത് മിന്നിത്തിളങ്ങിയിരുന്ന നക്ഷത്രങ്ങൾക്ക് മങ്ങൽ നേരിട്ടു.... രാത്രി ഇപ്പോൾ അവസാനിക്കും? പകൽ എവിടെ കഴിച്ചുകൂട്ടും? എങ്ങനെ കഴിയും? ഇങ്ങനെ പിടഞ്ഞ് പിടഞ്ഞ് എങ്ങോട്ടുപോകാൻ? ഈ പിടയലാണോ തന്റെ ജീവിത ലക്ഷ്യം? ഈ വിചാരം തന്നെ ഭീരുത്വമല്ലേ? താൻ ചെയ്യുന്നതെല്ലാം സമയം കളയാൻവേണ്ടിയാണോ? തനിക്ക് സാമൂഹ്യമായി യാതൊരു വിലയുമില്ലേ? ഒരു പിതാവായ തനിക്ക്, കുട്ടികളോട് കർത്തവ്യമില്ലേ? എത്രനാൾ ഇങ്ങനെ മുഖം കാണിക്കാതെ നടക്കാനൊക്കും? എല്ലാ വൈഷമ്യങ്ങളും നേരിട്ട് ഇതിനെ എതിരിട്ടാലേ പറ്റൂ...

വീട്ടിൽ പോകണം, കല്യാണിയെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കാം. പിന്നെ എല്ലാം വരുമ്പോലെ കാണാം...

മഹിപാൽ വീട്ടിനുമുമ്പിലെത്തിയിട്ട് വീണ്ടും തിരിഞ്ഞു നടന്നു. വാതിൽ മുട്ടി വിളിക്കാൻ ധൈര്യം വരുന്നില്ല.

പതിവുള്ള സമയത്ത് അയാൾ കർണലിന്റെ വീട്ടിലെത്തി. തങ്ങളുടെ സുഹൃത്ത് കഴിഞ്ഞ ദിവസം രാവിലെ മുതൽ വീട്ടിൽനിന്ന് ഒളിച്ച് നടക്കുകയാണെന്ന കാര്യം, കർണലും സജ്ജനും അറിഞ്ഞില്ല. സങ്കൽപ്പിച്ചുപോലുമില്ല.

20

"അല്ല സാറേ, അവൾ പറയുന്നതായിരിക്കും ശരി. ഇക്കാലത്ത് സന്യാസിമാരെയും യോഗികളെയും ഒന്നും വിശ്വസിച്ചൂടാ."

നാൽക്കവലയിൽ നിന്ന് അല്പം മാറി ചായക്കടയുടെ മുന്നിൽ ഒരാൾക്കൂട്ടം. റോഡിന്റെ പകുതിയോളം ആളുകൾ നിറഞ്ഞുനിൽപ്പുണ്ട്.

ചിലർ തിക്കി ഉള്ളിലോട്ട് കടന്ന് തമാശ നോക്കുന്നു. കണ്ടു കഴിഞ്ഞ ചിലർ തള്ളിയും ഉന്തിയും പുറത്തേക്കു വരുന്നു. ഒരു സ്ത്രീ ഉച്ചത്തിൽ ശകാരിക്കുന്ന ശബ്ദം. അതോടൊപ്പം ആളുകളുടെ കലപില ശബ്ദവും. ആകെ ബഹളം തന്നെ.

സജ്ജൻ പതിവുസ്ഥാനത്ത് കാർ കൊണ്ടു നിറുത്തി. വരുമ്പോഴേതന്നെ ആൾക്കൂട്ടം ശ്രദ്ധയിൽപെട്ടിരുന്നു. കാറിൽ നിന്നിറങ്ങി, ഡോർ പൂട്ടിയിട്ട് അവിടെത്തന്നെ നിന്നുകൊണ്ട് ജനക്കൂട്ടത്തെ ഒന്നു നോക്കി. അടുത്തുകൂടെ നടന്നു പോയ രണ്ടുപേരുടെ സംഭാഷണം കേട്ടപ്പോൾ അവിടെ നടക്കുന്ന തമാശ കാണാൻ അയാൾക്കും കൗതുകം തോന്നി.

കൂട്ടത്തിനിടയിലേക്ക് കടന്നപ്പോൾ, അവിടെ ഒരു കസേരയിൽ വക്കീലിന്റെ ഭ്രാന്തിയായ പുത്രവധു ഇരുന്ന് കരയുകയും ഉറക്കെ ശകാരിക്കുകയും ചെയ്യുന്നതു കണ്ടു. അടുത്ത് ലങ്കോട്ടിധാരിയായ ഒരു വൃദ്ധസന്യാസി പുഞ്ചിരിയോടെ നിൽക്കുന്നു. തനിക്ക് പരിചിതയായ ആ ഭ്രാന്തി അവിടെ നടക്കുന്ന തമാശയുടെ നായികയാണെന്നു കണ്ട്, വെറും കാഴ്ചക്കാരനായി അടങ്ങി നിൽക്കാൻ സജ്ജന് കഴിഞ്ഞില്ല. മുന്നോട്ട് കടന്നുചെന്ന് അവളുടെ ശിരസ്സിൽ കൈ വച്ചിട്ട് ചോദിച്ചു:

"എന്താ കാര്യം?"

അയാൾ ചോദിച്ചുതീരുംമുൻപുതന്നെ മുങ്ങിച്ചാകാൻ പോകുന്നവനൊരാശ്രയം കിട്ടിയമാതിരി ഭ്രാന്തി ചാടിയെണീറ്റു. സന്തോഷം കൊണ്ട് ഗദ്ഗദമാർന്ന സ്വരത്തിൽ അവൾ പറഞ്ഞു: "ഓഹ്.. യൂ ഹാവ് കം ജന്റിൽമാൻ. എന്നെ ഇവരിൽ നിന്ന് രക്ഷിക്കൂ.. ഇയാൾ സന്യാസിയും കിന്യാസിയുമൊന്നുമല്ല. കശാപ്പുകാരനാണ്. എന്നെ വേശ്യയാക്കാനാണിയാളുടെ ശ്രമം. ഞാൻ വേശ്യയാണോ? നിങ്ങൾ തന്നെ പറയൂ. ഞാൻ വലിയ കുടുംബത്തിലെ അല്ലേ? എന്റെ രാജേശ് ഇതറിഞ്ഞാൽ ഈ ബാബാജിയെ വെടിവയ്ക്കും. എന്നെ എന്റെ രാജേശിന്റെ അടുത്തുകൊണ്ടാക്കൂ. ..എന്റെ ക്യാപ്റ്റൻ രാജേശ്. അദ്ദേഹം വന്നിതു കണ്ടാൽ ഈ ആളുകളെയെല്ലാം പടാപടാ ഷൂട്ട് ചെയ്യും. ..പിന്നെ ഈ സന്യാസി ദുഷ്ടനെ...."

മുഷ്ടി ചുരുട്ടിക്കൊണ്ടവൾ സന്യാസിയുടെ നേരേ നീങ്ങി. സജ്ജൻ, രണ്ടു കയ്യിലും പിടിച്ച് അവളെ തടഞ്ഞുനിറുത്തിയിട്ട് “നിങ്ങൾക്ക് വീട്ടിൽ പോകണോ?” എന്നു ചോദിച്ചു.

“ആ കെഴവന്റെ അടുത്തോ! വേണ്ട. ഒരിക്കലുമില്ല... എന്റെ രാജേശിന്റെ അടുത്തുകൊണ്ടാക്കിയാൽ മതി. ഇപ്പോൾതന്നെ എന്നെ അങ്ങോട്ടുകൊണ്ടുപോകൂ. ഇനി ഞാനിവിടെ നിൽക്കില്ല. വരൂ. പോകാം.” അവൾ സജ്ജനെ ഉന്തി, മുന്നോട്ട് നടക്കാൻ പ്രേരിപ്പിച്ചു.

തൊട്ടടുത്തു നിന്നിരുന്ന വൃദ്ധസന്യാസിയെ സജ്ജൻ ഒന്നു നോക്കി. പല്ലു കൊഴിഞ്ഞ് കണ്ണിനു താഴെയും കവിളിലും ചുളുവുകൾ വീണ മുഖത്തു മാത്രമേ വാർധക്യത്തിന്റെ ലക്ഷണമുള്ളു. ആരോഗ്യമുള്ള ബലിഷ്ഠശരീരമാണ്. കറുപ്പാണെങ്കിലും തിളങ്ങുന്ന നിറം.

സജ്ജൻ സന്യാസിയെ നോക്കുന്നതു കണ്ട് ഭ്രാന്തി ചോദി ച്ചു.“സന്യാസിയെ നോക്കുന്നതെന്തിന്? എന്നെ തടയാൻ അയാൾക്കു കഴിയില്ല.” സജ്ജൻ പിടിച്ചു വച്ചിരുന്ന കരം വലിച്ചെടുക്കാൻ അവൾ ശ്രമിച്ചു. സന്യാസി സജ്ജനോടായിപ്പറഞ്ഞു “ആൾക്കൂട്ടം കണ്ടിട്ടാണീ ഇളക്കം. താങ്കൾ ദയവായി ഒന്നിങ്ങോട്ടു വരൂ. അവരുടെ കൈ വിട്ടേക്കൂ..”

സജ്ജൻ ഭ്രാന്തിയുടെ കൈ വിട്ടിട്ട് സന്യാസിയുടെ പിന്നാലെ ജനക്കൂട്ടത്തിനു പുറത്തേക്കുനടന്നു. ഭ്രാന്തി അയാളുടെ കൈ കടന്നുപിടിച്ചിട്ട് “വേണ്ട ബാബയുടെ കൂടെ പോണ്ട. അയാൾ താങ്കളെയും ഭ്രാന്തനാക്കും. കസർത്ത് ചെയ്യിക്കും. തല്ലും”. സന്യാസി മുന്നോട്ട് നീങ്ങി ചായക്കടയിലെ ഒരു വേലക്കാരനോട് “മോനേ ഒരു കണ്ണുവച്ചോളണേ” എന്നു പറഞ്ഞിട്ട് ഒരു ഭാഗത്തേക്ക് നടന്നു.

സജ്ജൻ ഭ്രാന്തിയെ ആശ്വസിപ്പിക്കാൻ ശ്രമിച്ചു. ബാബാജിയെ പോലീസ് സ്റ്റേഷനിൽ ഏൽപ്പിക്കാൻ പോവുകയാണ്. അതു കേട്ടവൾ സന്തുഷ്ടയായി. ബാബാജിയെ തടവിലാക്കിയശേഷം, അവൾ ആവശ്യപ്പെട്ടതുപേലെ വിമാനത്തിൽ കയറ്റി രാജേശന്റെ അടുക്കൽ അവളെ കൊണ്ടാക്കാമെന്ന് സജ്ജൻ ഏറ്റു.

ജനക്കൂട്ടത്തിൽനിന്ന് അകന്ന ഒരു ഭാഗത്ത് സന്യാസിയും സജ്ജനുമെത്തി. അഞ്ചാറാളുകൾ അവരുടെ ചുറ്റും കൂടി. “ഇവൾ എന്റെ ചികിത്സയിലാണ്. താങ്കൾ ഈ കുട്ടിയുടെ ബന്ധുവാണോ?”

“അല്ല. ഒരു ദിവസം ഇവൾ ഈ തെരുവിൽ ഇതുപോലെ ഇറങ്ങി ഓടി. അന്നു ഞാനിവളെ പിടിച്ചു വീട്ടിൽ എത്തിച്ചു. അന്നാണീ പാവത്തിന്റെ കഥയറിഞ്ഞത്. ഇവളുടെ ശ്വശുരൻ....”

“ഞാനിവളുടെ ശ്വശുരനെ കാര്യം അറിയിച്ചതാണ്. ആശ്രമത്തിൽ നിന്നും ഇറങ്ങി ഓടിയിരിക്കുകയാണെന്നും, വന്ന്, അവളെ അങ്ങോട്ട് കൊണ്ടുപോകാൻ സഹായിക്കണമെന്നും.... എന്നാൽ മാനഭയം കൊണ്ട് കമ്പോളത്തിലേക്കു വരാൻ അദ്ദേഹം കൂട്ടാക്കിയില്ല. ബാബാതന്നെ കൊണ്ടു പൊയ്ക്കോളാൻ എന്നോടു പറഞ്ഞു. ഇവളിപ്പോൾ ജനക്കൂട്ടത്തിന്റെ നടുവിലാണ്. ആളുകൾ പലതരമല്ലേ. ചിലർ അനുകൂലിക്കും. ചിലർ എതിർക്കും. ജനക്കൂട്ടത്തിനിടയിൽ വച്ച് ഭ്രാന്തരെ, പ്രത്യേകിച്ചും സ്ത്രീകളെ ബലം പ്രയോഗിച്ചു പിടിച്ചുകൊണ്ട് പോകുന്നത് ശരിയല്ല. താങ്കൾ ഒരു സഹായം ചെയ്യണം. ഇവളെ എങ്ങനെയും പറഞ്ഞ് സമാധാനിപ്പിച്ച് എന്റെ ആശ്രമത്തിലെത്തിച്ചാൽ വലിയ ഉപകാരമായിരിക്കും.”

"എനിക്ക് വണ്ടിയുണ്ട്."

പല്ലില്ലാത്ത വായ് തുറന്ന് ചിരിച്ചുകൊണ്ട് സന്യാസി പറഞ്ഞു. "എങ്കിൽ നന്നായി. കാര്യം നടക്കും. താങ്കൾ ഇവളെ കാറിൽ കൊണ്ടുവരൂ. ഞാൻ ഓടി അങ്ങെത്തിക്കൊള്ളാം. ആ തോട്ടം കഴിഞ്ഞുള്ള റോഡിലൂടെ നേരെപോയാൽ അവിടെ കടവിന്റെ അടുക്കലാണ് എന്റെ ആശ്രമം."

"മനസ്സിലായി. അങ്ങ് ഓടുകയൊന്നും വേണ്ട. ഞാൻ കാറിൽ ഒന്നു രണ്ടു കറക്കം കറങ്ങിയിട്ട് കൊണ്ടു വരാം. കാറിൽ അവളെയും കൊണ്ടു കറങ്ങുന്നതിൽ അങ്ങേക്ക് എതിരൊന്നുമില്ലല്ലോ."

സന്യാസി കിലുകിലാ കിതച്ചു – മോണമുഴുവൻ പുറത്തുകാട്ടിക്കൊണ്ട്. ശിശുക്കളുടേതു പോലുള്ള നിഷ്കളങ്കമായ ചിരി. ചെറിയ കണ്ണുകളിലെ തിളങ്ങുന്ന കറുത്ത കൃഷ്ണമണികളിൽ വാത്സല്യവും സ്നേഹവും നിഴലിച്ചു. ആ ചിരി സജ്ജനെ ആകർഷിച്ചു. സന്യാസി പറഞ്ഞു "കുഞ്ഞേ, താങ്കളുടെ പ്രവൃത്തിയെ എതിർക്കാൻ ഞാനാര്? ഈശ്വരൻ എപ്പോഴും നല്ലതേ ചെയ്യൂ. ശരി കുഞ്ഞേ.... ഇനി ആശ്രമത്തിൽ വച്ചുകാണാം."

കാറിൽ കയറി ഇരുന്നപ്പോൾ ഭ്രാന്തിക്കു സന്തോഷമായി. ആദ്യം ചെറിയൊരു സങ്കോചം തോന്നി. "ഞാനിങ്ങനെയാണോ കാറിൽ പോവുക. കാലിൽ ചെരുപ്പില്ല. എന്റെ ഈ സാരികണ്ടോ? ഛെ. കീറിയ സാരിയുമുടുത്താണോ പോകുന്നത്? ഞാൻ വരുന്നില്ല." ചെരിപ്പും സാരിയും വാങ്ങാനാണ് പോകുന്നതെന്ന് സജ്ജൻ പറഞ്ഞപ്പോൾ സമാധാനമായി. വണ്ടിയിൽ കയറി ഇരുന്നു. സജ്ജൻ രണ്ട് വാഗ്ദാനവും നിറവേറ്റി. ചെരിപ്പും സാരിയും കിട്ടിയപ്പോൾ ക്യാപ്റ്റൻ രാജേശിന്റെ ഭ്രാന്തിയായ ഭാര്യയ്ക്ക് സന്തോഷമായി. അവൾ നിറുത്താതെ സംസാരിച്ചു കൊണ്ടിരുന്നു. രാജേശിനെ കാണാൻ അവളുടെ ഹൃദയം പിടയുകയാണ്. തന്റെ ഭർത്താവിനെ താനെങ്ങനെ ആശ്ലേഷിക്കുമെന്ന് അവൾ വിവരിച്ചു. പ്രേമകേളികളിലെ ഗൂഢമാധുര്യവും ആനന്ദവും ഉത്സാഹത്തോടെ വർണിക്കയാണവൾ. സജ്ജൻ പരുങ്ങി. സ്ത്രീപുരുഷബന്ധത്തിലെ രഹസ്യകേളികളെക്കുറിച്ച് അവ അനുഭവിച്ചിട്ടില്ലാത്ത ഒരു സ്ത്രീയുടെ വർണനകളും അവളുടെ പ്രതീക്ഷാനിർഭരമായ പ്രത്യാശകളും സജ്ജനെ നൊമ്പരപ്പെടുത്തി. അയാൾ ചിന്താകുലനായി. മനസ്സിനെ നിയന്ത്രിച്ചു നിർത്താൻ അയാൾ പണിപ്പെട്ടു... അസംതൃപ്തി മനസ്സിനെ എത്രമാത്രം തകരാറിലാക്കുന്നു. അത്യന്തം പ്രിയങ്കരവും നിഗൂഢവുമായി മനുഷ്യൻ കരുതുന്ന കാര്യങ്ങൾ പോലും സങ്കോചമെന്യേ തുറന്നടിച്ചു പറയുകയാണ്. അതും എത്ര ജുഗുപ്സാവഹമായ രീതിയിൽ! സജ്ജന്റെ ഹൃദയത്തിൽ ഇവ പോറലുണ്ടാക്കി. ഏതു മനുഷ്യനും ഭ്രാന്തുപിടിക്കാം. ഏതവസരത്തിലും അതുണ്ടാകാം. കുബേരനും കുലീനനും സുന്ദരനും യുവാവുമായ സജ്ജനെന്ന ഈ കലാകാരനും മനസ്സിലെ അസംതൃപ്തിക്കു വശഗതനായി ഒരിക്കൽ ഭ്രാന്തനായി മാറിയാൽ..... ഈശ്വരാ! സജ്ജൻ വിറച്ചുപോയി. വണ്ടി മെഡിക്കൽ കോളേജും വലിയ പാലവും കടന്ന് മന്ദിരത്തിനരികിലൂടെ കടവിനടുത്തെത്തി.

കടവിലേക്കുള്ള വഴിയുടെ മുഖപ്പിൽ നിന്നിരുന്ന വിളക്കു തൂണിന്റെ ചുവടിൽ മറ്റൊരു തൂണുപോലെ അനക്കമില്ലാതെ നിൽക്കുകയാണ് ലങ്കോട്ടിധാരിയായ വൃദ്ധസന്യാസി. വണ്ടി അദ്ദേഹത്തിന്റെ മുന്നിൽ ചെന്നു നിന്നതും ഭ്രാന്തി

നിലവിളിച്ചു "ഞാൻ വരില്ല. ഞാൻ ബാബയുടെ അവിടെ വരില്ല. ഇല്ല വരുന്നില്ല." സന്യാസി കാറിന്റെ ഡോർ തുറന്ന്, അവളെ കൈയിൽ പിടിച്ചു വലിച്ച് പുറത്തിറക്കി ഒരടിയും കൊടുത്തു. സാരിയും ചെരിപ്പും പൊതിഞ്ഞുവച്ചിരുന്ന പൊതി ചിതറി. അടികൊണ്ടതുപോലും മറന്ന് അവൾ ആ സാധനങ്ങൾ പെറുക്കിയെടുക്കാൻ മുതിർന്നു. അടികൊണ്ടതോടെ അവളുടെ സംസാരം നിലച്ചിരുന്നു. അവളുടെ മുഖത്തെ ദു:ഖഭാവം കണ്ട് സന്യാസി ചോദിച്ചു.

"ഇതെന്താണ് മോളേ.."

ഉരുക്കുമുഷ്ടിയിൽ നിന്ന് പിടിവിടുവിക്കാൻ ശ്രമിച്ചുകൊണ്ടവൾ പറഞ്ഞു "എന്റെ ചെരിപ്പും സാരിയും എന്റെ രാജേശ് എനിക്കു വാങ്ങി തന്നതാണ്..."

"അതായത് ഇദ്ദേഹം വാങ്ങിത്തന്നത്. അല്ലേ?" സന്യാസി ചോദിച്ചു.

"അല്ല. കൊള്ളാം ഞാൻ കണ്ട പുരുഷന്മാരോട് വല്ലതും വാങ്ങുമോ?.. എന്നെ വിടൂ... ഈ സാരിയും ചെരിപ്പും ധരിച്ചോണ്ടു ചെല്ലാൻ രാജേശ് പറഞ്ഞിരിക്കുന്നു..."

"ഇതാ വിട്ടു" എന്നുപറഞ്ഞിട്ട് സന്യാസി പിടിവിട്ടു. റോഡിൽ കിടന്ന സാരിപ്പൊതി എടുക്കാനായി അവൾ അങ്ങോട്ടുനീങ്ങി. സന്യാസി അതിലും വേഗം അങ്ങോട്ടുകുതിച്ച് സാരിപ്പൊതിയും, കാറിനുള്ളിൽ സീറ്റിൽ കിടന്നിരുന്ന ചെരിപ്പിന്റെ പൊതിയും കൈക്കലാക്കി.

ഭ്രാന്തി ബഹളം കൂട്ടി. സന്യാസി ചോദിച്ചു.

"ഇതെല്ലാം നിന്റെ രാജേശ് തന്നതാണോ?"

"അതേ."

"ഇദ്ദേഹം തന്നതല്ലല്ലോ.."

"അല്ല."

"എങ്കിൽ ഇതു രണ്ടും ഗോമതിയിൽ എറിഞ്ഞേക്കും."

അതു കേട്ടപ്പോൾ ഭ്രാന്തിയുടെ പ്രാണൻ പോയതുപോലെയായി. സന്യാസിയുടെ കൈപിടിച്ചുതാഴ്ത്തി അതിലിരുന്ന സാധനങ്ങൾ തട്ടിപ്പറിക്കാൻ കുട്ടികളെപ്പോലെ പൊങ്ങിച്ചാടുകയാണവൾ. സന്യാസി പുഞ്ചിരിയോടെ നിന്നു. ആ പിടിക്കും വലിക്കുമിടയിൽ വൃദ്ധൻ സജ്ജനോട് പറഞ്ഞു.

"രാംജീ, കുഞ്ഞ് വലിയ ഉപകാരമാണ് ചെയ്തത്. വരണം. ആശ്രമത്തിൽ കയറി അല്പം ഇരുന്നിട്ട് പോകാം."

സാധനങ്ങൾ കിട്ടാനായി ഭ്രാന്തി ബഹളം വയ്ക്കുകയാണ്. അവളുടെ നേരേ ഒന്നു നോക്കിയിട്ട് സജ്ജൻ പറഞ്ഞു. "ഇനിയൊരിക്കലാകട്ടെ.. അങ്ങയുടെ ആശ്രമത്തിൽ ധാരാളം ഭ്രാന്തന്മാരുണ്ടോ?"

"ഉണ്ടുകുഞ്ഞേ. എന്നെ ഭ്രാന്തരുടെ സേവകനാക്കിയിരിക്കുകയാണ് അദ്ദേഹം. ആ കർത്തവ്യം ഞാൻ നിറവേറ്റുന്നു. ശരി ഇനി ഞങ്ങൾ പോട്ടെ.. ഇവളുടെ രാജേശ് നൽകിയ ഈ സാധനങ്ങൾ ഇപ്പോൾ ഞാൻ ഗോമതിയിൽ ഒഴുക്കും.." എന്ന് ഭ്രാന്തിയെ പറഞ്ഞ് പേടിപ്പിച്ചിട്ട് സന്യാസി ആശ്രമത്തിന്റെ നേർക്ക് ഓടിത്തുടങ്ങി.

"ഞാനിപ്പോൾ ഇത് നദിയിലെറിയും..." എന്ന് ഇടയ്ക്കിടെ വിളിച്ചു പറഞ്ഞു. സാധനങ്ങൾ രക്ഷിക്കാനായി ഭ്രാന്തി പിന്നാലെ പാഞ്ഞു. സജ്ജൻ രണ്ടു പേരെയും നോക്കി. അവിടെ കുറച്ചു നേരം നിന്നു... അവർ കടവിനടുത്തെത്തി

കണ്ണിൽ നിന്നു മറഞ്ഞു.

സജ്ജൻ മുറിയിലെത്തുമ്പോഴേക്കും തളർന്നവശനായിക്കഴിഞ്ഞിരുന്നു. മുഖം വിളറിയിരുന്നു. ഈയിടെയായി അത്യധികം സംഘർഷപൂർണമായിരുന്നു അയാളുടെ ഹൃദയം. കന്യയോടുള്ള പ്രേമവും ആസക്തിയും ഒരുവശത്തും, വികാരങ്ങളെ അടക്കിനിർത്താനുള്ള നിശ്ചയവും തീരുമാനവും മറുവശത്തുമായി ഹൃദയത്തിനുള്ളിൽ ദ്വന്ദ്വയുദ്ധം തന്നെ നടക്കുകയാണ്. ഇന്നലെ കന്യ പോകുമ്പോൾ അയാളുടെ ആഗ്രഹങ്ങളിൽ വെള്ളം കോരി ഒഴിച്ചിട്ടാണ് പോയത്. രാത്രി മുഴുവൻ അസ്വസ്ഥചിത്തനായി കഴിഞ്ഞു. വിസ്കിയും സോഡയും വരുത്തിവച്ചു. ഗ്ലാസ് ചുണ്ടോടടുപ്പിക്കുമ്പോഴേക്കും, അതു വേണ്ടെന്നുവയ്ക്കും. വാഗ്ദാനം ലംഘിക്കാൻ ഹൃദയം പലപ്പോഴും ഒരുങ്ങി. ഒടുവിൽ വേലക്കാരനെ വിളിച്ച് കൺമുമ്പിൽ നിന്നവ മാറ്റാൻ ഉത്തരവിട്ടു. രാവിലെയും മനസ്സിന് ഒരു സുഖവും തോന്നിയില്ല. 'ധ്യാനമന്ദിര'ത്തിൽ ചെന്നിട്ടും മനസ്സ് ഉറച്ചു നിന്നില്ല. മനസ്സിനൊരുവാശി.. ഇനി കന്യയെ അകറ്റി നിറുത്തുകയേ ഉള്ളു. അവളുമായി യാതൊരടുപ്പവും ഉണ്ടാകാനിടയാക്കില്ല.. എല്ലാ സ്ത്രീകളിൽ നിന്നും അകന്നു നിൽക്കും. അഥവാ വേണ്ടി വന്നാൽ തായി പറഞ്ഞ, താൻ കണ്ടിട്ടുപോലുമില്ലാത്ത ആ പെൺകുട്ടിയെ കല്യാണം കഴിക്കും...?

വാശിയും തർക്കവും സംയമനവും സംശയവും വാദങ്ങളും പ്രത്യുത്തരങ്ങളും എല്ലാം ചേർന്ന് ഒരു പടക്കളമായി മാറിയിരിക്കുകയായിരുന്നു സജ്ജന്റെ ഹൃദയം. നിമിഷനേരത്തേക്കു പോലും ശാന്തി കിട്ടുന്നില്ല. അപ്പോൾ തന്റെ വിഭ്രാന്ത മനസ്സിന് സാകാരരൂപം കൈവന്നതുപോലെ ഭ്രാന്തിയെക്കുറിച്ചുള്ള ഓർമ ഉള്ളിൽ ഉയർന്നുവന്നു. മനസ്സിലൊരു ഭയം നാമ്പിട്ടു. തനിക്കും ഇതേപോലെ ഒരിക്കൽ ബുദ്ധിഭ്രമം വരുമോ?.. ആ ചിന്ത അയാളെ തളർത്തി. തകർന്ന ശരീരം താനറിയാതെ നിദ്രയിലേക്ക് അയാളെ നയിച്ചു.

മഹാകവി ബോർ, മൂളിപ്പാട്ടുമായി മുറിയിലേക്കു കടന്നുവന്നു. സജ്ജൻ ഉറങ്ങുന്നു. അയാൾ മേടയിലേക്കു നീങ്ങി. മോഹിനിയുടെ ജനാലയിൽ കണ്ണും നട്ടുനിന്ന് ഒരു സിനിമാഗാനം പാടാൻ തുടങ്ങി.

"ശീതളപവനൻ മടങ്ങി എത്തി..
ഞാനിതാ ഇവിടെ.... നീ എവിടെ..
എങ്ങനെ വിളിപ്പൂ ദേവീ നിന്നെ.."

മുകളിലത്തെ ജനാലയിൽ ഗാനത്തിന്റെ പ്രതികരണം ഒന്നും കണ്ടില്ല. വിരഹേശൻ രണ്ടാമത്തെ ഗാനം തുടങ്ങി.

"നിൻമൊഴി കേട്ടെൻ ഹൃദയം പിടയുന്നു
എങ്ങനെ പോകും ഞാൻ, പോകുവതെങ്ങനെ...?

വിരഹേശന്റെ പ്രേമഭാജനത്തിന്റെ മുഖചന്ദ്രൻ അപ്പോഴും ഉദിച്ചില്ല. ജനാല ശൂന്യം. അപരാജിതനായ കാമുകൻ മൂന്നാമത്തെ ഗാനം തുടങ്ങി.

"ഹൃദയം നൽകൂ ആർക്കെങ്കിലും,
ആരുടെയെങ്കിലും ഹൃദയം സ്വീകരിക്കൂ
ക്ഷണികമാണീ ജീവിതം.
ഇതൊന്നേ ചെയ്യേണ്ടതുള്ളു..."

വാതിലിൽ തലയും ചാരിനിന്ന്, എതിരെയുള്ള ജനാലയിൽ കണ്ണുംനട്ട് തന്റെ

ശബ്ദം പ്രിയതമയുടെ ചെവിയിലെത്തിക്കാനായി ഉറക്കെയുറക്കെപ്പാടുകയാണ് വിരഹേശൻ. സജ്ജന്റെ നിദ്രയ്ക്ക് ഭംഗം വന്നു. കണ്ണുതറന്നു. വാതിൽക്കൽനിന്ന് തൊള്ളതുറന്നലറുന്ന വിരഹേശനെയാണ് കണ്ടത്. സ്വയം നിയന്ത്രിക്കാൻ കഴിഞ്ഞില്ല. മര്യാദയും സംസ്കാരവും കോപാവേശത്താൽ മറന്നുപോയി. "ബോർ.. ഗെറ്റ് ഔട്ട്" സജ്ജൻ വിളിച്ചു പറഞ്ഞു.

കർണലും മഹിപാലും ഇങ്ങനെയോ ഇതിലേറെയോ അധിക്ഷേപിക്കുന്നതും അവഹേളിക്കുന്നതും വിരഹേശന് പുത്തരിയല്ല. അതയാൾ സഹിച്ചിട്ടുണ്ട്... സജ്ജനിൽനിന്നു ഇങ്ങനെ ഒരനുഭവം ഉണ്ടായിട്ടില്ല. തത്തയെപ്പോലെ ഉരുവിട്ടുകൊണ്ടിരുന്ന പാട്ട് നിർത്തി, കൈകൾ കൂപ്പി, വിറയാർന്ന സ്വരത്തിൽ അയാൾ പറഞ്ഞു.

"അയ്യോ സോദരാ.. നിങ്ങൾ ഉറങ്ങുകയാണെന്ന് ഞാനറിഞ്ഞില്ല."

സഭ്യമല്ലാതെ പെരുമാറിയതിൽ സജ്ജന് സ്വയം സങ്കോചം തോന്നി. പുറമേയുള്ള ആരോടും പ്രകടമായി പരുഷരീതിയിൽ പെരുമാറുന്ന ശീലം അയാൾക്കില്ലാത്തതാണ്. ബോർ, ബോറടി തുടങ്ങി "സജ്ജൻ, ഞാൻ.. ഞാനീയിടെയായി എന്റെ രണ്ടാമത്തെ അമരഗീതമെഴുതാനുള്ള വ്യഗ്രതയിൽ സർവവും മറന്ന്...."

വാതിൽക്കൽ കൈയിലൊരു പൊതിയുമായി എത്തിയ കന്യ അറച്ചു നിന്നു. അവളെ കണ്ട ഉടനെ,.. അവളെ കാണണമെന്ന ആഗ്രഹവും അവളിൽനിന്ന് അകലണമെന്ന നിശ്ചയവും കൂടി സജ്ജന്റെ ഹൃദയത്തെ ഉലയ്ക്കാൻ തുടങ്ങി. വനകന്യയെ കണ്ട വിരഹേശൻ, തന്റെ പരുക്കൻ ശബ്ദം അവളുടെ നേരെ തിരിച്ചു. കൈകൂപ്പിയിട്ട് പറഞ്ഞു. "താങ്കൾ.... താങ്കൾ വനകന്യയായിരിക്കണം. നാടകത്തിൽ അഭിനയിക്കുന്നതു കണ്ടിട്ടുണ്ട്. ഈയിടെയായി താങ്കളുടെ പ്രശസ്തി വളരെ വർധിച്ചിട്ടുണ്ട്. ഹി. ഹി. ഹി. സജ്ജൻ താങ്കളുടെ കീർത്തി ആകാശത്തോളം ഉയർത്തി... ഹി ഹി ഹി.."

ഗൗരവത്തിൽ "അതെ, ഞാൻ തന്നെ വനകന്യ" എന്നുപറഞ്ഞിട്ട് കന്യ അകത്തേക്കു കടന്നു. സജ്ജന്റെ വാടിയ മുഖത്തേക്ക് കണ്ണോന്നോടിച്ചിട്ട് കയ്യിലിരുന്ന പൊതി മേശപ്പുറത്തുവച്ചു... എന്നിട്ട് അയാളുടെ അടുത്തേക്കു ചെന്നു ചോദിച്ചു.

"എന്താ നിങ്ങൾക്ക് സുഖമില്ലേ..?"

കന്യയുടെ 'നിങ്ങൾ' പ്രയോഗം സജ്ജനെ സംബന്ധിച്ചിടത്തോളം ഒരു മാസ്മര പ്രയോഗമായി മാറി. കന്യയോട് തോന്നിയ വിദ്വേഷവും ഈർഷ്യയും വെള്ളത്തിലിട്ട ഉപ്പെന്നപോലെ അലിഞ്ഞു പോയി. നീരസം മുഴുവൻ വിരഹേശനോടായി. "വിരഹേശൻ, എനിക്കു സുഖമില്ല... കുറച്ചേകാന്തത വേണം. ദയവായി നിങ്ങളൊന്നു പോകൂ" എന്നു പറഞ്ഞിട്ട് തലയിണയിൽ തലയർപ്പിച്ച് കണ്ണുമടച്ചുകിടന്നു.

കന്യ ചിന്താഭാവത്തോടെ അയാളെ നോക്കി. വിരഹേശൻ രണ്ടുപേരുടെയും നേരെ അർഥം വച്ചു നോക്കിയിട്ട് "ഈശ്വരൻ താങ്കളുടെ അസുഖം പെട്ടെന്നു മാറ്റട്ടെ. ആനന്ദം തരട്ടെ! വിരഹിയായ വിരഹേശന് ഈ ഒരാശംസയേ തരാനുള്ളു" എന്നു പറഞ്ഞുകൊണ്ട് പുറത്തേക്കു നടന്നു. അയാൾ പോവുകയാണെന്ന് രണ്ടുപേരും കരുതി. സജ്ജൻ ഒന്നു നിശ്വസിച്ചു. പക്ഷേ മോഹിനിയുടെ വിരഹി നേരെ മേടയിൽചെന്ന് ഇരിപ്പായി. സജ്ജൻ പല്ലിറുമ്മി, കന്യ

കതകിന് പുറംതിരിഞ്ഞ്, സജ്ജന് അഭിമുഖമായി ഇരുന്നിട്ടു ചോദിച്ചു. "എന്താ വല്ലാതെ?" സജ്ജന് അമർഷം വന്നു "ഞാനിവിടെ മരിക്കുകയാണ്. അതും നിങ്ങളുടെ കൃപകൊണ്ട്."

കന്യ ഒന്നു പുഞ്ചിരിച്ചു "ഞാൻ മൃതസഞ്ജീവനിയുമായിട്ടാണ് വന്നത്."

കന്യ ആദ്യമായിട്ടാണ് തന്നോടിങ്ങനെ സരസമായി സംസാരിക്കുന്നത്. സജ്ജന് സന്തോഷം തോന്നി. നിറഞ്ഞവയലിൽ കാറ്റിലുലയുന്ന കതിരുകൾ കണക്കെ ഹൃദയം ചാഞ്ചാടി. നിഷ്കളങ്ക ഹൃദയം കഴിഞ്ഞതെല്ലാം മറന്ന് ആ രസത്തിൽ മുഴുകി. അയാൾ പറഞ്ഞു "കുഞ്ഞുന്നാളിൽ അമ്മുമ്മ എനിക്കൊരു കഥ പറഞ്ഞുതരുമായിരുന്നു. ഒരു അപ്സരസ്സ് ഒരു രാജകുമാരനെ എടുത്തു കൊണ്ടു പോയി. പകൽ മുഴുവൻ മന്ത്രക്കോൽ കൊണ്ട് തൊട്ട് അയാളെ പ്രതിമ യാക്കി നിറുത്തും. രാത്രി അവൾക്ക് കളിക്കൂട്ടുകാരൻ വേണമെന്ന് തോന്നുമ്പോൾ രാജകുമാരനെ ജീവിപ്പിക്കും. അതുകഴിഞ്ഞാൽ വീണ്ടും മരവിപ്പിച്ചു നിറുത്തും" കഥ കേട്ട് കന്യ ചിരിച്ചു.

പുറത്ത് വിരഹേശൻ രാഗം മൂളി. " ഈ രാത്രിയും ഈ ഋതുവും ഈ ചിരി യുമീ കളിയും.... എന്നെ മറന്നേക്കൂ. പക്ഷേ ഇവയൊന്നും മറക്കല്ലേ...."

കന്യയും സജ്ജനും വല്ലാണ്ടായി. അവൾ പതുക്കെ ചോദിച്ചു. "ആരാണി യാൾ.."

"മര്യാദകെട്ടവൻ. ശല്യം ഇവിടെയും സ്വൈരം തരുന്നില്ല. ഇവനെക്കൊണ്ടു ഞാൻ തോറ്റു." വിരഹേശന്റെ നാദം പഞ്ചമസ്വരത്തിലായി. കന്യ പെട്ടെന്ന് എഴു ന്നേറ്റ്, കതകടച്ചു. പിന്നെ മേശപ്പുറത്തിരുന്ന പൊതി എടുത്ത് അഴിച്ച്, സജ്ജന്റെ മുമ്പിൽ ഒരു കടലാസ് വിരിച്ച് അതിൽ നിരത്തിവച്ചുകൊണ്ട് പറഞ്ഞു.

"എനിക്കൊരു ജോലി കിട്ടി.."

സജ്ജന് ഒരടിയേറ്റപോലെയായി. കന്യയ്ക്ക് ഒരു ജോലി വാങ്ങിക്കൊടു ക്കുന്ന കാര്യം താനിതുവരെ എന്തുകൊണ്ടാലോചിച്ചില്ല? അതിനുവേണ്ടി യത്നി ക്കാത്തതെന്ത്? നിമിഷത്തിനുള്ളിൽ ഹൃദയത്തിൽ നിരവധിയാഘാതങ്ങളേറ്റു.

പൊതിയിൽ ഒരിലക്കീറിൽ വച്ചിരുന്ന സിന്ദൂരം വിരലിൽ തൊട്ടിട്ട്, അത് സജ്ജന്റെ നെറ്റിയിൽ തൊടുവിക്കാനായി കന്യ മുന്നോട്ടാഞ്ഞു. അവളുടെ സ്പർശ നമേറ്റപ്പോൾ സജ്ജന്റെ ശരീരം കുളിരണിഞ്ഞു. അയാളുടെ കണ്ണിൽ കണ്ണും നട്ട്, അവൾ നിന്നു ചിരിക്കുകയാണ്. വെളുത്ത മുഖത്ത് സിന്ദൂരപ്പൊട്ട് നല്ല ഭംഗിയായിരിക്കുന്നു. സജ്ജൻ പെട്ടെന്ന് അവളുടെ കയ്യിൽ കടന്നുപിടിച്ചിട്ട് മെല്ലെ പറഞ്ഞു "കന്യേ...ഞാൻ നിന്നെ വിവാഹം ചെയ്യാനാഗ്രഹിക്കുന്നു...." കന്യ ഗംഭീരയായി. എങ്കിലും കൈ വിടുവിക്കാൻ അവൾ ശ്രമിച്ചില്ല. അവൾ പറഞ്ഞു "അതിന് സമയമായിട്ടില്ല". കരം വിടുവിച്ചിട്ട് വിഷയം മാറ്റാനായി മധുരപല ഹാരം നീട്ടിക്കൊണ്ടു പറഞ്ഞു "ഹനുമാന്റെ പ്രസാദമാണ്."

താൻ പറഞ്ഞ കാര്യം തുടരാനാണ് സജ്ജൻ ആഗ്രഹിച്ചത്. ലഡ്ഡുവിലേക്ക് നോക്കാതെ ചോദിച്ചു "സമയമാകാത്തതെന്ത്?"

കന്യ ശാന്തയായി പറഞ്ഞു "നാം രണ്ടുപേരും ഇതേവരെ നല്ലവണ്ണം അറി ഞ്ഞിട്ടില്ല."

"അത് നിന്റെ വിചാരമല്ലേ? ഞാൻ നിന്നെ ആഗ്രഹിക്കുന്നുണ്ടെന്ന് നിനക്ക റിയാം. നീയും എന്നെ...."

"അത് താങ്കളുടെ വിചാരമാണ്, ഇതാ ലഡ്ഡു എടുക്കൂ. ഭഗവാന്റെ പ്രസാദം വാങ്ങാൻ അമാന്തിച്ചുകൂടാ.."

"ഭഗവാന്റെ പ്രസാദമായിട്ടാണ് എനിക്ക് നിന്നെയും കിട്ടിയത് കന്യേ. നിന്നെ സ്വീകരിക്കാനും ഞാൻ അമാന്തിച്ചുകൂടാ.." സജ്ജന്റെ കണ്ണിൽ ആഗ്രഹത്തിന്റെയും അതൃപ്തതൃഷ്ണയുടെയും ഒളിപരന്നു.

പുറത്തുനിന്ന് വിരഹേശന്റെ ശബ്ദം "ചേട്ടത്തീ, നിങ്ങൾ സജ്ജനുവേണ്ടി ചായ ഉണ്ടാക്കുകയാണെങ്കിൽ ഒരുകപ്പ് എനിക്കും വേണം. ഈശ്വരൻ നിങ്ങളെ അനുഗ്രഹിക്കും!" എന്നിട്ടയാൾ പാടിത്തുടങ്ങി. "അലിയൂ നീയെൻ ദേവാ.. നിൻ ദർശനസുഖം നേടാനായി കാത്തിരിപ്പൂ ഞാൻ.. പിടയുന്നൂ ഞാൻ.."

വിരഹേശന്റെ മര്യാദയില്ലാത്ത പെരുമാറ്റം സജ്ജനെയും കന്യയെയും ചൊടിപ്പിച്ചു. കന്യ പെട്ടെന്ന് കതകുതുറന്നിട്ട് വിരഹേശനോടു പറഞ്ഞു. "മിസ്ററർ, നിങ്ങളെപ്പോലെ മര്യാദയില്ലാത്ത ഒരാളിനെ ഞാൻ കണ്ടിട്ടില്ല. ഈ ഇല്ലാത്ത ബന്ധമുണ്ടാക്കി എന്നെ വിളിക്കാൻ നിങ്ങൾക്ക് ആര് അധികാരം തന്നു?"

"പോട്ടെ കന്യേ, ഇങ്ങുവരൂ"- സജ്ജൻ അകത്തുനിന്നു വിളിച്ചു.

അപ്പുറത്തെ ജനാലയിൽ മോഹിനി പ്രത്യക്ഷപ്പെട്ടു. വിരഹേശന്റെ കണ്ണുകൾ അവിടെ തറച്ചു നിന്നു. കന്യയുടെ കോപസ്വരം തന്റെ കാമുകരൂപത്തിന് കളങ്കം വരുത്തിയെങ്കിലോ എന്നു കരുതി, കൈകൂപ്പിയിട്ട് അയാൾ കന്യയോട് പറഞ്ഞു "ക്ഷമിക്കണം ദേവീ, ഞാൻ എന്റെ രണ്ടാമത്തെ അനശ്വരഗാനത്തിന്റെ ഭാവനയിൽ മുഴുകിപ്പോയിരുന്നു. എന്റെ അമരഗീതം എന്റെ കൺപോളകളിൽ തത്തിയിരുന്ന് എന്റെ കാഴ്ചയെ മറച്ചതാണ്." വിരഹേശന്റെ കണ്ണുകൾ വീണ്ടും മോഹിനിയുടെ ജനാലയിൽ ചെന്നു നിന്നു. താഴത്തെ മേടയിൽ നിൽക്കുന്ന തന്റെ കാമുകനെ, ഒരു വെളുത്ത സുന്ദരി അധിക്ഷേപിക്കുന്നതു കണ്ട് മോഹിനി അമ്പരന്നു. വിരഹേശന്റെ വിഭ്രാന്തഭാവം കണ്ട് മടുത്ത കന്യ, അകത്തേക്കുമടങ്ങി. അവൾ പിൻമാറിയതും അവൾ തുറന്നിട്ടിട്ടു പോയ വാതിൽ, വിരഹേശൻ പുറത്തുനിന്നു വലിച്ച് അടച്ചു.

രംഗം ഒഴിഞ്ഞെന്ന് കണ്ടപ്പോൾ, മോഹിനി ജനാലപ്പാളികൾ നേരേ തുറന്നിട്ട്, മുന്നോട്ട് നീങ്ങിനിന്നു. വിരഹേശന്റെ മുഖകമലം വിടർന്നു. രണ്ടു ഭാഗത്തുനിന്നും ആംഗ്യങ്ങളും അംഗവിക്ഷേപങ്ങളും തുടങ്ങി. "ഇനിയും സഹിക്കാനാവില്ല... ഇനിയും വൈകിക്കരുതേ... ഹായ് എന്തൊക്കെ വൈഷമ്യങ്ങൾ..എപ്പോൾ കാണാനൊക്കും ? ഞാൻ മരിച്ചു കളയും.." എന്നീ അർത്ഥങ്ങൾ വരുന്ന ഭാവപ്രകടനങ്ങൾ അന്യോന്യം കൈമാറി. പിന്നെ അന്യോന്യം ആശ്വസിപ്പിക്കലായി "അങ്ങ് സ്വന്തം ശരീരം നോക്കണം. ഈ അവസ്ഥ എനിക്ക് കണ്ടിരിക്കാൻ വയ്യ.." വിരഹേശൻ കീശയിൽ നിന്ന് ഒരെഴുത്ത് എടുത്ത് കാണിച്ചു. മോഹിനി ജനാലയിൽ നിന്ന് അവളുടെ കത്ത് വീശി കാണിച്ചു. പിന്നെ ആംഗ്യമെന്തോ കാണിച്ചിട്ട് ജനാലയുടെ അരികിൽ നിന്നു മാറി. കുറച്ചുനിമിഷം കഴിഞ്ഞപ്പോൾ വിരഹേശന് പരിചിതമായ സഞ്ചി ഒരു നൂലിന്റെ സഹായത്താൽ താഴോട്ട് ഇറങ്ങി വന്നു തുടങ്ങി. ഈ സഞ്ചി വഴി വിരഹേശനും മോഹിനിയും രണ്ടുമൂന്ന് തവണ കത്തുകൾ കൈമാറിയിട്ടുണ്ട്. കഴിഞ്ഞതവണ മോഹിനി നോക്കിനിൽക്കെ വിരഹേശൻ ആ സഞ്ചിയെ ചുംബിക്കുകയും അതിനെ നെഞ്ചോട് ചേർത്ത് അണയ്ക്കുകയും ചെയ്തു. കത്തിൽ അയാൾ കവിതയും

കുറിച്ചിരുന്നു.

സഞ്ചിയിൽ നിന്ന് കത്ത് എടുക്കാനായി അയാൾ കോവണിയുടെ അടുത്തേക്ക് നീങ്ങി. അപ്പോഴാണ് ഡോ. ഷീലാ സിംഗും പിന്നിലായി വർമ്മയും അവിടെ എത്തിയത്. മോഹിനിയുടെ കത്ത് താഴെ എത്തുമ്പോഴേക്കും ഷീല മേടയിൽ എത്തിക്കഴിഞ്ഞിരുന്നു. വിരഹേശൻ സഞ്ചി കെട്ടിയിറക്കിയ നൂൽ എത്തിപ്പിടിച്ചപ്പോഴേക്കും ഷീല അയാളുടെ കയ്യിൽ കടന്നു പിടിച്ചു.

"എന്താണിത്? എന്താണിവിടെ?" ഗൗരവം നിറഞ്ഞ സ്വരത്തിൽ ഷീല ചോദിച്ചു.

വർമ്മയെ കണ്ടപ്പോഴേ മോഹിനി പിൻവലിഞ്ഞിരുന്നു. തൊണ്ടി സഹിതം പിടികൂടപ്പെട്ടതിനാൽ വിരഹേശൻ നാക്കും മൂക്കും അടച്ചുനിന്നുപോയി. നെറുകയിൽ വിയർപ്പു പൊടിഞ്ഞു. ശബ്ദം ഉയരുന്നില്ല.

ഡോ. ഷീല വിരഹേശനെ പലപ്പോഴും കണ്ടിട്ടുണ്ട്. പക്ഷേ ആരാണെന്നറിഞ്ഞുകൂടാ. സഞ്ചിയിൽ കടലാസ് കിടക്കുന്നതുകണ്ട്, അവൾ അതെടുക്കാൻ തുടങ്ങി. എന്തു ചെയ്യണമെന്നറിയാതെ കുഴങ്ങി നിന്ന വിരഹേശൻ അവളുടെ കാൽക്കൽ വീണിട്ട് കരയും മട്ടിൽ പറഞ്ഞു "സേവ് മീ സർ. അയാം യുവർ സർവന്റ് സർ..." പുറത്ത് ബഹളം കേട്ട് സജ്ജൻ വാതിൽക്കൽ എത്തി. "ഹലോ ഷീലാ". വർമ ഭക്തിപൂർവം തൊഴുതു. സജ്ജൻ തലയൊന്ന് നമിച്ച് പ്രത്യഭിവാദനം നടത്തി. എന്നിട്ട് വിരഹേശന്റെ നേരെ തിരിഞ്ഞ് "എന്താണിവിടെ ബഹളം?" എന്നു ചോദിച്ചു.

കരഞ്ഞുകൊണ്ട് വിരഹേശൻ പറഞ്ഞു

"ഇവരുടെ കയ്യിൽ നിന്ന് എന്റെ അമരഗീതം വാങ്ങിത്തരണം സോദരാ.."

സഞ്ചിയിൽ നിന്നെടുത്ത കടലാസ് ഷീല വായിച്ചു തുടങ്ങി. വരയിട്ട നോട്ടുബുക്കിൽ നിന്ന് കീറിയെടുത്ത നാലുഷീറ്റ് കടലാസിന്റെ ഇരുപുറത്തുമായി എഴുതിയിരിക്കുന്ന മോഹിനിയുടെ പ്രേമലേഖനം, ഷീല രസത്തോടെ വായിക്കുകയാണ്. രണ്ടു മൂന്നു വരികൾ വായിച്ചപ്പോഴേക്കും ഷീല പൊട്ടിച്ചിരിച്ചു. കത്ത് സജ്ജന്റെ നേരേ നീട്ടിയിട്ട് "ഇതാ ഇതാണിയാളുടെ അമരഗീതം. ഒന്നു നോക്കൂ" എന്നു പറഞ്ഞു. വനകന്യയും പുറത്തേക്ക് വന്നു. ഷീലയുടെ നോട്ടം അവളുടെ നേർക്കായി. നിമിഷനേരം ശ്രദ്ധിച്ചു. സജ്ജന്റെയും കന്യയുടെയും നെറുകയിൽ ഒരേതരത്തിലുള്ള പൊട്ട് കണ്ട് കാര്യം മനസ്സിലായി. വിരഹേശനെയും കത്തിനെയും മറന്നു. ചിരിച്ചിട്ട് പറഞ്ഞു "അയാം ഷുവർ.. നിങ്ങളാണ് വനകന്യ. അല്ലേ?"

വിരഹേശൻ സജ്ജനോട് തന്റെ കത്ത് ഇരക്കുകയാണ്. സജ്ജൻ കത്തിലൊന്ന് കണ്ണോടിച്ചതേയുള്ളു. പിന്നെ വായിച്ചില്ല. അയാളുടെ പുരികം ഉയർന്നു. "നിങ്ങൾ ഇതിനാണോ ഇവിടെ വരുന്നത്? മാനം മര്യാദയായി കഴിയുന്നവരുടെ ഇടയിൽ എന്നെ അപമാനിക്കാനാണോ ഉദ്ദേശം?"

വർമയും പഴയ ആദരവോടെയല്ല ഇപ്പോൾ വിരഹേശനെ നോക്കിയത്. വിരഹേശൻ ഒരു ദീർഘശ്വാസം വിട്ടിട്ട് തുടങ്ങി "സജ്ജൻ... സോദരാ..."

"മിണ്ടരുത്" ചൊടിച്ചിട്ട് സജ്ജൻ പറഞ്ഞു. "ഇനി ഇവിടെ കണ്ടാൽ പിടിച്ച് പൊലീസിൽ ഏൽപ്പിക്കും. ഉം വേഗം പൊയ്ക്കോളു.."

"ഇതാ പോണു. പോണു... എന്റെ കത്ത് ഇങ്ങു തരൂ..."

സജ്ജൻ ആ കടലാസുകൾ അയാളുടെ മുഖത്തേക്ക് വലിച്ചെറിഞ്ഞു. വർമ മുന്നോട്ടുനീങ്ങി വിരഹേശൻ അതെടുക്കും മുൻപ് അവ കയ്ക്കലാക്കി. കത്ത് രണ്ടായി കീറിയിട്ട് "ഈ തെരുവിന്റെ അഭിമാനം ഇയാളുടെ കയ്യിൽപെടുന്നതു നല്ലതല്ല. ഉം.. പോകൂ ഇവിടുന്ന്..."

കുറച്ചുദിവസം മുൻപുവരെ ഭക്ത്യാദരങ്ങളോടെ വിരഹേശനെ ബഹുമാനിച്ചിരുന്ന വർമപോലും ഇപ്പോൾ അയാളെ അനാദരിക്കാൻ തന്റേടം കാട്ടുകയാണ്. വിരഹേശൻ അയാളെ തുറിച്ചു നോക്കി.. അവനെയും കീറി എറിയുമെന്ന മട്ടിൽ.

കന്യയും ഷീലയും സംസാരിച്ചുകൊണ്ട് അകത്തേക്ക് പോയി. വർമ തന്ത്രപൂർവം കീറിയ കത്ത് കീശയിൽ തിരുകി. തോറ്റ് പിൻവാങ്ങിയ വിരഹേശൻ അവിടെ നിന്ന് നടന്നു. പോകുന്നതിനിടയിൽ തിരിഞ്ഞ് സജ്ജന്റെ നേരെ നോക്കിയിട്ട് പറഞ്ഞു "പാവപ്പെട്ടവരുടെ പ്രേമം പോലും ഈ പണക്കാർക്കു സഹിക്കില്ല. കതകുമടച്ചിരുന്നു കാമുകിയുമായി വിലാസലീലകൾ..." സജ്ജൻ അയാളുടെ നേരെ തിരിഞ്ഞു നോക്കി. വിരഹേശൻ നിശ്ശബ്ദനായി പടി ഇറങ്ങി.

വർമ സജ്ജനോട് സംശയത്തോടെ പറഞ്ഞു. "ഇയാൾ ശങ്കർലാലിന്റെ അവിടെയുള്ള ആരുമായോ ലവ് അഫയറിലാണ്. ഈ കത്ത് താഴത്തേക്കിട്ട ജനാല, ശങ്കർലാലിന്റെ ജ്യേഷ്ഠന്റെ മുറിയിലെയാണ്.... താങ്കൾക്ക് ചീത്ത പേരുണ്ടായേനെ.."

കാര്യത്തിന്റെ ഗൗരവം സജ്ജന് പിടികിട്ടി. "അവിടെ ആരാണിയാളുടെ വലയിൽ വീണത്? ഒന്നും മനസ്സിലാകുന്നില്ല.."

സജ്ജൻ മുറിയിലേക്കു കടന്നതും ഷീല "യൂ റാസ്കൽ, കലയുടെ പേരും പറഞ്ഞ്, നിങ്ങൾ ഇവിടെ പ്രേമക്കമ്പോളം തുറന്നിരിക്കുകയാണോ?"... എന്നു ചോദിച്ചു. എല്ലാവരും ചിരിച്ചു. സജ്ജൻ ചോദിച്ചു "അപ്പോൾ പ്രേമിക്കാൻ ആളെ തേടിയാണോ ഇങ്ങോട്ടു വന്നത്? വേണമെങ്കിൽ നിങ്ങൾക്കു പറ്റിയ സാമ്പിൾ എടുത്തുകൊണ്ടുവരാം.." വർമ അവിടുണ്ടായിരുന്നതിനാൽ മനസ്സിൽ തോന്നിയ മറുപടി നൽകാൻ ഷീലയ്ക്കു കഴിഞ്ഞില്ല. പൊട്ടിച്ചിരിച്ചിട്ടവൾ പറഞ്ഞു. "ഇവിടെ ഒരു പേഷ്യന്റിനെ നോക്കാൻ വന്നതാണ്-ഇദ്ദേഹത്തിന്റെ ഭാര്യയെ. സംസാരത്തിനിടയിൽ ഇവർ നിങ്ങളെ കുറിച്ചു പറഞ്ഞു. അപ്പോൾ ഈ രോഗിയെക്കൂടി കണ്ടിട്ടു പോകാമെന്നുകരുതി. നോക്കണേ എന്റെ ഭാഗ്യം. രോഗത്തിനുപകരം രോഗകാരണത്തിനെത്തന്നെ കാണാൻ കഴിഞ്ഞു". ഷീല സ്നേഹമൂറുന്ന നോട്ടം കന്യയുടെ നേർക്ക് അയച്ചു. കന്യ കിലുകിലാ ചിരിച്ചു. സജ്ജനും പൊട്ടിച്ചിരിച്ചു.

"ഇതാ ലഡ്ഡു തിന്നൂ. ഇവൾ ഹനുമാന്റെ പ്രസാദം കൊണ്ടുവന്നതാണ്..." സജ്ജൻ ഷീലയ്ക്കും വർമയ്ക്കും പൊതി വച്ചുനീട്ടി ലഡ്ഡു എടുത്തുകൊണ്ട് ഷീല എന്തോ ചോദിക്കാൻ മുതിരുമ്പോഴേക്കും സജ്ജൻ പറഞ്ഞു "ഇവൾക്ക് ഒരു ജോലികിട്ടി."

"ഗുഡ്. എവിടെ?"

"നവജീവന്റെ എഡിറ്റോറിയൽ സ്റ്റാഫിൽ" കന്യ മറുപടി പറഞ്ഞു. എന്നിട്ടവൾ ചോദിച്ചു, "നമുക്കെല്ലാം സ്വല്പം ചായ കുടിക്കാം അല്ലേ.."

"ക്ഷമിക്കണം, എനിക്കു വേണ്ട" വർമ കൈകൂപ്പിയിട്ടു പറഞ്ഞു.

"അതെന്ത്?" സജ്ജൻ ചോദിച്ചു.

"കടയിലോട്ടു പോകണം. താമസിച്ചുപോയി."

"ശരിയാണ്" ഷീല പറഞ്ഞു "ആൻഡ്, താംക്യൂ വെരിമച്ച് ഫർ ടേക്കിങ് സോ മച്ച് ട്രബിൾ.. പിന്നെ ഒട്ടും വിഷമിക്കണ്ട. അടുത്ത 20-25 ദിവസത്തേക്ക് ഒന്നും സംഭവിക്കില്ല. നിങ്ങളും ഹനുമാന് ലഡ്ഡു നേദിക്കൂ. മകനാകാൻ വേണ്ടി" വർമ ചിരിച്ചു. "സമയം വരട്ടെ, ഞങ്ങൾ ലഡ്ഡുവുമായി താങ്കളുടെ വീട്ടിൽ ഹാജ രായിക്കൊള്ളാം."

"താംക്യു" ഷീല കൈകൂപ്പി. വർമ എല്ലാവരെയും തൊഴുതിട്ട് നടന്നു മറഞ്ഞു. മോചനം കിട്ടിയ പോലെ ഷീല ഒന്നു നിശ്വസിച്ചു. എന്നിട്ട് തലയണയിൽ ചാരി ക്കിടന്നിട്ട്, സ്റ്റവ് കത്തിച്ചുകൊണ്ട് നിന്നിരുന്ന കന്യയെ ഒന്നു നോക്കിയശേഷം സജ്ജനോട് പറഞ്ഞു "ദുർജൻ.. നിങ്ങൾ ഭാഗ്യവാനാണ്... ഒരു ലഡ്ഡുകൂടി എനിക്കു തരൂ. പിന്നെ, മഹിപാൽ പറഞ്ഞിരുന്നത് മിസ് വനകന്യ കമ്യൂണിസ്റ്റാ ണെന്നാണല്ലോ..."

"ഓ. ശരിയാണ്.. കന്യേ.. ഞാനും നിന്നോട് ചോദിക്കണമെന്ന് വിചാരിച്ച താണ്. ഈ പൂജയിലും പ്രസാദത്തിലുമൊക്കെ വിശ്വസിക്കുന്നുണ്ടോ?" ഷീല യുടെ അടുത്തുതന്നെ ഒരു ചാവട്ട നീക്കിവച്ച് അതിൽ ചാരിയിരുന്നിട്ട് സജ്ജൻ ചോദിച്ചു.

കുപ്പിയിൽ നിന്ന് പാൽ പകർന്ന്, സ്റ്റൗവിലിരുന്ന പാത്രത്തിലൊഴിക്കുകയാ യിരുന്നു കന്യ. നിമിഷനേരത്തേക്കവൾ ഒന്നും മിണ്ടിയില്ല. പിന്നെ പറഞ്ഞു "ഈശ്വരനുണ്ടോ, ഇല്ലയോ എന്നതിനെക്കുറിച്ച് ഞാനിതുവരെ ഗൗരവമായി ചിന്തി ച്ചിട്ടില്ല... ചിന്തിച്ചു നോക്കിയിട്ടും ഏതെങ്കിലും വാദം കൊണ്ട് ഈശ്വരനില്ലെന്ന് സ്ഥാപിക്കാനും കഴിഞ്ഞിട്ടില്ല.. പിന്നെ നല്ലതും പൊല്ലാത്തതുമായ സമയങ്ങ ളിൽ, മറ്റുള്ളവരെപ്പോലെ എന്റെ ഹൃദയത്തിന് അതൊരാശ്വാസവും സഹായവു മായിരുന്നിട്ടുണ്ട്."

"ഈശ്വരൻ തർക്കവിഷയമല്ല", ഷീല പറഞ്ഞു. "എന്റെ അഭിപ്രായത്തിൽ ഓരോ മനുഷ്യനും അവന്റെ എല്ലാ പ്രവൃത്തികളിലും ഈശ്വരഹിതമാണ് അനു ഷ്ഠിക്കുന്നത്. ഈശ്വരസൃഷ്ടിയാണ് നടത്തുന്നത്."

"മഹിപാലിനും ഈ അഭിപ്രായമാണോ?"

"മഹിപാലിന്റെ ചിന്തയിൽനിന്ന് ഭിന്നമായ ഒരു ചിന്ത എനിക്കുണ്ടാകുമെ ന്നാണോ നിങ്ങൾ കരുതുന്നത്?"

"ഗ്രേറ്റ്. ഇതിനെയാണ് പ്രേമമെന്ന് പറയുന്നത്." കന്യയെ കേൾപ്പിക്കാനെ ന്നോണമാണയാൾ അതു പറഞ്ഞത്. കന്യയുടെ മുഖത്ത് യാതൊരു പ്രതികര ണവുമുണ്ടായില്ല. ഷീല പറഞ്ഞു "ലോകത്തുനിന്ന് പ്രത്യേകിച്ചും നമ്മുടെ നാട്ടിൽ നിന്ന് ഈശ്വരന്റെ പേര് മാഞ്ഞു പോകുമെന്ന് ഞാനൊരിക്കലും കരുതുന്നില്ല."

"ശാസ്ത്രം ഒരിക്കലിതിന്റെ രഹസ്യം വെളിവാക്കും. ഒന്നുകിൽ നമ്മുടെ ധാര ണയെ അതുറപ്പിക്കും. അല്ലെങ്കിൽ എന്നെന്നേക്കുമായി അത് അവസാനിപ്പിക്കും.. നാമിപ്പോൾ അണുയുഗത്തിലേക്ക് കടന്നിരിക്കുകയാണ് ഡോക്ടർ. ഭൂമിവിട്ട് അന്യ ഗ്രഹങ്ങളിലേക്കു ചെല്ലുന്ന കാര്യമാണ് നാമിപ്പോൾ ആലോചിക്കുന്നത്.... അങ്ങനെ ഒരു ദിവസം ഈശ്വരന്റെ യാഥാർത്ഥ്യവും അറിയാൻ കഴിഞ്ഞേക്കും." പറഞ്ഞുനിറുത്തിയിട്ട് അടുപ്പിലിരുന്ന പാലു തിളച്ചോ എന്ന് കന്യ ചെന്നു നോക്കി. തിളയ്ക്കാൻ ഇനിയും താമസമുണ്ട്.

"അതിനുമുമ്പ് 'പ്രളയം' വന്നാലോ?" സജ്ജൻ പ്രേമനേത്രത്തോടെ കന്യയെ നോക്കിക്കൊണ്ടു ചോദിച്ചു.

"പ്രളയം വന്നാൽ ന്യായവിചാരണ ദിനങ്ങളിൽ എല്ലാവരും ഈശ്വരനെ ക്കാണും. അന്ന് ഞാൻ നിങ്ങൾക്കെതിരായി മൊഴികൊടുക്കും ദുർജൻ. ഞാനീ ശ്വരനോടു പറയും ഇയാൾ നിഷ്കളങ്കയായ ഒരു സുന്ദരയുവതിയുടെ ഹൃദയം കൊള്ളയടിച്ചു കളഞ്ഞുവെന്ന്...."

പാൽതിളച്ചു. കന്യ എഴുന്നേറ്റ് സാരിത്തലപ്പുകൊണ്ട് പിടിച്ച് ചൂടുപാത്രം വാങ്ങി താഴെവച്ചു. എന്നിട്ട് കൂജയിൽ നിന്ന് കെറ്റിലിലേക്ക് വെള്ളം പകരാൻ തുടങ്ങി. കൂജ ഒഴിഞ്ഞിരുന്നു. അതുകണ്ട് സജ്ജൻ പറഞ്ഞു "ഇങ്ങുതരൂ. ഞാൻ വെള്ളം നിറച്ചോണ്ടുവരാം."

"പൈപ്പ് എവിടെയാണ്?"

"താഴെ."

"നിങ്ങളിവിടെ ഇരിക്കൂ. ഞാനെടുത്തുകൊണ്ടുവരാം."

"നീ അവിടെ പോകുന്നതെങ്ങനെ? റിഫ്യൂജികളാണവിടെയത്രയും. നിന്നെ കണ്ട് അവർ ഭയന്നുപോകും."

കൂജയുടെ കഴുത്തിൽ രണ്ടുപേരും പിടിച്ചിരുന്നു. പ്രത്യേകമായ ഒരനുഭൂതി യുടെ രസം രണ്ടുപേരുടെ കണ്ണിലും നിഴലിച്ചു. സജ്ജന്റെ ഹൃദയം നിറഞ്ഞുക വിയുകയാണ്. ലജ്ജയോടും സംയമനത്തോടും നിൽക്കുകയാണ് കന്യ. അവ ളുടെ കപോലങ്ങൾ തുടുത്തിരുന്നു... അവൾ ചോദിച്ചു:

"ഞാനെന്താ ഉമ്മാക്കിയാണോ? പേടിയാവാൻ?"

"മറ്റാർക്കുമില്ലെങ്കിലും എനിക്കുപേടിയാണ്" പുഞ്ചിരിയോടെ പറഞ്ഞിട്ട് സജ്ജൻ കൂജയും വാങ്ങിനടന്നു.

സ്റ്റൗവ് വെറുതേ എരിയേണ്ടെന്നുകരുതി അതണച്ചിട്ട്, കന്യ, ഷീലയുടെ അരികിൽ വന്നിരുന്നു. ഷീല സ്നേഹപൂർവം അവളുടെ കരമെടുത്ത് ചുംബി ച്ചിട്ട് പറഞ്ഞു "നീ ഇത്ര സുന്ദരിയായിരിക്കുമെന്ന് സ്വപ്നത്തിലും ഞാൻ വിചാ രിച്ചിരുന്നില്ല. സജ്ജൻ ഭാഗ്യവാനാണ്. നീയും അതുപോലെതന്നെ. ശരി, ഇനി പെട്ടെന്ന് നിങ്ങളുടെ വിവാഹം നടത്തണം. എനിക്കൊരു സദ്യ ഉണ്ണണം."

"ഞാനിപ്പോഴതാഗ്രഹിക്കുന്നില്ല....."

"അതെന്ത്?"

"രോഗികളോട് താങ്കൾക്കുള്ള അടുപ്പം എത്രമാത്രമാണ്? ഫീസിന്റെയും വിസി റ്റിന്റെയും തോതനുസരിച്ച്. അല്ലേ.... എന്നാൽ വീട്ടിലെ രോഗികളെ ദിനരാത്ര ങ്ങൾ സേവിക്കുന്നവരുടെ ബന്ധം അതിലും ഗഹനവും ഗാഢവുമാണ്."

"അതിന്റെയർഥം; വിവാഹം വളരെ ചിന്തിച്ച് ചെയ്യേണ്ട ഒരു പ്രശ്നമാണെന്ന് അല്ലേ? ഒന്നു ചോദിക്കട്ടെ. സത്യം പറയണം. പ്രേമം സ്ക്കൂളിലെ വിഷയമാ ണെന്ന ധാരണയോടെ, ഓരോ പരീക്ഷയും പാസ്സായി ഒടുവിൽ സർട്ടിഫിക്കറ്റ് നേടി വിവാഹം കഴിക്കുക എന്ന തത്വത്തിൽ വിശ്വസിക്കുന്ന കൂട്ടത്തിലുള്ളവ ളാണോ നീയും?... ഈ മൂഢത്തരത്തിൽ എനിക്കു ചിരിയാണ് വരുന്നത്. ഒന്നു വിശ്വസിക്കൂ... രണ്ടുപേർ ഹൃദയം അന്യോന്യം കൈമാറുകയും- അവർ വിദ്യാ ഭ്യാസം ഉള്ളവരും വിവേകമുള്ളവരും ആയിരിക്കുകയും ചെയ്താൽ, ജീവിത കാലമത്രയും പ്രേമബന്ധത്തിന് ഒരു ഉലച്ചിലും ഉണ്ടാവുകയില്ല...."

"ഞാനതിനോട് യോജിക്കുന്നില്ല. എനിക്കതിശയമായി തോന്നിയിട്ടുള്ളത് താങ്കൾ–"

"എന്നെ നിങ്ങളെന്നു വിളിച്ചാൽ മതി. സജ്ജനുമായുള്ള ബന്ധം കൊണ്ട്, നിന്നെ കാണുന്നതിനുമുമ്പുതന്നെ എനിക്ക് നിന്നോട് സ്നേഹം തോന്നിയിരുന്നു. ഇപ്പോൾ കണ്ടതുമുതൽ,... ഇനി ജീവിതകാലമത്രയും ഞാൻ നിന്റെയാണ്. ഞാൻ പറഞ്ഞില്ലേ ഹൃദയബന്ധത്തിലാണ് ഞാൻ വിശ്വസിക്കുന്നത്."

കൂജയുമായി സജ്ജൻ മുറിയിലെത്തി. കന്യ പെട്ടെന്നെഴുന്നേറ്റ്, അയാളുടെ കയ്യിൽനിന്ന് കൂജവാങ്ങിയിട്ട് ചായ തിളപ്പിക്കാനുള്ള വട്ടം കൂട്ടി. അവളെ സഹായിക്കാനെന്ന ഭാവേന സജ്ജനും ചുറ്റിപ്പറ്റിനിന്നു.

ഷീല സജ്ജനോടായി പറഞ്ഞു..."ദുർജൻ, സ്ത്രീപുരുഷബന്ധത്തെക്കുറിച്ച്, അനുഭവത്തിൽ നിന്ന് ഞാനൊരു കാര്യം പഠിച്ചു. അതായത് പ്രേമം തിയറിയല്ല. പ്രാക്ടീസ് ആണെന്ന്. എത്രത്തോളം അധികം സ്നേഹിക്കുന്നോ അത്രയധികം ബന്ധം ഗാഢമാകും. ബന്ധത്തിന് പഴക്കം കൂടുന്തോറും അതിൽ അനുദിനം പുതുമയുണ്ടായിക്കൊണ്ടിരിക്കും..... നിങ്ങൾ എന്തുപറയുന്നു?"

"ഞാനതിനോട് പൂർണ്ണമായി യോജിക്കുന്നു." സജ്ജൻ മറുപടി ഷീലയ്ക്കാണ് നൽകിയതെങ്കിലും കാര്യം കന്യയോടാണ് പറഞ്ഞത്. "ഭേഷ് നിങ്ങൾ പറഞ്ഞത് വളരെ ശരിയാണ്. ലവ് ഇസ് നോട്ട് തീയറി ബട്ട് പ്രാക്ടീസ്..."

ഷീല ഭാവനയിൽ മുഴുകിയിരിക്കുകയാണ്. അവൾ തുടർന്നു. "ദുർജൻ, ഞാനിന്നലെവരെ വിശ്വസിച്ചിരുന്ന കാര്യങ്ങൾ വ്യർഥമാണെന്ന് ഇന്നെനിക്ക് മനസ്സിലായി. ആണായാലും ശരി പെണ്ണായാലും ശരി വിവാഹം കഴിക്കേണ്ടതാവശ്യമാണ്. അങ്ങനെ യായാൽ നാം ആഗ്രഹിക്കുന്ന വ്യക്തിയെ സദാ തന്റെ അരികിൽ, തന്റെ വീട്ടിൽ, തന്റെ ഹൃദയത്തിൽ കാത്തുസൂക്ഷിക്കാൻ കഴിയും.... അപ്പോൾ ഇത് 'നിന്റെ'യല്ലെന്ന്– നിയമപരമായി നിന്റെയല്ലെന്ന്– ആർക്കും ചൂണ്ടിപ്പറയാനാവില്ല."

ഷീലയുടെ കണ്ണിൽ ഈർപ്പം പൊടിഞ്ഞു. സന്തുഷ്ടനായ ഒരു ഗൃഹനായകനെപ്പോലെ സൂര്യകാന്തിപ്പൂവു കണക്കെ എരിയുന്ന സ്റ്റൗവിലെ തീനാളത്തിലേക്കുനോക്കി അതിന്റെ ഇരമ്പൽ ശബ്ദം ശ്രദ്ധിച്ചു സന്തുഷ്ടമായ തന്റെ ഭാവിയെക്കുറിച്ച് സ്വപ്നവും കണ്ടിരിക്കുകയാണ് സജ്ജൻ. കന്യ ശാന്തഭാവത്തിൽ കെറ്റിലിൽ കണ്ണുംനട്ട്, ഷീലയുടെ വാക്കുകൾ ശ്രദ്ധിക്കുകയാണ്.

ഷീലയുടെ കണ്ണിൽ ജലം ഉരുണ്ടുകൂടിയത് സജ്ജൻ കണ്ടില്ല. അവൾക്കു നൽകേണ്ട ഉത്തരം കന്യയിൽ നിന്ന് ഉൾക്കൊള്ളാനെന്നോണം കന്യയുടെ കണ്ണിൽ കണ്ണുംനട്ടിരുന്നു. "ഇങ്ങോട്ട് നോക്ക്.. എന്നെനോക്ക്... ഇതിന് മറുപടി പറ.." എന്നു പറയും മട്ടിൽ.

പെട്ടെന്ന് ഷീല ചോദിച്ചു "അതിരിക്കട്ടെ ദുർജൻ, നാമിപ്പോൾ ഒരു പ്രേമ നാടകം കണ്ടുപിടിച്ചില്ലേ? ഇതിലെ രണ്ടാളുകളും വിവാഹിതരാണോ?"

"വിരഹേശ് ഭാര്യയും മക്കളും ഉള്ളവനാണ്. പിന്നെ ഈ വീട്ടിൽ അയാളെ പ്രേമിക്കുന്ന പെണ്ണ്...."

"അവളും തീരെ ചെറുപ്പമൊന്നുമല്ല. അത്രയും കത്തിൽ നിന്നു മനസ്സിലായി. ഞാനാക്കത്ത് പിടിച്ചെടുത്തത് ശരിയായില്ലെന്നാണ് എന്റെ തോന്നൽ. അപ്പോഴെനിക്ക് എന്തു തോന്നിയോ എന്തോ? ഗോവണി കയറി വരുമ്പോൾതന്നെ ഞാൻ

ആ തമാശ മുഴുവൻ കണ്ടതാണ്. ചുവരിനോട് ചേർന്ന് നൂലുവഴി സഞ്ചി ഇറങ്ങിവരുന്നതും, ആ ചുരുളൻമുടിക്കാരൻ സന്തോഷംകൊണ്ട് ഉന്മത്തനാകുന്നതും മറ്റും.... വാസ്തവം പറയട്ടെ ഞാനപ്പോൾ ചിരിച്ചിരുന്നെങ്കിലും എനിക്കതിനോടു വെറുപ്പാണ് തോന്നിയത്. ഇതൊരു വൃത്തികെട്ട ഏർപ്പാടാണെന്ന് മനസ്സിൽ തോന്നി."

"അതെ. വൃത്തികെട്ട പണിതന്നെ. ആ മനുഷ്യനെ പിടിച്ചുകെട്ടി നല്ല തല്ലു കൊടുക്കണം."

സ്റ്റൗ അണച്ചുകൊണ്ട് കന്യ പറഞ്ഞു.

"എന്തിന്?" ഷീല ചോദിച്ചതുകേട്ടാൽ അവൾക്കെന്തോ ആഘാതമേറ്റെന്നു തോന്നും.

കപ്പുകൾ എടുക്കാനായി എണീറ്റ കന്യ അവിടെ നിന്നിട്ടു പറഞ്ഞു "ഇവർ പ്രേമിക്കുകയല്ല. പ്രേമമല്ല അവരുടെ ലക്ഷ്യം. ഇത് ശാരീരികാകർഷണത്തിന്റെ പിന്നിലുള്ള പരക്കംപാച്ചിലാണ്."

"എന്നാൽ തന്നെ അതിലെന്തു തെറ്റ്?"

ഷീല അടക്കിയ സ്വരത്തിലാണ് അതു ചോദിച്ചത്. കന്യയുടെ മുഖത്തു നോക്കാതെ അവൾ ചായക്കോപ്പ കുനിഞ്ഞെടുത്തു. കന്യ ഒട്ടൊരു ആവേശത്തോടെ പറഞ്ഞു "എന്തു തെറ്റെന്നോ? ഈ മൃഗീയ ദാഹത്തിൽ രണ്ടു ജീവൻ എന്റെ വീട്ടിൽ നഷ്ടപ്പെട്ടത് ഞാൻ കണ്ടതാണ്. ഈ ദാഹം എത്രയെത്ര സ്ത്രീകളുടെ നാശനഷ്ടത്തിനിടയാക്കിയിട്ടുണ്ട്. എത്ര ജീവിതങ്ങൾ തകർന്നിട്ടുണ്ട്."

"അത് സാമൂഹ്യ വ്യവസ്ഥയുടെ കുറ്റമാണ്, കന്യേ. മനുഷ്യന്റെ പ്രകൃതിദത്തമായ ഈ വാസനയെ നീ നീചമായി കരുതുന്നതെന്ത്?" കന്യ അതിനു മറുപടി പറയാൻ മുതിരുമ്പോഴേക്കും വിശദീകരണമെന്നമട്ടിൽ ഷീല തുടർന്നു "വിശപ്പ് പ്രകൃതിദത്തമായ ഒരാവശ്യമാണ്. ഭക്ഷണപ്രിയനായ ഒരാളെ നിങ്ങൾ ചീത്ത എന്നു പറയുമോ?"

"ഡോക്ടർ, നിങ്ങൾ ഇതു ആത്മാർഥമായി പറയുകയാണോ, അതോ എന്നെ പരീക്ഷിക്കുന്നോ?" കന്യ ചോദിച്ചതു ശാന്തഭാവത്തിലാണെങ്കിലും ഓരോ വാക്കും ഓരോ തീപ്പൊരിയാണെന്നു തോന്നിച്ചു. രണ്ടു സ്ത്രീകളുടെയും വാദവിവാദം കേട്ടുകൊണ്ട് മൂകനായിരുന്നു ചായ കുടിക്കുകയായിരുന്നു സജ്ജൻ. കന്യ സമർഥിക്കുന്ന സ്വാത്വികവശത്തോടു യോജിക്കുന്ന തരത്തിലുള്ള വാക്കുകളാണ് സജ്ജൻ സദാ പറഞ്ഞിരുന്നത്. അയാളുടെ ചിന്താഗതിയും അതേരീതിയിലായിരുന്നു. ഷീലയുടെ വാക്കുകളാകട്ടെ അയാളുടെ ഉള്ളിൽ പരിക്കേറ്റു കഴിയുന്ന ഗൂഢമോഹത്തിന്റെ കവചങ്ങളായിരുന്നു. ഈ രണ്ടു ചിന്താഗതികൾക്കും ഇടയിൽപ്പെട്ട് അയാളുടെ ഹൃദയം പിരിമുറുക്കം കൊണ്ടു. ഷീലയും കന്യയുടെ ചോദ്യത്തിനുമുമ്പിൽ ഒന്നറച്ചു. നേരിയ ചിരിയോടെ ചോദ്യത്തിനുത്തരം മറ്റൊരു ചോദ്യമായി അവളുന്നയിച്ചു "ആത്മാർഥമായിട്ടാണ് ഞാൻ പറഞ്ഞതെങ്കിലോ?"

"എങ്കിൽ എനിക്ക് ആത്മാർഥമായി ഒരിക്കലും നിങ്ങളുമായി അടുക്കാൻ കഴിയില്ല."

"അത്രയേറെ വെറുപ്പാണോ?"

"എന്റെ സമ്പത്ത് അതുമാത്രമാണ്."

"അതൊരിക്കലും നഷ്ടപ്പെട്ടിട്ടില്ലേ?"

കന്യ സജ്ജന്റെ ഭാഗത്തേക്കു ഒന്നുനോക്കിയിട്ടു പറഞ്ഞു "ഇതിന്റെ മറുപടി ഇപ്പോൾ പറയുന്നില്ല."

"അതുപോകട്ടെ ഒന്നു പറയൂ. മനുഷ്യന്റെ ദൗർബല്യത്തിന്റെ പിന്നിൽ യാഥാർത്ഥ്യം ഉണ്ടാവില്ലേ? ആ നീണ്ട മുടിക്കാരന്റെ കാര്യം തന്നെ നോക്കാം. വീട്ടിൽ ഭാര്യയും കുട്ടികളും ഉണ്ടായിട്ടുപോലും അയാൾ ഇവിടെ ഒരു സ്ത്രീയെ പ്രേമിക്കാൻ വന്നിരിക്കുന്നു. ഒരുപക്ഷേ ഇയാളുടെ ഭാര്യ സതിയും പവിത്രയും ആണെങ്കിൽപോലും അഹംഭാവിയും വഴക്കാളിയും ആയതുകൊണ്ടും അയാൾക്ക് യഥാർഥ പ്രേമത്തിന്റെ ദാഹം ഉണ്ടായതുകൊണ്ടും ആയിക്കൂടേ ഇത്?"

"അങ്ങനെയായിരുന്നാൽ പോലും അയാളോട് എനിക്കു സഹാനുഭൂതി ഇല്ല. സ്വന്തം ദാഹം ശമിപ്പിക്കാനായി ഇയാൾ ഒരു സ്ത്രീയുടെ ജീവിതം തകർക്കുകയാണ്."

"എനിക്ക് നിന്റെ വാദം മനസ്സിലായി. ഇത്തരം ആളുകൾ ഇന്നത്തെ സാമൂഹ്യഘടനയിൽ സ്ത്രീകൾക്ക് ദുരന്തവും വിഷമവും വരുത്തുന്നതിലാണ് നിനക്കെതിർപ്പ്, അല്ലേ?"

"അതു സത്യമാണ്. ഒരുപക്ഷേ ഈ സാമൂഹ്യവ്യവസ്ഥിതി മാറിയാൽ..."

"എന്നാലും വ്യഭിചാരത്തിന് അവകാശമുണ്ടായിരിക്കുകയില്ല."

അതുകേട്ട് ഷീല നിശ്ശബ്ദയായി. ചായ കുടിച്ചശേഷം കപ്പു നിലത്തുവെച്ചു. കന്യ ചായ ഊതിയാറ്റി കുടിക്കുകയാണ്. കയ്യിൽ ഒഴിഞ്ഞ കപ്പുമായി ഇരിക്കുകയാണ് സജ്ജൻ. കന്യ അതു ശ്രദ്ധിച്ചു. "ചായ കുറച്ചുകൂടി വേണോ?" സജ്ജൻ ഒന്നും മിണ്ടാതെ കപ്പ് നീട്ടിക്കാണിച്ചു. ഷീല പറഞ്ഞു. "ചിലപ്പോൾ അങ്ങനെയും സംഭവിക്കാറില്ലേ?" അതായത് ഞാൻ വിവാഹിതയും കുട്ടികൾ ഉള്ളവളുമാണെന്ന് സങ്കൽപ്പിക്കൂ. എനിക്ക് എന്റെ ഭർത്താവിനോട് സ്നേഹമാണ്. അതിനിടെ ഈ സജ്ജൻ എന്റെ ജീവിതത്തിലേക്ക് കടന്നുവരികയാണെന്നു കരുതൂ. ഇയാളും വിവാഹിതനും കുട്ടികളുള്ളവനുമാണ്. ഞങ്ങൾ അന്യോന്യം ഉറ്റസുഹൃത്തുക്കളായി. ആ ഒരവസ്ഥയിൽ ഞങ്ങൾ ശാരീരിക –"

"ഞാൻ നിങ്ങൾ രണ്ടുപേരെയും വെറുക്കും."

ഷീല തോറ്റു പിൻവാങ്ങിയിട്ടു പറഞ്ഞു. "നീ വലിയ പിടിവാശിക്കാരിയാണ് കന്യേ. വെറുപ്പ് വലിയൊരു കാര്യമല്ല. മനുഷ്യനെ അവന്റെ നന്മകളോടും തിന്മകളോടുംതന്നെ സ്വീകരിക്കൂ, സ്നേഹിക്കൂ. മനുഷ്യത്വമെന്നത് പുരുഷന്റെയോ സ്ത്രീയുടെയോ പരിശുദ്ധിയെയും ചാരിത്ര്യത്തെയുംകാൾ എത്രയോ ഉന്നതമാണ്."

"ഹീയർ, ഹീയർ" കൈ കൊട്ടിക്കൊണ്ട് സജ്ജൻ വിളിച്ചു പറഞ്ഞു. എന്നിട്ട് ഹാസ്യവും കൃത്രിമഭയവും കലർന്ന ഒരു നോട്ടം കന്യയുടെ നേർക്കയച്ചിട്ടു പറഞ്ഞു "ഞാൻ നിന്നെ എതിർക്കുകയാണെന്നു കരുതരുത്. ഷീല ഇത്രയും വേദനയോടും പീഡയോടും ഉന്നത വിചാരധാരകളിൽ എത്തിച്ചേർന്നതിനെയാണ് ഞാൻ വാഴ്ത്തിയത്. ഷീലേ, നിങ്ങളുടെ വേദന പൂർണമായി മനസ്സിലാക്കിക്കൊണ്ടു തന്നെ ഒന്നുചോദിക്കട്ടെ? നമുക്ക് ഇവളുടെ അച്ഛന്റെ കാര്യം തന്നെ എടുക്കാം. നിങ്ങളുടെ മനുഷ്യത്വസിദ്ധാന്തമനുസരിച്ച് ആ മനുഷ്യനെയും സ്നേഹിക്കണോ?"

താൻ നാലുചുറ്റും നിന്ന് വളയപ്പെട്ടിരിക്കുകയാണെന്നു ഷീലയ്ക്കുതോന്നി. അവളുടെ മുഖം വാടി. ദീനഭാവത്തോടെ സജ്ജനെ നോക്കിയിട്ട് അവൾ പറഞ്ഞു.

"തെറ്റിനെ വെറുക്കൂ സജ്ജൻ. പക്ഷേ തെറ്റുകാരനെ സ്നേഹിക്കൂ. നിങ്ങളുടെ സ്നേഹംകൊണ്ട് ഒരിക്കൽ അയാൾ സ്വന്തം തെറ്റുകളിൽ നിന്ന് മുക്തനായേക്കാം."

"നിങ്ങളുടെ പൊള്ളയായ ഈ അഹിംസയിൽ എനിക്കു വിശ്വാസമില്ല. ഭൂമിയിൽനിന്ന് പാപം ഒഴിച്ചുമാറ്റാൻ പാപികളുടെ തലവെട്ടി എറിഞ്ഞേ പറ്റൂ."

കന്യയുടെ തീക്ഷ്ണമായ ആ വാക്കുകൾ രണ്ടു പാപികളെയും അവരവർക്കിണങ്ങുന്നവിധത്തിൽ പൊള്ളലേൽപ്പിച്ചു. തനിക്കേറ്റ ക്ഷതം മറച്ചു പിടിക്കാനായി ഒന്നുചിരിച്ചിട്ട് ഷീല പറഞ്ഞു. "ദുർജൻ, കല്യാണം കഴിഞ്ഞാൽ ഈ പെണ്ണ് നിങ്ങളെ തത്തയെപ്പോലെ കൂട്ടിലടച്ചിടും, ഓർമ്മിച്ചുകൊള്ളൂ."

കന്യയും ചിരിച്ചു. "അങ്ങനെ കൂട്ടിലടച്ചിടാൻ ഇടയാകുന്ന ആളാണെങ്കിൽ എന്തിനു കല്യാണം കഴിക്കുന്നു?"

"സജ്ജൻ നീ കരുതുന്നതുപോലെ അത്ര സജ്ജനമൊന്നുമല്ല. എല്ലാം അറിഞ്ഞുതന്നെയാണ് ഞാനിയാളെ ദുർജൻ എന്നുവിളിക്കുന്നത്". ഷീലയുടെ വാക്കുകൾ സജ്ജനുപിടിച്ചില്ല, എങ്കിലും അയാൾ ഒന്നും പറഞ്ഞില്ല.

കന്യ അതിനുത്തരമായി ഇങ്ങനെ പറഞ്ഞു:

"നിങ്ങൾ ഇദ്ദേഹത്തെ ഇന്നലെവരെ കണ്ടു. ഞാൻ ഇന്നുമുതൽ കാണുകയാണ്. ഇദ്ദേഹത്തിന്റെ കഴിഞ്ഞുപോയ ഇന്നലെകളെ കാണാൻ ഞാനാഗ്രഹിക്കുന്നില്ല. പക്ഷേ വരാനിരിക്കുന്ന നാളെകളിൽ എനിക്ക് ഇദ്ദേഹത്തിൽ നിന്ന് എന്തെങ്കിലും കളങ്കമുണ്ടായാൽ . . ." തന്റെ ആവേശം തടഞ്ഞു നിറുത്താനുള്ള ശ്രമത്തിൽ കൊടുംതണുപ്പായിരുന്നിട്ടുകൂടി കന്യയുടെ നെറുകയിൽ വിയർപ്പുമണികൾ പൊടിഞ്ഞു.

അവളെ നോക്കിയിരിക്കേ സജ്ജൻ രോമാഞ്ചമണിഞ്ഞു. ഷീല തലകുനിച്ചു. കന്യയുടെ തീക്ഷ്ണഭാവം കാണാനുള്ള ധൈര്യം അവളിൽ ശേഷിച്ചിരുന്നില്ല. അതിന് താൽപര്യമുണ്ടായിരുന്നുവെങ്കിലും സംഭാഷണം അവിടെ നിലച്ചു.

21

അന്നു പകൽ മുഴുവൻ കന്യ സമീപത്തുണ്ടായിരുന്നതിനാൽ, സജ്ജന്റെ ഹൃദയം ഒരുതരം സംഘർഷനിലയിലായിരുന്നു. അവൾ അയാളെ വേദനിപ്പിക്കുന്നുണ്ട്. പക്ഷേ ആ വേദനയ്ക്കൊപ്പം, ഹൃദയം അവളിലേക്ക് അടുക്കുകയുമാണ്. അവളുടെ മോഹവലയത്തിൽ അയാൾ ബന്ധിതനായി. ഷീല പോയിക്കഴിഞ്ഞശേഷം സജ്ജൻ കന്യയോട് ചോദിച്ചു:

"എന്നിൽ കളങ്കം കണ്ടാൽ നീ എന്തുചെയ്യും കന്യേ?"

"ചേട്ടത്തിയെപ്പോലെ തീവച്ച് മരിക്കും."

സജ്ജൻ തളർന്നുപോയി. വിറയാർന്ന സ്വരത്തിൽ അയാൾ പറഞ്ഞു "നിനക്ക് ഭ്രാന്താണ്. തീർച്ചയായും ഇത് ഭ്രാന്താണ്.."

കന്യ: "മറ്റുള്ളവരിൽ ദോഷങ്ങൾ കണ്ടാൽ അതിനെ എതിർക്കാനോ, അതല്ലെങ്കിൽ അവരിൽ നിന്ന് ഒഴിഞ്ഞുമാറാനോ എനിക്കു കഴിയും...പക്ഷേ നിങ്ങളുടെ കാര്യത്തിലാവുമ്പോൾ ഇതല്ലാതെ മറ്റൊരു പോംവഴിയുമില്ല."

“ഒരു പക്ഷേ നമ്മുടെ വിവാഹം നടന്നില്ലെന്ന് കരുതൂ. ഈ ബന്ധം അറ്റു പോയെന്ന് സങ്കൽപ്പിക്കൂ...”

“വിവാഹം നടന്നില്ലെന്നുവന്നേക്കാം. പക്ഷേ ഈ ബന്ധം അറ്റുപോകില്ല.”

കന്യയുടെ വാക്കുകൾ സജ്ജനെ സംബന്ധിച്ചിടത്തോളം ഉത്തരം കിട്ടാത്ത സമസ്യകളായി. കണ്ണിൽ പ്രേമരസം വർഷിച്ചുകൊണ്ടവൾ പറഞ്ഞു:

“ഈ ബന്ധം ഉണ്ടാക്കിയത് ഞാനാണ്. അതിനൊരു രൂപം നൽകിയത് നിങ്ങളായിരിക്കാം. ആ രൂപത്തിന് നിലനിൽപ്പും ഭാവവും നൽകുന്ന ചുമതലയും നിങ്ങൾക്കായിരിക്കാം. പക്ഷേ ബന്ധം പാലിക്കേണ്ടതും നില നിറുത്തേണ്ടതും ഞാനാണ്. നിങ്ങളല്ല. ഞാനതു നോക്കിക്കോളാം.”

അതിനുശേഷം അന്നുപകൽ മുഴുവൻ കന്യ അയാളെ ഭരിച്ചു. നിശ്ചിത സമയത്ത് അയാളെയും കൂട്ടി കർണലിന്റെ അടുത്തെത്തി. മഥുരയിൽനിന്ന് വന്ന മാന്യനെയും കൊണ്ടുപോയിരുന്നു. വക്കീലിനെ കണ്ടു. മജിസ്ട്രേട്ടിന്റെ മുമ്പാകെ ഹാജരായി, അന്തരിച്ച ചേട്ടത്തിയുടെ കത്ത് സമർപ്പിച്ചു. അതിന്മേൽ നടപടി എടുക്കുന്നതാണെന്ന് മജിസ്ട്രേട്ട് ഉറപ്പുനൽകി.

മജിസ്ട്രേട്ടിന്റെ അടുക്കൽനിന്നു മടങ്ങിവന്നശേഷം, കർണൽ, കന്യയെ മഥുരയിൽ നിന്നു വന്ന ആളിനെ കമ്പോളം കാണിക്കാനും ചില സാധനങ്ങൾ വാങ്ങുന്നതിനു സഹായിക്കാനുമായി കൂടെ അയച്ചു. കന്യ പോയിക്കഴിഞ്ഞപ്പോഴാണ് സജ്ജന്റെ വീർപ്പുമുട്ടൽ അവസാനിച്ചത്. കന്യയെ ഇനി തന്റെ ജീവിതത്തിൽ നിന്ന് മാറ്റിനിറുത്താനാവില്ലെന്ന് അന്നയാൾക്ക് ബോധ്യമായി. അവൾ തന്നെ ചൊല്പടിക്കുതന്നെ നിറുത്തുമെന്ന തോന്നലും ഒപ്പം ഉണ്ടായി. അതാണ് അയാളെ വിഷമിപ്പിച്ചത്. അതിലാണ് അയാൾക്കസ്വസ്ഥത. കാട്ടിൽനിന്ന് അപ്പോൾ പിടിച്ചുകെട്ടിയ ഒരു ജന്തുവിനെപ്പോലെയായിരുന്നു അയാളുടെ ഹൃദയം. എണ്ണമറ്റ വിചാരധാരകൾ ഹൃദയത്തിലിളകി മറിഞ്ഞു. അയാൾക്ക് അവളോടും തന്നോടുതന്നെയും ഭയം തോന്നി. താൻ ഭ്രാന്തനായി മാറുമോ എന്നയാൾ ഭയന്നു.

സജ്ജന്റെ കാർ, ഗോമതീതീരത്തിലുള്ള ബാബയുടെ ഭ്രാന്താലയത്തിന്റെ മുന്നിൽ ചെന്നുനിന്നു. വിചിത്രമായ ഒരു ദൃശ്യമാണ് ആ ആശ്രമം കാഴ്ചവച്ചത്. സിമിന്റിട്ട മുറ്റത്ത് എട്ടു പത്തു കട്ടിലുകൾ കിടക്കുന്നു. അതിനടുത്തായി വയ്ക്കോൽമേഞ്ഞ ഒരു ഷെഡ്. അതിന്റെ ഒരറ്റത്ത് ലങ്കോട്ടിധാരികളായ മൂന്നു നാലു പേർ നിന്ന് അടുക്കളപ്പണി ചെയ്യുന്നു. സ്ത്രീകളൊഴികെ, മററ് പരിചാരകരും രോഗികളും എല്ലാം ബാബാജിയെപ്പോലെ ലങ്കോട്ടിയാണ് ധരിച്ചിരിക്കുന്നത്. എല്ലാവരുടെയും തല മുണ്ഡനം ചെയ്തിട്ടുണ്ട്. ഒരററത്ത് ഒരു തിരുകല്ല് കുഴിച്ചിട്ടിരിക്കുന്നു. വെളിയിൽ തുറസ്സായ ഒരിടത്ത് ബാബാജി കമ്പിളി ഉടുപ്പും ധരിച്ച്, ഒരു തോർത്തുകൊണ്ട് ചെവിമൂടിക്കെട്ടി, രണ്ടുമൂന്നുപേരോട് സംസാരിച്ചുകൊണ്ടിരിക്കുകയാണ്. ഒരു മാർവാഡിയുവാവ് മുററത്തിരുന്ന് ഗീതയും പുരാണങ്ങളും ഉദ്ധരിച്ച് സംസാരസാഗരത്തിന്റെ അസ്ഥിരതയെ കുറിച്ച് പ്രസംഗിക്കുകയാണ്. രണ്ടുമൂവായിരം ആളുകൾ ബദ്ധശ്രദ്ധരായി ഇരുന്നു കേൾക്കുന്നു എന്ന മട്ടിലാണ് പ്രസംഗം. ഒരു ബംഗാളി, അയാളുടെ യജമാനനോട് തന്നെപ്പറ്റിപ്പുകഴ്ത്തി പറയുന്ന മട്ടിൽ സ്വയം സംസാരിക്കുകയാണ്. ഒരു ഫയൽവാനെ വരാന്തയുടെ ഒരു തൂണിൽ കാലിൽ തളച്ചിട്ടിരിക്കുന്നു. ചങ്ങല പൊട്ടിക്കാനുള്ള ശ്രമത്തിനിടയിൽ, മുന്നിലിരിക്കുന്ന ബാബയെ ഒററ ശ്വാസത്തിൽ ആയിരം തെറി

വിളിക്കുന്നുണ്ടയാൾ. ഇടയ്ക്കിടെ മപ്പടിച്ച് ബാബയെ ഗുസ്തിക്ക് വെല്ലുവിളിക്കുന്നുമുണ്ട്. അടുത്ത തൂണിൽ കെട്ടിയിട്ടിരുന്ന ഒരു വനം കണ്ടക്ടർ, തെറി പറയുന്നതിൽ ഫയൽവാന് പൂർണപിന്തുണ നൽകുന്നു. അതോടൊപ്പം ഫയൽവാനെ സമാധാനിപ്പിക്കാനായി ചില വിശദീകരണങ്ങളും നടത്തുന്നുണ്ട്. "ഈ ബാബാ അളിയൻ, പാകിസ്ഥാനി ഏജന്റാണ്. എന്നും രാത്രി ഇയാളുടെ വിമാനം വരും. എന്റെ രണ്ടരലക്ഷം രൂപാ തട്ടിക്കൊണ്ടുപോയി. ഇന്നുരാത്രി ഇവനെ തട്ടിയിട്ട് നമുക്ക് വിമാനത്തിൽ കയറി കടന്നു കളയാം... ഇപ്പോൾ ഒന്നുംപറയണ്ട. മിണ്ടാതിരി..." നീണ്ടുമെലിഞ്ഞ ഒരു സിന്ധിയുവാവ്, കട്ടിലിൽ ചമ്രം പടിഞ്ഞിരിക്കുന്നു. വായിൽ വെള്ളം നിറച്ച് തൊണ്ട വീർപ്പിച്ചിരിക്കുന്ന ആ ഇരിപ്പുകണ്ടാൽ ഏതോ യോഗാസനമുദ്രയിലാണെന്നു തോന്നും. രണ്ടു സ്ത്രീകൾ ഗോമതിയിൽനിന്നു വെള്ളം കോരിക്കൊണ്ടുവരുന്നു. ക്യാപ്ററൻ രാജേശിന്റെ ഭ്രാന്തി ഭാര്യ ഉറങ്ങുകയാണ്. അവളുടെ തലയിലെ മുടിയും വടിച്ചു കളഞ്ഞിരിക്കുന്നു. ഈ ഒച്ചയും ബഹളവും ഒന്നും വകവയ്കാതെ അതിഥികളുമായി സംസാരിച്ചുകൊണ്ടിരിക്കുകയാണ് ബാബാജി. സജ്ജനെ കണ്ടതും സന്തോഷത്തോടെ ചാടി എഴുന്നേററ്, അയാളെ സ്വാഗതം ചെയ്തു. അയാളെയും പ്രതീക്ഷിച്ചാണിത്രയും നേരമിരുന്നതെന്നു തോന്നും ആ പെരുമാററം കണ്ടാൽ. "അങ്ങു വന്നതിൽ കോടിക്കണക്കിന് ധനം കിട്ടിയ സന്തോഷമാണെനിക്കുള്ളത്..." എന്നിട്ട് അവിടെ ഇരുന്നവരോടായി പറഞ്ഞു "ഇദ്ദേഹമാണ് രാവിലെ എന്നെ സഹായിച്ചത്. ഇദ്ദേഹത്തിന്റെ വാക്കുകേട്ടാണ് അവൾ സ്വയം കൂടെ വരാൻ സമ്മതിച്ചത്."

മുന്നിലിരുന്ന പണ്ഡിറ്റ്ജി പറഞ്ഞു. "ഉപകാരികളായവർക്ക് ഒരു കുറവും ഉണ്ടാകില്ല. നിങ്ങളെപ്പോലുള്ളവർ കാരണമാണ് ഈ ഭൂമിതന്നെ നിലനിൽക്കുന്നത്. ബസാറിൽ വച്ച് ഒരാൾ പറഞ്ഞു, ഈ സ്ത്രീ പറയുന്നത് സത്യമായിരിക്കാമെന്ന്. അവളുടെ മേൽ ബാബ അനുചിതമായി– അപ്പോഴേക്കും ഞാൻ തടഞ്ഞിട്ടു പറഞ്ഞു. എനിക്ക് ബാബാജിയെ നല്ലവണ്ണം അറിയാമെന്ന്. ഇത്രയും ശ്രേഷ്ഠനായ ഒരു മഹാത്മാവിനെ–"

"ഞാൻ വെറും സേവകനാണ് രാംജീ സന്യാസിയുമല്ല യോഗിയുമല്ല വൈരാഗിയുമല്ല. എന്റെ ഗുരു എനിക്ക് രണ്ട് ഉപദേശങ്ങളാണ് തന്നിട്ടുള്ളത്. ഗുരുദക്ഷിണയായി രണ്ട് പ്രതിജ്ഞകളും നൽകി. ഉപദേശമായി നൽകിയത് വേദവാക്യമായി സ്വീകരിച്ചു. എന്റെ രൂപത്തിൽ ലോകത്തെ കണ്ട് അതിനെ സേവിക്കുക. സേവനത്തിൽ വിട്ടുവീഴ്ച വരുന്നില്ലെന്ന് ഉറപ്പുവരുത്താനായി ലങ്കോട്ടി മുറുക്കി കെട്ടണം. ഞാൻ പഠിച്ചത് ഇത്രയും മാത്രമാണ് കുഞ്ഞേ."

വായിൽ വെള്ളവും നിറച്ച് യോഗാസനത്തിലിരുന്ന സിന്ധിയുവാവ് പെട്ടെന്ന് ചാടിയെണീററ്, മുററത്ത് ഓടയരികിലേക്ക് ഓടി. പോകുന്നതിനിടയിൽ അയാൾ ഛർദിച്ചു. ഛർദിച്ചുകൊണ്ടുതന്നെ മുന്നോട്ടുനീങ്ങി. അയാളുടെ വസ്ത്രവും വരാന്തയും എല്ലാം ഛർദിൽ വീണ് വൃത്തികേടായി."ശ്ശെടാപാടേ".. എന്നു പറഞ്ഞുകൊണ്ട് ബാബ ധൃതിയിൽ എണീററു. ചുറുചുറുക്കോടെ അദ്ദേഹം ഓരോ ജോലികൾ ചെയ്യുന്നത് സജ്ജൻ നോക്കിയിരുന്നു. ആ ഭ്രാന്താലയം, അയാളുടെ മനസ്സിൽ വല്ലാത്ത പ്രഭാവം ഉണ്ടാക്കി. വിചിത്രമായ സംവിധാനം! ഒരു വീട്ടിൽ ഒരു ഭ്രാന്തനുണ്ടായിരുന്നാൽ, അവിടത്തെ സർവകാര്യങ്ങളും കുഴയും. വീട്ടിലുള്ളവർ ഇരുപത്തിനാലു മണിക്കൂറും മുള്ളിൻ മുനയിലായിരിക്കും കഴിയുക.

ഇവിടെ ഇതാ പത്തുപതിനഞ്ചു ഭ്രാന്തൻമാർ! അവരെയെല്ലാം ഒരേസമയത്തു തന്നെ ശ്രദ്ധിക്കുകയും അടിക്കേണ്ടവരെ അടിച്ചും ദണ്ഡിക്കേണ്ടവരെ ദണ്ഡിച്ചും, 'മോനേ-കുഞ്ഞേ' എന്നുവിളിച്ചും ചിട്ടയായും വൃത്തിയായും ഓരോ കാര്യങ്ങൾ നടത്തുകയും ചെയ്യുന്നു. ഇതൊക്കെ കഴിഞ്ഞിട്ട് ബാബാ തന്റെ പീഠത്തിൽ വന്നിരിക്കുന്നതു കണ്ടാൽ അദ്ദേഹം ആ ഇരിപ്പിടം വിട്ട് എണീററിട്ടു തന്നെയില്ലെന്ന് നമുക്കു തോന്നും... അദ്ദേഹം ഒന്നും ചെയ്തില്ല, ഒരു ചിന്തയുമില്ല. മുഗ്ധമായ മന്ദഹാസവും പൊഴിച്ചിരിക്കുകയാണെപ്പോഴും. "താങ്കൾക്കായി എന്തു സേവനമാണ് ചെയ്യുക. ചായ ഉണ്ടാക്കട്ടോ കുഞ്ഞേ?.. ഭാംഗിൽ താല്പര്യമുണ്ടെങ്കിൽ അതിനും ഏർപ്പാടുണ്ടാക്കാം."

"അങ്ങയുടെ കാരുണ്യംമാത്രം മതി."

"എങ്കിലും ചായ തീർച്ചയായും ആകാം..ആശ്രമത്തിൽ വന്നിട്ട് ഞങ്ങളുടെ സേവനം സ്വീകരിക്കാതെ പോകാനോ.."

"ഞാനാണ് സേവനം ചെയ്യേണ്ടത്."

"ഓരോ മനുഷ്യനും സേവനം ചെയ്യണം രാംജീ. മോനേ രമാശങ്കർ.. ചായ തിളപ്പിക്ക്. ഏലവും ഗ്രാമ്പൂവും എല്ലാം ഇടണേ. ഒാ രാംജീ, മനുഷ്യന്റെ മനസ്സിൽ സേവനത്തിനുള്ള ഭാവനയുള്ളിടത്തോളം അവന് സ്വന്തം ശക്തിയിൽ അഹംഭാവം കാണില്ല. ഭ്രമം കാണില്ല."

"എനിക്കു മനസ്സിലായില്ല."

"യഥാർഥസേവകൻ ശാന്തനും വിവേകപടുവുമായിരിക്കും... അവൻ പരാജിതനായാൽപ്പോലും ശാന്തിയും വിവേചനവും കൈവെടിയുകയില്ല. ഇതാണതിന്റെയർഥം."

സജ്ജന് കാര്യം മനസ്സിലായില്ല.

"സേവകനാകുന്നതിൽ അങ്ങിത്ര നിർബന്ധം കാണിക്കുന്നതെന്ത്? മനുഷ്യന് സ്വന്തം യജമാനനായിക്കൂടേ?"

സന്യാസി ചിരിച്ചിട്ടു പറഞ്ഞു. "രണ്ടും ഒന്നുതന്നെ രാംജീ. മുമ്പ് ഞാനൊരു മോട്ടാർമെക്കാനിക്കായിരുന്നു. ഒടുവിൽ യജമാനന്റെ കീഴിലുള്ള വേല ഉപേക്ഷിച്ചിട്ട് ഞാൻ വിന്ധ്യാചലത്തിലേക്ക് പോയി. ത്രികുടിയിൽ തപസ്സുചെയ്തു. കഷ്ടപ്പാടും പീഡകളും വളരെ സഹിച്ചു. ആഹാരവും ജലവും ഇല്ലാതെ കഴിഞ്ഞു. അവിടെവച്ച് ഒരു മഹാത്മാവിനെ കണ്ടെത്തി. നീ നിന്റെ കടമ ചെയ്യാതെ ഇവിടെ വന്ന് എന്തു ചെയ്യുന്നുവെന്ന് അദ്ദേഹം ചോദിച്ചു. പോ പോയി സേവനം അനുഷ്ഠിക്കൂ എന്നു പറഞ്ഞു. പിന്നെ ഞാനെന്തു ചെയ്യാൻ? ഗുരുവായി സ്വീകരിച്ച ആളിന്റെ ആജ്ഞ അനുസരിച്ചല്ലേ പററൂ? ഞാൻ പറഞ്ഞതിന്റെയർഥം, കടമയിൽ ബദ്ധനായാലല്ലാതെ ആർക്കും സ്വന്തം യജമാനനാകാൻ പററില്ലെന്നാണ്. എനിക്ക് സ്വയം സേവകനാകാനാണിഷ്ടം. ബാക്കിയെല്ലാവരും എനിക്ക് രാമന്മാരാണ്..."

സന്യാസിയുടെ വാക്കുകൾ സജ്ജന് ആശയക്കുഴപ്പമുണ്ടാക്കി. എന്നാലും ആ വ്യക്തിത്വം അയാളെ വല്ലാതാകർഷിക്കുന്നു. സേവനസിദ്ധാന്തത്തോട് വെറുപ്പുണ്ടെങ്കിലും, ആ വ്യക്തിത്വത്തോടുള്ള തന്റെ ആകർഷണത്തിനു കാരണം, ആ സേവനതൽപ്പരത തന്നെയാണെന്ന് സജ്ജന് മനസ്സിലായി. താൻ-സജ്ജൻ വർമ്മ- ഈ സന്യാസിമാരുടെയും യോഗികളുടെയും അടുക്കൽ എന്തിനു വന്നു?

സേവനത്തിന്റ മാഹാത്മ്യം യേശു, വിവേകാനന്ദൻ, ഗാന്ധി, തുടങ്ങിയ മഹാപുരുഷൻമാരുടെ വ്യക്തിത്വത്തെക്കാളും മഹത്താണ്... പക്ഷേ സേവനമനുഷ്ഠിക്കുക കഠിന വ്രതമാണ്. സജ്ജന്റെ മനസ്സിൽ വേലക്കാർ, ഡ്രൈവർ, പുരോഹിതൻ, തോട്ടക്കാരൻ, കുശിനിക്കാരൻ, ഗുമസ്തർ, കാര്യസ്ഥൻ, പാറാവുകാർ തുടങ്ങിയ തന്റെ സേവകവൃന്ദത്തിന്റ രൂപങ്ങൾ തെളിഞ്ഞു. ജന്മസിദ്ധമായ പ്രഭുത്വം കൊണ്ടും സമ്പൽസമൃദ്ധി കൊണ്ടും പലരുടെയും സേവനങ്ങൾ സ്വീകരിച്ചു കഴിയുന്ന ഒരു വ്യക്തിക്ക്, സേവനം എന്ന തത്വവും ആദർശവും അത്തറിന്റ ഗന്ധം പോലെ ആസ്വദനീയം മാത്രമാണ്. അത് സ്വന്തം കർത്തവ്യമായി സ്വീകരിക്കാൻ അയാൾക്ക് കഴിഞ്ഞെന്നുവരില്ല. 'അങ്ങുന്ന്' 'യജമാനൻ' 'തമ്പുരാൻ' 'ഉത്തരവ്' എന്നീ പദങ്ങൾ കേട്ട് തഴമ്പിച്ച ചെവികൾക്ക്, സേവയെന്നും ശുശ്രൂഷയെന്നും മറ്റുമുള്ള പദങ്ങൾ പുത്തരിയാവാനേ വഴിയുള്ളു. തന്റെ ഈ വിവശത മനസ്സിലായപ്പോൾ സജ്ജന് സ്വയം ഈർഷ്യയാണുണ്ടായത്. തന്റെ വിലാസലാലസയിൽ അവൻ പരാജിതനായി. എപ്പോഴും താൻ തന്നെ പറയാറുള്ള ആദർശങ്ങളിൽ അടിയുറച്ചു നിൽക്കാനുള്ള മാനസിക ശക്തിയും അവനില്ല. താനെത്ര നീചനാണ്. 32 വയസ്സായി. എന്നിട്ടും തന്നെ സ്വയം മനസ്സിലാക്കാൻ തനിക്കു കഴിയുന്നില്ലല്ലൊ. സ്വന്തം വ്യക്തിത്വത്തിലെ വിരോധാഭാസങ്ങളുടെ ഈ ഭാണ്ഡക്കെട്ടും പേറി അഹംഭാവത്തോടെയല്ലേ നടത്തിക്കുന്നത്? തോന്നിയതു പറഞ്ഞും തോന്നിയതുപോലെ ചെയ്തും കഴിഞ്ഞു. ഇപ്പോഴിതാ തന്റെ കർമ്മങ്ങൾ തന്നെ ചാട്ടവാറടിയേൽപ്പിക്കുന്നു... ഞാനിത്ര നീചനാണോ? ഞാനിന്നുവരെ ചെയ്തതെല്ലാം തെറ്റു മാത്രമാണോ?

"ഒരു തെറ്റുമില്ല കുഞ്ഞേ. മനുഷ്യൻ തെറ്റു ചെയ്താണ് അനുഭവങ്ങൾ നേടുന്നത്. ഞാൻ എന്റെ പഴയകഥ പറയാം."

തന്റെ മനസ്സിലുന്നയിക്കപ്പെട്ട ചോദ്യത്തിന് സന്യാസിയിൽ നിന്ന് ഇങ്ങനെ ഒരു മറുപടിയുണ്ടായത്, സജ്ജനെ ഞെട്ടിച്ചു... ബാബാജി സ്വന്തം കഥ പറഞ്ഞു തുടങ്ങി.

"ഞാൻ മോട്ടോർ മെക്കാനിക്കായിരുന്നകാലത്ത്, ഇന്നാട്ടിൽ അതൊരു പുതിയപണിയായിരുന്നു. വേണ്ടത്ര മെക്കാനിക്കുകൾ ഇല്ലാതിരുന്നതിനാൽ ഉള്ളവർക്ക് വലിയ സ്ഥാനമായിരുന്നു. ഇംഗ്ലീഷുകാർ ധാരാളം സമ്മാനം തരും. നല്ല ശമ്പളവും. ഇതെല്ലാം ചേർന്ന് മാസം 200–250 രൂപ വരുമാനമുണ്ടായിരുന്നു. ഒരു ഗ്രാമീണ ബാലനായിരുന്ന ഞാൻ ഇത്രയും പണം കണ്ട് അഹങ്കരിച്ചു. അന്ന് പണത്തിന് ഇന്നത്തെക്കാൾ വിലയായിരുന്നു. പണക്കൊഴുപ്പുകാട്ടാൻ വേണ്ടി ഞാൻ കോട്ടും സൂട്ടും തുന്നിച്ചു. തിന്നാനും കുടിക്കാനും നൂറ് നൂറ്റമ്പത് ചെലവാകും. ബാക്കി അച്ഛന് അയച്ചു കൊടുത്തുകൊണ്ടിരുന്നു. തിന്നു തടിവച്ചു. അതോടെ അഹംഭാവം കൂടി . രണ്ടുകാര്യങ്ങളിലായിരുന്നു എനിക്കു നിഷ്ഠ. ഒന്ന് സ്വന്തം ഡ്യൂട്ടി കടുകിട കോട്ടം വരാതെ ചെയ്യുന്നതിൽ. മറ്റൊന്ന് ശരീരം സൂക്ഷിക്കുന്നതിൽ.. ആരുമായും ഏറ്റുമുട്ടാൻ ഒരു കൗതുകം. ഒരിക്കൽ ഒരു സഹപ്രവർത്തകനുമായി വഴക്കിട്ടു. അയാൾ ചെന്ന് യജമാനനോട് പരാതിപറഞ്ഞു. ഞാനവന്റെ പണം മോഷ്ടിച്ചുവെന്ന്. ആ നുണ എന്നെ ചൊടിപ്പിച്ചു. എനിക്ക് കോപം വന്നു. ഞാൻ ഒരു ട്രക്ക് നന്നാക്കിക്കൊണ്ടിരിക്കുകയായിരുന്നു. വൈകുന്നേരം ടെസ്റ്റിങ്ങിനെന്നും പറഞ്ഞ് ആ വണ്ടിയുമായി വീട്ടിലെത്തി. അന്നു

കുറേക്കൂടുതൽ ഭാംഗ് കഴിച്ചു. രാത്രി വണ്ടിയും എടുത്ത് പുറപ്പെട്ടു. കുറെ കറങ്ങി. പിന്നെ അയാൾ കിടന്നിരുന്ന റോഡരികിലുള്ള തിണ്ണയിൽ വണ്ടികൊണ്ടുകയറ്റി. കട്ടിൽ സഹിതം ആ മനുഷ്യൻ അരഞ്ഞ് ചതഞ്ഞു പോയി രാംജീ. എൻജിൻ നിറുത്താതെ വണ്ടി അവിടെത്തന്നെ ഉപേക്ഷിച്ചിട്ട് ഞാൻ പോയി. കുറേ ചുറ്റിക്കറങ്ങിയ ശേഷം വർക്ക്ഷാപ്പിലെത്തി. യജമാനൻ ഒരിംഗ്ലീഷുകാരനായിരുന്നു. ആ കോമ്പൗണ്ടിലെ ബംഗ്ലാവിൽ തന്നെയാണ് താമസം. ഞാൻ ചെന്ന് അദ്ദേഹത്തിനോട് സത്യം മുഴുവൻ പറഞ്ഞു. ജോലിയിലുള്ള എന്റെ നിഷ്ഠ കൊണ്ട് അദ്ദേഹത്തിന് എന്നെ ഇഷ്ടമായിരുന്നു. കുറേനേരം ആലോചിച്ചശേഷം അദ്ദേഹം പറഞ്ഞു 'നീ എന്നോടു സത്യം പറഞ്ഞത് നന്നായി. ഞാൻ നിന്നെ രക്ഷിക്കാം. എങ്കിലും ഒരു കൊലപാതകിയെ എന്റെ വേലക്കാരനായി വച്ചു കൊണ്ടിരിക്കാൻ എനിക്കാവില്ല. കുഞ്ഞേ,' ഞാനിത്രയും പറഞ്ഞത് മൂഢനായ മനുഷ്യൻ ആദ്യം തന്റെ തെറ്റുകളിൽ നിന്നാണ് അനുഭവം നേടുന്നതെന്ന് കാണിക്കാനാണ്. പിന്നെ വിവേകിയാകുമ്പോൾ സദ്ഭാവനകളും സദ്ഗുണങ്ങളും സദ്കർമ്മങ്ങളും ഗ്രഹിക്കാനുള്ള ശക്തി അവന് വന്നു ചേരും."

ഈ കഥ, സജ്ജന്റെ ഹൃദയത്തിൽ വിചിത്രമായ പ്രതികരണമാണുണ്ടാക്കിയത്. നിഷ്ഠുരനായ ഒരു കൊലപാതകിയുടെയും, സ്നേഹസ്വരൂപനായ ഒരു യോഗിവര്യന്റെയും ഭിന്ന വർണങ്ങളിൽ, ആ സന്യാസിയുടെ രൂപം അയാളുടെ ഹൃദയത്തിൽ സംഘർഷമുണ്ടാക്കി. സന്യാസിയോടുള്ള ആദരവും ബഹുമാനവും ഉപേക്ഷിക്കാനാവുന്നില്ല... അതിലുറച്ചു നിൽക്കാനും കഴിയുന്നില്ല. അവിടെ ഇരിക്കാൻ തന്നെ ഒരസ്വസ്ഥത...

"അസ്വസ്ഥത നാം ഉണ്ടാക്കുമ്പോൾ ഉണ്ടാകുന്നു. വർധിപ്പിക്കുമ്പോൾ വർധിക്കുന്നു. അത് നിയന്ത്രിക്കാനും കുറയ്ക്കാനും കഴിഞ്ഞാൽ മനസ്സിന്റെ തന്ത്രികൾ നേരെ മീട്ടപ്പെടും." സന്യാസി പറഞ്ഞു. സജ്ജൻ വീണ്ടും ഞെട്ടി. സന്യാസി ചിരിച്ചിട്ട് പറഞ്ഞു.

"ഇതിലാശ്ചര്യപ്പെടേണ്ടകാര്യമില്ല കുഞ്ഞേ. ഋഷിമാരുടെ വാക്കുകൾ സത്യമാണ്. ഈ ജഗത്തിലുള്ള സകല പദാർഥങ്ങളും സത്യമാണ്. കർമ്മ ഹീനനായ മനുഷ്യൻ ഒന്നുപോലും നേടുന്നില്ല."

ഇരുന്നിരുന്ന് സജ്ജന് മയക്കം വരുന്നതായി തോന്നി. ചിന്താശക്തി ചിതറിപ്പോയിരിക്കുന്നു. സന്യാസിയുടെ സ്നേഹമൂറുന്ന കറുത്ത കൃഷ്ണമണി, തന്റെ മനസ്സിന്റെ ഓരോ മൂലയിലും കടന്നുചെല്ലുന്നതായി അയാൾക്ക് തോന്നി. ഒന്നും മറച്ചുവയ്ക്കാനാകുന്നില്ല. തന്റെ അസ്തിത്വം പോലും ലുപ്തമാവുകയാണ്. സ്നേഹമസൃണമായ ആ നോട്ടം ഉള്ളിലെ എല്ലാ പടുതകളും നീക്കിയകറ്റുകയാണ്. താൻ അന്തരീക്ഷത്തിൽ പറന്നു നടക്കുകയാണെന്നും, സന്യാസിയുടെ നോട്ടം അന്തരീക്ഷത്തെ സൂര്യകിരണമെന്നപോലെ, തന്റെ ശരീരത്തെ തുളച്ചു കടന്ന് മുന്നോട്ടു പോവുകയാണെന്നും സജ്ജനു തോന്നി. അഹംഭാവം പരാജിതമാവുകയാണ്. എങ്കിലും അതംഗീകരിക്കാൻ അയാൾ വിസമ്മതിച്ചു. പക്ഷേ അതിന് മനോബലം നൽകാൻ കഴിയുന്നില്ല. ചിന്തചിതറിപ്പോകുന്നു. അവിടെ ഇരുന്ന ഇരുപ്പിൽ അയാൾ മയങ്ങി. കൺപോളകൾക്ക് വല്ലാത്തകനം. സജ്ജൻ അധീരനായി. തളർച്ച തോന്നി. ഏലവും ഗ്രാമ്പൂവും ഇട്ട ചായ തക്ക സമയത്താണ് മുന്നിലെത്തിയത്.

22

ആശ്രമത്തിൽ നിന്ന് വീട്ടിലേക്ക് മടങ്ങുംവഴി മണിമാളികയുടെ അടുത്തുവച്ച് മഹിപാൽ നടന്നുപോകുന്നത് സജ്ജൻ കണ്ടു. വണ്ടിനിറുത്തിയിട്ട് അയാൾ മഹിപാലിനെ വിളിച്ചു. മഹിപാലിന്റെ മുഖം വാടിയിരുന്നു. ക്ഷീണിതനാണ്. കാറിൽ കയറിയിരുന്നിട്ട് അയാൾ പറഞ്ഞു "നിന്നെ കണ്ടതു നന്നായി. എന്നെ ഷീലയുടെ അവിടെ വിട്ടേക്കൂ."

വഴിയിൽ സംഭാഷണത്തിനിടയിൽ മഹിപാൽ താനും ഷീലയുമായുള്ള ബന്ധവും സജ്ജനും കന്യയുമായി വളർന്നുവരുന്ന ബന്ധവും തമ്മിൽ താരതമ്യപ്പെടുത്തി ചർച്ച ചെയ്തു. സജ്ജൻ അതിനെ എതിർത്തു. "ഷീലയെ ഞാൻ ബഹുമാനിക്കുന്നു. പക്ഷേ കന്യയെ അവളോടു തുലനം ചെയ്യാൻ ഞാൻ സമ്മതിക്കില്ല. എന്റെ അമ്മ കഴിഞ്ഞാൽ കന്യയോളം സ്വഭാവശുദ്ധിയുള്ള മറ്റൊരു സ്ത്രീയെയും ഞാനിതുവരെ കണ്ടിട്ടില്ല. ഞാനെത്രയോ പേരുമായി ഇടപഴകിയതാണ്."

"ശുദ്ധിയിൽ എന്റെ ഭാര്യയ്ക്കും കുറവൊന്നുമല്ല സജ്ജൻ."

"എങ്കിൽ അവരെയും വിട്ട് ഷീലയുടെ...."

"ഷീല എനിക്കു ലഹരിപോലെ ആവശ്യമാണ്. ബാഹ്യമായ ഈ ലഹരിയിൽ.... നിനക്കറിയാമല്ലോ ഞാനവയ്ക്ക് അടിമയല്ല. അതിൽ കൗതുകം മാത്രമേ വയ്ക്കുന്നുള്ളുവെന്ന്. എന്നാൽ ഷീല ബാഹ്യമായ ലഹരിയല്ല. എന്റെ ഉള്ളിന്റെ ഉള്ളുമായാണവളുടെ ബന്ധം. സജ്ജൻ ഞാൻ നിന്നോട് കള്ളം പറയുകയല്ല. വിരസമായ തളർന്ന ഈ ജീവിതവുമായി രാവും പകലും എന്തുമാത്രം സംഘർഷത്തിലാണ് ഞാൻ കഴിയുന്നതെന്ന് സ്വപ്നത്തിൽ പോലും നിനക്കു സങ്കല്പിക്കാനാവില്ല. എന്റെ തളർന്ന ഹൃദയത്തിന്റെ താങ്ങാണ് ഷീല. അവൾ കഴിഞ്ഞാൽ കർണൽ മാത്രമാണ് എന്റെ ഹൃദയത്തിന് ശക്തി നല്കുന്ന മറ്റൊരാൾ. മറ്റൊന്നും കരുതരുത്. സജ്ജൻ, അയാളുമായി താരതമ്യപ്പെടുത്തുമ്പോൾ എന്റെ ഹൃദയത്തിൽ നീയും ഒരു ഭാരമായാണ് അനുഭവപ്പെടുന്നത്."

സജ്ജൻ: "ശരിയായിരിക്കാം. നിഷ്പക്ഷമായി ഒന്നുപറയാമോ. എന്നെയും കർണലിനെയും താരതമ്യപ്പെടുത്തുമ്പോൾ കർണലുമായുള്ള സ്നേഹത്തിന് വലുപ്പം നല്കുന്നതുപോലെതന്നെ, ഷീലയെയും നിങ്ങളുടെ ഭാര്യയെയും താരതമ്യപ്പെടുത്തുമ്പോൾ ഷീലയുടെ സ്നേഹത്തിനാണോ നിങ്ങൾ വലുപ്പം നല്കുന്നതെന്ന്?"

മഹിപാലിന് ഉത്തരം ഒന്നും നല്കാൻ കഴിഞ്ഞില്ല. സജ്ജൻ ആവേശപൂർവം തുടർന്നു "എനിക്കിപ്പോൾ എന്റെ ഹൃദയത്തെതന്നെ മനസ്സിലാക്കാൻ കഴിയുന്നില്ല. ഞാനിപ്പോൾ എന്തുമാത്രം ചഞ്ചലനാണോ അത്രയും ഇതേവരെ ഉണ്ടായിട്ടില്ല. ചിലപ്പോൾ ചിന്തിക്കും കന്യയെപ്പോലെ സ്വാഭിമാനവും വർഗഗർവും ഉള്ള ഒരു സ്ത്രീയെ വിവാഹം ചെയ്താൽ ജീവിതം സുഖകരമല്ലെന്ന്.

"കല്യാണി എനിക്കൊരു പ്രശ്നമായതു പോലെ."

"പിന്നെ ആലോചിക്കും, ആ മാറ്റുകൂടിയ സ്വർണത്തെ സ്വന്തം നിഷ്ഠയുടെ വൈരം കൊണ്ട് മാറ്റുരച്ചില്ലെങ്കിൽ ജീവിതംതന്നെ വ്യർഥമാകുമെന്ന്. എന്റെ

ദൗർബല്യങ്ങൾക്കുള്ള വെല്ലുവിളിയായിട്ടാണ് കന്യ കടന്നുവന്നിരിക്കുന്നത്. ഈ രണ്ടു ദ്വന്ദ്വഭാവങ്ങളും എന്റെ ഹൃദയത്തെ മഥിക്കുകയാണ്. എന്നെ രണ്ടുവശത്തേക്കും പിടിച്ചുവലിക്കുകയാണ്. എന്നാലും എനിക്കറിയാം എന്റെ ദൗർബല്യങ്ങൾ കന്യയുടെ നിഷ്ഠയുടെ മുന്നിൽ മുട്ടുകുത്തുമെന്ന്."

സജ്ജന് അങ്ങനെ ചെയ്യാനാവില്ലെന്നാണ് മഹിപാലിന് അതുകേട്ടപ്പോൾ തോന്നിയത്. കല്യാണിയോട് കെട്ടിയിടപ്പെട്ടിരുന്നിട്ടും അവൾക്കു വേണ്ടി ഷീലയെ ത്യജിക്കാൻ തനിക്കു കഴിഞ്ഞിട്ടില്ലല്ലോ.

സജ്ജനോട് വിട പറഞ്ഞ് കുറെ സമയത്തിനുശേഷം ഷീലയുടെ മാറിൽ മുഖം മറച്ചുകൊണ്ട് മഹിപാൽ അവളോട് പറഞ്ഞു "എന്റെ ദൗർബല്യമേ, നീ എന്നെ ഒരിക്കലും വിട്ടുകളയരുത്."

അയാളുടെ തലമുടിയിൽ വിരലോടിച്ചുകൊണ്ടവൾ പറഞ്ഞു "അകലുന്ന പ്രശ്നം തന്നെ നിങ്ങളുടെ ഹൃദയത്തിലെങ്ങനെ ഉണ്ടായി? ചെറിയൊരപവാദം കേട്ടപ്പോഴേക്കും ഇത്ര ഭയന്നുപോയോ?"

"അപവാദത്തെയല്ല ഭയം ഷീലേ. വാസ്തവത്തിൽ മനസ്സിലിരിക്കുന്ന ആ ഈശ്വരനുണ്ടല്ലോ 'എന്നോട് നീ തെറ്റാണ് ചെയ്യുന്നത് മഹിപാൽ. നീ മറ്റൊരാളിന്റെ അധികാരം അപഹരിക്കുകയാണ്' എന്നു കൂടെക്കൂടെ പറയുന്ന ആ സത്തയെയാണ് ഞാൻ ഭയക്കുന്നത്."

"ഞാനങ്ങനെ കരുതുന്നില്ല. നിങ്ങൾ അധികാരം അപഹരിക്കുന്ന കാര്യം പറഞ്ഞു. ഞാനത് അറിഞ്ഞു തരുന്നതല്ലേ? നാം രണ്ടും ഒരാൾ മറ്റൊരാളിന്റെ ആത്മീയാവശ്യങ്ങൾ പൂർത്തീകരിക്കുകയല്ലേ? ഏതൊരു ജീവിയുടെയും അവകാശമാണത്. എന്റെയും നിങ്ങളുടെയും ബന്ധത്തെ ഞാൻ പാപമായും കണക്കാക്കുന്നില്ല."

"അതേ. എന്റെ മോറൽ സംസ്കാരമെല്ലാം മാറ്റിവച്ചിട്ട് നാം പാപമല്ല ചെയ്യുന്നതെന്ന് ഞാനും കരുതാറുണ്ട്. എങ്കിലും കല്യാണിയുടെ കാര്യം ഒന്നാലോചിക്കൂ ഷീലേ. അവളുടെ ജീവിതം എത്ര ഏകനിഷ്ഠമാണ്."

"ശരിയാണ്. അവരുടെ ടെമ്പർമെന്റിന് അത് യോജിക്കും. പലരുമങ്ങനെയാണ്. യാതൊരു വിചാരവും ചിന്തയും കൂടാതെ ഏതൊരു ബന്ധത്തെ അംഗീകരിക്കുന്നോ അതിൽ തന്നെ ബന്ധിതയായിക്കഴിയും. നിങ്ങളുടെ ഭാര്യയും അത്തരത്തിലാണ്. പക്ഷേ നാം ജീവി തന്നെ. സ്വന്തം വിചാരങ്ങൾ കൊണ്ട് മാറ്റുരയ്ക്കാൻ ശീലിച്ചവർ, ചീത്തയായതെന്ത്? മോറൽസിനടിമയായി കഴിയുക കാരണം ആദ്യം മുതലേ ഏകനിഷ്ഠയിൽ കെട്ടുപെട്ട് കിടക്കുന്നവരെക്കാളും നാം ചെറുതായതെന്ത്?"

"എനിക്കറിയില്ല. ലോകർ ചീത്തയെന്നു പറയുന്നു. ഒരുപക്ഷേ ശീലം കൊണ്ടാകാം ഞാനും അതു ചീത്തയെന്നുപറയുന്നത്. ഒന്നും മനസ്സിലാകുന്നില്ല. ചിലപ്പോഴൊക്കെ ദുര്യോധനനെപ്പോലെ ഇങ്ങനെ പറയാൻ തോന്നുന്നു:-

"ജാനാമിധർമ്മം ന ച മേ പ്രവൃത്തി:
ജാനാമ്യ ധർമ്മം ന ച മേ നിവൃത്തി:"

-ധർമ്മം അറിയാം പക്ഷേ അതിലെനിക്ക് രുചിയില്ല. അധർമ്മവും അറിയാം പക്ഷേ അതിൽനിന്നു മോചനമില്ല- ഹൃദയത്തിലിരിക്കുന്ന ഏതോ ദൈവികശക്തിയുടെ നിർദേശത്തിനൊത്ത് പ്രവർത്തിച്ചു പോരുകയാണ്. (നിശ്വസിച്ചിട്ട്)

അങ്ങനെ തന്നെ പ്രവർത്തിച്ചുപോരുകയാണ്."

"ഈ ഫിലോസഫി കൊള്ളാം. മനുഷ്യന് അവന്റെ വൈകാരികാവശ്യങ്ങൾ തിരിച്ചറിഞ്ഞാൽ മാത്രമേ മുക്തികിട്ടൂ. നിങ്ങളുടെ ഭാര്യ നിങ്ങളുടെ ഈ ആവശ്യങ്ങൾ പൂർത്തീകരിച്ചിരുന്നെങ്കിൽ, നിങ്ങളും തീർച്ചയായും ഏകപത്നീവ്രതക്കാരനായി കഴിഞ്ഞേനേ. അതും എനിക്കറിയാം. ഇത്രയും വർഷമായിട്ടും നിങ്ങളെ ഏതൊരു മോറലിസ്ററിലും കുറഞ്ഞ ഒരാളിൽ എനിക്കു കാണാൻ കഴിഞ്ഞിട്ടില്ല."

തന്നെക്കുറിച്ചുള്ള പ്രശംസകേട്ട് മഹിപാൽ സ്നേഹമൂറുന്ന മിഴികളോടെ അവളെ നോക്കി. വികാരാവേശത്താൽ അവളെ കരവലയത്തിലൊതുക്കി. രണ്ടു പേരും അന്യോന്യം ഗാഢാലിംഗനത്താൽ ബന്ധിതരായി. ലൈംഗികാവേശത്തിൽ നിന്നു ഭിന്നമായ ഒരു മാനസികോല്ലാസം അനുഭവിക്കുകയായിരുന്നു അവർ.

നിമിഷങ്ങൾക്കുശേഷം നിയന്ത്രണം വീണ്ടെടുത്തിട്ട് മഹിപാൽ പറഞ്ഞു "ഷീലേ, നാമിന്ന് മധ്യവയസ്ക്കരാണെന്നു പറയാം. യുവത്വത്തിന്റെ ആവേശത്തിന് വിവേചനബുദ്ധി തടസ്സം സൃഷ്ടിക്കുന്നു. ഭാവി നമ്മെ എങ്ങോട്ടാണ് നയിക്കുന്നതെന്നറിയില്ല. ഇന്നേവരെ വീട്ടുകാരിൽ നിന്നൊളിച്ചുവച്ച ഒരു കാര്യം ഇനിയും മറച്ചുവയ്ക്കാൻ കഴിഞ്ഞെന്നുവരില്ല. കല്യാണിയോട് പിണങ്ങി ഞാൻ നിന്നോട് ചേർന്നുകഴിഞ്ഞേനെ. പക്ഷേ കുട്ടികൾ അറിഞ്ഞാൽ നമുക്ക് ഈ ബന്ധം എങ്ങനെ തുടരാൻ കഴിയും? അവർ നമ്മെ എന്തു കരുതും? എന്റെ പ്രചോദനത്തിന്റെ ദേവതയായ നിന്നെ അവർ തങ്ങളുടെ കുടുംബം തകർത്ത കുടിലയായും നീചയായും കണക്കാക്കിയാൽ ഞാനെങ്ങനെ സഹിക്കും ? വീട്ടുകാരോട് ഞാൻ സത്യസന്ധനാകാൻ തുനിഞ്ഞാൽ നിന്നോടുള്ള സത്യസന്ധതപുലർത്താനാകാതെ വരും. നിന്നോടു സത്യസന്ധത കാട്ടിയാൽ എന്റെ ജീവിതമാകെ വ്യർഥമാണെന്ന് കരുതേണ്ടിവരും."

"അതെന്ത്?"

"നിന്നെക്കൂടാതെ കഴിയാൻ എനിക്കാവാത്ത ഒരു നിലയാണെന്നു സങ്കല്പിക്കൂ. അപ്പോൾ എനിക്കു ഒരു വഴിയേയുള്ളു. വീട്ടിൽ നിന്നു വിട്ടുമാറുക. ചെലവുനടത്തുകയല്ലാതെ വീട്ടുകാരുമായി മറ്റൊരു ബന്ധവും വയ്ക്കാതെയിരിക്കുക. അങ്ങനെ ചെയ്യുന്നതിലും ഒരുവിഷമമുണ്ട്. നിന്നോടൊപ്പം ഒരു വീട്ടിൽ തന്നെ എനിക്കു കഴിയാനാവില്ല. ഞാൻ നിനക്കുവേണ്ടിയല്ല നിന്റെ പൈസയ്ക്കു വേണ്ടിയാണു വീടും കുടിയും വിട്ടുവന്നതെന്നു ലോകർ കരുതും."

"അതിന് നിങ്ങൾ വീടു വിടേണ്ട ആവശ്യം തന്നെയെന്ത്? നിങ്ങൾ ഇത്തരത്തിൽ ചിന്തിക്കുന്നതെന്തെന്നു പോലും എനിക്കു മനസ്സിലാകുന്നില്ല."

"പിന്നെ വേറെ എന്താണ് ഒരു മാർഗം?"

"ഡോൺടു ബീ ഫണ്ണി ഡാർലിംഗ്. നിങ്ങൾ ആവശ്യത്തിലേറെ ഇതിനെക്കുറിച്ചു ഭാവന ചെയ്യുകയാണ്. രണ്ടു കാര്യങ്ങളും സത്യമാണ്. കല്യാണിയും കുട്ടികളും നിങ്ങൾക്കാവശ്യമാണ്. അവരിൽ നിന്നകന്നാൽ നിങ്ങൾ മനുഷ്യത്വഹീനനാകും. പിന്നെ ഞാനും നിങ്ങളും – അതേ, നമുക്കു പിരിയാൻ കഴിയും. പക്ഷേ പിരിഞ്ഞാൽ നമ്മുടെ ജീവിതം തകരും. നിങ്ങൾ പറഞ്ഞതു ശരിയാണ്. നാം മധ്യവയസ്കരായി. പ്രായം ഏറിയകാലത്തെ പ്രേമം ശാരീരികാവേശമല്ല. ആത്മീയാശ്രയമാണ്. പത്തോ പതിനഞ്ചോ വർഷം മുമ്പ്–ഏഴോ എട്ടോ കൊല്ലം

മുമ്പായിരുന്നാലും മതി- നിങ്ങൾ എന്റെ ജീവിതത്തിലേക്കു കടന്നുവരികയും, ഒരു പക്ഷേ തിരികെ പോവുകയും ചെയ്തെന്നുവരാം. എന്റെ മനസ്സിനെ ഇന്ന് അടക്കിവച്ചിരിക്കുന്ന നിലയിലാണ് അന്നു നിങ്ങൾ ആകർഷിച്ചിരുന്നതെങ്കിൽ ഒന്നോ രണ്ടോ മാസം, ഏറിയാൽ ആറുമാസം. ഞാനും വിരഹദു:ഖത്താൽ ഭ്രാന്തി യായിക്കഴിയും. പിന്നെ അതുമറക്കും..... പക്ഷേ ഇപ്പോഴങ്ങനെ ചെയ്യാനാവില്ല."

"അങ്ങനെ ചെയ്യൂ ഷീലേ. അതാണു വേണ്ടത്, നിന്നോടൊപ്പം കഴിഞ്ഞാൽ എന്റെ ജീവിതം സുഖകരമായേക്കാം. പക്ഷേ നിനക്കുസുഖം ലഭിക്കില്ല. ഞാൻ മരിച്ചുപോയെന്നു കരുതൂ.... അല്ലെങ്കിൽ കൃതഘ്നനായെന്നു കരുതൂ. പിന്നെ മനസ്സിനെ അടക്കി നിറുത്തിയിട്ട് ഏതെങ്കിലും ഒരു നല്ല മനുഷ്യനെ വിവാഹം ചെയ്യൂ.... ഇനി ജീവിതത്തിൽ ഒരു സഹായിയായ ഏർപ്പാടായിട്ടെടുക്കണം. വിവാഹം സാമൂഹ്യ ജീവിതത്തിൽ ആവശ്യമാണ്. ഉന്നതസിദ്ധാന്തമാണ്. അതു അംഗീകരിക്കൂ..."

"അംഗീകരിച്ചു. എന്റെ വിവാഹം കഴിഞ്ഞു. മേലിൽ ഇക്കാര്യം പറയരുത്."

"കർണൽ സാഹിബ് ടെലഫോണിൽ വിളിക്കുന്നു കൊച്ചമ്മേ" വാതിൽ മറ ച്ചിരുന്ന കർട്ടനു പിന്നിൽ നിന്നു വേലക്കാരൻ വിളിച്ചു പറഞ്ഞു. രണ്ടു പേരും ഞെട്ടി പിൻവാങ്ങി.

"ആരെ വിളിക്കുന്നു?" ഷീല ചോദിച്ചു.

"കൊച്ചമ്മയെയും ചോദിച്ചു. പക്ഷേ വിളിക്കുന്നത് സാഹിബിനെയാണ്."

"നീ പോയി സംസാരിക്ക്. ഞാനിവിടെ ഉണ്ടെന്ന് അയാൾക്കു മനസ്സിലായി ട്ടുണ്ട്. ആരോടും സംസാരിക്കാനാഗ്രഹിക്കുന്നില്ലെന്നു പറഞ്ഞേക്ക്."

ഷീല ഫോണിരിക്കുന്നിടത്തേക്കു പോയി. പരാജിതഹൃദയത്തോടെ മഹി പാൽ കട്ടിലിൽ കിടന്നു. അയാൾ ചിന്തിച്ചു. വീട്ടിൽ നിന്നാരെങ്കിലും തിരക്കി ചെന്നിരിക്കും. ഇന്നലെ രാവിലെ ഇറങ്ങിയതാണ്. കുട്ടികളും കല്യാണിയും വിഷ മിച്ചിരിക്കും. വിഷമിക്കട്ടെ. സ്വഭാവശുദ്ധിയില്ലാത്ത പിതാവ് പിള്ളരുടെ മുഖത്തു നോക്കുന്നതെങ്ങനെ?"

കല്യാണി മടയി തന്നെ. ഒട്ടും വീണ്ടുവിചാരമില്ലാതെയല്ലേ എല്ലാവരുടെയും മുൻപിൽ വച്ച് കൊടുങ്കാറ്റ് ഇളക്കിവിട്ടത്, എനിക്ക് ആരുടെയും മുന്നിൽ തലകാ ണിക്കാൻ വയ്യാതാക്കിയത്. അവളുടെ നിഴൽ പോലും എനിക്കിനി കാണണ്ട. വേണ്ട ഒരിക്കലും കാണണ്ട.

ഷീല മുറിയിൽ മടങ്ങി എത്തി. അടുത്തു ചെന്നിട്ടു ചോദിച്ചു. "ഇന്നലെ രാത്രി നിങ്ങൾ എവിടായിരുന്നു?"

മഹിപാൽ മറുപടിയൊന്നും പറഞ്ഞില്ല. കണ്ണും പൂട്ടിക്കിടന്നു. ഷീല വീണ്ടും പറഞ്ഞു "ഇന്നലെ മുതൽ നിങ്ങൾ വീട്ടിൽ പോയിട്ടില്ല. ഇതൊരു നല്ല പ്രവൃ ത്തിയല്ല." മഹിപാൽ ഒന്നും മിണ്ടിയില്ല. അവൾ അയാളുടെ അരികിൽ ഇരുന്നു. തലയിൽ തലോടിക്കൊണ്ടു പറഞ്ഞു, "ആഹാരം കഴിക്കൂ. എന്നിട്ടു ഞാൻ വീട്ടിൽ കൊണ്ടാക്കാം. എണീക്കൂ...."

"വീട്ടിൽ പോണില്ല. ഇന്നലെ ഉറങ്ങാൻ കഴിഞ്ഞില്ല. ഇന്നു വീട്ടിൽ പോയാൽ ഇന്നത്തെ രാത്രിയും വഴക്കിലും ശണ്ഠയിലും ആവും. ഞാനിപ്പോൾ വല്ലാതെ തളർന്നിരിക്കുകയാണ്. ചെറിയൊരു എതിർപ്പു പോലും താങ്ങാൻ എനിക്കാ വില്ല. കർണലിന് ഫോൺ ചെയ്തു പറ. കുട്ടികളോട് വിഷമിക്കേണ്ടെന്നു പറ

യാൻ. ഞാനിന്ന് സജ്ജന്റെയവിടെ കിടന്നുറങ്ങാം...."

തലേ ദിവസം തെരുവുതെണ്ടികളെപ്പോലെ അലഞ്ഞുതിരിഞ്ഞു അമ്പലത്തളത്തിലാണ് അയാൾ കിടന്നതെന്നു സംസാരത്തിൽ നിന്നു അവൾ മനസ്സിലാക്കി. പിന്നെ അവൾ മഹിപാലിനെ പോകാൻ അനുവദിച്ചില്ല.

നാലു കൊല്ലത്തെ ഉറ്റ ബന്ധത്തിനിടയിൽ അന്നാദ്യമായി മഹിപാൽ ആ രാത്രി മുഴുവൻ ആ വീട്ടിൽ കഴിച്ചു.

23

മനസ്സിൽ കള്ളനെയും പേറിയാണ് സജ്ജൻ വെണ്ണക്കള്ളന്റെ വിഹാരസ്ഥലിയിൽ എത്തിയത്. പശ്ചാത്താപാഗ്നിയിൽ അയാളുടെ അഹങ്കാരം വെന്തുരുകി. വേദനയിൽ തപിച്ചു തപിച്ചു ഹൃദയം കരുണാർദ്രമായി. ഈ യാത്രയിൽ അയാളെ പരീക്ഷിക്കാനെന്നോണം വനകന്യയും കൂടെയുണ്ടായിരുന്നു. രണ്ടു ദിവസം മഥുരയിൽ ഒന്നിച്ചുകഴിഞ്ഞു. തൊട്ടടുത്തുണ്ടായിരുന്നിട്ടും അകൽച്ചയിൽ കഴിഞ്ഞ ആ ദിവസങ്ങൾ അയാളെ വേദനിപ്പിച്ചു. ഹൃദയം വ്യാകുലമായിരുന്നു. കുടുംബത്തിന്റെ വൈഷ്ണവസംസ്കാരവും അമ്മയുടെ ശ്രീകൃഷ്ണ ഭക്തിയുടെ പ്രഭാവവും കാരണം അയാളുടെ ഹൃദയവും ഒടുവിൽ കൃഷ്ണചരണങ്ങളിലാണ് ചെന്നു പതിച്ചത്. കന്യയിൽ നിന്ന് ഒഴിഞ്ഞു മാറാൻ അയാൾ ആഗ്രഹിച്ചു. കന്യയുമായുള്ള പ്രേമബന്ധം പൊട്ടിച്ച് ശ്രീകൃഷ്ണ ഭക്തിയാൽ സ്വയം ലീനനായി. സജ്ജൻ ബ്രഹ്മചാരിയായി മാറി. മഥുരയിൽ എത്തിയശേഷം, വനകന്യയുടെ അന്തരിച്ച സഹോദരപത്നിയെ സംബന്ധിച്ച നിയമകാര്യങ്ങളിലൊന്നും അയാൾ പങ്കുകൊണ്ടില്ല. എത്തിയ ഉടനെ കന്യയെ വീട്ടിലാക്കിയിട്ട്, അയാൾ മഥുര ചുറ്റിക്കാണാൻ ഇറങ്ങി. വിശ്രാംഘാട്ട് കിശോരിരമണൻ, ബിഹാരിജി, രാധാകൃഷ്ണൻ തുടങ്ങിയ പ്രസിദ്ധ ക്ഷേത്രങ്ങൾ ചുറ്റിക്കറങ്ങി ദർശനം നടത്തി. ആംഗല സംസ്കാരം ഉൾക്കൊണ്ട വ്യക്തിത്വം മറന്നിട്ട്, ചിരവൈഷ്ണവസംസ്കാരമാർന്ന ഒരു ഹിന്ദുവാണു താനെന്നു കരുതാൻ ശ്രമിച്ചു. ഈ രാജ്യത്തെ സാധാരണജനങ്ങളിൽ എത്രയോ പേരെ അസാധാരണവ്യക്തികളാക്കിത്തീർത്ത ആ ഭക്തിപ്രഭാവം തന്റെ ഉള്ളിലുണ്ടാകാൻ അയാൾ ആഗ്രഹിച്ചു. സൂർദാസും മീരയും ആരാധിച്ച, സ്നേഹിച്ച, ആവേശം കൊണ്ട ആ ഈശ്വരൻ, ആ ചൈതന്യം.. ആരാണത്?..എന്താണത്?

അതു കണ്ടെത്തണമെന്ന ദൃഢനിശ്ചയത്തോടെ സജ്ജൻ ഓരോ ക്ഷേത്രവും, ഓരോ വിഗ്രഹവും തേടി നടന്നു. പക്ഷേ വൃന്ദാവനത്തിലെ നന്ദകിശോരനെ എങ്ങും കണ്ടില്ല. എല്ലായിടത്തും ആർഭാടവും ആഡംബരവും അലങ്കാരവും മാത്രം.

കുതിരവണ്ടിക്കാരൻ, അയാളെ ശ്രീകൃഷ്ണന്റെ ജന്മസ്ഥാനം കാണിക്കാൻ കൊണ്ടുപോയി. കൃഷ്ണന്റെ ജന്മസ്ഥാനം..! ആ ചിന്തതന്നെ സജ്ജന്റെ ഹൃദയത്തിൽ വിചിത്രമായ ഒരനുഭൂതിയുണ്ടാക്കി. ഈ ഉപഭൂഖണ്ഡത്തിന്റെ - ഈ നാടിന്റെ, സർവകോണിലും പരമാത്മാവെന്ന നിലയിൽ പൂജിക്കപ്പെടുന്ന ശ്രീകൃഷ്ണൻ ഈ ഭൂമിയിലാണ്, ഇവിടെയാണ് ജനിച്ചത്. മനുഷ്യനായിട്ടാണദ്ദേഹം ജനിച്ചത്. ഒരു നരനായ കംസന്റെ കാരാഗൃഹത്തിലാണ് അദ്ദേഹം ജനിച്ചത്.

ആ കാരാഗൃഹം നിന്ന സ്ഥാനം – ശ്രീകൃഷ്ണന്റെ ജന്മസ്ഥാനം – അയാൾ മുന്നിൽ കണ്ടു. ഭഗവാൻ ജനിച്ചിടത്ത് ഒരു മുസ്ലീംപള്ളി നിൽക്കുന്നതുകണ്ട് സജ്ജൻ അത്ഭുതസ്തബ്ധനായി. അയാളുടെ ഹൈന്ദവ ഹൃദയത്തിനടിയേറ്റു. വണ്ടിക്കാരൻ സ്ഥലത്തിന്റെ ചരിത്രം വിവരിക്കുകയാണ്. "ഔറംഗസേബ്, അമ്പലം ഇടിച്ചുനിരത്തിയിട്ട് അവിടെത്തന്നെ ഒരു പള്ളി പണിയിച്ചു സാർ.."

സജ്ജന്റെ മനസ്സ് തിളച്ചുമറിഞ്ഞു. അലകളിളകുന്ന ഹൃദയത്തിൽ പെട്ടെന്ന് ഒരു തോന്നൽ. കൃഷ്ണന്റെ ജന്മഭൂമിയിൽ ഇടിഞ്ഞുപൊളിഞ്ഞു കിടക്കുന്ന ആ അവശിഷ്ടങ്ങൾക്കിടയിൽ, കലാഭംഗിയില്ലാതെ കെട്ടി ഉയർത്തിയ ആ പള്ളിയുടെ സ്ഥാനത്ത് കന്യ നിൽക്കുകയാണെന്ന്. കൃഷ്ണന്റെ ജന്മസ്ഥാനത്തുവച്ച്, പള്ളിയെയും കന്യയെയും മറന്ന് ശ്രീകൃഷ്ണപ്രഭാവം ഹൃദയത്തിൽ ഉൾക്കൊള്ളാനാണ് സജ്ജൻ ആഗ്രഹിച്ചത്. ഔറംഗസേബിന്റെ പള്ളിയും, വനകന്യയെ കുറിച്ചുള്ള ഓർമയും ചേർന്നയാളുടെ ഹൃദയത്തെ അങ്ങോട്ടും ഇങ്ങോട്ടും പിടിച്ചു വലിച്ചു. മനസ്സിനെ നിയന്ത്രിച്ചു നിറുത്താൻ അയാൾ ശ്രമിച്ചു. ശ്രീകൃഷ്ണധ്യാനത്തിൽ ലീനനാകാനാഗ്രഹിച്ചു.

പള്ളിയുടെ പൊളിഞ്ഞ തറയിൽ കൈയൂന്നി നിന്നപ്പോൾ സജ്ജന്റെ ഹൃദയം കാരാഗൃഹത്തിലെ ദൃശ്യങ്ങളിൽ മുഴുകി.

പിന്നെ പള്ളിയിലേക്കായി നോട്ടം. മനസ്സ് കോപം കൊണ്ടു. ഏതോ നിഷ്ഠുരശക്തിയുടെ പ്രതീകമെന്നപോലെ, ആ പള്ളി ഹൃദയത്തിൽ സംസ്കാരസമ്പന്നമായ ഭാവനകൾ ഉയരുന്നതിനെ തടുക്കുന്നു.. ആ പള്ളി തകർന്നുവീണെങ്കിൽ!. അതിനെ പിഴുതെറിഞ്ഞെങ്കിൽ!... അയാൾ ആശിച്ചു പോയി.

എല്ലോറാ, അജന്താ ഗുഹകൾ, സോമനാഥക്ഷേത്രം, വിശ്വനാഥക്ഷേത്രം തുടങ്ങി അറിയപ്പെട്ടതും അല്ലാത്തതുമായ എത്രയോ ക്ഷേത്രങ്ങൾ മുസൽമാൻമാർ തല്ലി ഉടച്ചിട്ടുള്ളതിനെ കുറിച്ചയാൾ ഓർത്തു. ഹൃദയം ക്ഷോഭം കൊണ്ടു. അയാൾ ചിന്തിച്ചു. ഇവിടെ കേശവക്ഷേത്രം നിന്നിടത്ത് അത് അടിച്ചുടച്ചിട്ട് പള്ളി പണിയാമെങ്കിൽ ദില്ലിയിലെ ജൂമാമസ്ജിദ് ഉടച്ചിട്ട് അവിടെ ഒരു ക്ഷേത്രം കെട്ടിയാൽ, മുസൽമാൻമാർക്ക് എന്തായിരിക്കും തോന്നുക. സജ്ജന്റെ സുഹൃത്തുക്കളിൽ പലരും മുസ്ലിങ്ങളാണ്. പലരും നല്ലവരാണ്. മുസ്ലിങ്ങളുടെ ഇടയിലും സന്യാസിമാരും യോഗിവര്യൻമാരും ഉണ്ടായിട്ടുണ്ട്. പള്ളിയിലമരുന്ന ഈശ്വരനും, കബീർദാസ് കണ്ടെത്തിയ നിർഗുണ രാം-റഹിം സിദ്ധാന്തവും ചൈതന്യനും, റസ്ഖാനും മീരയും സ്നേഹിച്ച ഭഗവാനും, സൂർദാസും തുളസിയുമാരാധിച്ച ഭഗവാനും ഭിന്നമല്ല...എല്ലാം ഒന്നുതന്നെ.

പള്ളിയോട് തനിക്കു തോന്നിയ വിദ്വേഷത്തിൽ സജ്ജന് ലജ്ജ തോന്നി. ഈ പള്ളി തകരണമെന്നും, ദില്ലിയിലെ ജൂമാമസ്ജിദിന്റെ സ്ഥാനത്ത് കേശവക്ഷേത്രം പണിയണമെന്നും താൻ ഒരു നിമിഷത്തേക്കെങ്കിലും ചിന്തിച്ചത് എത്ര ഹീനമാണ്, നീചമാണ്...എന്നാലും ശ്രീകൃഷ്ണന്റെ ജന്മസ്ഥാനത്ത് ഉയർന്നു നിന്ന ആ പള്ളിയോട് ക്ഷമിക്കാൻ സജ്ജനു കഴിയുന്നില്ല. മനസ്സിൽ ക്ഷോഭം തങ്ങിനിന്നു. വ്യർഥമായ ഈ മതാന്ധത ഒരു വിധത്തിലും ക്ഷമിക്കാനാവുന്നില്ല. കഴിഞ്ഞതു കഴിഞ്ഞു. മേലിലെങ്കിലും ഇത്തരത്തിലുള്ള വിനാശശക്തികളെ ചെറുക്കണം. അവയ്ക്കെതിരെ അടരാടേണ്ടത് മാനുഷികധർമമാണ്.

കഴിഞ്ഞതു കഴിഞ്ഞു. ഇനി സജ്ജൻ കന്യയുമായി യാതൊരു വിധ ബന്ധവും

വയ്ക്കില്ല. അവളെ വെറുക്കും.. ഇല്ല.. തനിക്കാരെയും വെറുക്കാനാവില്ല. കന്യയെ വെറുക്കുന്നത് എങ്ങനെ നോക്കിയാലും മനുഷ്യത്വഹീനമാണ്. കന്യയുടെ സ്വഭാവദാർഢ്യമാണ് തനിക്കീവഴി കാണിച്ചുതന്നത്. സത്യത്തിൽ താനല്ലേ കന്യയോട് നീചത കാട്ടിയത്? കോപവും വികാരാവേശവും കൊണ്ട് ഒരു നിമിഷത്തേക്ക് താൻ സ്ഥിരബുദ്ധി കൈവെടിഞ്ഞു. മിനിയാന്നത്തെ സംഭവത്തിനുശേഷം കന്യയുടെ മുഖത്തു നോക്കാൻ കഴിയുന്നില്ല..കന്യ മഹതിയാണ്. താനാണ് നീചൻ. വികാരത്തിന്റെ കീടം. തനിക്കാണ് ആത്മാഭിമാനമില്ലാത്തത്. വെറും അഹംഭാവി. അഹംഭാവികൾക്ക് ലോകത്തൊന്നും നേടാനാവില്ല. അതുമല്ല, എന്തു കണ്ടാണ് താനഹങ്കരിക്കുന്നത്? കുടുംബസ്വത്ത് കണ്ടിട്ടോ?

പണത്തിന്റെ പ്രതാപവും അതിന്റെ വ്യർഥമായ മഹത്വവും ഇനിയും എത്ര നാൾ പൂജിക്കപ്പെടും? ഏറിയാൽ പത്തോ പതിനഞ്ചോവർഷം..പിന്നെ കലാകാരനാണെന്ന അഹംഭാവമാണോ?... സ്വസ്ഥമായിരിക്കുന്ന ഹൃദയത്തെ സ്വയം വഞ്ചിക്കണോ?

ഹൃദയവേദന കൊണ്ട് സജ്ജൻ ഉരുകി. ആംഗലസംസ്കാരം, കുടുംബമഹിമ, പണവും പ്രതാപവും തുടങ്ങിയ ഹിമാലയഹിമഖണ്ഡങ്ങൾ ഉരുകിത്തുടങ്ങിയപ്പോൾ അതിന് ഉന്നത ശൃംഗങ്ങളിൽ തങ്ങിനിൽക്കാൻ കഴിഞ്ഞില്ല. പർവതസാനുക്കളിലൂടെ അരുവിയായി കുത്തി ഒലിച്ച് ഹൃദയമാകുന്ന സമതലത്തിൽ പരന്നൊഴുകി പ്രാർഥനാഗംഗയായി അതുമാറി. ആത്മവേദന നിറഞ്ഞ ഹൃദയത്തിൽ പ്രാർഥനയ്ക്കല്ലാതെ മറ്റൊന്നിനും ഇടമില്ലാതായി.

കറുത്ത കമ്പിളിനൂലിൽ നെയ്ത കമ്പളം പോലെ ഇരുണ്ട രാത്രി ഭൂമിയെ ആവരണം ചെയ്തു. ചിന്തയുടെ നൂലിഴകൾ കുരുങ്ങിക്കൂടി. കന്യയുടെ മനോലോകത്തിലും ഇരുണ്ട രാത്രി അരിച്ചു കൂടി. "അദ്ദേഹം എവിടെ പോയി? അദ്ദേഹത്തിനെന്തു സംഭവിച്ചു?"

സജ്ജൻ വീട്ടിൽ മടങ്ങി എത്താത്തതിൽ കന്യയുടെ ഹൃദയത്തിലുണ്ടായ വ്യഥയ്ക്കും സംഭ്രാന്തിക്കും അതിരില്ല. അന്തരിച്ച ചേട്ടത്തിയുടെ തളർവാതം പിടിച്ച സുഹൃത്ത് പലതവണ ചോദിച്ചു. അവരുടെ ഭർത്താവ് ലാലാമുരളീമനോഹറും, കടയിൽനിന്ന് മടങ്ങി എത്തിയശേഷം പലതവണ ആശങ്ക പ്രകടിപ്പിച്ചു. ഉച്ചയ്ക്കു വച്ച ആഹാരം അങ്ങനെ തന്നെ ഇരുന്നുപോയി. പ്രഥമ രാത്രിക്കായി അണിഞ്ഞൊരുങ്ങിയ വധുവിനെപ്പോലെ ആ അത്താഴം വരനെയും കാത്തിരിക്കുകയാണ്. പറഞ്ഞുകേട്ടതനുസരിച്ച് ഈ വീട്ടിൽ ജാമാതാവാകേണ്ട കുബേരനായ സജ്ജൻ, എവിടെപ്പോയി! എന്താണ് വരാത്തത്? പോലീസിൽ റിപ്പോർട്ട് ചെയ്യണോ? കന്യ മനസ്സ് ഒരു വിധം നിയന്ത്രിച്ചു. ചിരിച്ചുചിരിച്ച് എല്ലാവരേയും പറഞ്ഞു മനസ്സിലാക്കി. ജാമാതാവാകേണ്ട അദ്ദേഹം കലാകാരനാണ്. പെട്ടെന്നങ്ങനെ അപ്രത്യക്ഷനായതിൽ വിഷമിക്കേണ്ടതില്ല. ക്ഷേത്രങ്ങൾ ചുറ്റിക്കാണാനിറങ്ങിയതാണ്. വൃന്ദാവനത്തിൽ കറങ്ങിനടക്കുകയാവും. അവിടെ എവിടെയെങ്കിലും തങ്ങിയതായിരിക്കും.

രാത്രി ഉറക്കറയിൽ, ഏകാന്തതയിലായപ്പോൾ കന്യ പൊട്ടിക്കരഞ്ഞുപോയി. സജ്ജൻ അവളെ ഇങ്ങനെ വിട്ടുപോയതും അകന്നുനിൽക്കുന്നതും അഭിമാനിയായ കന്യക്ക് സഹിക്കാനാവുന്നില്ല. ഇനി ലഖ്നൗവിലേക്ക് മടങ്ങിപ്പോയതാവുമോ? ഇന്ന്, ഇഷ്ടപ്പെടാത്തതൊന്നും പറഞ്ഞില്ലല്ലോ. ഓ മിനിയാന്നത്തെ

സംഭവത്തിനുശേഷം അദ്ദേഹത്തിന്റ മനസ്സിനാകെ പിടിവിട്ടമാതിരിയാണ്. കഴി യുന്നവിധത്തിൽ താൻ ആശ്വസിപ്പിച്ചതാണ്.... അദ്ദേഹം തെറ്റ് ചെയ്യാൻ മുതിർന്നത് തന്റെ കുറ്റമല്ലേ...?

കന്യ തന്റേടമുള്ളവളാണ്. സ്വഭാവനിഷ്ഠ ആ തന്റേടത്തിന് കരുത്തേകുന്നു. ഒട്ടൊരഹംഭാവത്തിന്റെ നിലയിലേക്ക് അതെത്തിയിട്ടുണ്ട്. വീട്ടിലെ വൃത്തികെട്ട അന്തരീക്ഷത്തെ എതിർത്തുകൊണ്ടാണ് അവളും അവളുടെ ജ്യേഷ്ഠനും വളർന്നത്. വിവാഹം തകർന്നതിനെത്തുടർന്ന്, അവളുടെ ജ്യേഷ്ഠൻ, ജീവിത ത്തോട് വിരക്തനായി ഒരു മൂകജീവിയായി മാറിയിരിക്കുകയാണ്. ജ്യേഷ്ഠന്റെ മാനസികത്തകർച്ചയിൽ നിന്ന് കൂടുതൽ പാഠം ഉൾക്കൊണ്ട് സ്വന്തം നിഷ്ഠ കൂടുതൽ കർശനമാക്കുകയാണവൾ ചെയ്തത്. അതോടെ ഉള്ളിലെ എതിർപ്പു തുറന്ന് പ്രകടമാക്കാനിടയായി. വീട്ടിലെ മുതിർന്നവരുടെ ദുഷ്പ്രവൃത്തികളെ അവരുടെ മുഖത്തുനോക്കി എതിർക്കാനും ആക്ഷേപിക്കാനും അവൾ സന്നദ്ധ യായി. പുരോഗമനചിന്താഗതിയുള്ള ഒരു സഖിയുടെ സഹവാസം കാരണം അവൾ, ഇന്ത്യൻ പീപ്പിൾസ് തിയേറ്റർ, കമ്യൂണിസ്റ്റ് പാർട്ടി തുടങ്ങിയവയിലെ ആളുകളുമായും മാർക്സിസ്റ്റ് ആദർശങ്ങളുമായും പരിചയത്തിലായി. വിപ്ലവ ചിന്താഗതിക്കാരിയായ അവളുടെ ഹൃദയത്തിന് ഇത് പുതിയൊരു ബലം നൽകി. എന്നാലും കുടുംബാന്തരീക്ഷത്തിൽ, അച്ഛനമ്മമാരുടെയും ജ്യേഷ്ഠന്റെയും കൂടെ വളർന്നതിനാൽ, അവളിലെ ഈശ്വരവിശ്വാസവും അഭിമാനഭയവും വിട്ടുമാറി യിരുന്നില്ല. മാനസിക വിപ്ലവത്തിൽ, ഹൃദയത്തിനു സന്തോഷം നൽകാൻ ഉത കുന്നത്ര മാത്രം പുരോഗമന ചിന്താഗതിയേ അവൾ ഉൾക്കൊണ്ടിരുന്നുള്ളു. അതി നപ്പുറം കടന്നിട്ടില്ല. ബുദ്ധിപരവും ഭാവനാപരവുമായ ആശയക്കുഴപ്പങ്ങൾ അവളെ പലപ്പോഴും ചിന്താമഗ്നയാക്കാറുണ്ടായിരുന്നു.

ഈ ആശയക്കുഴപ്പങ്ങളിൽ ഒരെണ്ണം ഇടയ്ക്കിടെ മൂർച്ചയുള്ള കത്തികണക്കെ ഹൃദയത്തിൽ തുളഞ്ഞു കയറാറുണ്ട്. ഇപ്പോഴും അതവളെ നൊമ്പരപ്പെടുത്തു കയാണ്. മാനസികനില മറ്റുള്ളവരുടെ മുമ്പിൽ വ്യക്തമാക്കാൻ കഴിയാത്തതാണ് ഈ വേദനയ്ക്കുള്ള ഒരു കാരണം. ജ്യേഷ്ഠനോട് പറയാനും ചോദിക്കാനും വയ്യ. മറ്റുള്ളവരോട് ചോദിച്ചാൽ അവർ തന്റെ സ്വഭാവ ശുദ്ധിയെക്കുറിച്ച് സംശ യിക്കും, തന്നിൽ കളങ്കം ആരോപിക്കും. വയസ്സ് ഇപ്പോൾ ഇരുപത്തിനാലായി. ഇന്നുവരെ വനകന്യ ശരീരം കൊണ്ടു ബ്രഹ്മചാരിണിയാണ്. പവിത്രയാണ്. പരി ഷ്കാരങ്ങൾ അവളുടെ ഹൃദയത്തെ അപവിത്രമാക്കിയില്ലെങ്കിൽ തന്നെയും, കാമ ദഹനം സാധിച്ച് തികച്ചും വൈരാഗിയാകാൻ അവൾക്കു കഴിഞ്ഞിട്ടില്ല. ഹൃദയം പലപ്പോഴും പുരുഷസാമീപ്യം കൊതിക്കാറുണ്ട്. പ്രായസഹജമായ അനുഭവ മെന്നേ അതിനെ പറയാവൂ. പിതാവിന്റെ ലമ്പടസ്വഭാവവും, ചിറ്റമ്മയുടെ ചാരി ത്ര്യഹീനതയും, കാമാസക്തിനിറഞ്ഞ കണ്ണുകളാൽ തന്റെ ശരീരത്തെ പാനം ചെയ്തുകൊണ്ടുള്ള പുരുഷൻമാരുടെ നോട്ടങ്ങളും ലൈംഗികവേഴ്ച ഒരുവി കാരം മാത്രമാണെന്ന് അവളെ മനസ്സിലാക്കാൻ, ആദർശപുരുഷൻമാരായി അവൾ കണക്കാക്കിയിരുന്ന ചിലർപോലും നൽകിയ ഉപദേശങ്ങളും മറ്റും ചേർന്ന് അവ ളുടെ ഹൃദയത്തിൽ വടംവലി നടത്തിയിരുന്നു. കാമാസക്തിയും, കാമദാഹം അടി ച്ചമർത്താനുള്ള ആഗ്രഹവും ഒരേ സമയത്ത് അവളിൽ വളർന്നു. സാമൂഹ്യശാ പത്തിന്റെ ഫലമായി മരണം വരിച്ച തന്റെ ചേട്ടത്തിയുടെ മാതൃകയും, കർമശാ

പത്തിന്റെ ഫലമായി ജീവിച്ചിരിക്കുന്ന ചേട്ടത്തിയുടെ ഉദാഹരണവും പുരുഷ ലോകത്തെ വെറുക്കാനാണവളെ പ്രേരിപ്പിച്ചത്. സാമൂഹ്യ പരിവർത്തനങ്ങൾ കണ്ടും കേട്ടും മനസ്സിലാക്കിയെങ്കിലും മനുഷ്യ സമൂഹത്തിൽ, പ്രത്യേകിച്ചും ഭാരതീയസമൂഹത്തിൽ പുരുഷനാണു സ്ത്രീയുടെ ദുർഗതിക്കുകാരണമെന്നവൾ കരുതി. അവളുടെ ആത്മാഭിമാനം-പൗരുഷം-പുരുഷൻമാർക്കെതിരെ പ്രതികാരഭാവമുൾക്കൊണ്ടു. എങ്കിലും കഴിഞ്ഞ ഒന്ന് ഒന്നരവർഷമായി മനസ്സിലെ മന്ഥമഥനം കാരണം ആ പ്രതികാരഭാവത്തിന് ഒട്ടൊരു അയവുവന്നിട്ടുണ്ട്. മനസ്സ് ഒരുവിധം സമനിലയിലേക്ക് മടങ്ങിവരികയാണ്. തന്നെപ്പോലെ സംസ്കാരമുള്ളവനും ആദർശവാദിയുമായ ഒരു പുരുഷനെ കണ്ടെത്തിയാൽ അയാളെ വിവാഹം കഴിക്കാമെന്നുള്ള ഒരു തീരുമാനവും, വാദവിവാദങ്ങൾക്കുശേഷം ഹൃദയം സ്വീകരിച്ചിരിക്കുന്നു.

ചേട്ടത്തിയുടെ ആത്മഹത്യയോടനുബന്ധിച്ചുണ്ടായ പോലീസ് നടപടികൾക്കിടയിലാണ് അവൾ സജ്ജനെ കണ്ടത്. ചിത്രകാരനായ സജ്ജനെ കുറിച്ചവൾ കേട്ടിരുന്നു. തങ്ങളുടെ ക്യാമ്പിൽപ്പെട്ടവനല്ലെങ്കിലും പുരോഗമന ചിന്താഗതിക്കാർ, സജ്ജന്റെ ഉന്നതവിചാരങ്ങളെ പ്രകീർത്തിച്ചിരുന്നു. ചില പ്രദർശനങ്ങളിൽ വച്ച് അവൾ സജ്ജന്റെ ചിത്രങ്ങൾ കണ്ടിട്ടുണ്ട്. അകലെ വച്ച് അയാളെയും കണ്ടു. പ്രശസ്തിയുടെയും ഉന്നതവിചാരങ്ങളുടെയും ഉടമയായ സജ്ജനെ, തനിക്ക് ഏറ്റവും വിഷമംപിടിച്ച ഒരുനിമിഷത്തിലാണ് കന്യ കണ്ടത്. അന്തരിച്ച ചേട്ടത്തിയുടെ നേരേ നടന്ന ദ്രോഹങ്ങൾക്കെതിരേ ശബ്ദമുയർത്താൻ അദ്ദേഹം സഹായിച്ചു. ആകർഷണീയമായ വ്യക്തിത്വമാണ് അവൾ സജ്ജനിൽ കണ്ടത്. കൃതജ്ഞതാനിർഭരമായ ഒരാദരവ് അയാളുടെ നേർക്ക് അവൾക്കുണ്ടായി. സജ്ജൻ അവളിലേക്ക് ആകർഷിതനായി. അതും പെട്ടെന്ന്. അവളെ ജീവിതസഖിയാക്കാനുള്ള ആഗ്രഹവും, ഒരു വളച്ചുകെട്ടും കൂടാതെ പെട്ടെന്നുതന്നെ അദ്ദേഹം പ്രകടിപ്പിക്കുകയും ചെയ്തു.

ജീവിതത്തിലാദ്യമായി താൻ ഒരു പുരുഷന്റെ മോഹവലയത്തിൽ ബന്ധിതയായി തങ്ങുകയാണെന്ന് കന്യയ്ക്കു മനസ്സിലായി... ആത്മപ്രശംസയുടെ വാതിലുകളടച്ച്, നീതിബോധത്തിന്റെ അറയിൽ സുരക്ഷിതയായി കഴിഞ്ഞിരുന്ന ഒരു സ്ത്രീക്ക്-പുരുഷൻമാരെ വെറുപ്പോടും സംശയത്തോടും നോക്കിയിരുന്ന കന്യക്ക്-സജ്ജനോടുള്ള തന്റെ മനോഭാവം അംഗീകരിക്കാൻ ഒരു മടി. അതാണ് സജ്ജനുമായി ഇടയ്ക്കിടെ അടുക്കാനും അടുക്കുമ്പോൾ അകറ്റിനിറുത്താനും മനസ്സ് പ്രേരിപ്പിച്ചത്.

വീട്ടിൽ നിന്ന് അച്ഛൻ പുറംതള്ളിയപ്പോൾ, കൂലിക്കാരുടെ കോളനിയിൽ അവൾ മുറിയെടുത്തു താമസിക്കുകയും, കൈക്കൂലി വാങ്ങിയ പിണിയാളുകൾ അവളെ അവിടെ ശല്യം ചെയ്യാൻ മുതിരുകയും ചെയ്തപ്പോൾ അവൾ ആകെ ഭയന്നുപോയി. ഇന്നത്തെക്കാലത്ത് മാന്യമായും സുരക്ഷിതമായും കഴിയണമെങ്കിൽ സ്ത്രീയ്ക്ക് പുരുഷന്റെ തുണ കൂടിയേ കഴിയൂ എന്ന വിശ്വാസം അവളിലുണ്ടാക്കിയത് ആ ഭയമാണ്. സജ്ജനോടുള്ള പ്രണയബന്ധം ഗാഢമായി. എങ്കിലും സജ്ജന്റെ വീട്ടിലോ, അയാളുടെ വക ഏതെങ്കിലും വാടകവീട്ടിലോ പോയി താമസിക്കാനവൾ ആഗ്രഹിച്ചില്ല. കർണലിന്റെ വീട്ടിലാണ് താമസമെങ്കിലും താൻ സജ്ജന്റെ സംരക്ഷണവലയത്തിലാണെന്നവൾ കരുതിയത് വിചിത്രം തന്നെ.

ഒരു കാരണവുമില്ലാതെയാണ് സജ്ജൻ മിനിയാന്നവളെ ശിക്ഷിച്ചത്. സജ്ജനിൽനിന്നവൾ ഇങ്ങനെയൊരു പെരുമാറ്റം പ്രതീക്ഷിച്ചില്ല. ആത്മാഭിമാനത്തിനു ക്ഷതമേറ്റു. എങ്കിലും മനസ്സിന്റെ പരശ്ശതം ഉള്ളറകളിൽ സജ്ജന്റെ പീഡനം അനിർവചനീയമായ ഒരിക്കിളിയാണുണ്ടാക്കിയത്. വിവേചനബുദ്ധി, ഒരു പ്രത്യേക സ്വഭാവം ഉൾക്കൊണ്ട് സജ്ജനോടുള്ള ഹൃദയബന്ധം അരക്കിട്ട് ഉറപ്പിക്കുകയും ചെയ്തു.. പിന്നെയാണവൾ സജ്ജന്റെ പശ്ചാത്താപം അകറ്റാൻ വിവേകപൂർവം ശ്രമിച്ചത്. തന്റെ അഹങ്കാരമാണ് സജ്ജനെക്കൊണ്ട് അങ്ങനെ ഒരു തെറ്റു ചെയ്യിക്കാനിടയാക്കിയതെന്ന ചിന്ത വന്നപ്പോൾ, സജ്ജൻ എപ്പോൾ പറയുന്നോ അപ്പോൾ അയാളെ വിവാഹം ചെയ്യാൻ സന്നദ്ധയാണെന്ന് അവൾ സമ്മതിക്കുകയും ചെയ്തു..

എന്നിട്ട് ഇന്ന് സജ്ജൻ?... അദ്ദേഹം തന്നെ ഉപേക്ഷിച്ചിട്ട് പോയതാണോ?.. അങ്ങനെ ഉപേക്ഷിക്കാനായിരുന്നെങ്കിൽ, ഈ അന്യനഗരത്തിൽ, അന്യരുടെ മുമ്പാകെ താൻ അപഹാസ്യയാകാനിടയാകുന്ന തരത്തിൽതന്നെ അതുവേണമായിരുന്നോ?.. രമേട്ടത്തി എന്തു വിചാരിക്കും? അവരും ഭർത്താവും ഇപ്പോൾ അവരുടെ മുറിയിലിരുന്ന് ഇക്കാര്യങ്ങളെക്കുറിച്ചായിരിക്കും സംസാരിക്കുന്നത്.

എന്തൊക്കെ പറയുമോ? എന്തുകരുതുമോ എന്തോ? തല പുറത്തുകാണിക്കാൻ വയ്യാതായിരിക്കുകയാണല്ലോ.... താനൊന്നിനും കൊള്ളാത്തവളായി...

വെള്ളത്തിൽനിന്ന് കരയ്ക്കെടുത്തിട്ട മത്സ്യം കണക്കെ അവൾ പിടഞ്ഞു – ഹൃദയവേദന കണ്ണീരായി വാർന്നൊഴുകി.. ഹൃദയഭാരം കുറഞ്ഞു. അതു പൊള്ളയായെന്ന ഒരു തോന്നൽ. തണുത്ത നിശ്വാസം കൊണ്ടതു നിറയ്ക്കാനവൾ ശ്രമിച്ചു. ഒരേ ഒരു ചിന്തയിലും ഭാവനയിലും ലീനയായ വനകന്യ, വിദ്യാസമ്പന്നയും വിവേചനപടുവും സബലയുമായ ആ നാരീകാവ്യത്തിൽ വിവരിക്കപ്പെടുന്ന വിരഹിണിനായികയെപ്പോലെ മനസ്സും ശരീരവും മരവിച്ചിരുന്നുപോയി. ശബ്ദമുഖരിതമായ പുറംലോകത്തെക്കുറിച്ച് –മാർക്സ്, ഗാന്ധി തുടങ്ങിയവരുടെ തത്വചിന്തകളും, തെരഞ്ഞെടുപ്പ് രാഷ്ട്രീയം, സ്ത്രീസ്വാതന്ത്ര്യം, സാഹിത്യം, കല, സംസ്കാരം തുടങ്ങി ജ്ഞാനവിജ്ഞാനങ്ങളും വാദവിവാദങ്ങളും ഉൾക്കൊള്ളുന്ന ബാഹ്യലോകത്തെ കുറിച്ച് – അവൾക്ക് ബോധമില്ലാതെയായി. ശരീരത്തെ കുറിച്ചുള്ള ബോധമെന്യേ ഉറങ്ങുന്ന ഒരവസ്ഥ. ഈ നിദ്ര, ഈ അബോധാവസ്ഥ, ഈ മരവിപ്പ്, പുതിയൊരു ബോധാവസ്ഥയുടെ ജന്മം കുറിച്ചു – അഹംഭാവം ഉപേക്ഷിച്ച്, സ്വയം തിരിച്ചറിയുന്ന ഒരവസ്ഥയുടെ ജനനം. വിരഹിണിയുടെ മിഴികൾ കവിഞ്ഞൊഴുകി. കന്യ ആ സമയത്ത് കന്യ ആയിരുന്നില്ല. അവരുടെ ഉള്ളിലും പുറത്തും ഒരൊറ്റ രൂപത്തെക്കുറിച്ചുള്ള ധ്യാനം മാത്രം. സജ്ജന്റേതായിരുന്നു ആ രൂപം. ആ രൂപം ഉൾക്കൊള്ളുകയാണവരുടെ പ്രാണൻ.

ആ സമയത്ത് സജ്ജൻ, വൃന്ദാവനത്തിലെ ഒരു ധർമശാലയിൽ, അതീവ മനോഹരമായ ഒരു ഹാളിലിരുന്ന് ശ്രീകൃഷ്ണന്റെ രാസലീല കാണുകയായിരുന്നു. ഗുജറാത്തി സേഠ്മാരും സേഠിണികളുമായ ഒരു ഭക്തസംഘത്തിനു വേണ്ടി പ്രത്യേകമായി നടത്തപ്പെട്ട ഉത്സവമായിരുന്നു അത്. എന്നാലും പുറത്തു നിന്ന് പത്തുമുപ്പതോളം ആളുകൾ അതിൽ സംബന്ധിക്കാനെത്തിയിരുന്നു. ആ ധർമശാലയിലെ ഒരു മുറിയിലാണ് സജ്ജൻ താമസിച്ചിരുന്നത്. വൃന്ദാവനത്തിൽ എത്തിയശേഷം കടുത്ത നിരാശയാണയാൾക്കുണ്ടായത്. നാടൻ പാട്ടുകൾക്കും

നാടോടി നൃത്തങ്ങൾക്കും പേരുകേട്ട, ഭാരതീയ സാഹിത്യത്തിന് പ്രേരണാശക്തിയായിരുന്ന ഒരിടമാണ് വൃന്ദാവനം. പതിനാറു കലകളിലും പ്രവീണനായ ഭഗവാൻ കൃഷ്ണന്റെ ബാലലീലകളുടെ ഓർമ ഇന്നും അവിടെ പൂജിക്കപ്പെടുന്നുണ്ട്. എങ്കിലും അവിടെങ്ങും ഭഗവൽസാന്നിധ്യം കാണാൻ സജ്ജനു കഴിഞ്ഞില്ല. മഥുരയിൽ നിന്ന് ഭക്തിഭാവത്തിന്റെ തിരിനാളവുമായി എത്തിയ സജ്ജന്, അവിടത്തെ അനാചാരങ്ങളും അർഥരഹിതമായ ആഡംബരങ്ങളും കണ്ട് മനസ്സ് മടിച്ചു. ഭക്തിജ്വാല കെട്ടടങ്ങി. വൃന്ദാവന മാഹാത്മ്യം, ലാഭേച്ഛുക്കൾ രചിച്ച ഒരു ഗൂഢാലോചനയാണെന്നയാൾക്കു തോന്നി. എങ്കിലും നിബിഡാന്ധകാരത്തിൽ ഇടയ്ക്കിടെയുണ്ടാകുന്ന മിന്നൽപിണരുകൾ പോലെ, ഭക്തജനങ്ങളുടെയും വൃന്ദാവനത്തിലെ സരളചിത്തരും ആരോഗ്യമുള്ളവരുമായ സ്ത്രീപുരുഷന്മാരുടെയും സാന്നിധ്യം അയാളുടെ ഹൃദയത്തിന് ഒട്ടൊരാശ്വാസം നൽകി. രാസലീല തുടങ്ങാനുള്ള വാദ്യവൃന്ദം മുഴങ്ങി. സമയം പോക്കാൻ ഒരുപാധിയായെന്ന ചിന്തയോടെ സജ്ജൻ മുറിയിൽ നിന്നിറങ്ങി അങ്ങോട്ടു ചെന്നു.

ദീപാരാധനയും പ്രാർഥനയും കഴിഞ്ഞ്, കൃഷ്ണലീലയാരംഭിച്ചു. കൃഷ്ണഭഗവാൻ തത്വങ്ങളും ഫിലോസഫിയും പ്രസംഗിച്ചു തുടങ്ങി. സജ്ജന് മുഷിച്ചിൽ തോന്നി. രാസലീലാ നടത്തിപ്പുസമിതിയുടെയും അവിടത്തെ പുരോഹിതന്മാരുടെയും പൂജാരികളുടെയും ഏജന്റായി മാറിയിരിക്കുകയാണ് ഭഗവാൻ. ആനന്ദസ്വരൂപനെന്നും സച്ചിദാനന്ദനെന്നും ഉള്ള പേരുകളിൽ, ഭഗവാൻ വിൽക്കപ്പെടുകയാണ്. പ്രസാദരൂപത്തിലും നിവേദ്യരൂപത്തിലും ദക്ഷിണയായും. ഇതാണോ നമ്മുടെ സനാതനധർമം? ഈ ഭഗവാനെയാണോ സ്വർഗസ്ഥയായ തന്റെ അമ്മയും കോടിക്കണക്കിന് ഭാരതീയരും നൂറ്റാണ്ടുകളായി ഹൃദയത്തിൽ വച്ചാരാധിക്കുന്നത്?

കൃഷ്ണലീല നടക്കുകയാണ്.

നീണ്ട് തടിയനായ ഒരാൾ, കുങ്കുമനിറത്തിലുള്ള ചേലയും മറ്റും വാരിച്ചുറ്റി, തലയിലൂടെ മൂടുപടവും വലിച്ചിട്ട് യശോദയായി അരങ്ങിലെത്തി. പരുപരുത്ത ശബ്ദത്തിൽ യശോദ പ്രലപനം തുടങ്ങി "ഇന്നെന്റെ കണ്ണൻ, പ്രാതലൊന്നും കഴിക്കാതെയാണ് കളിക്കാൻ പോയത്... എന്റെ കണ്ണൻ എവിടെപ്പോയോ എന്തോ!"

മകനെ പ്രതീക്ഷിച്ച നന്ദപത്നി വിവശയായി ഉലാത്തിത്തുടങ്ങി. അപ്പോഴേക്കു മയിൽപീലിക്കിരീടവുമണിഞ്ഞ്, മുരളീധാരിയായി നന്ദനന്ദനൻ അവിടെ എത്തി.

മകനെ കണ്ട് യശോദ പറഞ്ഞു

"പൊന്നുമോനെത്തിയോ?.. രാവും പകലും കളി തന്നെ. അച്ഛനാണ് ലാളിച്ച് നാശമാക്കിയത്. ഇനി മോൻ ദൂരെയെങ്ങും കളിക്കാൻ പോകരുത്. കരടി ഇറങ്ങിയിട്ടുണ്ട്!"

കൃഷ്ണൻ ചിരിച്ചിട്ടു പറഞ്ഞു "അമ്മേ വേദങ്ങൾ നാലും മന:പാഠമാക്കിയ ശംഖാസുരൻ ജലത്തിനടിയിൽ ചെന്നു വസിച്ചു. അവിടെ ആർക്കും ചെല്ലാനാവില്ല. മത്സ്യരൂപം ധരിച്ചു ഞാനവിടെച്ചെന്നവനെ നിഗ്രഹിച്ചു. അവിടെയെങ്ങും ഞാനീ കരടിയെ കണ്ടില്ലല്ലോ."

യശോദ: "മകനേ, ശംഖാസുരനെ കൊന്നത് നീയാണോ? നീ മത്സ്യരൂപം ധരിച്ചോ?"

കൃഷ്ണൻ: "അതേ ഞാൻ തന്നെ."

യശോദ: (ഞെട്ടിയിട്ട്) "നീ തന്നെന്നോ..."

കൃഷ്ണൻ: “അതേ അമ്മേ. യമുനാതീരത്തിൽ ഗോക്കളെയും മേച്ചുനടന്നപ്പോൾ, പാതാളത്തിൽ നിന്ന് കാളസർപ്പം നൃത്തം ചെയ്യാനെത്തി. അവിടെയും കരടിയെ ഞാൻ കണ്ടില്ല...”

കൂർമം, വരാഹം, നരസിംഹം തുടങ്ങിയ അവതാരങ്ങളിലെ അനുഭവങ്ങൾ കൃഷ്ണൻ വിവരിച്ചു.

കൃഷ്ണൻ: “അമ്മേ ബലിയെ പരീക്ഷിക്കാനായി ഞാൻ ബ്രാഹ്മണരൂപം ധരിച്ചു. ബലിയോട് മൂന്നടി മണ്ണ് ഭിക്ഷ ചോദിച്ചു. ഒരു ചുവടുകൊണ്ട് സ്വർഗവും, മറു ചുവടുകൊണ്ട് ഭൂമിയും പാതാളവും അളന്നു... അവിടെയൊന്നും ഞാനീ കരടിയെ കണ്ടില്ല.”

യശോദ: (ആശ്ചര്യത്തോടെ) “മോനേ. നീ വാമനരൂപം ധരിച്ചെന്നോ? നീയാണോ മഹാബലിയെ പാതാളത്തിലയച്ചത്?”

കൃഷ്ണൻ: “അതേ അമ്മേ, ഞാൻ തന്നെ...”

സജ്ജൻ ആ സംവാദങ്ങൾ കേട്ട് മുഗ്ധനായി ഇരുന്നു. ആദ്യത്തെ കൃഷ്ണലീലയിൽ ഒരു പ്രചരണ ഏജന്റായി പ്രത്യക്ഷപ്പെട്ട ശ്രീകൃഷ്ണൻ, ഈ കരടി ലീലയുടെ രചയിതാവിന്റെ ദൃഷ്ടിയിൽ സാധാരണ മനുഷ്യരൂപത്തിലാണ് ആവിർഭവിക്കുന്നത്. മനുഷ്യനായ ഈ ഭഗവാൻ, ഭൂമിയിൽ ആദികാലം മുതൽ തന്റെ ശക്തിയുടെ ചരിത്രം രചിച്ചുപോന്നെങ്കിലും സദാപി വിനയശീലനായിരുന്നു. ഭഗവാൻ ശക്തിവികാസം കൊള്ളുന്നു. എങ്കിലും ഭഗവാന്റെ അമ്മ – മനുഷ്യന്റെ ഭൂദേവി – അവനെ ഇന്നും ബാലനായാണ് കാണുന്നത്. തന്റെ മകൻ ഇത്രയൊക്കെ പരാക്രമം കാണിക്കുമെന്ന് നിഷ്കളങ്കയായ അമ്മയ്ക്ക് വിശ്വാസം വരുന്നില്ല. അമ്മയ്ക്ക് മകൻ മകൻ തന്നെയാണ്.

തന്റെ അമ്മയെ കുറിച്ച് സജ്ജനോർമ വന്നു. കണ്ണുനിറഞ്ഞുപോയി. മറ്റു കാണികളും ഈ ലീല കണ്ട് ആനന്ദിക്കുകയാണ്.. ഈ കൃഷ്ണനെ– കൃഷ്ണന്റെ യഥാർഥ രൂപത്തെ– മനുഷ്യന് തിരിച്ചറിയാം. സർവശക്തനായ ഭഗവാൻ മനുഷ്യന്റെ ഭയം അകറ്റുകയാണ്. സ്നേഹമയിയായ അമ്മ കരടിയെന്ന ഉമ്മാക്കി കാട്ടി, മകനെ ഭയപ്പെടുത്താൻ ശ്രമിച്ചെന്നു വരാം. എന്നാൽ അവർ സ്വന്തം ഭയത്തിൽനിന്ന് മോചനം നേടുകയും, സ്വയം ആനന്ദിക്കുകയും ചെയ്യുന്നു.

ഇന്നത്തെ ഭഗവാൻ–മനുഷ്യൻ–താൻ തന്നെ സൃഷ്ടിച്ച ആറ്റംബോംബിന്റെയും ഹൈഡ്രജൻ ബോംബിന്റെയും ഭയത്തിൽ നിന്ന്, പുതിയ ഈ കരടിയുടെ ഭയത്തിൽനിന്ന് എന്നായിരിക്കും മുക്തനാവുക–സജ്ജൻ ചിന്തിച്ചുപോയി... അന്ന് പുതിയൊരു രൂപം ധരിച്ച്, പുത്തനൊരു സംസ്കാരത്തിന് പിറവി നൽകുമായിരിക്കും. മത്സ്യ, കൂർമ, വരാഹാവതാരങ്ങൾ സ്വീകരിച്ച് വിഘ്നങ്ങളായ അസുരന്മാരെ നിഗ്രഹിച്ചു മുന്നേറിയ ഭഗവാൻ, ഒടുവിൽ അണുഅസുരനെ സംഹരിച്ച ശേഷം സ്നേഹമയിയായ ഭൂമീമാതാവിന്റെ മുന്നിൽ ഭയ മുക്തനായ ബാലന്റെ രൂപത്തിൽ വീണ്ടും പ്രത്യക്ഷപ്പെട്ടുകാണാൻ, ആരാണാഗ്രഹിക്കാത്തത്? ആ നിഷ്കളങ്കരൂപത്തിൽ മുഗ്ധനാകാതിരിക്കാൻ ആർക്കെങ്കിലും കഴിയുമോ?

ഈ ഭഗവാനെ വിശ്വസിക്കാം.. ഇത് ആത്മവിശ്വാസത്തിന്റെ പ്രതീകമാണ്.

പകലത്തെ തളർച്ചയും ക്ഷീണവും പുതിയ ഈ ഭയമുക്തിയോടെ ഓടി അകന്നു. പുതിയൊരുന്മേഷവും ഉണർവും അയാൾ ക്കുണ്ടായി... വീണ്ടും കന്യയെക്കുറിച്ചോർമവന്നു.

രാവിലെ ഒരു ക്ഷേത്രത്തിനരികിലിരുന്ന്, 'ജ്ഞാനകുണ്ഡ' ത്തിന്റെ സ്കെച്ച് വരയ്ക്കുകയായിരുന്നു സജ്ജൻ.. ആ സമയത്ത് കന്യ അയാളെയും തിരക്കി നിധിവനമാകെ ചുറ്റിക്കറങ്ങുകയായിരുന്നു... ലാലാ മുരളീമനോഹർ വളരെ എതിർത്തതാണ്. ലണ്ടനോ ന്യൂയോർക്കോ ബോംബെയോ കൽക്കത്തയോ ദില്ലിയോ പോലുള്ള വൻനഗരമല്ലെങ്കിലും, ചെറിയ ഇടവഴികളും തെരുവുകളും പൗരാണിക ക്ഷേത്രങ്ങളും മറ്റും നിറഞ്ഞ ഒരിടമാണ് വൃന്ദാവനം. പരിചയമില്ലാത്തവർക്ക് അവിടെ ആരെയെങ്കിലും കണ്ടുപിടിക്കുക അത്ര എളുപ്പമല്ലെന്ന് അയാൾ അവളെ മനസ്സിലാക്കിയതാണ്. പക്ഷേ കന്യ അതൊന്നും വകവയ്ക്കാതെ ഇറങ്ങിത്തിരിക്കുകയാണുണ്ടായത്.

നിധിവനമാകെ ചുറ്റിക്കറങ്ങി നിരാശയോടെ മടങ്ങാൻ തുടങ്ങിയ അവൾ, നഷ്ടപ്പെട്ട തന്റെ നിധി മറ്റെവിടെയെങ്കിലുംനിന്ന് വീണ്ടുകിട്ടുമെന്ന് പ്രത്യാശിച്ചു. സജ്ജനെ കണ്ടുകിട്ടിയില്ല. എങ്കിലും അവിടെ ചുറ്റിനടന്നതിൽ അവൾക്കു അതൃപ്തിയില്ല. ഒരു മഹാനായ നാദയോഗിയുടെ-താൻസെന്റെയും ബൈജു ബാവരയുടെയും ഗുരുവിന്റെ-തപോഭൂമിയാണ് നിധിവനം. സംഗീത സിദ്ധികൊണ്ട് പരമാനന്ദം നേടിയതാണീയിടം. നിധിവനത്തിൽ നിൽക്കുമ്പോൾ കൃഷ്ണന്റെ കാലഘട്ടത്തിലെ അതേ വൃന്ദാവനത്തിലാണ് നാം നിൽക്കുന്നതെന്ന് തോന്നും. ലതാനികുഞ്ജങ്ങളും വൃക്ഷങ്ങളുംകൊണ്ടു നിറഞ്ഞതാണ് നിധിവനം! അവിടവിടെ ഇടിഞ്ഞുപൊളിഞ്ഞ മണ്ഡപങ്ങൾ, മൂന്നും നാലും വൻവൃക്ഷങ്ങൾ വളർന്ന് പന്തലിച്ച് ഇടതൂർന്നു നിൽക്കുന്ന കാവുകൾ, മുള്ളു നിറഞ്ഞ വള്ളികൾ കെട്ടുപിണഞ്ഞുണ്ടായ നികുഞ്ജങ്ങൾ, പക്ഷികളുടെ കളകൂജനം, ഓടിയും ചാടിയും വള്ളിയിൽ ആടിയും ഉലഞ്ഞും ശബ്ദം വയ്ക്കുന്ന കുരങ്ങന്മാർ, ഒരു മാനിന്റെ കുട്ടികളുടെ കോലാഹലം-സജ്ജനെ കുറിച്ചുള്ള ചിന്തയിൽ മുഴുകിയിരുന്നെങ്കിലും, ഇവയെല്ലാം ചേർന്ന് കന്യയുടെ ഹൃദയത്തിന് അനിർവചനീയമായ ഒരു ശാന്തി കിട്ടി.

സജ്ജനെ കണ്ടുകിട്ടാത്ത ദു:ഖത്തോടെ മടങ്ങുകയായിരുന്നു കന്യ. അവിടെ എതിർവശത്ത് ഹരിദാസിന്റെ സമാധിയിൽ കണ്ണട ധരിച്ച്, മുണ്ഡനം ചെയ്ത ശിരസ്സിലാകെ ഭസ്മം ചാർത്തി, ലങ്കോട്ടി ധാരിയായ ഒരു സന്യാസി, ശ്രുതി ചേരാത്ത സ്വരത്തിൽ അത്യന്തം ഭക്തിയോടെ കൻഹരാ രാഗത്തിൽ ഹരിദാസ് രചിച്ച ഒരു കീർത്തനം ഉച്ചത്തിൽ പാടുകയാണ്.

വൃന്ദാവനത്തിലെ നന്ദകിശോരനെയും ഗോപഗോപികമാരെയും ഇണപിരിയാത്ത കാമുകരെയും കുറിച്ചുള്ള ആ ഗാനം, ഒരശരീരി എന്നപോലെ തന്നെ ആശീർവദിക്കുകയാണെന്ന് കന്യയ്ക്കു തോന്നി. അവളും സജ്ജനും-സ്ത്രീയും പുരുഷനും- ഉൾപ്പെട്ട ഈ ജോഡി, ദേശകാലങ്ങൾക്കതീതമാണ്. അതു നിത്യസത്യമാണ്, അനന്തമാണ്...

24

"ഭാര്യയും ഭർത്താവുമെന്ന സ്ത്രീപുരുഷബന്ധം ദേശകാലങ്ങൾക്ക് അതീതമാണ്. അത് നിത്യമാണ്. അതിനന്ത്യമില്ല."

താനും ഷീലയുമായുള്ള ഹൃദയംഗമവും കോമളവുമായ ബന്ധത്തിന്റെ രൂപം മഹിപാലിന്റെ ഹൃദയത്തെ ചിത്രങ്ങളിൽ ദേവതകളുടെ മുഖത്തിനു ചുറ്റും കാണാറുള്ള പ്രഭാവലയം പോലെ ആവരണം ചെയ്തിരുന്നുവെങ്കിലും സിദ്ധാന്തപരമായും നീതിപരമായും താനും കല്യാണിയും തമ്മിലുള്ള ദാമ്പത്യ ബന്ധത്തിന്റെ മഹൽസത്യത്തെ മാനിക്കാതിരിക്കാനും അംഗീകരിക്കാതിരിക്കാനും അയാൾക്ക് കഴിഞ്ഞില്ല. ഇക്കാരണത്താലാണ്, രണ്ടു ദിവസം വീട്ടിൽനിന്നു മാറി നിന്നിട്ടും അന്ന് കർണലിന്റെ കാറിൽ അയാൾ വീട്ടിലേക്ക് മടങ്ങിയത്.

അളിയന്റെ വീട്ടിലെ വിവാഹവിരുന്നിൽ വച്ച് അയാളും ഷീലയും തമ്മിലുള്ള പ്രേമത്തിന്റെ കളങ്കകഥ, ഭർത്താവിന്റെയും ഭാര്യയുടെയും ഹൃദയത്തിൽ ഉണ്ടാക്കിയ അത്യഗാധമായ വിള്ളലിലും ഗർത്തത്തിലും കഴിഞ്ഞ രണ്ടു ദിവസങ്ങളിൽ അയാൾ അനേകം പ്രാവശ്യം ഊളിയിട്ട് പൊങ്ങുകയുണ്ടായി. അയാളും ഷീലയും – അയാളും കല്യാണിയും – മഹിപാൽ ശുക്ലയ്ക്ക് ഇനി ഈ ഇരട്ട ബന്ധത്തിൽ കഴിയാനാവില്ല. ദ്വന്ദ്വാത്മകമായ ജീവിതത്തിൽ അയാളുടെ രൂപം വ്യക്തമായി തെളിയുന്നില്ല.

രാവിലെ – ഏതാണ്ടു രണ്ടു മണിക്കൂർ മുമ്പ് – തന്നെ കൊണ്ടുപോകാനായി കർണൽ ഷീലയുടെ വീട്ടിലെത്തിയപ്പോൾ, മഹിപാലിന്റെ ഹൃദയം ഉരുകിയ മെഴുകുതിരിപോലെ തിളച്ചുപൊങ്ങി. പിന്നീടതിലെ താപം തണുത്ത് കരുണരവമുതിർക്കുന്ന സാഗരം പോലെ തേങ്ങൽ നിറഞ്ഞതായി മാറി. ഷീലയുടെ വീടുപേക്ഷിച്ച് തന്റെ വീട്ടിലേക്ക് പോകേണ്ടിവരുമെന്നയാൾക്ക് അറിയാമായിരുന്നു. വിവാഹിതയായ നവോഢ തന്റെ കുടുംബമുപേക്ഷിച്ച് ഭർത്തൃഗൃഹത്തിലേക്ക് പോകാൻ തുടങ്ങുന്ന ഒരവസ്ഥയിലായിരുന്നു അയാളുടെ ഹൃദയം. പോകാതെ മറ്റു മാർഗമൊന്നുമില്ല. ഭാര്യയും ഭർത്താവുമെന്ന ബന്ധം നിലനിന്നേ പറ്റൂ. അത് നിത്യമാണ്. സത്യമാണ്. സംസ്കാരസമ്പന്നനും സാമൂഹ്യജീവിയുമായ മഹിപാൽ ഈ സത്യത്തിൽനിന്നു മുഖം തിരിക്കുന്നതെങ്ങനെ?

രണ്ടു ദിവസത്തോളം വീട്ടിൽ നിന്നൊഴിഞ്ഞുമാറി, അസംതൃപ്തവും കെട്ടടങ്ങാത്തതുമായ തന്റെ വിപ്ലവഹൃദയത്തെ സന്യാസത്തിലും വിലാസ ലീലകളിലും മുഴുകിക്കഴിച്ചശേഷം ഇന്നിതാ കർണലിനോടൊപ്പം, വീട്ടിൽ നിന്നോടിപ്പോയ ബാലനെ പിടിച്ചുകൊണ്ടുവരുമ്പോഴുണ്ടാകുന്ന മനോഭാവത്തോടെ മടങ്ങുകയാണ്.

ഇറങ്ങാൻ നേരത്ത്, മരവിച്ച ഒരു നോട്ടമായിരുന്നു ഷീലയുടേത്. പർവതാഗ്രത്തുള്ള ഏതോ ഗുഹയിൽനിന്ന് നീരുറവ പൊട്ടിപ്പുറപ്പെടുകയാണെന്ന് മഹിപാലിന് തോന്നി. മനസ്സിന്റെ കാരിരുമ്പു പെട്ടിയിൽ അയാൾ തന്നെത്തന്നെ ഭദ്രമായി അടച്ചുവച്ചു. അതിനുള്ളിലിരുന്നയാൾ വിറങ്ങലിച്ചു. ചിന്ത ചുറ്റിത്തിരിഞ്ഞു വീണ്ടും പഴയകാര്യത്തിലെത്തി. ഭാര്യാഭർത്തൃബന്ധം നിത്യമാണ്, സത്യമാണ്, അനന്തമാണ്, അഭേദ്യമാണ്.....

കർണലിന്റെ ഔഷധശാലയുടെ പിന്നിലുള്ള കന്യയുടെ മുറിയിൽ ഇളയ മകൻ തപോധനനോടൊപ്പം കല്യാണി ഇരിപ്പുണ്ട്. കർണൽ അവരെ അങ്ങോട്ട് വിളിപ്പിച്ചതാണ്. രണ്ടുദിവസത്തെ താപവും തപസ്സും കല്യാണിയെ ശുദ്ധീകരിച്ചിട്ടുണ്ട്. കടുത്ത വേദന നിഴലിക്കുന്ന ശാന്തവും അശാന്തവുമായ ആ മുഖം ഈറനണിഞ്ഞിട്ടുണ്ട്. തപോധനൻ ഒരു കസാരയിൽ കാലുമാട്ടി ഇരിക്കുകയാണ്.

ഗൗരവമാർന്ന മുഖത്തോടെ മഹിപാൽ മുറിയിലേക്കു കടന്നു. കർണൽ അയാളുടെ പിന്നാലെയും. കല്യാണിയുടെയും മഹിപാലിന്റെയും കണ്ണുകൾക്ക് ഒരിക്കൽ കൂട്ടിമുട്ടാതിരിക്കാൻ കഴിഞ്ഞില്ല. രണ്ടുപേരും തിടുക്കത്തിൽ നോട്ടം മാറ്റി. നിമിഷത്തിനുള്ളിൽ രണ്ടുപേരും തങ്ങളുടെ അഭേദ്യത പുതിയൊരു രീതിയിലൂടെ മനസ്സിലാക്കി. എങ്കിലും മനസ്സിലെ ഈർഷ്യകൊണ്ട് രണ്ടുപേരും മുഖം തിരിച്ചു. കല്യാണി തലകുനിച്ചിരുന്നു. മഹിപാൽ മുഖം തിരിച്ചു മകന്റെ നേരെ നോക്കി.

ഭയന്നുവിറച്ച് ഒതുങ്ങിക്കൂടി ഇരിക്കുകയാണവൻ. അച്ഛൻ തന്റെനേരെ നോക്കുന്നതുകൊണ്ടവൻ കൂടുതൽ ഭയന്നു. സിംഹത്തിന്റെ മുമ്പിൽപെട്ട മാൻപേട പ്രാണഭയം കൊണ്ട് ആ ഹിംസ്രമൃഗത്തെ ഇമവെട്ടാതെ നോക്കുന്നതുപോലെ, ബാലൻ വിറയാർന്ന നേത്രങ്ങളോടെ പിതാവിന്റെ മുഖത്തേക്ക് നോക്കി. മകനോട് വിമുഖത കാണിക്കാൻ, പിതൃ സ്നേഹത്തിനായില്ല. മനസ്സ് നമിച്ചു. കണ്ണിൽ സ്നേഹം പരന്നു. പിതാവായ മഹിപാലിന് തന്റെ മകന്റെ സാന്നിധ്യത്തിൽ വിലാസലാലസനായ മഹിപാലിനോടു ക്ഷമിക്കാനാവുന്നില്ല. ഹൃദയം പിടഞ്ഞു. "ഇവൻ എന്റെ കുട്ടി, എന്റെ കുട്ടികൾ..... ഒരന്യസ്ത്രീയുമായുള്ള എന്റെ വേഴ്ചയെ ഇവരെങ്ങനെയായിരിക്കും കാണുക...."

പഴയ ചോദ്യം വീണ്ടും പുതിയ രൂപത്തിൽ പുതിയ ഭാവത്തിൽ അയാളുടെ ഹൃദയത്തെ കീറിമുറിക്കാൻ തുടങ്ങി. തപോധനന്റെ സാന്നിധ്യം അയാളെ അസ്വസ്ഥനാക്കി. അപമാനിതനായപോലൊരു തോന്നൽ. അതെല്ലാം അടക്കിയിട്ട് അയാൾ ആവേശത്തോടെ മുന്നോട്ട് നീങ്ങി മകന്റെ തലമുടിയിൽ തലോടിക്കൊണ്ട് ചോദിച്ചു.

"ഇന്നു സ്കൂളിൽ പോകണ്ടേ?"

"എന്താ.... ഇനി പോയാൽ മതി..."

മകന്റെ തലയിൽ കൈയോടിച്ചുകൊണ്ട്, വിരസസ്വരത്തിൽ പത്നിയോട് ആദ്യമായി ഒന്നാമത്തെ ചോദ്യം ചോദിച്ചു.

"കുട്ടികൾ ഒന്നും കഴിക്കാതെയാണോ ഇന്ന് സ്കൂളിലും കോളേജിലും പോണത്?"

കല്യാണി ആദ്യം ഒന്നും മിണ്ടിയില്ല. ആകാംക്ഷയുടെ നിമിഷങ്ങൾ. മഹിപാലിനെ സംബന്ധിച്ചിടത്തോളം നീണ്ടമണിക്കൂറുകളായി തോന്നി. ക്ഷമ നശിച്ചു. ക്രോധം പ്രകടിപ്പിക്കാൻ തുടങ്ങുമ്പോഴേക്കും, കല്യാണി വലത്തേകാലിലെ വിരലിലണിഞ്ഞിരുന്ന മോതിരത്തിൽ ദൃഷ്ടി ഉറപ്പിച്ചുകൊണ്ട് പറഞ്ഞു. "രാജോയും ശകുന്തളയും ആഹാരമുണ്ടാക്കുകയാണ്... തപു, നീ വീട്ടിൽ പൊയ്ക്കോ. ഞങ്ങളിതാ വരുന്നു....."

"അതേ, മോൻ പൊയ്ക്കോ, ഞങ്ങൾ ഇപ്പോൾ വരാം." പോകുന്നതിന് മുമ്പ് ഏഴു വയസ്സുകാരനായ തപോധനൻ ഒരിക്കൽ അമ്മയെയും പിന്നെ അച്ഛനെയും ഒന്നു നോക്കി. ദയനീയമായ ആ നോട്ടം കണ്ടാൽ 'എന്റെ അമ്മയെ ഉപദ്രവിക്കരുതേ' എന്നു പറയുകയാണോ എന്നു തോന്നും.

തപോധനൻ പോയിക്കഴിഞ്ഞു ഏതാനും നിമിഷത്തേക്ക് മുറിയിൽ ശ്മശാനമൂകത തളം കെട്ടി നിന്നു. കല്യാണി തലയും കുനിച്ചു തന്നെ ഇരുന്നു. മഹിപാലിന്റെയും തല താണിരുന്നു. രണ്ടു പേരെയും നോക്കിക്കൊണ്ട് കീഴ്ചുണ്ട്

മെല്ലെ കടിച്ചു കൊണ്ട് കർണലുമിരുന്നു.

പെട്ടെന്ന് മഹിപാൽ ഒരു വിഷയമെടുത്തിട്ടു. കർണലിനോടു ചോദിച്ചു "അവർ മധുരയിൽ നിന്നെപ്പോൾ മടങ്ങിയെത്തും?"

"നാളെയോ മറ്റെന്നാൾ രാവിലെയോ വരും. പിന്നെ നാലു ദിവസത്തെ അവധിയെടുത്തിട്ടാണ് പോയത്."

വീണ്ടും നിമിഷനേരത്തേക്ക് നിശ്ശബ്ദത. കർണൽ പെട്ടെന്ന് കല്യാണിയുടെ നേരെ നോക്കിയിട്ട് പറഞ്ഞു. "ചേട്ടത്തി നടന്നതിനെക്കുറിച്ചൊന്നും ഇനി ഓർക്കണ്ട. ഇപ്പോൾ കാര്യം നിങ്ങൾ രണ്ടാളും തമ്മിലുള്ള പരാതിയും വഴക്കുമൊന്നുമല്ല. പ്രായമായ ആൺപിള്ളരും പെൺപിള്ളരുമാണുള്ളത്. അവരെന്തു കരുതും? അതു മനസ്സിലാക്കി ശ്രദ്ധയോടെ വേണം നിങ്ങൾ രണ്ടും പ്രവർത്തിക്കാൻ..."

"ആര് ഇവളോ? ഇനി നൂറ് ജന്മം ജനിച്ചാലും അതൊന്നും നോക്കില്ല. ഞാനെന്തെങ്കിലും തടഞ്ഞാൽ അത് ആയിരം തവണ ചെയ്യും. എങ്കിലല്ലേ എന്റെ മൂക്കു മുറിക്കാനൊക്കൂ. അതാണവളുടെ കുടുംബ മഹിമ."

"മഹിപാൽ നിങ്ങളൊന്നു മിണ്ടാതിരിക്കൂ ഇത്രയും വലിയ ഒരു സാഹിത്യകാരനായിട്ട്."

"സാഹിത്യകാരൻ! മണ്ണാങ്കട്ടയാണ്. സാഹിത്യകാരന് എന്താണൊരു വില. വീട്ടിൽപോലും മതിപ്പില്ല. എന്ന് എന്റെ ജീവനെടുക്കുമോ അന്നേ അവൾക്ക് എന്റെ മഹിമ മനസ്സിലാകൂ" എന്നു പറഞ്ഞിട്ടയാൾ തിടുക്കത്തിൽ ഉലാത്താൻ തുടങ്ങി.

കല്യാണി തലയും കുനിച്ചിരുന്നു.

കർണൽ വീണ്ടും കല്യാണിയോടായി പറഞ്ഞു.

"മഹിപാൽ നിങ്ങളോടു അന്യായമാണു കാട്ടിയത്. അയാളുടെ മുന്നിൽ വച്ചു തന്നെ ഞാനതു പറയാം. എങ്കിലും ഇയാൾ ചേട്ടത്തിയെ അങ്ങേ അറ്റം ആദരിക്കുന്നുണ്ട്. അതും കൂടെ വച്ചുകൊണ്ടു തന്നെ ഞാൻ പറയുകയാണ്."

മഹിപാലിന്റെ അപരാധിയായ ഹൃദയത്തിന് ന്യായത്തിന്റെ ഒരു താങ്ങു കിട്ടി. ആവേശഭരിതനായി പറഞ്ഞു. "നിങ്ങളല്ല ഇനി ബ്രഹ്മാവു തന്നെ വന്നിട്ട് അവളെക്കുറിച്ച് എനിക്കു സ്നേഹവും ബഹുമാനവുമാണെന്നു പറഞ്ഞാലും ശരി അവൾ മനസ്സിലാക്കില്ല. മനസ്സിലാക്കുന്നതു പോട്ടെ. എന്റെ പ്രവൃത്തിയിൽ നിന്നവൾക്ക് കണ്ടുകൂടേ. ഞാൻ വല്ലതും ദേഷ്യപ്പെടുകയോ മറ്റോ ചെയ്താൽ അവൾക്ക് ഉടനെ അതു പിടികിട്ടും. പക്ഷേ ഞാൻ സ്നേഹിക്കുന്നതും അവൾക്കുവേണ്ടി പ്രവർത്തിക്കുന്നതും അവളൊട്ടു മനസ്സിലാക്കില്ല. എങ്ങനെ മനസ്സിലാക്കാൻ? അവളുടെ വിചാരം തന്നെ, ഞാൻ ഒരു ഗുണവും ഇല്ലാത്തവനെന്നല്ലേ? ഞാനവളുടെ ശത്രുവാണെന്നാണവളുടെ വിചാരം. (പല്ലു ഞെരിച്ചിട്ട്) നാശം മരമണ്ടൂസ്."

"മഹിപാൽ.."

"ഈ സ്ത്രീ എന്റെ ജീവിതം തകർത്തവളാണസ്സേ. ഞാൻ പറയുന്നതൊരിക്കൽ പോലും അനുസരിക്കില്ല! എന്നെ ഒന്നു മനസ്സിലാക്കാൻ, എനിക്ക് എന്താണ് വേണ്ടതെന്നറിയാൻ ഒരിക്കൽ പോലും ശ്രമിച്ചിട്ടില്ല. ഞാൻ പറയുന്നതെന്താണെന്ന് ഒന്നു ശ്രദ്ധിക്കാൻ..."

"ശരി ഞാൻ പറയട്ടെ..."

"കർണൽ, ഞാനിപ്പോൾ ആവേശത്തോടെയായിരിക്കാം പറഞ്ഞത് . പക്ഷേ ദേഷ്യത്തോടെയല്ല. എന്റെ മനസ്സിലുള്ളത്, ഇവളുടെ മുമ്പിൽ വച്ചുതന്നെ നിങ്ങളോട് പറയാം – എനിക്കിപ്പോൾ വയസ്സു നാൽപത്തൊന്നായി. വഴക്കിട്ടും ശണ്ഠ കൂടിയും എല്ലാം മറന്നു നടക്കാൻ കഴിയുന്ന ചെറു പ്രായമൊന്നുമല്ല. ഞാൻ ക്ഷീണിതനാണ്. എനിക്ക് ഒരു ബലം വേണം. ഏറിയാൽ പത്തോ പന്ത്രണ്ടോ കൊല്ലംകൂടി ജോലിചെയ്യാൻ കഴിഞ്ഞേക്കും. ജീവിതത്തിൽ മറ്റൊന്നും കിട്ടിയില്ലെങ്കിലും ശാന്തിയെങ്കിലും ലഭിക്കണം. എന്നാൽ ഈ സ്ത്രീ എനിക്ക് ശാന്തി തരില്ല.."

"എങ്കിലദ്ദേഹത്തോടു പറയണം, സഹോദരാ, ശാന്തി കിട്ടുന്ന അങ്ങോട്ടു തന്നെ പോയേക്കാൻ..."

"കണ്ടോ ഇതു കേട്ടോ കർണൽ?"

"നിങ്ങളൊന്നു മിണ്ടാതിരിക്കൂ, മഹിപാൽ", കർണൽ സർവശക്തിയും ഉപയോഗിച്ച് ഉറക്കെപ്പറഞ്ഞു. എന്നിട്ട് ശബ്ദം താഴ്ത്തിയിട്ട് "ചേട്ടത്തിയുമായി ഞാൻ സംസാരിക്കട്ടെ. ഇനി ഇടയ്ക്കുകയറി മിണ്ടിപ്പോകരുത്. ങാ, ചേട്ടത്തീ, കാര്യം ഇത്തിരി കുഴഞ്ഞതാണ്. ഞാൻ വല്ല തെറ്റും പറയുകയാണെങ്കിൽ എന്നോട് ക്ഷമിക്കണം,.. ആദ്യമേ മാപ്പ് ചോദിച്ചേക്കാം. മഹിപാലിനെ മനസ്സിലാക്കുന്നതിൽ നിങ്ങൾക്ക് തെറ്റുപറ്റി. അയാൾക്ക് കുറ്റങ്ങൾ ഇല്ലെന്നല്ല. പക്ഷേ ഒന്നുണ്ട് ഇത്രയും ഹൃദയവിശാലതയും സ്നേഹശീലവുമുള്ള ഒരാളിനെ കാണുക വിഷമമാണ്. ഞാൻ പറയുന്നത് കള്ളമല്ല. ഒരു വ്യാപാരിക്ക് ലോകരെ തിരിച്ചറിയാൻ കഴിയും. ദിവസവും ഞാൻ എത്രയെത്ര ആളുകളെ കാണുന്നതാണെന്നോ. സ്വന്തം ആളായതുകൊണ്ട് ആദരവു കാണിക്കുന്നില്ലെന്ന് മാത്രം. പക്ഷേ ഇദ്ദേഹത്തിന്റെ ഗുണങ്ങൾക്കും യോഗ്യതയ്ക്കും മുന്നിൽ എത്രയോ പേർ തല നമിക്കുന്നത് ഞാൻ കണ്ടിട്ടുള്ളതാണ്."

എരിയുന്ന സിഗററ്റു വിരലുകൾക്കിടയിൽ ഇറുകെ പിടിച്ച് തലയും കുനിച്ചിരുന്ന് തന്റെ പ്രശംസ കേട്ടുകൊണ്ടിരിക്കുകയായിരുന്നു മഹിപാൽ. കർണലിനോട് ഒട്ടൊരു കടപ്പാടുതോന്നി. അയാൾ തുടരുകയാണ്. "മഹിപാലിനെപ്പോലുള്ള ഒരു എഴുത്തുകാരന്റെ വില, വിദേശങ്ങളിലുള്ളവർക്കേ മനസ്സിലാകൂ. ഇവരെപ്പോലുള്ള കലാകാരന്മാർക്ക് ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരും. ഇങ്ങനെയുള്ളവരിൽ എന്തെങ്കിലും കുറവും ദൂഷ്യവും ഉണ്ടെങ്കിൽ തന്നെ അവയെല്ലാം ക്ഷമിക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം."

കർണൽ പറഞ്ഞുനിർത്തി. മുറിയിൽ വീണ്ടും നിശ്ശബ്ദത പടർന്നു. വിചാരമഗ്നരായി മൂവരും കുനിഞ്ഞിരുന്നു. കർണൽ ഇടത്തെ കൈവിരലിൽ കിടന്നിരുന്ന നവരത്നഖചിതമായ മോതിരം വലതുകൈവിരൽ കൊണ്ട് അങ്ങോട്ടുമിങ്ങോട്ടും തിരിച്ചു. നിമിഷങ്ങൾക്കുശേഷം ഒന്നു ചുമച്ചിട്ടയാൾ പറഞ്ഞു തുടങ്ങി:

"മഹിപാലിനെ നിങ്ങൾ ഒന്നും പറയരുതെന്നല്ല ഞാൻ പറഞ്ഞതിന്റെ അർത്ഥം. പക്ഷേ എന്ത് പറയുന്നതും ഇദ്ദേഹത്തിന്റെ മാനസികാവസ്ഥ മനസ്സിലാക്കിയിട്ടായിരിക്കണം. ഒന്നാലോചിച്ചു നോക്കൂ. പ്രായമായ കുട്ടികൾക്ക് നിങ്ങൾ തമ്മിലുള്ള ഈ ഉരസൽ മനസ്സിലാവില്ലേ? കാലം എത്ര മോശമാണെന്നറിയില്ലേ? കുട്ടികൾ പ്രായമായി വരുകയാണ്. കൈയിൽനിന്നു അല്പമൊന്ന് തെറ്റിയാൽ മതി..."

"അതുകൊണ്ടാണ് ചേട്ടാ, ഞാനിദ്ദേഹത്തോട് പറയുന്നത്. മറ്റ് യാതൊരു കാരണവുമില്ല." ഇത്രയും നേരത്തിനു ശേഷം കല്യാണിയുടെ ശബ്ദം പുറത്തു വന്നു. മഹിപാലിന്റെ പുരികക്കൊടികൾ ഉയർന്ന് കണ്ണുകൾ തീക്ഷ്ണങ്ങളായി. അയാൾ കല്യാണിയുടെ മുഖത്ത് തറപ്പിച്ചു നോക്കി. ഒരു ഹിപ്നോട്ടിക് നോക്കും പോലെ. ആവേശത്തോടെയാണെങ്കിലും അടക്കിയസ്വരത്തിൽ കല്യാണി തുടർന്നു. "ഞാനെന്തുവേണമോ സഹിക്കാം. പിന്നെ ഇങ്ങനെയുള്ള അപമാനം വരുത്തുന്ന വല്ലതും ചെയ്യണമെന്നുണ്ടെങ്കിൽ ഇദ്ദേഹത്തോട് പറയണം, ആദ്യം ഞങ്ങൾക്കിത്തിരി വിഷം കൊണ്ടു തരാൻ, സ്വന്തം വീട്ടിൽ ആരുടെയും ചീത്തപ്പേരു കേൾക്കാൻ എനിക്കാവില്ല., ഇദ്ദേഹത്തിന്റെയായാലും ശരി മറ്റാരുടെയായാലും ശരി." കല്യാണിയുടെ മുഖം ചുവന്നു തുടുത്തു.

ആ രോഷപ്രകടനമാണ് മഹിപാലിന് സഹിക്കാത്തത്. അയാൾക്കതു കാണുമ്പോൾ സ്വയം നിയന്ത്രണം വിട്ടുപോകും. സ്വന്തം ജീവിതത്തിൽ അയാൾക്ക് നടപ്പിലാക്കാൻ കഴിയാത്ത ആദർശനിഷ്ഠയെക്കുറിച്ചുള്ള ചിന്ത അയാളെ ജ്വലിപ്പിക്കും.

"ഇവൾ ഒരിക്കൽ പോലും കലാകാരനും സാഹിത്യകാരനുമായ എനിക്ക് ഉത്തേജനം നൽകിയിട്ടില്ല. എന്നും എപ്പോഴും എന്നെ എതിർക്കും. പതിവ്രതയും തപസ്വിനിയും തേജസ്വിനിയുമായിട്ടെന്തുഫലം?-ഇവൾ അങ്ങേ അറ്റത്തെ മൂഢയാണ്." വാക്കുകളും വിചാരവും ജലാശയത്തിലെ തരംഗങ്ങൾ കണക്കെ ഇളകിവന്നു. ക്രോധാവേശം കൊണ്ട് മനസ്സാന്നിധ്യം കൈവിട്ടു. ഗർജിച്ചിട്ടു പറഞ്ഞു "ഞാൻ നിന്റെ തന്തയുടെ വേലക്കാരനല്ല., നിനക്ക് വേണമെങ്കിൽ എന്റെകൂടെ കഴിയാം. അതല്ലെങ്കിൽ ഒരു നിമിഷം പോലും നിന്റെകൂടെ കഴിയാൻ എനിക്കാവില്ല, അഹങ്കാരി, സ്വാർഥ, നീച..."

കർണൽ ചാടിയെണീറ്റയാളുടെ വാ പൊത്തി, അടക്കിയ സ്വരത്തിൽ അയാൾ വിളിച്ചു:

"മഹിപാൽ....... മഹിപാൽ..."

മഹിപാൽ കുതറി മാറാൻ ശ്രമിക്കുകയാണ്. കർണലിന് ദേഷ്യം വന്നു. "എന്താ തനിക്കു ഭ്രാന്തുണ്ടോ? മതി. ഇപ്പോഴെനിക്കു മനസ്സിലായി. ദോഷം മുഴുവൻ തന്റെയാണ്."

"താനെന്താ പുലമ്പുന്നത്?" കർണലിനെയും നിസ്സാരനാക്കി തള്ളിപ്പറയാൻ ഒരുങ്ങുകയായിരുന്നു മഹിപാൽ, കർണലിന്റെ മട്ടാകെ മാറി. അപ്പോൾ യാതൊരു അനാദരവും സഹിക്കാത്ത ഒരു നിലയിലായിരുന്നു കർണൽ മഹാശയൻ. ആ മൂഡിലായിരിക്കുമ്പോൾ രണ്ടു കക്ഷികളും തമ്മിൽ യോജിപ്പുണ്ടായേ പറ്റൂ. അതല്ലെങ്കിൽ ഒരു കക്ഷിയുടെ ഭാഗം ചേർന്ന് കർണലും എതിർക്കാൻ തുനിയും. ലാലാനാഗീൻചന്ദെന്ന കർണൽ മഹാശയൻ എത്രയോ കുടുംബങ്ങളെ തകർച്ചയിൽ നിന്നു രക്ഷിച്ചവനാണ്. അയാൾ വിരൽ ചൂണ്ടിയിട്ട് പറഞ്ഞു. "ഇതാ നോക്കൂ ഈ കപടരോഷമൊന്നും കാണിക്കണ്ട. ഞാൻ സീരിയസ് മൂഡിലാണ്. ഞാനിപ്പോൾ തന്റെ ഭാഗത്തുമല്ല, ഏട്ടത്തിയുടെ വശത്തുമല്ല. എനിക്ക് സത്യമെന്ന് തോന്നിയത് പറയും. ഞാൻ വീണ്ടും പറയുകയാണ് തെറ്റ് തന്റേതാണ്. ഏട്ടത്തിയെപ്പോലൊരു സതീദേവിയുടെ കാൽ കഴുകാൻ പോലും താൻ യോഗ്യനല്ല. എത്ര ഇൻടലക്ച്വലായാലും ശരി."

താനിരുന്നിരുന്ന കസേര പെട്ടെന്ന് കർണൽ വലിച്ചെടുത്തതുപോലെ മഹി പാലിനു തോന്നി. സജ്ജന്റെ മുമ്പിൽവച്ചാണ് കർണൽ ഇങ്ങനെ പറഞ്ഞിരുന്ന തെങ്കിൽ അയാളത് കാര്യമാക്കില്ലായിരുന്നു. പക്ഷേ കല്യാണിയുടെ മുമ്പിൽ വച്ചിതു പറഞ്ഞത് അയാൾക്കൊട്ടും രസിച്ചില്ല. തന്റെ അസ്വാസ്ഥ്യം മറച്ച് സ്വയം നിയന്ത്രിച്ചിട്ട് കർണലിനെ ശരിക്കൊന്നിരുത്തി, സ്വന്തം ഭാര്യയുടെ മുമ്പിൽവച്ച് വിജയം നേടാൻ അയാൾ ഒരുമ്പെടുമ്പോഴേക്കും കർണൽ കരളിൽ തുറച്ചുകയ റുന്ന ഒരു സത്യം വിളമ്പി അയാളുടെ വായടച്ചു.

"നിങ്ങൾ സ്വന്തം സാഹിത്യരചനയിൽ മനുഷ്യത്വത്തെ കുറിച്ചൊട്ടുവളരെ മനസ്സിലാക്കിയിരിക്കാം. പക്ഷേ മനുഷ്യനെ മനസ്സിലാക്കിയിട്ടില്ല. ഏട്ടത്തി നിർബന്ധബുദ്ധിക്കാരിയായിരിക്കാം. പക്ഷേ താൻ ശുദ്ധമടയനാണ്. ഇത്രയും കാലം കൂടെ താമസിച്ചിട്ടും തനിക്ക് അവരുടെ മനസ്സിന്റെ ഗതി മനസ്സിലാക്കാൻ കഴിഞ്ഞില്ല, ഞാനതു മനസ്സിലാക്കി. ഇത്രയും പവിത്ര വിചാരങ്ങളുള്ള ഒരു സ്ത്രീയ്ക്ക് - അത്തരം വിചാരമുള്ളവർക്കാർക്കും തന്നെ - യാതൊരു വിധത്തി ലുള്ള കളങ്കങ്ങളും സഹിക്കാനാവില്ല. ഇനി തന്റെ കാര്യംതന്നെ എടുക്കാം. ഇത്രയും ബുദ്ധിപരമായി ഉയർന്ന നിങ്ങൾ എന്തെങ്കിലും വൃത്തികേടുകൾ കണ്ടാൽ അതിനെതിരെ ശബ്ദമുയർത്തില്ലേ? ഞാൻ തന്നെ ആയിരം തവണ കണ്ടിട്ടുള്ളതാണ്."

രോഗിയായ ഒരാളിന് ഇടയ്ക്കിടെ ശുദ്ധവായു ലഭിക്കാതെ വന്നാലുള്ള അവ സ്ഥയിലായിരുന്നു മഹിപാൽ. ഉള്ളിലെ സത്യം തിളച്ചുപൊങ്ങി. പക്ഷേ സന്തു ലിതമായ ശാന്ത ഭാവത്തിലല്ല, പ്രതികാരരൂപത്തിൽ തല ഉയർത്തി ചൊടിച്ചിട്ടു പറഞ്ഞു.

"എനിക്കറിയാം, സങ്കോചമെന്യേ ഞാനാരുടെ മുമ്പിലും പറയുകയും ചെയ്യും. കല്യാണി എന്നേക്കാൾ നിഷ്ഠയുള്ളവളാണെന്ന്. ഞാനും പതിനേഴ് പതിനെട്ട് കൊല്ലം ഏകപത്നീവ്രതനിഷ്ഠ പാലിച്ചു പോന്നവനാണ്. ഇപ്പോഴും ഇവളുടെ (കല്യാണി) ബുദ്ധിശൂന്യതയെ വെറുക്കുന്നുണ്ടെങ്കിലും അവളെക്കുറിച്ചെന്റെ ഹൃദ യത്തിൽ സ്നേഹവും ആദരവും ഉണ്ട്. പക്ഷേ കർണൽ എന്തു പറഞ്ഞാലും ശരി, ഇന്ന് കല്യാണിയുടെ മുമ്പിൽവച്ച് ഒട്ടും അറയ്ക്കാതെ ഞാൻ പറയും ഷീലയും ഞാനും തമ്മിലുള്ള പ്രേമത്തിൽ യാതൊരു കളങ്കവുമില്ലെന്ന്, പിന്നെ എന്റെ ഷീലയെ വെറുക്കുന്നവരെ ഞാനും വെറുക്കും..."

"എന്റെ" എന്ന വാക്കിന് പ്രസക്തി നൽകിയാണ് പറഞ്ഞത്. അത് കൊള്ളേ ണ്ടിടത്തു തന്നെ കൊണ്ടു. കല്യാണിയുടെ ഉള്ളിൽ വെടിക്കെട്ടുപൊട്ടി. പാര വശ്യം ഒരു നിശ്വാസമായി പുറത്തുചാടി. കല്യാണിയുടെ നേത്രങ്ങൾ ഭർത്താ വിന്റെ നേർക്കു പാഞ്ഞു. 'നിങ്ങളെന്നെ ജീവനോടെ കുഴിച്ചുമൂടിയല്ലോ, ഇതെ ന്താണ് പറഞ്ഞത്?' എന്നെല്ലാം ആ നേത്രങ്ങൾ പറയുകയാണെന്ന് തോന്നും. ആവേശത്തോടെ അത്രയും പറഞ്ഞു കഴിഞ്ഞ് മഹിപാൽ ഒരു കള്ളനെപ്പോലെ ഭാര്യയുടെ നേരെ നോക്കി. അപ്പോഴാണ് പരാതിയും പരാജയവും ദീനതയും നിഴലിക്കുന്ന കല്യാണിയുടെ നോട്ടവും അങ്ങോട്ടേക്ക് ചെന്നത്. കണ്ണുകൾ കൂട്ടി മുട്ടുക വിഷമകരമായി. മഹിപാൽ അപ്പോൾ സത്യത്തെ ഭയപ്പെടുകയായിരുന്നു.

"ഭാര്യാഭർത്തൃബന്ധം അഭേദ്യവും അനന്തവുമാണുപോലും. ഞാനതു ലംഘിക്കും. സ്ത്രീയും പുരുഷനും തമ്മിലുള്ള പ്രേമമാണ് ഏറ്റവും വലിയ

ബന്ധം. സ്ത്രീയും പുരുഷനും, അവർ ഭാര്യാഭർത്താക്കന്മാരായാലും ശരി അല്ലെങ്കിലും ശരി. കല്യാണി സതിയും സാവിത്രിയുമാണെങ്കിൽ അങ്ങിനെ കഴിഞ്ഞോട്ടെ. ഞാൻ പതിതനും പാപിയുമാണെങ്കിലും മാഹാത്മ്യമുള്ളവനാണ്. ഷീല എനിക്ക് ഉത്തേജനം നൽകുന്നു. ഷീലയുടെ ജീവനിലാണ് ഞാൻ നിലനിൽക്കുന്നത്. സമൂഹം ഇതിനെ അംഗീകരിക്കില്ലായിരിക്കാം. ഞങ്ങളുടെ പ്രേമത്തിന്റെ മുമ്പിൽ സമൂഹം ഒരു പ്രശ്നമല്ല."

ആവേശഭരിതനായി മഹിപാൽ എണീറ്റു നിന്നു. കർണലിനോടായി പറഞ്ഞു. "കർണൽ അയാം ഗോയിങ്. ഇവളോട് പറഞ്ഞേക്കൂ, എന്റെ വരുമാനത്തിൽ, ഇപ്പോൾ മുതൽ സ്വന്തം ചെലവിനു എഴുപത്തഞ്ചുരൂപാ എടുത്തിട്ടു ബാക്കി നിങ്ങൾ വഴി മാസാമാസം അവൾക്കെത്തിച്ചു കൊടുക്കുന്നതാണെന്ന്."

മഹിപാൽ വാതിലിനു നേർക്കു നടന്നു. കല്യാണിയും കർണലും സ്തബ്ധരായി ഇരുന്നുപോയി. കർണൽ ചോദിച്ചു "അപ്പോൾ ഇനിമേൽ ഷീലയുടെ അവിടെയായിരിക്കുമോ താമസം?"

തികച്ചും സ്വാഭാവികമായിരുന്നു ചോദ്യം. എങ്കിലും മഹിപാലിന് അത് വ്യംഗ്യാർത്ഥമുള്ളതായിത്തോന്നി. ചൊടിച്ചിട്ടു പറഞ്ഞു.

"പെണ്ണുങ്ങളുടെ കാശുകൊണ്ട് ജീവിക്കുന്ന പട്ടിയല്ല ഞാൻ."

"നിങ്ങളുടെ ശത്രുക്കൾ പോലും അങ്ങനെ പറയില്ല."

തന്റെ സർവസ്വവും നഷ്ടപ്പെടുന്നതുകണ്ട് കല്യാണിയുടെ പ്രാണൻ പിടഞ്ഞു. തിടുക്കത്തിലവൾ എഴുന്നേറ്റു മുന്നോട്ടു ചെന്നു. കർണലിന്റെ സാന്നിധ്യം ഓർമ്മ വന്നതോടെ നിന്നുപോയി. സ്വയം നിയന്ത്രിച്ചിട്ടും നിയന്ത്രിക്കാനാവാതെ അവൾ ചോദിച്ചുപോയി "നിങ്ങൾ പോയാൽ ഞാൻ പിള്ളാരോടെന്തു പറയും? ലോകരെ എങ്ങനെ മുഖം കാണിക്കും?"

"നീ സതീദേവിയല്ലേ, അപ്പോൾ നിന്നെ അവർ പൂജിക്കും. ലോകം തുപ്പുന്നെങ്കിലും പതിതനായ എന്നെയല്ലേ?"

"ഇന്ന് ശകുന്തളയെക്കാണാൻ മുറാദാബാദുകാർ വരും. ഇക്കാരണത്താലാണ് ഞാനീ സഹോദരനെ നിങ്ങളുടെ അടുത്തേക്കയച്ചതുതന്നെ.."

മഹിപാലിന്റെ ആവേശവും വീറും മാനസിക പ്രതിജ്ഞയും പരിപാടിയും എല്ലാം അതുകേട്ടതോടെ എങ്ങോ പോയ്മറഞ്ഞു. ഭാര്യ, കാമുകി, പ്രേമം തുടങ്ങിയ യുവത്വത്തിന്റെ പ്രശ്നങ്ങൾ പുതിയ തലമുറയെക്കുറിച്ചുള്ള പരാമർശം ഉണ്ടായ ഉടനെ തൊണ്ടി സഹിതം പിടിക്കപ്പെട്ട കള്ളനെപ്പോലെ സ്വയം ഒളിക്കാൻ ശ്രമിച്ചു. മഹിപാൽ വീണ്ടും സ്വയം നിയന്ത്രിച്ചു. "ആരോ വരട്ടെ, എനിക്കു നിന്നോടു യാതൊരു ബന്ധവുമില്ല."

കർണൽ മുന്നോട്ടു നീങ്ങിയിട്ടു പറഞ്ഞു "ഇതെന്താ കുട്ടിക്കളിയാണോ, മഹിപാൽ? ഇവരോടു തനിക്ക് പിണങ്ങാം, വഴക്കിടാം. പക്ഷേ കുട്ടികളോട് വഴക്കിട്ട് എങ്ങോട്ടു പോകും? വീട്ടിൽ രണ്ടു ദിവസമായി എന്താണ് നടക്കുന്നതെന്ന് തനിക്ക് വിചാരിക്കാൻ പോലും കഴിയില്ല. ചെല്ല് അങ്ങോട്ട് ചെല്ലു."

"ഈ രണ്ട് ദിവസവും എന്റെ ഹൃദയത്തിലെന്താണ് നടന്നതെന്ന് നിങ്ങൾക്കും മനസ്സിലാവില്ല. പക്ഷേ ഒന്നു തീർച്ചയാണ്; കർണൽ, ഇനി കല്യാണിയുമായി ഒരുമിച്ച് പോകാൻ എനിക്കാവില്ല."

"ഇതാ നോക്കൂ."

"നോക്കുകയും കാണുകയും വേണ്ട, ഇരുപത്തിനാലു വർഷമായി ഞാനാരുടെ കൂടെ കഴിഞ്ഞോ, ഇരുപത്തിനാലു വർഷമായി എന്നെ മനസ്സിലാക്കാത്ത ആ സ്ത്രീ! ഇനിയും അവളുമായി കഴിയാൻ ഞാനാഗ്രഹിക്കുന്നില്ല."

"പിന്നെ താനെവിടെക്കഴിയും? ഷീലയുടെ അങ്ങോട്ട് പോകില്ല. ഇങ്ങനെയൊരവസ്ഥയിൽ എന്റെ അവിടെയോ സജ്ജന്റെ അവിടെയോ കഴിയാമെന്നു വെച്ചാലും അത്..."

മിനിയാന്ന് താൻ രാത്രി കഴിച്ചുകൂട്ടിയ ഗോമതീതീരത്തിലെ മണ്ഡപത്തിന്റെ ചിത്രം മഹിപാലിന്റെ മനസ്സിൽ പൊന്തി വന്നു. സുന്ദരമായ സ്ഥലം. ആ സ്ഥലത്തേക്കുറിച്ചോർത്തപ്പോൾ കല്യാണിയും ഷീലയും അവർ സൃഷ്ടിക്കുന്ന പ്രശ്നങ്ങളും എല്ലാം മറന്നു പോയി. പുതിയൊരു വികാരം ഹൃദയത്തിൽ നിറഞ്ഞു.

"എന്നെപ്പോലുള്ള സാഹിത്യകാരന് കഴിയാൻ കൊട്ടാരവും മന്ദിരവും ഒന്നും വേണ്ട. മൂന്നു മുഴം തുണിയും വല്ലതും കഴിക്കാനും.."

കർണൽ അയാളെ മനസ്സിലാക്കാനായി പറഞ്ഞു.

"അത് എനിക്കും അറിയാം. ഇപ്പോൾ ഞാൻ പറയുന്നത് കേൾക്കൂ. പോകൂ, വീട്ടിലേക്ക് പോകൂ. പെണ്ണിന് ഒരാലോചന വരികയാണ്. ഈ പാവം ഇന്നലെ മുതൽ പരക്കം പായുകയാണ്. എനിക്ക് തന്നെ വിളിക്കാൻ വരണമെന്നു സത്യത്തിൽ ആഗ്രഹമില്ലായിരുന്നു. മൂഡ് ശരിയാവുമ്പോൾ ഉചിതവും അനുചിതവും മനസ്സിലാക്കി താനേ വരുമെന്ന് എനിക്കറിയാം. പക്ഷേ ഏട്ടത്തിയുടെ പാരവശ്യം കാരണമാണ് – ഏതായാലും ഈ പേരിലെങ്കിലും ഏട്ടത്തിയെ ഒന്നു കാണാൻ കഴിഞ്ഞല്ലോ. ഇനി എപ്പോഴെങ്കിലും വീട്ടിൽ വന്നാൽ പർദയുടെ പിന്നിൽ ഒളിക്കില്ലല്ലോ, അടുക്കളയിൽ...."

കർണൽ മനഃപൂർവം കാര്യങ്ങളുടെ ഗൗരവത്തിനു ലാഘവം വരുത്താൻ യത്നിക്കുകയായിരുന്നു.

കല്യാണിയുടെ മുഖത്ത് സന്തോഷത്തിന്റെ അലകൾ തെളിഞ്ഞു.

കർണൽ നിമിഷനേരത്തേക്ക് തന്റെ വാഗ്ധോരണി നിർത്തിയിട്ട് പുതിയൊരു തലയ്ക്കൽ നിന്നു വീണ്ടും ആരംഭിച്ചു. "അതിരിക്കട്ടെ ചേട്ടത്തീ. നിങ്ങൾ മ്ലേച്ഛന്മാരുടവിടെനിന്നും ചായയും കാപ്പിയും കഴിക്കുമോ? അല്ല കുടിച്ചില്ലെങ്കിലും തകരാറില്ല. പക്ഷേ മധുരപലഹാരം വല്ലതും തിന്നാതെ വിടില്ല; ഞാനിതാ വരുന്നു." എന്നു പറഞ്ഞിട്ട് കർണൽ തിടുക്കത്തിൽ പുറത്തേക്ക് പോയി.

ഭാര്യയും ഭർത്താവും തനിച്ചായി. കല്യാണി ദുഃഖം നിറഞ്ഞ നേത്രങ്ങളോടെ ഭർത്താവിന്റെ നേരെനോക്കി. ആ നോട്ടം നേരിടാൻ മഹിപാലിന് കഴിയുന്നില്ല. ഇന്നത്തെ ഈ ഒരുമിപ്പിക്കൽ ഇനിയും അയാളിൽ ഇഴുകിച്ചേർന്നിട്ടില്ല. യുദ്ധത്തിൽ തോറ്റ പുരുരാജാവ് വിജയിയായ അലക്സാണ്ടറുടെ മുമ്പിൽ നിൽക്കുമ്പോഴത്തെ അവസ്ഥയായിരുന്നു അയാളുടേത്.

വീട്ടിലെത്തുമ്പോൾ വിചിത്രമായ മാനസികാവസ്ഥയിലായിരുന്നു മഹിപാൽ. രണ്ടുദിവസം വീട്ടിൽ നിന്ന് മാറി നിന്നിട്ട് കുട്ടികളെ നേരിടാനൊരു സങ്കോചം. അതിനെക്കുറിച്ചോർക്കുന്തോറും കല്യാണിയോട് അമർഷംകൂടി. വീടെത്തിയിട്ടും അയാൾ വീട്ടിനുള്ളിലേക്ക് കടന്നില്ല. പൂമുഖത്തിനും പുറത്തുള്ള ലെറ്റർബോക്സിൽ തപാൽ കിടക്കുന്നത് കണ്ണിൽ പെട്ടു. കല്യാണിയോടായി പറഞ്ഞു:

"പൂമുഖത്തിന്റെ താക്കോലിങ്ങു കൊണ്ടു വാ. നീ തന്നെ എടുത്തോണ്ടു

തന്നാൽ മതി." അയാൾ വഴിയിൽ അങ്ങോട്ടുമിങ്ങോട്ടും ഉലാത്തിത്തുടങ്ങി. അയലത്തെ ഒരു വിദ്വാൻ വീട്ടിലേക്ക് പോവുകയാണ്. മഹിപാലിനെ കണ്ട് വന്ദനവും പ്രതിവന്ദനവും നടത്തി അയൽക്കാരൻ താല്പര്യത്തോടെ ചോദിച്ചു.

"പറയണം, പണ്ഡിത്ജീ, വോട്ട് ആർക്കാണങ്ങ് കൊടുക്കുന്നത്."

"വോട്ടും മണ്ണാങ്കട്ടയും. എനിക്കിതിനോടെല്ലാം എതിർപ്പാണ്."

അയൽക്കാരന് പിടിച്ചില്ല. മുഖം ചുളിച്ചിട്ട് പറഞ്ഞു.

"അതു ശരി തന്നെ, എങ്കിലും ഞാൻ കേട്ടല്ലോ അങ്ങും കർണൽ സാഹബുമെല്ലാം കമ്യൂണിസ്റ്റുകാരെ സഹായിക്കുകയാണെന്ന്. അന്ന് വിമാനത്തിൽ നോട്ടീസ് വിതരണം ചെയ്തത് ഉഗ്രമായി. വായിച്ചവരൊക്കെ പറഞ്ഞു ഇത്രയും നല്ലൊരു പ്രചരണം മറ്റൊരു പാർട്ടിയും നടത്തിയിട്ടില്ലെന്ന്. ഞാനവരോട് പറഞ്ഞു ഇതെല്ലാം നമ്മുടെ പണ്ഡിത്ജിയുടെ മായയാണെന്ന്. അല്ലാതെ ഇത്രയും ശക്തിയായി ആർക്കെഴുതാൻ കഴിയും. ....ഹി..ഹി...ഹി.."

മഹിപാലിന് ദേഷ്യം വന്നു. പക്ഷേ ഒന്നും പറയാനായില്ല. അതിനിടെ കല്യാണി കതകിന് പിന്നിലെത്തിയിരുന്നു. അയൽക്കാരനോട് ഒരുവിധം വിട വാങ്ങി അകത്തേക്ക് കടന്നു. കല്യാണി അതിനിടെ പറഞ്ഞു.

"ഇനി നിങ്ങൾ കുളിച്ചാഹാരം കഴിക്കിൻ."

മഹിപാൽ: "കുട്ടികൾ വല്ലതും കഴിച്ചോ?"

"അവരൊക്കെ പോയി. തപു മാത്രമേയുള്ളു. പിന്നെ രാജിയും ശകുന്തളയുമുണ്ട്."

"അതെന്ത്?"

"ശകുന്തളയോട് പോകണ്ടെന്ന് പറഞ്ഞു. രാജിയെ ഞാൻ ഒരു സഹായത്തിനായി നിറുത്തി."

മഹിപാൽ ഒന്നും പറഞ്ഞില്ല. പൂമുഖം തുറന്ന് അകത്തേക്കു കടന്നു. ലെറ്റർ ബോക്സിൽ രണ്ടു കത്തുകളും ഒരു വാരികയും ഉണ്ടായിരുന്നു. കല്യാണി പോയി. രാജിയും ശകുന്തളയും വീട്ടിലുണ്ടെന്നറിഞ്ഞതിനാൽ അകത്തേക്ക് ചെല്ലാൻ മഹിപാലിനൊരു മടി. വാരിക പുതുതാണ്. കെട്ടും മട്ടും കൊള്ളാം. എഴുത്തുകൾ രണ്ടും കവറിലാണ്. ഒന്നിന്റെ പുറത്ത് ആൾ ഇൻഡ്യാ റേഡിയോയുടെ മുദ്ര കാണാം. രണ്ടാമത്തേത് മറ്റാരുടേയോ. വാരികയിൽ മനസ്സു ലയിപ്പിക്കാൻ തുടങ്ങി. മുഴുവൻ ചിത്രങ്ങൾ. വായിക്കാൻ പറ്റിയ മാറ്റർ വളരെ കുറവ്. കുറെനേരം അതിൽ മുഴുകിയിരുന്നിട്ട് റേഡിയോയിൽ നിന്നുള്ള കവർ തുറന്നു. ഒരു ടോക്കിനുള്ള കോൺട്രാക്ടാണ്. ഒരു സീരിസിലുള്ള പ്രഭാഷണത്തിന്റെ ഭാഗമായിട്ടാണത്. പ്രഭാഷണപരമ്പരയുടെ പേര് 'നാലാം മഹായുദ്ധം' – അതിൽ മഹിപാലിന് നിർദേശിക്കപ്പെട്ട വിഷയം – 'സ്ത്രീയും പുരുഷനും തമ്മിൽ'. മഹിപാൽ പൊട്ടിച്ചിരിച്ചു. നാലാം മഹായുദ്ധം നടക്കും. പ്രധാനമായി സ്ത്രീയും പുരുഷനും തമ്മിൽ. അതായത് ലോകത്തിലെ സാമ്പത്തികമായ അസമത്വം മാറിക്കഴിഞ്ഞാൽ മനുഷ്യന്റെ മുന്നിലാവിർഭവിക്കുന്ന പ്രധാനപ്രശ്നം സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധമായിരിക്കും. പ്രഭാഷണം രസകരമായിരിക്കുമെന്ന് മഹിപാൽ ചിന്തിച്ചു. ആ ചിന്തയിൽ മുഴുകിയാണയാൾ രണ്ടാമത്തെ കവർ തുറന്നത്.

"സൗഭാഗ്യവതിയായ അനിയത്തിക്ക് ചേട്ടന്റെ ആശീർവാദം". കല്യാണിക്കുള്ള

എഴുത്താണ്. അറിയാതെ തുറന്നുപോയി.. സാധാരണയായി വീട്ടിലാർക്കെങ്കിലുമുള്ള എഴുത്തുകൾ അയാൾ തുറക്കാറില്ല. ഇപ്പോഴെന്തുതോന്നിയോ എന്തോ. അയാളത് വായിക്കാൻ തുടങ്ങി. അയാളുടെ രക്തം തിളച്ചു. കല്യാണി ചേട്ടനോട് കുറേരൂപ കടമായി ചോദിച്ചിരിക്കുന്നു. അതിന്റെ മറുപടിയായി, താനിപ്പോൾ വളരെ ഞെരുക്കത്തിലാണെന്നും സഹായിക്കാൻ നിവൃത്തിയില്ലെന്നും അറിയിച്ചിരിക്കയാണ്. ബാക്കി മുഴുവൻ സ്വന്തം പരാതികളും പരാധീനതകളും. അച്ഛനോട് എന്തോ അനാദരവു കാണിച്ചതുകാരണം ഇളയ അനിയന്റെ വിവാഹത്തിൽ പങ്കുകൊള്ളാൻ ലഖ്നോവിൽ വരാൻ ചേട്ടനു കഴിഞ്ഞില്ലെന്നും, അതിനാൽ വിവാഹസംഘത്തിന്റെയും വിരുന്നിന്റെയും വിശദാംശങ്ങൾ അറിയിക്കണമെന്നും അനിയത്തിയോടാവശ്യപ്പെട്ടിരിക്കുകയാണ്. അവസാനം ഒരു വാചകവും "പിന്നെ നമ്മുടെ സാഹിത്യകാരൻ എങ്ങനെയുണ്ട്? ഈയിടെയായി കലാപ്രവർത്തനങ്ങൾക്ക് മാന്ദ്യംവന്നു പോയോ?"

വായിച്ചുതീർന്നതും മഹിപാൽ കോപം കൊണ്ടു ജ്വലിച്ചു. ഓരോ രോമവും എണീറ്റു നിന്നു. മനുഷ്യന്റെ വ്യക്തിത്വത്തെ പാടേ മറ്റൊന്നാക്കി മാറ്റുന്ന തരത്തിലുള്ള ഒരുതരം കോപാവേശമാണയാളിൽ ആ സമയത്ത് പടർന്നു കയറിയത്. മുഖത്തിന്റെ ഭാവത്തിനുപോലും മാറ്റംവന്നു. ഇരുപ്പുമുറി തുറന്നിട്ടിട്ടുണ്ട്.. വരാന്തയും തളവും ചാടിക്കടന്നു. പടികയറി നേരെ ഹാളിലെത്തി. തപോധനൻ അവിടെയിരുന്നു പൊട്ടിയ പട്ടം ഒട്ടിച്ചു ശരിയാക്കുകയാണ്. അച്ഛന്റെ രൂപം കണ്ട് അവൻ ഭയന്നു വിറച്ചു. മുമ്പിലിരുന്ന ബാലനെ മഹിപാൽ കണ്ടില്ല. ഹാൾ കുറുകെ കടന്നു. അകത്തെ മുറിയിലേക്ക് കടക്കുന്നതിനു മുമ്പ് തന്നെ അവിടത്തെ അനക്കങ്ങൾ കേൾക്കായി. കല്യാണി പറയുകയാണ്. "വാതിലിന്റെ പിന്നിൽ വച്ചേരെ, അതിനിടയിൽ ഞാനൊന്നു മുറുക്കി–" പറഞ്ഞതു മുഴുമിക്കാൻ കഴിഞ്ഞില്ല. ശകുന്തള അമ്മായിയുടെ മുന്നിൽ ഒരു പീഠത്തിലിരുന്ന് വരുന്ന അതിഥികൾക്ക് നൽകാനായി മാതളപ്പഴത്തിന്റെ മണികൾ അടർത്തിയെടുക്കുകയാണ്. രാജി തലയിൽ മൂടുപടമില്ലാതെ അമ്മയുടെ മുന്നിലിരുന്ന് ചായക്കോപ്പയും സെറ്റും തുണികൊണ്ട് തുടച്ച് വെടിപ്പാക്കുന്നു. കല്യാണി മധുരപലഹാരപാത്രങ്ങൾ തുറന്നു വച്ച് ഓരോ ഇനത്തിലും പെട്ട പലഹാരങ്ങൾ ചെറിയ വെള്ളിത്താലങ്ങളിൽ ഒരുക്കിവച്ചുകൊണ്ട് അനന്തിരവൾക്കും മകൾക്കും ഓരോ നിർദേശങ്ങൾ നൽകുകയാണ്. ഒരു വയസ്സായ കുഞ്ഞ് അടുത്തിരുന്ന് കിണ്ണത്തിനുള്ളിൽ ഒരു ഗ്ളാസ്സ് കടത്തി വയ്ക്കാനുള്ള ശ്രമത്തിലാണ്. മഹിപാൽ വാതില്ക്കലെത്തിയതും കാലനെ കണ്ടപോലെ സർവരും ഞടുങ്ങി. കൈയിൽ തുറന്നു പിടിച്ച കത്ത്, തുടുത്ത മുഖം, കർക്കശ സ്വരം. അയാൾ കല്യാണിയോട് പറഞ്ഞു "ഇങ്ങോട്ടു വാ."

എന്നിട്ടയാൾ തിരിഞ്ഞു നടന്നു. ഭർത്താവിന്റെ പ്രകൃതികണ്ടപ്പോൾതന്നെ കല്യാണി വിറച്ചുപോയി. പെട്ടെന്നു കൈകഴുകിയിട്ട് പിന്നാലെ ചെന്നു. അവളുടെ ഹൃദയം പടപടാ അടിക്കുകയായിരുന്നു.

രണ്ടാം നിലയിൽ വലിയൊരു മുറിയുണ്ട്. വീട്ടിൽ ആളും ബഹളവുമായിരിക്കുമ്പോൾ ഈ മുറിയിലിരുന്നാണ് മഹിപാൽ എഴുതുക. കല്യാണി എത്തിയപ്പോൾ അയാൾ മുറിയുടെ വാതിലടച്ചു. എന്നിട്ടവളുടെ നേരെ ചെന്നു നിന്നിട്ട് വിറയ്ക്കുന്ന അവളുടെ കണ്ണുകളിലേക്ക് ചുവന്ന് കലുഷമായ തന്റെ നേത്ര

ങ്ങൾ തറപ്പിച്ചുകൊണ്ട് ചോദിച്ചു.

"നീ നിന്റെ അണ്ണനോട് രൂപാ ചോദിച്ചിരുന്നോ?"

ചോദ്യം കേട്ടതും അവൾ സ്തംഭിച്ചു. ഉവ്വെന്നോ ഇല്ലെന്നോ പറയാനായില്ല. അയാൾ വീണ്ടും ചോദിച്ചു. "പറ രൂപ ചോദിച്ചോ?"

"കഴിഞ്ഞ മാസം നിങ്ങൾ പറഞ്ഞില്ലേ പുസ്തകത്തിന്റെറോയൽറ്റി താമസിക്കുമെന്ന്, അനിയന്റെ വിവാഹസംഘം നഗരത്തിൽ വരുമ്പോൾ......"

"അനിയന്റെ വിവാഹ പാർട്ടി നഗരത്തിലോ കാട്ടിലോ പോട്ടെ; നീ രൂപ ചോദിച്ചതെന്തിന്? മറ്റുള്ളവരുടെ മുമ്പിൽ എന്നെ ചീത്തയാക്കാനാണോ?"

"ചേട്ടനോടു ചോദിക്കുന്നതിൽ.."

"ചേട്ടനായാലും കൊള്ളാം അനിയനായാലും കൊള്ളാം. എന്നോടു പറയാതെ നീ ആരോടെങ്കിലും രൂപ ചോദിച്ചതെന്തിന്? എന്തുകൊണ്ട് എന്നോട് പറഞ്ഞില്ല. പുറമേയുള്ളവരുടെ ദൃഷ്ടിയിൽ എന്നെ തരം താഴ്ത്താനല്ലേ........പറ..?"

"തെറ്റിപ്പോയി.......ചേട്ടൻ ..."

"ചേട്ടന്റെ തല " കൈവലിച്ചു കല്യാണിയുടെ ചെകിട്ടിൽ ഒരടി. ആറുകുട്ടികളുടെ തള്ളയായ മുപ്പത്തെട്ടു വയസ്സുള്ള പ്രൗഢയായ ഗൃഹസ്ഥ, ശാരീരികാഘാതത്തിലേറെ മാനസികമായ ആഘാതമേറ്റ് തളർന്നുപോയി.

"നാശംപിടിച്ചവളേ, എന്റെ അഭിമാനം കളഞ്ഞുകുളിക്കാൻ വന്നിരിക്കുന്നു. 'സാവിത്രി'യാണുപോലും നീ....നീ....നീ......"

രാജശ്രീ കതകിനു പുറത്ത് വാതിലിൽ ചെവിയും ചേർത്തു നിൽക്കുകയായിരുന്നു. അച്ഛന്റെ മുഖം കണ്ടപ്പോഴേ എന്തോ കുഴപ്പമുണ്ടാകാൻ പോകുകയാണെന്ന് അവൾക്കും ശകുന്തളയ്ക്കും സംശയം തോന്നിയതാണ്. അവളും കാര്യവിവരമുള്ള മറ്റു കുട്ടികളും ഷീലയുമായുള്ള അച്ഛന്റെ പ്രേമബന്ധമാണ് ഇതിനുള്ള കാരണമെന്ന് അറിഞ്ഞിരുന്നു. അതുകൊണ്ടാണ് കൗതുകം അടക്കാൻ വയ്യാതെ അവൾ അങ്ങോട്ട് ഓടിയെത്തിയത്. അമ്മയുടെ നിലവിളിയും അച്ഛന്റെ ശാസനയും. "മിണ്ടരുത്, ശബ്ദം പുറത്തുകേട്ടു പോകരുത്." വീണ്ടും കരഞ്ഞുകൊണ്ട് അമ്മ എന്തോ പറയുന്നശബ്ദം, വീണ്ടും നിലവിളി; അച്ഛന്റെ ഗർജനം.

അടിയുടെ ശബ്ദം, അമ്മയുടെ ഏങ്ങൽ, എല്ലാം കേട്ട് രാജശ്രീ മരവിച്ചുപോയി. പിന്നെ കണ്ണീർ വാർത്തുകൊണ്ടവൾ കതകിൽ ഉറക്കെ അടിച്ചു കൊണ്ടു വിളിച്ചു. "അച്ഛാ...അച്ഛാ.. കതകു തുറക്കൂ. കതകു തുറക്കൂ അമ്മയെ കൊല്ലരുതേ... അച്ഛാ.....ശകുച്ചേച്ചീ....."

കണ്ണീരിൽ കുതിർന്ന ഒരാർത്ത നാദം അവിടെയാകെ മുഴങ്ങി.

വാതിൽ തുറക്കപ്പെട്ടു. കല്യാണിയാണ് കതക് തുറന്നത്. രാജശ്രീ അമ്മയെ പുണ്ടടങ്കം പിടച്ചപ്പോൾ ആത്മനിയന്ത്രണം നിലനിർത്താൻ വളരെ പാടുപെടേണ്ടിവന്നു. മഹിപാൽ മുഖം തിരിച്ചു നിൽക്കുകയാണ്. അയാളുടെ ഹിംസഭാവവും ലജ്ജയും തമ്മിൽ വടംവലി നടത്തുകയാണ്. മകളുടെ സാന്നിധ്യത്തിൽ കുറ്റബോധത്തിനു ശക്തി കൂടി.

അതിനിടെ അനാമികയെ ഒക്കത്തെടുത്തുകൊണ്ട് ശകുന്തളയും അവിടെയെത്തി.

കണ്ണീർ തുടച്ചിട്ട് കുട്ടികളോടായി കല്യാണി പറഞ്ഞു.

"നിങ്ങൾ അങ്ങോട്ടു പോകിൻ, ഞാനിതാ വരുന്നു...."

കുട്ടികൾ അവിടെ തന്നെ നിന്നു. മഹിപാൽ പെട്ടെന്ന് വാതിൽക്കലേക്ക് വന്നു.

രാജിയും കല്യാണിയും വരന്തയിലേക്കു നീങ്ങി. മഹിപാൽ മുന്നോട്ട് വന്ന് കല്യാണിയുടെ പാദങ്ങൾ തൊട്ടു "എന്നോട് ക്ഷമിക്കൂ". കുട്ടികളോടും അതുതന്നെ പറഞ്ഞിട്ടയാൾ താഴത്തേക്കിറങ്ങിപ്പോയി. വീടിനപ്പുറത്തേക്ക് നടന്നു. ബഹളം നിറഞ്ഞ തെരുവും കടകമ്പോളങ്ങളും കച്ചേരിവളപ്പും കോട്ടവാതിലും എല്ലാം പിൻതള്ളി അയാൾ നടന്നു. മുന്നിലായി പുരാവസ്തു പ്രദർശനശാല. മ്യൂസിയത്തിന്റെ ഒഴിഞ്ഞ പോർട്ടിക്കോയിലെ ഒരു പടിയിൽ ചെന്നയാൾ ഇരുന്നു. കഴിഞ്ഞകാലത്തെ അമൂല്യവസ്തുക്കളുടെ ശേഖരാലയത്തിൽ തന്റെ തകർന്ന വ്യക്തിത്വത്തിനും ഒരു സ്ഥാനം കിട്ടിയ മാതിരിയായിരുന്നു ആ ഇരുപ്പ്.

ഉള്ളിൽ ഉറഞ്ഞുകൂടിയ ഒരു നിശ്വാസം രണ്ടു തുണ്ടായി ഹൃദയത്തിൽ നിന്നു പുറത്തുവന്നു. രാത്രിയുടെ നിശ്ശബ്ദതയിൽ ശൂന്യമായ മനസ്സ് എന്തിലൊക്കെയോ പതറിനടന്നു. ധർമവും അധർമവും. തനിക്കൊരുഗതിയുമില്ല. മനസ്സിന് ഒന്നിലുമൊരുപിടിയുമില്ലെന്നോ? താൻ ദയാശീലനാണ്. വിവേകിയാണ്. ആദർശവാദിയാണ്. താൻ ക്രൂരനാണ്. വിചാരമില്ലാത്തവനാണ്. അവിവേകിയാണ്. ആദർശഹീനനാണ്. സത്യവും അസത്യവും ധർമവും അധർമവും സകലതും മനസ്സിനെ പൊതിഞ്ഞു. ഇല്ല ഒന്നുമില്ല, എല്ലാം ശൂന്യം. ഹേ ഭാഗ്യഹീനാ നീ എങ്ങോട്ടു പോകും? എന്തു ചെയ്യും? കൗരവരാജാവായ ദുര്യോധനനെപ്പോലെ ധർമത്തെക്കുറിച്ച് നിനക്കറിയാം. പക്ഷേ ആ രീതിയിൽ പ്രവർത്തിക്കാൻ നിനക്കാകുന്നില്ല. അധർമത്തെക്കുറിച്ച് നിനക്കറിയാം പക്ഷേ അതിൽ നിന്നു മോചനം നേടാൻ നിനക്കു കഴിയുന്നില്ല. എന്റെ ഹൃദയത്തിലമർന്നിരിക്കുന്ന ഏതോ ദേവത എന്നെക്കൊണ്ട് ചെയ്യിക്കുന്നതേ ഞാൻ ചെയ്യുന്നുള്ളൂ. പക്ഷേ ആ ദേവതയും ഇപ്പോൾ മൂകയാണ്. ഒന്നും പറയുന്നില്ല. എന്നെക്കൊണ്ട് ഒന്നും ചെയ്യിക്കുന്നില്ല.

ശകുന്തളയുടെ വിവാഹം, കുട്ടികളുടെ പഠിത്തം, അവരുടെ സുഖസൗകര്യങ്ങൾ, അവരുടെ ഭാവി, ഭാര്യയോടുള്ള കടമ, കാമുകന്റെ കർത്തവ്യം, സാഹിത്യകാരനെന്നനിലയിൽ രാഷ്ട്രത്തോടുള്ള ക്ടമ, ലേഖകനെന്നനിലയിൽ അനശ്വരനാകാനുള്ള മഹത്വാകാംക്ഷ, സുഖഭോഗങ്ങളോടെ ജീവിതം നയിക്കാനുള്ള ലാലസ, താപസൻമാരെ പോലെ ആശ്രമവാസിയായി സാഹിത്യസാധന നടത്തണമെന്ന സ്വപ്നം....എങ്ങും എല്ലായിടത്തും അസാഫല്യം. ഒന്നിനോടൊന്ന് യോജിക്കാത്ത വിരോധാഭാസം നിറഞ്ഞ ആഗ്രഹങ്ങൾ മഹിപാലന്റെ ഒരേ ഒരാഗ്രഹത്തെ, ജീവിച്ചിരിക്കാനുള്ള ആഗ്രഹത്തെപ്പോലും വിഷമകരമാക്കിത്തീർത്തു. വളരെയൊക്കെ ചിന്തിച്ചിട്ടും ഒന്നും ചിന്തിച്ചില്ല. വളരെയേറെ നടന്നിട്ടും അയാൾ എങ്ങും എത്തിയില്ല. തകർന്ന വിഗ്രഹങ്ങൾക്കിടയിൽ ഒരു തകർന്ന മനുഷ്യൻ ഇരുന്നു. പാവം, കഷ്ടം മഹിപാലിന്റെ ഓരോ ശ്വാസവും ഈ പദം തന്നെ ആവർത്തിച്ചു. അതേ 'കഷ്ടം' എന്ന ആ പദം തന്നെയായിരുന്നു അയാളുടെ അനന്തമായ ഗതിനിയന്ത്രിച്ചിരുന്നത്.

25

ഗോവർധനഗിരിയിൽ ഭാരതപൂർ തോട്ടത്തിന്റെ ഒരു ചരിവിൽ പുരാതനവും വിശാലവുമായ ഒരു കുളത്തിനടുത്തു മൂന്നു വലിയ വൃക്ഷങ്ങൾ തിങ്ങി വളർന്നു നിൽക്കുന്നതിന്റെ തണലിൽ സജ്ജനും കന്യയും മധ്യാഹ്ന ഭോജനവും കഴിഞ്ഞ്

അലസമായി വിശ്രമിക്കുകയാണ്. മയിൽക്കൂട്ടങ്ങളുടെ കൂജനം ഗോവർധനമാകെ മുഴങ്ങുന്നുണ്ട്. ഒരെണ്ണം എവിടെയെങ്കിലും ശബ്ദമുണ്ടാക്കുമ്പോൾ നാലുപാടുമുള്ളവ അതേറ്റുപാടും. ആ ശബ്ദം നിലയ്ക്കുമ്പോൾ ചെറിയ പക്ഷികളുടെ കളകൂജനവും ഉയരുന്നതുകേൾക്കാം. ശബ്ദമുഖരിതമായ ജീവജഗത്തിൽ മനുഷ്യൻ സ്വന്തം ശ്വാസോച്ഛ്വാസം ശ്രവിക്കുംപോലത്തെ അനുഭവമാണ് കിളികളുടെ കളകളകൂജനം ഉണ്ടാക്കുന്നത്. കന്യ ടിഫിൻ ക്യാരിയറിലെ തട്ടുകൾ അടുക്കിവയ്ക്കുകയാണ്. കുറച്ചകലെയായി വല്ലതും ഇനിയും കിട്ടുമെന്ന പ്രതീക്ഷയിൽ നാലു കുരങ്ങുകൾ അവരെ നോക്കിയിരിക്കുന്നു. കുരങ്ങൻമാരെ ഭയന്നുഭയന്നാണവർ ആഹാരം കഴിച്ചത്. ഒരു വിധത്തിൽ അതു രസകരമായ ഒരനുഭവമായിരുന്നു. പാത്രത്തിനുമുകളിൽ കന്യ സ്വന്തം ഷാളിട്ടു മറച്ചു അതിനടിയിൽ നിന്ന് സാൻവിച്ചുകളും മധുരപലഹാരങ്ങളും ഓരോന്നായി പുറത്തെടുത്താണവൻ തിന്നത്. വടികണ്ടു ഭയന്ന കുരങ്ങൻമാർ അകലെ മാറിയിരുന്ന് ഓരോ ഗോഷ്ടികൾ കാട്ടിക്കൊണ്ടിരുന്നു. ഒരൊത്തുതീർപ്പെന്നനിലയിൽ ഇവർ പഴങ്ങളും ആഹാരത്തിന്റെ അംശവും ഇടയ്ക്കിടയ്ക്ക് അവയുടെ നേരെ എറിഞ്ഞുകൊടുക്കും.

സജ്ജൻ പറഞ്ഞു "കോമ്രേഡ് കുറച്ചുകൂടി അവയ്ക്ക് ഇട്ടുകൊടുക്കൂ."

"ഇനി വേണ്ട, താഴെ നമ്മുടെ ടാക്സി ഡ്രൈവർക്കും കൊടുക്കണം."

"എന്തിന്? അയാൾ ആഹാരത്തിന് സ്വന്തം ഏർപ്പാട് ചെയ്തിരിക്കും....."

"എങ്കിലും അയാൾക്കെന്നും ഈ മധുരപലഹാരങ്ങളും പഴങ്ങളും കിട്ടുകയില്ലല്ലോ?"

"പിന്നെ ഈ വാനരൻമാർക്കെന്നും ആരാണ് കൊടുക്കാൻ?"

"എനിക്ക് മൃഗങ്ങളെക്കാൾ മനുഷ്യരോടാണ് പ്രതിപത്തി."

"കോമ്രേഡ്, ഈ ഗിരിശൃംഗത്തിൽ വച്ചെങ്കിലും സ്വന്തം പുരോഗമനവാദം മറന്നുകൂടേ! എല്ലാ ജീവികളും ഒരുപോലെയാണ്."

എല്ലാവരും ഒരു പോലെ.

ഏവരിലും ഒരു പ്രാണൻ.

"സ്വാഭിമാനം കളഞ്ഞിട്ട് ഒരു സിഗററ്റ് വലിക്കാൻ ദാഹിക്കുന്നു കോമ്രേഡ്..."

"എങ്കിൽ വലിച്ചോളൂ."

"പാടില്ല. ഗോപാലകൃഷ്ണന്റെ ഈ പവിത്ര ഭൂമിയിൽ..."

"സർവലോകവും ഗോപാലന്റെയല്ലേ, ഭൂമിയും."

"കന്യാബീബീ, ഞാൻ നിന്നോട് തോറ്റു."

ടിഫിൻ ക്യാരിയർ അടച്ചുപൂട്ടുന്നതിനുമുമ്പു കന്യ മൂന്നുനാലു പലഹാരക്കഷണങ്ങൾ കുരങ്ങൻമാരുടെ നേർക്ക് എറിഞ്ഞു കൊടുത്തു. പിന്നെ അടച്ചുവച്ചിട്ട് ചിരിയോടെ പറഞ്ഞു "തൊഴുതുപറയുകയാണ് എന്നോട് ഈ ജയത്തിന്റെയും തോൽവിയുടെയും അടിസ്ഥാനത്തിൽ പെരുമാററരുത്..."

"അതെന്ത്?"

"ഇന്നു തോറ്റാൽ നാളെ എന്നെ ജയിക്കാൻ വേണ്ടിമുതിരും. താങ്കളുടെ ഈ ആർട്ടിസ്റ്റ് മൂഡിൽ നിന്നെന്നെ രക്ഷിച്ചാലും ദയാനിധേ."

താഴെ കിടന്നിരുന്ന കോട്ടിന്റെ കീശയിൽ നിന്ന് സിഗററ്റു കേസ് എടുത്തുകൊണ്ടു സജ്ജൻ ചോദിച്ചു "ആർട്ടിസ്റ്റിന്റെ ജീവിതസഖിയാകാം, അതേ

സമയം ആർട്ടിസ്റ്റിന്റെ മൂഡിൽ നിന്ന് രക്ഷപ്പെട്ടു കഴിയാമെന്നോ?"

"അതേ. ആർട്ടിസ്റ്റ്മാരുടെ മൂഡ് പരിപാലിക്കാൻ ചതുരവേശ്യകൾക്കേ കഴിയൂ. ഗൃഹസ്ഥയ്ക്കാവില്ല അവൾ എത്ര തന്നെ ചതുരയും കുശലയും ആയാലും" കന്യ മുഖത്തു ഗൗരവം വരുത്തിയിട്ടു പറഞ്ഞു. സജ്ജന്റെ ഉന്മത്തഭാവം വീണ്ടും സംയമനത്തിന്റെ വലയത്തിലൊതുങ്ങി. സിഗററ്റു ചുണ്ടിൽ വച്ചിട്ടു മനസ്സിന്റെ ഭാവം അടക്കിക്കൊണ്ടുപറഞ്ഞു "നീ ഇന്ന് എല്ലാ ആർട്ടിസ്റ്റുകളെയും അധിക്ഷേപിച്ചിരിക്കുകയാണ്, അവരുടെ നേരെ ആരോപണം നടത്തിയിരിക്കുകയാണ്, ആർട്ടിസ്റ്റുകൾ എസ്സൻഷലി മനസാ പരിശുദ്ധരാണെന്നാണ് എന്റെ അഭിപ്രായം. വാസ്തവിക ജീവിതത്തിൽ ചിലപ്പോൾ-"

"വാസ്തവികജീവിതത്തിന്റേതാണ് പ്രശ്നം, ഇതു നിങ്ങളുടെ മാത്രം കാര്യമല്ല. കലാകാരന്മാർ സാധാരണയായി ഏതോ അഭാവത്തിന്റെയോ ദൗർബല്യത്തിന്റെയോ കാരണത്താലാണ് സ്വയം ദു:ഖം പേറിനടന്ന്, അനുഭവങ്ങൾ നേടുന്നത്.... നിൽക്കൂ ഞാൻ പറയട്ടെ.....ഒരു കാര്യം ശരിയാണ്. നേടിയ അമൂല്യമായ ഈ അനുഭവം വിലയിരുത്താനും വാഴ്ത്താനും തത്വചിന്തകർക്കും കലാകാരന്മാർക്കും മാത്രമേ കഴിയൂ. എങ്കിലും അത്യന്തം അനുഭവശാലിയായിരുന്നിട്ടു കൂടി, കലാകാരൻ സ്വന്തം അഭാവത്തിന്റെ ദു:ഖം സഹിച്ചു സഹിച്ചു സ്വയം കഠോരനായിത്തീരുന്നു. ഒരുവശത്ത് അയാളുടെ ഹൃദയം മരവിച്ചതായി മാറുന്നു. അവൻ കാരണം മറ്റുള്ളവർ എന്തുമാത്രം ദു:ഖം സഹിക്കേണ്ടിവരുന്നുവെന്ന് അവനറിയാതെ പോകുന്നു....."

"പറഞ്ഞു തീർന്നോ?"

"തീർന്നു." സജ്ജൻ ചോദിച്ച ആ രീതി അവളിൽ പുഞ്ചിരിയുളവാക്കി.

സിഗററ്റിൽ നിന്നൊരു പുകനീട്ടിവലിച്ച്, ചുരുളുകളായി അവ പുറത്തേക്ക് വിട്ടിട്ടു നേരെ എതിരെ തകർന്നു പൊളിഞ്ഞു കിടന്ന ഒരു മണ്ഡപച്ചുവരിൽ കണ്ണും നട്ടു ശാന്തസ്വരത്തിൽ അയാൾ പറഞ്ഞുതുടങ്ങി "നോക്കൂ, ഡാർലിങ് അലൗ മീ ടു അഡ്രസ് ലൈക് ഇറ്റ് അറ്റ് ദിസ് മോമന്റ് - ഞാനീ സമയത്ത് ആ മൂഡിലാണ്. കലാകാരനെന്നുപറഞ്ഞ് എന്നെയോ മറ്റാരെയെങ്കിലുമോ നീ മറ്റു മനുഷ്യരിൽ നിന്ന്. അതല്ലെങ്കിൽ ഇതരജീവികളിൽ നിന്ന് ഭിന്നമായി കാണരുത്. ഞാൻ കലാകാരനാണെങ്കിലും നിന്നെപ്പോലെ തന്നെയാണ്. നിന്റെ നിർഭാഗ്യവതിയായ ചേട്ടത്തിയോ നിന്റെ അച്ഛനോ മറ്റു വല്ലവരുമോ എന്നപ്പോലെ. ഈ വാനരരുമാകാം, അല്ലെങ്കിൽ ചിലയ്ക്കുന്ന ആ പക്ഷികളെപ്പോലെയുമാകാം. എല്ലാരും, എല്ലാ ജീവികളും എങ്ങനെയാണോ ഞാനും അങ്ങനെ തന്നെയാണ്. വിശപ്പും സെക്സും എന്റെയും പ്രകൃത്യാവശ്യങ്ങളാണ്, ഓരോരുത്തർക്കും ഉള്ള പോലെ. അതുപോലെ അനുഭവശീലവും മറ്റുള്ളവരിലുള്ളപോലെ തന്നെ എനിക്കും ഉണ്ട്.

"ചുരുക്കിപ്പറയൂ."

"ചുരുക്കിപ്പറഞ്ഞാൽ ജീവിതം ഒരനുഭവമാണ്. ടയിമിന്റെ-ടയിമിനെന്താപറയുക?"

"കാലം."

"കാലത്തിന് അവിരാമമായ പ്രവർത്തനമാണ് ഉള്ളത്. കാലത്തെ ജീവികൾക്കേ അനുഭവിക്കാനൊക്കൂ, തിരിച്ചറിയാനാകൂ - എല്ലാ ജീവികളിലും വച്ചു മഹ

ത്തായ ബുദ്ധിശക്തിയുള്ള മനുഷ്യന് തന്റെ കാലത്തെ അനുഭവങ്ങൾ ആയിരം രീതികളിൽ വ്യക്തമാക്കാനും അറിയാം. അനുഭവത്തിൽ നിന്നാണ് അവന്റെ ക്രിയാത്മകശക്തി വികാസം നേടുന്നത്. ജീവിതത്തിലെ അനുഭവമാണ് മാന വേതിഹാസം – മനുഷ്യൻ കലാകാരനായാലും ശരി, മറ്റുവല്ലതും ആയാലും ശരി."

"പക്ഷേ അനുഭവമെന്നത് ഊമയുടെ വാക്കുകൾ പോലെയാണ്. സ്വന്തം മനസ്സിലെ അനുഭവം പോലും സ്പഷ്ടരൂപത്തിൽ വ്യക്തമാക്കാൻ കഴിയുന്നില്ല. എന്നെക്കുറിച്ചുള്ള നിങ്ങളുടെ അനുഭവം എന്താണെന്നു പറയാമോ? നിങ്ങളെ സംബന്ധിച്ചേടത്തോളം ഞാൻ ഒരു രൂപവും ആകാരവും മാത്രമാണോ? എന്റെ രൂപവും നിറവുമാണോ എന്റെ സൗന്ദര്യം?"

"അല്ല കന്യേ. എന്റെ അഭിപ്രായത്തിൽ ശരീരത്തിന്റെ സൗന്ദര്യം മാത്രമല്ല, ജീവിതത്തിന്റെ അനുഭവം. നിന്നെകാണുമ്പോൾ നിന്നെ ശാരീരികമായി നേട ണമെന്ന ആഗ്രഹം എന്റെ മനസ്സിനില്ലെന്നല്ല. അന്നു ഞാൻ ബലാൽക്കാരത്തിന് മുതിർന്നപ്പോൾ ആ സമയത്ത് എന്തോ എന്റെ ആഗ്രഹം ശാരീരികമായി നിന്നെ പ്രാപിക്കാനായിരുന്നു."

"സമയത്തിന്റെ സമ്മർദമാണോ, അല്ലാതെ സ്വയം അങ്ങനെ ഒരനുഭവം ഉണ്ടാ കാറില്ലേ സജ്ജൻ?"

"ഉണ്ട്. അതിനെക്കുറിച്ചു പിന്നെപ്പറയാം. ഞാൻ പറഞ്ഞുകൊണ്ടുവന്നത് അന്നു നിനക്ക് ഇത്രയും മോശമായ ഒരനുഭവം ഉണ്ടായിട്ടുപോലും...."

"എനിക്കതൊരു മോശമായ അനുഭവമായി തോന്നിയില്ലെന്നു കരുതിക്കോളൂ."

"ആയിരിക്കാം. ശരി. എങ്കിലും ഞാൻ എന്റെ ഭാഗത്ത് നിന്നു നിനക്ക് ചീത്ത അനുഭവമാണ് നല്കിയത്..."

"അതു ചീത്തയായിരുന്നെങ്കിൽ ആ അനുഭവം നിങ്ങൾ വ്യക്തമാക്കുകയി ല്ലാരുന്നു."

"നീ മന:പൂർവം ബാഹ്യതലത്തിലാണ് സഞ്ചരിക്കുന്നതു കന്യേ. ഞാൻ അനുഭവങ്ങളെക്കുറിച്ചാണ് സംസാരിക്കുന്നത്. അതിൽ നല്ലതുമില്ല, ചീത്തയു മില്ല."

"ഇപ്പോൾ നിങ്ങൾ തന്നെയല്ലേ നല്ലതെന്നും ചീത്തയെന്നും പറഞ്ഞത്..." എന്നു പറഞ്ഞിട്ടു കന്യ പുഞ്ചിരിച്ചു.

ആ പുഞ്ചിരി സജ്ജന്റെ ഹൃദയത്തിൽ വേലിയേറ്റം സൃഷ്ടിച്ചു. വശ്യമായ ആ മന്ദഹാസം തിളച്ചുമറിയുന്ന ലോഹം പോലെ ഹൃദയമാകെ പ്രകാശം പരത്തി. അതിന്റെ സ്പർശം ഹൃദയത്തിൽ നൊമ്പരവും ഇളക്കവും ഉളവാക്കി. മറ്റുചിന്ത കൾ, ആകാരവികാരങ്ങൾ, എല്ലാം ചിതറിക്കഴിഞ്ഞിട്ടും കന്യയുടെ പുഞ്ചിരി അയാളുടെ ഉള്ളിൽ–അങ്ങു അഗാധഗർത്തത്തിലെങ്ങോ–കുതിച്ചുയരുന്ന ഒരു നീരുറവുപോലെ പ്രവഹിച്ചു. ഓരോ ഞരമ്പിലും പടർന്നൊഴുകി. രൂപവും രസവും ഗന്ധവും ശബ്ദവും സ്പർശനവും–കന്യയുടെ പുഞ്ചിരിയിൽനിന്ന് അവ യെല്ലാം ഒന്നിച്ചയാൾക്കു ലഭിച്ചു. അനേകതലങ്ങളിലായി തന്റെ അനുഭൂതിയുടെ സിരാപ്രവാഹം ഒരേസമയത്ത് ഇരമ്പിപ്പായുകയാണെന്ന് ആ നിമിഷത്തിലയാൾക്ക് തോന്നി. ഓരോ ധാരയും ഒന്നിനോടൊന്ന് ഇഴുകിച്ചേരുകയാണ്. മൂന്നോനാലോ അടി അകലെയായിരിക്കുന്ന കന്യ അയാളിൽ നിന്നൊട്ടും അകലെയല്ല. അവൾ

അയാളുടെ ഉള്ളിലാണ്. അതോടെ താൻ സമ്പൂർണനായെന്ന ഒരു അനുഭൂതി. തന്റെ അഭാവങ്ങളെല്ലാം അകന്നുവെന്ന് ആ സമയത്തയാൾക്ക് തോന്നി. വികാരങ്ങളെല്ലാം ശമിക്കുകയാണ്. ഗോവർധനഗിരിയും കുളവും വൃക്ഷസമൂഹവും പക്ഷിമൃഗാദികളും ഗൗസീയമഠവും വെയിൽതിളങ്ങുന്ന ആകാശവും, അയാൾ സ്വയം തന്നെയും താൻ നോക്കിയിരിക്കുന്ന കന്യയുടെ രൂപത്തിൽ ആ മിഴികളിൽ അയാൾ കണ്ടു. ഭിന്നമായ ആ രൂപങ്ങളിൽ യാതൊരു വിരോധാഭാസവുമില്ല. എല്ലാം എല്ലാം ലയിച്ച് താനും കന്യയും പോലും ലയിച്ച് ഒന്നുചേരുകയാണ്.

വിചിത്രമായ നിമിഷം! വിചിത്രമായ അനുഭവം. അത്യന്തം ശക്തിമത്തായ ഒരനുഭൂതിയായിരുന്നിട്ടുകൂടി തികച്ചും സാധാരണമായ ഒന്നാണതെന്നു തോന്നി. ആ സാധാരണതയാണ് സൗന്ദര്യം. ആ സൗന്ദര്യത്തിൽ സജ്ജൻ പൂർണത നേടി. കന്യ കാരണമാണ് ആ സമ്പൂർണത കൈവന്നത്.

സ്വപ്നം കാണുന്ന സജ്ജന്റെ കണ്ണുകളും സന്തോഷം സ്ഫു രിക്കുന്ന ആ മുഖഭാവവും കന്യയെ ആകർഷിച്ചു. നിഷ്കളങ്കമായ ആ മുഖം തന്റെ 'പ്രിയതമന്റെ'യാണ്. തന്റെ സ്വന്തമാണ്. ആ രൂപം കൊണ്ട് അവളുടെ ഉള്ളുനിറയുകയാണ്. നിഷ്കളങ്കമായ ആ പ്രിയമുഖം രണ്ടു കൈകൊണ്ടു പിടിച്ചടുപ്പിച്ചിട്ട് ഉമ്മവയ്ക്കാൻ അവളുടെ ഹൃദയം കൊതിച്ചു. അയ്യോ താനെന്താണ് ആലോചിച്ചത്? വർഷങ്ങളായി അടക്കിവച്ചിരുന്ന അഭിലാഷം ഇപ്പോഴിതാ അവളുടെ ഹൃദയത്തിൽ നിന്നു പുറത്തുചാടിയിരിക്കുന്നു. അവൾക്ക് നാണം തോന്നി. മുഖം ചുവന്നു. നോട്ടം താണു. സജ്ജൻ മറ്റേതോ ലോകത്തു ലയിച്ചിരിക്കുകയാണെന്നും തന്റെ മാനസിക വിഭ്രമം കണ്ടില്ലെന്നും മനസ്സിലായി. മനസ്സിലുയർന്ന നാണത്തെ പുറമെ പ്രകടമാക്കാതെ അവൾ ചോദിച്ചു "എന്താ വല്ല അനുഭൂതിയും ലഭിച്ചോ കലാകാരാ?"

സജ്ജന് ബോധം വീണു. ചെറുതായി ഒന്നു ഞടുങ്ങി. പിന്നെ ചിന്തിച്ചിട്ടു പറഞ്ഞു "ഞാൻ നിന്നോടു തോറ്റു. എങ്കിലും ഈ തോൽവിയും എന്റെ ജയമാണ്...."

"പിന്നെയും ജയത്തിന്റെയും തോൽവിയുടെയും കാര്യം. എന്തു പറഞ്ഞാലും ശരി ഞാൻ നിങ്ങളുടെ ഈ ആർട്ടിസ്റ്റുമൂഡ് ഒരു കാരണവശാലും അംഗീകരിക്കില്ല."

"അതായത് മുരളീധരനുടെ മുരളീരവമുതിരും അധരാധരധാരയതിൽ."

"ഉം എണീക്കണം."

"നിൽക്കൂ, അതൊന്ന് ഓർമ്മിച്ചോട്ടേ, രസ്ഖാന്റെ കവിത."

"കവിതയല്ല, ശ്ളോകമാണ്..."

"എന്തോ ആവട്ടെ, എന്താണാ വരി..എന്താണ് കന്യേ?"

"എന്തോ ആണ്. എന്താണെന്ന് എനിക്കോർമ്മയില്ല. എന്റെ ബുദ്ധിക്കു പ്രോസിനോടാണ് താല്പര്യം. കവിത ഓർമ്മനിൽക്കില്ല - ശരി പോകാം-"

"തേരേ കഹേ സബ് സ്വാംഗ് കരോം ഗീ...ആഹാ! ഓർമ്മവന്നു.

തിരുമുടിക്കെട്ടിൽ മയിൽപീലി ചൂടി
മാറിൽ വനമാലചാർത്തി
പീതാംബരവുമണിഞ്ഞു
വടിയും കൈയിലേന്തി ഗോപാല

ബാലകരോടൊപ്പം ചുറ്റിത്തിരിയും
പ്രിയനോ നീ എന്തെല്ലാം വേഷം ധരിച്ചില്ല
മുരളി മുരളീധരന്റെ അധരത്തിലാണ്-
പ്രിയനേ നീ എന്തെല്ലാം വേഷം ധരിച്ചു.

ഏയ്, കന്യേ ജസ്റ്റ് ഫോർ എ സെക്കൻഡ് എഴുന്നേറ്റുനിൽക്കൂ...."

സജ്ജൻ സ്കെച്ച്ബുക്കും പെൻസിലും എടുത്തു. കന്യ മടിയോടെ പറഞ്ഞു "നിങ്ങൾ?"

"മിണ്ടരുത്. അവിടെനിൽക്കൂ."

സ്കെച്ച് വരച്ചുതുടങ്ങി–കന്യ–ശ്രീരാധാകൃഷ്ണന്റെ വേഷത്തിൽ മയിൽപീലിക്കിരീടവും വനമാലയും പീതാംബരവും, ഇടതുകൈയിൽ. വടിയും. ചിത്രത്തിന്റെ വലതുഭാഗത്തു രണ്ടു കരങ്ങൾ–ശ്രീകൃഷ്ണന്റെ കൈകൾ–പുല്ലാങ്കുഴൽ ഏല്പിക്കുകയാണ്. ശ്രീരാധ–കന്യ–യുടെ കണ്ണിൽ ലജ്ജ, അധരങ്ങളിൽ അമർന്നുനില്ക്കുന്ന പുഞ്ചിരി, പുരികക്കൊടികളിൽ രോഷം, വലതുകരത്തിലെ തടുക്കുന്ന വിരലുകളിൽ യൗവനത്തിന്റെ ചാപല്യം....

കന്യയ്ക്ക് ഈ കളി രസിച്ചു. കലാകാരന് ഉത്തേജനം നല്കുന്ന മഹാശക്തിയുടെ ജോലിയാണവൾ ചെയ്യുന്നത്. സാംസ്കാരികമായ ഈ അസഭ്യതകളോടവൾക്ക് പ്രതിപത്തിയില്ല. അവൾ സജ്ജന്–ഒരു പുരുഷന്– തന്നെ അർപ്പിക്കുകയാണ്. അത്രയേ അവൾക്കറിയാവൂ. സജ്ജൻ കലാകാരനും, കുബേരനുമാണെന്നകാര്യം ഹൃദയത്തിൽ വരാറുണ്ട്. ധനികനും പ്രശസ്തനുമായ ഒരു മഹാവ്യക്തിയുടെ ഭാവിപത്നിയും പ്രിയതമയും ആണവൾ. അവളുടെ മനസ്സിനെയാകർഷിക്കുന്ന മറ്റൊരു വസ്തുതയാണത്. ആദ്യമായുള്ളത്–പൂർണമായി പറഞ്ഞാൽ– സജ്ജനെ–ഒരു പുരുഷനെ–തന്റേതെന്ന് പറയാൻ അവൾക്ക് കഴിയും എന്നതാണ്. മിനിയാന്ന് രാത്രിയിൽ സജ്ജൻ വീട്ടിൽ വരാതിരുന്നപ്പോഴാണ് അയാളുടെ വിരഹത്തിൽ കന്യ ആദ്യമായി ഒരു കാര്യം മനസ്സിലാക്കിയത്. സജ്ജന്റെ മുമ്പിൽ തന്റെ അസ്തിത്വം തനിക്ക് നഷ്ടമാകുന്നുവെന്നത്. അതു മറച്ചുവയ്ക്കാൻ പുറമെ അവൾ എന്തൊക്കെ നടിച്ചാലും ശരി, അതു വാസ്തവമാണെന്നവൾക്ക് ബോധ്യമായി. സജ്ജന്റെ കണ്ണിൽ ആദ്യം പ്രേമഭാവം കണ്ടു. അന്നുതന്നെ തനിക്ക് സജ്ജനെ പ്രേമിക്കാതിരിക്കാൻ കഴിഞ്ഞിരുന്നില്ലെന്ന കാര്യവും വ്യക്തമായി. തന്നെതടുക്കാൻ അവൾ ചെയ്തതെല്ലാം ഫലശൂന്യമായി. സജ്ജന്റെ വാശിക്ക് മുമ്പിൽ അവൾ തകർന്നു പോകുന്നു. സ്ത്രീകളുടെ അധികാരം, പുരുഷന്റെ അക്രമങ്ങൾ, പുരുഷന്മാരോട് അവൾക്ക് ഒരു തരത്തിലുണ്ടായിരുന്ന വെറുപ്പ്, സ്വയം തനിക്കു മാഹാത്മ്യം നല്കിവന്ന ശീലം, തത്വചിന്തകൾ എല്ലാം സജ്ജന്റെ മുന്നിലെത്തുമ്പോഴേക്കും തകർന്നു തരിപ്പണമാകുന്നു. തന്റെ ആഗ്രഹത്തിന്റെ പുരുഷരൂപമാണ് സജ്ജൻ. നിറംപിടിച്ച കണ്ണോടെ ഏതെങ്കിലും പുരുഷൻ തന്റെ നേരെ നോക്കുന്നത് സഹിക്കാൻ കഴിയാതിരുന്നവൾ, ഇതിനുമുമ്പ് മൂന്ന് പ്രേമഭിക്ഷുക്കളെ തിരസ്കരിച്ചെറിഞ്ഞവൾ, ഇന്നു സജ്ജന്റെ മുമ്പിൽ സർവ പ്രകാരേണയും പരാജിതയാണ്. മിനിയാന്ന് രാത്രിയിൽ കണ്ണുനീരിൽ കുതിർന്ന തന്റെ പരാജയത്തെക്കുറിച്ചു ബോധം വന്നതിനുശേഷം, ഇപ്പോഴവൾക്ക് അതപമാനകരമായി തോന്നാതെയായി. ഇന്നലെ ഉച്ചവരെ വൃന്ദാവനത്തിന് നാലുചുറ്റും അലഞ്ഞുതിരിഞ്ഞു മനസ്സും ശരീരവും തളർന്നവശയായി, സാകാരം

പൂണ്ട ഒരു കണ്ണുനീർത്തുള്ളികണക്കെ തന്റെ ഭാവി അന്ധകാരപൂർണമായും ഭീകരമായും കണ്ടു, മഥുരയിലേക്കോ ലഖ്നൗയിലേക്കോ എങ്ങും തന്നെ മട ങ്ങേണ്ടതില്ലെന്നും, പരിചിതരും മിത്രങ്ങളും ബന്ധുക്കളും ആയുള്ള ആരെയും തന്നെ തന്റെ മുഖം കാണിക്കേണ്ടതില്ലെന്നും തീരുമാനിച്ചുറച്ച് സേവാനികേ തന്റെ അടുത്തുള്ള ഒരു ഇടവഴിയിലേക്ക് കടന്നപ്പോൾ സജ്ജൻ പുറകിൽ നിന്ന വളെ പേരുപറഞ്ഞു വിളിക്കുന്നതവൾ കേട്ടു. ആ ശബ്ദം അവളെ ഭ്രാന്തിയാക്കി. ഒരു വീട്ടിന്റെ നടയിൽ സജ്ജൻ നില്ക്കുന്നതു കണ്ടവൾ പരവശയായി. അവള റിയാതെ ഒരു ദീർഘനിശ്വാസം ഉതിർന്നു. ഇരുകരങ്ങളുംകൊണ്ടവൾ സ്വഹൃദയ മമർത്തിപ്പിടിച്ചു. പത്തു ചുവട് അകലെനില്ക്കുന്ന സജ്ജന്റെ അടുത്തെത്താൻ അവൾക്ക് ശക്തിയില്ലാത്തതുപോലെ തലചുറ്റുകയാണ്. കാൽതളരുന്നു. സജ്ജൻ ഓടിവന്നവളുടെ കൈയിൽ പിടിച്ചില്ലായിരുന്നുവെങ്കിൽ, അവളാ ഇടവഴിയിൽ വീഴുമായിരുന്നു. അവളുടെ ആ അവസ്ഥ കണ്ടു സജ്ജന്റെ വൈരാഗ്യവും വാശിയും ഉരുകി ഒലിച്ചുപോയി. അയാളുടെ കാഠിന്യം തകർന്നു പാറക്കഷണ ങ്ങൾ പോലെ തുരുതുരെ പതിച്ചു. സജ്ജൻ വയസ്സായ ഒരു ബംഗാളിവൈഷ്ണ വഭക്തയുടെ വീട്ടിൽ ശ്രീരാധാമാധവ പൂജ കണ്ടശേഷം, അഞ്ചുരൂപ ദക്ഷിണ നല്കി, കൈക്കുമ്പിൾ നിറയെ ആശീർവാദവും വാങ്ങി വാതിൽ താണ്ടി പുറ ത്തിറുങ്ങുമ്പോഴാണ് കന്യയെകണ്ടതും വിളിച്ചതും, കന്യയെ അയാൾ ആ വീട്ടി ലേക്കുതന്നെ കൊണ്ടുവന്നു. ചതുരയായ വൈഷ്ണവഭക്ത, രാധാമാധവന്റെ വരദാനമെന്നഭാവത്തോടും, ദക്ഷിണ കിട്ടുമെന്നപ്രതീക്ഷയോടും വേണ്ട ശുശ്രൂ ഷകൾ ചെയ്തു. തളത്തിൽ കിടന്ന കട്ടിലിൽ പെട്ടെന്നു വിരിയും കമ്പളവും കൊണ്ടിട്ടു. കിണറ്റിൽനിന്നു ശുദ്ധജലം കൊണ്ടുവന്നുകൊടുത്തു. സജ്ജന്റെ കൈ യിൽനിന്നു പൈസവാങ്ങി പാലും തേയിലയുംകൊണ്ടുവന്നു ചായയുണ്ടാക്കി. പൂരിയും പാൽപായസവും ചോറും കറിയുമെല്ലാം വച്ചു, യശോദാമാതാവിനെ പ്പോലെ രാധയ്ക്കും മാധവനും വിളമ്പി. ആയിരംപുന്നാരങ്ങൾ അവരോടുപ റഞ്ഞു. ഇരിക്കുമ്പോഴും എഴുന്നേൽക്കുമ്പോഴും അവരെ ആശീർവദിച്ചു. വധു വിന്റെ തലയിൽ സിന്ദൂരം അണിയാഞ്ഞതിന് മധുരമായി ഭർത്സിച്ചു. യാത്ര ആക്കു മ്പോൾ രാധയുടെ വിഗ്രഹത്തിൽ കിടന്നിരുന്ന മാല സജ്ജന്റെ കഴുത്തിലും മാധവന് ചാർത്തിയമാല കന്യയുടെ കഴുത്തിലും അണിയിച്ചു. ആശീർവാദ ങ്ങൾ ചൊരിഞ്ഞു. ആശംസകൾ നല്കി. സജ്ജൻ പഴ്സ് കന്യയുടെ കൈയിൽ കൊടുത്തിട്ട് വൈഷ്ണവഭക്തയ്ക്ക് ദക്ഷിണനല്കാൻ പറഞ്ഞു. വൈഷ്ണവഭ ക്തയുടെ ആ ഒഴിഞ്ഞ വീട്ടിൽ നാലു മണിക്കൂറോളം അവർ കഴിച്ചുകൂട്ടി. പക്ഷേ അന്യോന്യം അധികമൊന്നും സംസാരിച്ചില്ല. ഇപ്പോഴെങ്ങനെയുണ്ട്? സുഖമുണ്ട്. എപ്പോൾ വന്നു?-രാവിലെ. ഇതാ വെള്ളംകുടിക്കൂ-ചായ കുറച്ചുകൂടി വേണോ? കന്യേ എനിക്കു മാപ്പു തരൂ-തുടങ്ങിയ ഏതാനും ചില പദങ്ങളിൽ കൂടുതൽ ഒന്നും പറയാൻ കഴിഞ്ഞില്ല. രണ്ടുപേരും നിശ്ശബ്ദമായി, മൂകരായി അന്യോന്യം നോക്കിയിരുന്നു. വൈകുന്നേരം മഥുരയിൽ മടങ്ങി എത്തിയപ്പോൾ വീട്ടിൽ പോകുന്നതിന് മുമ്പു സജ്ജൻ ബസ്സാറിൽ നിന്നു കന്യയ്ക്ക് എണ്ണൂറ്റിഅമ്പതു രൂപ വിലവരുന്ന നാലുസാരികൾ വാങ്ങി. തങ്ങളുടെ ആതിഥേയയ്ക്കായി വില കൂടിയ ഒരു സാരിയും വാങ്ങി. കന്യയുടെ കാലിലെ ചെരുപ്പുപഴയതായിരുന്നു. പുതിയ ഒരു സാൻഡൽ വാങ്ങി. നല്ലൊരു വാനിറ്റിബാഗും വിലകൂടിയ ഒരു

ഷാളും അവൾക്കായി വാങ്ങി. ഒന്നുരണ്ടുതവണ അടക്കിയ സ്വരത്തിൽ അവൾ സജ്ജനെ തടഞ്ഞു. പക്ഷേ സജ്ജന്റെ നിർബന്ധം തള്ളിക്കളയാനവൾക്ക് കഴിഞ്ഞില്ല. ഒന്നൊന്നരമണിക്കൂർ കൊണ്ട് ഏകദേശം ആയിരത്തിഇരുനൂറു രൂപയുടെ സാധനങ്ങളുമായി സജ്ജനും കന്യയും വീട്ടിലെത്തി. വീട്ടിൽ സജ്ജനും കന്യയും ആതിഥേയരുടെ മുമ്പിൽ ലൈലാമജ്നുക്കളെപ്പോലെ പെരുമാറിയതിൽനിന്നും അവർക്കുണ്ടായിരുന്ന സംശയങ്ങൾ അകന്നു. കന്യ ചേട്ടത്തിയായി കരുതുന്ന ആതിഥേയക്ക് അളവറ്റ സന്തോഷമുണ്ടായി. രാത്രി സജ്ജന്റെ നിർബന്ധമനുസരിച്ചു പുതിയ വേഷവിധാനങ്ങൾ അണിഞ്ഞു രണ്ടുപേരും സിനിമ കാണാൻ പോയി. ഇന്നവർ ഗോവർധൻഗിരിയിലേക്കു പോന്നു.

സജ്ജൻ തന്റെ രാധയെ, രസ്ഖാന്റെ ശ്ളോകത്തിലെ ഭാവത്തിനൊത്തു വരച്ചു. റഫ് സ്കെച്ചിൽപോലും മയിൽപീലിയും ധരിച്ചു പീതാംബരം ഉടുത്തു വനമാലയും ചാർത്തിനില്ക്കുന്ന ആ രൂപം ഹൃദയാകർഷകമായിരുന്നു. പുരഷവേഷത്തിൽ പുല്ലാങ്കുഴൽ നിരാകരിച്ചുനില്ക്കുന്ന കന്യയെ രാധയുടെ സ്ത്രീരൂപത്തിൽ അത്യന്തം ആകർഷകമായി വരച്ചതോർത്ത് സജ്ജന് തന്നെ തന്റെ കലാചാതുരിയിൽ മതിപ്പുതോന്നി. ആ സ്കെച്ചിൽ തന്നെ ഇമവെട്ടാതയാൾ നോക്കിയിരുന്നു. പിന്നെ തല തിരിച്ചു പ്രേമം വഴിയുന്ന നേത്രങ്ങളോടെ കന്യയുടെ നേർക്കുനോക്കി.

കന്യയുടെ ബ്രഹ്മചര്യനിഷ്ഠയാർന്ന ശരീരത്തിന് ഇത്രയും വികാരം താങ്ങാനാവുന്നില്ല. ഹൃദയം നിയന്ത്രണാതീതമായി അവൾ വികാരവിവശയായി അയാളെ നോക്കി. സജ്ജന്റെ പൗരുഷം ഉണർന്നു. ശരീരം കോരിത്തരിച്ചു. അയാൾക്കു സ്വബോധമറ്റു. അഞ്ചാറുദിവസം മുൻപു ലഖ്നൗവിലുള്ള അയാളുടെ വീട്ടിൽ വച്ചും കന്യയെ കണ്ട് അയാൾക്ക് ഇതുപോലെ സ്വബോധം നഷ്ടപ്പെടുകയുണ്ടായി. പക്ഷേ അന്നത്തേതും ഇന്നത്തേതും തമ്മിൽ അന്തരമുണ്ട്. കന്യയുടെ വികാരം സ്ഫുരിക്കുന്ന കണ്ണുകളിൽ സ്വന്തം കണ്ണുകളിലെ ദാഹം പകർന്നുകൊണ്ടയാളെഴുന്നേറ്റു. ടിഫിൻകാരിയർ തട്ടി മറിഞ്ഞു. അയാൾ മുന്നോട്ടു നീങ്ങി കന്യകയുടെ കഴുത്തിൽ കരങ്ങൾ ചുറ്റി അവളെ തന്നിലേക്കടുപ്പിച്ചു. രണ്ടു ദേഹങ്ങളും കൂട്ടിമുട്ടിയപ്പോൾ മിന്നൽപ്പിണരുകൾ പാഞ്ഞു. പ്രിയതമന്റെ കണ്ണിൽ കണ്ണുനട്ടു. അതിന്റെ മോഹപാശത്തിൽ സ്വയം വിലയിച്ചു അവൾ നിന്നു. കത്തിജ്വലിക്കുന്ന വികാരങ്ങൾ അവളെ അകലാൻ അനുവദിച്ചു. നാണത്തിന്റെ അരുണിമയും, പരിഭവത്തിന്റെ വിളർച്ചയും ആ മുഖത്തും കപോലങ്ങളിലും മാറിമാറിത്തിളങ്ങി. അവളുടെ ശരീരത്തിന്റെ വലതുവശം പുരുഷന്റെ ഇടതുവശത്തോടൊട്ടി നിന്നു. പുരുഷ ഹൃദയത്തിന്റെ തുടിപ്പുകൾ അവളുടെ ശരീരത്തിലേക്ക് പകരുകയായിരുന്നു. വസ്ത്രങ്ങളാൽ ആവരണം ചെയ്തിരുന്നാലും, പുരുഷശരീരസമ്പർക്കം നാരീശരീരത്തെ മത്തുപിടിപ്പിക്കും. അവരുടെ ശ്വാസം അന്യോന്യം കപോലങ്ങളിൽ തട്ടി.

"അതുകൊള്ളാം. സായിപ്പിന്റെ ടിൻ മീനും തിന്ന് ഇവിടെ ഗിരിരാജന്റെ മുമ്പേ ഉമ്മവയ്ക്കാനും കുഴയാനും തുടങ്ങുന്നോ.....?"

ഇടിഞ്ഞുപൊളിഞ്ഞ മഠത്തിന്റെ ചുവരിനപ്പുറത്ത് ഒരു ഗോസായിയുടെ മുഖം പൊങ്ങിക്കണ്ടു. ശബ്ദം കേട്ടതും കന്യയുടെ മുഖം ചുവന്നുപോയി. നാണം കൊണ്ടവൾ നിന്നിടത്തലിഞ്ഞു ചേർന്നപോലെയായി. തലകുനിച്ചവൾ

കുന്നിൻചെരിവിലേക്കോടി. സജ്ജനും ഞെട്ടിമാറി. ഇടിഞ്ഞുപൊളിഞ്ഞ ചുവരിന്റെ ഭാഗത്തേക്ക് നോക്കാതെ, കുനിഞ്ഞു സ്കെച്ചുബുക്കും പെൻസിലും ക്യാൻവാസും സഞ്ചിയിൽ വെച്ചു. ക്യാമറയും തെർമോസ്ഫ്ളാസ്ക്കും അതിലാക്കി കോട്ടെടുത്ത് തോളിലിട്ടു. വാക്കിങ് സ്റ്റിക്കും ടിഫിൻ ക്യാരിയറുമെടുത്തു കൊണ്ടു നടന്നു. നഗ്നപാദത്തിൽ കല്ലും മുള്ളും തറച്ച കാരണം കന്യയ്ക്ക് അധികദൂരം ഓടാൻ കഴിഞ്ഞില്ല. മരക്കൂട്ടം കഴിഞ്ഞ് കുന്നിൻചെരിവിലേക്ക് ഇറങ്ങുമ്പോൾ, സജ്ജൻ തങ്ങൾക്കുണ്ടായ നാണം മറയ്ക്കാനായി ഉച്ചത്തിൽ വിളിച്ചു "സാറേ നില്ക്കൂ" ഞാനും വരുന്നു.

കന്യ നിന്നു. പക്ഷേ തിരിഞ്ഞു നോക്കിയില്ല. അടുത്തെത്തിയിട്ടു സജ്ജൻ പറഞ്ഞു "കള്ളമദാമ്മേ, ടിൻമീനും തിന്നിട്ടു ഓടിപ്പോണോ?"

നാണവും സങ്കോചവും കൊണ്ടു കൂനിക്കൂടിയിരുന്നെങ്കിലും അവൾക്കും ചിരിവന്നു. "മാറൂ, നിങ്ങൾ മഹാ ചീത്തയാണ്."

"മാനഹാനിക്കു ഞാൻ കേസ് കൊടുക്കും പറഞ്ഞേക്കാം. ഞാനെന്തു ചീത്തപ്രവൃത്തി ചെയ്തു. എന്നെ ചീത്ത മനുഷ്യനെന്നു വിളിക്കുന്നോ-യൂ ടിൻഫിഷ്. ഐയാം സോറി, നാരീ. -ടിൻ മീൻതിന്നിട്ട് എന്റെ പവിത്രമായ പ്രവൃത്തിയെ മോശമെന്നു പറയുന്നോ?"

സജ്ജന്റെ അഭിനയം അവളുടെ സങ്കോചമകറ്റി. അയാളെ നോക്കിയിട്ടവൾ ചിരിച്ചു. "നിങ്ങൾ മഹാദുഷ്ടനാണ്."

"താങ്ക് യൂ ഫോർ ദി കോംപ്ലിമെന്റ്."

"കളിയല്ല; എന്റെ ഹൃദയം ഇപ്പോഴും പടപടാ അടിക്കുകയാണ്."

"ഹൃദയം തുടിക്കുന്നതു ജീവന്റെ ലക്ഷണമാണ്. നിനക്ക് ഒരു സ്പോട്ടിങ്ങ് സ്പിരിറ്റുമില്ല."

"വേണ്ട" കന്യ വീണ്ടും ഗൗരവം പൂണ്ടു "ഇനിമേൽ എന്റെ ഹൃദയത്തെ നിയന്ത്രിച്ചു വെക്കണം... നിങ്ങളുടെ മുമ്പിൽ ഞാൻവിവശയായിപ്പോകുന്നു." അതു നിങ്ങൾ മനസ്സിലാക്കാത്തതെന്ത് എന്ന ഭാവത്തിൽ അവളൊന്നു നോക്കി.

"നിസ്സാര കാര്യത്തെ വലുതാക്കുകയാണല്ലോ?" കന്യയുടെ ഗൗരവം അസ്ഥാനത്താണെന്ന് സജ്ജന് തോന്നി. അയാൾ നേരിയൊരീർഷ്യയോടെ പറഞ്ഞു "അയാൾ കണ്ടാൽതന്നെ എന്ത്?.... ഒരു നേരംപോക്ക്."

"നിങ്ങളുടെ നേരമ്പോക്ക് എന്റെ ജീവിതത്തിലെ പവിത്രമായ ഒരനുഭവമാണ്."

"നീ ഒരു ഭ്രാന്തിതന്നെ! സ്ത്രീയും പുരുഷനും തമ്മിൽ കൂട്ടിമുട്ടുന്നതു പവിത്രമെന്നും അപവിത്രമെന്നുമുള്ള തത്വത്തിൽ ഉൾപ്പെടുത്താവുന്നതാണോ? നീ....നിന്റെ വീട്ടിലെ വൃത്തികേടുകൾ കണ്ട് ആകെ ഭയന്നിട്ടാണ്. അല്ലെങ്കിൽ ഇതിൽ അപവിത്രതയ്ക്ക് സ്ഥാനമെവിടെ? എനിക്ക് എന്റെ ഭാവിഭാര്യയുടെ പവിത്രതയിൽ താല്പര്യമില്ലേ? അവളെ ഞാൻ ചതിക്കില്ല. തീർച്ചയായുമില്ല...."

തലയും കുനിച്ച് എല്ലാം കേട്ടുകൊണ്ടവൾ നടന്നു. അയാൾ പറഞ്ഞവസാനിച്ചപ്പോൾ മുഖം തിരിച്ചു തുളയുന്ന കണ്ണുകൾ അയാളുടെ മുഖത്തേക്കയച്ച് നേരിയ ഒരു പുഞ്ചിരിയോടെ "ദുഷ്യന്തനെപ്പോലെ മറന്നുപോയാലോ?"

"എന്തോന്ന്....."

തൊണ്ട തെളിച്ചിട്ടു പുഞ്ചിരിസഹിതം അവൾ പറഞ്ഞു "ആരുടെയെങ്കിലും ശാപം കിട്ടിയിട്ടുണ്ടെങ്കിലോ?"

"ശാപമോ? ഈ യുഗത്തിലോ?...."

"ദൃഷ്ടിദോഷം, ഈ യുഗത്തിലും ഉണ്ടാകാം." സജ്ജൻ മൂകനായി. ഒന്നുരണ്ടു മിനിട്ടുനേരം രണ്ടുപേരും മൂകരായി നടന്നു. പിന്നെ കന്യയുടെ നേരെ നോക്കിയിട്ടു സജ്ജൻ പറഞ്ഞു "മനസ്സിൽ എന്നെക്കുറിച്ച് വിശ്വാസമില്ല. അല്ലേ...?"

"വിശ്വാസമാണ് ജീവിതത്തിന്റെ ആധാരം തന്നെ" കന്യ ശാന്തമായി പറഞ്ഞു.

സജ്ജന് തന്റെ ചോദ്യത്തിന് ഉത്തരം കിട്ടി. പക്ഷേ അതയാളെ സന്തുഷ്ടനാക്കിയില്ല. സാധാരണയിൽക്കവിഞ്ഞ് ആദർശത്തിന്റെ നിലയിലേക്കുയർന്ന വാക്കുകളായിരുന്നു അത്. സജ്ജൻ അസ്വസ്ഥനായി. മാനസികമായ അസ്വസ്ഥത അയാളെയും അസ്വസ്ഥനാക്കി. അയാൾ പറഞ്ഞു. "എന്റെ സ്വഭാവം അത്ര നന്നല്ലായിരിക്കാം. കുബേരന്റെ മകൻ. ചെറുപ്പത്തിൽ തന്നെ നിയന്ത്രിക്കാനുള്ളവർ പോയി. പൊതുവെ ഒഴുകി നടന്ന എന്റെ ദൗർബല്യങ്ങൾ നിന്റെ വിശ്വാസത്തിന് തന്നെ ഉലച്ചിൽ തട്ടിച്ചു.....എങ്കിലും ഞാനത്ര ചീത്തയല്ല."

"ചീത്തയാളുകളെക്കുറിച്ചല്ല പേടി. കാരണം അവരെ പെട്ടെന്നു തിരിച്ചറിയാം. അവരോട് എതിരിടാനും അവരിൽനിന്ന് അകന്ന് കഴിയാനും എളുപ്പമാണ്. പേടി തിന്മയെയാണ്–നല്ലവരുടെ ഹൃദയത്തിന്റെ ഉള്ളറകളിൽപോലും അതു പതുങ്ങിയിരിക്കും. പെട്ടെന്നതു പുറത്തുചാടി മറ്റുള്ളവരെയും അതിനടിമയാക്കും."

കന്യയുടെ ആ പ്രവചനം സജ്ജനെ ചൊടിപ്പിച്ചു. ഉന്മത്തനായ അവസ്ഥയിലായിരുന്നു അയാളിതുവരെ. രാധാകൃഷ്ണന്മാരുടെ പ്രേമവും ഭക്തിയും മനസ്സിൽ ശൃംഗാര രസവും അനുഭൂതിയും ഉണർത്തിയിരുന്നതാണ്. ഈ പ്രവചനം ഇപ്പോൾ ആരോ തന്റെ മദ്യചഷകത്തിൽ ഗംഗാജലം പകർന്ന പ്രതീതിയാണ് അയാൾക്കുണ്ടാക്കിയത്. അയാളുടെ ഹൃദയം അതിനെ എതിർത്തു. മദ്യം മോശമാണോ? ഗംഗാജലം എന്തുകൊണ്ട് നല്ലതായി? നല്ലതും ചീത്തയും നന്മയും തിന്മയും! എങ്കിൽ ഈ ചുംബനം എന്തുകൊണ്ട് ചീത്തയായി കണക്കാക്കുന്നു? സ്ത്രീയും പുരുഷനും തമ്മിലുള്ള ആകർഷണം സ്വാഭാവികമാണ്. ശരീരങ്ങൾ അടുക്കുന്നതിൽ തെറ്റെന്ത്? ഞാനൊരു ചീത്തപ്രവൃത്തിയാണ് ചെയ്തതെന്ന് കന്യ പഴിക്കുന്നതെന്ത്? അതു തീർച്ചയായും തെറ്റായ ഒരു പ്രവൃത്തിയല്ലതന്നെ. തന്റെ വിപ്ലവചിന്തയിൽ നിന്നു ശക്തിനേടിയിട്ട് അയാൾ കന്യയോടു പറഞ്ഞു "ഞാൻ പറഞ്ഞതിനെ നീ തെറ്റായി വ്യാഖ്യാനിക്കുകയാണ് കന്യേ. പ്രകൃതിക്കു നിരക്കാത്ത, തലകീഴായി വളരുന്ന ഒരു ദൂഷ്യവും എന്നിലില്ല. നില്ക്കൂ ആദ്യം ഞാൻ പറയുന്നതു കേൾക്കൂ–ദുഷിച്ചതെന്നു നീ പറയുന്ന ആ വസ്തുതയുണ്ടല്ലോ, അതു മൂഢരായ പരിഷ്കർത്താക്കളുടെ തെറ്റിദ്ധാരണയാണ്. ഈ മോറൽസ്, പാപം തുടങ്ങിയ പദങ്ങൾ കൊണ്ടു മനുഷ്യന്റെ സ്വഭാവ വികാസത്തിന് ഉണ്ടായിട്ടുള്ളത്ര വിഘാതങ്ങൾ മറ്റൊന്നുകൊണ്ടും ഉണ്ടായിട്ടില്ല. നിന്റെ ചിന്താഗതിക്കനുസരണമായി നോക്കിയാൽ സ്ത്രീയെക്കാൾ ദുഷിച്ച ഒരു വസ്തു ഈ ലോകത്തു കാണില്ല. മറ്റു മൊറാലിറ്റിയുടെ കാര്യങ്ങളൊക്കെക്കള. ബുദ്ധനും ശങ്കരാചാര്യരുമൊക്കെ സ്ത്രീകൾക്കെതിരായിട്ടാണ് പറഞ്ഞിട്ടുള്ളത്. നാരി–നരകത്തിന്റെ കവാടമാണ്–എല്ലാ തിന്മകൾക്കും ജടരൂപം നൽകിയതാണ്. ഇനി എന്തു പറയുന്നു...?"

കന്യ ഒട്ടൊന്നു ചൊടിച്ചിട്ടു പറഞ്ഞു "ബുദ്ധനും ശങ്കരാചാര്യരും സ്ത്രീകളായിരുന്നെങ്കിൽ പുരുഷനാണ് സാക്ഷാൽ നരകമെന്നും, സ്ത്രീ അതിന്റെ നാലു

ചുറ്റുമുള്ള കോട്ടയായി പ്രകൃതിയെയും ഇതര ജീവികളെയും അതിൽ നിന്നും രക്ഷിക്കുകയാണെന്നും എഴുതിയേനെ.."

കന്യ പറഞ്ഞതു കേട്ടു സജ്ജൻ കളിയാക്കി ചിരിച്ചു. കന്യയ്ക്കു ദേഷ്യം വന്നു. "പഴയ കാലത്തെ മരുമക്കത്തായവും സ്ത്രീമേധാവിത്വവും എത്ര നന്നായിരുന്നിരിക്കും. പുരുഷൻ ഇന്നത്തെ സ്ത്രീകളെപ്പോലെ തലപൊക്കാതെ കഴിഞ്ഞിരിക്കണം" സജ്ജൻ അവളുടെ മുഖം ശ്രദ്ധിച്ചു നോക്കി. സുന്ദരവും നിഷ്കളങ്കവുമായ ആ മുഖത്തു കോപത്തിന്റെ തുടുപ്പു കണ്ട് അയാളുടെ ഹൃദയം പ്രേമാർദ്രമായി. ആ സ്നേഹമൂർച്ചയിൽ അയാൾ സന്തുഷ്ടനായി. വടിയേന്തിയിരുന്ന വലംകൈയ് കന്യയുടെ തോളിൽ വെച്ചിട്ടു പറഞ്ഞു "കരളേ കോപിക്കാതെ, ഈ സ്വതന്ത്രരാജ്യത്തിലെ പൗരൻ ഇന്നിതാ തിരുമേനിയുടെ അടിമയായിട്ട് ആ ആദികാലത്തെ അവസ്ഥയിൽതന്നെ നിലകൊള്ളുകയാണ്."

ആ തമാശ കന്യയുടെ ആവേശത്തിനൊരടിയേൽപ്പിച്ചു. അതോടൊപ്പം ആ സ്പർശനം അവളെ ഇക്കിളി കൊള്ളിച്ചു. സിംഹിനിയെപ്പോലെ ഗൗരവം പൂണ്ടിരുന്ന അവൾ മാൻപേടയെപ്പോലെ ശാന്തയായി. വടികൊണ്ട് അവളുടെ ഭുജത്തിൽ മെല്ലെ തട്ടിക്കൊണ്ടു സജ്ജൻ പറഞ്ഞു. "നോക്കണം, പണ്ഡിത് കന്യാപ്രസാദ്... നാം രണ്ടും നമ്മുടെ എല്ലാ കോംപ്ലക്സുകളും കളഞ്ഞ് ഒരു സമതലത്തിലെത്തിയതാണ്. നാം അപരിചിതരായ രണ്ട് സ്ത്രീപുരുഷന്മാരെപ്പോലെ നിമിഷനേരത്തേക്കു കൂട്ടിമുട്ടിയശേഷം, തീവണ്ടിയാത്രക്കാരെപ്പോലെ പിരിഞ്ഞു പോകുന്നതോടെ പരിചയം അവസാനിക്കുന്നവരല്ല. പുരോഹിതൻ നാലോ അഞ്ചോ മന്ത്രങ്ങൾ പറയുന്നതും, രജിസ്റ്റർ കച്ചേരിയിൽ പോയി ഫോറം ഒപ്പുവയ്ക്കുന്നതും, വെറും ഒരു സാധാരണ ഫോർമാലിറ്റിമാത്രം. അതും ലഖ്നൗവിലെത്തിയയുടൻ പൂർത്തിയാക്കാം. ഇന്നലത്തേതിന് ശേഷം എന്നിൽ എന്തുമാത്രം പരിവർത്തനം വന്നിട്ടുണ്ടെന്നു നിനക്കറിഞ്ഞു കൂടാ. ഇരുളടഞ്ഞ ഒരു ചക്രകോണിയിലൂടെ നാം കറങ്ങിനടക്കുകയായിരുന്നു. ഇന്നലെ വൃന്ദാവനത്തിൽ വെച്ചു തോന്നി നാം അന്ധകാരം നിറഞ്ഞ ആ കോവണി ഇറങ്ങി പ്രകാശം നിറഞ്ഞ തളത്തിലെത്തിയെന്ന്. എന്താ നിനക്ക് അങ്ങനെ തോന്നിയില്ലേ.."

കന്യയുടെ മുഖം അവളുടെ ഹൃദയഭാവം വിളിച്ചു പറഞ്ഞു.

ചുണ്ടിൽ വിരിഞ്ഞ ഒരു പുഞ്ചിരിയിൽ അവളുടെ ഹൃദയം മുഗ്ധമായി മൂർഛിച്ചു.

അവളുടെ ചുമലിൽ കൈവെച്ചു കൊണ്ടു സജ്ജൻ ഒട്ടൊന്നു ഗൗരവം പൂണ്ടു "എനിക്കൊരു ചെറിയ ദൗർബല്യമുണ്ട്. അല്പമൊക്കെ വിലാസലോലനാണ് ഞാൻ–പക്ഷേ ഒരു കാര്യം ഓർക്കണം. വാധ്യാന്മാരെപ്പോലെ എപ്പോഴും എന്നെ പഠിപ്പിക്കാൻ മുതിരരുത്. നാം അന്യോന്യം തുറന്നു പ്രവർത്തിച്ചാൽ അതായിരിക്കും നല്ലത്. ഭാര്യയും ഭർത്താവും കഴിഞ്ഞതിനെക്കുറിച്ചു ചോദിക്കുന്നതു ശരിയല്ലെന്നു കരുതുന്ന കൂട്ടത്തിലുള്ളവനാണ് ഞാനും. പക്വമില്ലാത്ത സാധാരണ ആളുകളെ സംബന്ധിച്ച് ഇതു ശരിയാണ്. പക്ഷേ നമുക്കതു ബാധകമാകണമെന്നില്ല...

കന്യയ്ക്കു ബോധം വീണ്ടു കിട്ടുകയാണ്. മധുരസ്വരത്തിൽ അവൾ പറഞ്ഞു "നിങ്ങളുടെ ആയിരം കഥകൾ കേട്ടിട്ട് എനിക്കെന്തുവേണം? പ്രധാനപ്പെട്ട കാര്യമെന്തോ അതറിഞ്ഞു. പക്ഷേ സജ്ജൻ, കഴിഞ്ഞ ചരിത്രം മാത്രമല്ല കൂടെ നില്ക്കുന്നത്. ഇന്നും ചരിത്രത്തിന്റെ സാക്ഷിയാണ്. ഇന്നലെ നിങ്ങൾ വിലാസ

ലോലനായിരുന്നെന്നു വച്ച് ഇന്നും അങ്ങനെ ആയിരിക്കണമെന്നില്ല. ഇന്നു മുതൽ നിങ്ങളുടെ ജീവിതത്തിൽ പുതിയ പരിതസ്ഥിതികൾ ഉണ്ടാവുകയാണെങ്കിൽ നിങ്ങളുടെ ചരിത്രവും പുതിയതായിരിക്കും."

"മനുഷ്യന്റെ സ്വഭാവം അത്രപെട്ടെന്നു മാറുമെന്നാണോ നീ കരുതുന്നത്...?"

"തീർച്ചയായും മാറും, സാധാരണ മനുഷ്യരിൽ നിന്നു കൂടുതൽ വിവേകവും ചുമതലാബോധവും ഉള്ളവനെന്നു നിങ്ങൾ തന്നെ പറഞ്ഞതല്ലേ... അപ്പോൾ സ്ത്രീകൾ കാരണം വിലാസിയായി കഴിയേണ്ട ആവശ്യം നിങ്ങൾക്കിനിമേൽ വേണ്ടിവരില്ല. നിങ്ങൾ എന്റെയായിക്കഴിഞ്ഞാൽ പിന്നെ എന്റെയായിത്തന്നെ തുടരും..."

സജ്ജന്റെ കരങ്ങൾ കന്യയുടെ ചുമൽ അണച്ചു പിടിച്ചു. അവർ നിശ്ശബ്ദ രാണ്. നേരെ മുൻപിലായി നിന്നിരുന്ന വെള്ളക്കല്ലുകൊണ്ടു കെട്ടിയ ഒരു ഇരു നിലക്കെട്ടിടം സുന്ദരമായി തോന്നി. അതിന്റെ മുമ്പിൽ കുറച്ചകലെയായി മറ്റൊരു കെട്ടിടത്തിന് മുന്നിലായി അവരുടെ ടാക്സി നില്ക്കുന്നു. ടാക്സി കണ്ടപ്പോ ഴാണ് സജ്ജൻ വളരെയേറെ ഭാരം ചുമന്നു നടക്കുകയാണെന്ന കാര്യം കന്യ ഓർത്തത്. വലിയ ഭാരമൊന്നുമില്ല. എങ്കിലും അവൾക്കു തോന്നി, ആ സഞ്ചിയും ക്യാമറയും കോട്ടുമെങ്കിലും തനിക്കു വാങ്ങാമായിരുന്നുവെന്ന്. അവൾ അവ വാങ്ങി. ചിന്തയിൽ നിന്നുണർന്ന സജ്ജൻ അവളെ നോക്കി. അധികാരത്തിന്റെ പ്രകാശം അവളുടെ കണ്ണുകളിൽ മൂകമായി ക്ഷണിക്കുന്ന ഒരു ഭാവം പടർന്നു നിന്നു.

26

നന്ദോ പറഞ്ഞിരുന്നതനുസരിച്ചു മഹാകവി ബോർ വെളുപ്പിന് അഞ്ചു മണിക്കു തന്നെ ഭഭൂതിയുടെ വീട്ടിന് മുന്നിൽ എത്തി. ഇരുളടഞ്ഞ ശൂന്യമായ ഇടവഴി യിൽ സിഗററ്റും വലിച്ച് ഉലാത്തുകയാണ്. ഇടയ്ക്കിടെ ചുമയ്ക്കുന്നുണ്ട്, ആർക്കോ സൂചന നൽകും മാതിരി. അകത്ത് തളത്തിൽ കാലടി ശബ്ദം. ഭഭൂതിയുടെ നട വാതിലിന്റെ സാക്ഷ നീങ്ങി. കതകിന് പിന്നിൽ നന്ദോയുടെ കൃത്രിമച്ചുമ കേട്ടു. വാതിൽപാളി തുറന്നു. മഹാകവി അകത്തെ തളത്തിലേക്കു കടന്നു. കതക് വീണ്ടും അടഞ്ഞു. പൂമുഖത്തെ കതകുതുറന്നു ലൈറ്റിട്ടു. നന്ദോ അയാളെ അങ്ങോട്ടു വിളിച്ചു. ബോർ അകത്തേക്കു കടന്നപ്പോൾ അയാളുടെ ചുമലിൽ തന്റെ മാറുരച്ചുകൊണ്ടു നന്ദോ തിടുക്കത്തിൽ പുറത്തേക്കിറങ്ങി. വീട്ടിനുള്ളി ലേക്കുള്ള വാതിലിന്റെ സാക്ഷയിട്ട് ആശ്വാസത്തോടെ അവൾ ഇരുപ്പു മുറി യിൽ എത്തി. സ്വീകരണ മുറിയുടെചുവരിന്റെ കാൽഭാഗം ഓടുകൾ പാകിയ താണ്. ഇംഗ്ലീഷ് ഡ്രായിംഗ് റൂമിന്റെ മാതൃകയിൽ തീയിടാനുള്ള ആലയും അതിന് മാന്റിൽപീസും പണിതിട്ടുണ്ട്. ഫയർ പ്ലേസിനു ചുറ്റും ഇരുമ്പുവലയും അഴിയും അതിലവിടെയവിടെ മുന്തിരിക്കുലകളും അവ കൊത്തിത്തിന്നുന്ന തത്തകളും പണിഞ്ഞിട്ടുണ്ട്. ഓടുകളിൽ ഓം, രാധാകൃഷ്ണൻ തപസ്സുചെയ്യുന്ന ശിവൻ എന്നിവ തിളങ്ങുന്നു. ഒരു സോഫാസെറ്റും രണ്ടു കസേരകളും, ഒരു സെന്റ്രൽ ടേബിളും സ്വീകരണ മുറിയിൽ ഒരുക്കിയിട്ടുണ്ട്.

നന്ദോ സെന്റ്രൽ ടേബിളിനടുത്തു വന്നു നിന്നു. ആഷ്ട്രേയിൽ സിഗരറ്റിട്ടിട്ട് ഇരിക്കാൻ തുടങ്ങിയ ബോർ അവളെ കണ്ടു തിരിഞ്ഞു പുഞ്ചിരിയോടെ പറഞ്ഞു "നന്ദോ ദേവീ, ഇടിച്ചെന്റെ ഹൃദയം കീറിമുറിച്ചില്ലേ, അതിലിത്തിരി മുരുന്നു പുരട്ടൂ."

"ഒന്നു മിണ്ടാതിരിക്കൂ..."

"ദൈവത്തിനാണേ നിങ്ങളും മോശമല്ല നന്ദോ ബീബീ" എന്നു പറഞ്ഞു കൊണ്ടു അയാൾ വികാര വിഹ്വലനായി നന്ദോയുടെ നേർക്കു നീങ്ങി ഒരടി പിന്നോട്ടുമാറി നോട്ടം തീക്ഷ്ണമാക്കിയിട്ടു പറഞ്ഞു "വേണ്ട തൊടരുത്. എനിക്കിപ്പോൾ ഗോമതിയിലേക്കു പോകാനുള്ളതാണ്..."

"നിങ്ങൾ ഗോമതിയിലേക്കു പോകുന്നെങ്കിൽ എന്റെ പ്രാണനെ ഇങ്ങോട്ടയച്ചിട്ടു പോകൂ. ജനുവരിയിലെ ഈ തണുപ്പത്തു നാലേകാൽ മണിക്ക് വീട്ടിൽ നിന്നിറങ്ങിയതാണ്. ഹൃദയമൊന്നു ചൂടാക്കട്ടെ കരളേ...."

"ഹേ, ഇതു വേശ്യാലയമാണെന്നു കരുതിയോ, കരളേ, പൊന്നേ, എന്നൊക്കെ വിളിക്കാൻ. ഞാൻ അങ്ങനത്തെ ചീത്ത നടപ്പുകാരി ഒന്നുമല്ല.."

നന്ദോ ബീബിയുടെ വികാരം മനസ്സിലാക്കാൻ മഹാകവി ബോറിനെപ്പോലുള്ള സമർത്ഥന്മാർക്കുപോലും കഴിയില്ലെന്നു പറയാനാവില്ല. അയാൾ കാറ്റിനൊത്തു തൂവിക്കൊണ്ടു സമ്മതിച്ചു "അല്ല, അല്ല."

"നിങ്ങൾ രണ്ടാളും പ്രേമത്തിലാണെന്ന് എനിക്കുതോന്നി. എന്റെ ചേട്ടത്തി രാപ്പകൽ ദുഃഖിതയായി കഴിയുന്നതു കണ്ട് എനിക്കു അലിവു തോന്നി."

"ശരിയാണ്, നിങ്ങൾ യേശുവിന് തുല്യയാണ് നന്ദോബീബീ"

"നിങ്ങളുടെ വിലാസം അറിഞ്ഞതെങ്ങനെയെന്നു പറയാമോ?"

"നിങ്ങൾ മായാദേവിയല്ലേ.."

"നിങ്ങൾ കണ്ണും കാണിച്ചിട്ടു പോയി. ഇവിടെ ചേട്ടത്തിയുടെ സ്ഥിതി കണ്ടു നില്ക്കാൻ വയ്യാതായി..."

"എന്റെ സ്ഥിതിയും അതു തന്നെ നന്ദോ ബീബീ." നിങ്ങളുടെ ചേട്ടത്തി എന്റെ ഹൃദയം മാത്രമല്ല എന്റെ ശരീരവും കരളും ജീവനും ഉറക്കവും എല്ലാം അപഹരിച്ചു.."

"രൂപ നൂറും കൊണ്ടുവന്നോ?"

"നന്ദോബീബീ, നിങ്ങളിതാ എന്റെ ജീവൻ തന്നെ എടുത്തോളൂ...."

"ബാബുഗഞ്ചിൽ നിന്നു നടന്നാണ് വന്നത്. ഇന്നത്തെക്കാലത്തെക്കുറിച്ചു നിങ്ങൾക്കറിഞ്ഞുകൂടേ. ചില്ലറ പൈസയ്ക്കാണ് ജീവൻ അപഹരിക്കപ്പെടുന്നത്. അപ്പോൾ നൂറു രൂപയും കീശയിൽ വച്ചു ഇരുട്ടത്തുവന്നാൽ-വൈകുന്നേരം എവിടെ പറയുന്നോ അവിടെ എത്തിക്കാം."

"നിങ്ങൾ ആൾ മിടുക്കനാണല്ലോ.. നല്ല തമാശ."

"നിങ്ങളുടെ യൗവനത്തെ പിടിച്ചാണയിടാം. നിങ്ങളുടെ സൗന്ദര്യം സത്യമായി, നിങ്ങളുടെ ചേട്ടത്തി സത്യമായി, നിങ്ങളെപ്പറ്റിക്കാൻ എനിക്കൊരുദ്ദേശവുമില്ല. കൊള്ളാം. നമ്മൾ തമ്മിലുള്ള ബന്ധം ഒരു ദിവസത്തേക്കുള്ളതല്ലല്ലോ. ഇതാ ഇപ്പോഴത്തേക്കു ഇരുപത്തിയഞ്ച് രൂപാ വച്ചോളൂ. നൂറിൽ നിന്ന് ഇതു കുറയ്ക്കില്ല. അതിന് പുറമെയാണിത്."

നോട്ടുകണ്ട് നന്ദോ അതിനെ നോക്കി. വിശന്നു വലയുന്ന ഒരു സിംഹത്തി

നിരയായി ഒരു ഈച്ച വന്നു മുമ്പിൽ പെട്ടാൽ അതിന്റെ മുഖഭാവം എന്തായിരിക്കുമോ അത്തരത്തിലുള്ള ഒരു നോട്ടം. മുഖം ചുളിഞ്ഞു, ചിറി വലിഞ്ഞു.. നന്ദോ പറഞ്ഞു "ഈ ഇരുപത്തിയഞ്ച് ഉലുവ അങ്ങ് വീട്ടിൽ വച്ചേക്കണം. എന്റെ അച്ഛന്റെ കുടുംബത്തിൽ ലക്ഷക്കണക്കിന് സ്വത്തുണ്ട്. എന്റെ ചേട്ടൻ സമ്പാദിക്കുന്നതു കൊടുത്താൽ ഒരു അന്ത:പുരം തന്നെ വാങ്ങാം..."

സിനിമാക്കാരൻ ബാബുവിന്റെ വിലാസം അദ്ദേഹത്തിന്റെ "ബഹാർ ആയിശേ" എന്ന ചിത്രം നഗരത്തിൽ ഓടിക്കൊണ്ടിരിക്കുന്നതിനാൽ, തന്റെ തൊഴിലിൽ കൂട്ടുകാരിയായിരുന്ന കൈലാസത്തിന്റെ വധുവിൽ നിന്നോ അതോ അവളുടെ ഏതോ കൂട്ടുകാരിവഴി ഒരു തൊഴിൽ സഖാവായ സിനിമാ ശാലയിലെ ഒരു ഗേറ്റ് കീപ്പറിൽ നിന്നോ ആണ് നന്ദോയ്ക്ക് കിട്ടിയത്. രണ്ട് ദിവസം മുമ്പ് അയാളാണ് കൈലാസത്തിന്റെ വധുവിന്റെ വീട്ടിൽ നന്ദോയുമായി കൂട്ടിമുട്ടിക്കാൻ മഹാകവിയെ കൊണ്ടു വന്നത്. അന്നവിടെവച്ചു മഹാകവി തന്റെ സിനിമാ സ്റ്റാർ സുഹൃത്തുക്കളെക്കുറിച്ചും മറ്റും ഒരുപാടു വീമ്പടിച്ചു. കൈലാസത്തിന്റെ വധു മുതൽ നന്ദോ, അവളുടെ ചേട്ടത്തി തുടങ്ങി സകലരെയും സിനിമാസ്റ്റാർ ആക്കാമെന്നു വാക്കു കൊടുത്തു. മധ്യസ്ഥയായി നില്ക്കുനാതിന് നൂറു രൂപ തരണമെന്നും, ഇന്നീ സമയത്തു മോഹിനിയുമായി കൂട്ടിമുട്ടിക്കാമെന്നും നന്ദോ വാക്കു കൊടുത്തു. മഹാകവി ഏറ്റു. മാത്രമല്ല അന്ന് നന്ദോയുടെ മുമ്പിൽ വച്ചു കൈലാസത്തിന്റെ വധുവിന് വേണ്ടി മദ്യവും തീനും സിഗററ്റിനുമെല്ലാമായി നാല്പത്തിയഞ്ച് അൻപതു രൂപയോളം ചെലവഴിക്കുകയും ചെയ്തു. ഗേറ്റ് കീപ്പർ അന്നേ അവളോട് പറഞ്ഞതാണ്, സാഹിബിന്റെ വീട്ടിലെ സ്ഥിതി അത്ര നല്ലതൊന്നുമല്ല. ചതിപറ്റരുതെന്ന്. എങ്കിലും നന്ദോക്ക് വിശ്വാസം വന്നില്ല. അവളുടെ സ്ത്രീബുദ്ധിക്ക് തോന്നിയതും, പുതിയപുള്ളിയെ സ്വന്തം പിടിയിൽ നിർത്താൻ അയാൾ ശ്രമിക്കുന്നതായിരിക്കുമെന്നാണ്. ഇന്നിപ്പോൾ മാധ്യസ്ഥകൂലിയായി 25 രൂപ മാത്രം ബോറിൽ നിന്നു കിട്ടുമെന്നു കണ്ടപ്പോൾ അവൾ ബുദ്ധിമതിയായി മാറി.

"ഇന്നവൾക്കു വരാൻ പറ്റില്ല. എന്റെ ചേട്ടൻ ഇന്നലെ രാത്രി കല്ക്കത്തയിൽ നിന്നു വന്നിട്ടുണ്ട്."

"നിങ്ങൾ പറഞ്ഞതോ ഇന്നു..."

"അതുകൊള്ളാം. മണിയൻ ഇപ്പോൾ വരുമെന്നാരറിഞ്ഞു. ഏഴെട്ടു ദിവസം കഴിഞ്ഞേ വരുന്നുള്ളുവെന്നു കത്തു വന്നതാണ്. എന്റെ അമ്മയും അച്ഛനും സംക്രാന്തിക്ക് ഇലാഹാബാദിൽ പോകാൻ തീരുമാനിച്ചിരുന്നു. ഇന്നലെ രാത്രി അവർ പോവുകയും ചെയ്തു. മണിയനിങ്ങനെ പെട്ടെന്നു വരുമെന്നു ഞാനറിഞ്ഞോ?"

മഹാകവി ബോർ ചാടി അവളുടെ കാല്ക്കൽ വീണു. "എന്തെങ്കിലും ഒന്നു ചെയ്യൂ നന്ദോബീബീ. ഒരിക്കലത്തേക്ക് മോഹിനിയെ എന്റെയടുക്കൽ കൊണ്ടു വരൂ". എന്നിട്ട് എഴുന്നേറ്റു നിന്നിട്ടു വികാര വിവശനായി പറഞ്ഞു "അകലെ നിന്നു കണ്ടുകണ്ട് എന്റെ ഹൃദയത്തിന് ഭ്രാന്തു പിടിച്ചു. മോഹിനിയെ എന്റെ ഹൃദയത്തോടടുക്കിപ്പിടിച്ചു അവളുടെ ചൂടുള്ള നിശ്വാസത്തിന്റെ പേനകൊണ്ട് ആ പ്രേമം വഴിയുന്ന നേത്രങ്ങളിലെ കറുത്ത ചായത്തിൽ എന്റെ ഹൃദയ ഭിത്തിയിൽ.."

"വിടൂ,...എന്താണിത്? വിടൂന്ന്..." നന്ദോ കുതറിക്കൊണ്ടു പറഞ്ഞു. മോഹിനിയെ ഹൃദയത്തോടു ചേർക്കുന്നതിന്റെ ആവേശത്തിൽ മഹാകവി ബോർ നന്ദോയെ അടുക്കിപ്പിടിച്ചിരിക്കയാണ്. കവി സ്വന്തം ഭാവനയുടെ ധാരയിൽ ഒഴുകി. നന്ദോയെ മുറുകെ അണച്ചു കൊണ്ടു പറഞ്ഞു "എന്റെ പ്രാണേശ്വരിയുടെ അടുത്തു കൊണ്ടു പോകൂ.. നന്ദോ റാണീ എന്റെ ഹൃദയത്തിലുറങ്ങിക്കിടക്കുന്ന രണ്ടാമത്തെ അനശ്വര ഗീതം ഉണരാനായി വെമ്പുകയാണ്...."

"താനും തന്റെ ഗീതവും തുലഞ്ഞു പോകട്ടെ. ഇത്തരം ചതിയന്മാരെ ഞാൻ കുറെ കണ്ടതാണ്. ആദ്യം എന്റെ രൂപാ കൊണ്ടാ."

"രൂപാ നിനക്കു വൈകുന്നേരം എത്തിക്കാം. നൂറല്ലേ ചോദിച്ചത്? ഞാൻ ഇരുനൂറു തരാം. നിന്നെയും എന്റെ ഹൃദയം മോഹിക്കുന്നു നന്ദോ റാണീ......"

"ഇതൊന്നും എനിക്കുപിടിക്കൂല്ലാ..എനിക്കെന്റെ ഭഗവാന്റെ സേവ ചെയ്താൽ മതി...."

"നിനക്കീശ്വരൻ നല്ല ഭക്തിതരട്ടെ. നീ ദയാലു അല്ലേ? ഞാനിതാ വീണ്ടും കാൽ പിടിക്കാം..."

മഹാകവി ബോർ കുനിഞ്ഞു. അയാൾ ധരിച്ചിരിക്കുന്ന സ്വെറ്ററിന്റെ കൈ അൽപം പൊങ്ങി. ഇടത്തെ കൈയിൽ ഒരു സ്വർണ വാച്ചു തിളങ്ങുന്നു. ആ വാച്ചിൽ കണ്ണുനട്ടുകൊണ്ടു നന്ദോ ബോറന്റെ കൈയുടെ കുഴയിൽ പിടിച്ചു തന്റെ കാലിൽ വീഴുന്നതു തടയാനെന്ന മട്ടിൽ. ഒരു കൈ വാച്ചിന്റെ മേലെയിരുന്നു. അവൾ പറഞ്ഞു. "നിങ്ങൾ വീണ്ടും വീണ്ടും നിർബന്ധിക്കുകയാണോ? വലിയ അപകടം പിടിച്ച പണിയാണ്... മണിയൻ ഒരു കൊലയാളിയാണ്." വാച്ചിന്റെ കണ്ണി തുറന്നോ...? നന്ദോ മുന്നോട്ടാഞ്ഞു അതു കൊളുത്തു വിടുവിച്ചു. എന്നിട്ടു പറഞ്ഞു "ശരി നിങ്ങൾക്ക് വേണ്ടി ഞാൻ ശ്രമിച്ചുനോക്കാം. ബാക്കിയെല്ലാം ഈശ്വരന്റെ കൈയിൽ...."

വാച്ചു ബോറന്റെ കയ്യിൽനിന്നു വഴുതി നന്ദോയുടെ കൈയിലെത്തി. മഹാകവിയുടെ മുഖത്തു വിളർച്ച പരന്നു. അയാൾ എന്തോ പറയാൻ മുതിരുമ്പോഴേക്കും നന്ദോ മുറിവിട്ടു പുറത്തു പോയി.

വാച്ചു പോയതിൽ മഹാകവി ദുഃഖിച്ചു. വില കൂടിയ വാച്ചാണ്. താൻ ഗോമതീസ്നാനത്തിന് പോകയാണെന്നും കതകടച്ചു സാക്ഷയിടണമെന്നും പറഞ്ഞു മോഹിനിയെ താഴത്തേക്കു കൂട്ടി വന്നു. മണിയൻ നല്ല ഉറക്കത്തിലാണ്. ഉറങ്ങുന്ന മകളെ നന്ദോ കൂടെ എടുത്തു കൊണ്ടു വന്നു തന്റെ കട്ടിലിൽ കിടത്തി.

പക്ഷേ മോഹിനിക്കും വിരഹേശനും അധികനേരം കഴിയാനവൾ അവസരം നൽകിയില്ല. മണിയൻ ഉണർന്നു എന്നുകേട്ടതുപാതി മോഹിനി മുറിയിൽ നിന്നോടാൻ തുടങ്ങി. പക്ഷേ വിരഹേശന് നന്ദോയുടെ അടവു പിടികിട്ടി. മോഹിനിയുടെ കൈയിൽ പിടിച്ചു നിറുത്തിയിട്ടയാൾ പറഞ്ഞു. "ഇവർ കള്ളം പറയുകയാണ്–നന്ദോബീബി പേടിക്കേണ്ട, നിങ്ങളുടെ നൂറുരൂപ ഇന്നു തന്നെ തന്നേക്കാം."

മോഹിനി ചോദിച്ചു,"ഏതു രൂപ?"

വികാരം മുറ്റിനിൽക്കുന്ന നേത്രങ്ങളോടെ അവളുടെ കണ്ണുകളിൽ നോക്കി പുഞ്ചിരിയോടെ അയാൾ പറഞ്ഞു. "കോഹിനൂർ രത്നത്തിന് വിലകൊടുക്കേണ്ടതുണ്ട്. മോഹിനീ...ഇവൾ എന്റെ വാച്ച് എടുത്തുവച്ചിരിക്കയാണ്."

"എന്തിന്?"

“അതൊക്കെ പോകട്ടെ; പിന്നെ വാച്ചിങ്ങു കിട്ടിയാൽ കൊള്ളാമായിരുന്നു. വൈകുന്നേരം ഞാൻ രൂപ കൊണ്ടുകൊടുക്കാം.”

“നാത്തൂനേ” മോഹിനി അറച്ചറച്ചു പറഞ്ഞു “ഞാൻ നിങ്ങളുടെ കാലുപിടിക്കാം. ഇദ്ദേഹം വലിയ കവിയാണ്. നിങ്ങളുടെ രൂപ തീർച്ചയായും കൊണ്ടുത്തരും. അതു കൊടുത്തേക്കൂ...”

നന്ദോ അനുസരിച്ചു. അവൾ വാച്ചു മടക്കിക്കൊടുത്തു. മാത്രമല്ല വിരഹേശന് മോഹിനിയുടെ സാമീപ്യസൗഖ്യം കൊണ്ടു രണ്ടാമത്തെ അമരഗീതം രചിക്കാനുള്ള പൂർണസൗകര്യവും നൽകി.

പക്ഷേ അന്നു വൈകുന്നേരം രൂപ എത്തിയില്ല. മോഹിനി വ്യക്തമായും അയാളിൽ മത്തയായിരുന്നു. അടുത്ത ദിവസം അതേ സമയത്തു മഹാകവി എത്തി. അന്നു മോഹിനി നേരത്തെ തന്നെ അയാളെയും കാത്തു നന്ദോയൊടൊപ്പം ഇരിക്കുകയായിരുന്നു. ബോർ അന്നു അൻപതുരൂപയും കൊണ്ടാണ് വന്നത്. ആയിരം നുണകൾ പറഞ്ഞു. അടുത്ത ദിവസം വളരെയേറെ കൊണ്ടു വരാമെന്നു വാഗ്ദാനം ചെയ്തു. അയാൾ കെഞ്ചി. മോഹിനിയും കാലുപിടിച്ചപേക്ഷിച്ചു. പക്ഷേ നന്ദോ കുലുങ്ങുന്നവളായിരുന്നില്ല. അവൾ ബോറിനോടു പറഞ്ഞു, “പോകുന്നുണ്ടോ? അതോ ഞാൻ ബഹളം ഉണ്ടാക്കണോ” പിന്നെ ശബ്ദം ഉയർത്തിയിട്ടു മോഹിനിയോടായി പറഞ്ഞു “ഇങ്ങോട്ടു വരൂ.”

മോഹിനി അനുസരിച്ചു. ബോറിന്റെ അടവൊന്നും ഫലിച്ചില്ല. അയാൾക്കവിടെ നിന്നു പോകേണ്ടി വന്നു. കതകടച്ചു സാക്ഷയിട്ടു. മോഹിനിയുടെ ഹൃദയം നന്ദോയെ വെറുത്തു. കോപംകൊണ്ടു കലുഷമായി. അവളുടെ ഹൃദയത്തിൽ അവിടെനിന്നിറങ്ങിപ്പോയ വിരഹേശന്റെ അതൃപ്തനയനത്തെയും, നിരാശനിറഞ്ഞ മുഖത്തെയും കുറിച്ച് ഓർമ്മ വരുംതോറും അവളുടെ ഹൃദയത്തിലും അതൃപ്തി വർധിക്കുകയും നന്ദോക്കെതിരെ വെറുപ്പു വർധിക്കുകയും ചെയ്തു. പക്ഷേ അവൾക്കൊന്നും പറയാൻ കഴിഞ്ഞില്ല. കതകടച്ചു സാക്ഷയിട്ടു. നന്ദോ മോഹിനിയോടു പറഞ്ഞു “ചേട്ടത്തീ ഇയാൾ മഹാചതിയനാണ്. സ്നേഹത്തിന് സ്നേഹം നൽകുന്നതും ശരീരത്തിൽ നിറയെ ആഭരണം ഇടാൻ ഇടയാക്കുന്നതുമായ നല്ല ബന്ധം വേറെ ഉണ്ടാക്കിത്തരാം...”

“എനിക്കാഭരണം ഒന്നും വേണ്ട, മനുഷ്യൻ പ്രേമത്തിനാണ് ദാഹിക്കുന്നത്. ആഭരണങ്ങളെ സ്നേഹിക്കുന്നതു നീചരാണ്.” എന്നു പറഞ്ഞ കൊണ്ടവൾ വീട്ടിനകത്തേക്കുപോയി. നന്ദോയുടെ മുറിയിൽനിന്നു കുഞ്ഞിനെയെടുത്തു മുകളിൽ പോയി കിടന്നു. ദീർഘനിശ്വാസം കേട്ട മണിയൻ ഉണർന്നു “ഉം എന്താ?” “ഒന്നുമില്ല. താഴെ വാതിലടയ്ക്കാൻ പോയതാണ്.” മണിയൻ ഉറക്കച്ചടവോടെ അവളെ കരങ്ങളാൽ അണച്ചുകൊണ്ടു വീണ്ടും ഉറങ്ങി. മോഹിനിയുടെ വിരഹവേദനയിൽ പിടയുന്ന ഹൃദയത്തിന് ഒരു സ്വസ്ഥതയും കിട്ടിയില്ല. നന്ദോയുമായി കൂട്ടുചേർന്നുനിന്നാൽ തന്റെ കാമുകനുമായി സമ്മേളിക്കാൻ തീർച്ചയായും അവസരം കിട്ടില്ല. അവൾ കുടിലയാണ്.

മോഹിനി മണിയനോട് അതുമിതും പറഞ്ഞു അയാളെ തനിക്കെതിരായി തിരിച്ചേക്കുമെന്ന ഭയം നന്ദോയ്ക്കുണ്ടായി. ഇപ്പോൾ തന്നെ മണിയന് നന്ദോയോടു വെറുപ്പാണ്. ഈയിടെയാണല്പം പ്രസന്നനായത്.

ബോർചെയ്ത ചതിയും, മോഹിനി പോയപ്പോൾ പറഞ്ഞ വാചകവും നന്ദോ

യുടെ കോപം മുഴുവൻ മോഹിനിയുടെ നേരെ തിരിച്ചു. നന്ദോ അന്നും ഗോമതിയിലേക്കു പോയില്ല. വീട്ടിൽ തന്നെ കുളിയും മറ്റും കഴിഞ്ഞു സ്വന്തം മുറിയിലിരുന്നവൾ ചിന്തയായി. മണിയനെ എങ്ങനെയെങ്കിലും തന്റെ പിടിയിലാക്കണം.

ഒന്നു രണ്ടു മണിക്കൂർ കഴിഞ്ഞു മോഹിനി കുളിക്കാനും നനയ്ക്കാനും മറ്റുമായി താഴെ വന്നു. മണിയൻ ഉണർന്നു കട്ടിലിൽ സിഗററ്റും പുകച്ചുകിടക്കുകയാണ്. അപ്പോഴേക്കും നന്ദോ സഹോദരന്റെ മുറിയിലെത്തി.

"എന്താ" മണിയൻ വിരസമായി സഹോദരിയോടു ചോദിച്ചു. സാധാരണയായി മണിയൻ സ്നേഹത്തിൽ അവളോടു സംസാരിക്കുന്നതുപോലും ദേഷ്യഭാവം കലർത്തിയാണ്. നന്ദോ നിഷ്ക്കളങ്കയായ ഒരു ഭക്തയുടെ മട്ടിൽ അവിടെ താഴെത്തന്നെ ചമ്രം പടിഞ്ഞിരുന്നിട്ടു പറഞ്ഞു. "ഞാനിപ്പോൾ നിങ്ങളുടെ ശത്രുവായി തീർന്നു അല്ലേ?"

മണിയൻ ഒന്നും മിണ്ടിയില്ല. നന്ദോ തുടർന്നു. "നിങ്ങൾ എന്നോടു പറഞ്ഞ കാര്യം ഒരക്ഷരം തെറ്റാതെ ഞാൻ അനുസരിക്കുന്നുണ്ട്. നേരം പുലർന്നാൽ ഗോമതിയിൽപോയി കുളിച്ചു വരും. ഈശ്വരനറിയാം. അമ്മയും അച്ഛനും പറഞ്ഞത് അനുസരിച്ചില്ലെന്നു വന്നിരിക്കാം. പക്ഷേ നിങ്ങൾ പറഞ്ഞതനുസരിക്കാതിരിക്കാനുള്ള തന്റേടം എനിക്കില്ല."

മണിയൻ അപ്പോഴും ഒന്നും പറഞ്ഞില്ല. "സന്തോയുടെ മരുമോൾ എന്നെ എത്ര തവണ വിളിച്ചെന്നോ? നിങ്ങളെക്കുറിച്ചവൾ ഒരുപാടു കരഞ്ഞു പറഞ്ഞു. പക്ഷേ നിങ്ങൾ പറഞ്ഞതിനുശേഷം ഞാൻ വീട്ടിന് പുറത്ത് കാൽ വച്ചിട്ടില്ല. ഞാൻ തെളിച്ചുപറഞ്ഞു ഞാനെന്റെ സഹോദരന്റെ ആജ്ഞ ലംഘിക്കില്ലെന്ന്. അദ്ദേഹത്തിന്റെ അഭിമാനമാണ് നോക്കുന്നത്."

മണിയൻ കട്ടിലിന്റെ പടിയിൽ കൈ തട്ടി സിഗററ്റിന്റെ ചാരം താഴെയിട്ടു. നന്ദോ പുഞ്ചിരിയോടെ തുടർന്നു. "കല്ക്കത്തയിൽ നിന്ന് എനിക്കൊന്നും കൊണ്ടുവന്നില്ല. ഞാൻ പരാതി പറയാനാണ് വന്നത്. ഇന്നലെ ഞാനൊന്നും പറഞ്ഞില്ല. സഹോദരിയുടെ സുഖവിവരം പോലും തിരക്കാൻ സഹോദരന് സ്നേഹമില്ലെന്നാണോ? അമ്മ കഴിഞ്ഞാൽ പിന്നെ സഹോദരിയാണ്...."

മണിയന്റെ ഹൃദയം അലിഞ്ഞു. പുഞ്ചിരിയോടെ ചോദിച്ചു "നിനക്ക് എന്താ വേണ്ടത്?"

"എനിക്കു നിങ്ങൾ സുഖമായിരിക്കുന്നതു കണ്ടാൽ മതി ചേട്ടാ! നേരം പുലരുന്ന സമയമാണിത്. നിങ്ങൾ ദീർഘായുഷ്മാനായിരിക്കട്ടെ." സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ അവളുടെ കണ്ണുകൾ കട്ടിലിന്റെ തലയ്ക്കലെ കാലിന്റെ അടുത്തേക്കു പോയി. അവളൊന്നു ഞെട്ടി. അതു കണ്ടു മണിയനു കൗതുകമായി. കുനിഞ്ഞു നോക്കിയിട്ടയാൾ ചോദിച്ചു. "എന്താണ്?"

"കറുത്ത ചരടിൽ കെട്ടിയ കടലാസാണെന്നു തോന്നുന്നു. നോക്കട്ടെ, അയ്യോ ചതിച്ചോ! ഇത് എന്തോ മന്ത്രവാദം ചെയ്ത ചരടാണ്. അതുതൊടല്ലേ, ഞാനാണയിട്ടു പറയാണ് തൊടല്ലേ, എന്റെ ഈശ്വരാ..." എന്നു പറഞ്ഞു അവൾ ചരടു ആഞ്ഞു കൈയിലെടുത്തു. അവളെന്തോപറയാൻ മുതിരുമ്പോഴേക്കും മണിയൻ രൂക്ഷമായ നോട്ടത്തോടെ ചോദിച്ചു. "ഇതു നിന്റെ തന്നെ പണിയായിരിക്കും അസത്തേ...."

"എന്നെ എന്തുവേണോ പറഞ്ഞോളൂ. അച്ഛനും അമ്മയും സത്യമായി ഞാനല്ല

ഇതു ചെയ്തത് (ചരടിന്റെ ചുറ്റഴിച്ചു കടലാസ് നിവർത്തിക്കൊണ്ടു) മഹാപാപീ ഇതു പച്ചോസിദ്ധന്റെ മന്ത്രമാണല്ലോ..."

മണിയനും കുനിഞ്ഞു കടലാസിലേക്ക് നോക്കി. കൊമ്പുള്ള ഒരു പുലിയെ കൊമ്പുംവാലുമുള്ള ഒരു രാക്ഷസൻ കൊല്ലുന്ന ചിത്രം. അത്ഭുതകരമായ ആ ചിത്രം മണിയനെ ഞെട്ടിച്ചു. നന്ദോയായിരിക്കും അത് കൊണ്ടിട്ടതെന്നാണവന്റെ വിശ്വാസം. അവൾക്കീ തൊഴിലുള്ളതല്ലേ! ഏതോ ഗൂഢാലോചനയ്ക്ക് ഒരുങ്ങിയതാവണം. കോപംകൊണ്ടയാൾ വിറച്ചു. പല്ലു ഞെരിച്ചു കൊണ്ടയാൾ ചോദിച്ചു. "സത്യം പറ; ഇല്ലെങ്കിൽ കൊന്നുകളയും."

നന്ദോ: "എന്തു വേണമോ ചെയ്തോളൂ ഞാൻ ചെയ്യാത്ത കാര്യത്തിന് എനിക്കു പേടിയെന്തിന്? പുറത്തു ഞാനെന്ത് ചെയ്താലും വീട്ടിനുള്ളിൽ ഇതു വല്ലതും ചെയ്യുമോ? എനിക്കെന്റെ സഹോദരൻമാരോടും അച്ഛനമ്മയോടും സ്നേഹമുണ്ട്. ധർമം ലംഘിച്ചു അന്യപുരുഷനെ കാമിക്കുന്നവർ സ്വന്തം പുരുഷനെ നശിപ്പിക്കാൻ വേണ്ടിയാണ് ഈ മന്ത്രവാദം ചെയ്യുന്നത്?"

മണിയന്റെ ക്രോധവും കാര്യമറിയാനുള്ള താല്പര്യവും വർധിച്ചു. ചോദിച്ചു.

"സത്യം പറ. കാര്യമെന്താണ്?"

നന്ദോ പറഞ്ഞു തുടങ്ങി."ഞാൻ പറയില്ലായിരുന്നു. എന്റെ സഹോദരനെ നശിപ്പിക്കാൻ തുടങ്ങിയാൽ പിന്നെ പറയാതിരിക്കുന്നതെങ്ങിനെ? ഇതു നിങ്ങളുടെ ഹൃദയറാണിചെയ്തതായിരിക്കും. അവളെക്കരുതിയല്ലേ സ്വന്തം സഹോദരിയെ പോലും കഷ്ടപ്പെടുത്തിയത്? ഈയിടെയായി റാണി പരപുരുഷനുമായി നോട്ടവും അടുപ്പവുമൊക്കെയാണ്. ഇവിടെ ഈ ജനലിനരികെയിരുന്നിട്ട്, അവിടെ തായിയുടെ വീട്ടിൽ ഒരു വാടകക്കാരനില്ലേ. അവരുമായി എഴുത്തു കൊടുപ്പും മറ്റുമാണ്. ഒരുദിവസം ഞാൻ അവിചാരിതമായി കണ്ടതാണ്."

"സത്യമാണോ, നന്ദോ?" മണിയൻ ശബ്ദം താഴ്ത്തി ചോദിച്ചു. അവന്റെ മുഖം വിളറി. കവിൾതടത്തിലെയും കഴുത്തിലെയും മാംസപേശികൾ വലിഞ്ഞു മുറുകി.

"ഞാനെന്തിന് കള്ളം പറയുന്നു? ഞാൻ കണ്ണു കൊണ്ട് കണ്ടതാണ്. നീണ്ട മുടിയുള്ള ഒരു മനുഷ്യനും ചേട്ടത്തിയും തമ്മിൽ തട്ടിൽനിന്ന് സഞ്ചി നൂലിട്ടു കെട്ടിയിറക്കി അതുവഴി എഴുത്തുകൊടുക്കുന്നു – അയാളുടെ എഴുത്തും കിട്ടിയിരിക്കണം..."

"ആ എഴുത്തെവിടെ?" മണിയൻ ഗർജിച്ചു. നന്ദോ മെല്ലെ പറഞ്ഞു. "ഇവിടെ കാണും. അവരുടെ പെട്ടിയിൽ നോക്കൂ. ഈ പച്ചോസിദ്ധന്റെ മന്ത്രവാദം കണ്ടില്ലായിരുന്നുവെങ്കിൽ ഞാനിക്കാര്യം—"

മണിയൻ അവൾ പറയുന്നതു കേൾക്കാൻ നിന്നില്ല. കോപാവേശത്തോടെ തന്റെ പ്രണയിനിയുടെ മറുകാമുകന്റെ കത്തുതിരയാൻ വേണ്ടി പെട്ടിയുടെ അടുത്തേക്ക് നീങ്ങി. നന്ദോ പതുക്കെ പുറത്തേക്കിറങ്ങി.

നിമിഷങ്ങൾക്കകം മണിയൻ മൂന്നു നാലു പെട്ടികൾ തുറന്ന് അടുക്കിവച്ചിരുന്ന തുണികൾക്കിടയിൽ പരിശോധിച്ചു, എല്ലാം വലിച്ചു പുറത്തിട്ടു. പൂട്ടിവച്ചിരുന്ന ഒരു പെട്ടി തല്ലിത്തുറന്നു. അതിൽ സിൽക്കുതുണിയിൽ പൊതിഞ്ഞു വച്ചിരുന്ന വിരഹേശന്റെ പ്രേമലേഖനങ്ങൾ കൈയിൽ കിട്ടി. എഴുത്തു വായിച്ചപ്പോൾ മണിയൻ ക്രോധം കൊണ്ട് എല്ലാം മറന്നു. കയ്യിലിരുന്ന കത്തിലെ അക്ഷ

രങ്ങൾപോലും കോപം ജ്വലിക്കുന്ന കണ്ണുകൾക്കു കാണാൻ വയ്യാത്ത അവസ്ഥ. മണിയൻ മുറിയിൽ നിന്നു ഗർജിച്ചു കൊണ്ടു പുറത്തേക്ക് ചാടി. "എവിടെ ആ തേവിടിശ്ശി?"

മോഹിനി ഇതൊന്നുമറിയാതെ താഴെ കുളിമുറിയിൽ കുളിക്കുകയായിരുന്നു. നന്ദോ അങ്ങോട്ടു ചൂണ്ടിയിട്ടു പറഞ്ഞു. "അവിടെയുണ്ട്." കുളിമുറിയുടെ കതകിന് ഉറക്കെത്തട്ടിയിട്ടു മണിയൻ ഗർജിച്ചു.

"നീചേ. കുലടേ, തേവിടിശ്ശീ—നിന്റെ" പാതികുളിച്ച നിലയിൽ നനഞ്ഞ വസ്ത്രങ്ങളോടെ മോഹിനിക്കു കതക് തുറക്കേണ്ടിവന്നു. സ്വയം ബോധമറ്റവനെപ്പോലെ മണിയൻ അവളുടെ കൈക്കു കടന്നുപിടിച്ചു. അവളെ പുറത്തു വലിച്ചിട്ടു. പറയാവുന്നതും പറയാൻ പാടില്ലാത്തതുമായ ആയിരം കാര്യങ്ങൾ വിളിച്ചു പറഞ്ഞുകൊണ്ടവളെ തല്ലുകയും ചവിട്ടുകയും ചെയ്തു. താഴെ കിടന്നിരുന്ന മോഹിനി സഹിയറ്റു നിലവിളിച്ചു. വീട്ടിൽ ബഹളമായി. ശങ്കറും ഭാര്യയും മുറിയിൽ നിന്നു വന്നു. മോഹിനിയുടെ നിലവിളിയും മണിയന്റെ ഗർജനവും അയൽവക്കത്തെ വീടുകളിലും തെരുവുകളിലും മുഴങ്ങിക്കേട്ടു.

നന്ദോ സ്വന്തം പൂജാമുറിയിലിരുന്നു കൃഷ്ണവിഗ്രഹത്തെ കുളിപ്പിക്കുകയാണ്.

ശങ്കർ ചേട്ടനെ തടുക്കാൻ ഭാവിച്ചു. "മാറൂ"— മണിയൻ സ്വബോധമറ്റ നിലയിലാണ്. വിരൽ ചൂണ്ടിയിട്ടു പറഞ്ഞു "ഇതെല്ലാം നിങ്ങൾ കാരണമുണ്ടായതാണ്. നീയാണെന്റെ വീട്ടിൽ ദുരാചാരങ്ങൾ കടത്തിയത്. ഞാനിന്ന് ഓരോരുത്തനെയും കൊല്ലും. ഈ ——മോൾ എന്റെ അഭിമാനം കെടുത്തി. ഇവളെ കുഴിച്ചു മൂടിയിട്ടേ ഞാനടങ്ങൂ. ഇന്നാടീ നിന്റെ പ്രേമം... ഇന്നാ നിന്റെ ഉമ്മ.... ഇതു നിന്റെ...."

ഒരു കൈകൊണ്ടവളുടെ ഒരു കയ്യിൽ പിടിച്ചുവലിച്ചു തളത്തിലും വരാന്തയിലും കൂടെ വലിച്ചിഴച്ചും ചവിട്ടിയും അടിച്ചും അവളെ അവശയാക്കി. നനഞ്ഞ സാരി ചെളിയിൽ മുങ്ങി. അവളുടെ ശരീരാവയവങ്ങൾ മറയ്ക്കാൻ പോലും കഴിയാതെയായി. ശബ്ദം കേട്ടു തെരുവിൽ നിന്നു ചിലർ വീട്ടിലേക്ക് വന്നു. 'എന്തുണ്ടായി?' 'എടോ തല്ലാതെ' എന്നീ ശബ്ദങ്ങൾ ചുറ്റുംനിന്നുമുണ്ടായി. അകത്തു വന്ന് രണ്ടു സ്ത്രീകളെ വിവരം ധരിപ്പിക്കാനായി നന്ദോ അവളുടെ മുറിയിലേക്ക് വിളിച്ചു.

"അമ്പോ രാക്ഷസീ" കഥ മുഴുവൻ കേട്ടിട്ടു പാർവതി പറഞ്ഞുപോയി. ബൻസോലാല മുറിയുടെ പടിയിലിരുന്നു കുനിഞ്ഞു പാർവതിയോടു ചോദിച്ചു "പാർവതീ എന്തുണ്ടായി?"

തന്റെ കർമത്തെ പഴിച്ചിട്ടു വേദന നിറഞ്ഞ സ്വരത്തിൽ പാർവതി ഉറക്കെ പറഞ്ഞു. "എന്തു പറയാൻ ചേട്ടാ, കലിയുഗം തന്നെ, രാജകുമാരനെ പോലുള്ള ഈ പയ്യനെ ഭർത്താവായിക്കിട്ടിയിട്ട്- വേണ്ടത്ര സമ്പാദിക്കുന്നില്ലേ, സുന്ദരനല്ലേ? നമ്മുടെ മണിയന് എന്താണൊരു കുറവ്? ഈശ്വരൻ നല്ലവരുടെ ആരുടെ വീട്ടിലും ഇങ്ങനെ വരുത്തരുതേ. പാപി! പന്നിയുടെ ജന്മമാണവൾക്ക്. രാജകൊട്ടാരത്തൽ കഴിഞ്ഞിട്ട് അഴുക്കും ചെളിയും മുഴുവൻ വീട്ടിൽ പരത്തുന്നവൾ! കലിയുഗം തന്നെ. കഷ്ടം—"

"എല്ലാം ഇംഗ്ലീഷു മട്ടുകൊണ്ടുണ്ടായതാണ്. ഇപ്പം സ്വരാജ്യവും വന്നില്ലേ.

സ്ത്രീകൾക്കു വോട്ടുകൊടുക്കാനും അവകാശം കിട്ടി. അവരിപ്പോൾ അവർക്കി ഷ്ടമുള്ളതൊക്കെ ചെയ്യും. പിന്നെ എന്നെയും നിങ്ങളെയും പോലുള്ള പഴയ ചിന്താഗതിക്കാരേ കാണൂ. അപ്പോ മൂക്കും മുറിച്ചിട്ടു മിണ്ടാതിരുന്നേ പറ്റൂ. നാളെ ഇവളുടെ ഭാഗം പിടിച്ച് ഏതെങ്കിലും പാർട്ടിക്കാർ വിമാനത്തിലൂടെ നോട്ടീസും പറത്തും. മൂക്കുമുറിച്ചതും പോരാ ലോകം മുഴുവൻ നാറ്റുകയും ചെയ്യും."

"എല്ലാവരേയും ഞാൻ പഠിപ്പിക്കും. സകലവനേയും ഞാൻ കൊല്ലും" തളത്തിൽ മണിയൻ ഗർജിച്ചു.

"ഇതുപണക്കാരുൾപ്പെട്ടകാര്യമാണ്." വെയിൽ ചുവരിൽ നിന്നിറങ്ങി താഴെ തെരുവിൽ പതിഞ്ഞു തുടങ്ങുമ്പോഴേക്കും ഭഭൂതിയുടെ വാതിൽക്കൽ വലിയൊരു ജനക്കൂട്ടം ഒത്തുകൂടിക്കഴിഞ്ഞു. മിസ്റ്റർ വർമയുടെ വീടിന്റെ മുമ്പിലും അതിന്റെ അപ്പുറത്തുള്ള വീടുവരെയും ആളുകൾ കൂടിനിന്നിരുന്നതിനാൽ തെരുവിലൂടെ നേരെ നടന്നുപോകാൻ വയ്യാത്ത സ്ഥിതി. ക്രമേണ കൂട്ടം വർധിച്ചുവന്നു. ഇടക്കിടെ ആവേശം വരുമ്പോൾ മണിയൻ വെളിയിൽ കിടന്നരുന്ന സ്വന്തം ഭാര്യയ്ക്കു രണ്ടുമൂന്നു തൊഴികൊടുക്കും. ആളുകൾ സമാധാനിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്. ചിലർ പൊടിപ്പും തൊങ്ങലും വച്ചു കാര്യങ്ങൾ പറയുന്നുണ്ട്. പറഞ്ഞു പറഞ്ഞു താരയും വർമയും അയലത്തു താമസിക്കുന്നതുകൊണ്ടാണെന്നും സജ്ജന്റെ മുറി ദുരാചാരത്തിനുള്ള താവളമാണെന്നും മറ്റും വരെയായി കാര്യങ്ങൾ. നന്ദോയുടെ മുറിയിൽ മഹിളാമണ്ഡലത്തിനിടയിൽ നടന്ന കുശുകുശുപ്പിൽ നിന്നവൾക്ക് ഗർഭം ഉണ്ടെന്നുവരെ കാര്യം പ്രചരിച്ചു. മണിയനതു കേട്ടു ജ്വലിച്ചു. "ഞാനീതേവിടിശ്ശിയെ ഈ വീട്ടിൽ വച്ചേക്കില്ല... അവളുടെ കാമുകന്മാരുടെ അടുത്തുതന്നെ പോട്ടെ. വാടീ കുലടേ...."

മണിയൻ അവളെ വലിച്ചിഴച്ചു വരാന്തയിലും തളത്തിലും മുറ്റത്തും, തട്ടിയും മുട്ടിയും ഉരഞ്ഞും ജീവനുണ്ടെങ്കിലും ശവം പോലെയായ മോഹിനിയുടെ ശരീരം പുറത്തു വലിച്ചിടപ്പെട്ടു. വളരെ പാടുപെട്ടു എങ്കിലും തിടുക്കത്തിൽ ഉരുണ്ടു പിരണ്ടെണീറ്റ് അവൾ വസ്ത്രം നേരെയാക്കിയിട്ട് അവിടെ ചുരുണ്ടുകൂടി മുട്ടിൽ തലയും കൊടുത്ത് മുഖം പുറത്തു കാണിക്കാതെ ശ്വശുരഗൃഹത്തിന്റെ പടിക്കൽ കുത്തിയിരുന്നു.

ജനക്കൂട്ടം വർധിച്ചുവന്നു. നഗരത്തിൽ പുതിയൊരു ചർച്ചാവിഷയം കിട്ടി.

ഈ സ്ത്രീ പ്രേമിക്കുന്നത് ഒരു കവിയെയാണ്. പിന്നെ പണക്കാരനായ ഒരു ചിത്രകാരനും കൂട്ടത്തിലുണ്ട്. ഇവിടെ ജാരപ്പണിക്കുള്ള താവളം അടിച്ചിരിക്കുകയാണ്. അവന്റെ മേടയിൽ നിന്നാണ് ഈ പ്രേമനാടകം തുടങ്ങിയത്. ഇക്കാര്യങ്ങൾക്കിടയ്ക്ക് സജ്ജനും കന്യയും തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച കഥകളും വിമാനം വഴി ലഘുലേഖകൾ വിതറിയ കാര്യവും വീണ്ടും ചൂടുള്ള ചർച്ചാവിഷയമായി. പണക്കാർക്ക് എതിരായുള്ള ജനങ്ങളുടെ വിരോധം കാരണം സജ്ജനെതിരായി ഉന്നയിക്കപ്പെട്ടിട്ടുള്ള ആരോപണങ്ങളും മറ്റും കൊണ്ട് അയാൾക്കെതിരായി ചൂടുള്ള ഒരന്തരീക്ഷം അവിടെയുണ്ടായി. മണിയന്റെ അനിയനും അനിയന്റെ ഭാര്യയും, താര, വർമ തുടങ്ങിയവരും പുതിയ ഫാഷൻ സ്വീകരിച്ചതിനെയും നാണം കെട്ട രീതിയിൽ നടക്കുന്നതിനെയും കുറിച്ചു ചർച്ചകൾ നടന്നു.

അഴുക്കിലും ചെളിയിലും കുതിർന്നു കൂനിക്കൂടിയിരിക്കുന്ന ഒരു സ്ത്രീ പലർക്കും പല രീതിയിൽ പുതിയ കാലത്തിനെതിരെ ആക്രോശങ്ങൾ നടത്താ

നുള്ള പ്രേരണയുണ്ടാക്കി. ചില ചെറുപ്പക്കാർക്കു പ്രായമായവരുടെ ഈ റിമാർക്കുകൾ രസിച്ചില്ല. തർക്കം ചൂടുപിടിച്ചു. അവസാനം ഒത്തുതീർപ്പെന്ന നിലയിൽ (പുതിയതും പഴയതുമായ തലമുറകൾ) കാലം പുതിയതായാലും പഴയതായാലും നന്മയും തിന്മയും എന്നും എവിടെയും ഉണ്ടായിരിക്കുമെന്ന നിഗമനത്തിലെത്തി. സമൂഹത്തിലെ അനാചാരങ്ങളും വ്യഭിചാരവും അവസാനിപ്പിക്കേണ്ടതാണെന്ന തീരുമാനവും ഒപ്പം ഉണ്ടായി. ജനങ്ങൾ ഇത്തരത്തിലുള്ള സാമൂഹ്യ-സാംസ്കാരിക പ്രശ്നങ്ങൾ ചർച്ചചെയ്തു ചില തീരുമാനങ്ങളും നിഗമനങ്ങളും സ്വീകരിച്ചശേഷം ആഫീസിലും സ്കൂളിലുംമറ്റും പോകാനുള്ള സമയമായെന്നു കണ്ട് അവരവരുടെ വീട്ടിലേക്കു പോയിത്തുടങ്ങി. പുതിയ ആളുകൾ വന്നുകൊണ്ടിരിക്കുന്നു. കണ്ടുനിന്നവർ മടങ്ങുകയാണ്.

അവർക്കെല്ലാം ഒരു കാഴ്ചവസ്തുവായി മോഹിനി കൂനിക്കൂടിയിരുന്നു.

27

ചേട്ടന്റെ കോപവും കൊന്നുകളയുമെന്ന ഭീഷണിയും നാലാളുടെ മുന്നിൽ തന്റെ അഭിമാനം കാക്കാനുള്ള താല്പര്യവും കാരണം ശങ്കർലാൽ മുകളിലേക്കു തന്നെ മടങ്ങി. സ്വരൂപ് രണ്ടാം നിലയിൽ ഭയന്നുവിറച്ചു നിൽക്കുകയായിരുന്നു. ഭയം കൊണ്ടവളുടെ മുഖം വിളറിവെളുത്തു. ശങ്കറിന്റെ വാചാലതയും എങ്ങോപോയി മറഞ്ഞിരുന്നു. ശങ്കറും പത്നിയും ഒട്ടൊന്നു മറഞ്ഞുനിന്ന് താഴത്തെ ബഹളങ്ങൾ മൂകരായി ശ്രദ്ധിച്ചു.

താരയും വർമയും ഈ ബഹളത്തിന്റെ കാരണമറിയാൻ ഉത്സുകരായിക്കഴിയുകയാണ്. താര മോൾതട്ടിലേക്കു പോകേണ്ടെന്നു വർമ വിലക്കി. ഭാര്യയുടെ പ്രേരണ കാരണം വർമ മേടവഴി ഭഭൂതിയുടെ വീട്ടിനുമുകളിൽ കൂടെ താഴെ ഇറങ്ങി. മൂന്നാം നിലയിലെ ഗോവണിപ്പടിയിൽ നിന്നു കൊണ്ടു താഴത്തെ ബഹളം കണ്ടു. സ്വരൂപയുടെ കണ്ണുകൾ അങ്ങോട്ടുചെന്നു. വർമയെ കണ്ടിട്ട് ഭർത്താവിനെ ആംഗ്യം കാണിച്ചു. വർമ അവരെ രണ്ടുപേരെയും മുകളിലേക്ക് വിളിച്ചിട്ട് ഒരു ദീർഘനിശ്വാസത്തോടെ പറഞ്ഞു "മിസ്റ്റർ ലാൽ, ഉടനെ പോലീസിനെ അറിയിക്കണം. ഈ തെരുവിലുള്ളവരും ദുഷ്ടൻമാർ തന്നെ. കണ്ടില്ലേ മണിയനെ പറഞ്ഞിളക്കി മോഹിനിദേവിയെ തല്ലിക്കുന്നത്."

ഭാര്യ കരഞ്ഞുകൊണ്ടു ശുപാർശ ചെയ്തു "അതേ. ഇയാളെ പോലീസിനെ കൊണ്ടു പിടിപ്പിക്കണം ഇല്ലെങ്കിൽ, പാവം ചേച്ചിയുടെ ജീവൻ....."

"എനിക്കെതിരൊന്നുമില്ല. പോലീസിടപെടുമ്പോൾ, പാവം, സജ്ജൻ കാര്യമില്ലാതെ ഇതിൽ ഇൻവോൾവ്ഡ് ആവുമല്ലോ എന്ന ഭയമാണ്. കണ്ടില്ലേ, ആളുകൾ അദ്ദേഹത്തെ മാത്രമല്ല, നമ്മെയും ചീത്ത വിളിക്കുകയാണ്". ശങ്കർലാൽ മറുപടിയായി പറഞ്ഞു.

"ഇവരെ എന്തു ചെയ്യാൻ പോകുന്നു.....?"

"അവരുടെ കുടുംബത്തിൽ ആരെയെങ്കിലും......"

"കുടുംബത്തിൽ ഈ പാവത്തിനാരിരിക്കുന്നു? മുറയ്ക്ക് ഒരു സഹോദരനാണുള്ളത്. അയാൾ ഈ നിലയിൽ ഇവരെ കൊണ്ടു പോകുമോ? സ്വരൂപാ നിന

ക്കെന്തുതോന്നുന്നു. എനിക്ക് തോന്നുന്നില്ല." താര പറഞ്ഞു.

സ്വരൂപ ദീർഘനിശ്വാസത്തോടെ "ഇല്ല."

"പുരുഷൻമാരുടെ മേധാവിത്വം, സ്വയം എന്തു വേണമെങ്കിലും ചെയ്യാം. ഒരു ദോഷവുമില്ല ഭാര്യ ഒരു പക്ഷേ...."

ഭാര്യയുടെ വാക്കുകൾ തടഞ്ഞിട്ടു വർമ ശങ്കറിനോടായി പറഞ്ഞു "എങ്കിൽ താങ്കൾ മിസ്റ്റർ സജ്ജൻ വർമയെ വിവരം അറിയിക്കണം."

"അദ്ദേഹം സ്ഥലത്തില്ല. എവിടെയോ പോയിരിക്കയാണ്."

"എങ്കിൽ വിരഹേശ്ജിയെ വിവരം അറിയിക്കണം. തെറ്റെന്തുതന്നെയായാലും അയാൾ മോഹിനീദേവിയുടെ ലവറല്ലേ."

"അതേ, അദ്ദേഹത്തെ അറിയിക്കണം." താര ഭർത്താവിന്റെ നിർദേശത്തെ പിന്താങ്ങി. പിന്നെ സ്വരൂപയോടായി പറഞ്ഞു "സ്വരൂപേ കുഞ്ഞിന് വിശക്കുന്നുണ്ടാകും അതാ കരയുന്നു."

സ്വരൂപ: "ഇന്നു വീട്ടിൽ പാലും കൊണ്ടു വന്നില്ല. താഴെ ഉണ്ടെങ്കിൽ തന്നെ അങ്ങോട്ടു ചെന്ന്....."

"എന്റെ വീട്ടിലേക്ക് വരൂ" താര പറഞ്ഞു. എന്നിട്ട് ശങ്കറിന്റെ നേരെ നോക്കിയിട്ട് പറഞ്ഞു "മിസ്റ്റർ ലാൽ നിങ്ങൾ എങ്ങനെയെങ്കിലും വിരഹേശ്ജിയെ വിവരം അറിയിക്കണം....."

"എനിക്കദ്ദേഹത്തിന്റെ വീടറിഞ്ഞുകൂടാ.... എങ്കിലും ഞാ... ഞാൻ മഹിപാലദ്ദേഹത്തിന്റെ അങ്ങോട്ടു ചെല്ലാം. അദ്ദേഹം സാഹിത്യകാരനായതു കൊണ്ട് ഒരു പക്ഷേ....."

"ഡൂ പ്ലീസ്, വേഗം പോകൂ"–വർമ.

"ശരി വരൂ. താങ്കളുടെ വീടു വഴിയേ പോകാം. സൈക്കിളും താങ്കളുടെ തന്നെ എടുക്കാം......"

"അതെ വരൂ."

"എന്റെ വീട്ടിന്റെ വാതിലിൽ കൂടി ഇപ്പോൾ ഇറങ്ങിപ്പോകുന്നത് ശരിയല്ല."

"അതു ശരിയാണ്. വരൂ."

എല്ലാവരും വർമയുടെ വീട്ടിലേക്ക് പോകാനായി മച്ചിലേക്ക് തിരിച്ചു. സ്വരൂപ് കുഞ്ഞിനെ ഭർത്താവിന്റെ കൈയിൽ കൊടുത്തിട്ടു പറഞ്ഞു "നിങ്ങൾ നടക്കൂ. ഞാൻ മുറി പൂട്ടിയിട്ടുവരാം."

ഒന്ന് ഒന്നര മണിക്കൂർ കഴിഞ്ഞപ്പോൾ മഹിപാലും കർണലും എത്തി. ജനക്കൂട്ടം പിരിഞ്ഞിരുന്നെങ്കിലും കുറേ സ്ത്രീപുരുഷൻമാർ പൊടിപ്പും തൊങ്ങലും വച്ച് ചർച്ചകൾ തുടരുകയാണ്. മണിയൻ സ്വീകരണമുറിയിൽ ഒത്താശ പറയാനെത്തിയ മൂന്നു നാലു താല്ക്കാലിക ലോഹ്യക്കാരുടെ മധ്യത്തിലിരുന്നു സിഗററ്റു വലിക്കുകയാണ്. നന്ദോയുടെ ദർബാർ മുറി മുറ്റത്തേക്കു മാറിയിട്ടുണ്ട്. സ്വരൂപ ഇതിനിടെ മോഹിനിയുടെ കുട്ടിയെയും എടുത്ത് താരയുടെ വീട്ടിൽ എത്തി ഭർത്താവിനെയും പ്രതീക്ഷിച്ചിരിക്കുകയാണ്. താരയും വർമയും ആ പ്രതീക്ഷയിൽ തന്നെ. വർമ ഇന്നു ജോലിക്ക് പോയില്ല. വർമ വാതിലിലൂടെ കർണലും മഹിപാലും തെരുവിലേക്കു കടക്കുന്നതു കണ്ടു. ശങ്കർലാൽ അവരോടൊപ്പം ഇല്ല. ഇവർ കാറിലാണ് വന്നത്. കർണലിന്റെ ഡ്രൈവറും അവരോടൊപ്പം ഉണ്ട്.

ജനങ്ങളെ തള്ളിമാറ്റിയിട്ടു മഹിപാൽ മോഹിനിയുടെ അടുത്തെത്തി. കർണലും ഒപ്പം എത്തി. തപസ്സനുഷ്ഠിക്കും മട്ടിൽ മോഹിനി തലയും കുമ്പിട്ട് അതേ ഇരിപ്പിൽ തന്നെ– ഒരു വ്യത്യാസമേയുള്ളൂ. വെയിലേറ്റ് അവളുടെ വസ്ത്രങ്ങൾ ഉണങ്ങിയിരുന്നു.

മഹിപാൽ മുന്നോട്ടു നീങ്ങി മോഹിനിയുടെ തലയിൽ കൈവച്ചിട്ട് പറഞ്ഞു "എഴുന്നേൽക്കൂ സോദരീ എന്റെ കൂടെ വരൂ..."

മോഹിനി തല ഉയർത്തിയില്ല. കർണൽ കൂടിനിന്ന ജനങ്ങളുടെ നേരെ നോക്കിയിട്ട് തട്ടിക്കയറി. "നിങ്ങൾ ഇവിടെ കൂടി നിൽക്കുന്നതെന്തിന്? വല്ല തമാശയുമാണോ ഇത്?" കൂട്ടത്തിൽ തെറിച്ച ആരോ ഒരുത്തൻ ചിരിച്ചിട്ട് പറഞ്ഞു "ഇത് തമാശ തന്നെയല്ലേ സാർ, ലൈലാമജ്നു കഥ...?"

"തനിക്കു നാണമില്ലേ...." മഹിപാലും കർണലും ഒന്നിച്ചാണാവാചകം പറഞ്ഞത്. മഹിപാൽ പറയാൻ തുടങ്ങുന്നതു കണ്ടു കർണൽ മൗനം പാലിച്ചു. "നിങ്ങൾക്കിതു തമാശയാണ്, പാവപ്പെട്ട ഈ സ്ത്രീയുടെ ഈ നില കണ്ടപ്പോൾ നിങ്ങൾക്കു രസമാണ്, അല്ലേ, ഞാൻ ചോദിക്കട്ടെ നിങ്ങളിൽ മനസാ വാചാ കർമണാ ശുദ്ധരായിട്ടുള്ളവരാരെങ്കിലുമുണ്ടെങ്കിൽ മുന്നോട്ടുവന്ന് ഈ സ്ത്രീയെ നിന്ദിക്കൂ... ഈ സ്ത്രീ ചെയ്തതു തെറ്റാണെന്നു സമ്മതിച്ചു. പക്ഷേ നിങ്ങളിൽ പാപം ചെയ്യാത്തവരും, സച്ചരിത്രരായവരും ആരുണ്ട്? അങ്ങനെയുള്ളവർ എന്റെ മുന്നിലോട്ടു വരൂ..."

ആളുകൾ ഒരു നിമിഷനേരത്തേക്ക് ഒന്നും മിണ്ടാതെ നിന്നു. മണിയൻ ഉമ്മറപ്പടിയിൽ വന്നു നെഞ്ചു വിരിച്ചു നിന്നിട്ടു ചോദിച്ചു "അതു ചോദിക്കാൻ നിങ്ങളാര്?" മഹിപാലിന് താനപമാനിതനായതു പോലെ തോന്നി. പുരികം വളഞ്ഞു ചോദിച്ചു "അതുചോദിക്കാൻ നിങ്ങളാര്?"

"ഞാനീ സ്ത്രീയുടെ ഭർത്താവാണ്."

"എങ്കിൽ തന്റെ ഭാര്യയെ വേഗം വീട്ടിനകത്തേക്കു കൂട്ടികൊണ്ടു പോകണം."

"നിങ്ങൾ..." മണിയനെന്തോ പറയാൻ തുടങ്ങും മുൻപുതന്നെ കർണൽ കോപത്തോടെ ഇടയ്ക്കു കയറി പറഞ്ഞു "ഈ നിങ്ങളെന്നും താനെന്നുമൊക്കെ ആരെ വിളിക്കുന്നു? ഭാര്യയെ തല്ലാൻ നിങ്ങൾക്കാരധികാരം തന്നു? അവൾ സ്വഭാവദൂഷ്യം വന്നവളാണെങ്കിൽ കോടതിയിൽ ചെന്ന് ഒഴിയണം. നിയമം കൈയിലെടുക്കാൻ നിങ്ങൾക്കെന്തധികാരം?"

"നിങ്ങളും, ഇവളുടെ പ്രിയ...." മണിയന്റെ വാചകം പൂർത്തിയാക്കുന്നതിനു മുമ്പു മഹിപാൽ അയാളുടെ കൈക്ക് കടന്നുപിടിച്ചു വലിച്ചു. അവിചാരിതമായുണ്ടായ ആ ആക്രമണം മണിയനു തടുത്തുനില്ക്കാൻ കഴിഞ്ഞില്ല. അയാൾ തെരുവിലേക്കു ചാടിപ്പോയി. വാതിലിനോടു ചേർന്നുള്ള ചവിട്ടുപടിയിൽ കാൽ തട്ടി. പോരാത്തതിന് മഹിപാൽ കൈനിവർത്തി വീശി ചെകിട്ടിൽ ഒരടിയും കൊടുത്തു. മണിയന്റെ കണ്ണിൽ തീപ്പൊരി പറന്നു. മഹിപാൽ അയാളുടെ ഇടതുകൈയ് പിടിച്ചു വച്ചിരിക്കുകയായിരുന്നു. വലത്തെകൈ അയാൾ അടിക്കാനായി ഉയർത്തിയപ്പോൾ മഹിപാൽ കൈയുടെ കുഴയിൽ കടന്നു പിടിച്ചു. രണ്ടു പേരും അന്യോന്യം ഗുസ്തിയായി. കർണൽ ജനക്കൂട്ടത്തിലേക്ക് നോക്കി ഉറക്കെ വിളിച്ചു. "ഡ്രൈവർ, ഡ്രൈവർ, ഏയ് ശിവമംഗൽ"... ശിവമംഗൽ മുന്നോട്ടു കടന്നുവന്നു. കർണൽ അയാളോട് ഉറക്കെ വിളിച്ചു പറഞ്ഞു. "ലാലാ ജാനകീസ

രന്റെ അവിടെ ചെന്നു സ്റ്റേഷനിലേക്കു ഫോൺ ചെയ്യൂ. ശുക്ലാജിയോടു പെട്ടെന്നിവിടെ വരാൻ പറഞ്ഞതായി പറയൂ..."

ആൾക്കൂട്ടത്തിൽ വെറുതെ തമാശകാണാനെത്തിയവരും പരപീഡയിൽ ആനന്ദിക്കുന്നവരും, ഏതിനെയും എതിർക്കുന്ന സ്വഭാവക്കാരും ഉണ്ടായിരുന്നു. പരനിന്ദയും പരദൂഷണവും സുഖമാണെങ്കിലും പോലീസിന്റെ പേർകേട്ടപ്പോൾ അവർ തിരിഞ്ഞു പോകാൻതുടങ്ങി, തമാശ കാണാനെത്തിയവരും സ്ഥലം വിട്ടു. എതിർപ്പിന് കച്ചകെട്ടിവന്നവരിൽ ആരോ ഒരാശാൻ പോലീസെന്നുകേട്ടപ്പോൾ വിളിച്ചു പറഞ്ഞു. "അതേ പോലീസിനെയും, പട്ടാളത്തെയും വിളിച്ചോളിൻ. ഇപ്പോൾ പണക്കാരുടെ ഭരണമല്ലേ!. നാശങ്ങൾ തെരുവിൽ വന്നു വ്യഭിചാരം നടത്തുന്നതും പോരാ, പിന്നെയും പോലീസിന്റെ ഭീഷണിയും നടത്തുന്നോ?" മറ്റൊരുവൻ: "ഇവരെയും ഇവരുടെ പോലീസിനെയും വകവരുത്തണം."

മണിയനെ മഹിപാലിന്റെ പിടിയിൽനിന്നു വിടുവിച്ചു മറ്റാരോ പിടിച്ചു വച്ചിരിക്കുകയാണ്. അതിൽനിന്നു കുതറിക്കൊണ്ട് അയാൾ വിളിച്ചുപറഞ്ഞു. "എന്റെ ഭാര്യയാണ്, ഞാനടിക്കും... രക്ഷിക്കാനാരെങ്കിലും വന്നാൽ അവരെയും ഞാൻ തല്ലും."

"പോട്ടെ, കളയൂ..."

"വലിയ നേതാക്കൾ ചമയുന്നു! എന്റെ അഭിമാനമാണ് നശിച്ചത്. ഈ കുലടയെ അവളുടെ കാമുകന്മാരുടെ മുമ്പിൽ വച്ചുതന്നെ..." ആളുകളുടെ പിടിയിൽനിന്നു കുതറിമാറിയ മണിയൻ വീണ്ടും മോഹിനിയെ തൊഴിച്ചു. മഹിപാൽ ക്രോധാവേശത്തോടെ മുന്നോട്ടുചെന്നു. ആളുകൾ രണ്ടു പേരെയും തടഞ്ഞു. "പോട്ടെ സാറേ, ഏയ് മണിയാ, പറഞ്ഞാൽ കേൾക്കാത്തതെന്ത്? ഇനി അടിച്ചിട്ടും തൊഴിച്ചിട്ടും എന്തു ഫലം. തനിക്കവളെ വേണ്ടെങ്കിൽ അങ്ങ് ഉപേക്ഷിച്ചേക്കണം. അവൾ അവളുടെ വീട്ടിലേക്കു പോയ് ക്കോട്ടെ."

"എവിടെയോ പോട്ട്, നരകത്തിൽ പോട്ടെ. കുലട".... മണിയനെ പിടിച്ചു വലിച്ച് അവർ വീട്ടിനുള്ളിലേക്ക് കൊണ്ടുപോയി, മഹിപാൽ അടിച്ചു. ഈ അപമാനം മണിയന് സഹിക്കുന്നില്ല. അയാൾ സ്വബോധമററവനെപ്പോലെ നിന്നു വിറയ്ക്കുകയായിരുന്നു.

ലാലജാനകീസരണും, പോലീസ് ഇൻസ്പെക്ടർ ശുക്ലയും രണ്ടു കോൺസ്റ്റബിൾമാരും വന്നു. അവരെക്കണ്ടു ജനങ്ങൾ ഒതുങ്ങി. അവർ കുറെനേരം മണിയനുമായി സംസാരിച്ചിരുന്നു. അയാൾക്കിനി അവളെ ആവശ്യമില്ലെന്നു പറഞ്ഞു. "ആർക്കു വേണമെങ്കിലും കൊണ്ടുപോകാം. നാശം നരകത്തിൽ പോട്ടെ.... വേശ്യാലയം തുറക്കട്ടെ...."

മണിയനെ ആളുകൾ അകത്തു സ്വീകരണമുറിയിലേക്ക് വലിച്ചുകൊണ്ടു പോയി. ലാലാജാനകീസരണും കർണലും രണ്ടുനാലുപേരും ചേർന്ന് ആളുകളോടു പിരിഞ്ഞു പോകാൻ അഭ്യർഥിച്ചു.

ശങ്കർലാൽ സ്നേഹത്തോടെ ജ്യേഷ്ഠത്തിയെ വിളിച്ചു. രണ്ടുരണ്ടരമണിക്കൂറുകൾക്കുശേഷം മോഹിനിയുടെ തല കാൽമുട്ടുകൾക്കിടയിൽ നിന്ന് ഒന്നുയർന്നു. മുഖം കല്ലുപോലെ മരവിച്ചിട്ടുണ്ട്. ഇതിനിടെ മഹിപാലിന്റെ മനസ്സും ഈ കാഴ്ചയിൽ നിന്നെല്ലാം അകന്നു സ്വന്തം ചിന്തയിൽ ലീനമായിക്കഴിഞ്ഞിരുന്നു.

വർമയുടെ വീട്ടിൽ മോഹിനിയെ കൊണ്ടുചെന്ന ഉടനെ താരയും രൂപയും അവളെ കെട്ടിപ്പിടിച്ചു. ശിലാവിഗ്രഹം പോലെ മോഹിനി നിന്നു. ശരീരത്തിൽ മുഴുവൻ അടിയുടെ തഴമ്പും നീല അടയാളങ്ങളും കണ്ടു. ഇനി എന്താണ് വേണ്ട തെന്ന പ്രശ്നത്തെക്കുറിച്ചു വർമയും ശങ്കറും ആലോചനയായി. ജാനകീസര ണനോടൊപ്പം അദ്ദേഹത്തിന്റെ വീട്ടിലേക്കു പോകുമ്പോൾ കർണൽ പറഞ്ഞിട്ടു പോയി. "ആ സ്ത്രീക്ക് ഒരുപാടു തല്ലുകൊണ്ടിട്ടുണ്ട്. ഞാൻ ഡോ. ഷീലയെ ടെലിഫോൺ ചെയ്തു വരുത്താം. സീരിയസ്സായി ഉള്ളിൽ വല്ല ക്ഷതവും പറ റിയോ എന്നറിയില്ല. അടിയുടെ റീയാക്ഷൻ ഇനിയും കാണും. അവർക്കു പെട്ടെന്നു പാലും ബ്രാണ്ടിയും കൊടുക്കണം."

കാര്യം പോലീസ് സ്റേറഷനിലെ രജിസ്ററിൽ ഉൾപ്പെടുത്തേണ്ടതില്ലെന്നു ജാനകീസരണന്റെ വീട്ടിൽ വച്ചുള്ള ആലോചനയിൽ തീരുമാനിക്കപ്പെട്ടു.

തെരുവിന്റെ അഭിമാനത്തിന്റെ പ്രശ്നമാണ്. ഇൻസ്പെക്ടർക്ക് നല്ലൊരു തുക കിട്ടും. ഭഭൂതി പക്കാ പുള്ളിയാണ്. ശങ്കർലാലിനെ അവിടെ വിളിപ്പിച്ചു. ലാലാ അയാളെ അല്പം അകലത്തേക്കു കൂട്ടിക്കൊണ്ടുപോയി കാര്യങ്ങൾ പറഞ്ഞു മന സ്സിലാക്കി. ശങ്കർലാൽ അഞ്ഞൂറുരൂപയ്ക്കു ലാലാജിയുടെ പേരിൽ ചെക്കെഴുതി. ലാലാ രൊക്കം നോട്ടുകൾ ശുക്ലയുടെ കീശയിൽ രഹസ്യമായി തിരുകി. സ്ത്രീയുടെ കാര്യത്തിൽ അവളെ വിരഹേശനെ ഏല്പിക്കാനും തീരുമാനമായി. അല്ലാതെ മറെറവിടെ അയയ്ക്കാൻ?

ഡോ.ഷീല ഒരോപ്പറേഷൻ നടത്തിക്കൊണ്ടിരിക്കുകയാണ്. പേഷ്യന്റിനെ അങ്ങോട്ടു കൊണ്ടു ചെല്ലാൻ പറഞ്ഞു. കർണൽ അതു സമ്മതിച്ചിട്ടു പറഞ്ഞു. "പേഷ്യന്റിനെയും കൊണ്ടു മഹിപാൽ അങ്ങോട്ടു ചെല്ലുമെന്ന്."

മഹിപാൽ പറഞ്ഞു "ഞാൻ ബോറനെ കണ്ടുപിടിക്കാൻ പോകുന്നു..."

"ബോറനെ നിങ്ങളെക്കാൾ നന്നായിട്ട് എനിക്കറിയാം... അയാളെന്റെ കടക്കാ രനാണ്." കർണൽ പറഞ്ഞു. "ആ തെമ്മാടിയെ പിടിച്ചു കെട്ടി സ്റ്റേഷനിൽ കയ ററി ചെരുപ്പുകൊണ്ട് അടിക്കണം."

"ഞാൻ ബോറന്റെ അങ്ങോട്ടു പോകാം. നിങ്ങൾക്കയാളുടെ വീടു കണ്ടുപി ടിക്കാൻ വിഷമമായിരിക്കും." വാസ്തവത്തിൽ മഹിപാലിന് അപ്പോൾ ഷീലയെ കാണാൻ ആഗ്രഹമില്ല. മോഹിനിയും ബോറനും തമ്മിലുള്ള ബന്ധം ഷീല യുടെ മുമ്പിൽ അവതരിക്കപ്പെടും. അതു വിചാരിച്ചപ്പോൾ മഹിപാലിന്റെ ഹൃദയം അസ്വസ്ഥമായി. താനും ഭാര്യയെ ദ്രോഹിക്കാറുണ്ട്. വിരഹേശനെപ്പോലെ ഭാര്യയും മക്കളുമുള്ളവനാണ് താനും. എന്നിട്ടും അന്യസ്ത്രീയെ പ്രേമിക്കുന്നു. പ്രേമം യഥാർഥമാണ്. അപ്പോൾ മോഹിനിയെയും വിരഹേശനെയും എങ്ങനെ കുററപ്പെടുത്തും? എങ്കിലും.... ആ എങ്കിലിൽ നിന്നു രക്ഷപ്പെടാൻ മഹിപാൽ ആഗ്രഹിച്ചു. ഷീലയിൽനിന്നു-തന്നിൽനിന്നു തന്നെ - രക്ഷപ്പെടണം. താനൊരു ഭർത്താവാണ്, പിതാവാണ്. ഗാർഹികമായ ചില കർത്തവ്യങ്ങൾ തനിക്കുണ്ട്. അവ പാലിക്കപ്പെടണം. മറെറാരു ചിന്തയും പാടില്ല. 'മഹിപാൽ ചിന്തകൾ കളയൂ. ഹൃദയത്തെ ഭസ്മമാക്കൂ... കഴിഞ്ഞജീവിതം മറക്കൂ. മറക്കൂ..' അയാളുടെ ഹൃദയം മന്ത്രിച്ചു. ഷീല അവളുടെ വീട്ടിലിരുന്നു മോഹിനിയെ സമാധാനിപ്പിക്കുകയാണ്. 'കഴിഞ്ഞുപോയ ജീവിതം മറക്കൂ.. പുതിയ ഒരു ജീവിതം തുടങ്ങൂ.'

കുറേ കഴിഞ്ഞപ്പോൾ മഹിപാൽ വിരഹേശനെ കൂട്ടിക്കൊണ്ടുവന്നു. ഷീല

യുടെ വീട്ടിലേക്ക് കയറ്റിവിട്ടിട്ട് അകത്തേക്കു കടക്കാതെ പൊയ്ക്കളഞ്ഞു. കർണലും ഷീലയും ശങ്കറും സ്വരൂപുമെല്ലാം സാമദാനഭേദദണ്ഡനീതികൾവെച്ചു വിരഹേശനെ സമ്മതിപ്പിച്ചു. മോഹിനിയെ രക്ഷിച്ചുകൊള്ളാമെന്നു വിരഹേശൻ ഏററു. പോകാൻനേരത്ത് സ്വരൂപ് മോഹിനിയെ കെട്ടിപ്പിടിച്ച് ഒരുപാടു കരഞ്ഞു. ശങ്കർ ലാലിന്റെ കണ്ണിൽ നിന്നും ധാരയൊഴുകി. കർണലിന്റെ കണ്ണും നിറഞ്ഞു. മോഹിനി ശിലപോലെ നിന്നു.

വിരഹേശൻ തന്റെ ഹൃദയഹാരിണിയുടെ കരവും പിടിച്ചു വാതിലിലേക്കു നീങ്ങി. മോഹിനി തലയും കുനിച്ച് അടിവെച്ചടിവച്ചുനടന്നു. പുതുതായി വിവാഹം കഴിഞ്ഞ വധുവിനെപ്പോലെ. ഉമ്മറപ്പടിയിലെത്തി അവൾ നിന്നു. തിരിഞ്ഞ് എട്ടുപത്തു നിമിഷനേരത്തേക്ക് സ്വരൂപയുടെയും ശങ്കറിന്റെയും കണ്ണു കളിലേക്കു നോക്കി. പിന്നെയെന്തോ പറയാൻ ഭാവിച്ചു. മർമരസ്വരത്തിൽ പറഞ്ഞു "കുഞ്ഞിനെ അമ്മ നോക്കിക്കോളും, എന്റെ മോളെ നോക്കിക്കോ ളണേ....എന്റെ മോൾ....മോൾ..." പറഞ്ഞുപറഞ്ഞവൾ ബോധംകെട്ടു വീണു.

അന്നു രാത്രി എട്ട് എട്ടര മണിക്ക് ലഖ്നൗവിൽ, തെരുവിലുള്ള സജ്ജന്റെ മുറി ജനങ്ങൾ ആക്രമിച്ചു. മോഹിനിയും ബോറനും തമ്മിലുള്ള പ്രണയനാടക ത്തിനുള്ള ഉത്തരവാദിത്വം മുഴുവൻ ആളുകൾ സജ്ജന്റെ തലയിൽ വച്ചു. പഴയ കാര്യങ്ങൾ വീണ്ടും വിളമ്പി. അന്നു സജ്ജൻ മുറി എടുത്തപ്പോൾ തെരുവിലു ള്ളവർ പത്രങ്ങളിൽ അയാൾക്കെതിരെ എഴുതിയതും, പണക്കാരൻ തെരുവിൽ ദുരാചാരങ്ങൾക്കാണ് ഒരുങ്ങുന്നതെന്നു മുന്നറിയിപ്പു നല്കിയതും മറ്റും ഉഷാ റോടെ വീണ്ടും ചർച്ചയായി. "ഇങ്ങനെയെന്തെങ്കിലും നടക്കുമെന്നു ഞങ്ങൾ അന്നേ പറഞ്ഞതാണ്". ചിലർ അവരുടെ ബുദ്ധിവൈഭവം പ്രകടിപ്പിച്ചു. മണി യന്റെ കൂട്ടുകാർ ആവേശഭരിതരായി. നേതാവ് സാലിഗ്രാമും, ലാലാജാനകീസ രണും ആളുകളെ ഇളക്കി. തെരഞ്ഞെടുപ്പിന്റെ ബഹളത്തിൽ ഭിന്നിച്ചുനിന്നവർ പോലും ഒന്നിച്ചു ചേർന്നു് സജ്ജന്റെ മുറിയിൽ ചാടിവീണു. ആവേശഭരിതരായ ജനക്കൂട്ടം മുറിയുടെ പൂട്ടു തല്ലിത്തകർത്തു. സജ്ജൻ വരച്ചുവച്ചിരുന്ന ചിത്ര ങ്ങൾ കീറിഎറിഞ്ഞു. പെയിന്റിന്റെ ട്യൂബുകൾ ചവിട്ടിമെതിച്ചു. തറയിലാകെ ചായങ്ങൾ. ചെറിയമുറിയിൽ പത്തിരുപതാളുകൾ കടന്നുകയറി തോന്നിയപോ ലെയെല്ലാം ചെയ്യുകയാണ്. ചുവരിൽ തൂക്കിയിട്ടിരുന്ന മൂന്നു ചിത്രങ്ങൾക്കും കഷ്ടകാലം പിടിച്ചു. ഒന്നിന്റെ മേൽ സ്റ്റവ് എടുത്തെറിഞ്ഞു. രണ്ടാമത്തേതു ചായക്കോപ്പ എടുത്തെറിഞ്ഞു കീറി. മൂന്നാമത്തേതിന്റേമേൽ സ്റ്റൂളിന്റെ ശക്തിപ രീക്ഷിച്ചു. കമ്പിളി കീറിയെറിഞ്ഞു. സ്റ്റവിലെ മണ്ണെണ്ണ മെത്തയിലും തലയിണ യിലും ഒഴിച്ചു. അതിൽ തീപ്പെട്ടി ഉരച്ചുവെച്ചു. മുറി മുഴുവൻ ഉടഞ്ഞ ഗ്ലാസ്സു കളും, കീറിയ ചിത്രങ്ങളും, ചിന്നിച്ചിതറിയ ചായവും, തുണിക്കഷണങ്ങളും കൊണ്ടു നിറഞ്ഞു.

അയൽപക്കത്തുള്ള വീടുകളുടെ മട്ടുപ്പാവിലും, ജനാലയിലും കൂടിനിന്ന് ആളു കൾ ഈ ഭ്രാന്തനൃത്തം കാണുകയാണ്. ആട്ടവും തെറിവിളിയും, നശിപ്പിച്ചുകള യുമെന്ന ആക്രോശങ്ങളും ഉയർന്നുപൊങ്ങുന്നുണ്ട്. അന്തരീക്ഷം ഭയാനകമായി മാറി. തമാശ കാണാനായി ആളുകൾ പുറകെ പുറകെ മുകളിലേക്കു കയറുക യാണ്. കേട്ടവർ കേട്ടവർ തമാശ കാണാനെത്തി. അയലത്തെ വീടുകളിലും മേട കളിലും കാണികൾ നിറഞ്ഞു. ഈ ബഹളത്തിനും കൂട്ടത്തിനും ഇടയിൽ

പെട്ടെന്നു തായിയുടെ നടവാതിൽ തുറക്കപ്പെട്ടു. ഒരു കൈയിൽ ഒരു സഞ്ചിയിൽ സിന്ദൂരവും എടുത്തു കണ്ണുകൾ തുറിപ്പിച്ചും കറപുരണ്ട കറുത്ത പല്ലുകൾ ഞെരിച്ചും തെറിവിളിച്ചും തായി പുറത്തുവന്നു. തെറിയോടൊപ്പം അവർ എന്തോ മന്ത്രവും ജപിക്കുന്നുണ്ട്.

തായിയെ കണ്ടപ്പോൾ തമാശ കാണാനെത്തിയവർക്ക് അതും ഒരു തമാശയായിത്തോന്നി. പക്ഷേ തായി സിന്ദൂരം ഓരോ പിടി വാരി ഇരുവശത്തേക്കും എറിഞ്ഞുകൊണ്ടു മുന്നോട്ടു നീങ്ങി. "ഓം നമോ, നാരായണ ശങ്കരാ, കാമനിഗ്രഹാസപായകാ...സ്വാഹ, കാളിദേവിസ്വാഹ,...പഞ്ചോസിദ്ധസ്ഥാനം സിംഹിണി, ശംഖിനി വാ..വാ..,ശത്രുസംഹാരീ വാ...വാ...ചണ്ഡാലി, ചാമുണ്ഡി, സർവേശ്വരി, ശത്രുക്കളെയാകെ നശിപ്പിക്ക്". ഭയം തോന്നിപ്പിക്കുന്ന കണ്ണുകൾ, കഠോരമായ മുഖമുദ്ര. കറുത്ത പല്ലുകൾ പുറത്തുകാട്ടി, രണ്ടു വശത്തും നിന്നിരുന്ന ജനങ്ങളുടെ നേരെ സിന്ദൂരവും വാരി വിതറി മന്ത്രവും ഉരുവിട്ടുകൊണ്ടു തായി അമ്പു വിട്ടപോലെ മുന്നോട്ടു നീങ്ങി. തായിയുടെ അത്ഭുതശക്തി ജനക്കൂട്ടത്തിനു ബോധ്യമുണ്ട്. മന്ത്രവാദിനിയാണ്; അവർ ഭയന്നു. ചിലർ തായിയെക്കണ്ട് ഉറക്കെ വിളിക്കാൻ തുടങ്ങി. തായിയുടെ സിന്ദൂരം എല്ലാവരെയും പരാജിതരാക്കി. സിന്ദൂരം അല്പമെങ്കിലും പുറത്തു വീഴുമെന്ന ഭയത്താൽ ആളുകൾ പിന്നോട്ടു ഉന്തും തള്ളുമായി. മുകളിലേക്കുള്ള കോവണിയിലേക്ക് നീങ്ങിയ തായി ജനക്കൂട്ടത്തിന്റെ മധ്യത്തിലായി. ചുറ്റും ഉന്തും തള്ളും. കോപിഷ്ഠയായ തായി അടുത്തുകണ്ട ഒരു വൃദ്ധന്റെ മുഖത്തു സിന്ദൂരം പുരണ്ട തന്റെ നഖംകൊണ്ട് ഒന്നള്ളിക്കീറി. നഖംകൊണ്ട വേദന അതിലേറെ മന്ത്രവാദിനിയുടെ മയക്കുസിന്ദൂരമെന്ന പേടി. കിഴവൻ ഉറക്കെ നിലവിളിച്ചു. ചുറ്റും ബഹളമായി. തായി ചോരകുടിക്കുകയാണെന്നായി ആളുകൾ.

താഴോട്ടും മുകളിലേക്കും വന്നും പോയും കൊണ്ടിരുന്ന ജനങ്ങളെ, തള്ളിമാറ്റിയും തെറിവിളിച്ചു തൊള്ളതുറന്നു ശകാരിച്ചും കിതച്ചും തായിയും ആ ചെറിയ കോവണിയിലൂടെ മുകളിലെത്തി. കോവണിയുടെ അടുത്തേക്കു പോയിരുന്ന ആരോ ഒരുത്തൻ ഭയന്നു തായിയുടെ കയ്യിലിരുന്ന സഞ്ചി തട്ടിപ്പറിച്ചു. സിന്ദൂരം മുഴുവൻ അവരുടെ തലയിൽത്തന്നെ തട്ടി. കുങ്കുമത്തിൽ കുളിച്ചു നിന്ന തായിയുടെ രൂപം അത്യന്തം ഭീകരമായി മാറി. നിമിഷത്തിനുള്ളിൽ ഭയചകിതരായ ജനക്കൂട്ടത്തിന്മേൽ തായി വിജയക്കൊടി നാട്ടി. രാക്ഷസവൃന്ദത്തിന്റെ വിശാലസേനയെ, രാമനും ലക്ഷ്മണനും ചേർന്നു കീഴടക്കി വീരത പ്രകടിപ്പിച്ചതിന്റെ ഉദാഹരണത്തിനു ശേഷം, ഇന്നിതാ തായി മറ്റൊരു ചരിത്രം സൃഷ്ടിച്ചിരിക്കുന്നു.

വർമയുടെയും ഭൂതിയുടെയും വീടിന്റെ മുമ്പിലൂടെ മടങ്ങിപ്പോയിരുന്ന ഒരു സംഘം ആളുകൾ വർമയുടെ വീടിന്റെ മുമ്പിൽ ചെന്നു നിന്നിട്ടു ശബ്ദമുണ്ടാക്കി, തെറിവിളിച്ചു. കതകിൽ തട്ടി ശബ്ദമുണ്ടാക്കി. മണിയന്റെ വീടു തൊട്ടടുത്ത് ആയതിനാൽ ആക്രമണകാരികൾക്കു അയാളോടുള്ള സഹാനുഭൂതി കൂടുതലായിരുന്നു. ഈ ജനക്കൂട്ടം സമൂഹത്തിലെ ഇംഗ്ലീഷ് മട്ടിനെതിരായി സമരം ചെയ്യുന്നവരാണ്. കതക് പൊളിഞ്ഞുവീഴുമോ എന്ന ഭയത്താൽ താരയും വർമയും വിളറിവെളുത്തു. ശങ്കറും ഭാര്യയും അവരുടെ മുറിയിൽ ഭയന്നു വിറച്ചിരുന്നു. മണിയൻ മദ്യത്തിന്റെ ലഹരിയിൽ ബോധംകെട്ടു കിടക്കുകയായിരുന്നു.

അന്നു രാത്രി വളരെ വൈകുംവരെ തായി കന്നോമലിന്റെ പൗത്രന്റെ മുറിയിൽ കീറിയെറിഞ്ഞ ചിത്രങ്ങൾ പെറുക്കി ഒതുക്കിയും ഓരോന്നടുക്കിവച്ചും കഴിഞ്ഞു.

28

തായി മടങ്ങിയെത്തി. കുളിച്ചു. ലോകത്തെ മുഴുവൻ ശപിച്ചു കൊണ്ടു കൃഷ്ണ വിഗ്രഹത്തിനു മുമ്പിൽ വിളക്കു കൊളുത്തി. പിന്നെ കിണ്ണത്തിൽ പാലൊഴിച്ചു വച്ചിട്ടു കുഞ്ഞുങ്ങളെ വിളിക്കാൻ തുടങ്ങി. തായിയുടെ ശബ്ദം കേട്ടതും 'ലളിതയും' 'വിശാലവും' വാലുമാട്ടി ഓടി എത്തി. പക്ഷേ 'കിഷനെ' കാണാനില്ല. അവനെവിടെപ്പോയി? തായിക്കു ചിന്തയായി-എവിടെ പോയിനാശം- കിഷാ, കിഷാ എന്നു വിളിച്ചു കൊണ്ടു വീടു മുഴുവൻ ചുറ്റിത്തിരിഞ്ഞു. കാണാതായപ്പോൾ അറുതെറിയും വിളിച്ചു തൊട്ടിലുപോലെ അയഞ്ഞ കട്ടിലിൽ വന്നു വീണു. പൂച്ചക്കുഞ്ഞുങ്ങൾ ഇപ്പോൾ വലുതായി. എല്ലായ്പ്പോഴും അവ വീട്ടിൽ ഇരിക്കില്ല. കോണിയും പടിയും കയറിയും മേട വഴി ചാടിയും തെരുവാകെ ചുറ്റും. തായിക്കാകെ വിഷമമായി. മൂന്നു കുഞ്ഞുങ്ങൾക്കും ആഹാരം കൊടുത്താലല്ലാതെ തായി ഒന്നും കഴിക്കുന്ന പതിവില്ല. കിഷനെ കാണാത്തതു കൊണ്ട് ഇന്നും ആഹാരം നടന്നില്ല. പിറുപിറുത്തും മുറുമുറുത്തും കഴിഞ്ഞു. ഈ കുഞ്ഞുങ്ങളുടെ തള്ളയെ, തന്റെ പാപം ഈ വീട്ടിൽ ഇറക്കിവയ്ക്കാൻ വന്ന നാശത്തെ, നരകത്തെ സപത്നിയാണെന്ന ഭാവത്തിൽ ആയിരം തെറിവിളിച്ചു. ശകാരിച്ചു.

തായി അപ്പോഴാകെ വിവശയായിരുന്നു. കിഷൻ പാലുകുടിച്ചില്ല. കന്നോമലിന്റെ പൗത്രന് വളരെ വലിയ നാശനഷ്ടങ്ങൾ വന്നു. നാളെയാണ് അവളുടെ സപത്നിയുടെ പൗത്രന്റെ തിലകം ചാർത്തൽ. നാശം പിടിച്ച നന്ദോ രണ്ടു കൂടോത്രങ്ങളും ശ്മശാനത്ത് നേരേ കുഴിച്ചിട്ടോ എന്നിതുവരെ വന്നറിയിച്ചില്ല. ഈ ചിന്തകളെല്ലാം ചേർന്ന് തായിയെ ആകെ പരവശയാക്കുകയാണ്. സജ്ജന്റെ വീടാക്രമിച്ച ജനക്കൂട്ടം ഇപ്പോഴും തായിയുടെ ഹൃദയത്തിൽ കോലാഹലം ഉണ്ടാക്കുകയാണ്. ഇടയ്ക്കിടെ തായിയുടെ ഹിംസ്രഭാവം ഉണരും. സ്വന്തം ഭാവനയിൽ അവർ ഇപ്പോഴും ജനക്കൂട്ടത്തിനു നേരെ മന്ത്രംജപിച്ച സിന്ദൂരം വാരി എറിഞ്ഞ് സർവനാശം വരുത്തുകയാണ്.

അകലെ പോലീസ് സ്റ്റേഷനിലെ മണി ഒന്നടിച്ചു. ലളിതയും വിശാലവും വീടിന്റെ ഏതോകോണിൽ ഇരയെ പിടിക്കുകയാണ്. മരണവെപ്രാളത്തിൽ വിളിക്കുന്ന എലിയുടെ കരച്ചിൽ – തായിയുടെ ഹൃദയത്തിൽ ആയിരം ശകാരവാക്കുകൾ ഉയർന്നു. പൂച്ചക്കുട്ടികൾ വളർന്നതോടെ വലിയ വേട്ടക്കാരായി മാറിയിരിക്കുകയാണ്. തായിയുടെ വൈഷ്ണവ ധർമ്മത്തിനു ലളിത, വിശാല കിഷൻമാരുടെ വേട്ടയാടൽ വളരെയയേറെ ദ്രോഹം ചെയ്യുന്നുണ്ട്. പക്ഷേ ഈ കുട്ടികളോട് തായിയുടെ ഒരടവും ഫലിക്കില്ല.

കുറുകുറാ ഒരു ശബ്ദം തായിയുടെ ചെവിയിൽ പെട്ടു. ലളിതയോ വിശാലമോ ആരോ ഉറക്കെ മുരളുകയാണ്. കാരണം കാലിനടിയിൽ ഇരയെ അടക്കിപ്പിടിച്ചിരിക്കയാവണം. മറ്റേയാൾ അതു തട്ടിയെടുക്കാനുള്ള അടവുകൾ നോക്കു

കയാവണ്ണം. നിമിഷങ്ങൾക്കുള്ളിൽ ലളിതയും വിശാലവും മ്യാവു മ്യാവു മ്യാവു എന്നിങ്ങനെ ഉൽഘോഷിച്ചുകൊണ്ട് അന്യോന്യം ചാടി വീണു. വീടൊരു കുരുക്ഷേത്രമായിമാറി. വീട്ടിലാകെ ഓടിയും ചാടിയും പരസ്പരം പതുങ്ങിയും അവ ഏറ്റുമുട്ടുകയും ദേഷ്യത്താൽ അന്യോന്യം മുരളുകയുമാണ്.

"ശവങ്ങൾ ! ഇതിനൊന്നും നാശവുമില്ലേ. എല്ലാം ചത്തു തുലയട്ടെ. രാത്രി ഒരു നിമിഷം സ്വൈരം തരില്ല." എഴുന്നേറ്റു ചെന്ന് ലളിത വിശാലമാരുടെ യുദ്ധത്തിൽ ഇടപെട്ടാലോയെന്ന് തായി പലതവണ ചിന്തിച്ചതാണ്. പക്ഷേ ആകെ തളർന്ന് സന്ധിയിലെല്ലാം വേദന. ജനക്കൂട്ടത്തിന്റെ തിക്കിലും തിരക്കിലും ഇന്നത്തേതുപോലെ മുമ്പൊരിക്കലും തായി പെട്ടിട്ടില്ല. ഉന്തും തള്ളുമേറ്റ് ചിലപ്പോൾ മുമ്പോട്ടു പോകും. ചിലപ്പോൾ പിന്നോക്കം തള്ളപ്പെടും. മന്ത്രവാദം കഴിച്ച സിന്ദൂരത്തെ ഭയന്ന് ആളുകൾ ഭർത്സിച്ചും പഴിച്ചും കോലാഹലമുണ്ടാക്കി. സിന്ദൂരം പുറത്തു വീഴുമെന്ന് ഭയന്ന് അവർ പിടഞ്ഞോടി. ജനങ്ങൾക്കു തായിയോടുള്ള വിരോധം കൊണ്ട് അവരിന്ന് അവളെ ശരിക്കും പീഡിപ്പിച്ചു. ഉന്തും തള്ളും എല്ലാമുണ്ടായി. പലപ്പോഴും പലരുടെയും ചെരുപ്പും ഷൂസും അവളുടെ പാദങ്ങൾ ചവുട്ടിമെതിച്ചു. എങ്കിലും ഒടുവിൽ ജയിച്ചത് തായിതന്നെയായിരുന്നു. പക്ഷേ ആകെ തളർന്നുപോയി. നിവർന്നു നിൽക്കാൻ വയ്യാത്ത നിലയിലാക്കിക്കളഞ്ഞു.

എവിടെ നിന്നെന്നറിഞ്ഞില്ല ഒരു സ്ത്രീയുടെ തേങ്ങൽ ശബ്ദം അപ്പോൾ തായിയുടെ ചെവിയിൽപെട്ടു. കാതുകൂർപ്പിച്ചതോടെ സ്വന്തം മുറുമുറുക്കൽ നിന്നു. മുഖം മൂടിയിരുന്ന കമ്പിളി എടുത്തുമാറ്റി. അടുത്ത അയലത്ത് ഏതോ സ്ത്രീ പ്രസവവേദന കൊണ്ട് ഞരങ്ങുകയാണ്. ആരായിരിക്കും? ആരുടെ വീട്ടിലാണ്? അതറിയാനുള്ള കൗതുകം തായിയുടെ മനസ്സിൽ സ്ഥാനം പിടിച്ചു. അവളെഴുന്നേറ്റിരുന്നു. തായി എണീക്കുന്നതുകണ്ട് കിഷൻ (ലളിതയെയും വിശാലത്തെയുംകാൾ ചെറുതാണ്) ചാടി തായിയുടെ മടിയിൽ വീണു. ആ സമയത്ത് തായി മറ്റെന്തിലോ ശ്രദ്ധിച്ചിരിക്കുകയാണ്. അയൽപക്കത്താർക്കോ പ്രസവവേദന. ആലോചിച്ചു നോക്കിയപ്പോൾ ശരിയായ സ്ഥാനം പിടികിട്ടി. തന്റെ വാടകക്കാരിയായ താരയാണ് ഞരങ്ങുന്നത്.

തായിയുടെ ഉള്ളിൽ രോഷവും വിദ്വേഷവും ഉയർന്നു പൊങ്ങി. ഒരു സുദർശനചക്രം പോലെ ഹൃദയത്തിൽ ചുറ്റിത്തുടങ്ങി. "തേവിടിശ്ശി തുലഞ്ഞുപോട്ടെ. ഇരട്ടക്കുട്ടികളുണ്ടാവും. അതാണിത്ര വേദന."

താരയുടെ പ്രസവവേദനയുടെ ഞരക്കം തായിയുടെ മനസ്സിനെ അങ്ങു ദൂരെവരെ ഓടിച്ചു. ആദ്യം തന്റെ സപത്നിയെയും, അവളുടെ പൗത്രന്റെ പട്ടാഭിഷേകവും ഓർമ്മ വന്നു. സപത്നിയുടെ പൗത്രന് തിലകമിടും, ആട്ടവും പാട്ടും നടക്കും. വിരുന്നു നടക്കും. നാളെ തന്റെ സപത്നി നഗരത്തിലെയെല്ലാം സ്ത്രീകളുടെ റാണിയായി വിളങ്ങും. അവളുടെ പൗത്രന്റെ ഗർവം ആകാശം മുട്ടും. നാലുദിവസം കഴിയുമ്പോൾ വിവാഹം നടക്കും. പിന്നെ അവന് കുട്ടികളുണ്ടാവും. തന്റെ സപത്നി ആ 'തേവടിശ്ശി' മുത്തശ്ശിയാവും; സ്വർഗത്തിലേക്കുള്ള ഗോവണി കിട്ടും. ഭർത്താവായ രാജാസാഹബിനെക്കുറിച്ചോർമ്മ വന്നു. ദേഷ്യവും വെറുപ്പും ഹൃദയം നിറഞ്ഞു. ആവേശം കാരണം ഇരിക്കാൻ കഴിയുന്നില്ല. കിഷൻ മടിയിൽ കിടന്നുറങ്ങി. കമ്പിളി ഒന്നു കുടഞ്ഞു. മടിയിലൊതുങ്ങികിടന്നിരുന്ന കിഷൻ

ഞെട്ടിഉണർന്നു. പക്ഷേ തായി എണീറ്റില്ല. കുഞ്ഞിനെ ശ്രദ്ധിച്ചതുമില്ല. അയലത്തുയർന്നുപൊങ്ങിയ താരയുടെ ഞരക്കം ഒരു പശ്ചാത്തലസംഗീതത്തിലുപരി തായിയുടെ ചിന്തയിൽ ഉറച്ചുനിന്നില്ല. നന്ദോയെക്കുറിച്ചായി അവളുടെ ചിന്ത. തന്റെ സപത്നിയുടെ ബംഗ്ളാവിലും ശ്മശാനത്തും നന്ദോ മന്ത്രത്തകിടു കുഴിച്ചിട്ടിട്ടു വന്നിരിക്കണം. "ഈശ്വരാ നാളെ സന്ധ്യയ്ക്കു തിലകം ചാർത്തുന്ന സമയത്തു തന്നെ നാശം പിടിച്ചവൻ (സപത്നിയുടെ പൗത്രൻ) വെട്ടിയിട്ട മരം പോലെ വീഴണേ.." ആഘോഷമൊക്കെ മുടങ്ങും. അലമുറയും വിളിയുമാകും. തന്റെ ഭർത്താവ് തലയിൽ കൈയും കൊടുത്തിരിക്കും. എന്തൊരു കോലാഹലമായിരിക്കും. അതെല്ലാം ചിന്തിച്ച് ഒരു തരം ഹിംസാത്മകമായ സന്തോഷം അനുഭവിക്കുകയായിരുന്നു തായി. ഉറക്കം ഓടി ഒളിച്ചു. ഒന്നു മുറുക്കിയാൽ കൊള്ളാമെന്നു തോന്നി. തായി എഴുന്നേറ്റു. തലയ്ക്കലിരുന്നു റാന്തലിന്റെ തിരിപൊക്കി. പൂജാമുറിയുടെ വരാന്തയിൽ റാന്തൽ വച്ചിട്ടു കൈകഴുകാനായി മുറ്റത്തേക്കിറങ്ങി. താരയുടെ ദീനരോദനം തൊട്ടടുത്തു കേൾക്കായി. വെള്ളം വച്ചിരുന്നതിന്റെ തൊട്ടടുത്തായി അടച്ചിട്ടിരുന്ന ഒരു വാതിലുണ്ട്. താരയുടെ വീട്ടിലേക്കുള്ളതാണാ വാതിൽ: കൈകഴുകിയിട്ട് വാതിലിൽ ചെവിചേർത്തുനിന്നു. വാതിലിനോട് ചേർന്ന് താരയുടെ വീട്ടിലേക്കുള്ള ഒരിടനാഴി. അതവസാനിക്കുന്നത് താരയുടെ അടുക്കളത്തളത്തിലാണ്. പിന്നെ ഒരു വരാന്ത. അതുകഴിഞ്ഞാണ് ആ മുറി. വാതിലിൽ ചെവിയും ചേർത്തു നിന്ന തായി, ഭാവനയിൽ തന്റെ വാടകക്കാരി താര കിടക്കുന്നിടം വരെ ചെന്നു. വേദന നിറഞ്ഞ ആ മുഖം കണ്ടു ചിരിച്ചു. ആയിരം തെറി വിളിച്ചു. താരയുടെ അന്ത്യത്തെക്കുറിച്ചു ചിന്തിച്ചുകൊണ്ടു പൂജാമുറിയുടെ വരാന്തയിലെത്തി. വെറ്റിലച്ചെല്ലം അവിടെയാണ്. ലളിതയും വിശാലവും കിഷനും റാന്തലിനു ചുറ്റും വെറ്റിലപ്പെട്ടിക്കരികിൽ വട്ടമിട്ടിരിക്കുകയാണ്. തായി വെറ്റിലയിൽ നൂറുതേക്കുന്നത് മൂന്നും നോക്കിയിരുന്നു. വെളുത്ത തൊലിയിൽ കറുത്ത പുള്ളികളുള്ള ആ മൂന്നു കുഞ്ഞുങ്ങളും ചന്തം തികഞ്ഞവയായി തോന്നി. വെറുപ്പിന്റെ തീവ്രധാര ഒഴുകിക്കൊണ്ടിരുന്ന തായിയുടെ ഞരമ്പുകളിൽ ഈ പൂച്ചക്കുഞ്ഞുങ്ങൾ ഒരു പ്രത്യേകരസം പകർന്നൊഴുക്കി. തന്റെ സപത്നിക്ക് ചെറുമക്കളെ കാണുമ്പോഴുണ്ടാകുന്ന അനുഭൂതിയാണ് അവൾക്കാ സമയത്തുണ്ടായത്. "നിഷ്കളങ്കരെപ്പോലെ നോക്കിയിരിക്കുന്നതു കണ്ടില്ലേ നാശങ്ങൾ, കൊല്ലും കൊലയും നടത്തുമ്പോൾ ഈ പാവത്തം എവിടെപ്പോകും?"

വെറ്റില കഴുകാനായി കിണ്ണത്തിൽ വെള്ളം കൊണ്ടുവന്നിരുന്നു. വിശാലം അതിൽ തലയിട്ട് നക്കി. തായി ദേഷ്യപ്പെട്ടപ്പോൾ ഓടി രണ്ടാം നിലയിലേക്കു പോയി. പൂച്ചക്കുഞ്ഞുങ്ങൾ എത്തിയ അന്നു മുതൽ തായിയുടെ ധർമ്മാനുഷ്ഠാനങ്ങളും പൂജാകർമ്മങ്ങളും ദിവസം ആയിരം തവണ മുടങ്ങാറുണ്ട്. വീടുമുഴുവൻ അവ വൃത്തികേടാക്കും. തെറിവിളിച്ചും പിറാകിയും തായി നൂറു തവണ കഴുകി ശുദ്ധമാക്കും. അടുക്കളയിലും പൂജാമുറിയിലും എല്ലായിടത്തും അവ കടന്നു ചെല്ലും. എലിയെ പിടിച്ചു തിന്നശേഷം കൈകൊണ്ട് മുഖവും തുത്തുതുടച്ചിട്ട് ഉല്ലാസത്തോടെ തായിയുടെ മടിയിൽ കയറി ഇരിപ്പാവും. വൈഷ്ണവ ധർമ്മിഷ്ഠയായ തായി അപ്പോൾ മാംസഭോജികളായ ലളിതയെയും വിശാലത്തെയും കിഷനെയും വെറുപ്പോടെ നൂറുതവണ അകറ്റിനിറുത്താൻ ശ്രമിക്കും.

അടുത്തുവരാൻ കുഞ്ഞുങ്ങൾ ശാഠ്യം പിടിക്കും. ശാഠ്യം പിടിച്ച് വാത്സല്യം നേടുക പൂച്ചയുടെ പ്രത്യേകതയാണ്. തായി അവരോട് തോൽക്കും. തോറ്റ് കുഞ്ഞുങ്ങളെ എടുത്ത് മടിയിൽ വയ്ക്കേണ്ടിവരും. മാംസഭോജികളായ, വെറുക്കപ്പെടേണ്ട പൂച്ചക്കുട്ടികൾ തായിയുടെ ലളിതയും വിശാലവും കിഷനുമായി മാറി മടിയിൽ കിടന്നുകൊണ്ട് അവളുടെ ശരീരത്തിന്റെ ചുളിഞ്ഞ മാംസം നക്കിത്തുടയ്ക്കും. പലപ്പോഴും തായിയുടെ മുഖത്തുപോലും പരുപരുത്ത ആ നാക്കിന്റെ സ്പർശനം ഏൽപ്പിക്കാറുണ്ട്. കളിച്ചോടുന്നതിനിടയിൽ ചിലപ്പോൾ, ലളിതയും വിശാലവും കിഷനും പൂജാപീഠത്തിലെ വിഗ്രഹങ്ങൾ തട്ടിമറിച്ചിടും. ഓടിലും വാർപ്പിലും പിത്തളയിലും ചെമ്പിലുമുള്ള ഭഗവൽ കുടുംബം അവിടെയൊക്കെ ചിതറും. തായി അതൊക്കെ സഹിക്കും. കിണ്ണത്തിൽ വേറെ ശുദ്ധജലം കൊണ്ടുവരാനായി തായി എണീറ്റു. താരയുടെ ദീനരോദനം കേട്ടപ്പോൾ നാല്പത്തിയഞ്ചു വർഷം മുമ്പ് ആദ്യമായും അവസാനമായും തനിക്കുണ്ടായ പ്രസവവേദനയെക്കുറിച്ചു തായി ഓർമിച്ചു. വെറ്റിലയിൽ നൂറുതേച്ചുകൊണ്ടിരുന്ന തായി ഞരക്കം ശ്രദ്ധിച്ചുകൊണ്ടിരുന്നു. കൈയൊന്നു ഞൊടിച്ചിട്ടു വെറ്റില വായിലിട്ടു. ഒരു നുള്ളു പുകയില എടുത്ത് 'ജയ കൃഷ്ണ' എന്നു പറഞ്ഞിട്ട് അതും വായിലിട്ടു, കൈകഴുകി. പതുക്കെ എഴുന്നേറ്റു റാന്തലെടുത്തു. പൂജാമുറിയിൽ ചെന്ന് അറയിൽനിന്ന് താക്കോൽക്കൂട്ടം എടുത്തു.

വർഷങ്ങൾക്കു ശേഷം അന്നാദ്യമായി തായിയുടെ മാളികയിൽനിന്ന് താരയുടെ ഭാഗത്തേക്കുള്ള ആ വാതിൽ തുറക്കപ്പെട്ടു.

വേദന കൂടിക്കൂടിവന്നു. വർമക്കൊന്നും ചെയ്യാൻ കഴിഞ്ഞില്ല. തന്റെ പരിതഃസ്ഥിതിയോർത്ത് അയാൾ അസ്വസ്ഥനായിരുന്നു. വർമയുടെ അച്ഛനും അമ്മയും ഇതേ നഗരത്തിലാണ്, താരയുടെ മാതാപിതാക്കളും നഗരത്തിൽ തന്നെയുണ്ട്. പക്ഷേ ആരുടെയും സഹായം തേടാൻ കഴിഞ്ഞില്ല. ഈ തെരുവിലുള്ളവർ ഏറിയകൂറും തന്റെ പ്രേമവിവാഹത്തെ വെറുപ്പോടെയാണ് നോക്കുന്നത്. തന്റെ പ്രേമവിവാഹത്തിൽ സമൂഹത്തിന് തങ്ങളോടുള്ള വെറുപ്പിനെക്കുറിച്ചു ചിന്തിച്ചപ്പോൾ ഹൃദയത്തിലുണ്ടായ ഈർഷ്യ, താരയുടെ വേദന കണ്ടപ്പോൾ കൂടുതൽ വർധിച്ചു. വർമ അടുത്തുനിന്നു മാറുന്നതു താരയ്ക്കു ഇഷ്ടമല്ല. അയാൾ അടുത്തു തന്നെ നില്ക്കണമെന്നാണ് ആഗ്രഹം. വർമ അവളെ ഒരുവിധം പറഞ്ഞു സമാധാനിപ്പിച്ച്, എവിടെനിന്നെങ്കിലും വയറ്റാട്ടിയെ വിളിച്ചു കൊണ്ടുവരാനായി, വസ്ത്രം മാറിയിട്ട് മുറിയിൽ നിന്നിറങ്ങി. വരാന്തയിൽ നിന്നിറങ്ങിയതും, നേരെ മുന്നിൽ അടുക്കളയുടെ ഭാഗത്തെ തളത്തിൽ വിറകടുക്കിയിരുന്ന ഇടനാഴിയിൽ ഒരു പ്രകാശം. ഒരു രൂപം മന്ദം മന്ദം ഇങ്ങോട്ടു നീങ്ങുന്നു. രൂപം അടുക്കളയുടെ തളത്തിനടുത്തെത്തി. സ്ത്രീരൂപമാണ്. വെള്ളവസ്ത്രം ധരിച്ചിട്ടുണ്ട്. പകലത്തെ ഭീതിയും ഇപ്പോഴത്തെ സംഭ്രമവും ചേർന്ന്-നടന്നു വന്നിരുന്ന തായിയെ- ഒരു പ്രേതമായിക്കാണാനേ വർമയ്ക്കു കഴിഞ്ഞുള്ളു. കൈകാൽ തളർന്നു. ശ്വാസം മുട്ടുകയാണ്. തൊണ്ട അടഞ്ഞുപോയി. ശബ്ദം പുറത്തുവരുന്നില്ല. ഒരലർച്ച മാത്രം. തുറന്ന വായ് അങ്ങനെ തന്നെ ഇരുന്നു പോയി. ബോധമറ്റ് വെട്ടിയിട്ട മരം കണക്കെ വർമ അവിടെ വീണു.

ഭർത്താവിന്റെ അലർച്ച, പ്രസവവേദനയാൽ പിടഞ്ഞിരുന്ന താരയുടെ ഹൃദയത്തിൽ ഭയത്തിന്റെ മിന്നൽപ്പിണർ പായിച്ചു. അലർച്ചയുടെ കാരണമറിയാനുള്ള

അത്യാഗ്രഹം ഒരു വശത്ത്, കട്ടിൽ വിട്ടെഴുന്നേൽക്കാൻ വയ്യാത്ത ശാരീരികസ്ഥിതിയും; അവളാകെ വിവശയായി. ഭർത്താവിന്റെ അലർച്ച അവളിലെ ഭീതി വർധിപ്പിച്ചു. ഹൃദയം പിടഞ്ഞു. ഗർഭത്തിൽ കിടന്ന ജീവനും അകത്ത് പിടഞ്ഞു. ഹൃദയം താഴുകയാണ്, വീണ്ടുവിചാരമില്ലാതെ, ചിന്താരഹിതയായി, താര, സ്വയം യമരാജന്റെ കയ്യിൽ തന്നെ അർപ്പിക്കാൻ തുടങ്ങി. ഹൃദയമിടിപ്പ് കുറഞ്ഞു; അവൾ മൂർഛിച്ചു.

തായി പെട്ടെന്നു നടന്നു തളത്തിലെത്തി. അവിടെ സോഫക്കടുത്ത് വർമ ബോധമറ്റു കിടക്കുന്നു. നിമിഷ നേരത്തേക്ക് അയാളെ ഒന്നു നോക്കി. പിന്നെ മുറിയിലേക്കു ചെന്നു. താരയുടെ സ്ഥിതികണ്ടപ്പോൾ ശരീരത്തിൽ മിന്നൽ പാഞ്ഞു. ബുദ്ധി പ്രവർത്തിച്ചു. സംഭവിച്ചതെന്തെന്നറിയാൻ തായി മുന്നോട്ടു ചെന്നു. ഒറ്റയ്ക്കു ശ്വാസം പിടിച്ചുകൊണ്ട് ദുർബലയായിരുന്നിട്ടുകൂടി തായി ലോകം കീഴടക്കി. ബോധം വീണ്ടുകിട്ടിയപ്പോൾ വർമ എഴുന്നേറ്റു മുറിയിലേക്കുവന്നു. തായി പ്രസവമെടുക്കുകയാണ്. അയാളെ ആട്ടിപ്പായിച്ചു. ദേവീസഹായത്തിന്റെ രൂപത്തിൽ തായി അവിടെ എത്തിയതിനെക്കുറിച്ച് അയാൾക്ക് അപ്പോഴും സങ്കൽപ്പിക്കാൻ കഴിഞ്ഞില്ല. എങ്കിലും അയാൾ ഒട്ടൊന്നു സമാധാനിച്ചു. അകത്തുനിന്നു തായി വെള്ളം ചൂടാക്കാൻ അയാളോടു വിളിച്ചു പറഞ്ഞു. കത്തി കൊണ്ടുവരാൻ ആജ്ഞാപിച്ചു. വർമ ഒരക്ഷരം പറയാതെ ഉത്തരവുകൾ അനുസരിച്ചു. അടുക്കളത്തളത്തിൽ സ്റ്റൗ കത്തിക്കാൻ ഒരുങ്ങുമ്പോൾ തന്റെ കുടുംബത്തിൽ പുതുതായിവന്ന പ്രജയുടെ "ങ്യാം ങ്യാം" എന്ന ശബ്ദം കേട്ട് അയാളുടെ ഹൃദയം കുളിരണിഞ്ഞു. താരയുടെ ജീവനെക്കുറിച്ചുള്ള ഭയം പെട്ടെന്നുണ്ടായി. സ്റ്റൗ കത്തിക്കുന്ന കാര്യവും മറന്ന് അയാൾ ഓടി. മുറിയുടെ വാതിൽവരെ എത്തി. തായിയെ ഭയന്ന് പെട്ടെന്ന് ഒന്നറച്ചു. എങ്കിലും ധൈര്യം സംഭരിച്ച് അവിടെത്തന്നെ നിന്നിട്ട് വിളിച്ചു ചോദിച്ചു. "തായി അമ്മേ എന്തുണ്ടായി..?"

തായി ചൊടിച്ചിട്ടുറക്കെ ചോദിച്ചു "എടോ! വെള്ളം തിളപ്പിച്ചോ ഇല്ലയോ...നന്നായി നാശം പിടിച്ചവൻ."

വർമയ്ക്ക് ഒന്നും പറയാൻ ധൈര്യം വന്നില്ല. വീണ്ടും അടുക്കളഭാഗത്തേക്കോടി.

തായിയുടെ സങ്കൽപ്പിക്കാനാകാത്ത രൂപമാണ് അയാളിന്നു കണ്ടത്. ഇപ്പോഴും വിശ്വസിക്കാനാവുന്നില്ല. തന്നെ പല വിധത്തിലും ശകാരിക്കുന്ന, തങ്ങളെ വെറുക്കുന്ന, വെറുപ്പിന്റെ അവതാരമായ തായി, ഇന്നു തന്നെ ആപത്തിൽനിന്നു രക്ഷിക്കാൻ വന്നിരിക്കുന്നു! നിസ്വാർഥമായ ഈ സേവനം! അന്യരോടുള്ള ഈ സ്നേഹം!-തായിക്ക് ഈ ഗുണങ്ങൾ പെട്ടെന്ന് എവിടുന്നു കിട്ടി. അതൊരു കടങ്കഥയായി അയാൾക്കു തോന്നി. വെറുപ്പിന്റെ മൂർത്തീഭാവമായിരുന്ന തായി, ആ സമയത്ത് ഒരു ദേവിയുടെ രൂപം ധരിച്ചതായി അയാൾക്കു തോന്നി. മനസ്സിലാക്കാനാവത്ത, രഹസ്യമയിയായ ഒരു ദേവത!

29

കന്യയും സജ്ജനും അന്നു രാവിലെയാണ് മഥുരയിൽനിന്നു മടങ്ങിയത്. സ്റ്റേഷനിൽ വച്ച്, തന്നോടൊപ്പം തന്റെ ബംഗ്ലാവിലേക്കു ചെല്ലാൻ സജ്ജൻ കന്യയോട്

അഭ്യർഥിച്ചെങ്കിലും അവൾ കേട്ടില്ല. കർണൽ ചേട്ടൻ വല്ലതും വിചാരിക്കുമെന്നായിരുന്നു അവളുടെ വാദം. അധികം നിർബന്ധിക്കാൻ സജ്ജനും കഴിഞ്ഞില്ല. നാലുദിവസം ഇരുപത്തിനാലു മണിക്കൂറും ഒന്നിച്ചു കഴിഞ്ഞതിൽനിന്ന് സജ്ജൻ ഒരുകാര്യം വ്യക്തമായി മനസ്സിലാക്കിയിട്ടുണ്ട്. കന്യയെ അവളുടെ ആഗ്രഹത്തിനെതിരെ ഒന്നും ചെയ്യാൻ കഴിയില്ലെന്ന്. ആധുനിക ചിന്താഗതിക്കാരായ മറ്റു സ്ത്രീകളിൽനിന്ന് ഭിന്നയാണ് കന്യ. സജ്ജന്റെ അമ്മയെപ്പോലെതന്നെ വാശിക്കാരിയും നിർബന്ധശീലയുമാണവൾ. ഈ നാലു ദിവസങ്ങളിലും കന്യയെ പ്രാപിക്കാൻ സജ്ജൻ വളരെയേറെ കൊതിച്ചു. അവളിൽനിന്ന് ഓടിഅകലാനും ആഗ്രഹിച്ചു. പക്ഷേ രണ്ടിലും അയാളുടെ വാശിക്ക് കന്യയുടെ വാശിയോടു തോൽക്കേണ്ടിവന്നു. ആ പരാജയം ഏതെങ്കിലും തരത്തിലുള്ള ജയം നേടാനുള്ള ആഗ്രഹം അയാളിലുണ്ടാക്കി. ഈ ആഗ്രഹം ഉള്ളിലടക്കിഒതുക്കി കന്യയുടെ മുന്നിൽ സദാചാരിയും സംസ്കാരസമ്പന്നനുമായി പെരുമാറാൻ അയാൾ അത്യധികം യത്നിച്ചു. കന്യയ്ക്കു പരിചിതമായ തന്നിലെ ഗ്രാമ്യമായ കാടത്തത്തിന്റെ കളങ്കം തുടച്ചുമാറ്റാനാണയാളുടെ ആഗ്രഹം. കന്യയുടെ ഹൃദയം ജയിച്ചെടുക്കണം. അവളുടെ ദേഹം ജയിച്ചെടുക്കാനാണ് ഹൃദയം ജയിക്കാനാഗ്രഹിക്കുന്നത്. ഇന്നലത്തെ കാര്യം ഓർമവന്നു. സൗന്ദര്യ വിനാശകരായ കാടന്മാരുടെ പെരുമാറ്റത്തെക്കുറിച്ച് സജ്ജൻ ചില റിമാർക്കുകൾ പാസ്സാക്കി. അപ്പോൾ അർഥസൂചകമായ നോട്ടത്തോടെ കന്യ അയാളോടു പറഞ്ഞു. "ഈ വാക്കുകൾ ഒരിക്കലും മറക്കരുത്.."

സ്വയം പരാജിതനായ സജ്ജൻ ഈ കാര്യം മറക്കാതിരിക്കാൻ വേണ്ടിയാണ് സദാ യത്നിച്ചു വരുന്നത്. അതിനുശേഷം കന്യയെ ശല്യപ്പെടുത്തുകയോ, എന്തിന് വല്ല തമാശപോലും അവളോട് പറയുകയോ ചെയ്തിട്ടില്ല. ട്രയിനിൽ വച്ച് അജന്ത, ആഗ്ര, എല്ലോറ, ഖജുരാഹോ അല്ലെങ്കിൽ ചിദംബരം, മധുര തുടങ്ങിയ ഇടങ്ങളിലെ സുന്ദര ശില്പങ്ങളെക്കുറിച്ച് അവളോട് പ്രസംഗിച്ചുകൊണ്ടിരുന്നു. അവിചാരിതമായി രണ്ടു ബർത്തുകളുള്ള ഒരു കമ്പാർട്ടുമെന്റാണവർക്കു കിട്ടിയതെങ്കിലും സജ്ജൻ വളരെ മര്യാദക്കാരനായി ഈ സൗന്ദര്യചർച്ചയിൽ മുഴുകിയാണു കഴിഞ്ഞത്. കന്യയുടെ മുമ്പിൽ തന്റെ സ്വച്ഛമായ ഒരു രൂപം അയാൾ പ്രദർശിപ്പിച്ചു. ഒടുവിൽ മുകളിലത്തെ ബർത്തിൽ ഉറങ്ങാൻ പോകുമ്പോഴേക്കും അയാളുടെ ഹൃദയം തളർന്നു കഴിഞ്ഞിരുന്നു. രാവിലെ സ്റ്റേഷനിൽ വച്ച് തന്നോടൊപ്പം ബംഗ്ലാവിലേക്കുവരാനുള്ള അപേക്ഷ കന്യ നിരാകരിച്ചപ്പോൾ മനസ്സ് ക്ഷോഭിച്ചെങ്കിലും "ആസ് യൂ ലൈക്ക്" എന്ന ഭാവത്തിൽ കലാകാരോചിതമായ ഒരു വിരക്തഭാവമാണയാൾ പ്രകടിപ്പിച്ചത്. മഥുരയിൽ നിന്ന് കമ്പി അടിച്ചിരുന്നതിനാൽ സജ്ജന്റെ ഡ്രൈവർ കാറുമായി സ്റ്റേഷനിൽ എത്തിയിരുന്നു. കന്യയെ കൊണ്ടാക്കാനായി സജ്ജൻ കർണലിന്റെ ഔഷധാലയത്തിൽ എത്തി. ആ സമയത്ത് കർണൽ മഹാൻ, ലാലാജാനകീസരണനോടൊപ്പം കടയുടെ പിന്നിലുള്ള മുറിയിൽ ഇരിക്കുകയായിരുന്നു. സജ്ജന്റെ മുറിയിൽ ഇന്നലെ രാത്രിയിലുണ്ടായ സംഭവം അറിഞ്ഞ കർണൽ ആകെ ചൂടുപിടിച്ചിരിക്കുകയാണ്. ഭവനഭേദനകാര്യത്തോടൊപ്പം, തെരുവിൽ നടത്താൻ പരിപാടിയിട്ടിട്ടുള്ള പ്രദർശനത്തെക്കുറിച്ച് ചർച്ച ചെയ്യാൻ കൂടിയാണ് ലാലാജാനകീസരൺ വന്നത്. കർണൽ വിവേകത്തോടെ ഉചിതമായ മറുപടി നല്കി. ലാല പോകാൻ തുടങ്ങുമ്പോഴാണ്

സജ്ജനും കന്യയും അവിടെ എത്തിയത്.

രണ്ടുപേരെയും കണ്ടപ്പോൾ കർണലിന്റെ മുഖം വികസിച്ചു. ലാലാജാനകീസരന്റെ മുഖത്ത് ആ യുവജോഡിയെ കണ്ടപ്പോൾ വ്യംഗ്യാർഥം കലർന്ന നീചത നിഴലിക്കുന്ന ഒരു ഭാവം പകർന്നു. കർണൽ സ്വന്തം വേലക്കാരനെ വിളിച്ചു പറഞ്ഞു "ഭോലാ, വണ്ടിയിൽ നിന്ന് ബിന്നോയുടെ സാധനങ്ങൾ എടുത്തു മുകളിൽ കൊണ്ടു വയ്ക്ക്."

ലാലാജാനകീസരൺ സജ്ജനോടായി പറഞ്ഞു "എവിടെയായിരുന്നു. ഓർമയുണ്ടോ? ഇനി പ്രദർശനത്തിന് രണ്ടു ദിവസമേയുള്ളൂ. ഞങ്ങൾ എന്തൊക്കെ ഏർപ്പാടുചെയ്തെന്നോ? നിങ്ങളുടെ പേര് എങ്ങും മുഴങ്ങുകയാണ്."

സജ്ജന് അത് രസിച്ചില്ല. സ്വയം നിയന്ത്രിക്കാൻ ശ്രമിച്ചെങ്കിലും പറഞ്ഞുപോയി "അതെ! അതെ!, ഇന്നലെ മഥുരയിലും ഇന്നു വഴിയിലെല്ലായിടത്തും ആളുകൾ ഇതുതന്നെയാണ് എന്നോടുപറഞ്ഞത്. ലാലാജി എന്റെ പേര് കൊട്ടി മുഴക്കിക്കളഞ്ഞെന്ന്..."

ലാലാജാനകീസരണിന് ശരിക്കു കൊണ്ടു. "അതൊക്കെപോട്ടെ. ഇനി നിങ്ങളെത്തിയല്ലോ. നിങ്ങളായി നിങ്ങളുടെ പാടായി. ഞങ്ങൾ ആവുന്നതെല്ലാം ചെയ്തിട്ടുണ്ട്. ഇന്നലെ പാവം സാലിഗ്രാം തെരുവിൽ മറിഞ്ഞു വീണ് കാലിലെ എല്ലുപൊട്ടി...."

സജ്ജൻ പെട്ടെന്നു ചോദിച്ചു "എങ്ങനെ വീണു?"

ലാല പുഞ്ചിരിച്ചിട്ടു പറഞ്ഞു "കേട്ടത് നിങ്ങളുടെ വീട്ടുടമസ്ഥ അദ്ദേഹത്തിന്റെ മേൽ എന്തോ ക്ഷുദ്രം ചെയ്തെന്നാണ്..."

സജ്ജൻ ചിരിച്ചിട്ടു ചോദിച്ചു. "അതെന്തിന്? അവർക്ക് സാലിഗ്രാമുമായി...."

"നിങ്ങൾ എത്തിയല്ലേയുള്ളൂ. സ്വസ്ഥമായിട്ടല്പം ഇരിക്കിൻ. എല്ലാം കർണൽ പറഞ്ഞുതരും. ശരി. ഞാനിറങ്ങട്ടെ. രാജാസാഹബിന്റെ അവിടെ ഒന്നുപോകണം...."

"എന്താ വിശേഷിച്ച് വല്ലതും ഉണ്ടോ?"

"കൊള്ളാം. ഇന്നു തിലകാഭിഷേകത്തിന്റെ വിരുന്നല്ലേ?"

"ശരിയാണ്. ഞാൻ മറന്നേപോയി." സജ്ജൻ പറഞ്ഞു.

"ഈയിടെയായി എന്തുവിചാരത്തിലാണ്. സ്വയം മറന്ന ലക്ഷണമാണല്ലോ. ശരി പോകുന്നു കർണൽ. പിന്നെ കാണാം."

പുറത്തേക്കു കടന്ന ലാലയോടായി സജ്ജൻ പറഞ്ഞു "ഞാനിപ്പോഴെത്തിയേക്കാമെന്ന് രാജാസാഹബിനോട് പറഞ്ഞേക്കണേ."

ലാലാജാനകീസരൺ പോയശേഷം അതുമിതുമായി കുറെ സംസാരിച്ചു. കർണൽ കന്യയോടായി പറഞ്ഞു "നീ മഥുരയിൽ പോയതുകൊണ്ടു നല്ലൊരു കാര്യം സാധിക്കാൻ കഴിഞ്ഞു. ബിന്ദോ ഇന്നുതന്നെ നിന്റെ അച്ഛനെ തടവിലാക്കിയേക്കാം. സാലിഗ്രാമിനെ ഇന്നുതന്നെ മനസ്സിലാക്കിച്ചേക്കാം, കർണലിനോടു കളിച്ചാൽ എന്തു സംഭവിക്കുമെന്ന്..."

സാലിഗ്രാമിനെക്കുറിച്ചുള്ള പരാമർശം വന്നതോടെ, അയാളുടെ കാലൊടിഞ്ഞ കാര്യവും, തായിക്കു അതുമായുള്ള ബന്ധവുമൊക്കെ പറയേണ്ടിവന്നു. കർണൽ പെട്ടെന്നു ഗൗരവം പൂണ്ടു. കഴിഞ്ഞ ദിവസത്തെ കാര്യങ്ങളും, രാത്രിയിൽ സജ്ജന്റെ മുറി കൊള്ളയടിച്ചതും എല്ലാം വിശദമായി പറയാൻ കർണൽ നിർബ

ന്ധിതനായി. അതുകേട്ട് സജ്ജന്റെയും കന്യയുടെയും മുഖം ചുവന്നു. വീട്ടിൽ പോകുന്നതിനു മുമ്പ് തന്റെ മുറിയൊന്നു പോയി നോക്കാൻ സജ്ജൻ തീരുമാനിച്ചു.

തന്റെ 'ചിത്രപ്പണിശാല'യുടെ ദംശിതരൂപം കണ്ട് സജ്ജന്റെ സ്വയംബോധം നശിച്ചു. കൊല നടന്ന ഒരിടം പോലെയാണ് ആ മുറി തോന്നിച്ചത്. കീറിയ ചിത്രങ്ങളുടെ ചില ഭാഗങ്ങൾ അങ്ങിങ്ങു ചിതറിക്കിടപ്പുണ്ട്. പകുതി എരിഞ്ഞ ചെറിയ മേശ, കേടുവരാത്ത രണ്ടുകാലുകളിൽ കംഗാരുവിനെപോലെ ഒരു മൂലയിൽ ഇരിപ്പുണ്ട്. കൂജയുടെ ഉടഞ്ഞ ശകലങ്ങളും ചില്ലിട്ട പടങ്ങളിൽനിന്ന് തെറിച്ച കണ്ണാടിക്കഷണങ്ങളും-തായി അവയെല്ലാം ഒരിടത്തു കൂട്ടിവച്ചിരുന്നു-തന്റെ ഹൃദയത്തിൽ തുളച്ചുകയറുമ്പോലെ സജ്ജനു തോന്നി. മെത്തയിലെ പഞ്ഞി അങ്ങിങ്ങു പറന്നു കിടപ്പുണ്ട്. കേടുപറ്റാത്ത ഒരൊറ്റ സാധനവും മുറിയിലില്ല. സജ്ജനും കന്യയും കർണലും വളരെനേരം ഒന്നും മിണ്ടാതെ ആ മുറിയിൽ നിന്നു. സജ്ജന്റെ കണ്ണുകൾ തുറിച്ചിരുന്നു. നിറയൊഴിക്കാൻ കാത്തിരുന്ന രണ്ടു കൈത്തോക്കുകളാണവയെന്നു തോന്നി.

സജ്ജന്റെ നേത്രത്തിന്റെ ഉഗ്രരൂപം കന്യയെ ഭയപ്പെടുത്തി. സ്വന്തം കോപാഗ്നിയിൽ വെന്തുരുകുന്നതിൽനിന്ന് അയാളെ രക്ഷിക്കാനായി എന്തെങ്കിലും പറയാൻ വേണ്ടി അവൾ വാക്കുകളും വാചകങ്ങളും തിരഞ്ഞു. പക്ഷേ അവൾക്കതിനു കഴിയുന്നില്ല. താൻ പുതിയൊരു ജീവിതത്തിലേക്കു കടക്കാൻ ഇടയാക്കിയതാണീ ചെറിയമുറി. ഇവിടെ വച്ചാണ് അവൾ ആദ്യമായി സജ്ജനെ അടുത്തുകണ്ടത്.

"നവജീവൻ" പത്രത്തിൽ ജോലി കിട്ടിയതിന്റെ അന്ന് ഹനുമാന്റെ പ്രസാദവുമായി താനാ മുറിയിൽ വന്നതിനെക്കുറിച്ചവൾ ഓർത്തു. അവൾ സജ്ജനെ പ്രസാദം തൊടുവിച്ചു. അന്നാണ് ആദ്യമായി അവൾ സജ്ജനെ "നിങ്ങൾ" എന്നു വിളിച്ചത്. സങ്കോചത്തിന്റെ മറയ്ക്കിടയിലൂടെ എത്തിനോക്കുന്നതിനു പകരം മനസ്സിന്റെ കവാടങ്ങൾ തുറന്നു സജ്ജനോട് ഏറ്റവും അടുത്തത് അന്നാണ്. അന്ന് ആ മുൻവശത്ത് ഈസലിൽ സ..ത്യനാരായണകഥയുടെ ചിത്രം വച്ചിരുന്നു. പുറത്തു മേടയിൽ മഹാകവി ബോർ ഇരുന്നിരുന്നു. ഡോ. ഷീലാസിംഗ് വന്നു. ചായ തിളപ്പിച്ചു. എത്ര നല്ല ദിവസമായിരുന്നു. അന്നീ മുറി എത്ര സുന്ദരമായി തോന്നി. ആ സൗന്ദര്യം ഈ വിധം തകർക്കപ്പെട്ടതുകണ്ട് അവൾക്കു അത്യന്തം ദുഃഖം തോന്നി. തലേന്നാളത്തെ കാര്യം ഓർമ വന്നു. അവൾ പറഞ്ഞു, "നിങ്ങൾ പറഞ്ഞതു സത്യമാണ്...." സജ്ജൻ മെല്ലെ അവളുടെ നേരെ തലതിരിച്ചു നോക്കി. കർണലും അങ്ങോട്ടു നോക്കി. കന്യ തുടർന്നു "ലോകത്ത് എല്ലായ്പോഴും ഇത്തരം ആളുകൾ കാണും. സൗന്ദര്യം കണ്ടിട്ട്, അതു ആസ്വദിക്കുന്നതിനു പകരം അതിനെ നശിപ്പിക്കുന്നവർ. മഥുരയിലെ സൗന്ദര്യം നശിപ്പിച്ച ഐതിഹാസികരായ ഘാതകരെക്കാളും ഒട്ടും മോശക്കാരല്ല നിങ്ങളുടെ കലാസൃഷ്ടികൾ നശിപ്പിച്ച ഇവിടത്തെ ഖലന്മാരും..."

കർണൽ: "ഞാനന്നേ പറഞ്ഞതാണ് ഈ തെരുവ് മാനംമര്യാദയായിട്ടു കഴിയുന്നവർക്ക് പറ്റിയതല്ലെന്ന്. ഇവിടെയത്രയും തെമ്മാടികളാണ്. ഇവരുടെ മനസ്സിലെ സൗന്ദര്യം കാണാനല്ലേ സജ്ജൻ വന്നത്? ഇപ്പോൾ കണ്ടോ സൗന്ദര്യം....!"

കോപസ്വരത്തിൽ സജ്ജൻ പറഞ്ഞു "ഇതുകണ്ടു ഭയന്ന് ഞാൻ മുറിയും

ഉപേക്ഷിച്ചോടിപ്പോകുമെന്നിവർ കരുതിയിട്ടുണ്ടെങ്കിൽ അതു നടക്കില്ല....ഖല ന്മാർ..... ഇവർ.....ഇവരാണ് അജന്തയുടെയും എല്ലോറയുടെയും നാട്ടിൽ കഴിയു ന്നവർ......ഈ അപരിഷ്കൃതരുടെ മുഖത്തു പെട്രോൾ ഒഴിച്ചിട്ടു തീ വയ്ക്കണം...."

"കുട്ടികളെപ്പോലെ സംസാരിക്കുന്ന...ഇത്രയും ഇടുങ്ങിയ ഹൃദയം നിങ്ങൾക്കു ണ്ടാകാമോ?" കന്യയുടെ വാക്കുകൾ കേട്ട് സജ്ജൻ ഒന്നു നിശ്വസിച്ചു.

കർണൽ പറഞ്ഞു "എന്റെ അഭിപ്രായം നിങ്ങൾ ഈ പ്രദർശനം ഇപ്പോൾ ക്യാൻസൽ ചെയ്യണമെന്നാണ്, സജ്ജൻ. ഇവിടുള്ളവർക്ക് നിങ്ങളോട് വിരോധ മാണ്. അന്നു വല്ല അനിഷ്ടസംഭവവും ഉണ്ടായാൽ അതു മോശമാണ്? ഹെർ എക്സലൻസിയും വരുന്നുണ്ട്. പല വലിയ ആളുകളും വരും. അവരുടെ മുമ്പിൽ നിങ്ങൾ അപമാനിതനാകും."

കന്യയാണ് മറുപടി പറഞ്ഞത് "അല്ല ചേട്ടാ. പ്രദർശനം തീർച്ചയായും നട ത്തണം. ഇതു മനുഷ്യരുടെ കുറ്റമല്ല. അവരുടെ സങ്കുചിത പരിസരമാണ്. പ്രദർശനം നടത്തിയാൽ ഇവിടുള്ളവർക്ക് പഠിക്കാനൊരവസരം കിട്ടും. എങ്കിലേ സജ്ജൻ ഇവിടെ വന്നതിനൊരു ഫലമുണ്ടാകൂ....."

സജ്ജൻ ഉത്തേജിതനായി പറഞ്ഞു "ഞാനിവിടെത്തന്നെ കഴിയും. ഈ മൂഢ ന്മാരെയൊക്കെ ഞാൻ ചക്രശ്വാസം വലിപ്പിക്കും. ഈ റീയാക്ഷനറി എലിമെന്റു കളെ ഭയന്ന് സജ്ജൻ ഓടിപ്പോവില്ല."

തായി ഒരു പൊതിക്കെട്ടുമായി മേടയിലേക്കു വരുന്നതു കണ്ടു. കന്യ അവരെ കണ്ടു കൈ കൂപ്പി. തായി ഒന്നും മിണ്ടിയില്ല. അവളെ സൂക്ഷിച്ചൊന്നു നോക്കി. സജ്ജന്റെ കയ്യിൽ പൊതിക്കെട്ടു കൊടുത്തിട്ടു പറഞ്ഞു. "കന്നോമലിന്റെ ചെറു മോനേ, ഇതെല്ലാം നിന്റെ പടമാണെന്നു തോന്നുന്നു. ഞാനിന്ന് മാവു കുറുക്കി തരാം അതെല്ലാം. ഒട്ടിച്ചു ചേർത്തോ..."

കോപത്തിന്റെ ശക്തമായ തിരകൾ ഹൃദയസാഗരതടത്തിൽ നിന്നു പെട്ടെന്നു പിൻമാറി. തായിയുടെ വാക്കുകൾ നർമ ഭാവത്തോടെ അതിനെ സ്പർശിച്ചു. തായിയുടെ സ്നേഹം പ്രളയകാലത്തു നോഹയുടെ കപ്പലെന്നോണം രക്ഷിക്കാ നെത്തിയിരിക്കുകയാണ്. സജ്ജൻ പൊതിക്കെട്ടുവാങ്ങി. ആക്രമണകാരികളെ ശപിച്ചുകൊണ്ട് തായി പറഞ്ഞു:

"നിനക്ക് ആരൊക്കെ നഷ്ടം വരുത്തിയോ അവനൊക്കെ ഇന്നേക്ക് എട്ടു ദിവസത്തിനുള്ളിൽ ഭസ്മമാകും. പിന്നെ നീ ഈ മുറിയിൽ നിന്റെ സാധനങ്ങ ളൊന്നും വയ്ക്കേണ്ട. എന്റെ വീട്ടിലെ ഹാളിൽ വച്ചോ. അവിടെ."

അവൾ കർണലിനെയും കന്യയെയും സൂക്ഷിച്ചു നോക്കിയിട്ട് "നിങ്ങൾ വെളി യിലേക്കു പോവിൻ. ഉം പോയിൻ" എന്നു പറഞ്ഞു.

കന്യ പെട്ടെന്നു പുറത്തേക്കു പോയി. കർണലിനതു രസിച്ചില്ല. എന്തോ പറയാൻ തുടങ്ങുമ്പോഴേക്കും സജ്ജൻ അയാളുടെ കയ്യൊന്നമർത്തി. കർണലും പുറത്തേക്കു പോയി. തായി സജ്ജന്റെ അടുത്തേക്കു നീങ്ങിയിട്ട് പതിഞ്ഞ സ്വര ത്തിൽ പറഞ്ഞു. "നോക്കു കുഞ്ഞേ, നീ ഇപ്പോൾ തന്നെ വിവാഹം ചെയ്യ്. നിന്റെ പെണ്ണിനു ഞാൻ നൂറു തോല സ്വർണം കൊടുക്കാം. പിന്നെ ഏതാണീ തേവിടിശ്ശി. നാണം കെട്ടവൾ. ആണുങ്ങൾക്കൊപ്പം നടക്കുന്നവൾ..."

ഈ സമയത്ത് തായിയോട് കന്യയെക്കുറിച്ച് അന്നത്തെപ്പോലെ കള്ളം പറ യാൻ സജ്ജനു തോന്നിയില്ല. ആ തമാശ ഇനിയും നീട്ടാൻ സജ്ജൻ ആഗ്രഹി

ച്ചില്ല. അയാൾ വ്യക്തമായി പതുക്കെ പറഞ്ഞു."തായിജീ, ഇവർ വളരെ നല്ല സ്ത്രീയാണ്. എന്നെ നിങ്ങൾ വീട്ടിലെ മുറിയിൽ താമസിക്കാൻ അനുവദിച്ചാൽ ഇവരും അവിടെ വരും..." തായി പിന്നെ ഒന്നും മിണ്ടിയില്ല. കണ്ണിൽ കണ്ണുംനട്ട് ഒരു നിമിഷത്തേക്കു നോക്കിനിന്നു. "കലിയുഗം വന്നു. നാശം തന്നെ... ഇവളും വരുമോ... വരട്ടെ നാശം. വന്നു തോന്നുംപോലെ ചെയ്യട്ടെ. എനിക്കെന്ത്? ഞാനെന്റെ വശത്തെ കതക് അടച്ചിട്ടേക്കാം." തായി പിന്നെ മുറിയിൽ നിന്നില്ല. വന്നതുപോലെ തിടുക്കത്തിൽ തിരിച്ചുപോയി.

30

രാജാസാഹിബിന്റെ പൗത്രന്റെ തിലകംചാർത്തലിന്റെ വിരുന്ന് അത്യന്തം ആർഭാടപൂർണമായിരുന്നു. രണ്ടു പ്രവിശ്യകളിലെ ഗവർണർമാർ, മൂന്നു കേന്ദ്രമന്ത്രിമാർ, പ്രാദേശിക മന്ത്രിമാർ മുഴുവൻ, ഉപമന്ത്രിമാർ അനേകം, പഴയ താലൂക്കധികാരികൾ എന്നിവർക്കു പുറമേ കാൺപൂരിലും, കൽക്കത്തയിലും നിന്നുള്ള മൂന്നുനാല് കുബേരന്മാരും എത്തിയിരുന്നു. വലിയ ആഡംബരപൂർണമായിട്ടായിരുന്നു ചടങ്ങ്. മഹിപാൽ വിരുന്നു സമയത്ത് വ്യംഗ്യഭാഷണം കൊണ്ട് ധനവാന്മാരെ കുറെയൊക്കെ കളിയാക്കുകയും അപമാനിക്കുകയും ചെയ്തു. ആഹാരത്തിനു ശേഷം സജ്ജൻ അയാളേട് പറഞ്ഞു "മഹിപാൽ, നിങ്ങളുടെ മനസ്സ് ആകെ ക്ഷീണിച്ചിരിക്കുകയാണ്. കുറച്ചുദിവസത്തേക്ക് പുറത്തെവിടെയെങ്കിലും പോയി വിശ്രമിച്ചിട്ട് വരൂ." മഹിപാലും മനസ്സിലെങ്ങോ ഈ ഒരാഗ്രഹം വച്ചു പുലർത്തുകയായിരുന്നു. സ്നേഹിതന്റെ സഹാനുഭൂതിയോടെയുള്ള നിർദേശം അയാൾക്ക് ഇഷ്ടപ്പെട്ടു. "അതേ സ്നേഹിതാ, മനസ്സിന്റെ ക്ഷീണം കാരണം പലപ്പോഴും എനിക്കു തന്നെ എന്നോട് ഇഷ്ടമില്ലാതാകുന്നുണ്ട്. നിങ്ങൾ പറഞ്ഞത് ശരിയാണ്. അമ്മയുടെ ഒരു സഹോദരന്റെ ഒരു കത്തും വന്നിട്ടുണ്ട്. കുറച്ചുദിവസത്തേക്ക് അങ്ങോട്ടു പോയി, ഈ പ്രാരാബ്ധചിന്തയിൽ നിന്നെല്ലാം അകന്നു കഴിഞ്ഞാലോ എന്നാലോചിക്കുകയാണ്. അതേ, ഇത്തവണ അങ്ങോട്ടു തന്നെ പോയേക്കാം."

ഒരു തീരുമാനം എടുത്തെന്ന നിലയിൽ മഹിപാൽ സജ്ജനോട് വിടയും വാങ്ങി. ഏകനായെന്ന തോന്നലോടെ സജ്ജൻ വീട്ടിലേക്ക് പോകാൻ തുടങ്ങി. അപ്പോഴാണ് പഴയ ഒരു പരിചയക്കാരിയെക്കണ്ടത്. ചഞ്ചലമായ യൗവനാവസ്ഥയിൽ സദാ സജ്ജന്റെ നിഴലായിക്കഴിഞ്ഞിരുന്ന മിസ്സിസ് ചിത്രാ രാസദാനെ. വീട്ടിലേക്കു മടങ്ങാനായി അവൾ കാറുള്ള ആരെയെങ്കിലും തിരക്കി നടക്കുകയായിരുന്നു. ചിത്ര ആരെയും കല്യാണം കഴിച്ചിട്ടില്ല. പക്ഷേ, പലരുടെയും വെപ്പാട്ടിയായിരുന്നിട്ടുണ്ട്. പ്രായം കൂടി വന്നിട്ടും അവളുടെ ശരീരകാന്തിയും വടിവും ഇന്നും വിട്ടുമാറിയിട്ടില്ല. ആകർഷകമാണിപ്പോഴും ആ സൗന്ദര്യം. നാലു ദിവസമായി അടുത്തു കഴിഞ്ഞിട്ടും അകന്നുകഴിയാൻ കന്യ നിർബന്ധിതമാക്കിയിരുന്നതു കാരണം സജ്ജന്റെ ആത്മാഭിമാനവും, കലാകാര സദൃശമായ നിർബന്ധവും, ഭോഗവാസനയും മനസ്സിൽ ഉണർന്നെണീറ്റു. ഒന്നും ഒന്നും രണ്ടായി. അന്നുരാത്രി മദ്യത്തിന്റെ ലഹരിയിൽ തന്നെ ഈ അപരാധത്തിലേക്ക് തള്ളി

വിട്ട കന്യയെ പഠിപ്പിക്കാനായി ചിത്രയെ കല്യാണം കഴിച്ച്, പതിതരെ ഉദ്ധരിക്കുകയെന്ന ആദർശം സ്വീകരിക്കാൻ വരെ സജ്ജൻ തീരുമാനിക്കുകയും ചെയ്തു.

അടുത്ത ദിവസം അതിരാവിലെ രാജാസാഹിബിന്റെ മൂത്തമകൻ വന്ന് സജ്ജനെ വിളിച്ചു കൊണ്ടുപോയി. രാജാസാഹിബും ലാലാജാനകീസരണും കാലിൽ പ്ലാസ്റ്ററുമിട്ട് സാലിഗ്രാമും അവിടെ ഇരുപ്പുണ്ട്. രാജാസാഹിബിന്റെ പ്രഭാവത്താലും ഇവർ രണ്ടുപേരും കൂടി സ്വാധീനിച്ചതിനാലും കന്യയുടെ അച്ഛനെ സംബന്ധിച്ച കേസ്സിന് തന്റെ ഭാഗത്തു നിന്നും യാതൊരു സഹായവും ഉണ്ടാവുകയില്ല എന്ന് സജ്ജൻ വാക്കു കൊടുത്തു. രണ്ടുദിവസത്തേക്ക് അയാൾ കന്യയെയും കർണലിനെയും ഒഴിഞ്ഞു നടന്നു. ചിത്ര വീട്ടിൽതന്നെ ഉണ്ടായിരുന്നു. അതിനിടെ കർണലും കന്യയും കേസ്സിന്റെ നടപടികൾ മുന്നോട്ടു കൊണ്ടുപോയി. പത്രങ്ങളിൽ ഈ വാർത്തകൾ കണ്ടപ്പോൾ സജ്ജന് കോപം തോന്നി. മൂന്നു ദിവസം തികച്ചും അലഞ്ഞുതിരിഞ്ഞുനടന്നിട്ട് നാലാം ദിവസം കാര്യസ്ഥനെ വിളിച്ച് കുറച്ച് ഫർണിച്ചറും മറ്റലങ്കാരവസ്തുക്കളും അവശ്യസാധനങ്ങളും തായിയുടെ ബംഗ്ലാവിലെത്തിക്കാൻ നിർദേശം നൽകി. ഉച്ചയ്ക്ക് അയാളും തായിയുടെ വീട്ടിലെത്തി. ലളിതയും വിശാലവും കിഷനും ഒന്നിനുപിന്നാലെ ഒന്നായി വലം വച്ചോടുകയാണ്. അവയെ പിടിച്ചു കൊണ്ടു വരാൻ തായി സജ്ജനോട് പറഞ്ഞു. സജ്ജൻ മൂന്നിനെയും പിടിച്ച് തൂണിൽ കെട്ടിയിട്ടു.

"തായീ, എന്റെ സാധനങ്ങളെല്ലാം കൊണ്ടുവന്നോ?"

"കൊണ്ടു വന്നു. ഞാനെല്ലാം അടുക്കിവയ്പിച്ചിട്ടുണ്ട്. അമ്മാവന്റെ മുറി നിനക്കായി ഒരുക്കിയിരിക്കുകയാണ്. പിന്നെ മോനേ, നീ കിസോരിയുടെ ചെറുക്കന്റെ സദ്യയ്ക്കു പോയിരുന്നോ?"

"പോയി തായീ."

"സദ്യ എങ്ങനെ ഉണ്ടായിരുന്നു? ഒരുപാട് ആളുകൾ വന്നിരുന്നു എന്ന് കേട്ടല്ലോ."

സജ്ജൻ മനഃപൂർവം കള്ളം പറഞ്ഞു. "ഇല്ല തായീ. അധികമില്ല. പത്തഞ്ഞൂറ് ആളുകൾ ഉണ്ടായിരുന്നു."

"എത്ര തരം പലഹാരങ്ങൾ ഉണ്ടായിരുന്നു?"

സജ്ജന് ഓർമയില്ല. അതുമല്ല ആ സമയത്ത് അനാവശ്യമായ ചോദ്യങ്ങൾക്ക് ഉത്തരം പറയാനുള്ള മൂഡും അയാൾക്കില്ലായിരുന്നു. അയാൾ പറഞ്ഞു. "എണ്ണത്തിനു വേണ്ടി കുറെ കഷണങ്ങൾ ഉണ്ടായിരുന്നു. പക്ഷേ പറയത്തക്കതായി ഒന്നും ഇല്ലായിരുന്നു."

കുറെ നേരം മൂകയായിരുന്നിട്ട് തായി പറഞ്ഞു, "മോനേ നീ വിവാഹം ചെയ്യ്. നോക്കിക്കോ, ഞാൻ നടത്തുന്ന സദ്യ കണ്ട് ആ തേവിടിശ്ശിയുടെ കരൾ എരിയും. എന്താ ഉറപ്പിക്കട്ടോ? പെണ്ണിനെ കാണിച്ചുതരാം. സുശീലയാണ്."

കുഴഞ്ഞ ഈ പ്രശ്നത്തിൽ നിന്ന് ഒഴിഞ്ഞു മാറാൻ സജ്ജൻ ആഗ്രഹിച്ചു. "തായിജീ, എന്റെ ജാതകത്തിലുണ്ട് രണ്ടു വർഷത്തിനകം കല്യാണം നടക്കുകയാണെങ്കിൽ ഞാൻ മരിച്ചുപോകുമെന്ന്..."

അതുകേട്ടു തായി ഞെട്ടി. "ജാതകപ്പൊരുത്തം നോക്കിയിട്ട് നടത്താം. ദീർഘസുമംഗല ഭാഗ്യമുള്ള ഒരു പെണ്ണിനെ കണ്ടുപിടിക്കാം...." പിന്നെ രഹസ്യം പറയും മട്ടിൽ തുടർന്നു. "ആരുടെ എങ്കിലും ഒരു കാര്യം നടത്താൻ എനിക്ക്

വലിയ ആഗ്രഹം.ആ തേവിടിശ്ശി കരുതുന്നുണ്ടാകും അവൾക്കേ പേരമക്കളു ള്ളുവെന്ന്. സ്നേഹമാണ് ഏറ്റവും വലിയ ബന്ധം. ഞാൻ താരയുടെ കുഞ്ഞിന്റെ ആറാം നാൾ കൊണ്ടാടും. പിന്നെ നിന്റെ.."

അപ്പോൾ ആരോ തായിയുടെ വാതിലിൽ തട്ടി. തായി അങ്ങോട്ടുപോയി. സജ്ജൻ പുറത്തേക്കിറങ്ങി. ലാലാ ജാനകിദാസൻ വരാന്തയിലിരുന്ന് പഴക്കാര നോട് വിലപേശുകയാണ്. സജ്ജനെക്കണ്ട് വിളിച്ചുപറഞ്ഞു "ങാ, തായിയുടെ മടിയിലേക്ക് മാറിയോ?.."

തമാശയ്ക്ക് മറുപടി പറയാനുള്ള മൂഡിലായിരുന്നില്ല അയാൾ. ലാലാ ജാനകിസരണിനെ കണ്ട് അയാൾക്ക് സങ്കോചം തോന്നി. ലാലാജി വിളിച്ചു. "വരൂ, വരൂ. രണ്ടുമിനിട്ട് ഇരുന്നിട്ട് പോകൂ..."

സജ്ജൻ അങ്ങോട്ട് ചെല്ലേണ്ടിവന്നു. ലാല പറഞ്ഞു "പിള്ളേർ ബന്ധുക്ക ളെയും മുതിർന്നവരെയും മറന്നാലും അവർക്ക് അത് ചെയ്യാനാവുമോ? ങാ. ഇന്നത്തെ പത്രം കണ്ട് രാജാസാഹിബിന് വിഷമം തോന്നിയിരിക്കും... അദ്ദേഹം ടെലഫോൺ ചെയ്തിരുന്നു."

ലാലാ എന്തെങ്കിലും കൂടുതലായി പറയുന്നതിന് മുമ്പേ സജ്ജൻ പറഞ്ഞു. "ഇതിൽ എന്റെ കൈയില്ല. ഞാനീ കാര്യത്തിൽ മാറിനിൽക്കുകയാണ്."

"എന്നാൽ കേണൽ?"

"കേണൽ ഇക്കാര്യത്തെക്കുറിച്ച് എന്റെ അഭിപ്രായം ഒന്നും ആരാഞ്ഞില്ല."

"ഓഹോ! അങ്ങനെയാണോ കാര്യം....." എന്നു പറഞ്ഞിട്ട് ലാലാ ചിരിച്ചു.

ആ ചിരി സജ്ജന് രസിച്ചില്ല. താൻ സ്വയം അപരാധിയാണെന്ന് അയാൾക്കു തോന്നി. ഒന്നും മിണ്ടിയില്ല. ലാലാ തുടർന്നു.

"കുഞ്ഞേ, എനിക്ക് വയസ്സ് അറുപത്തഞ്ചായി. നിന്റെ അച്ഛന് എന്നേക്കാൾ പ്രായം കുറവായിരുന്നു. ഇനി ഞാൻ നിന്നോട് എന്തു പറയാൻ? ഈശ്വരാനുഗ്ര ഹത്താൽ നിനക്ക് പേരും പെരുമയും ഉണ്ട്. നീ ബുദ്ധിയുള്ളവനാണ്. എങ്കിലും നിന്നോട് ഒരു കാര്യം പറയേണ്ടത് എന്റെ കടമയാണ്. കാര്യമൊക്കെ കൊള്ളാം. പക്ഷേ സ്വയം നിയന്ത്രണം വേണം. നഗീൻചന്ദിനോടും ഇതേ എനിക്ക് പറയാ നുള്ളൂ. സ്വന്തം തന്തയെ എതിർക്കുന്ന പെണ്ണ് മറ്റ് ആരെയെങ്കിലും വകവ യ്ക്കുമോ?" സജ്ജൻ ഒന്നും പറഞ്ഞില്ല. കന്യയെക്കുറിച്ച് ലാലാജി പറയുന്ന തെല്ലാം അസത്യമാണെന്ന് അറിയാമായിരുന്നിട്ടു കൂടി-അതിനെ എതിർക്കാൻ അപ്പോൾ അയാൾക്കു തോന്നിയില്ല. പിന്നെ പ്രദർശനത്തെക്കുറിച്ചായി സംസാരം. ലാലാ തന്റെ രണ്ടു വലിയ മുറികൾ സജ്ജനെ കാണിച്ചു കൊടുത്തു. ചിത്ര പ്രദർശനത്തിന് പറ്റിയവയല്ല മുറികൾ. വേണ്ടത്ര വെളിച്ചമില്ല. വിളക്കിടാനുള്ള ഏർപ്പാടു ചെയ്യണമെന്ന് സജ്ജൻ പറഞ്ഞു. അടുത്ത ദിവസം രാവിലെ എട്ടുമ ണിക്ക് അവിടെ ചെല്ലാമെന്നേറ്റിട്ട്, സജ്ജൻ വീണ്ടും തായിയുടെ വീട്ടിലേക്ക് മടങ്ങി. മുറിയിൽ കന്യ ഇരിപ്പുണ്ട്. അവളെ കണ്ട ഉടൻ സജ്ജൻ ഗൗരവം പൂണ്ടു. ഒന്നും മിണ്ടാതെ ഒരു ചാരുകസേരയിൽ ചെന്നു കിടന്നു. മുഖം മറു വശത്തേക്ക് തിരിച്ചുവച്ചു.

കന്യ ചോദിച്ചു "എന്താ ദേഷ്യമാണോ?"

".."

"കോപിക്കാനൊരു കാര്യവുമില്ല."

"താങ്കളോട് കോപിക്കാനെനിക്കെന്തു കാര്യം?"

"നിങ്ങൾ അനീതിയുടെ ഭാഗത്തു ചേരുമെന്ന് ഞാൻ സ്വപ്നത്തിലും കരുതിയില്ല."

സജ്ജൻ ചൊടിച്ചു. "ന്യായപക്ഷത്തു ചേർന്നതിനാണ് ചീത്തപ്പേരുണ്ടായത്."

"അപ്പോഴിനി?"

"ഞാനിപ്പോൾ നിന്റെ അന്യായമാണ് കാണുന്നത്."

"എന്താണത്?"

അതിനുത്തരം സജ്ജന് കിട്ടുന്നില്ല. കന്യ ചോദിച്ചു "ഞാനെന്റെ അച്ഛനോട് അന്യായമാണ് ചെയ്യുന്നത്. അല്ലേ? സ്ത്രീ എന്നെന്നും അടിച്ചമർത്തപ്പെട്ടു കഴിയണമെന്നാണ് നിങ്ങൾ ഇപ്പോൾ കരുതുന്നത്?"

സജ്ജൻ ചൊടിച്ചു. "കൊള്ളാം. സ്ത്രീകളെ ആര് അടിച്ചമർത്താനാണിപ്പോൾ? അടിച്ചമർത്തപ്പെടുന്നത് പുരുഷനായിരിക്കും."

കന്യ "സജ്ജൻ വിവേകത്തോടെ സംസാരിക്കൂ. ദേഷ്യപ്പെടാൻ കാരണമെന്ത്? എന്താ ഞാൻ നിങ്ങളെ വല്ലവിധത്തിലും ചതിച്ചിട്ടുണ്ടോ? ഞാനാദ്യമായി നിങ്ങളുടെ വീട്ടിൽ വന്ന അന്നുതന്നെ ഇക്കാര്യം വ്യക്തമായി പറഞ്ഞതല്ലേ?"

"എന്റെ പരാതി അതല്ല. ഞാൻ നിന്നെ തടുത്തപ്പോൾ, മൂന്നുനാലു ദിവസം കഴിഞ്ഞിട്ട് പോരായിരുന്നോ ഇത് മുന്നോട്ടു കൊണ്ടുപോകുന്നത്?"

"സജ്ജൻ, നിങ്ങളുടെ അടുക്കൽ വലിയ ആളുകളുടെ ശുപാർശ വന്നിട്ടുണ്ടാവണം. എന്റെ അച്ഛനെ രക്ഷിക്കാനല്ല. സാലിഗ്രാമിന്റെ അഭിമാനം രക്ഷിക്കാൻ. ഞാനത് എന്തിനു നോക്കണം? സാലിഗ്രാമിനോ കോൺഗ്രസ്സിനോ അപമാനമുണ്ടായെങ്കിൽ ദോഷം എന്റെയാണോ?"

"മിസ് വനകന്യാ. നിങ്ങളുടെ രാഷ്ട്രീയ അടവ് എനിക്ക് നല്ലവണ്ണം മനസ്സിലാകുന്നുണ്ട്. ഇതുവരെ–"

"സജ്ജൻ, സത്യമെന്താണെന്ന് നിങ്ങൾക്ക് നല്ലവണ്ണം അറിയാം. ഞാൻ വാദിക്കേണ്ട കാര്യമൊന്നുമില്ല."

"എനിക്കും വാദിക്കാൻ ആഗ്രഹമില്ല." എന്നു പറഞ്ഞിട്ട് സജ്ജൻ വീണ്ടും മുഖം തിരിച്ചു. കന്യ തട്ടുടിയിൽ നിന്നെഴുന്നേറ്റ് സജ്ജന്റെ അരുകിലെത്തി. ചാരുകസേരക്കരികിൽ വന്നു നിന്നിട്ട് സജ്ജന്റെ തലയിൽ കൈ വച്ചിട്ട് ചോദിച്ചു.

"എന്താ, മിണ്ടില്ലേ..."

"ഇല്ല..."

"ഒരിക്കലും?"

"............................"

"മിണ്ടണ്ട, പക്ഷേ ഞാൻ മിണ്ടും."

വനകന്യയുടെ സ്പർശനം അയാളെ ഉത്തേജിതനാക്കുകയാണ്. ആ സമയത്ത് അതയാളെ കൂടുതൽ ചൊടിപ്പിച്ചു. സുഖകരവും ശീതളവുമായിരുന്നു ആ സ്പർശനം. അയാൾക്കങ്ങനെയാണ് തോന്നിയത്. ആ സ്പർശനത്തിലൂടെ കന്യയുടെ ഉള്ളിലെ പവിത്രത മുഴുവൻ അയാളിലേക്കർപ്പിക്കപ്പെടുകയാണോ? സജ്ജന്റെ ഉള്ളിലെ അപവിത്രത പിടഞ്ഞു. പവിത്രതയുടെയും അപവിത്രതയുടെയും ഭാവന ഹൃദയത്തിൽ വ്യക്തമായി തെളിഞ്ഞു. അതോടെ തന്റെ ഹൃദയത്തിലെ മാലിന്യത്തെ പവിത്രമായി കണ്ട്, കന്യയുടെ പവിത്രതയെ മാലിന്യ

മായി കാണാനുള്ള ഒരു വാശി അയാൾക്കുണ്ടായി. പെട്ടെന്ന് നിവർന്നിരുന്നിട്ട് ചൊടിച്ചുകൊണ്ട് പറഞ്ഞു. "നീ ഇതെന്നോടല്ല പറയുന്നത്. എന്റെ പൈസയോടാണ്. എന്റെ അഭിമാനത്തോടും ഐശ്വര്യത്തോടുമാണ്..."

"രണ്ടാം തവണയാണ് ഞാനിതു കേൾക്കുന്നത്."

"നീ നാണമില്ലാതെ അതെപ്പോഴും കേട്ടുകൊണ്ടിരിക്കുകയും ചെയ്യും..."

വനകന്യയുടെ മുഖത്ത് നിമിഷനേരത്തേക്ക് ചുവപ്പ് പരന്നു. സ്വയം നിയന്ത്രിച്ചിട്ടവൾ പറഞ്ഞു. "നിങ്ങൾ സത്യമായിട്ടാണ് ഇതു പറയുന്നതെന്ന് വിശ്വാസം വരുമോ – അന്നുമുതൽ പിന്നെ നിങ്ങളുടെ മുൻപിൽ എന്റെ മുഖം പോലും കാണിക്കുകയില്ല..." എന്നു പറഞ്ഞിട്ടവൾ മാറിനിന്നു.

"കന്നോമലിന്റെ ചെറുമോനേ.."

"എന്താ തായീ..."

"പിന്നെ, നിന്റെ ഇവളോട് പറ, താരയുടെ മോന്റെ അപ്പച്ചിയുടെ നിലയിൽ കുഞ്ഞിന്റെ ആറാംനാൾ കൊണ്ടാടാൻ വരാൻ. ആ നാശം പിടിച്ച, ജാതിയും മുറയുമില്ലാത്തവനു വേണ്ടി ഞാൻ അപ്പച്ചിയെ എവിടുന്നു കൊണ്ടുവരാൻ?"

സജ്ജൻ, അധികാരത്തോടെ കന്യയുടെ നേർക്കു നോക്കിയിട്ട് പറഞ്ഞു. "ശരി തായിജീ..."

കന്യയും പെട്ടെന്നു പറഞ്ഞു "തീർച്ചയായും ഞാൻ അപ്പച്ചി ചമയാം തായിജീ. പിന്നെ ഞാൻ ധർമം കെട്ടവളൊന്നുമല്ല..." കന്യ തമാശ പൊട്ടിക്കാൻ പറഞ്ഞു.

അപ്പോൾ തെരുവിൽ നിന്നൊരു പട്ടി അകത്തേക്കു കടന്നു. മുറിയുടെ വാതിൽക്കൽ നിന്നിരുന്ന തായി അതു കണ്ടു.

'ഛി പോ' എന്നു പറഞ്ഞുകൊണ്ടവർ അതിന്റെ പിന്നാലെ ഓടി. പട്ടി പേടിച്ച്, പുറത്തേക്ക് പോകുന്നതിനു പകരം വരാന്തയിലേക്ക് ചാടിക്കയറി. തായി അലമുറയിട്ടു. "നാശം പിടിച്ചു പോവാൻ... അതിനെ ഒന്നു പിടിച്ചോളണേ. എന്റെ വീട്ടിൽ കയറരുതേ. അയ്യോ എന്റെ ലളിതയും വിശാലവും..."

അതിനു മുമ്പുതന്നെ സജ്ജൻ മുറ്റത്തേക്ക് ചാടി പട്ടിയെ വിരട്ടി ഓടിച്ചു. പട്ടി മുറ്റം മറികടന്ന് നേരെ വാതിൽക്കലേക്ക് ഓടി. കതകടയ്ക്കാനായി സജ്ജൻ അങ്ങോട്ടു പോയി. തടിച്ച വാതിലുകൾ പിടിച്ചു ചാരുമ്പോൾ, പെട്ടെന്നയാളുടെ കണ്ണുകൾ വഴിയിലൂടെ നടന്നു പോയിരുന്ന ബാബാ രാംജിയുടെ മുഖത്ത് പതിഞ്ഞു.

"സുഖമാണോ രാം ഭക്താ..." പല്ലില്ലാത്ത മോണകാട്ടി ചിരിച്ചിട്ട് ബാബാജി ചോദിച്ചു. സജ്ജൻ അദ്ദേഹത്തെ കണ്ടു ഞെട്ടി. മോഷ്ടിക്കുമ്പോൾ പിടിക്കപ്പെട്ട കള്ളനെപ്പോലെ. ബാബാജി വാതിലിനുനേരെ വന്നു. അദ്ദേഹത്തിന്റെ പിന്നിലായി, അദ്ദേഹത്തിന്റെ നീണ്ട വടിയും ഒരു ഭിക്ഷാപാത്രവുമായി മുണ്ഡശിരസ്കനായ മറ്റൊരു ലങ്കോട്ടി ധാരിയും ഉണ്ടായിരുന്നു. അവർ അകത്തു കടന്ന ഉടനെ സജ്ജൻ വാതിലടച്ചിട്ട് അദ്ദേഹത്തിന്റെ പിൻപേ നടന്നു. മുറ്റത്തുനിന്നിരുന്ന തായി ഒരു സന്യാസി വേഷധാരിയെ കണ്ട് പെട്ടെന്ന് അദ്ദേഹത്തിന്റെ മുൻപിൽ നമസ്ക്കരിച്ചു.

"നല്ലതുവരട്ടെ! സദ്ബുദ്ധിയുണ്ടാവട്ടെ! ശാന്തി!"

"മഹാജൻ, അങ്ങ് എവിടെ നിന്നുവരുന്നു...?"

"രാമന്റെ വീട്ടിൽനിന്ന്...നിങ്ങൾ എവിടെ നിന്നു വന്നോ അവിടെനിന്ന്..."

"അതെല്ലാർക്കുമറിയാം സ്വാമീ. ഞാൻ ചോദിച്ചത് ഭ്രാന്തന്മാരെ ചികിത്സിക്കുന്നതങ്ങാണോ....?"

"അതേ മോളേ. ഞാൻ ഭ്രാന്തരെ ചികിത്സിക്കുന്നു. ഭ്രാന്തരുള്ള ഇടത്ത് അവരുടെ സേവയ്ക്കായി ഞാനെത്തും. അങ്ങനെയല്ലേ രാംജീ?......"

അതു തന്നെപ്പറ്റിയാണ് പറയുന്നതെന്ന് സജ്ജനു തോന്നി. അയാൾ തലയും കുനിച്ച് മൂകനായിരുന്നു.

"ശരിയാണ്. അതങ്ങനെ തന്നെയാണ്. ഞാൻ ഗോകുലനടയിൽ വച്ചു കേട്ടിരുന്നു. അപ്പോൾ ഈ കന്നോമലിന്റെ ചെറുമോനെ അങ്ങക്കു നേരത്തെ തന്നെ അറിയാം അല്ലേ....?"

"ഇതു രാംജിയല്ലേ. ഇദ്ദേഹത്തെ അറിയാത്തതാര്? അറിയാത്തതെന്ത്? സത്യത്തെ തിരിച്ചറിയാൻ ഇദ്ദേഹത്തെക്കാൾ മറ്റാർക്കു കഴിയും...."

സജ്ജൻ തലയും കുമ്പിട്ട് അതേപടിയിരുന്നു. ബാബാജി കന്യയുടെ നേർക്ക് ഒന്നു നോക്കിയിട്ട് തായിയോട് ചോദിച്ചു

"നിന്റെ മോളാണോ?"

"ഈ തേവിടിശ്ശി എന്റെ ആരെങ്കിലും ആകുന്നതെന്തിന്?"

"നിന്റെ തന്നെയാണ്. നീ ഇവൾക്കായി നൂറു തോല സ്വർണം വച്ചു കൊണ്ടിരിക്കയല്ലേ.....അതല്ലേ തെറിവിളിക്കുന്നത്."

"ഞാനാർക്കും ഒന്നും കൊടുക്കാൻ പോണില്ല. ങാ പിന്നെ നൂറു തോല സ്വർണം ഇവന് (സജ്ജന്റെ നേരെ നോക്കിയിട്ട്)– ഞാൻ പറയുന്നവളെ കെട്ടുകയാണെങ്കിൽ–കൊടുക്കും."

"വിവാഹം കഴിച്ചില്ലെങ്കിൽ തന്നെ കൊടുക്കണം."

"ഇല്ല..."

"പരോപകാരമായിരിക്കും..... അതല്ല മോഷ്ടിച്ചു കൊണ്ടു പോയിരുന്നെങ്കിലോ..?"

"എന്റെ വീട്ടിൽ മോഷണം നടന്നകാര്യം അങ്ങ് അറിഞ്ഞോ?"

"സത്യത്തിൽ നിങ്ങളുടെ വീട്ടിൽ മോഷണം നടന്നോ...? ഞാൻ വെറുതേ ഒരുദാഹരണത്തിന് പറഞ്ഞതല്ലേ!" എന്നു പറഞ്ഞിട്ട് ബാബാജി വായ് തുറന്ന് ചിരിച്ചു. "ശരി...കള്ളം നടന്നതിന് ശേഷമല്ലേ, നൂറുതോല സ്വർണം ആർക്കെങ്കിലും കൊടുത്തുകളയാമെന്ന് വിചാരിച്ചത്?"

"ശരിയാണ്. അത് സത്യമാണ്" എന്ന് പറഞ്ഞുകഴിഞ്ഞപ്പോൾ തായിയുടെ മുഖവും കണ്ണും വിടർന്നു. കറുത്ത പല്ലുകൾ പുറത്തുകാട്ടി ചിരിച്ചു. പിന്നെ തുടർന്നു "എനിക്കാരിരിക്കുന്നു? മരിച്ചശേഷം എനിക്ക് നാശമായിട്ടൊന്നും വരണ്ട. അതൊക്കെ ആ തേവിടിശ്ശിക്കായിക്കോട്ടെ (ഇടത്തെ കൈവെള്ളയിൽ വലത്തെ കയ്യ് ഉരസി അങ്ങകലത്തേക്ക് ചൂണ്ടി) ഞാൻ മരിക്കുമ്പോൾ വൈകുണ്ഠത്തു നിന്നും വിമാനം വരും. എന്നെ കൊണ്ടുപോകാൻ. നോക്കിക്കോളണം..."

"ഭക്തേ, നീ തീർച്ചയായും പോകും. നിനക്കായി ശ്രീകൃഷ്ണൻ പ്രത്യേകം വിമാനം അയയ്ക്കും. നിന്നോട് വലിയ സ്നേഹമാണ്. എന്റെ ഭക്ത എപ്പോഴെത്തും എന്ന് നോക്കിയിരിക്കയാണദ്ദേഹം." ബാബാജി പിന്നെ പൊട്ടിച്ചിരിച്ചു. അതുകേട്ട് എല്ലാവരും ചിരിച്ചു. തായിക്കും അതിൽ ഈർഷ്യ തോന്നിയില്ല. അവൾ മിണ്ടാതെ നിന്നു.

ബാബാജി തിരിഞ്ഞ് സജ്ജനെ നോക്കി. അനക്കമറ്റിരിക്കുകയാണ്. ബാബാജിയുടെ മുന്നിൽ തല ഉയർത്താനാകുന്നില്ല. അദ്ദേഹം ചോദിച്ചു. "സ്വന്തം വിജയത്തിന്റെ ദിവസം ഇങ്ങനെ മൗനം ധരിച്ചിരിക്കുന്നതെന്താ രാംജീ."

"ബാബാജി ഇങ്ങോട്ടൊന്നു വരണം." തായി, അല്പം അകലത്തേക്കു അദ്ദേഹത്തെ വിളിച്ചുകൊണ്ടുപോയിട്ട് ചോദിച്ചു. "അങ്ങേക്ക് മന്ത്രവാദം അറിയാമോ?"

"അറിയാം ഭക്തേ. അംഖിനി, ശംഖിനി, ചക്രന്തി, എന്തു വേണോ ആരെ വേണോ...."

"ബാബാജി, എന്റെ സപത്നിയുടെ ചെറുമോനെ, അവന്റെ തിലക ദിവസം തന്നെ കൊല്ലണം...."

"അതുകൊണ്ടെന്തു ഫലം ഭക്തേ?"

"എന്റെ നെഞ്ചിൽ ഒറ്റ മോഹമേ ഉള്ളൂ. അവരുടെ അഹംഭാവം തകർക്കണമെന്ന്. എന്റെ മോൾ പോയി. ഇല്ലെങ്കിൽ അവളുടെ സന്തതികളെങ്കിലും നിലനിന്നേനെ. (പിന്നെ പതുക്കെ പറഞ്ഞു) ദൈവാനുഗ്രഹം വേണ്ടതുണ്ട്. ഞാൻ പറഞ്ഞതു ചെയ്താൽ ഈശ്വരൻ സത്യമായി, എനിക്കുള്ളതെല്ലാം ഞാൻ അങ്ങേക്ക് തന്നേക്കാം.-നൂറുതോല സ്വർണം കന്നോമലിന്റെ ചെറുമോന് കൊടുത്തിട്ട്..."

"ഞാനൊന്ന് പറയട്ടേ ഭക്തേ. വല്ല മഹോത്സവവും നടത്തൂ. ഈ രാംജിയേയും ഇതാ സീതാദേവി..."

"എനിക്ക് ഇല്ലാത്തതൊന്നും കൊണ്ടാടാൻ വയ്യ. സത്യം പറയട്ടോ? ഈ രണ്ടു പേരെയും എനിക്കിഷ്ടമല്ല. ജാതിയും ധർമവും കെട്ട വക. ഇപ്പോഴെന്റെ വീട്ടിൽ ഒരു തേവിടിശ്ശി വന്നുകയറിയിട്ടുണ്ട്. ഇംഗ്ലീഷ് പഠിച്ചിട്ട്, ജാതിമാറി കല്യാണം കഴിച്ച വക. ഇപ്പോൾ പ്രസവിക്കാൻ വന്നിരിക്കുന്നു എന്റെ വീട്ടിൽ. ഇംഗ്ലീഷ് പഠിച്ചാൽ പിന്നെ ജാതിയുമില്ല, മതവുമില്ല. പാടുപെടേണ്ടിവന്നത് ഞാനാണ്. ഞാനില്ലായിരുന്നെങ്കിൽ കുഞ്ഞ് കാണില്ല, അതിന്റെ പേരുമിടില്ല.."

തായി ഉറക്കെയാണീ പ്രഭാഷണം നടത്തിയത്. കന്യയും സജ്ജനും മുറിയിൽ നിൽക്കുകയായിരുന്നു. ബാബാജിയുടെ ശിഷ്യൻ ഭിക്ഷാപാത്രവും വടിയും താങ്ങി ഒരു പ്രതിമയെപ്പോലെ കുത്തിയിരുന്ന് മയങ്ങുകയാണ്, വായിൽ നിന്ന് ഈത്ത ഊർന്നൊഴുകുന്നുണ്ട്. തായി ആവേശത്തോടെ തുടരുകയാണ്. "എനിക്കാരെയും പേടിയില്ല. ഈ കന്നോമലിന്റെ ചെറുമകൻ എനിക്കൊരുപകാരം ചെയ്തു. അതുകൊണ്ട് എനിക്കവനോട് കടപ്പാടുണ്ട്. ഇവന്റെ അച്ഛനെയും അമ്മുമ്മയെയും അമ്മയെയും ഞാൻ കണ്ടിട്ടുണ്ട്. അമ്മാവനുണ്ടായിരുന്ന കാലത്ത് ഞങ്ങളുടെയും ഇവരുടെയും കുടുംബാംഗങ്ങൾ തമ്മിൽ നല്ല ബന്ധമായിരുന്നു. അതാണവനോട് പറഞ്ഞത്, ഇതെല്ലാം കളഞ്ഞിട്ട് ഞാൻ പറയുന്നതുപോലെ വിവാഹം ചെയ്യാൻ. സർവചെലവും ഞാൻ നോക്കിക്കൊള്ളാം. എന്റെ മനസ്സിൽ വലിയൊരാഗ്രഹം. എന്റെ വീട്ടിൽ കല്യാണം നടത്താനും, ആരുടെയെങ്കിലും മുടിയിറക്ക് നടത്താനും, പൂണൂൽ കല്യാണം നടത്താനും, പേരിടൽ കൊണ്ടാടാനും ഒക്കെ...." വർഷങ്ങൾക്കുശേഷം-എത്ര വർഷങ്ങൾക്കുശേഷമെന്നറിഞ്ഞില്ല-തായിയുടെ കണ്ണിൽ ജലം നിറഞ്ഞു. ബാബാജിയുടെ വ്യായാമം ചെയ്തുറച്ച ശരീരം ഒന്നു വലിഞ്ഞു. ആ മുഖം ക്ഷണനേരത്തേക്ക് ഗൗരവം പൂണ്ടു. ചെറിയ കണ്ണുകൾ തിളങ്ങി. അദ്ദേഹം പറഞ്ഞു, "ഭക്തേ-നീ സീതയുടെയും രാമന്റെയും വിവാഹം നടത്ത്. എന്റെ രാമന്റെയും നിന്റെ സീതയുടെയും. കൊട്ടും

മേളവുമായി വിവാഹ സംഘം വരുത്താം. ഹൃദയത്തിലെ ആഗ്രഹം മുഴുവൻ സാധ്യമാകും. സീതയിൽ കവിഞ്ഞ ഒരു വധുവിനെ കിട്ടാനുണ്ടോ?"

തായി ഗംഭീരവദനയായി കേട്ടുകൊണ്ടിരുന്നു. കാര്യം അവൾക്ക് ഇഷ്ടപ്പെട്ടു വെന്ന് മുഖഭാവം വ്യക്തമാക്കി. പെട്ടെന്ന് ഞെട്ടിയിട്ട് ചോദിച്ചു. "ഈ പെണ്ണിനെ സീതയെന്ന് പറഞ്ഞ്, എന്റെ മോളാക്കാനാണോ ഭാവം?"

"അല്ല ഭക്തേ, വലിയ വിഗ്രഹങ്ങൾ കൊണ്ടുവന്ന് പ്രതിഷ്ഠിക്കാം. പിന്നെ ഞാനെന്റെ മോനെക്കൊണ്ടുവരും. നീ നിന്റെ മോളുടെ വിവാഹം എന്റെ മകന്റെ കൂടെ നടത്താൻ അഭ്യർഥിക്കണം."

"ഞാൻ സീതാരാമ വിവാഹം നടത്തില്ല."

"അതെന്ത് ഭക്തേ..?"

"ഇല്ല, ഇവിടെ ഇഷ്ടമാണ് കാര്യം. ഞാൻ രാധയുടെയും കൃഷ്ണന്റെയും വിവാഹം നടത്താം."

"പക്ഷേ, രാധ ചിരകുമാരിയായ കാമുകിയല്ലേ?"

"എങ്കിൽ ഞാനവളുടെ വിവാഹം ഇത്തവണ നടത്തും. അങ്ങുവന്നതേതാ യാലും നന്നായി...."

"ങാ! ഞാൻ വന്നത് വെറുതെയാണെന്ന് കരുതരുത്. എന്റെ രാംജി, സ്ത്രീധനമായി ഒട്ടുവളരെ ചോദിച്ചേക്കും. ഒന്ന് പെൺകുട്ടികൾക്കായി ഒരു പാഠശാല തുടങ്ങണം. പിന്നെ രണ്ടാമത്തേത്, എന്റെ ഭ്രാന്താശുപത്രിയിൽ ഒരു മുറികെട്ടി ത്തരണം..."

"ശരി സമ്മതിച്ചു. ചെയ്തു തരാം" എന്നുപറഞ്ഞിട്ട് തായി ബാബയുടെ പാദങ്ങൾ തൊട്ടുവന്ദിച്ചു പറഞ്ഞു. "ശരി ഞാൻ പോകട്ടെ ഗോകുലനടയിൽ പോകാൻ നേരമായി." പിന്നെ തിരിഞ്ഞ് കന്യയോടായി "കേട്ടോടീ, കുഞ്ഞിന്റെ ആറാം നാളിനു വരണം. അപ്പച്ചിക്കവകാശപ്പെട്ടതെല്ലാം തരാം. പിന്നെ ബാബാജി അങ്ങും വരണം. അന്നു ബ്രാഹ്മണഭോജനം നടത്തും. ആരുടെയായാലെന്ത്?-എന്റെ ശ്വശുരന്റെ കുടുംബത്തിൽ എത്ര വർഷങ്ങൾക്കുശേഷമാണ് ഒരു കുഞ്ഞുകാൽ പിറന്നത്."

തായി തിടുക്കത്തിൽ നടന്ന് മുറ്റം കടന്ന് സ്വന്തം താമസ സ്ഥാനത്തേക്കു പോയി. അവർ പോയിക്കഴിഞ്ഞശേഷം ബാബാ, സജ്ജനെയും കന്യയെയും ഭ്രാന്ത ശിഷ്യനെയും നോക്കി. ഒരു കൈയിൽ വടിയും മറ്റേ കൈയിൽ ഭിക്ഷാപാത്രവുമായി ചാളുവായുമൊഴുക്കി കുത്തിയിരിക്കയാണയാൾ. ബാബുജി യോഗിയുടെ അടുത്തേക്കു ചെന്നു. "എന്താ ഭക്താ..?"

ഭ്രാന്തൻ നേരിയ പുഞ്ചിരിയോടെ വായിൽ നിന്നു നുരയൊഴുക്കിക്കൊണ്ട് "എന്താ ബാബാജീ?" എന്നു ചോദിച്ചു.

കന്യയുടെ നേർക്ക് നോക്കിയിട്ട് "മോളേ കുറച്ചു വെള്ളം കൊണ്ടുവരൂ" എന്നു ബാബാ പറഞ്ഞു. കന്യ മുറിയിലാകെ നോക്കി. സജ്ജനും ഒന്നനങ്ങി. അത്രതന്നെ. മുറിയുടെ മറ്റേ അറ്റത്ത് മുക്കാലിയിൽ കലമിരിക്കുന്നതവർ കണ്ടു. അവൾ അങ്ങോട്ടുപോയി.

ബാബാജി സജ്ജനോട് പറഞ്ഞു:

"രാംജീ, ഞാൻ വിചാരിച്ചിരുന്നത് നിങ്ങൾ രാംജിയാണെന്നാണ്....ഹ.ഹ...ങ! നിങ്ങൾ സജ്ജനാണ്."

സജ്ജന്റെ തലയിൽ ഒരു കുടം തണുത്ത ജലം വീണതു പോലെ തോന്നി.

31

രാത്രി 8 മണി കഴിഞ്ഞിരിക്കണം കർണൽ കടയിൽ നിന്ന് വീട്ടിലേക്ക് പോകുന്നതിന് മുമ്പ് കന്യയെക്കാണാൻ ചെന്നു. മുറിയുടെ വാതിൽ അടച്ചിരിക്കുന്നു. കതകിന്റെ വിള്ളലിലൂടെ പ്രകാശം പുറത്തേക്ക് വരുന്നുണ്ട്. കർണൽ കതകിൽ തട്ടി.

"ആര്?"

കന്യയുടെ സ്വരത്തിൽ കരച്ചിലിന്റെ ശബ്ദമാണ് മുന്നിട്ടു നിന്നിരുന്നത്. കർണലിന് കാര്യം മനസ്സിലായി. അയാൾ മുമ്പത്തേതിലേറെ ഗൗരവം പൂണ്ടു.

"ബിന്നോ" അയാൾ വിളിച്ചു.

അകത്ത് കസേര നീങ്ങി. ക്ഷണനേരത്തെ നിശ്ശബ്ദത. പിന്നെ കാലടിശബ്ദം അടുത്തുവന്നു. സാക്ഷ നീങ്ങി. കന്യയുടെ മുഖം പിറകിൽ നിന്നുള്ള പ്രകാശത്തിന്റെ മറവിൽ കലുഷിതമായി കാണപ്പെട്ടു. മനസ്സിലെ ദു:ഖം മുഖത്തേക്ക് പകർന്നിട്ടുണ്ട്. കതക് തുറന്നിട്ട് കന്യ കസേരയ്ക്കരുകിൽ പോയി നിന്നു. മുന്നിലുള്ള കസേരയിൽ കർണൽ കടന്നിരുന്നു. കർണലിന്റെ നോട്ടം താഴത്തേക്കായിരുന്നു. മുഖം ചിന്താമഗ്നം. കന്യ അടുത്തുള്ള കസേരയ്ക്കരുകിൽ മൂകയായി നിന്നു. കർണലാണ് മൗനം ഭഞ്ജിച്ചത്.

"ഇരി ബിന്നോ." കന്യ ഇരുന്നു.

കർണൽ വീണ്ടും ചോദിച്ചു. "സജ്ജനെ കണ്ടോ?"

"ഉം."

"തായിയുടെ ബംഗ്ലാവിൽ അയാളുടെ സാധനങ്ങൾ എത്തിയോ?"

"എത്തി."

വീണ്ടും മൗനം.

ഈ മുഖവുരയ്ക്കുശേഷം കർണൽ കാര്യത്തിലേക്കു കടന്നു.

"വലിയ ദേഷ്യത്തിലാണോ?"

കന്യ ഒന്നും മിണ്ടിയില്ല. കണ്ണീര് കുടിച്ചടക്കി തലയും കുമ്പിട്ടിരുന്നു. സ്നേഹിതനുവേണ്ടി വാദിക്കുംമട്ടിൽ കർണൽ പറഞ്ഞു. "രാജാസാഹബ് പറഞ്ഞതുകൊണ്ടാണയാൾക്കത് മോശമായി തോന്നിയത്. സൗശീല്യവും, സദ്ഗുണവും കൊണ്ട് എല്ലാം നടന്നെന്നു വരില്ല. മനുഷ്യന് വാക്കിന് ഒട്ടൊക്കെ വില വേണം. അതു പോട്ടെ. നീ വിഷമിക്കാതെ ബിന്നോ. രണ്ടു ദിവസം കഴിഞ്ഞ് ഈ വീറൊന്നു തണുക്കുമ്പോൾ സജ്ജൻ തന്നെ പറയും, കർണൽ നിങ്ങൾ ചെയ്തത് നന്നായെന്ന്. എനിക്കയാളെ അറിഞ്ഞുകൂടേ?" ചിരിച്ചിട്ട് കാര്യത്തിന്റെ ഗൗരവം നിസ്സാരമാക്കിത്തള്ളാൻ കർണൽ ശ്രമിച്ചു. എങ്കിലും അന്തരീക്ഷത്തിന്റെ ഭാരം കുറഞ്ഞില്ല.

മുറിയിൽ വീണ്ടും മൗനം പടർന്നു. നീണ്ട മൂകത. മുറിയിലാകെ ഒന്നു കണ്ണോടിച്ചിട്ട് കർണൽ ചോദിച്ചു.

"ഇന്ന് നീ ആഹാരമൊന്നും ഉണ്ടാക്കിയില്ലേ ബിന്നോ?"

കന്യ മൗനം.

"ശരീരസുഖമില്ലെങ്കിൽ വേണ്ട. ഞാൻ ഉണ്ടാക്കിച്ച് കൊടുത്തയയ്ക്കാം."

"വേണ്ട ചേട്ടാ."

"വിഷമിക്കാതിരി ബിന്നോ. എല്ലാം ശരിയാവും നോക്കിക്കോ. പിന്നെ ഇടയ്ക്കൊക്കെ ഈ കയ്പും മധുരവും ഉണ്ടായെന്നുവരും." വീണ്ടും മൗനം. പിന്നെയും കർണൽ പറഞ്ഞു. ഒന്നു ചോദിക്കട്ടേ...

"ങാ?"

"നിങ്ങൾ തമ്മിൽ വല്ലതും തീരുമാനിച്ചിട്ടുണ്ടോ."

"..................."

"നോക്കു ബിന്നോ. ഈ ലോകം കടുപ്പപ്പെട്ടതാണ്. ഞാൻ തെളിച്ചു പറയാം. സ്ത്രീകളുടെ കാര്യം വളരെ വിഷമം പിടിച്ചതാണ്. നീ എത്ര തന്നെ സ്വതന്ത്രയായിരുന്നാലും....അതിരിക്കട്ടെ, നീ സജ്ജനെ വിവാഹം ചെയ്യാൻ ആഗ്രഹിക്കുന്നുണ്ടോ?.... എന്നോട് ഒന്നും മറയ്ക്കാതെ പറ."

കന്യ തലയും കുനിച്ചിരുന്നു. വലത്തെ കാലിലെ പെരുവിരൽ തറയിലെന്തോ ചിത്രം വരച്ചുകൊണ്ടിരുന്നു. കർണൽ വീണ്ടും ചോദിച്ചു. "നിങ്ങൾ തമ്മിൽ അങ്ങനെ വല്ല സംഭാഷണവും നടന്നോ? പറയൂ......"

"ങാ......."

"കല്യാണത്തിന്റെ കാര്യം പറഞ്ഞോ?"

"ഉം..."

"എപ്പോൾ? ഈയിടെയെങ്ങാനുമാണോ?"

കന്യ 'അതേ' എന്നു തലകുലുക്കി.

"അയാൾ നിന്നോട് എന്തു പറഞ്ഞു? എന്നോടിപ്പോൾ സങ്കോചമൊന്നും വേണ്ട. എപ്പോൾ വിവാഹം ചെയ്യാമെന്ന് വല്ലതും പറഞ്ഞോ?"

"മഥുരയിൽ വച്ചാണ് പറഞ്ഞത്. ഇവിടെ വന്നിട്ട് വേഗം നടത്താമെന്ന്..."

"അപ്പോൾ അതിനുള്ള ഏർപ്പാടു ചെയ്യട്ടോ.. ബിന്നോ. ഇക്കാര്യം വലിച്ചു നീട്ടിക്കൊണ്ടു പോകാനെനിക്കിഷ്ടമില്ല.. സജ്ജനെ ഒരിക്കൽ കയ്യിൽ കിട്ടിയാൽ എല്ലാം ശരിയാകും."

"ഞാനാരുടെയും ഭാരമാകാൻ ശ്രമിക്കുന്നില്ല."

"ഇതിൽ ഭാരമാകാനെന്തിരിക്കുന്നു?. സജ്ജൻ അത്ര പച്ച പരമാർഥിയൊന്നുമല്ലെങ്കിലും ചീത്തയല്ലെന്ന് നീയും മനസ്സിലാക്കിയിട്ടില്ലേ?"

കർണൽ പോയി. കന്യ കതകടച്ചിട്ട് വന്ന് കട്ടിലിൽ വീണു. വല്ലാത്ത ക്ഷീണം. താൻ തോറ്റതുപോലെ ഒരു തോന്നൽ.

അടുത്ത ദിവസം രാവിലെ കർണൽ സജ്ജന്റെ വീട്ടിലെത്തി. മുറിയിൽ ചിത്രയെ കണ്ടപ്പോൾ മനസ്സിലൊരടിയേറ്റു. അയാൾ ഗൗരവം പൂണ്ടു. തൊണ്ടിയോടെ പിടിക്കപ്പെട്ടതിൽ സജ്ജനും വല്ലായ്മ. അവർ ഡ്രായിങ് റൂമിലേക്കു വന്നു. രണ്ടുപേരും ഒന്നും മിണ്ടിയില്ല. കുറെ കഴിഞ്ഞപ്പോൾ ചായ എത്തി. കർണൽ പറഞ്ഞു, "കേട്ടോ സജ്ജൻ, മണ്ടത്തരം കാണിക്കുന്നതിനും ഒരതിരുണ്ട്. തന്റെ ഈ ആർട്ടിസ്റ്റിക് പകിട്ടൊന്നും എനിക്ക് പിടിച്ചെന്നു വരില്ല....."

സജ്ജനും ദേഷ്യം വന്നു. തന്നെ കുറ്റപ്പെടുത്തുന്നതയാൾക്ക് പിടിച്ചില്ല.

"ഞാനൊരു കുട്ടിയൊന്നുമല്ല."

"നിങ്ങൾ കുഞ്ഞുങ്ങളെക്കാളും കഷ്ടമാണ്- താനൊരു മൃഗമാണ് മൃഗം.. വലിയ ആർട്ടിസ്റ്റാണുപോലും. ഇന്റലക്ചലെന്ന് ഭാവിച്ച് നടക്കുകയാണ്."

"കർണൽ, ഞാനിപ്പോൾ സീരിയസ് മൂഡിലാണ്."

"ഞാനും വലിയ സീരിയസ് മൂഡിലാണ്. ഒരു വശത്ത് താൻ വലിയ മഹാനാണെന്ന് ഭാവിക്കും. മറുവശത്ത്, സ്വയം നിയന്ത്രണമില്ലാതെ നടക്കും..."

സജ്ജൻ ഒന്നും മിണ്ടിയില്ല. നെറ്റിയിലെ ഞരമ്പുകൾ പിടഞ്ഞു. സുകരു ഒരു പ്ലേറ്റ് പാലടകൊണ്ട് മേശപ്പുറത്തുവച്ചു. കർണൽ ചൊടിച്ചിട്ടു പറഞ്ഞു. "കൊണ്ടുപോ.... ഇപ്പോൾ എനിക്കൊന്നും വേണ്ട." സുകരു പ്ലേറ്റുമെടുത്തു കൊണ്ടു പോയി. കർണൽ സജ്ജനോട് തുടർന്നു. "ഒരു വശത്ത് മാനംമര്യാദയ്ക്കു ജീവിക്കുന്ന ഒരു പെൺകുട്ടിയോട് പ്രേമം നടിക്കും, കല്യാണം കഴിക്കാമെന്ന് വാക്കു കൊടുക്കും, പ്രേമാവകാശങ്ങൾക്കുവേണ്ടി എന്നോടു ശുപാർശ ചെയ്യും. എന്നിട്ട് മറുവശത്ത് വീട്ടിൽ, നശിച്ച വേശ്യയെ ഒളിച്ചു വയ്ക്കും"

സജ്ജൻ കണ്ണുയർത്തി കർണലിന്റെ മുഖത്തേക്ക് ഒന്നുനോക്കി. നോട്ടം ഇടഞ്ഞു. താണുപോയ കണ്ണുകളെ സജ്ജൻ അത്യധ്വാനം ചെയ്തു പിടിച്ചു നിറുത്തി. കർണൽ പറഞ്ഞു, "ഇപ്പോഴെങ്ങാനും ബിന്നോ ഇവളെക്കണ്ടാൽ, ആ പാവത്തിന്റെ സ്ഥിതി എന്തായിരിക്കും...?"

"ലോകത്തെ മറച്ച് ഞാനൊന്നും ചെയ്യാറില്ല."

"അത്ര ശുദ്ധനൊന്നുമാകണ്ട. ശുദ്ധന്റെ അർഥമറിയുമോ? ലോകത്തിന്റെ മുമ്പിൽ മഹാനാണെന്ന് നടിക്കും. എന്നിട്ട് വീട്ടിൽ.."

"കർണൽ, ഞാൻ ചിത്രയെ വിവാഹം ചെയ്യും......"

പർവത ശിഖരത്തിൽ നിന്ന് അഗാധഗർത്തത്തിലേക്കു വീണ പ്രതീതിയാണ് കർണലിനുണ്ടായത്. ഒരു നിമിഷം അയാളെത്തന്നെ നോക്കിയിരുന്നിട്ട് ചോദിച്ചു, "നിങ്ങൾ ബിന്നോക്ക് വാക്കു കൊടുത്തിരുന്നില്ലേ......"

"ഞാനെന്റെ തീരുമാനം മാറ്റിയിരിക്കുകയാണ്.."

"അതെന്ത്?"

"എന്തെന്ന് ചോദിക്കേണ്ട കാര്യമില്ല."

"എന്തുകൊണ്ടില്ല. മാന്യയായ ഒരു പെൺകുട്ടിക്ക് നിങ്ങൾ വാക്കു കൊടുത്തതാണ്...."

"വാക്കു കൊടുത്തത് ശരിയാണ്. പക്ഷേ ഞാനവളോട് ഒരു ദുഷ്പ്രവൃത്തിയും കാണിച്ചിട്ടില്ല..."

"ദുഷ്പ്രവൃത്തി കാണിച്ചിട്ടില്ല! അത് താൻ മാത്രം വിചാരിച്ചാൽ നടക്കുന്ന കാര്യം പോലല്ലേ പറയുന്നത്! നിന്റെ ജീവിതത്തിൽ ഇതുവരെ, വേശ്യകളേ കടന്നിട്ടുള്ളൂ. ശരീരം ദുഷിച്ചുനാറി ചവറ്റു തൊട്ടികളായവർ. മാനംമര്യാദയായി കഴിയുന്ന ഒരു പെണ്ണിനെ ദുഷിപ്പിക്കാൻ അവളുടെ സമ്മതമില്ലെങ്കിൽ നിങ്ങൾക്കെങ്ങനെ കഴിയാൻ? ചെവി തുറന്നു കേട്ടോളൂ സജ്ജൻ, ബിന്നോയെ നീ ഉപേക്ഷിക്കുന്നതോടെ ഒരു ബന്ധമല്ല അവസാനിക്കുന്നത്. രണ്ടു ബന്ധങ്ങളുമായിരിക്കും. കൊടുത്തവാക്ക് പിൻവലിക്കാൻ നിങ്ങൾക്ക് കഴിഞ്ഞേക്കും. എന്നാൽ ഞാൻ ഒരു മാന്യനാണ്. ഒരാളുമായി ഒരിക്കൽ ഒരു ബന്ധമുണ്ടാക്കിയാൽ അതിൽ നിന്ന് എന്തു വന്നാലും പിൻതിരിയില്ല.... മേലിൽ ഞാൻ തന്റെ മുഖത്തു നോക്കില്ല" എന്നു പറഞ്ഞിട്ട് കർണൽ കസേരയിൽ നിന്നെണീറ്റു. "സുകരൂ....

എന്താണവന്റെ പേര്, സജ്ജൻ ആ ബെല്ലൊന്നടിക്ക്....."

മണിശബ്ദം കേട്ട് രണ്ടു വാതിലുകളിലും രണ്ടു വേലക്കാർ ഓടി എത്തി. കർണൽ പറഞ്ഞു "സുകരൂ, ആ ടെലിഫോൺ ഇങ്ങ് എടുത്തു കൊണ്ടു വാ. പിന്നെ ആ പാലടയും കൊണ്ട് വാ. നാല് ടോസ്റ്റും ഉണ്ടാക്കിക്കൊണ്ടു വാ."

നിർദേശം കൊടുത്തിട്ട് കർണൽ ഇരുന്നു. വേലക്കാരൻ പൊയ്ക്കഴിഞ്ഞപ്പോൾ സജ്ജനോടായി പറഞ്ഞു.

"ഇന്നു ഞാനിവളെ വീട്ടിൽ നിന്നും പുറത്താക്കിയിട്ടേ പോകൂ."

"കർണൽ, ഇതെന്റെ സ്വന്തം കാര്യമാണ്."

"സജ്ജൻ, ഇതെന്റേയും കൂടി പ്രശ്നമാണ്."

"ഞാനൊന്നാലോചിക്കട്ടെ."

"അതിനിനി സമയമില്ല."

"അന്നു നിങ്ങൾ, രാജാസാഹിബിന്റേയും, ജാനകീ സരണന്റേയും, സാലിഗ്രാമിന്റേയും മുമ്പിൽ വച്ചല്ലേ....!"

"ഞാൻ ബിന്നോയെ നിർബന്ധിപ്പിച്ച് സമ്മതിപ്പിക്കാമെന്ന് വാക്കൊന്നും കൊടുത്തില്ലല്ലോ. അപ്പോൾ രാജാസാഹിബിന്റെ നിർദേശമായിരുന്നു."

"ഇപ്പോൾ രാജാസാഹിബിന്റെ അഭിപ്രായം മാറിയോ....? എന്നെ സംബന്ധിച്ചിടത്തോളം കന്യയേക്കാളേറെ ഇമ്പോർട്ടന്റ് വ്യക്തിയാണ് രാജാ സാഹിബ്... ഇതാ ചായ കഴിക്കൂ. അത് തണുത്തെന്ന് തോന്നുന്നു. നിൽക്കൂ വേറെ വരുത്താം." മേശയ്ക്കടിയിലുള്ള ബെൽ അയാൾ അമർത്തി.

"ഈ പെൺകുട്ടി എങ്ങനെയുള്ളവളാണെന്ന് രാജാസാഹിബിനറിയാമോ? അപ്പോൾ അദ്ദേഹം അന്യായത്തിന്റെ ഭാഗത്താണോ? രാജാസാഹിബിന്റ തണലിൽ നിന്നിട്ട് സാലിഗ്രാം എന്നെ വാരാൻ ശ്രമിച്ചാൽ ഞാനതു സഹിക്കില്ല. ബിന്നോയുമായുള്ള തന്റെ വിവാഹം നടക്കും. അത് വേഗം നടത്തുകയും ചെയ്യും."

വേലക്കാരൻ വന്നു. ചായ കൊണ്ടുവരാൻ നിർദേശം നൽകി. കെറ്റിലുമെടുത്തവൻ പോയി. രണ്ടാമത്തെ വേലക്കാരൻ പ്ലേറ്റിൽ പാലടയും മറ്റും കൊണ്ടുവച്ചിട്ടു പോയി. സജ്ജന് ആലോചിക്കാൻ അത്രയും സമയം കിട്ടി. "കല്യാണം ഒരു ജീവിതകാലം മുഴുവനും ഉള്ള കാര്യമാണ്."

"അപ്പോൾ ആദ്യമേ ആലോചിച്ചു വേണമായിരുന്നു ബന്ധം തുടങ്ങാൻ. പിന്നെ സജ്ജൻ ഞാനും ലോകം കണ്ടവനാണ്, നല്ലതും ചീത്തയും തിരിച്ചറിയാൻ കഴിയും. നിന്റെ കൂടെ പത്തു കൊല്ലമായിട്ട് പല ലലനാമണികളെയും കണ്ടിട്ടുണ്ട്. അവർക്കൊന്നും തന്നെ നഗീൻചന്ദ് കർണലിന്റെ ഹൃദയത്തിൽ സഹോദരിയായി കാണാനുള്ള ഭാവം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല. ഈ പെൺകുട്ടിയെ ആദ്യനോട്ടത്തിൽ തന്നെ ഞാൻ തിരിച്ചറിഞ്ഞു. ഇനി അവളെന്നെന്നും എന്റെ കൺമുമ്പിൽ നിൽക്കുകയും ചെയ്യും."

ചൂടുള്ള ടോസ്റ്റ് എത്തി. ചായക്കെറ്റിലും വന്നു. സജ്ജൻ ഒരു ടോസ്റ്റ് എടുത്തിട്ട് സുകരുവിനോട് ചായ ഉണ്ടാക്കൻ പറഞ്ഞു. കർണലിന്റെ വാക്കുകളിൽ നിന്ന് രക്ഷപ്പെടാൻ അയാൾക്ക് ഒരു മറ വേണം. വാസ്തവത്തിൽ സ്വയം തന്നിൽ നിന്നും രക്ഷപ്പെടാനാണയാൾക്ക് മറ വേണ്ടത്. വിചാരങ്ങളിൽ നിന്നും ഓടിയകലാൻ അയാൾ ആഗ്രഹിച്ചു. സ്വയം മനസ്സിലാക്കാൻ അയാൾക്ക് കഴിയുന്നില്ല.

ബാബാ, റാംജി, കർണ്ണൽ, താൻ, വനകന്യയുടെ നിർമ്മലമായ വ്യക്തിത്വം എല്ലാം അയാളുടെ അകാരണമായ ഈ വാശിക്കെതിരായിരുന്നു. രാജാസാഹിബിന്റെ വീട്ടിലെ വിരുന്നിൽ വച്ച് ചിത്രയെ കാണാനിടയായപ്പോൾ ഉറങ്ങിക്കിടന്ന അയാളുടെ കാമ വാസന പെട്ടെന്ന് ഉണർന്നത് നാലു ദിവസം കന്യയോടൊത്ത് പിടഞ്ഞ് കഴിഞ്ഞതുകൊണ്ടാണ്. കന്യയോടുള്ള അയാളുടെ വിരോധം അയാളുടെ ഇംഗിതത്തിന് വഴങ്ങാത്തതാണ്.

രണ്ട് കോപ്പയിലും ചായ പകർന്നിട്ട് സുകരു കൈയും കെട്ടി മാറി നിന്നു. അവനോട് പോകാൻ കർണ്ണൽ നിർദേശം കൊടുത്തു. പിന്നെ സജ്ജനോട് പറഞ്ഞു:

"പറ, നിന്റെ മനസ്സു മാറത്തക്കവണ്ണം ബിന്നോയിൽ എന്താണ് കുറ്റം കണ്ടത്?"

"അവൾ നിർബന്ധബുദ്ധിക്കാരിയാണ്."

"താൻ വലിയ ശുദ്ധനും". സജ്ജൻ ഒന്നും മിണ്ടിയില്ല. കർണ്ണൽ പറഞ്ഞു "മറ്റുള്ളവരുടെ നേരെ വിരൽ ചൂണ്ടുന്നതിനുമുമ്പ് അവനവൻ സ്വയം ഒന്നു നോക്കണം."

മുറിയിൽ നിശ്ശബ്ദത പരന്നു. രണ്ടുപേരും ചായകുടിച്ച് പ്രാതൽ കഴിച്ചു. വേലക്കാരൻ വന്ന് പാത്രങ്ങൾ എടുത്ത് കൊണ്ടുപോയി. മണി ഏഴരയായി -കർണ്ണൽ പറഞ്ഞു "ശരി വരൂ വേഷം മാറ്റൂ. അതോ ഇങ്ങനെ തന്നെ വരുന്നോ?"

"ഇങ്ങനെ പോകാം.." സജ്ജൻ എഴുന്നേറ്റു.

കർണ്ണൽ അവിടെ ഇരുന്നുകൊണ്ട് പറഞ്ഞു "ഒരു കാര്യം തീർച്ചയാണ്. നമ്മെ അപമാനിക്കാൻ ഈ ആളുകൾ എന്ത് ചെയ്യാനും മടിക്കില്ല. നീ കുലുങ്ങരുത് സജ്ജൻ. അതിപ്പോഴേ പറഞ്ഞേക്കാം. ഞാൻ മനഃപൂർവം ബിന്നോയെയും പറഞ്ഞ് ഏർപ്പാട് ചെയ്യുന്നുണ്ട്... ആണുങ്ങളെപ്പോലെ പെരുമാറണം... അവൾക്ക് ഒരു കളങ്കവും വരാനിടയാകരുത്.."

"കർണ്ണൽ എനിക്കല്പം സാവകാശം തരൂ..."

"എന്തിന് സാവകാശം? ഉരലിൽ കൊണ്ട് തലയിട്ടിട്ട് ഉലക്കവിഴുങ്ങുമെന്ന ഭയമെന്തിന്? ഞാൻ പറഞ്ഞേക്കാം....എന്തു പറയാൻ..... സജ്ജൻ, മുഖംനോക്കി പറയുകയല്ല; മഹിപാലിനെക്കാൾ നിന്റെ സത്യസന്ധതയിലും മാന്യതയിലുമാണ് എനിക്ക് വിശ്വാസം..."

സജ്ജൻ തലയും കുമ്പിട്ട് മൂകനായിരുന്നു.

കർണ്ണൽ എഴുന്നേറ്റ് ബല്ലമർത്തി സുകരു എത്തി. "സുകരു, ആ കൊച്ചമ്മ എണീറ്റാൽ അവർക്ക് ചായ കൊടുത്തിട്ട് ഇന്ന് യജമാനനെ കാണാൻ പറ്റില്ലെന്ന് പറയണം. യജമാനൻ എന്റെ വീട്ടിലാണ് ഇന്ന് ആഹാരം കഴിക്കുക. പിന്നെ ആ സ്ത്രീ ഇവിടുത്തെ സാധനങ്ങൾ അങ്ങോട്ടും ഇങ്ങോട്ടും മാറ്റാതെയും മറിക്കാതെയും നോക്കിക്കൊള്ളണം."

"ജോസഫിനോട് കാർ ഇറക്കാൻ പറ സുകരു..." കർണ്ണലിന്റെ നിർദേശം അവസാനിച്ച ഉടൻ സജ്ജൻ നിർദേശം നൽകി. സജ്ജന്റെ നിർബന്ധ ബുദ്ധി തകർന്നുകൊണ്ടിരിക്കുകയായിരുന്നു. സജ്ജൻ സ്വയം തോൽക്കുകയാണ്. കർണ്ണലിന്റെ പിന്നാലെ തലയും കുമ്പിട്ട് അയാൾ മുറിക്ക് പുറത്തിറങ്ങി. പ്രബലനായ ഒരു വിപ്ലവകാരി നിശ്ശബ്ദനായി, പോലീസിന്റെ പിന്നാലെ കൈയിൽ വിലങ്ങും ധരിച്ച് നടന്ന് നീങ്ങുംവിധമായിരുന്നു ആ പോക്ക്.

32

സജ്ജനെ സംബന്ധിച്ചിടത്തോളം ഒരു ചീത്ത ദിവസമായിരുന്നു അന്ന്. സാലിഗ്രാം പണിപറ്റിച്ചു. പ്രദർശനം സമിതിയുടെ ആഭിമുഖ്യത്തിലാണ് നടക്കുന്നതെന്നും 'ഹെർ എക്സെലൻസി' അതുദ്ഘാടനം ചെയ്യുമെന്നും ഈ പ്രദർശനത്തിൽ നഗരത്തിലെ കലാകാരന്മാരും ശില്പികളും പങ്കുകൊള്ളുന്നുണ്ടെന്നും മറ്റും പത്രങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നു. നഗരത്തിലെ ധനവാനായ ലാലാ ജാനകീസരണന്റെ ബംഗ്ലാവിലാണ് പ്രദർശനം നടക്കുന്നത്. സാമാന്യ ജനങ്ങളെ സാംസ്കാരികമായി വളർത്തുകയാണ് പ്രദർശന ലക്ഷ്യം. നഗരത്തിലെ സുപ്രസിദ്ധ നേതാവായ ശ്രീ സാലിഗ്രാം ജായ്സ്വാലിന്റെ അമൂല്യമായ ഉപദേശങ്ങളും നിർദേശങ്ങളും അനുസരിച്ചാണീ പ്രദർശനം. നഗരത്തിൽ ഇത്തരത്തിൽ ഇതാദ്യത്തെ സംഭവമാണ്...സജ്ജൻ മനസാ ജ്വലിച്ചു. രാവിലെ കർണൽ തന്നെ തോല്പിച്ച് തറപറ്റിച്ചു. ഇപ്പോഴിതാ മറ്റൊരു മാനസികാഘാതം.

പന്ത്രണ്ടുമണിയായപ്പോഴേക്കും എല്ലാ കലാകാരന്മാരിൽ നിന്നും ചിത്രങ്ങളും സംഭരിച്ച് അയാൾ ജാനകീസരണന്റെ ബംഗ്ളാവിലെത്തി. കർണലിനെയും കന്യയെയും അവിടെ കണ്ടില്ല. ലാലാ ജാനകീസരൺ വളരെ താല്പര്യത്തോടെ വന്നെതിരേറ്റു. "നിങ്ങളെയും നോക്കി എപ്പോഴേ ഇരിക്കയാണെന്നോ.." സജ്ജൻ ഒന്നും മിണ്ടിയില്ല. കൂലിക്കാരുടെ തലയിലിരുന്ന ചിത്രങ്ങൾ ഇറക്കിവയ്പിക്കാൻ ലാലയ്ക്കു തിടുക്കം. സ്വന്തം വേലക്കാരെ വിളിച്ചു. ചിത്രങ്ങൾ ഇറക്കി വയ്ക്കുമ്പോൾ കാര്യവിവരമില്ലാത്ത വേലക്കാർ അവ നിസ്സാരമായി കൈകാര്യം ചെയ്തു. സജ്ജൻ പെട്ടെന്ന് അതേറ്റുവാങ്ങി, സ്വയം ഇറക്കിവയ്ക്കാൻ തുടങ്ങി. സാധനങ്ങൾ സൂക്ഷിച്ചിറക്കിവച്ചശേഷം കൂലിക്കാർ പോയി. അപ്പോൾ ലാലാജാനകീസരൺ തന്റെ കൃത്രിമപ്പല്ലുമുഴുവൻ കാണിച്ചുകൊണ്ട "നന്നേ തളർന്നിരിക്കും, വളരെ പാടുപെട്ടു. അല്ലേ കുഞ്ഞേ...? ഈ സാലിഗ്രാം കാണിച്ച തെമ്മാടിത്തം...ഞാൻ നിന്നോടെന്തുപറയാൻ.." ലാലാ മുഖവും കുനിച്ചിരിന്നു. സാലിഗ്രാമിനെതിരെ ലാലാ ഇങ്ങനെ കുറ്റാരോപണം നടത്തിയത് സജ്ജന് വിചിത്രമായി തോന്നി. അയാളെന്തോ പറയാൻ തുടങ്ങുമ്പോഴേക്കും ലാലാ തുടങ്ങി, "ഞാൻ രാജാസാഹിബിന് ഫോൺ ചെയ്ത് ഇതിനെക്കുറിച്ചു അഭിപ്രായം ചോദിച്ചു. അദ്ദേഹമാകട്ടെ ഇപ്പോൾ നിന്നോട്-അതായത്, അല്ല അതു ഞാൻ പറയാതെതന്നെ അറിയാമല്ലോ.. അദ്ദേഹം ദേഷ്യപ്പെടുന്നത്, ഇന്ന് കന്നോമൽ ഉണ്ടായിരുന്നെങ്കിൽ നിന്നോട് ദേഷ്യപ്പെടില്ലേ? അതുപോലെ തന്നെ. സാലിഗ്രാമിനെക്കുറിച്ച് ടെലഫോണിൽ രാജാസാഹിബ് ദേഷ്യപ്പെട്ടു സംസാരിച്ചു. അയാൾ ചെയ്തത് തെറ്റായ നടപടിയാണെന്നുപറഞ്ഞു. എങ്കിലും സജ്ജനോടു പറയണം, ഈ സമയത്ത് ക്ഷമയോടെ കാര്യങ്ങൾ നടത്തണമെന്ന്, പ്രദർശനം നല്ല വണ്ണം തുടങ്ങണമെന്ന്. 'ഹെർ എക്സെലൻസി' വരുന്ന കാര്യമല്ലേ? ബാക്കി കാര്യങ്ങൾ പിന്നെ നോക്കിക്കോളാമെന്ന്..." സജ്ജൻ ജ്വലിച്ചിട്ടു പറഞ്ഞു, "ഞാനീ പടങ്ങൾ ഇപ്പോൾ എടുത്തുകൊണ്ടുപോയാൽ സാലിഗ്രാമിന്റെ തനിനിറം എല്ലാവർക്കും വ്യക്തമാവില്ലേ? ഏതു ചിത്രകാരൻ അയാൾക്കു പടം കൊടുക്കും...?"

"അതേ കുഞ്ഞേ-അതു ശരിയാണ്..ശരിയാണ്".

"എനിക്കു പബ്ളിസിറ്റിയുടെ ആവശ്യമില്ല. ഈശ്വരകൃപയാൽ വേണ്ടത്ര കിട്ടിയിട്ടുണ്ട്. സാലിഗ്രാമിനെ ഒരു നഗരത്തിലെ ആളുകളേ അറിയൂ. സജ്ജൻ വർമയുടെ പ്രസിദ്ധി ഹിന്ദുസ്ഥാനിൽ മാത്രമല്ല പാശ്ചാത്യരാജ്യത്തും പത്രങ്ങളിൽ വന്നിട്ടുണ്ട്..."

"എനിക്കറിഞ്ഞുകൂടാ. നീ എന്റെ മോനെപ്പോലെയാണ്. ആരെങ്കിലും എവിടെയെങ്കിലും നിന്നെ പുകഴ്ത്തിപ്പറയുമ്പോഴൊക്കെ എനിക്കെന്തഭിമാനം തോന്നാറുണ്ടെന്നോ...! എന്തു ചെയ്യാം. ഇതു കണ്ട് ആനന്ദിക്കാൻ നിന്റെ വീട്ടിൽ ആരും ശേഷിച്ചില്ല. (മുണ്ടിന്റെ കോന്തലകൊണ്ട് സാലിഗ്രാം കണ്ണു തുടച്ചു. എന്നിട്ട് ഒരു ദീർഘശ്വാസം വിട്ടിട്ട്)...എല്ലാം ഈശ്വരേച്ഛ! ആയുഷ്മാനായിരി മോനേ..ഈശ്വരൻ നിനക്കെല്ലാം തരും..നീ കാരണം ഇന്നെന്റെ വീട്ടുപടിക്കൽ ഹെർ എക്സെലൻസിയും വലിയ വലിയ ആളുകളും വരികയാണ്. ജീവിക്കുന്നത്രയും കാലം ഞാനിതു മറക്കില്ല..." പിന്നീട് ഒരു നിമിഷനേരത്തേക്കയാൾ മൗനമായിരുന്നു. പെട്ടെന്ന് അത്യന്തം തിടുക്കത്തിൽ വാത്സല്യത്തോടെ ചോദിച്ചു "നീ ഇതുവരെ ഒന്നും കഴിച്ചു കാണില്ലല്ലോ...ശരി, വാ, നമ്മുടെ വീട്ടിൽ എല്ലാം തയ്യാറാണ്.."

"വേണ്ട, എനിക്കിന്ന് കർണലിന്റെവിടെയാണാഹാരം. ഇതുവരെ അയാൾ വന്നില്ലേ."

"വന്നിരുന്നു. പോയി. മോനേ കർണൽ നമ്മോട് പിണങ്ങിയിരിക്കുകയാണ്. അയാളോടൊപ്പം ആ പെണ്ണും ഉണ്ടായിരുന്നു. എന്താ പേര്. ങാ രാജാസാഹിബ് നിന്നോട് ദേഷ്യപ്പെടാൻ കാരണക്കാരി – നഗീൻചന്ദ് തെമ്മാടിത്തം കാട്ടാൻ വരെ മുതിർന്നു. മറ്റൊന്നും വിചാരിക്കരുത് മോനേ. നിന്റെ സ്നേഹിതനാവുമ്പോൾ എനിക്കും വേണ്ടപ്പെട്ടവനാണ്. അയാളുടെ അച്ഛൻ ലാലാ മോത്തിചന്ദുമായി ഞങ്ങൾക്ക് ഇടപാടുകൾ ഉണ്ടായിരുന്നു. എങ്കിലും ഗംഗാജലം തൊട്ട് നിന്റെ മുമ്പിൽ സത്യം ചെയ്തു ഞാൻ പറയാം നിന്നിലുള്ള ശീലഗുണവും കുടുംബമഹിമയും ഒന്നും ആ നഗീൻ ചന്ദിലില്ല. പിന്നെ നിന്റെ മറ്റേ കൂട്ടുകാരൻ. എന്താ പേര്, ങാ.... മഹിപാലിലുമില്ല. മഹിപാലിനെ എനിക്കു നേരത്തെയറിയാം. എന്റെ അളിയൻ രൂപരത്തനോടൊപ്പം പത്രം നടത്തിയിരുന്നതു മുതൽ തന്നെ. പിന്നെ വാസ്തവമെന്താണെന്നു വച്ചാൽ കുടുംബമഹിമ ഒന്നു വേറെ തന്നെയാണ്. ജന്മനാഉള്ള പ്രഭുത്വത്തിന്റെ മഹിമ മറ്റൊന്നിനുമില്ല. നഗീൻചന്ദിന്റെ അച്ഛൻ പണം ഉണ്ടാക്കിയിട്ടുണ്ട്. രാജാ മഹാരാജാക്കന്മാരെപ്പോലെയോ, എന്നെയും നിന്നെയും പോലെയോ, തലമുറയായി ലക്ഷ്മീവാസമുള്ള ഐശ്വര്യം അവർക്കെങ്ങനെയുണ്ടാകാൻ.....? അതു പോട്ടെ. വാ, വന്ന് ആഹാരം കഴിക്കൂ."

"വേണ്ട. ഞാൻ കർണലിനെ ഒന്നു കാണട്ടെ. എങ്ങോട്ടു പോയി? അങ്ങയോടു വല്ലതും പറഞ്ഞോ?"

ലാലാ ജാനകീസരണിന്റെ മുഖം ഗൗരവം പൂണ്ടു. നിമിഷനേരം മൂകനായിരുന്നിട്ടു പറഞ്ഞു "നഗീൻ ചന്ദ് എന്നോട് പറഞ്ഞിട്ടുപോയി. പ്രദർശനം എന്റെ വീട്ടിൽ വച്ചു നടത്തില്ലെന്ന്..... എന്താ പേര്. ങാ. തായിയുടെ അവിടെ വച്ച് നടത്താനുള്ള ഏർപ്പാടു ചെയ്യുമെന്ന്."

അതു കേട്ട് സജ്ജൻ സ്തബ്ധനായി. കർണൽ എടുത്ത ആ ഉറച്ച തീരുമാനം മനസ്സിലെവിടെയോ അല്പം കുളിരുനല്കി. എങ്കിലും അയാൾ സ്തബ്ധ

നായി ഇരുന്നു. പിന്നെ പെട്ടെന്ന് ചാടി എണീറ്റിട്ട് പറഞ്ഞു. "ഞാനിപ്പോൾ വരാം."

"പറയുന്നതു കേൾക്കൂ കുഞ്ഞേ".

"ഞാനിതാ വരുന്നു-" സജ്ജൻ പിന്നെ അവിടെ നിന്നില്ല. നേരെ തായിയുടെ വീട്ടിലേക്കു പോന്നു.

കന്യയും കർണലിന്റെ മൂന്നു ജോലിക്കാരും ബാബാരാംജിയും സുഖക്കേടു ഭേദപ്പെട്ട നാലു ഭ്രാന്തന്മാരും മുറ്റത്തിരുന്നു കൊടിതോരണങ്ങൾ ഒട്ടിക്കുകയാണ്. തായിയും നന്ദോയും അടുത്ത് നോക്കിനിൽക്കുന്നു. തായിയും ബാബാരാംജിയും തമ്മിൽ സംസാരിക്കുകയാണ്. സജ്ജൻ എത്തുമ്പോൾ അവിടെയാരോ എന്തോ തമാശ പറഞ്ഞു ചിരിച്ചുകൊണ്ടു നിൽക്കുകയായിരുന്നു. എല്ലാവരുടെ മുഖത്തും പ്രസന്നതയുണ്ട്.

"വരൂ രാംജീ, കണ്ടോ ഇവിടത്തെ ഒരുക്കങ്ങൾ!" സജ്ജൻ കടന്നുവന്നപ്പോൾ കന്യയുടെ മുഖം ഗൗരവം പൂണ്ടു. കുനിഞ്ഞിരുന്ന് കൊടികൾ വെട്ടാൻ തുടങ്ങി. തായി പറഞ്ഞു. "കന്നോമലിന്റെ ചെറുമോനേ നീ നിരാശപ്പെടേണ്ട. നീചൻ ജാനകീസരണിന്റെ കുടുംബം ഞാൻ തകർത്തുകളയാം."

"ഹേ തായിയമ്മേ. വലിയ കാര്യം പറയുന്നല്ലോ. നിങ്ങൾ വിചാരിച്ചാൽ ഒരു ചുക്കും നടക്കില്ല."

"തേവിടിശ്ശീ നീ എന്താടീ കരുതിയത്? നിന്നെക്കൊണ്ടു ചെയ്യിച്ചതു മാത്രമേ ഫലിക്കാതെ പോയിട്ടുള്ളു. പാപി."

"തായീ നിങ്ങൾ...." നന്ദോ തായി തെറിവിളിച്ചതു കേട്ട് കുപിതയായി. നാലു പേരുടെ മുമ്പിൽവച്ച് തന്നെ അപമാനിച്ചതിനു പകരം വീട്ടാൻ വേണ്ടി അവൾ തുടങ്ങുമ്പോഴേക്കും, തായി കോപം കൊണ്ട് ജ്വലിച്ചു. "നീ എന്താ പറഞ്ഞത്... എന്റെ നേരെ വിരൽ ചൂണ്ടിയാലുണ്ടല്ലോ .... നാശം പിടിച്ചവളേ, നാറീ. നാട്ടിനെക്കൂടെ നാറ്റിയവൾ ...."

"രാം ഭക്തരേ. പോട്ടെ. ഈ ശുഭകാര്യത്തിനിടയിൽ അതൊന്നും വേണ്ട (എന്നിട്ട് സജ്ജനോടായി) എന്താ രാംജീ പോയ കാര്യം ഫലിച്ചില്ലേ?"

"ഫലിച്ചു. പടങ്ങൾ കൊണ്ടുവന്നു."

"അവർ നിങ്ങളോടു ചതിയാണുചെയ്തതെന്നു കേട്ടല്ലോ. അതിനെക്കുറിച്ചൊന്നും വിഷമിക്കേണ്ട ഈ ലോകം അങ്ങനെയാണ്." തായിയും നന്ദോയും തമ്മിൽ വീണ്ടും കശപിശയായി. നന്ദോ മെല്ലെ എന്തോ പിറുപിറുക്കുകയായിരുന്നു. തായി പെട്ടെന്നു കുപിതയായിട്ടു ഗർജിച്ചു. "നാശമേ വാ അടച്ചുപിടിച്ചിട്ടു സംസാരിക്കാതെ. എന്നോടേറ്റുമുട്ടിയാൽ നാലു ദിവസം കൊണ്ട് തെരുവിൽ ചെളിയിൽക്കിടന്നുരുളുന്ന വിധമാക്കികളയും ഞാൻ... പിന്നെ ഈ ബാബാജിക്കുപോലും നിന്നെ രക്ഷിക്കാനാവില്ല.."

"മതി ഭക്തകളേ നിർത്തിൻ" നന്ദോയെ നോക്കിക്കൊണ്ട് രാംജി ആജ്ഞാപിച്ചു. "തായി പറയുന്നതുപോലെയാണ് ലോകം നടക്കുന്നതുപോലും..."

ഈ കലഹം കണ്ട് രസിക്കാനുള്ള മൂഡിലായിരുന്നില്ല സജ്ജൻ. കർണൽ എവിടെയെന്നറിയാൻ ആരോടു ചോദിക്കും? കർണലിന്റെ വേലക്കാർ ഇവിടെ ഇരുന്നിരുന്നതാണ്. ഇപ്പോഴവരെയും കാണാനില്ല. കന്യയോട് ചോദിക്കാനാഗ്രഹമുണ്ട്- ബാബാരാംജിയുടെ മുന്നിൽ തന്റെ നിഷ്കളങ്കത്വം സ്ഥാപിക്കാനും കന്യയോടുള്ള തന്റെ അനുരാഗം വ്യക്തമാക്കാനും അയാൾ ആഗ്രഹിച്ചു. പക്ഷേ

അനുരാഗം എങ്ങനെ വ്യക്തമാക്കും? എങ്ങനെ ചോദിക്കും?.... പിന്നെ ആരോടു ചോദിക്കാൻ എന്ന പ്രശ്നം വീണ്ടും ഹൃദയത്തിൽ ഉയർന്നു. ഉള്ളിലെ ആഗ്രഹം വീണ്ടും മുന്നേറി. സങ്കോചം കളഞ്ഞിട്ടു ചോദിക്കുകതന്നെ ചെയ്തു. “കന്യേ കർണൽ എവിടെ?”

“ആഹാരത്തിനു ഇടപാടുചെയ്യാൻ പോയി.”

“ആഹാരത്തിനോ? ആർക്ക്?”

“ഇദ്ദേഹത്തിന്, എനിയ്ക്ക്, മറ്റെല്ലാവർക്കും.”

“നീ ഇതുവരെ ഒന്നും കഴിച്ചില്ലേ? കന്നോമലിന്റെ ചെറുമോനേ? എന്നോടു പറഞ്ഞുകൂടായിരുന്നോ? നാലു പൂരിയുണ്ടാക്കാൻ എന്താ താമസം?”

“വേണ്ടമ്മേ, ആഹാരം ഇപ്പോൾ കൊണ്ടു വരുന്നുണ്ടാകും.”

കർണൽ എത്തിയശേഷം സജ്ജനും കർണലും അവർക്കുണ്ടായ അനുഭവങ്ങൾ കൈമാറി. കർണലിനോട് ജാനകീസരൺ ആവശ്യമില്ലാതെ തട്ടിക്കയറി. കർണൽ പറഞ്ഞു “ഞാൻ തെളിച്ചു പറഞ്ഞിട്ടു പോന്നു. രാജാസാഹബായാലും ശരി പ്രഭുവായാലും ശരി ഇനി ആരു ശുപാർശചെയ്താലും പ്രദർശനം അയാളുടെ വീട്ടിൽവച്ച് തീർച്ചയായും നടത്തില്ലെന്ന്. അവർ കുതികാൽ വെട്ടാൻ നോക്കിയാൽ നമ്മളും അതിനു തിരിച്ചടികൊടുക്കണം. ഞാൻ ചെയ്തതു തെറ്റാണോ?

“അല്ല ശരിയാണു ചെയ്തത്.”

“നിങ്ങൾ ഇപ്പോൾ തന്നെ പോയി ആ പടങ്ങൾ എല്ലാം എടുത്തുകൊണ്ടു വരൂ. ഈ സ്ഥലം അതിനെക്കാളും ഒന്നാം ക്ലാസ്സാണ്.”

സജ്ജൻ ലാലയുടെ വീട്ടിൽ പടം എടുക്കാൻ ചെന്നപ്പോൾ പഴയ വാൽസല്യവും സ്നേഹഭാവവും എല്ലാം മറന്ന് കണ്ണിൽ കാലുഷ്യവും പകർന്നിരിപ്പാണ് അദ്ദേഹം. പടത്തിനു പകരം പഴികൾ കിട്ടിയപ്പോൾ സജ്ജൻ ആവേശം കൊണ്ട് ജ്വലിച്ചു. “ഹെർ എക്സെലൻസി വന്ന് ഉദ്ഘാടനം ചെയ്തതിനുശേഷമേ എന്തെങ്കിലും ആലോചിക്കാനൊക്കൂ” എന്ന് ലാല തെളിച്ചു പറഞ്ഞു.

കുടുംബമഹിമയുള്ളവനും സംസ്കാരസമ്പന്നനുമായ ലാല ജാനകീസരണിന് കുടുംബമഹിമയുള്ളവനും സംസ്കാരസമ്പന്നനുമായ സജ്ജനിൽനിന്ന് നല്ലതു നാലഞ്ചു കേൾക്കേണ്ടി വന്നു. ലാലയ്ക്ക് അതു അപമാനമായിപ്പോയി. സജ്ജൻ യഥാർത്ഥത്തിൽ കോപംകൊണ്ട് അന്ധനായിപ്പോയി. കർണൽ അയാളെ സമാധാനിപ്പിച്ചു. “ഇപ്പോൾ വേണ്ട. വൈകുന്നേരം നാലരമണിയാകാൻ ഇനി അധികസമയമൊന്നും ഇല്ലല്ലോ. ഉദ്ഘാടനസമയത്ത് ‘ഹെർ എക്സെലൻസി’യുടെ മുമ്പിൽവച്ചുതന്നെ ഞാൻ ജാനകീസരണിന്റെയും സാലിഗ്രാമിന്റെയും തൊലി ഉരിച്ചുകാണിച്ചില്ലെങ്കിൽ എന്റെ പേര് മാറ്റിയിട്ടോ... നീ സമാധാനമായിരി.”

കർണൽ തായിയുടെ വീട്ടിനുമുമ്പിൽ കൊടികൾ നാട്ടി.. തോരണങ്ങൾ കെട്ടി.

ലാലാ ജാനകീസരൺ ബംഗ്ലാവിലെ ഓരോ തൂണിലും ജമന്തിപ്പൂമാലകൾ ചുറ്റിക്കെട്ടി. കവലയിൽ പൈപ്പിനടുത്തായി വലിയൊരു ആർച്ചുകെട്ടി. ബംഗ്ലാവിന്റെ മുൻപിൽ മറ്റൊരു കമാനം. വർണബൾബുകളുടെ വിതാനം. വീടു മുതൽ വലിയ റോഡുവരെയുള്ള രണ്ടു ഫർലോങ് ദൂരമത്രയും തോരണങ്ങൾ കൊണ്ടലങ്കരിച്ചു. സജ്ജൻ കോപംകൊണ്ട് എരിഞ്ഞു നീറുകയാണ്. കർണൽ ചാരുകസേരയിൽ കിടന്ന് മയങ്ങിപ്പോയി. ബാബാരാംജി ഭ്രാന്തശിഷ്യന്മാർ സഹിതം

പോയി കഴിഞ്ഞിരുന്നു. കർണലിന്റെ വേലക്കാർ മുറ്റത്തിരിക്കുന്നു. കന്യ തായിയോടൊപ്പം താരയുടെ വീട്ടിലേക്ക് പോയിരിക്കുകയാണ്.

വൈകുന്നേരം മൂന്നര മൂന്നേമുക്കാൽ മണിയായപ്പോൾ ലാലാ ജാനകീസരണിന്റെ വേലക്കാർ അവിടെ എത്തിയിട്ടു പറഞ്ഞു "രാജാസാഹിബ് എഴുന്നെള്ളിയിട്ടുണ്ട്. വിളിക്കുന്നു..."

"വേണ്ട. പോകേണ്ട ആവശ്യം ഇല്ല". കണ്ണുതുറക്കാതെ തന്നെ കർണൽ വിളിച്ചു പറഞ്ഞു. താൻ ഉറങ്ങിയിട്ടില്ലെന്നതിന്റെ തെളിവായി. സജ്ജന് ഒന്നും മിണ്ടാൻ കഴിഞ്ഞില്ല. വേലക്കാർ നിമിഷനേരം മടിച്ചുനിന്ന് സജ്ജന്റെനേരെ നോക്കിയിട്ട്

"അപ്പോൾ അങ്ങുന്ന്..."

"അതേ. ഞാൻ പറഞ്ഞില്ലേ? പോയ്ക്കോ ഇവിടുന്ന്"

വേലക്കാരൻ പോകാൻ തുടങ്ങി. സജ്ജൻ കർണലിനോടായി പറഞ്ഞു. "പോയിട്ടുവരാം കർണൽ, രാജാസാഹിബ്..."

"രാജാസാഹിബ് ആയാലും ശരി ആരായാലും ശരി നിങ്ങൾ പോകേണ്ട ആവശ്യമുണ്ടെന്ന് എനിക്ക് തോന്നുന്നില്ല. വലിയവർക്കൊത്ത രീതിയിൽ പെരുമാറണം...."

"ഒന്നതുവരെ പോയിട്ടു വരാം കർണൽ" സജ്ജൻ കസേരവിട്ടെഴുന്നേറ്റു.

"പോകരുതെന്നാണു പറഞ്ഞത്."

സജ്ജൻ വീണ്ടും ഇരുന്നു. അഞ്ചുമിനിട്ടു കഴിഞ്ഞപ്പോൾ രാജാസാഹിബിന്റ രണ്ടാമത്തെ പുത്രൻ അവിടെ എത്തി, "അച്ഛൻ വിളിക്കുന്നു."

സജ്ജൻ ധർമസങ്കടത്തിലായി. കൺകോണുകൊണ്ട് കർണലിനെ നോക്കി. കർണലും വിഷമത്തിലായി. ത്രിഭുവൻ മുമ്പിൽ നില്പാണ്. ആംഗ്യം കാണിക്കാൻ പറ്റുന്നില്ല. എങ്കിലും പറയാതിരിക്കാൻ അയാൾക്കു കഴിഞ്ഞില്ല. "കേട്ടോ ത്രിഭുവൻ ഈ ഒരു വശം മാത്രം പിടിച്ചുനിൽക്കുന്നതു ന്യായമല്ല. സാലിഗ്രാം നീചൻ. ഒരിക്കലും എന്റെ മുമ്പിൽ ആരും ആയിരുന്നില്ല. നമ്മൾ തമ്മിലുള്ള ഈ ബന്ധത്തിൽ ലാലാജാനകിസരൺ–"

"കർണൽ, ഇപ്പോഴിത് അച്ഛന്റെ അഭിമാനത്തിന്റെ പ്രശ്നമാണ്".

"ഞങ്ങളുടെ അഭിമാനത്തിന്റെ കാര്യമാണിത്."

"സജ്ജൻ നിങ്ങൾ വരൂ" ത്രിഭുവൻ സജ്ജന്റെ കൈയിൽ പിടിച്ച് അയാളെ എഴുന്നേൽപ്പിച്ചു. സജ്ജന് വയ്യെന്നുപറയാനും വയ്യ. കർണലിനു തടയാനും കഴിഞ്ഞില്ല. സജ്ജൻ പോയി.

"ഹെർ എക്സെലൻസി" യുടെ വണ്ടി റോഡിൽ വന്നു നിന്നപ്പോൾ രാജാസാഹിബിന്റെ നേതൃത്വത്തിൽ പ്രമാണികളെന്നും നേതാക്കളെന്നും സ്വയം ഭാവിക്കുന്ന എട്ടു പത്തു പണക്കാർ പൊള്ളച്ചിരിയുമായി മുമ്പിൽ ചെന്നുനിന്നു ഈ മൂഢൻമാരുടെ സംഘത്തിൽ ഒരു രക്തസാക്ഷിയെന്നോണം സജ്ജനും നിന്നു. തെരുവിൽ ജാനകീസരണിന്റെ ബംഗ്ലാവുവരെയുള്ള രണ്ടുഫർലോങ് ദൂരത്തിൽ ചുവന്ന കമ്പളം വിരിച്ചിരുന്നു. പ്രഭ്വി നടന്നുചെല്ലുന്നതിന് ഇരുവശത്തുമുള്ള വീടുകളിൽ പൂ നിറച്ച കുട്ടകൾ നേരത്തെ എത്തിച്ചിരുന്നു. വഴിയുടനീളം പുഷ്പവൃഷ്ടി പൊഴിക്കാൻ. കവലയിലെ ആർച്ചുകഴിഞ്ഞ് തെരുവിലേക്കു കയറുന്ന സ്ഥാനത്ത് വലിയൊരു പുഷ്പഹാരം രണ്ടുവശത്തും നൂലുവലിച്ചുകെട്ടി നിറു

ത്തിയിരുന്നു. പ്രഭ്വി ആ സ്ഥാനത്ത് എത്തിയതും രണ്ടുവശത്തും കെട്ടിയിരുന്ന നൂൽ മുറിക്കപ്പെട്ട് ഹാരം അവരുടെ കഴുത്തിൽ വീണു. ലാലാജാനകീസരണിന്റെ വീടിന്റെ മുമ്പിൽ വലിയ ആൾക്കൂട്ടം, വലിയ വലിയ ആളുകൾ-ഡോക്ടർമാർ, വക്കീലന്മാർ, പണക്കാർ, സർക്കാറുദ്യോഗസ്ഥന്മാർ, നഗരത്തിലെ പ്രമുഖ കലാകാരന്മാർ തുടങ്ങിയവർ ആ തെരുവിന്റെ ശോഭ വർധിപ്പിക്കുന്നു. പഴയതും പുതിയതുമായ കലാകാരന്മാരുടെയും ശില്പികളുടെയും സംഘങ്ങൾ പ്രഭ്വിയുടെയും കുബേരന്മാരുടെയും കൂട്ടത്തിൽ നിന്നകന്ന് മിന്നാമിനുങ്ങുകളുടെ മുമ്പിൽ നക്ഷത്രങ്ങളെന്നപോലെ തിളങ്ങുന്നു. ധരിത്രി ഇവരാൽ ധന്യരായി. അവരുടെ പാദാർപ്പണം കൊണ്ട് ആ തെരുവ് പവിത്രമായി. പോലീസിനെയും ഏർപ്പാടു ചെയ്തിരുന്നു. കർണലും കന്യയും ചേർന്ന് വല്ല കുഴപ്പവും ഉണ്ടാക്കിയേക്കുമെന്നായിരുന്നു, ബാബുസാലിഗ്രാമിന്റെയും ലാലാജാനകീസരണിന്റെയും ഭയം.

ഉദ്ഘാടനം നടന്നു. രാജാസാഹിബ് 'ഹെർ എക്സെലൻസി' യെ പുകഴ്ത്തി പ്രസംഗിച്ചു. അതൊടൊപ്പം ഇവിടത്തെ ജനങ്ങൾ സദാ രാജഭക്തരും ദേശഭക്തരും ആണെന്നും പറഞ്ഞുകേൾപ്പിച്ചു. സാലിഗ്രാമിന്റെ നേതൃത്വത്തെയും അദ്ദേഹം പ്രകീർത്തിച്ചു. സജ്ജനെക്കുറിച്ചും രണ്ടുനാല് വാക്കു പറഞ്ഞു.

കാലിൽ പ്ലാസ്റ്റർ ഇട്ടിരുന്നതുകാരണം സാലിഗ്രാമിന് എഴുന്നേറ്റ് നിൽക്കാൻ വയ്യ. പറഞ്ഞും കെഞ്ചിയും മൈക്രോഫോൺ താഴ്ത്തി വയ്പിച്ചിട്ട് അയാളും തന്റെ നേതൃത്വം വിളമ്പി. അദ്ദേഹം സജ്ജന്റെ കാര്യം ഒന്നും പ്രസംഗത്തിൽ പറഞ്ഞില്ല. അതിനുപകരം ദേശത്തെ രാഷ്ട്രീയ പ്രസ്ഥാനത്തിന് സഹകരണം നൽകിയതിന് എല്ലാ കലാകാരന്മാരോടും നന്ദി പറഞ്ഞു. ഹെർ എക്സെലൻസി കലയുടെ മാഹാത്മ്യത്തെക്കുറിച്ച് വിവരിച്ചുകൊണ്ട് തന്റെ അടുക്കൽ നിന്നിരുന്ന ലോകപ്രസിദ്ധിനേടിയ പൂജ്യരായ വയോവൃദ്ധകലാകാരന്മാരെക്കുറിച്ച് സാദരം പരാമർശിച്ചു. ഇങ്ങനെ ഒരു പ്രദർശനം നടത്താൻ തുനിഞ്ഞതിന് രാജാസാഹിബിനെ അഭിനന്ദിച്ചു. എന്നിട്ട് ലാലാ ജാനകീസരണന്റെ ബംഗ്ലാവിലെ വലിയ ഹാളിന്റെ വാതിലിൽ കെട്ടിയിരുന്ന പുഷ്പാലംകൃതമായ നാടമുറിച്ചു. ഹസ്തതാഡനം മുഴങ്ങി. ജനക്കൂട്ടം അകത്തേക്കു കടന്നു. മുറിയിലേക്കു കടന്നതും ഇടിയേറ്റ പ്രതീതിയാണു സജ്ജനുണ്ടായത്. നഗരത്തിലെ അനേകം പ്രമുഖ വ്യക്തികളുടെയും തന്റെ ഗുരുജനങ്ങളുടെയും സഹകലാകാരന്മാരുടെയും മുൻപിൽ തല കാണിക്കാൻ പറ്റാത്ത ഒരവസ്ഥ. അമ്പതോളം ചിത്രങ്ങൾ ഒരു ചുവരിന്റെ മുകളിൽനിന്ന് താഴെ അറ്റംവരെ കൂട്ടമായി തൂക്കിയിട്ടിരിക്കുന്നു. ശില്പങ്ങളുടെ മാഹാത്മ്യത്തെക്കുറിച്ചും ഈ ലാലാമാർക്ക് അധികം അറിയില്ല. എങ്കിലും ഒരു മേശപ്പുറത്ത് അവയെല്ലാം വച്ചിട്ടുണ്ട്. മുറിയിൽ സർവരുടെയും ശ്രദ്ധ ആകർഷിക്കുന്നതായി ഒറ്റ വസ്തു മാത്രമേയുള്ളു. രാജാസാഹിബിന്റെ വിരുന്നിൽ ഗേറ്റിൽ വച്ചിരുന്ന വർണ ബൾബുകളാൽ അലംകൃതമായ ഭാരതമാതാരൂപം. ഒരു കയ്യിൽ ത്രിവർണപതാകയിൽ കറങ്ങുന്ന ചക്രം. കലാകാരന്മാർ തങ്ങളുടെ ചിത്രങ്ങൾക്കുവന്ന ദുർഗതിയിൽ അസ്തപ്രജ്ഞരായിപ്പോയി. സജ്ജൻ മുഖം കാണിക്കാതെ അവിടെ നിന്നും ഓടി രക്ഷപ്പെട്ടു. രാജാസാഹിബിനും ജാനകിസരണിനും മറ്റും ഹെർ എക്സെലൻസിയെയും രണ്ടോ മൂന്നോ വലിയ ആഫീസർമാരെയും കുറിച്ചല്ലാതെ മറ്റാരെക്കുറിച്ചും ഒരു ചിന്തയുമില്ല. കർണലും കന്യയും മുറിയുടെ ഒരു കോണിൽ ഒതുങ്ങിനിന്നു. കണ്ണിൽ പെട്ടതെത്രയോ

അത്രയും ചിത്രങ്ങൾ ഹെർ എക്സെലൻസി കണ്ടു.

ഹെർ എക്സെലൻസിയും രാജാസാഹിബും രണ്ടുനാലു ആഫീസർമാരും, ചില കുബേരരും, അതിലൊക്കെ ഒന്നു കണ്ണോടിച്ചിട്ട് മുറിയിൽ നിന്ന് പോകാൻ തുടങ്ങി. തങ്ങളുടെ ചിത്രങ്ങൾ ഇങ്ങനെ ദുരുപയോഗപ്പെടുത്തുന്നതു കണ്ടിട്ടും മുതിർന്നവരായ കലാകാരന്മാർക്കും ഒന്നും പറയാൻ തോന്നിയില്ല. അവർ അവിടെനിന്ന് സ്ഥലംവിട്ടു.

സജ്ജന്റെ സുഹൃത്തുക്കളായ യുവകലാകാരന്മർ ഈ പ്രദർശനത്തെക്കുറിച്ചു ചർച്ചചെയ്യുകയാണ്. വൈദ്യുത വിളക്കുകളുടെ ത്രിവർണപതാക കാണിക്കാൻ വേണ്ടിയാണ് ഇത്രയും ചിത്രങ്ങളെ അടിമകളാക്കി ഈ മുറിയിൽ തടവിലാക്കിയതെന്നു തോന്നും. ത്രിവർണ പതാകയ്ക്കടിയിലാകുന്നതിൽ ഒരു കലാകാരനും കടുകിടപോലും പരാതിയില്ല. പക്ഷേ ഭാരതമാതവിനെയും ത്രിവർണ പതാകയെയും ഇപ്പോഴിവിടെ ശിഖണ്ഡിയുടെ രൂപത്തിൽ ഉപയോഗിക്കപ്പെടുന്നതിലാണ് എതിര്. ഇതിന്റെ മറവിൽ നാലഞ്ചു പണക്കാരന്മാർ കലയെ തങ്ങളുടെ അടിമകൾ– അടിമയിലും അടിമകൾ– ആക്കിയിരിക്കുകയാണ്. ഇവർക്കു വേണ്ടി ഗവർണർ പ്രഭുവിന്റെ ലിസ്റ്റിൽ പ്രമാണിമാരായ പൗരന്മാരായ ഈ പണക്കാർക്കുവേണ്ടി – ഏജന്റു ചമഞ്ഞ്, സജ്ജൻ, സ്വന്തം വർഗത്തിന്റെ കഴുത്തറുത്തിരിക്കുകയാണ്. ഇത്തരത്തിലുള്ള അഭിപ്രായ പ്രകടനങ്ങളാണിവിടെ നടന്നത്.

കന്യ അടുത്തു നിൽക്കുകയാണ്. അതു കേട്ടവൾ ക്ഷുഭിതയായി. കർണൽ അപ്പോൾ അവിടെയില്ലായിരുന്നു. തെരുവിലെ സാധാരണക്കാരായ ആളുകൾ ചിത്രങ്ങൾക്കു മുന്നിൽ ചെന്നുനിന്ന് അവ മനസ്സിലാക്കാൻ ശ്രമിക്കുന്നു. ഈ ചിത്രങ്ങളെല്ലാം കാണികളെ സംബന്ധിച്ചിടത്തോളം അർഥശൂന്യമാണ്. കലയ്ക്കുപോലും അർഥമില്ലാതായി.

യുവാവായ ഒരു കലാകാരന് പ്രസംഗിക്കാനുള്ള മൂഡ് വന്നു. ഹാളിൽ കറങ്ങി നടന്നിരുന്ന ജനങ്ങളോടായി ഈ പ്രദർശനത്തിൽ തനിക്കുള്ള തികഞ്ഞ അസംതൃപ്തി പ്രകടിപ്പിച്ചു.

രണ്ടാമതൊരാൾ "എന്തിനാ വെറുതെ തൊണ്ടയിലെ വെള്ളം വറ്റിക്കുന്നത്? താൻ പ്രമാണിയൊന്നും അല്ല. ശ്വാസം കളഞ്ഞെന്നു വച്ച് ഇതുകഴിഞ്ഞ് ചായയും മറ്റും കിട്ടാൻ..........."

മൂന്നാമതൊരാൾ ചൊടിച്ചിട്ടു പറഞ്ഞു "നാം പ്രമാണിമാരും വിലയുള്ളവരുമല്ലെങ്കിൽ ഈ ലാലാലാലുമാർ എങ്ങനെ പ്രമാണിമാരാകും." രണ്ടാമൻ "ഇവരെ സർക്കാരാണ് പ്രമാണിമാരാക്കിയത്. ഗവർണരുടെയും സർക്കാരിന്റെയും ലിസ്റ്റിൽ, ഇവന്റെയൊക്കെ പേർ കാണും, പ്രമുഖ പൗരരായി. എന്റെയും നിന്റെയും കാര്യം ആരുപറയാൻ?"

"ഇവന്മാർക്കു നമ്മെ സാരമില്ലെങ്കിൽ, ഇവരെയൊക്കെ കീറിയ ചെരിപ്പുകൊണ്ടടിക്കണം......... എവിടെ സജ്ജൻ?"

ഈ ആവേശത്തിൽ ഒരു മറുപടി പറയാനായി കന്യ മുന്നോട്ടാഞ്ഞു...... "ഈയാളുകൾ സജ്ജനെ ചതിക്കുകയാണു ചെയ്തത്. ചിത്രങ്ങൾ വാങ്ങിക്കൊണ്ടു കൊടുത്തതിനുശേഷം ഹാളിൽ കയറാൻ പോലും സമ്മതിച്ചില്ല. ഈ കലാരൂപങ്ങൾ ഇവർക്കൊരു മറ മാത്രം. ഇതിന്റെ പേരിൽ വലിയവരെ വിളിച്ചു വരുത്തി സ്വന്തം പബ്ളിസിറ്റി നടത്തുകയാണിവരുടെ ഉന്നം........."

പൊട്ടിച്ചിരിച്ചിട്ട് ഒരാൾ പറഞ്ഞു "കൊള്ളാം. പബ്ളിസിറ്റി ഈ നേതാക്കന്മാരുടെ മൊണോപ്പളിയല്ലേ? വലിയ വലിയ സാഹിത്യകാരന്മാരുടെയും ശാസ്ത്രജ്ഞന്മാരുടെയും കോൺഫറൻസ് വിളിച്ചു കൂട്ടും. കോൺഫറൻസിൽ പങ്കെടുക്കുന്ന നേതാക്കന്മാരുടെയും അവരുടെ പ്രസംഗത്തിന്റെയും വിവരം പത്രങ്ങളിൽ വരും. സാഹിത്യകാരന്മാരുടെയും ശാസ്ത്രകാരന്മാരുടെയും പേരുപോലും കാണില്ല...."

"നിങ്ങൾ ഇവരുമായി സഹകരിക്കുന്നതെന്തിന്? ഇവരെയെല്ലാം വടിയെടുത്തടിക്കണം. നേതാവായാലും ശരി, അനുയായി ആയാലും ശരി. സ്വയം വലിയവരെന്നു കരുതുന്ന നീചരെ ഇന്നത്തെ കാലത്ത് അസ്പൃശ്യരായി മാറ്റണം. മനുഷ്യരെപ്പോലെ മാന്യമായി കഴിയാൻ വയ്യാത്തവനെ സകലസ്ഥലത്തു നിന്നും ബഹിഷ്ക്കരിക്കണം."

"തെരുവിലുള്ളവരെ കലയുടെ മാഹാത്മ്യം പഠിപ്പിക്കാനാണീ പ്രദർശനം സംഘടിപ്പിക്കുന്നതെന്നാണ് സജ്ജൻ ഞങ്ങളോട് പറഞ്ഞത്. ഓരോ ചിത്രത്തോടും ഒപ്പം അതിന്റെ ഭാവം വ്യക്തമാക്കുന്ന ഓരോ കാർഡും തൂക്കുമെന്നൊക്കെ പറഞ്ഞിരുന്നു....."

"അതേ. അതായിരുന്നു പരിപാടി. പക്ഷേ ഞങ്ങളെ ഒന്നും ചെയ്യാൻ സമ്മതിച്ചില്ല. ചിത്രങ്ങൾ വന്നുചേരുന്നതുവരെ പൊന്നേപോറ്റിയേ എന്നു നിന്നു. അതിനുശേഷം ഈ രീതിയിൽ......"

ഒരു മഹാത്മാവ് പറഞ്ഞു മനസ്സിലാക്കാൻ വന്നു. "നിങ്ങൾ ഇവിടെ നിന്നിങ്ങനെ ബഹളം ഉണ്ടാക്കരുത്. തൊട്ടടുത്ത മുറിയിൽ വലിയ വലിയ ആളുകൾ–"

"വലിയ ആളുകളിവനൊക്കെയാണോ?"

"എവിടെ സജ്ജൻ അവനെ വിളിക്കൂ... ഈ നീചരായ വലിയവന്മാർക്കു വേണ്ടി ഞങ്ങളുടെ കലയെ അപമാനിക്കുകയാണോ..."

കന്യ ഉറക്കെ പറഞ്ഞു "പ്രദർശനം നടത്താൻ ഞങ്ങൾ മറ്റൊരു സ്ഥലമാണു തെരഞ്ഞെടുത്തത്. ഈ വീടിന്റെ അടുത്തുതന്നെ. അവിടെ എല്ലാ ഏർപ്പാടുകളും ചെയ്തു. ഇവർ ചിത്രങ്ങൾ ഇങ്ങനെ പിടിച്ചെടുത്തുവച്ചില്ലായിരുന്നു എങ്കിൽ ഇതിന്റെ ഉദ്ഘാടനം ഇവിടെയല്ല അവിടെയായിരിക്കും നടന്നിരിക്കുക. ഹെർ എക്സെലൻസി വന്നില്ലെങ്കിലും ഏതെങ്കിലും ഉന്നതകലാകാരൻ അതു ഉദ്ഘാടനം ചെയ്തേനെ.. കലാകാരന്മാരായ നിങ്ങൾ സമ്മതിക്കുകയാണെങ്കിൽ ഇപ്പോൾ തന്നെ ഈ ചിത്രങ്ങൾ ഇവിടെ നിന്നും എടുത്തുമാറ്റി.."

നാലുവശത്തു നിന്നും ഒറ്റ സ്വരത്തിൽ മുഴങ്ങി "അതെ. ചിത്രങ്ങൾ അഴിച്ചെടുക്കൂ." കലാകാരന്മാർ ആവേശഭരിതരായി ചിത്രങ്ങൾ ചുവരിൽ നിന്നു ഇറക്കാൻ തുടങ്ങി. കാണികളിൽ ചിലർ അവരെ സഹായിക്കാൻ ചെന്നു.

അപ്പോഴേക്കും ലാലാ ജാനകീസരണന്റെ പുത്രൻ രണ്ടു പോലീസുകാരുമായി അവിടെയെത്തി ഗർജിച്ചു.

"നിൽക്കൂ. ആരും പടത്തിൽ തൊട്ടുപോകരുത്." ഒന്നല്ല ഒട്ടനവധി സിംഹങ്ങളുടെ നടുവിലാണ് ജാനകീസരണന്റെ പുത്രൻ ഈ ഊളന്റെ കൂവൽ നടത്തിയത്. അതിന്റെ ഫലവും അതുപോലെ തന്നെയായിരുന്നു. കലാകാരന്മാർ ചൂടായി. മറ്റു യുവാക്കൾ കുപിതരായി. ഹാളിലെങ്ങും അന്തരീക്ഷം ചൂടുള്ളതായിമാറി. ഒച്ചപ്പാടും ബഹളവും മുഴങ്ങി.

തൊട്ടടുത്ത മുറിയിൽ ചായയും തീനും കഴിയാറായപ്പോഴാണീബഹളം കേട്ടത്. സാലിഗ്രാമിന്റെയും ജാനകീസരണന്റെയും മുഖം വാടി. അതിഥികൾ കുശുകുശുക്കാൻ തുടങ്ങി.

പ്രദർശനഹാളിൽ ജനങ്ങളുടെ വക്താവെന്ന നിലയിൽ കന്യ പ്രസംഗിക്കുകയായിരുന്നു. കുന്തമുനയിൽ നിൽക്കുന്ന ഒരനുഭവമാണ് ആ മുറിയിലെ അന്തരീക്ഷം ഉണ്ടാക്കിയത്. കലാകാരന്മാരെല്ലാം വനകന്യ പറഞ്ഞതിനെ സമർഥിക്കയായിരുന്നു. തങ്ങളുടെ കലാകൃതികളെ സ്വയം എടുത്തുകൊണ്ടുപോകാൻ അവരെ അനുവദിച്ചില്ലെങ്കിൽ നാളെ രാവിലെ കലാകാരന്മാരെല്ലാം ഒറ്റക്കെട്ടായി വലിയവരെന്നു പറയുന്ന ഇവന്മാർക്കെതിരെ ശബ്ദമുയർത്തുന്നതാണെന്ന് ഉദ്ഘോഷിക്കപ്പെട്ടു. പത്രങ്ങളും ലഘുലേഖകളും വഴി ഈ കുബേരന്മാരുടെ മുഖത്ത് കരിതേക്കപ്പെടും.

"വിളിക്ക്. എവിടെ പോലീസ്. പോലീസിനെ വിളി. ആരെ വേണമോ വിളിക്ക്. ഈ പടങ്ങൾ ഇവിടെനിന്നും മാറ്റിയേ അടങ്ങൂ. ഞങ്ങൾ ഈ പടങ്ങൾ മാറ്റും, അല്ലെങ്കിൽ ഞങ്ങളുടെ ശവങ്ങളെയായിരിക്കും ഇവിടെ നിന്നു മാറ്റേണ്ടത്."

കന്യ, ആവേശയായി പറഞ്ഞുനിറുത്തിയപ്പോൾ കർണൽ രണ്ടു വേലക്കാരുടെ ചുമലിൽ ഒരേണിയുമെടുപ്പിച്ചുകൊണ്ടു പുഞ്ചിരിയോടെ അവിടെ എത്തി. 'ഹെർ എക്സെലൻസി' വിടവാങ്ങി പോകാൻ തുടങ്ങുകയായിരുന്നു. മാന്യരെന്നു ഗണിക്കപ്പെടുന്ന വിഭാഗവും അവരോടൊത്തുപോയി. കർണൽ ഹാളിൽ കടക്കുന്നതിനുമുൻപ് പ്രഭിയോടൊപ്പം പോയിരുന്ന ലാലാ ജാനകീസരണനെ വിളിച്ചുപറഞ്ഞു. "ലാലാജീ, പടങ്ങൾ കൊണ്ടുപോകാൻ അനുവദിക്കൂ. ഈ പോലീസുകാരെ ഇവിടെനിന്നു മാറ്റൂ. ഇല്ലെങ്കിൽ കളി കാര്യമാകും. തെരഞ്ഞെടുപ്പിനു നിൽക്കാൻ ആളുണ്ടാവില്ല."

രാജാസർ ദ്വരകദാസും ലാലാജാനകീസരണനും വിഷലിപ്ത നേത്രങ്ങൾ അങ്ങോട്ടു പായിച്ചിട്ടു കടന്നുപോയി. അവരുടെ കൂട്ടത്തിലെ വിഭീഷണനായിരുന്നു കർണൽ. അയാളും രാമസേനയിൽ ചേർന്നിരിക്കുകയാണ്. ഹാളിലെ ബഹളങ്ങൾക്കും അസംതൃപ്തിക്കും ക്രിയാത്മകരൂപം നൽകാനുള്ള ശ്രമത്തിലായിരുന്നു കന്യ. അത്യന്തം സാമർഥ്യത്തോടെ ചുവരിൽ നിന്നിറക്കിയ പടങ്ങൾ കേടുവരാതെയും നഷ്ടപ്പെടാതെയും അടുക്കിവയ്പിക്കുന്നതിലായിരുന്നു അവളുടെ ശ്രദ്ധ.

ചിത്രങ്ങളെല്ലാം താഴെയായി. പോലീസും ജാനകീസരണന്റെ ആളുകളും ഒരക്ഷരം മിണ്ടാതെ നോക്കിനിന്നു. ചിത്രകാരന്മാർ തന്നെ കൂലിക്കാരായി ചമഞ്ഞ് പടങ്ങൾ പുറത്തുകൊണ്ടുവന്ന് അടുക്കാൻ തുടങ്ങി. ഹാളിൽ നിന്ന് പുറത്തിറങ്ങിയ കർണൽ ഇങ്ങനെ പ്രഖ്യാപിച്ചു.

"സോദരരേ, നാളെ വൈകുന്നേരം തായിയുടെ ബംഗ്ലാവിൽ ഈ പ്രദർശനത്തിന്റെ ഉദ്ഘാടനം നടക്കും."

പ്രദർശനത്തിന്റെ പരാജയത്തിൽ ലജ്ജാഭാരത്താൽ തലകുനിഞ്ഞു പോയ സജ്ജൻ അവിടെ നിന്നോടിയൊളിച്ചു.

33

കർണലിന്റെ വീട്ടിൽ രാത്രി മൂന്നുമണിവരെ പ്രദർശനം വിജയിപ്പിക്കാനുള്ള പരിപാടികളെപ്പറ്റി ആലോചന തുടർന്നു. കന്യയും അവിടെ ഉണ്ടായിരുന്നു. പ്രദർശനം വീണ്ടും ഉദ്ഘാടനം ചെയ്യണം. ചിത്രത്തുന്നൽ പണികൊണ്ട് ഉപജീവനം നയിക്കുന്ന ഏതെങ്കിലും ദരിദ്ര വിധവയെക്കൊണ്ട് പ്രദർശനം ഉദ്ഘാടനം ചെയ്യിക്കേണ്ടതാണെന്ന് വൈകുന്നേരം കലാകാരന്മാരുടെ യോഗം തന്നെ തീരുമാനിച്ചിരുന്നു. ചിത്രകാരനായ മദനനാണ് ഈ നിർദേശം ഉന്നയിച്ചത്. അയാളിങ്ങനെ പറഞ്ഞു. "കഴിഞ്ഞകൊല്ലം ഞാനെന്റെ പ്രദർശനം ഉദ്ഘാടനം ചെയ്യിച്ചത് ഗവർണറെയോ മിനിസ്ററേയോ കൊണ്ടല്ല. ലഖ്നൗവിൽ കളിപ്പാട്ടങ്ങൾ ഉണ്ടാക്കി വില്ക്കുന്ന ശ്രീമതി രേവതിയാണ് അത് ഉദ്ഘാടനം ചെയ്തത്. ഡോക്ടർ രാധാകമൽ മുഖർജി ഉദ്ഘാടനപ്രസംഗം നടത്തി. ഈ പ്രദർശനവും നമുക്കങ്ങനെ തന്നെ ഉദ്ഘാടനം ചെയ്യിക്കാം. എല്ലാവർക്കും, വിശിഷ്യാ കർണലിനും കന്യയ്ക്കും ഈ നിർദേശം നന്നേ ബോധിച്ചു. അതിനനുസരിച്ചായിരുന്നു ഉദ്ഘാടനച്ചടങ്ങുകൾക്കുള്ള പരിപാടി തയ്യാറാക്കിയത്. യൂണിവേഴ്സിറ്റിയിലെ പ്രഫസർമാരെയും സാഹിത്യകാരന്മാരെയും പത്രക്കാരെയുമെല്ലാം ക്ഷണിക്കാൻ തീരുമാനിക്കപ്പെട്ടു. കാരണം ഇന്നല്ലെങ്കിൽ നാളെ ജാനകീസരണനും സാലിഗ്രാമും ഇതിനെതിരേ എന്തെങ്കിലുംചെയ്യാതിരിക്കില്ലെന്ന് കർണലിന് അറിയാമായിരുന്നു.

രാത്രിയേറെയായി. കർണലും കന്യയും ഇക്കാര്യം സംസാരിച്ചുകൊണ്ടിരിക്കയാണ്. കന്യയുടെ മനസ്സ് അവിടെയെങ്ങുമല്ല. സജ്ജനെക്കുറിച്ചുള്ള ഓർമ്മ അവളെ മറ്റെങ്ങോട്ടോ പിടിച്ചു വലിക്കുകയാണ്. കർണൽ ഒന്നുരണ്ടുതവണ അവളുടെ ഭാവഭേദം ശ്രദ്ധിച്ചു. പക്ഷേ ആ സമയത്ത് അയാളുടെ മനസ്സിൽ സാലിഗ്രാമിനും കൂട്ടർക്കുമെതിരായുള്ള യുദ്ധത്തിന്റെ പരിപാടികൾ തിങ്ങിനിറഞ്ഞുനിൽക്കുകയായിരുന്നു. അതുകൊണ്ട് കന്യയുടെ വികാരങ്ങൾ മനസ്സിലാക്കാൻ അയാൾക്കവസരംകിട്ടിയില്ല. ഒന്നിനുപിറകേ മറ്റൊന്നായി പലപ്ലാനുകളും അയാളിട്ടു-ലൗഡ് സ്പീക്കറുകൾ വയ്ക്കണം. ഒന്നു ബംഗ്ലാവിനുള്ളിലും മറ്റൊന്നു പുറത്തെ ഗേററിലും. പ്രഫസർമാർ, സാഹിത്യകാരന്മാർ, വക്കീലന്മാർ, ഡോക്ടർമാർ തുടങ്ങിയവരെക്കൊണ്ടു പ്രസംഗിപ്പിക്കണം. ഈ പ്രദർശനത്തെക്കുറിച്ചു അവർ പറയുന്ന അഭിപ്രായം ജനങ്ങളിൽ നല്ല സ്വാധീനമുണ്ടാക്കും. ഇടക്കിടെ നല്ല കീർത്തനങ്ങളുടെ റെക്കോർഡുകളും വക്കണം. പെട്ടെന്നയാൾക്ക് പുതിയൊരു പരിപാടി ഓർമ്മ വന്നു. "ബിന്നോ, ഒരു ലക്ഷം രൂപയുടെ ഒരു ഐഡിയാ കിട്ടിയിട്ടുണ്ട്. ഈ പ്രദർശനം നാളെയും മറ്റന്നാളും അതിനടുത്ത ദിവസവും തുടരണം. ഈ മൂന്നുദിവസവും കുട്ടികൾക്കു മിഠായി വിതരണം ചെയ്യും. ഏറിയാൽ അഞ്ഞൂറോ അറുനൂറോ രൂപയല്ലേ ആകൂ. നാലോ അഞ്ചോ വലിയ ആളുകൾക്ക് പാർട്ടികൊടുത്താൽ ആരറിയാൻ? കുട്ടികൾ മിഠായി തിന്നിട്ട് തെരുവുതോറും ജയ് വിളിച്ചുകൊണ്ടു നടക്കും. എന്താ പ്ലാൻ കൊള്ളാമോ?...... നീ എന്താ ആലോചിക്കുന്നത്?"

"ഇല്ല, ഒന്നുമില്ല. ഞാൻ അങ്ങു പറഞ്ഞതുകേട്ടുകൊണ്ടിരിക്കുകയായിരുന്നു.

ശരിയാണ്. നാലയ്യായിരം കുട്ടികൾക്ക് മിഠായികൊടുക്കാം. പക്ഷേ, ഇതിന്റെ ചെലവ്....”

“ബിന്നോ, സജ്ജനെക്കുറിച്ചു വിഷമിക്കേണ്ടതില്ല. അങ്ങനെ വല്ലതുമുണ്ടായിരുന്നെങ്കിൽ ഞാനടങ്ങിയിരിക്കുമായിരുന്നോ? പ്രദർശനം പരാജയപ്പെട്ട നാണം കൊണ്ടു ഓടിപ്പോയതാണ്. ഈ പണക്കാരെല്ലാം ഒരു വിധത്തിൽ ദുർബലരാണ്. അയാൾ കുറേ നേരം റോഡിൽകൂടി റാഷ് ഡ്രൈവിംഗ് നടത്തിയിരിക്കും. പിന്നെ വീട്ടിൽ ചെന്ന് കാര്യമുള്ളതിനുമില്ലാത്തതിനും വേലക്കാരുടെ നേരേ തട്ടിക്കേറും. പിന്നെ മൂക്കറ്റം കുടിക്കും.....അതേ കുടിക്കും. പക്ഷേ വല്ലപ്പോഴുമേ ഉള്ളൂ. അതാണ് അയാളിലുള്ള ഒരു ദുശ്ശീലം. വാസ്തവത്തിൽ ഒരു പ്രായം കഴിഞ്ഞാൽ ബാച്ച്ലറായി കഴിയാൻ പാടില്ല. ഞാനതിനെതിരാണ്. പല സ്വഭാവദൂഷ്യങ്ങളും വന്നുപെടും. സജ്ജനും അങ്ങനെയാണ് ചില ദുശ്ശീലങ്ങൾ പഠിച്ചത്. എന്നുവച്ച് ചീത്തയൊന്നുമല്ല. അതോർത്ത് നീ വിഷമിക്കുകയും വേണ്ട.”

“ഇല്ല, എനിക്ക് വിഷമമൊന്നുമില്ല. അപ്പോൾ നാലയ്യായിരം കുട്ടികൾക്ക് മിഠായി വിതരണം ചെയ്യാൻ......” കർണൽ ചിരിച്ചിട്ടുപറഞ്ഞു “നാലയ്യായിരം കുട്ടികൾക്ക് മിഠായി കൊടുക്കും. പക്ഷേ, ഇപ്പോഴല്ല, നിന്റെ കല്യാണദിവസം. ഇപ്പോൾ ദിവസം ആയിരം മിഠായി കൊടുക്കാനേ പരിപാടിയുള്ളൂ.”

സംസാരിച്ചുകൊണ്ടിരിക്കെ ടെലിഫോൺ മുഴങ്ങി. ജഗ്ദ്ചന്ദ്ഹർഖചന്ദ് ജൗഹരിയുടെ വീട്ടിൽ നിന്നുള്ള ഫോൺ; അയാളറിയിച്ചു. “രാജാ സാഹബും കർണലിനോടും സജ്ജനോടും കോപിച്ചിരിക്കുകയാണ്. കുറച്ചുമുമ്പേ ചിലപ്രധാനികൾ അദ്ദേഹത്തിന്റെ വീട്ടിൽ സമ്മേളിച്ചു. സാലിഗ്രാമും ജാനകീസരണും ഉണ്ടായിരുന്നു. നിങ്ങളുടെ പെരുമാറ്റം നന്നല്ലെന്നും ഏതോ കമ്യൂണിസ്റ്റുകാരിയെ നിങ്ങൾ വച്ചുകൊണ്ടിരിക്കയാണെന്നും മറ്റും കുറ്റംചാരിയിരിക്കുകയാണ്. നിങ്ങൾ കമ്യൂണിസ്റ്റ് പാർട്ടിയിൽ ചേർന്നത്രേ. അതുകൊണ്ട് നാളെ പ്രദർശനം ഉദ്ഘാടനം ചെയ്യുന്ന സമയത്ത്, ലാലാജാനകീസരണന്റെ വാതിൽക്കൽ ലൗഡ് സ്പീക്കർ വച്ചിട്ട്, അറിയപ്പെടുന്ന നാലാളുകളെ വിളിച്ചുകൂട്ടി, നിങ്ങളെ പരസ്യമായി അപമാനിക്കാൻ തീർച്ചയാക്കിയിരിക്കയാണ്. ഇതിനു പുറമേ, കുറച്ചു ദിവസം മുൻപ് സജ്ജന്റെ വീട്ടിൽവച്ചുനടന്ന പ്രേമനാടകത്തെക്കുറിച്ചും അവർ വെളിപ്പെടുത്താൻ തീരുമാനിച്ചിരിക്കുകയാണെന്നും അയാൾ കർണലിനെ അറിയിച്ചു. രാജാസാഹബും ഇതിനോടു യോജിച്ചിട്ടുള്ള സ്ഥിതിക്ക് ആളുകളുടെ മേൽ ഇത് വളരെയേറെ പ്രഭാവം ചെലുത്തും. രാജാസാഹബ് നാളത്തെമീറ്റിംഗിൽ വന്നില്ലെന്നുവരാം. പക്ഷേ, അദ്ദേഹം പലരെയും ഏർപ്പാടു ചെയ്തെന്നു വരും. പലർക്കും ഫോൺ ചെയ്തിട്ടുണ്ട്.”

കർണൽ ശാന്തനായി ഗൗരവത്തോടെ ഇതെല്ലാം കേട്ടുകൊണ്ടിരുന്നു. ഒടുവിൽ അദ്ദേഹം പറഞ്ഞു. “ജഗത്ചന്ദ്രാജി, ഞങ്ങളുടെ മനസ്സിലുള്ളത് ഈശ്വരനേ അറിയാവൂ. എന്റെ മനസ്സിൽ ആ പെൺകുട്ടിയെക്കുറിച്ച് എന്തെങ്കിലും പാപചിന്തയുണ്ടെങ്കിൽ എനിക്കു ദാദാ ഗുരുജിയുടെ പാദങ്ങൾ തൊടാനുള്ള ഭാഗ്യം ഉണ്ടാവില്ല. ഞാൻ മനസ്സാക്ഷിയെ ഭയക്കും. അപവാദത്തെ ഭയക്കില്ല.”

അന്തരീക്ഷം ഗൗരവം പൂണ്ടു. കർണൽ കന്യയോടു കാര്യം പറഞ്ഞില്ലെങ്കിലും അവൾക്കു പരിതഃസ്ഥിതിയാകെ വ്യക്തമായി. കന്യയുടെ മുഖം കോപവും ലജ്ജയും കൊണ്ടുചുമന്നു. കർണൽ ചിരിച്ചിട്ടു പറഞ്ഞു.

"ഈശ്വരൻ ചെയ്യുന്നതെല്ലാം നല്ലതിനാണ്. രാജാസാഹബിന്റെ ജാതകത്തിലും സ്വന്തം മൂക്കുമുറിക്കാനുള്ള യോഗമുണ്ടായിരിക്കും. ഇതുവരെ സാലിഗ്രാമിന്റെ നേതാവു ചമയലിനെതിരേ സമരം ചെയ്താൽ മതിയായിരുന്നു. ഇനിയിപ്പോൾ രാജാസാഹബിന്റെ കോടീശ്വരത്വത്തിനെതിരായും വേണ്ടിവരും. നേരായമനുഷ്യരോട് നേരായ വഴിക്കു പെരുമാറണം. ആളിനു തക്ക അടവ്, അങ്ങനെ മാത്രമേ വിജയിക്കാനൊക്കൂ. സൂചികടക്കാത്തിടത്ത് തൂമ്പ കടത്താൻ ശ്രമിക്കുന്നവരാണിവർ. ഞാനിതു വരെ ഈ മടയത്തരത്തിൽ പെട്ടിട്ടില്ല. മനുഷ്യനെ അളന്നുപഠിച്ച് അതിനനുസരിച്ചാണ് എന്റെ നീക്കങ്ങൾ. ഡോക്ടർമാർ രോഗിയെ പരിശോധിച്ച് രോഗനിർണയം ചെയ്തു മരുന്നു കുറിക്കും പോലെ. ഇവർക്കെന്തു മറുപടിയാണ് നല്കാൻ പോകുന്നതെന്നറിയാമോ? നാളെ നീയും നിന്റെ ചേട്ടത്തിയും കൂടി ഈ വലിയവരുടെ വീട്ടിൽ, പ്രദർശനത്തിന് അവരെ ക്ഷണിക്കാൻ പോകണം.... എന്തു ചെയ്യട്ടെ ഈ സജ്ജൻ ഈ സമയത്ത് ഇങ്ങനെ - ങാ ഞാൻ മഹിപാലിനെ രാവിലെ തന്നെ കമ്പി അടിച്ചു വരുത്താം. ബിന്നോ എന്റെ പേരുവച്ച് ഒരു ലേഖനം എഴുതി അച്ചടിക്കണം. എന്റെ മനസ്സിലുള്ളതെല്ലാം ഞാൻ പറഞ്ഞുതരാം...."

കന്യ സ്വന്തം ചിന്തയിൽ മുഴുകിയിരിക്കുകയായിരുന്നു. ഗിരിശിഖരത്തിൽ നിന്ന് വീണ്ടും താഴോട്ടു വീഴാനാഞ്ഞു നില്ക്കുകയാണവളുടെ ജീവിതം. സജ്ജനെ ഇത്തവണ നഷ്ടപ്പെടുമെന്നവളുടെ ഹൃദയം പറയുന്നു. സജ്ജന്റെ ആഗമനം തന്റെ ജീവിതത്തിനൊരു ശാപമായിരിക്കുന്നു. നിരാധാരയ്ക്ക് ആശ്രയസ്ഥാനമായെന്നവളിതുവരെ അഹങ്കരിച്ചു-തനിക്കുവലിയ ചതിയാണ് പറ്റിയത്.

പ്രദർശനത്തോടൊപ്പം സ്ത്രീകളുടെ മേളയുടെ വിജയവും കൂടി ചേർന്നപ്പോൾ രാജാസാഹബും, സാലിഗ്രാമും ജാനകിസരണനും വിഡ്ഢികളായതുപോലെ തോന്നി. ജനസംഘം, പ്രജാസോഷ്യലിസ്റ്റ്, കമ്യൂണിസ്റ്റ് തുടങ്ങിയ പ്രതിപക്ഷ കക്ഷികളുടെ ലൗഡ് സ്പീക്കറുകൾക്കു കോൺഗ്രസ്സിനെതിരെ പ്രചാരണം നടത്താനുള്ള ശക്തിയായ ഒരായുധം കിട്ടി. വനകന്യയുടെ അച്ഛനെ അറസ്റ്റു ചെയ്തതും വനകന്യയും സജ്ജനും മഥുരയിൽ ചെന്ന് രേഖകൾ കൊണ്ടുവന്ന അത്ഭുതകരവും രസകരവും രോമാഞ്ചകരവുമായ കഥകളും-സജ്ജനും കന്യയും സ്വയം ഇവ അറിഞ്ഞിരുന്നില്ല- പ്രതിപക്ഷകക്ഷികൾ പ്രചരിപ്പിച്ചു. ജനശ്രുതിയിൽ, തെരഞ്ഞെടുപ്പിന്റെ ചൂടുപിടിച്ച അന്തരീക്ഷത്തിൽ അമ്പത്തിരണ്ടിലെ ലൈലയും മജ്നുവുമായിത്തീർന്നു സജ്ജനും കന്യയും. കർണലിന്റെ ലൗഡ് സ്പീക്കറുകൾ രാഷ്ട്രീയത്തിൽ സ്വന്തം എതിർപ്പു പ്രകടിപ്പിച്ചുകൊണ്ട് ചുറ്റിത്തിരിഞ്ഞു. "സ്ത്രീകളുടെ നേരെയുള്ള അന്യായങ്ങൾക്കെതിരായാണ് ഞങ്ങൾ ശബ്ദം ഉയർത്തുന്നത്. തെരഞ്ഞെടുപ്പിന്റെ ഈ ബഹളത്തിൽ വിവേകം നശിക്കാതെ നോക്കാനാണ് ഞങ്ങളുടെ യത്നം. ഈ തെരഞ്ഞെടുപ്പിന്റെ ലക്ഷ്യമെന്താണോ, അവ നിലവിൽ വരുത്താൻ ഞങ്ങൾ ജനങ്ങളോട് അഭ്യർഥിക്കുന്നു."

മൂന്നാം ദിവസം സാലിഗ്രാമിന്റെ പ്രചാരണത്തിന്റെ സ്വഭാവം തന്നെ മാറി. വാർഡിൽ പ്രചാരണത്തിനെത്തിയിരുന്ന രണ്ടു മന്ത്രിമാരുടെ കാറുകൾ വളഞ്ഞ് ജനങ്ങൾ അവരെ തെറി വിളിക്കാൻ തുടങ്ങി. അന്തരീക്ഷം ക്ഷുബ്ധമായി.

സേഠ് രൂപരത്തനും ഒരു മന്ത്രിയും, കർണൽ, സജ്ജൻ, ബാബു സാലിഗ്രാം,

ലാലാജാനകീസരൺ എന്നിവരെ യോജിപ്പിക്കാനായി ഒരു ചായസൽക്കാരത്തിനു ക്ഷണിച്ചു. സജ്ജൻ ആകെ അടിതെറ്റിയിരിക്കുകയാണ്. ചിത്രപ്രദർശനം സ്ത്രീകളുടെ മേളയായി മാറിയതു മുതൽ അയാൾക്ക് അവിടെയും പോകേണ്ട ആവശ്യമില്ലാതെയായി. അയാൾ സ്വതന്ത്രനാണ്! ചിത്രയെ ഒരസ്ത്രമാക്കി സ്വന്തം സത്യത്തിനയാളേല്പിച്ച ആഘാതം ഇപ്പോഴും അയാളുടെ ചേതനയെ തളർവാതം പിടിച്ച മട്ടിലാക്കിയിട്ടിരിക്കുകയാണ്. ഈയിടെ ചിത്ര അയാളുടെ നേരേ ഉന്നയിച്ച ആരോപണങ്ങളും അപഹാസ്യങ്ങളും അയാളെ ശിലാസമനാക്കി മാറ്റി. രണ്ടു ദിവസമായി വീട്ടിലെ പഴയ വേലക്കാരൻ പോലും അയാളുടെ മുറിയൽ ചെല്ലാൻ ഭയക്കുകയാണ്. കാരണം യജമാനൻ ഇപ്പോൾ ആരോടും തട്ടിക്കയറുന്നില്ല, ഒന്നും ആവശ്യപ്പെടുന്നില്ല, മദ്യം പോലും..... സിഗററ്റു വേണ്ട. ചായയും കാപ്പിയും പോലും വളരെക്കുറച്ചേ വേണ്ടൂ... മൂകനായാണ് കഴിച്ചു കൂട്ടുന്നത്. ചിലപ്പോൾ ചുണ്ടു ചലിക്കും. മുഖ്യകാര്യസ്ഥൻ കർണലിന്റെ കടയിൽ ചെന്ന് കാര്യങ്ങളെല്ലാം അറിയിച്ചു. മേളയുടെ കാര്യത്തിൽ മുഴുകിയിരുന്നതിനാൽ സജ്ജനെ കാണാൻ കഴിഞ്ഞിരുന്നില്ല. സമയം കിട്ടിയാലുടൻ എത്താമെന്നും പേടിക്കാനൊന്നുമില്ലെന്നും പറഞ്ഞ് കർണൽ കാര്യസ്ഥനെ ആശ്വസിപ്പിച്ചു. കാര്യസ്ഥൻ പറഞ്ഞു "മറ്റു ഭയമൊന്നുമല്ല. എങ്കിലും അദ്ദേഹത്തിന്റെ മേശയിൽ...."

"അങ്ങു മുറിയിൽ ശ്രദ്ധവച്ചുകൊള്ളണം."

"ശ്രദ്ധിക്കുന്നുണ്ട്. എങ്കിലും."

"അങ്ങു പോകണം, വിഷമിക്കേണ്ട. സംഭവിച്ചതെന്താണെന്നറിയില്ല. പക്ഷേ, ഒന്നെനിക്കറിയാം, സജ്ജൻ ആത്മഹത്യചെയ്യില്ല..."

കർണലിന്റെ കാറിൽ പകൽ രണ്ടുമണിക്ക് കന്യയെ സജ്ജന്റെ ബംഗ്ലാവിൽ കൊണ്ടാക്കി. കന്യ മുറിയിലെത്തി. എതിരേയുള്ള സോഫയിലിരുന്ന് സിഗററ്റ് വലിക്കുകയാണ് സജ്ജൻ. വാതിൽ തുറന്ന ഉടൻ തന്നെ സജ്ജൻ കന്യയെ കണ്ടു. അയാൾ ഞെട്ടിപ്പോയി. പെട്ടെന്ന് സെർച്ചുലൈറ്റിന്റെ വെളിച്ചത്തിൽ തൊണ്ടിയോടെ നില്ക്കുന്ന കള്ളന്റെ അവസ്ഥയിലായി അയാൾ. പരിഭ്രമത്തിനിടയിൽ അയാൾ സിഗററ്റ് കൈക്കുള്ളിൽ ഒളിക്കാൻ ശ്രമിച്ചു. താനെന്തോ തെറ്റാണ് ചെയ്യുന്നതെന്നപോലെ. കൈപൊള്ളി ബോധം വീണ്ടു കിട്ടി. കന്യ സൗഹാർദഭാവത്തിൽ പുഞ്ചിരിയോടെ അടുത്തേക്ക് വരികയാണ്. അടുത്തെത്തി. കയ്യിൽ തൂക്കിയിരുന്ന ഓവർകോട്ട് അയാളുടെ മടിയിലേക്കെറിഞ്ഞിട്ടു പറഞ്ഞു. "ഈയിടെയായി ഏതു ആർട്ടിസ്റ്റിക് മൂഡിന്റെ കറക്കത്തിലാണ്." അവൾ അഞ്ചു വിരലുകളും കൊണ്ട് സജ്ജന്റെ മുടിയിൽ പിടിച്ചിട്ട്, കണ്ണിൽ കണ്ണുനട്ടുകൊണ്ട് പുരികം ഉയർത്തിയിട്ട് ചോദിച്ചു "ഇതാ നോക്കൂ, നിങ്ങളുടെ ഈ ആർട്ടിസ്റ്റിക് സ്റ്റണ്ട് ഇനിയും തുടരാൻ ഞാൻ അനുവദിക്കില്ല. നിങ്ങൾ എനിക്കുവേണ്ടി ചില വിട്ടുവീഴ്ച ചെയ്തു. ഞാൻ നിങ്ങൾക്കു വേണ്ടി ചിലത് ഉപേക്ഷിക്കാം.... എങ്കിലേ ശരിയാകൂ.. എന്താ ഒത്തുതീർപ്പിലെത്താമോ?..."

സജ്ജന്റെ കണ്ണുകൾ ആദ്യമായി അവളുടെ കണ്ണുമായി കൂട്ടിമുട്ടാൻ തുടങ്ങിയപ്പോൾ ചെറുതായൊന്നു പിടഞ്ഞു. രണ്ടു കണ്ണുകളിലെയും താപമാപിനികൾ അന്യോന്യം ചൂടളക്കുകയാണ്... സജ്ജന്റെ ചഞ്ചലമായ ഹൃദയം കന്യയുടെ കണ്ണുകളിൽ സ്വന്തം സ്ഥിരത കണ്ടെത്താൻ ശ്രമിക്കുകയാണ്. അയാളിൽ നിന്നും അല്പം അകന്നു നിന്നിട്ട് അവൾ പറഞ്ഞു "ഇക്കഴിഞ്ഞ മൂന്നു നാലു ദിവസ

മായി ഒരൊറ്റ നിമിഷത്തേക്കുപോലും നിങ്ങളെ മറക്കാതെ ദിവസം മുഴുവനും പല ജോലികളിൽ മുഴുകി നിങ്ങളെ മറക്കാൻ ശ്രമിച്ചു. നിങ്ങളുടെ ഈ മൂഡ്, ആദ്യം എനിക്ക് വല്ലാത്ത ഒരു ഷോക്കേല്പിച്ചു... പിന്നെ ഈ മേളയും എതിർപ്പു മൊക്കെയായപ്പോൾ എനിക്കൊരു പുതിയ ജീവൻ വീണു. ഒരു ഉദ്ദേശത്തിനു വേണ്ടിയാണ് നാം ഈ സംഘർഷത്തിൽ ഏർപ്പെട്ടത്."

സജ്ജന്റെ തപിക്കുന്ന ഹൃദയത്തിൽ നിമിഷങ്ങൾക്കുള്ളിൽ ഒരു പിടച്ചിൽ അനുഭവപ്പെട്ടു. കന്യ മുന്നിൽ നിറഞ്ഞു നില്ക്കുന്നു. അവളുടെ ഓരോ വാക്കും തപിച്ചുരുകിയിരുന്ന അയാളുടെ ഹൃദയത്തിലേക്കു പനിനീർപ്പൂവിന്റെ മണം കലർന്ന ശീതളമാരുതനായി കടന്നു ചെല്ലുകയാണ്. അവൾ പറയുന്ന സംഭവ ങ്ങളിൽ താനാണു നായകൻ. അയാളുടെ ഹൃദയത്തിൽ സന്തോഷത്തിന്റെ അല കളിളകി. അകലത്തിന്റെ പടുത ഒട്ടൊന്നകറ്റി കന്യ കുറച്ചുകൂടി അടുത്തു വന്നു നിന്നു.

കന്യ പറഞ്ഞു. "സജ്ജൻ രണ്ടു മണിക്കൂർ വിശ്രമിക്കാനുള്ള മൂഡിലാണ് ഞാനിപ്പോൾ വന്നത്. ആദ്യം ചായയും വല്ലതും ഇത്തിരി തിന്നാനും വേണം. പിന്നെ ഒന്ന് ഒന്നരമണിക്കൂർ കഴിഞ്ഞ് ആഹാരവും കഴിഞ്ഞു പോകണം."

"എങ്കിൽ വരുത്തൂ."

"വേണ്ട, ഞാനെന്നേ നിങ്ങളുടെ വേലക്കാർക്ക് ഓർഡർ കൊടുക്കുന്നത് നിർത്തി." സജ്ജൻ പെട്ടെന്നെഴുന്നേറ്റു. മേശയിൽ ഘടിപ്പിച്ചിരുന്ന കാളിംഗ്ബൽ അമർത്തി. കന്യയുടെ നേരെ നോക്കിയിട്ട് പറഞ്ഞു "ഞാനതിന്..."

വാതിൽ തുറക്കപ്പെട്ടു. സംചിതസിംഗ്, തോളിൽ ടവൽ ഇട്ടുകൊണ്ട് അക ത്തുവന്നു.

"ഠാക്കൂർ, ഇന്നുമുതൽ ഈ വീട് ഇവരുടെയാണ്. എന്റെയല്ല,.. മറ്റാരുടേയു മല്ല. മനസ്സിലായോ?" സജ്ജന്റെ മുഖവും സമസ്ത ശരീരവും അതു പറയു മ്പോൾ വികസിക്കുകയായിരുന്നു. മദ്യലഹരിയിൽ ഉന്മത്തനായവനെപ്പോലെ ശരീരം വിറച്ചു. അയാൾ സ്വയം നിയന്ത്രിക്കാൻ ശ്രമിക്കുകയാണ്. മേശയിലൂന്നി യിരുന്ന കൈ, അവിടുത്തെ സ്വിച്ചിൽ അമർന്നിരുന്നതുകൊണ്ട്, പുറത്ത് ബെൽ ശബ്ദം വളരെ നേരത്തേക്കു മുഴങ്ങിക്കൊണ്ടിരുന്നു. അതു മനസ്സിലാക്കിയിട്ടും ഠാക്കൂർ ഒന്നും ചെയ്യാനാവാതെ നിന്നു. അവന്റെ ഭാവത്തിൽ വന്ന മാറ്റം കണ്ട് കന്യയുടെ ശ്രദ്ധ ബെല്ലിൽ പതിഞ്ഞു. അവൾ പറഞ്ഞു. "ആ ബെല്ലിനോടെ ങ്കിലും അല്പം ദയവു കാണിക്കൂ". ഇതിനിടെ യജമാനന്റെ നീണ്ട ബെല്ലടികേട്ട് ആറു വേലക്കാർ എത്തി. തന്റെ മറവിയിൽ സജ്ജൻ സ്വയം ചിരിച്ചു. എന്തു ചെയ്യണമെന്നറിയാതെ നില്ക്കുകയാണ് വേലക്കാർ. യജമാനൻ വീണ്ടും മനു ഷ്യനായി മാറിയല്ലോ എന്ന സന്തോഷം അവർക്ക് അപ്പോഴുണ്ടായി. അതോ ടൊപ്പം വീട്ടിൽ ശരിയായൊരു നായിക വന്നതുപോലെയും അവർക്കു തോന്നി. സജ്ജൻ ചിരിച്ചിട്ടു വേലക്കാരോടായി പറഞ്ഞു. "ങാ. എല്ലാവരും എത്തിയോ? ശരി, നിങ്ങൾക്കെല്ലാം സമ്മാനം തരുന്നുണ്ട്. സമ്മാനമെന്ന നിലയിൽ നിങ്ങൾക്കെല്ലാം ഈ മാസം ഇരട്ടി ശമ്പളം. പിന്നെ, ഇനിമേൽ ഇവരുടെ ഉത്ത രവ് അനുസരിക്കണം."

കന്യയുടെ കോമ്രേഡ് ഹൃദയത്തിന് ഈ തമാശ അല്പമൊരസ്വാസ്ഥ്യമു ണ്ടാക്കി. സജ്ജൻ അതിനിടെ അവളെ നോക്കി പുഞ്ചിരിച്ചിട്ടു പറഞ്ഞു. "ഇനി

ഉത്തരവിട്ടാലും." വനകന്യയുടെ ജീവിതത്തിൽ കടന്നുവന്ന പുതിയ അന്തരീക്ഷത്തിൽ പുതിയ ഈ ചുമതല അനുഷ്ഠിക്കാൻ അവൾക്കു നാണം തോന്നി.

വളരെ വിഷമിച്ചു വേലക്കാരുടെ നേരേ നോക്കാതെയും നോക്കിയും... "എന്തെങ്കിലും കുറച്ച്.....പ്രാതലിന്....കൊണ്ടുവരൂ...പിന്നെ ഒന്നു ഒന്നരമണിക്കൂർ കഴിഞ്ഞ് ഊണ് ശരിയാവണം."

"ശരി കൊച്ചമ്മേ...മെനു..."

കന്യ വിഷമത്തിലായി. "ഇന്നു നിങ്ങൾക്കിഷ്ടമുള്ളതുണ്ടാക്കൂ. എനിക്ക് ഒന്നരമണിക്ക് പോകണം. അതു മറക്കരുത്."

വേലക്കാർ പോയി. രണ്ടുപേരും പുതിയ ദൃഷ്ടിവച്ച് അന്യോന്യം നോക്കി. സജ്ജൻ ഇനിയും പൂർണമായും സ്വയം നിയന്ത്രിച്ചു കഴിഞ്ഞിരുന്നില്ല. എങ്കിലും കന്യയുമായുള്ള തന്റെ ബന്ധം പ്രഖ്യാപിച്ചു കഴിഞ്ഞതോടെ, പുതിയ ഒരു ജീവിതത്തിലേക്കു കടന്നതോടെ, അയാൾക്ക് എന്തോ ഒരസ്തിത്വം കൈവന്നമാതിരി തോന്നി. പ്രതിഷേധമെന്ന നിലയിൽ ചിത്രയോട് അടുക്കുക കാരണം മനസ്സിൽ ഉറഞ്ഞുകൂടിയിരുന്ന കട്ടിയുള്ള മറയും ആവരണവും മാറുകയാണ്. അയാൾ മനസ്സാ സന്തോഷിച്ചു. ജാഗ്രദാവസ്ഥപൂണ്ട് ക്രമേണ അയാൾ സ്വസ്ഥചിത്തനായി.

അന്നുരാത്രിയാണ് സാലിഗ്രാമും ജാനകിസരണുമായി ഒത്തുതീർപ്പിലെത്തിക്കാനായി സജ്ജനെയും കർണലിനെയും സേഠ് രൂപരത്തൻ ചായയ്ക്ക് വിളിച്ചിരുന്നത്. ഒരു മന്ത്രിമഹാശയനും സന്നിഹിതനാകാനിടയുണ്ട്. ഈ മീറ്റിംഗിൽ വനകന്യ പങ്കെടുക്കേണ്ടതും അവളുടെ അഭിപ്രായം പ്രകടിപ്പിക്കേണ്ടതും ഏറ്റവും അത്യാവശ്യമാണെന്ന് കർണൽ പ്രസ്താവിച്ചു. സേഠ് രൂപരത്തന് കർണലിന്റെ ഈ നിബന്ധന അംഗീകരിക്കേണ്ടിവന്നു.

പകൽ ഉല്ലാസപൂർവമാണ് സജ്ജൻ കഴിച്ചു കൂട്ടിയത്. കന്യ കഴിഞ്ഞ നാലഞ്ചുദിവസത്തെ തന്റെ അനുഭവങ്ങൾ പറഞ്ഞുകേൾപ്പിച്ചു. ഏതെല്ലാം വീട്ടിൽ അവൾ ക്ഷണിക്കാൻ പോയി, ആ വീടുകളിൽനിന്ന് അവൾക്കെന്തെല്ലാം അനുഭവമുണ്ടായി, എന്നൊക്കെ. മേളയിൽ വരുന്ന സ്ത്രീകളുടെ സംസാരവും, അവരുടെ പെരുമാറ്റവും അവൾ വിവരിച്ചു. സംഭാഷണം ശ്രദ്ധിച്ച് അതിൽ ലയിച്ചിരുന്ന സജ്ജന് തന്റെ 'പാപ'ത്തിന് പ്രായശ്ചിത്തം ചെയ്യാനുള്ള അവസരം പോലും കിട്ടിയില്ല. കന്യ എത്ര ഉത്സാഹവതിയാണ്. ഇതൊക്കെപ്പറയുമ്പോൾ അവൾ സ്വയംമറന്നിരുന്നു പോകുന്നു. ഒരു സ്വപ്നത്തിന് ആകാരം നൽകുംവിധമാണവൾ പറഞ്ഞുകൊണ്ടിരുന്നത്. സജ്ജൻ മുഗ്ധനായി ഇരുന്നു. പോകാൻ നേരത്ത് കന്യയുടെ ഇടത്തെ കൈയിൽ മൂന്നാമത്തെ വിരലിൽ വൈരക്കല്ലുപതിച്ച ഒരു മോതിരം തിളങ്ങുന്നുണ്ടായിരുന്നു. കന്യപോയിക്കഴിഞ്ഞശേഷം പകലത്രയും സജ്ജൻ സ്വയം മറന്നിരുന്നു പോയി. അയാൾക്ക് ബാബാ രാംജിയെക്കുറിച്ചോർമ വന്നു. ആദ്യം ഒന്നറച്ചു. എങ്കിലും ഒടുവിൽ പോകാൻ തന്നെ തീരുമാനിച്ചു.

ഉച്ചതിരിഞ്ഞപ്പോഴത്തെ നേരിയവെയിൽ ഗോമതീ തടത്തിൽ പരന്നിരുന്നു. ബാബാജിയുടെ ഭ്രാന്തന്മാർ ലങ്കോട്ടിയും ധരിച്ച് ഓട്ടപ്പന്തയം നടത്തുകയാണ്. ബാബാജി അല്പം അകലെ മാറിനിന്ന് റേസ് കാണുകയാണ്.

കടവിലെത്തിയെങ്കിലും ബാബാജിയെ നേരിടാൻ സജ്ജനു നേരിയ സങ്കോചം. അല്പമൊന്നറച്ചുനിന്നു. പിന്നെ മെല്ലെ മുന്നോട്ടുനീങ്ങി. ബാബാരാംജി അയാളെ കണ്ടു. പൊള്ളയായ വായ് തുറന്ന് ചിരിച്ചുകൊണ്ടു രണ്ടു കൈയും നീട്ടി അയാളെ

ക്ഷണിച്ചു. കാലിൽ തൊടുന്നതിനു മുമ്പുതന്നെ അയാളെ വാരി നെഞ്ചിലണച്ചു. "ഇപ്പോൾ കോടിരൂപ കിട്ടിയപോലുണ്ട് രാംജീ.... ഞാൻ പ്രതീക്ഷിച്ചിരുന്നിട്ട് ഒരു പാടു നേരമായി."

ഭ്രാന്തന്മാരുടെ വ്യായാമവും, പ്രാർഥനയും കഴിഞ്ഞ് അവർക്ക് സർപ്പഗന്ധി മൂലിക ചേർത്ത മരുന്നും കൊടുത്തിട്ടുവന്ന്, ബാബാജി സജ്ജനോടു സംസാരിക്കാനിരുന്നു. "രാംജീ, പശ്ചാത്താപമെന്നപോലെ ഉന്മത്തമായ ഒന്നില്ല. നിങ്ങൾക്കുണ്ടായ ആ പ്രത്യേകമായ അനുഭവത്തെക്കുറിച്ചോർക്കാത്തതെന്ത്? ഇനി ആ അനുഭവത്തിന്റെ പ്രയോജനം നേടണം. ദുഃഖിക്കുന്നതെന്തിന്? കഴിഞ്ഞതെല്ലാം കഴിഞ്ഞു. ഇനി വരാനുള്ളത് ബുദ്ധിപൂർവം നേരിടൂ." പോകാൻ നേരത്ത് ബാബാജി സജ്ജനോടു പറഞ്ഞു. "രാംജീ, ആരെന്തും പറഞ്ഞോട്ടെ, ഈ ലോകത്തിലെ മിഥ്യയും മായയുമൊന്നും ഞാനംഗീകരിക്കുന്നില്ല. ഈശ്വരൻ സത്യമാണെങ്കിൽ ഈശ്വരസൃഷ്ടിയും സത്യമാണ്. അപ്പോൾ സത്യം തുറന്നനുഭവിക്കൂ. അസത്യം കണ്ടാൽ അതിൽനിന്നകന്നു കഴിയണം." "അങ്ങനെ ചെയ്യാം." സജ്ജൻ ബാബാജിയുടെ പാദങ്ങൾതൊട്ട് നിശ്ചയമെടുത്തു. മനസ്സിന്റെ ഭാരം കുറഞ്ഞു. മനസ്സിലെ വികാരങ്ങൾ അയാൾ കഴുകി ശുദ്ധമാക്കി. ഒരു വഴി കണ്ടെത്തിയിരിക്കുകയാണ്. ചിത്രയെക്കുറിച്ച് ബാബാജി ഒരുപദേശവും കൊടുത്തു... "ഒന്നുകിൽ അവളെ എവിടെയെങ്കിലും നല്ലൊരിടത്ത് വിവാഹം ചെയ്ത് അയയ്ക്കണം. അതല്ല വല്ല ജോലിയും ചെയ്യുമെങ്കിൽ അതിനുള്ള ഏർപ്പാടു ചെയ്തു കൊടുക്കണം. ജോലി ചെയ്തില്ലെങ്കിൽ ഒന്നും കൊടുക്കരുത്. കൊള്ളരുതാത്തവളോട് ദയ കാണിക്കുന്നത് മനുഷ്യത്വമാവില്ല....."

വൈകുന്നേരം സജ്ജൻ തായിയുടെ വീട്ടിലേക്കു പോയി. ബംഗ്ലാവിനുള്ളിൽ സ്ത്രീകൾക്കായുള്ള ഏർപ്പാടുകളായിരുന്നതിനാൽ വർമയുടെ വീട്ടിന്റെ തളത്തിൽ കസേരയുമിട്ടിരിക്കുകയായിരുന്നു കർണൽ. സജ്ജനും അവിടെ എത്തി. തെരുവിലൂടെ സ്ത്രീകളും കുട്ടികളും ചെറുസംഘങ്ങളായി ശബ്ദമുണ്ടാക്കിക്കൊണ്ടു വന്നുംപോയുമിരുന്നു. മേള വളരെ ഭംഗിയായി നടക്കുന്നുണ്ടെന്നു കർണൽ സജ്ജനെ അറിയിച്ചു. പ്രദർശനത്തിൽ കൈകൊണ്ടു തുന്നിയ കമ്പളങ്ങളും, വിരിപ്പുകളും, തലയണ ഉറകളും, ഉറുമാലുകളും മറ്റും ധാരാളം വില്ക്കപ്പെടുന്നുമുണ്ട്. ചായ,മുറുക്കാൻ, പഴങ്ങൾ, കടല-കപ്പലണ്ടി തുടങ്ങിയവ വില്ക്കുന്ന ചെറിയ കടകളും സ്ത്രീകൾ തുറന്നിട്ടുണ്ട്. വളരെയേറെ സ്ത്രീകളുടെ ഹീറോയിൻ ആയി മാറിയിരിക്കുകയാണ് കന്യ. എച്ചിലിലയും മറ്റു ചപ്പും ചവറും നീക്കം ചെയ്യാനായിത്തന്നെ പത്തു പെൺകുട്ടികളെ ഏർപ്പെടുത്തിയിരുന്നു. അടഞ്ഞ ഒരു സ്ഥലത്ത് ഇത്രയും ജനക്കൂട്ടം-നിയന്ത്രണമില്ലാത്ത കൂട്ടം- ഉണ്ടായിരുന്നിട്ടുകൂടി ബംഗ്ലാവിലും പരിസരത്തുമെങ്ങും അഴുക്കിന്റെ പൊടി പോലും കാണാനില്ല. പെൺകുട്ടികളുടെ നൃത്തവും, പാട്ടും, ചെറുനാടകങ്ങൾ തുടങ്ങിയ പരിപാടികളും നല്ലവണ്ണം നടക്കുന്നുണ്ട്. പ്രദർശനത്തിൽ സാധനങ്ങൾ വിറ്റഴിയുന്നത് പലർക്കും ഉത്തേജനം നല്കിയിട്ടുണ്ട്. ആമിനാബാദിലും ഇതുപോലൊരു പ്രദർശനമേള ഉടൻ തന്നെ ഏർപ്പാടു ചെയ്യുന്നതാണെന്ന് കർണൽ ആവേശത്തോടുകൂടി സജ്ജനോടു പറഞ്ഞു. അടച്ചു പൂട്ടി ജീവിതം കഴിക്കാൻ നിർബന്ധിതരായ സ്ത്രീകൾക്ക് ഇത്തരത്തിലുള്ള മേളകൾ വളരെയേറെ സന്തോഷം നൽകും. പുതിയൊരുണർവ് അവർക്കുണ്ടാകും. സജ്ജൻ അതെല്ലാം സന്തോഷത്തോടെ

കേട്ടു കൊണ്ടിരുന്നു.

കന്യയെ വിവാഹം ചെയ്യുന്നതിനെക്കുറിച്ചും അവർ സംസാരിച്ചു. പണ്ഡിറ്റ് ശിവരാമ ശാസ്ത്രിയോട് മുഹൂർത്തം ചോദിച്ചറിഞ്ഞു. ഈ വർഷം തന്നെ വിവാഹം നടത്തിക്കുന്നതാണെന്ന് കർണൽ പറഞ്ഞു.

എട്ടുമണിക്ക് സജ്ജനും കർണലും ബംഗ്ലാവിലേക്കു ചെന്നപ്പോൾ കന്യയെ ക്കണ്ടു. എല്ലാവരുടെയും ജീവിതം മാറിയിരിക്കുന്നു. സേഠ് രൂപരത്തന്റെ വീട്ടിൽ കർണൽ, സജ്ജൻ, ബാബു സാലിഗ്രാം, ഒരു മന്ത്രി എന്നിവർ കൂടിയിട്ടുണ്ട്. സേഠ് രൂപരത്തൻ ഇത്തവണ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നില്ല. സ്വന്തം ബിസിനസ് വിപുലപ്പെടുത്താനായി ഈ വർഷം അമേരിക്കയിൽ പോയി ചില പുതിയ മെഷീനുകൾക്ക് ഏജൻസിയെടുക്കാനാണദ്ദേഹത്തിന്റെ ഉദ്ദേശ്യം. അതുകൊണ്ട് ഒഴിഞ്ഞു നിൽക്കുകയാണ്.

ബഹുമാനപ്പെട്ട മന്ത്രിപറഞ്ഞു: "കർണൽ, നിങ്ങളൊക്കെ ഇങ്ങനെ ചെയ്യുമെന്നു പ്രതീക്ഷിച്ചില്ല."

രൂപരത്തൻ: "ഈ തെരഞ്ഞെടുപ്പ് നാലുദിവസത്തെ കാര്യമാണ്. നാം തമ്മിലുള്ള അന്യോന്യബന്ധമെങ്കിലും ഓർമ്മിച്ചുകൂടായിരുന്നോ?"

"ഞങ്ങൾ ഞങ്ങളുടെ ഭാഗത്തു നിന്ന് എതിർപ്പൊന്നുമുണ്ടാക്കിയില്ല. എന്നാൽ ഞങ്ങളോട് ആവശ്യമില്ലാതെ എതിരിടാൻ ആരെങ്കിലും വന്നാൽ. പിന്നെ......"

"നിങ്ങളല്ലേ ആദ്യം എതിർപ്പു തുടങ്ങിയത്. വിമാനം പറത്തിയത്." ബാബു സാലിഗ്രാം പറഞ്ഞു.

"ഒരനീതിക്കെതിരായി ഞങ്ങൾ ശബ്ദം ഉയർത്തിയതാണ്."

രൂപരത്തൻ: "ഞങ്ങളൊക്കെ ഇവിടില്ലായിരുന്നോ? നിങ്ങളോ, സജ്ജനോ, മഹിപാലോ ആരെങ്കിലും വന്ന് എന്നോട് പറഞ്ഞിരുന്നെങ്കിൽ ഞാനെല്ലാം ശരിയാക്കില്ലായിരുന്നോ?"

"കൊള്ളാം, എല്ലാം പറഞ്ഞു തരേണ്ട കാര്യങ്ങളാണോ? ഞാനിതാ ഖണ്ഡിതമായിപ്പറയുകയാണ്, സാലിഗ്രാം തെരഞ്ഞെടുപ്പ് അടവിനായി ഒരു സ്ത്രീയെ കൊലപ്പെടുത്തിയിട്ടുണ്ടെന്ന്."

പ്ളാസ്റ്ററിട്ടകാലിൽ തലോടിക്കൊണ്ട് പറഞ്ഞു "എനിക്കിതിൽ യാതൊരു കൈയുമില്ല, പൊലീസ്–"

"അതിരിക്കട്ടെ, ഈ തലതിരിഞ്ഞ രാമായണം എന്നെ പഠിപ്പിക്കാൻ നോക്കേണ്ട. നിങ്ങളുടെയൊക്കെ സഹവാസം കൊണ്ടു ഞാനും ഇതൊക്കെ കുറെ പഠിച്ചതാണ്."

"അതൊക്കെ പോകട്ടെ . നടന്നതൊക്കെ മറക്കൂ." മന്ത്രി അണ്ടിപ്പരിപ്പ് വായിലിട്ടുകൊണ്ട് പറഞ്ഞു. "ഒരു കാര്യം നിങ്ങളെല്ലാം ഓർക്കണം. കോൺഗ്രസ് നല്ലതായാലും ശരി ചീത്തയായാലും ശരി, രാജ്യം ഭരിക്കുന്ന ഏകകക്ഷി അതാണ്. ഈ സമയത്ത് കോൺഗ്രസ്സിനു ദോഷം വരുത്തുന്നത് രാജ്യത്തിനെതിരെയുള്ള വഞ്ചനയായിരിക്കും."

"അതുപോലെ എനിക്കും പറയാനുണ്ട്. സ്ത്രീകളോട് അനീതികാട്ടുന്നത് മനുഷ്യത്വത്തോടുള്ള ഘോരവഞ്ചന ആയിരിക്കും." കന്യ പറഞ്ഞു.

"നിങ്ങൾ ഒരു പക്ഷേ കമ്യൂണിസ്റ്റ് പാർട്ടി–"

"പാർട്ടിയുടെ അടിസ്ഥാനത്തിൽ കാര്യങ്ങൾ കാണുന്നതെന്തിന്? എന്റെ

ചേട്ടത്തി ഒരു പാർട്ടിയിലും പെട്ടവരായിരുന്നില്ല. പിന്നെ എന്റെ അച്ഛനും ഒരിക്കലും കോൺഗ്രസ്സിനെ അനുകൂലിച്ചിരുന്നില്ല. എന്റെ വീട്ടിൽ ഇപ്റ്റ (ഐ.പി.റ്റി.എ)യുടെ റിഹേഴ്സൽ നടന്നില്ലായിരുന്നെങ്കിൽ, അച്ഛനെ ഈ അപരാധത്തിൽ നിന്ന് രക്ഷിക്കാൻ നിങ്ങൾക്കും താല്പര്യം തോന്നില്ലായിരുന്നു."

"ഓ. അതു പോകട്ടെ. കഴിഞ്ഞതിനെക്കുറിച്ചിനി പറഞ്ഞിട്ടെന്തു ഫലം?"

"ഫലമില്ലാത്തതെന്ത്. എല്ലാത്തിന്റെയും തുടക്കം അതിൽനിന്നല്ലേ?"

"നിങ്ങളും പക്കാ കമ്യൂണിസ്റ്റായിരിക്കുകയാണല്ലോ കർണൽ-"

"ആ പദം എന്തോ തെറിയാണെന്നമാതിരിയാണല്ലോ നിങ്ങൾ പറയുന്നത്." രൂപരത്തന്റെ വാക്കുകൾ തടഞ്ഞുകൊണ്ട് സജ്ജൻ പറഞ്ഞു.

"അതു പോട്ടെ" മന്ത്രി ചിരിച്ചിട്ടു പറഞ്ഞു. "നമ്മുടെ സജ്ജൻ സാഹിബ്, പടം വരച്ച്, ആരോ വരച്ച പടമായി മാറിപ്പോയെന്നു തോന്നുന്നു." മന്ത്രിയുടെ ഈ തമാശകേട്ട് രൂപരത്തനും സാലിഗ്രാമും പൊട്ടിച്ചിരിച്ചു.

ചിരിയിൽ പങ്കു ചേർന്നിട്ടു മന്ത്രി കന്യയോടായി പറഞ്ഞു "വനകന്യാജീ ഞാൻ നിങ്ങളെയും നിങ്ങളുടെ പാർട്ടിയെയും അനുമോദിക്കുന്നു. കാരണം ഞങ്ങളുടെ ഈ പഴയ സുഹൃത്തുക്കളെ നിങ്ങൾ എത്ര പെട്ടെന്നാണ് വശത്താക്കിക്കളഞ്ഞത്." കന്യ തിരിച്ചടിച്ചു "അനുമോദിക്കേണ്ടത് താങ്കളെയൊക്കെയാണ്. ആളുകളെ ഇങ്ങനെ വശത്താക്കാനുള്ള അവസരം ഉണ്ടാക്കുന്നതിന്. പിന്നെ ഒന്നുപറഞ്ഞേക്കാം, ഞാൻ കമ്യൂണിസ്റ്റുപാർട്ടിയിൽ അംഗമല്ല. ഇവരെ വശത്താക്കാൻ പാർട്ടി എന്നെ നിയോഗിച്ചിട്ടുമില്ല." പറഞ്ഞു നിറുത്തുമ്പോൾ അവളുടെ മുഖം ചുവന്നുതുടുത്തു. മന്ത്രി ഗൗരവംപൂണ്ടു. മറ്റുള്ളവർ ആ മുഖത്ത് നോക്കിയിരിക്കുകയാണ്. കർണൽ പെട്ടെന്നു ചിരിച്ചിട്ടു പറഞ്ഞു "ഇനി മറ്റൊരു കാര്യം കേൾക്കണോ?"

"വേണ്ട, ഇതാരെയും കേൾപ്പിക്കാനോ, മറ്റാരെയെങ്കിലും താഴ്ത്തിക്കാണിക്കാനോ വേണ്ടിയല്ല ഞാനിങ്ങനെയൊക്കെപ്പറഞ്ഞത്."

കന്യ തുടർന്നു."എന്നെ പറഞ്ഞത് എനിക്കു പിടിച്ചില്ലെന്നത് ശരിയാണ്..."

കന്യയുടെ വാക്കുകൾക്കു പിന്തുണ നല്കിക്കൊണ്ട് അവളുടെ നേരെ നോക്കിയിട്ടു സജ്ജൻ പറഞ്ഞു. "ശരിക്കെല്ലാം പറഞ്ഞുകൊടുക്കൂ. മന്ത്രിയായാലെന്താ, നമ്മുടെ പഴയ സ്നേഹിതനല്ലേ...."

"ഹ.ഹ.ഹ.." മന്ത്രി മഹാശയൻ ചിരിയോടെ, സജ്ജൻ പറഞ്ഞതിനോട് യോജിച്ചു. സേഠ് രൂപരത്തനും ഈ അവസരം പാഴാക്കിക്കളഞ്ഞില്ല. ചിരിക്കുന്നതിനിടയിൽ വായിൽ നിന്നു സ്നേഹത്തിന്റെ കുമിളകൾ ഉതിർന്നു "അതു പിന്നെ പറയണോ, ഞങ്ങൾ തമ്മിലുള്ള സ്നേഹബന്ധം എത്രയോ കാലത്തെപ്പഴക്കമുള്ളതാണ്. ഞാനും മഹിപാലും തമ്മിൽ. അടുത്തകാലത്തു തന്നെ ഇദ്ദേഹവുമായും സ്നേഹബന്ധത്തിലായി." മന്ത്രി മഹാശയന്റെ സുഹൃത്തിനെ തന്റെ മകനായി കാണാൻ ലാലാജാനകീസരണനും മടിച്ചില്ല. ബാബുസാലിഗ്രാമും ഒന്നുരണ്ടു തമാശപൊട്ടിച്ച്, പാർട്ടിയുടെ മാറ്റു കൂട്ടി. മന്ത്രി ചിരിച്ചുകൊണ്ടു എഴുന്നേറ്റു. എല്ലാവരും അവരവർ ഇരുന്നിരുന്ന കസേരവിട്ടെണീറ്റു. ബാബു സാലിഗ്രാമും, കസേരയുടെ കയ്യിൽ കൈ ഊന്നി എഴുന്നേൽക്കുന്ന ഭാവം കാട്ടി. മന്ത്രി മഹാശയൻ അദ്ദേഹത്തന്റെ നേരെ നോക്കിയിട്ടു പറഞ്ഞു. "സാലിഗ്രാം ഇപ്പോൾ എല്ലാം ശരിയായെന്നു കരുതിക്കൊള്ളൂ. കർണൽ, നിങ്ങളുടെ ആമിനാബസാറിൽ,

കോൺഗ്രസിന്റെ കുറച്ചു പബ്ലിസിറ്റി നടത്തണം. ഇന്നുവൈകുന്നേരം തന്നെ കുറച്ചു പോസ്റ്ററും മറ്റും കൊടുത്തയയ്ക്കാം..."

"ഞാനൊരുകാര്യം പറയട്ടെ... ഇതിനെ പാർട്ടി സ്പിരിറ്റിൽ കാണരുത്..." കന്യ പറഞ്ഞു.

"അതു ശരിയാണ്, ഈ സാംസ്കാരികമേളയെ, പോളിറ്റിക്സിനു വേണ്ടി ഉപയോഗിക്കാൻ പാടില്ല..."

സജ്ജന്റെയും കന്യയുടെയും നേരെ ഒന്നുനോക്കിയിട്ട് മന്ത്രി സജ്ജനോടായി പറഞ്ഞു. "നിങ്ങൾ രണ്ടും അന്യോന്യ പൂരകങ്ങളായിട്ടാണല്ലോ പറയുന്നത്. എന്നാണ് വിവാഹം?"

ലാലാജാനകീസരണനും, അതിനെത്തുടർന്നു രൂപരത്തനും പെട്ടെന്നു പൊട്ടിച്ചിരിച്ചു. മന്ത്രി ഒരു തമാശ പറഞ്ഞതാണെന്ന മട്ടിൽ. തന്റെ വാക്കിലെ തമാശയോർത്ത് മന്ത്രിയും ചിരിച്ചു.

കർണൽ പറഞ്ഞു "അതിനിനി വലിയതാമസമില്ല. അടുത്തുതന്നെ നിങ്ങൾക്കെല്ലാം നഗീൻ ചന്ദിന്റെ ക്ഷണക്കത്ത് കിട്ടും."

"അങ്ങനെയോ, സന്തോഷവർത്തമാനമാണല്ലോ; ഞാൻ നിങ്ങളെ രണ്ടുപേരെയും അനുമോദിക്കുന്നു." മന്ത്രി ചിരിച്ചു കൊണ്ടു സജ്ജന്റെ കൈപിടിച്ചു കുലുക്കിയിട്ടു നടന്നു. അനേക ദിവസങ്ങളായി മുറുകിനിന്നിരുന്ന അന്തരീക്ഷത്തിനൊരയവുവന്നു.

34

വർമ്മയുടെ വീട്ടിന്റെ വരാന്തയിൽ നീണ്ട ഒരു ബഞ്ചും രണ്ടുകസേരയുമിട്ട്, വർമ്മ, ശങ്കർലാൽ, സജ്ജൻ, കർണൽ, മഹിപാൽ എന്നിവർ ഇരിക്കുകയാണ്. മഹിപാൽ ഇന്നു രാവിലെയാണ് മാതൃകുടുംബത്തിൽ നിന്നും മടങ്ങിയെത്തിയത്. വർമ്മയുടെ കുഞ്ഞിന്റെ ഷഷ്ഠിക്കായി നടത്തുന്ന വിരുന്നിൽ സജ്ജന്റെ സുഹൃത്തെന്ന നിലയിൽ കർണൽ ക്ഷണക്കത്തയച്ചതനുസരിച്ചാണയാൾ എത്തിയത്. ആഹാരം കഴിഞ്ഞ് എല്ലാവരും വട്ടമിട്ടിരിക്കുകയാണ്. ബ്രാഹ്മണഭോജനം കഴിഞ്ഞ്, സ്ത്രീകളുടെ സദ്യ നടക്കുന്നു. അകത്തുനിന്ന് ഡോലക് നാദത്തിനൊപ്പം നാടൻ പാട്ടിന്റെ ഈരടികൾ കേൾക്കാം.

"മനസ്സിനിതുപോലില്ലൊരു സന്തോഷം..
രാരുമോൻ പോയിതു സഞ്ചാരത്തിന്..
അമ്മായിക്കായി ലോട്ടയും ചിറ്റമ്മക്കായി കിണ്ണവും..
മനസ്സിനെന്തൊരു സന്തോഷം!
എനിക്കായി കുടവും കൊണ്ടുവന്നു..."

തലയിണയിൽ ചാരിയിരുന്ന്, അജന്താറേഡിയോ എൻജിനീയറിംഗ് വർക്സിന്റെ ലറ്റർ പാഡിൽ ഈ വരികൾ എഴുതി എടുത്തു കൊണ്ടിരിക്കുകയാണ് മഹിപാൽ. കർണൽ ചിരിച്ചിട്ടു പറഞ്ഞു. "മോനേ, ഈ സാഹിത്യമെഴുത്തുനിറുത്തിയിട്ട്, വല്ല നാടോടിപ്പാട്ടുമെഴുത്." മഹിപാൽ മറുപടി ഒന്നും പറഞ്ഞില്ല. സജ്ജൻ തമാശയായിപ്പറഞ്ഞു. "കണ്ടോ കർണൽ, നിങ്ങൾ പറഞ്ഞ

തിന് ഒരു മറുപടി പോലും പറയുന്നില്ല..."

"എന്തു മറുപടി പറയാൻ, ഇവന്റെ സ്വഭാവം തന്നെ അങ്ങനെയാണ്. ഒന്നര രൂപാ മുടക്കിയാണ് ഒരു കമ്പി അടിച്ചത്. മല്ലിടേണ്ടി വരുന്നെങ്കിൽ മഹിപാൽ കൂടി എത്തിയാൽ ഒരു ബലമാവുമല്ലോ എന്നു ഞാൻ കരുതി. അതിന് ശ്രീമാൻജി ഒരു മറുപടിപോലും അയച്ചില്ല..."

"പിന്നെ, തറവാട്ടിൽ നിന്നു കിട്ടുന്ന മൃഷ്ടാന്നഭക്ഷണവുമുപേക്ഷിച്ച് തന്റെ ലഘുലേഖാസമരത്തിനു വരണോ?"

"പിന്നെ ഇപ്പോൾ വന്നതോ?"

"അത് തായിയുടെ സദ്യഉണ്ണാൻ."

"തായി തന്നെ ക്ഷണിച്ചിട്ടൊന്നുമില്ല, ഞാൻ വെറുതെ ഒരു ക്ഷണമയച്ചപ്പോ ഴേക്കും ശാപ്പാടിനിങ്ങോടി എത്തിയിരിക്കുകയാണ്."

"എടോ ബ്രാഹ്മണനെ ആരെങ്കിലും ക്ഷണിക്കണോ...?

ഓ. ഹാ. എന്തൊരു ഗീതം... നല്ല രസം..."

എല്ലാരും അകത്ത് നിന്നു കേട്ടുതുടങ്ങിയ പുതിയ ഗാനം ശ്രദ്ധിച്ചു.

മഹിപാൽ ആ വരികൾ എഴുതി എടുത്തിട്ട്, അതൊന്നു നീട്ടി ആവർത്തിച്ചു. എല്ലാവരും ചിരിച്ചു പോയി. കർണൽ ചിരിച്ചില്ല. ചെറിയ കോപം നടിച്ചിട്ടു പറഞ്ഞു. "ശരി മതിയാക്കൂ തന്റെ ഈ തട്ടിപ്പ്. ഒരു തൊഴിലുമില്ലാതെ ഇരിക്കുക യാണ്." കർണൽ മഹിപാലിന്റെ കൈയിലിരുന്ന കടലാസ് വലിച്ചെടുക്കാൻ ശ്രമിച്ചു. മഹിപാൽ പരിഭ്രമത്തോടെ പറഞ്ഞു. "ഇതെന്താചെയ്യുന്നത്. എനിക്കീ കടലാസ് ആവശ്യമുണ്ട്."

സജ്ജൻ അപ്പോൾ പറഞ്ഞു. "എന്തുപറഞ്ഞാലും ശരി തായി ഒരു വിചിത്ര മായ കാരക്ടർ തന്നെ."

"കൊള്ളാം. എന്തു പറയാൻ? ഈ കുഞ്ഞുണ്ടായതു മുതൽ തായി ഞങ്ങളെ വല്ലാത്ത ബുദ്ധിമുട്ടിലാക്കിയിരിക്കുകയാണ്. നന്ദി പറയാനും വയ്യ പറയാതിരി ക്കാനും വയ്യ. ആകെ ശ്വാസം മുട്ടുന്നു." "ഉം. എന്താ കാര്യം?" കർണൽ കൗതു കത്തോടെ ചോദിച്ചു. വർമ്മ ചിരിച്ചു കൊണ്ടു പറഞ്ഞു. "വന്ന ഇടയ്ക്ക് എന്നെയും എന്റെ വൈഫിനെയും ധർമ്മം കെട്ടവരെന്നും നീചരെന്നും മ്ലേഛരെ ന്നുമൊക്കെയാണ് വിളിച്ചിരുന്നത്. ഞങ്ങളെ വെറും തുച്ഛരായി കണക്കാക്കി. ഇ പ്പോഴിതാ ഈ കുഞ്ഞിനെ ചൊല്ലി ജീവൻ കളയുന്നു. അതിന്റെ സർവമേൽനോ ട്ടവും ഉത്തരവാദിത്വവും തായി സ്വയം ഏറ്റിരിക്കുകയാണ്. പല വിധത്തിലുള്ള പലഹാരങ്ങളും, ബദാം, നെയ്യ് തുടങ്ങി പലതും സംഭരിച്ചു വച്ചിരിക്കുന്നു. എന്റെ ഭാര്യയോടു പറയുകയാണ് ഇതെല്ലാം നിന്നെ തീറ്റുന്നത് എന്റെ കുഞ്ഞിന് ധാരാളം പാലു കിട്ടാൻ വേണ്ടിയാണെന്ന്."

എല്ലാവരും പൊട്ടിച്ചിരിച്ചു. അകത്തു നാടൻപാട്ട് ഢോലക്കിന്റെ അകമ്പടി യോടെ മുഴങ്ങുകയാണ്.

"എന്റെ അലങ്കാരം കണ്ട് കുഞ്ഞു പേടിച്ചൂ... പേടിച്ചെടീ..."

തായിയുടെ വീട്ടിലെല്ലായിടത്തും ഇന്നാകെയൊരു ബഹളം. താരയുടെ അടു ക്കളയുടെ വരാന്തയിൽ വലിയ അടുപ്പുകൂട്ടി, പലഹാരമുണ്ടാക്കുന്നവൻ തിര ക്കിട്ട പണിയിലാണ്. മറ്റേ തളത്തിൽ ഢോലക്കിന്റെ മുഴക്കം. തായിയുടെ വീടു നിറയെ പെണ്ണുങ്ങൾ. ഗോകുലദ്വാര ക്ഷേത്രത്തിലെ പൂജാരിണിയും കലവറക്കാ

രിയുമെല്ലാം അവിടെ ഇരുന്ന് സംസാരിക്കുകയാണ്. സ്ത്രീകൾ വലിയ താലങ്ങളിൽ പലഹാരങ്ങളുമായി പുരുഷന്മാരിരിക്കുന്ന മാളികയുടെ മുകളിലത്തെ മുറിയിലേക്കു വരികയും പോകുകയും ചെയ്യുന്നു. ബ്രാഹ്മണഭോജനവും അതിഥികളായ പുരുഷന്മാർക്കുള്ള സദ്യയും കഴിഞ്ഞു. നൂറ്റിഒന്ന് ബ്രാഹ്മണർക്കാണ് തായി ഭോജനം നല്കിയത്. ബന്ധത്തിലും അയലത്തും സുഹൃദ്വലയത്തിലും പെട്ട സകലരെയും തായി ക്ഷണിച്ചിരുന്നു. സപത്നിയുടെ വീട്ടിലും ക്ഷണം അയച്ചിരുന്നു. എല്ലാവരും അതിനെക്കുറിച്ച് ആശ്ചര്യത്തോടെ സംസാരിക്കുകയാണ്. നന്ദോ പിണങ്ങിയിരിക്കുകയാണ്. എങ്കിലും അവളും വന്ന്, ഒരു മൂലയിലിരുന്ന് തായിയുടെ ദൂഷ്യങ്ങൾ മറ്റു സ്ത്രീകളോട് പറയുകയാണ്.

ഇളയവളും (സ്വരൂപ്) കന്യയും താരയുടെ മുറിയിലായിരുന്നു. താരയുടെ അടുത്ത് ഇത്രയും സമയമിരുന്നു സംസാരിക്കാൻ കന്യക്കിന്നാദ്യമാണവസരം കിട്ടിയത്. ഇളയവളെ അവളിന്നാദ്യമായാണ് കാണുന്നതും. അപ്പോൾ മോഹിനിയെക്കുറിച്ചും പരാമർശം ഉണ്ടായി. ഇളയവളും താരയും മോഹിനിയെക്കുറിച്ചോർത്ത് വളരെക്കരഞ്ഞു. ഇന്നവളിവിടെയുണ്ടായിരുന്നെങ്കിൽ എന്തുരസമായിരുന്നേനെ! മൂത്തവളുടെ (മോഹിനി) മുഴുവൻകഥയും കന്യയ്ക്കിന്നാണ് മനസ്സിലായത്. വിരഹേശന്റെ വീട്ടിൽ മോഹിനിയെക്കാണാൻ ശങ്കർലാൽ പോയിരുന്നുവെന്ന് ഇളയവൾ (സ്വരൂപ) അറിയിച്ചു. മോഹിനി ദുഃഖിതയാണത്രെ. രണ്ടുമിനിട്ട് സംസാരിക്കാൻപോലും വിരഹേശൻ സമ്മതിച്ചില്ല. പണ്ടൊക്കെ വലിയ ചങ്ങാതിയെന്നും പറഞ്ഞു നടന്നതാണ്. ഇപ്പോഴിതാ നേരേ സംസാരിക്കുന്നുപോലുമില്ല. അതുമല്ല, മേലിൽ മോഹിനിയെക്കാണാൻ ചെല്ലരുതെന്നും തടഞ്ഞിരിക്കുകയാണ്. വിരഹേശന്റെ വീട്ടിലെക്കാര്യങ്ങൾ വളരെ മോശമാണെന്ന് ശങ്കർലാൽ പറഞ്ഞത്രെ. ഒരുമുറിയേയുള്ളൂ. വലിയമുറിയാണ്. എങ്കിലും വളരെ പഴയത്. മുറിയുടെ നടുക്ക് ഒരു ചരടുകെട്ടി അതിൽ കർട്ടനിട്ടിരിക്കുകയാണ്. അതും മുഴുവനും മറച്ചിട്ടില്ല. ശങ്കർലാൽ അവിടെ ചെല്ലുമ്പോൾ വിരഹേശൻ, ഒന്നു രണ്ടു തെമ്മാടികളുമായിരുന്ന് കള്ളുകുടിക്കുകയും തെറിപറഞ്ഞ് രസിക്കുകയുമാണ്. ഈ കഥയെല്ലാം കേട്ട കന്യ ക്ഷുഭിതയായി. സ്ത്രീയായി ജനിക്കുക ഇന്നത്തെ സാമൂഹ്യസ്ഥിതിയിൽ ഒരു ശാപമാണ്. മോഹിനിയുടെ അന്ത്യം സ്പഷ്ടമായി കാണുകയാണ്. ഒരു ദിവസം ഉരുകിയുരുകി മരിക്കും. സ്വർഗസ്ഥയായ തന്റെ ചേട്ടത്തിയെക്കുറിച്ചോർത്ത് അവൾക്ക് മോഹിനിയോടലിവ് തോന്നി. 'സ്ത്രീയും പുരുഷനും സാധാരണയായി അന്യോന്യം മാനിക്കാറില്ല. സാമ്പത്തികമായി സ്ത്രീകൾ പലപ്പോഴും പുരുഷന്റെ അടിമകളാണ്. അവളുടെ വ്യക്തിത്വംപോലും സ്വതന്ത്രമല്ല. ഇന്നാട്ടിലെ സ്ത്രീകൾ എന്നെന്നും ഈ ദുഃഖഭാരം സഹിച്ചു കഴിഞ്ഞു പോന്നു. സീതയ്ക്കും ദ്രൗപദിക്കുമെല്ലാം ഈ ദുഃഖം സഹിക്കേണ്ടിവന്നിട്ടുണ്ട്'. മൂന്നോനാലോ സ്ത്രീകൾ ഡോലക്കും കൊട്ടി മതിമറന്നു പാടുകയാണ്. അവരുടെ സ്വരം വടക്കും തെക്കും ദിശകളിലേക്കു പായുന്നു. താഴെയും മുകളിലുമായി നാലു പൊട്ടിയ പല്ലുകളും മുറുക്കാൻകറ പിടിച്ച് കറുത്ത ശേഷിച്ച പല്ലുകളും മോണയും കാണത്തക്കവണ്ണം വാ തുറന്നുവച്ച് ഒരുതരം കുഴലിൽനിന്ന് പുറപ്പെടുന്ന പരുപരുത്ത ശബ്ദത്തിൽ സംഗീതക്കസർത്തു നടത്തുകയാണ്, സുറുമയെഴുതിയ കണ്ണുകളും സ്വർണവർണമുള്ളവളും അമ്പത്തഞ്ചു വയസ്സുകാരിയുമായ 'സുന്ദരി'. സ്വയം മറന്നുപാടുന്ന അവൾ

കൂടെ പാടുന്ന തന്നെക്കാളും പ്രായംകുറഞ്ഞ ശർബതിയെക്കാൾ നാലുകട്ട ഉച്ചത്തിൽ സ്വരാലാപനം നടത്താനാണ് ശ്രമിക്കുന്നത്. ശരിക്കുപറഞ്ഞാൽ ഇപ്പോൾ ശർബതിയുടെ സമയമാണ്. പണക്കാരനും ഒറ്റക്കണ്ണനുമായ ഒരു കടലക്കടക്കാരന്റെ ഏഴാമത്തെ കെട്ടിയവളാണിപ്പോൾ ശർബതി. ഭർത്താവിനെ അവൾ ചൊല്പടിക്കു നിറുത്തിയിരിക്കുകയാണ്. ജാരന്മാർ ഒളിച്ചും പാത്തുമൊന്നുമല്ല, നേരേയാണ് അവളുടെ വീട്ടിൽവരുന്നത്. ശരീരം മുഴുവൻ ആഭരണങ്ങൾകൊണ്ട് മൂടിയിട്ടുണ്ട്. കൊട്ടാനും പാടാനും വലിയ താല്പര്യമാണ്. വലിയ വീടുകളിൽ അതിനൊക്കെ പോകും. പണ്ടു പേരെടുത്തവളായ സുന്ദരിക്ക് ഇവളോടസൂയയാണ്. ഗിഞ്ചറ കൊട്ടിക്കൊണ്ടിരുന്ന കിസനസിംഹന്റെ വധുവിന്റെ അത്തിപ്പഴം പോലുള്ള കവിൾത്തടം മുറുക്കാന്റെ ഭാരം കൊണ്ട് കുറച്ചുകൂടി ഞാന്നുകിടപ്പുണ്ട്. അവൾ പീഠത്തിലിരുന്ന്, സുന്ദരിയും ശർബതിയും തമ്മിലുള്ള വാശിയേറിയ മത്സരം പുഞ്ചിരിയോടെ നോക്കിയിരിക്കുകയാണ്. കിസന സിംഹന്റെ വധുവിനെ കൂട്ടുകാർ നാരദനെന്ന ഓമനപ്പേരിലാണ് വിളിക്കുന്നത്. തമ്മിൽ തമ്മിൽ വഴക്കുണ്ടാക്കാൻ മിടുക്കി, പക്ഷേ ആരും അവളോടുപിണങ്ങില്ല. കിസന സിംഹന്റെ വധു ഇന്നാട്ടിലെത്തിയിട്ട് പത്തുനാല്പതുവർഷമായി. അതിൽ ഒന്നോ രണ്ടോ കൊല്ലം കുറച്ചുള്ള കാലമത്രയും വിധവയായിട്ടാണ് കഴിഞ്ഞത്. അവൾ പ്രസിദ്ധനായ ഒരു പണ്ഡിത്ജിയുമായി പണ്ടേ അടുപ്പമാണെന്ന് ചില കിംവദന്തികൾ ഉണ്ട്. ക്ഷത്രിയരുടെയും അഗർവാൾമാരുടെയും ആചാരമുറകളും അനുഷ്ഠാനങ്ങളുമെല്ലാം അവൾക്കുനല്ല പരിചയമാണ്. മരുന്നുകളും ഒറ്റമൂലികളും, ജപിച്ചുകെട്ടൽ, മന്ത്രവാദം, ക്ഷുദ്രം തുടങ്ങിയ കർമ്മങ്ങളും ചെയ്യുന്നതിൽ വലിയ പിടിയുള്ളവളാണ്. എല്ലായിടത്തും അവൾക്കു സ്ഥാനമുണ്ട്. ഉപദേശങ്ങൾ നല്കാൻ മിടുക്കി. മധുരമായി സംസാരിക്കും. തമാശപറയാൻ കുശല. ഗോകുലദ്വാരത്തിലെ 'ഭിത്തരിയാ'യും അവിടിരുപ്പുണ്ടായിരുന്നു. താടിയും കുടവയറും കുലുക്കി കൈ രണ്ടും നീട്ടിയിട്ട് അവർ രണ്ടു പാട്ടുകാരികളോടുമായിപ്പറഞ്ഞു. "നാശങ്ങൾ, നിനക്കൊന്നും പാടാനറിഞ്ഞുകൂടാ... എന്റെ ചെറുപ്പത്തിൽ ഞാനും പാടിയിരുന്നതാണ്. രാസമണ്ഡപത്തിൽ ശ്രീകൃഷ്ണന്റെ വേഷവും ഇട്ടിട്ടുണ്ട്....."

"പിന്നെന്ത്, ഇപ്പോഴും വേഷമിട്ടോ, ചെറ്റ, എന്റെ പാട്ടിന്റെ കുറ്റം കണ്ടുപിടിക്കാൻ വന്നിരിക്കുന്നു..."

ഭിത്തരിയ, 'സുന്ദരി'യെപ്പോലെ ശർബതിയുടെ സ്വർണവും വെള്ളിയും കൊണ്ടലങ്കരിച്ച യുവശരീരത്തെ വകവച്ചുകൊടുക്കുന്നവളല്ല. "കുറ്റം കണ്ടുപിടിക്കുമെടീ തേവിടിശ്ശീ, നിന്റെ ശബ്ദം തീവണ്ടിയുടെ ചൂളം വിളി പോലെയാണ്.... " ചുറ്റുമിരുന്നപെണ്ണുങ്ങൾ ചിരിച്ചു. ശർബതി കോപം കൊണ്ടു ചുവന്നു. കിസന സിംഹന്റെ വധുപറഞ്ഞു. "അങ്ങനെ പറയല്ലേ ഭിത്തരിയമ്മേ, ഇവരുടെ ഇഷ്ടക്കാർ പോരിനുവരും..."

"എനിക്കിവളെയും ഇവളുടെ ഇഷ്ടക്കാരെയും പുല്ലാണ്. ഇവൾക്കു നല്ല പാട്ടുമറിഞ്ഞുകൂടാ, പാടാനുമറിഞ്ഞുകൂടാ..."

"അതുകൊള്ളാം, ലോകം മുഴുവൻ ശർബതിയുടെ പാട്ടിനാണ് പേര്. ഇവിടെ ഭിത്തരിയ പറയുകയാണ് അവൾക്കു പാടാനറിഞ്ഞുകൂടെന്ന്..." കിസനസിംഹന്റെ വധു തീയിൽ എണ്ണ ഒഴിച്ചു.

ശർബതിയെ അപമാനിക്കുന്നതു കേട്ടപ്പോൾ സുന്ദരിക്കു സ്വർഗം കിട്ടിയ

സന്തോഷം. ഭിത്തരിയയെ പ്രോത്സാഹിപ്പിക്കാനായി പറഞ്ഞു.

"ഈ ഭിത്തരിയ ചേട്ടത്തി വലിയ മിടുക്കിയാണ്. ഗോകുലദ്വാരനടയിൽ ഇവർ പാടുന്നത് ഞാൻ കേട്ടിട്ടുണ്ട്."

"അവിടെ വെറും ഭജനയല്ലേ പാടുന്നത്..ങാ ആ ഡോലക്കിങ്ങുതാ," എന്നു പറഞ്ഞു കൊണ്ട് കുടം പോലുള്ള തന്റെ വയറും തുള്ളിച്ച് അവൾ ചാടി എണീറ്റ് ശർബതിയുടെ കയ്യിലിരുന്ന ഡോലക്ക് പിടിച്ചു വാങ്ങിയിട്ട് "ഇതാ ഇങ്ങനെവേണം ഡോലക്ക് മുഴക്കാൻ. പിന്നെ പാട്ട് അതുപോലെ പാടണം. ശരി സുന്ദരി ആ സ്വരമിട്. പാരിൽ ജനിച്ചാൽ..."

ഭിത്തരിയയുടെ കൈ സത്യത്തിൽ പാടവമുള്ളതായിരുന്നു. ഡോലക് ഇമ്പമായി മുഴങ്ങി. താളത്തിന് പുതിയൊരു മേളം വന്നു. സുന്ദരിയുടെ പരുക്കനായി മാറിയ തൊണ്ട പാടാനൊരുങ്ങി. പാട്ടിന്റെ വരികൾ ഭിത്തരിയയ്ക്കു കുറെയൊക്കെ അറിയാം. അവളാദ്യം മൂളിക്കൊടുത്തു. സദസ്യരതേറ്റു പാടിത്തുടങ്ങി.

"പാരിൽ ജനിച്ചത് സുഖവും ദു:ഖവും പേറാൻ
എനിക്കു തോട്ടത്തിൽ ചുറ്റിക്കറങ്ങാൻ മോഹം
എന്നെ ഒന്നുകറങ്ങാൻ കൊണ്ടു പോകൂ നാഥാ,
കുളങ്ങളും കായലും ചുറ്റിക്കാണാൻ മോഹം
വസ്ത്രമലക്കാനെങ്കിലും എന്നെ അവിടൊന്നു കൊണ്ടുപോകൂ."

പുറത്തിരുന്ന മഹിപാൽ പെട്ടെന്ന് പൊട്ടിച്ചിരിച്ചു. മുറിയിലിരുന്നവരെല്ലാം ഞെട്ടിപ്പോയി, ശങ്കർലാലും വർമ്മയും അഭ്യർഥിച്ചതനുസരിച്ച്, സജ്ജൻ തന്റെ മഥുരയാത്ര വിവരിച്ചു കൊണ്ടിരിക്കുകയായിരുന്നു. ആ സംഭാഷണത്തിനിടയ്ക്ക്, മഹിപാലിന്റെ ചിരി അവിചാരിതമായിട്ടാണ് ഉണ്ടായത്. സന്ദർഭത്തിനു നിരക്കാത്ത ഒന്നായിരുന്നു അത്.

"എന്താടോ വല്ല ഇന്റലക്ചൽ സിദ്ധിയും കിട്ടിയോ?" കർണൽ അല്പമൊരു നീരസത്തോടെ ചോദിച്ചു. സജ്ജന്റെ സംസാരത്തിൽ അയാളും രസിച്ചിരിക്കുകയായിരുന്നു. മഹിപാൽ ഉള്ളങ്കാൽ തലോടിക്കൊണ്ടു പറഞ്ഞു.

"ഈ പാട്ട് തീർച്ചയായും ഏതോ വീട്ടുകാരി എഴുതിയതാവണം. ഏതോ നാലു ചുവരിനകത്ത് അടച്ചുമൂടി വേലചെയ്തു മടുത്ത യൗവനയുക്തയായ നായിക, ഭാവനയിൽ പ്രിയതമനുമൊത്ത് തടാകങ്ങളും കുളങ്ങളും കാണാനിറങ്ങിത്തിരിച്ചു. ഹണിമൂൺ കാലത്തും അവൾക്കു മറ്റൊന്നും തോന്നിയില്ല. അതുകൊണ്ട് വസ്ത്രമലക്കുന്ന ജോലിയാകട്ടെ എന്നങ്ങു കരുതി, ഹഹഹ... നമ്മുടെ സമൂഹത്തിലെ സ്ത്രീകളുടെ മനസ്സ് ഇതിൽ കാണാം.."

"ദാ പിന്നേ..." വനകന്യ വാതിൽക്കൽ വന്നു നിന്നു. ശബ്ദം കേട്ട് എല്ലാവരും അങ്ങോട്ടു നോക്കി. സജ്ജന്റെ മുഖത്ത് പുതിയൊരു ശോഭ. അയാൾ പെട്ടെന്നെഴുന്നേറ്റു. -

"എന്താ ബിന്നോ, തായിയുടെ കയ്യിൽനിന്ന് ദക്ഷിണകിട്ടിയോ?" കർണൽ ചോദിച്ചു.

"ഇപ്പോഴെവിടെ കിട്ടാൻ ചേട്ടാ. വൈകുന്നേരമല്ലേ പൂജ." എന്നിട്ട് സജ്ജനോട് പതുക്കെ പറഞ്ഞു "ഇവരുടെ കുഞ്ഞിനെന്തെങ്കിലും സമ്മാനം കൊടുക്കണ്ടേ, അപ്പച്ചിയായി വന്നിരിക്കുകയല്ലേ.."

"ഇന്നു കൊടുക്കണോ?"

"കൊടുക്കുന്നെങ്കിൽ ഇന്നു വേണം. താരപറയുന്നതുകേട്ടു ദക്ഷിണയായി തരാൻ വിലകൂടിയ ഒരു ബനാറസ് സാരി വാങ്ങി വച്ചിട്ടുണ്ടെന്ന്.."

"എന്താ കർണൽ, കല്യാണം കഴിയും മുൻപു തന്നെ സായിപ്പും മദാമ്മയും ഇങ്ങനെ കുശുകുശുപ്പും രഹസ്യം പറച്ചിലും വേണോ.." മഹിപാലിന്റെ ചോദ്യം കേട്ട് എല്ലാവരും ചിരിച്ചു. കന്യയുടെ മുഖം ലജ്ജകൊണ്ട് അരുണിമയാർന്നു. സജ്ജൻ ചിരിച്ചിട്ട് മറുപടി നൽകി, "എടോ ചെറുക്കനും പെണ്ണിനും സമ്മതമെങ്കിൽ പിന്നെ പാതിരിക്കെന്തു ചേതം?"

ചിരിവീണ്ടും മുഴങ്ങി, സന്തോഷത്തിന്റെ ഉന്മത്തതയിൽ കന്യ തന്റെ ഭർത്താവാകാനുള്ളവനെ അഭിമാനവും സ്നേഹവും നിഴലിക്കുന്ന നേത്രങ്ങളോടെ നോക്കി, സജ്ജന്റെ ശ്രദ്ധ അവിടെയായിരുന്നില്ല, പക്ഷേ മറ്റു സകലരും അതു കണ്ടു. കർണൽ പുഞ്ചിരിയോടെ മുഖം തിരിച്ചു. മഹിപാലിന്റെ ഹൃദയത്തിൽ അസൂയയും ഈർഷ്യയും തലപൊക്കി.

സജ്ജൻ മൃദു സ്വരത്തിൽ കന്യയോടു ചോദിച്ചു "എന്താണ് വേണ്ടതെന്നു പറഞ്ഞാൽ വാങ്ങിക്കൊണ്ടുവരാം." ആ സമയത്തയാളുടെ ഹൃദയം അഭിമാനവും സന്തോഷവും കൊണ്ട് നിറയുകയായിരുന്നു. ഭർത്താവിന്റെ പാർട്ട് നിറവേറ്റിക്കൊണ്ട് അയാൾ ഭാര്യയോട് ഗൗരവപൂർവം കാര്യങ്ങൾ ചർച്ച ചെയ്യുകയാണ്. പുതിയ ആ അനുഭവം അയാളുടെ ഹൃദയത്തിൽ സന്തുഷ്ടി നിറച്ചു. നിഷ്കളങ്കതയുടെ സൗന്ദര്യം അതാണ്.

ഭർത്താവിനോട് അപേക്ഷിക്കാൻ വന്നതാണെങ്കിലും കന്യയുടെ സങ്കോചം പൂർണമായി വിട്ടുമാറിയിരുന്നില്ല. ശങ്കർലാലിന്റെ ഭാര്യ, കുഞ്ഞിനായി ഒരു തോല വരുന്ന സ്വർണയരഞ്ഞാണവും കൊലുസും വാങ്ങിയിട്ടുണ്ട്. സ്വരൂപിന്റെയും താരയുടെയും സംഭാഷണത്തിൽ 'എന്റെ അദ്ദേഹം...എന്റെയാൾ' എന്നീ പ്രയോഗങ്ങൾ കൊണ്ട് ഉത്തേജനം നേടിയിട്ടാണ് വനകന്യ സജ്ജന്റെയടുക്കൽ തന്റെ അഭ്യർഥനയുമായി എത്തിയതെങ്കിലും അതുപറയാൻ അവൾക്ക് സങ്കോചം. ഇവർ നല്കിയതിലും വില കൂടിയതായിരിക്കണം താൻ നൽകുന്ന സമ്മാനമെന്നവൾ എങ്ങനെ പറയും? കന്യ ഇപ്പോൾ ഒരു ലക്ഷാധിപതിയുടെ പ്രതിശ്രുതവധുവാണ്. സജ്ജൻ അതു പ്രഖ്യാപിച്ചു കഴിഞ്ഞു. കന്യയും സജ്ജനെ വിവാഹം ചെയ്യുമെന്ന ദൃഢനിശ്ചയം എടുത്തു കഴിഞ്ഞിട്ടുണ്ട്. ഒരു സാധാരണ ഇടത്തരം കുടുംബത്തിലെ അഭാവങ്ങളിൽ വളർന്ന, പുരോഗമന ചിന്താഗതിക്കാരിയായ വനകന്യ, പുതിയൊരുല്ലാസത്തോടെ പദവി ഏറ്റെടുക്കാൻ തയ്യാറെടുക്കുകയാണ്. മനസ്സിലെ കാര്യം പറയാനും വയ്യ, പറയാതിരിക്കാനും വയ്യാത്ത ഒരവസ്ഥ. സജ്ജൻ ചോദിച്ചപ്പോൾ അവൾ "എന്തുപറയാൻ ഇവർ എനിക്കായി വിലകൂടിയ സാരി വാങ്ങി വച്ചിരിക്കുന്നു. സ്വരൂപ് കുഞ്ഞിനു വേണ്ടി സ്വർണയരഞ്ഞാണവും മറ്റും കൊണ്ടുവച്ചിട്ടുണ്ട്. അപ്പോൾ അതനുസരിച്ച്.... അല്ലെങ്കിൽ ചേട്ടന്റെ അഭിപ്രായം കൂടിയറിഞ്ഞിട്ട് വേണ്ടതു ചെയ്യണം..."

അതു പറഞ്ഞിട്ട് കന്യ പോയി. വീട്ടിനുള്ളിൽ ഡോലക്കിന്റെ നാദം മുഴങ്ങി കന്യയും സജ്ജനും ഇപ്പോൾ ഗൃഹസ്ഥാശ്രമസുഖത്തിന്റെ മാനസോല്ലാസത്തിൽ മതിമറന്നിരിക്കുകയാണ്. അവർ രണ്ടും സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ വർമ മഹിപാലിനോട് ഈ ഷഷ്ഠിയാഘോഷം എന്താണെന്ന് ചോദിച്ചു. അതിനു മറുപടിയായി മഹിപാൽ പറഞ്ഞു "ഞാനിതിനെക്കുറിച്ചധികം ചിന്തി

ച്ചിട്ടില്ല. കുട്ടി ജനിച്ച് ആറാം ദിവസവും പന്ത്രണ്ടാം ദിവസവും മഹത്വ പൂർണമാണ്. താന്ത്രിക പ്രമാണത്തിൽ ഇതിനെക്കുറിച്ച് വിവരിച്ചിട്ടുണ്ടെന്നു തോന്നുന്നു. ഹിന്ദുക്കളുടെ മതാചാരമനുസരിച്ച്, ഇതിനെ ഷഷ്ഠിദേവിയുടെ പൂജാദിവസമായും കണക്കാക്കാം. 16 മാതൃ സ്ഥാനീയരുണ്ടെന്നാണ് നമ്മുടെയിടയിലുള്ള ധാരണ. അതിൽ ഷഷ്ഠിക്ക്, ആറാമത്തെ സ്ഥാനമാണ്."

സജ്ജൻ ചിന്തിക്കുകയായിരുന്നു. "എന്താണ് കൊണ്ടുവരേണ്ടത്?" പരിത:സ്ഥിതികൾ കാരണം വർമയെപ്പോലുള്ള ഇടത്തരക്കാരുടെ ആചാരാനുഷ്ഠാനങ്ങളിൽ തനിക്കും പങ്കു ചേരേണ്ടി വരുന്നു. അത് നല്ലതല്ലെന്ന് അയാളുടെ ഉള്ളിലുണ്ട്. മധുരവാക്കു പറയുന്നതും നർമഭാഷണവും വേറെ. പക്ഷേ ഇങ്ങനെ ബന്ധം സ്ഥാപിക്കുന്നത് നന്നല്ല. വലിയ ഒരാളിന്റെ ഭാര്യയാകുമെന്ന നിലയിലാണിവർ കന്യയ്ക്ക് വിലകൂടിയ സാരി വാങ്ങി കൊടുത്തിരിക്കുന്നത്. കന്യ സമ്മാനം കൊടുക്കും. അതെന്റെ നിലയ്ക്കു പറ്റിയ തരത്തിലായിരിക്കുകയും ചെയ്യും. വളരെ വില കൂടിയതൊന്നും ആകാൻ പാടില്ല, അല്ലെങ്കിൽ ഇവർ (ഈ ചെറിയവർ) വീണ്ടും ഇതുപോലെ ആവശ്യപ്പെട്ടേക്കും.

മഹിപാൽ പറഞ്ഞുകൊടുക്കുകയാണ് "ആറാംദിവസമാണ് ഭാഗ്യവുമായി ബന്ധപ്പെട്ട ദിവസമെന്നും നമ്മുടെയിടയിൽ ധാരണയുണ്ട്. ഇന്നത്തെ ദിവസമാണ് വിധികർത്താവ്, ചിലരെ രാജാവും ചിലരെ യാചകനുമാക്കുന്നത്. ചിലർ തെമ്മാടികളാവും ചിലർ സാത്വികരും. ചിലർ സാത്വികി സംസ്കാരമുള്ളവരായിരുന്നാലും ഭാഗ്യചക്രത്തിന്റെ തിരിച്ചിലിൽപെട്ട് വലിയ ദുർമാർഗികളായിത്തീരും."

"അങ്ങനെയാണോ?"

"സത്യമാണ്. തലയിലെഴുതിയത് ആർക്കും മാറ്റാൻകഴിയില്ല," കർണൽ പറഞ്ഞു.

"നിങ്ങൾ വിധിയെ മാനിക്കുന്നുണ്ടോ, മഹിപാൽ?"

"അംഗീകരിക്കുന്നില്ലെങ്കിലും മാനിക്കുന്നുണ്ട്."

"വിധിയെ മാനിക്കുന്നെങ്കിൽ കുബേരനും കുചേലനും വിദ്യാസമ്പന്നനും വിദ്യാവിഹീനനും എന്ന ഭേദങ്ങൾ–"

"ഇതിന്റെ ഉത്തരവാദിത്വം, കുബേരൻമാർക്കും മുതലാളിമാർക്കും ആണെന്ന്....."

"അതേ."

"സജ്ജൻ, പുതിയ ചേതനയിൽ നിന്നാണ് പുതിയ അനുഭവം ഉണ്ടാകുന്നത്. അനുഭവം നില നിറുത്താനായി വ്യക്തിക്കോ സമൂഹത്തിനോ ചെയ്യേണ്ടതായും സഹിക്കേണ്ടതായും വരുന്നതാണ് അതിന്റെ വിധി– ആ വിധിയുടെ സാമൂഹ്യമായ ഉത്തരവാദിത്വം." പറഞ്ഞുപോകവേ മഹിപാലിന്റെ സ്വരം ഗൗരവം പൂണ്ടു. "ഒരു ജൻമത്തിൽ ഒരുവൻ ചെയ്തതിന്റെ ഫലം ഈ ജൻമത്തിൽ തന്നെ അനുഭവിക്കണം. ഈ ജന്മത്തിൽ ചെയ്തതിന്റെ ഫലം, എനിക്കീ ജൻമത്തിലോ അടുത്ത ജന്മത്തോ അനുഭവിക്കേണ്ടിവരും. ഞാൻ അതിൽ നിന്ന് രക്ഷപ്പെടില്ല. എനിക്കതിൽ നിന്ന് മോചനമില്ല. തീർച്ചയായുമില്ല." ഗഹനമായ ശബ്ദത്തിൽ അയാൾ നിറുത്തി നിറുത്തി പറഞ്ഞു കൊണ്ടിരുന്നു. മറ്റാരും തന്നെയവിടെയില്ല. ഏകനായിരുന്ന് സ്വയം പറയുകയാണെന്നമട്ടിൽ... ബുദ്ധിയും ശരീരവും തമ്മിലുള്ള ബന്ധം പോലും അയാൾ വിസ്മരിച്ചിരിക്കുകയാണെന്നു തോന്നും.

കഴിഞ്ഞ രണ്ടു ദിവസത്തെ തന്റെ പുതിയ അനുഭവത്തിന്റെ വെളിച്ചത്തിൽ, മഹിപാൽ താൻ ചെയ്ത ഏതോ കർമത്തിൽ പശ്ചാത്തപിക്കുകയാണെന്ന് സജ്ജനു തോന്നി, കാരണമറിയാനയാൾക്കാഗ്രഹം. അപ്പോഴാണ് പുറത്തുള്ള രണ്ടുപേർ–ശങ്കർലാലും വർമയും–അവിടുള്ള കാര്യം ഓർത്തത്. എങ്കിലും എല്ലാവരുടെയും മുന്നിൽ വച്ച് മഹിപാലിന്റെ പശ്ചാത്താപ കാര്യം അറിയാൻ വീണ്ടും ആഗ്രഹമുയർന്നു. എതിരാളിയായ കലാകാരന്റെ നേരേ അയാളുടെ മനസ്സിൽ ഗൂഢമായ ഒരു ഹിംസാമോഹം ഉടലെടുത്തു. സജ്ജൻ ചിരിച്ചിട്ടു ചോദിച്ചു "ഏതു ഗഹനമായ പാപ ചിന്തയാണ് തന്നെ ഇപ്പോൾ വലയ്ക്കുന്നത്?" മഹിപാൽ ഒന്നു ഞെട്ടി. പെട്ടെന്ന് ആരോ തന്നെ അറസ്റ്റു ചെയ്തതു പോലെ സ്വയം നിയന്ത്രിച്ചിട്ട് ചെറുചിരിയോടെ സ്വന്തം സ്വാഭാവിക ശബ്ദത്തിൽ ആധ്യാത്മിക ഭാവത്തിൽ പറഞ്ഞു "എന്നോളം കുടിലനായവൻ ഏതു പാപത്തെക്കുറിച്ചു പറയാൻ."

കാര്യം കുറിക്കു കൊണ്ടു. ചോദിച്ചതിൽ സ്വയം സജ്ജൻ പശ്ചാത്തപിച്ചു. താനെന്താ കുറഞ്ഞ പാപിയാണോ?– ആരെങ്കിലും തന്നോട് തമാശയായി ഇങ്ങനെ ചോദിച്ചാൽ? മാനുഷികമായ ആവേശമുൾക്കൊണ്ടയാൾ പറഞ്ഞു "ഞാനും വലിയ പാപിയാണു സ്നേഹിതാ. നിങ്ങളുടെ സിദ്ധാന്തമനുസരിച്ച് അടുത്ത ജൻമത്തിൽ ഞാനും എന്തൊക്കെ അനുഭവിക്കാൻ കിടക്കുന്നോ?"

"എടോ എല്ലാരും പാപികളാണ്. സകലരും അവരവരുടെ കർമത്തിനൊത്ത് അനുഭവിക്കും". കർണൽ കാര്യം സാമാന്യവൽക്കരിച്ച് അന്തരീക്ഷത്തിന്റെ ഗാംഭീര്യവും ഭാരവും കുറച്ചു.

"ഹലോ" എന്നു പറഞ്ഞു കൊണ്ട് ഡോ. ഷീലാസിംഗ്, കന്യയോടൊപ്പം അകത്തേക്ക് കാൽവച്ചു. മഹിപാലിനെ കണ്ടതോടെ മുഖത്തെ തിളക്കം മങ്ങി. മഹിപാലിന്റെ മുഖം ഒന്നു വിടർന്നിട്ട് വീണ്ടും ഉറഞ്ഞുകൂടി ശിലപോലായി. അയാളൊഴികെ മറ്റെല്ലാവരും എണീറ്റു. പിന്നീട് അയാളും എണീറ്റു.

കന്യ സജ്ജന്റെ നേരേ നോക്കി, പുരികക്കൊടി വളച്ചിട്ട് ചോദിച്ചു "അല്ല ഇതുവരെ പോയില്ലേ?"

"ഇതാ പോവുകയാണ്."

കൺകോണുകൊണ്ട് മഹിപാലിന്റെ നേരേ ഒന്നു നോക്കിയിട്ട് ഉല്ലാസഭാവത്തിൽ ഷീല കന്യയോട് പറഞ്ഞു "ശരിയാണ്. ഈ ദുർജനോട് എപ്പോഴും ഇങ്ങനെ വേണം പെരുമാറാൻ. ഇയാളതർഹിക്കുന്നു."

"അതുപോരാ, ചെരിപ്പുകൊണ്ടടിച്ചോളണം. ഇപ്പോൾ ലോകം നിങ്ങളുടെയല്ലേ?" സജ്ജൻ ചിരിച്ചിട്ട് പറഞ്ഞു.

"എനിക്കതിൽ വിരോധമില്ല. പക്ഷേ എന്റെ ചെരിപ്പ് വില കൂടിയതാണ്. അതുപൊട്ടിപ്പോയെങ്കിലോ എന്നാണ് പേടി. നഷ്ടം എനിക്കായിരിക്കും, ഈ പുരുഷൻമാരുടെ നാണംകെട്ട തൊലിക്ക് ഒരു കേടും വരികയുമില്ല."

പിന്നെ അതിനെക്കുറിച്ചായി അഭിപ്രായങ്ങൾ. മി.വർമ താനിരുന്ന കസേരയിൽ നിന്ന് മാറി നിന്നിട്ട് ഷീലയോട് പറഞ്ഞു "വരണം ഡോക്ടർ ഇവിടെയിരിക്കണം." വരാന്തയിൽ ഒരു നീണ്ട ബെഞ്ചും രണ്ടു കസേരയുമുണ്ടായിരുന്നതിൽ നാലുപേർ ഇരിക്കുന്നുണ്ടായിരുന്നു. രണ്ടു സ്ത്രീകൾ കൂടി എത്തിയതോടെ സ്ഥലം പോരാതായി. അതിനു ക്ഷമാപണം നടത്തുംവണ്ണം വർമ പറഞ്ഞു "എന്തു

പറയാൻ വീട്ടിൽ ഇപ്പോൾ സ്ത്രീകളുടെ ഭരണമാണ്."

"ഞാൻ പോവുകയാണ്" മഹിപാൽ നോട്ടം താഴെയാക്കിക്കൊണ്ടുപറഞ്ഞു.

"എന്തിന്, ഇരിക്കൂ". ഷീലയുടെ ശബ്ദത്തിൽ അഭ്യർഥനയുണ്ടായിരുന്നു. കണ്ണുകൾ യാചിക്കുകയാണ്. ഷീലയുടെ വീട്ടിൽ നിന്ന് കർണൽ, മഹിപാലിനെയും കൊണ്ടു പോയതിനുശേഷം അന്നാണവരാദ്യമായിക്കാണുന്നത്.

മഹിപാലിന്റെ കണ്ണുകൾ ഉയർന്നു. അസഹായതയും ദൈന്യവും നിഴലിക്കുന്ന ദൃഷ്ടിയോടെ അയാൾ ഷീലയെ ഒന്നു നോക്കി. പിന്നെന്തോ അത്യാവശ്യമെന്ന മട്ടിൽ പറഞ്ഞു "അതല്ല എനിക്കിപ്പോൾതന്നെ പോകേണ്ട കാര്യമുണ്ട്."

"നിൽക്കൂ ഞാനും വരുന്നു. കർണൽ, ഒരുകാര്യം പറയട്ടെ" സജ്ജൻ പറഞ്ഞു.

"അല്ല, ഞാൻ വന്ന ഉടനെ എല്ലാവരും പോവുകയാണോ" ചിരിച്ചു കൊണ്ടാണെങ്കിലും ഒട്ടൊരു ദു:ഖസ്വരത്തിൽ ഷീല ചോദിച്ചു.

"ഇല്ല, കർണലിനെ നിങ്ങളുടെ അടുത്തേല്പിച്ചിട്ട് പോകാം. പിന്നെ ഞാനിപ്പോൾതന്നെ മടങ്ങിവരും. ഇപ്പോൾ പഴയ സ്വാതന്ത്ര്യമൊക്കെ പോയി. അടിമയല്ലേ?" കണ്ണിൽ പ്രേമം നിറച്ച് സജ്ജൻ കന്യയെ ഒന്നു നോക്കി.

"ഈ പുരുഷൻമാർക്ക് ഒന്നുകിൽ സ്ത്രീകളുടെ യജമാനനാകണം. അല്ലെങ്കിൽ അവരുടെ അടിമ. അതല്ലാതെ അന്യോന്യം സമഭാവനയെക്കുറിച്ചവർക്കു തിരിച്ചറിവില്ല." അതുപറയുമ്പോൾ കന്യയുടെ കണ്ണിൽ മധുരമായ ഒരു പരാതി-പരാതി കുറവും മാധുര്യം കൂടുതലും-നിഴലിച്ചു. കന്യയുടെ പ്രേമം അതീവ നിർമ്മലവും നിശ്ചലവുമാണെന്ന പഴയ അനുഭവം വീണ്ടും പുതിയതായിത്തന്നെ സജ്ജന് അപ്പോൾ അനുഭവപ്പെട്ടു. താനെത്ര ആഗ്രഹിച്ചിട്ടും അത്രയും ശുദ്ധി തനിക്കു വരാത്തതെന്ത്? താൻ എല്ലാരിലും നിന്ന് സ്വയം അകന്നു നിൽക്കുന്നതെന്ത്? കന്യയുടെ പ്രേമഗംഗയുമായി അയാളുടെ കലുഷമായ സ്നേഹം സംഗമത്തിലായി. താൻ പവിത്രനാവില്ലേ?

ഒന്നിച്ച് റോഡുകളും തെരുവുകളും താണ്ടി പോകുമ്പോഴും സജ്ജനും മഹിപാലും ഒന്നും മിണ്ടിയില്ല. രണ്ടുപേരുടെയും ഹൃദയം ചിന്തകളാൽ മഥിക്കപ്പെടുകയാണ്.

"ഞാൻ നീചനാണ്. കന്യയെപ്പോലെ പവിത്രയായ ഒരു പെണ്ണിന് ഞാൻ അർഹനല്ല. ഞാൻ സ്വയം സമരം ചെയ്യും. ഞാനും പവിത്രത നേടും." കന്യയുടെ പവിത്രതയിൽ താനും സ്വയം വിശുദ്ധനായിത്തീരുമെന്നചിന്ത അയാളുടെ ഹൃദയത്തിൽ നിറഞ്ഞു.

"ഞാൻ തുച്ഛനാണ്. എന്റെ ജീവിതം വ്യർഥമാണ്. വ്യർഥം. ഹേ ശംഭോ!"

ശിവശംഭുവിനെക്കുറിച്ചുള്ള ഓർമയിൽ മഹിപാലിന് കൂടുതൽ തുച്ഛനായി സ്വയം അനുഭവപ്പെട്ടു. ഹൃദയം വ്യർഥതാബോധം കൊണ്ടുനിറഞ്ഞു.

തെരുവിൽ എങ്ങും തെരഞ്ഞെടുപ്പു ചർച്ചകൾ നടക്കുകയാണ്. കോൺഗ്രസ്സ് മുന്നേറുകയാണെന്ന് ചിലർ. അല്ല ജനസംഘിനാണ് നേട്ടമെന്ന് മറ്റുചിലർ. ഉച്ച കഴിഞ്ഞപ്പോഴേക്കും കിസാൻ മസ്ദൂർ പ്രജാ പാർട്ടി സ്ഥാനാർത്ഥികളുടെ നിറം തന്നെ മാറിപ്പോയി. കുതിരസവാരിക്കാരൻ, ഉദയസൂര്യൻ, വഞ്ചി, പുഷ്പം, എഞ്ചിൻ, കലപ്പ, അരിവാൾ തുടങ്ങിയ അടയാളങ്ങളെക്കുറിച്ചൊന്നും ചർച്ചയേ നടക്കുന്നില്ല.

35

ഇടവഴികളും റോഡും കടന്നവർ കവലയിലെത്തി. വൃത്താകാരത്തിലുള്ള നാല്ക്കവല വരുന്നവരും പോകുന്നവരും അവിടെത്തന്നെ നില്ക്കുന്നവരുമായ ജനങ്ങളെക്കൊണ്ട് നിറഞ്ഞിരുന്നു. ലൗഡ്സ്പീക്കറിൽ നിന്നുയരുന്ന ശബ്ദ കോലാഹലം അവിടത്തെ അന്തരീക്ഷത്തിന്റെ ഒരു ഭാഗമായി മാറിയിട്ടുണ്ട്. വിക്ടോറിയാ പാർക്കിന്റെ ഇരുവശത്തുമുള്ള ചായക്കടകളിലെ കസേരകൾ മുഴുവനും ആളുകൾ കയ്യടക്കിയിരിക്കുകയാണ്. വിക്ടോറിയാപാർക്കിൽ പോളിംഗ് നടക്കുകയാണ്. പോലീസുകാരും, ഫയൽ ഇടുക്കിപ്പിടിച്ച സർക്കാരുദ്യോഗസ്ഥരും കാറുകളും, കുതിരവണ്ടികളും, പല്ലക്കുകളും, ജനക്കൂട്ടത്തിനിടയിലൂടെ വരുകയും പോവുകയും അതിന്റെ ഭാഗമായി തീരുകയും ചെയ്യുന്നു.

സജ്ജൻ അന്ന് ഡ്രൈവറെയും കൊണ്ടാണ് വന്നത്. തിക്കിനിടയിൽ അനിഷ്ടസംഭവങ്ങൾ വല്ലതും ഉണ്ടാകുന്നെങ്കിൽ അതിൽ നിന്ന് രക്ഷയ്ക്കായും, ആളില്ലാതെ കാർ ഒരിടത്തു നിറുത്തിയാൽ ആരെങ്കിലും കാര്യമില്ലാതെ ശല്യം ചെയ്തെങ്കിലോ എന്ന ഭയത്താലുമാണ് അയാൾ ഇങ്ങനെ ചെയ്തത്. പക്ഷേ ആളുകളുടെ ശബ്ദകോലാഹലത്തിലും, വാശിയും വീറും നിറഞ്ഞ സംസാരത്തിലും മാത്രമേ തെരഞ്ഞെടുപ്പിന്റെ ബഹളമുള്ളൂ. ബാക്കികാര്യങ്ങൾ എല്ലാം ശാന്തമായി നടക്കുകയാണ്. വേണ്ട ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. സജ്ജനും മഹിപാലും തിരിച്ച് കാറിനടുത്തെത്തിയപ്പോൾ ഡ്രൈവറെ കാണാനില്ല. സജ്ജന് ദേഷ്യം വന്നു. മഹിപാൽ ആശ്വസിപ്പിച്ചു: "സാരമില്ല, പോട്ടെ. ഉത്സവമല്ലേ? എത്ര നേരം കാറിൽതന്നെ നോക്കിയിരിക്കും. ഇവിടെ എവിടെയെങ്കിലും കാണും. വരൂ. അതിനിടയിൽ ഒന്നു മുറുക്കിയിട്ടുവരാം. നന്നായിട്ടൊന്നു മുറുക്കിയിട്ടു വളരെ നേരമായി". ഡ്രൈവറെക്കുറിച്ചായിരുന്നു സജ്ജന്റെ ചിന്ത. കന്യ തന്നെ കാത്തിരിക്കുകയാണ്. നാലുമണിമുതൽ തായിയുടെ വീട്ടിൽ സ്ത്രീകളുടെ മേള തുടങ്ങും. പിന്നെ അവളെ വിളിക്കാനും സാധ്യമായെന്നുവരില്ല. ഇന്നലെ മുതൽ കന്യയോട് പ്രത്യേകമായ ഒരു സ്നേഹവും ആദരവുമാണയാൾക്ക്. രാത്രി രൂപരത്തന്റെ വീട്ടിൽ വച്ച് ചിത്രയെ കണ്ടപ്പോൾ ഹൃദയം ഭയാശങ്കകൾ കൊണ്ടു നിറഞ്ഞു. പക്ഷേ ചിത്ര സജ്ജന്റെ അഭിമാനം രക്ഷിച്ചു. അവളോട് അയാൾക്ക് നന്ദിയും ആദരവും തോന്നി. എന്നാലും ചിത്രക്ക് കന്യയാവാൻ സാധിക്കില്ലല്ലോ. ചിത്ര അയാളുടെ രക്ഷിതാവായേക്കും. പത്നിയാവില്ല. അയാൾക്ക് ഭാര്യയാണാവശ്യം. ലഗാനില്ലാത്ത ജീവിതം അയാൾക്കു മടുത്തു. ഇതുവരെ ഭാര്യയില്ലാത്ത ജീവിതം നയിച്ചതു കാരണം അതിൽ നിന്നൊഴിഞ്ഞു മാറാനായിരുന്നു അതുവരെയുള്ള ശ്രമം. വലയിൽ കുടുങ്ങിയ കാട്ടുജന്തുവിനെപ്പോലെ അതിൽ നിന്ന് കുതറിരക്ഷപ്പെടാൻ വെമ്പിയിരുന്നു. വ്രജഭൂമിയിൽ കന്യയുമൊത്ത് കറങ്ങിനടക്കുമ്പോൾ, തന്റെ പ്രേമപാശത്താൽ ബന്ധിതയായ കന്യയെ വശത്താക്കി പിടിതരാതെ ഒഴിഞ്ഞുനില്ക്കുന്ന അവളുടെ സ്വാതന്ത്ര്യബോധത്തിനും അഹംഭാവത്തിനും ക്ഷതമേല്പ്പിക്കണമെന്ന കുടിലമായ ഒരാശ ഹൃദയത്തിന്റെ ഏതോ കോണിൽ വച്ചുപുലർത്തിയിരുന്ന സജ്ജന് അതിൽ പരാജയമാണ് സംഭവിച്ചത്. ആ പരാജയബോധത്തിൽ നിന്നുളവായ നിരാശയും, അടിച്ചമർത്തിവച്ചിരുന്ന

കാമവാസനയും രാജാസാഹബിന്റെ വീട്ടിൽ വച്ച് അവിചാരിതമായി ചിത്രയെ കണ്ട അവസരത്തിൽ ഒരു പ്രതികാരത്തിന്റ രൂപം ധരിച്ചു. ചിത്രയോടുള്ള അഭിനിവേശത്തിന്റെ രൂപത്തിലാണത് പ്രകടമായത്. ചിത്രയായതുകൊണ്ടല്ല ആ വികാരമുണ്ടായത്. ആ സമയത്ത്, ചിത്രയല്ല, അതുപോലെ പരിചിതമായ മറ്റേതെങ്കിലും സ്ത്രീയായിരുന്നെങ്കിലും ഇതേ വികാരം തന്നെ സജ്ജനുണ്ടാകുമായിരുന്നു. പക്ഷേ ഇപ്പോൾ അത്തരത്തിലുള്ള സ്ത്രീകളുടെ-ചിത്രയുടെ-സഹവാസം, സാമീപ്യം അയാൾക്ക് നീതിയുക്തമായിത്തോന്നുന്നില്ല. തെറ്റായിപ്പോയി.. അയാൾക്ക് തന്നോടുതന്നെ വെറുപ്പുതോന്നി... അങ്ങനെയുള്ള ഒരവസ്ഥയിൽ അയാൾ കഴിയുമ്പോഴാണ്, സകല സംസ്കാര സമ്പന്നതയുടെയും പ്രതീകമായി കന്യ, ഇന്നലെ കടന്നുവന്നത്. അഹങ്കാര ഹീനമായ സ്നേഹത്താൽ അയാളെ വശീകരിച്ചത്. പകൽ മുഴുവൻ അയാളതിൽ ലയിച്ചുകഴിഞ്ഞു. രാത്രിയിൽ രൂപരത്തന്റെ വീട്ടിൽ നിന്ന് മടങ്ങുമ്പോഴും ഈ ഒരു ഭാവമായിരുന്നു ഹൃദയത്തിൽ. ഇന്നലെ മുതൽ പൂർണമനസ്സാൽ, കന്യ, അയാളുടെ സ്വാമിനിയായി, ഗൃഹനായികയായി മാറിയിരിക്കുകയാണ്. അവളെ കുറിച്ചുള്ള ഓർമയും, അവളുടെ ദർശനവും സ്പർശനവും അയാളുടെ ദുർവിചാര വികാരങ്ങളെ ദൂരെ തുരത്തുകയാണ്. ഉയിർത്തെഴുന്നേൽക്കാനയാൾക്കത് ഉത്തേജനം നല്കുന്നു... ഡ്രൈവർ അവിടെയില്ലാതിരുന്നത് അയാളെ ചൊടിപ്പിച്ചു. കാറിന്റെ താക്കോലും കയ്യിലില്ല.. ആകെ ദേഷ്യം വരികയാണ്. മഹിപാൽ പറഞ്ഞത് ശരിയാണ്. ഉത്സവമല്ലേ, പാവം എത്ര നേരം കാറിൽ തന്നെയിരിക്കും? അവനും മനുഷ്യനല്ലേ?

ഒരു വശത്ത് മനുഷ്യത്വം, മറുവശത്ത് കന്യയുടെ നിർദേശം പാലിക്കാനുള്ള വ്യഗ്രത. സജ്ജൻ എന്തു ചെയ്യണമെന്നറിയാതെ വിഷമിച്ചു. അയാളുടെ കയ്യിൽ പിടിച്ചു വലിച്ചു കൊണ്ട് മഹിപാൽ പറഞ്ഞു "വാടോ. ഇപ്പൊഴേ പെണ്ണിന് അടിമയാകാതെ... അല്ല നല്ലൊരു പെണ്ണിന്റെ അടിമയാകുന്നതാണ് നമ്മെ പോലുള്ളവർക്ക് നല്ലത്..."

തമോലിയുടെ മുറുക്കാൻ കടയിൽ മുറുക്കാൻ തയ്യാറാക്കി നൽകുന്നതും പ്രതീക്ഷിച്ചു നിൽക്കുമ്പോൾ, തൊട്ടടുത്ത ലാലാമഹാരാജന്റെ ചായപ്പീടികയിലിരുന്നിരുന്നവരുടെ സംസാരം അവർ കേട്ടു. തെരഞ്ഞെടുപ്പാണ് വിഷയം. രസം തോന്നി. മുറുക്കാൻ വായിലിട്ടിട്ട് സജ്ജൻ പറഞ്ഞു "വരൂ പോകാം..." മഹിപാൽ നിമിഷ നേരത്തേക്ക് ഒന്നും തീരുമാനിക്കാനാവാത്ത ഒരു നിലയിൽ നിലകൊണ്ടു. രണ്ടാമതും വിളിച്ചപ്പോൾ, അയാൾ പറഞ്ഞു "നിങ്ങൾ പൊയ്ക്കൊള്ളൂ. ഞാനിവിടെയൊക്കെ ഒന്ന് കറങ്ങിയിട്ട് വരാം. നല്ല രസമുണ്ട്.."

"നിങ്ങൾ എന്തോ കാര്യമായിട്ട് പോവുകയാണെന്നല്ലേ പറഞ്ഞത്?"

"ഇല്ല.. വെറുതെ ... ശരി താൻ പോകൂ. പക്ഷേ എങ്ങനെ പോകും, തന്റെ ഡ്രൈവർ-"

മഹിപാലിന്റെ മുഖം ശ്രദ്ധിച്ചിട്ട് എന്തോ മനസ്സിലാക്കിയിട്ടെന്നവണ്ണം സജ്ജൻ പറഞ്ഞു. "സാരമില്ല ഡ്രൈവർ എത്തിയിട്ടില്ലെങ്കിൽ ഞാൻ ബസ്സിലങ്ങുപോകും."

സജ്ജൻ പോയി. മഹിപാൽ പാർക്കിനു നേരെ നടന്നു. പലതരത്തിലും വേഷവിധാനത്തിലും ഉള്ള ആളുകൾ. തെരഞ്ഞെടുപ്പിനെക്കുറിച്ചല്ലാതെ മറ്റൊന്നും സംസാരമില്ല. വൃദ്ധരും രോഗികളും, എഴുന്നേറ്റ് നടക്കാൻ വയ്യാത്തവർ പോലും വോട്ടു ചെയ്തിട്ടു വരുന്നു. സ്ത്രീകൾക്കാണ് ആവേശം. അതിപു

രാതനകാലം മുതൽ തന്നെ സ്വയംഭരണാവകാശം അംഗീകരിക്കപ്പെട്ടിട്ടുള്ള ഭാരതത്തിലെ നാരീലോകം, ചരിത്രത്തിലാദ്യമായി വോട്ടവകാശം നേടിയിരിക്കുകയാണ്. മിക്ക സ്ത്രീകളും സ്വപുരുഷൻമാരുടെ നിർദേശപ്രകാരം വോട്ടു ചെയ്തു.

ചിലർ സ്വാധികാരം സ്വതന്ത്രമായി വിനിയോഗിച്ചു. ഒരു മഹാൻ സ്വപത്നിയോടു കൂടെക്കൂടെ ജനസംഘിന്റെ ദീപശിഖയുടെ മാഹാത്മ്യത്തെക്കുറിച്ച് പറയുകയാണ്. ഭാര്യയ്ക്കാഗ്രഹം കോൺഗ്രസിന്റെ കാളകൾക്കു മുന്നിൽ വയ്ക്കോലിട്ടു കൊടുക്കാനാണ്. രണ്ടുപേരും തർക്കമായി. ആവേശം കൊണ്ട്, പാർക്കു തന്നെ തന്റെ വീടാണെന്ന ഭാവത്തിൽ ശ്രീമതി ഭർത്താവിന്റെ നേരെ തട്ടിക്കയറാൻ തുടങ്ങി. "ഇതാ നോക്കൂ. ഞാൻ ജീവിതത്തിലാദ്യമായി ഇന്ന് വോട്ടിടാൻ വന്നതാണ്. എനിക്കു തോന്നിയവർക്കു ഞാൻ കൊടുക്കും. ഇനിയും എന്നോടു വല്ലതും പറഞ്ഞാൽ.." ഭാര്യാഭർത്താക്കൻമാരുടെ വൃഷഭ-ദീപ സംവാദം തുടരുന്നതിനിടയിൽ അടുത്തുകൂടി കടന്നുപോയ പോലീസുകാരൻ പതിദേവന്റെ കയ്യിൽ കടന്നു പിടിച്ചു. പോളിംഗ് സ്റ്റേഷനിൽ പ്രചാരണം നടത്തുന്നത് നിയമ വിരുദ്ധമാണ്.

കവലയിലെ ഏതാനും വേശ്യകൾ, സ്വാതന്ത്ര്യം വിലമതിക്കുന്ന സംസ്കാര സമ്പന്നരും വിദ്യാസമ്പന്നരും മറ്റുമായ ജനതയ്ക്ക് കുറിക്കു കൊള്ളുന്ന ഉത്തരമാണ് നൽകിയത്. അവരോടു ചോദിച്ചു. അച്ഛന്റെ പേര്? ഉത്തരം "പന്തം." വീണ്ടും ചോദിച്ചു. ഭർത്താവിന്റെ പേര്? മറുപടി "പണം." കൂട്ടത്തിൽ 22-23 വരുന്ന ഒരുത്തി പറഞ്ഞു, "ഞങ്ങളെ വളഞ്ഞു പിടിച്ച് വോട്ടു ചെയ്യിക്കാൻ കൊണ്ടു വന്ന ഇദ്ദേഹമാണ് ഞങ്ങളുടെ ഭർത്താവ്..."

തെരഞ്ഞെടുപ്പു രംഗം പ്രദാനം ചെയ്ത ദൃശ്യങ്ങൾ മഹിപാലിനെയാകർഷിച്ചു. ഇതൊരു തമാശയായും, അതേ സമയം വ്യർഥമായ ഒന്നായും അയാൾക്കു തോന്നി. ഭാരതത്തിലെ ജനാധിപത്യപരമായ ഈ തെരഞ്ഞെടുപ്പ് ഓരോപൗരനും സ്വന്തം ഇഷ്ടാനുസരണമുള്ള ഗവൺമെന്റ് രൂപീകരിക്കാൻ അവകാശം നൽകിയിരിക്കുന്നു. പണ്ടത്തെ പ്രഭുത്വ സമ്പ്രദായത്തിനാണെങ്കിൽ, സ്ത്രീകൾക്കും തൊഴിലാളികൾക്കും ദാസവർഗത്തിനും ഒന്നും സ്വന്തം സർക്കാർ രൂപീകരിക്കാനുള്ള അവകാശമുണ്ടായിരുന്നില്ല. ക്ഷത്രിയ രാജാക്കന്മാർക്കായിരുന്നു അന്ന് അതിനുള്ള അവകാശം. അങ്ങനെ ഒരു വശത്ത് വലിയ പുരോഗതി കൈവന്നിട്ടുണ്ടെങ്കിലും ഇന്നത്തെ തെരഞ്ഞെടുപ്പ് അർഥശൂന്യമായ ഒന്നാണെന്ന് മഹിപാലിനു തോന്നി. ഒച്ചപ്പാടുണ്ടാക്കി അതിനെ അർഥവത്താക്കാൻ ശ്രമിക്കുകയാണ്... പെട്ടെന്ന് മഹിപാൽ കൽക്കത്തയിലെ ഷെയർ മാർക്കറ്റിനെക്കുറിച്ചോർത്തു. സാട്ടാ കമ്പോളത്തിലെ ബഹളവും ജനാധിപത്യപരമായ സാർവലൗകിക സമ്മതിദാന പ്രക്രിയയുടെ ഒച്ചപ്പാടും ഒരേ ടെക്നിക്കിൽ ഉള്ളതു തന്നെ. ലക്ഷ്മീദേവിയെയും അധികാരസ്ഥാനത്തെയും ചൊല്ലിയുള്ള ഈ വടംവലിയും വിലപേശലും ശുദ്ധഭ്രാന്താണ്. പത്തൊമ്പതര ശതാബ്ദത്തിലേറെയായി നിലനിന്നുവരുന്ന ക്രൈസ്തവ സംസ്കാരവും, അതിലും മൂവായിരമോ നാലായിരമോ കൊല്ലം മുമ്പു മുതലേയുള്ള ഭാരതീയ സംസ്ക്കാരവും ഒസ്യത്തായുള്ള ഇന്നത്തെ പരിഷ്കൃത മനുഷ്യൻ, ന്യായത്തിന്റെയും നീതിയുടെയും പേരിൽ നടത്തപ്പെടുന്ന ഈ കോലാഹലങ്ങൾക്കും വിലപേശലുകൾക്കും മൂകസാക്ഷിയായിനിൽക്കുകയാണ്.. സങ്കുചിതമായ സ്വാർഥചിന്തയും, നീതിരഹിതമായ

വ്യാമോഹങ്ങളും മാനവ ചിന്താശക്തിയെ ഭ്രമിപ്പിക്കാനുള്ള ഗൂഢാലോചന നടത്തുകയാണ്.

മഹിപാലിന്റെ ചിന്ത പെട്ടെന്ന് അറച്ചു നിന്നു. സംസാരിക്കുന്നതിനിടയിൽ പല്ലിനിടയ്ക്ക് നാക്ക് പെട്ടതു പോലെ. മനസ്സ് രണ്ടായി മാറി. അതിലൊന്നിന്റെ മുന്നിൽ ഇതര മനസ്സ് നാണം കൊണ്ട് ശിരസ്സ് നമിച്ചു. സംസ്കാരം, സഭ്യത, ന്യായം, സൗന്ദര്യം സത്യം, മനുഷ്യത്വം തുടങ്ങിയ വലിയ വലിയ ശബ്ദങ്ങളും പദങ്ങളും ആദർശങ്ങളും ആവർത്തിച്ചുച്ചരിക്കുകയും ചിന്തിക്കുകയും കൈകാര്യം ചെയ്യുകയും ചെയ്യുന്ന കലാകാരൻ-സാഹിത്യകാരൻ, സ്വന്തം അപരാധങ്ങൾക്കു മുന്നിൽ മരവിച്ചു നിന്നു. ഈ മരവിപ്പ് അയാളുടെ വിചാര ധാരയെ ചുറ്റിപ്പിണഞ്ഞു വച്ചു. പല കാരണങ്ങളാലും സംജാതമായ ആ മാനസികാവസ്ഥ, അയാളെ വെറും പൊള്ളയായി മാറ്റി.

മനസ്സിന്റെ ശൂന്യത സ്വയം സഹിക്കാനാവുന്നില്ല. സർവശക്തിയുമെടുത്ത് തന്റെ സത്യസന്ധതയെ അടിച്ചമർത്തിവയ്ക്കാനയാൾ ശ്രമിച്ചു. “ഇല്ല, എനിക്ക് എന്റെ നില മെച്ചപ്പെടുത്തണം.. ശകുന്തളയുടെ വിവാഹം നടത്തണം. സ്ത്രീധനവും മറ്റു ലോകനടപ്പനുസരിച്ചുള്ള ദുർവ്യയങ്ങളും ഞാനംഗീകരിക്കുന്നവയല്ലെങ്കിൽക്കൂടി അതെല്ലാം ഞാനനുസരിച്ചേ പറ്റു. ഞാനൊരുത്തനെതിർക്കുന്നതു കൊണ്ടെന്താകാൻ? ലോകം മുഴുവൻ ഈ ദുരഭിമാനത്തിനു പിൻപേ പായുമ്പോൾ ഒരു മഹിപാൽ ശുക്ല മാത്രം എന്തു ചെയ്യാൻ? പാവം കല്യാണി അവളെത്ര നാൾ സ്വയം കടിച്ചമർത്തിക്കഴിയും. ശകുന്തളയുടെ വിവാഹം മോടിയായി നടത്തണമെന്നാണവളുടെ ആഗ്രഹം. അവളുടെ ഹൃദയ വിശാലതയാണത്. ഇക്കാലത്ത് മറ്റേതു സ്ത്രീയാണ്, അനന്തരവളുടെ കാര്യത്തിൽ ഇത്രമാത്രം താൽപര്യം കാണിക്കുക. ശരി. ഒരുമാസത്തിനകം ശകുന്തളയ്ക്കു പറ്റിയ ഒരു വരനെ കണ്ടു പിടിക്കണം. ജാതകം നോക്കലും കല്യാണവുമൊക്കെ പെട്ടെന്നു നടത്തണം.. പിന്നെ എന്റെ കുടുംബത്തിന്റെ ഭാവിയും നോക്കണം. സ്വന്തം കുഞ്ഞുങ്ങളോട് ആർക്കാണ് സ്നേഹമില്ലാത്തത്. സഹോദരൻമാർക്കും സഹോദരികൾക്കും വേണ്ടി ഇത്രയും ജീവൻ കളയുന്ന ഞാൻ സ്വന്തം കുഞ്ഞുങ്ങളുടെ ഭാവിയെക്കുറിച്ചു ചിന്തിക്കണ്ടേ?.. വേണം.. പക്ഷേ... കള്ളൻ. സ്വാർഥി. കുലദ്രോഹി.”

മഹിപാലിന്റെ മറ്റേ മനസ്സ്, ഈ ചിന്താധാരയാകെ കീറിമുറിച്ചുകൊണ്ട്, പിതാവിന്റെ സ്വരത്തിൽ ശാസിക്കാൻ തുടങ്ങി. വ്യക്തമായല്ലെങ്കിലും സ്വന്തം ദൗർബല്യങ്ങളെക്കുറിച്ചയാൾ ആലോചിച്ചുപോയി. സമൂഹത്തിന്റെ ദുർബലതകളിലേക്കും മനസ്സ് കടന്നു. വ്യക്തിയും സമൂഹവും ദോഷയുക്തമാണ്. സാമൂഹ്യരീതികൾക്ക് മാറ്റമുണ്ടായാലല്ലാതെ വ്യക്തികൾക്ക് മാറ്റം വരില്ല. ഇതിഹാസം വ്യക്തി സ്വഭാവത്തിൽ സ്വാധീനം ചെലുത്തും. സാമൂഹ്യഘടനയുടെ രൂപംകൊളളലിനനുസൃതമാണ് വ്യക്തിയുടെ വികാസം. വ്യക്തിയും സമൂഹവും തമ്മിലുള്ള സമന്വയത്തിന്റെ അടിസ്ഥാനമതാണ്. അതിൽ നിന്നാണ് കുടുംബങ്ങൾ രൂപംകൊള്ളുന്നത്. ഇന്നത്തെ സമൂഹവും വ്യക്തിയും ഈ കൊള്ളലിലും കൊടുക്കലിലും നിന്ന് ഉരുത്തിരിഞ്ഞതാണ്... നീതിയുടെയും ന്യായത്തിന്റെയും മഹനീയ തത്വങ്ങൾ സന്ദർഭവും അവസരവും നിർബന്ധിതനാക്കുകമൂലം വ്യക്തി ലംഘിച്ചാൽ പോലും അവനോട് ക്ഷമിക്കണം. രണ്ടാമത്തെ മനസ്സ്-ഇത്തവണ പിതാവിന്റെ സ്വരത്തിലല്ല-വീണ്ടും അതിനെതിരെ ശാസന തുടങ്ങി. മഹിപാൽ അറി

യാതെ ഞരങ്ങിപ്പോയി. ചേതനാശക്തിയുടെ പ്രഭാപ്രസരം സ്വന്തം അന്തർനേത്രത്തെ പുളിപ്പിക്കുകയാണ്. ഉൾക്കണ്ണ് തുറക്കാൻ കഴിയുന്നില്ല. സ്വന്തം വിവേചന ശക്തിപോലും നഷ്ടപ്പെട്ടോ? ഞെട്ടിയുണർന്നപോലെ പരിഭ്രമത്തോടെ അയാൾ ചുറ്റും നോക്കി. നടുറോഡിൽ ചെന്നുനിന്നു. അടുത്തെത്തിയ കാർ കൈ പൊക്കി തടഞ്ഞു നിറുത്തി.

"അല്ല ഇതാര്? നിങ്ങളിവിടെ?"രൂപദത്തൻ ചോദിച്ചു.

"വരുന്നോ. ഒരു കാര്യമുണ്ട്."

"ശരി പോകാം. ഈ തെരഞ്ഞെടുപ്പിൽ എനിക്കൊരു രസവും തോന്നുന്നില്ല. ബഹളം ഒന്നു കാണാൻ വേണ്ടി വെറുതേ ഇറങ്ങിയതാണ്."

വഴിയിൽ വച്ച് മഹിപാൽ ചോദിച്ചു "ഇത്തവണ നിങ്ങൾ നിൽക്കാത്തതെന്ത് രൂപരത്തൻ?"

"സത്യം പറയട്ടോ. വൈശ്യന്റെ മകന്, ആദ്യം സ്വന്തം വ്യാപാരമാണ് പ്രധാനം. മറ്റെന്തും അതിനു പിന്നിലാണ്."

പണ്ട് സോഷ്യലിസവും പ്രസംഗിച്ചു നടന്ന രൂപരത്തനാണോ ഇത്? മഹിപാൽ ചിന്തിച്ചു പോയി. ജനനന്മയ്ക്കായുള്ള എന്തെല്ലാം പദ്ധതികളാണിയാൾ പറഞ്ഞുനടന്നത്! പെട്ടെന്ന് അയാളുടെ ചുമലിൽ കൈ വച്ചിട്ട് രൂപരത്തൻ പറഞ്ഞു "മഹിപാൽ എനിക്ക് മിനിസ്റ്ററാകാനുള്ള ചാൻസില്ല. എന്നെക്കാളും വലിയ എത്രയോ പേർ സ്ഥാനാർഥികളാണ്. ഇത്തവണ ഡപ്യൂട്ടിമിനിസ്റ്റർഷിപ്പും നൽകു മത്രേ. അതിലെനിക്ക് താൽപ്പര്യമില്ല. പിന്നെ മറ്റൊരു കാര്യം ഇപ്പോൾ ബിസിനസ്സിൽ കൂടുതൽ സമയവും ശ്രദ്ധയും ചെലുത്തേണ്ടതാവശ്യമാണ്. സമയം മാറി വരുന്നത് തനിക്കുതന്നെ അറിഞ്ഞുകൂടേ?"

"കൊള്ളാം. തന്നെപ്പോലുള്ള ലക്ഷാധിപതികൾക്കും കാലത്തെക്കുറിച്ചു പരാതിയോ...ഹ.ഹ.ഹ."

"ഹ.ഹ.കാലചക്രം തിരിക്കുന്നവർ പോലും അതിനടിയിൽപ്പെട്ട് ചതഞ്ഞു പോകാറുണ്ട്. സദാസമയവും ജാഗ്രതയോടെ ഇരുന്നേ പറ്റൂ." രൂപരത്തൻ ഗംഭീരവാനായി പറഞ്ഞു.

"താൻ ഈ രാഷ്ട്രീയം കളഞ്ഞത് നന്നായി."

"കളഞ്ഞിട്ടൊന്നുമില്ല.. ങാ.. അതുപോട്ടെ. ഒരു പ്രൊപോസൽ വയ്ക്കാം. തന്റെ പുതിയ പുസ്തകങ്ങളെല്ലാം എനിക്കു തരൂ. പഴയ പുസ്തകങ്ങളുടെ റോയൽറ്റി തിരിച്ചു തന്നേയ്ക്കാം. പിന്നെ റോയൽറ്റിയുടെ ബേസിസ്സിൽ പുതിയവ എടുത്തോളാം. ഇരുപതു ശതമാനം റോയൽറ്റി. എന്താ സമ്മതമാണോ?"

. മഹിപാൽ ചിന്തിച്ചു. ഇയാൾക്ക് ഇനി ഇയാളുടെ പൊസിഷൻ ശരിയാക്കേണ്ടതുണ്ട്. അതാണെന്നെ പ്രലോഭിപ്പിക്കുന്നത്. എങ്കിലും ഇയാളെക്കൊണ്ട് കാര്യലാഭം നേടാനുണ്ട്. ഉറക്കെ പറഞ്ഞു "നല്ലതുതന്നെ.എങ്കിലും ഭാവിയിൽ?" രൂപരത്തൻ ഉറക്കെ പറഞ്ഞു "കഴിഞ്ഞതൊക്കെ മറക്കൂ. വാസ്തവത്തിൽ ഞാനന്ന്, ആദർശങ്ങൾക്ക് രൂപം നൽകാനുള്ള സ്വപ്നം കണ്ടു നടക്കുകയായിരുന്നു. അല്ലെങ്കിൽ, സത്യം പറയുകയാണ്, തന്നോട് എന്റെ ഹൃദയത്തിൽ ഒരിക്കലും വിരോധം തോന്നിയിട്ടില്ല. അത്ര സ്നേഹവും ബഹുമാനവും–"

"അതു പറയെണ്ട. പ്രവൃത്തിയിൽ നിന്ന് കണ്ടറിഞ്ഞോളാം. അതിരിക്കട്ടെ. എന്റെ പുസ്തകങ്ങൾക്ക് അഡ്വാൻസായി എന്തുതരും..?"

"എത്ര പുസ്തകമുണ്ട്?"

"മൂന്നു പുസ്തകങ്ങൾക്ക് പുതിയ പതിപ്പ് ഇറങ്ങിയിട്ടില്ല. അത് പ്രസാധനം ചെയ്തവർ വലിയ കാശുകാരൊന്നുമല്ല.. പിന്നെ ഒരു പുതിയ കഥ ഈയിടെ തുടങ്ങിയിട്ടുണ്ട്."

"ശരി, മൂവായിരമോ നാലായിരമോ എത്ര വേണമെന്നുവച്ചാൽ തരാം."

"പിന്നെ പഴയ പുസ്തകങ്ങൾക്കോ?"

"ഓഹോ. പണ്ടത്തേക്കാൾ മിടുക്ക് കൂടിയിട്ടുണ്ടല്ലോ."

"അനുഭവം പഠിപ്പിച്ചതല്ലേ..?"

"ശരി ഇനി നാം തമ്മിൽ ചേരും. എന്തു വേണമോ ചെയ്യാം."

"എന്താ വീണ്ടും വാരിക വല്ലതും തുടങ്ങാനുള്ള പരിപാടിയുണ്ടോ?"

"ങാ. വേണമെങ്കിൽ തുടങ്ങാം. തന്നെ കണ്ടപ്പോൾ ഇതിനൊക്കെ പ്രചോദനം തോന്നുന്നു. പ്രസാധന രംഗത്ത് ആദിയേ ശ്രദ്ധിച്ചാലോ എന്നാണിപ്പോൾ. പുതിയ രീതിയിലുള്ള ചില പരീക്ഷണങ്ങൾ നടത്താൻ പരിപാടിയുണ്ട്. പെൻഗ്വിൻ സീരീസിന്റെ മാതൃകയിൽ ഭാരതീയ ഭാഷകളിലെ മികച്ച നോവലുകളുടെ ഒരു സീരീസ് ഇറക്കിയാലോ എന്നാണാലോചന. അമേരിക്കൻ രീതിയിലായിരിക്കും പ്രചരണം. ഭാരതത്തിലെ ഓരോ വലിയ പട്ടണത്തിലും മഹിപാൽ ശുക്ലയുടെ നോവലുകളെ-അതായത് പബ്ളിഷ് ചെയ്യുന്ന എല്ലാ ആഥേഴ്സിന്റെയും നോവലുകളെ-കുറിച്ച് സാഹിത്യ സമ്മേളനങ്ങളും, അവയെക്കുറിച്ചുള്ള പ്രബന്ധചർച്ചകളും നടത്തും. ഓരോ സ്കൂളിലും കോളേജിലും യൂണിവേഴ്സിറ്റിയിലും ഒക്കെ. പിന്നെ വലിയ റെസ്റ്റാറണ്ടുകളിലും സ്റ്റേഷൻപ്ളാറ്റ്ഫോമിലും പത്രങ്ങളിലുമൊക്കെ തന്നെക്കുറിച്ചുള്ള പബ്ളിസിറ്റി. ഭാരതത്തിൽ ഹിന്ദി പുസ്തകങ്ങൾക്കൊരു കമ്പോളം ഉണ്ടാക്കുന്നതിനെക്കുറിച്ചിതുവരെ ആരും ചിന്തിച്ചിട്ടില്ലെന്നാണെന്റെ വിശ്വാസം."

കാർ, സേഠുവിന്റെ വാതിൽക്കലെത്തി. മഹിപാലിന്റെ ഹൃദയം സന്തോഷം കൊണ്ട് വികസിക്കുകയാണ്. കുറച്ചു മുമ്പുവരെയുണ്ടായിരുന്ന നിരാശാബോധവും അപരാധബോധവും അപ്രത്യക്ഷമായി. നല്ല നാളുകൾ വീണ്ടും വരികയാണെന്നയാൾക്കു തോന്നി.

രൂപരത്തന്റെ വീട്ടിൽ, അയാളുടെ ലൈബ്രറിയിൽ പരിപാടികളും പ്ളാനുകളുമിട്ട് രണ്ടുമണിക്കൂർ ചെലവഴിച്ചു. മഹിപാൽ ചോദിച്ചു. "എനിക്കൊരുപകാരം ചെയ്യാമോ?"

"എന്താണ്?"

"എനിക്കൊരു മാല വിൽക്കണം."

"സ്വർണമാലയോ?"

"അല്ല, നവരത്നമാല."

"എവിടുന്നു കിട്ടി?"

"അമ്മയുടേതാണ്. വിലയേറിയ ഒന്ന്."

"എന്തിനാ വിൽക്കുന്നത്?"

"അനന്തരവളുടെ വിവാഹം നടത്താൻ."

"എത്രയാവും?"

"പതിനയ്യായിരം."

"അതുകുറെ കൂടുതലാണ് മഹിപാൽ... പിന്നെ തനിക്കും മറ്റു ചുമതലക ളില്ലേ. എന്താ മാതൃകുടുംബത്തിൽനിന്ന് ഇപ്പോഴും വല്ല സഹായവും?"

"ഞാൻ ഭാര്യയേയും അനിയനേയും കൊണ്ട് മാറിയതിൽപ്പിന്നെ ഒരു സഹായം പോലും ഉണ്ടായിട്ടില്ല. ഇപ്പോഴാണെങ്കിൽ അവർക്കും കഷ്ടകാലം പിടിച്ചു. തഹസീലധികാരമെല്ലാം പോയി. മിനിയാന്ന് അവിടെ വലിയൊരു കൊള്ള നടന്നു."

"ഉള്ളതോ.."

"അതേ ഞാനും അവിടുണ്ടായിരുന്നു. ഒരു കൊള്ളക്കാരൻ എന്റെ കൈകൊണ്ട് മരിച്ചു."

"ഓഹോ."

"എന്തുപറയാൻ. കൊള്ളയെപ്പറ്റി കേട്ടിട്ടേ ഉള്ളു. അന്ന് നേരിൽക്കണ്ടു."

"തന്റെ വീട്ടിൽ ആർക്കെങ്കിലും..."

"ങാ ഒരു വേലക്കാരൻ അപ്പോൾ തന്നെ മരിച്ചു. ഒരുത്തന്റെ നില ഗുരുതര മായിരുന്നു. ഒരു പക്ഷേ ഇതിനകം മരിച്ചിരിക്കും. രണ്ടുപേർക്ക് നിസ്സാരപരിക്കു കളേ പറ്റിയുള്ളു."

"എന്തൊക്കെക്കൊണ്ടുപോയി?"

"ഒന്നരലക്ഷം രൂപയുടെ ആഭരണങ്ങൾ പോയി. വല്ലാത്ത നഷ്ടമായിപ്പോയി.."

"അതുപിന്നെ.."

"അതുകൊണ്ടാണെനിക്കുപേടി.."

"എന്തു പേടി?"

"ആ മാല–"

"ശരിയാണ്. അതെടുത്തോണ്ടു വരൂ...ഈ കൊള്ളക്കാരുടെ ഏർപ്പാട് പഴയ കാലത്തെ ഒരു തരം കമ്യൂണിസമാണ്. പണക്കാരെ കൊള്ളയടിച്ച് പാവങ്ങൾക്ക് വിതരണം ചെയ്യുക.."

"പ്രഭുവാഴ്ചയുടെ അടിസ്ഥാനമിതാണെന്നാണെന്റെ തോന്നൽ. പലിശക്കാ രുടെ അടിമത്തത്തിൽനിന്ന് സാധാരണ ജനങ്ങളെ മോചിപ്പിച്ച്–"

"അതുകൊള്ളാം. ഞാനങ്ങനെ കരുതുന്നില്ല."

"മോഹൻജദാരോ, ഹാരപ്പാ തുടങ്ങിയ നാഗരികത നശിപ്പിച്ചിട്ട് ഈ ജന്മി കൾ, ഭൂമി മുഴുവൻ വ്യാപിക്കാൻ ലോകർ ആഹ്വാനം നൽകി. ഉഴുന്നവന്റെ യാണ് ഭൂമിയെന്നുൽഘോഷിച്ചു. നീതിപാലകരെന്നും സംരക്ഷകരെന്നും ഉള്ള നിലയിൽ, അവർ, കർഷകരിൽ നിന്ന് ആറിലൊരുഭാഗം കരമായി ഈടാക്കി. ശേഷിച്ചത് കർഷകനും. പണ്ട് പണക്കാരന്റെ കൂലിക്കാരൻ മാത്രമായിരുന്ന കർഷ കൻ സ്വതന്ത്രനായി ധനസമ്പാദനം തുടങ്ങി. അക്കാലത്തെ എടുത്തു പറയ ത്തക്ക ഒരു പുരോഗതിയായിരുന്നു അത്."

"എനിക്കു തോന്നുന്നത്, താൻ, സ്വന്തം ഇഷ്ടപ്രകാരം ചരിത്രം വളച്ചൊടി ക്കുകയാണെന്നാണ്."

"അല്ല. അങ്ങനെയല്ല. ഭാരതീയ ചരിത്രത്തിന്റെ വിശ്വസനീയമായ രൂപം ഉണ്ടായി വരികയാണെന്നതാണ് സത്യം. മോഹൻജദാരോയിലും ഹാരപ്പയിലും കണ്ടെടുത്ത പുരാവസ്തുക്കൾ വെറും കൗതുക വസ്തുക്കളല്ല. നമ്മുടെ പല പൗരാണിക, ഐതിഹാസിക കഥകളെയും അന്വർഥമാക്കാനും, വികാസക്രമം

നമ്മെ മനസ്സിലാക്കാനും ഇത് ഉപകരിക്കും. ഉദാഹരണത്തിന് 'പുരന്ദരൻ' എന്ന വാക്കെടുക്കാം. 'നഗരങ്ങൾ ദഹിപ്പിക്കുന്നവനായ' ഇന്ദ്രൻ വാസ്തവത്തിൽ പ്രഭു വർഗത്തിന്റെ പ്രതീകമാണ്. നാഗരിക വാഴ്ചയുടെ ശത്രുക്കളായിരുന്നു ഈ പ്രഭുക്കൻമാർ. കാരണം അവർ വ്യാപാരികളായിരുന്നു. അവർക്കു ഭൂമിയുമായി യാതൊരു ബന്ധവും ഉണ്ടായിരുന്നില്ല. കൃഷി അവർ ഗണ്യമാക്കിയിരുന്നില്ല. വേണ്ടത്രമാത്രം കൃഷിചെയ്യിച്ചു. ആര്യ പ്രഭുക്കന്മാർ ജനങ്ങളുടെ ഉൽപ്പാദന രീതി മാറ്റിമറിച്ചു. ആളുകൾക്ക് കൃഷിയോട് അഭിരുചി തോന്നിത്തുടങ്ങി. പലവിധ പണികളിലും വൈശ്യരുടെ അടിമയായി കഴിഞ്ഞിരുന്നവർ കൃഷി വഴി സ്വതന്ത്രരായി. 'ഉത്തമം കൃഷി മധ്യമം അസ്ത്രം' എന്ന ചൊല്ലും പരന്നു. അതിന്റെ സ്വാധീനത്തിൽ സാമൂഹ്യ രീതി തന്നെ സമൂലം മാറി."

"ഇറ്റ് ഇസ് റീയലി ഇന്ററസ്റ്റിങ്... ഞാ തനിക്ക് കുടിക്കാൻ വല്ലതും വേണോ..."

"വേണ്ട. എനിക്കു വീട്ടിൽ പോകണം."

"കുടിച്ചിട്ട് ഭാര്യയുടെ മുമ്പിൽ ചെല്ലാൻ പേടിയാണോ....ഹ...ഹ.. എങ്കിൽ ഇവിടെ തന്നെ കഴിയാം. പണ്ട്. അങ്ങനെയല്ല.. ശ്രീമതിക്ക് അതറിയുകയും ചെയ്യാം. ഞാൻ പറഞ്ഞയക്കാം."

"വീട്ടിൽ ഒന്നുപോയിട്ടുവരാം. ആ മാലയും എടുത്തോണ്ടു വരാം. വിലകൂടിയ സാധനം സൂക്ഷിക്കാതെ വച്ചാൽ."

"സൂക്ഷിക്കാതെയോ.. തന്റെ ഭാര്യയുടെ കയ്യിലല്ലേ അത് ഇരിക്കുന്നത്."

"ഞാ...അ...തേ. അവളുടെ കയ്യിൽതന്നെ. എങ്കിലും. ഒരിക്കൽ കൊള്ള നടന്നത്...."

"താനൊരു പന്ന ബ്രാഹ്മണൻ തന്നെ. കൊള്ളക്കാരതിന് തന്റെ അവിടെയല്ലല്ലോ വന്നത്..."

മഹിപാൽ ഒരു പൊള്ളച്ചിരിചിരിച്ചു. എന്നിട്ട് പറഞ്ഞു "അല്ല.. എന്നാലും ഒന്ന് പോയിട്ടുവരാം. ശരി, ഇന്ന് തന്റെ വീട്ടിൽത്തന്നെകഴിയാം. പറഞ്ഞിട്ട് വരാം.."

രൂപരത്തന്റെ കൈ, കോളിങ് ബെല്ലിന്റെ സ്വിച്ചിലോട്ട് നീണ്ടു. അർദ്ദലി എത്തി. "വണ്ടി ഇറക്കാൻ പറ. പണ്ഡിത്ജിയെ കൊണ്ടു പോകാൻ.."

36

ഹോളിയുടെ തലേദിവസം വൈകുന്നേരം. പകൽ മുഴുവൻ ഒരു ചിത്രരചനയിൽ മുഴുകിയിരുന്ന സജ്ജൻ, പിൻവശത്തെ വരാന്തയിലിരുന്ന് ചായ കുടിക്കുകയാണ്. പെട്ടെന്ന് ശിപായി മുന്നിൽ വന്നിട്ട് പറഞ്ഞു. "അങ്ങുന്നിന്റെ അമ്മാവി അമ്മയും അളിയനും വന്നിട്ടുണ്ട്. വേറെ ഒരു സ്ത്രീയും അവരോടൊപ്പമുണ്ട്..." പുതിയ ബന്ധുക്കളുടെ പേരുകേട്ട് സജ്ജൻ ഞെട്ടി. അവരെക്കുറിച്ചറിവില്ലാത്തതല്ല, കല്യാണം കഴിഞ്ഞ സ്ഥിതിക്ക് ഭാര്യവീട്ടിലെ ബന്ധുക്കളെ കുറിച്ച് അറിയാതിരിക്കുമോ? പക്ഷേ പെട്ടെന്നിങ്ങനെ...?

സ്വർഗസ്ഥനായ റായ്ബഹാദൂർ കന്നോമലിന്റെ പൗത്രനും, തന്റെ ജാമാതാവുമായ കലാകാരന്റെ ഡ്രായിംഗ് റൂമിൽ, നാലുപാടും അമ്പരപ്പോടെ എല്ലാം

നോക്കി, സ്വന്തം പുത്രിയുടെ ഭാഗ്യത്തിൽ അസൂയപ്പെടുകയായിരുന്നു മാസ്റ്റർ ജഗദംബ സഹായിയുടെ പത്നി. അവരുടെ അടുത്തുതന്നെ തന്റെ പുത്രന്റെ ഭാഗ്യം കെട്ട ഭാര്യ ഇരിക്കുന്നു. മറ്റൊരു സോഫയിൽ സജ്ജന്റെ അളിയൻ, നെറ്റിത്തടത്തിലും കാതുകളുടെ മുകൾഭാഗത്തും സിന്ദൂരപ്പൊട്ടും തൊട്ട്, ചമ്രം പടിഞ്ഞിരിക്കുന്നു. കണ്ണുകൾ പൂട്ടി ധ്യാനമഗ്നനായിട്ടാണിരുപ്പ്.

സജ്ജൻ ഒട്ടൊരു നാണത്തോടെ ഹാളിലേയ്ക്കുചെന്നു. അമ്മായിയെ ഒന്നു നോക്കി. നീണ്ടു മെലിഞ്ഞ ശരീരം. ചെറുപ്പത്തിൽ സുന്ദരിയായിരുന്നിരിക്കണം. വെറ്റിലക്കറ പിടിച്ച ചുണ്ടുകൾ. കണ്ണിൽ പീളയടിഞ്ഞിരിക്കുന്നു. കുറേ നാളായിരിക്കണം കുളിച്ചിട്ട്. മറ്റേ യുവതി, മുഖം പർദ കൊണ്ട് മറച്ചിട്ടില്ലെങ്കിലും, മൂടുപടം അല്പം താഴോട്ട് വലിച്ചിട്ട് തലകുമ്പിട്ടിരിക്കുകയാണ്. വിളറിയ മുഖം. അതിൽ ദുഃഖം നിഴലിട്ടു നിൽക്കുന്നു. അളിയനെ ആദ്യനോട്ടത്തിൽത്തന്നെ ഒരു വിചിത്ര ജീവിയായി തോന്നി. മനസ്സിൽ ചിരിപൊട്ടി. സജ്ജനെ കണ്ടതും, അമ്മായിയും, യുവതിയും എഴുന്നേറ്റു. അളിയൻ കണ്ണൊന്നു തുറന്ന്, മുഖം തിരിച്ച്, ശിവൻ കാമദേവനെ ദഹിപ്പിക്കാൻ അയച്ചതുപോലൊരു നോട്ടം സജ്ജന്റെ മുഖത്തേക്ക് തൊടുത്തു. "ഭജരംഗബലി-ഭജരംഗ" എന്നൊരു ശബ്ദം പുറപ്പെടുവിച്ചിട്ട് വീണ്ടും തലകുനിച്ച് കാൽമുട്ടുകൾ വിറപ്പിച്ചുകൊണ്ട് ഇരുപ്പു തുടർന്നു. സജ്ജൻ തൊഴുതു. അമ്മായി അനുഗ്രഹിച്ചു.

"ഞങ്ങളുടെ കുഞ്ഞ് കഴിഞ്ഞജന്മം വലിയ പുണ്യം ചെയ്തിരിക്കണം. അതാണ് ഇതുപോലൊരു വീട്ടിലെ ഭർത്താവിനെ കിട്ടിയത്. മോനെ, നിന്റെവീട്ടിലെ വേലക്കാരനോടു ബന്ധപ്പെടാൻപോലും ഞങ്ങൾക്ക് വാസ്തവത്തിൽ അർഹതയില്ല. നിന്നെപ്പോലൊരു മരുമോനെ കിട്ടിയത് ഞങ്ങളുടെ ഭാഗ്യം, എന്നുപറഞ്ഞുകൊണ്ട്, അമ്മായിഅമ്മ, ഇടുപ്പിൽ തിരുകിവച്ചിരുന്ന ഒരു ഉറുമാലെടുത്ത് അതിലെ കെട്ട് അഴിക്കാൻ തുടങ്ങി. അതിൽനിന്നൊരു മോതിരം പുറത്തെടുത്തു. സജ്ജന്റെനേരേ നീട്ടിക്കൊണ്ട് പറഞ്ഞു

"ഇത്-"

"എന്താണിത്?"

"ഇത് മേടിച്ചേപറ്റൂ. മുറപ്രകാരം കല്യാണം നടന്നാൽ ഈ ചടങ്ങെല്ലാം നടത്തണം. അന്യോന്യം കൊടുക്കൽവാങ്ങലും വരുമ്പോഴും പോകുമ്പോഴും ദക്ഷിണയും വാതിലുകാണലും, എല്ലാം ഉണ്ട്. നീ ഞങ്ങളെക്കൊണ്ട് ഒരു ചില്ലിക്കാശുപോലും ചെലവാക്കിച്ചില്ല." പീള നിറഞ്ഞ കണ്ണിൽ വാത്സല്യം തുളുമ്പിച്ചുകൊണ്ട്, അമ്മായിഅമ്മ സജ്ജന്റെ വലത്തേ കയ്യ് പിടിച്ച്, വിരലിൽ കിടന്ന പത്മരാഗത്തിന്റെ വലിയ മോതിരത്തിന്റെതൊട്ടടുത്തായി നേർത്ത ഒരു സ്വർണ മോതിരം ഇട്ടുകൊടുത്തു. പിന്നെ ആശീർവാദമായി. അമ്മായിയുടെ പെരുമാറ്റത്തിൽ സ്നേഹം കാണാൻകഴിഞ്ഞെങ്കിലും, അതിലേറെ കൃത്രിമനാട്യമാണു മുന്നിട്ടു നിൽക്കുന്നതെന്ന് സജ്ജന് തോന്നി.

"ഹരി ഓം. ബജരംഗ്ബലി" അളിയൻ സമാധിയിൽ നിന്നുണർന്നു. ഒന്നു നിശ്വസിച്ചു. പകുതിയടഞ്ഞ കണ്ണുകൾ കൊണ്ട് സ്വസഹോദരീഭർത്താവിനെ ഒന്നു നോക്കി അയാളെക്കാണുമ്പോൾ സജ്ജന് ഉള്ളിൽ നേരിയൊരു ഭയം. നീണ്ടു മെലിഞ്ഞ്, വിളറിവെളുത്ത സ്യാലപത്നി ഒതുങ്ങിക്കൂടി കുമ്പിട്ടിരിക്കുകയാണ്.

"മോനേ, നിന്റെ അളിയന് മധുരം കൊടുക്ക്, ഇങ്ങനെ നോക്കുന്നതെന്ത്?

(സജ്ജനോടായി) ഇവന് സഹോദരിയെ പ്രാണനാണ് കുഞ്ഞിലേ തന്നെ. അവൾക്കും ചേട്ടനോട് വലിയ സ്നേഹമാണ്, ..എന്തുചെയ്യാം.. തലവിധി ഇങ്ങനെയായിപ്പോയി മോനേ."

പുറത്ത് പോർട്ടിക്കോയിൽ കാർ വന്നു നിന്നു. കതകുതുറക്കുകയും അടയ്ക്കുകയും ചെയ്യുന്ന ശബ്ദം കേട്ട സജ്ജന്റെ ഹൃദയത്തിൽ തണുത്തകാറ്റ് വീശാൻ തുടങ്ങി. മുഖം പ്രസന്നമായി. കണ്ണുകൾ വാതിൽക്കലേക്ക് പാഞ്ഞു. ഈ ബന്ധുക്കളുടെ സഹവാസത്തിന് ചെറിയൊരു ശ്വാസംമുട്ടൽ അനുഭവപ്പെട്ടു തുടങ്ങിയതാണ്. കന്യ കടന്നുവന്നു. തുന്നൽപ്പണികളുള്ള സാരി, നേരിയ കമ്പിളി കൊണ്ട് തുന്നിയ ബ്ലൗസ്, ചോക്ലറ്റ് നിറത്തിലുള്ള ഷാൾ, കിന്നരിവെച്ച വാറുകളുള്ള വെള്ള ചപ്പൽ.... അവൾക്ക് നല്ലവണ്ണം ഇണങ്ങുന്നുണ്ടെല്ലാം.

മാസങ്ങൾക്ക് ശേഷമാണ്, അമ്മ മകളെക്കാണുന്നത്. ബാലിക സ്ത്രീയായി മാറിയിരിക്കുന്നു. മുഖത്ത് ഗൗരവം വന്നിട്ടുണ്ട്. നടപ്പിലും നോട്ടത്തിലും മട്ടിലുമെല്ലാം പഴയതിൽ നിന്ന് മാറ്റം വന്നിരിക്കുന്നു. എന്നാൽതന്നെയും ചേട്ടനെയും മറ്റും കണ്ടപ്പോൾ അവളുടെ മുഖത്തു വിരിഞ്ഞ സന്തോഷം കണ്ടതോടെ പഴയ കന്യ തന്നെയാണ് മുന്നിൽ നിൽക്കുന്നതെന്ന് അമ്മയ്ക്ക് തോന്നി. ആയിരം ദൂഷ്യങ്ങൾ അന്യോന്യം കാണാനുണ്ടെങ്കിലും അവർ അമ്മയും മകളും തന്നെ. കന്യയുടെ ഭർത്താവിന് വരയ്ക്കാൻ ഒരു വിഷയം കിട്ടി. തള്ളയുടെ മുഖത്തും, തള്ളയെക്കാളേറെ കന്യയുടെ നാത്തൂന്റെ മഞ്ഞളിച്ച മുഖത്തും കന്യയെ കണ്ടപ്പോഴുണ്ടായ ഒരു പ്രത്യേക പ്രകാശവും ശോഭയും, സജ്ജന്റെ ഹൃദയത്തിൽ അത്യന്തം ആഴത്തിൽ പതിഞ്ഞു.

ബന്ധങ്ങളുടെ കെട്ട് വിചിത്രം തന്നെ. വലിക്കുന്തോറും മുറുകുന്ന ഒന്നാണത്. കൂടുതൽ ഉറപ്പുള്ളതായി മാറുന്നു. കന്യയുടെ ജ്യേഷ്ഠൻ അതേ ചമ്രം പടിഞ്ഞിരിപ്പാണ്. ഒരിക്കൽ കണ്ണ് തുറന്ന്, അനിയത്തിയും അമ്മയും തമ്മിലുള്ള സമാഗമം ഒന്നു നോക്കി. പിന്നെ അതെല്ലാം മായയാണെന്ന വിചാരത്തോടെ സ്വസമാധിയിൽ ലീനനായി.

കന്യ, നാത്തൂനെ കെട്ടിപ്പിടിച്ചു. ചിരിച്ചുകൊണ്ട് അല്പം ഒന്നു മാറിനിന്ന് അമ്മയോട് സംസാരിച്ചു. ചേട്ടന്റെ കാലിൽ തൊട്ടുതൊഴുതു. പക്ഷേ അദ്ദേഹത്തിന്റെ സമാധിക്ക് ഭംഗം വന്നില്ല. സമാധിമുദ്രയിലിരുന്ന ആ മുഖം ശൂന്യതയ്ക്ക് ആകാരം കൊടുത്ത ഒരു കാർട്ടൂൺ ചിത്രം പോലെ തോന്നിച്ചു. "ഈ അളിയൻ ശുദ്ധ മൂഢൻ തന്നെ" സജ്ജൻ ഹാസ്യഭാവത്തിൽ ചിന്തിച്ചുപോയി.

സജ്ജന്റെ അമ്മായി, മകളുടെ കഴുത്തിൽ മുത്തുമാല അണിയിക്കുകയാണ്. ഹൃദയംഗമമായ ഒന്നാണാപ്രവൃത്തിയെന്ന് കണ്ടാൽ തോന്നില്ല.

"ഹരി ഓം ബജരംഗ് ബജരംഗ് " അളിയൻ സമാധി ഉണർന്നു. എല്ലാവരെയും തുറിച്ചൊന്നു നോക്കി. അമ്മ മകനോട് പറഞ്ഞു "മോനേ, നീ ഇതെന്തോന്ന്. സഹോദരി വീട്ടിൽ വിരുന്ന് വന്നിട്ട്–"

"എന്താ മി. സജ്ജൻവർമ്മ ഞാൻ നിങ്ങളുടെ മാളികയിലിരുന്ന് എന്റെ ബീഡി ഒന്നു വലിച്ചോട്ടോ..?"

"ചേട്ടാ ഇതെന്തുസംസാരം. വലിക്കണമെങ്കിൽ അങ്ങു വലിച്ചൂടേ" കന്യ ചേട്ടനെ ചെറുതായൊന്നു ശാസിക്കാൻ തുനിഞ്ഞു.

സജ്ജൻ ഗൗണിൽ നിന്ന് സിഗററ്റ് കേസും ലൈറ്ററും എടുത്ത് അളിയന്റെ

നേരെ നീട്ടി. അളിയൻ പറഞ്ഞു "ഞാൻ നിങ്ങളുടെ വീട്ടിലെ ഒന്നും സ്വീകരിക്കില്ല."

സജ്ജൻ സിഗററ്റ് കേസ് കീശയിലിട്ട് കന്യയോടായിപ്പറഞ്ഞു "എനിക്കല്പം ജോലിയുണ്ട്. ഞാൻ പോകുന്നു. നീ അമ്മയേയും മറ്റും–"

"മോനേ, നിന്നോടൊരു കാര്യം പറയാനുണ്ട്" അമ്മായി മരുമകനോടായി പറഞ്ഞു. സജ്ജൻ നിന്നു. വനകന്യ ഭർത്താവിന്റെ മുഖഭാവം പഠിക്കാൻ ശ്രമിച്ചു. ഗാംഭീര്യത്തിന്റെ പർദയ്ക്കു പിന്നിൽ അധരങ്ങളുടെ വക്കിൽ നേരിയൊരു ചിരി തത്തിനിൽപ്പുണ്ട്. അടുത്ത് വന്നിരിക്കാൻ അമ്മായി നിർബന്ധിച്ചു. "എനിക്കിതാണിഷ്ടം" എന്നുപറഞ്ഞ് സജ്ജൻ അവിടെ നിന്നു. തള്ള എന്തോ പറയാൻ മുതിരുമ്പോഴേക്കും ചേട്ടൻ വിളിച്ചു.

"അനിയത്തീ?"

"എന്താ?"

"ഞാനിന്നിവിടെ വന്നതെന്തിനാണെന്നറിയാമോ? ഇന്നലെ രാത്രി ഞാനും ശങ്കരപ്രഭുവും തമ്മിൽ ഇതു സംബന്ധിച്ച് വാഗ്വാദം ഉണ്ടായി. അദ്ദേഹം പറഞ്ഞു 'മോനേ നീ അനിയത്തിയുടെ വീട്ടിൽ പോകണം'. ഞാൻ തീർച്ചയായും പോവില്ലെന്ന് ഞാൻ പറഞ്ഞു. അപ്പോൾ ശങ്കർജിക്ക് വാശിയായി. ഞാനും വാശി പിടിച്ചു. പിന്നെ എന്റെ അലിഗഞ്ചുകാരനാണ് (അലിഗഞ്ചിലാണ് ലഖ്നൗവിലെ പുരാതന ഹനുമാൻ ക്ഷേത്രം) മാധ്യസ്ഥം വഹിച്ചത്."

എല്ലാവരും അയാളെത്തന്നെ നോക്കി. മൂകയായി നിന്ന കന്യയുടെ അമ്മയ്ക്ക് സജ്ജനോട് തനിക്ക് പറയാനുള്ളത് പറയാൻ തിടുക്കം. പക്ഷേ മകൻ സംസാരം നിറുത്തണ്ടേ. "അനിയത്തീ ഇപ്പോഴെന്റെ സിദ്ധി മുമ്പിലത്തേതിലും വളരെ കൂടിയിട്ടുണ്ട്; അറിയാമോ? വേണമെങ്കിൽ നിന്റെ വീട്ടിലെ സർവ സാധനങ്ങളും ഒരു നിമിഷം കൊണ്ട് എന്റെ വീട്ടിൽ എത്തിക്കാൻ കഴിയും. പക്ഷേ ചെയ്യില്ല. എനിക്ക് ഈ മായാമോഹത്തിൽ ആഗ്രഹമില്ല. എനിക്ക് സിദ്ധി കൈവന്നപ്പോൾ എന്നോട് പറഞ്ഞതാണ് നിനക്കുവേണമെങ്കിൽ നിന്റെ തലയണയുടെ അടിയിൽ ദിവസവും ഒരു ലക്ഷം രൂപയുടെ നോട്ടു പ്രത്യക്ഷപ്പെടുത്താമെന്ന്. എന്റെ സ്ഥാനത്ത് അമ്മയായിരുന്നെങ്കിൽ ഈ മായാവലയത്തിൽ വീണേനെ. പക്ഷേ എന്റെ ഗുരു ബജരംഗബലി എന്റെ കാതിൽ പറഞ്ഞിട്ടുണ്ട്, 'ബിഷ്ണുസഹായ്, ഈ മായാചക്രത്തിൽ പെടരുത്.' ഞാൻ നിനക്ക് ഈശ്വരദർശനം തരണമോ?..."

"എന്താടാ നീയീപുലമ്പുന്നത്? ഒന്നടങ്ങിയിരി" കന്യയുടെ അമ്മ വിളിച്ചു പറഞ്ഞു.

"ഞാൻ പുലമ്പുന്നെന്നോ...? എന്റെ സിദ്ധിയിൽ വിശ്വാസമില്ലേ പറയൂ?" സജ്ജന്റെ അളിയൻ തന്റെ അമ്മയോട് ഗർജിച്ചു. അയാളുടെ ഭാര്യയുടെ മുഖം ഭയന്നു വിറച്ച് മഞ്ഞനിറം പൂണ്ടു. അവൾ മെല്ലെ ശ്വശുരയോട് പറഞ്ഞു. "വിശ്വാസമുണ്ടെന്ന് പറയണമമ്മേ."

ചേട്ടൻ ഉറക്കെ പല്ലിറുമ്മിക്കൊണ്ട്, ചുവന്ന കണ്ണുകൾ ഉരുട്ടി തള്ളയുടെ നേർക്ക് അടുക്കുകയാണ്. സജ്ജൻ അളിയന്റെ കൈ ബലമായി പിടിച്ച് വലിച്ചിട്ട് പറഞ്ഞു.

"അവിടെ പോയി മിണ്ടാതിരിക്കണം."

അളിയൻ ഭയന്ന്, പോയി മുറുമുറുക്കാൻ തുടങ്ങി "എന്നെ ബിഡി വലി

ക്കാനും സമ്മതിക്കില്ല. ഞാൻ ശങ്കരപ്രഭുവിനോട് പറയും. മൈ ഗുരു വിൽ സീയൂ" കോപിച്ചു തുടുത്ത കണ്ണുകൾ കൊണ്ട് തുറിച്ച് നോക്കിയിട്ട് പല്ല് ഞെരിച്ചുകൊണ്ട് പറഞ്ഞു. എന്നിട്ട് അവിടെനിന്ന് ചുടുനിശ്വാസം ഉതിർക്കാൻ തുടങ്ങി.

മാസ്റ്റർ ജഗദംബസഹായയുടെ ധർമ്മപത്നി സ്വപുത്രിയോട് പറഞ്ഞു "അന്നത്തതിനുശേഷം ഇവന്റെ അവസ്ഥയിതാണ്. നിമിഷങ്ങൾ എണ്ണിയാണ് ഞങ്ങൾ ദിവസം കഴിച്ചു കൂട്ടുന്നത്. വീട്ടിലെ സ്ഥിതിയെക്കുറിച്ചെന്തു പറയാൻ? (സജ്ജനോടായി) മോനേ എല്ലാ കുടുംബത്തിലെയും കാര്യം എടുത്ത് നോക്ക്. ഞങ്ങൾ ഇതിനും വേണ്ടി എന്തുചെയ്തു. നീ തന്നെ ഇതിനൊരു വഴികണ്ടുപിടിക്കണം."

"അതൊക്കെ ഇപ്പോഴെന്തിന് പറയുന്നമ്മേ?"

മനസ്സിലെ ദു:ഖവും വിവശതയും നിയന്ത്രിച്ചിട്ട് കന്യ പറഞ്ഞു.

ചേട്ടൻ, അതായത് വിഷ്ണുസഹായ്, പെട്ടെന്നെഴുന്നേറ്റ്, വട്ടമേശയിലിരുന്ന പലഹാരക്കൂടയിൽ കൈയിട്ടു. അമ്മ മകളോട് മറുപടി പറയാൻ തുടങ്ങിയത് ഉപേക്ഷിച്ചിട്ട് മകനെ ശാസിച്ചു. "എടാ നിന്റെ തല തിരിഞ്ഞുപോയോ? അനിയത്തിയുടെ വീട്ടിലെ-"

"എല്ലാം മായയാണ്. മിഥ്യയാണ്. മിണ്ടരുത്" അയാൾ കുറെ പലഹാരക്കഷണങ്ങൾ വാരിയെടുത്ത് വായിലിട്ടു.

മാസ്റ്റർ സാഹിബ്ബിന്റെ ധർമ്മപത്നി, മകളുടെയും ജാമാതാവിന്റെയും നേരെ ദയനീയമായി നോക്കിയിട്ടു പറഞ്ഞു. "ഇതാണ് സ്ഥിതി, ഇവൻ കാരണം വീട്ടിൽ ആർക്കും ഉറക്കമില്ല. ഒരു ജോലിയും ചെയ്യാൻ വയ്യ. അടുക്കളയിൽ കേറി വച്ചതെല്ലാം വാരിത്തിന്നും. ചിലപ്പോൾ വാരി ദൂരെ എറിയും. എന്തു പറയാൻ. ഇവന്റെ തല്ലുകൊണ്ട് എല്ലാവരുടെയും ജീവൻ പാതി പോയിരിക്കുകയാണ്. നീ നിന്റെ അച്ഛനെ ജയിലിലടച്ചു. ഇനി ഇവനെയും ഭ്രാന്താശുപത്രിയിലാക്ക്. എന്നിട്ട് ഞങ്ങൾക്കിത്തിരി വിഷം വാങ്ങി-" അവരുടെ കണ്ണുകളും കണ്ഠവും നിറഞ്ഞു തുളുമ്പി. കണ്ണു തുടച്ചതു കൊണ്ട് ഒരു ഗുണമുണ്ടായി. പീളയെല്ലാം പോയി കണ്ണ് ശുദ്ധമായി. പെട്ടെന്ന്, സജ്ജൻ കന്യയുടെ ചുമലിൽ ഒരു കൈവച്ചിട്ട് ചോദിച്ചു "ഇയാളെ ബാബാജിയുടെ അവിടെ കൊണ്ടാക്കിയാലോ..."

ഹൃദയത്തിലെ ദുഃഖവും, തീരുമാനമെടുക്കാനാവാത്തസ്ഥിതിയും കൊണ്ടവൾ, ഭർത്താവിന്റെ കണ്ണിൽ നോക്കിയിട്ട് പറഞ്ഞു "അമ്മയോട് ചോദിക്കൂ...."

അമ്മയതുകേട്ട് "ഭ്രാന്തായിപ്പോയി. വീട്ടിൽ ആണുങ്ങളാരുമില്ലാത്തതുകൊണ്ട് വല്യ ശല്യം." എന്നിട്ട് പെട്ടെന്നവർ സജ്ജന്റെ കാൽക്കൽ വീണു. സജ്ജനാകെ അസ്വസ്ഥനായി. പിടിച്ചെണീപ്പിച്ചിട്ട് പറഞ്ഞു. "ഇതെന്താ... നിങ്ങളിതെന്താണ് ചെയ്യുന്നത്? എഴുന്നേൽക്കണം...."

"മോനെ, എന്റെ ഭർത്താവിനെ എനിക്ക് തിരിച്ചുതരണം. ഈശ്വരൻ നിന്നെ അനുഗ്രഹിക്കും. അദ്ദേഹം എങ്ങനെയുള്ളവനായാലും എന്റെ ആശ്രയമാണ്. അദ്ദേഹത്തിനുവേണ്ടി ഞാൻ എന്തൊക്കെ പാടുപെട്ടതാണെന്നോ."

"അച്ഛൻ നിയമത്തിന്റെ കൈയിലാണ്. ഞങ്ങൾക്കൊന്നും ചെയ്യാൻ കഴിയില്ല."

"ഞാൻ നിന്നോടല്ല പറഞ്ഞത്. നീ ആരുടെ ബലത്തിലാണോ നിന്റെ അച്ഛനെ ജയിലിൽ അടച്ചത്, അന്ന്, അയാൾ എനിക്കാരുമായിരുന്നില്ല. ഇപ്പഴവനെന്റെ മോനാണ്. എനിക്കും ഒരവകാശമുണ്ട്..."

കന്യയുടെ മുഖം കോപം കൊണ്ട് ചുമന്നു. അമ്മായിയുടെ അവകാശപ്ര

ഖ്യാപനം കേട്ട് സജ്ജന് മനസ്സിന് നേരിയൊരു ഭയം. പക്ഷേ കന്യയുടെ കോപം കണ്ടപ്പോൾ അയാൾ സമാധാനിച്ചിട്ട് മധുരമായി കാര്യം പറഞ്ഞ് മനസ്സിലാക്കാൻ ശ്രമിച്ചു. "അമ്മയ്ക്ക് പൂർണഅവകാശമുണ്ട്. അത് ഞാൻ നിഷേധിക്കുന്നില്ല. പക്ഷേ ഇക്കാര്യത്തെ കുറിച്ച് എന്നോട് ഒന്നും പറയാതിരുന്നാൽ ഉപകാരമായി. എന്നെക്കൊണ്ട് ഒന്നും നടക്കില്ല. സർക്കാർ അദ്ദേഹത്തിനെതിരേ കേസ് നടത്തുകയാണ്...."

"നീ ജാമ്യം നിന്നാൽ വിടുമെന്ന് എല്ലാരും പറയുന്നു. നിനക്ക് എല്ലാടത്തും പിടിയുണ്ടെന്ന്...." ഭർത്താവിന്റെ മുഖത്തേക്കു പെട്ടെന്ന് ഒന്നു നോക്കിയിട്ട് കന്യ അമ്മയോട് പറഞ്ഞു. "അമ്മേ ഞാൻ നിങ്ങളെ തൊഴാം. വേറെ എന്തു പറഞ്ഞാലും ചെയ്യാം. ഇദ്ദേഹത്തെക്കൊണ്ട്, തെറ്റായതൊന്നും ചെയ്യിക്കരുത്...."

"തെറ്റാരാണ് ചെയ്യാത്തത്?"

"അച്ഛൻ തെറ്റല്ല കുറ്റമാണ് ചെയ്തത്..."

"കുറ്റം ചെയ്തത് അദ്ദേഹമല്ല." മാസ്റ്റർ സാഹബിന്റെ ധർമ്മപത്നിയുടെ സ്വരം തീവ്രമായി. ആവേശഭരിതയായി അവൾ ഉച്ചത്തിൽ പറഞ്ഞു "നിന്റെ ചിറ്റമ്മ ചെയ്തതാണെല്ലാം. അവളെ പിടിപ്പിക്കാത്തതെന്ത്? ആ തേവിടിശ്ശി എന്റെ കരളാണ് കത്തിച്ചത്. (പൊട്ടിക്കരഞ്ഞ് അലമുറയിടുംവണ്ണം) എന്റെ തലയിൽ തീ കോരിയിട്ടില്ലേ? അവൾ ചെയ്തപോലെ അവൾക്കും സംഭവിക്കും...."

"വെള്ളം" മധുരപലഹാരം തൊണ്ടയിൽ കുടുങ്ങിപ്പോയി. സജ്ജൻ അങ്ങോട്ടുനോക്കി. ഒരു കയ്യ് തൊണ്ടയിലും മറ്റൊന്നു തലയിലും താങ്ങി ദീന ഭാവത്തിൽ ഇരിക്കുകയാണ് അളിയച്ചാർ. സജ്ജൻ മുമ്പോട്ടു നീങ്ങി മണി പിടിച്ചടിച്ചു. ഒരു വേലക്കാരൻ പെട്ടെന്ന് പ്രത്യക്ഷപ്പെട്ടു.

"വെള്ളം കൊണ്ടുവാ" എന്നു പറഞ്ഞിട്ട് തിരിയുമ്പോഴേക്കും കതകിന്റെ കർട്ടനു പുറത്ത് മാറിനിന്ന് ഈ തമാശയെല്ലാം കണ്ട് രസിക്കുന്ന മറ്റു വേലക്കാരെ സജ്ജൻ കണ്ടു. അവർ ഇതെല്ലാം കണ്ടു. ഇനി ഇതിനെക്കുറിച്ച് സംസാരിക്കും. കളിയാക്കും. തന്റെ പുതിയ ബന്ധുക്കളായ അളിയന്റെയും അമ്മായിയുടെയും വൃത്തികെട്ട രൂപം സജ്ജന്റെ ഹൃദയത്തിൽ പുതിയ രീതിയിൽ പ്രത്യക്ഷപ്പെട്ടു. ഇതിയാളുടെ ബന്ധുക്കളാണ്. തന്റെ ഭാര്യയുടെ അമ്മയും സഹോദരനും. അവരെ ബന്ധുക്കളെന്നു വിളിച്ചേ പറ്റൂ. എന്തൊരു നാണക്കേട്! കന്യ ഈ വീട്ടിൽ വന്ന് ബഹുമാനം നേടി. അവളുടെ ഒരു പെരുമാറ്റത്തിലും യാതൊരു കുറവും കണ്ടെത്താൻ കഴിഞ്ഞില്ല. ഇക്കാര്യങ്ങളിൽ പ്രഭുക്കന്മാരെക്കാൾ അവരുടെ വീട്ടിലെ വേലക്കാർക്കാണ് കുറ്റം കണ്ടുപിടിക്കാൻ മിടുക്ക്. ഇന്ന് ഈ അമ്മായിയും അളിയനും ചേർന്ന് കന്യയുടെ കുലീനതയെ കുറിച്ച് ഇവരിൽ മോശപ്പെട്ട ഇംപ്രഷനുണ്ടാക്കും.

വെള്ളം കൊണ്ടു വന്നു. ഒരു കൈകൊണ്ട് ഗ്ലാസ് വാങ്ങി അയാൾ കുടുകുടാ കുടിച്ചു. പലഹാരം തൊണ്ട വിട്ടിറങ്ങിയപ്പോൾ "ഹരി ഓം ബജരംഗ് ബജരംഗ്" എന്ന് ഉരുവിട്ടിട്ട് ദീർഘശ്വാസം വിട്ടു. എന്നിട്ട് അടുത്തു നിന്നിരുന്ന അളിയനനോടായിപ്പറഞ്ഞു "എന്താ മി:സജ്ജൻ വർമ്മ, വല്ല സാധനയോ, തപസ്സോ വല്ലതും നടത്തുന്നുണ്ടോ?"

സജ്ജൻ ആ ചോദ്യം കേട്ട് അമ്പരന്നു. വേലക്കാർ നിൽക്കുന്നു. ഒന്നും പറയാൻ വയ്യ. അയാൾ കന്യയുടെ അടുത്തേക്കു ചെന്നു. അവളെ അല്പം അകല

ത്തേക്കു മാറ്റി രഹസ്യമായി പറഞ്ഞു "കന്യേ, ദൈവത്തെ വിചാരിച്ച് ഇവരെ ഒന്നു പറഞ്ഞയയ്ക്ക്, വല്ല അമ്പതോ നൂറോ വേണമെങ്കിൽ കൊടുക്ക്..."

പുറത്ത് പോർട്ടിക്കോയിൽ ഏതോ കാർ വന്നു നിന്ന ശബ്ദം. സജ്ജൻ നടുങ്ങി. പുറത്തുള്ളവരാരെങ്കിലും ഈ ബന്ധുക്കളെ കണ്ടാൽ എന്തു വിചാരിക്കും! മറ്റൊരു വേലക്കാരൻ മുറിയിലേക്കു വന്നിട്ടു പറഞ്ഞു "ഡോക്ടർ കൊച്ചമ്മ വന്നിട്ടുണ്ടങ്ങുന്നേ..." സജ്ജൻ കന്യയെ നോക്കി. "ഷീല വന്നിരിക്കുന്നു നീ അങ്ങോട്ട് ..."

"അങ്ങു പോയി അവരെ സ്വീകരിക്കൂ. ഞാനിവരെ അയച്ചു വന്നേക്കാം...."

സജ്ജൻ വരാന്തയിലെത്തി. "ഹലോ.." ഷീലയുടെ ശബ്ദത്തിലും പുഞ്ചിരിയിലും ക്ഷീണം തോന്നിക്കുന്നു. "ഹലോ ഷീലാ, എന്താ തോഴികളെ ഉപേക്ഷിച്ചിട്ട് ഇപ്പോഴെങ്ങനെ വന്നു?"

"ജാപ്പലിങ് റോഡിൽ ഒരു പേഷ്യന്റിനെ കാണാൻ പോവുകയായിരുന്നു. ഒരു മിനിട്ട് നിങ്ങളെ കണ്ടിട്ടു പോകാമെന്നു കരുതി..."

"വരൂ മുകളിലേക്കു പോകാം."

"വേണ്ട പുറത്തേക്കു വരൂ. നിങ്ങളോട് ഒരു കാര്യം പറയാനുണ്ട്."

പോർട്ടിക്കോക്കു പുറത്ത്, ചെടികൾക്കരികിലൂടെ അവർ നടന്നു. രണ്ടു പേരും ഒന്നും മിണ്ടിയില്ല. ലോണിലേക്കു കടക്കാനുള്ള വഴിയിൽ മുളകൊണ്ടുള്ള ഗേറ്റിനരികിലെത്തിയപ്പോൾ ഷീല നിന്നു. "ദുർജൻ..." പറയുന്നതിനിടയിൽ അവരുടെ ശബ്ദം താണു ദയനീയമായി. സജ്ജന്റെ മുഖത്തു നോക്കിക്കൊണ്ട് വേദന നിറഞ്ഞ സ്വരത്തിൽ ചോദിച്ചു "എന്താ നിങ്ങളുടെ സുഹൃത്ത് എന്നെ ഇനി ഒരിക്കലും കാണില്ലേ?"

സജ്ജന്റെ ഹൃദയത്തിൽ ഈ വാക്കുകൾ ഒരമ്പുകണക്കെ കൊണ്ടു. "അയാൾ ഈയിടെ നിങ്ങളെ കാണാറില്ലെന്ന് ഞാനറിഞ്ഞതേയില്ല...."

"ഒരു പാട് മാസമായി. അന്നവിടത്തെ വിരുന്നിന് കണ്ടതാണ്. ഇറ്റ് വാസ് ഇൻ ജനുവരി, ഇരുപത്തിഅഞ്ചാം തീയതിയാണെന്നു തോന്നുന്നു."

"വല്ല പ്രത്യേക കാര്യവും ഉണ്ടായോ?"

"എന്തു പറയാൻ. ഐ വാസ് നോ ഗ്രജ് എഗൻസ്റ്റ് ഹിസ് വൈഫ്. എന്നാൽ ഒന്ന് സത്യമാണ്. മഹിപാലിനെ പോലുള്ള ഒരു ജീനിയസ്സിനെ മനസ്സിലാക്കാൻ അവൾക്കു കഴിയില്ല. അയാൾ എത്ര ക്ഷീണിച്ചു പോയെന്നോ? ഇന്നലെ അമീനാബാദിലെ റോഡ് മുറിച്ച് കടക്കുന്നതു കണ്ടു.. ഐ കാണ്ട് ബെയർ ദിസ് എനി മോർ.." പറഞ്ഞു പറഞ്ഞു ഷീലയുടെ കണ്ഠം ഇടറി. വാനിറ്റിബാഗ് തുറന്നവൾ ഉറുമാലെടുത്തു.

ഷീലയുടെ ചുമലിൽ കൈവച്ച്, ആശ്വസിപ്പിച്ചു കൊണ്ട് സജ്ജൻ പറഞ്ഞു. "ഡോണ്ട് ബീ ഫൂളിഷ് ഷീല. മഹിപാൽ നിന്നെ എത്ര മാത്രം സ്നേഹിക്കുന്നെന്ന് എനിക്കറിയാം അയാൾക്ക് നിന്നെ പിരിഞ്ഞ് കഴിയാനാവില്ല..."

"ഞാൻ മിസ്സിസ് ശുക്ലയിൽ നിന്ന് അവളുടെ ഭർത്താവിനെ തട്ടി എടുക്കില്ല. പക്ഷേ മഹിപാലിന്റെ മേൽ എനിക്കും ഒരവകാശമുണ്ടെന്നാണ് എന്റെ വിശ്വാസം."

സജ്ജൻ ചിന്തയിലാണ്ടു. ഒരു വശത്ത് ഭാര്യ, മറുവശത്ത് പ്രണയിനി. ആരുടെ അവകാശം അംഗീകരിക്കും? ആരുടേതു നിഷേധിക്കും. ഏതെങ്കിലും ശാസ്ത്രത്തിന്റെ നിബന്ധനയനുസരിച്ച് പ്രേമിക്കാനാകുമോ? ആരെയെങ്കിലും

ആരെങ്കിലും സ്നേഹിച്ചുപോയാൽ തടയാനൊക്കുമോ? കുറച്ചുമുമ്പേ നടന്ന സംഭാഷണം അയാൾ ഓർത്തു. അമ്മായി അവരുടെ ഭർത്താവിന്റെയും ചേട്ടത്തിയുടെയും പ്രേമത്തെ അപലപിച്ചകാര്യം... പക്ഷേ ഇതു അതുപോലെയല്ലല്ലോ..

ഷീല: "നിങ്ങൾ അദ്ദേഹത്തോട് പറയണം."

"ഞാനയാളെ നിന്റെ അടുത്തയക്കാം, നാളെ രാവിലെ തന്നെ ഞാൻ അങ്ങോട്ടുപോകാം."

"ഇക്കാര്യം ആരോടും പറയരുത്, നിങ്ങളുടെ വൈഫിനോടുപോലും."

"പേടിക്കണ്ട, പറയില്ല, പിന്നെ നീ ഒട്ടും വിഷമിക്കണ്ട."

"ശരി.. ങാ പിന്നെ ഹൗ ഈസ് യുവർ വൈഫ്." സജ്ജൻ ധർമ്മസങ്കടത്തിലായി. കന്യ അകത്തുണ്ട്, അതുപറഞ്ഞാൽ ഷീല അവളെക്കാണാൻ അകത്തോട്ടുചെല്ലും. അവിടെ തന്റെ വിചിത്രബന്ധുക്കൾ ഇരിക്കുകയാണ്.

ഉണ്ടെന്നോ ഇല്ലെന്നോ പറയാതെ സജ്ജൻ മറ്റുകാര്യത്തിലേക്കു തിരിഞ്ഞു. "നീ ഒട്ടും വിഷമിക്കണ്ട ഷീലേ, മഹിപാൽ വലിയവനും ആർട്ടിസ്റ്റ് സ്കോളറുമാണെങ്കിലും സ്ഥിരതയില്ലാത്തവനാണെന്ന് നിനക്കറിഞ്ഞുകൂടേ? എനിവേ ഐ പ്രോമിസ്- ഞാൻ അയാളെ നിന്റെ അടുത്തെത്തിക്കാം."

"അദ്ദേഹത്തിന്റെ അളിയന്റെ വിവാഹത്തിന് ആരോ ഞങ്ങൾക്കെതിരായി എന്തോ പറഞ്ഞു. അന്ന്, അദ്ദേഹത്തിന്റെ വൈഫും ഇതിനെച്ചൊല്ലി വഴക്കിട്ടു. മഹിപാൽ രണ്ടുദിവസം എന്റെ വീട്ടിൽ കഴിഞ്ഞു."

"അങ്ങനെയോ? ഞാനിതൊന്നും അറിഞ്ഞില്ല."

"നിങ്ങൾ മഥുരയിൽ പോയിരിക്കുകയായിരുന്നു. ഞാനിതെല്ലാം പറഞ്ഞത് നിങ്ങൾ ബുദ്ധിപൂർവം പെരുമാറാൻ വേണ്ടിയാണ്.. ശരി എന്നാൽ ഞാനിറങ്ങട്ടെ.." ഷീല രണ്ടു ചുവടു നടന്നു. പിന്നെ നിന്നു. കണ്ണുകൾ താഴത്തേക്ക് ആക്കിക്കൊണ്ടു പറഞ്ഞു. "നിഷ്കളങ്കതയാണു മഹിപാലിന്റെ സ്വഭാവത്തിലെ ഒരു സവിശേഷത. ഇപ്പോൾ അദ്ദേഹം അതും ഉപേക്ഷിച്ചെന്നു തോന്നുന്നു. മന:പൂർവം പുതിയൊരാഭരണം സ്വയം അണിഞ്ഞിരിക്കുകയാണ്. തന്നത്താൻ ഉണ്ടാക്കിവച്ച ഈ വേദന അധികനാൾ സഹിക്കാൻ അദ്ദേഹത്തിനാകില്ല. എനിക്കദ്ദേഹത്തെ നല്ലവണ്ണം അറിയാം. അതുകൊണ്ടാണെനിക്കു പേടി-മറ്റൊന്നും സംഭവിക്കാതിരുന്നാൽ മതിയായിരുന്നു."

പോർട്ടിക്കോയിലേക്കു നടക്കുന്നതിനിടയിൽ അവളെ ആശ്വസിപ്പിച്ചുകൊണ്ട് സജ്ജൻ പറഞ്ഞു. "ഷീലേ നീ വിഷമിക്കാതിരിക്കൂ. മഹിപാൽ നിഷ്കളങ്കനാണ്. ഇന്നലെ-അതെ ഇന്നലെത്തന്നെ-അയാൾ രാവിലെ ഇവിടെ വന്നിരുന്നു. രാത്രി പത്തരമണിവരെ ഞങ്ങൾ സംസാരിച്ചുകൊണ്ടിരുന്നു-സ്ത്രീ പുരുഷബന്ധത്തെക്കുറിച്ചും, ജാതിമതഭേദം, സംസ്ക്കാരം എന്നിങ്ങനെ ഒട്ടേറെക്കാര്യങ്ങൾ അയാളാണു കൂടുതലും സംസാരിച്ചത്. അതിൽനിന്നെല്ലാം അയാൾ ഇന്നും പഴയ മഹിപാൽതന്നെ എന്ന് എനിക്കു ബോധ്യമായി. നീ ഒട്ടും വിഷമിക്കണ്ട."

"വല്ലതും എഴുതുന്നുണ്ടോ?"

സജ്ജൻ അറച്ചുനിന്നു. "ഇല്ല. എനിക്കു തോന്നുന്നത് അയാൾക്കു സമയം കിട്ടുന്നില്ലെന്നാണ്. നീ ചോദിച്ചതിന്റെ അർഥം മനസ്സിലായി. അയാൾക്ക് എഴുതാനുള്ള ശക്തി ഇപ്പോഴും വേണ്ടത്ര ഉണ്ടെന്നാണ് എന്റെ വിശ്വാസം. ചില

പ്പോൾ മാസങ്ങളോളം ഒന്നും വരയ്ക്കാതെ ഞാനും കഴിയാറുണ്ട്."

"ങാ ശരിയായിരിക്കാം, ശരി. ഞാൻ പോകുന്നു."

സജ്ജൻ അവളെ നിൽക്കാൻ നിർബന്ധിച്ചില്ല. ഡ്രായിംഗ് റൂമിൽ എത്തി. പലഹാരങ്ങൾ താഴെ ചിതറിക്കിടക്കുന്നു. കന്യയുടെ ചെകിടിൽ നിന്ന് രക്തം വാർന്ന് ഒലിക്കുന്നു. തൊട്ടുമുമ്പ് നടന്നതായിരിക്കണം ഈ ആക്രമണം. സഹോദരപത്നി സാരിത്തലപ്പുകൊണ്ട് കന്യയുടെ കവിളിലെ രക്തം തുടയ്ക്കുകയാണ്. അമ്മ സ്തബ്ധയായി നോക്കിനിൽക്കുന്നു. അളിയൻ വീണ്ടും സമാധിയിൽ തന്നെ.

കന്യക്ക് പരിക്കേറ്റതു കണ്ട് സജ്ജൻ ജ്വലിച്ചു. അതുകണ്ട വനകന്യയുടെ അമ്മ മൂകസാക്ഷിയായി നിൽക്കുന്നതിനു പകരം മകളെ പരിചരിക്കാൻ തല്പരയായി. എന്നിട്ടു തിരിഞ്ഞു സജ്ജനോടു പറഞ്ഞു. "എന്റെ തലവിധി കണ്ടോ? നീ ഇവനെ ഭ്രാന്താശുപത്രിയിൽ അയക്കണം. തീരെ സഹിക്കാൻ വയ്യാതായിട്ടുണ്ട്. ഇപ്പോൾ ഇതായി. ഇനി ഇതിലും വലിയതിനു വല്ലതും ഒരുമ്പെട്ടാലോ."

അളിയന് നല്ലതു നാലഞ്ചു കൊടുക്കാനാണ് സജ്ജന് തോന്നിയത്. താഴെ വിരിച്ചിരുന്ന പരവതാനി ആകെ പലഹാരക്കഷണങ്ങൾ ചിതറി വൃത്തികേടായിട്ടുണ്ട്. ഉടഞ്ഞ മൺ പാത്രങ്ങളും അങ്ങിങ്ങു കിടപ്പുണ്ട്. അമ്മായിയോടു മറുപടിയൊന്നും പറയാതെ സജ്ജൻ സ്വപത്നിയോടായി പറഞ്ഞു. "കന്യേ അമ്മയെ കണ്ടു കഴിഞ്ഞില്ലേ? ഇനി അകത്തേക്കു പോകൂ."

"അപ്പോൾ മോനെ ഞാൻ പറഞ്ഞതിനു നീ ഒന്നും പറഞ്ഞില്ലല്ലോ." അമ്മായി മെല്ലെ പഴയ അഭ്യർഥനയെക്കുറിച്ച് ഓർമ്മിപ്പിച്ചു.

"തെറ്റായ കാര്യങ്ങളിൽ ഞാൻ ഒരിക്കലും ആരെയും സഹായിക്കാറില്ല. കന്യേ നീ അകത്തു പോ."

"ചേട്ടത്തിയെ ഞാൻ പിന്നീട് അയയ്ക്കാം അമ്മേ" കന്യ അമ്മയോടായി പറഞ്ഞു.

"വേണ്ട. പാപികളായ ഞങ്ങളുടെ വീട്ടിലെ ആരും തന്നെ ഇവിടെ കഴിയുകയോ ഇവിടത്തെ എന്തിലെങ്കിലും തൊടുകയോ വേണ്ട. മോനേ എണീക്കൂ. വാ പോകാം. നമ്മെപ്പറ്റി ശ്രദ്ധയില്ലാത്തവരോട് നമുക്കെന്തു കൂറ്. സ്വന്തം തന്തയെ ജയിലിൽ കയറ്റാൻ മടിക്കാത്ത മകൾ എന്തെങ്കിലും സഹായിക്കുമെന്നു കരുതിയതാണെന്റെ തെറ്റ്. പക്ഷേ ഒന്നു പറഞ്ഞേക്കാം. സമയം നല്ലതെന്നു കരുതി അഹങ്കരിക്കരുത്. നാളെയൊരു കാലത്ത് നിന്റെ ഭർത്താവ് ഇതുപോലെ വല്ല തെറ്റും ചെയ്താൽ–"

അതുവരെ സ്വയം നിയന്ത്രിച്ചുനിന്ന കന്യയ്ക്ക് പിന്നെ പിടിച്ചു നിൽക്കാൻ ആയില്ല. മുഖം തുടുത്തു ചുവന്നു. ശബ്ദം തീക്ഷ്ണമായി "ഇദ്ദേഹത്തെപ്പോലുള്ളവർ തെറ്റു ചെയ്താൽ അതും ഏതെങ്കിലും മനുഷ്യന്റെ നന്മയ്ക്കു വേണ്ടിയായിരിക്കും. അതിൽ നിന്ന് ആർക്കും ഒരു ദോഷവും ഉണ്ടാവുകയില്ല. വല്ലവരും ചെയ്ത തെറ്റിന്–"

"മതി. ഇനി അധികം പറയണ്ട. നീ അകത്ത് പോകാത്തതെന്തു കന്യേ" സജ്ജൻ ഭാര്യയെ ശാസിച്ചിട്ടു കോളിംഗ്ബെൽ അമർത്തി. വേലക്കാരൻ പ്രത്യക്ഷപ്പെട്ടു. "രാമു അമ്മയ്ക്കുവേണ്ടി ഒരു കുതിരവണ്ടി പിടിച്ചുകൊണ്ടുവാ. പിന്നെ ഈ ചപ്പും ചവറും ഉടനെ മാറ്റണം."

സജ്ജന്റെ കോപം വർധിച്ചു കഴിഞ്ഞിരുന്നു. സാമാന്യ ജനങ്ങളോടു സ്വതഃ

സിദ്ധമായി തനിയ്ക്കുള്ള ദയവും അനുകമ്പയും മറന്ന് ശുദ്ധ അരിസ്റ്റോക്രാറ്റ് മൂഡിലായിത്തീർന്നു അയാൾ. കന്യയുടെ കൈയിൽ കടന്നു പിടിച്ചിട്ട് പറഞ്ഞു. "വരൂ" അവളെ അവിടെ നിൽക്കാൻ അനുവദിച്ചില്ല. പോകുമ്പോൾ മുറിയിൽ എല്ലാം ജാഗ്രതയോടെ നോക്കിക്കൊള്ളാൻ രാമുവിന് ഉത്തരവും കൊടുത്തു. അകത്തു ചെന്ന് മറ്റൊരു വേലക്കാരനെ ആ ഭ്രാന്തനെ സൂക്ഷിച്ചുകൊള്ളാനായി ഹാളിലേക്കു പറഞ്ഞയച്ചു.

ഈ സംഭവം കന്യയെ ആകെ തളർത്തി. സജ്ജൻ അവളെ ആശ്വസിപ്പിക്കാനും പരിചരിക്കാനും ശ്രമിച്ചു. അവൾ അതിൽനിന്ന് ഒഴിഞ്ഞുമാറി. ഭർത്താവിന്റെ ശ്രദ്ധ മറ്റു കാര്യങ്ങളിലേക്കു തിരിച്ചുവിടാനായിരുന്നു അവളുടെ ശ്രമം. പക്ഷേ ആ കോപഭാവത്തിനു യാതൊരു മാറ്റവും വരുന്നില്ല. അവൾ സ്കൂളിലെ പഴയ അനുഭവങ്ങളും സ്ത്രീകളെ തുന്നലും തയ്യലും പഠിപ്പിക്കാൻ ശ്രമിച്ചപ്പോഴുള്ള അനുഭവങ്ങളും അങ്ങനെ പലകഥകളും പറയാൻ ഒരുമ്പെട്ടു. പക്ഷേ ഏത് എവിടെ തുടങ്ങിയാലും ഒടുവിൽ അന്ന് വൈകുന്നേരമുണ്ടായ സംഭവങ്ങളിൽ അതുചെന്ന് അവസാനിക്കുകയായിരുന്നു ഫലം. ഒടുവിൽ കന്യയുടെ കുടുംബക്കാരെ സംബന്ധിച്ച് ഒരക്ഷരംപോലും അറിഞ്ഞോ അറിയാതെയോ പറയാൻ ഇടവരരുതെന്ന് രണ്ടുപേരും തീരുമാനിച്ചു.

പുറമേ മറ്റു പല കാര്യങ്ങളും പറഞ്ഞെങ്കിലും ഉള്ളിൽ അവൾ ആ സംഭവങ്ങൾ തന്നെ ഓർമ്മിച്ചുകൊണ്ടിരുന്നു. തന്റെ പിതാവിനെ ശിക്ഷിക്കാൻ താൻ കൂട്ടുനിന്നതു ശരിയോ? അതോ തെറ്റോ? താൻ ചെയ്തത് പാപമോ? അതോ പുണ്യമോ? ഈ ചോദ്യങ്ങൾ അവളെ നിരന്തരം അലട്ടി. സാമൂഹ്യകാര്യങ്ങളിൽ സഹകാരികളായും വിരോധികളായും പലപ്പോഴും തന്നെ നേരിടാറുള്ള മറ്റു സ്ത്രീകൾ പാത്തും പതുങ്ങിയും ചിലപ്പോൾ ഉറക്കെ തുറന്നു തന്നെയും താൻ പിതാവിനെതിരെ നിന്നത് അന്യായമായി എന്നു പറയാറുണ്ട്. ഭാരത സംസ്കാരത്തിന് നിരക്കാത്തതാണ് അവളുടെ പ്രവൃത്തിയെന്ന് അവർ കുറ്റപ്പെടുത്തിയിട്ടുണ്ട്. ഇന്ന് അവളുടെ അമ്മയും മുഖത്തുനോക്കി അതുതന്നെയാണ് പറഞ്ഞത്. സജ്ജൻ ഷീലയെ കാണാനായി പുറത്തേക്കു പോയപ്പോൾ അമ്മ തന്നോടു പറഞ്ഞ കാര്യവും അവൾ ഓർമ്മിച്ചു–ഇത്ര വലിയ ആളുകളെ എങ്ങനെ വിശ്വസിക്കാം. ഇന്നു വിവാഹം കഴിക്കും. നാളെ മനസ്സുമടുത്താൽ വലിച്ചുപുറത്തെറിയും. ജാതിയും കുലവും നോക്കിവിധിയും മുറയുമനുസരിച്ചു നടക്കുന്ന കല്യാണങ്ങൾ വരെ ബന്ധം അറ്റുപോകാറുണ്ട്. അപ്പോൾ ഇമ്മാതിരിയുള്ള വിവാഹങ്ങളെ എങ്ങനെ വിശ്വസിയ്ക്കാനാണ്? കന്യയ്ക്ക് അപ്പോഴതു രസിച്ചില്ലെങ്കിലും അവൾ എതിർത്തില്ല. ഒടുവിൽ അവളുടെ ഭർത്താവിനെ ചൂണ്ടിത്തന്നെ അമ്മ വീണ്ടും കാര്യമെടുത്തിട്ടപ്പോൾ അവൾക്കു സ്വയം നിയന്ത്രിക്കാൻ കഴിഞ്ഞില്ല. "അമ്മയ്ക്കെന്റെ ഭർത്താവിനോടസൂയയാണ്. എന്റെ ഭാഗ്യത്തിലും അസൂയയാണ്." അവൾക്ക് അമ്മയോട് വല്ലാത്ത ദേഷ്യംതോന്നി. അച്ഛനെ വിടുവിക്കാൻ സഹായിക്കണമെന്ന അമ്മയുടെ അപേക്ഷയ്ക്കും 'സാധ്യമല്ല' എന്നവൾ തീർത്തും പറഞ്ഞപ്പോഴാണ് ജ്യേഷ്ഠൻ പലഹാരങ്ങൾ വിളമ്പിയ പാത്രം അവളുടെ നേർക്കു വലിച്ചെറിഞ്ഞത്. ഭാഗ്യത്തിന് അതു കവിളിൽ ഉരസിക്കൊണ്ട് പിന്നിൽ പോയി വീണു. ഒരു പോറലേറ്റതേയുള്ളൂ. ജ്യേഷ്ഠൻ ഇതാദ്യമായാണ് അവളെ ശിക്ഷിക്കുന്നത്. അമ്മയും അച്ഛനും ചിറ്റമ്മയും വളരെ തല്ലിയിട്ടുണ്ട്. ചിറ്റമ്മ ജാരസമാ

ഗമത്തിനു തടസ്സമായിനിന്ന അവളെ സദാഉപദ്രവിച്ചുപോന്നു. അച്ഛനും അവരുടെ പക്ഷമാണ് പിടിച്ചുനിന്നത്. അമ്മപോലും തല്ലുകൊണ്ടിട്ടുണ്ട്. സ്ത്രീകളെ തല്ലുന്നത് അവളുടെ വീട്ടിൽ ഒരു നിത്യസംഭവമായിരുന്നു. അമ്മയുടെ കാലം നല്ലതാണെങ്കിൽ ചിറ്റമ്മയാണുതല്ലുകൊള്ളാറുള്ളത്. ചിറ്റമ്മയുടെ വാരഫലം നന്നായിരിക്കുമ്പോൾ അമ്മയുടെ സ്ഥിതി മറിച്ചാവും. ജ്യേഷ്ഠന്റെ ഭാഗ്യഹീനയായ വധുവാകട്ടെ ഭർത്താവിന്റെ കൈയിൽനിന്നുമാത്രമേ അടിവാങ്ങിയിട്ടുള്ളൂ. സ്വർഗസ്ഥയായ അവളുടെ ചേട്ടത്തി മരിക്കുന്നതിന് ഒരു കൊല്ലം മുമ്പുമുതൽ-കന്യയുടെ അമ്മ നടത്തിയഗൂഢാലോചനയുടെ ഫലമായി ചിറ്റമ്മയുടെയും ശ്വശുരന്റെയും മൃഗീയതയ്ക്കു ഇരയായി തീർന്നു തുടങ്ങിയതുമുതൽ-അമ്മായിയമ്മയുടെയും ചിറ്റമ്മയുടെയും കന്യയുടെ രാക്ഷസസമനായ പിതാവിന്റെയും നിർദയമായ തല്ല് ദിവസവും കൊള്ളാറുണ്ടായിരുന്നു. വിവാഹിതയായ ശ്രീമതി വനകന്യാവർമ്മ ജ്യേഷ്ഠന്റെ കൈയിൽ നിന്നു തല്ലുകൊണ്ടിട്ടില്ല. (സഹോദരനോട് അവൾക്കു നിസ്സീമമായ സ്നേഹമാണുണ്ടായിരുന്നത്). എന്നാൽ കുടുംബത്തിൽ കഴിഞ്ഞിരുന്നകാലത്ത് അവിടെ ഉണ്ടായ എല്ലാവഴക്കുകളുടെയും അടിയുടെയും തല്ലിന്റെയും കാര്യം അവളിപ്പോൾ ഓർമ്മിച്ചു.

ചൈനീസ് ചിത്രപ്പണികളുള്ള ഇരട്ടക്കട്ടിലിൽ നേർത്തു മൃദുവായ റബറുമെത്തയിൽ വലതുകരംകൊണ്ടു തലതാങ്ങി ശയിച്ചിരുന്ന, വലിയ ആ വീട്ടിലെ അനേകം വേലക്കാരുടെ സ്വാമിനിയും ഭർത്താവിന്റെ പ്രിയപ്പെട്ട പ്രണയിനിയും ആയ വനകന്യ, കഴിഞ്ഞകാലജീവിതത്തിലെ സംഭവങ്ങൾ ഓരോന്നായി ഓർത്ത് അസ്വസ്ഥയായി. തന്റെ ജീവിതത്തിൽ നിന്ന് ഈ മാലിന്യമെല്ലാം എങ്ങനെ കഴുകിക്കളയാനാണ്? അവളുടെ ഭർത്താവിന്റെ മനസ്സിലപ്പോൾ രൂപംകൊണ്ടിരുന്ന അതേവിചാരംതന്നെ അവളുടെ ഹൃദയത്തിലും പകർന്നു. സ്വന്തം കുടുംബത്തിലെ ആളുകളെ സ്വന്തപ്പെട്ടവരെന്നു പറയാൻ അവൾക്കു ലജ്ജതോന്നി. എത്ര അകന്നുകഴിഞ്ഞാലും ബന്ധം ബന്ധമല്ലാതെ വരുമോ? അവൾക്കു ആശങ്കയില്ലാതെയില്ല.

വൈകുന്നേരത്തെ സംഭവത്തെക്കുറിച്ചു എത്രപറയേണ്ട എന്നുകരുതിയിട്ടും എത്രമാത്രം അടക്കിവച്ചിട്ടും അവളറിയാതെ അതുപൊട്ടിപ്പോയി."ബന്ധങ്ങൾ വിചിത്രം തന്നെ. കൂട്ടിച്ചേർക്കാനേ അതിനാകൂ. പൊട്ടിച്ചെറിയാൻ ആവില്ല."

"അതു ദുർബലഹൃദയരെ സംബന്ധിച്ചിടത്തോളമാണ്, സത്യസന്ധർക്കു മാത്രമാണ്" എന്നുപറഞ്ഞുകൊണ്ട് സജ്ജൻ കസേര അല്പംകൂടെ കട്ടിലിനോടടുപ്പിച്ചിട്ടു കാൽ കട്ടിലിൽ കയറ്റിവച്ചു.

"എന്നാലും ബന്ധം ഏതായാലും അതു പൊട്ടിക്കാനാവില്ലല്ലോ? ഒരു പക്ഷേ നാളെ നിങ്ങൾക്ക് എന്നെ മടുത്തെന്നുവരാം. എന്നോടുതോന്നിയതുപോലെ അടുപ്പം മറ്റാരോടെങ്കിലും ഉണ്ടായെന്നുവരാം-"

"കൊള്ളാം. പറഞ്ഞോളൂ. നിന്റെയീ തമാശ ഞാൻ ധൈര്യത്തോടെ കേട്ടുകൊള്ളാം."

കന്യ ചിരിച്ചിട്ടുപറഞ്ഞു "ഞാനൊരുദാഹരണം പറഞ്ഞതല്ലേ? എന്താ അങ്ങനെ നടക്കാറില്ലേ? ഇന്നു കണ്ടു. നാളെ വിവാഹം. മറ്റെന്നാൾ വിവാഹമോചനം. പിന്നെ പുതുതായി ആരെയെങ്കിലും കണ്ടെത്തും. പുതിയ വിവാഹം. വീണ്ടും വിവാഹമോചനം. ഒന്നു ചോദിക്കട്ടെ. വിവാഹമോചനത്തിനുശേഷം

എപ്പോഴെങ്കിലും കണ്ടുമുട്ടിയാൽ ഭാര്യയും ഭർത്താവും തങ്ങളുടെ പഴയബന്ധം ഓർമ്മിക്കാതെ വരുമോ?"

"വരില്ല. മഹാകവി ബൈറൺ വിവാഹമോചിതനായശേഷമാണ് ഭാര്യയും ഭർത്താവും തമ്മിലുള്ള ബന്ധം ദൃഢമായത്-അതുപോകട്ടെ. ഇപ്പോൾ എന്റെ ഉദാഹരണം പറയാൻ കാരണം."

"കൊള്ളാം. തമാശയ്ക്ക് പറഞ്ഞതും കാര്യമായിട്ടെടുത്തോ? അതിന്റെ അർഥം നിങ്ങളുടെ മനസ്സിൽ എന്തോ കളങ്കമുണ്ടെന്നാണ്."

"ഇതേചോദ്യം ഞാനവിടത്തോടും ചോദിച്ചാലോ?" സജ്ജൻ ഒട്ടൊരഭിനയത്തോടെ ചോദിച്ചു.

കന്യ പുഞ്ചിരിച്ചു. "ഞാൻ ഈ തമാശ പറഞ്ഞതിന്റെ അർഥം എന്റെ മനസ്സിലും കള്ളൻ പതിയിരിപ്പുണ്ടെന്ന്. അല്ലേ?"

"എന്നു തന്നെ ബുദ്ദൂസേ-ഇഫ് യൂ ഡോൺട് മൈൻഡ്."

"അതു കളയണം. എന്റെ മനസ്സു കാഴ്ചബംഗ്ളാവൊന്നുമല്ല. ഈ തമാശ പറയാനുള്ള കാരണം കേൾക്കണോ?"

"പറയൂ."

"നിങ്ങൾ ഡോക്ടർ ഷീലയോടൊത്തു നിന്നപ്പോൾ അമ്മ എന്നെ പറഞ്ഞു പേടിപ്പിച്ചു. എനിക്കു ചിരിയാണ് വന്നത്" എന്നു പറഞ്ഞിട്ടു കന്യ കിലുകിലെ ചിരിച്ചു.

സജ്ജൻ അവളെ ഒന്നു നോക്കി. ആ ചിരിയിൽ പൊതിഞ്ഞ് ഉള്ളിലെ ഭയം പുറത്തു കാണിക്കാതിരിക്കാനാണ് അവൾ ശ്രമിക്കുന്നതെന്ന് സജ്ജനു തോന്നി. അയാളുടെ ഹൃദയത്തിൽ സഹാനുഭൂതി നിറഞ്ഞു. സുശീലയും സുന്ദരിയും സമർഥയുമായ തന്റെ പത്നിയുടെ നിഷ്കളങ്ക മുഖത്തേക്കുനോക്കിക്കൊണ്ട് ശാന്തഗംഭീരവും മധുരവുമായ സ്വരത്തിലയാൾ പറഞ്ഞു. "കന്യേ ഒരു കാര്യം ജീവിതത്തിൽ ആവർത്തിച്ചുണ്ടാവില്ല. നിന്റെ ഈ ജീവിതസഖാവിൽ അനേകം ദോഷങ്ങളുണ്ടായിരിക്കാം. ഉണ്ടുതാനും. എങ്കിലും ഒരു ഗുണം കൂടെ ഉണ്ട്. ഒരിക്കൽ എന്റെ മനസ്സ് ഏതെങ്കിലും ഒന്നിൽ ഉറച്ചാൽ അതുപിന്നെ കല്ലിൽ കൊത്തിയ വരയാണ്. അതു നീ മറക്കരുത്."

വിശ്വാസം വീണ്ടുകിട്ടിയ കന്യ തിളങ്ങുന്ന കണ്ണുകളോടെ പ്രിയതമന്റെ മുഖത്തു നോക്കിയിരുന്നു.

37

ഹോളിയുടെ അടുത്തദിവസം സജ്ജന്റെ വീട്ടിൽ ബാബാരാംജിക്കും, അദ്ദേഹത്തിന്റെ രോഗമുക്തരായിത്തീർന്ന ഭ്രാന്തന്മാർക്കും വിരുന്നായിരുന്നു. സജ്ജൻ നാലു മണിക്കൂർ നേരത്തേക്കു ഒരു ബസ്സ് വാടകയ്ക്ക് എടുത്തു. അതിലാണ് ബാബയും പരിവാരവും വന്നത്. ശിഷ്യരുമായി തന്റെ മണിമന്ദിരത്തിലേക്കു കടന്നുവരുന്ന ബാബാജിയെ കണ്ടപ്പോൾ സാക്ഷാൽ ശിവന്റെ പരിവാരവുമായി വരികയാണെന്ന് സജ്ജനു തോന്നി. അമ്മയുടെ പൂജാഭവനത്തിൽതന്നെ എല്ലാവരെയും ഇരുത്തി. കന്യ അടുക്കളയിലായിരുന്നു. സജ്ജൻ അന്ന് അത്യന്തം

സന്തോഷവാനാണ്. അമ്മ മരിച്ച ശേഷം അന്നാദ്യമാണ് ആ വീട്ടിൽ ഒരു ഉത്സവം നടക്കുന്നത്. ബാബാജിയെയും ശിഷ്യഗണങ്ങളെയും ക്ഷണിച്ചിരിക്കുകയാണ്. വൈകുന്നേരം കർണലും മഹിപാലും കുടുംബസമേതം വരും. വേലക്കാർക്കെല്ലാം ഹോളിയുടെ പലഹാരങ്ങളും ഓരോ രൂപാ ദക്ഷിണയും ഓരോ മുണ്ടും ഉടുപ്പും സമ്മാനമായി നൽകപ്പെടും.

രാവിലെ മുതൽതന്നെ കന്യ തിരക്കിട്ട പണിയിലാണ്. ഒന്നു ശ്വാസം വിടാൻപോലും നേരമില്ല. നാളെ എല്ലാവർക്കും ഒഴിവുനൽകാമെന്ന് കന്യ വാക്കു കൊടുത്തിട്ടുണ്ട്.

വീട്ടിലെ പൂജാമുറിയും പരിസരവും പൂക്കൾ കൊണ്ടലങ്കരിച്ചിട്ടുണ്ട്. വിഗ്രഹങ്ങൾക്കെല്ലാം പുതിയ പട്ടുവസ്ത്രങ്ങൾ. അമ്മയുടെ ഫോട്ടോയിൽ വലിയ റോസാപ്പൂക്കൾ കൊണ്ടുള്ള മാല. ദേവീദേവന്മാരുടെ മുന്നിൽ ചെറിയ വെള്ളി ക്കിണ്ണങ്ങളിൽ പലതരത്തിലുള്ള പലഹാരങ്ങളും പഴങ്ങളും നിരത്തിവച്ചിരിക്കുന്നു. സജ്ജന്റെ പ്രസന്നമുഖം കണ്ടിട്ട് ബാബാജി ചോദിച്ചു. "എന്താരാംജീ ഇതുപോലൊരുസുഖം മുമ്പെപ്പോഴെങ്കിലും കിട്ടിയിട്ടുണ്ടോ?"

"ഇല്ല ബാബാജീ."

"ഗൃഹസ്ഥാശ്രമത്തിലും മഹത്തായ മറ്റൊരാശ്രമമില്ല."

"അതെങ്ങനെ? ഞാൻ ധരിച്ചിട്ടുള്ളത് സന്യാസിമാരെക്കാൾ സുഖിക്കുന്നതായി ആരുമില്ലെന്നാണ്."

"യോഗിമാരുടെയും സന്യാസിമാരുടെയും സുഖം അത്ഭുതകരമാണ്. അതിൽ സംശയമില്ല. പക്ഷേ ദേശ കാലത്തിന് പറ്റിയ എന്റെ ഉപദേശം ഇതാണ്. പരമ ജ്ഞാനത്തിന്റെ സുഖം തനിയേ അനുഭവിക്കുന്നതു കൊണ്ടുള്ള ഫലം-യഥാർഥ ആനന്ദം കർമ്മയോഗത്തിലാണ്. കർമ്മയോഗിയുടെ മാറ്റ് ഉരയ്ക്കുന്നത് ഗൃഹസ്ഥാശ്രമത്തിലും."

"പക്ഷേ എല്ലാ ദുഃഖങ്ങൾക്കും കാരണം ഗൃഹസ്ഥാശ്രമമല്ലേ? ഗൃഹസ്ഥനാകാൻ വേണ്ടിയല്ലേ മനുഷ്യൻ അന്യരോട് അന്യായം കാണിക്കുന്നതും പലവിധത്തിലുള്ള പാപങ്ങൾ ചെയ്യുന്നതും?"

"ഗൃഹസ്ഥാശ്രമത്തിലിരുന്നു കൊണ്ടു തന്നെ മനുഷ്യനു പുണ്യം നേടാം. പുണ്യകർമ്മങ്ങളും ചെയ്യാം. ഗൃഹസ്ഥാശ്രമികളില്ലെങ്കിൽ ലോകത്തിന്റെ രൂപം എങ്ങനെയിരിക്കും?എല്ലാവരും എന്നെപ്പോലെ ലങ്കോട്ടിധാരികളായിമാറിയാൽ സൃഷ്ടി എങ്ങനെ നടക്കും?"

"നടന്നില്ലെങ്കിൽ തന്നെ എന്ത് ? നടന്നിട്ടെന്തു നേടി ? ഇപ്പോഴിതാ ആറ്റം ബോംബായി. ഹൈഡ്രജൻ ബോംബും വരുന്നെന്നു കേട്ടു. ഇതിലും വലിയ മാരകായുധങ്ങൾ ഉണ്ടായേക്കാം. ഇത്തരത്തിലുള്ള സൃഷ്ടികൊണ്ടെന്തു ഗുണം?"

ബാബാജി ചിരിച്ചിട്ടു ചോദിച്ചു "ഈശ്വരനിൽ വിശ്വസിക്കുന്നുണ്ടോ?"

ആ ചോദ്യം കേട്ട് സജ്ജൻ ഒട്ടൊന്ന് അമ്പരന്നു. പിന്നെ സ്വയം നിയന്ത്രിച്ചിട്ടു പറഞ്ഞു "വിശ്വാസമുണ്ടെന്നോ ഇല്ലെന്നോ പറയാനാവാത്ത നിലയാണ്. ഈയിടെ മഥുരയിൽ ശ്രീകൃഷ്ണന്റെ ജന്മസ്ഥാനം ചെന്നു കണ്ടപ്പോൾ, ഈശ്വരനും ഒരു പക്ഷേ മനുഷ്യൻ തന്നെയായിരിക്കാമെന്നു തോന്നി. നമ്മുടെയിവിടെ രാമനും കൃഷ്ണനും മറ്റവതാരങ്ങളും മനുഷ്യ രൂപത്തിൽ തന്നല്ലേ ജനിച്ചത്?"

"സത്യമാണ് കുഞ്ഞേ ഞാനും അതംഗീകരിക്കുന്നു. മനഷ്യരൂപത്തിൽ മാത്ര

മല്ല, സകല ജീവികളിലും ഭഗവാനുണ്ട്. ഒന്നുണ്ട് അതിന്റെ ചേതന മനുഷ്യനിലാണധികം. അതാണ് ശ്രീവ്യാസൻ പറഞ്ഞത്, മനുഷ്യനിലുപരിയായി മറ്റൊന്നുമില്ലെന്ന്. അപ്പോൾ ഇത്രയും മഹത്തായ ഒരു വിഭാഗം, ആത്മഹത്യയ്ക്കൊരുങ്ങുമോ? അതു ആലോചിക്കാൻപോലും വിചിത്രമായിരിക്കുന്നു. രാമൻ സർവവ്യാപിയാണ്. അവനിൽ വിശ്വസിക്കൂ....."

സജ്ജന്റെ ഹൃദയത്തിൽ ഒരു ജിജ്ഞാസ, പക്ഷേ പ്രകടിപ്പിക്കാൻ ഒരു മടി. വാക്കുകൾ തൊണ്ടയിൽ തടഞ്ഞു നിന്നു. ചെറിയ തിളങ്ങുന്ന കണ്ണുകൾ കൊണ്ട്, അയാളുടെ മുഖത്തേക്കു നോക്കി പുഞ്ചിരിച്ചിട്ട് ബാബാജി പറഞ്ഞു "അഭ്യാസവും അധ്യയനവും കൊണ്ട് എല്ലാവരിലും ഈശ്വരനെ കാണാൻ കഴിയുന്നുണ്ട്. എങ്കിലും സാക്ഷാൽ രൂപത്തിൽ ഈശ്വരനെ കാണാൻ നമുക്കും കിട്ടുന്നില്ല. കണ്ടവർ പറയുന്നത്, അനുഭവത്തിൽ പരമസിദ്ധന്റെ രൂപത്തിൽ ഭഗവാനെ എല്ലാ ജീവികൾക്കും കാണാൻ കിട്ടുന്നുണ്ടെന്നാണ്. ഞാനവർ പറഞ്ഞത് വിശ്വസിക്കുന്നു. പിന്നെ അനുഭവം നേടുന്നകാര്യം. അതിനുവേണ്ടിയാണ് യത്നിക്കുന്നത്. കിട്ടിയാൽ കാണാം. കിട്ടിയില്ലെങ്കിലും കണ്ടില്ലെങ്കിലും പരാതിയില്ല. വിഷമവുമില്ല. എനിക്ക് നിഷ്കാമമായ എന്റെ പ്രവൃത്തിയിൽ നിന്നുതന്നെ പരമസുഖം കിട്ടുന്നുണ്ട്. ഈ ഭൂമിയിൽ ഭഗവാൻ സർവത്ര വിചരിക്കുന്നതുകണ്ട് ഞാൻ പരമസന്തുഷ്ടനായിട്ടുണ്ട്....."

"ബാബാജീ അങ്ങ് മറ്റുള്ളവരുടെ ഹൃദയത്തിലെ കാര്യങ്ങൾ അറിയുന്നതും, ഭാവിയെക്കുറിച്ചു പറയുന്നതും......"

ബാബാജി കിലുകിലാ ചിരിച്ചു. "അതിലൊരു രഹസ്യവുമില്ല കുഞ്ഞേ. അനുഭവം കൊണ്ട് എല്ലാം നേടാം. പിന്നെ അനുഭവം സാധന കൊണ്ടാണ് നേടേണ്ടത്, സകലതും ലോകത്തിലുണ്ട്. പക്ഷേ കർമ്മഹീനന് ഒന്നും നേടാനാവില്ല.." സജ്ജൻ ചിന്തയിലാണ്ടു. ലോകത്ത് ഇന്നേവരെ രഹസ്യമായിക്കരുതിയിരുന്ന ഒന്ന്, ഭാരതത്തിന് രഹസ്യം നിറഞ്ഞ ഭാരതമെന്ന പേര് ലോകത്തുണ്ടാക്കിക്കൊടുത്ത ആ ഒരു കാര്യം. ബാബാജി പറയുന്നതു കേട്ടാൽ എത്ര സരളം! അത് സാധനകൊണ്ട് നേടാവുന്നതേയുള്ളു..... "എന്തു സാധന.....അത് തന്നെക്കൊണ്ട് ചെയ്യാനാവില്ല.....?"

"എന്തുകൊണ്ടാവില്ല. മനുഷ്യന് അസാധ്യമായതൊന്നുമില്ല. അതിനുള്ള ദൃഢനിശ്ചയം വേണമെന്നു മാത്രം...."

"ദൃഢനിശ്ചയം മാത്രം മതി. ദൃഢനിശ്ചയം മാത്രം..."

നിമിഷങ്ങൾക്കുള്ളിൽ താൻ എല്ലാം നേടിയെടുത്തെന്ന് സജ്ജനുതോന്നി. ആ ആവേശത്തിൽ അയാൾ ഒരു തരം ആനന്ദനിർവൃതിയിലാണ്ടു.....

"അതേ സിദ്ധിയുണ്ടെങ്കിൽ ഏതും നിമിഷത്തിനുള്ളിൽ നേടാം. പക്ഷേ സിദ്ധിനേടാൻ സമയം വേണം. ശ്രദ്ധവേണം. ശക്തിവേണം. സായമനശക്തിയും ധൈര്യവും ഇല്ലാത്തവന് അത് നേടാനാവില്ല..."

"എന്നെക്കൊണ്ടു കഴിയുമെന്നാണെന്റെ വിശ്വാസം."

"എങ്കിൽ കൊള്ളാം. ഇനി ആ വിശ്വാസത്തെ കർമ്മത്തിന്റെഉരകല്ലിൽ ഉരച്ചു നോക്കൂ......"

"ഞാനെന്താണ് ചെയ്യേണ്ടത്?"

"സേവനം."

"ആരുടെ?"

"രാമന്റെ. സർവാണുവിലും നിറഞ്ഞുനിൽക്കുന്ന രാമന്റെ. നീ നിന്റെ യജമാനനെ......"

"ബാബാജീ, ക്ഷമിക്കണം. ഇടയ്ക്കു ചോദിക്കട്ടെ. ഞാൻ ഭഗവാന്റെ ദാസനാകുന്നതെന്തിന്?...."

"വേണ്ട ദാസനാകണ്ട. വാത്സല്യഭാവത്തോടെ പൂജിക്ക്. സഖാവായി കാണൂ. ആത്മഭാവത്തിൽ പൂജിക്ക്. ഏതു ഭാവത്തിലായാലും ശരി നീ സേവകനായേ പറ്റൂ. അമ്മ കുഞ്ഞിന്റെ സേവ ചെയ്യുന്നു. മിത്രം മിത്രത്തിന്റെ. മനുഷ്യൻ സ്വയം സേവനം ചെയ്യണം. എന്താ സേവനം നിസ്സാരകാര്യമാണോ?..... മുമ്പൊരിക്കൽ നിങ്ങൾ ഈ ചോദ്യം ചോദിച്ചതാണ്; ഓർമ്മയുണ്ടോ?"

സജ്ജൻ ലജ്ജിതനായി. "അതേ ബാബാജീ വലിയവനെന്ന ഈ ദുർഭാവന എന്റെ വിവേചന ബുദ്ധിയെ ഭ്രമിപ്പിക്കാറുണ്ട്."

"മഹത്വഭാവന ചീത്തയല്ല. അത് രാമൻ തന്നതാണ്. രാമൻ സർവത്തിലും വ്യാപിച്ചിരിക്കുന്നു. അതുകൊണ്ട് ആ മഹത്വഭാവത്തെയും സ്നേഹത്തോടെ കാണും. ഞാനധികം പഠിച്ചിട്ടൊന്നുമില്ല. അനുഭവത്തിൽ നിന്ന് ചില വിചാരങ്ങൾ ഉണ്ടാകും. അതിനെക്കുറിച്ചു ചിന്തിച്ചും പഠിച്ചും ഉരുവിട്ടും കഴിയും. നിങ്ങൾ ഒരു പാട് സഞ്ചരിച്ചതല്ലേ? പഠിച്ചതല്ലേ?പലതും കേട്ടതല്ലേ? വിദ്വാന്മാരുടെ സമ്പർക്കം നേടിയതല്ലേ? രാമശക്തി ഈ ഭൂമണ്ഡലത്തിൽ ഏതെല്ലാം തരത്തിൽ വിരാജിക്കുന്നുവെന്ന് മനസ്സിലാക്കിയതല്ലേ? ആ ശക്തിയെ ഭജിക്കൂ-അതിൽ ലയിക്കൂ..."

"വലിയ പാടാണ്."

"അത് വിഷമമാണെന്ന് എനിക്കും അറിയാം. പിന്നെ കുഞ്ഞേ നീ എന്തെല്ലാം നല്ല പടങ്ങൾ വരയ്ക്കുന്നു. എനിക്കതു കഴിയില്ല. അതെനിക്കു വിഷമമാണ്. നീ ഇത്രയും വിഷമം പിടിച്ച ഈ കാര്യം എങ്ങനെ സാധിക്കുന്നു....?"

സജ്ജൻ ആദരാവേശത്താൽ ബാബാജിയുടെ ചരണങ്ങളിൽ തൊട്ട് വന്ദിച്ചു. ബാബാജി വാത്സല്യപൂർവം അയാളെ പിടിച്ചെഴുന്നേല്പിച്ചിട്ട് പറഞ്ഞു "ഗീതയിൽ ഭഗവാൻ പറഞ്ഞിട്ടുണ്ട്, അഭ്യാസത്തിൽ നിന്നാണ് യോഗം ഉണ്ടാകുന്നതെന്ന്. അഭ്യാസം എന്താണ്- അതായത് കർമ്മ കുശലതയിലാണു യോഗം എന്ന്. മനസാവാചാകർമ്മണാ ഒരു പ്രവൃത്തിയിൽ എത്രമാത്രം ലീനനാകുന്നോ, അത്രത്തോളം നൈപുണ്യം ലഭിക്കുന്നു..."

"വലിയ വിഷമമാണ് സ്വാമീ, മായാമോഹവികാരങ്ങൾ കെട്ടിവലിക്കുന്ന ലോകത്തിൽ ഗൃഹസ്ഥാശ്രമ ബന്ധത്തിൽ കഴിയുമ്പോൾ-"

"കുഞ്ഞേ, ഇത് അജ്ഞാനികളുടെ പറച്ചിലാണ്. വിദ്വാന്മാരുടെയല്ല. ആറ്റംബോംബുണ്ടാക്കുന്നവർ കാട്ടിലും ഗുഹയിലുമാണോ താമസിക്കുന്നത്? അതും സാധനകൊണ്ട് സിദ്ധമാക്കിയതല്ലേ.....?"

"പക്ഷേ അവർ നാശത്തെയാണ് സിദ്ധമാക്കിയത്."

"ശരിയാണ്. നീ സൃഷ്ടിയെ സിദ്ധമാക്കൂ. വിശാലഹൃദയവും ചേതനയുമുള്ളവർക്ക് വിജയവും നേടാം. ദ്വന്ദ്വമില്ലെങ്കിൽ ചേതനയുടെ രഹസ്യമെങ്ങനെ മനസ്സിലാകും? വികാസം നേടുന്നതെങ്ങനെ?...യോഗമാർഗം ഗൃഹസ്ഥാശ്രമികൾക്കാണെന്നാണ് എന്റെ അഭിപ്രായം." കന്യവന്നു.. ബാബാജി അവളോടു ചോദിച്ചു.

"എന്താ കുഞ്ഞേ. ലക്ഷ്മിയുടെ ആനന്ദം നേടിയോ.."

കന്യ ഒന്നുഞെട്ടി. നോട്ടം താഴത്തേക്കാക്കിയിട്ടവൾ പറഞ്ഞു. "നേടി ബാബാജീ... എന്നാലാവുന്നത്രമാത്രം....."

"അതെന്ത്? ഇതാ എത്രവലിയ മാളികയാണ് നിങ്ങൾക്കുള്ളത്! എത്രമാത്രം വേലക്കാർ! എന്താണ് നിങ്ങൾക്കില്ലാത്തത്? ചപ്രമഞ്ചത്തിൽ കിടന്നിട്ട് ഉത്തരവിട്ടാൽ പോരേ?"

ബാബാജി അതു പറഞ്ഞ രീതിയും, കണ്ണിലെ വിനോദഭാവവും, ഭാര്യയെയും ഭർത്താവിനെയും ദു:ഖിപ്പിച്ചു. ബാബാജിയുടെ നേരെ കരങ്ങൾ നീട്ടിയിട്ട് സജ്ജൻ പറഞ്ഞു "യഥാർഥ ലക്ഷ്മി ഈ ദേഹരൂപത്തിലുള്ള മാളികയിലാണ്. ആ സുഖം ഞങ്ങൾക്കെങ്ങനെ കിട്ടാനാണ്...?"

സുഖവും ദുഃഖവും ഭാവനയാണു കുഞ്ഞേ. സുഖം ഏതിലുണ്ടോ അതിനെ ലക്ഷ്മിയായി കണക്കാക്കൂ. ഐശ്വര്യം മറ്റൊന്നല്ലേ? പുലർകാലത്ത് സൂര്യൻ അന്തരീക്ഷത്തിന്റെ ഗർഭത്തിലായിരിക്കുമ്പോൾ തന്നെ ആകാശത്തതിന്റെ പ്രഭ പരക്കാറില്ലേ? അതുപോലെ ഉള്ളിലെ ഭാവത്തിനനുസൃതമാണ് ഈ ശോഭയും."

ലക്ഷ്മിയെക്കുറിച്ചുള്ള ഈ പുതിയ നിർവചനം സജ്ജന് ആകർഷകമായി തോന്നി.

ബാബാജി തുടർന്നു "ബംഗാളിൽ രാമകൃഷ്ണപരമഹംസനുണ്ടായിരുന്നു. ഒരു കയ്യിൽ സ്വർണവും മറ്റേ കയ്യിൽ കല്ലും എടുത്തുവച്ചിട്ട്, രണ്ടിനെയും സമമായി വീക്ഷിക്കാൻ മനസ്സിനെ സജ്ജമാക്കി. എന്താകാരണം? പിന്നെ രാജാ ദശരഥന്റെ കാര്യം നോക്കാം. സേവകരും വേലക്കാരും സേനയും പരിവാരവും കൊട്ടാരവും.. എന്തിന് എന്താണ് അദ്ദേഹത്തിനൊരു കുറവ്? ഭഗവാന്റെ പിതാവ്. ജഗദംബയുടെ ശ്വശുരൻ. ഗൃഹസ്ഥാശ്രമി... രാജാവ്... എന്നിട്ടും അദ്ദേഹത്തിന് ആ സുഖങ്ങളിൽ മോഹമില്ലായിരുന്നു. കാരണം അനന്തമായ ഐശ്വര്യങ്ങൾ കൊണ്ട് വിഭൂഷിതനായിരുന്നു അദ്ദേഹം.."

"കാര്യം കേൾക്കാൻ കൊള്ളാം. പക്ഷേ ഒന്നും മനസ്സിലാകുന്നില്ല ബാബാജീ" കന്യ പറഞ്ഞു.. "നാം കഴിയുന്ന ചുറ്റുപാട് നമ്മിൽ പ്രഭാവം ചെലുത്തുന്നില്ലേ? എനിക്ക് എന്റെ ഹൃദയത്തെ അറിയാം. ഇത്രയും കാലം ഞാൻ ലക്ഷാധിപതികളെയും അവരുടെ സുഖലോലസതയെയും വിലാസജീവിതത്തെയും വെറുത്തിരുന്നു. പക്ഷേ ഇന്ന് ഈ ചുറ്റുപാടിൽ വന്നു ചേർന്നപ്പോൾ, ഈ വൈഭവങ്ങളിൽ അതിന്റേതായ ഒരു സുഖം അനുഭവപ്പെടുന്നില്ലെന്നു പറയാൻ ഞാൻ ഒരുക്കമല്ല. ക്രമേണ എത്ര സംയമിയായ മനുഷ്യനും ഇതിൽ മുഗ്ധനായിപ്പോകും. എന്റെ പ്രകൃത്യായുള്ള സാമൂഹ്യവിചാരം എത്രതന്നെ എന്നെ നിയന്ത്രിക്കാൻ ശ്രമിച്ചാലും ശരി–"

"ശരിയാണു മോളേ. ഈ നിയമങ്ങളും ആചാര വിചാരങ്ങളുമാണ് വാസ്തവത്തിലുള്ള ഐശ്വര്യം. ഇപ്പോൾ നിന്റെ കൈയിൽ കുറച്ച് സ്വത്തേ ഉള്ളു. അതുകൊണ്ട് പുറത്തുള്ള വലിയസമ്പത്ത് നിന്നെ മോഹിപ്പിക്കുന്നു. ദരിദ്രന് ലക്ഷാധിപതിയെക്കുറിച്ചും ലക്ഷാധിപതിക്ക് കോടീശ്വരനെക്കുറിച്ചും ഇതുണ്ടാകും. ഒരു ഉദാഹരണം കേൾക്കണോ? ജനകരാജാവിനെ വിദേഹൻ എന്നാണ് വിളിച്ചിരുന്നത്. അപ്പോൾ ഋഷിമാർക്കും മുനിമാർക്കും തോന്നി. ശ്ശെടാ ഞങ്ങൾ ഫലമൂലാദികൾ തിന്ന് തപസ്സു ചെയ്തുകഴിയുന്നു. ഞങ്ങൾക്കുള്ള വിദേഹനെന്ന

പദവി ഒരു രാജാവിനും കിട്ടിയെന്നോ. ഒരു മഹാത്മാവ് അക്കൂട്ടത്തിലുണ്ടായിരുന്നു. അദ്ദേഹം കുപിതനായി ജനകരാജന്റെ ദർബാറിലെത്തി. ചെന്ന ഉടനെ ചോദിച്ചു, നീ ഈ രാജസുഖമെല്ലാം അനുഭവിച്ചിട്ട് എങ്ങനെ വിദേഹനായി? ഭഗവൽചരണങ്ങളിൽ നിന്റെ ഹൃദയം എങ്ങനെ ഉറച്ചുനിൽക്കുന്നു? ഉടനെ പറയൂ. അല്ലെങ്കിൽ ഞാൻ നിന്റെ സകല വൈഭവവും തകർത്തുകളയും. രാജാവ് അഭ്യർഥിച്ചു മഹാത്മൻ, അങ്ങ് ആദ്യം കുളിച്ച് ആഹാരം കഴിക്കണം. പിന്നെ ഇരുന്ന് നമുക്കതിനെക്കുറിച്ചാലോചിക്കാം. മഹാത്മാവിനെ ആദരവോടെ എതിരേറ്റ അദ്ദേഹം സ്നാനവും പൂജയും കഴിച്ചു. പിന്നെ രാജാവ് അദ്ദേഹത്തെ ഭോജനാലയത്തിലേക്ക് കൂട്ടിക്കൊണ്ടുപോയി. സ്വർണതാലങ്ങളും പാത്രങ്ങളും അൻപത്താറിനം വിഭവങ്ങളും– വലിയ ഒരുക്കങ്ങളായിരുന്നു അവിടെ. പിന്നെ ജനകൻ ഒരു സൂത്രം പ്രയോഗിച്ചു. മഹാത്മാവ് ഇരുന്നിരുന്ന പീഠത്തിനു മുകളിൽ ഒരു വാൾ നേർത്ത ചരടിൽ കെട്ടിത്തൂക്കി. മഹാത്മാവിനാകെ പരിഭ്രമം. ആഹാരം കഴിക്കാനിരുന്നു. പക്ഷേ ചിന്തമുഴുവൻ തലക്കുമുകളിൽ തൂങ്ങിക്കിടന്ന വാളിനെക്കുറിച്ചായിരുന്നു. രാജാവ് ചോദിച്ചു മഹാത്മൻ, കൂട്ടാനെങ്ങനെയുണ്ട്. ലഡ്ഡു കൊള്ളാമോ? മഹാത്മാവ് ഉം ഉം എന്നു മൂളിയതല്ലാതെ ഒന്നും പറഞ്ഞില്ല. മഹാത്മാവ് ആഹാരം കഴിച്ചശേഷം ജനകൻ, വീണ്ടും ചോദിച്ചു. അതിന് മഹാത്മാവ് പറഞ്ഞ മറുപടി 'രാജൻ, സത്യത്തിൽ എന്റെ ശ്രദ്ധ മുഴുവൻ തലയ്ക്കു മുകളിൽ തൂങ്ങിക്കിടന്ന വാളിനെക്കുറിച്ചായിരുന്നു' എന്നാണ്. രാജാവ് പിന്നെ പറഞ്ഞു, അതാണ് അങ്ങ് എന്നോടു ചോദിച്ചതിന്റെ രഹസ്യവും. ശ്രദ്ധ ഏതിലാണ് അതിൽ ഹൃദയം ഉറച്ചു നിൽക്കും..."

ഇരുവശത്തും രണ്ടു കാന്തങ്ങളാൽ ഒരേപോലെ ആകർഷിക്കപ്പെട്ടപോലെ സജ്ജൻ സ്തബ്ധനായി നിന്നു. പക്ഷേ ജഡാവസ്ഥയിലല്ല. വിചാരങ്ങൾ അയാളുടെ ഓരോ ഞരമ്പിലും വൈദ്യുത കണങ്ങൾ കണക്കെ അരിച്ചു കയറി. കന്യ, ആഹാരത്തിനായി ബാബാജിയെ കൂട്ടിക്കൊണ്ടുപോയി. സജ്ജൻ മൂകനായി അനുഗമിച്ചു.

ബാബാജി പറഞ്ഞതനുസരിച്ച്, അദ്ദേഹത്തിന്റെ രോഗികൾക്ക് തയ്യാറാക്കിയ തരത്തിലുള്ള ആഹാരമാണ് അദ്ദേഹത്തിനും ഒരുക്കിയിരിക്കുന്നത്. മുളകും മസാലയും ചേരാത്ത കറികൾ. ഇന്നത്തേക്ക് പായസം കഴിക്കാൻ രോഗികൾക്ക് അനുമതി നൽകിയിരുന്നു. കന്യ പഴങ്ങൾ ധാരാളം വാങ്ങി ശേഖരിച്ചിരുന്നു. ആസനസ്ഥനായിട്ട് ബാബാജി ഭാര്യാഭർത്താക്കന്മാരുടെ നേരെ നോക്കിയിട്ട് പറഞ്ഞു.

"സന്യാസിമാരെയും ബ്രാഹ്മണരെയും ക്ഷണിച്ചാൽ അവർക്കാദ്യം ദക്ഷിണകൊടുക്കണം. എനിക്കെന്തു ദക്ഷിണയാണ് തരുന്നത്..?"

സജ്ജന്റെ ഹൃദയത്തിലൊരാവേശം. അതു നിയന്ത്രിച്ചിട്ട് മന്ദം പറഞ്ഞു "അങ്ങ് ആജ്ഞാപിച്ചാലും."

"നിന്റെ സർവവൈഭവങ്ങളും നമുക്ക് ദക്ഷിണയായി തരുമോ കുഞ്ഞേ?"

കന്യ സജ്ജന്റെ മുഖത്തേക്കു നോക്കി. തലയും കുനിച്ച് ഗംഭീരവദനനായി നിൽക്കുകയാണ് സജ്ജൻ. ബാബാജി തുടർന്നു "അതിൽ കുറച്ചൊന്നും നമുക്ക് സന്തോഷം നൽകില്ല രാംജീ."

കന്യ ഭർത്താവിനെത്തന്നെ നോക്കിനിന്നു. സജ്ജന്റെ മുഖത്ത്, ഹൃദയത്തിൽ നടക്കുന്ന സംഘർഷത്തിന്റെ പ്രതിഫലനം നിഴലിച്ചു കാണാം.

സജ്ജൻ പറഞ്ഞു "ആഗ്രഹമുണ്ട് ബാബാജീ.. ഇതിൽ എന്നെന്നും ഉറച്ചു നിൽക്കാൻ കഴിയുമോ എന്നും പറയാനാവില്ല. എനിക്കാലോചിക്കാൻ കുറച്ചു ദിവസം തരണം."

"അപ്പോൾ അതുവരെ ഞാൻ താലവും മുമ്പിൽ വച്ചിരിക്കണമെന്നോ..."

കന്യ ഭർത്താവിനെത്തന്നെ നോക്കിനിന്നു. സജ്ജന്റെ മുഖത്ത് ഉള്ളിലെ ഭീകരസംഘർഷം വ്യക്തമായി തെളിഞ്ഞു.

ബാബാജി വീണ്ടും പറഞ്ഞു "രാംജീ ഒന്നുകിൽ നീ, ഏതാണോ അംഗീകരിക്കുന്നത് അതിൽ ഉറച്ചുനിൽക്കണം. അതില്ലെങ്കിൽ അതു മറന്നിട്ട് ലോകം കറങ്ങുന്നതതിനനുസരിച്ച് നീയും കറങ്ങണം. എത്രനാൾ വിചാരിച്ചുകഴിയും? വെറും വിചാരവും ആലോചനയും ത്രിശങ്കു അവസ്ഥയിലേ എത്തിക്കൂ..."

"അങ്ങ് എല്ലാരോടും ഈ ദക്ഷിണയാണോ വാങ്ങുന്നത് ബാബാജീ.."

"അതറിഞ്ഞിട്ട് എന്തു കാര്യം? നിന്റെ മായയും വൈഭവവും കണ്ട് ഇന്നാദ്യമായി എനിക്കും ലക്ഷ്മിയോട് മോഹം തോന്നിയതാണെന്ന് കരുതിക്കോളൂ." സജ്ജൻ കന്യയെ നോക്കി. കന്യ അയാളുടെ ഭാവം മനസ്സിലാക്കിയിട്ടുപറഞ്ഞു. "ഞാൻ ഇല്ലായ്മയിലാണ് വളർന്നത്. ധനത്തിന്റെ അഭാവം എനിക്ക് ഒരു വിഷമവും തോന്നിക്കില്ല."

"അപ്പോൾ എനിക്കും വിഷമമില്ല. ബാബാജീ, അങ്ങയുടെ ആജ്ഞ സ്വീകാര്യമാണ്. ഈ സുഖം വളരെ അനുഭവിച്ചു. ഇനി ഉള്ളിലെ ശ്രീയാണ് ആവശ്യം. അങ്ങ് ആഹാരം കഴിക്കണം. മറ്റന്നാൾ കച്ചേരി തുറന്ന ഉടനെതന്നെ ഇതെല്ലാം അങ്ങയുടെ പേരിൽ രജിസ്ററർ ചെയ്തുതരാം..."

"ഏതു കച്ചേരിയിൽ?" ബാബാജി കിലുകിലാചിരിച്ചു. "ഞാനീ നിമിഷത്തിൽ തന്നെ രജിസ്റ്ററാക്കി രാംജീ. ഇനി ഈ ധനം നിന്റെയല്ല, നീ നമ്മുടെ ഖജാൻജി മാത്രമാണ്. നിങ്ങൾക്കു ശമ്പളം മാത്രമേയുള്ളൂ."

"അങ്ങനെയാകട്ടെ. ഈ ധനത്തിന്മേൽ ഇനി എനിക്കു യാതൊരു ഉടമാവകാശവുമില്ല."

"അതേ കുഞ്ഞേ. ഈ നങ്കൂരത്താൽ ഉറച്ചുനിന്ന് നീ സ്വസ്ഥനാകണം. ഓരോ നിമിഷത്തിലെയും ചിന്തയും സാധനയും വഴി നീ സ്വന്തം സ്വാമിയാകണം. നിനക്കു സ്വാമിയല്ലേ ആകേണ്ടത്? ആയിക്കോ..."

വർണവൈവിധ്യവും സുഖഭോഗങ്ങളും അലംകാരങ്ങളും കൊണ്ട് സന്തോഷസമന്വിതം കൊണ്ടാടപ്പെടുന്ന ഹോളി ചിന്തയാൽ ലീനമായ ദിനമായി മാറി. വിചാരസാഗരത്തിൽ ഒഴുകി നീന്തുകയാണ് സജ്ജൻ. ഓരോ വിചാരവും മനസ്സിലാക്കാൻ പറ്റുന്നില്ല, അതിന്റെ ആവശ്യമില്ല. സങ്കൽപ്പസാഗരത്തിന്റെ അടിത്തട്ടിലിരിക്കുകയാണയാൾ. അയാളുടെ ചുറ്റും മുകളിലും വശങ്ങളിലും അതേ സാഗരത്തിലെ ജീവജന്തുക്കൾ-സുന്ദരവും വിരൂപവുമായവ, തീവ്രഗതികളും മന്ദഗതികളും-കറങ്ങിക്കറങ്ങി അയാളെ വലംവയ്ക്കുകയാണ്.

38

ബാബാജി ആഹാരം കഴിഞ്ഞ് പോയിട്ട് രണ്ടു മണിക്കൂറാകും. പോർട്ടിക്കോയുടെ പുറത്തു നിന്നിരുന്ന ബസ്സിനടുത്തു വരെ ബാബാജിയെയും സംഘ

ത്തെയും കൊണ്ടാക്കിയിട്ട് ഭാര്യയും ഭർത്താവും തിരിച്ച് ഗ്യാലറി വരെ ഒന്നിച്ചാണ് മടങ്ങിയത്. സജ്ജൻ മുകളിലേക്ക് പോയി. വേലക്കാർക്ക് ആഹാരം കൊടുക്കാനും കലവറ പൂട്ടാനും മറ്റുമായി കന്യ താഴെത്തന്നെ നിന്നു.

അപ്പോൾമുതൽ അവൾ ഏതെങ്കിലും ഒരു തൊഴിലിൽ ഏർപ്പെട്ടിരുന്നു. വേലക്കാർക്ക് ആഹാരവും സമാധാനവും കൊടുത്ത് രണ്ട് മണിക്കൂർ അവധിയും നൽകി. പൂജാമുറിയിലെ പാത്രങ്ങൾ തുടച്ചു വച്ചു. കുറച്ചുനേരം തന്റെ അമ്മായിയുടെ ചിത്രത്തിനുമുമ്പിൽ നോക്കിനിന്നു. വിഗ്രഹത്തിനു മുമ്പിലിരുന്ന വിളക്കിൽ നെയ്യൊഴിച്ചു. തിരിനീട്ടി ചന്ദനത്തിരി കൊളുത്തി. കുറച്ചുനേരം അവിടത്തെ ഒരുക്കങ്ങൾ എല്ലാം നോക്കി നിന്നു. മുറിയുടെ തട്ടിലും ചുവരിലും പഴയ ചിത്രപ്പണികൾ. അവയും നോക്കി കുറെനേരം നിന്നു. പിന്നെ പൂജാമുറിയുടെ വാതിലടച്ചു.

പുറത്ത് വരാന്തയിലേക്കു വന്നു. മുറ്റം മറികടന്ന് മറുവശത്ത് അടുക്കള വരാന്തയിലേക്ക് മന്ദം നടന്ന്, അലസമായി അതിലേകൂടി മുകളിലേക്കുള്ള കോവണിയിൽ കയറി.

ആ മാളികയിലെ വലിയ മുറികൾ വിലകൂടിയ സാധന സാമഗ്രികൾകൊണ്ട് നിറച്ചിരിക്കുകയാണ്. സജ്ജൻ ഇരുന്നിരുന്ന സ്റ്റുഡിയോ മുറി ഒഴികെയുള്ള എല്ലാ മുറിയിലും അന്നും ഇരുട്ട്. അവൾ വളരെനേരം ചുറ്റി നടന്നു. ചിലപ്പോൾ ഒരിടത്തു നിൽക്കും. മറ്റുചിലപ്പോൾ എവിടെയെങ്കിലും നിമിഷനേരത്തേക്കിരിക്കും. ഇടയ്ക്ക് ഏതെങ്കിലും പഴയ വിഗ്രഹത്തിലോ ഫർണിച്ചറിലോ പറ്റിയിരിക്കുന്ന പൊടി തുടച്ച് വൃത്തിയാക്കും. ഇങ്ങനെ ഓരോ പ്രവൃത്തികളിൽ മനസ്സിനെ മുഴികിച്ചു നിറുത്താൻ അവൾ ശ്രമിക്കുകയാണ്. ഈ വീടും ഈ വീട്ടിലെ സർവ സാധനങ്ങളും അവരുടെയാണ്. ഈ വീട്ടിലെ സ്വാമിനിയാണവൾ. അഞ്ചാറു മാസം മുമ്പുവരെ സ്വപ്നത്തിൽപോലും അവൾക്കിങ്ങനെയൊന്നും സങ്കൽപ്പിക്കാനാകുമായിരുന്നില്ല. അച്ഛന്റെ വീട്ടിലെ അന്തരീക്ഷത്തിൽ അസന്തുഷ്ടയായും, പണത്തിന്റെ അഭാവത്താലുള്ള കഷ്ടതകൾ സഹിച്ചും, പുറമേ സംയമന ഭാവത്തോടും ഉള്ളിൽ ഈർഷ്യയോടും, സ്വന്തം മഹത്വാകാംക്ഷയെക്കുറിച്ച് സ്വയം മനസ്സിലാകാനാവാതെ, ചിലപ്പോൾ സാഹിത്യാരാധികയായും, ചിലപ്പോൾ അഭിനയ കലയിൽ താല്പര്യം കാട്ടിയും, മറ്റു ചിലപ്പോൾ രാഷ്ട്രീയ കാര്യങ്ങളിൽ അഭിരുചി പ്രകടിപ്പിച്ചും മുമ്പോട്ടുപോയിരുന്ന ഈ യുവതി പ്രഭുത്വ മഹിമയെക്കുറിച്ച് പഠിച്ചും കേട്ടും അറിഞ്ഞിരുന്നെങ്കിലും, അതൊന്നു ശരിക്കു കാണാനും മനസ്സിലാക്കാനും ഇതേവരെ അവൾക്കവസരം ലഭിച്ചിരുന്നില്ല. പ്രഭുത്വത്തെ അവൾ വെറുത്തിരുന്നു. പണക്കാരെ അവൾ ആക്ഷേപിച്ചിരുന്നു. എന്നാൽ സജ്ജൻ അവളുടെ പ്രേമ ഭിക്ഷുവായി വരികയും, അയാളിൽ അവളുടെ ഹൃദയം പതിയുകയും ചെയ്തതോടെ, സജ്ജനോടൊപ്പം, അയാളുടെ ഈ വൈഭവങ്ങളോടും അവൾക്കു സ്വയമറിയാതെ തന്നെ മോഹം ഉണ്ടായിത്തുടങ്ങി. വിവാഹം കഴിഞ്ഞ ഉടനെ സജ്ജൻ തന്റെ രാജകീയ സമ്പത്ത് അവൾക്കായി സമർപ്പിച്ചു. ഒരിക്കൽ സജ്ജൻ ആവശ്യപ്പെട്ടതനുസരിച്ച് സജ്ജന്റെ അമ്മയുടെയും അമ്മൂമ്മയുടെയും ആഭരണങ്ങൾ വാരിയണിഞ്ഞ് നവവധുവിന്റെ മട്ടിൽ അവൾ നിൽക്കുകയും, സജ്ജൻ ആ പോർട്രയിറ്റ് വരയ്ക്കുകയും ചെയ്തു. ഒരു ലക്ഷത്തോളം രൂപ വിലപിടിപ്പുള്ള ആ ആഭരണങ്ങൾ അണിഞ്ഞുനിന്നപ്പോൾ അന്നവൾക്കു

വല്ലായ്മയാണ് തോന്നിയത്. ഇപ്പോൾ സ്വന്തം വൈഭവവുമായി അവൾ ക്രമേണ പരിചയിച്ചുവരികയാണ്. ഇപ്പോൾ അവയിൽ അവൾക്ക് വല്ലായ്മ തോന്നാറില്ല. അതിനോട് ഒരു സാധാരണത്വം കൈവന്നു തുടങ്ങിയതാണ്. അപ്പോഴാണിതാ ത്യാഗത്തിന്റെ കഠാര അതിൽ കുത്തിയിറക്കിയിരിക്കുന്നത്. ബുദ്ധിപരമായി ഈ ത്യാഗത്തെ എതിർക്കാനവൾക്കു കഴിയില്ല. എങ്കിലും ത്യാഗം ചെയ്യാൻ മനസ്സിനൊരു മടി, ഒരു വേദന, ഇടയ്ക്കിടെ അതവളെ കുത്തി നൊമ്പരപ്പെടുത്തുന്നു. ബാബാരാംജി ഈ സമ്പത്തൊന്നും പൊക്കിയെടുത്തുകൊണ്ടു പോയില്ല. എങ്കിലും അവൾക്കൊരു തോന്നൽ പുതു ജീവിതത്തിന്റെ സന്തോഷാവസ്ഥയിൽ ഒരു കരടായി അനുഭവപ്പെട്ടു. ആധ്യാത്മികമായി നോക്കിയാൽ ഈ ധ്യാനവും ത്യാഗവും ശരിയാണ്. അത് പാലിക്കുന്ന ഗൃഹസ്ഥാശ്രമിക്ക് സുഖം ഉണ്ടാകണം. ഗൃഹസ്ഥനല്ലാതാകുന്നുവെന്നല്ല അതിന്റെ അർത്ഥം. ഇതെന്റെ വീടാണ്....ഞാൻ സന്തുഷ്ടയാണ്, സൗഭാഗ്യവതിയാണ്. എന്റെ വീടും സുഖ സൗഭാഗ്യങ്ങളും ഞാൻ സന്തോഷത്തോടും സമാധാനത്തോടും അനുഭവിക്കുകയും ചെയ്യും.

മനസ്സിന്റെ വേദന ഒട്ടൊന്നു കുറഞ്ഞു. പ്രിയതമനെക്കുറിച്ചോർമ്മ വന്നു. കന്യ എഴുന്നേറ്റ് ഉറക്കറയിലേക്കു പോയി. സജ്ജൻ അവിടെയില്ല. കണ്ണാടിയിൽ മുഖം ഒന്നുനോക്കി. മുഖം വല്ലാതെ വാടിയിരിക്കുന്നു. ഈ വാടിയ മുഖവുമായി പ്രിയന്റെ മുന്നിൽ പോകാനവൾ ആഗ്രഹിച്ചില്ല. അദ്ദേഹത്തിനു സംശയംതോന്നിയാലോ! സോപ്പിട്ട് മുഖം കഴുകി, ക്രീം പുരട്ടി, പൊട്ടുതൊട്ടു, തല ഒതുക്കിക്കെട്ടി. പെട്ടെന്ന് ഒരു ചിന്ത. തൊട്ടടുത്തുള്ള മുറിയിൽ ചെന്ന് വാർഡ്റോബ് തുറന്നു. നീലനിറത്തിലുള്ള ബാംഗ്ളൂർ സാരിഎടുത്തു. വൈരക്കൽസെറ്റ് എടുത്തണിഞ്ഞു. കാതിൽ കമ്മൽ, മൂക്കിൽ മൂക്കുത്തി, കഴുത്തിൽ മാല, വലത്തേകയ്യിൽ നാലുവള, ഇടത്തേകയ്യിൽ വൈരം പതിച്ച റിസ്റ്റ് വാച്ച്. സജ്ജൻ വാങ്ങിക്കൊടുത്ത വൈരക്കല്ല് സെറ്റ് അന്നാദ്യമായിട്ടാണവൾ അണിയുന്നത്. ശരീരത്തിലണിഞ്ഞ വൈരക്കല്ലാഭരണങ്ങളുടെ തിളക്കം ഹൃദയത്തിലും പരന്നു. കണ്ണാടിയിൽ തന്റെ അലങ്കാരങ്ങൾ മാദകമായിട്ടവൾക്ക് തോന്നി.

സ്റ്റുഡിയോയിൽ ചിത്രരചനയിൽ മുഴുകിയിരിക്കുകയായിരുന്നു സജ്ജൻ. കന്യയെ കണ്ട ഉടൻ അയാളുടെ മുഖവും കണ്ണുകളും അത്ഭുതം കൊണ്ട് വിടർന്നു. "ഹലോ" അയാൾ അവളെ അടിമുടി ഒന്നു നോക്കി.

"കണ്ണു തട്ടുമെന്നു തോന്നുന്നല്ലോ."

"കണ്ണുതട്ടേണ്ട സമയത്തുതന്നെ തട്ടിയതല്ലേ. ഇനി ഇപ്പോൾ നിന്നെ കണ്ണു നിറയെ കാണുകയാണ്."

"നിങ്ങൾ പരാതി പറയുമെങ്കിലോ എന്നുകരുതി. ഈ വിലകൂടിയ ആഭരണങ്ങൾ താല്പര്യത്തോടെ വാങ്ങിയതല്ലേ?" കന്യ ഒന്നു നിറുത്തിയിട്ട് തുടർന്നു "ത്യാഗം ചെയ്യുന്നതിനു മുമ്പ് ഒരിക്കൽ ഒന്നു ധരിക്കാൻ ആഗ്രഹം തോന്നി."

സ്നേഹത്തോടെ അവളുടെ കവിളിൽ തട്ടിയിട്ടു പറഞ്ഞു "ഞാനിത്രയും നേരം ഗൗരവപൂർവം ആലോചിക്കുകയായിരുന്നു. ഒരു തീരുമാനവും എടുത്തു." ചോദ്യരൂപത്തിൽ അവൾ അയാളുടെ കണ്ണുകളിലേക്ക് നോക്കി.

സജ്ജൻ പറഞ്ഞു "നോക്കു കന്യേ, ഇല്ലായ്മ ഒന്നുകിൽ പുതുശക്തി തരും. അല്ലെങ്കിൽ തകർക്കും. നമ്മൾ രണ്ടുപേരെയും സംബന്ധിച്ചിടത്തോളം ഇല്ലായ്മ ബലംതരുമെന്നാണെന്റെ വിശ്വാസം. മറ്റൊരു കാര്യം കൂടിയുണ്ട്. എന്റെ ഹൃദയ

ത്തിൽ നിറവേറ്റപ്പെടാത്ത ചില ആഗ്രഹങ്ങളുണ്ട്. മറ്റൊന്നുമല്ല. എന്റെ വിവാഹ ജീവിതം തുടങ്ങിയത് ഇപ്പോഴല്ലേ? നിന്നെയും കൊണ്ട് ചുറ്റിക്കറങ്ങണമെന്നും നാം ഒന്നിച്ച് അങ്ങ് ദൂരസ്ഥലങ്ങളിൽ സഞ്ചരിച്ചു ലോകം കാണണമെന്നും ആഗ്രഹം. ഈ ആഗ്രഹം അടക്കിവയ്ക്കണമെന്നുണ്ടെങ്കിൽ ഒരു പക്ഷേ അതു സാധ്യമായേക്കും. പക്ഷേ അത് എനിക്ക് സമാധാനം തരില്ല."

സജ്ജൻ പറഞ്ഞു നിറുത്തിയിട്ട് ആലോചനാമഗ്നനായി. കന്യ കസേര വലിച്ചടുത്തിട്ടിട്ട് ഇരുന്നു. അവൾ നവോഢയുടെ പ്രേമവും ആദരവും നിറഞ്ഞ കണ്ണുകളോടെ അയാളെത്തന്നെ നോക്കിയിരുന്നു. വികാരത്തിന്റെയും മാദകതയുടെയും ലാഞ്ഛനയുള്ളതാണ് നോട്ടമെങ്കിലും അതിൽ ലാലസയില്ല. പുലർകാല സമീരണനെപ്പോലെ കുളിരും സുഖവും പകരുന്ന നോട്ടം.

കന്യ പറഞ്ഞു "ചുറ്റിക്കറങ്ങാൻ എനിക്കും മോഹമുണ്ട്."

"ശരികന്യേ... ഇനിമേൽ ഞാൻ എനിക്കായി അധികം സുഖസാമഗ്രികൾ ഒന്നും ശേഖരിക്കില്ല. ചുരുങ്ങിയവകൊണ്ട് കാര്യങ്ങൾ നടത്തും. എന്നാൽ പെട്ടെന്ന് ഉപേക്ഷിക്കാൻ കഴിയാത്ത ചിലതുണ്ട്. ഞാൻ എന്നെത്തന്നെ വഞ്ചിക്കരുതല്ലോ. എങ്കിലും ക്രമേണ ഞാനെന്റെ അതിരുകൾ ചുരുക്കും. എന്റെ അമ്മയുടെ സമ്പത്ത്, കുടുംബസ്വത്ത്, എനിക്ക് ഭാവിയിലുണ്ടാകാനിടയുള്ള കുട്ടികളിൽനിന്ന് തട്ടിപ്പറിക്കാനെനിക്കാഗ്രഹമില്ല. ഇപ്പോൾ എന്റെ കൈവശം ഏകദേശം എട്ടുലക്ഷത്തിന്റെ സ്വത്ത് കാണണം. അച്ഛൻ വളരെയധികം സ്വത്ത്, ഏകദേശം ഇത്രയും തന്നെ തുക, ദീപാളി കുളിച്ചു. നാലഞ്ചുലക്ഷത്തിന്റെ വക മറ്റുവിധത്തിൽ കൊള്ളയടിക്കപ്പെട്ടു. അതൊക്കെ പോകട്ടെ, ശേഷിച്ച സ്വത്തിന്റെ പകുതിക്ക് ഞാനുടനെ ഒരു ട്രസ്റ്റ് ഉണ്ടാക്കും. സമൂഹത്തിന് ഉപകാരമുള്ള പലതും നമുക്കങ്ങനെ ചെയ്യാൻ കഴിയും."

കന്യയ്ക്ക് ഉത്സാഹം തോന്നി "നിങ്ങൾ എന്റെ മനസ്സിൽ തോന്നിയ അതേ കാര്യമാണ് പറഞ്ഞത്. നോക്കൂ ഞാൻ മനസ്സിലുള്ളത് തുറന്നുപറയട്ടെ. ഞാൻ നിങ്ങളെ പ്രേമിച്ചു തുടങ്ങുമ്പോൾ സത്യത്തിൽ നിങ്ങൾവലിയ പണക്കാരനാണെന്നകാര്യം മനസ്സിൽ ഞാൻ ഓർമ്മിച്ചതുപോലുമില്ല. നിങ്ങളെ വിവാഹം ചെയ്യുന്നതിനെക്കുറിച്ച് ഞാൻ ഭാവനചെയ്തപ്പോഴൊന്നും, അതോടൊപ്പം ഈ വീട്ടിന്റെ നായികയായി ഞാൻ വരുമെന്ന് ചിന്തിച്ചില്ലെന്ന് പറയുന്നത് ശരിയായിരിക്കുകയില്ല. എങ്കിലും ഈ വീട്ടിൽ വന്നശേഷമാണീ സമ്പത്തിനോടും മറ്റും എനിക്ക് മോഹമുണ്ടായത്. നിങ്ങളുടെ പെരുമാറ്റം കാരണമാണ് അതുണ്ടായതും... എനിക്ക് വ്യക്തമായി പറഞ്ഞുമനസ്സിലാക്കാൻ കഴിയുന്നില്ല. പക്ഷേ അത് നിങ്ങൾക്കു ശരിക്കു മനസ്സിലാകുമല്ലോ."

"എനിക്ക് ശരിക്കും മനസ്സിലാകുന്നുണ്ട്.."

"ഇന്ന് ബാബാജി അതു പറഞ്ഞപ്പോൾ എനിക്ക് വലുതായൊന്നും തോന്നിയില്ല. എന്നെ സംബന്ധിച്ചിടത്തോളം ഈ ത്യാഗം സാധാരണമാണ്. പക്ഷേ തനിയെ ഇത്രയുംനേരം...." വാക്കുകൾ താനറിയാതെ നിന്നുപോയി, അവൾ മൂകയായി തലകുനിച്ചു നിന്നു.

സജ്ജൻ കിലുകിലാ ചിരിച്ചു. കന്യ ഞെട്ടി അങ്ങോട്ടുനോക്കി. താനെന്തോ അപരാധം ചെയ്തതായി അവൾക്കുതോന്നി. സജ്ജൻ ഇരുകരങ്ങളും അവളുടെ കഴുത്തിലർപ്പിച്ച് അവളെ പിടിച്ചടുപ്പിച്ചു. അധരങ്ങളിൽ മധുപകർന്നിട്ടു പറഞ്ഞു.

"നീ നിഷ്കളങ്കയാണ്...ശുദ്ധ.. സ്നേഹത്തിന്റെ മൂർത്തീകരണമാണ്..."

സജ്ജൻ എഴുന്നേറ്റു നിന്നു. ഒന്നു നിവർന്ന് ഞെളിപിരിക്കൊണ്ടിട്ട്, വരച്ചു തീരാത്ത ആ ചിത്രത്തിന്റെ നേർക്ക് ഒന്നു നോക്കി. "നേരുംനെറിയുമുള്ളവർക്ക് ഇത് ജീവന്മരണ പ്രശ്നമാണ്. നമ്മൾ ഇപ്പോൾ പറയുന്ന ഈ കാര്യങ്ങൾ ലൗകി കകാര്യ പടുവായ ഒരാളിന്റെ മുമ്പാകെയാണ് പറഞ്ഞതെങ്കിൽ നമ്മൾക്ക് ഭ്രാന്താ ണെന്നു പറഞ്ഞ് അയാൾ ചിരിച്ചേനെ... ഇതെല്ലാം കൃതയുഗത്തിൽ നടന്നേക്കാം. കലിയുഗത്തിൽ ഇങ്ങനെ ചിന്തിക്കുന്നതുപോലും കിറുക്കാണെന്നു പറയും..."

"അതുപോട്ടെ. വരൂ, പോകാം."

കന്യ എഴുന്നേറ്റു "ധനമോഹത്തെക്കുറിച്ചിന്നു മനസ്സിലായി."

"നീ ഒന്നും മനസ്സിലാക്കിയില്ല. അതിനെക്കുറിച്ചറിയാവുന്ന ഞാനെന്തൊക്കെ കണ്ടിട്ടുണ്ടെന്നോ! ചിലരുണ്ട്, ഉണ്ണാതെയും ഉടുക്കാതെയും നുള്ളിയും പെറു ക്കിയും ലക്ഷക്കണക്കിനു ചേർത്തുവയ്ക്കും. രോഗം വന്നാൽ ചികിത്സിക്കില്ല. എന്തു ഫലമാണവരുടെ ധനംകൊണ്ട്? സ്വന്തമാവശ്യത്തിനുമില്ല, അന്യർക്ക് ഉപകരിക്കുകയുമില്ല."

"അങ്ങനെയുള്ളവരാണ് പാമ്പായി മാറുന്നതെന്ന് കേട്ടിട്ടുണ്ട്." കന്യ ചിരി ച്ചിട്ടു പറഞ്ഞു. രണ്ടു പേരും അവരുടെ മുറിയിൽ എത്തി. കട്ടിലിൽ തലയിണ യിൽ ചാരിയിരുന്നിട്ട് സജ്ജൻ പറഞ്ഞു "ഈ പാമ്പിന്റെ കാര്യം ഒരുവിധത്തിൽ സത്യമാണെന്ന് എനിക്ക് തോന്നിയിട്ടുണ്ട്. എങ്കിലും വിശ്വാസം വന്നിട്ടില്ല." കന്യ അയാളുടെ മുമ്പിലിരുന്ന് ആ മുഖത്തുതന്നെ സൂക്ഷിച്ചുനോക്കി. സജ്ജൻ പറഞ്ഞു "ഞങ്ങളുടെ വീട്ടിലും സർപ്പജോഡിയുണ്ടായിരുന്നു..."

"എവിടെ?"

"പൂജാമുറിയിൽ."

"ങേ...പൂജാ....മുറിയിലോ?"

"അതേ, അതിന്റെ താഴെ ഒരു നിലവറയുണ്ട്. അതിനെക്കുറിച്ചിതുവരെ സംസാരിക്കാനിട കിട്ടിയില്ല; അല്ലെങ്കിൽ ആ സ്ഥലത്തിന്റെ അടയാളം നീ ഇതി നം കണ്ടേനെ. അച്ഛൻ മരിച്ചശേഷം, അത് മുകളിൽനിന്ന് കുമ്മായമിട്ട് അടച്ചു കളഞ്ഞു. ഞാനും അതിനകത്തുപോയിട്ടില്ല. കുഞ്ഞിലേ ഒരിക്കൽ അത് തുറ ക്കുന്നതു കണ്ടിട്ടുണ്ട്."

"അതിൽ സർപ്പമുണ്ടായിരുന്നോ?"

"അതേ. അച്ഛനാണതിനെ കൊല്ലിച്ചത്. അതുകഴിഞ്ഞ് ഏതാനും മാസ ങ്ങൾക്കുള്ളിൽ അദ്ദേഹവും മരിച്ചു. അദ്ദേഹം മരിച്ചത് ഇതു കൊണ്ടാണെന്നാണ് ആളുകൾ പറയുന്നത്. അമ്മ പറഞ്ഞുകേട്ടിട്ടുണ്ട്. അപ്പൂപ്പൻ ഈ വീട് പണിത പ്പോൾ പഴയതറവാട്ടിൽനിന്ന്, സ്വർണക്കൂടയിൽ ആ ജോഡിയെയും ഇങ്ങോട്ട് കൊണ്ടുവന്നെന്ന്. അപ്പൂപ്പൻ ഒരു തരത്തിൽ വിപ്ളവകാരിയായിരുന്നു. അക്കാ ലത്ത് ഇംഗ്ളണ്ടിൽ പോയി തിരിച്ചുവന്നിട്ട് പ്രായശ്ചിത്തവും ചെയ്തില്ല. പക്ഷേ അദ്ദേഹത്തിന് ഈ സർപ്പജോഡിയിൽ വിശ്വാസം ഉണ്ടായിരുന്നെന്നാണ് പറയു ന്നത്. ഞങ്ങളുടെ പൂർവികനായ രഘുമൻജിയും അദ്ദേഹത്തിന്റെ പത്നിയുമാണീ സർപ്പജോഡിയെന്നാണ് പറയപ്പെടുന്നത്. നവാബ് സാദത് അലിഖാനോടൊപ്പം ദില്ലിയിൽ നിന്ന് ലഖ്നൗവിൽ വന്നതാണദ്ദേഹം."

"പിന്നെ എന്തുണ്ടായി?"

“അദ്ദേഹം ജൗളിവ്യാപാരിയായിരുന്നു. വലിയ പ്രഭാവശാലിയും ചതുരനുമായിരുന്നു. നവാബിനെ കൈക്കുള്ളിൽ ഒതുക്കിയിരുന്നു. ഇവിടെവന്നിട്ട് ലക്ഷക്കണക്കിന് സമ്പാദിച്ചു. മരിച്ചശേഷം സ്വപ്നത്തിൽ ഭാര്യയോട് വന്നു പറഞ്ഞത്രേ. ഞാനിരിക്കുന്ന സ്വർണനാണയം നിറച്ച കലശത്തിന്റെ ചുറ്റുമുള്ള നാലു കലശങ്ങളിൽ നിന്നും ആരും ഒന്നും എടുക്കരുതെന്ന്. കുടുംബത്തിന് എപ്പോഴെങ്കിലും ആപത്തുവരുമ്പോൾ, ആവശ്യം വരുമ്പോൾ, ഒരു കിണ്ണം നാണയമെടുക്കാൻ ഞാൻതന്നെ അനുവദിക്കും. പകരം ഒരു കിണ്ണം പാല് വച്ചേക്കണം എന്ന്.”

“പിന്നെ..”

“പിന്നെയെന്ത്, അദ്ദേഹത്തിന്റെ ഇഷ്ടത്തിനൊത്ത് എല്ലാം ചെയ്തു.”

“അപ്പോൾ സ്വപ്നത്തിനുശേഷം അദ്ദേഹം സത്യമായി സർപ്പമായിട്ടു മാറിയോ...”

“അതേ. കുറെ നാളുകൾക്കുശേഷം, അദ്ദേഹത്തിന്റെ പത്നിയും മരിച്ചു. അതിനുശേഷം ആളുകൾ ആ ജോഡിസർപ്പം കണ്ടു തുടങ്ങി.”

“ആ ധനം ആരും എടുത്തില്ലേ?”

“ഇല്ല, അതിന്റെ ആവശ്യം വന്നില്ല. രഘുമൻജിക്കുശേഷം അഞ്ചു തലമുറയോളം ഞങ്ങളുടെ സമ്പത്ത് വർധിച്ചുകൊണ്ടിരുന്നു. എന്റെ പൂർവികന്മാർ സമർഥരും ലോകവിവരമുള്ളവരുമായിരുന്നു. ദർബാറിൽ അവർക്കു വലിയ സ്ഥാനമായിരുന്നു. കാറ്റിനൊത്ത് തൂറ്റാനവർക്കറിയാം. വ്യാപാരികളിൽ നിന്ന് തുണിക്കടക്കാരായി. പിന്നെ താലൂക്കധികാരികളായി. എന്റെ അപ്പൂപ്പൻ ഈ വീട് വച്ചപ്പോൾ പരീക്ഷിക്കാനായി കലശത്തിൽ നിന്ന് കുറെ സ്വർണ നാണയം മാറ്റി വച്ചിട്ടാണ് ഖജനാവ് ഇങ്ങോട്ട് കൊണ്ടുവന്നത്. അന്നുരാത്രി അദ്ദേഹം സ്വപ്നം കണ്ടു. ആ നാണയം തിരിച്ച് കലശത്തിൽതന്നെ വച്ചില്ലെങ്കിൽ നിന്റെ മോനെയും മരുമോളെയും നശിപ്പിക്കുമെന്ന്. അടുത്ത ദിവസം തന്നെ അദ്ദേഹം നാണ്യങ്ങൾ കലശത്തിലിട്ടു. എന്റെ അപ്പൂപ്പൻ അതൊരിക്കലും തൊട്ടിട്ടില്ല. പാവം ചെറുപ്പത്തിൽതന്നെ പോയി. അവകാശികൾ പ്രായപൂർത്തിയാകാത്തതിനാൽ ഭരണം കോർട്ടിലായി. അക്കാലത്ത് ഒരു പാട് ധനം കൊള്ളയടിക്കപ്പെട്ടു. അതിനുശേഷം അച്ഛന് പ്രായപൂർത്തിയായി. അദ്ദേഹം ഇംഗ്ളണ്ടിലേക്കു പോയി. തിരിച്ചുവന്നത് ആകെ ആളുമാറിയിട്ടാണ്. അദ്ദേഹം ഒരുപാട് പണം നശിപ്പിച്ചു. ഒരിക്കൽ ലഹരി പിടിച്ച സമയത്ത് സർപ്പജോഡിയെ കൊല്ലിച്ചു. കുറെ നാളുകൾ കഴിഞ്ഞ് അദ്ദേഹവും മരിച്ചു. ആ സർപ്പപൂർവികരുടെ ശാപമാണ് ഈ ദുരന്തത്തിനു കാരണമെന്ന് അമ്മ പറയാറുണ്ടായിരുന്നു...”

“ആ സ്വർണ മുദ്രകളോ?”

“അച്ഛൻ അതെല്ലാം ഉരുക്കി...”

“ആ നിലവറയിൽ ഇപ്പോഴെന്താണ്?”

“അറിഞ്ഞുകൂടാ...”

ഒന്നു നിശ്വസിച്ചിട്ട് കന്യ പറഞ്ഞു “സർപ്പങ്ങൾ ധനം കാത്തുസൂക്ഷിക്കുന്ന പലകഥകളും ഞാൻ കേട്ടിട്ടുണ്ട്. പക്ഷേ വിശ്വസിക്കാൻ കഴിഞ്ഞിട്ടില്ല.”

“എനിക്കും വിശ്വസിക്കാൻ കഴിഞ്ഞിട്ടില്ല. പക്ഷേ അമ്മ അവയെ കണ്ടിട്ടുണ്ട്. ആ ജോഡിയോടൊപ്പം ഞങ്ങളുടെ കുടുംബത്തിന്റെ ചരിത്രവും ബന്ധപ്പെട്ടു കിടക്കുകയാണ്. വല്ലാത്ത ആശയക്കുഴപ്പം. ഇങ്ങനെയുള്ള കാര്യങ്ങൾ

വിശ്വസിക്കുന്നതെങ്ങനെ..? വിശ്വസിക്കാതിരിക്കുന്നതെങ്ങനെ...?"

"ശരിയാണ്. നമ്മുടെ നാടും വിചിത്രം തന്നെ. എന്തെല്ലാം വിരോധാഭാസങ്ങൾ! ഒരുവശത്ത് ലോജിക്കും ശാസ്ത്രവും ഫിലോസഫിയും ജനാധിപത്യവും; മറുവശത്ത് ഈ സർപ്പവും യോഗികളും തായിയുടേതുപോലുള്ള മന്ത്രവാദവും മറ്റും. ഇവയെ വിശ്വസിച്ചാൽ അന്ധവിശ്വാസമല്ലാതെ...."

"കന്യേ എങ്ങനെ വിശ്വസിക്കാതിരിക്കും? നീ നമ്മുടെ ബാബാജിയെ കണ്ടില്ലേ? അദ്ദേഹത്തിന്റെ ആത്മീയശക്തിയെ അവിശ്വസിക്കാനൊക്കുമോ? പറ..."

കന്യ കൈമുട്ടിൽ തലചേർത്ത് ചാഞ്ഞ്കിടന്നു. സജ്ജന്റെ മുഖത്ത് ചിന്താമഗ്നയായിനോക്കി.

സജ്ജൻ പറഞ്ഞ മോഹവും ത്യാഗവും-"സർപ്പവും യോഗികളും-രണ്ട്..."

"അതിരില്ലാത്തവയാണ്. രണ്ടിന്റെ പരമ്പരകളും പ്രാചീനമാണ്. മോഹൻജദാരോയുടെയും ഹരപ്പയുടെയും കാലം മുതൽ തന്നെ ഹിന്ദുസ്ഥാനിലുള്ളവർ ധനം സമ്പാദിക്കുകയും അത് അനുഭവിക്കുകയും ചെയ്തിരുന്നു. അതിനു വിപരീതമായി എല്ലാം ത്യജിച്ച് യോഗവും തപസ്സും നടത്തുന്ന പ്രക്രിയയും അന്നു മുതൽ തന്നെ പ്രചരിച്ചിരുന്നു."

"കൊച്ചമ്മേ...." പുറത്തുനിന്ന് വേലക്കാരൻ വിളിച്ചു.

"ഇങ്ങുവാ ശീതൻ" കന്യ എഴുന്നേറ്റിരുന്നു.

"ചായ കൊണ്ട് വരട്ടോ...?"

"കൊണ്ടുവാ" സജ്ജൻ അനുമതി നൽകി. അവൻ പോയി. മുറിയിൽ നിശ്ശബ്ദത വ്യാപിച്ചു. ചായ എത്തി. സജ്ജനും കന്യയും ഉള്ളിലെ സത്യവും കള്ളവും പുറത്തു ചാടുന്നതു ഭയന്നു മൗനമായിരുന്നു. സജ്ജൻ മൂകനായിരുന്ന് ചായകുടിച്ചു. കന്യയുടെ കയ്യിലിരുന്ന ചായ തണുത്തു. ഒടുവിൽ അവൾ പറഞ്ഞു "സജ്ജൻ നാമിപ്പോൾ മടിക്കുകയാണങ്കിൽ അതിലേറെ നാണംകെട്ടതായി ഒന്നുമുണ്ടാവില്ല. തിന്നും കുടിച്ചും മദിച്ചും ജീവിക്കുകയെന്നത്, ധനത്തിന്റെ കാളസർപ്പ വിഷത്തിനു തുല്യമാണ്. അതു ദൂരെക്കളയാൻ നമുക്കു കഴിഞ്ഞില്ലെങ്കിൽ...."

"നോക്കൂ കന്യേ, ബാബാജി നമുക്കു മാനസികമായ ഒരു സമസ്യ തന്നിരിക്കുകയാണ്. ഇതിനൊരു തീരുമാനം കാണണമെങ്കിൽ നാം ഏതെങ്കിലും ദിശയിലേക്ക് നിശ്ചിതമായി നീങ്ങിയേ പറ്റൂ. ഒരേ സമയത്തു തന്നെ നമുക്ക് യോഗിയും സുഖഭോഗിയും ആകാൻപറ്റില്ല. നാം നമുക്കായി ഒരു മാർഗം കണ്ടെത്തിയേ കഴിയൂ."

"കണ്ടെത്തി. നാം ഗാർഹസ്ഥ്യം സ്വീകരിച്ചവരാണ്. നമ്മുടെ ത്യാഗവും, സുഖവും സന്തുലിതമായിട്ടായിരിക്കണം."

39

"ഹോളീ ഹോളിഹോ..."

കറുപ്പും ചുവപ്പും നീലയും ചായങ്ങൾ വാരിയണിഞ്ഞ മുഖവും, പലവിധ വർണങ്ങൾ അങ്കിതമായ വേഷവിധാനവും, കീലും പെയിന്റും പുരണ്ട കൈകളും,

ചായപ്പൊടികളും ചായം കലക്കിയ പീച്ചാങ്കുഴലുകളും കൈയിലേന്തി, ഒരു സംഘം ഹോളിയാഘോഷക്കാർ അന്യോന്യം ചായമെറിഞ്ഞും, വഴിയിൽ കാണുന്നവരുടെമേൽ ചായവും വെള്ളവും തളിച്ചും മഹിപാലിന്റെ വീട്ടിനു മുന്നിലുള്ള തീരത്തിലൂടെ നീങ്ങുകയാണ്. എതിർവശത്ത് ശിവക്ഷേത്രമിരിക്കുന്ന കവലയിൽ നിന്ന് തിരിഞ്ഞ്, സജ്ജന്റെ ഒരു ജോലിക്കാരൻ സൈക്കിളിൽ അങ്ങോട്ടുവരികയായിരുന്നു. ഹോളിക്കാരുടെ സംഘം തന്റെ നേരെ വരുന്നതുകണ്ട് അവൻ സൈക്കിളിൽനിന്നിറങ്ങി നിന്നു. സിംഹങ്ങൾക്കു മുന്നിൽപ്പെട്ട കിടാവിനെപ്പോലെയായി. ഹോളി കൊണ്ടാടുന്നവർ അവന്റെ നേരെ ചാടിവീണു. ഛിദ്ദു മിടുക്കനായിരുന്നു. നല്ല തന്റേടിയും. സൈക്കിൾ രണ്ടു കൈകൊണ്ടും പൊക്കിയെടുത്ത് തലയ്ക്കുനേരേ മറച്ചുപിടിച്ചിട്ടവൻ ഗർജിച്ചു "സൂക്ഷിച്ചോണം. സൈക്കിൾവച്ചു ഞാനടിക്കും. പറഞ്ഞേക്കാം. ഒന്നുരണ്ട് എണ്ണത്തിനെ തട്ടിയിടും. പിന്നെ എന്നെ കൊന്നാലും വേണ്ടില്ല."

ഹോളികളിക്കാർ മൃഗീയമായ തങ്ങളുടെ വിനോദത്തിൽ നിന്ന് പിന്മാറി. കിടാവല്ല സിംഹമാണ് മുന്നിലെന്ന് അവർക്കു മനസ്സിലായി. ഛിദ്ദു സൈക്കിളും ഉയർത്തിപ്പിടിച്ച്, ചുവരരികുചേർന്ന് മറഞ്ഞു നടന്നു. ഹോളികളിക്കുന്നവർ, ചായവും വെള്ളവും കോരി ഒഴിച്ചു. ചപ്പും ചവറും വാരിയെറിഞ്ഞു. തെറിവിളിച്ചു. ഛിദ്ദു ഇടയ്ക്കിടെ സൈക്കിൾ അവരുടെ നേരെ വീശി എറിയുന്നതായി കാണിച്ചു. കണ്ണിൽ ചായം വീഴാതെ അവൻ വളരെ പണിപ്പെട്ടാണ് ഒരരികു പറ്റി മുന്നോട്ടുനീങ്ങിയത്. ഹോളിക്കൂട്ടം വേണ്ടതിലേറെ ബഹളം ഉണ്ടാക്കിക്കൊണ്ട് മുന്നോട്ടുപോയി. ഭാരംകൊണ്ട് ഛിദ്ദുവിന്റെ കൈകുഴയുകയാണ്. മരവിച്ചു പോയെന്നു തോന്നി. പതുക്കെ അവൻ സൈക്കിൾ താഴ്ത്തിവച്ചു. കൈ അനങ്ങുന്നില്ല. ആകെ സ്തംഭിച്ച മട്ട്. അവൻ മരവിച്ചൽപ്പം നിന്നിട്ട് അവിടെത്തന്നെ കുത്തിയിരുന്നു.

മഹിപാൽ മേടയിൽ നിന്നിതെല്ലാം കാണുകയായിരുന്നു. നാലഞ്ചു ദിവസമായിട്ട്, വിശിഷ്യാ ഇന്നു രാവിലെ 4 മുതൽ, ഇതേ പോലുള്ള പല ദൃശ്യങ്ങളും അയാൾ കണ്ടു. വീട്ടിനുള്ളിൽ ചായം വാരി എറിയുന്ന പിള്ളേരെ ഒരു പരിധിവരെയൊക്കെ വിരട്ടി അതിൽനിന്നു പിന്മാറ്റാൻ അയാൾക്കു കഴിഞ്ഞു. പുറത്തു നടക്കുന്നത് തടയാൻ അയാൾക്ക് എങ്ങനെ കഴിയും?

ഈ ഉൽസാഹത്തിലും കളികളിലും അയാളുടെ ശരീരം പങ്കെടുക്കുന്നില്ലെങ്കിലും യുവഹൃദയം വേണ്ടത്ര രസം കൊള്ളുന്നുണ്ടായിരുന്നു. ഹോളിയുടെ ചായം പൂശലും, കളികളും, മദോന്മത്തതയും, തെറിപറയലും എല്ലാം ഒരുവിധത്തിൽ പ്രകൃതിക്കുചേർന്നതും രസകരവുമാണെന്നയാൾക്കുതോന്നി. ഹോളിയുടെ ഈ അഞ്ചു ദിവസങ്ങളിൽ സാമൂഹ്യ ബന്ധനങ്ങൾ ഛേദിക്കപ്പെടുന്നു-വലിയവരും ചെറിയവരും എല്ലാം ഒരേ നിറങ്ങളിൽ കാണപ്പെടുന്നു. വലിയ കുബേരകുമാരന്മാർ പോലും ചായം വാരിത്തേച്ച കുപ്പായങ്ങളുമണിഞ്ഞ്, തൊള്ള കീറി വിളിച്ചും കൂവിയും തെരുവിൽ അലയുന്നു. തെരുവുകളും വാതിലുകളും പട്ടി, പശു, കാള, കഴുത, ആട് തുടങ്ങി സർവതും വർണങ്ങൾ പൂശി നടക്കുകയാണ്. തെരുവുചുമരിലും, ആളുകളുടെ നാവുകളിലും മദന-രതി ജോഡികളുടെ കാര്യം തെറിവാക്കുകളായി രൂപാന്തരപ്പെടുന്നു. ഹോളി ഉത്സവത്തിൽ മഹിപാലിന് പിടിക്കാത്തതായി ഇതൊരു കാര്യമേയുള്ളു. പ്രകൃതിയിലെ പരമോന്നത സുഖത്തെ

ഇങ്ങനെ തെറിയായി മാറ്റിയതെന്ത്? പുരുഷന്മാർ ഇങ്ങനെ തങ്ങളെയും സ്ത്രീക ളെയും അപമാനിക്കുന്നതെന്തിന്? ഇതിലെന്താണൊരു രസം? ഹോളി, അലങ്കാ രത്തിന്റെയും ശൃംഗാരത്തിന്റെയും ഉത്സവമല്ലേ? അതിൽ ഈ തെറിയെന്തിന്?

സജ്ജന്റെ വേലക്കാരൻ വന്നറിയിച്ചു, മഹിപാലും കുടുംബവും നിശ്ചിത സമയത്ത്, അതായത് വൈകുന്നേരം 6 മണിക്കു പകരം നാലു മണിക്കു തന്നെ, എത്തണം, കാരണം എല്ലാവർക്കും അതുകഴിഞ്ഞ് വള്ളം കളിക്കാൻ പോണം...

മഹിപാൽ ചിരിച്ചിട്ട് പറഞ്ഞു "നിന്റെ അങ്ങത്തിനോട് പറയണം ഞങ്ങൾ ഷാഹൻഷാ റോഡിലല്ല, ഈ തെരുവിലാണ് താമസിക്കുന്നതെന്ന്. നിന്റെ യജ മാനനെ നിന്റെ ഈ വേഷം കാണിച്ചിട്ട് ചോദിക്കണം, ഈ അവസ്ഥ ഞങ്ങൾക്കും വരുത്താനാണോ നേരത്തെ വരാൻ പറയുന്നതെന്ന്..."

വേലക്കാരനും ചിരി വന്നു. കർണലിന്റെ വീട്ടിലോട്ട് പോകുന്നതിൽനിന്നും മഹിപാൽ അവനെ തടഞ്ഞു. ശകുന്തളയെ വിളിച്ചു ഛിദ്ദുവിന് പലഹാരം കൊടു ക്കാൻ ഏർപ്പാടു ചെയ്തു. അവന്റെ വസ്ത്രങ്ങൾ നനഞ്ഞു പോയിരുന്നു. മഹി പാലിന്റെ ഒരു മുണ്ടും പഴയ ഷർട്ടും അവനു കൊടുത്തു. അതുമല്ല, ഛിദ്ദു വിന്റെ ധൈര്യത്തിൽ സന്തുഷ്ടനായി, അവന് സിനിമ കാണാൻ രണ്ടുരൂപയും കൊടുത്തു. ഛിദ്ദു പ്രസന്നനായി. മഹിപാൽ പിന്നെ മുകളിലേക്കു പോയി.

മഹിപാലിന്റെ വീട്ടിൽ ഇതിനകം പല പരിവർത്തനങ്ങളും വന്നുകഴിഞ്ഞി രുന്നു. സമ്പൽസമൃദ്ധിയുടെ ചമൽക്കാരം സർവത്രകാണാം. മഹിപാലിന്റെ ചെറിയ എഴുത്തുമുറിയിൽ നിന്ന്, എഴുതാനും വായിക്കാനും ഉള്ള സാധന ങ്ങളും, മേശയും കസേരയും സ്റ്റൂളും ഫയലും എല്ലാം അപ്രത്യക്ഷമായിട്ടുണ്ട്. ആർട്ട് സ്കൂളിൽ നിന്ന് നവീനമാതൃകയിലുള്ള സോഫാസെറ്റും, കട്ടിലിൽ അവി ടെനിന്നുതന്നെ വാങ്ങിയ ചിത്രപ്പണികൾ ഉള്ള വിരിയും, അതേപോലത്തെ കർട്ട നുകളും ആഷ്ട്രേ, ടേബിൾ ലാമ്പ്, ബുദ്ധ വിഗ്രഹങ്ങൾ തുടങ്ങിയവയും ചേർന്ന്, മഹിപാലിന്റെ സാഹിത്യ സപര്യാമുറി ആകർഷകമായി മാറിയിരിക്കുന്നു. വരാ ന്തയുടെ മറുവശത്ത്, ഒരു പാർട്ടീഷനുണ്ടാക്കി അതിലേക്കു മാറ്റിയിരിക്കുക യാണ്, എഴുത്തും വായനയും കണക്കുസൂക്ഷിപ്പുമൊക്കെ. ആ മുറി പൂർണ മായി നിർമ്മിച്ചുകഴിഞ്ഞിരുന്നില്ല. സിമന്റുചാക്കും തടിക്കഷണങ്ങളും മറ്റും ഒരി ടത്തു കൂട്ടിവച്ചിട്ടുണ്ട്. മുകളിൽ വീട്ടിന്റെ മറ്റു ഭാഗങ്ങൾക്ക് വലിയ പരിവർത്തനം ഒന്നും വരുത്തിയിട്ടില്ല. എങ്കിലും അവിടെയും സമ്പന്നതയുടെ ചമൽക്കാരം കാണാം. ഹോളിക്കായി, വീട്ടിലെല്ലാവർക്കും വേണ്ടി വാങ്ങിയ പുതിയ ഷൂസും, പലവർണങ്ങളിലും മാതൃകകളിലുമുള്ള ലേഡിസ് സാൻഡലുകളും മുതൽ, വീടിന്റെ മുഖമാകെത്തന്നെ മാറ്റിയാലും ആ വീടിന്റെ ജാതകം തിരുത്തി എഴു തിയ മട്ടിൽ തോന്നും ഇതെല്ലാം കണ്ടാൽ. ഛിദ്ദുവിനെ കുട്ടികളുടെ അടുക്കൽ വിട്ടിട്ട് മഹിപാൽ മുകളിലെ മേടയിൽ ചെന്നുനിന്നു. ഒഴിഞ്ഞു കിടന്നതെങ്കിലും, ഹോളിയുടെ വർണഭംഗി തെളിഞ്ഞു കാണാവുന്ന തെരുവിലേക്കു കുറെനേരം നോക്കി നിന്നു. എന്നിട്ട് അടുക്കളയിലേക്ക് പോയി.

കല്യാണിക്കിന്ന് ആകെ തിരക്കാണ്. അടുക്കളയിൽ നിന്ന് തിരിയാൻ നേരം കിട്ടുന്നില്ല. നാളെ ബന്ധുഗൃഹത്തിൽ മധുരപലഹാരങ്ങൾ അയയ്ക്കണം. മഹി പാലും കല്യാണിയും ആദ്യമായി നടത്തിയ വിവാഹം ശകുന്തളയുടെ-അനന്ത രവളുടെയാണ്. താനും വലിയവളാണെന്ന്, ബന്ധുക്കളെയും പരിചയക്കാരെയും

കാണിച്ചുകൊടുക്കാൻ കല്യാണിക്ക് തിടുക്കം. തന്റെ ഭർത്താവ് വലിയ സാഹിത്യകാരനാണ്. ഒരൊറ്റ ചെക്കിൽ നിന്ന് ഇരുപതിനായിരം രൂപാവരുമാനം! കല്യാണിയുടെ മുഖത്ത്, ഭാര്യാ പദവിയുടെ മഹത്വത്തിന്റെ പ്രഭ പ്രസരിക്കുകയാണ്. മൂക്കിൽ വൈരമൂക്കുത്തി, കാതിൽ മുത്തു പതിച്ച തക്ക, കഴുത്തിൽ സ്വർണ അഡ്യൽ, ഇടുപ്പിൽ സ്വർണ ഒഡ്യാണം, കൈയിൽ ചെമ്പു വളകൾക്കൊപ്പം സ്വർണത്തിലുള്ള ഡൈമൺ കട്ട് വളകൾ, കാലുകളിലെ തളകളും പുതുതാണ്. പാദസരവും പുതുത്. കല്യാണി ലഖ്നൗവിലെ ബാജ്പേയിമാരുമായാണ് അനന്തരവളുടെ ബന്ധം ഉണ്ടാക്കിയിരിക്കുന്നത്. പയ്യൻ സെക്രട്ടറിയേറ്റിൽ ഇരുനൂറ്റി നാല്പതു രൂപാ ശമ്പളക്കാരനാണ്. മൂത്ത സഹോദരന് വനം കോൺട്രാക്റ്റ്. മരുമകന്റെ അനിയൻ എം.എയ്ക്ക് പഠിക്കുന്നു. നാത്തൂനും അമ്മായിയും ഇല്ല. അതും നല്ലതു തന്നെ. കൂട്ടുകുടുംബത്തിലാണ് താമസമെങ്കിലും തികച്ചും സ്വതന്ത്രനാണ്. ഒരു വീട്ടിൽ താമസിക്കുന്നു, ഒരടുക്കളയിൽ തന്നെ കഴിക്കുന്നു. എന്നാൽ ചേട്ടത്തിക്ക് മാസാമാസം അതിനുള്ള പണം കൊടുക്കുന്നുണ്ട്. വീട്ടിലെ കണക്കും സഹോദരൻമാർ വ്യക്തമായി വയ്ക്കുന്നു. അന്യോന്യം ചേർച്ചയും നല്ലവണ്ണം ഉണ്ട്. ഈശ്വരകൃപയാൽ ശകുന്തളയ്ക്കു നല്ല സുഖമാണ്. വലിയ മാമനും മാമിയും നല്ലൊരു വിവാഹം ചെയ്തു കൊടുത്തുവെന്ന് ലോകർ പറയും. ചെറുക്കനും നല്ലവനാണ്. പതിനായിരത്തിനു സമ്മതിച്ചു. എങ്കിലും പതിനായിരം കൊടുക്കുന്നവർക്കും ഒരു നിലയുണ്ടായിരിക്കണ്ടേ. മഹിപാൽ ഒരു പീഠത്തിൽ വന്നിരുന്നു. നിരത്തിവച്ച പാത്രങ്ങളിൽ പലതരം പലഹാരങ്ങളുടെ മധ്യത്തിൽ ആഭരണവിഭൂഷിതയായി നിൽക്കുന്ന ധർമ്മപത്നിയെ സന്തോഷത്തോടെ ഒന്നു നോക്കി. കുടുംബനാഥന്റെയും പിതാവിന്റെയും സന്തോഷം, ഗർവ്, മഹിപാലിന്റെ കണ്ണിൽ പ്രതിഫലിച്ചു. രാജശ്രീ അമ്മയെ സഹായിക്കുകയാണ്. തീയേറ്റ് ചൂടുപിടിച്ചു ചുവന്ന മുഖം ഒന്നു തിരിച്ചിട്ട് കല്യാണി ചോദിച്ചു.

“ആരാ വന്നേ?”

“ഹൻഷാ റോഡിലെ കുബേരതിലകം ജനാബ് സജ്ജൻ സാഹിബ് ബഹദൂറിന്റെ കൊട്ടാരത്തിൽ നിന്ന് വേലക്കാരൻ വന്നേ....” മഹിപാൽ ഭാവഹാവങ്ങളോടെ അതു പറഞ്ഞ രീതി കേട്ട അമ്മയുടെയും മകളുടെയും മുഖം തിരിഞ്ഞു. അവർ കിലുകിലാ ചിരിച്ചു. കല്യാണി ചോദിച്ചു “എന്തുത്തരവാണത്? ക്ഷണം റദ്ദാക്കിയോ?”

മഹിപാൽ ചിരിച്ചിട്ടു പറഞ്ഞു “ഇല്ല, ഡബിളായി. നാലു മണിക്ക് വള്ളം കളിക്കു ചെല്ലണം. ചായയും മറ്റും കാണും. രാത്രി സദ്യ. പിന്നെ എലിഫന്റനിൽ ‘സംസാർ’ ദർശനം മുൻ നിശ്ചയിച്ചപ്രകാരം.”

“സംസാർ നല്ല പിക്ചറല്ല.” രാജശ്രീ മുഖം കോട്ടിയിട്ടു പറഞ്ഞു “നമ്മൾ ബോറടിച്ചു പോകുമച്ഛാ. വെറും പോപ്പുലർ അപ്പീൽ മാത്രമേയുള്ളു. ഇത്രയും വലിയ ആർട്ടിസ്റ്റിന്റെ ഭാര്യയും പുരോഗമനക്കാരിയുമായിരുന്നിട്ടും, കുഞ്ഞമ്മയ്ക്കെങ്ങനെ ഈ പടം–”

“അതിൽ നിന്റെ കുഞ്ഞമ്മയുടെ ഒരു ദോഷവുമില്ല. നിന്റെ അമ്മയും നിന്റെ കർണൽ മാമന്റെ മാമിയും ചേർന്നാണ് ഈ തീരുമാനം എടുത്തത്.”

“ഇതിനേക്കാൾ നല്ലത് ‘ബഹാർ’ കാണാൻ പോവുകയായിരുന്നു.”

“ചക്കിക്കൊത്ത ചങ്കരൻ തന്നെ. ‘ബഹാറി’ൽ എന്താ ഇത്രപുരോഗമനപരമാ

യിട്ടുള്ളത്?" മഹിപാൽ മകളെ ചെറുതായി ഒന്നു കളിയാക്കിക്കൊണ്ടു ചോദിച്ചു. "ഇക്കാലത്ത് നാച്ചുറൽ ആയുള്ള ഒരു പടവും വരാറില്ല. ഇങ്ങനെയുള്ള 'ബഹാറു'കളെക്കാൾ നല്ലത് 'സംസാർ' തന്നെ."

രാജശ്രീ മൂകയായി. താലത്തിൽ നിരത്തി വച്ചുകൊണ്ടിരുന്ന പലഹാരക്കഷണങ്ങളിൽ ഒന്നുരണ്ടെണ്ണം താഴെ വീണു. അടുപ്പിൽ നിന്ന് ചുട്ടെടുത്ത പലഹാരങ്ങൾ വലിയ ഉരുളിയിലേക്ക് പകരുന്നതിനിടയിൽ കല്യാണി അത് കണ്ടു. മകളുടെ അശ്രദ്ധയിൽ അവൾക്ക് കോപം വന്നു. "ജോലി ചെയ്യുന്നതിനിടയിൽ അങ്ങുമിങ്ങും നോക്കരുത്. നിനക്കെന്താ കണ്ണു കണ്ടു കൂടേ?"

"കയ്യിൽ നിന്നു വീണുപോയതാണമ്മേ" രാജശ്രീ മുറുമുറുത്തു. എന്നിട്ട് താഴെ കിടന്നിരുന്ന കഷണങ്ങൾ പെറുക്കി വീണ്ടും താലത്തിലിടാൻ ഒരുമ്പെട്ടു.

"കണ്ടോ, നിനക്കെന്താ തലതിരിഞ്ഞു പോയോ? തറയിൽ കിടക്കുന്നതെടുത്ത്–"

"അതിനെന്തമ്മേ, തറ കഴുകിയതല്ലേ."

"രാജീ നീ പോ ഇവിടന്ന്. എനിക്കു നിന്റെ ഈ പ്രവൃത്തി ഒന്നും പിടിക്കുന്നില്ല." കല്യാണി പറഞ്ഞു തീരുന്നതിനു മുമ്പുതന്നെ കയ്യിലിരുന്ന താലം പടാ എന്നു തറയിൽ വച്ചിട്ട്, രാജശ്രീ മുറിവിട്ടു പോയി. അമ്മയും മകളും തമ്മിലുള്ള ഈ യുദ്ധത്തിൽ മഹിപാൽ ഇടപെട്ടില്ല. മകൾ പോയ ശേഷം ഭാര്യയോടുപറഞ്ഞു "നീ കൃതയുഗത്തിലെ ധർമ്മവും നിഷ്ഠയുമാണ് നോക്കുന്നത് കല്യാണീ. ഈ യുഗത്തിൽ ഇതൊന്നും നടക്കില്ല."

"അതു വേണേൽ അവൾക്കിഷ്ടമുള്ളതു പോലെ ചെയ്യട്ടെ. പക്ഷേ എന്റെ നിഷ്ഠയൊന്നും ഞാൻ കളയില്ല."

"നീ കളയണ്ടെടീ പൊന്നേ" ദീർഘശ്വാസത്തിന് ഒരു തമാശയുടെ ഈണം നൽകി മഹിപാൽ പറഞ്ഞു . "നിന്റെ ഈ ധർമ്മവും കർമ്മവും എന്റെ ധർമ്മത്തെ കൂടി പിടിച്ചടക്കിയില്ലേ?" പറയുന്നതിനിടയിൽ തമാശ മാറി മഹിപാലിന്റെ മുഖം ഗൗരവം ഉൾക്കൊണ്ടു. ഏതോ അഗാധമായ വേദന ഉള്ളിൽ പതഞ്ഞു പൊങ്ങുന്നതായിത്തോന്നി. അയാൾ ഇമകൾ പൂട്ടി. നിമിഷനേരത്തേക്ക് ചുറ്റുപാടുകൾ മറന്ന് അയാൾ തന്നിൽത്തന്നെ ലീനനായി ഇരുന്നു പോയി.

"വലിയ ധർമ്മവും കർമ്മവും തന്നെ നിങ്ങളുടേത്. നിങ്ങളുടെ ഈ ശീലമാണ് പിള്ളേർക്കും. ഞാൻ പറയാം ശകുന്തളയ്ക്കേ ഇത്തിരി വിവരമുള്ളൂ. അതുപോലെയായിരിക്കണം നടപ്പും മട്ടുമെല്ലാം."

"ഹ ഹ ഹ, നിന്റെ മുമ്പിൽ ശകുന്തള പക്കാ ബ്രാഹ്മണിയാവുകയാണ്. അവളുടെ ഭർത്താവിന്റെ വീട്ടിൽ എന്റെ ധർമ്മമാണ് കൂടുതൽ. അവർ വാജ്പേയിമാരായിരിക്കാം. പക്ഷേ ബ്രാഹ്മണരല്ല."

"അല്ലെങ്കിൽ വേണ്ടാ, എനിക്കെന്ത്? ശാസ്ത്രങ്ങളിൽ എഴുതിയിട്ടുണ്ട്. കലിയുഗത്തിൽ ഈ ഭ്രഷ്ടാചാരങ്ങൾ ഒക്കെ നടക്കുമെന്ന്. അതു കള്ളമല്ല. അപ്പോൾ ഉമാശങ്കറും നിങ്ങളെപ്പോലെ തന്നെ എല്ലാം തിന്നുകയും കുടിക്കുകയും ചെയ്യുമോ?" മഹിപാൽ – "ഇല്ല ഉമാശങ്കർ സൽസ്വഭാവിയാണ്. എല്ലാരും അവനെ പുകഴ്ത്തിപ്പറയുന്നത് ഞാൻ കേട്ടു."

"അപ്പോൾ ശിവശങ്കറിന്റെ വീട്ടുകാരിയോ–?"

"നിന്നെപ്പോലെയല്ലെങ്കിലും ബ്രാഹ്മണ സ്ത്രീ തന്നെ. ഞാൻ ശിവശങ്കരനോട്

എല്ലാം ചോദിച്ചു. പെൺ വീട്ടുകാർ എല്ലാം അന്വേഷിക്കുകയും അറിയുകയും വേണം. അതല്ലേ ഞാനെന്റെ കുട്ടികളെ, നിന്നെപ്പോലെ ഒരുത്തിയുടെ ഭരണം നടക്കുന്ന കുടുംബത്തിലേക്ക് അയക്കുകയില്ല."

"വേണ്ട അയയ്ക്കണ്ട. എനിക്കു രണ്ടുകാര്യങ്ങളേ നിർബന്ധമുള്ളു. കല്യാണം നല്ലൊരു കുടുംബവുമായിട്ടായിരിക്കണം. പിന്നെ കല്യാണം നേരേ ചൊവ്വെ ആയിരിക്കണം. എന്തു പറയാൻ! എനിക്കിനി ഒന്നേയുള്ളു. മൂത്തവളുടെയും രാജിയുടെയും കല്യാണം ഉടനെ നടത്തണം. ഗട്ടു മാത്രമല്ല വലിയവനെന്ന് നമുക്ക് കാണിച്ചു കൊടുക്കണം. നിങ്ങളോട് സത്യം പറയുകയാണ്. ഈ സമയത്ത് ഇരുപതിനായിരം രൂപാ എത്തിച്ചു തന്ന് ഭഗവാൻ നമ്മുടെ അഭിമാനം കാത്തു. പതിനായിരം സ്ത്രീധനം കൊടുക്കുകയെന്നാൽ നിസ്സാരകാര്യമൊന്നുമല്ല. ജയകിശോരന്റെ വീട്ടിൽ വച്ചു ഞാൻ മല്ലറിന്റെ അമ്മയെ കണ്ടു–"

മഹിപാൽ ഭാര്യയുടെ സംസാരം രസംപിടിച്ച് കേട്ടുകൊണ്ടിരിക്കുകയായിരുന്നു. എത്ര അഭിമാനത്തോടും ഗർവോടുമാണവൾ സംസാരിക്കുന്നത്. മഹിപാൽ വലിയവൻ തന്നെ, പക്ഷേ പണത്തിന്റെ കാര്യത്തിൽ വലിയവനൊന്നുമല്ലെന്ന് മല്ലറിന്റെ അമ്മ ഒരിക്കൽ പറഞ്ഞതാണ്. അങ്ങനെയുള്ള മഹിപാൽ എങ്ങനെ ഒരു നല്ല ബന്ധം നേടും. അന്നതു കേട്ടപ്പോൾ മഹിപാലിന് വലിയ വേദനയാണ് തോന്നിയത്. ഇന്നിതാ അതേ മല്ലറിന്റെ അമ്മയുടെ കാര്യം വീണ്ടും വന്നിരിക്കുന്നു. മഹിപാലിന്റ ഔത്സുക്യം വർധിച്ചു. കല്യാണിയോട് ചോദിച്ചു "മല്ലറിന്റെയമ്മ എന്താ പറഞ്ഞേ?" "അവരെന്തു പറയാൻ? അവരെയിരുത്തിക്കൊണ്ട് ഞാനെല്ലാം പറഞ്ഞു. മറ്റുള്ളവർ വലിയവരാകുന്നത് കട്ടും മോട്ടിച്ചും കള്ളംപറഞ്ഞുമായിരിക്കാം. ഞാൻ പറഞ്ഞു ഞങ്ങളുടെ വീട്ടിലെ വലിപ്പം ധർമ്മവും നീതിയും തപസ്യയും കൊണ്ടുണ്ടായതാണെന്ന്. ഞങ്ങളുടെ ബാങ്കിൽ ലക്ഷവും രണ്ടുലക്ഷവും കണ്ടില്ലെന്നുവരാം. പക്ഷേ എപ്പോ എത്ര വേണോ അത്രേം പണം ഞങ്ങൾക്ക് വന്നു ചേരും. പതിനായിരം ശകുന്തളയ്ക്കു കൊടുത്തു." പറഞ്ഞുകൊണ്ടിരിക്കെ കല്യാണിക്കു ശ്വാസം മുട്ടി. ഒരു നിമിഷം നിറുത്തി. അടുപ്പിലിരുന്നത് തിളച്ചു. അടുത്തു കിടന്ന തുണിയെടുത്ത് അടുപ്പിൽ നിന്ന് ഉരുളി ഇറക്കി വച്ചു. അരനിമിഷത്തോളം പീഠത്തിലിരുന്ന് മുഖം ഒന്നു തുടച്ചു, ചെറുതായൊന്നു വീശി. മഹിപാലിന്റ കൗതുകം വർധിച്ചു കൊണ്ടിരിക്കുകയായിരുന്നു. വെളിച്ചവും നിഴലും മാറിമാറി തട്ടിയ ആ മുഖത്ത് നേരിയ ക്ഷീണം. ആത്മപ്രശംസ നിറഞ്ഞ കാര്യങ്ങൾ കേൾക്കാനുള്ള താൽപര്യം കാരണം, അയാൾ വീണ്ടും ചോദിച്ചു. "അപ്പോൾ മല്ലറിന്റ അമ്മ പിന്നെ എന്തു പറഞ്ഞു? വേറെ ആരൊക്കെ ഉണ്ടായിരുന്നു."

"എല്ലാവരും ഉണ്ടായിരുന്നു." ഇറക്കിവച്ച ഉരുളി വലിച്ചടുപ്പിച്ചുവച്ച് അതിൽ പാവും മറ്റും ചേർക്കാൻ തയ്യാറാക്കിക്കൊണ്ട് കല്യാണി പറഞ്ഞു. "ജയകിശോറിന്റെ അമ്മയുണ്ടായിരുന്നു. അവരുടെ അനിയന്റെ ഭാര്യ ജയകിശോറിന്റെ ഭാര്യ–എന്നുവച്ച് എനിക്കെന്ത്? ഞാൻ പറഞ്ഞു ഞങ്ങൾക്കു കിട്ടിയപോലുള്ള ആദരവ് അവരുടെയാരുടെയും തലയിലെഴുതിയിട്ടില്ലെന്ന്. ഞാൻ പിന്നെയും പറഞ്ഞു. നിങ്ങൾക്കറിയാമല്ലോ, ഞാനെത്ര നാളായിട്ട് ഇതും അടക്കിവെച്ചോണ്ട് നടന്നതാണെന്ന്. ഇപ്പം തക്കംകിട്ടിയപ്പം എല്ലാം പറഞ്ഞു കേൾപ്പിച്ചു. ഞാൻ പറഞ്ഞു. മറ്റുള്ളവരുടെ ബംഗ്ലാവും വലിയ വീടും പളപളപ്പുമെല്ലാം കുറെവർഷംകൊണ്ട്

നശിച്ചുപോയേക്കും. പക്ഷേ ഞങ്ങളുടെ വീടിന്റെ ബഹുമാനം കാലം ചെല്ലു ന്തോറും വർധിക്കുമെന്ന്. പട്ടണത്തിലും ഗ്രാമത്തിലും ഉള്ള വലിയ വലിയ സാറന്മാരും വക്കീലന്മാരും നമ്മുടെയാളിന്റെ കൂട്ടുകാരാണ്. എന്റെ വീട്ടുകാരന് ദേശത്തും പരദേശത്തും പേരുണ്ട്. വലിയ വലിയ ആഫീസറന്മാരും വലിയ ആളുകളും എന്റെയാളിനെ അറിയും, അവരുടെ പുസ്തകം അവരെല്ലാം വായി ക്കുന്നുണ്ട്. എന്റെ വീട്ടിലുള്ളയാളിന്റെ ഒറ്റക്ക് മറ്റാരുണ്ട്?" ഒരുപിടിമാവ് വാരി അവൾ ഉരുളിയിലെ പാവിൽ ഇട്ട് ഇളക്കി.

മഹിപാൽ പ്രസന്നനാണ്. കല്യാണിയുടെ വാക്കുകൾ മദ്യം കഴിച്ച പ്രതീതി യുണ്ടാക്കി. അയാൾ ചോദിച്ചു. "ഇക്കാര്യങ്ങൾ നിന്റെ നാക്കുകൊണ്ടു തന്നെ പറയണമായിരുന്നോ?"

"എന്താപറഞ്ഞാൽ?" കല്യാണി ഒന്നനങ്ങിയപ്പോൾ അവൾ അണിഞ്ഞിരുന്ന ആഭരണങ്ങൾ കിലുകിലുത്തു. "ഞാൻ പറയുന്നതുകേൾക്കൂ. നിങ്ങൾക്ക് ഇതു പോലത്തെ വരുമാനം ഭഗവാൻ എന്റെ പ്രാർഥന കേട്ടിട്ടാണ് തന്നത്. ഇനി നിങ്ങൾ നമ്മുടെ പെമ്പിള്ളാരെ സ്ത്രീധനം കൊടുത്തയക്കണം. പിന്നെ ഒന്നോ രണ്ടോ വർഷത്തിനുള്ളിൽ മോട്ടോറും ബംഗ്ലാവുമെല്ലാം ഉണ്ടാക്കി എല്ലാരെയും കാണി ച്ചുകൊടുക്കണം..."

മഹിപാൽ രസം കൊണ്ടാടി. ഭർത്താവ് തൊടുമെന്ന ഭയത്താൽ ഒട്ടൊന്നു പിൻവാങ്ങി ചെറിയൊരു സൗന്ദര്യപ്പിണക്കത്തിൽ കല്യാണി പറഞ്ഞു.

"എന്നെ തൊടാതെ... അല്ലാ ഇതാരുവരുന്നു?"

ശകുന്തള വാസ്തവത്തിൽ അപ്പോഴവിടെ എത്തി. മഹിപാൽ എഴുന്നേറ്റ് നില്ക്കുകയായിരുന്നു. അനന്തരവളെക്കണ്ടപ്പോൾ, ഒന്നുമറിയാത്തവിധം ഒന്നു കോട്ടുവാവിട്ട് മൂരിനിവർത്തു. എന്നിട്ട് ശകുന്തളയുടെ തലയിൽ രണ്ടു കയ്യും അർപ്പിച്ചിട്ട് ചോദിച്ചു. "എന്താടീ, ഭർതൃഗൃഹത്തിലേക്ക് നീ പലഹാരം ഒന്നും ഉണ്ടാക്കുന്നില്ലേ?" ശകുന്തള നാണിച്ചുപോയി. വാതിലിലേക്ക് നടന്നുകൊണ്ട യാൾ ചോദിച്ചു "സജ്ജന്റെ വേലക്കാരൻ പോയോ?"

"പോയിട്ട് കുറച്ചുനേരമായി."

വാതിൽക്കലെത്തിയിട്ട്, തിരിഞ്ഞ് കല്യാണിയോടായി പറഞ്ഞു. "ജോലി യൊക്കെ വേഗം തീർക്കണം. ഇന്ന് ഹോളിയാണ്. മറക്കരുത്." മഹിപാൽ വീണ്ടും മേടയിലെത്തി. അമ്പലമുക്കിലെ കൽത്തറയിൽ കിണറിന്റെ നിഴലിൽ തണല ത്തായി അഞ്ചാറ് കുട്ടികൾ തമാശയും പറഞ്ഞ് ചിരിച്ചും കളിച്ചും ഇരിക്കുക യാണ്. വാതിലിലേക്കു നടന്ന മഹിപാൽ അറച്ചുനിന്നു. ഒരു ബാലൻ പൊട്ടിച്ചി രിച്ചിട്ട് കൂട്ടുകാരെ പറഞ്ഞു കേൾപ്പിക്കുകയാണ്, അവനും രണ്ടുമൂന്നു കൂട്ടു കാരും ചേർന്ന് തെരുവിൽവച്ച് ഒരു തോട്ടക്കാരിയെ വളഞ്ഞുവച്ചതും അവൾ ഭയന്നുവിറച്ചതും, അവർ രസിച്ചതും പിന്നെ ഒടുവിൽ തോട്ടക്കാരി തന്നെ അവ രോടൊത്തു ഹോളി കളിച്ചതും മറ്റും മറ്റും. ഒരു കൂട്ടുകാരനും ഇടയ്ക്കിടെ അതി നൊപ്പം പറയുന്നുണ്ട്.

എല്ലാവരും രസിക്കുകയാണ്. മഹിപാലിനും രസം തോന്നുന്നു. എങ്കിലും ഒരപാകത. ഹോളി വാസ്തവത്തിൽ 'മദനപർവ' മല്ലേ..? ഫാൽഗുന മാസത്തിന്റെ മാഹാത്മ്യം തന്നെ 'കാമദേവന്റെ മാഹാത്മ്യം' കാരണമാണ്. മുകളിൽ, തൽക്കാ ലത്തേക്ക് തന്റെ എഴുത്തുമുറിയായി സ്വീകരിച്ച മുറിയിൽ തലയിണയും ചാരി

യിരുന്ന മഹിപാലിന്റെ ഹൃദയത്തിൽ വിചാരങ്ങൾ പലതും ചേർന്ന് വല നെയ്യുകയായിരുന്നു.

പെട്ടെന്ന് മനസ്സിന്റെ കിളിവാതിലിൽ ഷീല പ്രത്യക്ഷപ്പെട്ടു. എവിടെ നിന്നോ അത്തറിന്റെ പരിമളം അന്തരീക്ഷത്തിൽ പരന്നതായി അയാൾക്ക് തോന്നി. ശാന്തവും സ്ഥിരതപ്രാപിച്ചു വന്നതുമായ അയാളുടെ ഹൃദയത്തിൽ ഒരു ഭൂകമ്പമുണ്ടായി. ഇന്ന് ഹോളിയാണ്, എന്നിട്ട് ഷീല തന്റെ അടുക്കലില്ല. അവളെ തന്നിൽനിന്ന് തട്ടിപ്പറിച്ചിരിക്കുന്നു. ഷീലയെക്കുറിച്ചുള്ള ചിന്ത തീവ്രമായി. ലോകനടപ്പിന്റെയും നീതിബോധത്തിന്റെയും ഉന്നതമായ നാലുകെട്ടിനുള്ളിൽ ഷീല കടന്നുവരികയാണ്. മനസ്സിൽ 'പാടില്ല-വേണം' എന്നീ സംഘട്ടനം മുഴങ്ങി. വേണ്ട, പാടില്ല എന്നു മന്ത്രിക്കുന്നതിനിടയിലും മനസ്സിൽ ഷീല നിറഞ്ഞുനിന്നു. അവൾ എന്തുമാത്രം ദുഃഖിതയായിരിക്കും. കഴിഞ്ഞവർഷം ഇതേ ഹോളിനാളിൽ അവർ രണ്ടും ഒന്നിച്ചായിരുന്നു. ഷീലയുമായി കഴിഞ്ഞദിവസങ്ങളും മണിക്കൂറുകളും നിമിഷങ്ങളും ക്ഷണത്തിൽ അയാളുടെ മുമ്പിൽ നിരന്നുനിന്നു. നക്ഷത്രങ്ങൾ നിറഞ്ഞ നീലാകാശം കാണുമ്പോഴുണ്ടാകുന്ന തരത്തിൽ മനസ്സിന് ശാന്തി കിട്ടി. ഷീല നഗരത്തിലെ പ്രശസ്തയും സ്ഥാനമുള്ളവളുമായ ഡോ. ഷീലാസിംഗാണ്. രാജ്യത്തെ പ്രശസ്ത സാഹിത്യകാരനായ മഹിപാൽ ശുക്ലയെ ആ നാട്ടിലെ സർക്കാർ ഉത്സവങ്ങളിൽ ക്ഷണിക്കാറില്ല. എന്നാൽ ഡോ. ഷീലാസിംഗിന് വലിയ വലിയ സമാജങ്ങളിലും സമൂഹങ്ങളിലും സ്ഥാനമുണ്ട്. ഷീലയുടെ പക്കൽ ഒന്നൊന്നരലക്ഷം രൂപയുടെ സ്വത്തുകാണണം. സ്വതന്ത്രമായ വ്യക്തിത്വവും സ്വേച്ഛാശക്തിയും ഉള്ളവളാണെങ്കിലും ഷീല, ഹൃദയംകൊണ്ട് വിനയശീലയാണ് അയാളോട്. അവൾ തന്നെ ആദരിക്കുന്നു. വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും തനിക്ക് ഉത്തേജനം പകരുന്നു. പ്രചോദനം നൽകുന്നു. സാധാരണയായി, ശാസ്ത്രകാരന്മാർക്ക് സാഹിത്യത്തോടും കലയോടും വലിയ താൽപര്യം കാണില്ല. പക്ഷേ ഷീല അങ്ങനെയല്ല. അവൾ അതിൽ രസിക്കുന്നു. എതിർക്കേണ്ട സന്ദർഭങ്ങളുണ്ടായിട്ടുണ്ട്. പക്ഷേ എതിർപ്പുവളരാൻ ഷീല ഒരിക്കലും അനുവദിച്ചിട്ടില്ല.... അങ്ങനെയുള്ള ഷീലയോടാണ് താനിന്ന് പിണങ്ങിയിരിക്കുന്നത്.

നന്മയും തിന്മയും, വീടും ആചാരവും, സുഖവും സമൃദ്ധിയും മറ്റുംകൊണ്ട് നിറഞ്ഞിരുന്ന മഹിപാലിന്റെ ഹൃദയം ഷീലയെക്കുറിച്ചുള്ള ഓർമവന്ന ഉടനെ വികലമായി.

ഷീലയുടെ വീട്ടിൽ ഒന്ന് ചെന്ന്, തന്റെ ഹോളി, രസമയമാക്കിത്തീർത്താലോ...? താൻ പോകും. സമൂഹത്തെ ഏതിലെല്ലാം ഭയക്കണം! സമൂഹത്തിന്റെ കണ്ണുവെട്ടിച്ചാണെങ്കിലും ശരി, ഈ ബന്ധം നിലനിർത്തണം. ഇതുവരെ സൂക്ഷിച്ചില്ല. അതാണ് ലോകാപവാദത്തിനിരയായത്. അതല്ലെങ്കിൽ കള്ളത്തരം ഇഷ്ടാനുസരണം ജീവിതകാലമത്രയും മറച്ചു വയ്ക്കാൻ കഴിയില്ലേ? ഷീലയെ കാണാനയാൾ തുടിച്ചു. ഉന്നതവും അവനതവുമായ വിചാരങ്ങൾ മനസ്സിനെ മഥിച്ചുകൊണ്ടിരിക്കേതന്നെ അയാൾ മുറിയിൽ നിന്നു പുറത്തിറങ്ങി. മട്ടുപ്പാവിനുതാഴെ രണ്ടാംനിലയിലെ മേടയിൽ കുട്ടികൾ കളിച്ചുകൊണ്ടിരിക്കുകയാണ്. കല്യാണി, സാരിത്തലപ്പിൽ കൈ തോർത്തിക്കൊണ്ട്, അടുക്കളയിൽനിന്നിറങ്ങി വരാന്തയിലൂടെ സ്വന്തം മുറിയിലേക്കു പോകുന്നതു കണ്ടു. അവളെ കണ്ടതോടെ മഹിപാലിന്റെ സർവ സ്കീമുകളും ആടിത്തുടങ്ങി.. "ഇല്ല, ശകുന്തളയുടെ

വിവാഹം നടത്തണം. വീട്ടിൽ വധുക്കൾ വരാനുണ്ട്. ഞാനിപ്പോൾ ഏകനല്ല, സ്വതന്ത്രനല്ല. സ്വന്തം ആഗ്രഹങ്ങളും പ്രേരണകളും ത്യജിച്ചേ പറ്റൂ.."

സ്വയം ഉന്നയിച്ച പ്രതിബന്ധങ്ങൾ വകവയ്ക്കാതെ, അയാളുടെ ഹൃദയം ഷീലയ്ക്കുവേണ്ടി പടിഞ്ഞുപിടഞ്ഞ് ഒരു തരം ശൂന്യാവസ്ഥയിലേക്കു നീങ്ങുകയാണ്. തന്നിലെ ഈ ശൂന്യത ഈ പൊള്ളത്തരം... അതിൽ യാതൊരു ഭാവനയുമില്ല. അതിനെക്കുറിച്ചും അതിൽ മമതയില്ല. താനില്ല. ഷീലയില്ല. കല്യാണിയും കുഞ്ഞുങ്ങളും ഒന്നും അതിലില്ല. തന്റെ അനുഭൂതിയുടെ ഉറവയിൽ ആരോ വലിയൊരു പാറ പൊക്കി അടച്ചുവച്ചുവെന്നൊരു തോന്നൽ... ഈ വിചാരങ്ങളെല്ലാം സങ്കല്പത്തിലായിരുന്നു..എങ്കിലും താൻ പൊള്ളയാണ്... പൊള്ള.....പൊള്ള....

40

ബാൽസാക്കിന്റെ ജീവചരിത്രം വായിക്കുകയായിരുന്നു ഡോ.ഷീലാസിംഗ്. കാർഡ് എടുത്ത് അടയാളം വച്ചിട്ട് പുസ്തകം അടച്ചുവച്ചു. ചായമേശ, കട്ടിലിനോട് ചേർത്തിട്ടിരുന്നു. ഷീലയുടെ മുഖം വിളറിയിട്ടുണ്ട്. വേദന തളംകെട്ടിനിൽക്കുന്നു. എഴുന്നേറ്റിരുന്ന് ചായ കുടിക്കാൻ പോലും തോന്നുന്നില്ല. എങ്കിലും എണീറ്റു. ഒന്നു മൂരിനിവർന്നു. അബ്ദുൽ കെറ്റിലിൽനിന്ന് കോപ്പയിലേക്കു ചായ പകരാൻ തുടങ്ങി.

"നീ പൊയ്ക്കോ. ഞാൻ ചായ കൂട്ടിക്കൊള്ളാം."

കൈ പിൻവലിച്ചിട്ട് അബ്ദുൽ ചോദിച്ചു. "വൈകുന്നേരം ആഹാരത്തിനെന്തുണ്ടാക്കണം മദാം...? ഉണ്ണാൻ ആരെങ്കിലും കാണുമോ?"

"ഇല്ല" ഷീല വീണ്ടും ശരീരം ഒന്നു നിവർത്തു. ഒരു കോട്ടുവായിട്ടു. കൈകൊണ്ട് വായ് മൂടിക്കൊണ്ടു പറഞ്ഞു. "നിനക്കിഷ്ടമുള്ളതുണ്ടാക്ക്."

അബ്ദുൽ പോയി. ഷീല ജീവനറ്റ കരങ്ങളാൽ ചായ കൂട്ടിത്തുടങ്ങി. ഹോളി ദിനമാണിന്ന്. ഷീലയ്ക്കു മഹിപാലിനെ കുറിച്ചോർമവന്നു. മഹിപാലിന്റെ അഭാവത്തിൽ മുപ്പത്തെട്ടുകാരിയായ ഷീലയ്ക്ക് താൻ പെട്ടെന്ന് വൃദ്ധയായെന്നൊരു തോന്നൽ. ജീവിതത്തിലെ രസത്തിന്റെയും ആനന്ദത്തിന്റെയും ഉറവ വറ്റിവരണ്ടു പോയിരിക്കുന്നു. ഇത്രയേറെ സമ്പത്തും, ആദരവും, അഭിമാനവും എല്ലാം നേടിയ സ്വതന്ത്രയായ ആ വനിതയ്ക്ക് താൻ നിസ്സഹായയാണെന്ന് ഒരു തോന്നൽ. അഭാവങ്ങൾക്കും, നിസ്സഹായാവസ്ഥയ്ക്കും എതിരെ അടരാടിയാണവൾ ഇന്നത്തെ നിലയിലെത്തിയത്. ആ ബലവും ശക്തിയും ഇന്നിതാ മഹിപാലിന്റെ അസാന്നിധ്യത്തിൽ പൊട്ടിത്തകരുകയാണ്. ഷീലയുടെ വിനോദങ്ങളും ഉല്ലാസവുമെല്ലാം, മഹിപാലുമായുള്ള വിയോഗത്തിനുശേഷം നിലച്ചിരിക്കുകയാണ്. തീരെ മുഷിയുമ്പോൾ, ഒന്നോ രണ്ടോ പടം കാണാൻ പോയിട്ടുണ്ട്. അതൊഴിച്ചാൽ, രോഗികളെ കാണാനല്ലാതെ മറ്റെങ്ങും പോകാറില്ല. ആരെയും കാണാറുമില്ല. സജ്ജനും വനകന്യയും വല്ലപ്പോഴും അതിലേ കറങ്ങിയെന്നുവരും. മറ്റു സമയങ്ങളിൽ അവൾ തനിയേ കഴിഞ്ഞു. റേഡിയോയും പുസ്തകങ്ങളും സ്വന്തം വിചാരങ്ങളുമായി....

ഇല്ലായ്മയിലാണ് ഷീലയുടെ ബാല്യകാലം കഴിഞ്ഞത്. ഉത്തർപ്രദേശിലെ

ക്രിസ്ത്യാനികൾ 99 ശതമാനവും ദരിദ്രരാണ്. അവളുടെ ബാല്യത്തിൽ, ക്രിസ്ത്യാനികൾക്ക്, സാധാരണ വിദേശീയ മിഷനറിയിലാണ് ജോലി കിട്ടുക. പടിഞ്ഞാറൻ യു.പി.യിലെ ഒരു ചെറിയ താലൂക്കിലെ ഒരു മിഷൻ സ്കൂളിന്റെ ഹെഡ്മാസ്റ്റർ ആയിരുന്നു ഷീലയുടെ അച്ഛൻ. അമ്മയും അധ്യാപികയായിരുന്നു. 6 കുട്ടികളുള്ള ആ കുടുംബത്തിലെ മൂന്നാമത്തെ സന്താനമായിരുന്നു ഷീല. ദാരിദ്ര്യത്തിലാണ് ദിവസങ്ങൾ കഴിഞ്ഞത്. ഷീല ദാരിദ്ര്യത്തിനെതിരെ സമരം ചെയ്തു. അവൾ വാശിപിടിച്ച് അനാവശ്യമായി ചെലവാക്കി. തുടക്കം മുതൽ തന്നെ എതിർപ്പുകാരിയായിരുന്നു അവൾ. പഠിക്കാനും, ഡിബേറ്റിലും മിടുക്കിയായിരുന്ന കാരണം സഹപാഠികൾക്കിടയിൽ അവളെ നല്ല മതിപ്പായിരുന്നു. ആദ്യം മുതൽ തന്നെ ഒട്ടൊരു അഹംഭാവിയായിരുന്നു അവൾ. പ്രവിശ്യാടിസ്ഥാനത്തിൽ സ്കൂളുകൾ തമ്മിൽ നടത്തിയ ഡിബേറ്റ് മത്സരത്തിൽ രണ്ടുതവണ അവൾ അലഹാബാദിലെ ഒന്നാം സമ്മാനം നേടി. വീട്ടിൽ അനാദരവും കലഹവും, പുറത്ത് ബഹുമാനവും ആദരവും. ഈ ദ്വന്ദ്വഭാവം അവളുടെ ഹൃദയത്തെ സദാ മഥിച്ചു കൊണ്ടിരുന്നു. കുട്ടിക്കാലത്ത് രാഷ്ട്രീയ രംഗത്തുണ്ടായ വിപ്ലവങ്ങളും അവളുടെ മനസ്സിൽ സ്വാധീനം ചെലുത്തി. രാഷ്ട്രീയ പ്രക്ഷോഭണങ്ങൾ, ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽതന്നെ, ഭാരതീയ ക്രിസ്ത്യാനി സമൂഹത്തിലും രാഷ്ട്രീയ ബോധത്തിന്റെ അലകൾ പരത്തി.

ഹിന്ദുമതത്തിലെ കീഴ്ജാതിക്കാരും മേൽജാതിക്കാരുമെല്ലാം ക്രിസ്തീയമതത്തിലേക്ക് മാറിയിട്ടുണ്ടായിരുന്നു. ഇസ്ലാം മതത്തിൽനിന്നും ഇങ്ങനെ ചേർന്നിട്ടുണ്ട്. ഇവരൊക്കെ മതം മാറിയെങ്കിലും പഴയ ആചാരാനുഷ്ഠാനങ്ങളും രീതികളും മാറ്റിയിരുന്നില്ല. ഹിന്ദു-ക്രിസ്ത്യാനി സാധാരണ ഹിന്ദു-ക്രിസ്ത്യാനികൾക്കിടയിൽ നിന്നുതന്നെ വിവാഹം ചെയ്യാനാഗ്രഹിച്ചു. ഉച്ച-നീച ഭാവങ്ങളും ഏറെക്കുറെ നിലനിന്നു. അന്ധവിശ്വാസങ്ങളും ഒട്ടുമുക്കാലും തികച്ചും ഭാരതീയ രീതിയിൽ തന്നെ തുടർന്നു. ഇന്ന ദിവസം ഇന്ന ദിക്കിലേക്ക് യാത്ര ചെയ്യരുത്, പെൺവീട്ടിൽ നിന്ന് വെള്ളം പോലും കുടിക്കരുത് തുടങ്ങിയ കാര്യങ്ങൾ ക്രിസ്തീയ വിശ്വാസികൾക്കിടയിലും നിലനിന്നുപോന്നു. അടുക്കളയിൽ പുറമേയുള്ളവർ കയറരുത്. പുതിയ ആളുകളുടെ മുമ്പിൽ വച്ചാഹാരം കഴിക്കരുത്, തുടങ്ങിയ ശുദ്ധഹിന്ദുസ്ഥാനി വിശ്വാസങ്ങൾ അവരുടെ സമുദായത്തിലും പ്രചരിതമായിരുന്നു. പേരുകളിൽപോലും ഹിന്ദുമതത്തിന്റെ സ്വാധീനം തുടർന്നു നിന്നു. സിംഗ്, മിസ്റ്റർ സ്വിംഗ് ആയി. രാംബലി മിസ്റ്റർ രാംബെൽ ആയി. ഷീലയുടെ വീട്ടിൽപോലും രണ്ടു സഹോദരന്മാർ വിൻസെന്റ് രാമും, സാമുവൽ രാമും ആയി. പിതാവ് മുൻഷിസിംഗ് ആയി. മൂന്നാമത്തെ സഹോദരൻ പൂർണമായി വിദേശീയ നാമമാണ് സ്വീകരിച്ചത് - സ്മിത്ത് വൈറ്റ്...

ഷീലാസിംഗിന്റെ ബാല്യത്തിൽ ഒന്നാം ലോകമഹായുദ്ധത്തിനുശേഷം, രാഷ്ട്രീയബോധത്തിന്റെ അലകൾ ദേശമെമ്പാടും വ്യാപിച്ചിരുന്നു. ഇവിടത്തെ ക്രിസ്ത്യാനികളും, ഭാരതീയതയുടെ നേർക്ക് ആദ്യമായി ജാഗരൂകരായി; ക്രിസ്തുമതം ഭാരതീയമായ രൂപം കൈക്കൊണ്ടു. പിയാനോക്കുപകരം തബലയും ഹാർമ്മോണിയവും വന്നു. ആരതി ഉഴിയലും, ആമേൻ ആമേൻ - പീസ് - പീസ്, എന്നിവയ്ക്കു പകരം ശാന്തി ശാന്തി എന്നീ പ്രയോഗങ്ങളും നിലവിൽ വന്നു. ഈ ഭാരതവൽക്കരണത്തിനെതിരെയുള്ള പ്രക്ഷോഭണങ്ങളും ഉണ്ടായി. ക്രിസ്ത്യൻ

വിദ്യാർഥികൾക്കിടയിൽ രണ്ടു ചേരികളുണ്ടായി.

ഇത്തരത്തിലുള്ള സാമൂഹ്യവിപ്ലവങ്ങളിൽ ഷീലയെ എല്ലായ്പ്പോഴും മുൻപന്തിയിൽ കാണുമായിരുന്നു. കുഞ്ഞിലേതന്നെ ഭയരഹിതയും വിപ്ലവകാരിയുമായിരുന്നു അവൾ. ഈ വിപ്ലവചിന്ത കാരണമാണ്, പാശ്ചാത്യമിഷനിൽ ജോലി ചെയ്യില്ലെന്നവൾ ആദ്യമേ തീരുമാനിച്ചത്. വിപ്ലവകാരിയായതുകൊണ്ട് അവളുടെ സ്കോളർഷിപ്പ് റദ്ദാക്കി. വീട്ടിലെ അന്തരീക്ഷവും ശ്വാസം മുട്ടിക്കുന്നതായിരുന്നു-ഇതൊക്കെയാണെങ്കിലും ദൃഢമായ ഇച്ഛാശക്തികൊണ്ടവൾ പഠിച്ച് ഡോക്ടറായി. വീട്ടിൽ നിന്നു കഴിവതും വേഗം സ്വതന്ത്രയാകാൻ വേണ്ടി അവൾ സർക്കാർ മെഡിക്കൽ സർവീസിൽ ചേർന്നു. ബുദ്ധിമുട്ടുകൾ പലതും നേരിടേണ്ടി വന്നെങ്കിലും അവൾക്കൊരു ജോലികിട്ടി. ഭാഗ്യം അവളെ അനുകൂലിച്ചു. അധ്വാനശീലവും അർപ്പണബോധത്തോടെ കാര്യങ്ങൾ ചെയ്യാനുള്ള കഴിവും കാരണം അവൾക്ക് ഉത്തരോത്തരം ഉയർച്ച കിട്ടി. 1937ൽ അവൾക്ക് ലഖ്നൗവിലെ കിംഗ് ജോർജ് ആശുപത്രിയിൽ നിയമനം കിട്ടി. ഇവിടെ എത്തിയതോടെ അവളുടെ ഭാഗ്യചക്രം മിന്നൽ പോലെ മുന്നോട്ടുപാഞ്ഞു. കഴിഞ്ഞ 14–15 വർഷങ്ങൾക്കുള്ളിൽ, ഡോ. ഷീലാസിംഗ്, തികച്ചും സ്വതന്ത്രയും സമ്പന്നയുമായി പ്രാക്ടീസ് നടത്തിവരികയാണ്. യൗവനകാലത്ത് സ്വസമുദായത്തിൽപ്പെട്ട ഒരു യുവാവുമായി അവൾ പ്രേമത്തിലേർപ്പെട്ടു. പോളും, ഭാരതീയ സംസ്കാരത്തെ ആദരിച്ചിരുന്നവനാണ്. പോളും ഷീലയും ഒപ്പം ഇരുന്ന്, ഭാരതീയ ദർശനവും സാഹിത്യവും ചരിത്രവും പഠിച്ചു. ഭാരതീയതയുടെ ആവേശത്താൽ, രണ്ടുപേരും, തങ്ങളുടെ പ്രായത്തിനും ബുദ്ധിക്കും അതീതമായ വിഷയങ്ങളെക്കുറിച്ചു പോലും വായിക്കാനും, അതിന്മേൽ ഗഹനമായ ചർച്ചകൾ നടത്താനും മുതിർന്നു. പോൾ വിഷൂചിക പിടിച്ച് നാലുദിവസത്തിനുള്ളിൽ പരലോകം പ്രാപിച്ചു. ഷീലയുടെ ജീവിതത്തിൽ എന്നെന്നേക്കുമായി ഒരു വിടവുണ്ടായി. അതിനുശേഷവും, അവളുടെ ജീവിതത്തിൽ രണ്ടു യുവാക്കൾ കടന്നുവന്നു. പക്ഷേ അവർക്ക് മിത്രങ്ങളാകാനേ കഴിഞ്ഞുള്ളൂ. അവളുടെ ശൂന്യജീവിതത്തിന്റെ സഖാവായിട്ടാണ് മഹിപാൽ കടന്നു വന്നത്. സുന്ദരൻ, ബലിഷ്ഠൻ, സഹൃദയനായ കലാകാരൻ, സ്വാഭിമാനി, വിദ്യാസമ്പന്നൻ, വിപ്ലവചിന്താഗതിയും വ്യക്തിത്വവും ഉള്ളവൻ എന്നീ ഗുണഗണങ്ങൾ നിറഞ്ഞ മഹിപാൽ, ഷീലയുടെ സൗഭാഗ്യത്തിന്റെ മകുടമണിയായി തീർന്നു. അവളുടെ എല്ലാ അഭാവങ്ങളും അകന്നു. വിശുദ്ധ ഭാരതീയ ഭാവനയോടെ, അവൾ മനസ്സും ശരീരവും സർവവും മഹിപാലിന് സമർപ്പിച്ചു. അവളുടെ സമ്പത്തും അയാളെ സന്തുഷ്ടനാക്കാനായി അർപ്പിക്കാനവൾക്കാഗ്രഹമുണ്ട്. പക്ഷേ മഹിപാൽ അതിനൊരതിരുവച്ചു. അതാണ് മഹിപാലിന്റെ വ്യക്തിത്വത്തിന്റെ വിജയം. അയാളുടെ പൗരുഷം-അതിനു മുമ്പിലവൾ നതമസ്തകയായി... തനിയേ ഇരുന്നു ചായ കുടിച്ചപ്പോൾ അവരുടെ ഹൃദയം മഹിപാലിന്റെ വീട്ടിലേക്ക് ഓടുകയായിരുന്നു. കല്യാണിയെയും അവളുടെ കുട്ടികളെയും കുറിച്ച് ഓർമ വന്നു. മഹിപാലിന്റെ കുട്ടികളോട് അവൾക്ക് വിരോധം ഒന്നുമില്ല. അവരെക്കുറിച്ചു ശുഭചിന്തയേ ഉള്ളൂ. കാരണം അവർ മഹിപാലിന്റെ കുട്ടികളാണ്! കല്യാണിയെ സംബന്ധിച്ചിടത്തോളം അവൾ എന്നെന്നും ഒരു തരം വിരക്തിയാണ് പ്രകടിപ്പിച്ചിരുന്നത്. കല്യാണിയെപ്പോലെ വിദ്യാഹീനയും ശുദ്ധഗതിക്കാരിയും മൂഢയുമായ ഒരു സ്ത്രീക്ക് തന്നോട് ഒരിക്കലും കിടനിൽക്കാനാവില്ലെന്ന്

ഷീലക്ക് ബോധ്യമുണ്ട്. കല്യാണിയുടെ നിർബന്ധബുദ്ധിയും പിടിവാശിയും കാരണം മഹിപാൽ പലപ്പോഴും പിണങ്ങാറുണ്ട്. ഷീല അയാൾക്ക് എല്ലായ്പ്പോഴും സന്തോഷമേ നൽകിയിട്ടുള്ളു. മഹിപാൽ ഷീലയോടും, സ്വകുടുംബത്തോടും ബന്ധപ്പെട്ടുനിൽക്കുന്നതിലാണവൾക്ക് സന്തോഷം. കല്യാണിയിൽനിന്ന് അവകാശം തട്ടിയെടുക്കാൻ ഒരിക്കലും അവൾ ആഗ്രഹിച്ചിരുന്നില്ല. എന്നാൽ കല്യാണിയുടെ സഹോദരന്റെ കല്യാണത്തിന് ഷീലയെയും മഹിപാലിനെയും സംബന്ധിച്ച പരാമർശം വരികയും, മഹിപാലിന്റെ ജീവിതത്തിൽ ഷീലയുടെ സാന്നിധ്യത്തെ കല്യാണി എതിർക്കുകയും, തന്റെ മഹിപാലിനെ തന്നിൽനിന്ന് കല്യാണി തട്ടിപ്പറിക്കുകയും ചെയ്തപ്പോൾ, കല്യാണിയോടും, കുട്ടികളോടും, അവൾക്ക് അമർഷം തോന്നി. ഇപ്പോൾ സുപ്രസിദ്ധ നോവലിസ്റ്റായ ബാൽസാക്കിന്റെ ജീവചരിത്രം വായിച്ചിരിക്കെ, മഹിപാലും തന്നെ വേണ്ടത്ര ആദരിക്കുന്നില്ലെന്ന ഒരു തോന്നൽ അവൾക്കുണ്ടായി. ബാൽസാക്കിന്റെയും, മാഡം ഡീബർണിയുടെയും പ്രേമത്തിന്റെ കാര്യം വർണിക്കുന്നതിനിടയിൽ സ്റ്റീഫൻ സ്വിഗ് എത്ര വേദനയോടെയാണ് എഴുതിയിരിക്കുന്നത് "പഴിയും പരാതിയും, ഗൃഹ കലഹങ്ങളും, ഗ്രാമത്തിലെ അപശ്രുതിയും പരിഹാസവും-ഒന്നുംതന്നെ തന്റെ പ്രിയതമയോടുള്ള സമ്പൂർണവും സ്വതന്ത്രവുമായ സമർപ്പണഭാവത്തെ തകർക്കാൻ ഇടയാക്കിയില്ല.." ഈ വാചകം അവരുടെ ഹൃദയത്തിൽ ഇടയ്ക്കിടെ സൂചിപോലെ കുത്തിക്കയറി. മനസ്സിലെ ശൂന്യതയിൽ അതാഞ്ഞുതറച്ചു. ഇന്ന് ഹോളിയാണ്. ഷീല തനിച്ചേയുള്ളു.. ഇനി എന്നെന്നും താൻ ഏകയായിരിക്കുമോ? ഷീല സ്ത്രീയല്ല, ഡോക്ടറാണ്. അവൾക്ക് ഒരു സ്ഥാനമുണ്ട്-അവൾക്ക് മോട്ടോർകാറും ബംഗ്ലാവും ബാങ്ക് അക്കൗണ്ടും ഉണ്ട്... പക്ഷേ ഇതാണോ സർവവും? സ്ത്രീ-പുരുഷജീവിതത്തിൽ 'ഈ സർവതും' കൊണ്ട് സന്തോഷമുണ്ടാകുമോ? ഷീലയുടെ ഉള്ളിൽ എന്തോ തിളച്ചുപൊങ്ങി. അവളുടെ ശാഠ്യബുദ്ധി ഉണരുകയാണ്. വർഷങ്ങളായി സമൃദ്ധിയിലും സമ്പന്നതയിലും അലസമായി മയങ്ങി ഉണരാൻ മടിച്ചു കിടന്ന നിർബന്ധബുദ്ധി സടകുടഞ്ഞെണീക്കുകയാണ്.... താൻ അല്പം ഒന്നുറച്ചുനിന്നാൽ മഹിപാൽ സർവബന്ധങ്ങളും അറുത്തെറിഞ്ഞ് തന്റേതായിത്തീരുമെന്നവൾക്ക് അറിയാം. അങ്ങനെ ചെയ്യാൻ അവരുടെ മനസ്സ് നിർബന്ധിക്കാൻ തുടങ്ങി. ഈർപ്പമണിഞ്ഞ് പകുതിമാത്രം തുറന്നിരുന്ന അവളുടെ കണ്ണുകൾക്ക് മുന്നിൽ മഹിപാലിന്റെ രൂപം തെളിഞ്ഞു. ഇരുകൈകളും പിന്നിൽ കെട്ടി, ഉറച്ച വിരിഞ്ഞ മാറിടത്തോടെ, അലസഭാവത്തിൽ, നിഷ്കളങ്കതയും ദൃഢതയും വെളിവാക്കുന്ന മുഖവുമായി, നിൽക്കുന്ന മഹിപാലിന്റെ രൂപം, ഏതോ ഒരു നിമിഷത്തേക്കുള്ള ഓർമയെന്ന നിലയിൽ അവളുടെ മുന്നിൽ തെളിഞ്ഞുനിന്നു. ഭാവന സർവശക്തിയും ഉപയോഗിച്ച് അതിന് മാംസളരൂപം നൽകുകയാണ്...

"അല്ല, തനിയേ ഇരുന്ന് ചായ കുടിക്കുകയാണോ?" വനകന്യയുടെ ശബ്ദം കേട്ട് ഷീല ഒന്നു ഞെട്ടി. കന്യയും സജ്ജനും മുറിയുടെ വാതിൽക്കൽ നിൽക്കുന്നു. മാറ്റിപ്പിടിച്ച കർട്ടൻ, ഇപ്പോഴും സജ്ജന്റെ കൈയിലാണ്. വിലകൂടിയ ആഭരണങ്ങളും സാരിയുമാണ് കന്യ ധരിച്ചിരിക്കുന്നത്. ആ മാറ്റം ഷീലയെ ആകർഷിച്ചു. അണിഞ്ഞൊരുങ്ങിനിൽക്കുന്ന വനകന്യയെ കണ്ടപ്പോൾ ഭാരതീയ മംഗല്യ ദേവതയുടെ മൂർത്തീഭാവമാണവളെന്ന് ഷീലയ്ക്കുതോന്നി. മഹിപാലാണ്,

പുരുഷസൗന്ദര്യത്തിന്റെ പ്രതീകമായി അവരുടെ മുന്നിൽ വന്നത്. താൻ കന്യയെപ്പോലെ സുമംഗലിയാണെന്നവൾക്ക് ഒരു നിമിഷത്തേക്ക് തോന്നി. അപ്പോഴാണ്, കന്യയുടെ വാക്കുകൾ പിന്താങ്ങിക്കൊണ്ട് സജ്ജൻ പറഞ്ഞത്. "ഇവർക്കിപ്പോൾ തനിയെ കഴിയാനാണിഷ്ടം. എല്ലാ വലിയ ആളുകൾക്കുമുള്ളതാണീ സ്വഭാവം..."

'സോഷ്യൽ' ആകാൻവേണ്ടി, അത് രസിച്ചില്ലെന്ന ഭാവം തിടുക്കത്തിൽ വരുത്തിയിട്ട് ഡോ. ഷീല, സജ്ജന്റെ നേരെ വിരൽ ചൂണ്ടി വിറപ്പിച്ചിട്ട് പറഞ്ഞു "ദുർജൻ. ഹൗ ബ്രൂട്ട് യൂ ആർ? കന്യേ, നിന്റെ ഭർത്താവിന്റെ വാക്കുകൾ വിശ്വസിക്കരുത്. ഈയിടെയായി ഒരുപാട് കേസ്സ്. അതുകാരണം ഒട്ടും......"

"ചുരുക്കിപ്പറഞ്ഞാൽ ഡോക്ടറും രോഗിയായിമാറി. അല്ലേ..." സജ്ജൻ ഇടയ്ക്കു കയറിപ്പറഞ്ഞു. ഷീലയ്ക്കു മറുപടിയില്ല. സത്യം ഇത്ര തീക്ഷ്ണമായി മുന്നിലേക്ക് എറിയപ്പെട്ടിരിക്കുന്നു. അവൾ ചകിതയായിരുന്നു പോയി.

ചായ എത്തി. സംഭാഷണം തുടർന്നു. മോഹിനിയെക്കുറിച്ച് പരാമർശം ഉണ്ടായി. ഷീല, മോഹിനിയുടെ സ്ഥിതിയെക്കുറിച്ചു ചോദിച്ചു. "ഈയിടെയായി യാതൊരു വിവരവുമില്ല" കന്യ അറിയിച്ചു.

"ഞാൻ കുറച്ചുദിവസം മുൻപ് ഹസറത്ഗഞ്ജിൽവച്ച് ബോറനോടൊപ്പം കണ്ടു. വേറെ ഒരു ചെറുപ്പക്കാരനും കൂടെയുണ്ടായിരുന്നു. മേക്കപ്പ് കൂടുതലായിരുന്നിട്ടും ആ സ്ത്രീയുടെ നില ദയനീയമാണെന്നു തോന്നി" സജ്ജൻ പറഞ്ഞു.

പിന്നെ കുറെ നേരത്തേക്കു നിശ്ശബ്ദത. ഷീലപറഞ്ഞു. "ഈ മാനവസമൂഹം, സംസ്കാര സമ്പന്നവും പരിഷ്കൃതവും ആകേണ്ടതായിരുന്നുവെന്ന് ചിലപ്പോൾ തോന്നാറുണ്ട്. ഈ പരിഷ്ക്കാരവും സംസ്ക്കാരവും സയൻസും വിദ്യാഭ്യാസവും അതുപോലുള്ള വലിയ വലിയ കാര്യങ്ങളും കൊണ്ട് മനുഷ്യന്റെ മേൽ ഭാരം ചെലുത്തേണ്ട ആവശ്യം എന്തായിരുന്നു? ഇതൊന്നുമില്ലെങ്കിലും മനുഷ്യൻ സുഖമായി കഴിഞ്ഞേനേ. വളരെ സുഖമായി... ആഭരണങ്ങളോടുള്ള മോഹം കാരണം ഭാരം വാരിയണിഞ്ഞ് പ്രകൃത്യായുള്ള സൗന്ദര്യത്തെപ്പോലും മറയ്ക്കുകയാണ്, പോരാത്തതിന് അതിന്റെ ഭാരത്തിൽ സ്വയം തളരുകയും..."

സജ്ജൻ മൂകനായിരുന്നു ഷീലയെ ശ്രദ്ധിക്കുകയായിരുന്നു. കന്യയും ഒന്നും മിണ്ടിയില്ല. ഷീലയുടെ ഉള്ളിലെ സംഘർഷത്തിൽ സജ്ജന് സഹാനുഭൂതിയുണ്ട്. അഗാധമായ ദുഃഖം മറയ്ക്കാനാണീ വാക്കുകളെന്ന് സജ്ജനറിയാം. ത്യാഗം കഠിനമാണ്. സജ്ജൻ ചിന്തിച്ചു. തനിക്ക് ബാബാജിയുടെ നിർദേശപ്രകാരം സമ്പത്ത് ത്യജിക്കാനാവുമോ? ഇല്ല. സാധ്യമായെന്നുവരില്ല. തന്റെ ഐശ്വര്യത്തിന്റെയും സമ്പത്തിന്റെയും കുറച്ചു ഭാഗം മറ്റുള്ളവർക്കു കൊടുത്തേക്കാം. പക്ഷേ പൂർണമായി എല്ലാം വിട്ടുകൊടുക്കാൻ അയാളെക്കൊണ്ട് കഴിയില്ല. ഷീലയുടെയും മഹിപാലിന്റെയും ദുഃഖം അവസാനിപ്പിക്കാൻ ശ്രമിക്കണമെന്ന് സജ്ജനുതോന്നി. പെട്ടെന്ന് എഴുന്നേറ്റിട്ടു പറഞ്ഞു "ഡോക്ടർ, ഒരു കാര്യം പറയാനുണ്ട്. കന്യേ, ഇതാവരുന്നു..." അല്പം അകലെ ഷീലയെ മാറ്റിനിറുത്തിയിട്ടയാൾ പറഞ്ഞു "ഇന്നുവൈകുന്നേരം എന്റെ വീട്ടിൽ ചെറിയൊരു പാർട്ടിയുണ്ട്. നിന്നോട് വരാൻ പറയാമായിരുന്നു. പക്ഷേ കർണലും മഹിപാലും അവരുടെ ഭാര്യമാരും വരുന്നുണ്ട്. അവരെയും വിളിക്കേണ്ടിവന്നു.... കന്യ ഈ വീട്ടിൽ ആദ്യത്തെ ഹോളി

യാഘോഷിക്കുകയാണ്..... മഹിപാലിനെ കാണണോ...?"

ഷീല മൂകയായിനിന്നു. സജ്ജൻ വീണ്ടും ചോദിച്ചു.

"പറയൂ?"

"അദ്ദേഹത്തിനെന്താണഭിപ്രായം?" അതു ചോദിക്കുമ്പോഴും ഷീലയുടെ കണ്ണിൽ ശൂന്യഭാവമായിരുന്നു.

"ഞാനയാളോട് ഒന്നും ചോദിച്ചിട്ടില്ല. അല്ല ഇതിൽ ചോദിക്കാനെന്തിരിക്കുന്നു? മഹിപാലിനെന്താ നിന്നെ കാണാൻ കൊതിയില്ലാതിരിക്കുമോ? നിനക്കങ്ങനെ കരുതാനൊക്കുമോ ഷീലേ...?"

ഷീല മൂകയായി നിന്നു. അവളുടെ നേത്രങ്ങൾ കവിഞ്ഞൊഴുകി.

ഷീലയുടെ ചുമലിൽ കൈവച്ചിട്ട് സജ്ജൻ പറഞ്ഞു. "നീ വൈകുന്നേരം എഴരമണിക്ക് എന്റെ വീട്ടിൽ വരൂ ഷീലേ. നീ വരുന്ന കാര്യം ആരെയും അറിയിക്കില്ല. നിനക്കു എന്റെ ഹോളി സമ്മാനമെന്ന നിലയിൽ മഹിപാലിനെ കൂട്ടിമുട്ടിക്കാം. ഇതാ, ഇനിയെങ്കിലും ഒന്നു ചിരിക്കൂ... നിന്നെ ഇങ്ങനെ കാണുമ്പോൾ എനിക്ക് സഹിക്കാനാകുന്നില്ല."

ഷീല അതു കേട്ടിട്ട് മൂകയായി നിന്നു. വളരെനേരം കരഞ്ഞശേഷം ഇഷ്ടപ്പെട്ട മിഠായി കിട്ടിയ ഒരു കുഞ്ഞിനെപ്പോലെയായിരുന്നു അപ്പോഴത്തെ അവളുടെ സ്ഥിതി. ഇത്രയും നാളുകൾക്കുശേഷം .... ഇന്ന് അവൾ അവളുടെ മഹിപാലിനെ കാണും.

41

കന്യയും കല്യാണിയും കർണലിന്റെ പത്നിയും ഇരുന്ന് സംസാരിക്കുകയായിരുന്നു. കല്യാണി, ഈ വീട്ടിൽനിന്ന് ആഹാരം കഴിക്കില്ല. മധുരപലഹാരങ്ങൾ മാത്രമേ തിന്നു. കന്യചോദിച്ചു "ഈ തീണ്ടലും-തൊടീലുമൊക്കെ ഇപ്പോഴും നോക്കണോ ചേച്ചീ? ഇനി ഈ വിചാരമെല്ലാം കളയണം."

"ഇത്രയും നാൾ കൊണ്ടു നടന്നില്ലേ? അതുമല്ല ഈ ധർമവും കർമവുമൊക്കെ മാറ്റാനാവുന്നതാണോ?" കല്യാണി താൻപോരിമയോടെ പറഞ്ഞു.

"ബ്രാഹ്മണരാണ് ആഹാരം ഉണ്ടാക്കിയത്. നിങ്ങൾ വരുമെന്നുള്ളതിനാൽ ഞാൻ അടുക്കളയിൽ കയറിയിട്ടു പോലുമില്ല. ഈ ചേട്ടത്തിയെ കണ്ടില്ലേ, ഇവരും വലിയ ധർമവിചാരമുള്ളവരല്ലേ പക്ഷേ ഇന്ന്-"

"എന്റെ പാപവും പുണ്യവും ധർമവുമെല്ലാം പിള്ളേർ നശിപ്പിച്ചില്ലേ? പണ്ടൊക്കെ അസ്തമിക്കുന്നതിനു മുമ്പുതന്നെ ഞാൻ ആഹാരം കഴിച്ചിരുന്നു. ഞങ്ങൾ ജൈനരുടെ ഇടയിൽ അതാണാചാരം. പക്ഷേ എന്തു ചെയ്യാം. ഇദ്ദേഹവും പിള്ളേരും ചേർന്ന് ഒന്നും ചെയ്യാൻ വയ്യാതാക്കി. ഇവർക്കാഹാരം കൊടുക്കാതെ ഞാൻ കഴിക്കുന്നതെങ്ങനെ?" കർണലിന്റെ ഭാര്യ വിവരിച്ചു.

"പെണ്ണുങ്ങൾ അവരുടെ നിഷ്ഠയിൽ ഉറച്ചു നിന്നാൽ ആണുങ്ങൾ അനുസരിച്ചേ പറ്റു. എന്റെ വീട്ടിലെന്താ മോശമാണോ കാര്യങ്ങൾ. പക്ഷേ ഞാനൊരിക്കലും എന്റെ കർമാനുഷ്ഠാനങ്ങൾ മ്ലേച്ഛമാകാൻ സമ്മതിച്ചിട്ടില്ല. ഞങ്ങൾ ഉയർന്ന ബ്രാഹ്മണരാണ്." കല്യാണിയുടെ ഔന്നത്യഭാവം കർണലിന്റെ പത്നിയെ ചൊടി

പ്പിച്ചു. അവർ പറഞ്ഞു "എല്ലാരും അവരവരുടെ ജാതിയിലും സമുദായത്തിലും ഉന്നതർ തന്നെ. ഞങ്ങളുടെ പാരായണ കഥയിൽ പറഞ്ഞിട്ടുണ്ട്, എത്ര എത്ര ബ്രാഹ്മണരും പണ്ഡിതരും സ്വന്തം മതമുപേക്ഷിച്ചു ഭഗവാൻ മഹാവീരന്റെ ശരണം സ്വീകരിച്ച കാര്യം. കാര്യമെന്താ! അദ്ദേഹത്തിന്റെ മതം, ബ്രാഹ്മണരുടേതിനെക്കാൾ ഉയർന്നതായിരുന്നു."

ജൈനമതത്തിന്റെയും ബ്രാഹ്മണരുടെയും ഉച്ച-നീച സംവാദം, അന്നത്തെ സന്തോഷ സമന്വിതമായ സായംസന്ധ്യയെ നൊടിയിടയിൽ താറുമാറാക്കുമെന്ന് കന്യയ്ക്കു മനസ്സിലായി. അവൾ പറഞ്ഞു "ചേച്ചീ ഇതെന്നത്തെകാര്യം പറയുന്നു? ഈ ഉച്ച- നീചത്വവും ജാതിയും കീഴ്ജാതിയുമൊക്കെ പുറംപൂച്ചല്ലേ എന്താ രാജശ്രീ, നീ എന്തുപറയുന്നു?.. നിന്റെ അഭിപ്രായമെന്താ ശകുന്തളേ?..."

ശകുന്തളയും രാജശ്രീയും മിണ്ടാതിരിക്കുകയായിരുന്നു. ചോദ്യം കേട്ടിട്ടും ശകുന്തള മിണ്ടിയില്ല. പക്ഷേ രാജി അടങ്ങിയിരുന്നില്ല. "എന്റെ അച്ഛൻ ഇതൊന്നും അംഗീകരിക്കുന്നില്ല. ഞാനും അംഗീകരിക്കുന്നില്ല... ഇതെല്ലാം പണ്ടത്തെ കാര്യങ്ങളാണ്..."

കന്യ ഉറക്കെച്ചിരിച്ചു. കല്യാണിയുടെ നേരേ നോക്കിയിട്ടു പറഞ്ഞു. "കേട്ടോ ചേച്ചി.."

കല്യാണി മൂക്കു ചുളിച്ചിട്ടു പറഞ്ഞു "ഞാനിവരുടെ പറച്ചിൽ എന്നും കേൾക്കുന്നതല്ലേ? വല്ല തത്വവുമുണ്ടോ ഇതിൽ? ഭഗവാനാണ് ഉച്ച-നീചത്വവും, ജാതിയും ധർമവും ഉണ്ടാക്കിയത്. അവയില്ലാതെ ഒന്നും മുന്നോട്ടു പോവില്ല."

പുരോഗമനവാദിയായ തന്റെ ചേച്ചിയുടെ മുന്നിൽ അമ്മയെ തോൽപ്പിക്കാനുള്ള ഉത്സാഹത്തോടെ രാജി പറഞ്ഞു "ഭഗവാൻ അപ്പോൾ ഹിന്ദുസ്ഥാൻ മാത്രമേ സൃഷ്ടിച്ചിട്ടുള്ളു അല്ലേ അമ്മേ. വേറെയും നാടുകൾ ഉള്ളത്..."

"രാജീ നീ മിണ്ടാതിരി. അധികം ഒന്നും പറയണ്ട. എനിക്കിതൊന്നും ഇഷ്ടമല്ല." എന്നിട്ട് കർണലിന്റെ ഭാര്യയുടെ നേരെ തിരിഞ്ഞിട്ട് കല്യാണി പറഞ്ഞു. "എന്തുപറഞ്ഞാലും ശരി, സ്വന്തം ധർമനിഷ്ഠകൾ ഉപേക്ഷിക്കുന്നത് നന്നല്ല..."

"അതേ സോദരീ, നല്ലതല്ല. പക്ഷേ ആണുങ്ങൾക്കേതാണോ ഇഷ്ടം അതനുസരിച്ച് നടക്കുന്നതാണ് സ്ത്രീകളുടെ ഏറ്റവും വലിയ ധർമമെന്നാണ് ഞാൻ കരുതുന്നത്. ഇപ്പോൾ എല്ലാ വീട്ടിലും പുതിയ കാലം വന്നിരിക്കയല്ലേ..? ഒന്നു പറയൂ, എത്രകാലം ഇതിൽ നിന്നെല്ലാം അകന്നുനിൽക്കാൻ കഴിയും? പിന്നെ സ്വന്തം പുരുഷന് ദുഃഖം ഉണ്ടാക്കിവച്ചിട്ടു ധർമവും നിഷ്ഠയും പാലിക്കുന്നതിനെ ഞാൻ ധർമമായിട്ടല്ല കണക്കാക്കുന്നത്..."

വേലക്കാരൻ വന്ന് ഒരു തുണ്ട് കന്യയുടെ കയ്യിൽ കൊടുത്തു. വായിച്ചിട്ട് എഴുന്നേറ്റുകൊണ്ടവൾ പറഞ്ഞു

"ഞാനിപ്പോൾ വന്നേക്കാം..."

രാജി ചോദിച്ചു. "ചേച്ചീ, ഞങ്ങളുടെ കുഞ്ഞമ്മയെ, അറിയുമോ....?"

"ഞാൻ കണ്ടിട്ടുണ്ട്. നല്ലവണ്ണം അറിയാം."

"അവർക്കിതുപോലെ ഒരാചാരവുമില്ല. അവരുടെ വീട്ടിൽ, ഞങ്ങളുടെ വീട്ടിലേതുപോലുള്ള മുറകളുമില്ല. നമ്മൾ വീട് വാങ്ങിയാലും ഈ നടപ്പുതന്നെ തുടരുമോ എന്ന് ഞാൻ അമ്മയോട് ഇടയ്ക്കിടെ ചോദിക്കാറുണ്ട്..."

രാജിയുടെ ആ വാക്കുകൾ കേട്ട്, പുഞ്ചിരിയോടെ കർണലിന്റെ ഭാര്യ കല്യാ

ണിയോട് ചോദിച്ചു. "എന്താ വീട് വാങ്ങുകയാണോ സോദരീ...?"

മകളുടെ സംസാരത്തിൽ ഭർത്തൃസഹോദരന്റെ വീട്ടുകാരിയെക്കുറിച്ചുള്ള പരാമർശത്തിൽ ഉള്ളുതിളച്ചിരുന്ന കല്യാണിക്ക്, വീടിനെ കുറിച്ചുള്ള ചോദ്യം വന്നതോടെ ഒട്ടൊരു സന്തോഷം തോന്നി. പ്രസന്നയായിട്ടവൾ പറഞ്ഞു. "എവിടെ? കൊള്ളാം. ബംഗ്ലാവും വീടുമൊക്കെ എവിടെന്ന്? ങാ. പിന്നെ ശകുന്തളയുടെ വിവാഹം കഴിഞ്ഞിട്ട്, ഇരിക്കാൻ കൊള്ളാവുന്ന ഒരു കുടിൽ ഉണ്ടായാൽ കൊള്ളാമെന്നുണ്ട്.."

"ശകുന്തളയുടെ വിവാഹത്തിന് വമ്പിച്ച ഒരുക്കങ്ങൾ നടക്കുന്നതായി കേട്ടല്ലോ..."

"അങ്ങനെ വമ്പിച്ചതൊന്നുമല്ല. നിലയ്ക്കൊത്തു നടത്തിയല്ലേ പറ്റൂ? സമൂഹത്തിലും പുറത്തും ഞങ്ങൾക്കുള്ള പേരിനൊത്ത് എന്തെങ്കിലും ചെയ്യണ്ടേ? പത്തിരുപതിനായിരം ചെലവായേക്കും...ഞങ്ങളുടെ ഇടയിൽ സ്ത്രീധനം ഒരുപാട് കൊടുക്കണം..."

"അതിനിത്രയും പണമെവിടുന്ന്..ശുക്ലാജീ പാവം.." കല്യാണിക്കതു രസിച്ചില്ല. കയ്യിൽ കിടന്ന മുത്തുപതിച്ച വള വിരൽകൊണ്ട് തിരിച്ചുകൊണ്ടു പറഞ്ഞു. "ദൈവം എല്ലാവർക്കും കൊടുക്കും. ഞങ്ങളുടെ വീട്ടിൽ ബാങ്കില്ലെങ്കിലെന്ത്? പേനയ്ക്കും വലിയ ശക്തിയാണ്. ഒരു നിമിഷം കൊണ്ട് ആയിരം വരുത്താവുന്ന ചെക്കു വരും." രണ്ടു സഹോദരിമാരും ഭാഗ്യത്തിന്റെ കയറ്റത്തെയും ഇറക്കത്തെയും കുറിച്ചുള്ള സംഭാഷണത്തിലായി, രാജിക്കു മടുത്തു. ശകുന്തളയെ ആംഗ്യം കാട്ടി വിളിച്ചിട്ട് പുറത്തേക്കു പോകാൻ തുടങ്ങി.

കല്യാണി ചോദിച്ചു. "എവിടെ പോകുന്നു രാജീ?"

"എങ്ങുമല്ല. പുറത്തു തോട്ടത്തിലേക്ക്..."

"പുറത്തോട്ടു പോവുകയാണെങ്കിൽ നിന്റെ അച്ഛനോട് പറ വേഗം പോണമെന്ന്. അല്ലെങ്കിൽ എന്നെ വീട്ടിലെത്തിക്കാൻ..."

"കൊള്ളാം. ഇത്ര ധൃതി എന്ത് ഇന്ന് സിനിമയ്ക്കു പോകണ്ടേ?"

"വേണ്ട. എനിക്കീ സിനിമയോ നാടകമോ ഒന്നും കാണണ്ട. നാളെ ബന്ധുക്കാരുടെ വീട്ടിൽ ഉത്സവത്തിന്റ പലഹാരങ്ങൾ എത്തിക്കാനുള്ള ഏർപ്പാടു ചെയ്യാനുണ്ട് – ഞാനിപ്പോൾ കുറച്ചുസമയത്തിനുള്ളിൽ തന്നെ പോകും."

കല്യാണിയെയും കർണലിന്റെ പത്നിയെയും സംസാരിക്കാൻ വിട്ടിട്ട്, രാജശ്രീയും ശകുന്തളയും കൊട്ടാരം പോലുള്ള സജ്ജന്റെ വീട് ചുറ്റിക്കാണാൻ തുടങ്ങി. രാജിക്ക് അവിടെയുള്ള ഓരോന്നും സ്വർഗസമാനമായിതോന്നി. വലിയ അച്ഛന്റെ മകളാണ് രാജി. പെട്ടെന്ന് പണം വീട്ടിൽ വന്നു ചേർന്നതുകൊണ്ട് അവരുടെ വലിപ്പവും, പെരുപ്പിച്ച ബലൂൺ പോലെയായിട്ടുണ്ട്. പണത്തിന്റെ അഭാവത്തിൽ അത് കാറ്റുപോയി ചുരുങ്ങിക്കിടന്നിരുന്നതാണ്. സ്വപ്നങ്ങൾ കാണുന്ന പ്രായവും. ശകുന്തളയുടെ വിവാഹനിശ്ചയം കഴിഞ്ഞിരുന്നതിനാൽ, അവളിൽ പെട്ടെന്ന് എന്തോ ഗഹനമായ അഭാവമുണ്ടെന്ന ബോധവും ഉറപ്പിച്ചിരുന്നു. അവളുടെ ഉള്ളിൽ മയങ്ങിക്കിടന്നിരുന്ന ഹീറോയിനിൽ, ഒരു ഹീറോയുണ്ടാകാനുള്ള ആഗ്രഹം നാമ്പെടുത്തു. കന്യയുടെയും സജ്ജന്റെയും ഈ ഐശ്വര്യപൂർണമായ– അവളെ സംബന്ധിച്ചിടത്തോളം സ്വർഗതുല്യമായ–സാമ്രാജ്യത്തിൽ ചുറ്റി നടക്കുമ്പോൾ അവൾ സ്വന്തം സ്വപ്നങ്ങൾക്ക് സാക്ഷാത്കാരം

നൽകുന്നതായി ഭാവന ചെയ്തു. അവരുടെ രണ്ടുപേരുടെയും വ്യക്തിത്വം, അവരുടെ സങ്കൽപ്പങ്ങളെ തൃപ്തിപ്പെടുത്തി. അവൾ സ്വപ്നത്തിലെന്നോണം പറഞ്ഞു "ചേച്ചിയുടെ (കന്യയുടെ) ഭാഗ്യം കണ്ടില്ലേ? ഇതൊരു വീടാണോ? രാജകൊട്ടാരമല്ലേ..? അവർ ഭാഗ്യവതിയാണ്..."

"നീയും നിനക്കായി ഇതുപോലെ ഒരു വീടുള്ളവനെ കണ്ടുപിടിച്ചോ" ശകുന്തള പറഞ്ഞു.

"ഞാൻ വിചാരിച്ചാൽ നടക്കുമെങ്കിൽ തീർച്ചയായും അതുതന്നെ ചെയ്യും. നിങ്ങളെന്നെ എന്താ വിചാരിക്കുന്നത്?" രാജി പുരികം ഉയർത്തി നോട്ടം തീക്ഷ്ണമാക്കിക്കൊണ്ട് പറഞ്ഞു. "ഞാൻ നിങ്ങളെപ്പോലെ അമ്മയെ സന്തോഷിപ്പിക്കാൻ വേണ്ടി ഊമയായിനടിച്ച് സ്വന്തം ജീവിതം നശിപ്പിക്കില്ല.." രാജശ്രീ കോവണിപ്പടിക്കരികിൽ പതിച്ചിരുന്ന നീലക്കണ്ണാടിയിൽ സ്വന്തം രൂപം താൽപര്യത്തോടെ നോക്കി. കണ്ണാടിയിൽ ശകുന്തളയുടെ കണ്ണുകൾ അവളുടെ കണ്ണുകളുമായി കൂട്ടിമുട്ടി.

കുഞ്ഞുങ്ങളുടെ സംസാരം കേട്ട് പുഞ്ചിരിക്കുന്നമാതിരി ശകുന്തള ഒന്നുപുഞ്ചിരിച്ചു. ശകുന്തളയുടെ ആ ഭാവം രാജിക്കുപിടിച്ചില്ല. ശകുന്തളയ്ക്കു രാജിയെക്കാൾ മൂന്നുവയസ്സു കൂടുതലുണ്ടെങ്കിലും സമപ്രായക്കാരായിട്ടാണ് അവർ പെരുമാറുന്നത്. കമ്പളം വിരിച്ച ആ പടികൾ ഇറങ്ങവേ ശകുന്തളയെ മെല്ലെ ഒന്ന് ഉന്തിയിട്ട് രാജി ചോദിച്ചു "എന്തിനാ ചിരിക്കുന്നേ?" ശകുന്തള പറഞ്ഞു "പത്രങ്ങളിലെ 'വാണ്ടഡ്' കോളത്തിൽ ഒരു ലക്ഷാധിപതിയെ ആവശ്യമുണ്ടെന്ന് പരസ്യപ്പെടുത്ത്.."

"എനിക്ക് പരസ്യപ്പെടുത്താതെതന്നെ കിട്ടും. നിങ്ങൾക്കുവേണമെങ്കിൽ അച്ചടിച്ചോളൂ."

"എനിക്കു ലക്ഷാധിപതിയൊന്നും വേണ്ട." ശകുന്തള പറഞ്ഞു.

കോവണിയുടെ താഴെ ഇടതുവശത്തുള്ള ചെറിയമുറിയിൽ നിന്ന് വനകന്യ പുറത്തേക്കുവന്നു. രണ്ടു പേരെയും കള്ളനെപ്പോലെ ഭയന്ന നോട്ടത്തോടെ നോക്കിയിട്ടു ചോദിച്ചു. "എവിടെപ്പോകുന്നു."

"എങ്ങുമല്ല. വെറുതേ തോട്ടത്തിലേക്ക്.." രാജി വിനീതസ്വരത്തിൽ പറഞ്ഞു. വനകന്യ അവരോടൊപ്പം മുന്നോട്ടുനടന്നു.

താഴെ ഡ്രോയിംഗ് റൂമിൽ സജ്ജനും മഹിപാലും കർണലും ഇരിക്കുകയാണ്. മഹിപാൽ ഇന്ന് തികച്ചും ധനവാന്റെ മോടിയിലാണ്. വിലകൂടിയ ചപ്പൽ, കസവിട്ട വേഷ്ടി, പട്ടുകുപ്പായം, സിൽക്ക് ജവാഹർജാക്കറ്റ്, ഫേവർലുബാവാച്ച്, ഷെഫേഴ്സ് സ്വർണവർണപ്പേന, കയ്യിൽ പുഷ്യരാഗം പതിച്ച മോതിരം. കർണലിനോടും സജ്ജനോടും തന്റെ വരുമാന വർധനവിന്റെ വിവരം അഭിമാനത്തോടെ വിവരിക്കുകയാണയാൾ.

കർണൽ പറഞ്ഞു "ഇപ്പോൾ തന്റെ ഭാഗ്യം തെളിഞ്ഞു...പക്ഷേ പെട്ടെന്ന് ഇത്രയും റോയൽറ്റി വന്നതെങ്ങനെ? വർഷത്തിൽ മൂന്ന്-നാലായിരംപോലും ചിലപ്പോൾ കിട്ടാതിരുന്നതല്ലേ..?"

"എന്റെ ഒരു പുസ്തകം പഞ്ചാബ് യൂണിവേഴ്സിറ്റിയിലെ കോഴ്സിൽ ഉൾപ്പെടുത്തിയിട്ടുണ്ട്." മഹിപാൽ ഗർവോടെ, കണ്ണുകൾ പകുതി അടച്ച്, അലസമായി സിഗററ്റ് വലിച്ചുകൊണ്ടിരുന്നു.

സജ്ജൻ "അപ്പോൾ ഈ സന്തോഷവാർത്തയ്ക്കു ഒരു പാർട്ടി കിട്ടണം.."

"എപ്പോൾ വേണമെങ്കിലും തരാം. ശരി നാളെ കപ്പൂർ ഹോട്ടലിൽ-"

മഹിപാലിന്റെ വാക്കുകൾ മുറിച്ചിട്ട് കർണൽ ചോദിച്ചു. "ഹോട്ടലിലാക്കുന്നതെന്തിന്? വീട്ടിലായിക്കൂടേ?"

"വീട്ടിൽ ഷീലയെ വിളിക്കാൻ പറ്റില്ല." സജ്ജൻ അറിയിച്ചു.

"ഷീലയെ അല്ലെങ്കിലും വിളിക്കുന്നില്ല. ഞാനവിടെ വിസ്കി കുടിക്കാനാണ് പോകുന്നത്..." ആദ്യവാചകം ഒട്ടൊരു ഗൗരവത്തിലും, രണ്ടാമത്തേത്, ആ ഗൗരവം മറയ്ക്കാനുള്ള തിടുക്കത്തിൽ അലസമായിട്ടും ആണ് അയാൾ പറഞ്ഞത്.

സജ്ജൻ അയാളുടെ ആ ഭാവം ശ്രദ്ധിച്ചു. ഷീലയുടെ നേർക്കുള്ള അയാളുടെ ഈ കാലുഷ്യം തെറ്റാണെന്ന് സജ്ജനുതോന്നി. അയാൾ ഷീലയെ ഉപേക്ഷിക്കാൻ ആഗ്രഹിക്കുന്നുണ്ടാകാം. അതിൽ തെറ്റില്ല. പക്ഷേ അവളോട് ഇത്രയും കാലുഷ്യമെന്തിന്? ഷീലയുടെ സ്വാധീനം മനസ്സിൽ നിന്നു മാറ്റാനായിരിക്കണം അയാൾ ഈ നിലപാടു കൈക്കൊള്ളുന്നത്. നിർബന്ധബുദ്ധി ദോഷമാണ്. മനുഷ്യനെ അത് അപകടത്തിലെത്തിച്ചേക്കാം. സജ്ജൻ സ്വന്തം അനുഭവം ഓർമിച്ചു. എങ്കിലും മഹിപാൽ ഇത്രക്രൂരനായതെന്ത്? അയാളുടെ ബന്ധം നീതിക്ക് നിരക്കാത്തതാകാം. പക്ഷേ ഷീല ചീത്തയൊന്നുമല്ലല്ലോ. അവൾ നല്ല ഒരു സ്ത്രീയാണ്. പാവം എത്ര ദു:ഖിതയാണ്! സജ്ജന് ഷീലയോട് അനുകമ്പ തോന്നി. അയാൾ പറഞ്ഞു "ഷീലയെ എന്തുകൊണ്ടു വിളിക്കുന്നില്ല?"

മഹിപാൽ മൂകനായിരുന്നു.

കർണൽ ഗൗരവത്തിൽ പറഞ്ഞു. "നോക്കൂ സജ്ജൻ! ഇതു ഒരു അപകടം പിടിച്ച കാര്യമാണ്. നിനക്കൊന്നും അറിയില്ല. നീ മഥുരയിലായിരുന്നു."

"എനിക്കെല്ലാം അറിയാം." സജ്ജൻ പറഞ്ഞു.

കർണലും മഹിപാലും ഞെട്ടി, അയാളുടെ നേരെ നോക്കി. ഷീല അയാളോട് എല്ലാം പറഞ്ഞിരിക്കുമെന്ന് അവർക്കു മനസ്സിലായി.

"ഇനി ആരെങ്കിലും ഒരാൾ ദു:ഖിച്ചേ പറ്റൂ" കർണൽ അഭിപ്രായപ്പെട്ടു.

"അതു മറ്റൊരു കാര്യം. എന്നാലും ഷീലയോട് മനുഷ്യത്വത്തോടെ പെരുമാറിക്കൂടേ. ഒരു സ്നേഹിതയായി കണക്കാക്കിക്കൂടേ."

"ഞാൻ ചാരിത്ര്യവതിയായ എന്റെ ഭാര്യയെ ഒരു വിധത്തിലും ദു:ഖിപ്പിക്കുവാൻ ആഗ്രഹിക്കുന്നില്ല."

സജ്ജന് അതു കേട്ടപ്പോൾ രസിച്ചില്ല. "നിങ്ങൾ ഈ സത്യത്തിന്റെ മറവിൽ ഷീലയെ അപമാനിക്കാൻ തുനിയുന്നതെന്തിന്? ഇതു തെമ്മാടിത്തമാണ്."

അതുകേട്ടപ്പോൾ മഹിപാലിനും കോപം വന്നു. സജ്ജൻ അയാളുടെ മുഖത്തു തറപ്പിച്ചു നോക്കിക്കൊണ്ടു പറഞ്ഞു "ഞാനും ഏകപത്നീവ്രതം മാനിക്കുന്നവനാണ്. ഇനിയുള്ള ജീവിതം കരുതി ജീവിച്ചോളാം. പക്ഷേ അതുകൊണ്ടു കഴിഞ്ഞ കാലത്തെ എന്റെ ഉത്തരവാദിത്വങ്ങൾ എന്നെ വിട്ടു പോവില്ല ഞാനതെങ്ങനെ മറക്കും? അതിൽനിന്നു രക്ഷപ്പെടുന്നതെങ്ങനെ?"

മഹിപാൽചോദിച്ചു. "അപ്പോൾ ഉത്തരവാദിത്വത്തിന്റെ പേരിൽ നീ നിന്റെ പഴയ കാമുകിമാരുമായി രസിച്ചു നടക്കുകയും അതേസമയം തന്നെ ഏകപത്നീവ്രതത്തിന്റെ കൊടി ഉയർത്തിപ്പിടിക്കുകയും ചെയ്യുമെന്നോ? കൊള്ളാം. ഇനി

ഏതെങ്കിലും പ്രൊഫസറെ വിളിച്ചു വിരുന്നു കൊടുത്തിട്ട് അയാളെക്കൊണ്ട് എഴുതിക്കും കല്യാണം കഴിഞ്ഞിട്ടും സജ്ജൻ മാതൃകാപരമായ ദാമ്പത്യജീവിതമാണ് നയിക്കുന്നതെന്ന്! അതല്ലേ നിന്റെ സ്വഭാവം."

കന്യ വാതില്ക്കൽ നിന്ന് ഇതെല്ലാം കേൾക്കുകയായിരുന്നു. അവളുടെ മനസ്സിൽ കൊടുങ്കാറ്റുവീശി. ഷീലയും മഹിപാലും തമ്മിലുള്ളബന്ധം മനസാ അവൾക്ക് രുചിച്ചിരുന്നില്ല. അവളുടെ ഹൃദയത്തിലെ ഭാര്യാസ്ഥാനം ഈ ബന്ധം സഹിക്കാൻ ഇഷ്ടപ്പെട്ടില്ല. എന്നാൽ കല്യാണിയും മഹിപാലും തമ്മിലുള്ള ചേർച്ചയില്ലാത്ത ബന്ധം കാണുമ്പോഴും ഷീലയുടെ വ്യക്തിത്വത്തിന്റെ പ്രഭാവം കാരണവും സജ്ജൻ അവരോടു കാണിച്ച പ്രതിപത്തികൊണ്ടും നീതിരഹിതമായ ഈ ബന്ധത്തെ മൂകയായി സ്വീകരിക്കാൻ അവളും തയ്യാറായിരുന്നു. സജ്ജൻ ക്ഷണിച്ചതനുസരിച്ചു ഷീല എത്തിയിരിക്കുകയാണ്. അവളുടെ ചിറ്റ് കിട്ടിയിട്ടാണ് കന്യ അന്തഃപുരത്തിൽനിന്ന് എഴുന്നേറ്റുപോന്നത്. ഷീലയെ അപ്പൂപ്പൻ ഉപയോഗിച്ചിരുന്ന രഹസ്യമുറിയിൽ ഇരുത്തിയിട്ടു വിവരം സജ്ജനെ അറിയിക്കാനാണ് അവൾ അവിടെ എത്തിയത്.

രാജശ്രീയും ശകുന്തളയും പുറത്തേക്ക് പോയി. കന്യ വാതില്ക്കൽ നിന്നു സംസാരം ശ്രദ്ധിച്ചു. മഹിപാലിന്റെ വാക്കുകൾ അവളുടെ ഭാര്യാത്വത്തിന് അഭിമാനം നല്കുന്നവയാണ്. തനിക്കും സജ്ജനുമിടയിൽ ഒരന്യസ്ത്രീ ഉണ്ടാകാൻ പാടില്ല. ആ തീരുമാനം മനസ്സിന്റെ ഒരു ഭാഗത്ത് ഉറപ്പിച്ചുവച്ചുകൊണ്ട് അവൾ ആലോചിച്ചു. ഇത്തരത്തിൽ എതിർക്കുന്ന മഹിപാൽ ഷീലയെ കാണുമോ? ഷീലയെക്കുറിച്ചു ചിന്തിച്ചപ്പോൾ അവളുടെ ഹൃദയം ചെറുതായൊന്നു പിടഞ്ഞു. ഒരു വേലക്കാരൻ വരാന്തയിലേക്ക് കടന്നുവന്നു. അവനെക്കണ്ട ഉടനെ മറഞ്ഞു നിന്നു സംഭാഷണം ശ്രദ്ധിച്ചിരുന്ന കന്യ പെട്ടെന്ന് മുറിക്കുള്ളിലേക്ക് കടന്നു. അവളെ കണ്ടതും പുരുഷന്മാരുടെ സംസാരം നിലച്ചു.

"ബിന്നോ! നീ വന്നതു നന്നായി." കർണൽ പറഞ്ഞു.

"അതെന്താ ചേട്ടാ?"

"കുറച്ചു പലഹാരം വല്ലതും കൊടുത്തയക്കൂ. ഒന്നും ചെല്ലാത്തതു കൊണ്ടു ശുക്ലാജി ചൂടാവുകയാണ്."

കന്യ പുഞ്ചിരിച്ചു. എന്നിട്ടു മഹിപാലിന്റെ പക്ഷം പിടിച്ചു കൊണ്ടു പറഞ്ഞു. "നിങ്ങളെല്ലാം ഇന്നു ഹോളി ആഘോഷിക്കുകയല്ലേ? എന്നിട്ടു പാവം ശുക്ലാജിയെ മാത്രം എന്തിന് കുറ്റപ്പെടുത്തുന്നു?"

ചുമന്നുതുടങ്ങിയ കണ്ണുകളിൽ പ്രേമരസം പകർന്നിട്ടു തിരിഞ്ഞു കന്യയെ നോക്കിക്കൊണ്ടു സജ്ജൻ പറഞ്ഞു "നിന്നെപ്പേടിച്ചു ഞാൻ കുടിച്ചതേയില്ല. ഈ മഹിപാലാണ് എന്നെ നിർബന്ധിച്ചു കുടിപ്പിക്കുന്നത്."

"അതിരിക്കട്ടെ! ഇങ്ങോട്ടു വന്നേ ഒരു കാര്യം പറയാനുണ്ട്."

ഷീല എത്തിയ വിവരം അറിഞ്ഞു സജ്ജൻ ഗൗരവം പൂണ്ടു. കന്യ പറഞ്ഞു "ഇന്നു നിങ്ങൾ ഡോക്ടറെ വിളിക്കാൻ പാടില്ലായിരുന്നു. മുന്നും പിന്നും ആലോചിക്കാതെ നിങ്ങൾ–"

"ഞാൻ മഹിപാലിനെ ഇപ്പോൾ വിളിച്ചു കൊണ്ടുവരാം. എനിക്കയാളെ അറിഞ്ഞു കൂടേ! ഷീലയുടെ മുമ്പിലെത്തുമ്പോൾ ഈ വിരോധമെല്ലാം മറക്കും" എന്നു പറഞ്ഞുകൊണ്ടു സജ്ജൻ വീണ്ടും മുറിക്കുള്ളിലേക്ക് പോയി. കന്യ മട

ങ്ങിപ്പോന്നു. സജ്ജനോടൊപ്പം ഷീലയുടെ ദൂതാളായിനടക്കാൻ അവളിഷ്ടപ്പെട്ടില്ല.

സജ്ജൻ മഹിപാലിനെയും കൊണ്ടു ഗോവണിക്കരികിലുള്ള മുറിയിലെത്തി. മുറിക്കകത്ത് അലമാരിയെന്നു തോന്നിക്കുന്ന വാതിൽ തുറന്നു രഹസ്യ മുറിയിലേക്ക് അയാളെ നയിച്ചു. ഷീല ഒരു കസേരയിൽ ഒതുങ്ങിക്കൂടിയിരിക്കുകയാണ്. വാതില്ക്കൽ മഹിപാലിനെ എത്തിച്ചിട്ടു സജ്ജൻ പുറത്തേക്ക് പോയി.

മുമ്പിൽ വന്നു നിന്ന മഹിപാലിനെ കണ്ടു ഷീലയുടെ മുഖത്തു നേരിയ ഒരു പുഞ്ചിരി വിരിഞ്ഞു. മഹിപാലിന്റെ മുഖം വിളറിവെളുത്തു.

"ഹാപ്പി ഹോളി" ഷീല ആശംസിച്ചു.

മഹിപാലിന്റെ കാലുഷ്യം തളരുകയാണ്. ഒന്നും പറയാൻ തോന്നുന്നില്ല. പെട്ടെന്നു ചെറുതായൊന്നു ചിരിച്ചിട്ടു അയാൾ പറഞ്ഞു "ഇന്ന്–ഇന്നു നാം ഇവിടെ കാണുകയാണ്."

ഷീലയുടെ നോട്ടം താഴത്തേക്ക് ആയി. ചൊടിച്ചിട്ടെന്ന വണ്ണം മഹിപാൽ തുടർന്നു "ഈ നിലവറയ്ക്കും താഴെ മറ്റു നിലവറയൊന്നുമില്ലായിരുന്നോ?"

ഷീലയ്ക്കു കാര്യമൊന്നും മനസ്സിലായില്ല. അവൾ അമ്പരന്നുനിന്നു. മഹിപാൽ തുടർന്നു. "കള്ളം കാണിക്കാൻ നാം ഇതിലും പാതാളത്തിലേക്കു പോയേ പറ്റൂ. ഇവിടെയും നമ്മെ ആരെങ്കിലും കണ്ടെന്നു വരാം!"

ഷീല പറഞ്ഞു "ഇത്രയും നാൾ നിങ്ങളെ കാണാതെ കഴിഞ്ഞിട്ട്–"

പെട്ടെന്നു മഹിപാലിന്റെ സ്വരം കഠിനമായി. "എനിക്ക് കള്ളത്തരം ഇഷ്ടമല്ല ഷീലേ, കാണണമെന്നുണ്ടെങ്കിൽ നിന്നെ നിന്റെ വീട്ടിൽ വന്നുതന്നെ കാണും പണ്ടത്തെപ്പോലെ."

"വരണ്ടെന്ന് ഞാൻ പറഞ്ഞില്ലല്ലോ?"

"ഇല്ല. പക്ഷേ എന്റെ ലോകം മാറിപ്പോയി. ശരി ഞാൻ പോകുന്നു."

"നില്ക്കൂ! നിങ്ങൾ സമൂഹത്തെ ഭയന്നാണോ എന്നെ ഉപേക്ഷിച്ചത്? അതോ സ്വയം ഉപേക്ഷിച്ചതാണോ?"

മഹിപാൽ ഒന്നും പറയാൻ വയ്യാത്ത അവസ്ഥയിലായി. തലതാണു നിമിഷനേരം മൂകനായിനിന്നിട്ടു കടുത്ത സ്വരത്തിൽ പറഞ്ഞു "ഞാൻ ഇപ്പോൾ അക്കാര്യങ്ങൾ ഒന്നും ചിന്തിക്കുന്നില്ല."

"എങ്കിൽ എനിക്കും നിങ്ങളെ മറക്കാനുള്ള വഴിയൊന്നു പറഞ്ഞു തരൂ!"

മഹിപാൽ പോകാൻ തുടങ്ങി. ഷീല അയാളുടെ ചുമലിൽ കൈ വെച്ചിട്ടു പറഞ്ഞു. "നിങ്ങൾ വീടിനോടുള്ള ഉത്തരവാദിത്വം കാരണമാണ് ഇത്രയും വലിയ ത്യാഗത്തിന് ഒരുമ്പെടുന്നതെന്ന് എനിക്കറിയാം. ഞാനതുമാനിക്കുന്നു. കല്യാണിയോട് എനിക്ക് ഒരു വിരോധവുമില്ലെന്നു നിങ്ങൾക്കറിയാം. നിങ്ങളുടെ കുടുംബജീവിതം തകർക്കാനും നിങ്ങൾക്കു ദുഷ്പേരുണ്ടാക്കാനും എനിക്ക് ഉദ്ദേശമില്ല."

മഹിപാൽ അല്പമൊന്ന് അലിഞ്ഞു, എങ്കിലും അവളുടെ നേർക്കുനോക്കാതെ പറഞ്ഞു "എല്ലാം അറിഞ്ഞുകൊണ്ട് ഇന്ന് എന്തിന് വന്നു?"

"നിങ്ങളെ ഒന്നു കാണാൻ കൊതി തോന്നി. ഒരു നിമിഷം ഇരിക്കൂ."

അവളുടെ സ്പർശനം മഹിപാലിനെ ആകർഷിക്കുകയാണ്. അയാൾ വഴങ്ങി. രണ്ടുപേരും മുഖത്തോടുമുഖം നോക്കിയിരുന്നു. ഉരുളൻ തൂണുകളുള്ള കുടു

സ്സായ ആ മുറിയിൽ ഇരുട്ടും മൂകതയും തളം കെട്ടിനിന്നു. ചുമരിൽ രണ്ടിടത്തായി ഘടിപ്പിച്ചിട്ടുള്ള കിളിവാതിലൊഴികെ ബാഹ്യലോകവുമായി ആ മുറിക്ക് യാതൊരു ബന്ധവും ഇല്ല. രണ്ടുപേരും ഇരുന്നതിന്റെ ഇടതുവശത്തായി ഇരുമ്പുകമ്പികൾ കൊണ്ടുണ്ടാക്കിയ രണ്ടു സ്റ്റാന്റുകൾ ഉണ്ടായിരുന്നു. രണ്ടു പഴയ ഇരുമ്പുപെട്ടികൾ അവയ്ക്കു മുകളിൽ വച്ചിട്ടുണ്ട്. അതിനോടു ചേർന്നു രണ്ടു ഗോദ്റേജ് അലമാരകൾ. മഹിപാൽ ഷീലയുടെ നോട്ടത്തിൽ നിന്നും രക്ഷപ്പെടാൻ വേണ്ടി മുറിയിൽ അങ്ങോട്ടുമിങ്ങോട്ടും നോക്കിക്കൊണ്ടിരുന്നു. വർഷങ്ങളായി എത്രമാത്രം സന്തുഷ്ടമായ അന്തരീക്ഷത്തിലാണ് തങ്ങൾ കൂട്ടിമുട്ടിയിരുന്നത്. ആ ചിന്ത അയാളുടെ ഹൃദയത്തെ ഉലച്ചു. തന്റെ ഹൃദയത്തിന്റെ ഒരു ദൗർബല്യമാണ് ഷീല. അതു നിഷേധിക്കാനാണ് ഇപ്പോൾ അയാളുടെ ആഗ്രഹം.

ഷീല പറഞ്ഞു "നമുക്ക് പ്രായമായി വരികയാണ് മഹിപാൽ. എനിക്ക് മുപ്പത്തിയെട്ടുവയസ്സായി. ജൂണിൽ മുപ്പത്തിയൊൻപതു തികയും."

മഹിപാൽ അങ്ങോട്ടു നോക്കിയില്ല. മറുപടിയും പറഞ്ഞില്ല. ഷീല തുടർന്നു "പണിതു തീർന്ന ഒരു കെട്ടിടം പോലെയാണ് നാം. അതിൽ ആൾ താമസവുമായി. അതു ഓർമിക്കാത്തതെന്ത്? കല്ലും കല്ലും ഇഴുകിച്ചേർന്നു. ഇനി ഇതിനെ തച്ചുടയ്ക്കാൻ ശ്രമിക്കരുത്."

മഹിപാൽ തലകുനിച്ചിരുന്നു. ഷീല വീണ്ടും പറഞ്ഞു "നാം ചെയ്യുന്നതു പാപമായിരിക്കാം. പക്ഷേ ഇത്രയും വർഷങ്ങൾ കൊണ്ട് ഈ പാപം പുണ്യമായിമാറില്ലേ? പറയൂ! എന്താ ഒന്നും മിണ്ടാത്തത്?"

മഹിപാൽ ആ ഇരുപ്പു തുടർന്നു. മുഖത്തു യാതൊരു വ്യത്യാസവുമില്ല. ശൂന്യത മാത്രം. ഷീല ആ മുഖത്തു തന്നെ നോക്കിയിരുന്നു. മഹിപാലുമായി സംസാരിച്ചിരിക്കാൻ മോഹമുണ്ട്. പക്ഷേ മഹിപാലിന്റെ ഭാഗത്തുനിന്ന് മൂകതയാണ് പ്രതികരണം. അവൾ ആ മുഖത്തുനിന്ന് എന്തെങ്കിലും കേൾക്കാൻ കൊതിച്ചു. പക്ഷേ മഹിപാലിന് അനക്കമില്ല.

ഒരു ദീർഘനിശ്വാസം വിട്ടിട്ടു മുഖത്ത് പുഞ്ചിരി വിളിച്ചു വരുത്തിക്കൊണ്ടു ഷീല വീണ്ടും പറഞ്ഞു, "ഇതുപോലുള്ള കള്ളത്തരങ്ങളും, ദൗർബല്യങ്ങളും ലോകത്തിലെ ഓരോ വലിയ സാഹിത്യകാരനും ഉണ്ടാകും.. നിങ്ങൾ ഒരുത്തൻ മാത്രമല്ല ഇങ്ങനെ ദുഷ്പേര് കേട്ടിട്ടുള്ളത്."

മഹിപാൽ എഴുന്നേറ്റു പുറത്തേക്ക് നടന്നു. ഷീലയ്ക്ക് തടയാനോ, വീണ്ടുമയാളെ വിളിക്കാനോ കഴിഞ്ഞില്ല.

പുറത്തു കല്യാണിയും കന്യയും കർണലിന്റെ ഭാര്യയും പൂജാമുറിയിലേക്ക് നടന്നു വരുന്നതു മഹിപാൽ കണ്ടു. അയാൾ പെട്ടെന്നു തിരിഞ്ഞു ഷീലയുടെ അടുത്തു ചെന്നു പറഞ്ഞു "നീ ഇപ്പോൾ പുറത്തിറങ്ങരുത്."

ഷീല സ്തബ്ധയായി ഇരിക്കുകയായിരുന്നു. മഹിപാലിന്റെ വാക്കുകൾ അവൾക്ക് മനസ്സിലായില്ല. ഒരു കാൽ ഉമ്മറപ്പടിയിലും ഒരു കാൽ മുറിക്കുള്ളിലും വച്ചാണ് മഹിപാൽ നിന്നിരുന്നത്. അയാളുടെ ശബ്ദം കേട്ടയുടനെ ഷീല എഴുന്നേറ്റു. ആ മുഖത്തു നോക്കിക്കൊണ്ടു അവൾ മുന്നോട്ടു നടന്നു. ഷീല എന്തിനാണ് പുറപ്പെടുന്നതെന്നറിയാതെ ഒട്ടൊന്നമ്പരന്നു നിന്ന മഹിപാലിന് അവളുടെ കണ്ണുകളിൽ നോക്കാതിരിക്കാൻ കഴിഞ്ഞില്ല. കണ്ണുകൾ കൂട്ടിമുട്ടി. ഷീല

യുടെ തരളമായ നോട്ടം മഹിപാലിന്റെ കണ്ണുകളെ പിടിച്ചു നിർത്തുകയായിരുന്നു. ആ മാദകത്വം അയാളെ ആകർഷിക്കുന്നു. ഇമ വെട്ടാതെ അവൾ നടന്നടുക്കുകയാണ്. ദാഹവും സ്നേഹവും നിഴലിക്കുന്ന ആ കണ്ണുകളിൽ അയാൾ സ്വന്തം ദൃഢനിശ്ചയങ്ങൾ തകർന്നു വീഴുന്നത് കണ്ടു. അയാൾ വിവശനായി. ഷീല സ്വയം മറന്നു സമീപിക്കുകയാണ്. മഹിപാൽ അസ്വസ്ഥനായി.

സൗന്ദര്യാരാധകനായ സാഹിത്യകാരൻ ആ നിമിഷത്തിൽ അതീവസുന്ദരമായ ഒരു രൂപമാണ് ദർശിച്ചത്. ഷീലയുടെ കണ്ണിലെ മാദകത അയാളെ വെല്ലുവിളിക്കുകയാണ്. അതിൽ നിന്ന് ഒഴിഞ്ഞു മാറുന്നതെങ്ങനെ?

ഷീല അടുത്തെത്തി അയാളോട് ഒട്ടിനിന്നു. ചൂടുള്ള നിശ്വാസം കവിളിൽ തട്ടി. മഹിപാലിന്റെ ഹൃദയം പെരുമ്പറ മുഴക്കി. ഷീലയുടെ കരങ്ങൾ വരണമാല്യം കണക്കെ അയാളുടെ കഴുത്തിൽ വീഴുകയാണ്. മെല്ലെ മെല്ലെ വലിച്ചടുപ്പിക്കുകയാണ്. പടിക്കു പുറത്തിരുന്ന കാൽ അകത്തേക്കു വന്നു. സ്പ്രിങ് ഘടിപ്പിച്ച കതക് 'പടാ' എന്ന ശബ്ദത്തോടെ അടഞ്ഞു.

മഹിപാലിന്റെ സ്വപ്നം തകർന്നു. അയാൾക്ക് ബോധം വീണ്ടുകിട്ടി. വാതിലടഞ്ഞ ശബ്ദത്തോടൊപ്പം പരിസരത്തെക്കുറിച്ചയാൾക്ക് ഓർമവന്നു. പൂജാമുറിയിലേക്ക് പോയിരുന്ന കല്യാണിയെക്കുറിച്ചയാൾ ഓർത്തു. സമൂഹം, ശകുന്തളയുടെ വിവാഹം പുതിയ ബന്ധുക്കൾ, മാനം, മര്യാദ, എല്ലാമെല്ലാം അയാൾ ഓർമിച്ചു. മുഖം തിരിച്ചു ഷീലയുടെ കൈകൾ എടുത്തു മാറ്റിക്കൊണ്ട് അയാൾ പറഞ്ഞു "കഴിഞ്ഞ ഇന്നലെകളെ മറക്കൂ ഷീലേ. മനഃപൂർവം മറക്കൂ. ഇത്രയും അടുത്തില്ലായിരുന്നെങ്കിൽ സ്നേഹിതരായിട്ടെങ്കിലും നമുക്ക് കഴിയാമായിരുന്നു. ഇനി അതും സാധ്യമല്ല."

ഷീല തളർന്നുപോയി. മഹിപാൽ കരങ്ങളെടുത്തു മാറ്റിയെങ്കിലും അവൾ അകന്നു മാറിയിരുന്നില്ല. അവളുടെ ശിരസ്സ് അയാളുടെ നെഞ്ചിൽ അമർന്നിരിക്കുകയായിരുന്നു. മഹിപാൽ കടക്കൺ കൊണ്ട് അവളെയൊന്നു നോക്കി. നെറുകയിൽ നാലഞ്ചു നരച്ച രോമങ്ങൾ. തല ചേർന്നിരിക്കുന്ന നെഞ്ചിലെ കീശയിലിരുന്ന ഷെഫേർസ് പേനയുടെ സ്വർണ അടപ്പ് അയാളുടെ കണ്ണിൽപ്പെട്ടു.

നെഞ്ചിലമർന്നിരുന്ന ആ മുഖവും കീശയിൽ തിളങ്ങിയ ആ പേനയും അയാളുടെ ഹൃദയത്തിൽ വിചിത്രമായ ഒരനുഭൂതിയുണ്ടാക്കി. ഈ രണ്ടു ശോഭനമായ വസ്തുക്കളും അയാളുടേതാണ്. ആർക്കും അഹന്തയുണ്ടാക്കുന്ന രണ്ടു സ്വത്തുക്കൾ. ഒരു സ്ത്രീയുടെ പ്രേമത്തിനു വേണ്ടി അഹോരാത്രം സ്വപ്നവും കണ്ടു കഴിയുന്ന എത്രയോ പേരുണ്ട്. അയാൾക്കാകട്ടെ ഇതാ ഒരു മാന്യയായ സ്ത്രീ സർവവും സമർപ്പിക്കാൻ സന്നദ്ധയായി മുമ്പിൽ വന്നുനില്ക്കുന്നു. മഹിപാൽ ഭാഗ്യവാനാണ്. വൈഭവശാലിയാണ്. ഇപ്പോഴയാൾക്ക് ബാങ്ക് നിക്ഷേപമുണ്ട്, പട്ടുടുപ്പും സിൽക്ക് ജാക്കറ്റും ഷെഫേർസ് പേനയുമുണ്ട്. ഈ ഐശ്വര്യങ്ങൾ മോഷ്ടിച്ചുണ്ടാക്കിയതാണ്. ആ കള്ളി വെളിച്ചത്തായാൽ സുപ്രസിദ്ധനും ആദരണീയനുമായ സാഹിത്യകാരൻ മഹിപാലിന് പുറത്തു മുഖം കാണിക്കാൻ സാധ്യമല്ലാതെവരും. ഷീലയുമായുള്ള അയാളുടെ രഹസ്യബന്ധം പുറത്തറിഞ്ഞ കാര്യമാണ്. ഷീല കുബേരയാണ്. തന്റെ പെട്ടെന്നുള്ള ഈ ഐശ്വര്യമെല്ലാം ഷീലയുടെ ദാനമാണെന്ന് ആളുകൾ കരുതിയാലോ? അത് അവൾക്കും അപമാനമാവില്ലേ? പെട്ടെന്നു കടന്നു വന്ന ഈ ചിന്ത അയാളുടെ ഹൃദയത്തിൽ ഏതോ

ഭാരം കയറ്റിവച്ചു. ഹൃദയം കാലുഷ്യം പൂണ്ടു. നിഷ്ഠുരനായി അയാൾ പറഞ്ഞു. "മേലിൽ എന്നെ കാണാൻ ശ്രമിക്കരുത്." അവളെ അടർത്തിമാറ്റിയിട്ട് അയാൾ തിരിഞ്ഞു നടന്നു. തിരിഞ്ഞുനോക്കാതെ തന്നെ അവളോടു പറഞ്ഞു "പുറത്തു കല്യാണിയും മറ്റുമുണ്ട്. സൂക്ഷിച്ചുവേണം വരാൻ." അയാൾ പുറത്തേക്കു പോയി.

കർണലും സജ്ജനും എന്തോ പറഞ്ഞു ചിരിച്ചു രസിക്കുകയായിരുന്നു. മഹിപാൽ കടന്നു വന്നതോടെ അവർ നിശ്ശബ്ദരായി.

കന്യയും മഹിപാലിന്റെയും കർണലിന്റെയും ഭാര്യമാരും പൂജാമുറിയും മറ്റും കണ്ടു മടങ്ങുകയായിരുന്നു. ആയയായ ജാനകി കന്യയുടെ അടുത്തെത്തി. ഷീലയുടെ സന്ദേശം അറിയിച്ചു. കല്യാണി വീട്ടിലേക്ക് പോകാൻ ഇറങ്ങിനില്ക്കുകയാണ്. അവളുടെ ഇളയ കുഞ്ഞ് കന്യയുടെ തോളിൽ കിടന്നുറങ്ങുന്നു. ജാനകിയെ അല്പം ദൂരെവിളിച്ചിട്ടു കന്യ പറഞ്ഞു "ഞങ്ങൾ പുറത്തേക്ക് പോയ ശേഷം ഡോക്ടറെ മുകളിൽ എന്റെ മുറിയിൽ കൊണ്ടിരുത്തണം. ഞാൻ മിസിസ് ശുക്ളയെ വണ്ടിയിലിരുത്തിയിട്ടു വരാം."

കല്യാണിയും കർണലിന്റെ ഭാര്യയും കന്യ ഉന്നയിച്ച നിർദേശത്തെക്കുറിച്ച് ചർച്ച ചെയ്യുകയായിരുന്നു. ശകുന്തളയുടെ വിവാഹം ഈ വീട്ടിൽവച്ചു നടത്താമെന്നാണ് കന്യ പറഞ്ഞത്. സൗകര്യമുള്ളപ്പോൾ വെളിയിൽ സ്ഥലമന്വേഷിക്കുന്നതെന്തിന്? കല്യാണിക്കും ആ നിർദേശം ഇഷ്ടപ്പെട്ടു. അവളുടെ വീടു ചെറുതാണ്. വിവാഹം പുറത്തെവിടെ വച്ചെങ്കിലും നടത്തിയേ പറ്റൂ. കർണലിന്റെ വീട്ടിൽ വച്ചു നടത്താമെന്ന് അവളും ഭർത്താവും പരിപാടിയിട്ടിരുന്നതാണ്. എന്നാൽ ഇപ്പോൾ ബംഗ്ലാവിൽ വച്ചു അതു നടത്താം എന്നു കേട്ടപ്പോൾ കല്യാണിക്കു സന്തോഷമായി. ബന്ധുക്കൾ ഇവിടെ വരും. പെൺവീട്ടുകാരുടെ മഹിമയും അവർക്ക് ആദരവ് ഉണ്ടാക്കും. അതെല്ലാം ഓർത്തു കല്യാണി സ്വയം മറന്നു നിന്നു. അവൾ കർണലിന്റെ ഭാര്യയോട് പറഞ്ഞു. "ഈ വീട്ടിൽ വച്ചുവിവാഹം നടത്തുന്നത് ഏത് കൊണ്ടും നല്ലത് തന്നെ. ഏതിനും അദ്ദേഹത്തോടൊന്നു ചോദിക്കണം."

"അതെ. നിങ്ങളാലോചിക്കൂ. ഞാൻ ഇവിടുത്തെയാളിനോടും പറയാം. ശകുന്തള നിങ്ങളുടേതുമാത്രമല്ല. ഞങ്ങൾക്കും ചില അവകാശങ്ങളുണ്ട്."

കല്യാണി പ്രസന്നയായി പുഞ്ചിരിയോടെ പറഞ്ഞു. "അതേ സഹോദരീ! നിങ്ങൾക്കാണ് ആദ്യം അവകാശം. പിന്നെയേ ഞങ്ങൾക്കുള്ളൂ. സ്നേഹിതർ തമ്മിൽ വല്ല വ്യത്യാസവുമുണ്ടോ? എന്റെയാൾ ചിലപ്പോഴൊക്കെ പറയും കൂടെ പിറന്ന സഹോദരൻ ഉപകരിച്ചില്ല. എന്നാൽ സജ്ജനും കർണലും സ്വന്തം സഹോദരനേക്കാളും കൂടുതൽ ഉറ്റവരാണെന്ന്."

മനോഹരമായ പോർട്ടിക്കോയിൽ ശ്രീമതി കല്യാണിമഹിപാൽ ശുക്ളയ്ക്ക് വേണ്ടി കാർ കാത്തുകിടക്കുകയായിരുന്നു.

42

ഡോ. ഷീല മുകളിലേക്ക് പോയില്ല. കല്യാണി പോകുന്നതും പ്രതീക്ഷിച്ച് ഹാളിൽ തന്നെ നിന്നു. കർണലിന്റെ ഭാര്യയോടൊപ്പം കന്യ മടങ്ങിയെത്തി. ഒരു കോണിൽ

വച്ചിരുന്ന വിഗ്രഹത്തിലേക്ക് നോക്കി നിൽക്കുകയാണ് ഷീല. ഷീലയോടും കല്യാണിയോടുമുള്ള മഹിപാലിന്റെ ബന്ധത്തെക്കുറിച്ച് ഓർമ്മിച്ച് മനസ്സാകെ അസ്വസ്ഥമായിരുന്നു. താൻ ചതിയാണ് ചെയ്യുന്നതെന്നവൾക്കു തോന്നി. കല്യാണിയുടെ സാന്നിധ്യത്തിൽ ഷീലയെ മറച്ച് വച്ചത് തികച്ചും തെറ്റായ ഒരു നടപടിയാണ്. ഈ അനീതിയെക്കുറിച്ച് ബോധമുണ്ടെങ്കിലും ഷീലയോടവൾക്ക് ഒരു പ്രത്യേക മമതയാണുള്ളത്. തന്റെ കുടുംബത്തിൽ നീതിപരമല്ലാത്ത ഇത്തരം ബന്ധങ്ങൾ കണ്ടിട്ടുണ്ട്. ആ നീച ബന്ധങ്ങൾക്ക് കാരണക്കാരെ അവൾ വെറുത്തിരുന്നു. പക്ഷേ, ഇവിടെ വെറുക്കാൻ കഴിയുന്നില്ല. എന്താണത്? അതും അവൾക്ക് വ്യക്തമല്ല. ഈ ചിന്തകളെല്ലാം അവരുടെ മനസ്സിനെ മഥിക്കുകയായിരുന്നു.

"ഹലോ ഡോക്ടർ."

ഷീല തിരിഞ്ഞ് നോക്കി. കർണലിന്റെ ഭാര്യ അവളെക്കണ്ട് ഞെട്ടിയിട്ട് ചോദിച്ചു.

"ഡോക്ടറോ. എപ്പോൾ വന്നു?"

"കുറച്ചുസമയമായി." ഷീല വിളറിയമുഖത്ത് ഒരു പുഞ്ചിരി വരുത്താൻ ശ്രമിച്ചു.

"കണ്ടത് സന്തോഷമായി" കർണലിന്റെ ഭാര്യ തിരിഞ്ഞ് കന്യയോടായി പിന്നെ പറഞ്ഞു. "ഇത്രയും നല്ല സ്വഭാവമുള്ളവരെ ഞാൻ കണ്ടിട്ടില്ല. നിങ്ങൾ ഞങ്ങളുടെ വീട്ടിൽ വന്നിട്ട് വളരെ നാളായി. ഞങ്ങളുടെ വീട്ടിലെ പലഹാരം ഇവർക്ക് വലിയ ഇഷ്ടമാണ്......"

ഷീലയുടെ മുഖം കണ്ടപ്പോൾ കാര്യം എന്തോ തകരാറിലായിട്ടുണ്ടെന്ന് കന്യക്ക് തോന്നി. അതിന്റെ രഹസ്യമറിയാനുള്ള വ്യഗ്രതയിൽ, കർണലിന്റെ ഭാര്യ പറഞ്ഞതിന് പെട്ടെന്ന് ഒരു ഉത്തരമായി പറഞ്ഞു "എങ്കിൽ ഒരു പാർട്ടി ഒരുക്കണം. ഡോക്ടറിന്റെ പേരിൽ ഞങ്ങൾക്കും അതൊന്ന് തിന്നാമല്ലോ......"

കർണലിന്റെ ഭാര്യ വിനോദപൂർവം കണ്ണുരുട്ടിക്കാണിച്ചിട്ട് പറഞ്ഞു "കണ്ടോ ഡോക്ടർ, ഈ അനിയത്തിക്ക്, എല്ലാത്തിനും പങ്ക് വേണം....."

ഒപ്പം ചേരാനായി ഷീലയും യന്ത്രത്തെപ്പോലെ ചിരിച്ചു. അവരുടെ മുഖത്ത് നോക്കിയ കന്യയ്ക്ക്, ഈ നാടകം അവസാനിച്ചാൽ മതിയെന്നായി. അവൾ കർണലിന്റെ ഭാര്യയോടായി പറഞ്ഞു "വരണം ഏട്ടത്തീ നമുക്ക് മുകളിലേക്ക് പോകാം......."

കർണലിന്റെ ഭാര്യ, അനുഭവസമ്പന്നയും ബുദ്ധിമതിയുമാണ്. കാര്യം എന്തോ പിടികിട്ടി. ഷീലയുടെ മുഖത്തേക്ക് ഒന്ന് കണ്ണുപായിച്ചിട്ട് പറഞ്ഞു.

"ഞാൻ അടുക്കളയിലേക്ക് പോകുന്നു. മണി എട്ടടിക്കാറായി. ഇനി വേഗം ആഹാരം വിളമ്പാൻ നോക്കട്ടെ......."

"ശരി ഏട്ടത്തീ....." കന്യയുടെ ഹൃദയത്തിലെ ഭാരം ഒട്ടൊന്ന് ലാഘവപ്പെട്ടു.

ഏട്ടത്തിയുടെ വിവേകത്തിൽ മതിപ്പ് തോന്നി. അവർ പോയി കഴിഞ്ഞ ശേഷം, ചോദിച്ചു "ഡ്രോയിങ് റൂമിലോട്ട് പോകാം ഡോക്ടർ. ഇപ്പോൾ തടസ്സമൊന്നും ഇല്ലല്ലോ......"

"പോകാം."

"നിൽക്കണം. ഞാൻ സജ്ജനെ വിളിച്ചുകൊണ്ട് വരാം. നിങ്ങൾ ഈ ആഫീസുമുറിയിലിരിക്കൂ....."

ഷീലയെ കണ്ടു മടങ്ങുമ്പോൾ മഹിപാൽ ആകെ തകർന്ന മട്ടിലായിരുന്നു. സ്വസ്ഥത നഷ്ടപ്പെട്ടു. മഹിപാൽ ഷീലയെ കാണാൻ പോയിരുന്നപ്പോൾ അവരെ രണ്ടുപേരെയും ചൊല്ലി, സജ്ജനും കർണലും തമ്മിൽ ചെറിയൊരു വാഗ്വാദം തന്നെയുണ്ടായി. നീതിരഹിതമാണീബന്ധമെങ്കിലും മഹിപാൽ ഷീലയോട് ഉദാരമായി പെരുമാറണമെന്നാണ് സജ്ജന്റെ വാദം. കർണൽ അതിനെ ശക്തിയായി എതിർക്കാൻ മുതിരാതിരുന്നതിനാൽ തർക്കം അവിടെ വച്ച് അവസാനിച്ചു. പക്ഷേ മഹിപാൽ മുറിയിൽ മടങ്ങി എത്തിയ ഉടൻ, സജ്ജൻ ഷീലയെക്കുറിച്ചയാളോട് ചോദിച്ചു. മഹിപാലിന് കോപം വന്നു. "രണ്ട് വള്ളത്തിൽ കാല് വച്ച് സഞ്ചരിക്കുന്ന സ്വഭാവം എനിക്കില്ല. അറിവില്ലായ്മ കൊണ്ട് വളരെനാൾ ഇരട്ടജീവിതം നയിച്ചതു മതി."

ഷീലയോട് തനിക്ക് പ്രേമമില്ലെന്നു വാദത്തിന് വേണ്ടിപ്പോലും പറയാൻ മഹിപാലിന് കഴിയില്ല. പക്ഷേ ആ പ്രേമം അയാൾ ത്യജിക്കുകയാണ്. ഒരു തത്വത്തിന് വേണ്ടി. കുടുംബം, വ്യക്തിഗത പ്രേമത്തിലും ഉപരിയാണ്. സമൂഹത്തെ കെട്ടുറപ്പുള്ളതാക്കി ഇണക്കിനിറുത്തുന്ന ശൃംഖലയാണ് വൈവാഹിക കുടുംബ ബന്ധങ്ങൾ. വ്യക്തികളുടെ പ്രേമം, ആ ശൃംഖലയെ അയയ്ക്കും. കുടുംബമെന്ന ആശയം നശിക്കും. മഹിപാലിന്റെ വാദം അതാണ്. ഈ വാദമുഖത്തിന് മുമ്പിൽ സജ്ജന് ഉത്തരം മുട്ടിയിരുന്നു.

മഹിപാലിന്റെ തർക്കസാഗരം കടന്നു കയറാൻ കഴിയാത്തതിനാൽ സജ്ജൻ മൂകനായി. പക്ഷേ മഹിപാലിനോട് തോന്നിയ കോപവും നീരസവും വർധിച്ചു. മനസ്സിൽ മഹിപാലിനെതിരെ പരാതികൾ ശേഖരിക്കുകയായിരുന്നു.

മഹിപാൽ എന്നെന്നും തന്റെ അഹങ്കാരത്തിനൊരു വെല്ലുവിളിയായിരുന്നിട്ടുണ്ട്. സ്വന്തം ജ്ഞാനവും വാദമുഖങ്ങളും കൊണ്ട് സജ്ജനെ ഇടിച്ച് കാണിക്കാനയാൾ ശ്രമിക്കാറുണ്ട്. സജ്ജൻ എന്നും താണുകൊടുക്കും. പക്ഷേ അതോടൊപ്പം അയാളുടെ മനസ്സിൽ മഹിപാൽ പറയുന്ന വലിയ കാര്യങ്ങൾ വെറും വാദത്തിന് വേണ്ടി മാത്രം ഉന്നയിക്കുന്നവയാണെന്ന തോന്നലും നിലനിന്നിരുന്നു. തന്റെ ഇല്ലായ്മക്കെതിരെ മഹിപാലിന്റെ എതിർപ്പാണിവ. ഈ വാദങ്ങളും സിദ്ധാന്തങ്ങളും അയാൾ ഒരിക്കലും നടപ്പിലാക്കില്ലെന്നാണ് സജ്ജന്റെ വിശ്വാസം.

മഹിപാലിനും സജ്ജനെക്കുറിച്ചിതാണ് പരാതി. ചൂടുപിടിച്ച വാദവിവാദത്തിനുശേഷം ഉണ്ടായ മൗനം ഭീഷണമായിത്തോന്നി. ഹോളിദിവസം വൈകുന്നേരം, മൂന്നുമിത്രങ്ങളുടെ കുടുംബങ്ങൾ ഒന്നിച്ചുല്ലസിച്ചുകഴിയാൻ വേണ്ടി, സജ്ജൻ ഒരുക്കിയ ഏർപ്പാടുകൾ, ഷീലയുടെ പ്രശ്നം വന്നതോടെ അലങ്കോലമായി.കർണൽ, ഇതിൽ നിന്ന് ഒരു മോചനമുണ്ടാക്കാനായി മറ്റെന്തെങ്കിലും വിഷയം എടുത്തിടാൻ ആലോചിച്ചു കൊണ്ടിരിക്കുമ്പോഴാണ് കന്യ കടന്നുവന്നത് "ബിന്നോ? ശാപ്പാട് എപ്പോഴാണ് തരിക?"

"എല്ലാം തയ്യാറായി. ഏട്ടത്തി വിളമ്പുകയാണ്" എന്നിട്ടവൾ സജ്ജന്റെ നേരെ നോക്കിയിട്ട് പറഞ്ഞു "ഒരു നിമിഷത്തേക്ക് ഇങ്ങോട്ടു വരൂ."

സജ്ജനും കന്യയും ഷീലയെ കാറിനടുത്തുവരെ അനുഗമിച്ചു. പുറത്ത് എത്തിയ ഉടൻ സജ്ജൻ പറഞ്ഞു:

"നിന്നെ ഞാനിപ്പോൾ വിളിച്ചത് തെറ്റായിപ്പോയി. മഹിപാൽ ഇങ്ങനെ ചെയ്യുമെന്ന് ഞാൻ സ്വപ്നത്തിലും കരുതിയില്ല."

ഷീല മൂകയായിരുന്നു. നിർവികാരത തളം കെട്ടി നിന്ന മുഖം ശില പോലെ തോന്നിച്ചു. കന്യ സജ്ജനോടായി പറഞ്ഞു "ഞാൻ ഗുലാം മഹമ്മദിനെ വിളിക്കാം. അവൻ ഇവരെ കൊണ്ടാക്കിയിട്ടുവരും."

"ഞാൻ പൊയ്ക്കൊള്ളാം. എന്നെക്കരുതി വിഷമിക്കണ്ട." അതുകേട്ട് സജ്ജൻ പറഞ്ഞു "വേണ്ട കന്യേ, നീ അവനെ വിളിക്ക്. ഡോക്ടറെ കൊണ്ടാക്കിയിട്ട് അവൻ വീട്ടിൽ പൊയ്ക്കോട്ടെ."

കന്യ വരാന്തയിലേക്കു നടന്നു. കാറിനടുത്തു സജ്ജനും ഷീലയും മാത്രമായി. നിലാവെളിച്ചത്തിൽ തോട്ടത്തിലെ വൃക്ഷങ്ങളും ചെടികളും പച്ചപ്പുൽത്തകിടിയും നീല നിറത്തിലുള്ള കമ്പളം പുതച്ച് മൂകതയുടെ പ്രതീകമെന്നോണം ആകർഷകമായി ശോഭിക്കുകയാണ്. രാത്രി ചന്ദ്രികയെ ഭയന്ന് ഈ പച്ചയിൽ അഭയം തേടാൻ ഇറങ്ങിവന്നിരിക്കുകയാണെന്നു തോന്നും..

വലതു വശത്ത് തോട്ടത്തിന്റെ ഒരു മൂലയിൽ നിന്നിരുന്ന പിച്ചകം, നിലാവേറ്റ് തിളങ്ങുന്നു. ഒന്നും പറയാൻ കിട്ടാതെ വിഷമിച്ചുനിന്ന സജ്ജൻ ചുറ്റപാടും കണ്ണോടിച്ചശേഷം വേദന കടിച്ചിറക്കി നിന്ന ഷീലയുടെ മുഖത്തേക്കു നോക്കി. അയാളറിയാതെ ഒരു ദീർഘനിശ്വാസം ഉതിർന്നു. സ്നേഹത്തോടെ ഷീലയുടെ ശിരസ്സിൽ ഒന്നു തലോടിയിട്ട് പറഞ്ഞു "ബീ ബ്രേവ് ചൈൽഡ്." കൈയ് അവിടെത്തന്നെ അമർന്നിരുന്നു. ഗഹനചിന്തയിലാണെന്നവണ്ണം സ്വരം ഗംഭീരമായി. "സത്യം ചിലപ്പോൾ ഇരുവായ്ത്തലയുള്ള വാൾപോലെയാണ്. മഹിപാൽ കലാകാരനായിരുന്നിട്ടും വേദന തിരിച്ചറിയുന്നില്ല. നീതിയെയും ന്യായത്തെയും കുറിച്ച് ഉരുവിടുകയാണ്. എന്താണ് ചെയ്യേണ്ടതെന്ന് ഒരു രൂപവും ഇല്ല."

"സ്ത്രീകളുടെ ഹൃദയം കല്ലെന്നാണ് പുരുഷന്മാരുടെ വിചാരം. സ്നേഹത്തിന്റെ പേരിൽ അജന്തയും എല്ലോറയും കൊത്തി ഉണ്ടാക്കും. പിന്നെ പുലിക്കും കടുവയ്ക്കും വാഴാനായി അവ ഉപേക്ഷിച്ചിട്ട് കടന്നു പോവുകയും ചെയ്യും. സ്ത്രീ ശിലയായിരിക്കാം. പക്ഷേ ആ ശിലയിൽ ആലേഖനം ചെയ്ത സ്വന്തം സൗന്ദര്യത്തെ പുരുഷൻ മറക്കുന്നതെന്ത്? അതാണെനിക്കു മനസ്സിലാകാത്തത്. ഒരിക്കലും മനസ്സിലാവുകയുമില്ല." ഷീലയുടെ മുഖത്തെ കരുണ ഭാവം വിചാരങ്ങളുടെ സഹായത്തോടെ സൗമ്യഭാവമായി മാറി. ചിന്താധാരയാൽ തിളക്കമാർന്ന കൺമണികൾ, ഇരുട്ടിൽ ദീപശിഖകണക്കെ പ്രകാശിച്ചു.

ഷീലയെ യാത്രയാക്കി മടങ്ങുമ്പോൾ സജ്ജന്റെ ഹൃദയം ആവേശഭരിതമായിരുന്നു. മഹിപാൽ കാരണമാണ് അയാൾ ഷീലയോട് ഇത്രയും അടുത്തത്. പാശ്ചാത്യ നാരീത്വത്തിന്റെയും ഭാരതീയ സ്ത്രീത്വത്തിന്റെയും സമ്മിശ്രസമ്മേളനമാണയാൾ ഷീലയിൽ കണ്ടത്. ഒരരുവിയെപ്പോലെ സ്വതന്ത്രവും പ്രവഹിക്കുന്നതും, സ്വന്തം അതിരുകളിൽ ബന്ധിതമായി നിൽക്കുന്നതുമായ ഒരു വ്യക്തിത്വം ആണവൾക്കുള്ളത്. ആരുടെ മനസ്സിലും ആദരവും ബഹുമാനവും ജനിപ്പിക്കുന്നതായിരുന്നു ഷീലയുടെ വ്യക്തിത്വം.

കാർ, ഗേറ്റു കടന്ന് മറഞ്ഞശേഷം സജ്ജൻ മടങ്ങി. കന്യയും അയാൾക്കൊപ്പമുണ്ട്. പോർട്ടിക്കോയിൽ എത്തിയപ്പോൾ, സജ്ജൻ ആവേശത്തോടെ അവളുടെ കരങ്ങൾ സ്വന്തം കൈയിൽ ഗ്രഹിച്ചു. വിരലുകൾ ഇണച്ചു ചേർത്തു കൊണ്ട് അവർ മുന്നോട്ടു നടന്നു.

ഡ്രോയിംഗ് റൂമിന്റെ വാതിൽ വരെ അവർ ആ വിധത്തിൽ നടന്നു. കന്യയുടെ കരം തന്റെ മാറിനോടടുപ്പിച്ച്, മൃദുവായി അമർത്തിക്കൊണ്ട് സജ്ജൻ പറഞ്ഞു "മറ്റുള്ളവരെ കുറിച്ചു ചിന്തിച്ച് നാം ഇന്നത്തെ സായാഹ്നം പാഴാക്കി.. എല്ലാരെയും വിളിക്കേണ്ടിയില്ലായിരുന്നു..."

സുമംഗലിയുടെ പ്രസന്നതയുടെ അരുണിമ, കന്യയുടെ കവിളിൽ പരന്നു. അവൾ ഒന്നും മിണ്ടിയില്ല. വിരലുകൾ അയഞ്ഞു. പക്ഷേ അവർ അകന്നുമാറിയില്ല. കണ്ണുകൾക്കും, നാലിൽനിന്ന് രണ്ടാകാൻ മടി.

"പോട്ടെ" കന്യ കണ്ണുകൾ താഴത്തേക്കാക്കിയിട്ട് പോകാൻ തുടങ്ങി. അവളുടെ വിരലുകൾ കൈക്കുള്ളിൽ അമർത്തിക്കൊണ്ട് "നിനക്ക് എന്നെക്കുറിച്ച് സംശയമൊന്നുമില്ലല്ലോ" എന്നയാൾ ചോദിച്ചു.

ആ ചോദ്യം കേട്ടവൾ ചെറുതായൊന്നു നടുങ്ങി. ഷീല, കല്യാണി, മഹിപാൽ എന്നിവരെക്കുറിച്ചുള്ള ചിന്തയാൽ ഉള്ളിന്റെ കോണിലെങ്ങോ, മിനുങ്ങിക്കിടന്ന ഭയം, അതോടെ ആളിക്കത്തി.

സജ്ജൻ അവളുടെ കരം അമർത്തിപ്പിടിച്ചിരിക്കുകയാണ്. "ഒരളവുവരെ പുരുഷനാണ് ഉത്തരവാദി.." ഞാൻ ഒരു കണക്കിന് വഷളായ കുട്ടിയെപ്പോലാണ്. മറ്റൊന്ന് എനിക്ക് എന്നെത്തന്നെ വിശ്വാസമില്ല. നിന്റെ ശക്തിയിൽ വിശ്വസിക്കാനാണെന്റെ ആഗ്രഹം. എനിക്ക് നിന്റെ വിശ്വാസം നൽകൂ.. ഞാൻ ഒരിക്കലും മഹിപാൽ ആവില്ല.. ഇല്ല, ഒരിക്കലുമില്ല" സജ്ജന്റെ സത്യസന്ധത കന്യയുടെ മനസ്സിൽ തറച്ചു. അവൾ സന്തോഷം കൊണ്ട് വികസിച്ചു. പുഞ്ചിരിച്ചിട്ട് മധുരസ്വരത്തിൽ പറഞ്ഞു "വഷളായ കുട്ടിയെന്ന നിലയിലുള്ള നിങ്ങളുടെ രൂപം ഇവിടെയും ഗോവർധനഗിരിയിലും വച്ചു കണ്ടതാണ്.. പേടിക്കേണ്ട ഒരിക്കലും ഞാൻ അശ്രദ്ധ കാണിക്കില്ല.."

കണ്ണുകൾ വീണ്ടും കൂട്ടിമുട്ടി. സജ്ജന്റെ മുഖത്ത്, ആ സമയത്ത് നിഷ്കളങ്കത കളിയാടുകയാണ്. മനസ്സിലെ സന്തോഷം കാരണം കന്യ അയാളിൽ ലീനയാവുകയാണ്. കണ്ണുകളിൽ പൂക്കൾ വിരിഞ്ഞു. സജ്ജൻ ആ പ്രേമാർദ്രനയനങ്ങളിൽ സ്വയം മുങ്ങി, ശുദ്ധനായി. അയാൾക്ക് പുതിയൊരാത്മവിശ്വാസം കൈവന്നു.

പോകുമ്പോൾ കന്യപറഞ്ഞു "ഞാൻ വിളമ്പിവയ്ക്കാം. നിങ്ങളെല്ലാം മുകളിലേക്കു വരൂ.."

43

രാത്രി വളരെ വൈകിയാണുറങ്ങിയത്. രാവിലെ നടക്കാൻ പോയില്ല. ചായ കുടിക്കാനും ഒരു മണിക്കൂറോളം താമസിച്ചു. ഹോളി പ്രമാണിച്ചു പലരെയും കാണാൻ സജ്ജൻ പരിപാടിയിട്ടിരുന്നതാണ്. ഭാര്യാ ഭർത്താക്കന്മാർ ചർച്ച ചെയ്തു തീരുമാനിച്ച പ്രോഗ്രാം അനുസരിച്ച്, അയാൾ ഉച്ചയ്ക്കു പന്ത്രണ്ടുമണിക്കുമുൻപ് തീർച്ചയായും മടങ്ങിയെത്തും. എന്നിട്ട് ഭാര്യയും ഭർത്താവും സ്വതന്ത്രരായ പക്ഷികളെപ്പോലെ കാൺപൂരിലേക്കു ഡ്രൈവ് ചെയ്യും; ഉച്ചയൂണ് അവിടെ കഴിക്കും. റോസ്വുഡ് കൊണ്ടുണ്ടാക്കിയ ഡ്രോയിങ് റ്റേബിളിൽ വിരൽകൊണ്ടു താളവും

പിടിച്ച് കന്യ തയ്യാറായിവരുന്നതും പ്രതീക്ഷിച്ചിരിക്കുകയാണ് സജ്ജൻ. കന്യ അടുക്കളയിൽ പ്രാതലൊരുക്കുകയാണ്.. ഷീലയും മഹിപാലും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ചർച്ചചെയ്ത്, ഇന്നലെ രാത്രി ഒടുവിൽ ഭാര്യയും ഭർത്താവും പുതിയ പുതിയ ഒരു സുദൃഢബന്ധം ഉറപ്പിച്ചിരിക്കുകയാണ്. ഒരിക്കലും ഛേദിക്കപ്പെടാത്ത ആ ബന്ധത്തെക്കുറിച്ചുള്ള നിശ്ചയത്താൽ പുതിയൊരാവേശവും ഉണർവും അവർ അനുഭവിച്ചു.

കാത്തിരിക്കാൻ തുടങ്ങിയിട്ട് മിനിറ്റുകൾ കഴിഞ്ഞു. താളം പിടിക്കൽ നിറുത്തി സജ്ജൻ വീണ്ടും പത്രം എടുത്തു. അപ്പോഴാണ് വേലക്കാരൻ വന്ന് ബാബാജി എത്തിയിട്ടുണ്ടെന്നറിയിച്ചത്. സജ്ജൻ റൊമാന്റിക് മൂഡിലായിരുന്നതിനാൽ, ബാബാജിയുടെ അന്നേരത്തുള്ള ആഗമനം അത്ര സന്തോഷകരമായി തോന്നിയില്ല. എങ്കിലും അദ്ദേഹത്തെ മുകളിലേക്കു വിളിച്ചുകൊണ്ടുവരാൻ ഉത്തരവുകൊടുത്തു. ബാബാജിയുടെ അലൗകികശക്തിയിൽ സജ്ജന് വിശ്വാസമുണ്ട്. മനസ്സിലെ കാര്യങ്ങൾ അദ്ദേഹം എങ്ങനെ അറിയുന്നു. ഇതിനെക്കുറിച്ച് ചിന്തിച്ച് ഒരുത്തരം കാണാനാകാതെ അയാൾ പരാജയപ്പെട്ടതാണ്. അതോടൊപ്പം ബാബാജിയോടുള്ള ബഹുമാനവും ഭക്തിയും വർധിക്കുകയും ചെയ്തു. ജനനന്മയ്ക്കും ജനക്ഷേമത്തിനും വേണ്ടി സർവവും സമർപ്പിക്കാൻ വേണ്ടി ബാബാജി ഇന്നലെ ഉച്ചയ്ക്ക് സജ്ജനോട് പറഞ്ഞതുമുതൽ അയാളുടെ മനസ്സിൽ നേരിയ ഒരു സങ്കോചം കടന്നുകൂടിയിട്ടുണ്ട്. ലോകനന്മയ്ക്കായി സ്വയം സമർപ്പിക്കണമെന്ന നിർദേശം നല്ലതുതന്നെ. പക്ഷേ തന്റെ സർവതും ത്യജിക്കാൻ മനസ്സിൽ പടുത്തുയർത്തിയ എന്തെല്ലാം ആഗ്രഹങ്ങൾ ഉപേക്ഷിക്കേണ്ടിവരും എന്ന ചിന്തയാണ് ഈ മനോവികാരത്തിന് കാരണം. ബാബാജി എത്തിയിട്ടുണ്ടെന്ന് കേട്ടപ്പോൾ അയാൾ വിവശനായതും അതാണ്.

മുകളിലെ സ്വീകരണമുറിയിൽ ബാബാജിയെ കൊണ്ടിരുത്തി സജ്ജൻ വിനയപൂർവം അറിയിച്ചു. "ഞങ്ങൾ ചായ കുടിക്കാൻ തുടങ്ങുകയായിരുന്നു. അങ്ങേക്ക് പാല് വരുത്തട്ടേ?"

"വേണ്ട കുഞ്ഞേ നിങ്ങൾ ചായ കഴിക്കൂ. വിഷമമില്ലെങ്കിൽ ഞാനും അവിടെ വന്നിരിക്കാം. സമയം വെറുതെ കളയണ്ടല്ലോ."

"എന്നാൽ വരണം. പക്ഷേ......"

"എന്താ കുഞ്ഞേ?"

"ഞങ്ങൾ മുട്ടയും...... ഓംലററും...."

ബാബാജി ചിരിച്ചിട്ട് പറഞ്ഞു "തിന്നോളൂ. നിങ്ങളുടെ മുട്ടയും ഓംലെറ്റും എന്റെ വായിലൂടെയല്ലല്ലോ പോകുന്നത്."

കന്യ എത്തിയതോടെ ബാബാജി കാര്യം പറഞ്ഞുതുടങ്ങി. അദ്ദേഹം സജ്ജനോടായി പറഞ്ഞു. "കുഞ്ഞേ ഒരു സ്ത്രീക്ക് നീതി ലഭിക്കാൻ വേണ്ടി വലിയ പ്രക്ഷോഭണം ഉണ്ടാക്കിയവരാണ് നിങ്ങൾ. വിമാനം വരെ പറപ്പിച്ചു. ഇപ്പോൾ അനേകം സ്ത്രീകളുടെ ഉദ്ധാരണത്തിന് നിങ്ങൾ എന്നെ സഹായിക്കുമോ?"

കന്യ: "അങ്ങു പറയണം എന്താണ് കാര്യം?"

"ഇന്നലെ ഉച്ചയ്ക്ക് എന്റെ ആശ്രമത്തിൽ വിചിത്രയായ ഒരു ഭ്രാന്തിയെ കൊണ്ടുവന്നു. ആളുകളുടെ മുമ്പിൽ വച്ച് അവൾ ഉഗ്രരൂപമാണ് കാട്ടിയത്. തികഞ്ഞ ഭ്രാന്തായിട്ട്. പക്ഷേ ഏകാന്തത്തിൽ ഞാൻ അവളോട് സംസാരിച്ചതിൽ നിന്ന്

അവൾ അത്ര മുഴുത്തഭ്രാന്തിയൊന്നുമല്ലെന്ന് മനസ്സിലായി.”

“പിന്നെ” സജ്ജനും കന്യയും ഒപ്പം ചോദിച്ചു.

“അന്യായങ്ങൾക്ക് ഇരയായവളാണ് അവൾ. സദനത്തിലെ അക്രമങ്ങളും അന്യായങ്ങളും സഹിച്ച് അവളുടെ ബുദ്ധിക്ക് ഒട്ടൊരു അസ്ഥിരത വന്നിട്ടുണ്ട്. പക്ഷേ അവൾ പ്രകടിപ്പിക്കുന്ന അത്ര ഇല്ല. സദനത്തിലെ ആളുകളാണ് അവളെ എന്റെ അടുത്ത് എത്തിച്ചത്. അവർ വിട്ടുപോയത് അവളെയല്ല. അവരുടെ എല്ലാം പാപകർമ്മങ്ങളെയാണ്. അനേകം സ്ത്രീകൾ അതിനുള്ളിൽ അക്രമങ്ങൾ സഹിച്ച് കഴിയുന്നുണ്ട്.

കന്യയുടെ വട്ടമുഖം ചുവന്ന് തുടുത്തു. ആവേശത്തിലുമധികം ഔത്സുക്യ മായിരുന്നു സജ്ജന്റെ മുഖത്ത്.

ബാബാജി കഥ മുഴുവൻ കേൾപ്പിച്ചു. ഭ്രാന്തി എന്ന് പറയപ്പെടുന്ന ആ സ്ത്രീ ഒരു കുശിനിക്കാരിയുടെ മകളാണ്. ഒരു ധനികന്റെ വീട്ടിലാണ് തള്ള ജോലിക്ക് നിന്നിരുന്നത്. ഇവളും കുട്ടിക്കാലത്തേ അമ്മയോടൊപ്പം അവിടെ പോകുമായി രുന്നു. പഠിക്കാൻ മിടുക്കിയായിരുന്നതുകൊണ്ട് ആ മഹാനുഭാവനായ ധനികൻ സഹാനുഭൂതി തോന്നി അവരെ സഹായിച്ചുപോന്നു. അയാളുടെ മകനുമായി ഈ പെൺകുട്ടി പ്രേമത്തിലായി. ഇതിനിടെ അവളുടെ അമ്മ മരിച്ചു. ധനിക കുടുംബത്തിലെ കുലദീപമായ നായകൻ തള്ളയില്ലാത്ത നിർധനയായ ഈ നായി കയുടെ ഭാവി മംഗല്യം മുഖേന പ്രകാശമാനമാക്കാമെന്ന് വാക്കുകൊടുത്തു. പക്ഷേ സ്നേഹം കുറവായിരുന്നു. തന്മൂലം ആ ദീപം കെട്ടുപോയി. പയ്യന്റെ അച്ഛനും അമ്മയും ഇവളെ ബലാൽക്കാരമായി ആ ബന്ധത്തിൽ നിന്ന് അകറ്റി അവളുടെ സംരക്ഷണം മഹിളാസേവാസദനത്തെ ഏൽപ്പിച്ചു. പ്രേംചന്ദും ഭാര തത്തിലെ മറ്റ് സാഹിത്യകാരന്മാരും വർണിച്ചിട്ടുള്ള മഹിളാശ്രമങ്ങളെ പോലെ തന്നെ വ്യഭിചാരവ്യവസായം നടത്തുന്ന ഒന്നായിരുന്നു ഈ സദനവും. കഴിഞ്ഞ ഇരുപതിലേറെക്കൊല്ലമായി ഇതിന്റെ സെക്രട്ടറിയും സർവമേധാവിയും നഗര ത്തിലെ ഒരു മാന്യനാണ്. നടത്തിപ്പു സമിതിയിലും കുറേ പണക്കാരും പ്രതാ പശാലികളും ഉൾപ്പെട്ടിട്ടുണ്ട്. ഇക്കാരണത്താൽ സർക്കാരും ഇതിനെ മാന്യമായ ഒരു സ്ഥാപനമായി കണക്കാക്കിവരുന്നു. സദനത്തിന്റെ വർഷംതോറുമുള്ള റിപ്പോർട്ടിൽ കുറഞ്ഞത് എട്ടുപത്ത് വിധവാ വിവാഹങ്ങളും ഉപേക്ഷിക്കപ്പെട്ട ദുഃഖിത സ്ത്രീകളുടെ പുനർവിവാഹങ്ങളും നടത്തിയതായി ഉൽഘോഷിക്കാ റുണ്ട്. ഭാര്യയെ വേണമെന്നുള്ള പുരുഷൻ സദനത്തിലെ ക്ഷേമനിധിയിലേക്ക് 500 രൂപ സംഭാവന നൽകും. അതിനയാൾക്ക് രസീതും കിട്ടും. വിവാഹം കഴി ക്കേണ്ട സ്ത്രീയും പുരുഷനും മജിസ്ട്രേട്ടിന്റെ മുമ്പിൽ രജിസ്റ്റർ വിവാഹവും നടത്തും. ഇങ്ങനെ എല്ലാം പ്രവർത്തിക്കുന്ന ഒരു സദനത്തെക്കുറിച്ച് സംശയി ക്കുവാൻ ആർക്കെങ്കിലും അധികാരമുണ്ടോ? ഇങ്ങനെ പ്രസിദ്ധിയുടെ ചുവരു കൾ കെട്ടിപ്പൊക്കിക്കഴിയുന്നു. സദനത്തിനുള്ളിൽ കാര്യദർശിക്കും പ്രവർത്തക സമിതി അംഗങ്ങൾക്കും അവരുടെ മിത്രങ്ങൾക്കും പോലീസുകാർക്കും വേണ്ടി വ്യഭിചാരശാലയും നടത്തുന്നുണ്ട്. റെയിൽവേ സ്റ്റേഷനുകളിലും ഉത്സവസ്ഥ ലങ്ങളിലും കൂട്ടംതെറ്റി പോകുന്ന സ്ത്രീകളെ പറഞ്ഞ് മിരട്ടി സദനത്തിലെത്തി ക്കാൻ ഏജന്റുമാരെ നിയോഗിച്ചിട്ടുണ്ട്. വർഗീയലഹളക്കാലത്ത് മുസ്ലീം സ്ത്രീകളെ ശുദ്ധിചെയ്തു പ്രവേശിപ്പിക്കുന്ന പാവനകർമ്മവും വേണ്ടത്ര നടന്നു.

ആദ്യമൊക്ക ഗ്രാമീണരും താഴ്ന്ന ജാതിക്കാരുമായ സ്ത്രീകൾ മാത്രമേ അവിടെ വന്നിരുന്നുള്ളു. എന്നാൽ വിഭജനത്തിനു ശേഷം അപഹരിക്കപ്പെട്ട ചില സ്ത്രീകളുടെ സംരക്ഷണഭാരം കൂടി സദനത്തിന് ലഭിച്ചതോടേ ഇടത്തരം കുടുംബങ്ങളിലെ ദുഃഖിതരായ വിധവകളും തിരഞ്ഞുപിടിച്ച് അവിടെ പ്രവേശനം നേടാൻ തുടങ്ങി. സദനത്തിന്റെ ആഭിമുഖ്യത്തിൽ മറ്റൊരു കെട്ടിടത്തിൽ തുന്നൽ, നെയ്ത്ത്, ചിത്രപ്പണികൾ തുടങ്ങിയ ജോലികൾ പഠിപ്പിക്കാനുള്ള ക്ലാസ്സുകൾ നടക്കുന്നുണ്ട്. ഇക്കാരണത്താൽ പുറമേയുള്ള സ്ത്രീകളും അവിടെ സന്ദർശനത്തിന് എത്താറുണ്ട്. ഈ വിദ്യാലയത്തിന്റെ സഹായത്തോടെയാണ് അവിടെ പകലും രാത്രിയും സാർവത്രികമായ ഹീനവൃത്തികൾ നടക്കുന്നത്.

ബാബാജിയുടെ ആശ്രമത്തിൽ എത്തിച്ച ഭ്രാന്തിയെയും ആദ്യം ഈ പരിശീലന വിഭാഗത്തിലാണ് വച്ചിരുന്നത്. മാന്യരെന്ന് കരുതപ്പെടുന്ന നഗരത്തിലെ ചില സ്ത്രീകളുടെ പ്രലോഭനവും സദനത്തിലെ കാര്യദർശിയുടെ മധുരമായ പെരുമാറ്റവും കാരണം അവൾ ആദ്യമൊക്ക വളരെ ആശ്വസിച്ച് കഴിഞ്ഞിരുന്നു. കുറച്ചുദിവസം കഴിഞ്ഞപ്പോഴാണ് രഹസ്യങ്ങൾ മനസ്സിലായിത്തുടങ്ങിയത്. രണ്ടു വർഷത്തെ കഠിന സമരത്തിനുശേഷം മുഴുഭ്രാന്തിയാണെന്ന് പറയിച്ച് പുറത്തുചാടാൻ അവൾക്ക് കഴിഞ്ഞിരിക്കുകയാണ്. പുരുഷന്മാരെക്കണ്ടാൽ അവൾക്ക് ഭയമാണ്. അവൾ അവരെ വെറുക്കാൻ തുടങ്ങിയിട്ട് രണ്ടുവർഷമായി. പുരുഷവർഗത്തിൽ നിന്നുണ്ടായ മാനസികാഘാതങ്ങൾ കാരണം അവൾ സമൂഹത്തെ ഒന്നടങ്കം വെറുക്കാൻ നിർബന്ധിതയായി. നിഷ്കളങ്കവും പവിത്രവുമായ അവളുടെ ഹൃദയം പുരുഷന്റെ കാപട്യവലയിൽ കുടുങ്ങി പലതരത്തിലുള്ള അപമാനങ്ങളും ബലാൽക്കാരങ്ങളും സഹിച്ച് ഇന്ന് സമനില തെറ്റിച്ചിരിക്കുകയാണ്. ഇക്കഥകേട്ട് കന്യ ആവേശഭരിതയായി. സജ്ജനെയും അത് വല്ലാതാകർഷിച്ചു. ചൊടിച്ചിട്ട് കന്യ പറഞ്ഞു "ഈ ദുരാചാരങ്ങൾ അവസാനിപ്പിച്ചേ പറ്റൂ. ഇപ്പോൾ തന്നെ പോലീസിൽ പരാതിപ്പെട്ട് ഈ ആലയം പിടിച്ചെടുക്കണം." അവൾ സജ്ജനോടായി പറഞ്ഞു "ഇപ്പോൾ തന്നെ പോകൂ. ഈ പാപങ്ങൾ അവസാനിപ്പിക്കാൻ എന്തെങ്കിലും ചെയ്യൂ."

"ആദ്യമായി അതിനുള്ള തെളിവുകൾ ശേഖരിക്കുകയാണ് ആവശ്യം. ആ പെൺകുട്ടി മാനസികമായി സമനിലയിലല്ല. അവൾ പറഞ്ഞതിൽ കുറേയൊക്കെ കള്ളമാണെന്നും വന്നുകൂടേ?" ബാബാജി ചോദിച്ചു.

സജ്ജൻ പറഞ്ഞു "നഗരത്തിൽ ഇങ്ങനെ ചില കേന്ദ്രങ്ങൾ നടക്കുന്നണ്ടെന്നു ഞാനും കേട്ടിട്ടുണ്ട്."

"നടക്കുന്നുണ്ട്, പക്ഷേ സത്യം വെളിവാക്കാൻ തെളിവ് വേണം കുഞ്ഞേ. ബുദ്ധിഭ്രമം ബാധിച്ച ഈ പെൺകുട്ടിയെ തെളിവായികണക്കാക്കാൻ പറ്റില്ല."

സജ്ജൻ പെട്ടെന്ന് ചോദിച്ചു "മറ്റുള്ളവരുടെ മനസ്സിലെക്കാര്യം അറിയാൻ കഴിയുന്ന ആളല്ലേ അങ്ങ്? അങ്ങേക്ക് എന്തു തോന്നുന്നു?"

"കുഞ്ഞേ എന്റെ തോന്നലും നിങ്ങളുടെ തോന്നലും തമ്മിൽ കൂട്ടിക്കെട്ടരുത്. നിങ്ങൾ സ്വയം സത്യം തിരിച്ചറിയണം. യാഥാർഥ്യം കണ്ടെത്തണം."

"അതിന് യാഥാർഥ്യം തിരിച്ചറിയാൻ ഞങ്ങൾക്കിപ്പോൾ എന്താണൊരു മാർഗം. ഇത്തരം സംഭവങ്ങളിൽ സത്യം എങ്ങനെ അറിയാനാണ്?"

"യത്നത്തിലൂടെ, ചിന്തയിലൂടെ."

"ഇത്തരം കേന്ദ്രങ്ങളുണ്ടെന്ന് ഞാൻ കേട്ടിട്ടുണ്ട്, വായിച്ചിട്ടുമുണ്ട്. വലിയ ചില പോലീസ് ഓഫീസർമാരെക്കൊണ്ട് ഇതിനെക്കുറിച്ച് അന്വേഷിപ്പിക്കാം. ഇപ്പോൾതന്നെ ഞാൻ കർണലിന് ഫോൺ ചെയ്യാം."

"ചേട്ടനെ ഞാൻ ഫോൺ ചെയ്തുവരുത്താം" കന്യ പറഞ്ഞു. അവൾ എഴുന്നേറ്റ് പോകാൻ തുടങ്ങി.

"നിൽക്കുമോളേ." ബാബാജി തടഞ്ഞു. "ആദ്യം ആലോചിക്കൂ. പോലീസിലെ ഉന്നതാധികാരികളെക്കൊണ്ട് അന്വേഷിപ്പിക്കാമെന്ന് കുഞ്ഞ് പറഞ്ഞു. ശരിയാണ്. പക്ഷേ ഇവരിൽനിന്ന് കാശുവാങ്ങുകയും അവിടത്തെ ഭോഗവിലാസങ്ങളിൽ പങ്കെടുക്കുകയും ചെയ്യുന്ന ചെറിയ ഓഫീസർമാർ ഈ വലിയവർ എത്തുന്നതിന് മുമ്പേ അവിടത്തെ പാപത്തിന്റെ തെളിവുകളെല്ലാം മാച്ചുകളഞ്ഞാൽ നിങ്ങൾക്ക് എന്തു ചെയ്യാൻ കഴിയും."

സജ്ജൻ സ്തബ്ധനായി. വനകന്യ കൂട്ടിലടച്ച കിളിയെപ്പോലെ പിടഞ്ഞു. അവൾ പറഞ്ഞു. "സ്ത്രീകളുടെ മേൽ അന്യായമാണ് നടക്കുന്നത്. അവർ വിവശരാണ്. ലോകത്തിനു മുഴുവൻ അതറിയാം. എന്നിട്ടും.... എന്തായാലും ശരി ഇതിലേക്ക് തെളിവ് ശേഖരിക്കും. എന്തു ചെയ്യേണ്ടിവന്നാലും ഈ അന്യായത്തിന് ഞാൻ പകരം വീട്ടും."

ബാബാജി ചിരിച്ചിട്ട് ചോദിച്ചു. "എങ്ങനെ വീട്ടും? അതാണ് പ്രശ്നം."

"ഞാനവിടെ പോകും. അവിടത്തെ സ്ത്രീകളുമായി സംസാരിക്കും."

"സദനം നടത്തിപ്പുകാർ നിന്നെ സംസാരിക്കാൻ അനുവദിച്ചില്ലെങ്കിലോ?"

"പൊതുസ്ഥാപനമാണ് ബാബാജീ. എനിക്കവിടെ പോകാം. കാണാം."

ബാബ വീണ്ടും ചിരിച്ചു. "കള്ളൻ വെളിച്ചത്ത് മോഷ്ടിക്കില്ല മകളേ. അവരുടെ രഹസ്യം എങ്ങനെ കണ്ടുപിടിക്കും?"

കന്യ കുഴഞ്ഞു. എങ്കിലും പെട്ടെന്ന് സ്വയം നിയന്ത്രിച്ചിട്ട് പറഞ്ഞു: "ശരി ഞാൻ സാമൂഹ്യ പ്രവർത്തക എന്ന നിലയിൽ അവിടെ ചെല്ലും. കുറച്ചുദിവസം അവിടത്തെ അന്തരീക്ഷത്തിൽ അവരോടെല്ലാം ഇടപഴകും. പിന്നെ അവിടത്തെ സ്ത്രീകളിൽനിന്നും കാര്യമെല്ലാം ഗ്രഹിക്കാൻ കഴിയും."

"ഉപായം കൊള്ളാം." ബാബാജി പറഞ്ഞു. "പക്ഷേ ഒരു കാര്യംകൂടി അറിഞ്ഞിരിക്കണം. ഒരിക്കൽ വിമാനം വഴി പ്രക്ഷോഭണം ഇളക്കിവിട്ട നിന്നെ അറിയാത്തവരായി ഈ നഗരത്തിൽ ആരും കാണില്ല. സദനത്തിലെ ഭാരവാഹികൾ നിന്നെ അന്തേവാസികളുമായി ഇടപഴകാൻ അനുവദിച്ചേക്കും. പക്ഷേ മുൻകൂട്ടി അവർ സ്ത്രീകളെ നിന്നെ സൂക്ഷിക്കാൻ ഏർപ്പാട് ചെയ്തുവെന്നും വരും. ആ സ്ഥിതിയിൽ മാസങ്ങളോളം അവിടെ പോയാലും നിനക്ക് ഒന്നും അറിയാൻ കഴിഞ്ഞുവെന്ന് വരില്ല."

സജ്ജൻ ചോദിച്ചു. "മറ്റൊരു കാര്യമുണ്ട്. സത്യമറിയാൻ വേണ്ടി വ്യാജമായ രീതി സ്വീകരിക്കുന്നത് ഉചിതമാണോ?"

"ഉചിതമല്ലാതാകുന്നതെങ്ങനെ കുഞ്ഞേ?"

"ഉചിതമല്ലതന്നെ. അസത്യത്തിന്റെ മാർഗത്തിലൂടെ സത്യം എങ്ങനെ കണ്ടെത്താൻ കഴിയും?"

ബാബ സമ്മതിച്ചു. "ശരിയാണ്. പക്ഷേ ഒന്നാലോചിക്കൂ. ഈ അസത്യത്തിൽ എത്രമാത്രമാണ് കള്ളമുള്ളത്? നിങ്ങൾ ഒരു കാര്യത്തിന്റെ രഹസ്യം

അറിയാനാണ് എവിടെ എങ്കിലും പോകുന്നത്. ആ രഹസ്യം ജനനന്മയ്ക്കു വേണ്ടിയുള്ളതാണ്. നിങ്ങളുടെ രഹസ്യം കുറച്ചുദിവസത്തേക്ക് മറച്ചുവച്ചു എന്നു വിചാരിച്ച് അത് കള്ളമാകുമോ?"

"എങ്കിലും അത് കള്ളം തന്നെയാണ് ബാബാജീ."

"ശരി. എങ്കിൽ എന്റെയൊരു സംശയത്തിന് സമാധാനം പറ കുഞ്ഞേ. ഒന്ന് സങ്കല്പിക്കൂ. ഒരു കള്ളൻ മോഷ്ടിച്ചിട്ട് ഓടുകയാണ്. നിങ്ങൾ അവനെ കണ്ടു. പിന്നാലെ പോലീസ് വരുന്നതും കണ്ടു. നിങ്ങൾ കള്ളനെ കണ്ടോ എന്ന് പോലീസുകാരൻ ചോദിച്ചാൽ നിങ്ങൾ അപ്പോൾ എന്തുപറയും."

"കണ്ടു എന്ന് ഞാൻ പറയും."

"ശരി ഇനി കരുതൂ. ആ കള്ളന്റെ വീട്ടിൽ കുഞ്ഞിന് ഗുരുതരമായ രോഗമാണ്. മരുന്നു വാങ്ങാൻ കാശില്ല. കുഞ്ഞിന്റെ ജീവൻ രക്ഷിക്കാൻ അവന് മോഹമുണ്ട്. നിങ്ങൾക്ക് കള്ളന്റെ ഈ സ്ഥിതി എല്ലാം അറിയാം. പണവുമായി അവൻ വീട്ടിലേക്ക് കയറുന്നത് നിങ്ങൾ കണ്ടു. പിന്നീടാണ് പോലീസുകാരൻ നിങ്ങളോടു ചോദിച്ചതെന്നു വയ്ക്കൂ. അപ്പോൾ നിങ്ങൾ എന്തുപറയും."

സജ്ജൻ ഒന്നുരണ്ടു നിമിഷനേരത്തേക്ക് ഗഹനചിന്തയിലാണ്ടശേഷം പറഞ്ഞു. "കള്ളനെ ഞാൻ കണ്ടതാണ്. അത് നിഷേധിക്കുന്നതെങ്ങനെ? ആ വ്യക്തിയുടെ സ്ഥിതിയും കണക്കിലെടുക്കേണ്ടതുതന്നെ. ഒന്നു ചെയ്യാൻ കഴിയും. കള്ളനു ശിക്ഷകൊടുക്കുകയും അതേസമയം കുഞ്ഞിനെ രക്ഷിക്കാൻ സാമ്പത്തികമായി വല്ല സഹായം ചെയ്യുകയും."

"സഹായിക്കാൻ നിങ്ങളുടെ കയ്യിൽ ഒന്നുമില്ലെന്നു വിചാരിക്കൂ. നിങ്ങൾ സ്വയം ദരിദ്രനാണ്. ആരെക്കൊണ്ടെങ്കിലും സഹായം നൽകിക്കാനും നിങ്ങൾക്കു ശേഷിയില്ലെങ്കിലോ..."

"ഞാൻ കള്ളം പറയും. അങ്ങനെയുള്ള ഒരു കള്ളനെ പോലീസിന്റെ കയ്യിൽനിന്ന് രക്ഷിക്കുന്നത് എന്റെ നോട്ടത്തിൽ പുണ്യമാണ്. പാപമല്ല" കന്യ ആവേശത്തോടെ പറഞ്ഞു.

"പരസ്പരവിരുദ്ധമായ ഈ കാര്യങ്ങൾ അത്ര നിസ്സാരമായി കാണാൻ എനിക്കു കഴിയില്ല. കള്ളം ചീത്തയാണ്. അതെനിക്കറിയാം. സ്വന്തം വീട്ടിലോ മറ്റാരുടെയെങ്കിലുമോ ജീവൻ രക്ഷിക്കാൻ വേണ്ടി എന്തെങ്കിലും ചെയ്യുന്നതും ശരിയാണ്... ഈ രണ്ടും ഭിന്നമായതാണ്." സജ്ജൻ ചിന്തയിലാണ്ടു. ഒന്നും തീരുമാനിക്കാനാവുന്നില്ല.

കന്യ അതേ ആവേശത്തോടെ ചോദിച്ചു. "നിങ്ങളെന്താണീ ആവശ്യമില്ലാത്ത കാര്യങ്ങൾ പറയുന്നത്? ഇപ്പോൾ പ്രവർത്തിക്കാനുള്ള സമയമാണ്."

"ഞാൻ വൃഥാ പറയുകയല്ല കന്യേ. ബാബാജിക്കു ഹൃദയത്തിലെ കാര്യങ്ങൾ കാണാം. അദ്ദേഹത്തിന് തെളിവു കൊടുത്തുകൂടേ...." സജ്ജൻ ശാന്തസ്വരത്തിൽ പറഞ്ഞു.

ബാബാജി പറഞ്ഞു. "നിന്റെ വിചാരങ്ങൾക്കു പിന്നിൽ അസ്വസ്ഥമായ ഹൃദയമാണുള്ളത്. അതു സ്പഷ്ടമാണ്. മറ്റൊരു കാര്യംകൂടി ചിന്തിച്ചുനോക്കൂ- നിന്റെ ഹൃദയത്തിൽ ഈ അസ്വസ്ഥതയുണ്ടാകാനുള്ള കാരണം എന്താണ്."

"എനിക്കു മനസ്സിലായില്ല."

"നിന്റെ ഭാര്യ, ഇത്തരത്തിലുള്ള ഒരു പാപഗൃഹത്തിൽ കടന്നു ചെല്ലുന്നത്

നിനക്കിഷ്ടമില്ല. ആ ചിന്തയല്ലേ...? എന്താ ഞാൻ പറഞ്ഞത് ശരിയല്ലേ?"

"ശരിയാണ്."

"നിന്റെ ഭാര്യയല്ല, മറ്റൊരു സ്ത്രീയാണ് ഈ സാഹസത്തിന് മുതിർന്നതെങ്കിൽ, നീ അവളെ പ്രശംസിക്കില്ലേ...?"

"ഇവളെയും ഞാൻ പ്രശംസിക്കും. പക്ഷേ ഗുണ്ടകളുടെ നടുവിൽ ഇത്തരത്തിൽ ഇവൾ..."

"അപ്പോൾ അബലകളായ ഇത്രയും സ്ത്രീകൾ ഈ ഗുണ്ടകളാൽ വലയപ്പെട്ടു കഴിയുന്നതോ?"

"അവരെന്താ എന്നെപ്പോലല്ലേ? ഞാൻ തീർച്ചയായും ഇതിന്റെ രഹസ്യം കണ്ടുപിടിക്കും. ഞാനെന്റെ വീട്ടിൽ കണ്ട അനാചാരങ്ങളും ദുർവൃത്തികളും, ഈ അന്യായത്തെ എതിർക്കാൻ എന്നെ വെല്ലു വിളിക്കുകയാണ്. ഈ സമയത്ത്, നിങ്ങളുടെ ഈ തത്വചിന്തകൾ എനിക്ക് പിടിക്കുന്നില്ല സജ്ജൻ. ഞാൻ നിങ്ങളുടെ ഭാര്യയല്ലാതിരുന്ന കാലത്ത്, സഹായത്തിനെത്തിയപ്പോൾ കാണിച്ച ആ ആവേശവും ശക്തിയും ഇപ്പോഴെവിടെപ്പോയി?"

കന്യ ആവേശഭരിതയായി മാറി. ചായയും പ്രാതലും അവിടെയിരുന്നു തണുത്തു. ബാബാജി ശാന്തനായി പറഞ്ഞു. "വെറും ആവേശം കൊണ്ട് ഫലമില്ല, മോളേ. ഒരു പ്രവൃത്തിയിലേർപ്പെടുമ്പോഴും ചിന്തിക്കാനും കാര്യങ്ങൾ കാണാനും, നമുക്ക് കഴിയണം. നിന്റെ ഭർത്താവിന്റെ സംശയം തെറ്റല്ല. കാര്യങ്ങൾ ശരിക്കു മനസ്സിലാക്കാൻവേണ്ടിയാണ് ഞാൻ നിന്റെ ഭർത്താവിനോട് ഇതൊക്കെ പറയുന്നത്. ശരി കുഞ്ഞേ, ഇനി ഞാൻ, നിന്റെ ചോദ്യത്തിന് ഉത്തരം പറയാം. ഈ സന്ദർഭത്തിൽ കള്ളം, ലക്ഷ്യമല്ല. നീതിക്കുള്ള ഒരു മാർഗം മാത്രമാണ്. വലിയ ഒരു സത്യവുമായി ആ കള്ളം ബന്ധിക്കപ്പെട്ടിരിക്കുന്നതിനാൽ നമുക്കത് സ്വീകാര്യമാണ്. ചെറിയൊരു കള്ളം പറഞ്ഞാൽ പരോപകാരമാകുമെങ്കിൽ അത് സത്യത്തിനൊപ്പമാണ്, പുണ്യമാണ്. പരോപകാരമേ പുണ്യം പാപമേ പരപീഡനം എന്നു വ്യാസൻ ഉപദേശിച്ചിട്ടുണ്ട്. അത് ശരിയാണെന്നാണ് എനിക്ക് തോന്നുന്നത്."

"അപ്പോൾ ഹിംസയും പുണ്യമായിരിക്കുമല്ലോ?" സജ്ജൻ ചോദിച്ചു.

"ഗീതയിലെ ആ ഉപദേശവും ഞാൻ അംഗീകരിക്കുന്നു. ഉദ്ദേശം മഹത്തായതാണെങ്കിൽ ത്യാഗവുമായി മാറ്റുരച്ചുനോക്കുമ്പോൾ ഹിംസയും പുണ്യമായിത്തീരും."

"ഗാന്ധിജി ഇതിനെ എതിർത്തതോ?"

"ഇല്ല. ഭീരുവിന്റെ അഹിംസയെക്കാൾ ഹിംസയെയാണ് അദ്ദേഹം ശ്രേഷ്ഠമായി കരുതിയത്. ജീവികളെ രക്ഷിക്കുക മഹത്തായ ഉദ്ദേശമാണ്. നിങ്ങളെ കൊല്ലാൻ ഒരാൾ ശഠിച്ചുനിന്നാൽ അവനോട് എതിർത്തു നിന്നേ പറ്റൂ. കുഞ്ഞേ! ഈ പെൺവാണിഭക്കാരോട് ഉറച്ചുനിന്ന് സമരം ചെയ്യൂ."

"എവിടെയാണീ സേവാസദനം? ഞാനിന്നു തന്നെ പോകാം" കന്യ പറഞ്ഞു.

"അതേ. ഇന്ന് നിങ്ങൾ രണ്ടുപേരും പോകണം. എന്റെ പേര് പറഞ്ഞോളൂ. അപ്പോൾ നിങ്ങൾ അവിടെ ചെല്ലുന്നതിന് അതൊരു കാരണവുമാകും. പിന്നെ നൂറോ ഇരുനൂറോ സഹായത്തിന്റെ പേരിൽ എറിഞ്ഞുകൊടുക്കണം. പിന്നെ കാര്യങ്ങൾ മനസ്സിലാക്കുന്നതിനനുസരിച്ച് എന്താണ് വേണ്ടതെന്ന് തീരുമാനിക്കാം."

കന്യയുടെ മനസ്സിൽ അവളുടെ ചേട്ടത്തിയുടെ രൂപം പൊങ്ങി വന്നു. തീയിൽ വെന്തെരിഞ്ഞ് പൊള്ളിക്കരിഞ്ഞ ആ ദേഹവും കറുത്ത് കരിവാളിച്ച മുഖവും കരിഞ്ഞുപോയ മുടിയും മറ്റും.....മറ്റും.... കന്യ മരവിച്ചപോലെയായി. സ്ത്രീലോകമാകെ ഒരു വലയിൽ കുടുങ്ങിക്കിടക്കുന്നതായി അവൾക്കു തോന്നി. കണ്ണിൽ നിന്ന് ഉതിർന്നു വീണ നീർത്തുള്ളികൾ അവളെ സ്വപ്നലോകത്തിൽനിന്ന് ചുറ്റുപാടിലേക്ക് കൊണ്ടുവന്നു. അവൾ വിറച്ചു. പിന്നെ സ്വസ്ഥയായി.

ഇന്നിതാ പുതിയ ഒരു ഉദ്ദേശസിദ്ധിക്കായി അവൾ കച്ചകെട്ടിയിറങ്ങുകയാണ്.

44

"പ്രിയ മഹാശയാ,

ശ്രീമാൻ ബാബാ രാംജിയുടെ ആശ്രമത്തിലെ ഭ്രാന്തന്മാരെ കാണാനും അവർക്ക് വേണ്ട ശുശ്രൂഷയും സഹായവും നൽകാനും ഞാനും എന്റെ ഭർത്താവും ഇടയ്ക്കിടെ പോകാറുണ്ട്. അദ്ദേഹത്തിൽ നിന്നാണ് താങ്കളുടെ മഹിളാസദനത്തെക്കുറിച്ച് അറിഞ്ഞത്. താങ്കൾ നാരീസേവനം നടത്തുന്നതായറിഞ്ഞതിൽ സന്തോഷമുണ്ട്. ഈ വക കാര്യങ്ങളിൽ എനിക്കും താല്പര്യമുണ്ട്. സദനത്തിന്റെ നടത്തിപ്പിനായി എളിയ സംഭാവന എന്ന നിലയിൽ നൂറുരൂപയുടെ ചെക്ക് അയയ്ക്കുന്നു. ഇത് സ്വീകരിച്ച് ഞങ്ങളെ അനുഗ്രഹിക്കണം.

ആദരപൂർവം
വനകന്യാവർമ്മ"

കത്തുകണ്ട് നാരീസദനത്തിന്റെ കാര്യദർശി സന്തുഷ്ടനായി. കൃതജ്ഞത രേഖപ്പെടുത്താൻ കാര്യദർശി സ്വയം എഴുന്നള്ളി. ശ്രീമാൻ സജ്ജനും ശ്രീമതിയും സ്ത്രീകൾക്കുവേണ്ടി നടത്തിയ ഈ അപൂർവ സേവനത്തെ അദ്ദേഹം ശ്ലാഘിച്ചു. വനകന്യ, സദനമൊന്നു കാണണം എന്ന് ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ അത് തങ്ങളുടെ സൗഭാഗ്യമാണെന്ന് കാര്യദർശി കരുതി. അടുത്ത ദിവസം ഉച്ചയ്ക്ക് രണ്ടു മണിക്ക് അദ്ദേഹംതന്നെ വന്ന് അവരെ കൂട്ടിക്കൊണ്ടു പോകാമെന്നും തീരുമാനമായി.

ധാന്യച്ചാക്കുകൾ നിറഞ്ഞ് ജനാരവംകൊണ്ട് ശബ്ദമുഖരിതമായ ഇടുങ്ങിയ കമ്പോളം, മുതുകിൽ വലിയ ചാക്കുകളും പേറി റോഡിന്റെ ഇരുവശത്തുകൂടെയും വന്നും പോയും ഇരിക്കുന്ന കൂലിക്കാർ, ടൺ കണക്കിന് ഭാരം നിറച്ച വണ്ടികൾ വലിക്കുന്ന ജീവസ്സറ്റ പോത്തുകൾ, ഭാരം കയറ്റിയ ഒട്ടകങ്ങൾ! തിരക്കിനിടയിലും ഇവ ഓരോന്നും, വേറിട്ടുനിന്ന് അവയുടെ അസ്തിത്വം പ്രകടമാക്കി. ഷർട്ടും മുണ്ടും ധരിച്ചവരും, പാളത്താറും ഷേർവാണിയും ഗാന്ധിത്തൊപ്പിയും അണിഞ്ഞവരും മുട്ടുവരെ മറയുന്ന മുണ്ടും, തോളിൽ തോർത്തുമായി നടക്കുന്നവരും ആ കമ്പോളത്തിന്റെ തിരക്കിനു മാറ്റുകൂട്ടി. ധാന്യത്തിന്റെ ഗന്ധം എങ്ങും തങ്ങി നിൽക്കുന്നു. ട്രക്കുകളും കാളവണ്ടിയും സൈക്കിളും റിക്ഷയും പശുവും കൊടുക്കൽ വാങ്ങൽ നടത്തുന്ന വ്യാപാരിവർഗവും നിറഞ്ഞ ആ റോഡിലൂടെ തട്ടിയും മുട്ടിയും ഒഴിഞ്ഞും തിരിഞ്ഞും സജ്ജന്റെ കാർ മുന്നോട്ടു പോവുകയായിരുന്നു. കാര്യദർശി വിരൽ അകലേക്ക് ചൂണ്ടി ഒരു മട്ടുപ്പാവിൽ

ഉറപ്പിച്ചിരുന്ന വലിയ സൈൻബോർഡിലേക്ക് അവരുടെ ശ്രദ്ധക്ഷണിച്ചു. "ഞാൻ കെട്ടിടത്തിന്റെ മൂന്നുവശത്തും ഇതുപോലത്തെ വലിയ ബോർഡുകൾ വച്ചിട്ടുണ്ട്. ആളുകളുടെ ശ്രദ്ധ പെട്ടെന്നുതന്നെ പിടിച്ചെടുക്കുകയാണ് ഒരു ഉദ്ദേശം. മറ്റൊന്ന് മട്ടുപ്പാവിന് ഒരു മറയെന്നരീതിയിലും അത് ഉപകരിക്കും. ഈ പർദയിലും മറ്റും എനിക്ക് വലിയ വിശ്വാസമാണ് ദേവിജീ. ഞങ്ങളുടെ സദനത്തിൽ സ്വാഭാവശുദ്ധിക്ക് വലിയ പ്രാധാന്യമുണ്ട്. ഇരുപത്തിരണ്ട് വർഷമായി ഞാനീ സേവനത്തിൽ ഏർപ്പെട്ടിട്ട്, ഒന്നെനിക്ക് പറയാൻ കഴിയും ചന്ദ്രനിൽ കളങ്കമുണ്ടായേക്കാം. എന്നാൽ ഞങ്ങളുടെ ചന്ദ്രമുഖിമാർ നിഷ്കളങ്കരാണ്."

ധാന്യക്കമ്പോളം കഴിഞ്ഞ് ഇടതുവശത്തെ റോഡിലേക്ക് കാറ് കടന്നു. എതിരെ ഒരു സിനിമാഹാൾ. പിന്നെ ജനറൽ സ്റ്റോറുകളുടെ ചെറിയ കമ്പോളം. കടകൾ കഴിഞ്ഞ് കാർ വീണ്ടും ഇടതുവശത്തേക്ക് തിരിഞ്ഞു. അവിടെ ഒരു വീട്ടിൽ 'ശ്രീമതി സുന്ദർ ബീബിയുടെ ഔഷധാലയം' എന്ന സൈൻബോർഡ്. അതിനോടു ചേർന്ന കെട്ടിടത്തിൽ 'ഫ്രെൻസ് ട്രെയിഡിങ്ങ് കോർപ്പറേഷൻ' എന്ന ബോർഡ്; പിന്നെ ഒരു തുന്നൽക്കട, അതുകഴിഞ്ഞ് മഹിളാസേവാ സദനത്തിന്റെ മഞ്ഞനിറമുള്ള കെട്ടിടം. ഗേറ്റിനുമുകളിൽ സദനത്തിന്റെ പേര്. വലത്തേഗേറ്റിന്റെ ചുമരിൽ നീണ്ട ഒരു സൈൻബോർഡിൽ കാര്യദർശിയുടെയും സംരക്ഷകരായ കുബേരന്മാരുടെയും പേരുകളും എഴുതി വച്ചിട്ടുണ്ട്. ഇടതുവശത്ത് സദനത്തിന്റെ ലക്ഷ്യവും ആദർശങ്ങളും വിവരിക്കുന്ന വാചകങ്ങളും. ശേഷിച്ച ഭാഗത്ത് വലിയ അക്ഷരത്തിൽ ചുമരിൽ ഒരു മുദ്രാവാക്യം "യത്ര നാര്യസ്തു പൂജ്യന്തേ രമന്തേ തത്ര ദേവതാഃ"

അകത്ത് ഓഫീസ്. ഒരു സ്ത്രീ, വൃദ്ധനായ കണക്കപ്പിള്ളയുടെ അടുത്തിരിക്കുന്നു. വെളുപ്പുനിറമുള്ളവളെങ്കിലും കൈയിലും മുഖത്തും രോമങ്ങൾ നിറഞ്ഞിട്ടുണ്ട്. സുറുമ എഴുതിയ കണ്ണുകൾക്കു മീതേ സുവർണഫ്രെയിം ഘടിപ്പിച്ച കണ്ണട. കൺപോളകളും കൺതടവും കരുവാളിച്ചിട്ടുണ്ട്. കാവി നിറമുള്ള കൊച്ചുപല്ലുകൾ പുറത്തു കാട്ടിച്ചിരിച്ചുകൊണ്ട് വെള്ള ഖാദിവസ്ത്രങ്ങൾ അണിഞ്ഞ ആ മഹിളാമണി എഴുന്നേറ്റ് കൈകൂപ്പി. അവരുടെ നോട്ടവും പുഞ്ചിരിയും സജ്ജന് വല്ലാത്ത ഒരു ശ്വാസംമുട്ടലുണ്ടാക്കി. നെറ്റിയിലും നെറുകയിലും സിന്ദൂരമണിഞ്ഞിരുന്നതിനാൽ അവൾ സുമംഗലിയാണെന്ന് വ്യക്തം. ശേഷിച്ച കാര്യങ്ങൾ പരിചയപ്പെടുത്തിക്കൊണ്ട്, കാര്യദർശി പറഞ്ഞു "ഇതാണ് ശ്രീമതി ധനവതീദേവി, ശാസ്ത്രിണി; പ്രഭാകർ വൈദ്യവിശാരദയാണ്. ഞങ്ങളുടെ അയലത്ത് സുന്ദർ ബീബി ഔഷധാലയത്തിലെ പ്രധാന ഭിഷഗ്വര. ഞങ്ങളുടെ സദനത്തെ പ്രാണനെപ്പോലെ സ്നേഹിക്കുന്നു. ഇവരുടെ ഉപദേശാനുസരണം, സദനത്തിലെ സ്ത്രീകളെ ആയുർവേദം പഠിപ്പിക്കാനുള്ള ഏർപ്പാടുണ്ടാക്കിയിട്ടുണ്ട്."

സദനത്തിൽ അന്തേവാസികളായി കഴിയുന്ന എട്ടു സ്ത്രീകളെ, തൂവെണ്മയായ വേഷവിധാനത്തോടെ, അവരുടെ മുമ്പിൽ എഴുന്നള്ളിച്ചു. പതിനെട്ടിനും മുപ്പത്തിയഞ്ചിനും ഇടയ്ക്കു പ്രായം വരുന്നവർ. മിക്കവർക്കും അരണ്ട നിറമാണ്, ചിലർക്ക് കറുപ്പിത്തിരിക്കൂടും. രൂപമൊക്കെ എല്ലാവരുടെയും കൊള്ളാം. എങ്കിലും സുന്ദരി എന്നു പറയാവുന്നതായി അക്കൂട്ടത്തിൽ ആരും തന്നെയില്ല. മഹിളകൾ, കാര്യദർശിയുടെ നിർദേശാനുസരണം കുറെശ്ലോകങ്ങളും ഭജനഗാ

നങ്ങളും കേൾപ്പിച്ചു. പിന്നെ അതിഥികളെ തയ്യൽക്ലാസിലും ചായപ്പണിക്ലാസ്സിലും നെയ്ത്തുക്ലാസിലും സംഗീതപാഠശാല, നർത്തകക്ലാസ്, ആയുർവേദക്ലാസ്, ആരാധനാമുറി എന്നിവിടങ്ങളിലും കൊണ്ടുപോയി കാണിച്ചു. ഇവയിലെല്ലാം കൂടി അമ്പതോളം കുമാരിമാരും യുവതികളും മധ്യവയസ്കകളും പല പണികളിലും ഏർപ്പെട്ടിരിക്കുകയാണ്. ഇവരെല്ലാം ജോലിപഠിക്കാൻ വരുന്നവരാണ്. അവർക്കതിന് കൂലിയും കൊടുക്കും. സംഗീതവും നൃത്തവും പഠിക്കുന്നവർക്കുമാത്രം കൂലി ഒന്നുമില്ല. ഈ ഹാളാണ് മതപാഠശാല. ആയുർവേദക്ലാസും സൗജന്യ ചികിത്സയും ഇവിടെ സ്ഥലമില്ലാത്തതിനാൽ, സുന്ദർ ബീബിയുടെ ഔഷധാലയത്തിലാണ് നടത്തുന്നത്. അതിന് ശ്രീമതി ധനവതീദേവിയുടെ ഔദാര്യത്തെ കാര്യദർശി വീണ്ടും വാനോളം പുകഴ്ത്തി.

സദനത്തിലെ കാര്യപരിപാടികളും, നടത്തിപ്പുസജ്ജീകരണങ്ങളും, സജ്ജനെയും കന്യയെയും ആകർഷിച്ചു. ശുദ്ധവും ചിട്ടയുള്ളതുമായ രീതിയിൽ നടക്കുന്ന അവിടത്തെ ഏർപ്പാടുകളിൽ ഒന്നിലും യാതൊരു മാലിന്യവും അവർക്കു കാണാൻ കഴിഞ്ഞില്ല. അവരന്വേഷിച്ചുവന്ന മാലിന്യം അവിടെ അണുവളവു പോലും കണ്ടെത്തിയില്ല. സദനത്തിന് പലവിധത്തിലുള്ള സഹായവും നൽകാമെന്ന് കന്യ ഏറ്റു. മടങ്ങുമ്പോൾ അവൾ സ്വഗതമായി പറഞ്ഞു "ഒന്നുകിൽ ആ ഭ്രാന്തി കള്ളമാണ് പറഞ്ഞത്. അല്ലെങ്കിൽ ഇവിടത്തെ ഏർപ്പാടുകൾ അത്രത്തോളം രഹസ്യമായിട്ടായിരിക്കും നടത്തുന്നത്.... ഈ ലോകം എത്ര കടുത്തതാണ്. ഇതിനോട് എതിരിടാൻ കടുത്ത സാഹസം തന്നെവേണം.."

ഇതിനുശേഷം, സദനത്തെക്കുറിച്ച് സജ്ജനുമായി ഗഹനമായ ചർച്ചയൊന്നും നടന്നില്ല. കാര്യദർശി, കന്യയെക്കാണാൻ ഇടയ്ക്കിടെ വന്നു. പിന്നെ സജ്ജന്റെ അടുക്കൽ ചെല്ലാൻ തുടങ്ങി. ധനവതീദേവി ശാസ്ത്രിണിയോടൊപ്പവും സജ്ജനെക്കാണാൻ വന്നു.

സജ്ജൻ ബാബാജിയോട് സദനത്തിലെ കാര്യങ്ങൾ എല്ലാം പറഞ്ഞു "അങ്ങയുടെ ഭ്രാന്തി സൂചിപ്പിച്ചതിന്റെ യാതൊരുലക്ഷണവും അവിടെ കാണാൻ കഴിഞ്ഞില്ല..."

ബാബാജി പറഞ്ഞു "കുഞ്ഞേ, എന്റെ മനസ്സു പറയുന്നു അവിടെ തീർച്ചയായും എന്തോ ഗുരുതരമായ ജാലങ്ങൾ നടക്കുന്നുണ്ടെന്ന്. ആ ഭ്രാന്തി പറയുന്ന പല കാര്യങ്ങളിലും ഭാവനയുടെ അംശംപോലും കാണാൻ കഴിയുന്നില്ല.."

ബാബാജി, വലിയ ഒരു ധാന്യ വ്യാപാരിയുടെ പേരുപറഞ്ഞു. സ്വന്തം അനന്തരവളെ ബലാൽക്കാരമായി വശത്താക്കിയ ഒരുവൻ. തയ്യൽ പഠിക്കാനായി അവൾ സദനത്തിൽ വരേണ്ടിവന്നു. ഇഷ്ടമില്ലാതെ പലേ മാനസികവേദനകളും സഹിക്കേണ്ടിവന്നു. ഭ്രാന്തിയെന്നു പറയപ്പെടുന്നവളുടെ പൂർണകഥയും സജ്ജനു മനസ്സിലായി. ആദ്യം അവളെ സദനത്തിലെ മത- ധർമകാര്യങ്ങളിൽ പൂർണമായി ഇടപഴകിച്ചു. പിന്നീട് ഗൃഹസ്ഥാശ്രമമാണ് സത്രീയുടെ ഏറ്റവും വലിയ ധർമമെന്നവളെ മനസ്സിലാക്കി. പിന്നെ, സ്ത്രീക്കും പുരുഷനെപ്പോലെതന്നെ കൂടെക്കൂടെ വിവാഹവും വിവാഹമോചനവും നടത്താനുള്ള അധികാരമുണ്ടെന്നു ധരിപ്പിച്ചു. സദനത്തിൽ ശുദ്ധ ആര്യസംസ്കാരത്തിനനുസരണമായി പ്രേമബന്ധങ്ങൾവഴി, സ്വയംവരം നടത്താനുള്ള സൗകര്യങ്ങൾ ഉണ്ടെന്നും അവളെ അറിയിച്ചു. ഇക്കാര്യങ്ങൾ ക്രമേണയാണ് അവളുടെ മനസ്സിൽ പതിപ്പിച്ചു പോന്നത്.

സർവവിധത്തിലും നിരാലംബയായ കാരണം, അവൾ, സദനത്തിന്റെ സ്വാധീന വലയത്തിൽപ്പെട്ടു. ഒരു ദിവസം അവളെ സദനത്തിന്റെ തൊട്ടടുത്തുള്ള ഒരു മുറിയിലേക്കു കൊണ്ടുപോയി. അവിടെ ഒരു യുവാവുമായി പരിചയപ്പെടുത്തി. സാധാരണരീതിയിലുള്ള ഭംഗിയായ അലങ്കാരങ്ങൾക്കു പുറമേ രാധാകൃഷ്ണന്റെ ഒരു ചിത്രവും അവിടെ തൂക്കിയിരുന്നു. ആ ചിത്രത്തിന്റെ മുമ്പിൽ വച്ച്, അവളെയും ആ യുവാവിനെയും കൊണ്ട് പ്രതിജ്ഞ ചെയ്യിച്ചു- രണ്ടുപേരുടെയും രഹസ്യം മൂന്നാമതൊരാളിനോടു പറയില്ലെന്ന്. അവൾ സ്വന്തം ഇഷ്ടത്തോടെ തന്നെ ആ യുവാവിന് തന്റെ സർവവും സമർപ്പിച്ചു. തന്റെ മുൻകാല അനുഭവത്തിന്റെ കഥ, പുതിയ കമിതാവിനെ കേൾപ്പിച്ചു. ഭ്രാന്തിയുടെ പുതിയ കാമുകൻ എട്ടുപത്തു ദിവസം തുടർച്ചയായി വന്നു. പിന്നെ പെട്ടെന്നയാളുടെ വരവു നിന്നു. പിന്നീടൊരുദിവസം ആ മുറിയിലേക്ക് അവളെ വിളിച്ചപ്പോൾ, അവിടെ മറ്റൊരാൾ ഇരിക്കുന്നതാണവൾ കണ്ടത്. അയാളുടെ മുമ്പിൽ വീണ്ടും പഴയനാടകം ആരംഭിക്കാൻ തുടങ്ങി. രാധാകൃഷ്ണചിത്രത്തിനുമുമ്പിൽ പഴയപ്രതിജ്ഞ പുതുതായി ചെയ്യിക്കാൻ ഒരുങ്ങിത്തുടങ്ങി. അവൾ അതിനെ എതിർത്തു. തന്നെ ഒരു വേശ്യയാക്കാൻ സമ്മതിക്കില്ലെന്നവൾ പറഞ്ഞു. ബലമായി അവളെ പ്രാപിക്കാൻ ശ്രമിച്ചപ്പോൾ അവൾ ഉറക്കെ നിലവിളിച്ചു. മഹിളാസദനത്തിലെ ഈ നിലവിളി പുറമേ കേട്ടു. കുറെ ദിവസം അതിനെക്കുറിച്ചു ചർച്ചകളും നടന്നു. അന്നു മുതൽ ഭ്രാന്തിയെ സദനത്തിന്റെ താഴെയുള്ള ഒരു മുറിയിൽ തടവിലാക്കി. അവിടെ അവൾക്ക് പല വിധ ബലാൽക്കാരങ്ങളും നേരിടേണ്ടിവന്നു. ബലാൽസംഗം ചെയ്യാനെത്തിയവരിൽ പോലീസുകാരുമുണ്ടെന്നാണ് ഭ്രാന്തി പറയുന്നത്. അവിടെ വച്ചവൾക്ക് ഗുഹ്യരോഗം പിടിച്ചു. അവളെപ്പോലെ എതിരുപറയുന്നവരെ പിടിച്ചിടാൻ ആ സദനത്തിനടിയിൽ രണ്ടു വലിയ അറകളുണ്ടെന്നാണ് അവൾ പറഞ്ഞത്. അവിടെ ഈ സ്ത്രീകളെ അടിച്ചും തൊഴിച്ചും പീഡിപ്പിച്ചും പലവിധ കഷ്ടപ്പാടുകൾക്കും ഇരയാക്കും. സദനത്തിലെ മംഗല്യധാരിണികളാകാൻ സമ്മതിക്കുന്നവർക്ക്, അതിനെ എതിർക്കുന്നവരുടെ മേൽ ഭരണം നടത്താനുള്ള അവകാശമുണ്ട്. സ്ത്രീകൾ തമ്മിലുള്ള അസൂയയും അതിമോഹവും ഇത്തരത്തിലുള്ള അന്യായങ്ങളും കാരണം മിക്ക സ്ത്രീകളും സദനം നടത്തിപ്പുകാരുടെ ഇഷ്ടത്തിനൊത്തു പ്രവർത്തിക്കാൻ നിർബന്ധിതരായിത്തീരും. ഇങ്ങനെ സർവവിധത്തിലും അവിടത്തെ അന്തരീക്ഷത്തിൽ ഇണങ്ങിച്ചേർന്ന സ്ത്രീകളാണ്, മജിസ്ട്രേട്ടിന്റെ മുമ്പിൽ വച്ച് വിവാഹത്തിന്റെ നാടകം നടത്തി, നിയമത്തിന്റെ കണ്ണിൽ മണ്ണിടുന്നത്. ധനവതീദേവിയും മറ്റൊരു സ്ത്രീയും- ഭ്രാന്തി, അവരെ കിത്തയുടെ അമ്മായി എന്നാണ് വിളിക്കുന്നത് -ചേർന്നാണ് സദനത്തിലെ സ്ത്രീകൾക്ക് സമ്മാനങ്ങളും ശിക്ഷകളും നിശ്ചയിക്കുന്നത്. ധനവതീദേവി, കാര്യദർശിയെക്കാൾ അക്രമകാരിണിയാണെന്നാണ് സജ്ജൻ കേട്ടത്. കാര്യദർശിയും ധനവതിയും ചേർന്ന് ആ സാത്താന്റെ സാമ്രാജ്യത്തെ രാജാവും റാണിയുമായി ഭരിക്കുകയാണത്രേ. വൈദ്യത്തിയുടെ വയസ്സനായ ഭർത്താവു റൊട്ടിക്കഷണങ്ങളും തിന്ന്, വേലക്കാരെക്കാളും കഷ്ടപ്പെട്ട ഒരു ജീവിതമാണ് നയിക്കുന്നതത്രേ!

ഇതെല്ലാം കേട്ട് സജ്ജൻ ആകെ ക്ഷുബ്ധനായി. ഈ രഹസ്യങ്ങൾ ഏതെങ്കിലും തരത്തിൽ പൊളിച്ചു കാണിക്കണമെന്ന പ്രബലമായ ആഗ്രഹം

അയാൾക്കുണ്ടായി. കർണലിനോടും ഇതിനെക്കുറിച്ചയാൾ സംസാരിച്ചു. പ്രസ്തുത സദനത്തെക്കുറിച്ച് കർണൽ ഒരുപാടു കഥകൾ കേട്ടിട്ടുണ്ട്. കാര്യദർശി തനിവെട്ടിപ്പുകാരനാണെന്ന് കർണലിനറിയാം. ഈ വൃത്തികേടിൽ ചെന്ന് തലയിടരുതെന്ന് കർണൽ സജ്ജനെ ഉപദേശിക്കുകയും ചെയ്തു.

സജ്ജന്റെ ഹൃദയത്തിൽ തീ പടർന്നുപിടിച്ചു കഴിഞ്ഞിരുന്നു. രഹസ്യം കണ്ടുപിടിച്ചേപറ്റൂ. തന്റെ ആഗ്രഹം അയാൾ മറ്റുള്ളവരിൽ നിന്നു മറച്ചുവച്ചു.

വനകന്യയുടെ പേരിൽ രണ്ടുതവണകൂടി ഇരുപത്തഞ്ചും അമ്പതും രൂപയുടെ ചെക്കുകൾ സജ്ജൻ സദനത്തിന് അയച്ചുകൊടുത്തു. ഉദാരമതികളായ ഈ ധനികകുടുംബത്തോട് കാര്യദർശിക്ക് ന്യായമായും താൽപ്പര്യം ഉണ്ടായി. അയാൾ ഇടയ്ക്കിടെ ഹാജരാകാൻ തുടങ്ങി. ഒരിക്കൽ കന്യയെ സദനത്തിൽ പ്രസംഗിക്കാനും ക്ഷണിച്ചുകൊണ്ടുപോയി. ഒരിക്കൽ സജ്ജൻ മുൻകൂട്ടി സമയം നിശ്ചയിച്ച്- കന്യ, തായിയുടെ വീട്ടിലെ വിദ്യാലയത്തിലെ പ്രവർത്തനത്തിനായി പോകുന്ന സമയത്ത്-അവളുടെ പേരുവച്ച ഒരു സന്ദേശം കാര്യദർശിക്കയച്ച് അയാളെ വിളിപ്പിച്ചു. അയാൾ എത്തി. മദ്യപാനത്തിനുള്ള ഏർപ്പാടുകൾ ഒരുക്കിയിരിക്കുകയായിരുന്നു സജ്ജൻ. കാര്യദർശിയെ അങ്ങോട്ടു വിളിപ്പിച്ചു. "എന്താ വിശേഷം...ഇങ്ങോട്ടുവരാൻ തോന്നിയത്..?"

കാര്യദർശി പറഞ്ഞു "ഇന്നലെ ഉച്ചയ്ക്കു എനിക്ക് ശ്രീമതിജിയുടെ ഒരു സന്ദേശം കിട്ടി. ഇന്ന് ഈ സമയത്ത് വരാൻ പറഞ്ഞിരുന്നു."

"അവൾ ഇപ്പോഴിവിടില്ല. ഒരു പക്ഷേ വല്ല അത്യാവശ്യകാര്യത്തിനും പോയതായിരിക്കും. ഇരിക്കണം, ഇപ്പോൾ വന്നേക്കും... ഇത് അല്പം ആസ്വദിക്കാം...."

"ഹി ഹി ഹി.... ഞാൻ മുറുക്കാനും പുകയിലയുമല്ലാതെ മറ്റു ലഹരികൾ ഒന്നും തൊടാറില്ല.."

"കൊള്ളാം സ്വർഗത്ത് താമസിച്ചിട്ട് അമൃതിലും മധുവിലും തൊടാതെ കഴിയുന്നെന്നോ..." അല്പസമയത്തിനുള്ളിൽ സജ്ജൻ തന്റെ വാഗ്ധാടികൊണ്ട്, കാര്യദർശിയെ വശത്താക്കി. വാക്സാമർഥ്യത്തിലേറെ അവിടത്തെ അന്തരീക്ഷമാണ് അയാളെ അങ്ങനെ ആകർഷിച്ചത്. വനകന്യയുടെയും സജ്ജന്റെയും മാർഗങ്ങൾ ഭിന്നമാണെന്നയാളെ മനസ്സിലാക്കി. വനകന്യക്കു വേണ്ടിയാണീ സാമൂഹ്യനാടകങ്ങളെല്ലാം അഭിനയിക്കുന്നത്. സജ്ജൻ തന്നെ സംബന്ധിച്ച നിരവധി റൊമാന്റിക് കഥകൾ സത്യവും നുണയും ചേർത്തു പറഞ്ഞുകേൾപ്പിച്ചു. തെരുവിൽ സ്റ്റുഡിയോ തുടങ്ങിയ ഉദ്ദേശം തന്നെ അതാണെന്ന് പറഞ്ഞു കേൾപ്പിച്ചു. അവിടെ വളരെ ആനന്ദിക്കാൻ കഴിഞ്ഞെന്നും അറിയിച്ചു. രഹസ്യമായി ഉല്ലസിക്കാൻ താൻ ലക്ഷക്കണക്കിന് പണം ചെലവഴിക്കാറുണ്ടെന്നും അറിയിച്ചു.

കാര്യദർശി വലയിൽ വീണു. ധനവതിയും ആ വീടു വന്നു കണ്ടിട്ട് പോയതാണ്. വനകന്യയെക്കാൾ സജ്ജനോട് ബന്ധം സ്ഥാപിക്കാനായിരുന്നു അവളുടെ ശ്രമവും.

ഒരു ദിവസം ധനവതി, സജ്ജനെ ഉച്ചയ്ക്ക് അവളുടെ വീട്ടിൽ ഊണിനു ക്ഷണിച്ചു. സജ്ജൻ ഒട്ടൊന്നു മടിച്ചു. പിന്നെ ആലോചിച്ചു. ഒടുവിൽ പോയി. അന്നാണ് അടവുകൾ മുഴുവൻ മനസ്സിലായത്. സുന്ദർ ബീബി ഔഷധാലയത്തിനും, മഹിളാസദനത്തിനും ഇടയ്ക്കുള്ള ഫ്രണ്ട്സ് ട്രേഡിങ് കോർപ്പറേഷൻ കെട്ടിടം, വാസ്തവത്തിൽ പുരുഷന്മാർക്ക് വരാനും പോകാനുമുള്ള സൗകര്യ

ത്തിനു വേണ്ടിയുള്ള ഒരേർപ്പാടാണ്. ഷെയർ മാർക്കറ്റുമായി ബന്ധപ്പെട്ട ഒന്നാണീ സ്ഥാപനം. സദനത്തിലെ ധനികനായ ഒരു സംരക്ഷകന്റെ ചില ജോലിക്കാർ അവിടെ പണിയെടുക്കുന്നുണ്ട്. ഷെയർ വ്യാപാരം പേരിനു മാത്രം. അതിന്റെ മറവിൽ ആളുകൾക്ക് സദാസമയവും വരാനും പോകാനുമുള്ള ഒരടവായിരുന്നു അത്. സജ്ജനും അതുവഴിയാണ് അകത്തു പോയത്. താഴത്തെ വരാന്ത ഒഴിഞ്ഞു കിടന്നു. മുകളിൽ തുറന്ന മട്ടുപ്പാവ്. എതിർ വശത്ത് മൂന്നായി തിരിച്ച ഒരു വലിയമുറി. അകത്തു ചെന്നാൽ മൂന്നു ചെറിയ മുറികൾ ഭിത്തികെട്ടിത്തിരിച്ചതായി കാണാം. ഔഷധാലയവും, കോർപ്പറേഷനും, സദനവും, മൂന്നിനേയും കൂട്ടിയിണക്കുന്നതാണ് മുകളിലത്തെ നില. ശ്രീമതി ധനവതീദേവി, സജ്ജനെ സദനത്തിലെ ഒരു പ്രത്യേക മുറിയിലേക്കു കൊണ്ടുപോയി. അവിടെയിരുന്നാൽ, സദനത്തിൽ തുന്നൽ ക്ലാസ്സിലും നെയ്ത്തു ക്ലാസ്സിലും മറ്റുമിരുന്നു ജോലി ചെയ്യുന്ന സ്ത്രീകളെ കാണാം. കുറച്ചു കഴിഞ്ഞ് ധനവതീദേവി വീണ്ടുംവന്നു. ഒരു കിളിവാതിലിൽ നിന്ന് മാറ്റി, മറ്റൊരു കിളിവാതിലിലേക്ക് അയാളെ ക്ഷണിച്ചു. മറുവശത്തെ മുറിയിൽ എട്ടുപത്തു സ്ത്രീകൾ കൂട്ടംകൂടി നില്പുണ്ട്. സ്ത്രീകളുടെ ചായകുടി സമയമാണ്. ഈ സമയത്താണ്, ആവശ്യക്കാർക്ക്, കിളിവാതിലിലൂടെ ചരക്കുകാണിച്ചു കൊടുക്കുന്നത്. ഏതിനെ ഇഷ്ടപ്പെടുന്നോ, അതിനെ സേവനാർഥം എത്തിച്ചുകൊടുക്കും. സജ്ജൻ അവർ സംസാരിക്കുന്നതും കേട്ടുനിന്നു. വീടിനെയും ഭർത്താക്കന്മാരേയും ബന്ധുക്കളെയും കുറിച്ചാണ് സംഭാഷണം. വീട്ടിൽ നിന്നു വരാൻ അവർ പറയുന്ന നുണകളെക്കുറിച്ചും പറഞ്ഞുരസിക്കുന്നുണ്ട്. സജ്ജനോട് കഴിവതും ഒട്ടിച്ചേർന്നു നില്ക്കാനാണ് ധനവതീദേവിയുടെ ശ്രമം. രസത്തിൽ അവൾ ആ സ്ത്രീകളെക്കുറിച്ചു വർണിക്കുന്നുണ്ട്. രണ്ടുമൂന്നുപേരുടെ ഭർത്താക്കന്മാർ വൃദ്ധരാണ്; ഒരാളുടെ ദാരിദ്ര്യത്തെക്കുറിച്ച് വർണിച്ചുകൊണ്ട് അവൾ പറഞ്ഞു "ഒരുപാട് പാവപ്പെട്ടവർക്ക് ഇവിടെനിന്ന് ആഹാരം എത്തിച്ചുകൊടുക്കുന്നുണ്ട്. ശരീരത്തിന്റെയും മനസ്സിന്റെയും വിശപ്പ് തീർക്കുകയും ധനദാരിദ്ര്യം ഇല്ലാതാക്കുകയുമാണ് ഞങ്ങളുടെ ലക്ഷ്യം.. അതൊരു പുണ്യമാണെന്ന് ഞാൻ പറയും.."

സജ്ജന് ധനവതിയെക്കുറിച്ച് ഭയംതോന്നി...അന്നയാൾ 'അപ്സരസ്സുകളെ' ഒന്നും തെരഞ്ഞെടുത്തില്ല.

സജ്ജൻ തുടർച്ചയായി മൂന്നുനാലു ദിവസം അവിടെപ്പോയി. ധനവതീദേവി തന്നോടടുക്കാൻ കാട്ടുന്ന വിക്രിയകൾ അയാൾ സഹിച്ചു. അവളെ പ്രീണിപ്പിക്കാൻവേണ്ടി, അവളുടെ ആഗ്രഹത്തിനൊത്ത് ഇരുനൂറ്റി അമ്പതുരൂപാ വിലവരുന്ന ഒരു വാച്ചും സമ്മാനിച്ചു.

ഈ മുന്നുനാലു ദിവസങ്ങളിൽ, സമൂഹത്തെയും തന്നെയും സംബന്ധിച്ച നിരവധി അനുഭവങ്ങൾ നേടാൻ കഴിഞ്ഞു. തന്നെ സംബന്ധിച്ചുണ്ടായ പുതിയ ഈ അനുഭവത്തിൽ അയാൾക്കുതന്നെ ആശ്ചര്യം തോന്നി. കുറച്ചു മാസം മുമ്പുവരെ ഇതേ സജ്ജൻ, പുറമേ ഇത്തരം ഹീനവൃത്തികളെ അധിക്ഷേപിക്കുമായിരുന്നെങ്കിലും, ഉള്ളിൽ അവയോട് ആകർഷിതനാവുമായിരുന്നു. പക്ഷേ ഇന്ന് ഈ കാഴ്ചകൾ ഇരവുപകൽ അയാളുടെ ഹൃദയത്തെ അലട്ടുകയാണ്. കന്യയെ വിവാഹം ചെയ്യുന്നതിനു മുമ്പുണ്ടായിരുന്ന ലാലസയും വിവാഹത്തിനു ശേഷമുണ്ടായ ആത്മവിശ്വാസവും ശുദ്ധവിചാരങ്ങളും അയാളുടെ ഹൃദയത്തിന് പുതി

യൊരു അനുഭവം പ്രദാനം ചെയ്യുകയാണ്. മൂന്നുനാലു ദിവസം സദനത്തിൽ വന്നപ്പോഴാണ് അത് അയാൾക്ക് ബോധ്യമായത്. സ്വാഭിമാനവും സൽസ്വഭാവവും ചാരിത്ര്യവും ഉൾക്കൊള്ളുന്ന നാരീരൂപത്തിന്റെ പുതിയ ഭാവം വനകന്യയുടെ രൂപത്തിൽ അയാളുടെ ജീവിതത്തിൽ സ്ഥലം പിടിച്ചിരിക്കുകയാണ്. അയാളെ ഉന്നതനിലവാരത്തിലേക്ക് ഉയർത്താൻ അതിടയാക്കി. അമ്മയെ അല്ലാതെ മറ്റൊരു സ്ത്രീയെയും അയാൾ ബഹുമാനിച്ചിരുന്നില്ല. അയാളുടെ ഭാര്യ സ്വന്തം ആചാരവിചാരങ്ങളാൽ അയാളിൽനിന്ന് അതു പിടിച്ചുപറ്റി. വനകന്യയെ ആദരിക്കാൻ തുടങ്ങിയത് അയാളുടെ ജീവിതത്തിലെ ഒരു വിപ്ലവമായിരുന്നു. ചെറുപ്പക്കാരായ സുന്ദരിസ്ത്രീകളോടുള്ള അയാളുടെ ഭാവത്തിനുതന്നെ മാറ്റം വന്നു. സദനത്തിൽ നാലുദിവസത്തെ സന്ദർശനം കൊണ്ട്, സ്വന്തം സ്വഭാവത്തിലുണ്ടായ ഈ മാറ്റത്തെക്കുറിച്ചയാൾക്ക് വ്യക്തമായി മനസ്സിലാക്കാൻ കഴിഞ്ഞു. സ്വന്തം അനുഭവത്തിൽനിന്നും, സദനത്തിലെ ചുറ്റുപാടിൽനിന്നും, അയാൾ ഈ സ്ത്രീകൾ ഈ മാർഗം സ്വീകരിക്കാനിടയാകുന്നതെന്തെന്നും മനസ്സിലാക്കി. വിലാസിനികളായ പണക്കാരികൾ, കൗതുകത്തിനും രസിക്കാനും വേണ്ടിയാണ് വരുന്നത്.. ഭർത്താക്കന്മാർ അവരെ ചതിക്കുന്നു. അതിനാൽ അവരെ ചതിക്കാൻ ഇവരും തയ്യാറാകുന്നു. കഷ്ടപ്പെട്ടു ജീവിതം നയിക്കാൻ നിർബന്ധിതരാകുന്ന വിധവകൾ പ്രലോഭനങ്ങൾക്കു വശംവദരായി ഇതിലേക്കുവരുന്നു. നമ്മുടെ സാമൂഹ്യ വ്യവസ്ഥിതിയിൽ വിധവകൾക്ക് ജനങ്ങളിൽ നിന്നും സമ്പത്തിൽ നിന്നും അകന്നുമാറിക്കഴിയാനാണ് വ്യവസ്ഥ. മതധർമ കാര്യങ്ങൾക്കെന്നു പറഞ്ഞും, തുന്നൽ പഠിക്കാനെന്ന വ്യാജേനയും, ജോലി ചെയ്തു കൂലി വാങ്ങാനെന്ന ഭാവേനയുമാണവർ വരുന്നത്. കുറഞ്ഞ വരുമാനമുള്ള ഇടത്തരം കുടുംബത്തിലെ സ്ത്രീകൾ, തങ്ങളുടെ മോഹങ്ങളും ആഗ്രഹങ്ങളും സഫലീകരിക്കാനുള്ള സാമ്പത്തിക നേട്ടങ്ങൾക്കായിട്ടാണ് വരുന്നത്. മാതൃഗൃഹത്തിൽ വച്ചവർ കരുതിയിരിക്കും ഭർതൃഗൃഹത്തിൽ ചെന്നശേഷം തന്റെ മോഹങ്ങൾ സഫലീകരിക്കാമെന്ന്. അവിടെ എത്തുമ്പോഴാണ് സ്വപ്നങ്ങൾ വിഫലമാകുന്നത് മനസ്സിലാകുന്നത്. പിന്നെ ഇതേ മാർഗമുള്ളൂ. അധികം സ്ത്രീകളും ഭർത്താക്കന്മാരുടെ സാമ്പത്തിക വൈഷമ്യങ്ങളിൽ പങ്കുചേർന്ന് നരകിച്ചു കഴിയും. സിനിമയിലെ പ്രവണതകൾ കണ്ട് മനസ്സിളകിയ ദുർബലചിത്തകളായ സ്ത്രീകൾ, മനസ്സിനിണങ്ങിയ ഹീറോയെ നേടിക്കഴിയും – തന്റെ ഭർത്താവിന്റെ സ്വഭാവത്തിനു വിപരീതമായി തന്റെ സൗന്ദര്യത്തെയും ഗുണഗണങ്ങളെയും പുകഴ്ത്തി തനിക്ക് സുഖസംതൃപ്തിയിൽ മുഴുകിക്കഴിയാനിട നല്കുന്ന ഹീറോമാരെ...സംഗീതവും നൃത്തവും പഠിപ്പിക്കാനെന്ന നാട്യത്തിൽ, ചെറുപ്രായക്കാരായ കന്യകകളെയും പ്രലോഭിപ്പിച്ചു കൊണ്ടുവരുന്നുണ്ടെന്ന് സജ്ജൻ മനസ്സിലാക്കി. തങ്ങളനുഭവിച്ചിട്ടില്ലാത്ത ലൈംഗികബന്ധത്തെക്കുറിച്ച് ഉൽക്കടമായ കൗതുകവും സങ്കല്പവും പുലർത്തുന്നവരാണവർ. പണമില്ലാത്തതുകൊണ്ട് വിവാഹം ചെയ്ത് അയക്കാത്ത മധ്യവയസ്കരായ യുവതികളും അവിടെ വരുന്നുണ്ട്. ഒരിക്കൽ തെറ്റിലേക്കും പാപത്തിലേക്കും വഴുതിവീണ സ്ത്രീയുടെ ജീവിതം വിപ്ലവകരമായ മാറ്റങ്ങൾക്കിരയാകുന്നു. ഗൂഢാലോചനകളുടെയും ചതിയുടെയും ഇരയായിത്തീരുന്ന സ്ത്രീകൾ, വർഗത്തിന്റെ അച്ചടക്കം സ്വയം സ്വീകരിക്കുന്നു. സംഘത്തിൽ കൂടുതൽ ആളെ ചേർക്കാൻ ഇവർ തന്നെ ശ്രമിക്കും. നല്ല സ്വഭാവക്കാരാ

ണെങ്കിലും ദുർബലചിത്തരായതിനാൽ, ഒരിക്കൽ അകപ്പെട്ടതിനാൽ പിന്നെ കര കയറാനാകാതെ കഴിയുന്നവരും ഇല്ലാതില്ല. രാവും പകലും മനസ്സെരിഞ്ഞ്, നീറി, കഴിയുകയാണവർ.

ഈ നാലു ദിവസവും സജ്ജൻ തന്റെ ഹൃദയത്തിന്റെ ഓരോ കോണും പരതി. അന്തസ്സും ആഭിജാത്യവും സാമൂഹ്യസ്ഥിതിയും മാന്യതയുമെല്ലാം സ്വർണത്തെപ്പോലെ തിളങ്ങുന്നുണ്ടെങ്കിലും അവയെല്ലാം നാറുന്ന ചെളിക്കുഴിയിൽ പുതഞ്ഞാണു കിടക്കുന്നതെന്ന് അയാൾക്കു തോന്നി. ഈ മാന്യതകൾക്ക് സമൂഹത്തിൽ ഉള്ള വില, സദനത്തിന്റെ നടയിൽ തൂക്കിയ പരസ്യപ്പലകയ്ക്കുള്ള വില മാത്രമാണ്. ചിത്രാരാജദാൻ മുതൽ ധനവതീദേവി വരെ, സദനത്തിൽ വരുന്ന സകല മാന്യസ്ത്രീകളും വേശ്യകളാണ്. തെരുവിൽ ഉടുത്തൊരുങ്ങി ആളെ സ്വീകരിക്കുന്നവൾ, ഇവരെക്കാൾ കൂടിയ പാപമൊന്നുമല്ല ചെയ്യുന്നത്. പിന്നെ അവളെ മാത്രം അവഹേളിക്കുന്നതെന്തിന്? പുറമെ മതത്തിന്റെയും ധർമാനുഷ്ഠാനങ്ങളുടെയും പുറംചട്ടയണിഞ്ഞ് സദാചാരവും പ്രസംഗിച്ച് നടക്കുകയും, രഹസ്യമായി അന്തസ്സായ വേശ്യാവൃത്തി നടത്തുകയും ചെയ്യുന്ന ഈ മാന്യകളെ തൊലിപൊളിച്ചു കാണിച്ചാലെന്ത്? മാന്യസമൂഹം, സ്വന്തം മാന്യത കൊള്ളയടിക്കപ്പെടാൻ വേണ്ടിയല്ലേ ഈ കേന്ദ്രം നടത്തുന്നത്. ഇത്തരം വ്യാജ മാന്യതകൾ എന്തുകൊണ്ട് പൊളിച്ചുകാണിച്ചുകൂടാ. അയാൾക്ക് ശ്വാസംമുട്ടും പോലെ തോന്നി. സമൂഹത്തിലെ അഴുക്കും വൃത്തികേടും പുറത്തെടുത്തിടുന്നത് സമൂഹത്തിന്റെ നന്മയ്ക്കു ചേർന്നതാണോ? അങ്ങനെ ചെയ്താൽ നാണക്കേട് സർവത്ര വ്യാപിക്കില്ലേ? ഉന്നതസ്ഥാനീയരുടെ മാന്യതയെക്കരുതി എത്ര നാൾ ഇതെല്ലാം അടക്കിവയ്ക്കാൻ കഴിയും? ലോകത്തെ ഭയന്ന് ഇതെല്ലാം രഹസ്യമായി ചെയ്തുകൊണ്ടിരിക്കുന്ന സമൂഹം, പിന്നെ അപമാനഭീതിയില്ലാതെ ഇതെല്ലാം തുറന്നു ചെയ്യാൻ തുടങ്ങിയാലോ?... അതെന്തു ഭയങ്കരമായ ലോകമായിരിക്കും...! കർണൽ ഈ വൃത്തികേടുകളിൽ തല കൊണ്ടിടരുതെന്ന് ഉപദേശിച്ചതാണ്. പക്ഷേ സജ്ജൻ സദനത്തിലെ അനുഭവങ്ങളും, പൊലീസിന്റെ സഹായത്തോടെ ഈ വ്യഭിചാരത്തിന്റെയും അനാചാരങ്ങളുടെയും കേന്ദ്രം തകർക്കാനുള്ള തന്റെ നിശ്ചയവും അറിയിച്ചപ്പോൾ കർണലും അതിനോട് യോജിച്ചു. പരദുഃഖം കണ്ടാൽ പെട്ടെന്നലിയുന്ന ഹൃദയമാണയാളുടേത്. അയാളും എന്തും ചെയ്യാൻ സന്നദ്ധനായി. അധികാരി വർഗത്തിൽ പലരെയും സജ്ജന് അറിയാം. പക്ഷേ കർണലിനോളം അവരോട് ഗാഢ ബന്ധമില്ല. കർണൽ എല്ലാവരെയും കാണുകയും ഉപചരിക്കുകയും ചെയ്യാറുള്ളതാണ്. സജ്ജൻ പറഞ്ഞു "പോലീസ് സൂപ്രണ്ടിനെ കാണൂ. ഞാനും നിങ്ങളോടൊപ്പം വരാം."

കർണൽ പറഞ്ഞു "എനിക്കുതോന്നുന്നത് നീ നേരിട്ട് മന്ത്രിയെ കാണണമെന്നാണ്. ഇങ്ങനെയുള്ള കേസുകളിൽ പോലീസ് സൂപ്രണ്ടുമാർ വരെ ഗൂഢാലോചനയിൽ കാണും. അലിഗഢിൽ ഇതുപോലെ സ്ത്രീകളെ വില്പന നടത്തുന്ന ഒരു കേന്ദ്രം ഉണ്ടായിരിന്നു. അഞ്ച് ഡപ്യൂട്ടി സൂപ്രണ്ടുമാരും എസ് പിമാരും അതിൽ ഉൾപ്പെട്ടിരുന്നു. ഉത്തർപ്രദേശിലെ സി ഐ ഡി യാണ് ഈ കേസ് പിടിച്ചത്."

അത് കേട്ടിട്ട് സജ്ജൻ ചോദിച്ചു "സർക്കാർ ഇതിൽ എന്തു നടപടി സ്വീകരിച്ചു?"

"എല്ലാവരെയും ജോലിയിൽ നിന്ന് പിരിച്ചുവിട്ടു. പോലീസ് സൂപ്രണ്ടിനെ മാത്രം ഡിസ്മിസ് ചെയ്തില്ല. അയാളിൽ നിന്ന് രാജി എഴുതി വാങ്ങി. അതാണ് പറഞ്ഞത്..."

സജ്ജൻ ഇടക്കുകയറിപ്പറഞ്ഞു "നോക്കൂ സ്നേഹിതാ, ഇക്കാര്യത്തിൽ മിനിസ്റ്ററുടെ അടുത്തുപോകാതെ ഇവരെക്കൊണ്ടു കാര്യം നടത്തണമെന്നാണ് എന്റെ അഭിപ്രായം. ഇവരെല്ലാവരും ചീത്തയൊന്നുമല്ല; പോലീസിൽ ചുമതലാബോധമില്ലാത്തവരും ഇല്ലെന്നല്ല. പക്ഷേ എല്ലാവരും അങ്ങനെയാണെന്നുവരില്ല. അവരുടെയും അഭിമാനത്തിന്റെ പ്രശ്നമല്ലേ...?"

"ശരിയാണ്. നല്ലവരും ഉണ്ട്. പക്ഷേ വളരെക്കുറവാണ്. ഈ പോലീസുദ്യോഗം തന്നെ വിചിത്രമാണ്. ആ കുപ്പായത്തിൽ കയറിയാൽ പിന്നെ നല്ലവനും പൊല്ലാത്തവനാകും."

"എങ്കിലും എനിക്കു തോന്നുന്നുത് നേരിട്ട് എസ്.പി. യെക്കൊണ്ട് കാര്യം നടത്തിക്കാമെന്നാണ്. എല്ലാത്തിനും മുകളിൽനിന്ന് സഹായം തേടുന്നത് ശരിയല്ല. പ്രത്യേകിച്ച് ഇത്തരം കാര്യങ്ങളിൽ. ആളുകളുടെ സന്മനോഭാവത്തിൽ നിന്ന് സഹായം തേടണം..."

കന്യക്ക് ഇക്കാര്യമൊന്നും അറിഞ്ഞുകൂടായിരുന്നു.

ഇന്ന് സജ്ജനു വേണ്ടി "വിശിഷ്ടമായ" ഒരു കാഴ്ചവസ്തു പ്രദാനം ചെയ്യാമെന്ന് ധനവതീദേവി വാക്കുകൊടുത്തിരുന്നു. സാധാരണക്കാർക്ക് അത്തരത്തിലുള്ള സാധനങ്ങൾ സുലഭമായി കിട്ടുകയില്ല. സദനത്തിലെ അന്യ സ്ത്രീപുരുഷ ജോഡികളെ കാണിക്കാമെന്നും ധനവതി, വാക്കുകൊടുത്തിരുന്നു. ധനവതീ ദേവിക്ക് സജ്ജനോട് അങ്ങേ അറ്റം പ്രതിപത്തി തോന്നി. ഈ കേന്ദ്രത്തിൽ, അനേകം പണക്കാരും വിദ്യാസമ്പന്നരും വക്കീലന്മാരും വ്യാപാരികളും മറ്റും വരാറുണ്ട്. പക്ഷേ സജ്ജനെപ്പോലെ പേരും പെരുമയുമുള്ള, സുന്ദരനായ, കലാകാരനായ ഒരാൾ ധനവതിയോട് സമ്പർക്കത്തിലേർപ്പെട്ടിട്ടില്ല. സരസൻ..... സ്ത്രീകളെ അകലെ നിർത്തിയാലും, അവരെ രസിപ്പിക്കാനും, സന്തോഷിപ്പിക്കാനും കഴിവുള്ളവൻ...പണ്ടത്തെ പാപിയായ സജ്ജൻ ഇപ്പോൾ ധനവതിയുടെ ഹൃദയത്തിൽ ദാഹവും മോഹവും സൃഷ്ടിക്കുകയാണ്. സ്വപ്നങ്ങൾ നെയ്യുന്നു. ഒരിക്കൽ കാര്യദർശിയോടൊപ്പം ധനവതി സജ്ജന്റെ കൊട്ടാരം പോലത്തെ വീട്ടിൽ പോയിട്ടുണ്ട്. ആർഭാടം നിറഞ്ഞ പല കുബേരമന്ദിരങ്ങളും അവൾ കണ്ടിട്ടുണ്ട്. പക്ഷേ ഈ അലങ്കാരങ്ങളും, സുന്ദരശില്പങ്ങളും വിലയേറിയ ക്യൂറിയോകളും, ചിത്രങ്ങളും അവൾ മറ്റെങ്ങും കണ്ടിട്ടില്ല. ഇതിന്റെ എല്ലാം പ്രഭാവത്താൽ, ധനവതി, അവളറിയാതെ തന്നെ സജ്ജന്റെ ഗൂഢാലോചനയ്ക്കുള്ള കരുവായും, പ്രധാന സഹായിയായും മാറി.

പതിവിലും നേരത്തെ സജ്ജൻ അന്ന് അവിടെ എത്തി. ധനവതി, അവളുടെ മുറിയിലാണ് അന്നയാളെ ഇരുത്തിയത്. എന്നിട്ടവൾ പുറത്തേക്കുപോയി.

തനിയേ ഇരുന്നപ്പോൾ പല ചിന്തകളും-നല്ലതും ചീത്തയും ഉൾപ്പെടെ-സജ്ജന്റെ ഹൃദയത്തിലൂടെ കടന്നുപോയി. ഇന്ന് പുതിയ ഒരു പരിതഃസ്ഥിതിയിലാണീ സന്ദർശനം. ഓരോ ഇഞ്ച് പ്രദേശത്തും രഹസ്യപ്പോലീസ് വലവിരിച്ചിട്ടുണ്ട്. നിശ്ചിത സമയത്ത്, സജ്ജൻ സൂചന നൽകിയാൽ മതി, പോലീസുകാർ ഈ നരകത്തിന്റെ രഹസ്യം പൊളിച്ചു മാറ്റും. സജ്ജനെ മിത്രമായി

കണ്ട്, സ്വന്തം രൂപം വെളിച്ചത്താക്കിയ കാര്യദർശിയും ധനവതിയും ഇന്ന് സജ്ജന്റെ യഥാർഥ രൂപം കാണും. ധനവതിയുടെ നേരെ നോക്കാൻപോലും സജ്ജനിന്നു സങ്കോചം തോന്നി.

എതിർവശത്തെ മുറിയിൽ നടക്കുന്ന പ്രാർഥനയും പാരായണവും സജ്ജന്റെ ശ്രദ്ധയിൽപെട്ടു. കാര്യദർശിതന്നെ ഭാഗവതം വായിച്ചു കേൾപ്പിക്കുകയാണ്. അർഥം വിവരിക്കുകയാണ്. "ഭാഗവതത്തിൽ ശ്രീകൃഷ്ണഭഗവാന്റെ വസ്ത്രാപഹരണ ലീല വളരെ സുന്ദരമായ ഒരുദാഹരണമാണ്. പുല്ലാങ്കുഴലും ഊതിക്കൊണ്ട് ഭഗവാൻ, ഗോപികമാരുടെ വസ്ത്രങ്ങൾ എടുത്തുകൊണ്ട് കദംബ വൃക്ഷത്തിൽ കയറിയിരുന്നു. നദിയിൽ ഗോപികമാർ നഗ്നരായി നിന്ന് കുളിക്കുകയാണ്..."

ധനവതി, സജ്ജന്റെ മനസ്സിനുല്ലാസം വരുത്താനായി ഒന്നു രണ്ടു കൊച്ചു പുസ്തകങ്ങൾ കൊണ്ടുകൊടുത്തിട്ടുപോയി. കുറച്ചു സമയത്തിലുള്ളിൽ സജ്ജനെ 'ഒരു സ്വർഗീയദൃശ്യം' കാണിക്കാമെന്നും അവൾ പറഞ്ഞിട്ടാണ് പോയത്. ബോംബിനെപ്പോലെ സ്ഫോടകാത്മകമായ പുസ്തകങ്ങൾ. കാമക്രീഡകൾ പച്ചയായി വിവരിക്കുന്ന ഇത്തരം പുസ്തകങ്ങൾ സജ്ജൻ മുമ്പ് കണ്ടിട്ടുണ്ട്. സഞ്ചാരത്തിനിടയിൽ പല ഹോട്ടലുകളിലും ഈ സാഹിത്യം വായിക്കാൻ കിട്ടിയിരുന്നു. പക്ഷേ ഇതേവരെ ഇംഗ്ലീഷിൽ മാത്രമേ ഇത്തരം കൃതികൾ കണ്ടിട്ടുള്ളൂ. ഹിന്ദിയിൽ അത്തരം രചനകൾ കണ്ടപ്പോൾ അയാൾക്ക് കനത്ത ഒരടിയേറ്റ പോലെ തോന്നി. ഹിന്ദിയിൽ അവ കണ്ടപ്പോൾ അങ്ങനെ തോന്നാനെന്താണ് കാരണമെന്ന് അയാൾക്കും വ്യക്തമല്ല. എങ്കിലും അത് തീരെ പിടിച്ചില്ല. ഒരു പുസ്തകത്തിൽനിന്ന് രണ്ടു പുറങ്ങൾ വായിച്ചപ്പോഴേക്കും ചോര തിപിടിച്ചു. അയാൾ പുസ്തകം അടച്ചുവച്ചു. പൂജാ ഹാളിൽ നിന്ന് കാര്യദർശിയുടെ ശബ്ദം ഉയർന്നു കേൾക്കാം. ഭഗവാൻ ശ്രീകൃഷ്ണന്റെ വസ്ത്രാപഹരണകഥ അതീവ ചാതുര്യത്തോടെ വിവരിക്കുകയാണയാൾ. സജ്ജന് ദേഷ്യം തോന്നി. ഭഗവാൻ വ്യാസൻ, ഇയാൾ വിവരിക്കുന്ന ഈ ഉദ്ദേശത്തോടെയാണോ ഈ കഥ ഭാഗവതത്തിൽ എഴുതിയത്? കൃഷ്ണനെ വിലാസ ലോലനെന്നും മറ്റും ചിത്രീകരിക്കാറുണ്ട്. പക്ഷേ അങ്ങനെയായിരുന്നെങ്കിൽ അനേകായിരം വർഷങ്ങൾക്കു ശേഷം ഇന്നും അദ്ദേഹത്തെ പൂജിക്കുമോ? കൃഷ്ണൻ, രാധ, ഗോപികമാർ, എന്തിന് വ്രജഭൂമിയൊന്നാകെത്തന്നെ സജ്ജന് പ്രത്യേകം അടുപ്പമുള്ള കാര്യങ്ങളാണ്. മഥുരയും, വൃന്ദാവനവും, ഗോവർധനവും കണ്ടുവന്ന സജ്ജന്റെ ദൃഷ്ടിയിൽ കൃഷ്ണന് ഉന്നതമായ സ്ഥാനമാണുള്ളത്. വ്യാസനും ജയദേവനും, മറ്റു കവികളും, എന്തു കാരണത്താലാണ്, ആത്മാവും പരമാത്മാവും തമ്മിലുള്ള ബന്ധത്തെ ഈ വിധം കാമബന്ധമായിച്ചിത്രീകരിച്ചതെന്ന് അയാൾ ആലോചിച്ചു. ജഗന്നാഥപുരിയിലും ഖജുരാഹോ തുടങ്ങിയ ഇടങ്ങളിലും ക്ഷേത്രങ്ങളിലുമൊക്കെ, കാമശാസ്ത്രത്തിലെ ആസനങ്ങളിൽ നര-നാരിമാരെ ചിത്രീകരിക്കുകയും കൊത്തിവയ്ക്കുകയും ചെയ്തതെന്തിന്? ഈ രഹസ്യ കാമ-ശൃംഗാര പുസ്തകങ്ങൾ നിയമ വിരുദ്ധമായതെന്ത്? ഇതേ കാരണത്താൽ തന്നെ ക്ഷേത്രങ്ങളിലെ ആ വിഗ്രഹങ്ങളും നിയമവിരുദ്ധമെന്ന് പറഞ്ഞ് നശിപ്പിച്ചു കളയാത്തതെന്ത്? ഈ പത്തുപന്ത്രണ്ട് നൂറ്റാണ്ടുകൾക്കിടയിൽ ആർക്കും ആ ചിത്രങ്ങൾ അശ്ലീലങ്ങളായി തോന്നാത്തതും, അവയെ നശിപ്പിക്കാത്തതും എന്തുകൊണ്ടാണ്? സജ്ജൻ ഖജുരാഹോയിലും പുരിയിലും മറ്റും, ഈ ശില്പങ്ങൾ കണ്ടപ്പോൾ

അവ കൈകാര്യം ചെയ്ത വിഷയങ്ങൾ അയാളിൽ ഇക്കിളിയുണ്ടാക്കിയെങ്കിലും, അതിന്റെ കലാഭംഗിയാണയാളെ കൂടുതൽ ആകർഷിച്ചത്. എത്ര ജീവസ്സുറ്റ രീതിയിലാണവ കൊത്തിയുണ്ടാക്കിയിരിക്കുന്നത്. എത്ര സുന്ദരം! സജ്ജൻ ആലോചിച്ചു. എന്റെ താല്പര്യം വേറെയായിരുന്നിരിക്കാം. സാധാരണക്കാരനായ ഒരാളിൽ ഈ കലാസൗന്ദര്യം എന്തു പ്രഭാവമാണ് ചെലുത്തുക? അമ്മയും അച്ഛനും മകനും മകളും അടങ്ങുന്ന കുടുംബങ്ങളായിരിക്കും അവിടെ പോകുന്നത്. സദാചാരങ്ങളിലും മറ്റും വിശ്വസിക്കുന്ന കുടുംബങ്ങൾ.. ഈ വസ്ത്രാപഹരണത്തിന്റെയും രാധാകൃഷ്ണന്മാരുടെയും ഗോപീ–കൃഷ്ണന്മാരുടെയും മറ്റും വിലാസപൂർണമായ ചിത്രങ്ങൾക്കു മുന്നിൽ പ്രേമപൂർവം ഗാനങ്ങൾ പാടുന്നു. ഇതിന്റെയെല്ലാം കാരണമെന്താണ്? പ്രാചീന സാഹിത്യത്തിൽ- രാമായണത്തിൽപോലും–കാമക്രീഡാ വിലാസങ്ങൾ തുറന്നു വർണിച്ചിട്ടുള്ള കാര്യം മഹിപാൽ പറയാറുണ്ട്. താൻ തന്നെ എവിടെയോ വായിച്ചിട്ടുണ്ട്. എന്തുകൊണ്ടാണിങ്ങനെ? ഒരു വശത്ത്, ഈ കാമക്രീഡാസംബന്ധമായ കാര്യങ്ങൾ നാം മനഃപൂർവം ഒഴിവാക്കുന്നു. മറുവശത്ത് അതിനെ നാം അത്യന്തം താല്പര്യത്തോടെ വാഴ്ത്തിപ്പാടുന്നു. എന്താണ് സത്യം? സ്ത്രീ–പുരുഷന്മാരുടെ ശാരീരിക സംയോഗം സത്യമാണ്. എന്നാൽ സമൂഹത്തിലെ അത്യന്തം മഹത്തായ ഈ ബന്ധത്തെക്കുറിച്ച് ഓരോ വ്യക്തിയുടെയും ബുദ്ധിയിൽ സങ്കോചവും അറപ്പും ഉണ്ടാക്കുന്നതെന്ത്? ഒരേ നാവു കൊണ്ട് നാമിതിനെ പുകഴ്ത്തുകയും പഴിക്കുകയും ചെയ്യുന്നതെന്താണ്? ഭാരതത്തിൽ മാത്രമല്ല, ലോകത്താകമാനവും, ഈ വിരോധാഭാസം നൂറ്റാണ്ടുകളായി തുടർന്നുവരികയാണ്... എന്താണിതിനർഥം? സാമ്പത്തികവും രാഷ്ട്രീയവുമായ പ്രശ്നങ്ങളെക്കാൾ മഹത്വം കുറഞ്ഞതാണോ ഈ പ്രശ്നം.. സ്ത്രീപുരുഷ ബന്ധത്തെ സംബന്ധിച്ച പ്രശ്നം മിക്ക രാഷ്ട്രീയ–സാമ്പത്തിക പ്രശ്നത്തിന്റെയും അടിസ്ഥാനമാകാറില്ലേ...?

ബംഗാളിലെ ക്ഷാമകാലത്ത് സജ്ജൻ അവിടെ പോയിരുന്നു. അവിടെ പാളയങ്ങൾ ചുറ്റിനടന്ന് കാണുന്നതിനിടയിൽ അയാൾക്ക് ഒരു കാര്യം മനസ്സിലായി; ക്ഷാമബാധിതരുടെ ഇടയിൽ നിന്ന് സ്ത്രീകളെ വിലയ്ക്ക് വാങ്ങി കൽക്കത്തയിലെ വലിയ ആളുകൾക്ക് വിൽക്കുന്ന സമ്പ്രദായവും അന്നവിടെ നിലവിലുണ്ടായിരുന്നു എന്ന്. റിക്ഷാക്കാർ ആളുകളെ വേശ്യാലയങ്ങളിലേക്ക് വിളിച്ചുകൊണ്ടുപോവും. അത്തരത്തിലുള്ള സർവസാധാരണമായ മാംസ വില്പനാലയങ്ങളിൽ കുറഞ്ഞതാണോ മാനംമര്യാദയായി കഴിയുന്നവരുടെ ഇടയ്ക്കുള്ള ഇത്തരം സദനങ്ങളും കേന്ദ്രങ്ങളും? ഇവർക്ക് സാമ്പത്തിക പ്രശ്നങ്ങളൊന്നുമില്ലേ? സ്ത്രീയുടെയും പുരുഷന്റെയും പ്രേമബന്ധവും കാമവാസനയും രാഷ്ട്രീയമായ അട്ടിമറികൾക്കിടയാക്കിയ എത്രയോ സംഭവങ്ങൾ ചരിത്രത്തിലുണ്ട്. എതിരാളികളെ കുടുക്കാൻ വേണ്ടി സുന്ദരികളായ ബാലികമാരെ കുഞ്ഞിലേ തന്നെ പഠിപ്പിച്ച് വിഷകന്യകളാക്കി മാറ്റുന്ന രാഷ്ട്രീയ തന്ത്രം ഭാരതത്തിലുണ്ടായിരുന്നു. നൃത്തവും പാട്ടും വഴി പുരുഷന്മാരെ വശീകരിക്കാനുള്ള ഉത്തമമാർഗങ്ങൾ ഇവരെ പഠിപ്പിച്ചുപോന്നു. ഈ വിഷകന്യകളെ സ്പർശിക്കുന്ന മാത്രയിൽതന്നെ പുരുഷൻ മരിച്ചുപോകത്തക്കരീതിയിൽ വിഷമൂട്ടിയാണത്രേ ഇവരെ വളർത്തിയത്. ഇത്തരം വിഷകന്യകളെ സജ്ജരാക്കേണ്ട രീതി ചാണക്യൻ അർഥശാസ്ത്രത്തിൽ വിവരിച്ചിട്ടുണ്ട്. രാഷ്ട്രീയത്തിലും സ്ത്രീപുരുഷബന്ധങ്ങൾ ചൂഷണം ചെയ്യ

പ്പെട്ടിട്ടില്ലേ? രാഷ്ട്രീയവും സാമ്പത്തികശാസ്ത്രവുമെല്ലാം വിശപ്പിനോടും കാമാസക്തിയോടും ബന്ധപ്പെട്ടുകിടക്കുന്നു. അപ്പോൾ ഈ പ്രശ്നത്തിൽ എന്തുകൊണ്ടൊരു വിപ്ലവമുണ്ടായിക്കൂടാ? 1943 ലെ കൊടും ക്ഷാമകാലത്ത് ബംഗാളികൾ മാനംമര്യാദയുടെ മൂടുപടങ്ങൾ പിച്ചിച്ചീന്തിയെറിഞ്ഞു. പട്ടിണികൊണ്ടു മരിക്കുന്ന കോടിക്കണക്കിനു ജനങ്ങൾ നിരത്തുകളിലും മൈതാനങ്ങളിലും പിടഞ്ഞു വീണു മരിക്കുകയും വിശപ്പിനെതിരെ മുറവിളികൂട്ടുകയും ചെയ്തപ്പോൾ ലോകം ആ ശബ്ദത്തിൽ നടുങ്ങിയില്ലേ? ആധുനിക സാമ്പത്തിക വ്യവസ്ഥിതിയിൽ സ്ത്രീകളുടെ അസമത്വാവസ്ഥ തുറന്നു കാണിക്കാനായി സഭ്യതയുടെയും സംസ്കാരത്തിന്റെയും ഉള്ളുകള്ളികൾക്കെതിരെ ഒരു വിപ്ലവം ഇന്നുണ്ടാവുകയാണെങ്കിലോ? അങ്ങനെ സംഭവിക്കുന്ന അന്ന് ഈ ലോകം തന്നെയില്ലാതാവില്ലേ?

ഇത്തരം വിചാരങ്ങളിൽ മുഴുകിയിരുന്ന സജ്ജന്റെ ഹൃദയം തിളച്ചു മറിഞ്ഞു. ധനവതിയുടെ ചിരി കേട്ടാണ് അയാൾ ഉണർന്നത്. മഷിയെഴുതിയ കൊച്ചുകണ്ണുകളിൽ വികാരം തുടുപ്പിച്ചു നിന്നുകൊണ്ട് അവൾ ചോദിച്ചു.

“വിശ്വാമിത്രൻ ആരെക്കുറിച്ചുള്ള ചിന്തയിലാണ്? ഇതാ അങ്ങയുടെ മേനകയെത്തി.”

സജ്ജന് കാമുകഭാവം അഭിനയിക്കേണ്ടി വന്നു. പക്ഷേ അതുവരെയുള്ള വിചാരങ്ങൾ അയാളിലുണ്ടാക്കിയ ഗൗരവഭാവത്തിൽ നിന്ന് പെട്ടെന്ന് പിൻമാറാൻ അയാൾക്കു കഴിഞ്ഞില്ല.

എതിർവശത്തുള്ള മുറിയിൽ കാര്യദർശി ഗോപീകൃഷ്ണലീലകളെ സംബന്ധിച്ച പ്രവചനം തുടരുകയാണ്. ധനവതി പുറത്തേക്കുള്ള വാതിലടച്ചിട്ടു മുറിയുടെ മുൻവശത്തുള്ള വാതിലിൽ ചെറുതായി തട്ടി. സജ്ജന് ഉള്ളിൽ ചിരി വന്നു. അതോടൊപ്പം കെട്ടിടത്തിനു പുറത്ത് അതിനെ വളഞ്ഞിരിക്കുന്ന പോലീസിനെക്കുറിച്ചും ഓർമ വന്നു. ധനവതിയുടെ സാന്നിധ്യത്തിൽ പോലീസിനെക്കുറിച്ചുള്ള ഓർമ അയാളിൽ ഒട്ടൊരു സങ്കോചമുണ്ടാക്കി. താൻ ചെയ്യുന്നതു തെറ്റാണോ?’

വാതിൽ അകത്തു നിന്നും തുറക്കപ്പെട്ടു. ധനവതി കാമദ്യോതകമായ നോട്ടത്തോടും പുഞ്ചിരിയോടും അയാളെ ക്ഷണിച്ചു. തന്റെ ലക്ഷ്യത്തിന്റെ ഗൗരവസ്വഭാവം ഉള്ളിൽ തന്നെ അടക്കിക്കൊണ്ട് അപരാധിയെന്ന ബോധം ഒതുക്കി നിർത്താൻ ശ്രമിച്ചുകൊണ്ടു മെല്ലെ എഴുന്നേറ്റു നടന്നു. ധനവതിയുടെ നോട്ടത്തിലും ചിരിയിലും ചുടുനിശ്വാസത്തിലും പുളിച്ച കള്ളിന്റെ നാറ്റമുള്ളതായി അയാൾക്ക് തോന്നി.

ഉള്ളിലെ ചെറിയ മുറിയിൽ ഇരുള് കട്ടപിടിച്ചു നിന്നു. സജ്ജൻ കടന്നു ചെന്ന വാതിലിനെതിതരെ ഒരടഞ്ഞവാതിലുണ്ട്. റോഡിന് അഭിമുഖമായുള്ള ചുവരിനു മുകളിൽ ചെറിയ കിളിവാതിലിലൂടെ നേരിയ പ്രകാശം കടന്നു വരുന്നുണ്ട്. പെട്ടികളും അലമാരിയും മറ്റും ഒതുക്കി വച്ചിരുന്ന ആ മുറിയുടെ മധ്യത്തിൽ വിരിയും കമ്പളുവുമിട്ട ഒരു കട്ടിൽ. അതിന്റെ തലയ്ക്കൽ അതീവ സുന്ദരിയായ ഒരു സ്ത്രീ നിന്നിരുന്നു. സജ്ജന്റെ നോട്ടം ഒന്നു രണ്ടു നിമിഷം വൈകിയാണ് അവളിൽ പതിഞ്ഞത്.

ധനവതി വൈദ്യുതവിളക്കിന്റെ സ്വിച്ചമർത്തി. സജ്ജന്റെ മനസ്സിൽ സൗന്ദര്യത്തിന്റെ പ്രകാശം പരന്നു. ദാഹവും നാണവും പ്രകടിപ്പിക്കുന്ന രണ്ടു വലിയ

കണ്ണുകൾ പകുതി വിടർന്ന ഇമകളുയർത്തി അയാളെ നോക്കുകയാണ്. വിലകൂടിയ സാരിയും ബ്ലൗസുമണിഞ്ഞ വടിവൊത്ത സുന്ദര ശരീരം. നീണ്ടു നേർത്ത നാസിക, കാവി കൊണ്ടു വരച്ചപോലുള്ള അധരങ്ങൾ. മുപ്പതു മുപ്പത്തിരണ്ടു വയസു വരും. മൂക്കിൽ നിന്നും തുടങ്ങി ഇടത്തേ ചെവിയുടെ മുകൾഭാഗം വരെ തൊടുത്തിയിട്ടിരിക്കുന്ന മുത്തുമാല. ഇടത്തേ കാൽവിരൽ കൊണ്ട് തറയിൽ ചിത്രങ്ങൾ വരച്ച് സാരിത്തലപ്പിൽ പിടിച്ചും മറു കരം ഒട്ടൊന്നു ശരീരത്തിൽ നിന്നകറ്റിയും നിന്നിരുന്ന ആ രൂപം സജ്ജന്റെ കലാകാരഹൃദയത്തിന് ആഹ്ലാദമരുളി. എന്തൊരു സൗന്ദര്യം! എന്തു ഭാവം! യുവതി തീർച്ചയായും സുന്ദരി തന്നെ. ഏതോ ഉന്നതകുടുംബത്തിലെയാണെന്ന് തീർച്ച. ഏറിയകൂറും പർദയുടെയുള്ളിൽ വളർന്നതായിരിക്കണം. കുലമഹിമ മുഖത്ത് പ്രകടമായി കാണാവുന്ന ഒരു 'മഹിള' തന്നെയായിരുന്നു അവൾ.

യുവതിയുടെ മുഖത്ത് ഇമവെട്ടാതെ നോക്കി നിന്ന സജ്ജൻ മെല്ലെ കരങ്ങൾ കൂപ്പി. നീണ്ടു നേർത്ത ചായം പുരട്ടിയ നഖങ്ങളുള്ള കരമുയർത്തി ചുണ്ടിൽ വിരിഞ്ഞു വന്ന പുഞ്ചിരിയോടെ അവളും തൊഴുതു. ഓരോ ചലനവും എന്തൊരു ഭംഗി! എത്ര ആകർഷകം!.

മദോന്മത്തമായ ദൃഷ്ടികൾ അവരിരുവരുടെയും നേരെ പായിച്ചുകൊണ്ട് ധനവതി ഒരു പുഞ്ചിരിയോടെ പറഞ്ഞു.

"വരണം കലാകാരാ, ഇനി ഇവളുടെ കലയൊന്നാസ്വദിക്കണം."

ധനവതി സജ്ജനെ കൈയിൽ പിടിച്ച് കട്ടിലിനടുത്തേക്കു നയിച്ചു. പുളിച്ച കള്ളിന്റെ നാറ്റത്തോടൊപ്പം ചൂടുള്ള സ്പർശനമേറ്റപ്പോൾ സജ്ജന് അറപ്പും മടുപ്പും തോന്നി. പെട്ടെന്നയാൾ ഓർമിച്ചു. പുറത്ത് പോലീസ് തന്റെ സൂചനക്കു വേണ്ടി കാത്തു നിൽക്കുകയാണ്.

വില്ലിൽനിന്നു വിട്ടുപോയ അമ്പു കണക്കെ സമയം പാഞ്ഞു പോവുകയാണ്. വൃത്തികെട്ട ഹീനമായ ഒരു ഗൂഢകേന്ദ്രം തകർക്കാനാണ് തനിക്കും ഗൂഢതന്ത്രങ്ങൾ സ്വീകരിക്കേണ്ടിവന്നത്. കാമുകൻ ചമയേണ്ടി വന്നത്. കുലീനയെങ്കിലും രഹസ്യവ്യഭിചാരം നടത്തുന്ന ആ സുന്ദരിയോടൊപ്പം അവിടെയിരിക്കവേ സജ്ജന്റെ ഹൃദയം ഒരു ദ്വന്ദ്വയുദ്ധത്തിലേർപ്പെട്ടു. ധനവതി അവരെ വിട്ടിട്ടു പോയിക്കഴിഞ്ഞിരുന്നു. ആത്മപീഡ സജ്ജനെ വലച്ചു. താനെന്താണീ ചെയ്യുന്നത്? നൊടിയിടയിൽ എത്രയെത്ര മാന്യമഹിളാമണികളുടെ അഭിമാനം തകർന്നു മണ്ണടിയും! സ്വന്തം വീട്ടിൽ ഈ സ്ത്രീകൾ എന്തൊക്കെ അനുഭവിക്കേണ്ടിവരും? ഭർത്താവിന്റെയും രക്ഷിതാക്കളുടെയും മുമ്പിൽ ഇവരുടെ അവസ്ഥയെന്തായിരിക്കും.? ഇവരുടെ ജീവിതമാകെ തകരില്ലേ? താനെന്താണീ ചെയ്തത്? തെറ്റാണ്. താൻ ചെയ്യുന്നത് തെറ്റാണ്. സ്വയം കുറ്റപ്പെടുത്തി മനസ്സിന്റെ പീഡ വർധിപ്പിച്ച് താങ്ങാനാവാത്ത ഒരവസ്ഥയിൽ അയാളെത്തിച്ചേർന്നു. അപ്പോൾ പഴയ ചേതന വീണ്ടും ഉള്ളിൽ നാമ്പെടുത്തു. താൻ സമൂഹത്തിലെ വൃത്തികേടുകൾ തുടച്ചു മാറ്റാനാണ് ഇതിനൊരുമ്പെട്ടത്. സമൂഹനന്മയ്ക്കിതാവശ്യമാണ്. ഇതിൽ തെറ്റില്ല. ഇങ്ങനെ ചെയ്തില്ലെങ്കിൽ സമൂഹമെങ്ങനെ മാറും. ആദർശങ്ങൾക്കും സിദ്ധാന്തങ്ങൾക്കും വേണ്ടി മനുഷ്യൻ നിർമമനും നിർദയനും ആകേണ്ടിവരും.

മുമ്പിലിരുന്ന യുവതി എന്തൊക്കെയോ പറഞ്ഞു. അയാളുടെ ശ്രദ്ധ മറ്റൊരു വശത്തേക്കു തിരിക്കാൻ ശ്രമിക്കുകയാണ്. മനസ്സിലെ ദ്വന്ദ്വയുദ്ധത്തിനിടയിൽ

അവളോടു സരസമായി സംസാരിക്കാനും സജ്ജൻ ബധ്യസ്ഥനായി. മനസ്സിലെ അസ്വസ്ഥതകാരണം ഇടയ്ക്കിടെ അയാൾ പതറുന്നുണ്ട്. ഇതിനിടെ ചായയും പലഹാരവും എത്തിക്കാനായി ധനവതി ഒരിക്കൽ മുറിയിൽ വന്നിരുന്നു. ആ യുവതി ഇരുമ്പുവ്യാപാരിയായ വലിയൊരു കോൺട്രാക്ടറുടെ ഭാര്യയായിരുന്നു. ഭർത്താവിന്റെ പേരും അവളുടെ വീട്ടുവിലാസവും മറ്റും അവൾ വെളിപ്പെടുത്തിയില്ല. സജ്ജൻ ചോദിച്ചിട്ടും ചാതുര്യത്തോടെ അവൾ ആ ചോദ്യത്തിൽനിന്ന് ഒഴിഞ്ഞുമാറി. ചിരിച്ചിട്ടവൾ പറഞ്ഞു. തത്തയുടെയും മൈനയുടെയും കഥ അങ്ങു കേട്ടിട്ടില്ലേ. ഒന്നെവിടെ നിന്നോവന്നു. മറ്റൊന്നു മറ്റൊരിടത്തുനിന്ന്. രണ്ടും ഒരേ കൊമ്പിൽ വന്നിരുന്നു. അവ തമ്മിൽ ചങ്ങാത്തമായി. അത്രയും മതി.

സംസാരത്തിനിടയിൽ താനും തന്റെ ഭർത്താവും തമ്മിൽ മനച്ചേർച്ചയില്ലെന്ന് അവളൊരിക്കൽ അറിയിച്ചു. അലങ്കാരപ്രിയയും കവിതയിലും നൃത്തത്തിലും തൽപരയും വിലാസപ്രിയയുമാണ് ഭാര്യ. ഉന്നതസാഹിത്യത്തിൽ തൽപരയല്ലെങ്കിലും അതെല്ലാം ആസ്വദിക്കാൻ കഴിവുള്ള അവളുടെ ഭർത്താവാകട്ടെ തികച്ചും ഒരു വ്യാപാരി മാത്രമായിരുന്നു. സ്ത്രീപുരുഷബന്ധം അയാളെ സംബന്ധിച്ചിടത്തോളം ശാരീരികാസ്വാദനത്തിനു മാത്രമുള്ളതാണ്. ആ യുവതി കാമദാഹത്താൽ പീഡിതയല്ല. അവൾക്കൊരു സഖാവിനെയാണാവശ്യം. വാക്കുകൾ കൊണ്ടും ഹാവഭാവാദികൾകൊണ്ടും അവളെ രസിപ്പിക്കുകയും സന്തോഷിപ്പിക്കുകയും ചെയ്യുന്ന സഖാവിനെ.

ഭർത്താവിനോടുള്ള വെറുപ്പു കാരണമാണ് അപരിചിതരായ പുരുഷന്മാർക്ക് സ്വന്തം ശരീരം സമർപ്പിച്ച് ഭർത്താവിനോടു പകരം വീട്ടിയെന്ന ഗൂഢസംതൃപ്തി അവൾ നേടുന്നതെന്ന് സജ്ജന് മനസ്സിലായി.

സജ്ജൻ പെട്ടെന്ന് ഒരു കുസൃതിച്ചോദ്യം ചോദിച്ചു.

വിവാഹത്തിനു മുമ്പും അവൾ ഇതുപോലെ അന്യപുരുഷന്മാരുമായി ഇടപഴകാറുണ്ടായിരുന്നോ എന്ന്. 'ഉവ്വ്' എന്നായിരുന്നു ഉത്തരം കിട്ടിയത്. ഒരിക്കൽ ധനവതി അവളെ ചികിത്സയ്ക്കായി ഇങ്ങോട്ടു വിളിച്ചിരുന്നു. അന്നുമുതലാണ് രണ്ടുപേരും പരിചിതരായത്. ഏതാനും ദിവസങ്ങൾക്കുള്ളിൽ ഉറ്റ സഖിമാരായി. ഏകാകിയായി കഴിഞ്ഞ അവൾക്ക് ഒരു കൂട്ടുകിട്ടി. മറ്റു പുരുഷന്മാരുമായി ഇങ്ങനെ കൂട്ടിമുട്ടുന്നതിൽ അവൾക്ക് സങ്കോചമില്ലെന്നും സജ്ജന്റെ ചോദ്യത്തിനു മറുപടിയായി അവൾ അറിയിച്ചു. പുരുഷന്മാർക്കാകാമെങ്കിൽ എന്തുകൊണ്ട് സ്ത്രീകൾക്കു പാടില്ല. സമൂഹത്തിൽ സ്ത്രീകളുടെ അരക്ഷിതാവസ്ഥ കാരണമാണ് ഇത് രഹസ്യമായി വയ്ക്കുന്നത്. അല്ലാതെ മറ്റു കാരണങ്ങളൊന്നുമില്ല.

സുന്ദരിയാണെങ്കിലും അവൾ ദുർവൃത്തയാണ്. വാക്കുകൾ കൊണ്ട് മോഹിപ്പിക്കുന്നവളെങ്കിലും കുടില. എങ്കിലും ഉന്മത്ത സ്വഭാവത്തിൽ എവിടെയോ എന്തോ അല്പം സരളതയും ഇല്ലാതില്ല. അവൾക്ക് ദോഷം വരണമെന്ന് സജ്ജനാഗ്രഹമില്ല. വരരുതെന്ന് നിശ്ചയിക്കുകയും ചെയ്തു. അയാൾ യുവതിയോട് തന്റെ രഹസ്യലക്ഷ്യം വെളിവാക്കി. യുവതി ഞെട്ടി. അവൾക്ക് ഹാനിയൊന്നും വരില്ലെന്നും തന്റെ നിർദേശമനുസരിച്ച് പ്രവർത്തിച്ചാൽ മതിയെന്നും സജ്ജൻ അവളെ ആശ്വസിപ്പിച്ചു. ധനവതിയോടു ഇക്കാര്യം പറയാതെ രഹസ്യമായി പൊയ്ക്കൊള്ളാൻ അവളോടു പറഞ്ഞു.

യുവതി പോയി പതിനഞ്ചു മിനിട്ടോളം കഴിഞ്ഞിരിക്കണം. തൊട്ടടുത്ത കമ്പോ

ളങ്ങളിലും വീടുകളിലും വിഴിയിലും നടന്നിരുന്ന ആളുകൾക്ക് അവിടെയെന്തൊക്കെയോ ബഹളം നടക്കുന്നതായി തോന്നി. ആകെ ഒച്ചപ്പാടും ബഹളവും. അടുത്ത ദിവസത്തെ പത്രത്തിൽ മഹിളാസേവാസദനത്തിലെ രഹസ്യങ്ങൾ ഒന്നാം പേജിൽ തന്നെ പ്രത്യക്ഷപ്പെട്ടു. അതിനെപ്പറ്റിയായി എല്ലാവരുടെയും ചർച്ച. കലാകാരനായ സജ്ജന്റെ പേര് സർവനാവിലും കളിയാടി. കലാക്ഷേത്രത്തിൽ ഒരിക്കലുമയാൾക്ക് ഇത്രത്തോളം പ്രസിദ്ധിനേടിയെടുക്കാൻ കഴിഞ്ഞിട്ടില്ല. നഗരമാകെ സദനത്തിലെ രഹസ്യം പുറത്താക്കിയതിനുള്ള ഉത്തരവാദി സജ്ജൻ വർമയാണെന്ന് ഉദ്ഘോഷിച്ചു.

സജ്ജന്റെ ഉദാഹരണം സ്വീകരിച്ച് പട്ടണത്തിലെ മറ്റു പല ചെറിയ രഹസ്യസങ്കേതങ്ങളും പൊളിക്കാൻ അനേകം യുവാക്കൾ വീറോടെ ചമഞ്ഞു മുന്നോട്ടു വന്നു. സമൂഹത്തിലെ അഴുക്കുചാലുകൾ പലതും പൊട്ടിയൊഴുകി. ആളുകൾ പുതിയൊരു വീക്ഷണത്തോടെ ഈ കേന്ദ്രങ്ങളെ കാണാൻ തുടങ്ങി. കീർത്തനങ്ങളുടെ പേരിലും പ്രാർഥനാസഭകളെന്ന നാട്യത്തിലും ധർമസ്ഥാപനങ്ങളുടെ പേരിലും നടന്നിരുന്ന ഇത്തരം ഏർപ്പാടുകൾ ആളുകൾക്ക് ഒട്ടൊക്കെ അറിവുള്ളതാണെങ്കിലും ഇന്നതൊരു സാമൂഹ്യപ്രശ്നമായി മാറിയതോടെ ചിന്താശീലരായ ആളുകൾക്ക് അതൊരു പുതിയ സമസ്യയായിത്തീർന്നു. പള്ളികളിലും അമ്പലങ്ങളിലും വൻമതിലുകളാൽ വളയപ്പെട്ട് പ്രാർഥനയും കീർത്തനവും ഉത്സവവും എല്ലാം നടത്തി അവയുടെ പേരിൽ മാന്യതയുടെ മുഖംമൂടിയിട്ട സമൂഹം എന്തൊക്കെ വൃത്തികേടുകളാണ് ചെയ്തുപോന്നിരുന്നതെന്ന ചിന്ത പുതിയ ഭാവത്തിലും രൂപത്തിലും അലസമായി കഴിഞ്ഞുപോന്നിരുന്ന ജനസമൂഹത്തിൽ നാമ്പിട്ടു. ചിന്താശീലരായ വ്യക്തികളുടെ മനസ്സിൽ ഇവ പുതിയ പോറലുകൾ ഏല്പിച്ചു.

45

ഹനുമാൻ ക്ഷേത്രത്തിൽനിന്ന് അല്പം അകന്നുമാറി ഹുക്കയും വലിച്ചിരുന്ന ലാലാമുകുന്ദീമൽ മലക്കറിക്കാരനോടു വഴക്കിടുകയാണ്. ക്ഷേത്രത്തിനടുത്ത് കൊഴുത്തശരീരവും നരച്ചമീശയുമുള്ള ഒരു ബ്രാഹ്മണ പുരോഹിതനിരുന്ന് രാമായണം നീട്ടി വായിക്കുന്നു.

“എടാ നിന്നെ ഞാനീ തെരുവിൽ കയറാൻ സമ്മതിക്കില്ല, എന്നോടാണോ തർക്കിക്കുന്നത്” ലാല മലക്കറിക്കാരനോട് തട്ടിക്കയറുകയാണ്.

“നാലു സേർ എനിക്കുപോലും കിട്ടിയിട്ടില്ല ലാലാജീ. പിന്നെ ഞാനെങ്ങനെ തരും, ഇത്രയും പ്രായമായിട്ടും നിങ്ങൾക്ക് കാര്യമറിഞ്ഞുകൂടേ?”

“അതു കൊള്ളാം എന്നോടാണോടാ തർക്കിക്കുന്നത്. കണ്ടില്ലേ അവന്റെയൊരു സംസാരം. എടാ സുകരൂ, എടാ ഹരി, ഇവന്റെ ഇതെല്ലാമെടുത്ത് ആ ഓടയിലോട്ട് എറിയൂ.”

രാമായണത്തിലെ വരികൾ ഈണത്തിൽ ഒഴുകിക്കൊണ്ടിരുന്നു.

ലാലയും മലക്കറിക്കാരനും തമ്മിലുള്ള യുദ്ധകാണ്ഡം അല്പം പോലും ശ്രദ്ധിക്കാതെ രാമായണ പാരായണത്തിൽ മുഴുകിയിരിക്കുകയാണ് പണ്ഡിതൻ.

രണ്ടു സ്ത്രീകൾ അവിടെയെത്തി. ഹനുമാന് പൂവും ശിവന് വെള്ളവും പാലും അർപ്പിച്ചിട്ട് കീർത്തനവും ശ്ലോകവും ചൊല്ലുന്നതിനു പകരം ആരുടെയോ ഭർത്താവിന്റെയും മറ്റാരുടെയോ ഭാര്യയുടെയും കുറ്റവും കുറവും ചർച്ച ചെയ്തിട്ട് മടങ്ങി. ബാബു രാധേശ്യാം വിരലുകൾക്കിടയിൽ സിഗററ്റ് അമർത്തിപ്പിടിച്ച് നീട്ടിയൊന്നു വലിച്ച്, മറുകൈയിൽ പത്രവുമായി കടന്നു വന്നു. കക്ഷത്തിൽ കണക്കുബുക്കും സഞ്ചിയുമിടുക്കി അതിലേ കടന്നു വന്ന ലാലാ ജാനകിസരണന്റെ കണക്കപ്പിള്ള മുകുന്ദീമലിന്റെ ഹുക്കയിൽനിന്ന് രണ്ടുവാ പുകവലിക്കാനുള്ള മോഹം കൊണ്ട് അവിടെ തങ്ങിനിന്നു. പുക ചെന്നിട്ടാകണം ലാലാ ഉറക്കെ ചുമച്ചു തുടങ്ങി. ചുമയ്ക്കിടയിൽ കണക്കപ്പിള്ളയായ കുഞ്ചിലാലിനോടു പരാതി തുടങ്ങി.

"ചന്തയിൽ രൂപയ്ക്ക് നാലു സേറു കൊടുക്കും. ഞാനിവിടെ ചോദിച്ചത് കൂടിപ്പോയിപോലും. ഇവിടെയിപ്പോൾ കേൾപ്പോരും കേൾവിയും ഇല്ലാതായി. ഇല്ലെങ്കിൽ ഇവനൊക്കെ വന്ന് നമ്മെ മേക്കിട്ടു കേറുമോ?"

സജ്ജൻ അങ്ങോട്ടു നടന്നു വരുന്നതു രാധേശ്യാം കണ്ടു. അയാളുത്സാഹത്തോടെ വിളിച്ചു "വരണം, വരണം ഈയിടെ നല്ലപേരാണല്ലോ സമ്പാദിച്ചിരിക്കുന്നത്. സദനം പൊളിച്ചുകാട്ടിയില്ലേ? നന്നായി, നല്ലരസം, വരൂ ഇരിക്കൂ."

"ഇതാ കന്നോമലിന്റെ പൗത്രൻ വന്നതു കണ്ടില്ലേ."

"നമസ്ക്കാരം ലാലാജി" സജ്ജൻ ആൽത്തറയിലിരിക്കുംമുമ്പ് മുകന്ദീമലിനെ നോക്കി കൈകൂപ്പി.

"നീ വല്ലാത്ത മിടുക്കാണല്ലോ കാണിച്ചത്. നന്നായി" പ്രശംസ കേട്ട് സജ്ജന് സങ്കോചം തോന്നി.

കണക്കപ്പിള്ള കുഞ്ചിലാൽ മുഖമൊന്നു ചുളിച്ച് സജ്ജനെ നോക്കിയിട്ട് ലാലാജിയോടായി പറഞ്ഞു.

"കൂട്ടത്തിൽ എനിക്കു പരിചയമുള്ളൊരു പയ്യനും പെട്ടിട്ടുണ്ട്. വിലയുള്ളൊരു മനുഷ്യൻ. പോലീസിന് ആയിരക്കണക്കിനു വാരി ക്കൊടുത്തിട്ടുണ്ട് പക്ഷെ...."

"ആരാണ്, ആരുടെ മകനാണ് അകപ്പെട്ടത്?"

"ആ മങ്കൽ ബാബുവില്ലേ, അയാളുടെ. പോലീസു വന്നപ്പോൾ അവനും അവിടെ ഉണ്ടായിരുന്നു."

"നന്നായി. ചെയ്യുന്നതിന്റെ ഫലം അവരവർ അനുഭവിക്കണം" എന്നുപറഞ്ഞുകൊണ്ട് ബാബു രാധേശ്യാം വിരലിനിടയിലിരുന്ന സിഗററ്റ് അമർത്തിയൊന്നു വലിച്ചു.

"പറയാനെളുപ്പമാണ് ബാബൂ. മാനം പോകുന്നവരുടെ മനസ്സിലെ കാര്യം അവരോടു ചോദിച്ചാലേ അറിയാവൂ. എന്താ ലാലാ ഞാൻ പറഞ്ഞത് ശരിയല്ലേ?" കണക്കപ്പിള്ള ലാലാ മുകുന്ദീമലിനോടു തന്റെ വാക്കിന്റെ നീതീകരണം ചോദിച്ചു.

"അതെ. ശരിയാണ്, മാനം രക്ഷിക്കാനല്ലേ മനുഷ്യനെല്ലാം ചെയ്യുന്നത്. മാനം പോയാൽ എല്ലാം പോയി. എടാ സുകരൂ, നാലു മുറുക്കാനിങ്ങ് കൊടുത്തയക്ക്" ആൽത്തറയുടെ വലതു വശത്തുള്ള സ്വന്തം വീട്ടിലേക്ക് നോക്കിക്കൊണ്ട് ലാലാ വിളിച്ചുപറഞ്ഞു. എന്നിട്ട് തിരിഞ്ഞ് ഹുക്കയുടെ കുഴൽ വായിലേക്കടുപ്പിച്ചു.

"മാനമായിരുന്നു ലാലാജീ എല്ലാറ്റിനും കാരണം. അവിടെ ഒരാളിന്റെയോ രണ്ടാളിന്റെയോ അല്ല സമൂഹത്തിന്റെ മുഴുവൻ മാനമാണ് നശിച്ചിരുന്നത്" സജ്ജൻ പറഞ്ഞു.

· "നിങ്ങൾ പറഞ്ഞത് സത്യമാണ്." രാധേശ്യാം സമ്മതിച്ചു "സമൂഹത്തിന്റെ മാന്യതയുടെ നേരെ ഇങ്ങനെ കളിക്കുന്നവരെ–"

"എടോ എല്ലാം സമൂഹത്തിന്റെ മാനത്തിനുവേണ്ടിത്തന്നെ. നീയൊക്കെ ഇന്ന ലത്തെ പിള്ളരാണ് രാധേശ്യാം. ഞാൻ ലോകം എത്ര കണ്ടതാണ്." കുഞ്ചിലാൽ തുടർന്നു. "വേണമെങ്കിൽ നിങ്ങളുടെ തെരുവിലെ തന്നെ നല്ല നല്ല കുടുംബ ങ്ങളിലെ കള്ളികൾ ഞാൻ പുറത്താക്കാം. പിന്നെ സ്വന്തം മാനം പോലെ തന്നെ യല്ലേ എല്ലാരുടെയും മാനമെന്നു കരുതിയിട്ടാണ്. നാണം മറയ്ക്കാനാണ് എല്ലാ വരും മുണ്ടുടുക്കുന്നത്. പിന്നെ ആര് ആരോടു പറയാൻ."

"ഇപ്പം മാനമൊക്കെ എവിടെയിരിക്കുന്നു കുഞ്ചിലാൽ? കാലം തന്നെ നാണം കെട്ടതായില്ലേ? പത്തുപതിനഞ്ചു കൊല്ലം മുമ്പുള്ള കാര്യമൊന്നാലോചിച്ചു നോക്കൂ. പാവപ്പെട്ടവൻ എത്ര പോക്കില്ലാ ത്തവനായാലും ശരി പട്ടിണികിടക്കും. അല്ലാതെ സ്വന്തക്കാരന്റെ അടുത്തുപോലും പോയി കൈനീട്ടുകയോ ആവലാതി പറയുകയോ ഇല്ല. എന്താ ശരിയല്ലേ?"

"ശരിയാണ് ലാലാ."

"ഇതാ ഇപ്പം കണ്ടോ പണക്കാരനായാലും ശരി പാവപ്പെട്ടവനായാലും ശരി എല്ലാവനും എല്ലാവരുടെയും മുമ്പേ വന്നുനിന്നു കരയും. വരവില്ല ചെലവു നടക്കുന്നില്ല എന്നൊക്കെ. ഇതിൽനിന്നു കണ്ടൂടേ ഇക്കാലത്തു മാനവും മര്യാദ യുമൊന്നുമില്ലെന്ന്. മാനംകെട്ടു പെരുമാറുകയാണ് ഇപ്പോഴത്തെ ഫാഷൻ. അല്ലാ തെന്തുപറയാൻ."

ഇത്രയും മുകന്ദീമൽ പറഞ്ഞു. പിന്നെ തുടർന്നുപറഞ്ഞത് അയാളുടെ ഹുക്ക യാണ്.

എവിടെയോ പോകാനായി വന്നതാണ് കുഞ്ചിലാൽ. അതുവേണ്ടെന്നുവെച്ച് അയാളും ആൽത്തറയിലിരിപ്പായി. എന്നിട്ട് തുടങ്ങി.

"പണ്ടൊക്കെ എല്ലാത്തിനും വില കുറവായിരുന്നു. പാവപ്പെട്ടവനും ഒരു വിധമൊക്കെ കഴിഞ്ഞുകൂടാം. അപ്പോൾ അഭിമാനത്തെപ്പറ്റി പേടിയുണ്ടായിരുന്നു. എന്റെ കൊച്ചുന്നാളിൽ രൂപയ്ക്കു രണ്ടുപക്ക ഗോതമ്പ്, ഒന്ന് ഒന്നര സേർ നെയ്യ് അപ്പപ്പിന്നെ എന്താ കഷ്ടപ്പാട്? അന്നു സ്വർഗമല്ലായിരുന്നോ? ഇന്നിതാ ഇപ്പോൾ പട്ടിണി കാരണം സ്ത്രീകൾ വൃത്തികെട്ട പണിക്ക് പോയതായി പത്രങ്ങളിൽ പോലും വന്നിരിക്കുന്നു. അപ്പോൾ നിങ്ങൾ തന്നെ പറയൂ ദാരിദ്ര്യ മാണോ അഭിമാനമാണോ വലുത്?"

കണക്കപ്പിള്ളയുടെ വാക്കുകൾ കേട്ടിട്ട് രാധേശ്യാം ചോദിച്ചു. "നിങ്ങൾ പറ യുന്നതെന്താണ്? ചിലപ്പോൾ പറയും അഭിമാനമാണ് വലുതെന്ന്. മറ്റുചിലപ്പോൾ, ദാരിദ്ര്യമാണെന്ന്."

"ഞാനതൊന്നുമല്ല പറഞ്ഞത്. ഇവിടെ മാനത്തെക്കുറിച്ചു പറഞ്ഞതുകൊണ്ട് പറഞ്ഞെന്നേ ഉള്ളൂ. ദാരിദ്ര്യം കൊണ്ട് ഒളിച്ചുംപാത്തും നാലു പൈസ നേടാ മെന്നു കരുതിയ പാവങ്ങളെയെല്ലാം ഇപ്പോഴിതാ പ്രസിദ്ധരാക്കി അവരുടെ മാനം കെടുത്തിയില്ലേ? ഇത് മാന്യതയാണോ?"

കുഞ്ചിലാലിന്റെ നോട്ടം സജ്ജന്റെ നേരെയായിരുന്നു. സജ്ജൻ പുരികമു യർത്തി അങ്ങോട്ടുനോക്കി.

രാധേശ്യാം ആവേശത്തോടെ പറഞ്ഞു

"അതേ. സമൂഹത്തിലെ ഇത്തരം പാപങ്ങൾ പൊളിച്ചു കാട്ടുകതന്നെ വേണം. ഇതെല്ലാം പണക്കാരുടെ ചതിയാണ്. നിങ്ങൾക്കിപ്പോൾ ദേഷ്യം തോന്നിയത് പരിചയത്തിലുള്ള ഏതോ കുബേരന്റെ മകൻ പിടിക്കപ്പെട്ടതുകൊണ്ടല്ലേ? അവനു മാനക്കേടുവന്നതുകൊണ്ടല്ലേ? ഈ പണക്കാർ സ്വന്തം സുഖത്തിനും സ്വാർഥ ലാഭത്തിനും വേണ്ടി എന്തു വൃത്തികേടും ചെയ്യും. സ്ത്രീകളെ വെറുതെ വിടില്ല. ഗോസംരക്ഷണമെന്ന് പറഞ്ഞു പശുക്കളെ വെട്ടും. രാമലീലയും മേളയുമെല്ലാം നടത്തി കൊള്ളയടിക്കും. ഈ നാശങ്ങൾ പ്രേതങ്ങൾക്കിടുന്ന പട്ടിൽ നിന്നു പോലും ഇടത്തട്ടു തട്ടുന്നവരാണ്. സമൂഹത്തിന്റെ മാനം തുരന്നു നശിപ്പിക്കുന്ന നീചരാണ് ഈ പ്രഭുക്കൻമാർ. അവരുടെ പിണിയാളുകളായ കുഞ്ചിലാലിനെ പ്പോലുള്ളവരാണ് അവർക്കുവേണ്ടി വാലാട്ടുന്നത്."

രാധേശ്യാം കോപംകൊണ്ട് ജ്വലിക്കുകയായിരുന്നു. വിരലിനിടയിലിരുന്ന സിഗ റെറ്റ് എരിഞ്ഞ് തീരാറായി. അയാൾ കൈയൊന്നു ഞൊടിച്ച് ചാരം തട്ടിയിട്ട് സിഗ റെറ്റു ചുണ്ടിലോട്ടടുപ്പിച്ച് അവസാനത്തെ രണ്ടു പുക ആഞ്ഞു വലിച്ചു.

മഹിപാൽ ദൂരെ നിന്നു വരുന്നത് സജ്ജൻ കണ്ടു. രാധേശ്യാമിന്റെ വാക്കു കൾ കേട്ട് ക്ഷതം പറ്റിയ കുഞ്ചിലാൽ കണക്കുബുക്കും സഞ്ചിയും കക്ഷത്തി ലൊതുക്കി പോകാനെഴുന്നേറ്റു. എന്തോ പറയാൻ അയാളൊരുങ്ങുമ്പോഴേക്കും മുകുന്ദീമൽ അയാളുടെ കൈയിൽ പിടിച്ച് തന്നോടടുപ്പിച്ചിട്ട് കുനിഞ്ഞ് രഹസ്യ മായി പറഞ്ഞു.

"ആരുടെയും മുഖത്തു നോക്കി ഒന്നും പറയണ്ട കുഞ്ചിലാൽ. കമ്യൂണിസ്റ്റു കാരുടെ കാലമാണ്. നില്ല്, മുറുക്കിയിട്ട് പോകാം: എടാ സുകരൂ, മുറുക്കാനെ വിടെ? മറ്റെ ഹുക്ക കൂടിയെടുത്തോണ്ടു വാ."

ഒന്നിനു പുറകെ മറ്റൊന്നായി പണ്ടു നടന്നതും കണ്ടതും കേട്ടതും ആയ കാര്യങ്ങളും ഇന്നത്തെയും അന്നത്തെയും പെറുപ്പക്കാരും വൃദ്ധന്മാരും തമ്മിലുള്ള വ്യത്യാസവും പത്തെഴുപതു കൊല്ലത്തെ സാമൂഹ്യ പരിവർത്തനത്തിന്റെയും വികാ സത്തിന്റെയും ചരിത്രങ്ങളും എല്ലാം അവിടെ സംസാരവിഷയമായി. സജ്ജനും മഹിപാലും ഭാവനയിൽപോലും കാണാത്ത കാര്യങ്ങളും കേൾക്കാത്ത വസ്തുത കളും അവിടെ വിളമ്പുകയായിരുന്നു. പഴയകാര്യങ്ങൾ കേൾക്കുക ഒരു സുഖ മാണ്. അവരതിൽ ലയിച്ചിരുന്നു. രാമായണം വായിച്ചിരുന്ന പുരോഹിതൻ എ പ്പോഴോ അവിടം വിട്ടുപോയി. വഴിപോക്കരായ ഭക്തന്മാരും ഭക്തകളും വന്നും പോയും ഇരുന്നു. ആരോടൊക്കെയോ 'നമസ്തേ' 'സുഖം തന്നെയല്ലേ', 'ആ ഇങ്ങനെ കഴിയുന്നു.' 'എല്ലാം ഈശ്വര കൃപ' തുടങ്ങി ഒന്നോ രണ്ടോ വാക്കുക ളിൽ അഭിവാദനവും പ്രത്യുത്തരവും ഇടയ്ക്കിടെ നടന്നു. ചിലർ ആ കൂട്ടത്തിൽ തന്നെ കൂടി. ബ്രഷ് എടുത്ത് പൗഡറും ടൂത്ത്പേസ്റ്റും എല്ലാമായ വേപ്പിൻ കമ്പ് ചവച്ചുകൊണ്ട് പല്ല് ശുദ്ധിയാക്കുന്നവരും ലോകകാര്യ ചർച്ചകളിൽ പങ്കെടുത്തു കൊണ്ട് അങ്ങിങ്ങ് കൂടിനിന്നു. സൂര്യൻ ഉയർന്നു പൊങ്ങി ചുവരിനു മുകളിലെത്തി. മൂന്നുമൂന്നര മണിക്കൂർ നേരത്തെ സമ്മേളനം അവസാനിച്ചു. മഹിപാൽ ആൽത്ത റയിൽ നിന്നെഴുന്നേറ്റ് ഹനുമാന്റെ മുമ്പിൽ ചെന്നു കൈകൂപ്പി. 'ശ്രീ ഗുരുചരണ സരോജ രജം' തുടങ്ങിയ കീർത്തനങ്ങൾ ചൊല്ലി നിറുത്തിയശേഷം സജ്ജന്റെ നേർക്കു തിരിഞ്ഞു. സജ്ജൻ ചിന്താമഗ്നനാണ്. അയാൾ മഹിപാലിന്റെ നേർക്ക് അർഥശൂന്യമായി നോക്കി. ആ നോട്ടത്തിനുത്തരം നല്കാൻ മഹിപാലിന് കഴി

ഞ്ഞില്ല. അയാളൊന്നു പുഞ്ചിരിച്ചു.

പെട്ടെന്നു വാച്ചിലേക്ക് നോക്കിയിട്ട് സജ്ജൻ പറഞ്ഞു "പന്ത്രണ്ടു നാല്പ തായി, ഞാൻ തായിയുടെ വീട്ടിലേക്ക് വന്നതാണ്. ഇവിടെ ഈ രസം പിടിച്ച സംഭാഷണത്തിൽ മുഴുകിയിരുന്നുപോയി. വന്നകാര്യം മറന്നു. എന്തായാലും നല്ല രസമായിരുന്നു. സമയം പോയതറിഞ്ഞില്ല."

"അതെ, വളരെ നാളുകൾക്കുശേഷമാണ് ഇങ്ങനെ സന്തോഷമായി സമയം കഴിച്ചുകൂട്ടുന്നത്."

പിന്നെ നിമിഷനേരത്തെ മൂകത. ഒരു പശു അതിലേ കടന്നുപോയി. ഹോളി യുടെ ചായം ഇപ്പോഴും അതിന്റെ പുറത്ത് അവിടവിടെ കിടപ്പുണ്ട്. രണ്ടുപേരു ടെയും നോട്ടം അതിന്റെ മേൽ പതിഞ്ഞു. സജ്ജൻ ചോദിച്ചു "ഇങ്ങോട്ട് വന്ന തെന്തിന്?"

"വെറുതെ, നിന്നെയൊന്നു കാണണമെന്നു തോന്നി."

"ഞാൻ തായിയുടെ വീട്ടിലേക്ക് പോകയാണ്. ധൃതിയില്ലെങ്കിൽ വരൂ; നമു ക്കങ്ങോട്ടു പോകാം."

മഹിപാൽ അല്പമൊന്നറച്ചു. "ഇപ്പോൾ നീ പോ, ഞാൻ പോകുന്നു. പിന്നെ ഒരിയ്ക്കൽ."

സജ്ജൻ അയാളെ സൂക്ഷിച്ചു നോക്കി. എന്നിട്ട് നിർബന്ധിച്ചു. "വരൂ മറ്റു ജോലിയൊന്നുമില്ലല്ലോ. തായി വിളിച്ചിരിക്കുകയാണ്. അവിടെയൊന്നു കേറി യിട്ട് പിന്നെ എങ്ങോട്ടു വേണമെങ്കിലും ഞാനും വരാം."

മഹിപാൽ അതിനോടു യോജിച്ചു. രണ്ടുപേരും തായിയുടെ ബംഗ്ലാവിലേക്ക് നടന്നു. സജ്ജന് അവിടെ കഴിച്ചുകൂട്ടിയ നാളുകൾ ഓർമ വന്നു. അഭയാർഥിക ളുടെ ഗൂഢാലോചന, തായിയുടെ മന്ത്രവാദം, കള്ളന്മാർ തായിയെ കെട്ടിയിട്ടത്, കന്യയുടെ വരവും പോക്കും, മോഹിനിയും ബോറേശനും തമ്മിലുള്ള പ്രേമ നാടകം....സജ്ജൻ പെട്ടെന്ന് ചോദിച്ചു.

"മഹാകവി ബോർ ഈയിടെ എവിടെയാണ്? കുറെ നാളായികാണാനേ ഇല്ല."

"ഞാനും കണ്ടിട്ട് കുറെ നാളായി. മഹാനീചനാണവൻ" മഹിപാൽ പറഞ്ഞു.

"അതുപോലെ എത്രയോ പേരുണ്ട്. ദൗർബല്യമുള്ള വ്യക്തികളുടെ പേരിൽ എനിക്കിപ്പോൾ ദേഷ്യം തോന്നാറില്ല. കാരണം ദൗർബല്യം സമൂഹത്തിലാകെ വ്യാപിച്ചിരിക്കയാണ്."

"ദൗർബല്യം മാത്രമല്ല ശക്തിയും സമൂഹത്തിലാകെ വ്യാപിച്ചിട്ടുണ്ട്."

സജ്ജൻ തായിയുടെ കതകിൽ മുട്ടി. മഹിപാൽ വാചകം പൂർത്തിയാക്കാതെ വിട്ടു. അകത്തുനിന്നു തായിയുടെ ശബ്ദമുയർന്നു.

"ഏതു തെണ്ടിയാടാ അത്?"

"തെറി പറയാതെ തായിക്ക് ആരോടും സംസാരിക്കാൻ കഴിയില്ല."

മഹിപാലിനെ നോക്കി പുഞ്ചിരിയോടെ സജ്ജൻ പറഞ്ഞു. എന്നിട്ട് വാതി ലിനുനേരെ തിരിഞ്ഞിട്ട് ഉച്ചത്തിൽ വിളിച്ചു പറഞ്ഞു.

"ഞാനാണ് തായീ. സജ്ജൻ."

"ദുർജൻ എന്നു പറയെടാ."

"അതു ഷീല മാത്രമേ വിളിക്കൂ."

ഷീലയുടെ പേരു കേട്ടതും മഹിപാലിന്റെ മുഖം ഗൗരവം പൂണ്ടു. അകത്തു

നിന്ന് സാക്ഷകൾ നീങ്ങി. പാളികൾ തുറന്നു. കന്യ ഉള്ളിൽ നില്ക്കുന്നു. സന്തോഷം തിളങ്ങുന്ന കണ്ണുകൾ ഭർത്താവിന്റെ നേർക്കയച്ചിട്ട് അവൾ മഹിപാലിന്റെ നേർക്ക് കൈകൂപ്പി.

“എവിടെയായിരുന്നു ഇത്രനേരം?” കന്യ ഭർത്താവിനോടു ചോദിച്ചു.

“അവിടെ ആൽത്തറയിൽ ഇരിക്കുകയായിരുന്നു.”

“അവിടെയിരുന്നു ചൂതുകളിക്കയായിരുന്നു. ഞാനാണ് വിളിച്ചോണ്ടു വന്നത്” മഹിപാൽ പറഞ്ഞു. കന്യ ചിരിച്ചിട്ടു ചോദിച്ചു “അപ്പോഴങ്ങവിടെ വാതുവെയ്ക്കാൻ പോയതായിരിക്കും അല്ലേ!”

“അയാൾ തോറ്റു. അതുകൊണ്ടാണ് ഈ പരാതി” വരാന്തയിലേക്ക് കയറിക്കൊണ്ട് സജ്ജൻ പറഞ്ഞു.

“ബാബാജി വന്നിട്ടുണ്ട്” കന്യ അറിയിച്ചു “എവിടെ?”

“മുകളിലുണ്ട്” കന്യ അങ്ങോട്ടു നടന്നു കൊണ്ടു പറഞ്ഞു.

മട്ടുപ്പാവിൽ തിളങ്ങുന്ന വെയിൽ. സൂര്യനു നേരെ പുറംതിരിഞ്ഞു ഒരു പീഠത്തിലിരിക്കുകയാണ് തായി. ലങ്കോട്ടിധാരിയായ ബാബാരാംജി അവരുടെ മുന്നിൽ ഇരിപ്പുണ്ട്. വരുന്നവരെ കണ്ട് ബാബാജി സന്തോഷത്തോടെ അവരെ സ്വാഗതം ചെയ്തു. സജ്ജൻ ബാബാജിയുടെ പാദങ്ങൾ തൊട്ടു നമസ്കരിക്കുന്നതിനിടയിൽ തായി അയാളോടായി ചോദിച്ചു.

“നീ എവിടായിരുന്നു ഇത്രയും ദിവസം?”

“കുറച്ചു ജോലിയുണ്ടായിരുന്നു, തായീ.”

“അതെന്തോന്ന് ജോലി? ഇവിടംവരെ വരാൻ പോലും സമയം കിട്ടില്ലേ? ഇവനിവിടെയൊന്നു വന്നാൽ മനസ്സിനൊരു സമാധാനം കിട്ടും” ഒടുവിൽ പറഞ്ഞത് ബാബാജിയോടാണ്.

“ഇയാൾക്ക് വേണ്ടി ഞാൻ സാക്ഷി പറയാം” ബാബാജി പറഞ്ഞു.

“നിങ്ങളുടെ മരുമകൾ ഇവിടെ ഈ ജോലിയൊക്കെ ചെയ്യുമ്പോൾ നിങ്ങളുടെ മകൻ അവിടെ വലിയൊരു ജോലിയിലായിരുന്നു.”

“എനിക്കേത് മരുമകൾ?”

“അതുകൊള്ളാം, മകൻ നിങ്ങളുടെയാണെങ്കിൽ മരുമകൾ നിങ്ങളുടെയല്ലാതെ വരുമോ?”

“ഞാനീ കന്നോമലിന്റെ ചെറുമോനോട് നൂറു തോലയുടെ ആഭരണം കൊടുക്കാമെന്നു പറഞ്ഞിരുന്നു. എന്റെ ബന്ധത്തിൽപ്പെട്ട നല്ല നല്ല പെൺകുട്ടികളുടെ കാര്യവും പറഞ്ഞു....”

“അതെന്തായാലും ശരി ഇതു നിങ്ങളുടെ മോനാണെങ്കിൽ ഈ വധുവും നിങ്ങളുടേതുതന്നെ. ഇതാ നോക്കൂ. സുന്ദരിയെന്നതുപോലെ എന്തു നല്ല സ്വഭാവമാണ് ഇവൾക്കുള്ളതെന്നറിയാമോ? വീട്ടിൽ ഭർതൃസേവ ചെയ്യും. ഇവിടെ നിങ്ങളുടെ സേവയും ശുശ്രൂഷയും ചെയ്യും. പള്ളിക്കൂടം നടത്തും. പിന്നെന്താ ഒരു കുറവ്. നിങ്ങൾക്ക് ഇവളോടെന്താണ് ഒരപ്രീതി?”

തായി വനകന്യയെ ഒന്നു നോക്കിയിട്ടു പറഞ്ഞു “ഉം നല്ലവൾ തന്നെ. പക്ഷേ ഇവൾ ആദ്യമെന്നോട് കള്ളം പറഞ്ഞതെന്തിന്?”

സജ്ജൻ ചിരിച്ചിട്ടു പറഞ്ഞു.

“തായിജീ യശോദയെ ഭയന്ന് ശ്രീകൃഷ്ണൻ പോലും കള്ളം പറഞ്ഞില്ലേ?”

വനകന്യയും ബാബായും പൊട്ടിച്ചിരിച്ചു. മഹിപാലും പുഞ്ചിരിച്ചു. വെറ്റക്കറ പിടിച്ച് കറുത്ത തായിയുടെ ദന്തനിരയും പ്രകാശിച്ചു. ബാബാജി പറഞ്ഞു.

"തായി ഇനി നിങ്ങൾക്ക് ഇവരെയൊന്നും പറയാൻ പറ്റില്ല. നിങ്ങൾ യശോദാ മാതാവാണ്. ഇതു നിങ്ങളുടെ ഉണ്ണിക്കണ്ണനാണ്. അപ്പോഴിനി വധുവിനു മാപ്പു കൊടുത്തേ പറ്റൂ."

"മാപ്പൊക്കെ എന്നേ കൊടുത്തു. ഞാനായിരം തവണ ശ്രമിച്ചതാണ് ഈ മൂധേവിയെ മറക്കാൻ. പക്ഷേ അവൾ ചെയ്യുന്ന സേവനത്തെയും ശുശ്രൂഷയെയും കുറിച്ച് എന്തുപറയാൻ!"

"എങ്കിൽ നിങ്ങളാ നൂറുതോല സ്വർണം ഇവൾക്കു കൊടുത്തേക്കൂ."

തായി അതിനുത്തരമൊന്നും പറഞ്ഞില്ല. മഹിപാലിന്റെ നേർക്കു നോക്കിയിട്ട് സജ്ജനോടു ചോദിച്ചു

"ഇതാരാണ്?"

സജ്ജൻ പെട്ടെന്നുത്തരം പറഞ്ഞില്ല.

"ഇദ്ദേഹം വലിയ പണ്ഡിതനാണ്."

"വലിയ പ്രസിദ്ധനായ വിദ്വാനാണ് തായീ."

ബാബാജിയും അറിയിച്ചു.

തായി പെട്ടെന്നെഴുന്നേറ്റു മഹിപാലിന്റെ മുമ്പിൽ മുട്ടുകുത്തി നമസ്കരിച്ചിട്ട് പറഞ്ഞു

"എന്റെ വീട്ടിലേക്ക് വന്നത് എന്റെ ഭാഗ്യമാണ്. അങ്ങ് ഇവിടെയുള്ള ആളാണോ അതോ പുറത്തുനിന്നു വന്നതാണോ?"

"ഇവിടുള്ള ആളാണ് തായിജീ. ഒരുപാടു പുസ്തകവുമെഴുതിയിട്ടുണ്ട്" കന്യയാണതിന്നു ഉത്തരം പറഞ്ഞത്.

തായി ചോദിച്ചു

"അപ്പോൾ പുരോഹിതപ്പണിയും ചെയ്യാറില്ലേ."

"ഉണ്ട്, വീട്ടിൽ പൂജയും കർമവും മറ്റും നടത്തും."

സജ്ജൻ പറഞ്ഞു "എന്നാൽ വിവാഹവും മന്ത്രവാദവും മറ്റും നടത്താനറിയില്ല."

"എനിക്കാവശ്യം ഭഗവാന്റെ വിവാഹം നല്ലവണ്ണം നടത്താൻ കഴിയുന്ന ഒരു പണ്ഡിതനെയാണ്; ഇദ്ദേഹത്തിന് അതാവില്ലെങ്കിൽ ബനാറസ്സിൽ നിന്നാരെയെങ്കിലും വിളിക്കണം. ചെലവ് എന്തായാലും ഞാൻ തന്നേക്കാം."

"ശരി അതിനുള്ള ഏർപ്പാടെല്ലാം ചെയ്യാം" ബാബാജി ഏറ്റു.

"വിവാഹം ഗംഭീരമായിരിക്കണം ബാബാജീ. എന്റെ സഹപത്നിയുടെ ചെറു മകന് ഇത്രയും ആഡംബരമായിട്ട് വിവാഹം നടത്താമെങ്കിൽ ഭഗവാന്റെ വിവാഹം അതിലും മികച്ചതായിരിക്കണം. ഇതാ കണ്ടില്ലേ കന്നോമലിന്റെ ചെറുമോൻ പൊട്ടനെപ്പോലെ നില്ക്കുന്നത്? ഇനി എത്ര ദിവസമുണ്ട്? നാളെ വൈശാഖം തുടങ്ങുകയായി. നാശം, പൗർണമിക്കാണ് വിവാഹം. ഒരുമാസം കഷ്ടിച്ചുണ്ട്. ഒരേർപ്പാടും ആയിട്ടില്ല."

"അതിനെപ്പറ്റിയൊന്നും വിഷമിക്കേണ്ട ഭക്തേ."

"സ്ത്രീധനമായി എനിക്ക് ഒരാശ്രമം കെട്ടിത്തരണം."

ബാബാജി അറിയിച്ചു.

"തായിജി വരദക്ഷിണയായി എന്തു കൊടുക്കും?" കന്യ ചോദിച്ചു.

"ഇക്കാലത്ത് റേഡിയോ, സോഫാസെറ്റ് തുടങ്ങിയ വലിയ സാധനങ്ങളാണ് കൊടുക്കുന്നത്" മഹിപാൽ പറഞ്ഞു.

"എന്താ ഇതെല്ലാം എനിക്ക് തരാനാണോ പോകുന്നത്? അപ്പോൾ കൃഷ്ണപരമാത്മാവിന്റെ വിവാഹം നടത്തി എന്നെ കോട്ടും സൂട്ടും ഇടീക്കാൻ പോവുകയാണോ?" ബാബാജിയുടെ വാക്കുകൾ കേട്ട് എല്ലാവരും പൊട്ടിച്ചിരിച്ചു.

"അത് ചോദിക്കാനല്ലേ ഇന്ന് വിളിപ്പിച്ചത്. ദക്ഷിണയായി പലഹാരങ്ങൾ അയയ്ക്കേണ്ടേ? അൻപതു കുട്ട അയയ്ക്കണമെന്നാണ് ഞാൻ വിചാരിച്ചിരിക്കുന്നത്."

"അതു കൊള്ളാം. ഞാനതെല്ലാം കടവിൽ വിതരണം ചെയ്യാം. ബാക്കി രൂപ റൊക്കം തരണം. ഞാനതുകൊണ്ട് ആശ്രമത്തിന് സ്ഥലം വാങ്ങാം. തിലക ദിവസം സ്ഥലമാകും. വിവാഹത്തിന് ആശ്രമം കെട്ടാനുള്ള ചെലവും തരണം."

വിവാഹത്തിനുള്ള ഏർപ്പാടുകളെല്ലാം തീരുമാനിക്കപ്പെട്ടു. മഹിപാലിനു ധൃതിയുണ്ടായിരുന്നതുകൊണ്ട് സജ്ജനും അയാളോടൊപ്പമെഴുന്നേറ്റു. കന്യ ഹാളിലേക്ക് പോയി. പാഠശാല നടക്കുകയാണ്. ഇപ്പോൾ കന്യയെ സഹായിക്കാനായി വേറെ രണ്ടു സ്ത്രീകളും വരുന്നുണ്ട്. തുന്നലും തയ്യലും മറ്റും അവർ പഠിപ്പിക്കും. കന്യയുടെ വിദ്യാലയത്തിൽ ഇപ്പോൾ സ്ത്രീകൾ ധാരാളം പഠിക്കാനായിവരുന്നുണ്ട്. തായിയുടെ മാളികയിലെ സ്റ്റുഡിയോമുറി സജ്ജനെ സംബന്ധിച്ചിടത്തോളം കെട്ടടങ്ങിയ കൗതുകത്തിന്റെ ഒരു പ്രതീകമായി മാറിയിട്ടുണ്ട്. അവിടെയിരുന്നയാൾ പ്രധാനപ്പെട്ട ചിത്രങ്ങളൊന്നും വരച്ചിട്ടില്ല. എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ തന്നെ വീട്ടിലിരുന്നാണ്. ഇന്ന് അല്പം വേലചെയ്താൽ കൊള്ളാമെന്ന് അയാൾക്ക് തോന്നി. പക്ഷേ മഹിപാൽ പറഞ്ഞു.

"ഇവിടെ സ്ത്രീകളുടെ ഒച്ചയും ബഹളവുമായിരിക്കും."

കന്യയുടെ പാഠശാലയെല്ലാം കണ്ടശേഷം മടങ്ങിയെത്തിയ ബാബാജി "എങ്കിൽ വരൂ എന്റെ ആശ്രമത്തിലേക്കു പോകാം" എന്നു പറഞ്ഞപ്പോൾ, സജ്ജനും മഹിപാലിനും തീരുമാനിക്കാൻ കഴിയാതെ കിടന്ന ഒരു പ്രശ്നത്തിനു പരിഹാരമായിത്തീർന്നു. മഹിപാലിന് അതിൽ താല്പര്യമില്ലായിരുന്നു. ബാബാജി വീണ്ടും പറഞ്ഞു. "വരൂ അവിടെ ദിവ്യമായ കഞ്ചാവ് ഒരുക്കാം"

സജ്ജൻ ചിരിച്ചിട്ടു പറഞ്ഞു. "അതിനു ഞാനിതുവരെ ആഹാരം കഴിച്ചിട്ടില്ല."

"മഹിപാലോ?"

"അതെ. ഞാനും വീട്ടിൽനിന്ന് പ്രാതൽ കഴിച്ചതേയുള്ളു."

"എങ്കിൽ ഇന്ന് പഴങ്ങൾ തന്നെയാക്കാം ആഹാരം. പോകുന്നവഴിക്ക് എല്ലാം വാങ്ങിക്കൊണ്ടു പോകാം. രണ്ടരമൂന്നുമണിക്ക് കടവിൽ പാലുകറക്കാൻ ആളു വരും. അവിടുന്ന് പാലും വാങ്ങാം. എന്തു പറയുന്നു?"

ബാബാ, മഹിപാലിന്റെ മുതുകിൽ കൈവച്ചുകൊണ്ട് ചോദിച്ചു "ചുരുക്കത്തിൽ നിങ്ങളെ രണ്ടുപേരെയും ഇന്നു കണ്ടുമുട്ടിയസ്ഥിതിക്ക് നിങ്ങളോടൊപ്പം കുറച്ചുസമയം കഴിയണമെന്ന് എനിക്കാഗ്രഹമുണ്ട്. അതുമല്ല നിങ്ങളുടെ ഉപദേശവും വേണം. ഇത്രയും രൂപ എങ്ങനെയൊക്കെ ചെലവാക്കാം എന്തെല്ലാം നല്ല കാര്യങ്ങൾ ചെയ്യാം എന്നെല്ലാം ആലോചിക്കാനുണ്ട്."

മഹിപാലിന് പിന്നെ ഉത്തരമില്ലാതായി.

46

ബാബാജിയുടെ ആശ്രമത്തിൽ നിന്നവർ പെട്ടെന്നു മടങ്ങി. മഹിപാലിന്റെ ആഗ്രഹപ്രകാരം കപ്പൂർ ഹോട്ടലിൽ ചെന്ന് ഒന്നു കുടിക്കണം. സജ്ജൻ മദ്യത്തിൽനിന്ന് വിട്ടുമാറിയിരുന്നു. എങ്കിലും മഹിപാലിനോടൊപ്പം ചെല്ലാമെന്നേറ്റു.

"ആളുകൾ പെട്ടെന്ന് എന്തെങ്കിലും സ്വഭാവം ഉപേക്ഷിക്കുന്നതെങ്ങനെയെന്നാണ് എനിക്കു മനസ്സിലാകാത്തത്" മഹിപാൽ പറഞ്ഞു.

"അതെന്ത്? നിങ്ങൾ ആദർശവാദിയായ എഴുത്തുകാരനല്ലേ? അനേകം പ്രാവശ്യം പലതും ഉപേക്ഷിക്കാൻ നിങ്ങൾ സ്വന്തം സാഹിത്യത്തിലൂടെ ഉപദേശം നൽകിയിട്ടുള്ളതല്ലേ?"

സജ്ജന്റെ വ്യംഗ്യം മഹിപാലിന് ശരിക്കുകൊണ്ടു. കുറെനേരം അയാൾ ഒന്നും മിണ്ടിയില്ല. പിന്നെ പറഞ്ഞു.

"ചിന്തിക്കാനെളുപ്പമാണ്, അനുഷ്ഠിക്കുക വിഷമവും. നിനക്ക് സ്വന്തം അനുഭവത്തിൽ അങ്ങനെ തോന്നാറില്ലേ?"

സജ്ജൻ ഗൗരവഭാവത്തിൽ പറഞ്ഞു "ഉണ്ടെന്നും ഇല്ലെന്നും പറയാം."

"അതെന്ത്?"

"എനിക്കുതോന്നുന്നത്, എനിക്കു നിങ്ങളെക്കാളും നിശ്ചയദാർഢ്യമുണ്ടെന്നാണ്. മനസ്സിൽ പ്രധാനമായ ഒരു തീരുമാനം എടുത്തു കഴിഞ്ഞാൽ ഞാനത് ജീവിതത്തിൽ സ്വീകരിക്കും. നടപ്പാക്കും."

"ഒന്നുചോദിക്കട്ടെ. നീ വലിയ ആവേശത്തോടെ തുടങ്ങിയ തെരുവിലെ ജീവിതം പകർത്തൽ പരിപാടി നിന്റെ നിശ്ചയബുദ്ധി എത്രമാത്രം മുന്നോട്ടു കൊണ്ടു പോയി?"

സജ്ജൻ മൂകനായി ചിന്തിക്കാൻ തുടങ്ങി. കാർ മുന്നോട്ടു പൊയ്ക്കൊണ്ടിരുന്നു. മഹിപാൽ വീണ്ടും തന്നെ തോൽപ്പിക്കുകയാണ്.

സജ്ജൻ പറഞ്ഞു "റൊമാൻസിൽ മുഴുകിപ്പോയിഷ്ടാ അല്ലെങ്കിൽ ഇതിനകം വല്ലതുമൊക്കെ ചെയ്തേനെ."

"റൊമാൻസിലെന്തിനുമുഴുകി?"

"എന്റെ ജീവിതത്തിലതിന്റെ കുറവുണ്ടായിരുന്നു."

"എന്റെ ജീവിതത്തിലും പല കുറവുകളുണ്ട്. അതുകൊണ്ടാണ് ഞാൻ പലപ്പോഴും പരാജിതനാകുന്നത്." ഒരു ദീർഘനിശ്വാസത്തോടെ മഹിപാൽ പറഞ്ഞു.

പിന്നെ വളരെ നേരത്തേക്ക് ഇരുവരും സംസാരിച്ചില്ല. സ്വന്തം വിചാരങ്ങളിൽ മുഴുകി അവർ ഇരുന്നു. കപ്പൂർ ഹോട്ടലിലെ മാനേജരോട് പറഞ്ഞ് മുകളിലത്തെ ഒരുമുറി അവർക്കിരിക്കാനായി ഏർപ്പാടു ചെയ്തു. മഹിപാൽ മെല്ലെ പറഞ്ഞു.

"ഇന്നു രാവിലെ മുതൽ എന്റെ മനസ്സിന് വല്ലാത്ത ഒരു വിഷമം.."

"എന്താ കാരണം?"

"എന്റെ അന്ത്യകാലമടുത്തെന്ന് ഒരു തോന്നൽ."

"എന്താ ഭ്രാന്താണോ? വല്ല സ്വപ്നവും കണ്ടോ?"

"അതേ.."

"അക്കാരണത്താലാണോ ഈ വിഷമം?"

"അതേ."

"സ്വപ്നം ബുദ്ധിയിൽ ഉദിക്കുന്നതാണ്.."

"എല്ലായ്പ്പോഴും അങ്ങനെയായിരിക്കില്ല. അതുമല്ല സ്വപ്നം ഒരു സൂചനയാണ്. എന്റെ ഇല്ലായ്മകൾ എന്നെ കുഴിച്ചുമൂടുമെന്നാണ് എനിക്കു തോന്നുന്നത്. ഇനി അവയോടെതിരിടാൻ എനിക്കാവില്ല."

"എന്തു സ്വപ്നമാണ് കണ്ടത്?"

"സ്വപ്നമോ.. ചപ്പും ചവറും പൊട്ടിയ മൺപാത്രങ്ങളും, അലക്കുവെള്ളവും, പഞ്ഞിയും നൂലും മറ്റും അടിഞ്ഞുകിടക്കുന്ന മലീമസമായ ഒരു തെരുവിലൂടെ ഞാൻ നടന്നുപോവുകയാണ്."

"വേറെ ആരെങ്കിലുമുണ്ടായിരുന്നോ?"

"ആരുമില്ല. ഞാൻ മാത്രം.."

"പിന്നെ..."

"നടന്നു നടന്ന് തളർന്നു. അവിടെ നിന്നു പുറത്തു കടക്കാൻ മോഹിച്ചു. പക്ഷേ കഴിയുന്നില്ല. സ്വപ്നത്തിൽ ഞാൻ അനുഭവിച്ച വേദനയും ശ്വാസം മുട്ടലും എങ്ങനെ വിവരിക്കും സജ്ജൻ..... അത് ഒരു അനുഭവമായിരുന്നു."

"എന്നിട്ട് ..."

"ഒടുവിൽ ഞാൻ ഒരു നദിക്കരയിലെത്തി. ഒരു വഞ്ചി പോവുകയാണ്. നിറയെ ആളും കയറ്റി. അവരെല്ലാം എന്നെ വിളിച്ചു. വള്ളം കരയ്ക്കടുത്തു. ഞാനും അതിൽ കയറി ഇരുന്നു. പല പരിചയക്കാരുമുണ്ടായിരുന്നു..."

"ആരൊക്കെ?"

"ഷീല, കല്യാണി, കർണൽ, എന്റെ വകയിലൊരു സഹോദരൻ. പിന്നെയും ആരൊക്കെയോ?"

"എന്നിട്ട്?"

"നദീമധ്യത്തിലെത്തിയപ്പോൾ വള്ളം മറിഞ്ഞു. എല്ലാവരും നീന്തിത്തുടങ്ങി. പച്ച നിറത്തിലുള്ള വെള്ളത്തിൽ വളരെയേറെ ഗോപുരങ്ങളും സ്തംഭങ്ങളും ഇടിഞ്ഞുപൊളിഞ്ഞ കെട്ടിടങ്ങളും കണ്ടു. അവ എന്നെ അങ്ങോട്ടു പിടിച്ചു വലിക്കാൻ തുടങ്ങി."

"പിന്നെ?"

"ഞാൻ എന്നോടൊപ്പം പലരെയും വലിച്ചുകൊണ്ടുപോയി. കുറെ കഴിഞ്ഞപ്പോൾ അവരെല്ലാം എന്റെ കണ്ണിൽ നിന്നു മറഞ്ഞു. ആ പൊളിഞ്ഞു വീണ കെട്ടിടങ്ങൾക്കിടയിൽ, എന്നെ ചങ്ങലയിട്ട് കെട്ടിയിരിക്കുന്നതായി പിന്നെ കണ്ടു. ഞാൻ വളരെയേറെ കുതറി, വലിച്ചുപൊട്ടിക്കാൻ ശ്രമിച്ചു. പക്ഷേ അത് പൊട്ടിക്കാൻ കഴിയുന്നില്ല."

"നിങ്ങൾക്കെന്തോ നൈരാശ്യബോധമുണ്ട് മഹിപാൽ. ആ ഫ്രസ്ട്രേഷന്റെ പ്രതീകമാണ് ഈ അലക്കുതെരുവും, ഇടിഞ്ഞുപൊളിഞ്ഞ കെട്ടിടവുമൊക്കെ. അത് അനലൈസ് ചെയ്താൽ മതി. ഇതിൽ മരണത്തിന്റെ കാര്യം എവിടെ വരുന്നു?"

മഹിപാൽ മൂകനായിരുന്നു. സജ്ജൻ കാപ്പി കുടിച്ചിട്ട് സിഗററ്റിന്റെ തീ കൊളുത്തി. മഹിപാലിന്റെ നേർക്ക് സിഗററ്റ് കേസ് നീട്ടി. മദ്യത്തിന്റെ ലഹരി

യിൽ അല്പനേരം ലയിച്ചിരുന്നശേഷം മഹിപാൽ പറഞ്ഞു. “നിന്നോട് ഹൃദയത്തിലെ കാര്യം പറയാം. മനസ്സിന്റെ ഭാരം ഒട്ടൊന്നു കുറയും.......എനിക്ക് നിന്നോട് അസൂയയുണ്ട്.”

സജ്ജൻ അതു കേട്ട് പുഞ്ചിരിച്ചു. ഒന്നും പറഞ്ഞില്ല.

“ഒരു കാര്യം പറയട്ടെ. എനിക്ക് നിന്നോട് സ്നേഹമാണ്.”

“അപ്പോൾ കർണലിനോടോ?”

“കർണൽ ദേവതയാണ്. നമുക്ക് രണ്ടുപേർക്കും അയാളോട് കിടപിടിക്കാൻ ആവില്ല. അയാളുടെ ഭാവന അത്ര വികസിച്ചതല്ലായിരിക്കാം. എങ്കിലും മറ്റുള്ളവർക്കുവേണ്ടി ജീവൻ കളയാൻ അയാൾക്കറിയാം. ഒന്നു പറയട്ടെ സജ്ജൻ. ജീവിതത്തിൽ ഒരിക്കലും തോൽക്കരുത്.”

“തോൽവിയും ജയവും നമ്മുടെ കൈയിലല്ലല്ലോ മഹിപാൽ. പരിതഃസ്ഥിതിയാണതിനുത്തരവാദി.”

“അതെന്തുമാകട്ടെ, തളർന്നിരിക്കുന്നതുതന്നെ സത്യത്തിൽ തോൽവിയാണ്. നീ ഇറങ്ങിത്തിരിച്ച കാര്യം പൂർത്തിയാക്കണം. അതങ്ങനെ ഉപേക്ഷിക്കാൻ പാടില്ല.”

മഹിപാലിന്റെ ഈ ഉപദേശം സജ്ജന്റെ ഹൃദയത്തിൽ കൊണ്ടു. അയാൾ ഒട്ടൊരാവേശത്തോടെ പറഞ്ഞു. “നിങ്ങൾ കൂടി ഉണ്ടെങ്കിൽ ഏതു വൈഷമ്യവും തരണം ചെയ്യാം.”

“എനിക്ക് എന്നിൽ നിന്നും പുറത്തു വരാൻ ആവില്ല. സ്വയം മനസ്സിലാക്കാനും കഴിയുന്നില്ല. ഞാൻ ആകെ തളർന്നു കഴിഞ്ഞു. പത്തു പതിനഞ്ചു വർഷം ഞാൻ ആശിച്ചിരുന്നു. വളരെയൊക്കെ ചെയ്യാൻ കഴിയുമെന്ന്. ലോകത്തെ തന്നെ തലകീഴായി മറിക്കാമെന്ന്. ദൈവം എന്റെ മുമ്പിൽ പരീക്ഷണങ്ങൾ നടത്തി. എനിക്ക് സ്വയം മാറാൻ കഴിഞ്ഞില്ല. പിന്നെ ഞാൻ ലോകത്തെ എങ്ങനെ മാറ്റാൻ?”

“ഈ കടംകഥയൊക്കെ മതിയാക്കൂ.” സജ്ജൻ മടുത്തിട്ടു പറഞ്ഞു “ഇന്നു രാവിലെ നിങ്ങൾ എന്തിനാ വന്നത്?”

“വെറുതെ. ഞാൻ പറഞ്ഞില്ലേ മനസ്സിന് ഏകാന്തത തോന്നി. ആരെങ്കിലും കൂട്ട് വേണ്ടിയിരുന്നു. ആദ്യം വിചാരിച്ചു കർണലിന്റെ അടുത്ത് പോകാമെന്ന്. പക്ഷേ അയാൾക്ക് ഇക്കാര്യങ്ങളൊന്നും മനസ്സിലാവില്ല. പിന്നെ ആലോചിച്ചു.....” പറഞ്ഞുപറഞ്ഞ് മഹിപാൽ മൂകനായി. ഒരു ദീർഘശ്വാസം വിട്ടു.

സജ്ജൻ അയാളുടെ നേർക്ക് നോക്കിയിട്ടു പറഞ്ഞു. “നിങ്ങൾ ഷീലയോടും നിങ്ങളോടും അന്യായമാണ് ചെയ്യുന്നത് മഹിപാൽ. ഷീലയുമായുള്ള ബന്ധം മുറിച്ചെറിഞ്ഞ അന്നാണ് നിങ്ങൾക്ക് നൈരാശ്യബോധമുണ്ടായത്.”

“അക്കാര്യം കളയൂ സജ്ജൻ....... വേണ്ട അതൊക്കെ പോട്ടെ”.. മഹിപൽ മൂകനായി. ഗ്ലാസ് കൈയിലെടുത്ത് സുവർണനിറത്തിലുള്ള സ്കോച്ചിൽ കണ്ണും നട്ടിരുന്നു. സജ്ജൻ ചോദിച്ചു. “നിങ്ങളുടെ അനന്തിരവളുടെ വിവാഹം എന്നാണ്.”

“ആഷാഢത്തിൽ അമാവാസി കഴിഞ്ഞ് നവമിക്ക്.”

“കന്യയും ചേട്ടത്തിയും ഒരു കാര്യം തീരുമാനിച്ചിട്ടുണ്ട്. വിവാഹം എന്റെ വീട്ടിൽ വച്ചായിരിക്കുമെന്ന്.”

"ഉം."

"ആ തീരുമാനത്തിൽ എനിക്ക് സന്തോഷമുണ്ട്. ഇന്നലെ രാത്രി ഞങ്ങൾ ഇതിനെക്കുറിച്ച് സംസാരിച്ചു. ആളുകൾക്കിരിക്കാൻ രാജാസാഹബിന്റെ ചെറിയ വീട് ഒഴിപ്പിച്ചു വയ്ക്കാൻ. നിങ്ങളുടെ ചെറുക്കന്റെ വീട്ടുകാർ വലിയ ആഡംബരമൊക്കെ കാണിക്കുന്നവരാണെന്നു കേട്ടല്ലോ."

"കാണിക്കട്ടെ ശവങ്ങൾ" മഹിപാൽ ഒറ്റവായ്ക്ക് രണ്ട് കവിൾ മദ്യം അകത്താക്കി. "അതിനൊന്നും ഞാൻ വിട്ടുകൊടുക്കില്ല. അവരെ ഞാൻ തറ പറ്റിച്ചേക്കാം."

"പയ്യൻ പുരോഗമനവാദിയാണെന്നു കേട്ടല്ലോ".

"അതെ."

"എന്നിട്ടും അവരിതൊക്കെ കാണിക്കുമോ?"

"പറയാൻ വയ്യാ."

"അതുപോട്ടെ. മഹിപാൽ. ഇന്നു രാവിലത്തെ കാര്യം ഓർമിച്ചുനോക്കൂ. എന്തെല്ലാം നാം കേട്ടു. അതിൽ നിന്നും എന്താണ് തെളിയുന്നത്? പരിഷ്കൃത സമൂഹം മുന്നോട്ടു പോയി. പ്രതിലോമശക്തികൾ പിന്നോട്ട് മാറി. എന്നിട്ടും ഈ പ്രതിലോമശക്തികളുടെ സ്വാധീനം ഇന്നും നിലനിൽക്കുന്നു. എന്താണിതിനു കാരണം?"

മഹിപാൽ കുറച്ചുനേരം മൂകനായിരുന്നു. ഒരു മറുപടി പ്രതീക്ഷിച്ച് സജ്ജൻ കണ്ണെടുക്കാതെ അയാളെ കുറെ നേരം നോക്കിയിരുന്നു. എന്നിട്ട് മുഖം തിരിച്ച് ജനാലയിലൂടെ പുറത്തേക്ക് നോക്കി. സിഗററ്റിന്റെ ചാരം ആഷ്ട്രേയിൽ തട്ടിയിട്ടു മഹിപാൽ പറഞ്ഞു. "നീ ചോദിച്ചതിന് ഉത്തരം എനിക്കറിയാം. സത്യം പറഞ്ഞാൽ അതുപറയാൻ എനിക്ക് അധികാരമുണ്ടെന്ന് ഞാൻ കരുതുന്നില്ല."

"അതെന്ത്?"

"എനിക്ക് എന്നെത്തന്നെ സ്വാധീനിക്കാൻ കഴിഞ്ഞിട്ടില്ല."

"എങ്കിലും എന്താണ് നിങ്ങൾ ആലോചിക്കുന്നത്?"

"പറയുന്നത് വ്യർഥമാണ്. ജീവിതത്തിന്റെ അവസാനകാലത്ത് ഇനീം കള്ളം പറയില്ല. എന്റെ മനസ്സിൽ അടിഞ്ഞുകൂടിയിട്ടുള്ള കള്ളങ്ങൾ പ്രകടിപ്പിക്കാനുള്ള തന്റേടം എനിക്കുണ്ടാകുന്നതുവരെ സത്യം പറയാനുള്ള അധികാരവും എനിക്കില്ല."

സജ്ജൻ അസ്വസ്ഥനായി പറഞ്ഞു. "മഹിപാൽ നിങ്ങളുടെ ഈ ഭ്രാന്ത് ബോറടിയാകുന്നുണ്ട്. ഒരു സ്വപ്നം കണ്ടെന്നു വച്ച് തലയിങ്ങനെ പുണ്ണാക്കുമോ? വിദ്യാഭ്യാസമുള്ളവർക്ക് ചേർന്നതാണോ ഇത്? നിങ്ങൾക്ക് ഒരു സത്യം പാലിക്കാൻ കഴിഞ്ഞില്ലായിരിക്കാം. എങ്കിലും അത് വെളിവാക്കുന്നത് വഴി മറ്റാർക്കെങ്കിലും ബലം നൽകാൻ കഴിയില്ലേ?"

"എന്നിൽ ശക്തിയില്ലാത്തപ്പോൾ ഞാൻ കൊടുക്കുന്നതെങ്ങനെ. മുഹമ്മദിന്റെയും ശർക്കര തിന്നുന്ന കുട്ടിയുടെയും കഥ കേട്ടിട്ടില്ലേ? മുഹമ്മദ് സ്വയം ശർക്കര തിന്നുന്നിടത്തോളം കാലം കുട്ടിയെ അതിൽ നിന്ന് വിലക്കാൻ കഴിയില്ല..... അതുപോട്ടെ. ഇവിടെ സ്ഥിതി വേറെ അല്ലേ? നീ തുടക്കം മുതൽക്കേ ശർക്കര തിന്നാത്തവനല്ലേ."

"ഇത്രത്തോളം മിസ്റ്റിക് ആകണോ മഹിപാൽ?"

"മിസ്റ്റിസിസമല്ല. കാര്യം നേരേചൊവ്വേയുള്ളതാണ്. അനേകായിരം കൊല്ല ങ്ങൾ കഠിനമായി ശ്രമിച്ചാലും ഭാരതത്തിലെ ഈ വൃത്തികേടുകൾ പിഴുതെറി യാൻ പറ്റില്ല. ഇടയ്ക്കിടെ ശ്രമങ്ങൾ നടന്നിട്ടില്ല എന്നല്ല. പക്ഷേ, സാമൂഹിക മായി അതു വലിയ പ്രഭാവമൊന്നും ചെലുത്തിയില്ല. പരിവർത്തനങ്ങൾ നിങ്ങളും വരുത്തിയിട്ടുണ്ട്. പക്ഷേ നിങ്ങളിൽ മാത്രം."

സജ്ജനു നിരാശതോന്നി. മഹിപാൽ മദ്യത്തിന്റെ പിടിയിലാണ്. ലഹരിയിൽ സ്വയം മറന്നിരിക്കുകയാണ്. അയാൾ സ്വന്തം ഭാവനയിൽതന്നെ ഒഴുകിനടക്കു കയാണെന്ന് സജ്ജനു തോന്നി. അപ്പോൾ മഹിപാൽ വിശദീകരിച്ചു. "ജാതിചി ന്തയെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. ഹിന്ദുസ്ഥാനിൽ ഈ കടുത്ത ജാതിചിന്ത യുള്ളിടത്തോളം കാലം ലക്ഷം പരിഷ്കാരം കൊണ്ടുവന്നാലും സമൂഹത്തെ ഒരു 'മാനവസമൂഹ'മാക്കി മാറ്റാൻ ആവില്ല."

"ഇപ്പോൾ ജാതിചിന്ത വളരെയൊക്കെ കുറഞ്ഞിട്ടില്ലേ?"

"ഇവിടെ സിവിൽ ലൈനിൽ മാത്രം. ഗ്രാമങ്ങളിലും തെരുവുകളിലുമൊന്നും അതിൽ മാറ്റമുണ്ടായിട്ടില്ല. നൂറിൽ രണ്ടോ നാലോ സംഭവങ്ങൾ ഉണ്ടായെന്നു വച്ച് സാമൂഹ്യപരിവർത്തനമാവില്ലല്ലോ."

"എന്നാലും പണ്ടത്തെയത്ര വിരോധം ഇപ്പോഴില്ലല്ലോ." സജ്ജൻ പറഞ്ഞു. "ആ തായിയുടെ കാര്യം തന്നെ എടുക്കാം. വർമയോടും ഭാര്യയോടും അവരുടെ ദയവുകണ്ടില്ലേ? കന്യയോടും അവർക്കു വിരോധമുണ്ടായിരുന്നു: ഇവരെയൊന്നും ഇപ്പോഴും അവരുടെ കുടത്തിലും വെള്ളത്തിലും തൊടീക്കില്ല എന്നതുപോട്ടെ."

"വർമയോടും നിന്റെ ഭാര്യയോടും വിരോധമില്ലെങ്കിലും ജാതിയുടെ രക്ഷ യ്ക്കായി സ്വന്തം ആഹാരപദാർഥങ്ങളിൽ അവരെ തൊടാൻ അനുവദിക്കാതെ നിർത്തുന്ന ഈ സമ്പ്രദായമാണ് സമൂഹത്തിന്റെ ജീവനാഡിയെ വെളിവാക്കു ന്നത്. നീയും വർമയും നിന്റെ ഭാര്യയും മറ്റും ഇന്നേക്ക് അൻപതുവർഷം മുമ്പാണ് ജനിച്ചിരുന്നതെങ്കിൽ നിങ്ങൾ മരിച്ചാൽപോലും തായി നിങ്ങളോടു ദയ കാട്ടില്ല. അക്കാലത്തു ജാതി മാറി വിവാഹം ചെയ്യുന്ന കാര്യം സങ്കല്പിക്കാൻ പോലും പറ്റില്ല. അന്നത്തെ സാമൂഹ്യനീതിയും അത്രത്തോളം കഠിനമായിരുന്നു. ഈ തായി തന്നെയല്ലേ നിങ്ങൾക്കെതിരേ ക്ഷുദ്രവും മന്ത്രവാദവും ചെയ്തത്? പഴയ സാമൂഹ്യനിഷ്ഠയുടെ ഫലമാണത്. സാമൂഹ്യ വിപ്ലവങ്ങൾ പഴയ അന്ധവിശ്വാ സങ്ങളെ ഒട്ടൊക്കെ മാറ്റിയിട്ടുണ്ട്. അതാണ് ലോകം നിങ്ങളെ മൂകമായി സ്വീക രിച്ചത്. എങ്കിലും നിങ്ങളുടെ സിദ്ധാന്തങ്ങൾ ഇപ്പോഴും പൂർണമായി അംഗീകരി ക്കപ്പെട്ടിട്ടില്ല."

"ശരിയാണ്. പുതിയ സിദ്ധാന്തങ്ങൾ പുതിയ ലോകം എന്നത്തേക്ക് സാർവ ത്രികമായി സ്വീകരിക്കും എന്നതാണ് പ്രശ്നം."

"വമ്പിച്ച ഒരു പ്രക്ഷോഭണം കൊണ്ട്. അങ്ങനെയുള്ള ഒരു വിപ്ലവത്തിനു മാത്രമേ ജാതിചിന്തയുടെ വേരറുക്കാൻ കഴിയൂ." മഹിപാൽ ഓരോ വാക്കും ആലോചിച്ചാണ് പറഞ്ഞിരുന്നത്. "ഒരു കാര്യം ഓർക്കണം. ഈ വിപ്ലവകാരി കൾ ഭാരതത്തിൽ ഇന്നോളമുണ്ടായ ജാതിവിരുദ്ധ സമരങ്ങളുടെ ചരിത്രം അറിഞ്ഞേ കഴിയൂ. ഒരു കാലത്ത് ഈ ജാതിവാദം ഭാരതത്തിന്റെ ശക്തിയായിരുന്നു. പിന്നീ ടത് നമ്മുടെ നിരന്തരപതനത്തിനു കാരണമായി. ആരോടെങ്കിലും ജാതി ഉപേ ക്ഷിക്കാൻ പറഞ്ഞുനോക്കൂ. അപ്പോൾ അയാൾ കരുതും, നീ അയാളെ ഹിന്ദുമ

ത്തത്തിൽ നിന്ന് മാറ്റാൻ ശ്രമിക്കുകയാണെന്ന്."

സംസാരം നിലച്ചു. സജ്ജൻ ഗൗരവപൂർവം ചിന്തിക്കാൻ തുടങ്ങി. ഗ്ലാസ്സിലിരുന്ന മദ്യവും പ്ലേറ്റിൽ ഇരുന്ന പൊരിച്ചമാംസവും തീർക്കാനായിരുന്നു മഹിപാലിന്റെ മൂകശ്രമം. നിമിഷങ്ങൾക്കുശേഷം രണ്ടുപേരും ഒന്നിച്ചെന്തോ പറയാൻ മുതിർന്നു. സ്വന്തം വാക്കുകൾ തടഞ്ഞിട്ട് മഹിപാൽ സജ്ജനോടുപറഞ്ഞു "പറയൂ. എന്താ നീ പറഞ്ഞത്."

"എന്റെ ജീവിതം സമൂഹത്തെ മാറ്റാനായി ഞാൻ വിനിയോഗിക്കും. അതുമാറ്റിയേ ഞാൻ അടങ്ങിയിരിക്കൂ" സജ്ജന്റെ മുഖത്ത് ദൃഢത നിഴലിച്ചു. മഹിപാൽ അതു നോക്കിയിരുന്നു. മഹിപാലും എന്തോ പറയാൻ മുതിർന്നതാണെന്ന് സജ്ജൻ പെട്ടെന്ന് ഓർത്തു. "നിങ്ങൾ എന്തോ പറഞ്ഞല്ലോ മഹിപാൽ?"

"ഉം ശരിയാണ്." മഹിപാൽ ചിരിച്ചു. "ഞാൻ പറയാൻ വന്നത് എനിക്ക് ഒരു കാർ തരാമെന്ന് രൂപരത്തൻ ഏറ്റിരിക്കുന്നു എന്നാണ്. ശകുന്തളയുടെ വിവാഹം കഴിഞ്ഞിട്ട് അതു വാങ്ങാമെന്നാണ് വിചാരിക്കുന്നത്. അല്ലെങ്കിൽ കാർ കണ്ടിട്ട് ചെറുക്കന്റെ വീട്ടുകാർ സ്ത്രീധനം കൂടുതൽ ചോദിച്ചേക്കും."

കുറെ കഴിഞ്ഞ് മഹിപാലും സജ്ജനും അവരവരുടെ വഴിക്കുപോയി. മഹിപാലിന്റെ വീട്ടിലോ അയാൾ പറയുന്ന മറ്റെവിടെയെങ്കിലുമോ കാറിൽ കൊണ്ടുചെന്ന് എത്തിക്കാമെന്ന് സജ്ജൻ പറഞ്ഞതാണ്. പക്ഷേ ഏകാകിയായി കഴിയാനുള്ള മനോഭാവത്തിലായിരുന്നതിനാൽ മഹിപാൽ അതു നിരസിച്ചു. ഹോട്ടലിന്റെ താഴെ റോഡിൽ ഒരറ്റത്ത് സജ്ജന്റെ ചെറിയ ഫോർഡ്കാർ കിടന്നിരുന്നു. തികച്ചും സാധാരണ ഭാവത്തോടെ 'എന്റെ' കാറിൽ കൊണ്ടാക്കാമെന്ന് സജ്ജൻ പറഞ്ഞപ്പോൾ ആ എന്റെ പ്രയോഗം മഹിപാലിനെ ഒട്ടൊന്നുലച്ചു. രൂപരത്തൻ കൊടുക്കാമെന്ന് ഏറ്റ ചെറിയ ഫിയറ്റുകാർ അയാളുടെ ഭാവനയിൽ എത്തി.

അയാൾ അതിനെ 'എന്റെ'യായി കാണാൻ തുടങ്ങി. രൂപരത്തൻ അയാളോടു പറഞ്ഞിരുന്നു. "ഗുരോ. നിങ്ങൾ വലിയ സാഹിത്യകാരനാണ്. അതുകൊണ്ട് നിങ്ങൾക്ക് ഒരു കാർ ആവശ്യമാണ്." മഹിപാലിന് ആ നിർദേശം ഇഷ്ടമായി. എങ്കിലും പത്തുംപതിനായിരവും കൊടുത്ത് ഒരു കാറുവാങ്ങിക്കാൻ അയാൾക്കു കഴിവില്ല. രൂപരത്തനോട് സംഭാവനയായി അതു സ്വീകരിക്കാനും അയാൾക്കിഷ്ടമില്ല. അങ്ങനെയൊരു കടപ്പാട് അയാൾ വെറുത്തു. രണ്ടായിരത്തിഅഞ്ഞൂറോ മൂവായിരമോ കൊടുത്താൽ തന്റെ കാറ് വില്ക്കാമെന്ന് രൂപരത്തൻ പറഞ്ഞപ്പോൾ മഹിപാലിന് അതിഷ്ടപ്പെട്ടു. വീട്ടിൽ ചെന്ന് കല്യാണിയുമായി അതിനെക്കുറിച്ചാലോചിച്ചു. കാറിന്റെ പേരു കേട്ട മാത്രയിൽ മക്കളും തള്ളയും ഇളകിച്ചാടി. തന്റെ അടുത്ത പുസ്തകത്തിന്റെ റോയൽറ്റിയുടെ അഡ്വാൻസായി കാർ നല്കാമെന്ന് രൂപരത്തൻ ഏറ്റിരിക്കുകയാണെന്ന് മഹിപാലും വീമ്പിളക്കി. പിന്നെ പെട്ടെന്ന് കാർ വീട്ടിലെത്തേണ്ടത് അത്യാവശ്യമാണെന്ന് വീട്ടുകാർ കരുതി. മൂത്തവൻ ഡ്രൈവിങ് പഠിക്കാനുള്ള ആലോചനയായി. കല്യാണി കാറിന് മാസം എന്തു ചെലവുവരുമെന്ന് കണക്കാക്കാൻതുടങ്ങി. രൂപരത്തന്റെ പ്രസിദ്ധീകരണ വിഭാഗം പരിശോധിക്കാൻ ദിവസവും ഒന്നോരണ്ടോ മണിക്കൂർ പോകേണ്ടിവരുമെന്നുള്ളതിനാൽ കാറിന്റെ ചെലവിന് അയാളിൽനിന്ന് അലവൻസ് വാങ്ങാമെന്നു മഹിപാലും പറഞ്ഞു. അതിനുശേഷം പിന്നെ ഒന്നും ആലോചിക്കാ

നില്ല. കുട്ടികൾ തിടുക്കംകൂട്ടി. പക്ഷേ ശകുന്തളയുടെ വിവാഹത്തിനുമുമ്പ് കാർ കൊണ്ടുവരുന്നതിന് ചില വിഷമങ്ങൾ ഉണ്ടെന്ന് കല്യാണിക്കുതോന്നി. കാറും മറ്റും കണ്ട് ചെറുക്കന്റെ ആളുകൾ കൂടുതൽ തുക ആവശ്യപ്പെട്ടാലോ? അതു കേട്ടു മഹിപാലും തണുത്തു. ഇപ്പോൾ സജ്ജൻ 'എന്റെ' എന്ന് പറഞ്ഞപ്പോൾ മഹിപാലിലും ആ 'എന്റെ' ഉണ്ടാകാൻ ഒരു മോഹം വീണ്ടും തലപൊക്കി. സജ്ജൻ വീണ്ടും വീണ്ടും പറഞ്ഞിട്ടും കേൾക്കാതെ അയാൾ തനിയേ റിക്ഷയിൽ കയറി പ്പോകാൻ തന്നെ തീരുമാനിച്ചു. മദ്യത്തിന്റെ ലഹരിയിൽ ആ സായാഹ്നത്തിലെ ഗുൽസാദും ഹസറത്തുഗഞ്ചും അയാൾക്ക് മനോഹരങ്ങളായിത്തീർന്നു. പ്ലാസാ തിയേറ്റർ മുതൽ പ്രിൻസ് തിയേറ്റർ വരെയുള്ള നിരത്തിലെല്ലാം ആളുകളുടെ ബഹളം. അലങ്കരിച്ച കടകൾ. അവയ്ക്കുമുന്നിൽ ഉടുത്തൊരുങ്ങിയ സ്ത്രീകൾ വന്നും പോയും ഇരുന്നകാറുകളും, ബസ്സും സൈക്കിളും ചുറ്റും ചിതറി നില്ക്കുന്ന മനുഷ്യരും മഹിപാലിന്റെ ലഹരിയുടെ മാറ്റുകൂട്ടി. അയാൾ ഒരു മുറുക്കാൻ കടയിൽചെന്ന് ഒന്നു മുറുക്കി. സിഗററ്റുപാക്കറ്റും തീപ്പെട്ടിയും വാങ്ങി കീശയിൽ ഇട്ടു. കടയിലെ കണ്ണാടിയിൽ മുഖം ഒന്നു നോക്കി. മത്തു പിടിച്ച കണ്ണുകൾ തിരിച്ചയാളെ തുറിച്ചു നോക്കുന്നു. റോഡിലൂടെ കടന്നുപോയ ഒഴിഞ്ഞ ഒരു റിക്ഷ അയാൾ വിളിച്ചു. മഹിപാലിനെ ഒന്നു നോക്കിയിട്ട് റിക്ഷാക്കാരൻ മുൻപോട്ടുപോയി. മഹിപാലിന് ദേഷ്യം വന്നു. അവനെ പിടിച്ചു ശരിക്ക് അഞ്ചാറുകൊടുക്കാൻ അയാൾക്കു തോന്നി. ഈ ഉന്മത്താവസ്ഥയിൽ നടക്കാൻ വിഷമം. ഒരു സാധാരണ റിക്ഷാക്കാരൻ തന്നെ നിസ്സാരമാക്കി കടന്നു പോയത് കാറു വാങ്ങിക്കാൻ ഉള്ള മൂഡിലിരുന്ന മഹിപാലിനെ ചൊടിപ്പിച്ചു. രൂപരത്തനെക്കണ്ട് കാറിന് വില ഉറപ്പിക്കണം. അയാൾ തീരുമാനിച്ചു. പഴക്കടയുടെ അടുത്തെത്തി യപ്പോൾ മറ്റൊരു റിക്ഷാക്കാരനെ കണ്ടു "കാലി ആണോ?" "അല്ല ങ്ങുന്നേ." മ ഹിപാലിന് വീണ്ടും തന്റെ വാഹനം ഉണ്ടാകണമെന്ന ആശ തീവ്രമായി. റിക്ഷാ ക്കാരനെ ചാട്ടകൊണ്ടടിക്കാനുള്ള ആഗ്രഹവുമുണ്ട്. പക്ഷേ അങ്ങനെയൊന്നും ചെയ്യാൻ പാടില്ലെന്ന ചിന്ത തെളിയത്തക്കബോധം അയാൾക്കുണ്ടായി. റോഡ് മുറിച്ചുകടന്ന് നാല്ക്കവലയിൽ എത്തിയിട്ടും കാണുന്ന റിക്ഷാക്കാരെ വിളിച്ചു കൊണ്ടിരുന്നു. ഒന്നും കിട്ടിയില്ല. വെറുതേ കറങ്ങാനുള്ള മോഹം നശിച്ചു. ഇ പ്പോൾ അയാൾക്ക് ഒരു ലക്ഷ്യമേയുള്ളൂ. രൂപരത്തന്റെ അടുത്തുചെന്ന് കാറിന് വിലപേശണം.

കുതിരവണ്ടിയിൽ പകുതി ചാരിക്കിടന്നുകൊണ്ട് സമീപത്തുകൂടിക്കടന്നുപോ യ കാറുകളുടെ നേർക്ക് മഹിപാൽ കണ്ണയച്ചു. ഇപ്പോൾ അയാൾ ക്ഷുബ്ധനല്ല. എല്ലാ കാറുകാരും തന്റെ സ്വന്തം ആളുകളാണെന്ന് അയാൾക്കിപ്പോൾ തോന്നി ത്തുടങ്ങി. ഒരിക്കൽ മഹിപാലിന്റെ കാറും ഈ റോഡിലൂടെ അങ്ങോട്ടുമിങ്ങോ ട്ടും ഓടും........ അതാ ആ ചെറിയ കാറിൽ മുൻസീറ്റിൽ ഒരു സ്ത്രീയും പുരുഷ നും ഇരിക്കുന്നില്ലേ? ഒരു പക്ഷേ, ഭാര്യയും ഭർത്താവുമായിരിക്കണം........ ഒരു ദിവസം താനും കല്യാണിയോടൊപ്പം യാത്ര ചെയ്യുന്നതിൽ യഥാർത്ഥത്തിൽ യാ തൊരു രസവും തനിക്കുണ്ടാവുകയില്ലെന്ന് ഒരു തോന്നലും അയാൾക്കുണ്ടായി. കല്യാണി രസംകൊല്ലിയാണ്. താനും ഷീലയും എത്രയോ തവണ കാറിൽ സ ഞ്ചരിച്ചിട്ടുണ്ട്. മഹിപാൽ ഷീലയെക്കുറിച്ച് ഓർമ്മിച്ചു. ഷീല തന്നോട് ഒരു തെ റ്റും ചെയ്തിട്ടില്ല. അന്ന് സജ്ജന്റെ വീട്ടിൽ ഷീല തന്നോട് എത്ര ദയനീയമായി

അപേക്ഷിച്ചതാണ്. ഷീലയോടുള്ള ബന്ധം ഉപേക്ഷിച്ചത് തെറ്റായിപ്പോയി എന്ന യാൾക്കുതോന്നി. അതോടൊപ്പം മറ്റൊരു ചിന്തയുമുണ്ടായി. ഈ ബന്ധം തുടർന്നിരുന്നു എങ്കിൽ തന്റെ ഐശ്വര്യമെല്ലാം ഷീല നൽകിയതാണെന്ന് ആളുകൾ പറയുമായിരുന്നില്ലേ? ആ ചിന്ത അയാളെ അസ്വസ്ഥനാക്കി. രൂപരത്തന്റെ കയ്യിൽ നിന്നും പണം നേടുകയാണെങ്കിൽ ആളുകൾ അതിനെപ്പറ്റി പറയുകയാണെങ്കിൽ അതിൽ വലിയതെറ്റില്ല. പലരും ഇതേപോലെ അന്യോന്യം സാമ്പത്തിക ബന്ധങ്ങൾ പുലർത്താറില്ലേ? നേരെമറിച്ച് ഒരു സ്ത്രീയോടു ചേർന്നുകഴിയുമ്പോൾ പണം സമ്പാദിക്കുന്നതിലുള്ള കളങ്കം മഹിപാലിന് തീരെ സഹിക്കാനാവുന്നതല്ല. ഇക്കാരണം കൊണ്ടാണ് അയാൾ ഷീലയോടു ബന്ധപ്പെടാത്തത്.

കുതിരവണ്ടി റോഡിലൂടെ ശാന്തമായി മുന്നോട്ടു പോയ്ക്കൊണ്ടിരുന്നു. ഷീലയെക്കുറിച്ചുള്ള ചിന്ത അയാളുടെ മനസ്സിനെ ചഞ്ചലമാക്കി. പ്രേമത്തിലുപരി ഈ ലൗകിക വൈഭവങ്ങളെക്കുറിച്ചുള്ള അഭിമാനം ന്യായമല്ലെന്നയാൾക്കു തോന്നി. കാറും ബംഗ്ലാവും വേലക്കാരും മറ്റു പല വിധത്തിലുള്ള സാമ്പത്തിക വൈഭവങ്ങളും സുഖവും ഒട്ടൊരു പദവിയും ലഭിച്ചേക്കാം. എന്നാൽ ഭാവനയുടെയും ചിന്തയുടെയും ലോകത്ത് അതിനൊരു വിലയുമില്ല. ചെറുപ്പത്തിൽ ആദർശങ്ങൾക്കു വേണ്ടി സാമ്പത്തിക വൈഭവങ്ങൾ അയാൾ പലപ്പോഴും തട്ടിയെറിഞ്ഞിട്ടുണ്ട്. സ്വന്തം സിദ്ധാന്തങ്ങൾക്കുവേണ്ടിയാണ് അയാൾ തറവാടു വിട്ടത്; രൂപരത്തനോടു പിണങ്ങിയത്. അനുജന്റെ വിവാഹത്തിനു സ്ത്രീധനം വാങ്ങിയില്ല. സഹോദരന്റെ ഉന്നതിക്കായി സ്വന്തം ഭാര്യയുടെ ആഭരണങ്ങൾ വിൽക്കാൻ മടിച്ചില്ല. അങ്ങനെയുള്ള മഹിപാലാണ് ഇന്ന് സാമ്പത്തിക നേട്ടങ്ങൾക്കുവേണ്ടി മഹത്തായ ആദർശങ്ങൾ ബലി കഴിക്കുന്നത്. താനെത്ര നീചനാണ്! എന്തെങ്കിലും എഴുതിയിട്ടു മാസങ്ങളോളമായി. വീട്ടിലും തനിക്കുചുറ്റും മഹാലക്ഷ്മിയുടെ ആഡംബരങ്ങൾ ഒരുക്കാനാണ് ഈ ദിവസങ്ങളിൽ ഏറിയകൂറും ചെലവഴിച്ചിരുന്നത്. അയാളുടെ നോവൽ-താൻ മഹത്തരമെന്നുകരുതിയിരുന്ന ആ രചന-ഇന്നും പൂർത്തിയാവാതെ ശേഷിക്കുകയാണ്. എഴുതാൻ പലപ്പോഴും ഒരുമ്പെട്ടു. പക്ഷേ! അയാളുടെ ഭാവനാശക്തി പഞ്ഞിപോലെ ചിതറിപ്പോകുകയാണ്. അതേ സമയം സജ്ജൻ ക്രമേണ പ്രസിദ്ധിയിലേക്ക് ഉയരുന്നു. ഈയിടെ സജ്ജന്റെ പേര് എത്ര പെട്ടെന്നാണ് വിഖ്യാതിനേടിയത്. മഹിപാലിനും അതിനോടു കിടപിടിക്കാൻ കഴിയില്ല. അയാൾക്ക് അസൂയ തോന്നി. അർത്ഥമില്ലാത്ത അസൂയ. മുന്നോട്ടുപോകുന്ന സമൂഹം അസൂയാലുക്കളുടെ എതിർപ്പുകൾ വകവയ്ക്കാറില്ല. താനിന്നലെ സജ്ജന്റെ സാമൂഹ്യവിപ്ലവത്തെ എതിർത്തുകൊണ്ടെഴുതിയ ലേഖനം വിവാദപൂർണമാണെങ്കിൽപ്പോലും തികച്ചും അനുചിതമായ ഒന്നായിപ്പോയി. സമൂഹത്തിലെ അഴുക്കുചാലുകൾ വെട്ടിത്തുറന്നാൽ അതിലെന്നും അഴുക്കു മാത്രമേ കാണൂ എന്ന് മഹിപാൽ എഴുതി. അത് ശരിയാണ്. പക്ഷേ, സജ്ജൻ അഴുക്കുചാൽ വെട്ടിത്തുറക്കാനുള്ള ഉദ്ദേശത്തോടെയല്ല ഈ പ്രവൃത്തി ചെയ്തതെന്ന് മഹിപാലിനും അറിയാം. ബാബാരാംജിയുടെ നിർമാണ പ്രവർത്തനങ്ങൾക്ക് സഹായം നല്കുകയാണയാൾ. കന്യയും ക്രിയാത്മകമായി സജ്ജനെ സഹായിക്കുന്നുണ്ട്. ഇന്ന് സംസാരിക്കുമ്പോൾ സജ്ജൻ പ്രകടിപ്പിച്ച നിശ്ചയദാർഢ്യം അയാളുടെ ആദർശവാദത്തെയാണു കാണിക്കുന്നത്. നിഷ്കപടമായി സിദ്ധാന്തങ്ങൾ നടപ്പിലാക്കുമ്പോൾ അവിടെ വിനാശബുദ്ധി പ്രവർത്തിക്കില്ല.

ഇക്കാര്യം മനസ്സിൽ തെളിഞ്ഞുവന്നതോടെ മഹിപാലിന്റെ വിവശതയും വർധിച്ചു. താൻ എങ്ങോട്ടാണീ പോകുന്നത്? എങ്ങോട്ടുപോയതാണ്? ഇപ്പോഴിതാ എങ്ങോട്ടു തിരിഞ്ഞിരിക്കുന്നു? ഈശ്വരാ! എന്താണീ നടക്കുന്നത്? മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്തിനും കാലത്തിനും സമൂഹത്തിനും കാറുടമയായ മഹിപാലിനെയാണോ ആവശ്യം? അതോ തൂലികാധാരിയായ എഴുത്തുകാരനെയോ? തുളസീദാസ് സ്വത്തിന്റെ വൈഭവത്തിൽ മയങ്ങിയിരുന്നു എങ്കിൽ ഇന്ന് അദ്ദേഹത്തെ ഓർമിക്കാൻ ആരുണ്ടാകുമായിരുന്നു. അക്ബറിന്റെ മാസശമ്പളവും പറ്റിക്കഴിഞ്ഞിരുന്നു എങ്കിൽ തുളസിക്ക് 'ഒരു കൗപീനവും ഒരുപിടി ധാന്യവും, തുറന്ന ആകാശവും മതിയെന്ന്' ഒരിക്കലും പറയുവാൻ കഴിയുമായിരുന്നില്ല. ദുഃഖം വരുമ്പോഴൊക്കെ എത്രയോ തവണ താൻ ഈ വരികൾ ഓർമിച്ച് സമാധാനപ്പെട്ടിട്ടുണ്ട്, സന്തോഷിച്ചിട്ടുണ്ട്, ആത്മബലം നേടിയിട്ടുണ്ട്.

ഒരു ദീർഘനിശ്വാസത്തോടെ അസ്പഷ്ടസ്വരത്തിൽ അയാൾ തുളസിയുടെ ആ വരികൾ ഉരുവിട്ടു. നഷ്ടപ്പെട്ടുപോയ സന്തോഷത്തിന്റെ വേദനനിറഞ്ഞ പ്രലപനമായി ആ സമയത്ത് അയാൾക്കതനുഭവപ്പെട്ടു. മനസ്സാകെ തളരുന്നു. ആ തളർച്ചക്കിടയിൽ ബാങ്കിൽ കിടപ്പുള്ള മുപ്പത്തിയെണ്ണായിരം രൂപയെക്കുറിച്ചോർമവന്നു. രൂപരത്തന്റെ കാർ വാങ്ങാൻ പോകുകയാണ് താൻ. "സമൂഹവും സിദ്ധാന്താവും എല്ലാം നശിക്കട്ടെ. കാണം വിറ്റുംഓണം ഉണ്ണണം! സിദ്ധാന്തങ്ങളിൽ വച്ച് ഏറ്റവും വലിയ സിദ്ധാന്തമതാണ്."

തളർന്ന മനസ്സിനെ മുന്നോട്ടു നയിക്കാൻ അയാൾ ആഗ്രഹിച്ചു. പക്ഷേ! കഴിയുന്നില്ല. അയാൾക്ക് നടക്കാൻ വയ്യ. ഒരു കാറുവേണം. ചെറിയൊരു ബംഗ്ളാവും വേണം. ആർഭാടവും വൈഭവങ്ങളും കൊടുക്കലും വാങ്ങലും എല്ലാം നിറഞ്ഞ സാമൂഹ്യസ്ഥാനം വേണം. ഒരു പിടി ധാന്യത്തിലും ഒരു തുണ്ടു തുണിയിലും ഒതുങ്ങുന്ന അനശ്വരത.........ഇല്ല; വേണ്ടാ. വേണ്ട. ഭാവനാസമ്പന്നനായ, ആദർശവാദിയായ, സാഹിത്യകാരൻ മഹിപാൽ ആ നിമിഷത്തിൽ മരിച്ചെന്ന് അയാൾക്കു തോന്നി. മഹിപാൽ മരിച്ചു. അതോർത്ത് അയാളുടെ ഹൃദയം കരയാൻ തുടങ്ങി.

കവലയിൽ നിന്നും വലതുവശത്തേക്കു തിരിഞ്ഞ് കുതിരവണ്ടി രൂപരത്തന്റെ ബംഗ്ളാവിലേക്കു നീങ്ങി.

47

തായിയുടെ വീട്ടിൽ രാധയുടെ കല്യാണത്തിനുള്ള ഒരുക്കങ്ങൾ മോടിയായി നടക്കുകയാണ്. ബാബാജിയുടെ കൃഷ്ണനാണ് വിവാഹം കഴിക്കാൻ വരുന്നത്. രാധയുടെയും കൃഷ്ണന്റെയും വിവാഹത്തെക്കുറിച്ചുള്ള ചർച്ച അങ്ങ് അകലെയുള്ള ഗ്രാമങ്ങളിലും തെരുവുകളിലും ദിവസവും നടക്കുകയാണ്. ഉത്സാഹത്തോടെ ഈ വിവാഹത്തെക്കുറിച്ച് ചർച്ച ചെയ്യുകയാണ്. തായി ഈ വിവാഹത്തിനുവേണ്ടി അൻപതിനായിരത്തോളം രൂപ ചെലവഴിക്കുമെന്നാണ് കിംവദന്തികൾ. അഴുക്കുവസ്ത്രങ്ങളുമണിഞ്ഞ് സദാ വായിൽ തോന്നിയതും പറഞ്ഞ് ആരെയും തെറിവിളിച്ചും ശകാരിച്ചും ഏവർക്കുമെതിരെ മന്ത്രവാദവും ക്ഷുദ്ര

കർമങ്ങളും നടത്തി രാവും പകലും സകലരുടെയും പഴിയും പ്രാക്കും കേട്ടു കഴിഞ്ഞിരുന്ന തായി അൻപതിനായിരം രൂപ ഇതിനായി ചെലവഴിക്കുന്നതു കേട്ടു പലരും അമ്പരന്നു. പലർക്കും മോഹം തോന്നി. അതിൽനിന്നും അൻപതോ നൂറോ എങ്ങനെ തട്ടിയെടുക്കാമെന്നായി പലരുടെയും ഉന്നം. അവർ അതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്യാൻ തുടങ്ങി. പക്ഷേ! അവരുടെ അടവൊന്നും അവിടെ ഏറ്റില്ല. കാരണം പൈസയുടെ കണക്കും സൂക്ഷിപ്പുമെല്ലാം സജ്ജന്റെ കയ്യിലാണ്. അകത്തെ ജോലിക്ക് തായിയുടെ പ്രായത്തിലുള്ള രണ്ടു മൂന്നു വൃദ്ധകളാണ് മേൽനോട്ടം വഹിക്കുന്നത്. കന്യ, താര, സ്വരൂപ് എന്നിവർക്ക് അടുക്കളയിലോ, കലവറയിലോ യാതൊരു ജോലിയും കൊടുത്തില്ല. കാരണം ധർമനിഷ്ഠ തെറ്റിയവരാണവർ. എങ്കിലും കണക്കുവയ്ക്കുന്നതിന്റെയും, സാധനങ്ങളുടെ മേൽനോട്ടത്തിന്റെയും ചുമതല തായി കന്യയെ ആണ് ഏല്പിച്ചത്.

ബംഗ്ലാവ് ഒട്ടാകെ വിവാഹത്തിനുള്ള ഏർപ്പാടുകൾകൊണ്ട് ഇളകി മറിഞ്ഞിരിക്കുകയാണ്. പാചകക്കാർ വലിയ അടുപ്പുകൾ കൂട്ടി പലഹാരങ്ങൾ തയ്യാറാക്കുന്നു. വരന്റെ സംഘത്തിൽ വരുന്ന ഓരോരുത്തർക്കും ഓരോ വേഷ്ടി കൊടുക്കുന്നതാണ്. അവ കെട്ടുകെട്ടായി കൊണ്ടുവന്ന് കൂട്ടിയിട്ടുണ്ട്. അതെല്ലാം ഭണ്ഡാരപ്പുരയിൽ അടുക്കിവയ്പിച്ചിട്ട് പൂട്ടി താക്കോൽ തായിയെ ഏല്പിക്കാനുള്ള ചുമതല വനകന്യയ്ക്കാണ്. തായി തന്റെ സകലബന്ധുക്കളെയും ക്ഷണിച്ചിട്ടുണ്ട്. സഹപത്നിയുടെ വീട്ടിലും ക്ഷണമയച്ചു. സജ്ജൻ പറഞ്ഞതനുസരിച്ച് കന്യാദാനം നടത്താൻ വരണമെന്ന് രാജാസാഹബിനും ക്ഷണമയച്ചു. താൻ മായാമോഹമെല്ലാം ഉപേക്ഷിച്ചിരിക്കയാണെന്നു പറഞ്ഞ് അദ്ദേഹം അതു നിരസിച്ചു. ലൗകിക കാര്യങ്ങളിൽ അദ്ദേഹത്തിന് പങ്കെടുക്കാൻ താല്പര്യമില്ലത്രേ. രാധയുടെ കന്യാദാനം നടത്തണം. തായിയുടെ മോഹമാണത്. അവളുടെ മകൾ ജീവിച്ചിരുന്നിരുന്നെങ്കിൽ രാജാസാഹബ് കന്യാദാനം നടത്തുമായിരുന്നില്ലേ? മകളില്ലെങ്കിലെന്ത്. രാധയും മകൾക്ക് തുല്യമല്ലേ? ഭുവനമോഹിനിയും മഹാമായയുമായ രാധയുടെ കന്യാദാനത്തിലും കവിഞ്ഞ ഒരു പുണ്യമുണ്ടോ? പക്ഷേ, രാജാസാഹബ് അതൊന്നും കേട്ടില്ല. ഭർത്താവില്ലാതെ കന്യാദാനം നടത്തുന്നതെങ്ങനെ? തായിക്ക് അതായി വേദന. "വരേണ്ട നീചൻ. അല്ലെങ്കിൽ എനിക്കെന്തിനാ അയാൾ പ്രയോജനപ്പെട്ടിട്ടുള്ളത്? ഞാൻ കാരണമാണ് ഇന്ന് കോടീശ്വരനായത്. ഇപ്പോഴും നശിച്ച രണ്ടാം ഭാര്യ കാരണം എന്നെ ഇങ്ങനെ കഷ്ടപ്പെടുത്തുന്നതാണ്. എന്നെപ്പോലെ പവിത്രയായ ഒരു സതിയുടെ ശാപമേറ്റാൽ....." തായി ഭയങ്കര ശാപം നാക്കിന്റെ തുമ്പിൽവരെ കൊണ്ടുവന്നതാണ്. പെട്ടെന്ന് അതവൾ തടഞ്ഞു. കണ്ണിൽ കോപാഗ്നി മാറി. പകരം കാരുണ്യത്തിന്റെ ഒളി പരന്നു. കണ്ണുതുടച്ചിട്ടു തായി മറ്റു ജോലികളിൽ മുഴുകി.

രാജാസാഹബ് ആയിടെ മാർബിളിൽ തന്റെ ഒരു പ്രതിമ പണിയിച്ചുകൊണ്ടിരിക്കയായിരുന്നു. മാർബിളെല്ലാം ഒരുക്കിവച്ചിട്ടുണ്ട്. തോട്ടത്തിന്റെ മധ്യത്തുള്ള ജലധാര ഉടച്ചുമാറ്റിയിട്ട് അവിടെ വലിയൊരു പീഠവും, ചതുരത്തറയും പണിയിക്കുകയുമാണ്. തറയുടെ നാലുചുറ്റും വെണ്ണക്കല്ലുകൊണ്ട് ഉള്ള ഗോപുരങ്ങൾ ഉണ്ടാകും. ഈ ഉയർന്ന ചതുരത്തറയുടെ അടിയിലായി തന്നെ അടക്കം ചെയ്യണമെന്നാണ് രാജാസാഹബിന്റെ ആഗ്രഹം. അതിനുമുകളിൽ വലിയൊരു

മണ്ഡപം നിർമിക്കും. അതിനുള്ളിൽ രാജാസാഹബിന്റെ പ്രതിമ സ്ഥാപിക്കണം. മണ്ഡപത്തിന് സ്കെച്ചും പ്ലാനും തയ്യാറാക്കിയിട്ടുണ്ട്. രാജാസാഹബിന്റെ മരണപത്രത്തിൽ അതിന്റെ ചെലവും ഉൾപ്പെടുത്തിക്കഴിഞ്ഞു. മരിച്ചശേഷവും തന്റെ മാഹാത്മ്യം ചുറ്റും പരക്കണമെന്നാണ് അദ്ദേഹത്തിന്റെ ആഗ്രഹം. മരണശേഷം തന്റെ മൃതദേഹം സാധാരണക്കാരെ സംസ്കരിക്കുന്ന സ്ഥലങ്ങളിലൊന്നും സംസ്കരിക്കാൻ പാടില്ല. അതുകൊണ്ടാണ് തന്റെ അന്തിമവിശ്രമത്തിനായി സ്വന്തം തോട്ടം തന്നെ തിരഞ്ഞെടുത്തതും, മായാമോഹങ്ങളിൽനിന്നും മോചിതനായി മരണാനന്തര വൈഭവങ്ങൾക്കായി ഒരുക്കങ്ങൾ ചെയ്യുന്നതും.

തിലകം ചാർത്തൽ ദിവസം വലിയ തിക്കും തിരക്കുമായിരുന്നു. ലാലാ മുകുന്ദീമലിന്റെ വീട്ടിന്റെ മുന്നിൽ സമ്മേളനത്തിനുള്ള ഒരുക്കങ്ങൾ ചെയ്തിരുന്നു. തന്റെ സഹപത്നിയുടെ പൗത്രന്റെ തിലകം ചാർത്തലിന് ചെയ്തിരുന്ന ഏർപ്പാടുകളേക്കാൾ ഗംഭീരമായിരിക്കണം ഇവിടുത്തെ ഏർപ്പാടുകൾ എന്ന് തായിക്ക് നിർബന്ധമായിരുന്നു. സജ്ജന്റെ മേൽനോട്ടത്തിലാണ് സുന്ദരമായ അനേകം മണ്ഡപങ്ങൾ ഉണ്ടാക്കിയത്. തിലകാഭിഷേകം നടത്തുന്ന മണ്ഡപത്തിന്റെ നാലുചുറ്റും ഗോപുരങ്ങളും കവാടങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. അകത്ത് ഭഗവാനിരിക്കാനുള്ള മണ്ഡപം കണ്ടാൽ വ്രജമണ്ഡലമാകെ ഇളക്കി അതേപടി കൊണ്ടുവച്ചതാണെന്നുതോന്നും. ഒരു വശത്ത് വൃന്ദാവനത്തിലെ കുന്നുകളുടെയും ക്ഷേത്രങ്ങളുടെയും മാതൃകകൾ. അതിനു തൊട്ടടുത്തായി പൗരാണിക മഥുരയുടെ മാതൃക. മറുവശത്ത് ഗോകുലവും വൃന്ദാവനവും മറ്റും. അതിന്റെ പിന്നിൽ ഗോവർധനപർവതവും, അതിൽ അവിടവിടെ മാനസഗംഗ, രാധാകുണ്ഡം, കൃഷ്ണകുണ്ഡം, ആമ്പൽപ്പൊയ്ക തുടങ്ങിയവ നിർമിച്ചിട്ടുണ്ട്. ഒത്ത മധ്യത്തിൽ ഗോവർദ്ധനപർവതത്തിന്റെ മുകളിൽ അതിസുന്ദരമായ ഒരു മണ്ഡപം പണിത് അതിനുള്ളിൽ ശ്രീകൃഷ്ണഭഗവാനെ പ്രതിഷ്ഠിച്ചിരിക്കുന്നു. ആചാര്യശ്രീധരമഹാപാത്രൻ ഈ വിവാഹത്തിനായി കൃഷ്ണന്റെയും, രാധയുടെയും സ്വർണവിഗ്രഹങ്ങൾ നൽകിയിരുന്നു. കൃഷ്ണവിഗ്രഹം ഈ മണ്ഡപത്തിലാണ്. രാധ തായിയുടെ വീട്ടിലും. വൈദ്യുത വിളക്കുകളാൽ അലംകൃതമായ മയിലും മാനും വാനരവും മേയുന്ന പശുക്കൂട്ടവും മഥുരയും വൃന്ദാവനവും അതിനെ തൊട്ടൊഴുകുന്ന യമുനയും ഗിരിശൃംഗങ്ങളിൽനിന്ന് താഴോട്ടൊഴുകുന്ന അരുവികളും മറ്റും മറ്റും കണ്ണിനും കരളിനും കുളിർമയേകുന്ന ദൃശ്യങ്ങളായിരുന്നു.

ആയിരക്കണക്കിനാളുകൾ ഇതെല്ലാം കാണാനെത്തി. തിലകം ചാർത്തൽ കഴിഞ്ഞ് മണ്ഡപത്തിൽ അഖണ്ഡകീർത്തനപാരായണം തുടങ്ങി. നഗരത്തിലെ പ്രാർഥനാസംഘങ്ങളെല്ലാം എത്തിയിട്ടുണ്ട്. തിക്കും തിരക്കും നിയന്ത്രിക്കാൻ പോലീസിന്റെ സഹായം തേടേണ്ടി വന്നു.

ബാബാജി സമാധിയിൽ ഇരിക്കുകയാണ്. അദ്ദേഹത്തോടൊപ്പം കടവിലെ പാണ്ഡകളും, ഗോമതീതടത്തിലെ സന്യാസിമാരും ഫക്കീർമാരും കുരുടന്മാരും കുഷ്ഠരോഗികളും എല്ലാം മുറുക്കാനും ചവച്ചിരുന്ന് തങ്ങൾ ഒരു ദിവസത്തെ രാജാക്കൾ ആണെന്ന ചിന്തയിൽ ഉന്മത്തരായിരിക്കുകയാണ്. എല്ലാവരുടെയും നെറ്റിയിൽ ചന്ദനക്കുറി, കഴുത്തിൽ മാലകൾ. തായിയുടെ വീട്ടിൽനിന്ന് ദക്ഷിണയ്ക്കുള്ള സാമഗ്രികൾ എത്തി–മൂന്നു താലം നിറയെ മധുരപലഹാരങ്ങൾ, പത്തു താലങ്ങളിൽ പാൽപ്പായസം, പത്തെണ്ണത്തിൽ പഴങ്ങൾ, വരനായി രത്ന

ഹാരവും മോതിരവും ആയിരത്തൊന്നുരൂപ ദക്ഷിണയും. ഭഗവാന്റെ വരദക്ഷിണയും കഴിഞ്ഞു.

പിന്നീട് വിവാഹത്തിനുള്ള ഒരുക്കങ്ങൾ ആർഭാടത്തോടെ തുടങ്ങി. പെൺവീട്ടിൽനിന്ന് ജലകുംഭമെത്തി. മുറുക്കാനും പഴങ്ങളും മധുരപലഹാരങ്ങളും രൊക്കം രൂപയും എത്തി. പിന്നെ പെണ്ണും ചെറുക്കനും 'കാണൽ' നടന്നു. വിവാഹസംഘം പുറപ്പെടുന്ന ദിവസം അങ്ങു വളരെ അകലെയുള്ള തെരുവുകൾ പോലും നിറഞ്ഞു കവിഞ്ഞു. തായിയുടെ മാളികയിൽ സൂചികടത്താൻ സ്ഥലമില്ല. പോലീസ് ബാന്റും സൈനിക ബാന്റും ഷെഹനായിയും, അലങ്കരിച്ച ദൃശ്യശില്പങ്ങളും–ചിലതിൽ ഗംഗാദേവി, ചിലതിൽ യശോദയുടെ മുന്നിൽ വായും പൊളിച്ചുനിൽക്കുന്ന കൃഷ്ണൻ, ചിലതിൽ വെണ്ണകക്കുന്ന ഉണ്ണിക്കണ്ണൻ–എല്ലാ ദൃശ്യ ശില്പങ്ങളും അത്യന്ത സുന്ദരമായി അലങ്കരിച്ചിരുന്നു. ഇവ ഒരുക്കാൻ മഥുരയിൽ നിന്നാണ് ഒരു ശില്പിയെ വിളിപ്പിച്ചത്. ഹംസവാഹനത്തിന്റെ മാതൃകയിൽ അലങ്കരിച്ച് വൈദ്യുത ദീപങ്ങളാൽ പ്രശോഭിക്കുന്ന മോട്ടോർരഥത്തിൽ ശ്രീകൃഷ്ണന്റെ സവാരി തുടങ്ങി. ആളുകൾ അവിടവിടെ വഴിയുടനീളം ദീപാരാധന നടത്തി, തായിയുടെ യശോഗാനം പാടി വരസംഘം തെരുവിലെത്തിയപ്പോൾ ഭഗവാനെ മോട്ടോറിൽനിന്നും ഇറക്കി പല്ലക്കിൽ എഴുന്നെള്ളിച്ചു. ആളുകൾ വീടുകളുടെ മുകളിൽ നിന്നും പുഷ്പവൃഷ്ടി നടത്തി. ഇങ്ങനെയൊരു വരഘോഷയാത്ര എത്രയോ വർഷങ്ങൾക്കുശേഷമാണ് ആളുകൾ കാണുന്നത്!

തായിയുടെ വീട്ടിൽ ശബ്ദകോലാഹലംമൂലം ആർക്കും ഒന്നും കേൾക്കാൻവയ്യാ. സ്ത്രീകൾ ഓരോ സാധനവുമായി അങ്ങോട്ടുമിങ്ങോട്ടും ഓടുന്നു. ഗോകുലദ്വാരത്തിലെ ഭിത്തരിയാജിയും സ്ത്രീകളുടെ കൂട്ടത്തിലുണ്ട്. കന്യ, താര, സ്വരൂപ് എന്നിവരും പല കാര്യങ്ങളിലും ഊർജിതമായി മുഴുകിക്കഴിയുന്നു. തായി മിന്നൽപോലെ എല്ലായിടത്തുമുണ്ട്. ആ ദുർബലശരീരത്തിൽ ഇത്രയും ശക്തി എവിടെ നിന്നു വന്നു. ഓരോന്നു പൊക്കിയെടുത്തുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും ഓടുകയാണ്. പൂജാമുറിയിൽ ഇരുന്ന രണ്ടു ചെറിയ അലമാരകൾ തുറക്കാൻ തായി എത്തി. രണ്ടാമത്തെ അലമാര തുറന്നതും പൂച്ചയെടുത്തു പുറത്തു ചാടിയതും ഒന്നിച്ചായിരുന്നു. "നാശം. നിന്നെ ഇതിനകത്തിട്ട് അടച്ചിരിക്കുകയായിരുന്നോ?"

തായിയുടെ കിഷൻ പൂജാമുറിയിൽ എപ്പോൾ മുതൽ ബന്ധനത്തിലാണെന്നറിയില്ല. തല തായിയുടെ കാലിൽ ഉരസി മെല്ലെ മ്യാവൂ എന്നു കരഞ്ഞ് തായിയുടെ ദത്തുപുത്രൻ അവരുടെ ധൃതിയും തിടുക്കവും തടയാൻ തുടങ്ങി. കാലെടുത്ത് മാറ്റാൻ വയ്യ. എങ്ങോട്ടുതിരിഞ്ഞാലും അവൻ കാല്ക്കലുണ്ട്. അലമാര പൂട്ടിയിട്ട് തായി പുറത്തുവന്നു. മ്യാവൂ, മ്യാവൂ എന്നു മുഴക്കിക്കൊണ്ട് കിഷനും ഒപ്പമെത്തി. ഭിത്തരിയാജി എതിരേ വരുന്നു. തായി അവരോടു പറഞ്ഞു. "ഏ, ഭിത്തരിയാ, ആരോടെങ്കിലും ഇത്തിരി പാലിങ്ങു വാങ്ങിച്ചുകൊണ്ടുവരൂ, ഈ കിഷൻ എന്നെ മുമ്പോട്ടും പിൻപോട്ടും വിടുന്നില്ല. നാശം. അത്യാവശ്യ ജോലി കിടക്കുമ്പോൾ ....നാശങ്ങൾ എവിടെ? ഇതുവരെ കൊണ്ടുവന്നില്ലേ?"

അപ്പോഴാണ് തായി കൊടുത്ത വെള്ളവസ്ത്രങ്ങളും ധരിച്ച് കീർത്തനിയാജി താഴോട്ടിറങ്ങിവന്നത്. വലിയ കണ്ണുകൊണ്ട് തായിയെയും, പൂച്ചയെയും നോക്കിയിട്ട് അവർ പറഞ്ഞു. "തായീ; നിന്റെ കൃഷ്ണഭഗവാൻ സത്യമാണ്. ഇതാ യശോ

ദയെയും ഭഗവാനെയും ഒന്നിച്ചുകാണാൻ കഴിഞ്ഞല്ലോ". ഭക്തിപരവശയായി കീർത്തനിയ തായിയുടെ കാല്ക്കൽ വീണു. പെട്ടെന്നാരോ കാല്ക്കൽ വീണതിൽ തായി ഞെട്ടിപ്പോയി. "ഏതു ശവം. നാശം......അല്ല നിങ്ങളോ! ഈ നേരത്താണോ ഭക്തി തോന്നിയത്. പെണ്ണിന്റെ കല്യാണമാണ്. ആയിരം ജോലികിടപ്പുണ്ട്. എഴുന്നേറ്റു മാറൂ. ഇതാ. ഇതിനെയെടുത്തുവച്ചുകൊണ്ടിരുന്നോ. ഭിത്തരിയാ പാലുകൊണ്ടുവരൂ! അതു കുടിപ്പിക്കണം."

വിവാഹപ്പന്തലിൽ ആ പ്രദേശത്തെ ബഹുമാന്യരായ വ്യക്തികളെല്ലാവരും എത്തിയിട്ടുണ്ട്. പണ്ഡിത ശിവനാഥശാസ്ത്രി, ലാലാമുകുന്ദീമൽ, ബാബുഗുലാബ് ചന്ദ്, ലാലേഭലാൽ, ഭഭൂതി, വർമ, രാധേശ്യാം, ലാലാ ജാനകീസരൺ, മഹിപാൽ, കർണൽ, സേട്ട് രൂപരത്തൻ, തായിയുടെ സപത്നിയുടെ മൂത്തമകൻ ഗിരിധരദാസ് എന്നിവർ ഉപവിഷ്ടരാണ്. ഗിരിധരദാസ് ഇടയ്ക്കിടെ ബാബാജിയെ നോക്കുന്നുണ്ട്. സ്ത്രീധനമായി തായിയുടെ പക്കൽനിന്നും ബാബാജി ഇരുപതിനായിരം രൂപ വാങ്ങിയതായി അയാൾ കേട്ടിരുന്നു. അതിനാൽ അയാൾക്ക് സന്യാസിയോട് വെറുപ്പുതോന്നി. അടുത്തിരുന്ന ജാനകീസരണനോടു ചോദിച്ചു. "ആരാണീ ബാബാ?"

"ഭ്രാന്തൻമാരെയും മറ്റും ചികിത്സിക്കുന്നു."

"ഇരുപതിനായിരം രൂപ ഇയാൾ എന്തുചെയ്യാൻ?"

ലാലാജാനകീസരൺ പുഞ്ചിരിച്ചിട്ടു പറഞ്ഞു. "വയസ്സുകാലത്ത് ബാബായുടെ ഭാഗ്യം തെളിഞ്ഞിരിക്കയാണ്. ഇനിയിപ്പോൾ ലങ്കോട്ടിയെല്ലാം കളഞ്ഞ് പട്ടുവസ്ത്രം ധരിക്കും, മഠം ഉണ്ടാക്കും. ഉല്ലാസത്തോടെ പൂജയും മറ്റും നടത്തും–ഉം, എന്താ! നിനക്കു പിടിച്ചില്ലേ?"

ലാലാഗിരിധരദാസ് ഒട്ടൊന്നു ശങ്കിച്ചു. ചില നിമിഷങ്ങൾക്കു ശേഷം പറഞ്ഞു. "അച്ഛനോട് എത്ര തവണ പറഞ്ഞതാണെന്നോ, വലിയമ്മയ്ക്ക് ഇത്രയും പൈസ ചെലവിനു കൊടുക്കരുതെന്ന്. മുപ്പതുരൂപയിൽ കൂടുതലൊന്നും അവർക്കാവശ്യമില്ല."

"കൊള്ളാം. അത്രയുമൊക്കെ തുക ഇവിടെ ഇവർക്ക് വാടകയിൽ നിന്നും കിട്ടും." ജാനകീസരൺ അറിയിച്ചു. "അച്ഛൻ കേൾക്കണ്ടേ? ഞാൻ എന്തു ചെയ്യാൻ. ഇതാ കണ്ടില്ലേ വെള്ളംപോലെ പൈസ ഒഴുക്കിക്കളയുന്നത്. വന്നവനും പോയവനുമൊക്കെ കൊള്ളയടിക്കാൻ പറ്റിയകാലം. ഈ സജ്ജൻ മിടുക്കനാണ്. വലിയമ്മയെ എങ്ങനെ പാട്ടിലാക്കിയോ എന്തോ!"ലാലാഗിരിധരദാസ് ഒരു ദീർഘശ്വാസം വിട്ടിട്ട് ബഹളം നിറഞ്ഞ ആ പന്തലിൽ ശൂന്യമായ നോട്ടത്തോടെ ഇരിപ്പായി. ജാനകീസരൺ പറഞ്ഞു. "അന്ന് തെരുവിലുള്ളവർ ഇയാളുടെ മുറി ആക്രമിച്ച ദിവസം തായിയുടെ രൂപമൊന്നു കാണണമായിരുന്നു. എരിയുന്ന തീക്കൊള്ളിയായിട്ടാണ് അവർ ചാടിവീണത്. എല്ലാവരുടെയും മേൽ ജപിച്ച ഭസ്മം എറിഞ്ഞു.....ഈ സജ്ജൻ തായിയുടെ കയ്യിൽ നിന്ന് നിങ്ങളുടെ ബംഗ്ലാവ് തട്ടിയെടുക്കും."

"കൊള്ളാം. അതിനുള്ള വെള്ളമങ്ങു വാങ്ങിവച്ചാൽ മതി. ഇവന്റെ കയ്യിൽ ഏറിയാൽ ആറോ ഏഴോ ലക്ഷത്തിന്റെ സ്വത്തു കാണും. സെമീൻദാരിയൊക്കെ പോയി. കലാകാരനല്ലേ? ഇവനെക്കൊണ്ടു ബിസിനസ്സു നടത്താൻ പറ്റില്ല. മൂന്നോ മൂന്നരയോ ലക്ഷത്തിന്റെ വസ്തുക്കൾ കാണും. അതിന്റെ പാട്ടവും കൊണ്ടാണ്

തിന്നുന്നത്. പിന്നെ കുറെ രൊക്കം പണവും, ആഭരണവും, ക്യൂറിയോ വസ്തുക്കളോ കണ്ടേക്കാം. ഈ ബംഗ്ലാവിൽ കണ്ണുവച്ചാൽ ഞാൻ ഇരുപത്തിയഞ്ചുകേസ്സിൽ കുടുക്കും. പത്തുവർഷത്തിനുള്ളിൽ ഇവർ തെരുവിൽ ക്യൂറിയോ വില്ക്കാൻ ഇറങ്ങേണ്ടിവരും." ഗിരിധരദാസിന്റെ കണ്ണുകൾ ചുവന്നു തുടുത്തു.

ജാനകീസരൺ പറഞ്ഞു. "ഇല്ലനിയാ, അതിനിടവരില്ല. ഇവൻ ആളു സൂത്രശാലി ആണ്. ഈയിടെ നേതാവായിരിക്കയാണ്. ഏതാനും ദിവസങ്ങൾക്കുള്ളിൽ ആൾ പവർഫുൾ ആയിത്തീരും. നിന്റെ ബാംഗ്ലാവിലുള്ള ഉന്നം തെറ്റിക്കാൻ കഴിഞ്ഞില്ലെന്നുവരും."

"ഇനീം എന്തു തെറ്റിക്കാൻ. അവന്റെ ഭാര്യ ഇവിടെ സ്കൂൾ തുറന്നിരിക്കയല്ലേ? നിങ്ങളെയൊക്കെ അപമാനിച്ചുകൊണ്ട് അവനിവിടെ പ്രദർശനവും നടത്തി. ഇപ്പഴിതാ ബാബായെക്കൂടി കിട്ടിയിരിക്കയാണ്. ഇവിടെയിരുന്നുകൊണ്ട് ഇവരെല്ലാം സർവരുടെയും മാനം കെടുത്തും."

മഹിപാലും കർണലും കുറച്ചകലെയിരുന്നു സംസാരിക്കയാണ്. മഹിപാൽ രൂപരത്തന്റെ ചെറിയ മോട്ടോർകാർ വാങ്ങിക്കഴിഞ്ഞിരുന്നു. ഇന്ന് ആ കാറിലാണിവിടെ വന്നത്. കർണലും മഹിപാലും അതിനെക്കുറിച്ചാണ് സംസാരിക്കുന്നത്. സജ്ജൻ പല ജോലികളിലും മുഴുകി ചുറ്റും ഓടിനടക്കുകയാണ്.

മകളോട് വിടവാങ്ങാനുള്ള സമയമായി. വരനും വധുവും വിടവാങ്ങുന്നത് അടുത്തമുറിയിൽ നിന്നുമാണ്. സ്ത്രീകൾ പാടുകയാണ്. അത്യന്തം ആഡംബരപൂർവം നടത്തപ്പെട്ട വിവാഹത്തിലെ പരമോന്നതമുഹൂർത്തം ആസന്നമായതോടെ തായി സ്തബ്ധയായി. രാധയുടെ വിഗ്രഹം തായി കയ്യിലെടുത്തു. മകൾ-വിടവാങ്ങുന്ന മകൾ-കുഞ്ഞാണ്. തായിയുടെ മകൾ-അവളുടെ ഓർമയിലുള്ളതും-കുഞ്ഞായിരുന്നു. തായിയുടെ മകൾ-രാധ-അവൾ പോകുകയാണ്. തായി മകളെ നെഞ്ചിനോടു ചേർത്തുപിടിച്ചു. അവർ ബോധംകെട്ടുപോയി. ബഹളമായി. വെള്ളം തളിക്കലും വീശലും മറ്റും നടന്നു. ബാബാജിയും സജ്ജനും കന്യയും തായിയെ ശുശ്രൂഷിക്കാൻ ഓടിയെത്തി. തായിക്ക് ബോധം വീണ്ടു കിട്ടി. ചുറ്റും ഒന്നു നോക്കിയിട്ട് ദുർബലമായ എല്ലുകളിൽ ബലമർപ്പിച്ചു വീണ്ടും എഴുന്നേറ്റിരുന്നു. യാത്രയയപ്പിന്റെ ബഹളങ്ങൾ തുടങ്ങി. ഈ അവസരത്തിനു വേണ്ടി ഒരുക്കിയ രഥം വധൂവരന്മാർക്ക് ഇരിക്കാനുള്ള സിംഹാസനസഹിതം പുറത്തുതയ്യാറായി നില്ക്കുന്നു. ശംഖനാദം മുഴങ്ങി. രാധയെയും, കൃഷ്ണനെയും സ്തുതിക്കുന്ന ജയാരവങ്ങൾ കൊണ്ട് തെരുവ് മുഖരിതമായി. വിടവാങ്ങുന്ന സഹോദരിമാരിൽനിന്ന് തായി തിലകം തൊടുവിച്ചു. ആദ്യം പണ്ഡിതനെക്കൊണ്ട് സജ്ജന് ദക്ഷിണ കൊടുപ്പിച്ചു. പിന്നെ മറ്റു പല ബന്ധുക്കൾക്കും. രഥം മുന്നോട്ടു നീങ്ങി. സ്ത്രീകളുടെ ഗാനവും ഉച്ചത്തിലായി. അകന്നുപോകുന്ന രഥത്തെ തായി ഒരു നിമിഷം ഇമവെട്ടാതെ നോക്കിനിന്നു. കണ്ണിൽ വെള്ളം നിറഞ്ഞു. പിന്നെ അവൾ പൊട്ടിക്കരഞ്ഞു. വീണ്ടും ബോധംകെട്ടു.

വെള്ളക്കുതിരകൾ പൂട്ടിയ, അതിമനോഹരമായി അലങ്കരിച്ച രഥത്തിൽ വരനെയും വധുവിനെയും എഴുന്നള്ളിച്ചുപോയ ആ ഘോഷയാത്ര ജനങ്ങളിൽ ഉത്സാഹത്തിന്റെയും കൗതുകത്തിന്റെയും, ഭക്തിയുടെയും അലകളിളക്കിവിട്ടു.

തായിയുടെ വീട്ടിലെ വിവാഹത്തിന്റ ബഹളവും ഒച്ചപ്പാടും കഴിഞ്ഞകാല കഥയായിമാറി. ബാബാജിക്ക് ഇരുപത്-ഇരുപത്തയ്യായിരത്തിന്റെ സാധനങ്ങൾ

തായിയുടെ പക്കൽനിന്ന് കിട്ടി. അതെല്ലാം കർണലിനെ ഏല്പിച്ചിരിക്കുകയാണ്. ഈ രൂപ എങ്ങനെ ചെലവാക്കണമെന്നകാര്യം ബാബായും സജ്ജനും കർണലും കന്യയും മറ്റും ഒരു ദിവസം തായിയുടെ വീട്ടിലിരുന്നു ചർച്ച ചെയ്തിരുന്നു. ബാബായുടെ ഭ്രാന്താലയത്തിൽ നല്ല ഒരു കെട്ടിടം കെട്ടിക്കാനും പാപവൃത്തിയിൽ ഏർപ്പെട്ട സ്ത്രീകളെ ഉദ്ധരിക്കാനായി ചില ഏർപ്പാടുകൾ ചെയ്യാനും, ഈ തുക ചെലവഴിക്കണമെന്നായിരുന്നു വിവാഹത്തിന് മുമ്പ് തീരുമാനിച്ചിരുന്നത്. എന്നാൽ ഇപ്പോൾ ബാബാജിയുടെ അഭിപ്രായം മാറി. അദ്ദേഹം പറഞ്ഞു. "ഇപ്പോൾ എനിക്ക് നഗരത്തിൽ കഴിയുവാൻ ആഗ്രഹമില്ല. ഗ്രാമത്തിലേക്ക് പോയി ദീനരും ദു:ഖിതരുമായവരെ സേവിക്കാനാണ് ആഗ്രഹം. വേണ്ടത്ര വാഹനസൗകര്യങ്ങൾ ഇല്ലാത്തകാരണം യാതൊരുവിധത്തിലുമുള്ള സഹായങ്ങൾ എത്തിച്ചേർന്നിട്ടില്ലാത്ത ഒരു ഗ്രാമം എനിക്കായി കണ്ടുപിടിച്ചു തരണം. അവിടെ ഞാൻ രോഗികളെയും, ഭ്രാന്തൻമാരെയും ചികിത്സിക്കും. കൂടാതെ പെൺകുട്ടികൾക്ക് നല്ല വിദ്യാഭ്യാസം തുടങ്ങുന്നതിനുള്ള ഒരു സ്കൂളും തുടങ്ങും."

സജ്ജൻ ചോദിച്ചു. "അപ്പോൾ ഇവിടുത്തെ ഈ സ്കീമെല്ലാം പരാജയപ്പെടില്ലേ?"

"പരാജയപ്പെടുത്താനും ജയിപ്പിക്കാനും ഞാൻ ആരു കുഞ്ഞേ? ഇവിടെ ധനത്തിനു കുറവില്ല. ആരോടും ഇരക്കാതെ തന്നെ ഇവിടുത്തെ ഏർപ്പാടുകൾ ചെയ്യാൻ കഴിയും."

സജ്ജൻ നിമിഷനേരത്തേക്ക് ഗൗരവത്തോടെ നിന്നിട്ടു പറഞ്ഞു. "പണക്കൊതി എനിക്കിപ്പോൾ ഇല്ല ബാബാജി, എങ്കിലും സർവസ്വത്തും ദാനം ചെയ്യത്തക്ക ശക്തി എനിക്കിപ്പോൾ കിട്ടിയിട്ടില്ല."

"സന്തോഷത്തോടെ ഇയാൾക്ക് എന്തു തുക ദാനം ചെയ്യാൻ കഴിയും?"

"മൂന്നുലക്ഷം." കർണലും കന്യയും സജ്ജന്റെ വായിൽ നോക്കിനിന്നുപോയി.

ബാബാജി പറഞ്ഞു. "ധാരാളം മതി. ഇത്രയും തുകകൊണ്ട് നിങ്ങൾ ഉചിതമായ എന്തെങ്കിലും ഏർപ്പാടുണ്ടാക്കിയാൽ അതൊരു മഹാ പ്രസ്ഥാനമായി വളരും."

"പക്ഷേ! എന്തു ചെയ്യണമെന്നാണ് ദുഃഖിതരെയും നിരാലംബരെയും വിളിച്ചിരുത്തി ആഹാരം കൊടുക്കാൻ തുനിഞ്ഞാൽ ഈ മൂന്നുലക്ഷം–"

"ഇരുത്തി ആഹാരം കൊടുക്കുന്നതിനെതിരാണ് നമ്മുടെ ആദർശം. കടമ ചെയ്യിക്കൂ. എന്നിട്ട് ആഹാരം കൊടുക്കൂ. ജോലി ചെയ്തുവേണം ശാപ്പാടുനേടാൻ അതിനുള്ള വല്ല വ്യവസായവും തുടങ്ങൂ."

"അങ്ങനെയുള്ള വ്യവസായങ്ങൾ വലിയ വിഷമമാണ് ബാബാജീ."

"കുഞ്ഞേ! തുടക്കത്തിൽ ഒരു കാര്യവും സരളമായിരിക്കില്ല. അഭ്യാസം കൊണ്ടേ ഏതൊരു കാര്യവും ലളിതമായിത്തീരൂ."

"കാര്യം ശരിയാണ്. പക്ഷേ! ഇപ്പോൾ കാലം മാറിപ്പോയി ആശ്രമത്തിലും മഠത്തിലും ഒന്നും ആളുകൾക്ക് വിശ്വാസമില്ല. ഏതുതരത്തിലായാലും കൂടുതൽ സുഖവും പണവും കിട്ടണമെന്നേ ആളുകൾക്കുള്ളു." കർണൽ പറഞ്ഞു.

"അങ്ങനെയുള്ളവർക്കു പൈസ കിട്ടാൻ പാടില്ല. ജോലി ചെയ്യുന്നവർക്കേ പൈസ കിട്ടാവൂ. നിങ്ങൾ അത്തരത്തിലുള്ള ആശ്രമങ്ങൾ വേണം തുറക്കാൻ. ആശ്രമം എന്ന പേര് ഇഷ്ടമല്ലെങ്കിൽ കോ-ഓപറേറ്റീവ് എന്നോ സഹകരണ

മെന്നോ കമ്പനി എന്നോ എന്തു പേരുവേണമെങ്കിലും വച്ചോളൂ. എനിക്കീ പേരിലല്ല താല്പര്യം. കണ്ടില്ലേ, ഈ പെൺകുട്ടി ക്രമേണ ഇവിടെ ഒരു സ്കൂൾ സ്ഥാപിച്ചത്. നിങ്ങളും അതുപോലെയുള്ള പാഠശാലകൾ സ്ഥാപിക്കുക. പെൺകുട്ടികളെയും, സ്ത്രീകളെയും മാന്യമായ തൊഴിൽ പഠിപ്പിക്കൂ. അവരുണ്ടാക്കുന്നതു കമ്പോളത്തിൽ വില്ക്കൂ. ഞാനും ഗ്രാമത്തിൽ ഇതാണ് ചെയ്യാൻ പോകുന്നത്. നിർധനർക്ക് ധനം കിട്ടണം. നഗരത്തിനും ഗ്രാമത്തിലും ഇതാണാവശ്യം. ക്രമേണ നഗരവും, ഗ്രാമവും തമ്മിലുള്ള അന്തരം മാറണം."

"അത് സാധ്യമാണെന്നു തോന്നുന്നില്ല." കന്യ പറഞ്ഞു. "നഗരത്തിന്റെ ആകർഷണം അധികമാണ്. അവശ്യങ്ങളും കൂടുതലാണ്. ഇവിടെ പൈസയും കൂടുതൽ വേണം."

"ഇവിടെ ആകർഷണത്തിന്റെ അത്ര ആവശ്യമില്ല മോളേ. അതുപോട്ടെ. ഞാൻ അതിനെക്കുറിച്ചു തർക്കിക്കുന്നില്ല. ഞാൻ ഗ്രാമത്തിലേക്ക് ഇരുപത്തിഅയ്യായിരവും, നഗരത്തിലേക്ക് മൂന്നു ലക്ഷവും തന്നിട്ടാണ് പോകുന്നത്. ഈ മൂന്നു ലക്ഷം കൊണ്ട് കുടിൽ വ്യവസായങ്ങൾ ഉണ്ടാക്കി ആളുകളെ അപമാനത്തിലും പലിശക്കാരന്റെ പിടിയിലും നിന്ന് രക്ഷിക്കാം. അതോടൊപ്പം അവരുടെ നീതിബോധവും വളർത്താം. ഒരു കാര്യം മറക്കരുത്. നിങ്ങൾ ഒരിക്കൽ സംഘടിച്ച് ഏതുതരത്തിലുള്ള കാറ്റാണോ സമൂഹത്തിൽ പരത്തുന്നത് അതായിരിക്കും സമൂഹത്തെ സ്വാധീനിക്കുന്നത്."

ബാബാ സജ്ജനെ തനിയെ വിളിച്ചു പറഞ്ഞു. "ഒരു അപേക്ഷയുണ്ടു കുഞ്ഞേ!"

"ആജ്ഞാപിക്കണം. അങ്ങെന്റെ ഗുരുവാണ്."

"അപ്പോൾ ദക്ഷിണ ചോദിക്കട്ടെ?"

സജ്ജൻ നടുങ്ങി. ബാബാജി സ്നേഹത്തോടെ അയാളുടെ തലയിൽ തലോടിക്കൊണ്ടു പുഞ്ചിരിയോടെ പറഞ്ഞു. "അപേക്ഷയിതാണ്. പൂർണമായി ബ്രഹ്മചര്യം സാധ്യമല്ലെങ്കിലും സംയമനത്തോടെ പ്രവർത്തിക്കണം. മനുഷ്യന്റെ ധാതുശക്തി അവന്റെ ബുദ്ധിയിലെ ചൂളയ്ക്കുവേണ്ട ഇന്ധനമാണ്. അതു മറക്കരുത്. എതു ജോലിയിൽ ഏർപ്പെട്ടാലും അതു പൂർത്തിയാക്കാൻ സ്വന്തം ശക്തിയാകെ സംഭരിച്ചു നിർത്തേണ്ടതുണ്ട്."

സജ്ജൻ തലകുനിച്ചിട്ടു പറഞ്ഞു. "ഞാൻ ശ്രമിക്കാം."

"കുഞ്ഞേ! യഥാർഥ സാമൂഹ്യവാദി അന്യർക്കുവേണ്ടി ജീവിക്കുന്നവനാണ്-ജീവിക്കുകയും ജീവിക്കാൻ അനുവദിക്കുകയും ചെയ്യുന്നവൻ."

"നിശ്ചയമായും ഞാൻ കാലത്തിനൊത്തു പ്രവർത്തിക്കാം. അങ്ങയുടെ ഉപദേശങ്ങൾ എന്നെ അത്യധികം സ്വാധീനിച്ചിട്ടുണ്ട്. ഞാനത് പാലിക്കാം."

സജ്ജൻ ബാബാജിയുടെ ചരണങ്ങളിൽ ഭക്തിയോടെ നമസ്ക്കരിച്ചു.

48

സജ്ജൻ ക്രമേണ പ്രവർത്തനനിരതനായി. അയാൾ, മൂന്നുലക്ഷം രൂപയ്ക്കുള്ള ഒരു ട്രസ്റ്റ് സ്ഥാപിച്ചു. അതു രജിസ്റ്ററും ചെയ്തു. കർണൽ, വനകന്യ,

ചീഫ്കോർട്ടിലെ ഒരു റിട്ടയേർഡ് ജഡ്ജി, ഒരു പ്രമുഖ സർക്കാരുദ്യോഗസ്ഥൻ, സജ്ജൻ എന്നിവരായിരുന്നു ട്രസ്റ്റിലെ അംഗങ്ങൾ. ഒരു സഹകരണ ബാങ്ക് സ്ഥാപിക്കുകയായിരുന്നു സജ്ജന്റെ പദ്ധതിയിലെ ആദ്യയിനം. നഗരത്തിലെ ഓരോ വാർഡിലും, അതിന്റേതായ ബാങ്കുണ്ടാകണമെന്നും, അതിൽ, അവിടത്തെ ധനം നിക്ഷേപിക്കപ്പെടുകയും, ആ പ്രദേശത്തിന്റെ സാർവത്രികനന്മയ്ക്കായി വ്യവസായങ്ങളും സംരംഭങ്ങളും നടത്താൻ പ്രസ്തുത ബാങ്കിനു കഴിയണമെന്നുമായിരുന്നു സജ്ജന്റെ ആഗ്രഹം. സജ്ജന്റെ കാര്യസ്ഥനെയും ഒരു റിട്ടയേർഡ് ബാങ്ക് മാനേജരെയും, ഈ പദ്ധതി പ്രവൃത്തിപഥത്തിൽ വരുത്താനുള്ള ചുമതല ഏല്പിച്ചു.

ഈ ബാങ്കു തുറക്കുന്നതിനെക്കുറിച്ചാലോചിക്കാൻ, വാർഡിലെ ധനികരുടെയും പ്രമുഖ ഡോക്ടർമാരുടെയും വക്കീലൻമാരുടെയും അധ്യാപകരുടെയും മറ്റും യോഗം സജ്ജൻ വിളിച്ചു കൂട്ടിയ അന്നുമുതൽ ലാലാജാനകീസരണൻ, സജ്ജന്റെ എതിരാളിയായിമാറി. മറ്റു പല ഹുണ്ടികക്കാരും അയാളെ എതിർക്കാൻ തുടങ്ങി. ഇടത്തരക്കാരെ ഋണബാധ്യതകളിൽനിന്നു മോചിപ്പിക്കുകയെന്ന മുദ്രാവാക്യവുമായിട്ടാണ് ഈ സഹകരണബാങ്ക് മുന്നോട്ട് പോകാൻ തുനിയുന്നത്. ഇന്ന് നഗരത്തിൽ കഴിയുന്ന ജനസംഖ്യയുടെ എൺപത്തിഅഞ്ചു ശതമാനവും ഈ ഹുണ്ടികക്കാരുടെ പിടിയിലാണ്. വിവാഹങ്ങളും പിറന്നാളാഘോഷങ്ങളും മുടിയിറക്കുചടങ്ങുകളും മറ്റും ജീവിതത്തിൽ ആചരിക്കപ്പെടേണ്ട ആഘോഷങ്ങളാണ്. അവയ്ക്കു പൈസ ചെലവുണ്ട്. ചെറിയ വരുമാനക്കാരായ ഇടത്തരക്കാർക്ക് പൈസകിട്ടാൻ മഹാജൻ (ഹുണ്ടികക്കാർ) വേണം. അവർക്ക് ഈടുവയ്ക്കാൻ സ്വർണം വേണം. ഇടത്തരക്കാരുടെ മിക്ക വീടുകളിലെയും സ്വർണവും ആഭരണങ്ങളും അവരുടെ ഇരുമ്പു പെട്ടിയിലേക്ക് മാറിയിട്ടുണ്ട്. ഒരിക്കലതിനകത്തായാൽപിന്നെ പുറത്തുവരുന്ന പ്രശ്നമേയില്ല. കടത്തിൽ മൂക്കറ്റം മുങ്ങിയ ഇടത്തരക്കാർ, ഒരിക്കലും തീരാത്ത കടവും, ഒരിക്കലും പൂർത്തിയാകാത്ത പലിശയും, ഒരിക്കലും അവസാനിക്കാത്ത പ്രരാബ്ധങ്ങളും കാരണം സദാപി പഴിച്ചും പരാതിപ്പെട്ടും കാശിനുകൊള്ളാത്തവരായി ജീവിതം കഴിച്ചുകൂട്ടുകയാണ്. അവരെ മോചിപ്പിക്കാനാണ് സജ്ജന്റെ ശ്രമം. ഇത് ഹുണ്ടികക്കാർക്ക് ഒരു തരത്തിലും രസിക്കുന്ന കാര്യമല്ല. അവരെതിർത്തതിനെത്തുടർന്ന്, സമ്മേളനത്തിൽ വന്ന കന്യ ഉഗ്രനൊരു 'ചുവപ്പൻ' പ്രസംഗവും ചെയ്തു. ലാലാജാനകീസരണനും അയാളോടൊപ്പം ചില പ്രമുഖവ്യക്തികളും എഴുന്നേറ്റു പോയി.

ഈ യോഗം സജ്ജന്റെ പദ്ധതിയെ അനുകൂലിച്ചു. ഒരു സമ്പന്ന കുടുംബത്തിലെ അംഗവും, സ്വയം മൂന്നുലക്ഷം രൂപാ ദാനം ചെയ്യുന്നവനുമായ സജ്ജനെ, വാർഡിലെ ഹുണ്ടികക്കാർ ശക്തിയായി എതിർത്തപ്പോൾ, സാമാന്യജനങ്ങൾ അതിനെതിരെ സജ്ജനെ ശക്തിയായി പിന്താങ്ങി. വിദ്യാസമ്പന്നരായ വിഭാഗങ്ങൾക്കിടയിലും ചെറുകിടനിക്ഷേപത്തോടെയുള്ള സഹകരണബാങ്കിന്റെആദർശം നല്ല സ്വാധീനം ചെലുത്തി. ഇത്തരത്തിലുള്ള പ്രാദേശിക സഹകരണബാങ്കുകൾ നിലവിൽ വരികയും, അവിടത്തെ ജനങ്ങളുടെ നിക്ഷേപങ്ങൾ വഴി, അവിടുള്ളവർക്കായി, ചെറുവ്യവസായങ്ങൾ ആരംഭിക്കുകയും ചെയ്യുന്നത്, അതാതു പ്രദേശങ്ങളെ സ്വന്തം കാലിൽ നിൽക്കാനും, വികസനം നേടാനും പ്രാപ്തമാക്കുമെന്ന് സജ്ജൻ വിവരിച്ചു. ഇത്തരം ചെറുകിട ബാങ്കുകളെ അന്യോന്യം

കൂട്ടിയിണക്കി പ്രവർത്തിപ്പിക്കുകയും ചെയ്യാം. സജ്ജൻ ഇപ്പോൾ മുടക്കിയതു പോലുള്ള തുകകൾ, സർക്കാർ മുടക്കുകയും, സ്വകാര്യ ഹുണ്ടികക്കാരെ നിയമംവഴി നിരോധിക്കുകയും കുടിൽ വ്യവസായങ്ങളും ചെറുകിട സംരംഭങ്ങളും ആരംഭിക്കുകയും ചെയ്താൽ, അപമാനത്തിലും ദുരിതങ്ങളിലും ജീവിതം നയിച്ചുവരുന്ന ഇടത്തരക്കാർക്ക്, അവരുടെ പൊള്ളയായ ഭാഗധേയം ഉപേക്ഷിച്ചിട്ട് പുതിയൊരു തുടക്കം കുറിക്കാനും നവജീവിതം നയിക്കാനും കഴിയും.

"ചൗക്ക് വാർഡ് സഹകരണ ബാങ്ക്" ഒരു വിപ്ലവത്തിന്റെ രൂപത്തിലാണ് നിലവിൽ വന്നത്. ആവശ്യക്കാർക്കെല്ലാം ബാങ്ക് വായ്പ നൽകി. അതിനുപകരമായി അവരെക്കൊണ്ട് തൊഴിൽ ചെയ്യിച്ചു. ഓരോ വ്യക്തിക്കും സത്യസന്ധമായി ഋണനിവാരണത്തിന് അവസരം ലഭ്യമാക്കി. ഈ ഏർപ്പാട് പലർക്കും ഇഷ്ടമായി. ബാങ്കിന്റെ ആഭിമുഖ്യത്തിൽ, കൈത്തറിനെയ്ത്തുശാല, റബ്ബർകളിപ്പാട്ടങ്ങൾ നിർമിക്കുന്ന ശാല, പുതിയ ഡിസൈനിലുള്ള തുണിത്തരങ്ങളും വസ്ത്രങ്ങളും തയ്യാറാക്കുന്ന ശാല, എംബ്രോയിഡറി തുടങ്ങിയ സംരംഭങ്ങൾ ആരംഭിച്ചു. ഈ വാർഡിലുള്ളവർ തന്നെയാണീ പണികളിൽ ഏർപ്പെടുന്നത്. സ്ത്രീകൾക്ക് വീട്ടിലിരുന്നു ചെയ്യാവുന്ന ജോലികൾ നൽകി. അതല്ലെങ്കിൽ തായിയുടെ വീട്ടിൽ വിളിപ്പിച്ച്, അവർക്കെന്തെങ്കിലും തൊഴിൽ നൽകാനുള്ള ഏർപ്പാടുണ്ടാക്കി.

കമ്പോളം ഒഴിവായിരുന്ന എല്ലാ വ്യാഴാഴ്ചയും, ഭാരത ചരിത്രത്തെയും, ഭാരതീയ സംസ്കാരത്തെയും സംബന്ധിച്ച പ്രസംഗങ്ങളും ചർച്ചകളും നടത്താനുള്ള ഏർപ്പാടുകളും ചെയ്തു. നാടകങ്ങൾ വഴി മാനസികോല്ലാസവും സാമൂഹ്യബോധവും വളർത്താനും ഒരുക്കങ്ങൾ ചെയ്തു. രണ്ടു മാസമായി, സജ്ജനും വനകന്യക്കും ശ്വാസം വിടാൻ പോലും സമയം കിട്ടുന്നില്ല. പൊതുവേ നോക്കിയാൽ വിചിത്രമായ ഒരു സംഘർഷത്തിലായിരുന്നു അവർ ഇരുവരും. സമൂഹത്തിൽ അവരുടെ നില, വറചട്ടിയിൽപെട്ട മലരിന്റേതായിരുന്നു. സമൂഹം ഒന്നടങ്കം അവരെ സ്വീകരിച്ചിരുന്നില്ല. പഴിപറയുകയും ശല്യം ചെയ്യാനൊരുമ്പെടുകയും ചെയ്യുന്നവരും, അതേ സമയം ആദരപൂർവം അവരെ ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നവരും, വഴിയിലവരെ നേരിടാറുണ്ട്. ഈ വിരുദ്ധഭാവങ്ങൾ കണ്ടപ്പോൾ, തന്നെ എല്ലാവരും മമതയോടെ വീക്ഷിക്കുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടാകണമെന്ന ആഗ്രഹം സജ്ജനുണ്ടായി. ദിവസവും പലരും ആവലാതികളുമായി അയാളെ സമീപിക്കാറുണ്ട്. ആദ്യമൊക്കെ ജനങ്ങളുടെ കഷ്ടപ്പാടുകൾ അകറ്റുന്നതിൽ ഒരു വിധം ആനന്ദമാണ് സജ്ജനുണ്ടായത്. ആളുകൾ കടപ്പാടുകൊണ്ട് തന്നോട് ഭക്ത്യാദരങ്ങൾ കാട്ടുമെന്നയാൾ കരുതി. ഈ ആദരവു പിടിച്ചു പറ്റാനായി, താൻ അത്യന്തം പരോപകാരിയാണെന്ന് സ്ഥാപിക്കാനായിരുന്നു അയാളുടെ ശ്രമം. ആളുകളുടെ കഷ്ടപ്പാടിൽ അയാൾക്ക് ദയയും കരുണയുമില്ലെന്നല്ല; പക്ഷേ കരുണയ്ക്കും ദയയ്ക്കും പകരം എന്തെങ്കിലും ലഭിക്കാനോ? ജോലി കൂടിവന്നതോടെ സജ്ജന്റെ ഈ ആവേശം ലുപ്തമാകാൻ തുടങ്ങി.

ചിന്തിക്കാനും പ്രവർത്തിക്കാനുമായി അയാളുടെ മുഴുവൻ സമയവും വിനിയോഗിക്കപ്പെട്ടു.

തായിയുടെ രോഗം കൂടിവരികയാണ്. മഹിപാലിന്റെ അനന്തരവളുടെ വിവാ

ഹത്തിന് വിരലിലെണ്ണാവുന്ന ദിവസങ്ങളേ ശേഷിച്ചിട്ടുള്ളൂ. സജ്ജനോ കന്യയോ ആരെങ്കിലുമൊരാൾ, സദാ തായിയുടെ അരികിൽ ഇരിക്കേണ്ടതാവശ്യമായിവന്നു. സജ്ജൻ ഈ ഏർപ്പാടുകളൊക്കെ തുടങ്ങിയശേഷം മഹിപാൽ അയാളിൽ നിന്ന് ഒട്ടൊക്കെ അകന്നാണ് കഴിഞ്ഞത്. ഇപ്പോൾ വിവാഹത്തിന്റെ ഒരുക്കങ്ങളുടെ പേരിൽ തികച്ചും അകന്നുനിന്നു. കർണലിനെപ്പോലെ, ഒരു മിത്രത്തിന്റെ നിലയിൽ സ്വന്തം കടമ നിർവഹിക്കാൻ കഴിയാത്ത സജ്ജന്, സാമൂഹ്യക്ഷേമത്തിനു വേണ്ടി എന്തു ചെയ്യാൻ കഴിയുമെന്നാണ് മഹിപാലിന്റെ ചോദ്യം. കല്യാണിയും കന്യയും തമ്മിലുണ്ടാക്കിയ ഒത്തുതീർപ്പ് നിരാകരിച്ചിട്ട്, സജ്ജന്റെ ഷാഹൻഷാ റോഡിലെ ബംഗ്ലാവിനു പകരം, രൂപരത്തന്റെ ബംഗ്ലാവിൽവച്ച്, ശകുന്തളയുടെ വിവാഹം നടത്താനുള്ള ഏർപ്പാടുകൾ മഹിപാൽ ചെയ്തു.

സേഠ് രൂപരത്തന്റെയും ലാലാജാനകീസരണന്റെയും പ്രേരണയാൽ, സജ്ജന്റെ പുതിയ സംരംഭങ്ങളെ വിമർശിച്ചുകൊണ്ട്, മഹിപാൽ ഒരു ലഘുലേഖ എഴുതി വിഷം പരത്തി. അയാൾ അതിൽ എഴുതിയിരിക്കുകയാണ്: "സജ്ജൻ വർമ എന്റെ ഉറ്റ മിത്രമാണ്. എന്നാൽ സ്നേഹബന്ധവും ലോകനന്മയും തമ്മിൽ സംഘട്ടനത്തിലായാൽ സ്നേഹബന്ധത്തോട് പക്ഷപാതം കാട്ടാതെ ജനങ്ങളെ ജാഗരൂകരാക്കുക എന്റെ പരമകർത്തവ്യമായി ഞാൻ കണക്കാക്കും." ഈ ഒരു വെല്ലുവിളിയോടെ, സജ്ജന്റെ പുതിയ സഹകരണബാങ്ക് പദ്ധതി, ജനനന്മയുടെ പേരിൽ, ജനങ്ങളെ സദാ അടിമയാക്കി വയ്ക്കാനുള്ള ഒരടവാണെന്ന് മഹിപാൽ സ്ഥാപിച്ചു. പഴയരീതിയിലുള്ള പലിശക്കാർ, സമൂഹത്തിലെ ചുരുക്കം ചിലർക്കുമാത്രമേ നഷ്ടം ഉണ്ടാക്കൂ. എന്നാൽ ഈ സംരംഭമാകട്ടെ സമൂഹത്തെ ഒന്നടങ്കം വിഴുങ്ങാനുള്ള പദ്ധതിയാണ്. ഭാരതീയസംസ്ക്കാരത്തെ കുറിച്ച് സജ്ജന് എന്തറിയാം? അയാൾ വല്ലതും പഠിച്ചിട്ടുണ്ടെങ്കിൽ അത് മഹിപാലിൽ നിന്നാണ്. ഇത്തരത്തിലുള്ള അർധജ്ഞാനിയായ മനുഷ്യൻ, സാംസ്ക്കാരിക പരിഷ്കാരങ്ങളുടെ പേരിൽ തോന്ന്യാസം നടത്തി, ഭാരതീയ പാരമ്പര്യത്തിന്റെ കഴുത്ത് ഞെരടും. സാംസ്ക്കാരിക സമ്മേളനങ്ങളുടെയും നാടകങ്ങളുടെയും പേരിൽ വിനോദങ്ങൾ വഴി, ജനങ്ങളെ വശത്താക്കി, കുടിൽ വ്യവസായങ്ങൾവഴി അവരെ അടിമയാക്കിമാറ്റാനുള്ള ഈ ഗൂഢാലോചന മുളയിലേ നുള്ളിക്കളഞ്ഞില്ലെങ്കിൽ, ഭാവിയിൽ അത് ശക്തിയാർജിച്ച് ഭയാനകമായി മാറിയേക്കും. സ്തനത്തിൽ വിഷം പുരട്ടി സ്നേഹം നടിച്ച് സുന്ദരരൂപം ധരിച്ച്, കൃഷ്ണനെ പാലൂട്ടാൻവന്ന പൂതനയെപ്പോലെയാണ് സജ്ജന്റെ ഈ പദ്ധതിയെന്ന് മഹിപാൽ താക്കീതു നൽകി.

ലഘുലേഖയ്ക്ക് വലിയ പ്രചാരം നൽകി എല്ലായിടത്തും വിതരണം ചെയ്യപ്പെട്ടു. ലാലാജാനകീസരണൻ, അയാളുടെ വീട്ടിനുമുമ്പിലുള്ള ചത്വരത്തിൽ – കുറെമാസം മുൻപ് തായിയുടെ കൃഷ്ണഭഗവാന്റെ വരമണ്ഡപം ഒരുക്കിയസ്ഥാനത്ത്– ഒരു പൊതുയോഗം വിളിച്ചുകൂട്ടി. മറ്റു പ്രസംഗകർക്കു പുറമേ, മഹിപാലും സംസാരിച്ചു.

മഹിപാലിന്റെ ഈ പെരുമാറ്റത്തിൽ സജ്ജന് ഒട്ടും ആശ്ചര്യം ഉണ്ടായില്ല. ദുഃഖമാണ് തോന്നിയത്. അയാളുടെ ഹൃദയത്തിൽ ആത്മപരിശോധനയ്ക്കുള്ള ആഗ്രഹം തീവ്രമാക്കാനും അതിടയാക്കി. മഹിപാൽ വ്യാജമായ അടിത്തറയിൽനിന്നാണീ വാദങ്ങൾ ഉയർത്തിയിരിക്കുന്നത്. എങ്കിലും ഈ പദ്ധതിയിൽ വ്യക്തിഗതമായ തന്റെ മഹത്വാകാംക്ഷ ഒളിഞ്ഞു കിടപ്പുണ്ടോ? അങ്ങനെയാണെങ്കിൽ

താനാരംഭിച്ച ഈ പ്രസ്ഥാനത്തിന് അധികം മുന്നോട്ടുപോകാനാവില്ല. അനേകം പേരുടെ ആശയാഭിലാഷങ്ങൾ ഒന്നുചേർന്നു നിന്നാലേ, ഏതൊരു പൊതുക്കാര്യത്തിനും ശക്തിയാർജിക്കാനാവൂ. ഓരോ ജോലിയിൽ മുഴുകിയിരിക്കുമ്പോഴും അയാൾ നിരന്തരം ആത്മപരിശോധന നടത്തിക്കൊണ്ടിരുന്നു. വേണ്ടത്ര സ്വാഭിമാനം ഉണ്ട്. തന്റെ ക്ഷമയില്ലായ്മകൊണ്ടോ വിചാരശൂന്യതകൊണ്ടോ താനാരംഭിച്ച ഒരു പ്രസ്ഥാനത്തിന് ക്ഷതം സംഭവിക്കാൻ പാടില്ല. മഹിപാലിന്റെ വിമർശനം മറ്റുള്ളവരിൽനിന്നും ഉയർന്നു കേൾക്കുമ്പോൾ, അയാൾ അസ്വസ്ഥനാകാറുണ്ട്. മഹിപാലിന്റെ വാക്കുകൾ വ്യർഥമാണെന്ന് തെളിയിക്കാൻവേണ്ടി, വ്യക്തിതാൽപര്യവും സ്വാഭിലാഷങ്ങളും അതിജീവിച്ച്, തന്റെ ലക്ഷ്യത്തിന്റെ സത്യസന്ധതയും പ്രസ്ഥാനത്തിന്റെ ശക്തിയും കാണിച്ചുകൊടുക്കേണ്ടതുണ്ട്.

ശങ്കർലാൽ, വർമ തുടങ്ങി അനേകം യുവാക്കൾ സജ്ജന്റെ ഭാഗത്തുണ്ട്. ഈ പ്രസ്ഥാനം കാരണം അനേകം വ്യക്തികൾ അയാളുടെ അടുത്ത് വരികയും പോവുകയും ചെയ്യുന്നുണ്ട്. തുറന്ന പ്രവർത്തനമായകാരണം, ആളുകളുടെ സഹാനുഭൂതിയും വർധിച്ചുവന്നു. ലാലാജാനകീസരണനും മഹിപാൽശുക്ലയും പൊതുയോഗത്തിൽ സജ്ജനെതിരെ നടത്തിയ ആരോപണങ്ങൾ സജ്ജന്റെ അനേകം പ്രശംസകരെ ചൊടിപ്പിച്ചു. ആളുകൾ അവരവരുടെ മാനസികനിലയ്ക്കനുസരിച്ച്, സജ്ജന്റെയോ അതല്ലെങ്കിൽ മഹിപാൽ, ജാനകീസരണൻ തുടങ്ങിയവരുടെയോ ഭാഗങ്ങൾ പിടിച്ച് വാദിച്ചു. സജ്ജനും ഒരു യോഗം വിളിച്ചുകൂട്ടി, എതിർകക്ഷിക്കാർക്ക് മുഖത്തടിക്കുന്ന മറുപടി നൽകണമെന്ന്, സജ്ജന്റെ ഭാഗം പിടിക്കുന്നവർ ചൂടായി വാദിക്കാൻ തുടങ്ങി.

സജ്ജൻ അതിനെക്കുറിച്ചാലോചിക്കുകയായിരുന്നു. അന്നയാൾക്ക് ഒരു കെട്ടിടം നോക്കാൻ പോകണം. ആ വാർഡിൽ ഒരാശുപത്രി സ്ഥാപിക്കാനുള്ള ഒരു പദ്ധതി ആലോചിച്ചുവരികയാണ്. ബനാറസിൽ ഒരു ധർമാശുപത്രിയുണ്ടത്രേ. ഹോമിയോപ്പതി, ആയുർവേദം, അലോപ്പതി എന്നിവ മൂന്നുമനുസരിച്ചുള്ള ചികിത്സയും, കിടക്കാനുള്ള ഏർപ്പാടുകളും ഉള്ള ഒരാശുപത്രി. അടുത്തുള്ളവർക്കു വലിയ സൗകര്യമായിരിക്കും അത്. സജ്ജന്റെ മനസ്സിൽ ഈ ഉദ്ദേശം സ്ഥലം പിടിച്ചിരുന്നു. പക്ഷേ സ്ഥലം കിട്ടാത്തതു കാരണം അത് നടപ്പിലാക്കാൻ കഴിഞ്ഞിരുന്നില്ല. വലിയ ഒരു വീട് വിൽക്കാൻ പോകുന്നതായി അറിഞ്ഞപ്പോൾ, അതു വാങ്ങിക്കാൻ അയാൾ മോഹിച്ചു.

നല്ല ഉറപ്പുള്ള വലിയ കെട്ടിടം. രണ്ടാം ലോകമഹായുദ്ധത്തിൽ ലക്ഷാധിപതിയായ ഒരാളായിരുന്നു അതിന്റെ ഉടമസ്ഥൻ. പ്രൗഢി കാണിക്കാൻ വേണ്ടി സർവവും നഷ്ടപ്പെടുത്തി. വാർഡിലെ വലിയ പ്രഭുക്കന്മാരെ വിളിച്ചിരുത്തി സൽക്കരിച്ച് വലിയവർക്കിടയിൽ സ്ഥാനം നേടി; സ്വാധീനം നേടി. ഒരിക്കൽ ഭാഗ്യം തകിടം മറിഞ്ഞു. ജീവിതനിലവാരം കുറയ്ക്കാനാവുമോ? കടം വാങ്ങിത്തുടങ്ങി. അതിന്റെ ഭാരം വർധിച്ചതോടെ നിൽക്കക്കള്ളിയില്ലാതായി. കോടതി കേറി പാപ്പരാകുന്നതും, ജയിലിൽ പോകുന്നതും ഒഴിവാക്കാനായി, സർവതും വിറ്റു തുലയ്ക്കാൻ തുനിഞ്ഞു.

സജ്ജന്റെ പരിചയസമ്പന്നനായ കാര്യസ്ഥൻ കെട്ടിടം പോയിക്കണ്ടു. വിലയും തിട്ടപ്പെടുത്തി. താമസിച്ചാൽ നല്ല ഒരു സ്ഥലം കൈയിൽ നിന്നു പോകും. മഹിപാലിന്റെ ആരോപണങ്ങൾക്കു മറുപടി പറയാൻ മീറ്റിങ് വിളിച്ചു കൂട്ടുന്നതിനേ

ക്കാൾ, ആശുപത്രിക്ക് കെട്ടിടം വാങ്ങിക്കാനാണയാൾ താൽപ്പര്യപ്പെട്ടത്. "മഹിപാലിന്റെ വിഷത്തിനുള്ള മറുപടി ഈ അമൃതായിരിക്കും. മൂകമെങ്കിലും വാചാലമായ മറുപടി.."

മീറ്റിങ് കൂടണമെന്ന് വാദിച്ചവർക്ക് ഈ മറുപടിയാണ്-അതും അനേകം തവണ-സജ്ജൻ കൊടുത്തത്. പെട്ടെന്നയാൾക്കു തോന്നി, തന്റെ ഈ വാക്കുകളിൽ തനിക്കു തന്നെ വിശ്വാസമുണ്ടോ? സ്വയംരക്ഷയ്ക്കായി നാം പലപ്പോഴും ചില സുന്ദരപദങ്ങൾ തെരഞ്ഞെടുക്കും. അതിന്റെ മറവിൽ നിന്നത് ശീലമാകും. എന്താണ് നമ്മുടെ ഉദ്ദേശമെന്ന് നമുക്കു മനസ്സിലാകാതെ, വരുമ്പോഴാണ് ഇത്തരത്തിലുള്ള പ്രയോഗങ്ങളിൽ നാം തൂങ്ങിപ്പിടിച്ചു കിടക്കുന്നത്... ജനനന്മയെ മാത്രം ലക്ഷ്യമിട്ടാണോ താൻ ഇതെല്ലാം ചെയ്യുന്നത്? പകരമായി യശസ്സ് ആഗ്രഹിക്കുന്നില്ലേ? ചിത്രകലയിൽ നിന്നുണ്ടാകുന്നതിലേറെ യശസ്സ്, സാമൂഹ്യ പ്രവർത്തനത്തിൽ നിന്നുണ്ടാകും... ഈ ഉപദേശം അയാളുടെ ഉള്ളിലില്ലായിരുന്നോ?

പ്രശ്നങ്ങൾ അയാളെ വളഞ്ഞു. ഓരോ കാര്യത്തിലും മനസ്സിൽ അതേ-അല്ല എന്നീ ദ്വന്ദ്വങ്ങൾ മുഴങ്ങി. തികച്ചും ജനസേവനമാണോ-അല്ല. അയാൾക്ക് യശസ്സാഗ്രഹമുണ്ട്.. എന്നാൽ യശസ്സിന്റെ മോഹം കൊണ്ട്, ചിത്രകല ഉപേക്ഷിച്ചിട്ട്, പൂർവികസിദ്ധമായ ലക്ഷ്മിയുടെ ബലത്തിൽ നേതാവാകാൻ തുനിയുകയാണെന്നു പറഞ്ഞാൽ അത് സത്യമാവില്ല . ഇതൊക്കെ തനിയേ വന്നതാണ്. ഭാരതത്തിലെ അവശരുടെ നില പഠിക്കാനുള്ള മോഹം കൊണ്ടാണയാൾ തെരുവിലെ മുറിയിൽ വന്നത്. മനസ്സിലെ ആഗ്രഹമതായിരുന്നു. അതിൽ കള്ളമില്ല. സാമാന്യ ജനങ്ങളിൽ നിന്നകന്ന് കഴിയുമ്പോൾ സാധാരണക്കാരന്റെ പ്രശ്നങ്ങൾ അറിയാൻ കഴിയില്ല; അതാണയാൾ അതിനു തുനിഞ്ഞത്. ഇപ്പോഴും സാധാരണക്കാരുമായി നിരന്തരം ഇടപഴകുകയാണെന്ന് പറയാനാവില്ല. എങ്കിലും അവർക്കായി അയാളിൽ ദയയും സഹാനുഭൂതിയും കൂടിക്കൂടി വരികയാണ്. സാമൂഹ്യനന്മയ്ക്കായി ചെയ്യുന്ന പ്രവർത്തനങ്ങൾ നൂറുശതമാനവും ജനക്ഷേമമെന്ന ഉദ്ദേശത്തോടെ മാത്രമല്ലെങ്കിലും, യശസ്സിനുവേണ്ടി മാത്രമാണെന്നും പറയാനാവില്ല. സത്യസന്ധമായി നോക്കിയാൽ, ജനനന്മയെ സംബന്ധിച്ച ഭാവനയുടെ പ്രഭാവം പലപ്പോഴും യശസ്സിനുള്ള അഭിലാഷത്തെ അതിജീവിക്കാറുണ്ട്. പ്രവർത്തനനിരതനായി കഴിയുമ്പോൾ, ഈയിടെ മിക്കപ്പോഴും യശസ്സിനെ കുറിച്ചുള്ള ചിന്ത മനസ്സിൽ നിന്ന് പൂർണമായും മറഞ്ഞു പോകാറുണ്ട്... എന്നിട്ടും മഹിപാലിനോട് ഈ വിദ്വേഷമെന്ത്? എതിർയോഗം നടത്താനുള്ള നിർദേശം തനിക്കും രുചിച്ചില്ലെന്ന് പറയാനാവുമോ? കെട്ടിടം നോക്കാൻ പോകേണ്ടിയില്ലായിരുന്നെങ്കിൽ, മനസ്സിൽ ഒട്ടൊരു സാവകാശമുണ്ടായിരുന്നെങ്കിൽ അയാൾ അതിനെക്കുറിച്ച് ഗൗരവപൂർവം ചിന്തിച്ചേനെ.

ഈ സത്യത്തിൽ നിന്ന് മുഖം തിരിക്കാൻ സജ്ജനു കഴിഞ്ഞില്ല.

49

ഇരുപതിനായിരം രൂപയ്ക്ക് കെട്ടിടം വിലയ്ക്ക് വാങ്ങി. ചെറിയ ഈ ആശുപത്രിക്കുവേണ്ട സാമഗ്രികൾ എത്തിച്ചേരുന്നതുവരെ കാത്തിരിക്കുന്നത് ശരിയല്ലെന്ന്

സജ്ജനു തോന്നി. ഒരു ഡോക്ടറെയും ലേഡി ഡോക്ടറെയും ഒരു വൈദ്യനെയും ഹോമിയോപ്പതിചികിത്സകനെയും നിയമിച്ചതിനു പുറമേ, പ്രസിദ്ധയായ ഡോ. ഷീലാസിംഗിനോട് ആഴ്ചയിൽ രണ്ടുദിവസം ഉപദേശക ഡോക്ടറെന്ന നിലയിൽ അവിടം സന്ദർശിക്കണമെന്ന് അഭ്യർഥിക്കുകയും ചെയ്തു. ഷീലയാകട്ടെ, ഈ അപേക്ഷക്ക് മറുപടിയായി തന്റെ പകുതി പ്രൈവറ്റ് പ്രാക്ടീസ് ഉപേക്ഷിച്ചിട്ട് ദിവസവും വൈകുന്നേരം അവിടെ ചെല്ലാമെന്ന് വാക്കുകൊടുത്തു. സജ്ജനും കന്യയ്ക്കും അത്യന്തം സന്തോഷം തോന്നി. ചികിത്സാലയത്തിനും ഔഷധാലയത്തിനും വേണ്ട എല്ലാ സജ്ജീകരണങ്ങളും വാങ്ങാനുള്ള ചുമതല കർണലിനെ ഏല്പിച്ചു.

ഡോ. ഷീലയുടെ ത്യാഗത്തെ പ്രശംസിക്കാൻ സജ്ജൻ ബുദ്ധിപൂർവം ഏർപ്പാടുകൾ ചെയ്തു. നഗരത്തിലെ പത്രങ്ങളിൽ ഈ വാർത്ത സ്ഥലം പിടിച്ചു. ഷീലയുടെ കീർത്തി പ്രചരിപ്പിക്കുന്നതിൽ സജ്ജന് സ്വാർഥചിന്തയില്ലെന്ന് കാണുന്നവർക്കും കേൾക്കുന്നവർക്കും തോന്നിയേക്കാം. പക്ഷേ സജ്ജന്റെ ഹൃദയത്തിൽ മഹിപാലിനോടുള്ള പ്രതികാര ഭാവനയുണ്ടായിരുന്നു. മഹിപാലിനെ ചൊടിപ്പിക്കുകയായിരുന്നു അയാളുടെ ലക്ഷ്യം.

മഹിപാൽ ചൊടിക്കുകയും ചെയ്തു. ഷീലയെ എതിർക്യാമ്പിൽ കൊണ്ടുവന്ന്, തന്റെ ചീത്തപ്പേര് ആളുകളുടെ ഓർമയിൽ പുതുക്കാനാണ് സജ്ജൻ ശ്രമിക്കുന്നതെന്ന് മഹിപാൽ കരുതി. സജ്ജനോട് അയാൾക്ക് കടുത്ത വെറുപ്പ് തോന്നി. ചാണക്യനെപ്പോലെ അയാളുടെ മനസ്സിൽ പ്രതികാരാഗ്നി ജ്വലിച്ചു. പിതാമഹന്മാരുടെ രാജകീയ സംസ്കാരം അയാളുടെ ഞരമ്പുകളിൽ ചുടുരക്തം പ്രവഹിപ്പിച്ചു. സജ്ജനെ ചവിട്ടിമെതിക്കണം. പട്ടിയെ വിട്ട് കടിപ്പിക്കണം. തറയിൽ കുഴിച്ചിട്ട് മെതിപ്പിക്കണം. മരത്തിൽ തലകീഴായി കെട്ടിത്തൂക്കണം. ലക്ഷക്കണക്കിനുള്ള അയാളുടെ സ്വത്ത് തീയിട്ട് നശിപ്പിക്കണം... വെറുപ്പും വിദ്വേഷവും മനസ്സിന്റെ സമനില തെറ്റിച്ചു. സജ്ജനെ തകർത്തുതരിപ്പണമാക്കാൻ അയാൾ ആഗ്രഹിച്ചു. ഷീലയോടും കടുത്ത വിദ്വേഷം തോന്നി. അവളെന്തിനു സജ്ജന്റെ ഭാഗത്ത് ചേർന്നു? ഇതാണോ പ്രേമം?

വീട്ടിൽ വിവാഹത്തിന്റെ ബഹളം ആരംഭിച്ചുകഴിഞ്ഞിരുന്നു. ശകുന്തളയുടെ അച്ഛന്റെ വീട്ടുകാരും, മഹിപാലിന്റെ രണ്ടാമത്തെ സഹോദരിയും, അവരുടെ കുട്ടികളും വിവാഹത്തിൽ സംബന്ധിക്കാനായി എത്തിയിരുന്നു. സേഠ് രൂപരത്തൻ മാളികയുടെ ഒരു ഭാഗം വിവാഹത്തിനായി വിട്ടുകൊടുത്തിരുന്നു. സാധനങ്ങൾ അവിടെ കൊണ്ടുവന്ന് കുന്നുകൂട്ടുകയാണ്. വീട്ടിൽ സർവത്ര വിവാഹത്തിന്റെ ഏർപ്പാടുകൾക്കുള്ള തിരക്കാണ്. മഹിപാലിന്റെ മനസ്സ് മാത്രം അസൂയയും വിദ്വേഷവും കൊണ്ട് അസ്വസ്ഥമായിരുന്നു. സജ്ജനെന്തെങ്കിലും വലിയ നഷ്ടം വരുത്താനുള്ള ഉപായങ്ങൾ ആലോചിക്കുകയായിരുന്നു അയാൾ, ഓരോ നിമിഷവും. ഒരു വഴിയും കണ്ടെത്തിയില്ല. അയാൾ സദാസമയവും മുറുമുറുത്തും പിറുപിറുത്തും കഴിഞ്ഞു. രാവിലെ കാറുമെടുത്ത് പുറത്തിറങ്ങി. ചിലപ്പോൾ രാജാസാഹബിന്റെ അവിടെ. മറ്റുചിലപ്പോൾ രൂപരത്തന്റെ അവിടെ. അതുമല്ലെങ്കിൽ മന്ത്രിയുടെയോ ഏതെങ്കിലും ഉപമന്ത്രിയുടെയോ വീട്ടിൽ. ചെറിയ പരിചയം മാത്രമുള്ള വലിയ വലിയ ആളുകളുടെ വീട്ടിൽപ്പോലും അയാൾ എത്തിയിരുന്നു. എല്ലായിടത്തും സജ്ജനെക്കുറ്റപ്പെടുത്തിക്കൊണ്ട് സംസാരിച്ചു. ചില

പ്പോൾ പറയും കമ്യൂണിസ്റ്റുകാരിയായ ഭാര്യയുടെ വാക്കുകേട്ട് ഈ പദ്ധതിക ളുടെ മറവിൽ ജനങ്ങളെ കമ്യൂണിസ്റ്റാക്കാനാണ് സജ്ജന്റെ ശ്രമങ്ങൾ. രാത്രി അയാളുടെ വീട്ടിൽ കമ്യൂണിസ്റ്റ് നേതാക്കളുടെ യോഗം കൂടാറുണ്ടത്രേ. ഭാര്യയും ഭർത്താവും ഒട്ടും സ്വഭാവ ശുദ്ധിയില്ലാത്തവരാണെന്നും ചിലയിടത്ത് അയാൾ പ്രചരിപ്പിച്ചു. ഭർത്താവിന്റെ വിലാസലാലസയ്ക്ക് സുന്ദരികളായ സ്ത്രീകളെ കണ്ടുപിടിച്ചുകൊടുക്കുകയാണ് കന്യ നടത്തുന്ന സ്കൂളിന്റെ 'മഹത്തായ' ഉദ്ദേശം എന്നും അയാൾ പ്രചരിപ്പിച്ചു. താൻ കണ്ടതാണെന്നും അതല്ലെങ്കിൽ സജ്ജൻ തന്നെ തന്നോട് പറഞ്ഞതാണെന്നും സാക്ഷ്യപത്രവും നൽകി. സജ്ജന്റെ ഈ സംരംഭങ്ങൾക്ക് പിന്നിൽ ബാബാരാംജിയുടെ കൈകളുണ്ടെന്നും ഇതൊരു വലിയ ഗൂഢാലോചനയാണെന്നും അയാൾ മുന്നറിയിപ്പു നൽകി. വിശപ്പും ദാഹവും മറന്ന് കുടുംബത്തിന്റെ ഉത്തരവാദിത്വം ജനക്ഷേമത്തിന്റെ പേരിൽ വിസ്മരിച്ചു കൊണ്ട് പ്രഭാതം മുതൽ പ്രദോഷം വരെ സജ്ജനെതിരായി പ്രചരണം നടത്തു ന്നതിൽ അയാൾ മുഴുകി. രാജാസാഹബിന്റെ ജീവചരിത്രമെഴുതി അദ്ദേഹത്തെ അനശ്വരനാക്കാമെന്ന് മഹിപാൽ പ്രലോഭിപ്പിച്ചു. തത്ത്വചിന്തയും വിജ്ഞാനവും വിളമ്പി സ്വപാണ്ഡിത്യവും ഉറപ്പിക്കാൻ ശ്രമിച്ചു. രാജാസാഹബിന്റെ മാളികയിലെ കന്യയുടെ പാഠശാല മാറ്റി അവിടെ വേദവും പുരാണവും ഗീതയും ഭാഗവ തവും മററും അഖണ്ഡപാരായണം നടത്താനുള്ള ഏർപ്പാടു ചെയ്യണമെന്നും അതുവഴി ഭാരതീയരുടെ മതബോധമുണർത്തി സജ്ജനെപ്പോ ലുള്ള വിഭീഷ ണന്മാരായ കമ്യൂണിസ്റ്റുകാരുടെ സ്വാധീനം ജനങ്ങളിൽ ഉണ്ടാകാതെ നോക്കണ മെന്നും മഹിപാൽ ഉപദേശിച്ചു. സജ്ജന്റെ ഗൂഢാലോചന പൊളിക്കാൻ പറ്റിയ വിധം ഏതെങ്കിലും സംരംഭങ്ങൾ രാജാസാഹബും, അതുപോലുള്ള വലിയ ആളുകളും ചേർന്ന് തുടങ്ങാൻ പ്രേരിപ്പിക്കണമെന്നും ഇടയ്ക്കിടെ ചെന്ന് ലാലാ ജാനകീസരണനോട് പറഞ്ഞു. വാർഡിലെ പ്രമുഖവ്യക്തികളുടെ, പ്രത്യേകിച്ചും, ലാലാജാനകീസരണന്റെ ചുറ്റുമുള്ള വീടുകളിൽ സജ്ജൻ ചാരന്മാരെ നിയോഗി ച്ചിട്ടുണ്ടെന്നും അയാൾ പറഞ്ഞുപരത്തി. സജ്ജൻ അവിടെയുള്ളപ്പോൾ മാന്യ ന്മാരുടെ ആരുടെയും അഭിമാനം സുരക്ഷിതമായിരിക്കില്ലെന്ന് അയാൾ താക്കീതു നൽകി.

ഒരാഴ്ചത്തെ ഓടിനടപ്പിനു ഫലമുണ്ടായി. ഈയിടെയായി രൂപരത്തന്റെ വീട്ടി ലായിരുന്നു മിക്കവാറും സമയവും. അതുകൊണ്ട് അയാളെ ഇളക്കാനും അവ സരം കിട്ടി. രൂപരത്തന്റെ മനസ്സിൽ ഉറങ്ങിക്കിടന്നിരുന്ന ഒരു സ്വപ്നം തട്ടിയു ണർത്താൻ മഹിപാലിനുകഴിഞ്ഞു. വലിയൊരു പ്രക്ഷോഭണം നടത്തി സേഠ് രൂപരത്തനെ പെട്ടെന്നുതന്നെ മന്ത്രിസഭയിൽ പ്രവേശിപ്പിക്കാനുള്ള വഴികൾ തന്റെ പക്കലുണ്ടെന്നും അറിയിച്ചു. ആ മന്ത്രം ശരിക്കുകൊണ്ടു. അതിനുള്ള പരി പാടി തയ്യാറാക്കാൻ രൂപരത്തൻ നിർദേശിച്ചു. പത്ത് പ്രമുഖ ഹുണ്ടികക്കാർ ചേർന്ന് ഇതുപോലെയുള്ള സഹകരണപദ്ധതി തുടങ്ങണം. അവരുടെ സഹക രണബാങ്കു മുഖേന വൻ തോതിൽ കുടിൽവ്യവസായങ്ങൾ ആരംഭിക്കണം. അതോ ടൊപ്പം അന്തരീക്ഷത്തിൽ മതകാര്യങ്ങളുടെ ശബ്ദഘോഷം മുഴങ്ങുകയും വേണം. കീർത്തനങ്ങളും മഹാത്മാക്കളുടെ പ്രസംഗങ്ങളും പുരാണപാരായ ണങ്ങളും കൊണ്ട് ഭാരതീയമാഹാത്മ്യം വെളിവാക്കണം. ഈ സംരംഭങ്ങളുടെ തുടക്കമായി വിശ്വശാന്തിക്കുള്ള ഒരു യജ്ഞം വൻ തോതിൽ നടത്തണം. ജന

ങ്ങളിൽ മതബോധം ഉണരാൻ അതു വഴിതെളിക്കും. രായ്ക്കുരാമാനം മഹിപാൽ വലിയൊരു പദ്ധതി എഴുതിത്തയ്യാറാക്കി. രാജാസാഹബും സേഠ് രൂപരത്തനും അതിനു സമ്മതം മൂളി.

രണ്ടു ദിവസത്തിനുശേഷം വിക്ടോറിയാ പാർക്കിൽ ഒരു മഹാസമ്മേളനമുണ്ടാകുമെന്നു പ്രഖ്യാപനമുണ്ടായി. രാജാസാഹബ് ആണ് അധ്യക്ഷൻ. നഗരത്തിലെ പ്രമുഖവ്യക്തികൾ ജനക്ഷേമത്തിനായി തയ്യാറാക്കുന്ന വലിയൊരു പദ്ധതിയെക്കുറിച്ചു സമ്മേളനത്തിൽ വിശദീകരിക്കുന്നതാണെന്നും വിളംബരം ചെയ്യപ്പെട്ടു.

ആയിടെ തായിക്കു രോഗം കലശലായിരുന്നു. ഇനിയും രക്ഷപ്പെടുമെന്ന് ആശിക്കാൻ വകയില്ല. മരിച്ചശേഷം ഭർത്താവും സഹപത്നിയുടെ പുത്രന്മാരും ശരിയായ രീതിയിൽ അന്ത്യക്രിയകൾ നടത്തിയില്ലെങ്കിലോ എന്നു ഭയന്ന് ജീവിച്ചിരിക്കുമ്പോൾതന്നെ അതിനുള്ള ഒരുക്കങ്ങൾ ചെയ്തു. എല്ലാ ഉത്തരവാദിത്വങ്ങളും കന്യയ്ക്കും സജ്ജനുമായിരുന്നു. കന്യയെയും സജ്ജനെയും മരുമകളും മകനുമായി തായി അംഗീകരിച്ചു കഴിഞ്ഞിരുന്നു.

ഒരു ദിവസം തായി 'കന്നോമലിന്റെ പൗത്രന്റെ വധുവിന്' നൂറു തോല സ്വർണത്തിന്റെ ആഭരണങ്ങൾ നൽകി. അതവളെ അണിയിച്ചിട്ടു തായി പറഞ്ഞു. "മൂധേവി, നീ ജാതികെട്ടവളാണെങ്കിലും വധുവായിവന്നുപോയില്ലേ? അതുകൊണ്ട് ഇതൊക്കെ എടുത്തോ, എന്റെ ശുശ്രൂഷ നീയല്ലേ ചെയ്യുന്നത്? എനിക്ക് നീയല്ലേ ഉപാകാരപ്പെട്ടുള്ളൂ?" ഇത്രയൊക്കെ ചെയ്തെങ്കിലും കന്യയുടെ കൈകൊണ്ടു തൊട്ട വെള്ളം കുടിക്കാൻ ഇപ്പോഴും തായിക്കു മടിയാണ്. ഇംഗ്ലീഷ് മരുന്ന് കുടിക്കാനും ഒരുക്കമല്ല. തായിയുടെ ശുശ്രൂഷയ്ക്കായി സജ്ജന്റെ രണ്ടു ജോലിക്കാർ ഇരുപത്തിനാലു മണിക്കൂറും അവിടെ ഹാജരുണ്ട്. രാത്രിയിൽ സജ്ജനോ കന്യയോ ആരെങ്കിലുമൊരാൾ തായിയുടെ അവിടെ കാണും. ദാനധർമങ്ങൾ നടത്താൻ തായി എന്തെങ്കിലും ആഗ്രഹം പ്രകടിപ്പിച്ചാൽ അവരുടനെ അത് നിറവേറ്റും.

മൈതാനത്ത് രാജാസാഹിബിന്റെ സമ്മേളനം നടക്കുന്ന അന്ന് തായിയുടെ വീട്ടിൽ ബ്രാഹ്മണർക്ക് അന്നദാനത്തിന് ഏർപ്പാട് ചെയ്തിരുന്നു. സജ്ജനും കന്യയ്ക്കും അവരുടെ പ്രവർത്തനങ്ങൾക്കു പുറമേ തായിയുടെ വീട്ടിലെ ചുമതലകൾ വന്നതോടെ ഇമ പൂട്ടാൻ പോലും നേരമില്ലാതായി. കർണലും ഇവരെ സഹായിക്കാൻ എത്താറുണ്ട്. സജ്ജനും മഹിപാലും തമ്മിലുള്ള വിരോധം കർണലിനെ ക്ഷോഭിപ്പിച്ചിട്ടുണ്ടെങ്കിലും ആ വിഷയത്തിൽ അയാൾ മനഃപൂർവം മൗനം പാലിക്കയും രണ്ടുപേരുടെയും കാര്യത്തിൽ അവരെ സഹായിക്കാൻ എത്തുകയും ചെയ്തു. കല്യാണിയുടെ വീട്ടിൽ ഇടയ്ക്കിടെ ചെന്ന് ആവശ്യങ്ങൾ ചോദിച്ചറിഞ്ഞ് എങ്ങനെ അധികച്ചെലവു വരാതെ കാര്യങ്ങൾ നടത്താമോ ആ വഴികൾ ഉപദേശിക്കുകയും ചെയ്തുപോന്നു. മഹിപാലിനെ കാണും, സംസാരിക്കും. പക്ഷേ സജ്ജനെ സംബന്ധിച്ച് ഒരക്ഷരം പോലും മിണ്ടില്ല. മഹിപാൽ പലപ്പോഴും സജ്ജനെക്കുറിച്ച് പറയാൻ ഒരുമ്പെട്ടിട്ടുണ്ട്. ഒരിക്കൽ കർണൽ പറഞ്ഞു. "നോക്കൂ സ്നേഹിതാ നിങ്ങളുടെ വൈരം നിങ്ങൾ തമ്മിലുള്ളതാണ്. രണ്ടു വിദ്വാന്മാർ തമ്മിലുള്ള ഏറ്റുമുട്ടൽ. എനിക്കിതിൽ ഒരു കാര്യവുമില്ല. മേലിൽ ഇക്കാര്യം എന്നോട് പറയരുത്." സജ്ജൻ ഒരിക്കലും ഈ കാര്യം അയാളോട്

പറഞ്ഞിട്ടില്ല. മഹിപാലും കർണലും പഴയ മിത്രങ്ങളാണ്. മഹിപാൽ വഴിയാണ് സജ്ജൻ കർണലിന്റെ സ്നേഹിതനായതുതന്നെ.

അന്നു വൈകുന്നേരം വിക്ടോറിയാ പാർക്കിലെ യോഗത്തിൽ മഹിപാൽ സകല അതിരുകളും വിട്ടു സംസാരിച്ചു. സജ്ജനും താനും തമ്മിലുള്ള സ്നേഹം പണ്ടുമുതൽക്കേ ഉള്ളതാണെന്നു വിവരിച്ചിട്ട് സജ്ജൻ എന്നെന്നും സ്വാർഥിയും സ്ഥാനമോഹിയും ആയിരുന്നു എന്നും പണത്തിന്റെ പ്രതാപം കൊണ്ടും നിരൂപകരെ വിളിച്ചുവരുത്തി അവർക്കു വിരുന്നു കൊടുത്തും അതു വഴി പ്രസിദ്ധി നേടിയവനാണെന്നും, അയാൾ കലാകാരനല്ല, അതിലേറെ കരിഞ്ചന്തക്കാരനാണെന്നും സ്ഥാപിക്കാൻ മഹിപാൽ ശ്രമിച്ചു. ഇത്തരത്തിലുള്ള അനേകം ആരോപണങ്ങൾ ആവേശം കൊണ്ട് അയാൾ ഉന്നയിച്ചു. അയാൾക്കെതിരെ നിയമനടപടികൾ കൈക്കൊള്ളാൻ പോന്നവ ആയിരുന്നു ആ ജല്പനങ്ങൾ. തന്റെ പ്രസംഗത്തിൽ മോഹൻജൊദാരോ, വേദങ്ങൾ, ചരിത്രം, സാമൂഹ്യശാസ്ത്രം തുടങ്ങി സർവവിഷയങ്ങളെയും സജ്ജനെ നിന്ദിക്കാനുള്ള കരുക്കൾ ആയിട്ടാണ് അയാൾ വിനിയോഗിച്ചത്. ഒരു മണിക്കൂറിലേറെ ഈ അധിക്ഷേപങ്ങൾ നീണ്ടു നിന്നു. ജനങ്ങൾ മന്ത്രമുഗ്ധരെന്നപോലെ നോക്കിയിരുന്നു. ഇടയ്ക്കിടെ അയാൾ സജ്ജനെതിരെ വിഷം ചീറ്റി. ഇന്നത്തെ സന്ധ്യയും ആ സമ്മേളനവേദിയും അയാളുടെ ജീവിതത്തിലെ മഹനീയമായ വിജയമാണെന്നയാൾ കണക്കാക്കി. സജ്ജന്റെ ലക്ഷ്യത്തെ അയാൾ ലക്ഷം വാക്കുകൾ കൊണ്ട് എതിർത്തു. ലക്ഷ്മിയുടെ ബലം കൊണ്ട് സജ്ജന് മഹാപുരുഷൻ ആകാമെങ്കിൽ പരകീയ പ്രഭാവത്താൽ തനിക്കും മഹാപുരുഷനാകാൻ കഴിയും. മഹിപാൽ മഹാപുരുഷനായി അനുഭവപ്പെട്ട നിമിഷങ്ങളായിരുന്നു അത്. അതിന്റെ ലഹരിയിൽ അയാൾ സജ്ജനെതിരെ നിയമത്തിനുനിരക്കാത്ത കാര്യങ്ങൾപോലും പറഞ്ഞുപോയി.

സജ്ജനെ അനുകൂലിക്കുന്നവർക്കിടയിൽ ആവേശവും ഖേദവും പടർന്നു. കുബേരന്മാരുടെ സംഘടിതശക്തി, മുളച്ച് കഴിഞ്ഞിട്ടില്ലാത്ത ഒരു ചെടിക്കെതിരേ പ്രചണ്ഡവാതമായി വരികയാണ്. മഹിപാലിന്റെ പെരുമാറ്റം സജ്ജനെയും, കന്യയെയും ക്ഷുബ്ധരാക്കി. ഷീല പൊട്ടിക്കരഞ്ഞു. പ്രശ്നം വക്കീലിന്റെ കയ്യിൽ ഏൽപ്പിക്കാൻ സജ്ജൻ തീരുമാനിച്ചു. മൂന്നാം ദിവസം സജ്ജന്റെ വക്കീലിൽ നിന്നും മഹിപാലിനു രജിസ്റ്റർ നോട്ടീസ് കിട്ടി. ആ സമയത്ത് മഹിപാലിന്റെ വീട്ടിൽ, അതായത് സേഠ് രൂപരത്തന്റെ ബംഗ്ലാവിൽ കർണലും ഇരിപ്പുണ്ടായിരുന്നു. മഹിപാൽ കോപം കൊണ്ടു ജ്വലിച്ചു. 'കണ്ടോളാം' 'കാണിച്ചു കൊടുക്കാം' എന്നിങ്ങനെ കയ്യും കാലും എടുത്തുകൊണ്ട് അയാൾ അങ്ങോട്ടുമിങ്ങോട്ടും നടന്നു.

കർണൽ പറഞ്ഞു "നോക്കൂ, മഹിപാൽ. ഞാൻ പൊതുജനമൊന്നുമല്ല. എന്നെ പ്രസംഗിച്ചു ഇളക്കാനും പറ്റില്ല. വിവാഹത്തിന്റെ തിരക്കിലായിരുന്നതിനാൽ ഞാനും ഒന്നും മിണ്ടാതെ നടക്കുകയായിരുന്നു. എങ്കിലും ഞാൻ ഒന്നു പറയാം. സജ്ജൻ കേസുകൊടുത്തതു ന്യായമാണ്. നിങ്ങൾ അതിൽ തോല്ക്കും. ജയിലിലും പോകും. ഈ വലിയവന്മാരിലൊരുത്തനും സഹായിക്കാൻ വരില്ല. അത് നിങ്ങൾ കരുതിക്കൊള്ളണം." കർണൽ കല്യാണിയോട് എല്ലാം വിസ്തരിച്ചു പറഞ്ഞു. ഭാര്യയുടെയും കർണലിന്റെയും മുന്നിൽ വച്ച് മഹിപാൽ ന്യായത്തെയും സത്യത്തെയുംകുറിച്ചു പ്രഖ്യാപനങ്ങൾ നടത്തി. സജ്ജന്റെ ദുർനടപടികളെക്കു

റിച്ച് വിവരിക്കാൻ തുടങ്ങി. കർണലിനു സഹിച്ചില്ല. കോപം വന്ന് അയാൾ പറഞ്ഞു. "മഹിപാൽ താനത്ര നല്ലപിള്ളയൊന്നും ചമയണ്ട. മറ്റുള്ളവരുടെ മുഖത്തു ചെളിവാരി എറിയുന്നതിനു മുമ്പ് സ്വയം നില്ക്കുന്നതെവിടെയാണെന്ന് നോക്കണം. ഒന്നു ഞാൻ തെളിച്ചു പറയാം. സജ്ജനെന്നെ സാക്ഷിയായി വിളിച്ചാൽ ഞാൻ തീർച്ചയായും പോകും. എനിക്കു തോന്നുന്നത് ഈ അവസ്ഥയിൽ ഡോക്ടറും നിങ്ങൾക്കെതിരെ തെളിവുകൊടുക്കുമെന്നാണ്. അവരും പോയേ തീരൂ."

"പോകിൻ. എല്ലാവരും പോകിൻ" മഹിപാൽ ഗർജിച്ചു. കോപാവേശത്തിൽ മതിമറന്ന് അവിടെയിരുന്ന കസേര പൊക്കി എടുത്ത് ദൂരെ വലിച്ചെറിഞ്ഞു. അതിന്റെ കൈ പൊട്ടിപ്പോയി. വിക്ടോറിയാ കാലത്തെ മാതൃകയിൽ ഉണ്ടാക്കിയ വിലകൂടിയ ഒരു കസേരയായിരുന്നു അത്. രൂപരത്തന്റെ മുതലാണ് താൻ നശിപ്പിച്ചതെന്ന് മഹിപാൽ പെട്ടെന്ന് ഓർത്തു. പിന്നെ അതിരുകടന്ന കോപത്തിനും സാധ്യതയില്ലാതായി. അയാൾ പിറുപിറുക്കാൻ തുടങ്ങി.

കല്യാണി കർണലിനോടു വിനയത്തോടപേക്ഷിച്ചു. അവൾ പറഞ്ഞു "ഇദ്ദേഹത്തിന്റെ തല തിരിഞ്ഞു പോയി. അങ്ങ് സജ്ജനോട് ഈ കുട്ടികളുടെ കാര്യം ഓർമിക്കാൻ പറയണമേ."

കർണൽ കന്യയോടും സജ്ജനോടും ഇക്കാര്യം സംസാരിച്ചു. സജ്ജന്റെ തീരുമാനത്തിന് മാറ്റമില്ല. അയാൾ പറഞ്ഞു."നോക്കൂ കർണൽ. ഇത് എന്നെ സംബന്ധിക്കുന്ന കാര്യമല്ല. എന്റെ ട്രസ്റ്റിനെതിരേയാണ് ഈ ആരോപണങ്ങൾ ഉണ്ടായത്. ഇക്കാര്യത്തിൽ ഞാൻ ഒന്നും ചെയ്തില്ലെങ്കിൽ ട്രസ്റ്റിനാണ് കുഴപ്പമുണ്ടാകുക. ഈ സംഘടനയുടെ രക്ഷയ്ക്കായി മഹിപാലിനെ ശിക്ഷിച്ചേ പറ്റൂ. നിങ്ങളും എനിക്കുവേണ്ടി സാക്ഷി പറയണം. ഞങ്ങൾക്കു രണ്ടുപേർക്കുമുള്ള കുറവുകളും ദൗർബല്യങ്ങളും നിങ്ങൾക്കറിയാം. അത് അതേപടി പറഞ്ഞാൽ മതി. സ്നേഹമല്ല, ന്യായവും നീതിയുമാണ് ഞാൻ നിങ്ങളോടു ചോദിക്കുന്നത്." പറഞ്ഞു നിർത്തിയിട്ടു സജ്ജൻ അവിടെനിന്നും ഇറങ്ങിപ്പോയി.

സമ്മേളനത്തിന്റെ റിപ്പോർട്ട് തായിയുടെ രോഗശയ്യയിലുമെത്തി. രാധയുടെയും കൃഷ്ണന്റെയും വിവാഹത്തിന്റെ പേരിൽ ഇത്രയേറെ ദാനപുണ്യങ്ങൾ നടത്തിയ തായിയുടെ രോഗശയ്യയിൽ ദിവസവും ദർബാറുകൾ നടന്നു. ഗോകുലക്ഷേത്രത്തിലെ പൂജാരി, ഭത്തരിയാ, സരസ്വതി ചേട്ടത്തി, കീർത്തനിയ, നന്ദോ, നന്ദോയുടെ അമ്മ, താര, സ്വരൂപ്, തെരുവിലെ വൃദ്ധകൾ തുടങ്ങിയവരെല്ലാം പകൽ മുഴുവൻ തായിയുടെ വീട്ടിൽ വന്നും പോയും ഇരുന്നു. തായിക്ക് പനി കൂടുതലാണ്. ഇടയ്ക്കിടയ്ക്ക് ബോധം കെടും. ബോധം തെളിയുമ്പോൾ ചുറ്റും കണ്ണോടിക്കും. ആരെങ്കിലും എന്തെങ്കിലും ചോദിച്ചാൽ 'അതെ' എന്നും 'അല്ല' എന്നും മാത്രം ഉത്തരം കൊടുക്കും. കമ്പനിത്തോട്ടത്തിലെ മീറ്റിംഗിൽ രാജാസാഹബ് അവളുടെ സജ്ജനെ തെറിവിളിച്ചുവെന്നും, സജ്ജനെ അവളുടെ വീട്ടിൽ നിന്നും മാറ്റി മാളികയിൽ ഒരു പാഠശാല തുടങ്ങാൻ രാജാസാഹബും ജാനകീസരണും പരിപാടി ഇടുകയാണെന്നും തായിയുടെ ചെവിയിൽ ആരോ പറഞ്ഞു കേൾപ്പിച്ചു. കടുത്ത പനികൊണ്ട് തളർന്ന് അവശയായിട്ടുപോലും ഇതുകേട്ടപ്പോൾ തായി ക്രോധം പൂണ്ടു. ജീവിതം മുഴുവൻ വിഷം ചീറ്റി തളർന്നിരുന്ന നാവ് വീണ്ടും വിഷജ്വാല ചിതറാൻ തുടങ്ങി. രണ്ടുമുഷ്ടികളും വലിഞ്ഞുഞെരിഞ്ഞു. കഴു

ത്തിലെ ഞരമ്പുകൾ പിടഞ്ഞുപൊങ്ങി. മുഖം കോപംകൊണ്ടു വലിഞ്ഞു വികൃതമായി. തായി മനസ്സാൽ സ്വഭർത്താവിനെ ശപിക്കുകയായിരുന്നു. ഈ ആവേശം ശരീരത്തിന് താങ്ങാനാവാത്തതായിത്തീർന്നു. അവൾ ബോധമറ്റു.

അന്ന് വൈകുന്നേരം തായി നന്ദോയോട് തന്റെ അടുത്തു തന്നെ നില്ക്കാൻ നിർദേശിച്ചു. കന്യ മൂന്നു മണിക്കൂർ നേരത്തേക്ക് താരയെ തായിയെ നോക്കാൻ ഏല്പിച്ചിട്ട് ഡോക്ടർ ഷീലയോടൊപ്പം തെരുവിലെ വീടുതോറും സ്ത്രീകളുടെയും, കുഞ്ഞുങ്ങളുടെയും ആരോഗ്യസ്ഥിതി പരിശോധിക്കാൻ പോയിരിക്കുകയായിരുന്നു. താരയോട് ദൂരെ മാറിയിരിക്കാൻ പറഞ്ഞിട്ട് തായി നന്ദോയോട് പതുക്കെപ്പതുക്കെ എന്തോ പറഞ്ഞു. നന്ദോയുടെ മുഖത്ത് ഉത്തരവാദിത്വത്തിന്റെയും നിഗൂഢതയുടെയും ഭാവം പരന്നു. വിളക്കുകൊളുത്തിയ ഉടനെ തായി കുഞ്ഞിനെയും കൊണ്ട് വീട്ടിൽ പൊയ്ക്കൊള്ളാൻ താരയോട് പറഞ്ഞു. താരയ്ക്ക് പോകാനിഷ്ടമില്ല. പോകുന്നതു ശരിയല്ല. പക്ഷേ തായിയുടെ മുഖം കോപംകൊണ്ടുചുവന്നു. അധികം വഴക്കിടാനുള്ള ശക്തി അവർക്കില്ല. നന്ദോ താരയെ കാര്യം മനസ്സിലാക്കാൻ ശ്രമിച്ചു."നോക്കൂ. ഇവർ പറയുന്നതു കേൾക്കൂ. ഞാൻ ഇവിടെത്തന്നെയുണ്ടല്ലോ. ഞാൻ നോക്കിക്കൊള്ളാം." താര അനുസരിച്ചു. ഒന്നും മിണ്ടാതെ കുഞ്ഞിനെയും ഒക്കത്തെടുത്തു പോകാനിറങ്ങി. കുഞ്ഞു പോകുന്നതു കണ്ട തായി തളർന്ന കൈകൾ ഉയർത്തി അതിനെ അടുത്തേക്കുവിളിച്ചു. തായിയുടെ മുഖത്ത് വാത്സല്യത്തിന്റെ ശാന്തി പരന്നു. താര കുഞ്ഞിനെയും കൊണ്ട് തായിയുടെ അടുത്തു ചെന്നു കുനിഞ്ഞു. കുഞ്ഞ് കൈ നീട്ടി തായിയുടെ പനികൊണ്ട് പൊള്ളുന്ന ഉള്ളംകൈയിൽ പിടിച്ചു. തായി, കുഞ്ഞിക്കയ്യിലും കവിളിലും അതിന്റെ തലയിലും മെല്ലെ തലോടി. വിളറിയ മുഖത്ത് ഒരു ചിരിവിരിഞ്ഞു. പിന്നീട് അവർ കുഞ്ഞിനെയും കൊണ്ടുപൊയ്ക്കൊള്ളാൻ ആംഗ്യം കാണിച്ചു. താര പോയശേഷം നന്ദോ താരയുടെ ഭാഗത്തെ കതകടച്ച് സാക്ഷയിട്ടു. തലയണയുടെ അടിയിലിരിക്കുന്ന ചെറിയ പെട്ടി എടുക്കാൻ തായി അവളോട് പറഞ്ഞു. പെട്ടി തുറന്ന് അതിൽ നിന്ന് പത്തിന്റെ രണ്ട് നോട്ടുകൾ എടുത്ത് തായിയെ കാണിച്ചിട്ടവൾ അത് മടിത്തുമ്പിൽ കെട്ടി. മുകളിലേക്കുള്ള കോണിപ്പടി കയറിക്കൊണ്ട് നന്ദോ പറഞ്ഞു. "ഞാൻ ഷാളെടുത്ത് പുതച്ചിട്ടിപ്പ വരാം. ഇളയ നാത്തൂനെ ഇവിടിരുത്താം. നിങ്ങടെ വധൂറാണി വന്നാൽ അവളെ പറഞ്ഞയച്ചേക്കാം. ഇളയനാത്തൂൻ- ബാക്കിയൊക്കെ ഞാനിതാ വന്നേച്ചു."

കന്യ എട്ടുമണിയായപ്പോൾ തായിയുടെ വീട്ടിലെത്തി. സ്വരൂപ് അവിടിരിപ്പുണ്ട്. തായി മയങ്ങിക്കിടക്കുകയാണ്. നോവൽവായന നിറുത്തിയിട്ട് സ്വരൂപ് തായിയുടെ വിവരങ്ങൾ പറഞ്ഞു. കൂട്ടത്തിൽ കന്യയ്ക്കായി നന്ദോ നൽകിയ നിർദേശവും അറിയിച്ചു.

കന്യ ചോദിച്ചു "അതെന്ത്? എന്താകാര്യം?"

മുഖം ചുളിച്ചിട്ട് സ്വരൂപ് പറഞ്ഞു "നന്ദോ നാത്തൂനും തായിയും ചേർന്ന് ആരുടെയോ പേരിൽ മന്ത്രവാദമോ ക്ഷുദ്രമോ എന്തോ ചെയ്യാൻ ഒരുങ്ങുകയാണ്. അതുകൊണ്ട് മറ്റാരും ഇവിടെ ആ സമയത്ത് പാടില്ലത്രേ."

"നല്ല തമാശ. ഈ അവസ്ഥയിൽ തായിയെ ഇതൊന്നും ചെയ്യാൻ ഞാൻ സമ്മതിക്കൂല്ല. ഞാൻ പോകുന്നുമില്ല."

കുറെനേരം അവർ രണ്ടും പലതും സംസാരിച്ചിരുന്നു. തായി ഉണർന്നു.

കന്യ എഴുന്നേറ്റ്, തായിയുടെ തലയിൽ മെല്ലെ കൈവച്ചു. എങ്ങനെയുണ്ടെന്ന് ചോദിച്ചു. അവളുടെ കൈയിൽ സ്നേഹത്തോടെ കരങ്ങൾ കൊണ്ട് മെല്ലെ തലോടിക്കൊണ്ട് തായിപറഞ്ഞു "സുഖമുണ്ട്. നീ പൊയ്ക്കോ മകളേ."

"തായീ. ഞാൻ നിങ്ങളുടെ അടുക്കൽനിന്ന് മാറില്ല. അദ്ദേഹം വഴക്കു പറയും."

"ഞാൻ സത്യം ചെയ്തുപറയുകയാണ്.. നീ പോണം.."

അവളുടെ വേലക്കാരെയും കൂടെക്കൊണ്ടു പോകാൻ തായി നിർദേശിച്ചു.

കന്യ വീണ്ടും അഭ്യർഥിച്ചു. പക്ഷേ തായി കേട്ടില്ല. പിന്നെ ഒഴിഞ്ഞുമാറി പോകയല്ലാതെ മറ്റു പോംവഴി ഒന്നുമില്ല. തായിയോട് തർക്കിക്കാൻ വിഷമം. ഈ അവസ്ഥയിൽ അത് ഒട്ടും ശരിയല്ല. സ്വരൂപിന് അവശ്യം വേണ്ട നിർദേശങ്ങൾ കൊടുത്തിട്ട് കന്യ, മനസ്സില്ലാമനസ്സോടെ വേലക്കാരെയും കൂട്ടി പോയി.

രാത്രി പതിനൊന്നര-പതിനൊന്നേമുക്കാൽ മണി ആയപ്പോഴേക്കും നന്ദോ, തളത്തിൽ സാമഗ്രികൾ ഒക്കെ എത്തിച്ചു-ഒരു കുപ്പിചാരായം, നാല് പന്നിക്കുഞ്ഞുങ്ങൾ, മൺപാത്രങ്ങൾ, ഗോതമ്പു മാവുകൊണ്ടുണ്ടാക്കിയ രൂപങ്ങളും ഇടിഞ്ഞിലും, ഒരു ബീഡിയില, കഞ്ചാവ് എന്നിവ. ഭർത്താവിന് ക്ഷുദ്രം ചെയ്യാനാണ് തായിയുടെ പരിപാടി. പ്രാരംഭ കർമങ്ങളെല്ലാം പൂർത്തിയാക്കിയ ശേഷം, മൺകലശങ്ങൾ ജപിച്ചു കെട്ടാനായി നന്ദോ തായിയെ വിളിച്ചു.

പനികൊണ്ടു വീണ്ടും മയങ്ങിക്കിടക്കുകയായിരുന്നു തായി. താൻ വിളിച്ചിട്ട് മറുപടി ഒന്നും കേൾക്കാത്തതുകൊണ്ട് നന്ദോ, അടുത്തു ചെന്നു. റാന്തൽ പൊക്കി മുഖത്തു നോക്കിയിട്ട്, ചെവിയിൽ പറഞ്ഞു 'തായീ.....ഓ തായീ..."

തായി കണ്ണുതുറന്നു. പാതിയടഞ്ഞിരുന്ന ഇമകൾക്കിടയിലൂടെ നന്ദോയെ നോക്കിയിട്ട് ചോദിച്ചു. "ഉം എന്താ..."

"എല്ലാം ഒരുക്കി വച്ചിരിക്കുകയാണ്. തായീ...."

"തയ്യാറാക്കിയോ....." തായിയുടെ ഓർമ്മശക്തി പൂർണമായി വീണ്ടുകിട്ടി. നന്ദോയുടെ വാക്കുകൾ അവളുടെ മരവിച്ച ശരീരത്തിൽ പുതിയൊരു ശക്തി പായിച്ചു. എഴുന്നേല്ക്കാൻ ശ്രമിച്ചുകൊണ്ട് തായി പറഞ്ഞു "എന്നെ അങ്ങോട്ട് പിടിച്ചോണ്ട് പോ മോളേ."

"കൊള്ളാം. നിങ്ങളവിടം വരെ പോകാനോ....? മന്ത്രം എനിക്കു പറഞ്ഞുതന്നാൽ മതി, ഞാൻ ജപിച്ചു കെട്ടാം..." പനിപിടിച്ചുണങ്ങിവരണ്ട ചുളികൾ വീണ തായിയുടെ മുഖത്ത് നേരിയ ഒരു ചിരി തെളിഞ്ഞു. കറുത്ത് കാവിപിടിച്ച പല്ലുകൾ തിളങ്ങി. "മന്ത്രമെല്ലാം അങ്ങനെയങ്ങ് പറയാനൊക്കുമോ?" തായി തളർന്ന ശരീരത്തിൽ പുതിയ ശ്വാസം വലിച്ചെടുക്കാനായി ഒന്നു നിറുത്തി. എന്നിട്ട് തുടർന്നു. "ശ്മശാനത്തിൽ വച്ചാണത് തരേണ്ടത്. വിളക്കുകൊളുത്തി വച്ച്...എണ്ണ...നീ എന്നെ അങ്ങോട്ടുകൊണ്ടുപോ.." തായിയുടെ ശരീരത്തിൽ എവിടെ നിന്നോ ബലം കൂടിവന്നു.

നന്ദോ, അവരെ തളത്തിലേക്കു കൊണ്ടുവന്നു. തായി, കാലും മുഖവും കഴുകി. കലശത്തിൽ ഓരോ സാധനങ്ങൾ പെറുക്കിവച്ചുകൊണ്ട് മന്ത്രം ജപിക്കാൻ തുടങ്ങി. ഭർത്താവിനെ നശിപ്പിക്കാനുള്ള മന്ത്രത്തിൽ, അദ്ദേഹത്തിന്റെ പേരെടുത്തുപറയേണ്ടതുണ്ട്. പാരമ്പര്യത്തിന്റെ ആചാരങ്ങൾ ഓർത്ത്, ഒരു നിമിഷം തായി, മടിച്ചു. പിന്നെ രാജാസാഹബിന്റെ പേര് വിളിച്ചുപറഞ്ഞുകൊണ്ട്, കലശത്തിൽ രൂപം എടുത്തുവച്ചു. വിളക്കുവച്ചു...മന്ത്രം ജപിച്ച ദ്രേഹത്തെ

കൊല്ലാൻ ആജ്ഞാപിക്കാൻ തുടങ്ങി. നിമിഷനേരത്തേക്ക് തായിയുടെ മുഖം, ശരറാന്തൽ കണക്കെ തിളങ്ങി. കണ്ണിൽ നിന്ന് തീപ്പൊരി പാറുകയാണ്. മുഖം രൂക്ഷഭാവം കൊള്ളുന്നു. നന്ദോ ഭയന്നുവിറച്ചു. തളത്തിന്റെ ഒരറ്റത്ത് കെട്ടിയിട്ടിരുന്ന നാല് പന്നിക്കുഞ്ഞുങ്ങളും ഒന്നിച്ച് കരഞ്ഞു. ക്ഷുദ്രകർമത്തിനിവയും വേണം. മറുപക്ഷത്ത് മന്ത്രവാദം ഏൽക്കാത്തതായി ആരെങ്കിലും ഉണ്ടായിരിക്കുകയോ, അവരതിന് വല്ല പ്രതിവിധിയും ചെയ്യുകയോ, ആണെങ്കിൽ, അതിന്റെ ഫലം ക്ഷുദ്രം ചെയ്യുന്നവന്റെ മേൽ ഏശാതെ, ഈ പന്നിക്കുഞ്ഞുങ്ങളുടെ മേലേ, ഏൽക്കൂ. അവയെ ബലിയർപ്പിച്ചാൽ മതി.

നന്ദോ പരിതസ്ഥിതിയുടെ ഗൗരവം തികച്ചും മനസ്സിലാക്കി. പെട്ടെന്ന് തായി ഉച്ചത്തിൽ അലറി..“പാടില്ല... പാടില്ല...”

“എന്തു പറ്റി തായീ..”

“മാറ്, കത്തികൊണ്ടാ...” എന്നു പറഞ്ഞുകൊണ്ട് തായി അവളെ തള്ളിമാറ്റിയിട്ട് ധൃതിയിൽ മന്ത്രം ഉരുവിടാൻ തുടങ്ങി. ഒന്നൊന്നരമാസമായി പനിപിടിച്ചവശമായ ആ ദുർബലശരീരത്തിൽ നിമിഷത്തിനുള്ളിൽ പുതുശക്തിയും ഓജസ്സും വന്നതുപോലെ തോന്നി. സ്വന്തം ഇച്ഛാശക്തികൊണ്ടു തായി രോഗത്തെ കീഴടക്കുകയാണ്. തിടുക്കത്തിൽ വ്യഗ്രതയോടെ അവർ മന്ത്രങ്ങൾ ഉരുവിട്ടുതുടങ്ങി. അതുകഴിഞ്ഞ് ഉച്ചത്തിൽ “മടങ്ങിവാ, തിരിച്ചുവാ, എന്റെ മേൽ തിരിച്ചുവാ” എന്നിങ്ങനെ അലറാൻ തുടങ്ങി. നന്ദോ, കത്തിയുമായി വന്നു. ആവേശത്തോടെ തായി അതു പിടിച്ചുവാങ്ങി ഇടത്തേക്കയ്യിൽ ആഞ്ഞൊന്നുവെട്ടി. താഴെയിരുന്ന കലശങ്ങളിൽ കയ്യിൽ നിന്ന് ഒഴുകി ഒലിച്ച രക്തം പതിച്ചു തുടങ്ങി.

തായി മന്ത്രം നിർത്താതെ ഉരുവിടുകയാണ്. ക്രമേണ സ്വരം താണുതാണു വന്നു. പിന്നെ ശബ്ദം കേൾക്കാതായി. തായി മയങ്ങി താഴെ വീണു. ആ വീഴ്ചയിൽ കലശങ്ങൾ മറിഞ്ഞു. അവയിലുണ്ടായിരുന്ന സാമഗ്രികൾ ചുറ്റും ചിതറി. നന്ദോ ഭയന്ന് അവരെ ആ സ്ഥിതിയിൽ അവിടെ ഉപേക്ഷിച്ചിട്ട് ഓടിമറഞ്ഞു.

അടുത്ത ദിവസം തായിക്ക് സന്നിപാതം പിടിപെട്ടു. പനിയുടെ മൂർഛയിൽ അവൾ പുലമ്പിയ പലതിന്റെയും കൂട്ടത്തിൽ ഇങ്ങനെയൊരു വാചകവും കേട്ടു. “ഈ മരിക്കാൻ കാലത്ത് ഞാൻ ആർക്കും ദോഷം ചെയ്യില്ല. ഇല്ല, ചെയ്യില്ല.” തായിയുടെ രോഗസ്ഥിതി മൂർധന്യനിലയിലായി. സജ്ജൻ രാവിലെതന്നെ ബാബാജിയെ കാണാനായി ഗ്രാമത്തിലേക്കു പോയിരിക്കുകയാണ്. തായി പിറുപിറുത്ത കൂട്ടത്തിൽ ബാബാജിയുടെ പേരും വിളിച്ചുപറഞ്ഞിരുന്നു.

50

ബാബാജിയെ കാണാനായി സജ്ജൻ ഗ്രാമത്തിലേക്കുപോകുകയായിരുന്നു. അന്യോന്യബന്ധമില്ലാത്ത വിചാരങ്ങൾ മനസ്സിനെ വളഞ്ഞു. മഹിപാലിനെതിരെ കേസ് കൊടുക്കരുതെന്ന് കർണൽ അപേക്ഷിച്ചതാണ്. ഞാൻ അതു നിരസിച്ചു. ഇത് ആദർശത്തിന്റെ കാര്യമാണെന്നാണ് സജ്ജൻ വാദിച്ചത്. ഒരു വ്യക്തിക്ക് അപമാനം വരുന്ന പ്രശ്നമല്ല. മറിച്ച് അനേകം പേരുടെ സാമ്പത്തികവും വ്യക്തിപരവുമായ പ്രശ്നങ്ങളെ ബാധിക്കുന്ന ഒന്നാണത്. താനിപ്പോൾ ഒരു വ്യക്തി

യല്ല, ഒരു പ്രസ്ഥാനമാണ്. ജനനന്മയെ ലാക്കാക്കി രൂപം കൊടുത്ത ഒരു പ്രസ്ഥാനം മഹിപാലിന്റെ അർഥശൂന്യമായ ആരോപണം കാരണം നശിക്കാൻ ഇട ആയേക്കാം. കർണൽ കന്യയെയും പറഞ്ഞു സമ്മതിപ്പിച്ചു. അവളുടെ വാക്കുകളും സജ്ജൻ സ്വീകരിച്ചില്ല. "ഇതെന്നെമാത്രം ബാധിക്കുന്ന കാര്യമല്ല. ആദർശങ്ങൾക്കു വേണ്ടിയാണ് ഞാൻ സമരം ചെയ്യുന്നത്. ഈ നടപടി സ്വീകരിക്കാൻ എന്നെ നിർബന്ധിതനാക്കിയ സാഹചര്യത്തിനാണ് പ്രാധാന്യം. അല്ലാതെ എനിക്കല്ല."

കന്യ ചോദിച്ചു. "സാഹചര്യമല്ലാതെ മഹിപാലിനോട് വ്യക്തിപരമായി നിങ്ങൾക്കു കോപമില്ലെന്നു പറയാനൊക്കുമോ? നിങ്ങളുടെ സ്വാർഥചിന്തയോ, പഴയ ഏതെങ്കിലും അസൂയയോ, ഈ നടപടികൾക്ക് പ്രേരകമായിരുന്നില്ലെന്ന് പറയാനൊക്കുമോ?"

"അതിനുത്തരം ഞാൻ പറയാം. ഇതു കാര്യം കലാകാരന്മാരുടേതാണ്. രണ്ടു പേരും സ്നേഹിതരായ അന്നുതന്നെ അവർക്ക് അന്യോന്യം അസൂയയും തുടങ്ങി-അതെനിക്കറിയാം" വിരലുകൾ കൊണ്ട് അന്തരീക്ഷത്തിൽ എന്തോ വരച്ച് കണ്ണുകൾ ഉയർത്തി, മുഖത്ത് ഒട്ടൊരാവേശം പരത്തിക്കൊണ്ട് കർണൽ സത്യം വിളമ്പി. എന്നിട്ട് ഉടൻ തന്നെ സജ്ജന് രസിച്ചില്ലെങ്കിലോ എന്നു കരുതി അയാളെ നോക്കിപ്പറഞ്ഞു. "താൻ മറ്റൊന്നും വിചാരിക്കരുത്. അല്ല ദേഷ്യം വരുകയാണെങ്കിൽ ഒരുരുള കൂടുതൽ തിന്നോ. എന്തായാലും ഞാൻ പറഞ്ഞതാണു സത്യം.......പക്ഷേ ബിന്നോ, നീ ബാരിസ്റ്റർ ആകേണ്ടിയിരുന്നു. ശരിക്കുള്ള പോയിന്റല്ലേ പറഞ്ഞുകളഞ്ഞത് മിടുക്കി. ഇതിനെ ആണ് നീതി എന്നു പറയുന്നത്."

സജ്ജൻ തലയും കുനിച്ചുമൂകനായിരുന്നു. മുഖത്ത് ഒരു ഭാവവുമില്ല. ഗാംഭീര്യം മാത്രം. കർണൽ പറഞ്ഞവസാനിപ്പിച്ചപ്പോൾ തല മെല്ലെ ഉയർത്തി. കന്യയുടെ മുഖത്ത് കണ്ണൊന്നയച്ചിട്ട് തിരിഞ്ഞ് കർണലിനോടു പറഞ്ഞു. "നിങ്ങൾ പറഞ്ഞ കാര്യം എനിക്ക് മനോവിഷമമൊന്നുമുണ്ടാക്കിയില്ല. ഞാനത്ര ദുർബല ഹൃദയനുമല്ല. പിന്നെ കന്യ പറഞ്ഞതിനു മറുപടി ആയി എനിക്കിത്രയുമേ പറയുവാനുള്ളൂ-മഹിപാലിനോട് എന്റെ മനസ്സിൽ ചെറിയൊരു ഈർഷ്യ തീർച്ചയായുമുണ്ട്. കർണലിനോടു തുറന്നു പെരുമാറുന്നതുപോലെ മഹിപാലിനോടു പെരുമാറാൻ എനിക്കാവില്ല. ഞാൻ അയാളെ ആദരിക്കുന്നുണ്ട്. ഇതു സത്യമാണ്. അയാൾ ഇന്റലക്ചൽ ആണെന്നു പറയാനാവില്ല. പക്ഷേ ഭാവനാശാലി ആണ്. ശരിക്കു വായിക്കും, ചിന്തിക്കും. എങ്കിലും അയാൾക്ക് ചാഞ്ചല്യവും മിഥ്യാഭിമാനവും ആവശ്യത്തിലേറെയുണ്ടെന്നാണ് എന്റെ അനുഭവം."

"നിങ്ങൾ പറഞ്ഞതു ശരിയാണ്" കർണൽ യോജിച്ചു. എന്നിട്ടുതുടർന്നു. "അതേസമയം മനുഷ്യത്വത്തിന്റെയും, നിഷ്ക്കളങ്കതയുടെയും കാര്യത്തിൽ നിങ്ങൾ തമ്മിൽ താരതമ്യപ്പെടുത്താൻ ഒക്കുകയില്ല. അയാളുടെ ഹൃദയം നീചമായിരിക്കാം. എങ്കിലും നോക്കൂ സജ്ജൻ. കഷ്ടപ്പെടുന്ന ശത്രുവിനു വേണ്ടിപ്പോലും പ്രാണൻ കളഞ്ഞ് സമരം ചെയ്യണമെന്നാണ് എന്റെ സിദ്ധാന്തം. മഹിപാൽ നമ്മുടെ ചങ്ങാതിയാണ്. പഴയ സുഹൃത്ത്. വിഡ്ഢി ആയിപ്പോയി. എന്തു ചെയ്യാനൊക്കും? ഞാൻ ഒന്നു പറയാം. ബിന്നോ. സ്വഭാവം നല്ലതായിരുന്നു എങ്കിൽ മഹിപാലിന്ന് വലിയൊരു മനുഷ്യനായേനെ. ഈ നീചത്വമാണ് അയാ

ളുടെ ഭാവി തകർത്തത്. ഇപ്പോൾ എങ്ങനെയെന്നറിഞ്ഞില്ല. തലവിധിമൂലം ചക്രവർത്തി ചമഞ്ഞിരിക്കുകയാണ്....."

"അതെ. ഈയിടെയായി മഹിപാൽ സാമ്പത്തികമായി നല്ല നിലയിലാണെന്നു തോന്നുന്നു. റോയൽറ്റി ആയി അൻപതിനായിരത്തോളം കിട്ടിയത്രേ. അതു നന്നായി. എങ്കിലും ഇത്രയും വലിയൊരു സാഹിത്യകാരൻ ഇതുപോലെ നീചമായ കാര്യങ്ങൾ... ..." കന്യ പറഞ്ഞു തീരുന്നതിനുമുമ്പുതന്നെ കർണൽ പറഞ്ഞു തുടങ്ങി. "നീചനാ, അല്ല മഹാനീചനാ. നിങ്ങളോട് ഈ അൻപതിനായിരം റോയൽറ്റി കിട്ടിയെന്നാരു പറഞ്ഞു. കിട്ടിയത് ഇരുപതിനായിരമാണ്. അതിൽ പതിനായിരം സ്ത്രീധനമായി പോയി. വരസംഘം ഇവിടെയുള്ളതാണ്. പിന്നെ രണ്ടു ദിവസത്തെ സദ്യ. എല്ലാം ചേർന്ന് മൂന്നോ നാലോ ആയിരം കല്യാണത്തിനു ചെലവായിരിക്കും. അപ്പോൾ പതിനാലും പോയേ. ശേഷിച്ചതിൽ വീട്ടുകാർക്ക് ആഭരണവും തുണിയും ചെരിപ്പും വീട്ടിലെ ഫർണിച്ചറും മറ്റും വാങ്ങിയ വഴി രണ്ടു മൂവായിരം ചെലവഴിച്ചിരിക്കണം. കല്യാണി രണ്ടു നാലു പുതിയ ആഭരണങ്ങൾ അണിഞ്ഞിട്ടുണ്ട്. മിച്ചമുള്ളത് അതിനും പോയിരിക്കും. പിന്നെ ഈ കാർ വാങ്ങിയത്-എനിക്കുതോന്നുന്നു രൂപരത്തൻ കൊടുത്തത് ആയിരിക്കുമെന്ന്. അപ്പോൾ കയ്യിൽ കിട്ടിയതെല്ലാം തീർന്നിട്ടുണ്ട്. അടുത്തു തന്നെ കാർ വില്ക്കേണ്ടിവരും. ഇതൊക്കെക്കൊണ്ടാണ് ഞാൻ പറഞ്ഞത് അയാൾ വലിയ നീചനാണെന്ന്." സജ്ജൻ ഗൗരവത്തിൽ പറഞ്ഞു "അതിനോടു ഞാൻ യോജിക്കുന്നില്ല കർണൽ. മഹിപാൽ മണ്ടനല്ല. അയാൾ നല്ലവണ്ണം ആലോചിച്ചാണ് ഇതിന് തുനിഞ്ഞിറങ്ങിയിരിക്കുന്നത്. സ്വന്തമായി പൈസ ഇല്ലാതിരുന്നതുകൊണ്ട് അയാൾ എന്നോട് അസൂയപ്പെട്ടിരുന്നു. ഇപ്പോൾ ഈ പണക്കാർ എനിക്കെതിരായി തിരിഞ്ഞപ്പോൾ അയാൾക്ക് ഒരു സുവർണാവസരം കിട്ടിയിരിക്കുകയാണ്. അതിൽ നിന്നും മുതലെടുക്കുകയാണ് അയാൾ. മഹിപാൽ പഴയ സ്വഭാവത്തിൽ നിന്നെല്ലാം മാറിയിരിക്കയാണ്. ഷീലയുമായുള്ള ബന്ധം ഉപേക്ഷിച്ച് ഭാര്യയുടെ മുമ്പിൽ വിശ്വസ്തൻ ചമഞ്ഞു നടക്കുന്നതിൽ എന്തോ ഗഹനമായ പരിപാടിയാണയാൾക്കുള്ളത്."

കർണൽ ഉടനെ പറഞ്ഞു. "അല്ല. അതെനിക്കും അറിവുള്ള കാര്യമാണ്. ഇയാളുടെ അളിയന്റെ വിവാഹത്തിന് ഷീലയും അയാളും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് അപവാദമുണ്ടായി. ഷീലയുടെ പൈസ കൊണ്ടാണയാൾ ഞെളിഞ്ഞുനടക്കുന്നതെന്നുവരെ ആരോപണമുണ്ടായി. അതിനെ ചൊല്ലി വീട്ടിൽ വഴക്കു നടന്നു. അയാൾ വീടുവിട്ടിറങ്ങി ഷീലയുടെ വീട്ടിൽ താമസത്തിനു പോയി. പിന്നെ കല്യാണി വന്നു. ഞാനാണ് ഇയാളെ ഷീലയുടെ വീട്ടിൽ നിന്നും കൂട്ടിക്കൊണ്ടുവന്നത്. ഞാൻ എല്ലാം കണ്ടതാണ്. പിന്നെ ആണ് അയാളുടെ നക്ഷത്രം തെളിഞ്ഞത്. ഇരുപതിനായിരത്തിന്റെ ചെക്കുവന്നു. സേഠ് രൂപരത്തന്റെ പ്രസാധനശാലയിൽ സാഹിത്യ പ്രചാരകന്റെ ജോലിയുമായി. ഇപ്പോഴിതാ അയാൾ സ്തുതിപാഠകനായി. ഇനി അടുത്തുതന്നെ നേതാവും ആകും."

"അതുകൊണ്ടാണ് പറഞ്ഞത്. മഹിപാൽ കാർ ഒരിക്കലും വില്ക്കില്ല. പകരം ഒരു ദിവസം ഇതിനേക്കാൾ വലിയ കാർ തന്നെ വാങ്ങിയേക്കാം. നൈനിറ്റാളിൽ കൊട്ടാരവും പണിഞ്ഞേക്കും."

"എന്താ കുഞ്ഞേ അദ്വിതീയനാകാനാണോ ഭാവം. അതു ശരിയല്ല" സ്വന്തം

ചിന്തകളിൽ മുഴുകി സ്വയം സംസാരിച്ചു കൊണ്ടിരുന്ന സജ്ജന്റെ ചെവിയിൽ ബാബാജിയുടെ ഈ ശബ്ദം വന്നു പതിച്ചു. സജ്ജൻ ചുറ്റും നോക്കി. മുറിയിൽ ആരുമില്ല. ശബ്ദം അടുത്തുനിന്നുമാണ് കേട്ടത്. അയാൾ വിഷമിച്ചു. കന്യയോട് എന്തോ പറഞ്ഞുകൊണ്ടിരുന്ന കർണലിനെത്തടഞ്ഞിട്ട് അയാൾ ചോദിച്ചു. "നിങ്ങൾ വല്ല ശബ്ദവും കേട്ടോ?"

"എന്തു ശബ്ദം?"

"എനിക്കു തോന്നിയതായിരിക്കാം" സജ്ജൻ ഒഴിഞ്ഞുമാറി.

അന്നുതന്നെ ഗ്രാമത്തിൽ ചെന്ന് ബാബാജിയെ കാണണമെന്ന് സജ്ജൻ തീരുമാനിച്ചു. മഹിപാലിനെതിരെ കേസ് കൊടുക്കണമോ വേണ്ടയോ എന്ന് അവിടെ നിന്നു മടങ്ങിവന്നിട്ട് തീരുമാനിക്കാം.

അടുത്തദിവസം രാവിലെ ഒരു സുഹൃത്തിന്റെ ജീപ്പും വാങ്ങിക്കൊണ്ടു സജ്ജൻ ഗ്രാമത്തിലേക്കു തിരിച്ചു. അയാൾപോയി അല്പം കഴിഞ്ഞപ്പോഴാണ് തായിക്ക് രോഗം കലശലാണെന്ന് വർമ്മയുടെ ഫോൺവന്നത്. കന്യ ഉടൻ തന്നെ തന്റെ ഡ്രൈവറെ സജ്ജന്റെ പിന്നാലെ അയച്ചിട്ട് വൈദ്യനെയുംകൂട്ടി തായിയുടെ വീട്ടിലെത്തി വരാന്തയിലേക്ക് കടന്നതും അവിടെ ഒരു മൂലയിൽ കെട്ടിയിട്ടിരുന്ന പന്നിക്കുഞ്ഞുങ്ങളെ കണ്ട് അവർ അറച്ചുനിന്നുപോയി. തായി കട്ടിലിൽ ബോധമറ്റു കിടക്കുകയാണ്. സന്നിപാതജ്വരംകൊണ്ടു ശരീരം ചുട്ടുപൊള്ളുന്നു. താരയും വർമ്മയും നന്ദോയുടെ അമ്മയും ചുറ്റും ശുശ്രൂഷിച്ചുകൊണ്ട് നില്പുണ്ട്. തായി ഇടയ്ക്കിടെ ഉരുണ്ടുപിരണ്ടു എഴുന്നേൽക്കും. ഓടാൻ തുടങ്ങും. അടുത്തു നില്ക്കുന്നവരെ തല്ലും. ഇവർ മൂന്നു പേർക്കും തായിയെ നിയന്ത്രിച്ചു നിർത്താൻ വിഷമമായിത്തീർന്നു. വൈദ്യൻ നാഡി പരിശോധിച്ചു. കൂടിയാൽ രണ്ടുമൂന്നുമണിക്കൂർ കൂടി മാത്രമേ ജീവിച്ചിരിക്കയുള്ളെന്ന് അയാൾ പറഞ്ഞു. രണ്ട് കസ്തൂരാദി ഗുളിക കൊടുത്തിട്ട് കൈയിലും കാലിലും വെറ്റിലച്ചാറു പുരട്ടി തടവാൻ പറഞ്ഞു. കന്യയുടെ ചിന്ത പരക്കാപാഞ്ഞു. മഹിപാലിന്റെ വീട്ടിൽ ശകുന്തളയുടെ വരസംഘം വരുന്നതിന്നാണ്. കർണൽ അവിടെ ആയിരിക്കും. ഈ സമയത്തു കർണലിനെ ഇങ്ങോട്ടു വിളിക്കുന്നത് ശരിയല്ല. അവൾ വർമ്മയെ അയച്ച് വീട്ടിലേക്കു ഫോൺ ചെയ്തു കാര്യസ്ഥൻ വരാൻ പറഞ്ഞു. ഇതിനിടെ ശങ്കറും ഭാര്യയും എത്തി. നന്ദോ എന്തോ സ്വാർഥലാഭത്തിനു വേണ്ടി തായിയെക്കൊണ്ടു മന്ത്രവാദം നടത്തിച്ച് ഈ കഷ്ടത വരുത്തിയതാണെന്ന് നന്ദോയുടെ അമ്മ തന്നെ വനകന്യയുടെ മുമ്പിൽ വച്ചു പറഞ്ഞു. തന്റെ സഹോദരിയുടെ ഈ ദുഷ്കൃതിക്ക് ശങ്കർലാൽ ഖേദം പ്രകടിപ്പിച്ചു. രാജാസാഹിബിനെ വിവരം അറിയിക്കേണ്ടതാവശ്യമാണെന്നു കന്യയ്ക്കുതോന്നി.

തായിയുടെ മരണവാർത്ത കാട്ടുതീ പോലെ നഗരമാകെ പരന്നു. വിവരമറിഞ്ഞവർ തായിയുടെ പടിക്കൽ ഓടിയെത്തിത്തുടങ്ങി. വീട്ടിനുള്ളിൽ സ്ത്രീകളുടെ സംഖ്യ ക്രമേണ വർധിച്ചുവന്നു. മന്ത്രവാദത്തിന്റെ സാധനങ്ങൾ നേരത്തേതന്നെ എടുത്തു മാറ്റിയിരുന്നു. അന്ത്യകാലത്തും തായി ഇത്തരം കർമങ്ങൾ ചെയ്തിരുന്നതായി ആളുകൾ സംശയിക്കാൻ ഇടകൊടുക്കരുതെന്നായിരുന്നു അവളുടെ ആഗ്രഹം. സജ്ജൻ അവിടെ ഇല്ലാത്തതിൽ അവർ പരിഭ്രമിച്ചു. ശവമഞ്ചം വേണമെന്നും കൊട്ടും മേളവുമായി വേണം തായിയെ ഗംഗയിലേക്കു കൊണ്ടുപോകേണ്ടതെന്നും വഴിനീളെ മലരും പണവും എറിയണമെന്നും

മറ്റും ആളുകൾ നിർദേശിക്കാൻ തുടങ്ങി. അവശ്യം വേണ്ട ചെലവുകൾ നട ത്താൻ കന്യ കാര്യസ്ഥനോടു പറഞ്ഞു. ലാലാ ജാനകീസരണൻ വാതില്ക്കൽ വരെവന്ന് സജ്ജനെ ചോദിച്ചു, കർണലിനെക്കുറിച്ചും ചോദിച്ചു. രണ്ടുപേരും ഇല്ലെന്നറിഞ്ഞ് മടങ്ങിപ്പോകുകയും ചെയ്തു.

ജനങ്ങൾ തായിയെ പുകഴ്ത്തിയും വാഴ്ത്തിയും ജയാരവങ്ങൾ മുഴക്കി. തായി നടത്തിയിട്ടുള്ള സൽക്കർമങ്ങൾ എല്ലാം അവർ അന്യോന്യം പറഞ്ഞുകേൾപ്പിച്ചു. ഗംഗാദസ്രാദിവസം ദിവംഗതയായതു കാരണം തായി നേരെ സ്വർഗത്തിലേക്കാണു പോകുന്നതെന്ന് ആളുകൾ സ്ഥാപിച്ചു.

സജ്ജൻ മടങ്ങിയെത്തി. തായിയുടെ മരണവൃത്താന്തം അയാളെ അത്യധികം ദുഃഖിപ്പിച്ചു. ജീവിതത്തിൽ പെട്ടെന്ന് അടുക്കാനിടയായ വ്യക്തി ആയിരുന്നു തായി. കുളിപ്പിച്ച മൃതദേഹം മുറ്റത്ത് ദർഭമേൽ കിടത്തിയിരിക്കയാണ്. സജ്ജനു കാണാൻ വേണ്ടി മുഖത്തുനിന്ന് വസ്ത്രം മാറ്റിക്കൊടുത്തു. സുമംഗലിയായി ട്ടാണു തായി മരിച്ചത്. തലമുടി ചീകി കെട്ടിയിട്ടുണ്ട്. നെറുകയിൽ കുങ്കുമം ചാർത്തിയിട്ടുണ്ട്. നെറ്റിയിൽ പൊട്ട്, മൂക്കുത്തിയും, കമ്മലും അണിയിച്ചിരിക്കുന്നു – സജ്ജൻ ഈ രൂപത്തിൽ തായിയെ ഇതിനുമുമ്പു കണ്ടിട്ടില്ല. ആ മുഖത്തു ശാന്തി കളിയാടുന്നു. ജീവിതകാലം മുഴുവൻ നീണ്ടുനിന്ന സംഘർഷം മരണ ത്തിന്റെ പിടിയിൽ അമർന്നതോടെ ശാന്തമായി ഭവിച്ചിരിക്കയാണ്. തായിയുടെ നെറുകയിൽ കൈവച്ചുകൊണ്ടു സജ്ജൻ പൊട്ടിക്കരഞ്ഞു. കന്യയുടെയും താര യുടെയും, വർമ്മയുടെയും കണ്ണുകളും നിറഞ്ഞൊഴുകി.

ഉച്ചകഴിഞ്ഞു. ഫോണിനുമേൽ ഫോണും, ആളിനു പുറമേ ആളും അയച്ച ശേഷം ഒടുവിൽ ഒരുവിധം രാജാസാഹബിന്റെ മൂത്തമകൻ എഴുന്നള്ളി. അതു വരെ തായിയുടെ വീട്ടിനുള്ളിലും പുറത്തും തെരുവിലും ആളുകൾ തിങ്ങി ക്കൂടി നിന്നു. ശംഖുനാദവും മണികളും മുഴങ്ങവേ തായിയുടെ ശവമഞ്ചം ഉയർന്നു. ബാന്റുവാദ്യം മുഴങ്ങി. തെരുവിലെ രണ്ടു യുവാക്കൾ മഞ്ചത്തിനു മുന്നിൽ വെൺചാമരം വീശി. സജ്ജന്റെ കാര്യസ്ഥൻ പിടിപ്പണം വാരി എറിഞ്ഞു. വസ്ത്രാഞ്ചലങ്ങളും വിടർത്തി പൈസ പിടിച്ചെടുക്കാൻ നിന്ന, ഭിക്ഷക്കാരും കുട്ടികളും തറയിൽ വീഴുന്ന പൈസ്യ്ക്കുവേണ്ടി ഉന്തും തള്ളും കൂട്ടുകയാണ്. ആളുകളുടെ തലയിലെല്ലാം കുങ്കുമവും പൂക്കളും വാരിവിതറി. തായിയുടെ ശവ മഞ്ചം പുഷ്പം എന്നപോലെയാണ് ആളുകൾ എടുത്തുകൊണ്ടുപോയത്. ജീവി തകാലമത്രയും അവരെ ശല്യം ചെയ്ത് അവരുടെ തെറികേട്ട് അതിൽ രസിച്ചി രുന്ന ബാലന്മാരും യുവാക്കളും വൃദ്ധന്മാരും ഈ അന്ത്യയാത്രയിൽ തായിയോ ടൊപ്പം ചേർന്നു നടക്കുകയാണ്. ഇന്ന് തായിയുടെ വടിയെ പേടിക്കണ്ടാ. തായി ഇപ്പോൾ അവരുടെ ചുമലിലാണ്, ഹൃദയത്തിലാണ്, നാവിലാണ്. തെരുവുകൾ പിന്നിട്ട് കവലയിൽ എത്തിയപ്പോൾ സജ്ജന്റെ കാര്യസ്ഥൻ വെള്ളിയും സ്വർണ നാണയങ്ങളും വാരിയെറിഞ്ഞു. രാജാസാഹിബിന്റെ മൂത്ത മകനും ലോകാപ വാദം ഭയന്ന് പത്തു രൂപയുടെ ചില്ലറ മാറി അത് വാരി എറിഞ്ഞു.

കർണൽ വൈകുന്നേരം ആരോ പറഞ്ഞാണ് തായി മരിച്ച വിവരം അറി ഞ്ഞത്. മൃതദേഹം കാൺപൂരിൽ ഗംഗാനദിയിലേക്കു കൊണ്ടുപോയെന്നറിഞ്ഞു. കർണലിന് അത്യന്തം ദുഃഖം തോന്നി. പക്ഷേ; മഹിപാലിനോട് ഒന്നും പറ ഞ്ഞില്ല. വൈകുന്നേരം വരവേല്പിന് വലിയ ഒരുക്കങ്ങളാണ് മഹിപാൽ ചെയ്തത്.

ക്ഷണക്കത്ത് എല്ലാവർക്കും അയച്ചിരുന്നു. സജ്ജനെയും വനകന്യയെയും വിളിച്ചിരുന്നില്ല. കർണലിന്റെ മേൽ തനിക്കുള്ള സ്വാധീനം കാണിക്കുന്നതിനുവേണ്ടി അയാളെ രാവിലെ തന്നെ വിളിച്ചിരുന്നു. ചെയ്യാനൊന്നുമില്ലാത്തതുകൊണ്ടു കർണൽ വിവാഹവീട്ടിലെ കോലാഹലവും നോക്കി ആസ്വദിച്ചിരുന്നു. വരസംഘത്തിന് ഇരിക്കാനായി കാൽട്ടം ഹോട്ടലിൽ അഞ്ചുമുറികൾ എടുത്തിട്ടുണ്ടായിരുന്നു. വരസംഘം എത്തിയപ്പോൾ അവർക്കായി സർബത്തയച്ചു. ഒരു ദിവസത്തെ ആഹാരത്തിനും കുടിക്കാനും വേണ്ട സാധനങ്ങൾ – മിഠായിയും പലഹാരങ്ങളും ഉൾപ്പെടെ– എല്ലാം അയച്ചുകൊണ്ടിരുന്നു. വൈകുന്നേരം ഏഴുമണിക്ക് വരവേല്പിന് ഒരുക്കങ്ങളായി. വരസംഘത്തെ വിളിക്കാൻ ആളയച്ചു. ക്ഷണിക്കപ്പെട്ടവരെക്കൊണ്ടു മഹിപാലിന്റെ വീടു നിറഞ്ഞു. സേഠ് രൂപരത്തന്റെ വിശാലമായ മുറ്റത്താണ് സദ്യയ്ക്ക് ഒരുക്കങ്ങൾ ചെയ്തിരുന്നത്. പ്രമുഖപൗരന്മാരുടെ കൂട്ടത്തിൽ രണ്ടു മന്ത്രിമാരും എത്തിയിട്ടുണ്ട്. നൈനിറ്റാളിലെ സീസൺ അല്ലായിരുന്നെങ്കിൽ മുഖ്യമന്ത്രിയും ഗവർണറും വരുമായിരുന്നു എന്ന് മഹിപാൽ എല്ലാവരോടും പറഞ്ഞുനടന്നു.

വരസംഘം അടുത്തെത്തിയതായി വിവരം കിട്ടി. ആളുകൾ വരനെയും, കൂട്ടരെയും സ്വീകരിക്കാൻ റോഡിലേക്കിറങ്ങിനിന്നു. ലഖ്നോവിലെ വാജ്പേയ്മാരും ശുക്ലമാരും അവരവരുടെ മഹത്വം കാട്ടാനായി മുറയനുസരിച്ച് നിരന്നുനിന്നു. വരന്റെ ആൾക്കാർ ഒരു ചുവടു മുന്നോട്ടുവച്ചിട്ട് അവിടെ നിന്നു. പെൺവീട്ടുകാരും അവിടെ നിന്നു. വരന്റെ സംഘത്തിലും വലിയവലിയ ആളുകൾ ഉണ്ട്. പക്ഷേ വധുവിന്റെ കൂട്ടത്തിൽ കുബേരന്മാരും ആഫീസർമാരും ഡോക്ടർമാരും സാഹിത്യകാരന്മാരും പത്രക്കാരും, മന്ത്രിമാർ പോലും എത്തിയിട്ടുണ്ട്. എങ്കിലും ആൺകൂട്ടർ അവരുടെ വലിപ്പം കാണിക്കാനായി, പിന്നെ ഒരടി മുന്നോട്ടുനീങ്ങിയില്ല. ഇങ്ങനെ ചുവടിനുചുവട് മാറ്റുരച്ചുനോക്കിയശേഷം മഹിപാലും ഡോക്ടർ ജയപാലും മുന്നോട്ടുചെന്ന് സംബന്ധക്കാരുടെ മുന്നിൽ തല കുനിച്ചു. പിന്നെ ആലിംഗനമായി, ആശ്ലേഷമായി, കുശലം പറയലായി.

പാർട്ടിയുടെ സമയത്തു കർണലിന്റെ പാടവം എല്ലാവർക്കും ബോധ്യമായി. അത്ര മികച്ചരീതിയിലായിരുന്നു അയാൾ എല്ലാ കാര്യങ്ങളും ഒരുക്കിയിരുന്നത്. അതിഥികൾ പോയശേഷം കർണൽ മഹിപാലിനോടു യാത്ര ചോദിച്ചു. മഹിപാൽ വളരെയൊക്കെ നിർബന്ധിച്ചെങ്കിലും വായിൽ വച്ചുകൊടുത്ത ഒരു തുണ്ടു ബർഫി (ഒരു മധുരപലഹാരം) അല്ലാതെ മറ്റൊന്നും കഴിച്ചില്ല. മഹിപാലും സജ്ജനും തമ്മിലുള്ള വിരോധം കാരണം കർണലിന്റെ മനസ്സ് ദു:ഖിതമായിരുന്നു. മഹിപാലിന്റെ പെരുമാറ്റം കർണലിനെ കൂടുതൽ ദു:ഖിപ്പിച്ചു. മടങ്ങും വഴി അയാൾ സജ്ജന്റെ വീട്ടിൽ ചെന്നുവിവരം അന്വേഷിച്ചു. കന്യയെ കണ്ടു സംസാരിച്ചു. പകൽ വരാൻ പറ്റാത്തതിൽ ഖേദം പ്രകടിപ്പിച്ചു. രാജാസാഹബിന്റെ പുത്രൻ ശവം ദഹിപ്പിക്കാനുള്ള ഉത്തരവുകൊടുത്തിട്ട് സജ്ജനെ പിന്നിലേക്കു മാറ്റിനിർത്തിയതായി കന്യയിൽ നിന്നും കർണൽ അറിഞ്ഞു. സജ്ജന് അതു വലിയ വേദനയുണ്ടാക്കി. മൃതദേഹത്തോടൊപ്പം കാൺപൂരിലേക്ക് പോകില്ലെന്നയാൾ പറഞ്ഞതാണ്. ഒടുവിൽ കന്യ നിർബന്ധിച്ചിട്ടാണു പോയത്.

അതുകേട്ടു കർണൽ ചിരിച്ചു. "ഇതു നിയമത്തിന്റെ ഒരു കളിയാണ്. ശവദാഹത്തിൽ സജ്ജൻ മുന്നിട്ടുനിന്നാൽ തായിയുടെ കയ്യിൽ വല്ല സ്വത്തുമുണ്ടെ

ങ്കിൽ അതിനവകാശി അയാൾ ആയിത്തീരുമെന്ന ഭയം കാരണമാണ് ഈ അടവു പ്രയോഗിച്ചത്."

"എത്ര നീചരായ മനുഷ്യരാണ്. ഈ അവസരത്തിലും പണത്തെക്കുറിച്ചാണല്ലോ അവർക്കു ചിന്ത?" കന്യ ഒരു ദീർഘശ്വാസം വിട്ടു.

51

തായി മരിച്ചതിന്റെ രണ്ടാം ദിവസം രാജാസാഹബിന്റെ വക്കീൽ അയച്ച നോട്ടീസ് സജ്ജനു കിട്ടി. മാളിക പെട്ടെന്ന് ഒഴിഞ്ഞുകൊടുക്കുവാൻ അതിൽ ആവശ്യപ്പെട്ടിരുന്നു. സജ്ജൻ ഇതു പ്രതീക്ഷിച്ചതാണ്. പക്ഷേ ഇപ്പോൾ ഭംഗിയായി നടന്നുവരുന്ന കന്യയുടെ വിദ്യാലയം എങ്ങോട്ടു കൊണ്ടുപോകാൻ? ആശുപത്രിക്കു വേണ്ടി വാങ്ങിയ കെട്ടിടത്തിലേക്കു മാറ്റാമായിരുന്നു. പക്ഷേ അവിടെ പ്രസവ വാർഡിനു സ്ഥലം തികയാതിരിക്കയാണ്. അതുമല്ല, വിദ്യാലയത്തിലെ ബഹളവും ഒച്ചപ്പാടും, പ്രസവ വാർഡിനടുത്താകുന്നത് നന്നല്ല. സജ്ജനും കന്യയും ഇതിനെക്കുറിച്ചു വളരെ ആലോചിച്ചു. താൻ തന്നെ രാജാസാഹബിനെ കണ്ടു മാളിക വാടകയ്ക്കു ചോദിക്കാമെന്ന് സജ്ജൻ പറഞ്ഞു. രാജാസാഹബ് അതു സമ്മതിക്കില്ലെന്ന് കന്യ അഭിപ്രായപ്പെട്ടു. സംഭവിച്ചതും അതു തന്നെ. രാജാസാഹബ് അതീവ വാത്സല്യത്തോടെ കുശല പ്രശ്നം നടത്തിയിട്ടു പറഞ്ഞു. "ഞാൻ ഈ മായാമോഹമൊക്കെവിട്ടു. ഈ അന്ത്യകാലത്ത് നാമം ജപിച്ചു കഴിയാനാണ് മോഹം. നീ അനുജനോടു സംസാരിക്ക്. അവനാണ് എല്ലാം നോക്കുന്നത്."

അനിയൻ രാജാവിനെ കണ്ടപ്പോൾ സജ്ജന് നല്ലതു കുറെ കേൾക്കേണ്ടി വന്നു. "ഞങ്ങളുടെ കുടുംബ മാളിക ഹിന്ദുമതത്തിന്റെ ശവക്കോട്ട ആക്കാൻ സമ്മതിക്കില്ല, ലാലാസജ്ജൻജീ. വലിയമ്മ ഉണ്ടായിരുന്നപ്പോൾ അവരുടെ അധികാരമായിരുന്നു. ഇപ്പോൾ അച്ഛൻ അവിടെ അമ്മുമ്മയുടെ പേരിൽ ഒരു വേദപാഠശാല തുടങ്ങാൻ തീരുമാനിച്ചിരിക്കയാണ്."

സജ്ജൻ മൂകനായി. കുറഞ്ഞത് ഒരുമാസത്തേക്കെങ്കിലും വാടകയ്ക്ക് കൈയിൽ വയ്ക്കാൻ അനുവദിക്കണമെന്ന് സജ്ജൻ അപേക്ഷിച്ചു. അനിയൻ സാഹബ് മധുരമായി പറഞ്ഞു. "മറ്റൊന്നും വിചാരിക്കരുത് സജ്ജൻമൽ. ഒന്നോ രണ്ടോ മാസത്തേക്കു തരാൻ എനിക്കു വിരോധമില്ല. പക്ഷേ, ആ തെരുവിലെ ആളുകൾക്ക് നിങ്ങളോടും, നിങ്ങളുടെ അന്യജാതിക്കാരിയായ ഭാര്യയോടും വിരോധമാണ്. അവരെല്ലാം എതിർക്കുന്നതുകൊണ്ടാണ്. അതുമല്ല മാളികയിലെ മറ്റേ വാടകക്കാരനെയും ഇറക്കിവിടാൻ തീരുമാനിച്ചിരിക്കയാണ്. അയാളും ജാതിമാറി കല്യാണം കഴിച്ചവനാണ്."

സജ്ജന് ഈ സംഭാഷണം ഒട്ടും രസിച്ചില്ല. എങ്കിലും സ്വയം നിയന്ത്രിച്ചിട്ട് ശാന്തനായി അയാൾ പറഞ്ഞു. "പൊതുജനങ്ങൾ എതിരാണെന്ന കാര്യം പോകട്ടെ. അതിനെക്കുറിച്ചിപ്പോൾ ചർച്ച ചെയ്യേണ്ട. ജാതിമാറിയുള്ള കല്യാണവും ചീത്തതന്നെ. ഇനീം അതു കൂടുതൽ ഉണ്ടാകും. നിങ്ങളുടെ ഒന്നല്ല, ആയിരം പാഠശാലവന്നാലും സമൂഹത്തിന്റെ മാറ്റം തടുക്കാനാവില്ല. അതും ഓർമി

ച്ചുകൊള്ളണം."

അനിയൻ സാഹബിന് മതാവേശം കൊണ്ടു കലികയറി. കണ്ണുകൾ തുറുപ്പിച്ചുകൊണ്ടുപറഞ്ഞു. "വലിയ വലിയ അലക്സാണ്ടറും, ബാബറും ഇംഗ്ലീഷുകാരും ശ്രമിച്ചിട്ട് കോടിക്കണക്കിനു വർഷത്തെ പാരമ്പര്യമുള്ള ഹിന്ദുമതത്തിന് ഒരു നാശവും വരുത്താൻ കഴിഞ്ഞില്ല. പിന്നെയാണ് നീ -"

"ഞാനല്ല. കാലമാണതിന് മാറ്റം വരുത്തുന്നത്. ഭാരതത്തിലെ മതങ്ങൾക്ക് ഞങ്ങൾ ഒരു കേടും വരുത്തുന്നില്ല. പക്ഷേ അതിന്റെ പേരിലുള്ള ഈ തട്ടിപ്പും വെട്ടിപ്പും ഞങ്ങൾ അവസാനിപ്പിക്കും. കണ്ടോളൂ."

"നീ എന്നെ വെല്ലുവിളിക്കയാണോ സജ്ജൻ. എങ്കിൽ ഞാനതു സ്വീകരിക്കുന്നു. ഈ അരപ്പട്ടിണിക്കാർക്ക് നീ എത്ര നാൾ അപ്പക്കഷണം എറിഞ്ഞു കൊടുക്കും? അരപ്പട്ടിണിക്കാർ ലക്ഷക്കണക്കിലാണ്. അതോർത്തുകൊള്ളു."

"ആ സത്യം തന്നെ നിങ്ങളുടെ നാശത്തിനും കാരണമാകും."

അനിയൻ സാഹബ് പൊട്ടിച്ചിരിച്ചു. "സജ്ജൻ കൊല്ലക്കുടിയിൽ സൂചി വില്ക്കാൻ നോക്കരുത്. ഈ അർധപ്പട്ടിണിക്കാരുടെ മറവിൽ നിന്നുകൊണ്ട് നീ നടത്തുന്ന ബിസിനസ് ഞങ്ങൾക്ക് അറിഞ്ഞുകൂടെന്നാണോ? സുഹൃത്ത് എന്ന നിലയിൽ ഒരുപദേശം തരാം. നിന്റെ ഈ അടവ് സെമീന്ദാരിമാരുടെ ആണ് അല്ലാതെ വ്യാപാരികളുടേതല്ല. നിന്റെ ഈ രാഷ്ട്രീയ അടവ് ഞങ്ങൾ നാലു പേർ ചേർന്നാൽ ഒരു വർഷത്തിനുള്ളിൽ തകർത്തു തരിപ്പണമാക്കാം. നിന്റെ ഏഴോ എട്ടോ ലക്ഷം, ഏറിയാൽ പത്തുലക്ഷം, ഞങ്ങളുടെ പരിപാടികൾ നടപ്പിലാക്കിയാൽ മിനിട്ടിനുള്ളിൽ ചാമ്പലായിപ്പോകും. ഞങ്ങൾക്ക് ഒരു നഷ്ടവും വരില്ല. ദാനധർമങ്ങളുടെ പട്ടികയിൽ എഴുതിത്തള്ളും. ഇൻകംടാക്സും സൂപ്പർടാക്സും കൊടുക്കാതെ കഴിയാമല്ലോ". സജ്ജൻ അതേ ശാന്തസ്വരത്തിൽ മെല്ലെ ചിരിച്ചിട്ടു പറഞ്ഞു. "അങ്ങനെയെങ്കിലും നിങ്ങൾ പൊതുജനങ്ങളുടെ നന്മയ്ക്കായി കുറെ പണം ചെലവാക്കുമല്ലോ. പിന്നെ എന്റെ പത്തു ലക്ഷത്തിന്റെ കാര്യമല്ലേ? അതു ചാമ്പലായി പറന്നു പോയാൽ പോകട്ടെ. സാരമില്ല. പക്ഷേ! അതുപോകുമ്പോൾ നിങ്ങളുടെ കോടിക്കണക്കിനു രൂപയും കൊണ്ടേ പോകൂ. അതിൽ സംശയമൊന്നും വേണ്ട. നിങ്ങൾക്ക് സ്വന്തം കണ്ണു കൊണ്ടു തന്നെ കാണാം." സജ്ജൻ എഴുന്നേറ്റു. നടക്കുന്നതിനിടയിൽ തിരിഞ്ഞുനിന്നു പറഞ്ഞു "നിങ്ങൾഅയച്ച നോട്ടീസിന് നിയമപ്രകാരമുള്ള മറുപടി അയച്ചുതരാം. പക്ഷേ! ഒന്നു ഞാൻ പറഞ്ഞിട്ടുപോകുന്നു. എനിക്ക് മറ്റൊരു സ്ഥലം കിട്ടുന്നതുവരെ വീട് ഒഴിയാൻ ഒക്കില്ല. കഴിയുന്നതും വേഗം മറ്റൊരു സ്ഥലം കണ്ടുപിടിക്കാൻ ശ്രമിക്കുന്നുണ്ട്." അനിയൻസാഹബ് ഗർജിച്ചു. "പതിനഞ്ചുദിവസത്തിനകം വീട ഒഴിഞ്ഞുതരണം."

"ഞാൻ ശ്രമിക്കാം." ശാന്തസ്വരത്തിൽ സജ്ജൻ പറഞ്ഞു.

സാഹബ് കസേരയിൽനിന്നുമെഴുന്നേറ്റുകൊണ്ടു പറഞ്ഞു. "ശ്രമിക്കാമെന്നോ?എങ്കിൽ മൂന്നുദിവസത്തിനുള്ളിൽ ഒഴിഞ്ഞുതരണം". "ഞാൻ ശ്രമിക്കാം" സജ്ജൻ അതേസ്വരത്തിൽ വീണ്ടും പറഞ്ഞു. അനിയൻസാഹബ് രണ്ടടിമുന്നോട്ടു നീങ്ങിയിട്ടു പറഞ്ഞു. "നമ്മുടെ കുടുംബങ്ങൾ തമ്മിൽ പണ്ടേയുള്ള ബന്ധം തകർക്കാനാണോ നിന്റെ ഉദ്ദേശ്യം? രണ്ടുപേരും തമ്മിൽ കേസ്സും വഴക്കുമായെന്ന് പിന്നീടു പറയാനിടയാക്കരുത്."

സജ്ജൻ അതിനു മറുപടി കൊടുത്തു. "എനിക്ക് രാഷ്ട്രീയ ലക്ഷ്യങ്ങളൊന്നുമില്ല. ഞാൻ സാമൂഹ്യപ്രവർത്തനങ്ങളാണുനടത്തുന്നത്."

"ഇതാണ് നിന്റെ ഏറ്റവും വലിയ രാഷ്ട്രീയം. ശരി എന്നാൽ ഞാനൊന്നു പറയാം. നീ നിന്റെ ബാങ്കിന്റെ ഐഡിയാ ഒന്ന് ഉപേക്ഷിക്ക്. എന്നിട്ടു സാമൂഹ്യ സേവനം നടത്തിക്കോ. കുറച്ചൊക്കെ പരിഷ്കാരം വേണ്ടതുതന്നെ. നടപ്പിലാക്കിക്കോ. പക്ഷേ, ഒന്നുണ്ട്. മുസ്ലിങ്ങളെയും, ക്രിസ്ത്യാനികളെയും കൊണ്ട് ഇവിടെ വിവാഹമൊന്നും നടത്തിക്കരുത്. പിന്നെ ജാതി മാറിയുള്ള കല്യാണം ഒട്ടൊക്കെ നടന്നാലും വിരോധമില്ല. പക്ഷേ, അച്ഛൻ ജീവിച്ചിരിക്കുന്ന കാലത്തോളം ഞാൻ അതിലൊന്നും തുറന്നു സഹകരിക്കില്ല. രഹസ്യമായി നിന്നെ സഹായിക്കാം. വലിയ പത്താളുകളുടെ സഹായവും ഉണ്ടാക്കിത്തരാം". സാഹബ് മധുരസ്വരത്തിൽ വളരെനേരം 'അതുതരാം, ഇതുതരാം, അതുസാധിക്കാം' എന്നിങ്ങനെ മൊഴിഞ്ഞുകൊണ്ടിരുന്നു. സജ്ജനും അതെല്ലാം ശാന്തമായിരുന്നു കേട്ടു. ഒടുവിൽ പറഞ്ഞു. "ബാങ്ക് അടച്ചിട്ടാൽ എന്റെ സാമൂഹ്യപ്രവർത്തനം എങ്ങനെ നടക്കും?"

"ചെറിയ തോതിലാക്കണം പ്രവർത്തനങ്ങൾ. കുറെ സംഭാവന തന്നേക്കാം."

"സംഭാവനത്തുകകൾകൊണ്ട് ജനങ്ങൾക്ക് ആത്മവിശ്വാസം ഉണ്ടാകുന്നതെങ്ങനെ?... ശരി, താങ്കൾ ഒരു കാര്യം ചെയ്യൂ" സജ്ജൻ ഒരു നിർദേശം മുന്നോട്ടുവച്ചു. "ഞങ്ങളുടെ വാർഡിൽ സഹകരണബാങ്കു തുറന്നത് തങ്ങൾക്ക് അപകടകരമാണെന്ന് കരുതുന്ന, താങ്കളോ, അതല്ലെങ്കിൽ ജാനകീസരണനോ, അതുമല്ലെങ്കിൽ അവിടത്തെ ഹുണ്ടികക്കാരൊക്കെത്തന്നെയുമോ, ഞങ്ങളുടെ സഹകരണപ്രസ്ഥാനത്തിൽ ചേരൂ... അതിനെ നിങ്ങളുടെ പ്രസ്ഥാനമായി കണ്ട്, ഉചിതമായ ലാഭം നേടൂ.. അപ്പോൾ പിന്നെ ഭയപ്പെടേണ്ടതില്ലല്ലോ."

അനിയൻ സാഹബ് പറഞ്ഞു "ഞങ്ങൾ നിങ്ങളുടെ ബാങ്കിൽ ചേരാം.. ഒരു നിബന്ധനയിൽ..ഷെയർ ഒരു രൂപാ തന്നെയായിരിക്കട്ടെ. എങ്കിലും, ബോർഡ് ഓഫ് ഡയറക്ടേഴ്സിൽ 500 ഷെയറിൽ കൂടുതലുള്ളവരെ മാത്രമേ തെരഞ്ഞെടുക്കാവൂ."

"അങ്ങ് പൊതുസഹകരണപ്രസ്ഥാനത്തിന്റെ പേരിൽ സ്വകാര്യസ്ഥാപനം വളർത്താൻ ആഗ്രഹിക്കുകയാണ്. ആയിക്കോട്ടെ. എങ്കിലും ബോർഡിൽ വരാൻ, ഒരു രൂപയുടെ ഷെയർ ഉള്ളവനും അത്രയും തന്നെ അവകാശം ഉണ്ടായിരിക്കണം. പ്രസ്ഥാനം നടത്തുന്നവരെയല്ല, മറിച്ച് പൊതുനന്മയ്ക്കായി അവ നടത്തുന്നവരെയാണാവശ്യം."

അനിയൻ സാഹിബ് ഗൗരവത്തിൽ തലകുലുക്കിയിട്ട് പറഞ്ഞു. "വിനാശകാലേ വിപരീതബുദ്ധി! അതുപോട്ടെ മൂന്നു ദിവസത്തിനുള്ളിൽ മാളിക ഒഴിഞ്ഞുതന്നേക്കണം" എന്നിട്ട് അകത്തേക്ക് പോകാനായി തിരിഞ്ഞു. അയാളുടെ അഹംഭാവം നിറഞ്ഞ പെരുമാറ്റവും 'ലാല' എന്നും 'മൽ' എന്നും പേരിനോടു ചേർത്ത് ഇടയ്ക്കിടെ വിളിക്കുന്ന സമ്പ്രദായവും സജ്ജന് ഒട്ടും രസിച്ചില്ല. സ്വരത്തിൽ അല്പം കടുപ്പം കലർത്തി സജ്ജൻ പറഞ്ഞു!

"ശ്രമിക്കാമെന്ന് ഞാൻ നിങ്ങളോടു പറഞ്ഞതാണ്, വാക്കൊന്നും തരാൻ പറ്റില്ല. പിന്നെ എനിക്ക് മറ്റൊരു സ്ഥലംകിട്ടുന്നതുവരെ ലോകത്തിൽ ഒരു ശക്തിക്കും തായിയുടെ വീട്ടിൽനിന്നും ഞങ്ങളെ ഇറക്കാൻ സാധിക്കില്ല."

രാജാസാഹബിന്റെ വീട്ടിൽനിന്നും മടങ്ങിയെത്തിയ സജ്ജൻ തികച്ചും ചിന്താധീനനായിരുന്നു. മാളികയിൽ നിന്നു കന്യയുടെ സ്കൂൾ എടുത്തു മാറ്റുന്നത് അത്ര വലിയയൊരു പ്രശ്നമൊന്നുമല്ല. പക്ഷേ എതിരാളികൾ താൻ ഈയിടെ ജന്മം കൊടുത്ത പ്രസ്ഥാനത്തിന്, തന്റെ സ്വപ്നത്തിന് ഭംഗം വരുത്തുമോ എന്നുള്ളതാണ് അയാളുടെ ഭയം. വരുംവരായ്കകൾ അയാൾ ആലോചിച്ചു. തന്നേക്കാളും വലിയ പണക്കാരുടെ സംഘടിതധനശക്തി തനിക്കെതിരായി അണിനിരന്നിരിക്കുകയാണ്. സമൂഹത്തിന്റെ ഉന്നതിക്കെതിരെ സ്വന്തം സ്വാർഥം നേടുകയാണ് ആ പ്രഭുവൃന്ദത്തിന്റെ യഥാർഥ ലക്ഷ്യം. ജനങ്ങൾക്ക് അയാളോടു അനുഭാവവും ചായ്‌വുമുണ്ട്. പക്ഷേ ഇതുവരെ ജനശക്തിയിൽ വിശ്വാസമർപ്പിക്കാൻ അയാൾക്കു കഴിഞ്ഞിട്ടില്ല. തന്നോടൊട്ടിനിൽക്കുന്ന ആളുകൾ, തന്നിൽനിന്നും സഹായം പറ്റുന്നവർ കൈക്കൂലിയും കോഴയും കാരണം മറുഭാഗത്ത് ചേർന്ന് തന്നെ ചതിക്കാൻ തുനിഞ്ഞാൽ തനിക്കെന്തു ചെയ്യാൻകഴിയും. സജ്ജന്റെ പദ്ധതി പ്രവൃത്തിപഥത്തിൽ വന്ന് കുറെ പഴകിയതായിരുന്നെങ്കിൽ ജനങ്ങളുമായി അയാളുടെ ബന്ധം ഗാഢതരമാകുകയും ഇത്രയും ഭയപ്പാട് ആവശ്യമല്ലാതാവുകയും ചെയ്യുമായിരുന്നു. എതിരാളികളുടെ അടവുകളെല്ലാം ഗൂഢമായിരിക്കും. ഈ ഹുണ്ടികക്കാർ രാഷ്ട്രീയപാർട്ടികളെയും അവരുടെ പ്രസ്ഥാനത്തിൽ കൂട്ടുചേർക്കാനിടയുണ്ട്. അങ്ങനെയൊരു സ്ഥിതിവിശേഷം ഉണ്ടാകാതെ നോക്കാൻ സജ്ജനാഗ്രഹിച്ചു. ജനങ്ങൾ ഉണരണം. അവർ അവരുടെ അവകാശങ്ങളും അധികാരങ്ങളും തിരിച്ചറിയണം. സജ്ജന്റെ ആത്മാർഥമായ ആഗ്രഹമാണത്. ജനങ്ങൾ തന്നെ വിശ്വസിക്കാൻ താനെന്താണു ചെയ്യേണ്ടത്?

“സാധനയ്ക്ക് പറ്റിയ മാർഗങ്ങളുണ്ട് കുഞ്ഞേ. ഞാനിതാ ഗോമതീതടത്തിലെത്തിയിട്ടുണ്ട്. വന്നു കാണൂ.”

സ്വന്തം മുറിയിൽ ഏകാകിയായി ചിന്തിച്ചു കൊണ്ടിരുന്ന സജ്ജൻ ബാബാജിയുടെ ശബ്ദം വീണ്ടും കേട്ടു. രണ്ടു ദിവസം മുമ്പു താൻ കേട്ട അതേതരത്തിൽ. സജ്ജൻ അത്ഭുതപ്പെട്ടുപോയി. മനസ്സിൽ ദ്വന്ദ്വയുദ്ധമായി.

ഇത് തന്റെ തോന്നൽ മാത്രമാണോ? ഒരു പക്ഷേ എനിക്കു ധൈര്യം നല്കാനായി മനസ്സു തന്നെ ഇത്തരം അശരീരികൾ പുറപ്പെടുവിച്ച് എന്നെ സന്തോഷിപ്പിക്കുകയാവുമോ? അപ്പോൾ ഗോമതീതടത്തിൽ കാണാൻ പറഞ്ഞതോ? ഏതിനും അതു പരിശോധിക്കാവുന്നതല്ലേ ഉള്ളൂ.

സജ്ജൻ ഡ്രൈവറെ വിളിച്ച് കാറിറക്കാൻ പറഞ്ഞു.

കാര്യം സത്യമായിവന്നു. അമ്പലത്തിന്റെ വരാന്തയിൽ ബാബാജി നീണ്ടുനിവർന്നു കിടക്കുന്നു. സജ്ജനെക്കണ്ടതും എഴുന്നേറ്റിരുന്നു. സ്വതസ്സിദ്ധമായ ചിരിയോടെ പറഞ്ഞു “വരൂ കുഞ്ഞേ, കാര്യങ്ങളെല്ലാം മംഗളമായില്ലേ?”

“ഞാൻ മിനിയാന്ന് അങ്ങയുടെ ഗ്രാമത്തിലേക്ക് വന്നതാണ്” -സജ്ജൻ അറിയിച്ചു.

“അറിയാം, പാവം ഭക്ത മരിച്ചു പോയി. എനിക്കു വളരെ ഉപകാരം ചെയ്തു. ഗ്രാമത്തിൽ വലിയൊരാശ്രമം സ്ഥാപിക്കാൻ കഴിഞ്ഞു. ആളുകൾക്ക് വളരെയേറെ പ്രയോജനപ്പെടും. പാഠശാലയും വ്യായാമശാലയും എല്ലാം ഭംഗിയായി നടക്കുന്നു. ഇന്നു ഞാൻ വന്നത് നിങ്ങൾ എനിക്കൊരു ട്രാക്ടർ വാങ്ങിച്ചു തരണമെന്നു പറയാനാണ്.”

സജ്ജൻ പറഞ്ഞു. "അങ്ങയുടെ ആഗ്രഹം എന്തായാലും അത് നിറവേറ്റി ത്തരാം. പക്ഷേ എനിക്കൊരു സംശയമുള്ളത് തീർത്തു തരണം."

ബാബാജി ചിരിച്ചു "ഇതിൽ സംശയിക്കുന്നതെന്തിന് കുഞ്ഞേ, നിന്റെ അടുത്ത് ഒരു ടെലഫോണുണ്ട്. മറ്റൊന്ന് എന്റടുത്തുമുണ്ട്-" എന്നു പറഞ്ഞിട്ടു ബാബാജി വീണ്ടും ചിരിച്ചു.

"പക്ഷേ അതെങ്ങനെ സാധ്യമാകുന്നു?"

"സാധന കൊണ്ട്."

"എങ്ങനെയുള്ള സാധന?"

"ആത്മ സംയമനവും ധ്യാനവും."

"മനസ്സ് എങ്ങനെ ഏകാഗ്രമാകും?"

"നിരന്തര ചിന്ത കൊണ്ട്."

"ചിന്ത എങ്ങനെ ഏകതാനമാകും. ജീവിതം വൈവിധ്യമാർന്നതല്ലേ?"

"എങ്കിൽ ആ വൈവിധ്യത്തെക്കുറിച്ചു ചിന്തിക്കൂ. സ്വന്തം ഇച്ഛാശക്തിയെ ആ അനേകത്വത്തിൽ വ്യാപിപ്പിച്ചു നോക്കൂ. അതിൽ യഥാർഥ രസം എവിടെ യാണെന്നു കാണൂ. നീ സാമൂഹ്യകാര്യങ്ങൾക്കായി സ്വന്തം സമ്പത്ത് ദാനം ചെയ്യാൻ ആദ്യം മടിച്ചു. പിന്നെ ധനത്തിലേറെ ജനങ്ങളെ സ്വന്തമാക്കാനായി നിന്റെ ആഗ്രഹം, ഇപ്പോൾ ജനങ്ങളിലായി നിന്റെ ശ്രദ്ധ, നീ ഏതൊന്നിനെ യാണോ അധികമാഗ്രഹിക്കുന്നത് അതിൽ നിന്റെ ശ്രദ്ധയും അധികം പതിയണം. ചിത്തം ഏകാഗ്രമാകണം."

"ഞാൻ ജനജീവിതവുമായി ഇഴുകിച്ചേരാനാഗ്രഹിക്കുന്നു."

"എങ്കിൽ തീർച്ചയായുമതു സാധ്യമാകും."

"അങ്ങയുടെ അനുഗ്രഹം വേണം. എങ്കിലും എന്റെ സംശയം ഇപ്പോഴും തീർന്നിട്ടില്ല. അങ്ങയുടെ ഈ രഹസ്യശക്തിയെക്കുറിച്ചുള്ള സംശയം."

ബാബാജി ചമ്രം പടിഞ്ഞിരുന്നിട്ട് പറഞ്ഞു. "കുഞ്ഞേ സത്യമാണ്, രഹസ്യം എന്റെയല്ല, എന്റെ വിധാതാവിന്റെയാണ്. ഞാനോരോ നിമിഷവും സഹജവും സാധാരണവുമായ കാര്യങ്ങൾ ആണാഗ്രഹിക്കുന്നത്. നിന്റെ മനസ്സിൽ അദ്വിതീ യനാകാനാണാഗ്രഹം. അകന്നുനിന്നു വിധാതാവിനെ തിരിച്ചറിയുന്നതെങ്ങനെ കുഞ്ഞേ?"

സജ്ജൻ നമ്രശിരസ്കനായി ചിന്തയിലാണ്ടിരുന്നു. ബാബാജി തുടർന്നു. "എന്റെ ഗുരു സേവിക്കുക എന്ന മന്ത്രമാണ് എനിക്കു തന്നത്. എന്നോടു പറഞ്ഞു എല്ലാവരെയും എന്റെ രൂപത്തിൽ കണ്ടു ശുശ്രൂഷ നടത്താൻ. എനിക്കു വിദ്യാ ഭ്യാസമില്ല, പക്ഷേ നിഷ്ഠയോടെ ആ ഒരു കാര്യം ഞാൻ അനുസരിച്ചുപോന്നു. ഈ നിഷ്ഠയും സേവനത്തിലുള്ള ആഗ്രഹവും മനസ്സിനെ ഏകാഗ്രമാക്കി അതിന്റെ സൂക്ഷ്മവും വിശാലവുമായ ശക്തികൾ എനിക്കു കാണിച്ചുതന്നു. ഇ ച്ഛയുണ്ടെങ്കിൽ വായുവിന്റെ രൂപം ധരിച്ച് എവിടെയും എത്താമെന്നു പോലും പറയുന്നുണ്ട്. ആ ശക്തിയുടെ ദർശനം എനിക്കിനിയും കിട്ടിയിട്ടില്ല. ഈശ്വരാ നുഗ്രഹമുണ്ടെങ്കിൽ അത് ഉണ്ടായേക്കാം. ഇല്ലെങ്കിൽ തന്നെ അതിനെക്കുറിച്ചൊരു വിഷമവുമില്ല. നിഷ്കാമസേവനത്തിന്റെ വ്രതം സ്വീകരിച്ചു പരമതത്വം കണ്ടെ ത്താൻ ഇറങ്ങിത്തിരിച്ചവനാണ് ഞാൻ. മാർഗമധ്യത്തിലുണ്ടാവുന്ന അനുഭവങ്ങ ളിൽ നിന്ന് അറിവുനേടി അതുമായി മുന്നോട്ടുപോകും. എനിക്കു മറ്റൊന്നും

ആവശ്യമില്ല."

ഇതെല്ലാം കേട്ട് ഒരു ദീർഘനിശ്വാസം ഉതിർത്തിട്ട് സജ്ജൻ പറഞ്ഞു.

"അങ്ങയുടെ വാക്കുകൾ എളുപ്പം മനസ്സിലാവുന്ന രഹസ്യങ്ങളാണ്, എങ്കിലും അവ പിന്നെയും രഹസ്യങ്ങളായി ശേഷിക്കുന്നു."

"ശീലമാകാത്തതുകൊണ്ടാണു കുഞ്ഞേ, ശീലമായാൽ പിന്നെ രഹസ്യമാണെന്നു തോന്നില്ല. അതു നിത്യജീവിതത്തിലെ ക്രമമായി മാറും. പുതിയ ഒരു വഴിയിലിറങ്ങുമ്പോൾ അറപ്പും സങ്കോചവും സാധാരണയാണ്. അത്രയേയുള്ളു. എന്താണ് നിന്റെയിച്ഛയെന്ന് സ്വയം ചോദിക്കൂ. എന്നിട്ടതിന്റെ ഉത്തരം കേൾക്കൂ. പിന്നീട് ആ ഇച്ഛയിൽ ഏതെല്ലാം കാര്യങ്ങളാണ് നിനക്ക് പ്രത്യേകമായി രുചിക്കുന്നതെന്നും ഏതെല്ലാമാണ് ചീത്തയായി തോന്നുന്നതെന്നും കണ്ടുപിടിക്കൂ. എന്നിട്ടവയെ അന്വേഷിച്ചു നോക്കൂ. അതായത് അപഗ്രഥിച്ചു നോക്കൂ. നിന്റെ ഇഷ്ടാനിഷ്ടങ്ങളുടെ പിന്നിൽ ഗാർഹികവും സാമൂഹികവും ഭൗതികവും ആധ്യാത്മികവുമായ തത്വങ്ങൾ ഏതൊക്കെയാണെന്ന് കണ്ടുപിടിക്കൂ. അതിന്റെ മൂലതത്വമേതാണെന്ന് ആലോചിക്കൂ. അതായത് നിന്റെ ആഗ്രഹത്തിന്റെ മൂലതത്വം തിരിച്ചറിഞ്ഞിട്ട് അതിനെ വികസിപ്പിക്കാൻ പറ്റിയ വിചാരങ്ങളും വസ്തുക്കളും അടങ്ങിയ അന്തരീക്ഷം സൃഷ്ടിക്കൂ. അങ്ങനെയായാൽ ആഗ്രഹം നിന്നെയും നീ ആഗ്രഹത്തെയും അന്യോന്യം കീഴടക്കും. അതായത് നിന്റെ നോട്ടം മറ്റൊന്നിലും കുടുങ്ങില്ല എന്നർഥം. നീ ചെയ്യുന്ന ഏതൊരു പ്രവൃത്തിയും നിന്റെ ഇച്ഛയ്ക്കനുസരണമായിട്ടായിരിക്കും. അവയിൽ നിനക്ക് നിന്റെ ഇഷ്ടങ്ങൾ കണ്ടെത്താം. നിന്റെ ശക്തി തിരിച്ചറിയാം. ഇന്നു നീ രഹസ്യമായി കരുതുന്ന പലതിനെയും നിനക്കനുഭവിച്ചറിയാം. അനുഭവത്തിന്റേതായ ഈ മാർഗം വളരെ സരളമാണ് കുഞ്ഞേ. അഭ്യാസം വേണമെന്നു മാത്രം."

ബാബാജി വിവരിച്ച ആ സരള മാർഗത്തെക്കുറിച്ച് ചിന്തിച്ചുകൊണ്ടു സജ്ജൻ മൂകനായി ഇരുന്നു. അയാൾ ചിന്തിച്ചു-ഗഹനമായി ചിന്തിച്ചു, പക്ഷേ ഒരെത്തും പിടിയും കിട്ടുന്നില്ല. ഉറക്കത്തിൽ എന്തോ സ്വപ്നം കണ്ടതുപോലെ. ബോധത്തിന്റെയും അബോധത്തിന്റെയും സമ്മിശ്രമായ ഒരവസ്ഥ.

മഹിപാലിനെതിരെ കേസു നടത്താനുള്ള ആഗ്രഹവും അനിയൻ സാഹബ്, ജാനകിസരൺ, രൂപരത്തൻ തുടങ്ങിയവരുടെ സംഘടിത ശക്തിയോടു മാറ്റുരച്ചുനോക്കാനുള്ള ആഗ്രഹവും സജ്ജന്റെ ഹൃദയത്തിൽ, തന്റെ ഇച്ഛാശക്തി പരീക്ഷിക്കാനെന്ന നിലയിൽ സമസ്യകളായി ഉയർന്നു വന്നു. രണ്ടു ദിവസം മുമ്പ് കന്യ പറഞ്ഞ കാര്യം അയാളോർത്തു. തന്റെ ഉള്ളിൽ അസൂയ ഉണ്ടെന്ന് ഇപ്പോഴയാൾക്ക് വ്യക്തമായി. അദ്വിതീയനാകാനുള്ള ആഗ്രഹമുണ്ടെന്നും. ഈ ആഗ്രഹം ശരിയാണോ? അത് വ്യക്തിപരമല്ലേ? മൂഢത്തരമല്ലേ? ഇന്നത്തെ വൈവിധ്യമാർന്ന ജീവിതത്തിൽ ആർക്കാണ് അദ്വിതീയനാകാൻ കഴിയുക? എല്ലാ ജീവികളിലും ജീവനുണ്ടെന്ന കാര്യം വച്ചു നോക്കിയാൽ ജീവികളെല്ലാം അദ്വിതീയമാണ്. താനും അദ്വിതീയനാണ്. ഇതു മനസ്സിലായാൽ പിന്നെ മറ്റുള്ളവരോട് അസൂയയും വിദ്വേഷവും എങ്ങനെയുണ്ടാവാൻ? എങ്കിലും ഒരു ഭയം. മറ്റുള്ളവരുടെ അസൂയയും വിദ്വേഷവും തന്നെ വലയം ചെയ്യുകയും മറ്റുള്ളവരുടെ കള്ളത്തിന്റെ കൊലക്കയറ് തന്റെ കഴുത്തിൽ വീഴുകയും ചെയ്താൽ? അപ്പോഴും തനിക്ക് ഈ അസൂയയിലും വിദ്വേഷത്തിലും നിന്ന് വിട്ടുനിൽക്കാനാവുമോ?

മനുഷ്യസാധാരണമായ ഗുണദോഷങ്ങളിൽ നിന്ന് താനെങ്ങനെ അകന്നു നില്ക്കും? ബാബാജിയെ ദർശിച്ചുകഴിഞ്ഞു മടങ്ങുമ്പോഴും സജ്ജന്റെ ഹൃദയം ഇത്തരം വിചാരങ്ങളാൽ ഇളകി മറിഞ്ഞുകൊണ്ടിരുന്നു. സേഠ് രൂപരത്തന്റെ ബംഗ്ലാവ് പോകുന്നവഴിയിലാണ്. അവിടത്തെ അലങ്കാരങ്ങളും തോരണങ്ങളും ദൃഷ്ടിയെ അങ്ങോട്ടാകർഷിച്ചു. മഹിപാലിനെക്കുറിച്ചോർമ വന്നു. സജ്ജന്റെ മനസ്സു ചെറുതായൊന്നുലഞ്ഞു. മനസ്സിലൊരാഗ്രഹം മുള പൊന്തിച്ചു. മഹിപാലിനെ കണ്ട് അനന്തരവളുടെ വിവാഹത്തിൽ അനുമോദിച്ചാലോ? അയാൾ ക്ഷണിച്ചോ? ക്ഷണിച്ചില്ലായിരിക്കാം. താനതിലസൂയപ്പെടാൻ പാടില്ല. തനിക്കീർഷ്യ പാടില്ല. മഹിപാലുമായി അനേകവർഷത്തെ ഉറ്റ സൗഹൃദമാണ് തനിക്കുള്ളത്. അക്കാര്യമോർമിച്ചാൽ മതി. ഡ്രൈവറോട് വണ്ടിനിർത്താൻ പറഞ്ഞു. വണ്ടിനിന്നപ്പോഴാണ് വധുവിനെന്തെങ്കിലും സമ്മാനംകൊടുക്കണമെന്ന് തോന്നിയത്. ഡ്രൈവറോടു ഹസ്രത്ത്ഗംജിലേക്ക് വണ്ടിവിടാൻ പറഞ്ഞു. അങ്ങോട്ട് പോകുമ്പോഴാണ് മറ്റൊരു ചിന്തയുണ്ടായത്. സമ്മാനവും കൊണ്ടു ചെന്നാൽ ഞാനെന്റെ വലിപ്പം കാണിക്കാൻ ചെന്നതാണെന്ന് മഹിപാൽ കരുതിയെങ്കിലോ. വണ്ടി തിരിച്ചു വിടാൻ ഡ്രൈവറോട് പറഞ്ഞു. വണ്ടിതിരിച്ചു. പക്ഷേ എങ്ങോട്ടാണ് പോകേണ്ടതെന്ന് ഡ്രൈവർക്ക് സംശയം. സജ്ജന്റെ വീട്ടിലേക്കോ അതോ സേഠ് രൂപരത്തന്റെ വീട്ടിലേക്കോ? അവൻ ചോദിക്കുകയും ചെയ്തു. സജ്ജൻ കേട്ടെന്നോ കേട്ടില്ലെന്നോ പറയാൻ വയ്യ. അയാളുടെ മനസ്സിൽ ഇനിയും തീരുമാനമായിട്ടില്ല. ഈ അവസ്ഥയിൽ മഹിപാലിനെ കാണണമോ വേണ്ടയോ എന്ന്. പോകാതിരുന്നാൽ സ്വന്തം ദൃഷ്ടിയിൽ താനസൂയാലുവാണെന്ന് അയാളംഗീകരിക്കേണ്ടിവരും. പോയാൽ അപമാനിതനാവുകയാണെങ്കിലോ? ആ ഭയവും ഇല്ലാതില്ല.

വണ്ടി സജ്ജന്റെ ബംഗ്ളാവിലെത്തി. കാറിന്റെ ഡോർ തുറക്കാൻ തുനിഞ്ഞു. ഡ്രൈവറോട് പെട്ടെന്നെന്തോ ഓർത്തിട്ടെന്നവണ്ണം സജ്ജൻ ഉത്തരവിട്ടു.

"രൂപരത്തന്റെ വീട്ടിലേക്കു വിടൂ."

ആ സമയത്ത് മഹിപാലിന്റെ വീട്ടിൽ ഒരു വിരുന്നിനുള്ള വട്ടമായിരുന്നു. മഹിപാലും ജയ്പാലും വരന്റെ അമ്മാവന്മാരുമായി ഹസ്തദാനവും ആശ്ലേഷവും നടത്തുകയാണ്. നവബന്ധുക്കളെ ആലിംഗനം ചെയ്യുന്ന സമയത്തും മഹിപാലിന്റെ മനസ്സ് കാലുഷ്യംകൊണ്ട് കലിതുള്ളുകയായിരുന്നു. വരന്റെ അമ്മാവന്മാർ അയാളെ അപമാനിച്ചു കളഞ്ഞു. വരസംഘം സ്വീകരണാലയത്തിലെത്തിയ സമയം മുതൽ അവർ ഒരോന്നാവശ്യപ്പെട്ടും കിട്ടാത്തതിന് പഴിച്ചും കിട്ടിയതിനു കുറ്റം പറഞ്ഞും അയാളെ ശ്വാസം മുട്ടിച്ചു കളഞ്ഞു. ഇന്നലെ മുതൽ ഈ നിമിഷം വരെ മഹിപാൽ ഈ അപമാനമെല്ലാം സഹിച്ചു. വരന്റെ വലിയമ്മാവന്മാരും ചെറിയമ്മാവന്മാരും അമ്മവഴിക്കും അച്ഛൻവഴിക്കും ഉള്ള കാരണവന്മാരും അവരുടെ പ്രതാപം കാണിക്കാൻ എന്തൊക്കെ ചെയ്യാനാവുമോ അതൊക്കെ ചെയ്തു. മഹിപാലിന്റെ അമ്മയുടെ അമ്മാവന്റെ വഴിക്കുള്ള ഒരു കാരണവർ, ചെറുക്കന്റെ ഏതോ മുറയ്ക്ക് ഒരുകാരണവർ എന്ന നിലയ്ക്കു മഹിപാലിനെ ഭർത്സിക്കുകയും ചെയ്തു. "നിന്റെ അമ്മ കുടുംബത്തിൽ നിന്നും കുറെ കൊണ്ടുവന്നില്ലേ, അതിൽ കുറെയിങ്ങെടുക്ക്. വലിയ വലിയ പണക്കാരും മന്ത്രിമാരുമായല്ലേ നിന്റെ കൂട്ടുകെട്ട്? പിന്നെ ഞങ്ങളുടെ ആവശ്യങ്ങൾ സാധിച്ചു തന്നാലെന്താ?" ഇന്നലെ മുതൽ ഇന്നീ നേരം വരെ വായും പൂട്ടി മഹിപാൽ അനുഭ

വിച്ച വേദന ഇതിനുമുമ്പ് അയാൾക്കൊരിക്കലും അനുഭവിക്കേണ്ടിവന്നിട്ടില്ല. ഡോക്ടർ ജയ്പാൽ പലപ്പോഴും എതിർ പറയാൻ തുനിഞ്ഞതാണ്. പക്ഷേ മഹിപാൽ അനിയനെ സമാധാനിപ്പിച്ച് അകറ്റി നിർത്തി.

സദ്യയ്ക്കു മുമ്പുള്ള കൂടിക്കാഴ്ചാവേളയിലാണ് സജ്ജൻ വന്നിട്ടുണ്ടെന്നുള്ള വിവരം മഹിപാലിനു കിട്ടിയത്. അയാൾക്കാശ്ചര്യം തോന്നി. ഒപ്പം മനസ്സിൽ ചെറിയൊരു നൊമ്പരവുമുണ്ടായി. സജ്ജനെയും കന്യയെയും അയാൾ ക്ഷണിക്കാത്തത് മനഃപൂർവമായിരുന്നു. സജ്ജൻ സേഠ് രൂപരത്തന്റെ മുറിയിൽ ഇരിക്കുന്നതായി വിവരം കിട്ടി. കർണലും അവിടെയുണ്ടത്രേ.

രൂപരത്തൻ സജ്ജനെ പുകഴ്ത്തി പലതും പറഞ്ഞു. ഒടുവിൽ അയാളുടെ ട്രസ്റ്റിന്റെയും അയാൾ നടത്തുന്ന വിപ്ലവത്തിന്റെയും കാര്യങ്ങൾ ചർച്ചാവിഷയമായി. സംസാരത്തിനിടയിൽ രൂപരത്തൻ പറഞ്ഞു.

“ഭാരതത്തിൽ എണ്ണമറ്റ ജാതികളും ഉപജാതികളും ഉള്ളിടത്തോളം കാലം ജനങ്ങളുടെ സംഘടിത ശക്തികൊണ്ട് ഇവിടെയൊരു കാര്യവും നടത്താനാവില്ല. ജാതി സമ്പ്രദായം ഉടയ്ക്കാനാവട്ടെ ആരെക്കൊണ്ടും കഴിയുകയുമില്ല. എത്രയോ കൊടുങ്കാറ്റുകൾ വന്നു; പോയി. പക്ഷേ ഇന്നും അനേകം ജാതികളും ഉപജാതികളും ഭാരതത്തിന്റെ നെഞ്ചിൽ കുടിയിരിപ്പുണ്ട്. അപ്പോൾ.....ഞാൻ ഗൗരവമായി ആലോചിച്ചു പോകാറുണ്ട്. ഒരു ഫാഷനുവേണ്ടി സോഷ്യലിസമെന്നും സാമൂഹ്യോദ്ധാരണമെന്നും മറ്റും നാം പറയാറുണ്ടെങ്കിലും, അല്ല അങ്ങനെ പറയേണ്ടത് പാവപ്പെട്ടവരെ ആശ്വസിപ്പിക്കാൻ ആവശ്യവുമാണ്-എങ്കിലും വിവേകിയായ ഒരു ഭാരതീയന് ഈ പാശ്ചാത്യ സിദ്ധാന്തങ്ങളിൽ വിശ്വസിക്കാനാവില്ലെന്നാണ് എന്റെ നിഗമനം. ചെറുപ്പത്തിൽ ഞാനും ശുദ്ധ സോഷ്യലിസ്റ്റായിരുന്നു. ഇന്നും എന്റെ വീക്ഷണഗതിയതുതന്നെ. പക്ഷേ ഇപ്പോഴെനിക്കു മനസ്സിലായി, ഹിന്ദുസ്ഥാനിലെ ജനങ്ങൾക്ക് അത് പ്രയോജനം ചെയ്യില്ലെന്ന്. കുറഞ്ഞത് അമ്പത് കൊല്ലത്തേക്ക് ഇവിടെയൊരു മാറ്റവുമുണ്ടാവാൻ പോവുന്നില്ല. പിന്നെ ഭാവിയിലെ കാര്യം ഭാവിക്കേ അറിയാവൂ.”

സജ്ജന് അതൊട്ടും രസിച്ചില്ല. പെട്ടെന്ന് മനസ്സിൽ തോന്നി തനിക്ക് എന്തിനങ്ങനെ തോന്നുന്നു എന്ന്. താനത് എന്തിന് ചീത്തയായി കാണണം. രൂപരത്തന്റെ ആഗ്രഹം അത്തരത്തിലുള്ള ഒരു സാമൂഹ്യ വ്യവസ്ഥിതിയിൽ കഴിയാനാണ്. ഒരു വ്യക്തി മറ്റൊരു വ്യക്തിയെ ചൂഷണം ചെയ്യാത്ത, താഴ്ത്തിക്കാണാത്ത, ഒരു വ്യവസ്ഥിതിയിൽ കഴിയാനാണ് തന്റെ ആഗ്രഹം. തന്റെ ഈ ആഗ്രഹത്തിൽ സത്യമുണ്ടെങ്കിൽ അതു നിറവേറ്റുക തന്നെ ചെയ്യും. രൂപരത്തന്റെയും മഹിപാലിന്റെയും അനിയൻ സാഹബിന്റെയും വാക്കുകൾ ഇഷ്ടമല്ലാത്ത ഒരു വീക്ഷണത്തിലൂടെ സ്വീകരിക്കുന്നത് ശരിയല്ലെന്ന് അയാൾക്ക് തോന്നി. ഈ വാക്കുകൾ അയാളുടെ ഇച്ഛാശക്തിയെ പ്രബലമാക്കുകയല്ലേ വേണ്ടത്? ഈ എതിർപ്പുകൾ തന്റെ ഇച്ഛാശക്തിയുടെ പരീക്ഷണങ്ങളാണ്. സജ്ജൻ രൂപരത്തനോട് പറഞ്ഞു.

“താങ്കളുടെ വാക്കുകൾ ഞാൻ തിന്മയായി കാണുന്നില്ല. താങ്കൾ പറഞ്ഞതിലുള്ള സത്യത്തെ ഞാനശേഷം അംഗീകരിക്കുന്നുമില്ല. താങ്കളുടെ എതിർപ്പുകളെ വിനയത്തോടെ സ്വീകരിക്കുവാൻ ഞാൻ തയ്യാറാണ്.”

“കൊള്ളാം. എന്താ ഗാന്ധിജിയായി മാറിയോ?” രൂപരത്തൻ ചോദിച്ചു.

പുഞ്ചിരിയോടെ സജ്ജൻ പറഞ്ഞു. "ഗാന്ധിജി ഹിന്ദുസ്ഥാനിയായിരുന്നു. ഞാനും ഇപ്പോൾ ഹിന്ദുസ്ഥാനിയാകാൻ യത്നിക്കുകയാണ്."

"അപ്പോഴിതുവരെ സായിപ്പായിരുന്നോ?"

"സായിപ്പുമായിരുന്നു, വകയ്ക്കു കൊള്ളരുതാത്തവനുമായിരുന്നു. സ്വന്തമായ വ്യക്തിത്വവും അന്യന്റേതായ വ്യക്തിത്വവും ഇല്ലാത്തവൻ, ഇനിയിപ്പോൾ സ്വന്തം വ്യക്തിത്വത്തിൽ ഉറച്ചുനിൽക്കാനാണ് ശ്രമം."

മഹിപാൽ കടന്നുവന്നു. അയാൾ ക്ഷീണിതനെന്നപോലെ തോന്നി. സജ്ജന്റെ നേർക്ക് നേക്കാതെ സോഫയിൽ ചെന്ന് തളർന്നിരുന്നു.

"ഞാൻ നിങ്ങളെ അനുമോദിക്കാൻ വന്നതാണ്" സജ്ജൻ പറഞ്ഞു.

"താങ്ക്സ്, ഞാൻ നിങ്ങളെയല്ല, നിങ്ങളുടെ വക്കീലിന്റെ നോട്ടീസിനെ പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. എന്റെ പേരിൽ മാനഹാനിക്ക് കേസ് കൊടുക്കാൻ പോകുന്നു എന്നു കേട്ടല്ലോ."

സജ്ജൻ ശാന്തസ്വരത്തിൽ പറഞ്ഞു "അങ്ങനെ വിചാരിച്ചിരുന്നതാണ്. പിന്നെ ഞാൻ മനസ്സിലാക്കി എന്റെയുള്ളിൽതന്നെ ഈ ഈർഷ്യയും അസൂയയും ധാരാളമുണ്ടെന്ന്. അപ്പോൾ ഞാനെനിക്ക് തന്നെ മാനഹാനി വരുത്തുകയല്ലേ? മനസ്സിന്റെ കോടതിയിൽ ഞാൻ സ്വയം എന്റെ കേസ് നടത്തി ജയിച്ചാലേ മറ്റുള്ളവർക്കെതിരേ കേസ് നടത്താൻ ഞാനർഹനാകൂ."

കർണലിന്റെ മുഖത്ത് ശിശുവിന്റേതുപോലുള്ള പ്രസന്നഭാവം പരന്നു.

"സജ്ജൻ, നീ മഹാനാണ്, മഹിപാലിന്റെ മുമ്പിൽ വച്ചും ഞാൻ പറയും അയാൾക്ക് നിനക്കുള്ളത്ര ഹൃദയവിശാലതയും മഹത്വവുമില്ലെന്ന്."

മഹിപാലിന്റെ മനസ്സിൽ താനെത്ര സങ്കുചിതനാണെന്ന ഒരു തോന്നലുണ്ടായി. ആ സങ്കുചിതാവസ്ഥ അയാളെ ചൊടിപ്പിക്കുകയാണ്. തന്റെ പുതിയ ബന്ധുക്കളുടെ മുമ്പിൽ പ്രകടിപ്പിക്കാൻ കഴിയാതിരുന്ന കോപവും ആവേശവും ഇപ്പോൾ ചിറപൊട്ടി സജ്ജന്റെ മുന്നിൽ കുത്തിയൊലിക്കാൻ തുടങ്ങി. കർണലിന്റെ വാക്കുകൾക്ക് മറുപടിയെന്നോണം അയാൾ പറഞ്ഞു.

"പലരുടെയും മഹത്വം കണ്ടവനാണ് ഞാൻ. ഇവനിലെന്തിരിക്കുന്നു? വലിയ കോടീശ്വരന്മാരെ ഞാൻ കണ്ടിട്ടുണ്ട്. അവരൊന്നും എന്റെ മുന്നിൽ വാ തുറക്കില്ല. ആദർശത്തിന്റെ കാര്യത്തിൽ ഞാനെല്ലാവനെയും ഒരറ്റം മുതൽ മറ്റേ അറ്റംവരെ വരച്ച വരയിൽ നിർത്തിയിട്ടുണ്ട്. ഇനി ഞാനാരുടെയും പൈസ കണ്ടു പേടിക്കില്ല. പൈസയെക്കുറിച്ച് എനിക്ക് ചിന്തയുമില്ല. ഇന്നലെ മുതൽ ഇന്നുവരെ വെള്ളം പോലെയാണ് ഞാൻ പൈസ ഒഴുക്കിക്കളഞ്ഞിട്ടുള്ളത്."

"അതേ ഇഷ്ടാ, ആർക്കെങ്കിലും വെറുതേ കുറെ തുക കൈയിൽ കിട്ടിയാൽ അതു വെള്ളം പോലെ ഒഴുക്കിക്കളഞ്ഞാലെന്ത്?" രൂപരത്തൻ ചൊടിച്ചിട്ട് ചോദിച്ചു.

ബന്ധുജനങ്ങളാൽ നിരന്തരം അപമാനിതനായകാരണം ഇതുവരെ മനസ്സിലടക്കിവെച്ചിരുന്ന എല്ലാ ഈർഷ്യയും സജ്ജനോടുള്ള പ്രതികാരചിന്ത കാരണം ആവശ്യത്തിലേറെ തിളച്ചുമറിഞ്ഞ്, മനസ്സിൽ നിന്ന് പൊട്ടി പുറപ്പെട്ടുപോയി. സേഠ് രൂപരത്തന് അതു രസിച്ചില്ല. മഹിപാൽ പ്രഭുക്കന്മാരെയാണ് ആക്ഷേപിച്ചിരിക്കുന്നത്. മഹിപാലിനെ നിലയ്ക്കു നിർത്താനായി അയാൾ കള്ളി വെളിച്ചത്താക്കി. രൂപരത്തൻ മഹിപാലിനെ വളരെ സഹായിച്ചിട്ടുണ്ട്. ആഭരണം വിറ്റു കൊടുക്കുകയാണെന്നു പറഞ്ഞ് താൻ തന്നെ വാങ്ങിയിട്ട് മഹിപാലിന് നാല്പ

തിനായിരം രൂപയാണ് കൊടുത്തത്. വിവാഹം നടത്താൻ തന്റെ ബംഗ്ലാവ് വിട്ടു കൊടുത്തു. ഇതൊക്കെ ചെയ്തിട്ടുപോലും അയാളിതാ തന്റെ മുമ്പിൽ സ്വന്തം പ്രൗഢി കാണിക്കാൻ തുടങ്ങുന്നു. സേഠ് രൂപരത്തന്റെ രക്തം ചൂടുപിടിച്ചു.

"അമ്മാവന്റെ വീട്ടിൽ കൊള്ള നടന്നത് മഹിപാൽ ശുക്ലക്ക് ഭാഗ്യമായി. നല്ല പിള്ള ചമഞ്ഞ് കൊള്ളക്കാരനെക്കൊന്നു. കുറ്റം കൊള്ളക്കാരനായി. പക്ഷേ കൊള്ളമുതൽ താൻ തന്നെ കട്ടുകൊണ്ടുവന്ന് ഇപ്പോൾ സേഠ് ചമയുകയാണ്."

കർണലും സജ്ജനും അന്യോന്യം നോക്കി. മഹിപാൽ ഭ്രാന്തനെപ്പോലെ ചാടിയെഴുന്നേറ്റു ഗർജിച്ചുകൊണ്ടു പറഞ്ഞു.

"എന്നെ അപമാനിക്കരുത്. ഞാൻ എല്ലാവന്റെയും ചോര കുടിക്കും."

സേഠ് രൂപരത്തൻ ചിരിച്ചിട്ടു പറഞ്ഞു:

"അതേടോ, മാനംമര്യാദയുള്ള പ്രഭുക്കന്മാർ അതിനു വഴിയുണ്ടാക്കിത്തന്നിട്ടല്ലേ? നീ, ഞങ്ങളുടെ ചോര കുടിക്കും അല്ലേ? നില്ല് നിന്റെ അമ്മയുടെ സഹോദരനെ ഇങ്ങോട്ട് വിളിപ്പിക്കട്ടെ. നിന്റെ അമ്മയുടെ മാലയെന്നുപറഞ്ഞ് എന്നെയേൽപ്പിച്ച മാല നിന്റെ കൂട്ടുകാരുടെ മുമ്പിൽ വച്ച് അയാളെ കാണിച്ചിട്ട് ഞാൻ ചോദിക്കും. ഈ മാല ആരുടേതെന്ന്."

സേഠ് രൂപരത്തൻ മേശപ്പുറത്തിരുന്ന കാളിങ്ബെല്ലിന്റെ സ്വിച്ച് ഒന്നമർത്തി. സജ്ജൻ മുന്നോട്ടു നീങ്ങി രൂപരത്തന്റെ മുമ്പിൽ കൈകൂപ്പി നിന്നിട്ടു പറഞ്ഞു.

"ഇങ്ങനെ അപമാനിക്കരുത്. മഹിപാൽ നമ്മുടെയെല്ലാം പഴയ സുഹൃത്താണ്."

കർണൽ പതറുന്ന കണ്ണുകളോടെ സേഠ് രൂപരത്തനെ നോക്കിയിരിക്കുകയായിരുന്നു. മഹിപാൽ ശിലാവിഗ്രഹമെന്ന കണക്ക് തലയും കുനിച്ചിരുന്നു. രൂപരത്തൻ മഹിപാലിന്റെ നേർക്ക് കണ്ണൊന്നയച്ചിട്ടു പറഞ്ഞു "ഇപ്പോൾ നിന്റെ പ്രൗഢിയൊക്കെ എവിടെപ്പോയി? ലോകത്തെ ആദർശം പഠിപ്പിക്കാനിറങ്ങിയിരിക്കുന്നു! എന്നിട്ട് സ്വയം ചെയ്യുന്നത് ഇതുപോലുള്ള നീചപ്രവൃത്തികളും."

സജ്ജൻ അപേക്ഷിച്ചു. "സാരമില്ല, കളയൂ രൂപരത്തൻ."

"ഞാൻ കളഞ്ഞതാണ്, ഇപ്പോൾ ഇയാളുടെ ഈ അഹംഭാവം കണ്ട് പെട്ടെന്നെനിക്ക് ദേഷ്യം വന്നതാണ്. ഇയാളുടെ അമ്മയുടെ സഹോദരൻ എന്റെയൊരു പഴയ സുഹൃത്താണ്. അദ്ദേഹം മുഖേനയാണ് ഞാനിയാളെ പരിചയപ്പെട്ടത്. കല്യാണത്തിന് ഇവിടെ വന്ന കൂട്ടത്തിൽ മിനിയാന്ന് ഞങ്ങൾ തമ്മിൽ പലതും സംസാരിച്ചു. കൂട്ടത്തിൽ കുടുംബാഭരണങ്ങൾ കൊള്ളയടിക്കപ്പെട്ട കാര്യവും അദ്ദേഹം പറഞ്ഞു. ഞാൻ വിചാരിച്ചു മഹിപാലിന്റെ അമ്മയുടെ ആഭരണവും ഇവരുടെ കുടുംബസ്വത്തിൽപ്പെട്ടതാണല്ലോ എന്ന്. അതു ഞാൻ കാണിച്ചു. കണ്ടതും അദ്ദേഹം അത്ഭുതപ്പെട്ടുപോയി. എന്നോടു ചോദിച്ചു 'ഇതു നിങ്ങൾക്കെവിടെന്നു കിട്ടി; ഈ ആഭരണം ഇപ്പോൾ ഞങ്ങളുടെയവിടുന്നു കൊള്ളയടിക്കപ്പെട്ടതാണ്. അതെങ്ങനെയിവിടെ വന്നു?' കൊള്ളയുടെ ബഹളത്തിൽ മഹിപാൽ ഇത് അവിടുന്ന് മോഷ്ടിച്ചതായിരിക്കുമെന്ന് എനിക്ക് വിശ്വാസമായി. ഞാനദ്ദേഹത്തോട് ചില നുണകൾ പറഞ്ഞ് കാര്യം മാറ്റി. പക്ഷേ ഇപ്പോഴിയാൾ ആദർശത്തിന്റെ പേരിൽ ഇവിടെ ഗീർവാണം മുഴക്കിയപ്പോൾ എനിക്ക് സഹിച്ചില്ല. കള്ളൻ, ഞെളിഞ്ഞു നടക്കുന്നു. കാർക്കിച്ച് തുപ്പണം മുഖത്ത്. വലിയ ആദർശവാദി ബ്രാഹ്മണൻ, വിദ്വാനാണുപോലും; സാഹിത്യകാരനാണത്രെ! സജ്ജൻ എത്രയോ ചീത്തയായിക്കൊള്ളട്ടെ. സ്വന്തം സ്വത്താണ് മറ്റുള്ളവർക്ക് വേണ്ടി വെള്ളംപോ

ലെയൊഴുക്കിക്കളയുന്നത്. ഇവിടെ ഇവൻ മോഷ്ടിച്ച സ്വത്ത് വെള്ളംപോലെ ഒഴുക്കുന്നതിനെപ്പറ്റി ഞെളിഞ്ഞു പറയുന്നു. പരമ്പരാഗതമായി പ്രഭുക്കളും ജന്മികളുമായ നമ്മുടെ നേരെ ആഢ്യൻ ചമയാൻ വന്നിരിക്കുന്നു."

മഹിപാലിന്റെ കുനിഞ്ഞ തല പിന്നെ നിവർന്നില്ല. പരിതഃസ്ഥിതിയുടെ ഗുരുതരാവസ്ഥ മനസ്സിലാക്കിയ സജ്ജൻ മഹിപാലിനോടൊന്നും പറയാതെ രൂപരത്തനോട് യാത്രയും ചോദിച്ചു പോകാനിറങ്ങി. കർണലും അയാളോടൊപ്പം എഴുന്നേറ്റുപോന്നു.

മഹിപാലിന് ലോകജീവിതം ദുഷ്ക്കരമായിത്തോന്നി. ചുറ്റും എല്ലാവരും തന്നെ കള്ളനെന്നു വിളിക്കുന്നു. കള്ളനായി കാണുന്നു. രൂപരത്തന്റെ മുറിയിൽനിന്ന് മഹിപാലിന് പിന്നെ വിവാഹസംഘമിരിക്കുന്ന വീട്ടിലേക്ക് പോവാൻ കഴിഞ്ഞില്ല. ഗേറ്റ് കടന്ന് പുറത്തുവന്നു. ഇന്നുവരെയുള്ള തന്റെ വിദ്യാഭ്യാസവും ചിന്തയും ആദർശവും രചനയും എല്ലാം വ്യർഥമായി. ധനമോഹം മഹിപാലിനെ കള്ളനാക്കിമാറ്റി. സമസ്തലോകത്തിൽനിന്നും താൻ മറച്ചുവെച്ച ആ രഹസ്യം–മഹിപാലിന്റെ പാപം – ഇന്നിതാ അവിചാരിതമായി പൊട്ടി പുറത്തുചാടിയിരിക്കുന്നു. ചലച്ചിത്രത്തിലെന്നോണം അന്നു രാത്രിയിലത്തെ സംഭവങ്ങൾ അയാളുടെ മനസ്സിൽ വ്യക്തമായി തെളിഞ്ഞുതുടങ്ങി. അപ്പൂപ്പന്റെ മാളികയിൽ കൊള്ളക്കാർ കടന്നാക്രമിക്കുകയാണ്. ധൈര്യത്തോടെ നിർഭയനായി താനും കൊള്ളക്കാർക്കു നേരെ ചാടിവീണു. തന്റെ വെടിയേറ്റു മരിച്ചുവീണ കൊള്ളക്കാരനെ അപ്പോഴത്തെ ആവേശത്തിൽ അടുത്തുചെന്നു നോക്കാൻ ആഗ്രഹിച്ചു. അവന്റെയടുത്തെത്തി. അവന്റെയടുത്തുതന്നെകിടന്നിരുന്ന സഞ്ചിയിൽ ആഭരണപ്പെട്ടി. അതു നോക്കിനിൽക്കേ തന്റെ തല തിരിഞ്ഞു. അയാൾ സഞ്ചിയിൽ ആഭരണപ്പെട്ടി ഒളിച്ചു വച്ചു. തന്നെയാരും സംശയിക്കില്ല. രണ്ടു കൊള്ളക്കാർ ഓടിപ്പൊയ്ക്കളഞ്ഞു. ആഭരണം പോയതിന്റെ പഴി അവരുടെ മേലായിരിക്കും പതിയുക. ഒരു കൊള്ളക്കാരനെ കൊന്ന മഹിപാൽ ഹീറോ ആയി മാറിയിരിക്കുകയാണ്. അന്നത്തെ ഹീറോ ഇന്നിതാ ഉറ്റമിത്രങ്ങളുടെ മുമ്പിൽ കള്ളനെന്നു തെളിഞ്ഞിരിക്കുന്നു–ഇനിയയാൾക്ക് സജ്ജന്റെ മുമ്പിൽ തലപൊക്കാനാകുമോ? രൂപരത്തനോട് ഇനി സമഭാവനയോടെ പെരുമാറാനാകുമോ? കർണലിനെപ്പോലൊരാളിനോട്......കല്യാണിയും കുട്ടികളും ഇതറിയുമ്പോൾ അയാൾ ആ വീട്ടിൽ കഴിയാൻ യോഗ്യനല്ലാതായി വരില്ലേ......?

തല കുനിഞ്ഞുതന്നെയിരുന്നു. പാദങ്ങൾ മുമ്പോട്ടു നീങ്ങിക്കൊണ്ടിരുന്നു. മഹിപാലിന്റെ ഉള്ളിൽ ആയിരം ചോദ്യങ്ങൾ ഫണമുയർത്തി 'ഞാനിതെന്താണ് ചെയ്തത്'? 'എന്തു ചെയ്തുകളഞ്ഞു?' പണത്തെ പണമായി താനൊരിക്കലും കണ്ടിട്ടില്ല എന്നുള്ളത് ശരിയാണ്. കുറവുകൾ തോന്നിയിട്ടുണ്ട്. എന്നെന്നും പണത്തിനാഗ്രഹവും ഉണ്ടായിരുന്നു എങ്കിലും പണത്തിന്റെ മുമ്പിൽ ഒരിക്കലും തല കുനിച്ചിരുന്നില്ല. പണത്തിന്റെ കുറവുകൊണ്ട് അയാളുടെ ചേതന പണത്തിന്റെ മുമ്പിൽ പരാജയപ്പെട്ടിട്ടുണ്ട്. അങ്ങനെയാണ് മോഷ്ടിക്കാനിടയായത്. പണം അയാളുടെ സകല ശക്തിയും കാർന്നു തിന്നു. വിവാഹം, മുടിയിറക്ക്, പൂണൂൽക്കല്യാണം, കുട്ടികളുടെ പഠിത്തം, കല്യാണിയുടെ വാശി– ഇവയോരോന്നും അയാളുടെ ആദർശങ്ങളെ കാർന്നു തിന്നുകൊണ്ടിരുന്നു. സ്വന്തം നാടിന്റെ സാമൂഹ്യവും സാംസ്കാരികവുമായ ചരിത്രം എത്ര അഭിമാനത്തോടെയാണ് താൻ വിവരിച്ചു

കൊണ്ടിരിക്കുന്നത്! ജീവിതം മുഴുവൻ കൊണ്ടുണ്ടാക്കിയ ആ സാധന ഒരു നിമിഷനേരത്തെ ലോഭാവേശത്തിൽ നഷ്ടപ്പെടുത്തിക്കളഞ്ഞില്ലേ? 'നീചാ, നിന്റെ പേരു കേൾക്കുമ്പോൾ ഇനി മനംപിരട്ടില്ലേ? ഞാൻ ഞാനെന്താണീ ചെയ്തത്.'

ജനനിബിഡപ്രദേശങ്ങൾ കടന്നു, ഇരുളുപരന്നുകിടന്ന തെരുവിലൂടെ നടക്കുകയായിരുന്നു അയാൾ. സിക്കന്തർബാഗ് കടന്നു. പാലവും പിന്നിട്ടു. നിശാന്ത്ഗഞ്ചിലെ തെരുവുകളിൽനിന്ന് ഒഴിഞ്ഞുപോകാൻവേണ്ടി അയാൾ ഗോമതീതടത്തിലേക്ക് നടന്നു- നടന്നു കൊണ്ടേയിരുന്നു.

പകലവസാനിച്ചു. രാത്രിയെത്തി. അടുത്ത ദിവസം വീട്ടുകാരാകെ പരിഭ്രമിച്ചു. കല്യാണിയുടെ ഹൃദയം ഭർത്താവിന്റെ പ്രതീക്ഷയിൽ നിശ്വാസങ്ങളുതിർത്തു. ആ ചുവടടി ശബ്ദം കാതോർ ത്തിരിക്കുകയാണവൾ. പക്ഷേ എങ്ങും മൂകത. മഹിപാൽ പെട്ടെന്ന് എങ്ങോട്ടു മറഞ്ഞുവെന്നു ആർക്കും ഒരു വിവരവുമില്ല. കല്യാണത്തിന്റെ ബഹളവും മോടിയും ഭഞ്ജിക്കപ്പെട്ടു. രാവിലെ മൂന്നാം ദിവസത്തെ സദ്യ കഴിഞ്ഞു വരസംഘത്തെ യാത്രയയയ്ക്കേണ്ട സമയമായി. ദക്ഷിണയും മറ്റും കൊടുക്കുന്ന സമയത്ത് പലരും മഹിപാലിനെക്കുറിച്ചു ചോദിച്ചു. വിടവാങ്ങലായി. ശകുന്തള എല്ലാവരോടും പൊട്ടിക്കരഞ്ഞുകൊണ്ടു യാത്ര പറഞ്ഞു. പെണ്ണ് വീടു വിട്ടിറങ്ങുമ്പോൾ എല്ലാവരുടെ കണ്ണിലും കണ്ണീർ പൊടിഞ്ഞിരുന്നു. പക്ഷേ കല്യാണിയുടെ കണ്ണുനീർ വരണ്ടുണങ്ങിപ്പോയിരുന്നു. അവൾ ചുറ്റും നോക്കുകയാണ്. പകൽ മുഴുവൻ ഭർത്താവിന്റെ ചുവടടി ശബ്ദം കേൾക്കാൻ കാതുകൾ ബദ്ധശ്രദ്ധമാക്കി നിർത്തിയിരുന്നെങ്കിലും അവളുടെ ശരീരം യന്ത്രം കണക്ക് പല ജോലികളും ചെയ്തു മുഴുമിച്ചു കൊണ്ടിരുന്നു. ആ ജോലികളും ഇപ്പോൾ അവസാനിച്ചു. പെട്ടെന്ന് കല്യാണിക്ക് ഒന്നും ചെയ്യാനില്ലാത്ത ഒരവസ്ഥ വന്നു. വരസംഘത്തിലും പെണ്ണുവീട്ടിലും മഹിപാലിനെ കാണാനില്ലാത്തതിനെച്ചൊല്ലി പല സംശയങ്ങളും ആശങ്കകളും പ്രകടിപ്പിക്കപ്പെട്ടു.

ശകുന്തളയെ വിടവാങ്ങി അയയ്ക്കുന്ന നേരത്ത് കന്യ ആകസ്മികമായി അവിടെയെത്തിച്ചേർന്നു. അവളുടെ ഗംഭീര മുഖഭാവം കണ്ട് കല്യാണി ഇമവെട്ടാതെ ആ മുഖത്ത് നിമിഷനേരം നോക്കി നിന്നു. എന്നിട്ട് അടുത്തേക്ക് ചെന്ന് അവളുടെ കൈയിൽ പിടിച്ച് അല്പം അകലത്തേക്ക് മാറ്റി നിർത്തിയിട്ട് പതിഞ്ഞതെങ്കിലും ദൃഢമായ സ്വരത്തിൽ ചോദിച്ചു "വല്ല വിവരവും കിട്ടിയോ?"

"ആദ്യം മകൾക്ക് വിവാഹ സമ്മാനം കൊടുക്കട്ടെ" എന്നു പറഞ്ഞുകൊണ്ട് കല്യാണിയുടെ കണ്ണിലേക്ക് നോക്കാതെ കന്യ ശകുന്തളയുടെ അടുത്തേക്ക് ചെന്നു. ശകുന്തള, കന്യച്ചേച്ചിയുടെ കയ്യിൽ നിന്നു സമ്മാനം വാങ്ങിച്ചപ്പോൾ കരഞ്ഞു. കർണൽ, സജ്ജൻ, കർണലിന്റെ ഭാര്യ എന്നിവർക്കുവേണ്ടി കൂടി കന്യ പാരിതോഷികങ്ങൾ കൊണ്ടുവന്നിരുന്നു. സമ്മാനം നല്കാനുള്ള സമയമായിരുന്നില്ല അതെങ്കിലും രണ്ടുമാമന്മാരും അന്തരിച്ച തങ്ങളുടെ സുഹൃത്തിനുവേണ്ടി വരവധുക്കൾക്കായി രാജയോഗ്യമായ പാരിതോഷികങ്ങളാണ് കൊടുത്തയച്ചിരുന്നത്. ഇത്തരം ഒരു പാരിതോഷികം നൽകാൻ വേണ്ടിയാണ് മഹിപാൽ തകർന്നത്, മരിക്കേണ്ടിവന്നത്. വിലകൂടിയ ഫർണിച്ചർ, താലങ്ങൾ, കണ്ഠാഭരണങ്ങൾ പുതിയ മോട്ടോർകാർ-ആത്മ സുഹൃത്തുക്കൾക്ക് തങ്ങളുടെ അന്തരംഗമിത്രത്തിന്റെ അഭാവത്തിൽ എന്തൊക്കെ സംഭരിക്കാൻ കഴിയുമോ അവയൊക്കെ വാങ്ങിക്കൂട്ടി നാലു ട്രക്കുകളിൽ നിറച്ചാണ് അവിടെയെത്തിച്ചിരുന്നത്. ഒക്കെ

ക്കൂടി അമ്പതിനായിരം രൂപയ്ക്കുള്ള സ്വത്തുക്കൾ. കർണലിന്റെ ഡ്രൈവറാണ് പുതിയ കാർ കൊണ്ടുവന്നത്. പുഷ്പഹാരങ്ങളാൽ അലംകൃതമായിരുന്നു ആ കാർ. വരനും വധുവും സ്വന്തം കാറിലിരുന്നാണ് പോയത്. മഹിപാലിന്റെ മിത്രങ്ങൾ നല്കിയ സ്ത്രീധനോപകരണങ്ങൾ ചർച്ചാവിഷയത്തെത്തന്നെ മാറ്റിക്കളഞ്ഞു.

വിവാഹസംഘം പോയിക്കഴിഞ്ഞ ശേഷം വീട്ടിൽ വച്ചൊരുക്കിന്റെയും ഒരുക്കിപ്പെറുക്കലിന്റെയും ചില്ലറ ബഹളങ്ങൾ ഉണ്ടാകാതിരുന്നില്ല. കന്യയും കല്യാണിയും മുറിയടച്ചിരുന്ന് സംസാരിക്കുകയാണ്. കുട്ടികൾക്കിടയിൽ എന്തോ ആകാംക്ഷ. തലേന്ന് ഉച്ച മുതൽ അച്ഛനെ കാണാതായ കുട്ടികളുടെ മനസ്സിന്റെ നില ഊഹിക്കാവുന്നതല്ലേ? ഇതിനിടെ പുറത്തെവിടെ നിന്നോ അപ്പോഴെത്തിയ ഡോക്ടർ ജയ്പാൽ ഭാര്യയെ വിളിച്ചു മാറ്റി നിർത്തിയിട്ട് എന്തോ മെല്ലെപ്പറഞ്ഞു. പിടികിട്ടാത്ത ഈ രഹസ്യ സംഭാഷണങ്ങളുടെ കാര്യമറിയാനുള്ള ജിജ്ഞാസമൂലം കുട്ടികൾ അന്യോന്യം നോക്കിനിന്നു വീർപ്പുമുട്ടുകയാണ്. ഭാര്യയോടു സംസാരിച്ചു തീർന്നശേഷം ഡോക്ടർ ജയ്പാൽ കുട്ടികളുടെ അടുത്തെത്തിയിട്ട് ചോദിച്ചു "നിങ്ങളുടെ അമ്മയെവിടെ?" ഭയന്നുനിന്ന ഇളയ കുഞ്ഞ് അടച്ചിട്ടിരുന്ന മുറിയിലേക്ക് വിരൽചൂണ്ടി. ഡോക്ടർ കതകിൽ മുട്ടി. കന്യ വാതിൽ തുറന്നു. അനിയനെക്കണ്ട് കല്യാണി ഒട്ടൊന്നൊതുങ്ങി നിന്നു. മുറിയുടെ നടുക്കു നിന്നിരുന്ന അവൾ മെല്ലെ അവിടെയിരുന്ന് വലത്തെ കൈകൊണ്ട് ഇടത്തേ കൈയിലെ വളകൾ ഞെരിച്ചുപൊട്ടിക്കുകയാണ്. ആ കണ്ണുകളിൽ ഇപ്പോഴും ഈർപ്പമില്ല. അതിപ്പോഴും വരണ്ടുതന്നെ ഇരുന്നു. ജയ്പാൽ കരഞ്ഞുകൊണ്ടു പറഞ്ഞു.

"ചേട്ടത്തീ, ചേട്ടനിതെന്താണ് ചെയ്തത്?" അവിടെത്തന്നെ കുത്തിയിരുന്ന് അയാൾ പൊട്ടിക്കരഞ്ഞു. കന്യയുടെ കണ്ണിൽ നീർത്തുള്ളികൾ വിതുമ്പിനിന്നു. കുട്ടികൾ ഇതെല്ലാം കണ്ടുകൊണ്ടു മുറിയിലേക്ക് കടന്നുവന്നു. കന്യ രാജശ്രീയെ പിടിച്ചു നെഞ്ചോടണച്ചു. മൂത്തവൻ ഇളയച്ഛനോടു ചോദിച്ചു "അച്ഛനെന്തുപറ്റി?" അതിനുത്തരമായി ജയ്പാൽ പൊട്ടിക്കരഞ്ഞു. ചോദ്യം വീണ്ടുമുണ്ടായി. കരച്ചിൽ ചുറ്റും പടർന്നു. വീടാകെ കാര്യം വ്യക്തമായി. മഹിപാൽ – ആ അച്ഛൻ, ഭർത്താവ്, സഹോദരൻ, അനന്തരവൻ – ഇപ്പോൾ ഈ ലോകത്തിലില്ല.

അന്നു പതിവുപോലെ മഹിപാലിന്റെ വീട്ടിൽ ചെല്ലുന്നതിനു പകരം സജ്ജന്റെ വീട്ടിലാണ് കർണൽ എത്തിയത്. രണ്ടുപേരും ഇരുന്നു സംസാരിക്കുകയായിരുന്നു. മഹിപാലിന്റെ അപമാനത്തിൽ അവർ ദുഃഖിച്ചു. പശ്ചാത്തപിച്ചു. അപമാനം താങ്ങാനാവാതെ മഹിപാൽ വല്ലതും ചെയ്തുകളയുമോ എന്ന് സജ്ജൻ ഒന്നുരണ്ടുതവണ സംശയം പ്രകടിപ്പിച്ചതാണ്. പക്ഷേ കർണലിന്റെ വിശ്വാസം വിവാഹച്ചടങ്ങുകൾ പൂർത്തിയാവുന്നതുവരെ മഹിപാൽ അതിനൊന്നും ഒരുമ്പെടില്ല എന്നായിരുന്നു. തന്നെക്കണ്ട് അയാൾ നാണിക്കാൻ ഇടയാകേണ്ട എന്നു കരുതിയാണ് ഇന്നു രാവിലെ അവിടെ പോകാതിരുന്നത്. വിവാഹച്ചടങ്ങെല്ലാം പൂർത്തിയായാൽ മഹിപാൽ ആത്മഹത്യ ചെയ്യുമോ എന്ന സംശയം കർണലിനും ഇല്ലാതില്ല. വൈകുന്നേരം വിടവാങ്ങൽ ചടങ്ങിനുശേഷം മഹിപാലിന്റെ മേൽ ഒരു കണ്ണു വയ്ക്കണമെന്ന് കർണൽ തീരുമാനിച്ചിരിക്കുകയാണ്.

കർണൽ വന്ന് അല്പം കഴിഞ്ഞ് കന്യ പതിവുപോലെ സ്വന്തം ജോലിക്കായി പോയി. പതിനൊന്ന് പതിനൊന്നരമണിയായപ്പോൾ സജ്ജന്റെ ഒരു സുഹൃ

ത്തായ പത്രാധിപരിൽനിന്ന് ഫോൺ കാൾ കിട്ടി. പെട്ടെന്ന് പത്രമാഫീസിൽ ചെല്ലണമെന്ന്.

സജ്ജൻ അവിടെയെത്തിയപ്പോൾ അയാളുടെ മുമ്പിൽ ഒരു കത്തെടുത്തു വച്ചു. കയ്യക്ഷരം മഹിപാലിന്റേതായിരുന്നു. ഏതോ കുട്ടിയുടെ കണക്കുബുക്കിൽ നിന്നും ചീന്തിയെടുത്ത പഴയ കടലാസിൽ പെൻസിൽ കൊണ്ടെഴുതിയിരിക്കുന്നു.

"മഹാശയാ,

എന്റെ അന്തിമലേഖനമാണിത്. കത്തിന്റെ രൂപത്തിൽ ഇതച്ചടിച്ചുകാണാൻ ഞാനുണ്ടാവില്ല. ഇത് താങ്കളുടെ പത്രത്തിൽ കഴിവതും വേഗം പ്രസിദ്ധീകരിക്കണമെന്ന് അന്തിമാഭിലാഷം എന്ന രൂപത്തിൽ ഞാനഭ്യർഥിക്കട്ടെ. ഞാൻ പരസ്യമായി ഒരപരാധം എൽക്കുകയാണ്. ദുർമോഹത്തിന്റെ ഒരു നിമിഷം എന്നെ കള്ളനാക്കി. ഞാനെന്റെ മാതൃഗൃഹത്തിൽ – ഞാൻ വളർന്ന വീട്ടിൽ – കൊള്ള നടന്ന അവസരത്തിൽ ഹാജരുണ്ടായിരുന്നു. ഒരു കൊള്ളക്കാരനെ കൊന്നിട്ട് അവന്റെ കൊള്ളമുതൽ ഞാൻ മോഷ്ടിച്ചു. ആ ആഭരണം എന്റെ പൂർവികരുടേതായിരുന്നു. ഞാനത് സഞ്ചിയോടൊപ്പം അവിടെ കൂട്ടിയിരുന്ന കുമ്മായത്തിൽ ഒളിച്ചുവച്ചു. രണ്ടു കൊള്ളക്കാർ ഓടിപ്പോയിരുന്നു. കുറെ ആഭരണങ്ങളും രൂപയും അവർ കൊണ്ടുപോയി. ഞാൻ എടുത്ത ആഭരണത്തിന്റെ പഴിയും അവരുടെ മേൽ തന്നെവീണു. ഈ മോഷണം നടത്തുമ്പോൾ എന്റെ ആത്മാവ് വിറച്ചിരുന്നു. പക്ഷേ കുറവുകളുടെയും അഭാവങ്ങളുടെയും സമ്മർദങ്ങൾ കൊണ്ട് വലഞ്ഞിരുന്ന എന്റെ ആത്മാവ് വഴിപ്പെട്ടു. എന്റെ അനന്തരവളുടെ വിവാഹം നടത്തുന്നതിനെപ്പറ്റി ചർച്ചകൾ നടക്കുകയായിരുന്നു. ജാതിയും സമൂഹവും നോക്കി പാരമ്പര്യമനുസരിച്ചു വിവാഹം നടത്തണമെന്ന് എന്റെ ഭാര്യ ശഠിച്ചുകൊണ്ടിരുന്നു. അവളുടെ നിർബന്ധത്തിൽ സമൂഹത്തിന്റെ നാഡിയാണ് ശബ്ദിച്ചത്. അച്ഛനും അമ്മയുമില്ലാത്ത അനന്തരവളുടെ വിവാഹം ഭംഗിയായി നടത്തണമെന്ന് എനിക്കും ആഗ്രഹമുണ്ടായിരുന്നു. അതുമാത്രമല്ല എതുകാര്യവും ഭംഗിയായിരിക്കണമെന്നായിരുന്നു എന്റെ ആഗ്രഹം. ജന്മിത്വത്തിന്റെ അന്തരീക്ഷത്തിൽ വളർന്ന എന്റെ സംസ്കാരത്തിൽ ഒട്ടൊരു പ്രഭുത്വത്തിന്റെ ചുവ ഉണ്ടായിരുന്നു. കഴിഞ്ഞ കുറേ വർഷങ്ങളായി സാമ്പത്തികബുദ്ധിമുട്ടുകൾ കാരണം എന്റെ ഹൃദയം അസംതൃപ്തമായിരുന്നു. ഈ ഭാവനകളെല്ലാം ചേർന്നാണ് എന്റെ സത്യസന്ധതയെ കൊന്നുകളഞ്ഞത്. ഈ ധനം ദൈവദത്തമാണെന്ന് ഞാൻ കരുതി. ഈയൊരാഭരണം പോയാലും അവർക്ക് ഒരു നഷ്ടവും വരാനില്ല. വേണ്ടത്ര ഉള്ളവരാണവർ. പക്ഷേ ഇതുകൊണ്ട് എനിക്കെന്റെ അനന്തരവളുടെ വിവാഹം നടത്താം. എല്ലാം മംഗളമാക്കുകയും ചെയ്യാം.

എന്റെ വാദഗതിയുടെ പൊള്ളത്തരം ഇന്നെനിക്ക് വ്യക്തമായി മനസ്സിലായി. മോഷ്ടിച്ചതോടെ ഞാൻ ഭീരുവായിമാറി. പ്രത്യക്ഷത്തിൽ വിപ്ലവപരമെന്നു തോന്നിയാലും ഒരു ഭീരുവിന്റെ വാക്കുകൾക്ക് ശക്തിയുണ്ടാവില്ല. വ്യർഥമായ വാദങ്ങളുന്നയിച്ച് ഞാനെന്റെ മനസ്സിനെ അടക്കിവെച്ചു.

എന്നെപ്പോലുള്ളവരെ ഇല്ലായ്മ കാരണം ഹീനകൃത്യങ്ങൾക്ക് പ്രേരിതരാക്കുന്ന ഇന്നത്തെ ഈ സാമൂഹ്യവ്യവസ്ഥിതി ഉടച്ചുവാർത്തല്ലാതെ ഇത്തരം നീചകർമ്മങ്ങൾക്ക് അറുതിയുണ്ടാവില്ല. എന്റെ ഭീരുത്വം കഴുകിക്കളയാൻ വേണ്ടി

യാണ് ഞാൻ മുങ്ങിമരിക്കുന്നത്.

മറ്റൊരു തെറ്റും കൂടി ഞാൻ ചെയ്തിട്ടുണ്ട്. ആ കുറ്റവും ഞാനേൽക്കുന്നു. എന്റെ ഉറ്റമിത്രമായ സുപ്രസിദ്ധ ചിത്രകാരൻ ശ്രീ. സജ്ജൻ വർമ്മ, അദ്ദേഹത്തിന്റെ സമ്പത്ത് ദാനം ചെയ്തതിൽ അസൂയാലുവായി, അദ്ദേഹം നടത്തിയ സാമൂഹ്യപദ്ധതികളെ എതിർത്തുകൊണ്ട് - ഈ പദ്ധതികൾ വർഷങ്ങളോളം എന്റെ സ്വപ്നമായിരുന്നവയാണ് - ഞാൻ ലേഖനമെഴുതി. എന്റെ വ്യക്തിത്വത്തിലെ ഈ സങ്കുചിത മനോഭാവം ഒരു കളങ്കമായി എന്നെന്നും നിലനിൽക്കും. എന്റെ മോഷണത്തേക്കാൾ കൂടിയ ഒരപരാധമായി ഞാനതംഗീകരിക്കുന്നു.

അധമനായ മഹിപാൽ"

ശുക്ല കത്തിനുതാഴെയായി അതുമായി യാതൊരുബന്ധവുമില്ലാത്ത ചില വാക്യങ്ങളുമെഴുതിയിരുന്നു."വ്യക്തി വ്യക്തിയായിരിക്കട്ടെ പക്ഷേ അയാൾ വ്യക്തിഗതചിന്തയ്ക്കൊപ്പം സാമൂഹ്യവീക്ഷണം പുലർത്തേണ്ടതും ആവശ്യമാണ് - ഞാനേകനാണ്. എങ്കിലും പലരുടെയും കൂടെയാണ്, സുഖവും ദുഃഖവും ശാന്തിയും അശാന്തിയും വ്യക്തിഗതാനുഭവങ്ങളായിരിക്കാം. സമൂഹത്തിലെ ഒരോ വ്യക്തിക്കും അതുണ്ട്. അപ്പോൾ സമൂഹം ഒന്നാണ്. വ്യക്തികൾ അനേകവും. സൂര്യനും ചന്ദ്രനും ഭൂമിയും എല്ലാം ഒന്നാണ് - അനേകം തത്വങ്ങൾക്കുവേണ്ടിയായിരിക്കാം ഇവ നിർമ്മിക്കപ്പെട്ടത്. എങ്കിലും അവ ഏകമാണ്."

സജ്ജൻ കത്ത് ഒരുപ്രാവശ്യം വായിച്ചു. അയാൾ സ്തംഭിച്ചിരുന്നുപോയി. വീണ്ടും വായിച്ചു. വായിച്ചിരിക്കേ കയ്യിൽനിന്നു കത്ത് വീണുപോയി. മേശപ്പുറത്ത് കുമ്പിട്ടുകിടന്ന് അയാൾ പൊട്ടിക്കരഞ്ഞു.

കർണലിനെ വിവരമറിയിച്ചു. ഡോക്ടർ ജയ്പാലിനെ വിളിപ്പിച്ച് വിവരം നൽകി. പോലീസിനെയും കാര്യമറിയിച്ചു. ഗോമതീതീരത്തിൽ കുരിയകടവുമുതൽ ചിറ വരെയുള്ള പ്രദേശം മുഴുവൻ തിരച്ചിൽ നടത്തി. മഹിപാൽ കരയിൽ വസ്ത്രം വല്ലതും വച്ചിട്ടുണ്ടോ എന്നറിയാൻ. ഒന്നും കണ്ടുകിട്ടിയില്ല. എവിടെനിന്നാണ് ഈ കടലാസും പെൻസിലും അയാൾക്ക് കിട്ടിയതെന്നും എപ്പോഴാണയാൾ പത്രമാഫീസിനുമുമ്പിലുള്ള എഴുത്തുപെട്ടിയിൽ കത്ത് ഇട്ടിട്ട് പോയതെന്നും എവിടെ, എങ്ങനെ, എപ്പോൾ അയാൾ സ്വന്തം പ്രാണൻ കളഞ്ഞുവെന്നും ഉള്ള രഹസ്യങ്ങൾ മഹിപാൽ തന്നോടൊപ്പം കൊണ്ടുപോയി.

52

മഹിപാലിന്റെ മരണം കർണൽ, സജ്ജൻ, കല്യാണി, ഷീല എന്നിവരിലും കന്യയിൽപ്പോലും അത്യന്തം ഗഹനമായ ആഘാതമാണുണ്ടാക്കിയത്. കുറെ ദിവസംവരെ എല്ലാവർക്കും തോന്നി; മഹിപാൽ മരിച്ചിട്ടില്ല ഇവിടെയെവിടെയോ ഉണ്ട്, ഇപ്പോൾ കടന്നുവന്നേക്കുമെന്ന്. മഹിപാൽ തങ്ങളുടെ അടുത്ത് വന്നിരുന്നുവെന്നും അയാളുടെ ശബ്ദം കേട്ടുവെന്നും അവർക്കുതോന്നി. എല്ലാവരും തേങ്ങലും ദീർഘശ്വാസങ്ങളും ഉതിർത്ത് ചുറ്റും വിവശതയോടെ നോക്കി. കണ്ണീർ പൊഴിച്ചും ശൂന്യതയിൽ മിഴിച്ചുനോക്കിയും സ്വന്തം ദു:ഖം കടിച്ചമർത്താൻ എല്ലാവരും ശ്രമിച്ചു. ഓരോരുത്തരും സ്വയം ആയിരമായിരം ചോദ്യങ്ങൾ ചോദിച്ചു.

ഇവരുടെ ജീവിതത്തിൽനിന്ന് മഹിപാൽ മാത്രമല്ല ഒരു ജീവിതക്രമം തന്നെ പിരിഞ്ഞു പോയിരിക്കുകയാണ്. ഒരു സ്പർശനം, ഒരു സ്വരം, രൂപവും വർണവും ഗുണവും ദോഷവും നിറഞ്ഞ ഒരു വ്യക്തി – ഒരു ബന്ധു – ഒരാത്മാവ് നിമിഷത്തിനുള്ളിൽ വർത്തമാനത്തിൽനിന്നു ഭൂതകാലത്തിലേക്ക് ഓടി മറഞ്ഞിരിക്കുകയാണ്. "ഉണ്ട്" എന്നതിൽ നിന്നും "ഉണ്ടായിരുന്നു" എന്നതിലേക്ക്.

മരണം പ്രകൃതിയുടെ നിയമമാണ്. ജനിക്കുമ്പോൾ സന്തോഷവും മരിക്കുമ്പോൾ ദു:ഖവും സമൂഹത്തിൽ വ്യക്തിപരമായ പെരുമാറ്റമാണ്. അങ്ങനെയായിരിക്കുകയും ചെയ്യും. കാലം കദനത്തിന്റെ കാഠിന്യം കുറയ്ക്കും. കടുത്ത രോഗം പിടിപെട്ട് ചികിത്സയെല്ലാം പരാജയപ്പെട്ടശേഷമാണ് മഹിപാൽ മരിച്ചിരുന്നതെങ്കിൽ അഥവാ ഒരായുഷ്കാലം മുഴുവൻ അനുഭവിച്ച് വാർധക്യത്തിന്റെ പരമ കാഷ്ഠയിലാണ് ആ ദേഹി ദേഹം വിട്ടിരുന്നതെങ്കിൽ – എങ്കിലും ദു:ഖമുണ്ടാകുമായിരുന്നു. പക്ഷേ മനസ്സിന് ഇടയ്ക്കിടെയുള്ള ഈ ആഘാതം ഉണ്ടാകുമായിരുന്നോ? മഹിപാലിനെപ്പോലുള്ള ചിന്തകനായൊരു വ്യക്തി തെറ്റായ വ്യാമോഹത്തിൽപ്പെട്ടതിന്റെ ഫലമായി ആത്മഹത്യചെയ്യേണ്ടിവന്ന സത്യം സജ്ജന്റെ മുമ്പിൽ വലിയൊരു ചോദ്യചിഹ്നമായി ഉയർന്നുനിന്നു. മഹിപാലിന്റെ പരിത:സ്ഥിതിയിൽ സജ്ജനാണ് പെട്ടിരുന്നതെങ്കിൽ ഒരു പക്ഷേ അയാളുടെ അന്ത്യവും ഇതുപോലെയായിരുന്നേനേ. ആത്മവിശ്വാസവും ആത്മബലവും നഷ്ടപ്പെട്ട് മനുഷ്യനിങ്ങനെ നരകിക്കുന്നതിൽനിന്ന് അവനെ എങ്ങനെ രക്ഷിക്കാം എന്നായി സജ്ജന്റെ ചിന്ത.

സജ്ജന്റെ മുൻപിൽ പഴയചോദ്യം വീണ്ടും ഉയർന്നു. കർമ്മയോഗത്തിന്റെ സിദ്ധാന്തങ്ങളും വേദോപനിഷത്തുകളും സാഹിത്യവും ശാസ്ത്രവും നിലവിലുള്ള ഒരു നാട്ടിൽ, വ്യാസനും വാല്മീകിയും തുടങ്ങിയ യുഗപുരുഷന്മാർ ജനിച്ചനാട്ടിൽ, അജന്തയും എല്ലോറയും നളന്ദയും തക്ഷശിലയും നിലനില്ക്കുന്ന നാട്ടിൽ, മനുഷ്യൻ ഇന്നും ആത്മഹത്യയ്ക്ക് മുതിരുകയാണ്. എന്താണിതിനു കാരണം? ജ്ഞാനവും അജ്ഞാനവും ഇവിടെ ഒരുപോലെ പരിലസിക്കുകയാണ്.

മഹിപാലിനെ മറക്കാൻ വേണ്ടി സജ്ജൻ നിർബന്ധ ബുദ്ധ്യാ കഠിനപരിശ്രമങ്ങളിലേർപ്പെട്ടു. അയാളും കന്യയും വീടുതോറും ചെന്ന് ജനങ്ങളുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കാൻ തുടങ്ങി. ദാരിദ്ര്യം പരക്കെയുണ്ട്. അതിനുപുറമേ സമയത്തിനൊത്ത് നീങ്ങാനുള്ളശക്തിയും നാടിനില്ല. കാലത്തിനൊത്ത് നീങ്ങാനുള്ള സംസ്കാരബലം നമ്മുടെ സമൂഹം ഇനിയും നേടിയിട്ടില്ല.

എന്താണിതിനു കാരണം?

നമ്മുടെ നാട് വിചാരധാരകളുടെയും ആചാരമര്യാദകളുടെയും മഹത്തായ ഒരു കാഴ്ചബംഗ്ലാവാണ്. നൂറ്റാണ്ടുകളായി ആദരിച്ചുപോന്ന ആചാരമുറകളും മാന്യതകളും ഇന്നത്തെ ഭൗതിക യുഗത്തിൽ ഉപയുക്തമല്ലെങ്കിൽ കൂടി നമ്മുടെ സമൂഹം ഇന്നുമതിനെകണ്ണുമടച്ചു സ്വന്തമാക്കിവച്ചുകൊണ്ടിരിക്കയാണ്. ഓരോ യുഗത്തിലും ഉണ്ടായ പരിഷ്കാരങ്ങളുടെ ഐതിഹാസികപ്രഭാവം ഇന്നു നമ്മുടെ തലയിലുണ്ട്. നമ്മുടെ വീടുകളും തെരുവിലലയുന്ന സന്യാസിമാരും ചാമുണ്ഡിപൂജ നടത്തുന്ന പാണ്ഡേകളും വിവാഹവും മുടിയിറക്കും മറ്റും മറ്റുമടങ്ങിയ ഒട്ടേറെ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇന്നും നമ്മുടെ സമൂഹത്തിൽപ്പറ്റിപ്പിടിച്ചു നില്പുണ്ട്.

ഈ അന്ധവിശ്വാസങ്ങൾ അടിഞ്ഞുകൂടിയ കാരണമാണ് ആത്മവിശ്വാസം നഷ്ടപ്പെട്ടത്. ഭൗതികവിജ്ഞാനത്തിന്റെ പുരോഗതി അനുസ്യൂതം നേടിക്കൊണ്ടിരിക്കുന്ന ഈ യുഗത്തിൽ ഈ പഴയസമ്പ്രദായമെല്ലാം അർത്ഥഹീനമായിട്ടുണ്ട്. എണ്ണമറ്റ ദേവതകളിൽ കുടുങ്ങിക്കിടക്കുന്ന മാനവചേതനയെ പെട്ടെന്നു തന്നെ മോചിപ്പിച്ചേ പറ്റൂ. ഭക്തിയാവശ്യമാണ്. പക്ഷേ അന്ധമായ ഭക്തി നന്നല്ല. എല്ലാക്കാലത്തും ഈ നാട്ടിലെ മഹത്തായ ദേവത ഭൂമിമാതാവായിരുന്നു. ശൂന്യാകാശത്തിലല്ല പരമേശ്വരനിരിക്കുന്നത്. ഈ സത്യം, ഈ ദേശമാണ് ഏറ്റവുമാദ്യം വെളിവാക്കിയത്. ഓരോ ജീവിയിലും അവരതിനെക്കണ്ടു. മനുഷ്യനിൽ ആ പരമശക്തിയെ നാം തിരിച്ചറിഞ്ഞു. ജ്ഞാനത്തെയും കർമ്മത്തെയും ദർശനത്തിന്റെ ആധാരശിലകളാക്കിയത് ഈ നാടാണ്. മനുഷ്യന്റെ ആത്മവിശ്വാസം ദൃഢപ്പെടുത്തുന്നവയാണ് ഇവയെല്ലാം. ഇന്നത്തെ യുഗത്തിലും ഈ ശക്തിയെ ആധാരമാക്കി വേണം നാം മുന്നേറുക. മരണഭയത്തിൽ പെട്ട് പരലോകചിന്തയിൽ ലീനരാക്കി നിർത്തുന്ന തത്വചിന്ത നിർജീവമാണ്. ആത്മവഞ്ചനയുറ്റതാണ്. പരലോകത്തെ സംബന്ധിച്ച് ഈ ദർശനത്തെയും അതിന്റെ മതത്തെയും ലോകജീവിതത്തിൽ നിന്നും മാറ്റി ഏതെങ്കിലും കാഴ്ചബംഗ്ലാവിൽ വയ്ക്കുകയാണ് ഉചിതവും കാലത്തിനു നിരക്കുന്നതും. സ്വാമി വിവേകാനന്ദൻ പറഞ്ഞിട്ടുണ്ട് ആത്മവിശ്വാസം നഷ്ടപ്പെടുത്തിയിട്ട് ഈശ്വരനെയോ അതല്ലെങ്കിൽ മുപ്പത്തിമുക്കോടി പരദേവതകളെയോ വിശ്വസിക്കുന്നതു കൊണ്ട് അർത്ഥമില്ലെന്ന്. ആത്മ വിശ്വാസമാണ് നവയുഗധർമ്മം.

ഇന്നത്തെ രാഷ്ട്രീയപ്പാർട്ടികളാണ് ജനജീവിതത്തിൽ അവിശ്വാസം വളരാൻ മറ്റൊരു കാരണം. ഇവയുടെ നടത്തിപ്പുകാർ ഒരു പ്രകാരത്തിൽ പണ്ഡിതന്മാരും പാണ്ഡേകളും ബുദ്ധിമാന്മാരും ഒക്കെയാണ്. ഇന്ന് പ്രചരിച്ചിട്ടുള്ള രാഷ്ട്രീയം ഒട്ടും പുരോഗമനപരമല്ല. രാഷ്ട്രീയം വെറും വെല്ലുവിളികളായി മാറിയിട്ടുണ്ട്. ജനഹിതത്തിനായുള്ള ആദർശങ്ങൾ അവയ്ക്കില്ല. രാഷ്ട്രീയപകിടകളിക്കാർ വ്യക്തിപരമായ അഹങ്കാരങ്ങൾകാരണം കർമ്മകുശലത നഷ്ടപ്പെട്ടവരായി മാറിയിട്ടുണ്ട്. സാമ്രാജ്യവാദത്തിൽ നിന്നാണ് വർത്തമാനകാലത്തിലെ രാഷ്ട്രീയത്തിന്റെ ആവിർഭാവം. വ്യവസായ പ്രഭുക്കന്മാർക്ക് സ്വാധീനവും ശക്തിയും നല്കുന്നതാണ് സാമ്രാജ്യനീതിയുടെ അടവ്. ജനഹിതവും ഈ ശക്തികളും തമ്മിലുള്ള വൈരം സ്വാഭാവികം മാത്രമാണ്.

ഇന്നീ നാട്ടിലുള്ള രാഷ്ട്രീയപ്പാർട്ടികൾ, കോൺഗ്രസ്സോ കമ്യൂണിസ്റ്റോ സോഷ്യലിസ്റ്റോ ജനസംഘമോ ഹിന്ദുമഹാസഭയോ ഏതുതന്നെയായലും ശരി അവയുടെയെല്ലാം നടത്തിപ്പുകാർ വഞ്ചകരും സ്വാർത്ഥരും സ്ഥാനമോഹികളുമാണ്. ആദർശങ്ങളും സിദ്ധാന്തങ്ങളും അന്യോന്യം വേട്ടയാടാനുള്ള മറകൾ മാത്രം. ഇവയുടെ സംഘർഷങ്ങൾ ഏറിയ കൂറും വ്യക്തിപരമായവയാണ്. ഇന്നാട്ടിലെ പ്രതിലോമകാരികളായ രാഷ്ട്രീയ ശക്തികളാകട്ടെ ഭാരതീയ പാരമ്പര്യത്തിലെ അന്ധവിശ്വാസങ്ങളെ മാത്രമേ കാണുന്നുള്ളു. പുരോഗമനശക്തികളെന്ന് പറയപ്പെടുന്നവയും പഴയമാമൂലുകളിൽതന്നെ ഒട്ടിനിൽക്കുന്നവയാണ് അവർക്ക്. പുരോഗമനമെല്ലാം വിദേശങ്ങളിൽ മാത്രം. വിദേശീയമായ പാരമ്പര്യം ഇവിടത്തെ പരിതഃസ്ഥിതിയിൽ ഇവിടെ അടിച്ചേൽപ്പിക്കാനാണ് അവരുടെ ശ്രമം.

അന്ധവിശ്വാസങ്ങളിലും തെറ്റിദ്ധാരണകളിലും കുടുങ്ങിക്കിടക്കുകയാണ്

ജനജീവിതം. ഈയൊരവസ്ഥയിൽ ബുദ്ധിജീവികൾ വെറുതെയിരിക്കുകയാണോ വേണ്ടത്? സമ്പന്നരുടെയും സ്വാർഥമതികളുടെയും സ്തുതിപാഠകരായി ജനങ്ങളെ പഴിക്കാൻ അവരും കൂട്ടുനിൽക്കുകയാണോ വേണ്ടത്. യഥാർഥ ദേശസ്നേഹം ഇന്നാരിലുമില്ലെന്നോ? നാടിന്റെ പരമ്പരാഗതമായ നിർമ്മാണശക്തിയിൽ അഭിമാനമില്ലെന്നോ?

ബംഗാളിലെ ക്ഷാമകാലത്ത് നരകയാതനയനുഭവിച്ച മനുഷ്യൻ വിവേചനശക്തി നഷ്ടപ്പെട്ട നിലയിലേക്ക് കടന്നുപോയിട്ടുള്ളതായി മഹിപാൽ പറയുമായിരുന്നു.

സ്വന്തം പേരുപോലും അവർ മറന്നു പോവുമത്രേ. ഇന്ന് ഭാരതീയരായ നമ്മുടെ നിലയും ഇതുതന്നെയാണ്. ഭാരതീയർ, ഭാരതീയരാണെന്ന് അവർ മറക്കുന്നു. അവൻ കോൺഗ്രസ്സാണ്, അല്ലെങ്കിൽ സോഷ്യലിസ്റ്റ്, കമ്യൂണിസ്റ്റ്, ജനസംഘ്, അകാലി, ഇവൻ പ്രസിദ്ധ കവി, കലാകാരൻ, നേതാവ്, ഡോക്ടർ, ബാരിസ്റ്റർ, ഓഫീസർ അതുമല്ലെങ്കിൽ സമൂഹത്തിലെ എന്തോ ഒന്ന്. പക്ഷേ മിക്കവരും ഭാരതീയരല്ല. മനുഷ്യനോ?.... അല്ലേ അല്ല. ഇവരെല്ലാം ദിവസം മുഴുവനും നാടിന്റെയും മനുഷ്യത്വത്തിന്റെയും പേരുപറഞ്ഞാണയിടും. പക്ഷേ അവർക്കറിയില്ല, അവരുടെ ദേശമേതാ ണെന്ന്. അവരുടെ നാട്ടിൽ മനുഷ്യത്വത്തിന്റെ മഹനീയത എത്രമാത്രം പരിപൂർണമായിരുന്നുവെന്ന്! ഇപ്പോൾ തോന്നുന്നു, ഇന്നാട്ടിൽ മാത്രമല്ല ഈ ഭൂമിയിൽ കേവലം വ്യക്തികളേ ഉള്ളുവെന്ന്. സമൂഹം ഇല്ലെന്ന്. വ്യക്തി അവന്റെ വലയത്തിനുള്ളിൽ കഴിയുന്നു, ചിന്തിക്കുന്നു, പ്രവർത്തിക്കുന്നു. ഓരോ വ്യക്തിയും ഓരോ ദ്വീപായി വെവ്വേറെ അകന്നകന്ന് നില്ക്കുന്നു.

മനുഷ്യന്റെ പ്രകൃതിദത്തമായ സ്ഥിതിയിതാണോ?... അല്ല.

ഇന്നത്തെ മനുഷ്യൻ അവന്റെ മനസ്സിൽ താൻ തെറ്റിലേക്കാണ് നീങ്ങുന്നതെന്ന് ഒട്ടെങ്കിലും മനസ്സിലാക്കിയെന്നു വരും. അതുകൊണ്ടാണ് അവൻ സ്വന്തം കണ്ണടച്ചിട്ട് മറ്റുള്ളവരെ കുറ്റവാളികളെന്നു പറയുന്നത്. ദുരഭിമാനം പെരുകുന്നു. ദുഃഖം പടരുന്നു മനുഷ്യന്റെ ഈ നില പ്രകൃതിക്കു ചേർന്നതല്ല.

ആത്മവിശ്വാസമുണരണം. മനുഷ്യന് ജീവിതത്തിൽ താല്പര്യമുണ്ടാകണം. അന്യന്റെ സുഖദു:ഖങ്ങളിൽ സ്വന്തം സുഖവും ദുഃഖവും കാണാൻ കഴിയണം. വിചാരങ്ങൾ ഭിന്നമായിരിക്കാം. വിചാരങ്ങളിലെ മതഭേദം ആരോഗ്യകരമായ സംഘർഷത്തിന് വഴിതെളിക്കും. അതിൽ നിന്ന് സമന്വയമായ വികാസമുണ്ടാകും. പക്ഷേ നിബന്ധന ഒന്നേയുള്ളു, സുഖദു:ഖങ്ങളിൽ വ്യക്തി വ്യക്തിയോട് ബന്ധപ്പെട്ട് നില്ക്കണം. നീർത്തുള്ളി നീർത്തുള്ളിയോട് ചേർന്ന് നില്ക്കുന്നതുപോലെ; ഓളങ്ങൾ ഓളങ്ങളോട് ചേർന്ന് നില്ക്കുന്നതുപോലെ. ഓളങ്ങളിൽ നിന്ന് ആഴികളുണ്ടാവും; അങ്ങനെ തുള്ളികളിൽ നിന്ന് സമുദ്രവും.

സജ്ജനും കന്യയും ഏകലക്ഷ്യത്തോടെ ചുരുങ്ങിയ ഒരു പ്രദേശത്ത് മനുഷ്യത്വനിദർശനത്തിനായി കർമ്മനിരതരായി. പാരമ്പര്യത്തിന്റെയും മാമൂലിന്റെയും പ്രണേതാക്കൾ സ്വയം സംഹരിക്കപ്പെടുന്നതിൽ നിന്നൊഴിവാകാൻ വേണ്ടി ആദ്യം കഠിനമായി പ്രഹരിക്കും. അതവരുടെ പതിവാണ്. അതു തുടരുകയും ചെയ്യും. പക്ഷേ ആ ദമ്പതികൾ അവരുടെ ലക്ഷ്യത്തിൽ ഉറച്ച് നിന്നു. വ്യക്തിയുടെ സാമൂഹ്യചേതന ഉണരുക തന്നെ ചെയ്യും എന്ന വിശ്വാസത്തോടെ.